സുന്ദരിക്കും സുന്ദരനമ്മാത്തും

ഉറുമ്പ്

dcb

സുന്ദരികളും സുന്ദരന്മാരും

ഉറൂബ് (പി.സി. കുട്ടിക്കൃഷ്ണന്)
(1915–1979)

1915 ജൂണ് 8–ന് പൊന്നാനിക്കു സമീപമുള്ള പള്ളിപ്രം ഗ്രാമത്തിലെ പരുത്തുള്ളി ചാലപ്പുറത്തു വീട്ടില് ജനിച്ചു. ഹൈസ്കൂള് വിദ്യാഭ്യാസത്തിനുശേഷം പ്രത്യേക ലക്ഷ്യമില്ലാതെ ദക്ഷിണേന്ത്യയുടെ പല ഭാഗങ്ങളിലും അലഞ്ഞുനടന്നു. കമ്പൗണ്ടര്, അദ്ധ്യാപകന്, ഗ്രമസ്ഥന്, ബനിയന് കമ്പനിയുടെ സൂപ്പര്വൈസര്, കെ.ആര്. ബ്രദേഴ്സിലെ റീഡര്, മംഗളോദയം മാസികയുടെ പത്രാധിപസമിതി അംഗം എന്നിങ്ങനെ പല ജോലികള് നോക്കി. 1950 മുതല് 1975 വരെ കോഴിക്കോട് ആകാശവാണിയില് സ്റ്റാഫ് ആര്ട്ടിസ്റ്റായും പ്രൊഡ്യൂസറായും പ്രവര്ത്തിച്ചു. തുടര്ന്ന് 'കുങ്കുമം' വാരികയുടെയും അതിനുശേഷം 'മലയാള മനോരമ' ആഴ്ചപതിപ്പിന്റെയും പത്രാധിപരായിരുന്നു. സുന്ദരികളും സുന്ദരന്മാരും എന്ന നോവലിന് സാഹിത്യ അക്കാദമി അവാര്ഡ് ലഭിച്ചു. നോവല്, കഥ, കവിത, നാടകം, ബാലസാഹിത്യം, ലേഖനം എന്നീ വിഭാഗങ്ങളില് നാല്പതോളം കൃതികള്. ദേശീയ അവാര്ഡ് നേടിയ ആദ്യ മലയാളചിത്രമായ 'നീലക്കുയിലി'ന്റെ കഥാസംഭാഷണരചയിതാവ്. 'മലയാള മനോരമ' ആഴ്ചപതിപ്പിന്റെ പത്രാധിപരായിരിക്കെ 1979 ജൂലൈ 10–ന് അന്തരിച്ചു.

ഉറൂബിന്റെ ഞങ്ങള് പ്രസിദ്ധീകരിച്ച കൃതികള്

നോവല്
അണിയറ
ആമിന
ഉമ്മാച്ചു
ചുഴിക്കുപിമ്പേ ചുഴി
സുന്ദരികളും സുന്ദരന്മാരും

ചെറുകഥ

താമരത്തൊപ്പി
'രാച്ചിയമ്മ'യും മറ്റ് പ്രധാന കഥകളും
റിസര്വ് ചെയ്യാത്ത ബര്ത്ത്

ഉപന്യാസം
ഉറൂബിന്റെ ശനിയാഴ്ചകള്

ബാലസാഹിത്യം
ഉറൂബിന്റെ കുട്ടിക്കഥകള്

സമ്പൂര്ണ്ണം
ഉറൂബിന്റെ കൃതികള് (സമ്പൂര്ണ്ണം)

ഉറൂബ്

സുന്ദരികളും സുന്ദരന്മാരും

ഡി സി ബുക്സ്

MALAYALAM LANGUAGE
Sundarikalum Sundaranmarum

LITERATURE / NOVEL
by Uroob
Rights Reserved
First Published 1958
First DCB Edition February 2004
This Edition – July 2016

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www.onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Uroob
Sundarikalum Sundaranmarum/Uroob.
448p., 21cm.
ISBN 81-264-0727-1
1. Malayalam Novel. I. Title.
8M3*-dc22
*(This is local variation of DDC number for Malayalam literature: Sundarikalum Sundaranmarum).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 81-264-0727-1

D C BOOKS – THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

285/16-17-Sl.No. 15537-dcb 2760-(15) 1000-8998-07-16-ltc.17.0-p sc-r(t) sr-d (t)ga

Table of Contents

നോവലിലെ ലോകജീവിതം

എല്ലാ സുന്ദരികള്ക്കും സുന്ദരന്മാര്ക്കും

ഈ പുസ്തകത്തെപ്പറ്റി

സുന്ദരികളും സുന്ദരന്മാരും

ചാര്ത്തിക്കിട്ടിയ കൂട്ടി

ഒരു താളവട്ടം കഴിഞ്ഞു

ഭൂമിയുടെ അറ്റത്തേക്ക്

നീണ്ടുപോകുന്ന റെയില്പ്പാളങ്ങള്

മരത്തടിയും മനുഷ്യനും

കൂട്ടിലെ ചിറകടി

പ്രപഞ്ചം പിന്നെയും തളിര്ക്കുന്നു

നോവലിലെ ലോകജീവിതം

“തിരിഞ്ഞുനോക്കുമ്പോള് ജീവിതം നിറഞ്ഞുനില്ക്കുന്നതായി തോന്നുന്നു. ചപ്പും ചവറുംകൊണ്ടായിരിക്കാം. എങ്കിലും നിറവുണ്ട്.”

വിശ്വം : സുന്ദരികളും സുന്ദരന്മാരും

മനുഷ്യവംശത്തിലെ എല്ലാ സുന്ദരികള്ക്കും സുന്ദരന്മാര്ക്കുമായാണ് ഉറൂബ് ‘സുന്ദരികളും സുന്ദരന്മാരും‘ എന്ന നോവല് സമര്പ്പിച്ചിരിക്കുന്നത്. മലയാളഭാവന കൈവരിച്ച എക്കാലത്തെയും വലിയ വിജയങ്ങളിലൊന്നായി ഇതിനകം ഈ കൃതി വിലയിരുത്തപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. നവോത്ഥാനമാനവികതയുടെ ഇത്രയേറെ പ്രകാശഭാസുരമായ ആവിഷ്കാരങ്ങള് മലയാളത്തിലേറെയൊന്നുമില്ല. ജീവിതം! ജീവിതം! എന്ന് നിരന്തരം വിളിച്ചുപറഞ്ഞുകൊണ്ട് കഠിനകാലങ്ങളിലൂടെയും കഠിനലോകങ്ങളിലൂടെയും അടിയിടറാതെ കടന്നുപോന്ന മനുഷ്യമഹിമയുടെ കഥയാകാനാണ് ഈ നോവല് പണിപ്പെട്ടത്. മാനവികതാവാദത്തിന്റെ അഭിജ്ഞാനക്രമങ്ങളില് (cognitive frames)നിന്നും മുളപൊട്ടിക്കിളിര്ത്ത സംഭവ സൂചനകളിലൂടെ മനുഷ്യവംശത്തെക്കുറിച്ചുള്ള ഒരു യുഗസന്ധിയിലെ പ്രതീക്ഷകളത്രയും ഉറൂബ് ഈ നോവലില് എഴുതിച്ചേര്ത്തു. റോമൈന് റൊളാങ്ങിന്റെ ജീന് ക്രിസ്റ്റഫ് എന്നപോലെ ‘ദുരിതങ്ങള്ക്കിടയ്ക്ക് ജീവിക്കുവാന് കഴിയുന്നതൊരു ഭാഗ്യമാണ്; ജീവിച്ചു എന്നു തോന്നും’ എന്ന് എല്ലാ യാതനകള്ക്കു നടുവിലും ഉയര്ന്നുപൊങ്ങുന്ന മനുഷ്യാഭിമാനത്തിന്റെ കുനിയാത്ത ശിരസ്സുകള് ഈ നോവലിലെമ്പാടും വന്നു നിറയുന്നത് നാം വായിക്കുന്നു. ഒറ്റയൊറ്റയായ ആകുലതകള്ക്കപ്പുറം മുഴങ്ങിക്കേള്ക്കുന്ന ഏകജീവിതാനശ്വരഗാനങ്ങളിലേക്ക് കാതുകൂര്പ്പിച്ചു നിന്ന ഒരു കാലയളവിന്റെ പ്രത്യാശകളത്രയും ഉറൂബ് ഇതില് എഴുതിച്ചേര്ത്തിരിക്കുന്നു. കൊടിപ്പടം താഴാത്ത ജീവിതത്തിന്റെ അധ്യുഷ്യതയെക്കുറിച്ച്, മനുഷ്യന് എത്ര മനോഹരപദമെന്ന വിശ്വാസദാര്ഢ്യത്തെക്കുറിച്ച്, ഇത്രയേറെ വികാരനിര്ഭരമായി, ഇത്രയേറെ പ്രത്യാശാപൂരിതമായി മലയാളം ഏറെയൊന്നും സ്വപ്നം കണ്ടിട്ടില്ല. ചരിത്രത്തിന്റെ നാല്ക്കൂട്ടപ്പെരുവഴികളില് പിറവിയെടുക്കുന്ന മനുഷ്യാനുഭൂതികളുടെ പ്രവാഹസമൃദ്ധിയെ, ക്ലാസിക്കല്

യൂറോപ്യന് നോവലുകളെ ഓര്മ്മിപ്പിക്കുംവിധം, കണിശമായി അടുക്കിക്കെട്ടിക്കൊണ്ട്, 'സുന്ദരികളും സുന്ദരന്മാരും' നമ്മുടെ ഭാവനയുടെ ചരിത്രത്തില് ശാശ്വതമായ ഇടം നേടി. മലയാളകഥനത്തിന്റെ എത്രവലിയ ഭാവിവിജയങ്ങള്ക്കും റദ്ദാക്കാനാവാത്ത ഒരിടമായി ഇപ്പോഴത് മാറിത്തീര്ന്നിരിക്കുന്നു.

ഒന്ന്

അരനൂറ്റാണ്ടിന്റെ കാലത്തികവിലേക്ക് അടുത്തുവരുന്ന ഈ നോവലിനെക്കുറിച്ച് ('1954 മാര്ച്ച മാസത്തിലാണ് ഞാന് ഈ വലിയ കഥ എഴുതുവാന് തുടങ്ങിയത് . ആഴ്ചയില് ഒരദ്ധ്യായം എഴുതി ഒരു പേരും ചാര്ത്തി മിസ്റ്റര് എന്.വി. കൃഷ്ണവാര്യരെ ഏല്പിക്കും. അങ്ങനെ അതേവര്ഷം ഒക്ടോബറില് എഴുതിത്തീര്ന്നു' എന്ന് ഉറൂബ് ആദ്യപതിപ്പിന്റെ ആമുഖത്തില് എഴുതിയിട്ടുണ്ട്.) മലയാളത്തില് ഇതിനകം കുറെ തീര്പ്പുകളായിട്ടുണ്ട്. ഖിലാഫത്ത് പ്രസ്ഥാനം, സ്വാതന്ത്ര്യസമരം, രണ്ടാം ലോകമഹായുദ്ധം തുടങ്ങിയ ചരിത്രപ്രധാനങ്ങളായ സംഭവങ്ങളുടെ പശ്ചാത്തലത്തില്, മലബാര് കേന്ദ്രമാക്കി, കേരളത്തിലെ രാ ീയ- സാമൂഹ്യ-കുടുംബജീവിതപരിണാമങ്ങള് അനവധി വ്യക്തിജീവിതങ്ങളുടെ കഥയിലൂടെ പ്രതിഫലിപ്പിക്കുന്ന ഒരു ക്രോണിക്കിള് ആണ് 'സുന്ദരികളും സുന്ദരന്മാരും' (എം. അച്യുതന്: അവതാരിക 1960) എന്ന നിരീക്ഷണം ഈ കൃതിയെക്കുറിച്ചുള്ള സര്വ്വസമ്മതധാരണകളുടെ ആകെത്തുകയാണ്. സാമൂഹികാര്ത്ഥങ്ങള്ക്കപ്പുറം ദാര്ശനികമായ ആഴങ്ങളും ഉയരങ്ങളും ഇടതിങ്ങിയ കൃതിയായും 'സുന്ദരികളും സുന്ദരന്മാരും' വിവരിക്കപ്പെട്ടിട്ടുണ്ട്. മനുഷ്യാത്മാവിന്റെ സര്വ്വതലങ്ങളെയും സ്പര്ശിക്കുന്ന ഈ രചന ജീവിതത്തിന്റെ ആന്തരാര്ത്ഥത്തെ ശക്തിയായി ധ്വനിപ്പിക്കുന്നുവെന്നും നൈരാശ്യത്തില് നിന്നും ശാന്തിയിലേക്കുള്ള മഹാപ്രയാണത്തിന്റെ കഥയാണിതെന്നും വിശ ദീകരിക്കപ്പെട്ടിരിക്കുന്നു. (കെ.എം. തരകന്, മലയാളനോവല് സാഹിത്യ ചരിത്രം: 1978) രാ ത്തിന്റെ ആത്മാന്വേഷണത്തിന്റെ കഥയായി വായിക്കപ്പെടേണ്ട കൃതിയെന്ന പരിഗണനയും ഇതിന് കൈവന്നിട്ടുണ്ട്. (കെ.എം. തരകന്, ആധുനികതാനോവല്ദര്ശനം: 1982) മലബാറിലെ സാമൂഹ്യജീവിതത്തിന്റെ പരിണാമത്തിലൂടെ കാലദൈര്ഘ്യത്തെ അക്ഷയമായൊരു അനുഭവമാക്കുന്ന ഈ രചനയില് കാലമൊരു നദിയായി നമുക്ക് മുന്നിലെത്തുകയാണെന്ന ആധുനികവാദത്തിന്റെ അതീതയുക്തികളിലും ഈ നോവല് വിവരിക്കപ്പെട്ടിട്ടുണ്ട്. (കെ.പി. അപ്പന്. സാഹിത്യകലയും സമയപ്രവാഹവും, 1996) വ്യക്ത്യനുഭവങ്ങളിലൂടെ അനുസ്മരിക്കപ്പെടുന്ന ചരിത്രകാലം നോവലിലേക്കു കൊണ്ടുവന്ന കൃതിയായും (പി. കെ. രാജഖേരന്,

അന്ധനായ ദൈവം, 1999) യൂറോപ്യന് നോവല്ചരിത്രത്തില് ഫ്ളാബേര് ചെയ്തതു പോലെ , ചരിത്രത്തെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാട് മലയാളനോവലില് സൃഷ്ടിച്ച കൃതിയായും (ഷാജി ജേക്കബ്, നോവല്ചരിത്രത്തിന്റെ പാഠഭേദം, 2003) ഈ നോവല് സമകാലികമായ വായനകളില് തുടര്ന്നും ഇടം നേടിക്കൊണ്ടിരിക്കുന്നു. പിന്നിട്ട നാലര പതിറ്റാണ്ടിലെ മലയാളവായനാനുഭവങ്ങളില് 'സുന്ദരികളും സുന്ദരന്മാരും' ബലിഷ്ഠമായി തുടരുന്നു എന്നുതന്നെയാണ് വിവിധങ്ങളായ ഈ വിലയിരുത്തലുകള് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത്.

ആദ്യപതിപ്പിന്റെ അവതാരികയില് 'സംസ്കാരചരിത്രം' എന്നു വിശേഷിപ്പിച്ചുകൊണ്ട് പ്രൊഫസര് എം. അച്യുതന് ഈ നോവലിനെക്കുറിച്ചുള്ള ഭാവിവിചാരങ്ങളിലേക്ക് വഴി തുറന്നിട്ടിരുന്നു. എങ്കിലും തൊട്ടുപിന്നാലെ ഇതിനെക്കുറിച്ചുണ്ടായ പഠനങ്ങള് ആ വഴിയിലൂടെയല്ല സഞ്ചരിച്ചത്. ഒരുഭാഗത്ത് അത് ഉറൂബിന്റെ കഥനശൈലിയുടെ കാവ്യാത്മകതയില് വ്യാമുഗ്ധമായി. വാക്കുകള് തമ്മിലിണങ്ങുമ്പോള് പിറവികൊള്ളുന്ന നക്ഷത്ര ചാരുതകളിലായിരുന്നു അവയുടെ താത്പര്യം . മറുഭാഗത്ത് ജീവിതത്തിന്റെ ഇത്തരം തുറസ്സുകളെ അഭിസംബോധന ചെയ്യാനാവാത്ത ആഭിചാരവിദ്യയായി നിരൂപണം വഴിമാറുകയായിരുന്നു. എഴുപതുകളില് മലയാളനിരൂപണത്തില് കൊടിയേറിയ ആധുനികതാവാദത്തിന് ചരിത്രത്തിന്റെയും ജീവിതത്തിന്റെയും ഇത്രയും പ്രത്യക്ഷമായ സാന്നിദ്ധ്യങ്ങളെ ഉള്ക്കൊള്ളാനാവുമായിരുന്നില്ല. അതീതപ്രത്യക്ഷങ്ങളുടെ ശുദ്ധസാരസ്വതമായി എഴുത്തിനെ കണ്ട വിമര്ശനകലയ്ക്ക് ജീവിതത്തിന്റെ നിത്യസാധാരണതകളില് ഇത്രയും ആഴ്ന്നുപോയ മനുഷ്യരെക്കുറിച്ച് ഒട്ടും വ്യാകുലപ്പെടാനായില്ല. അങ്ങനെ മലയാളനോവലിലെ എക്കാലത്തെയും വലിയ വിജയങ്ങളിലൊന്നായി വായനയുടെ ചരിത്രത്തിലിടംകിട്ടിയപ്പോഴും ഏറെയൊന്നും പരിശോധിക്കപ്പെടാതെയാണ് അക്കാലത്ത് ഈ നോവല് നിലനിന്നു പോന്നത്. പിന്നിട്ട നാലഞ്ചുവര്ഷക്കാലത്തിനിടയിലുണ്ടായ ചുരുക്കം ചില പഠനങ്ങള് 'സുന്ദരികളും സുന്ദരന്മാരെ'യുംകുറിച്ച് ഗൗരവപൂര്ണ്ണമായ ചില നിഗമനങ്ങള് അവതരിപ്പിച്ചതൊഴിച്ചാല് പുതിയ കാലത്തിന്റെ വായനകളും അതെക്കുറിച്ച് മൗനംതന്നെയാണ് ബാക്കിവച്ചത്.

എങ്കിലും മേലപ്പറഞ്ഞ വിലയിരുത്തലുകള് ഈ നോവലിന്റെ ജീവചരിത്രത്തിലേക്കുള്ള /വായനാചരിത്രത്തിലേക്കുള്ള ചൂണ്ടുപലകകള്തന്നെയാണ്. പോയ ശതകത്തിലെ മലയാളജീവിതം എങ്ങനെയൊക്കെയാണ് ഈ നോവല് വായിച്ചെടുത്തതെന്ന് അവ നമ്മോടു പറയുന്നു. പ്രമേയത്തിന്റെ പ്രത്യക്ഷതകളില്നിന്നും കണ്ടെടുക്കാവുന്ന ജീവിതപ്പരപ്പിലേക്കാണ് 'സുന്ദരികളും സുന്ദരന്മാരും' ആരെയും ആദ്യം വരവേല്ക്കുക. ആ പ്രത്യക്ഷലോകത്തില്തന്നെയാണ് 'സുന്ദരികളും സുന്ദരന്മാരും' പ്രാഥമികമായി നിലനിന്നതും. തകഴിയുടെ തലമുറയോടെ

മലയാളനോവലില് ഇടംനേടിയ സാമൂഹികതയുടെ പ്രത്യക്ഷമാനങ്ങള് പ്രബലമായിത്തുടരുന്ന ഒരു കാലയളവായതിനാല് ഈയൊരു വായനാരീതിക്ക് ചരിത്രപരമായ ഒരു തുടര്ച്ച അവകാശപ്പെടുവാനും കഴിയുമായിരുന്നു. നവോത്ഥാനനോവലുകള് എന്നു വ്യവഹരിക്കപ്പെട്ട പൂര്വ്വമാതൃകകളില്നിന്നുള്ള തുടര്ച്ചയുടെയും വളര്ച്ചയുടെയും അടയാളമായി 'സുന്ദരികളും സുന്ദരന്മാരും' സ്ഥാനപ്പെട്ടതിങ്ങനെയാണ്. മൂന്നു പതിറ്റാണ്ടോളംപോന്ന കാലവിസ്തൃതിയില്, മലബാറിന്റെ വിശാല സ്ഥലപരിധിയില്, മൂന്നു തലമുറകള് കൂടിയാടിച്ച മച്ച ജീവിതത്തിന്റെ ഇതിഹാസ സ്പര്ശമുള്ള ആവിഷ്കാരമായി ഈ നോവലിന്റെ പദവി ഉറച്ചു. നവോത്ഥാനദര്ശനത്തെ പിന്പറ്റിക്കൊണ്ട് തുടര്ന്നുവന്ന പഠനങ്ങള് ഈയൊരടിസ്ഥാനപാഠത്തെ നിരസിക്കുകയോ തിരുത്തുകയോ ചെയ്യാതെ അതോടൊപ്പം പുതിയതായി ചിലതെല്ലാം കൂട്ടിച്ചേര്ക്കുവാനേ മുതിര്ന്നുള്ളു. അങ്ങനെ രാ ത്തിന്റെ ആത്മാന്വേഷണമോ വ്യക്തിയുടെ സ്വത്വാന്വേഷണമോകൂടി കണ്ടെക്കാവുന്ന അനുഭ്രതിമേഖലയായി 'സുന്ദരികളും സുന്ദരന്മാരും' മാറിത്തീര്ന്നു. ആത്മാന്വേഷണങ്ങളുടെ ഭാവഘടനകള് ഈ നോവലില്നിന്നും കണ്ടെടുത്ത വായനരീതി വാസ്തവത്തില്, ആധുനികതാവാദത്തിന്റെ ലാവണ്യപദ്ധതിയെയും കാലപ്പഴക്കമറിയലിസത്തിന്റെ മാനവിക ദര്ശനത്തെയും കൂട്ടിയിണക്കാനുള്ള വിമര്ശനശ്രമങ്ങളുടെ പരിണതഫലമായിരുന്നുവെന്ന് ഇപ്പോള് എളുപ്പം തിരിച്ചറിയാം . ഇതിനു പിന്നാലെ വന്ന, ഭ്രമിയുടെ അറ്റം തേടിയുള്ള 'വിശ്വത്തിന്റെ സഞ്ചാരങ്ങളി'ല് സ്ഥലരാശികളില് അടയാളപ്പെടുന്ന കാലമാനങ്ങള് വായിച്ചെടുത്ത ആധുനികതാവാദനിരൂപണമാകെട്ട, പതിവുപോലെ, ഈ നോവലിലെ പ്രബലവും പ്രകടവുമായ സാമൂഹികമാനങ്ങളെ തുച്ഛമായി ഗണിച്ച് അവിടെ അപരലോകത്തിന്റെ ആന്തര നിയമങ്ങള് തേടി. ഇത്തരം അന്വേഷണങ്ങള്ക്കൊടുവില് അതു ചെന്നുചേര്ന്നത് "എല്ലാം അവിരാമമായി മാറിക്കൊണ്ടിരിക്കുന്നു. പലതും നീങ്ങി അപ്രത്യക്ഷമാകുന്നു. പുതുതായി പലതും ആവിര്ഭവിച്ചുകൊണ്ടിരിക്കുന്നു. ഈയൊരു അറിവാണ് 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിലെ കാലാനുഭവം" എന്നുള്ള അതിസാധാരണമായ 'നിഗമന'ത്തിലാണ്. അസ്തിത്വ വിഭ്രമങ്ങളുടെ കഥയായി മെരുക്കിയെടുക്കാനാവാതെ പോയതുകൊണ്ട് നമ്മുടെ മികച്ച നോവലുകളിലൊന്നിന്റെ മുന്നില് നിരൂപണം തലകുനിച്ചു നില്ക്കുന്ന കാഴ്ചയാണിവിടെയുള്ളത്. (എങ്കിലും മലയാള ഭാവുകത്വത്തിന്റെ ആധുനികദശയിലെ സവിശേഷഖണ്ഡങ്ങളിലൊന്നില് ഈ നോവല് മനസ്സിലാക്കപ്പെട്ടതെങ്ങനെ എന്ന് സാക്ഷ്യപ്പെടുത്തുവാന് ഈ 'നിഗമന'ത്തിനു കഴിവുണ്ട്. വിജയങ്ങളെന്നപോലെ പരാജയങ്ങളും ചരിത്രത്തിലെ ഈടുവയ്പുകള്തന്നെയായി നാം വകയിരുത്തണമല്ലോ.)

വ്യാഖ്യാനവൃത്തിയുടെ പുതിയ വെളിച്ചമേറ്റ് തിളങ്ങിയില്ലെങ്കിലും അറുപതുകള്ക്കു ശേഷമുള്ള മലയാളവായനയുടെ ചരിത്രത്തില് 'സുന്ദരികളും സുന്ദരന്മാരും' കൈയൊഴിയപ്പെട്ട ഒരു രചനയായിരുന്നില്ല. പുതിയ ലോകത്തെയും പുതിയ ആകാശത്തെയും ഉറ്റുനോക്കിയവരും, അതൊന്നുമില്ലാതെ നിത്യസാധാരണതകളുടെ ദൈനംദിനത്വത്തില് മുഴുകിപ്പോയവരും എല്ലാം ഉള്പ്പെടുന്ന കേരളീയസമൂഹത്തില് അത് അക്കാലത്തും തലയുയര്ത്തിത്തന്നെ നിന്നിരുന്നു എന്നതിന് ഈ നോവലിന്റെ പ്രധാന ചരിത്രം വേണ്ടത്ര തെളിവു തരുന്നുണ്ട്. 1990-നു ശേഷമുള്ള പതിറ്റാണ്ടില് നമ്മുടെ സാഹിത്യവിചാരങ്ങളില് വീണ്ടെടുക്കപ്പെട്ട സാമൂഹികമാനം ഈ കൃതിയില് പുതിയ പൊരുളും പ്രസക്തിയും കണ്ടെത്തുവാന് സന്നദ്ധമായിക്കൊണ്ടിരിക്കുന്നു.

രണ്ട്

നോവല്, ചരിത്രം, ദേശഭാവനകള് തുടങ്ങിയവയുടെ പരസ്പരബന്ധത്തെക്കുറിച്ചുള്ള പുതിയ തിരിച്ചറിവുകളുടെ പശ്ചാത്തലത്തില് 'സുന്ദരികളും സുന്ദരന്മാരും' വായിക്കാന് തുടങ്ങുമ്പോള് നാം ചെന്നെത്തുന്നതെവിടെയാണ്? ചരിത്രത്തിന്റെ പശ്ചാത്തലഭംഗിയില് എഴുതപ്പെട്ട വ്യക്തി ജീവിതത്തിന്റെയും ജീവിതസംഘര്ഷങ്ങളുടെയും കഥയെന്ന ലളിതസമവാക്യത്തിനപ്പുറത്തേക്ക് ഈ നോവല് നമ്മെ കൊണ്ടുപോകുന്നുണ്ടോ? ചരിത്രവും സാഹിത്യവും (History and Literature) എന്നിടത്തുനിന്നും ചരിത്രം സാഹിത്യത്തില് (History in Literature) എന്നിടത്തേക്ക് മാറിപ്പാര്ക്കാനൊരുങ്ങുന്ന ചരിത്രവിചാരം/സാഹിത്യവിചാരം ഈ നോവലിലെന്താണ് വായിക്കുക? വായനയുടെ പുതിയ പ്രകരണം, നിശ്ചയമായും ഇങ്ങനെ ചില ചോദ്യങ്ങളുയര്ത്തുന്നുണ്ട്.

കടലിരമ്പത്തിന്റെ കലയായിരിക്കുവാന് കെല്പ്പുള്ള സാഹിത്യഗണം നോവലാണെന്ന് മുമ്പേ പറയപ്പെട്ടതാണ്. നോവലിനെക്കുറിച്ചുണ്ടായ പടിഞ്ഞാറന് പഠനങ്ങളൊക്കെത്തന്നെ, ഏറിയും കുറഞ്ഞും നോവലിന്റെ ഈ വിശേഷസ്വഭാവത്തെപ്പറ്റി പലതും പറഞ്ഞിട്ടുമുണ്ട്. ചരിത്രം എന്നു നാം വ്യവഹരിക്കുന്ന ജീവിതാനുഭവമേഖലയെ അഭിസംബോധന ചെയ്യുവാന് മറ്റേതൊരു സാഹിത്യഗണത്തെക്കാളും കൂടുതലായി നോവല് കെല്പ്പ് നേടിയിരിക്കുന്നു എന്നതാണ് ഈ നിരീക്ഷണങ്ങളുടെയെല്ലാം താത്പര്യം. ജീവിതാനുഭവങ്ങളുടെ ഏതെങ്കിലുമൊരു അടരിനെ മാത്രം, ഏകാത്മകമായൊരു ഭാവകേന്ദ്രത്തെ മാത്രം അഭിസംബോധന ചെയ്യുന്ന ഇതര സാഹിത്യഗണങ്ങളില്നിന്നും വ്യത്യസ്തമായി കലങ്ങിനില്ക്കുന്ന ചരിത്രജീവിതത്തിന്റെ അനാവൃത്തസ്വഭാവത്തിലേക്ക് (irrepeatable nature of historicallife) തുറന്നിരിക്കുന്ന രൂപഘടനയാണ് നോവലിന്റേത്. 'എന്തും

കൃത്തിനിറയ്ക്കാവുന്ന കീറച്ചാക്ക് എന്ന രൂപകാത്മകവിവരണം മുതല് 'ബഹുസ്വരത' (Polyphony) എന്നതുപോലുള്ള സിദ്ധാന്തീകരണങ്ങള്വരെ ഈയൊരു സവിശേഷതയെക്കുറിച്ചുതന്നെയാണ് സംസാരിക്കുന്നത്. ബഖ്തീനിയന് പദാവലികള് ഉപയോഗിച്ചു പറഞ്ഞാല് നോവലായിരിക്കുക എന്നാല് അടച്ചുപൂട്ടലുകള് ഇല്ലാതിരിക്കുക (unfinalizable) എന്നാണര്ത്ഥം.

ജീവിതംപോലെ തുറന്നതായിരിക്കുവാന് നോവലിനുള്ള ആഭ്യന്തരശേഷി, പക്ഷേ, എല്ലാ നോവലുകളിലും പ്രവര്ത്തനസജ്ജമായിരിക്കുന്നില്ല. ആധുനികത (modernity) എന്ന ചരിത്ര/സാമൂഹ്യ അവസ്ഥയുടെ ആന്തരവൈരുദ്ധ്യങ്ങള് ഇവിടെ നിര്ണ്ണായകമായൊരളവില് ഇടപെടുന്നുണ്ട്. വിഭിന്ന വര്ഗ്ഗസ്ഥാനങ്ങളിലും കര്ത്തൃപദവികളിലും നിലയുറപ്പിച്ചുകൊണ്ട് വ്യത്യസ്തമായ അവകാശവാദങ്ങള് ഉന്നയിക്കുവാന് ജനസമൂഹങ്ങളെ പര്യാപ്തമാക്കുകയും ആ അവകാശവാദങ്ങള് തമ്മിലിടയുന്ന സംവാദമണ്ഡലം രൂപപ്പെടുത്തുകയും ചെയ്തപ്പോള്ത്തന്നെ, ആധുനികത, കേന്ദ്രീകൃതമായ ഒരു യുക്തിയുടെ സമഗ്രഘടനയെയും നിരന്തരം ഉയര്ത്തിക്കൊണ്ടുവന്നിരുന്നു. തുറന്ന ചിതറുന്ന ലോകാനുഭവങ്ങളെ സുഘടിത യുക്തിയുടെ ഗുരുത്വകേന്ദ്രത്തിലേക്ക് ചേര്ത്തുകെട്ടുവാനുള്ള ആധുനികമായ ഇത്തരം ശ്രമങ്ങള് നോവലിന്റെ ആന്തരഘടനയില് രണ്ടുതരത്തില് ഇടപെട്ടതായി കാണാം. ഒരുഭാഗത്ത് അത് നോവലിനെ കവിതപോലുള്ള, ഏകാനുഭൂതിപരമായ പൂര്വ്വകാലസാഹിത്യരൂപങ്ങളോട് ഇണക്കിനിര്ത്തുവാനുള്ള ശ്രമങ്ങളിലേര്പ്പെട്ടു. ഭാവഗാനാത്മകതയോ, ധ്യാനാത്മകതയോ, നാടകീയതയോ ഒത്തിണങ്ങിയ രചനകള് നോവലുകളായി പിറവികൊണ്ടതങ്ങനെയാണ്. മറ്റു വാക്കുകളില് പറഞ്ഞാല് നോവലല്ലാത്തതിനെ നോവലില് പണിതെടുത്ത രചനകളാണവ. മറുഭാഗത്ത് അത് നോവലിനെ സുഘടിതയുക്തിയുടെ താവളമായി, തുടക്കത്തില്നിന്ന് ഒടുക്കത്തിലേക്കുള്ള ക്രമീകൃതമായ കാലത്തുടര്ച്ചയുടെ കഥയായി എഴുതിത്തീര്ത്തു. സുനിശ്ചിതമായൊരു ലക്ഷ്യത്തിലേക്ക് മുന്നേറ്റം നടത്തുന്ന വാങ്മയമായി നോവലുകള് അങ്ങനെ ഭാവന ചെയ്യപ്പെട്ടു. (കഥാവസ്തുവാകുന്ന പഞ്ഞിയെ വലിച്ചുനീട്ടുന്ന തക്ലിയല്ല, കൃത്യമായ അളവിലും അനുപാതത്തിലും വ ം നെയ്തെടുക്കുന്ന നെയ്ത്തുയന്ത്രമാണ് നോവല് എന്ന് 'നോവല്സാഹിത്യ'ത്തില് എം .പി . പോള് ലക്ഷണ നിര്ണ്ണയം ചെയ്യുന്നതും ഇത്തരമൊന്നിനെയാണ്) കാലത്തിലും സ്ഥലത്തിലും പരന്ന് പടര്ന്നപ്പോഴും നോവല് അവിടെ സുനിശ്ചിത ലക്ഷ്യങ്ങളുള്ള ഒന്നായിരുന്നു. ഇങ്ങനെ ആധുനികമായ ഒരു ചരിത്രാവസ്ഥയുടെ സമ്മര്ദ്ദത്താല് അകമേ കെട്ടഴിയുമ്പോള്ത്തന്നെ, ഇതേസന്ദര്ഭം മറ്റൊരു വഴിയിലൂടെ നോവലിനെ കെട്ടിവരിയുകയും ചെയ്യുന്നുണ്ടായിരുന്നു. രണ്ടു നൂറ്റാണ്ടു പിന്നിട്ട നോവലിന്റെ ചരിത്രത്തിലെ കേന്ദ്രപ്രമേയങ്ങളിലൊന്നും ഈ സംഘര്ഷംതന്നെയാണ്.

'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിന്റെ ഭാവകേന്ദ്രത്തിലും ഈയൊരു സംഘര്ഷം സന്നിഹിതമായിരിക്കുന്നതായി മനസ്സിലാക്കുവാന് ഇപ്പോള് പ്രയാസമില്ല. നോവലിന്റെ വായനാസങ്കേതത്തെക്കുറിച്ച് അവതാരികയില് പ്രൊഫ.എം.അച്യുതന് പറയുന്നത് ഈ പ്രകരണത്തില് പ്രസക്തമാണ്. അച്യുതന് മാഷ് എഴുതുന്നു:"... ഏഴ് ദീര്ഘകഥകള്ക്കൂടി ഒരു നോവലിന്റെ രൂപം പ്രാപിക്കുന്നു . ഏഴു പൂക്കള് തിങ്ങി നിന്ന് ഏക പുഷ്പം എന്നു തോന്നിക്കുന്ന പൂങ്കുലപോലെയാണിത്. ഓരോ പൂവിനും നിരവധി ഇതളുകളുള്ളതുപോലെ, ഓരോ കഥയ്ക്കും നാലും അഞ്ചും ഖണ്ഡങ്ങളുണ്ട്." 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിലുള്ച്ചേര്ന്ന സയുക്തി കതയാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. ചിതറിപ്പരക്കുന്ന ജീവിതത്തെ ആഖ്യാനത്തിനകത്ത് കെട്ടിയുറപ്പിച്ചുനിര്ത്തുന്ന സാങ്കേതികതയുടെ വിവരണമാണിത്. സ്വതന്ത്രമായ നിലനില്പ്പുള്ള ഏഴു കഥാഖണ്ഡങ്ങള് ഒന്നിനൊന്ന് ഒത്തിണങ്ങി നിന്ന്, കാലത്തുടര്ച്ചയുടെയും ജീവിത പരിണാമത്തിന്റെയും കഥയായിത്തീരുന്നു. മൂന്നു പതിറ്റാണ്ടോളം പോന്ന കാലയളവിനെ ഈ നോവല്പ്രമേയത്തിലുള്ച്ചേര്ക്കുന്നതിങ്ങനെയാണ്. 'ഹെരാക്ലീറ്റന് കാല'മെന്ന് കെ.പി. അപ്പന് വിവരിക്കുന്നതും ഇതിനെയാണ്. ഈ ഒത്തിണക്കവും അതുളവാക്കുന്ന കാലത്തുടര്ച്ചയും, പക്ഷേ, നോവലിലുളവാകുന്നത് ചില തെരഞ്ഞെടുപ്പുകളുടെയും ചില കൈയൊഴിയലുകളുടെയും ഫലമായാണ്. ചരിത്രത്തെ പ്രതിഫലിപ്പിക്കുന്നതിനു പകരം ചരിത്രത്തിന്റെ ആവിഷ്കാര പ്രകാരങ്ങളില്(objectifications) ഒന്നായി നോവല് മാറിത്തീരുകയാണെന്ന തിരിച്ചറിവിലേക്ക് നാം എത്തിപ്പെടുന്നതും ഇവിടെവച്ചാണ്.

ഒന്നാം ലോകയുദ്ധകാലത്തെ വടക്കന് മലബാറിലെ ജീവിതത്തില് നിന്നും തുടങ്ങി ഖിലാഫത്ത്, മലബാര്കലാപം, ദേശീയ പ്രസ്ഥാനം, തൊഴിലാളിമുന്നേറ്റങ്ങള്, രണ്ടാം ലോകയുദ്ധം, ക്വിറ്റിന്ത്യാസമരം, കമ്മ്യൂണിസ്റ്റ് സംഘടനാപ്രവര്ത്തനങ്ങള് എന്നിവയിലൂടെയെല്ലാം കയറിയിറങ്ങി സ്വാതന്ത്ര്യപ്രാപ്തിയുടെ ചുറ്റുവട്ടത്തെത്തിനില്ക്കുന്ന ഒരു കാലപരിധിയായാണ് 'സുന്ദരികളും സുന്ദരന്മാരും' നിലകൊള്ളുന്നത്. ഏഴു ഖണ്ഡങ്ങളിലായി വിന്യസിക്കപ്പെട്ട ചെറുതും വലുതുമായ കഥാപാത്രങ്ങളുടെയും ജീവിതസന്ദര്ഭങ്ങളുടെയും ആകെത്തുകയാണ് നോവലിലെ പ്രവാഹപ്രതീതി/ ചരിത്രാത്മകത. ഇവിടെ വ്യക്ത്യനുഭവങ്ങളുടെ നാടകീയത വര്ദ്ധിപ്പിക്കുന്ന പശ്ചാത്തല ഘടകങ്ങളായി ചരിത്രസംഭവങ്ങള് മാറുകയാണോ അതോ ചരിത്രാനുഭവങ്ങളുടെ അരങ്ങായി വ്യക്തിബന്ധങ്ങള് മാറുകയാണോ എന്ന് നമ്മുടെ വിമര്ശനം ചര്ച്ചചെയ്തിട്ടുണ്ട്. ഉയിര്ക്കൊള്ളുന്ന വികാരങ്ങളുടെ നൃത്തത്തിനുവേണ്ടി സ്വയംസജ്ജമായ അരങ്ങായതിനാല് മനുഷ്യന് സുന്ദരനാണ് എന്നര്ത്ഥംവരുന്ന ഇടശ്ശേരിയുടെ കാവ്യശകലം ഉറൂബ് ഉദ്ധരിച്ചു ചേര്ത്തിട്ടുള്ളത് വ്യക്തികേന്ദ്രിതമായ ഒരു ജീവിതാവബോധത്തെ

മുന്നിര്ത്തുന്നതിനാലാണെന്നും വാദിച്ചുകണ്ടിട്ടുണ്ട്. വ്യക്തി- സമൂഹം, സമൂഹം-വ്യക്തി എന്നിങ്ങനെ വിപരീതദ്വന്ദ്വങ്ങളെയും (binary opposites) മുന്പിന് ക്രമങ്ങളെയും കണ്ടെടുക്കുന്ന വായനാരീതിയെത്തന്നെ പിന്പറ്റിക്കൊണ്ട് ഇനി ഈ നോവലില്നിന്ന് പുതുതായൊന്നും കണ്ടെടുക്കാനാവില്ല. ചരിത്രത്താല് നിര്ണ്ണയിക്കപ്പെടുകയല്ല, ചരിത്രമായി-- നാനാവിധങ്ങളായ സാമൂഹ്യബലതന്ത്രങ്ങളുടെ അരങ്ങും പടനിലവുമായി-- വര്ത്ത മാനത്തില് നിലകൊള്ളുകയാണ് എന്ന ധാരണയോടെ വ്യക്തികളെയും വ്യക്ത്യനുഭവങ്ങളെയും നോക്കിക്കാണുവാന് തയ്യാറാവുന്ന വായനാരീതി കള്ക്കേ ഈ നോവലിനെ പുതുതായി അഭിസംബോധന ചെയ്യാനാവൂ.

ആധുനികപൂര്വ്വമായ (premodern) ജാതി ശരീരങ്ങളില്നിന്നും നാടുവാഴിത്ത പ്രത്യയ ശാ ത്താല് നിര്ണ്ണയിക്കപ്പെട്ട സ്വത്വഘടനയില്നിന്നും വിടുതി നേടി ദേശീയ ആധുനികതയുടെ സ്വതന്ത്രവ്യക്തിബോധത്തിലേക്ക് പരിണമിച്ചെത്തിയ മലബാറിന്റെ ജീവചരിത്രംതന്നെയാണ് ഉറൂബ് നോവലായി എഴുതുന്നത്. ('ഇതിനെ ചരിത്രനോവല് എന്നു തന്നെ പറയാം ' എന്ന് എം. അച്യുതന് അവതാരികയില് ഒരിടത്ത് പറയുന്നുമുണ്ട്.) ഒന്നാം ഖണ്ഡമായ 'ചാര്ത്തിക്കിട്ടിയകൂട്ടി'യില്നിന്ന് അവസാനഖണ്ഡമായ 'പ്രപഞ്ചം പിന്നെയും തളിര്ക്കുന്നു'വിലെത്തുമ്പോള് നോവലിനകമേ അരേങ്ങുറുന്നത് ഈയൊരു സ്വത്വ പരിണാമമാണ്. ഇരുമ്പന് ഗോവിന്ദന്നായരില്നിന്ന് സുലൈമാനിലേക്കുള്ള പരിവര്ത്തനം ഈയൊരു പരിണാമത്തെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന ഒന്നാണ്. (ഒരര്ത്ഥത്തില് ഈ നോവലിന്റെ ഭാവകേന്ദ്രമായിരിക്കുവാന് കഴിയുന്നത്ര പ്രബലമാണ് ഈ കഥാപാത്രം). ചിരന്തനമായ മാനവികമഹത്ത്വം എന്ന് ഒറ്റനോട്ടത്തില് തോന്നുമെങ്കിലും ഇരുമ്പന് ഗോവിന്ദന്നായരും സുലൈമാനും ലളിതമായ ഒരു തുടര്ച്ചയിലെ കണ്ണികളല്ല. ഗോവിന്ദന്നായര് കുഞ്ഞുക്കുട്ടിയെ വരിക്കുന്നത് അതിപ്രബലമായ കാലചക്രവാതങ്ങള് ആഞ്ഞുവീശിയ ഒരു പ്രതിസന്ധിവേളയിലാണ്. അയാളുടേത് എന്നതിനപ്പുറം ചരിത്രസന്ദര്ഭങ്ങളുടേതാണ് ആ ഇടപെടല്. സുലൈമാനായി അയാളെ മാറ്റിത്തീര്ക്കുന്നതും ഇതേ ബലങ്ങളാണ്. പക്ഷേ, സുലൈമാനിലേക്കുള്ള പരിവര്ത്തനത്തിനുശേഷം പടിപടിയായി ഒരു സ്വയംപര്യാപ്ത കര്ത്തൃത്വത്തിലേക്ക് എത്തിപ്പെടുന്ന ഒരു ആധുനിക വ്യക്തിയെയാണ് നാം നോവലില് കാണുന്നത്. ഇത് അയാള്ക്കു കൈവന്ന പുതിയ മതജീവിതത്തിന്റെ വിശിഷ്ടഫലമൊന്നുമല്ല. മറിച്ച് മതപരമായി നിര്ണ്ണയിക്കപ്പെട്ട സ്വത്വഘടനയെ/ജാതിശരീരത്തെ കൈയൊഴിയുന്ന പുതിയ സ്വത്വസ്ഥാപനങ്ങളായി, 'വ്യക്തി'കളായി മനുഷ്യര് പരിണമിക്കുന്ന ഒരു ചരിത്രസന്ദര്ഭത്തിന്റെ വെളിപ്പെടലാണ്. മതപരമായ അതിരുകളെ

വകവയ്ക്കാത്ത, ആധുനികവും മനുഷ്യസ്നേഹപരവുമായ സമീപനം സുലൈമാന് നിരന്തരം കൈക്കൊള്ളുന്നത് നോവലില് നമുക്കു വായിക്കാം. വാസ്തവത്തില് ഈയൊരു പരിവര്ത്തനം അയാളുടെ വ്യക്തി ഗതമായ അനുഭവലോകത്തിലരങ്ങേറുന്നതല്ല. ഒരേ സമയം വ്യക്തിയും ചരിത്രവുമായാണ് ഇരുമ്പന് ഗോവിന്ദന്നായര്/സുലൈമാന് നോവലില് സ്ഥാനപ്പെടുന്നത്. ജാതി ശരീരത്തില്നിന്ന് 'സ്വതന്ത്ര'മനുഷ്യശരീരത്തിലേക്കുള്ള അയാളുടെ പരിണാമം ലഹളയും മതംമാറ്റവും ഉള്പ്പെടെയുള്ള പ്രത്യാക്ഷാനുഭവങ്ങള്ക്കപ്പുറം ആധുനികീകരണം എന്ന ചരിത്രപ്രക്രിയയുടെ വിശാലഭ്രമികയോടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഈയൊരു പരിണാമപ്രക്രിയയില് അയാളുടെ വ്യക്തിജീവിതത്തില് കടന്നുകയറിയ അനുഭവലോകങ്ങളാണ് ലഹളയും മറ്റും. വ്യക്തികള് സ്വയം പങ്കാളികളാകുന്ന ചരിത്രസംഭവങ്ങളിലല്ല, അവരുടെ നിലനില്പിന്റെ ചരിത്രാത്മകത നാം അന്വേഷിക്കേണ്ടതെന്ന വസ്തുതയാണ് ഇവിടെ വ്യക്തമാകുന്നത്. നിശ്ചയമായും ഇരുമ്പന് ഗോവിന്ദന്നായരിലും സുലൈമാനിലും സഹാനുഭൂതിപരമായ ഒരു വികാരഘടന തുടരുന്നുണ്ട്. വ്യക്തി എന്ന തലത്തിലുള്ള അയാളുടെ നിലനില്പ്പില് ആ വൈകാരിക ഘടകത്തിന് ഒരു നൈരന്തര്യവുമുണ്ട്. പക്ഷേ, സുലൈമാനായുള്ള ജീവിതത്തിനിടയില് അയാള് 'താന്പോരിമ'യോടെ നടത്തുന്ന ഇടപെടലുകള് ഈയൊരു ഘടകത്തിന്റെ ഉത്പന്നങ്ങളല്ല. ചരിത്രത്തിന്റെ പുതിയൊരു ഭാവഘടനയാല് അഭിസംബോധന ചെയ്യപ്പെട്ട 'വ്യക്തി'യായാണ് അയാളപ്പോള് പ്രവര്ത്തിക്കുന്നത്. അപ്പോള് അയാള് ആധുനികീകരണത്തിന്റെ സൂക്ഷ്മശരീരങ്ങളിലൊന്നാണ്.

ഇങ്ങനെ, ചരിത്രവുമായുള്ള വൈരുദ്ധ്യാത്മകബന്ധം നിലനിര്ത്തിക്കൊണ്ട് ആധുനികീകരണത്തിന്റെ വാങ്മയങ്ങളായിത്തീരുന്ന കഥാപാത്രങ്ങള് ഈ നോവലില് വേറെയുമുണ്ട്. ലക്ഷ്മിക്കുട്ടി, ശാന്ത, രാധ, ഗോപാലകൃഷ്ണന് എന്നിവരൊക്കെ ഏറിയും കുറഞ്ഞും ഇത്തരമൊരു പരിണാമ പ്രക്രിയയിലെ പങ്കാളികളാണ്. കഥാപാത്രങ്ങളുടെ വ്യക്തിസ്വഭാവം മുന്നിര്ത്തി പരിശോധിക്കേണ്ട കാര്യമല്ല ഇത്. പുതിയ ഒരു കര്ത്തൃപദവിയിലേക്കുള്ള പരിവര്ത്തനമായാണ് നോവലില് ഇവരുടെ പാത്രരൂപീകരണം നടക്കുന്നത് എന്നതാണ് പ്രധാനം. കാര്ത്തികേയന്, കുഞ്ഞിരാമന്, ഗോപിക്കുറുപ്പ്, വേലുനായര് തുടങ്ങിയവര് പക്ഷേ , ഇതിനെതിര്ദിശയില് നിലകൊള്ളുന്നവരാണ്. ഗോപിക്കുറുപ്പും വേലുനായരും മറ്റും, വ്യത്യസ്ത അനുപാതങ്ങളില്, നാടുവാഴിത്തപരമായ പ്രത്യയശാ ഘടനയ്ക്കുള്ളില് തളയക്ക്പ്പെട്ടിരിക്കുന്നു എന്നു പറയാം . കാര്ത്തികേയനെയും കുഞ്ഞിരാമനെയും പോലുള്ളവരാകട്ടെ ആധുനികരായ 'സ്വതന്ത്രവ്യക്തി'കളാണ്. (ചരിത്രപരമായ സവിശേഷാര്ത്ഥത്തിലാണ് 'സ്വതന്ത്രവ്യക്തി' എന്ന് ഇവിടെ എഴുതുന്നത്. ആധുനികമായ

'സ്വാതന്ത്ര്യ'ത്തിന്റെ അധീശഭാവം ഒട്ടുമിക്കവാറും കാണാവുന്ന കഥാപാത്രമാണ് കാര്ത്തികേയന്.) ഇങ്ങനെ കര്ത്തൃപരമായി വിപരീതനിലകളില് നില്ക്കുന്ന ഒരുകൂട്ടം കഥാപാത്രങ്ങളും കര്ത്തൃപരിണാമത്തിന് വിധേയരാകുന്ന മറ്റൊരുകൂട്ടം കഥാപാത്രങ്ങളും തമ്മിലുള്ള ബന്ധസംഘര്ഷങ്ങളാണ് 'സുന്ദരികളും സുന്ദരന്മാരും' എന്ന നോവലിനെ ചരിത്രവത്കരിക്കുന്നത്. (ഇരുമ്പന് ഗോവിന്ദന്നായര്/ സുലൈമാന് ഈ പരിണാമപ്രക്രിയയുടെ ഹൃദയസ്ഥാനത്താണെന്ന് മുമ്പ് പറഞ്ഞതും ഇതു കൊണ്ടാണ്). മേല്പ്പറഞ്ഞ സ്വത്വസ്ഥാപനങ്ങളുടെ ചരിത്രപരതയാണ് ഈ കഥാപാത്രങ്ങളുടെ ചരിത്രപരതയുടെ ആധാരം (വ്യക്തികളെന്ന നിലയില് അവര് പങ്കാളികളാകുന്ന ചരിത്രസംഭവങ്ങളേ!) വ്യക്തികളെന്ന നിലയിലുള്ള അവരുടെ സ്വഭാവവിശേഷങ്ങളോ അല്ല അവരുടെ ചരിത്രപരമായ നിലനില്പിലേക്ക് വെളിച്ചം വീശുന്നത്. മറിച്ച്, അവര് കയ്യാളുന്ന കര്ത്തൃപദവിയുടെ ചരിത്രപരതയാണ്.

ഈ നോവലിലെ കേന്ദ്രകഥാപാത്രമായി പരിഗണിക്കപ്പെടുന്ന വിശ്വം സവിശേഷ ശ്രദ്ധ അര്ഹിക്കുന്ന വിധത്തില് ഏറെ വ്യത്യസ്തതകള് പുലര്ത്തുന്നുണ്ട്. കുഞ്ഞിരാമനെപ്പോലെ സ്വത്വപരമായ ഭദ്രതയാല് അനുഗ്രഹിക്കപ്പെട്ട ഒരാളല്ല വിശ്വം. നാറാണപിള്ളയെപ്പോലെ പല ലോകങ്ങളില് സ്വച്ഛമായി ഒരുമിച്ച് പാര്ക്കുവാനും അയാള്ക്ക് കഴിയുന്നില്ല. ഇരുമ്പന് ഗോവിന്ദന്നായര്/സുലൈമാന് പിന്നിട്ടുപോന്നതുപോലൊരു പരിണാമപ്രക്രിയയുടെ ഫലമല്ല അയാളുടെ സന്ദിഗ്ധാതകള്. ഭ്രമിയുടെ അറ്റം തേടിയുള്ള വിശ്വത്തിന്റെ യാത്രകള് സയുക്തികമായ അനുഭവ ക്രമങ്ങളിലേക്ക് മെരുക്കാനാവാത്ത ഒരനുഭ്രതിമേഖലയുടെ സൂചനകളാണ്. മുളപൊട്ടി വളരാനായി കോഴിമുട്ടകള് കുഴിച്ചിട്ട അയാളുടെ ശൈശവഭാവനയില്തന്നെ ഈയൊരു ഘടകം സന്നിഹിതമായിട്ടുണ്ടെന്ന് കാണാം. ആധുനികമായ അഭിജ്ഞാനക്രമങ്ങളുടെ വരുതിയില് നില്ക്കാത്ത, മറ്റൊരു ഭാഷയില് പറഞ്ഞാല് പ്രതീകക്രമത്തിന്റെ (symbolic order) വ്യവസ്ഥാവത്കരണത്തിനും പുറത്തുള്ള ഒരനുഭ്രതിമേഖലയുടെ പ്രതിനിധിയാണ് വിശ്വം ഏറിയപങ്കും. ജീവിതത്തിന്റെ സയുക്തികതയില് അയാള് അത്രയൊന്നും തത്പരനല്ല. സയുക്തികമായ കേന്ദ്രീകരണത്തിനെതിര്നില്ക്കുന്ന ശിഥിലീകരണശേഷി (centrifugal force) വിശ്വത്തിലുണ്ട്. വാസ്തവത്തില് ചരിത്രത്തിന്റെ ബഹുസ്വരാത്മകതയുടെ പ്രതിനിധിയാണയാള്. പക്ഷേ, ഈ ബഹുസ്വരാത്മകത/ശിഥിലീകരണശേഷി അന്തിമമായി തുറന്നുകിടക്കുന്ന ഒന്നായല്ല ആഖ്യാനത്തില് ഉള്പ്പെട്ടിരിക്കുന്നത്. ഉദാരമാനവികതയുടെ പ്രത്യയശാ മേഖലയില് സ്വയം നിലയുറപ്പിച്ച ഉറൂബിന് വിശ്വത്തെ (ആ പേരിലും ഇങ്ങനെയൊരു ലീനധ്വനിയുണ്ട്!) പരിപൂര്ണ്ണമായി കെട്ടഴിച്ചുവിടാന് കഴിയുമായിരുന്നില്ല. അതുകൊണ്ട് ആധികാരികമായൊരു കര്ത്തൃസ്വരം

നോവലിന്റെ അവസാനഭാഗത്ത് മേല്‌ക്കൈ നേടുന്നു. (നോവലിന്റെ അവസാനഖണ്ഡത്തിലെ തിടുക്കത്തെക്കുറിച്ചും രചനാപരമായ പോരായ്മകളെക്കുറിച്ചും പലരും മുമ്പേ സൂചിപ്പിച്ചിട്ടുണ്ട്. വാസ്തവത്തിലത് രചനാപരമായ പോരായ്മകളുടെ മാത്രം പ്രശ്നമല്ല.) ചപ്പുചവറുകള്‌കൊണ്ടാണെങ്കിലും ജീവിതത്തിനൊരു നിറവുണ്ടെന്നു കണ്ടെത്തുന്ന വിശ്വം സാക്ഷ്യപ്പെടുത്തുന്നത് ഈയൊരു വൈരുദ്ധ്യത്തെയാണ്. ആന്തരമായി ശിഥിലമായിത്തുടരവേതന്നെ നോവലില് പ്രതീക്ഷിക്കപ്പെടുന്ന സ്വത്വപരമായ ഭദ്രതയെക്കുറിച്ചുള്ള സൂചനയാണത്. ഇങ്ങനെ സയുക്തികമായ ജീവിതാനുഭവമേഖലയിലേക്ക് പുനരാനയിക്കപ്പെട്ട വിശ്വമാണ് രാധയുമായി ഒത്തുചേര്‍ന്ന് വ്യവസ്ഥാപിതമായ ജീവിത ത്തിലേക്ക് പ്രവേശിക്കാനൊരുങ്ങുന്നത്. ഉറൂബില് പ്രബലമായിരുന്നതും, നവോത്ഥാനദര്‍ശനത്തിന്റെ കാതലായി പ്രവര്‍ത്തിച്ചതുമായ ഉദാരമാനവികതയുടെ സ്വാഭാവിക പ്രതീക്ഷയും അതുതന്നെയാണ്.

ചരിത്രവത്കരണത്തിന്റെ കലയായി 'സുന്ദരികളും സുന്ദരന്മാരെ'യും മാറ്റിത്തീര്‍ക്കുന്ന മറ്റൊരു ഘടകത്തെക്കുറിച്ചുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ നിരീക്ഷണങ്ങള് അവസാനിപ്പിക്കാം. ഈ നോവലിലെ ീ-പുരുഷ ബന്ധങ്ങളാണത്. പ്രണയാനുഭവങ്ങളെന്ന് വിവരിക്കാവുന്ന ചില ബന്ധങ്ങളും ദാമ്പത്യമെന്ന് വിളിക്കാവുന്ന ചില ബന്ധങ്ങളും നോവലിന്റെ പ്രമേയത്തിലുള്‌പ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ നോവലിന്റെ അവസാനത്തില് സൂചിതമാകുന്ന രാധയുടെയും വിശ്വത്തിന്റെയും ഭാവിദാമ്പത്യവുമുണ്ട്. ഔപചാരികമായ അര്‍ത്ഥത്തില് പരാജയപ്പെട്ട പ്രണയങ്ങളാണ് നോവലിലേത്. രാമന്നായര്-കുഞ്ഞുക്കുട്ടി, ലക്ഷ്മിക്കുട്ടി-ഗോപിക്കുറുപ്പ്, വിശ്വം- ശാന്ത, രാധ-കുഞ്ഞിരാമന് എന്നീ ബന്ധങ്ങളൊന്നും വിവാഹത്തിലല്ല പര്യവസാനിക്കുന്നത്. മറുഭാഗത്ത് രാമന്നായര്-മാധവിയമ്മ, കുഞ്ഞുക്കുട്ടി-ഗോവിന്ദന്നായര്, സുലൈമാന്-ഖദീജ, ശാന്ത-കാര്‍ത്തികേയന് തുടങ്ങിയ വൈവാഹിക ബന്ധങ്ങള് പ്രണയപരമായ താത്പര്യങ്ങള്‌ക്കപ്പുറത്തുള്ള സാമൂഹിക കാരണങ്ങളാല് രൂപപ്പെട്ടവയാണ്. സൂക്ഷ്മമായി നോക്കിയാല് ഈ പ്രണയ/വിവാഹബന്ധങ്ങളാണ് ഈ നോവലിലെ കഥാ ഖണ്ഡങ്ങളെ കൂട്ടിയിണക്കുന്ന കേന്ദ്രഘടകമെന്ന് കാണാം. ചരിത്രപരം എന്നു വിളിക്കാവുന്ന കാരണങ്ങളാലാണ് പ്രണയപരമായ ബന്ധങ്ങളോരോന്നും തകരുന്നത്. പ്രണയാനുഭവങ്ങളുടെ സ്വാഭാവികതയും വിഘാതങ്ങളുടെ സാമൂഹികതയും കൊണ്ട് അവയക്ക്പ്പാടെ ചരിത്രപരമായൊരു വാസ്തവികപ്രതീതി കൈവരുന്നുണ്ട്. ഈ നോവലിലെ വിശുദ്ധ വേഴ്ചകള്‌ക്ക് വിഘാതമായിത്തീര്‍ന്നത് സാമൂഹ്യ ശക്തികളാണെന്ന നിരീക്ഷണം (എം.അച്യുതന്) വിരല് ചൂണ്ടുന്നതും ഈ വസ്തുതയിലേക്കു തന്നെയാണ്. മറുഭാഗത്ത്, നോവലിലെ ദാമ്പത്യങ്ങളൊന്നും പ്രണയപരമായ

സ്വാഭാവികതയുടെ ഉത്പന്നങ്ങളായി രൂപപ്പെടുന്നതല്ല എന്നും കാണാം. ചരിത്രപരമായ വമ്പന് ആകസ്മികത മുതല് (കുഞ്ഞുക്കുട്ടി–ഗോവിന്ദന്നായര്) സാമൂഹ്യാധികാരപദവിവരെയുള്ള (ശാന്ത–കാര്ത്തികേയന്) കാരണങ്ങളാല് രൂപപ്പെട്ടവയാണ് ആ ദാമ്പത്യങ്ങളോരോന്നും. ഈ നിലയില് ചരിത്രപരമായ ദൈനംദിനത്വത്തിന്റെ അനിയത സ്വഭാവം ആ ദാമ്പത്യങ്ങളിലുമുണ്ട്. എന്നാല് നോവലിനൊടുവിലെ ഭാവിസൂചനയായി വരുന്ന രാധ –വിശ്വം ബന്ധത്തിന് ഇത്തരമൊരു ചരിത്രപരമായ അനിയതത്വമില്ല. ഏതു തരം ജീവിതാനുഭവത്തിന്റെയും അടിപ്പടവില് പ്രസാദാത്മകമായ നന്മയുടെ അടയാളങ്ങള് ബാക്കിവച്ച ഉറൂബിന്റെ നവോത്ഥാന ഭാവന സയുക്തികവും പ്രത്യാശാഭരിതവുമായ ഒരു പരിസമാപ്തിയെ ലക്ഷ്യമാക്കുന്നത് വിശ്വം–രാധബന്ധമായി നാം നോവലില് വായിക്കുന്നു. അനിയതമായ ദൈനംദിനത്വമായി നോവലില് അതുവരെ പ്രവര്ത്തനസജ്ജമായ ചരിത്രാത്മകതയ്ക്കുമേല് നവോത്ഥാന മാനവികതയുടെ സുനിശ്ചിത ലക്ഷ്യങ്ങള് നേടുന്ന ആധിപത്യമാണത്. നോവലിസ്റ്റിന്റെ ആധികാരികമായ കര്ത്തൃസ്വരമാണവിടെ മുഴങ്ങിക്കേള്ക്കുന്നത്. കെട്ടഴിഞ്ഞു ചിതറാതെ ജീവിതത്തെ/നോവലിനെ അത് ലക്ഷ്യോന്മുഖമായി ഒരുക്കിനിര്ത്തുന്നു.

ചുരുക്കത്തില് ഒന്നാം ലോകമഹായുദ്ധം, മലബാര്കലാപം, ഖിലാഫത്ത്, ദേശീയപ്രക്ഷോഭം, കമ്മ്യൂണിസ്റ്റ് മുന്നേറ്റങ്ങള്, ക്വിറ്റിന്ത്യാസമരം, രണ്ടാംലോകമഹായുദ്ധം, ഹിരോഷിമ എന്നിങ്ങനെയുള്ള ചരിത്രാനുഭവങ്ങളെയും ദേശീയത, സ്വാതന്ത്ര്യം, സാമ്രാജ്യവിരോധം തുടങ്ങിയ ആശയ രൂപീകരണങ്ങളെയും കൂട്ടിയിണക്കി മൂന്നു പതിറ്റാണ്ടിലധികം വരുന്ന കാലയളവിലെ മലബാറിലെ സാമൂഹ്യജീവിതത്തിന്റെ കഥ പറയുക മാത്രമല്ല 'സുന്ദരികളും സുന്ദരന്മാരും' ചെയ്യുന്നത്. ഈ ചരിത്രാനുഭവങ്ങളെ പ്രമേയവത്കരിക്കുന്ന നോവലായിരിക്കുമ്പോള്തന്നെ അവയെ സാധ്യമാക്കിയ അടിസ്ഥാനബലങ്ങളുടെ പ്രവൃത്തിമണ്ഡലമായും നോവല് മാറിത്തീരുന്നു. ഉദാരമാനവികതയുടെ പ്രകാശഗോപുരങ്ങളിലേക്ക് തികഞ്ഞ യുക്തിബോധത്തോടെ ഉറച്ച ചുവടുകളുമായി മുന്നേറുന്ന മനുഷ്യസമൂഹത്തിന്റെ കഥയാണിത്. ഇരുള് പരന്ന ലോകത്തിലെ 'സുന്ദരികളും സുന്ദരന്മാരും' അവരാണ്. അനിയതമായ ദൈനംദിന ജീവിതത്തിന്റെ കലക്കത്തില്നിന്നും യുക്തിയാലും സമരങ്ങളാലും കണ്ടെടുത്ത നേര്വഴികളിലൂടെയാണ് വിശ്വത്തെയും രാധയെയും ഗോപാലകൃഷ്ണനെയും പോലുള്ളവര് സഞ്ചരിച്ചത്. മലയാള/കേരളീയ ജീവിതത്തിന്റെ ചരിത്രത്തിലെ നിര്ണ്ണായകസന്ധികളിലൊന്നില് നാം നടന്നുകയറുവാന് ശ്രമിച്ചതും അതേ വഴികളിലൂടെയാണ്.

സുനില് പി. ഇളയിടം

എല്ലാ സുന്ദരികള്ക്കും സുന്ദരന്മാര്ക്കും

“മര്ത്ത്യന് സുന്ദരനാണ്! കാരണ, മുയിര്–
ക്കൊള്ളും വികാരങ്ങള് തന്
നൃത്യത്തിന്നുമുതിര്ക്കുവാന് സ്വയമണി–
ഞ്ഞിട്ടോരരങ്ങാണവന്;
അത്യന്തം കമനീയമേ മഹിതമാ–
യാലും മറിച്ചാകിലും
തത്ഭാവങ്ങള,പൂര്ണ്ണമാണളവുകോ–
ലെന്നുള്ള കാലംവരെ.”

ഇടശ്ശേരി

ഈ പുസ്തകത്തെപ്പറ്റി

'ഉമ്മാച്ചു' എന്ന കഥാപുസ്തകം എഴുതുന്നതിന് ഒരു വര്ഷംമുമ്പുതന്നെ ഈ ഗ്രന്ഥത്തിന്റെ ഇതിവൃത്തം ഏതാണ്ട് എന്റെ മനസ്സില് രൂപംകൊണ്ടിരുന്നു. അതിനിടയില് 'ഉമ്മാച്ചു' എഴുതുന്ന തിരക്കായി. ആ കഥ രണ്ടു വര്ഷത്തോളം മനസ്സില് കിടന്നതാണ്. ജീവിതപ്രാരബ്ധങ്ങളില്നിന്നു പിശുക്കിയെടുക്കുന്ന സ്വല്പം സമയംകൊണ്ടാണ് എഴുതുന്നത്. അതുകൊണ്ടു വിചാരിക്കുമ്പോലെ എഴുതാന് പറ്റുകയില്ല. കേരളത്തിലെ എഴുത്തുകാരെ സംബന്ധിച്ചിടത്തോളം ഇത് എന്റെ മാത്രം അനുഭവമല്ലല്ലോ എന്നോര്ത്തു സമാധാനിക്കാം.

1954 മാര്ച്ചുമാസത്തിലാണ് ഞാന് ഈ വലിയ കഥ എഴുതാന് തുടങ്ങിയത്. ആഴ്ചയില് ഒരധ്യായം എഴുതി ഒരു പേരും ചാര്ത്തി മിസ്റ്റര് എന്. വി . കൃഷ്ണവാരിയരെ ഏല്പ്പിക്കും . അങ്ങനെ അതേ വര്ഷം ഒക്ടോബറില് എഴുതിത്തീര്ന്നു. 'ഉമ്മാച്ചു'വിനെപോലെ ഈ കഥയും വായനക്കാര് ദയാപൂര്വ്വം കൈക്കൊണ്ടു. വാക്കിനോട് വാക്കു കൂട്ടിച്ചേര്ക്കുമ്പോള് വിറയ്ക്കുന്ന എന്റെ കൈകളെ, അവരുടെ പ്രശംസകളും വിമര്ശനങ്ങളും തുടര്ന്നു ജോലി ചെയ്യാന് പ്രേരിപ്പിച്ചിട്ടുണ്ട്. ഞാന് കൃതജ്ഞനാണ്.

ഇതൊക്കെ കഴിഞ്ഞിട്ട് ഏതാണ്ട് മൂന്നു വര്ഷമായി. അതിനിടയില് ഈ പുസ്തകത്തില് പല വെട്ടിക്കുറയ്ക്കലുകളും കൂടിച്ചേര്ക്കലുകളും നടന്നു. എല്ലാംകൂടി ഇതാ, ഇപ്പോള് ഇങ്ങനെയൊരു മട്ടായിരിക്കുന്നു.

ഇതൊരു നോവലാണോ, ആണെങ്കില് ഏതു വകുപ്പില്പ്പെടുന്നു എന്നു ചില സുഹൃത്തുക്കള് ചോദിക്കുകണ്ടായി . എ. ബാലകൃഷ്ണപിള്ള , കുറ്റിപ്പുഴ, മുണ്ടശ്ശേരി, കുട്ടിക്കൃഷ്ണമാരാര് എന്നിങ്ങനെ ചില പേരുകള് അവര്ക്കു നിര്ദ്ദേശിച്ചു കൊടുക്കുകയാണ് അന്നു ചെയ്തത്. ആ മാന്യനിരൂപകന്മാരിലാരെങ്കിലും ഈ കഥ വായിച്ചിട്ടുണ്ടെങ്കില് ചോദ്യകര്ത്താക്കളുടെ ഉത്കണഠയ്ക്കു പരിഹാരം സിദ്ധിച്ചേക്കുമെന്നു വിചാരിച്ചിട്ട് ഇന്നും അതേ പറയാനുള്ളു. ഒരു കഥ പറയാനുണ്ടായിരുന്നു; അതു പറഞ്ഞു, വായനക്കാരെ കുറച്ചെങ്കിലും രസിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്തുവെങ്കില്, പിന്നെ ഏതു വകുപ്പില്പ്പെട്ടാലും എനിക്കു സന്തോഷമാണ്. തീരെ രസിപ്പിക്കുനില്ലുന്നെ് ഉറപ്പായാല് ഞാന് ഈ പുസ്തകം തളച്ചിടാന് ഒരു വകുപ്പു കണ്ടുപിടിക്കും.

'ഉമ്മാച്ചു' എഴുതാന് തുടങ്ങിയപ്പോള് ഒരു ീഹൃദയത്തിന്റെ പ്രക്രിയാവിശേഷങ്ങളായിരുന്നു എന്റെ മനസ്സില് മുന്നിട്ടുനിന്നിരുന്നത്. ഈ

പുസ്തകമെഴുതുമ്പോഴാകട്ടെ, എല്ലാ കഥാപാത്രങ്ങളുംകൂടി സൃഷ്ടിക്കുന്ന ഭൗതികവും മാനസികവുമായ അന്തരീക്ഷത്തിന്റെ വ്യാപ്തിയും സമ്മർദ്ദവുമാണ് മനസ്സില് പൊന്തിനിന്നത്. ഇത്രയേ പറയാന് കഴിയൂ.

ഈ പുസ്തകത്തിന്റെ അവസാനാധ്യായങ്ങളെപ്പറ്റി ആക്ഷേപമുള്ള സുഹൃത്തുക്കളുണ്ടെന്നറിയാം. സ്വല്പംകൂടി സൂക്ഷിച്ചുനോക്കുമെങ്കില് ആക്ഷേപത്തിനു വക കണ്ടില്ലെന്നുവരും. ഇന്നയാള് ശരി, ഇന്നയാള് തെറ്റ് എന്നു വിധിക്കുകയല്ല ചെയ്തിട്ടുള്ളത്. രണ്ടിടത്തും പ്രവർത്തിച്ച മനുഷ്യരുടെ ഹൃദയസംഘർഷങ്ങളെ തുല്യാനുഭാവത്തോടെ നോക്കിക്കണ്ടിരിക്കുന്നു. തനി ഉത്കൃഷ്ടന്മാരെയോ തീരെ നികൃഷ്ടന്മാരെയോ ഞാനിവിടെ ചിത്രപ്പെടുത്തിയിട്ടില്ല; സാധാരണ മനുഷ്യരെപ്പറ്റി സംസാരിക്കുകയായിരുന്നു. ആ പുരുഷന്മാരാകട്ടെ, വിരൂപങ്ങളും വിധ്വംസകങ്ങളുമായ പ്രവർത്തനങ്ങളിലേർപ്പെടുന്ന സന്ദർഭങ്ങളിൽപ്പോലും വികാരോഷ്മളങ്ങളായ ഹൃദയങ്ങളെക്കൊണ്ടു സുന്ദരികളും സുന്ദരന്മാരുമായേ തോന്നിയുള്ളൂ. സ്വതേ, മനുഷ്യർ സുന്ദരന്മാരാണ്; സുന്ദരികളുമാണ്.

രാധയും വിശ്വവുംകൂടി ഒരു കുടുംബം സ്ഥാപിക്കാനുറയ്ക്കുന്ന കഥയുടെ പര്യവസാനം സദാചാരത്തിലേക്കല്ല വിരല്ചൂണ്ടുന്നതെന്നും ചില സുഹൃത്തുക്കൾ ഓർമ്മപ്പെടുത്തുകയുണ്ടായി. 'ഉമ്മാച്ചു'വിന്റെ പര്യവസാനത്തെപ്പറ്റിയും ഇതേവിധമുള്ള ആക്ഷേപമുണ്ടായിരുന്നു. സദാചാരങ്ങൾ അനുഷ്ഠിക്കപ്പെടേയവതന്നെ. പക്ഷേ, സദാചാരങ്ങൾ യുഗധർമ്മങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്നവയാണ്. ജീവിച്ചിരിക്കുവാനും, കർമ്മം ചെയ്യുവാനുമാണ് എല്ലാ ജീവികളും അബോധമായിട്ടെങ്കിലും ആഗ്രഹിക്കുന്നത്. ഈ ഇച്ഛ മനുഷ്യർക്കു സബോധമായിത്തീരട്ടെ എന്നേ പ്രാർത്ഥിക്കാന് കഴിയൂ.

ഒരു വാക്കുകൂടി: മലയാളത്തിൽ വലിയ നോവലുകളുണ്ടാകുന്നില്ലെന്നു നിരൂപകന്മാരും വലിയ കാഥികന്മാരും ഇടയ്ക്കിടെ ഓർമ്മപ്പെടുത്താറുണ്ട്. ഭാവനാദാരിദ്ര്യം, ആശയദാരിദ്ര്യം, സംഭവദാരിദ്ര്യം എന്നിങ്ങനെ പല കാരണങ്ങളും അതിനു കണ്ടുപിടിച്ചിട്ടുമുണ്ട്. ഒരു ദാരിദ്ര്യംകൂടി കൂട്ടിച്ചേർക്കേണ്ടതുണ്ടെന്നു തോന്നുന്നു: സൗകര്യദാരിദ്ര്യം. ഉള്ള കഴിവുകൾതന്നെ വികസിപ്പിക്കുവാന് സൗകര്യമെവിടെ? മേല്പറഞ്ഞ നിരൂപകന്മാർതന്നെ ഇതൊക്കെ കണ്ടുപിടിക്കാനും പറയാനുമുള്ള സൗകര്യമുണ്ടാക്കുന്നത്, അവരുടെ ജീവിതോപായത്തൊഴിലുകൾക്കിടയിലെ വിശ്രമവേളകൾ മോഷ്ടിച്ചിട്ടാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? മറിച്ചായിരുന്നെങ്കിൽ, പത്രനിരൂപണങ്ങളുടെ സമാഹാരങ്ങളിലുമധികം നമുക്കു മുഴുത്ത നിരൂപണഗ്രന്ഥങ്ങളുണ്ടാകുമായിരുന്നു.

ജനുവരി 1958

ഉറൂബ്

സുന്ദരികളും സുന്ദരന്മാരും

ചാര്ത്തിക്കിട്ടിയ കൂട്ടി

ഒന്ന്

"എന്റെ ഗുരുവായൂരപ്പാ!..."

അതൊരു പ്രാര്ത്ഥനയായിരുന്നില്ല; ഒരു ഞെരക്കം. അത് അഗാധതയില് നിന്നു ഞെരിഞ്ഞിഴഞ്ഞാണ് പൊന്തിയത്. നിരത്തുവക്കത്തു മുട്ടിന്മേല് കൈകുത്തി കുന്നുനില്ക്കുന്ന ഒരു ീയുടെ ഏകാന്തരോദനമായിരുന്നു. ഏതാനും നിമിഷങ്ങള് അതേമട്ടില്ത്തന്നെ നിന്നിട്ട് അവളാനു നിവര്ന്നു. എന്തോ ആശ്വാസം കിട്ടിയതുപോലെ, വീണ്ടും നീങ്ങാന് തുടങ്ങി. ചക്രപ്പട്ട ചരലില് 'കരകരേ' എന്ന് ഉരസിക്കൊണ്ടു ചുരം കയറുന്ന കനത്ത കാളവണ്ടിയുടേതുപോലെയായിരുന്നു ആ ഗതി. വിളര്ത്തു ചീര്ത്ത കവിളുകള്, കാലില് അല്പാല്പം നീര്ക്കോളുണ്ട്. കീറപ്പുതപ്പിനുള്ളിലൂടെ വലിയ ഒരു വയര് ഉന്തിനില്ക്കുന്നു. അതിനുള്ളില് യാത്ര പുറപ്പെട്ടു നില്ക്കുന്ന ഒരാത്മാവു സ്പന്ദിക്കുകയാണ്. പരിസരം ഗണിക്കാതെ സൃഷ്ടിയുടെ വിചിത്രവും വേദനാകരവുമായ പ്രവാഹമായിരുന്നു അത്. ആ ജീവനും വെളിച്ചവും വായുവും നിറഞ്ഞ ഈ ലോകത്തിലേക്ക് കടന്നു കൂടണം. എന്തിന്? സൃഷ്ടി ആ ചോദ്യം ചോദിക്കാറുണ്ടോ? മഴപോലെ, വെയിലുപോലെ വിടരുന്ന പൂപോലെ, അതു വരുന്നു; പ്രതിരോധങ്ങളെ വലിച്ചു കീറിക്കൊണ്ടു അതു വരുന്നു, 'ഇത്തിരി നില്ക്കു' എന്നു പറഞ്ഞിട്ടെന്തു കാര്യം? രാജിയില്ലാത്ത യാത്ര. ആത്മാവില്നിന്ന് ആത്മാവിനെ ചീന്തിയെടുക്കുന്നു. അപ്പോഴും അവള് നടന്നു. നടക്കാതെ നിവൃത്തിയില്ല. കിടക്കാന് ഒരിടം വേണം. ആ നിരത്തുവക്കില്വെച്ച് എങ്ങനെയാണ്? അവള് കൂടക്കുടെ തലയുയര്ത്തി ചുറ്റും നോക്കി. അവസാനത്തെ മഞ്ഞക്കതിരുകളും മറഞ്ഞുപോവുകയാണ്. അപൂര്ണ്ണനായ ചന്ദ്രന്, അസമയത്തു വന്ന അതിഥിയപ്പോലെ, വിളര്ത്തു നില്ക്കുന്നു. മരിക്കുന്ന സൂര്യന്, ഉദിക്കുന്ന ചന്ദ്രന്--മരണവും ജീവിതവും മുഖത്തോടുമുഖം നോക്കുന്നു. നിരത്തുവക്കിലെ പൊന്തക്കാടുകള് ആ അവ്യക്തപ്രകാശത്തില്, ഏതോ ദുഃഖാനുഭവത്തെ പ്രതീക്ഷിച്ചിട്ടെന്നപോലെ, ചലനരഹിതമായിത്തീര്ന്നു. എങ്ങും നിശ്ശബ്ദത. പാമ്പിന്കാവുകളിലേക്കോ മരപ്പാന്തകളിലേക്കോ വെച്ചടിക്കുന്ന വാവലുകളുടെ ചിറകടിശ്ശബ്ദംമാത്രം

കൂടക്കുടെ കേട്ടു.

“ഭഗവാനേ!”

അവള് വീണ്ടും നടക്കുകയാണ്. മറവുള്ള ഒരിടം കിട്ടിയാല് മതി. രാത്രിയുടെ മറവില് ഈ നിരത്തുവക്കത്തുതന്നെ വേണ്ടിവരുമോ? കനത്ത വിയര്പ്പുതുള്ളികള് നാസാഗ്രത്തിലും കവിളുകളിലും നിരന്നുകഴിഞ്ഞു. ഓരോ ഞെരക്കവും നെഞ്ചിലൂടെ ഈര്ച്ചവാള് വലിച്ചുകയറ്റുമ്പോലെയാണ്. എന്നിട്ടും നടന്നു.

മണ്ണെണ്ണക്കുപ്പിയും അരിവട്ടിയും മീന്കോര്മ്പയുമായി വഴിക്കാര് കൂടക്കുടെ അതിലേ കടന്നുപോകുന്നുണ്ട്. ആ നിരത്തുവക്കിലൂടെ അരിച്ചു നീങ്ങുന്ന അവളെ ആരും ശ്രദ്ധിക്കുന്നില്ല. എല്ലാവര്ക്കും തിരക്കാണ്.

ഓടിവരുന്ന ഇരുട്ടില്നിന്നു രക്ഷപ്പെടാനുള്ള ഒരു ശ്രമമാണെന്നു തോന്നും. കൈക്കോട്ടു ചുമലില്വെച്ചു തളര്ന്നുനീങ്ങുന്ന കൃഷിക്കാര്, ഉളിപ്പെട്ടി ശിരസ്സിലേറ്റി, നടുഞെളിഞ്ഞ്, ഏന്തിവലിച്ചു നടന്നുപോകുന്ന ആശാരി, നികുതിപ്പിരിവിന്നോ ജനനമരണക്കണക്കെടുക്കലിന്നോവേണ്ടി തെണ്ടി നടന്നുതളര്ന്ന അംശം കോല്ക്കാരന്, ഇങ്ങനെ ഓരോരുത്തരായി കടന്നുപോയി. ചിലര് അവളെ ഒന്നു നോക്കി, ‘ഓളാണല്ലേ!’ എന്ന ഭാവത്തില് തലതിരിച്ചു നടന്നു. ചിലര് നോക്കിയതേയില്ല.

അവരോടാരോടെങ്കിലും പറയാം. എന്താണ് പറയേയത്? എങ്ങനെയാണ് പറയേയത്? വല്ലതും ഇങ്ങോട്ടു ചോദിച്ചെങ്കില്! ഇല്ല, അവര്ക്കെല്ലാം വീടണയാനുള്ള പരക്കംപാച്ചിലാണ്. ഒരു വീടുയാകുന്നത് എത്ര നല്ലതാണ്!

ആളുകള് കടന്നുപോയി. ഇരുട്ടും നിശ്ശബ്ദതയും കൂടിക്കുഴഞ്ഞു മുറ്റുകയാണ്. പൊടിമഞ്ഞു വീണ് അവളുടെ പുതപ്പ് അല്പല്പം നനഞ്ഞു തുടങ്ങി. ദൂരെനിന്നു തെണ്ടിപ്പട്ടികളുടെ ദുസ്സഹമായ സംഘഗാനം ഇടയ്ക്കിടെ പുറപ്പെട്ടു. ആ ീ അപ്പോഴും നടക്കുകയാണ്. പെട്ടന്നു വേദനയുടെ ഒരു വേലിയേറ്റം-- രോമകൂപങ്ങള്തോറും മൊട്ടുസൂചികള് തറയ്ക്കുന്നതുപോലെ, അവള് കാല്മുട്ടില് കൈകുത്തി നിന്നു. അവിടെ കിടക്കണോ, വേണ്ടേ? സഹിക്കാന് വയ്യാതെ അവള് നിലവിളിച്ചു:

“ഭഗവാനേ! എന്റെ ഈശ്വരാ!”

“ആരാണത്?”

വിളികേള്ക്കുന്നതുപോലെ ഒരു ചോദ്യം. അവള് തലയുയര്ത്തി നോക്കി. കൈയിലൊരു ലാന്തറും തലയില് ഒരു കെട്ടുമായി നീണ്ടൊരു പുരുഷന് മുമ്പില് നില്ക്കുന്നു. വേദനയന്നെ ഒരൊറ്റ അനുഭവത്തിലേക്ക് അവളുടെ പഞ്ചേന്ദ്രിയങ്ങളും കേന്ദ്രപ്പെട്ടിരുന്നതുകൊണ്ട് ആ മനുഷ്യന്റെ സാന്നിധ്യം അറിഞ്ഞില്ല. അതുകൊണ്ട് ആരാണന്നെ ചോദ്യം അവളെ ഞെട്ടിച്ചതുമില്ല.

“ആരാണത്?”

ആ ലാന്തര് അല്പംകൂടി ഉയര്ന്നു. അപ്പോഴും അവള് ഞെരങ്ങുക മാത്രമേ ചെയ്തുള്ളു.

“സമാധാനം പറയില്ലേ? ആരാണതന്നെ?”

ആ ലാന്തര് അവളുടെ മുഖത്തിന്നൊപ്പം ഉയര്ന്നു. പൊടിമഞ്ഞു ചിതറിയ തലമുടി. ഉരുണ്ടുകൂടി ഒഴുകാറായ വിയര്പ്പുതുള്ളികള്. പരന്ന നെറ്റിത്തടം. തിളങ്ങുന്ന കണ്ണുകള്. ആ ലാന്തര് അങ്ങനെതന്നെ നില്ക്കുകയാണ്.

“ഹാര്?”

പെട്ടന്നെ ലാന്തര്പിടിച്ച ആളില്നിന്ന് ഒരു ചോദ്യം പുറപ്പെട്ടു. പിന്നെ നിശ്ശബ്ദം. വൃശ്ചികക്കാറ്റു മരക്കൂടിലുകള്ക്കുള്ളിലൂടെ ചൂളംവിളിച്ചു പാഞ്ഞു. അത് ഈ പ്രപഞ്ചം മുഴുവനുമൊന്നു വലംവെച്ചുവന്നെും തോന്നി.

“എന്റെ ഭഗവാനേ!”

ഇക്കുറി പറഞ്ഞത് വിളക്കുപിടിച്ച ആളാണ്. വീണ്ടും നിശ്ശബ്ദത. വീണ്ടും കാറ്റിന്റെ ചൂളംവിളി. ആ ശബ്ദം നേര്ത്തുനേര്ത്തു കടന്നുപോയപ്പോള് പുരുഷന് ചോദിച്ചു:

“കുഞ്ഞുക്കുട്ടിയല്ലേ?”

“ഹതേ.”

നെഞ്ചിടറിവരുന്ന ശബ്ദം. ഒരു സ്വപ്നത്തിലന്നെപോലെ അവള് ചോദിച്ചു:

“ആരാ?”

“രാമന്നായരാണ്.”

“ഹേ!”

“എന്താ ഇവിടെ നില്ക്കുന്നത്?”

“എനിക്കു വയ്യാ.”

“എന്തു പറ്റി?”

“വയ്യാ. എന്നെ രക്ഷിക്കണേ!”

കുഞ്ഞുക്കുട്ടിയമ്മ പൊട്ടിപ്പൊട്ടിക്കരഞ്ഞു. അപ്രതീക്ഷിതമായി എന്തൊക്കെയോ സംഭവിക്കുന്നു. എങ്കിലും അയാള് ഉറപ്പിച്ചു നിര്ത്തി ചോദിച്ചു:

“ഞാനെന്താ വേയത്?”

“എന്നെ രക്ഷിക്കണേ!...” വീണ്ടും ഒരു കരച്ചില്.

“എന്താ വേയത്, കുഞ്ഞുക്കുട്ടിക്ക്?”

“എനിക്ക് ഒരിടത്തു വേഗം കിടക്കണം.”

രാമന്നായര് വിളക്കു പൊക്കി അവളെ ആകെയൊന്നു നോക്കി. വ്യക്തമായി മനസ്സിലായി എന്നു പറഞ്ഞുകൂടാ . എന്നാലും കാര്യം സ്വല്പം കുമ്പുകടന്നിരിക്കുന്നുവെന്നു ധരിക്കയുയായി. ഇപ്പോള് എന്തു ചെയ്യണം? എങ്ങോട്ടു കൊണ്ടുപോകും? അവിടെയിട്ടുപോകാന് ഏതായാലും വയ്യ, അതാലോചിച്ചപ്പോള്ത്തന്നെ മനസ്സില് ഒരു കത്ത്. എങ്കിലും ഈ നിലയില് ഒരു

ീയെ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയാലോ? വീട്ടിലേക്കല്ലാതെ എവിടേക്കു കൊണ്ടുപോകും? അയാള് ചിന്തിക്കാന് ശ്രമിച്ചു. പക്ഷേ, ചിന്തിക്കാന് സമയമില്ല. അവള് ഞരങ്ങുകയാണ്. അടുത്ത നിമിഷം എന്തും സംഭവിച്ചേക്കാം. തുവലില് ചാറല്മഴ പറ്റിനില്ക്കുന്ന ഒരു പൂവന്കോഴിയപ്പോലെ , അയാള്

ദേഹമൊന്നു കുടഞ്ഞു. എന്നിട്ട് ഈശ്വരനെ വിചാരിച്ചുകൊണ്ടു പറഞ്ഞു:

"വല്ലു."

വല്ലു--ആ ഒരൊറ്റ വാക്കു കേട്ടതാടെ കുഞ്ഞുക്കുട്ടിയമ്മയ്ക്ക് ജീവന് വീണു. ജീവിതത്തില് ഒരിക്കലും അത്രയും മധുരമായ ഒരു വാക്ക് അവര് കേട്ടിട്ടില്ലെന്നു തോന്നുന്നു. ആരണ്ടക്ഷരത്തില് ഒരാത്മാവു കുടികൊള്ളുന്നു!

പറഞ്ഞുകഴിഞ്ഞപ്പോള് എന്തിനേ അതു പറഞ്ഞതെന്നു രാമന്നായര്ക്കു തോന്നി. വാസ്തവത്തില് അയാള് പറഞ്ഞതല്ല; പറഞ്ഞുപോയതാണ്. ദേഷ്യം സഹിക്കാതാവുമ്പോള് 'കടന്നുപോവൂ' എന്നു പറയുന്നതുപോലെ, ഒരു ശബ്ദമങ്ങു പുറപ്പെടുവിച്ചു. മനുഷ്യത്വം വിവേകത്തെ തോല്പിച്ചു.

"എനിക്കങ്ങനെ ചെയ്യാന് വയ്യല്ലോ...." എന്നായി കുഞ്ഞുക്കുട്ടിയമ്മയുടെ പിന്നത്തെ തേങ്ങല്.

"എന്റെ കയ്യു പിടിച്ചോളൂ."

അതും പറഞ്ഞു പോവുകതന്നെയാണുണ്ടായത്. പിന്നെ താമസമുണ്ടായില്ല. അനാഥയായ ആ ീ രാമന്നായരുടെ കൈത്തണ്ടയില് പിടിച്ചു കൊണ്ടു വേച്ചുവേച്ചു നടന്നു. 'വീട്ടിലെത്തുന്നതുവരെ ഒന്നും സംഭവിക്കരുതേ, ഭഗവാനേ!' എന്നു മാത്രമായിരുന്നു രാമന്നായരുടെ അന്നത്തെ പ്രാര്ത്ഥന.

രണ്ടുപേരും ഒന്നും പറഞ്ഞില്ല. അവള് കൂടക്കൂടെ ഞരങ്ങുകയും നെടുവീര്പ്പിടുകയും ചെയ്തു. ഓരോ ഞെരക്കവും അയാളുടെ ഹൃദയത്തെ കിടിലംകൊള്ളിച്ചു. വല്ലതും സംഭവിക്കുമോ?

അല്പാല്പം ആടുന്ന ആ ലാന്തറിന്റെ വെളിച്ചത്തില്, അവരുടെ നിഴലുകള് പിമ്പില് കൂടിപ്പിണയുകയും അകന്നുപോവുകയും വീണ്ടും അതാവര്ത്തിക്കുകയും ചെയ്തു. ജന്മാന്തരങ്ങളില്വെച്ചു കണ്ടുമുട്ടി അകന്നുപോയി വീണ്ടും കണ്ടെത്തുന്ന രണ്ടാത്മാക്കളെപ്പോലെയായിരുന്നു ആ നിഴലുകള്. രാമന്നായര് ഇടയ്ക്കിടയ്ക്ക് ആ നിഴലുകളിലേക്ക് ഇടംകണ്ണിട്ടു നോക്കി.

നീലപ്പാമ്പുകളെപ്പോലെ, ആടിയുലഞ്ഞു തങ്ങളെ പിന്തുടരുന്ന ആ നിഴല്പ്പാടുകള് രാമന്നായരുടെ ഹൃദയത്തില് ഭൂതകാലത്തെ കുത്തിയിളക്കുകയായിരുന്നു. 'ഹേയ്, അതൊക്കെ പോട്ടെ... അതൊക്കെ ഇപ്പോഴല്ലല്ലോ വിചാരിക്കേണ്ടത്' എന്ന് അയാള് ചിന്തകളെ കടിഞ്ഞാണിട്ടുപിടിക്കാന് യത്നിക്കുന്നുണ്ട്. പക്ഷേ, വിചാരങ്ങള് തിരമാലകളാണ്. പൊന്തിയുയര്ന്ന് ഉരുണ്ടുകൂടി അലറിപ്പായുന്നു.

കുഞ്ഞുക്കുട്ടിയെ ആദ്യം കണ്ടത് എന്നാണെന്ന് അയാള്ക്ക് ഓര്മ്മയില്ല. പക്ഷേ, കണ്ടപ്പോള്ത്തന്നെ അവള് ഹൃദയത്തില് കയറിക്കൂടിയിരുന്നു. അന്നത്തെ കുഞ്ഞുക്കുട്ടിയും ഇന്നത്തെ കുഞ്ഞുക്കുട്ടിയും തമ്മില് എന്തു വ്യത്യാസം! ഇതൊക്കെ എങ്ങനെ സംഭവിച്ചു? അന്ന് എണ്ണമിനുപ്പെഴുന്ന ആ കവിളുകളില് യൗവനത്തിന്റെ ഓളങ്ങള് നിന്നു മുട്ടിത്തിരിയുകയായിരുന്നു. അവിടെ മഴവില്ലുകള് ഉദിക്കുകയും മറയുകയും ചെയ്തു. മഷി തട്ടിക്കളഞ്ഞ ഭദ്രദീപങ്ങള്പോലുള്ള കണ്ണുകള്; മഞ്ഞ വരക്കുറി നീുകിടക്കുന്ന നെറ്റിത്തടം;

തലയില് ഒരമാവാസി രാത്രി മുഴുവന്, അഞ്ചു കുമിളവെച്ച് കമ്മലിന്റെ ഒളി മിന്നുന്ന കാത്. കുലീനമായ മുറുവല്; കുണുങ്ങിക്കുലുങ്ങിയുള്ള നടത്തം. പച്ചിലപ്പടര്പ്പില് പകുതി മറഞ്ഞുനില്ക്കുന്ന ഒരു കൊന്നപ്പൂങ്കുലതന്നെയായിരുന്നു അന്നു കുഞ്ഞുക്കുട്ടി.

ഇന്നോ?

രാമന്നായര്ക്കും നിറഞ്ഞ പ്രായമായിരുന്നു. ടെയിനിങ്ങ് കഴിഞ്ഞ കഷ്ടിച്ച് ഒരു സ്കൂളില് പറ്റിക്കൂടിയിട്ടേയുള്ളു. നാലര ഉറുപ്പികയാണ് ശമ്പളം. മോശമില്ല. രണ്ടര ഉറുപ്പികകൊണ്ടു ഭക്ഷണം, തേച്ചുകുളി, ക്ഷൗരം എന്നിവയെല്ലാം കഴിയുന്ന കാലം. ബാക്കി രണ്ടുറുപ്പികകൊണ്ടു ഡീക്കടിക്കാം. ബനിയനും തലയില്ക്കെട്ടും കുറുവടിയുമായി എല്ലാ വേലയ്ക്കും പൂരത്തിനും മുന്പന്തിയില് അയാള് എത്തും. അക്ഷരശ്ലോകസെറ്റില് മൂപ്പരൊരു പ്രമാണിയാണ്. അക്ഷരത്തിന്നക്ഷരം മടക്കിക്കൊടുത്തുകൊണ്ടു പുലരുന്നതുവരെ ഇരുന്നു ശ്ലോകം ചൊല്ലാനുള്ള രാമന്നായര്മാസ്റ്ററുടെ കഴിവ് എല്ലാവരെയും അത്ഭുതപ്പെടുത്തിയിരുന്നു.

'ഇയാള്ക്കെന്തോ സേവയുണ്ട്, അല്ലെങ്കില് ഇങ്ങനെ സാധിക്കില്ല' എന്നാണ് ചിലര് പറഞ്ഞത്. സാധാരണ നിലവാരത്തില് കവിഞ്ഞ ഏതു കഴിവും ദേവന്മാരുടെ സഹായംകൊണ്ടേ സാധിക്കൂ എന്നു വിശ്വസിച്ചിരുന്ന നാട്ടുകാര് ആ അഭിപ്രായം ശരിവെച്ചു. വാസ്തവത്തില് രാമന്നായര് മാസ്റ്റര്ക്കു ശ്ലോകങ്ങളോടുള്ള മമത അവര്ക്കറിഞ്ഞുകൂടാ. 'പൂമേത്തലെഴുന്നോറ്റിരുന്ന ദയിതേ....' എന്നു നീട്ടിവലിച്ചങ്ങനെ ചൊല്ലുമ്പോള് അതില് ഒരുതരം ആനന്ദമൂര്ച്ഛയനുഭവിക്കുകയായിരുന്നു അയാള്. ഒരക്ഷരശ്ലോകമത്സരം കഴിഞ്ഞാല് കാര്യമായി എന്തോ ഒന്നു തരമായി എന്നൊരു തോന്നലായിരുന്നു മാസ്റ്റര്ക്ക്.

നന്നേ വെളുത്ത് അല്പമൊന്ന് അകത്തോട്ടു വളഞ്ഞിട്ടുള്ള ആ ചെറുപ്പക്കാരന്, തോലുരിച്ച ഒരു നേന്ത്രപ്പഴംപോലെയായിരുന്നു. എല്ലാ തറവാട്ടമ്മമാരുടെയും ശ്രദ്ധ അയാള് ആകര്ഷിച്ചു.

"നല്ല മുഖശ്രീയുള്ള ചെറുപ്പക്കാരന്!"

"വടക്കനാത്രേ!"

"എന്നാല് അഭ്യാസിയായിരിക്കും. സംശയമില്ല."

"പക്ഷേ, പറഞ്ഞിട്ടെന്താ?"

"ഉം?"

"ജാതി ഇത്തിരി മോശാ."

"അത്യോ? കഷ്ടായിട്ടോ!"

കാരണവന്മാര്ക്കും മാസ്റ്ററെ വലിയ ഇഷ്ടമായിരുന്നു. സ്വതേ പ്രസരിപ്പുകാരനാണെങ്കിലും തലമുതിര്ന്നവരോടു വണക്കത്തോടെ പെരുമാറാന് അയാള്ക്കറിയാം.

"അടക്കമുള്ളവനാ." മാസ്റ്ററെ ചൂണ്ടിക്കാട്ടിക്കൊണ്ടു പാച്ചുമ്മാന്

പങ്കുമ്മാനോടു പറഞ്ഞു.

പങ്കുമ്മാനും പറഞ്ഞു:"വിവരമുള്ളവനാ."

"തെളിഞ്ഞ ബുദ്ധിയാണെന്നാ കേക്ക്ണ്."

"ബുദ്ധിയോ? കണ്ണാടി! തനിക്കണ്ണാടി! എല്ലാറ്റിന്റേയും മുഖവും ഉണ്ട്."

"നല്ല തറവാടിയാവും."

"ചെറ്റകളും തറവാടികളും എല്ലാ ജാതിയിലും ഉണ്ടന്നോയ്!"

"സ്കൂള്മാസ്റ്ററാണ്. ഇംഗ്ലീഷും അസാരം അറിയാം. എന്നാലും ആ നാട്യം ലേശം ഇല്യാട്ടോ!"

"അതാ ബുദ്ധി."

തന്നപ്പെറ്റി പ്രചരിച്ചിരുന്ന ഈ അഭിപ്രായം രാമന്മാസ്റ്ററുടെ ചെവിയിലും എത്താതിരുന്നില്ല. അയാള് ആഹ്ലാദംകൊണ്ടു. എങ്കിലും അറിഞ്ഞുവെന്നു നടിച്ചില്ല. ഈ നല്ല അഭിപ്രായം കാരണം ആ നാട്ടുമ്പുറത്ത് അയാള്ക്കു സുഖമായി ജീവിക്കാന് സാധിച്ചു.

"നല്ലൊരു കാലമായിരുന്നു അത്! " രാമന്നായര് ഒന്നു നെടുവീര്പ്പിട്ടു. കുഞ്ഞുക്കുട്ടിയമ്മ അയാളുടെ കൈവിട്ടു തോളില് തുങ്ങിക്കഴിഞ്ഞിരിക്കുന്നു. അവരുടെ ദേഹം വിറയ്ക്കുകയും കുഴയുകയുമാണെന്നു മാസ്റ്റര്ക്കു മനസ്സിലാകുന്നുണ്ട്. പക്ഷേ, രണ്ട് ഫര്ലോങ്ങ് കൂടി നടക്കാതെ നിവൃത്തിയില്ല.

"തോളില് നല്ലോണം പിടിച്ചോളൂ." മാസ്റ്റര് ഉപദേശിച്ചു.

"ഉം." കുഞ്ഞുക്കുട്ടിയമ്മ ഒന്നു മൂളി. അവര് പതുക്കെപ്പതുക്കെ നീങ്ങുകയാണ്. അപ്പോഴും നിഴലുകള് പിമ്പില് കൂടിപ്പിണഞ്ഞു കളിക്കുന്നു.

മാസ്റ്ററുടെ ഹൃദയം ഭൂതകാലത്തില് അലഞ്ഞുതിരിയാന് തുടങ്ങി.

പെട്ടെന്ന് ഒരു രംഗം മാസ്റ്ററുടെ മനസ്സില് നിഴലിച്ചു--കുഞ്ഞുക്കുട്ടിയമ്മയുടെ മാതാവിന്റെ സന്നിപാതം പിടിപെട്ടത്. അത് ആ നാട്ടുമ്പുറത്തു വലിയ ശബ്ദമുണ്ടാക്കി. കുഞ്ഞുക്കുട്ടിയമ്മയുടെ തറവാടു കനപ്പെട്ടതായിരുന്നു. അത്തരമൊരു വീട്ടില് സംഭവിക്കുന്നതെന്തും ശബ്ദമുണ്ടാക്കുമല്ലോ. അവിടെ ആരെങ്കിലും മരിച്ചാല് മരിച്ചുവെന്നോ ചത്തുവെന്നോ പറയാറില്ല. 'കഴിഞ്ഞു' എന്നാണതിന്റെ വാക്ക്. വരന്റെ വധുവും തമ്മില് പണ്ടു കാണാതെ അവിടെ നടക്കുന്ന കല്യാണം 'സ്വയംവര'മാണ്. ആ ഉള്നാടിന്റെ മോന്തായമാണ് ആ പഴയ നായര്തറവാട്. നാലുകെട്ടു മാളിക, അതിന്റെ മുറ്റത്തു കൂടിക്കിടക്കാന് നെല്ല്, പത്തായപ്പുര, കയ്യാല , എട്ടു മുറിത്തൊഴുത്ത്, പടിപ്പുര, കളപ്പുര, കുമിഴക്കല്ല്, ഭഗവതിമണ്ഡപം , വീട്ടിയില് കൊത്തിച്ച ചതുരംഗപ്പലക, ആനക്കൊമ്പു കടഞ്ഞുാക്കിയ കരുക്കള്, ആമാടക്കുട്ടം, രൂപംകൊത്തിച്ച വളകള്, അവിലുമാല, കൈതപ്പൂവിന്റെ മണംപൊഴിക്കുന്ന കസവുതരങ്ങള്, തീര്ത്ഥക്കിണ്ടി, പൂജത്താലം-- എന്തും അന്തസ്സില്ത്തന്നെ.

'കരിക്കാടി'യും 'ചെമ്പുകാശും' 'പഴുത്തില'യും 'കീറിയതും' വാങ്ങാന് ഓച്ചാനിച്ചുനില്ക്കുന്ന അടിയാന്മാരും അന്ന് വീട്ടിലുണ്ടായിരുന്നു. മാസ്റ്റര് ചെന്നപ്പോഴേക്കും ആ നിലയൊക്കെ പോയിരിക്കുന്നു. കുറെയൊക്കെ

കാരണവന്മാര് കളിച്ചുകളഞ്ഞുവത്രേ. ആ പ്രവൃത്തിയും അവരുടെ കേമത്തമായിട്ടാണ് ആളുകള് പറയുക പതിവ്. പിന്നെ 'ചെമ്പുടഞ്ഞാലും ചെരിച്ചുവയ്ക്കണ്ടാലോ ! ' എന്നൊ നാട്ടുകാര്ക്കൊരു സമാധാനവുമുണ്ട്.

ഇത്തരത്തിലുള്ള ഒരു വീട്ടിലെ തറവാട്ടമ്മ പെട്ടെന്നൊ ബോധരഹിതയായാല് അതു കുറച്ച് ഒച്ചപ്പാടുണ്ടാക്കാതിരിക്കുമോ? അന്നൊ വൈകുന്നേരം സ്കൂളില്നിന്നൊ വന്നപ്പോഴാണ് മാസ്റ്റര് ഈ വാര്ത്ത കേട്ടത്. വലിയ ആളുകളല്ലേ, ഒന്നൊ മുഖംകാണിച്ചുകളയാം എന്നൊ മാസ്റ്ററും വിചാരിച്ചു.

മാസ്റ്റര് കയറിച്ചെന്നപ്പോള് ഉമ്മറംനിറച്ചാണുങ്ങളുണ്ട്; അകത്തു നിറച്ചു പെണ്ണുങ്ങളും. ആകപ്പാടെ ഒരു 'കപകപ'. ഒരു മന്ത്രവാദിയിരുന്നൊ ചെകുത്താന്മാരെ ഉഴിഞ്ഞുകളയുകയാണ്. മാസ്റ്റര് ആകെയൊന്നുനോക്കി. എന്നിട്ടു രണ്ടാംമുണ്ടു പള്ളയ്ക്കും കൈകള് പിന്നുറത്തും കെട്ടി കോലായില് ചിന്താമഗ്നനായി ഉലാത്തുന്ന തറവാട്ടില് കാരണവരായ പങ്കുമ്മാനോടു ചോദിച്ചു:

"വൈദ്യനെ കിട്ടിയില്ലേ?"

"ഇല്ല." പങ്കുമ്മാന് പറഞ്ഞു:"എഴുത്തച്ഛന് പറയുന്നത് ദേവതോപദ്രവമാണെന്നാണ്. അതിന്നൊരുട്ടൊക്കെ ചെയ്യണ്ണം ഉണ്ട്. എന്താ, അതുപോരെ?"

മാസ്റ്റര് ഒന്നൊ തലചൊറിഞ്ഞ് ഒതുങ്ങിനിന്നൊ പറഞ്ഞു:"പോരാഞ്ഞിട്ടല്ല; എന്നാലും...."

"ഏ?"

"ഒരു വൈദ്യനേംകൂടി കാട്ടിയാല് മനസ്സമാധാനമുണ്ടാവൂലോ."

"ഉം." കാരണവര് ഒന്നൊ മൂളി. കുടുംബസ്നേഹിയായ അദ്ദേഹം സ്വല്പനേരം ആലോചിച്ചിട്ടു പറഞ്ഞു:"പറഞ്ഞ സ്ഥിതിക്ക് അതു ചെയ്തില്ലാ എന്നൊ വരണ്ടാ. പിന്നെ ദുഃഖിക്കാന് ഇടവരുത്തരുതല്ലോ. മാസ്റ്ററുതന്നെ പറയൂ. ആരെയാ വിളിക്കേണ്ടത്?"

"മൂസ്സായാലോ?"

"അത്രയൊക്കെ വേണോ?"

"ഏതായാലും പണച്ചെലവാ. പിന്നെ, സാമാന്യംപോലെയാവുകയല്ലേ നല്ലത്?"

"ശരി, എന്നാല് മാസ്റ്ററുതന്നെ ഉത്സാഹിക്കണം."

"ആയ്ക്കോളാം."

മാസ്റ്റര് മുറ്റത്തിറങ്ങിക്കഴിഞ്ഞു. അന്നൊ പത്തുനാഴിക രാച്ചെന്നപ്പോഴേയ്ക്കും, ഒരു മഞ്ചലില് മൂസ്സതു മുമ്പിലും മാസ്റ്റര് പിമ്പിലുമായി വന്നുകയറി.

"എത്തിക്കഴിഞ്ഞു!" കാരണവര് കുറച്ചുറ്റതത്തോടെതന്നെ പറഞ്ഞു.

അതു രാമന്നായര്ക്കുള്ള അഭിനന്ദനമായിരുന്നൊ.

വൈദ്യനും രാമന്നായരും കാരണവരുംകൂടി അകത്തേക്കു കടന്നൊ. കര്മ്മം കഴിഞ്ഞ മന്ത്രവാദി ഓരംചാരി നില്ക്കുകയാണ്. ചണ്ടിക്കുളത്തില്

കല്ലിട്ടപോലെ പെണ്ണുങ്ങള് തത്കാലത്തേക്കൊന്നു വകഞ്ഞു വാങ്ങി നിന്നു. രോഗിണി മുട്ടി മുറിച്ചിട്ടപോലെ കിടക്കുകയാണ്. ചലനമില്ല. കനത്തിലുള്ള ശ്വാസഗതി. അവരുടെ തലയ്ക്കല് നിറകതിര് പൊഴിച്ചുകൊണ്ട് ഒരു തൂക്കുവിളക്കു നിന്നെരിയുന്നുണ്ട്. കാല്ക്കല് ഒരാള് നിറഞ്ഞ കണ്ണുകളോടെ നിശ്ശബ്ദമായിരിക്കുന്നു. അതു കുഞ്ഞുക്കുട്ടിയാണ്. പുലര്കാലമഞ്ഞില് കുതിര്ന്നു കൂമ്പാറായി നില്ക്കുന്ന ഒരു ആമ്പല്പ്പൂപോലെയുണ്ടായിരുന്ന അവള്. ആടിക്കളിക്കുന്ന ദീപനാളം അവളുടെ കവിളുകളില് ഓളങ്ങളുണ്ടാക്കി. ആ ഇരുത്തം--അത് ഇന്നും രാമന്നായര്മാസ്റ്ററുടെ മനസ്സില് തങ്ങി നില്ക്കുന്നു . ആ ഇരുപ്പ് ഓര്മ്മവന്നപ്പോള്, കൂടെ നടക്കുന്ന ആളെ ഒന്നു നോക്കാതിരിക്കാന് കഴിഞ്ഞില്ല. ഉള്ളിലൊരു ഞെട്ടല്! എന്തു വ്യത്യാസം!

വൈദ്യന് പുറത്തേക്കു കടന്നു. കാരണവരും പിന്നാലെ ചെന്നു.

"എന്താ?" കാരണവര് ചോദിച്ചു.

"സന്നിപാതം. ഉടനെ തുടങ്ങണം ചികിത്സ." അദ്ദേഹം പല ചികിത്സകളും വിധിച്ചു.

"എല്ലാം ക്രമമായിട്ടു ചെയ്താല് രോഗം മാറും" എന്നാശ്വസിപ്പിച്ചു മൂസ്സ് മഞ്ചലില് കയറി.

കുറെ വിഷമംപിടിച്ച ഒരു ചികിത്സാക്രമംതന്നെയായിരുന്നു. ദിവസത്തില് രണ്ടു നാഴിയില്പ്പുറം മുലപ്പാല്തന്നെ വേണം. പ്രസവിച്ച പെണ്ണുങ്ങള് എമ്പാടുമുയുങ്കിലും ഇത്രയധികം മുലപ്പാല് കറന്നു കിട്ടുക എളുപ്പമല്ല. പിന്നെ ധാരാളം പുളിയെറുമ്പിന്റെ മുട്ടയാണ് ആവശ്യം. ഗോരോചനം, മെരുകിന്പുഴ--അങ്ങനെ വാങ്ങേണ്ട മരുന്നുകള് വേറെ. കാരണവര് മരുന്നിന്റെ കുറിപ്പിലൂടെ ഒന്നു കണ്ണോടിച്ചിട്ടു പറഞ്ഞു:"ഇതൊക്കെ തരാക്കിക്കോളാന് അസാരം ഞെരുക്കമുണ്ട്."

"ഒക്കെ ശര്യാക്കാംന്ന്-" മാസ്റ്ററങ്ങു പറഞ്ഞു . ഏതു മലയും എടുത്തു മറിക്കാമെന്നു തോന്നിയിരുന്ന പ്രായമായിരുന്നു. അയാള് വീടുകളില് തെണ്ടി നടന്നു മുലപ്പാല് ശേഖരിച്ചു. ചുവട്ടില് മുണ്ടു വിരിച്ച് ഉയര്ന്ന പുന്ന മരങ്ങളില് കയറി കുലുക്കി ഉറുമ്പിന്കൂടുകള് താഴത്താക്കി. എല്ലാംകൂടി കിഴിയാക്കി , മുലപ്പാലില് മുക്കി, താന്തന്നെ മിനക്കെട്ടിരുന്ന് ശിരസ്സിലുരസിപ്പിടിപ്പിച്ചു. ഒരു ദിവസമല്ല, രണ്ടു ദിവസമല്ല, അഞ്ചുദിവസം. ആറാം ദിവസമായപ്പോഴേക്കും രോഗി കണ്ണു തുറന്നു. ക്രമത്തിലുള്ള ചികിത്സയും തുടങ്ങി. ഒന്നരമാസംകൊണ്ടു കുഞ്ഞുക്കുട്ടിയുടെ മാതാവിന്ന് എഴുന്നേറ്റിരിക്കാമെന്നായി.

"രാമമ്മാസ്റ്ററുടെ ശ്രുഷ്കാന്തികൊണ്ടാണ് ഈ നിലയിലെത്തിയത്." പങ്കുമ്മാന് പറഞ്ഞു.

"അതൊന്നുമല്ല." മാസ്റ്റര് വിനയാന്വിതനായി തുടര്ന്നു:"അവരുടെ ആയുസ്സിന്റെ ബലവും നിങ്ങളുടെയൊക്കെ ഭാഗ്യവും എന്നു കരുതിയാല് മതി."

ഇതു പറഞ്ഞപ്പോള്, വാതില്ക്കല് മറഞ്ഞുനിന്നിരുന്ന രണ്ടു നീലനേത്രങ്ങള് കൃതജ്ഞതാനിര്ഭരമായി തന്റെ മുഖത്തേക്കു പൂജാപുഷ്പങ്ങള്പോലെ വന്നു

വീണതു മാസ്റ്റര് കാണുകയുണ്ടായി. പക്ഷേ, കണ്ടുവെന്നു നടിച്ചില്ല.

അങ്ങനെ ആ തറവാട്ടമ്മയുടെ സുഖക്കേടു മാറി. പക്ഷേ, മാസ്റ്റര്ക്കു ഹൃദയത്തിലൊരു പല്ലുവേദന തുടങ്ങി.

കാറ്റില് പറക്കുന്ന ഒരപ്പൂപ്പന്താടിയാണ് യൗവനമെന്നു രാമന്നായര്ക്ക് ഇന്നു തോന്നുകയാണ്. ചിലപ്പോള് അതു പാറിപ്പാറി പുളിയിലും പ്ലാവിലും തങ്ങി അങ്ങനെ നീങ്ങിപ്പോകും. ചിലപ്പോള് വല്ല തൊട്ടാവാടിക്കാട്ടിലും കുടുങ്ങി മഴനനഞ്ഞുകഴിഞ്ഞാല്പ്പിന്നെ ഓരോ കാറ്റടിയും അതിനെ കൂടുതല് കൂടുതല് കുരുക്കുകയേയുള്ളൂ. രാമന്നായര്ക്ക് അന്നു പറ്റിയതും അതാണ്. ഹൃദയം ആര്ദ്രമായിപ്പോയി. അയാള് ഒരു ചെമ്പകക്കുടിലില് കുടുങ്ങി.

അത് ആരുമറിഞ്ഞിരുന്നില്ല. രണ്ടു ഹൃദയങ്ങളില്മാത്രം എന്തോ ഒരു തിരുപ്പിടിക്കല് നടന്നു. ആദ്യത്തെ ഗര്ഭധാരണംപോലെതന്നെ അല്പമൊരു മോഹാലസ്യമുണ്ടാക്കുന്നതാണ് ആദ്യത്തെ അനുരാഗവും --സുഖിതമായ ഒരു മയക്കം. അങ്ങനെ രാമന്നായരുടെ ഹൃദയം ഗര്ഭം ധരിച്ചിരിക്കയാണ്. പിന്നെ തളര്ച്ചയായി; ചിന്തയായി."അതൊരു വലിയ തറവാടാണ്. പക്ഷേ.... ആ നോട്ടത്തിനര്ത്ഥമെന്താണ്? കുഞ്ഞുക്കുട്ടിക്കുമില്ലേ ഒരു ഹൃദയം? കുഞ്ഞുക്കുട്ടിക്കില്ലെങ്കില് ആര്ക്കാണ് ഹൃദയമുള്ളത്? എന്നാലും..." അങ്ങനെയുള്ള എല്ലാചിന്തകളും മനസ്സില്ത്തന്നെ അടച്ചുമൂടി. ആരോടു പറയാന്? അല്ലെങ്കില്, ആരോടെങ്കിലും പറയാമോ?

അയാള് പുറമേ പഴയപടിതന്നെ പെരുമാറി. ദിവസവും കുഞ്ഞുക്കുട്ടിയുടെ വീട്ടില് ചെല്ലും. കാരണവര്ക്കു വലിയ മമതയാണ്."ബഹുമിടുക്കനാ!" കാരണവര് എല്ലാവരോടും പറയാറുണ്ട്. ലോകവര്ത്തമാനങ്ങളും പറഞ്ഞു വളരെനേരം അവിടെയിരിക്കും. തികച്ചും അച്ചടക്കത്തോടുകൂടിയ പെരുമാറ്റം. രണ്ടു നീലനേത്രങ്ങള് എത്തിനോക്കുന്ന ആ ജാലകത്തിലേക്കുപോലും ഒന്ന് എത്തിനോക്കാറില്ല.

ചിലപ്പോള് കുഞ്ഞുക്കുട്ടിയുടെ അമ്മ വാതില്ക്കല് വന്നുനില്ക്കും. തറവാടിന്റെ പഴയ സ്ഥിതിയും ഇന്നത്തെ പ്രാരബ്ധങ്ങളുമൊക്കെയാണ് അവര്ക്കു പറയാനുള്ളത്. അതൊക്കെ രാമന്മാസ്റ്റര് മൂളിക്കേള്ക്കുകയും ചെയ്യും."പ്രമാണപ്പെട്ട ഒരു തറവാടായിരുന്നു ഇത്! ആ കാലമൊക്കെ ഇനി വര്വോ, മാസ്റ്റരേ?" എന്ന് അവര് ഭാവിയിലേക്ക് ദീര്ഘശ്വാസത്തോടെ നോക്കും.

"ഒന്നും പറയാന് വയ്യ! ഒക്ക ഒരു ചക്രംതിരിച്ചിലല്ലേ?" അരവേദാന്തിയുടെ മട്ടില് രാമന്മാസ്റ്ററും തട്ടിവിടും.

ആ വീട്ടില് വിശേഷിച്ചെന്തുണ്ടായാലും ഓഹരി രാമന്മാസ്റ്റര്ക്കു കിട്ടും. പിറന്നാളായാലും ചാത്തമായാലും ഒക്കെ ഊണ് അവിടെനിന്നാ. ഗണപതിക്ക് അപ്പംകഴിച്ചാല് അന്നു വൈകുന്നേരം ഓഹരി നാക്കിലയിലാക്കി കാപ്പണിഞ്ഞ രണ്ടു കൈകള് വാതില്ക്കല്വെച്ച് ഉമ്മറത്തേക്കു നീട്ടുന്നതു കാണാം. കുഞ്ഞുക്കുട്ടിയുടെ അമ്മ അതുവാങ്ങി മാസ്റ്റര്ക്കു കൊടുക്കുകയും ചെയ്യും.

“എനിക്കതിന്റെ ഓര്മ്മയുണ്ടായില്ല. മാസ്റ്ററുടെ കാര്യം കുഞ്ഞുക്കുട്ടിക്കു നല്ല ഓര്മ്മയാണ്.” മകളുടെ ആലോചനാശീലത്തെപ്പറ്റി മതിപ്പു തോന്നിയ അമ്മ തുടരും:“എന്നെ ജീവിപ്പിച്ചതു മാസ്റ്ററാണെന്നാണ് അവളുടെ പക്ഷം!”

അതു കേള്ക്കുമ്പോള് ഹൃദയത്തിന്നൊരു തരിപ്പ്. എന്നാലും ഒന്നും ഉണ്ടായില്ല എന്നമട്ടില് മാസ്റ്റര് പൊട്ടിച്ചിരിച്ചു.

അങ്ങനെ ദിവസങ്ങള് പറന്നുപോയി. അസ്വസ്ഥങ്ങളായ രാവുകള്; അവ്യവസ്ഥിതങ്ങളായ പകലുകള്. താന് വളരെ നേരമായി ആരോടോ സംസാരിച്ചുകൊണ്ടിരിക്കയാണെന്നു മാസ്റ്റര്ക്കു തോന്നി. പക്ഷേ, മൗനമായിട്ടിരിക്കുകയായിരുന്നു.

എങ്കിലും കൂടെക്കൂടെ രാമന്മാസ്റ്ററുടെ ബുദ്ധി ഹൃദയത്തോടു യുദ്ധം വെട്ടിനോക്കാറുണ്ട്: ‘ച്ചെ! ഇതൊക്കെ മോശം. നടക്കാത്ത കാര്യത്തില് മനസ്സുന്നി ആശ വര്ദ്ധിപ്പിക്കുന്നതല്ല ബുദ്ധി. അവനവനെ ഒതുക്കിനിര്ത്താനറിയുന്നതാണ് മനുഷ്യന്റെ മഹത്ത്വം!’ പക്ഷേ, യുക്തികൊണ്ട് എത്ര നിമിഷം മനുഷ്യനു ജീവിക്കാം; വിശേഷിച്ചും ഒരു കാമുകന്? ഭ്രമിയില് തൊട്ടാല് ശക്തി ഇരട്ടിക്കുന്ന രാക്ഷസനാണ് അനുരാഗം. വളയണിഞ്ഞ ഒരു കൈ, ഒരു പാളിനോട്ടം, ആ മുടിയില്നിന്നു കൊഴിഞ്ഞുവീണ ഒരു പൂ , നടന്നുപോയ കാല്പ്പാടുകള്, അകന്നു പോകുന്ന വളക്കിലുക്കം, ഒരു നെടുവീര്പ്പ്-- അങ്ങനെയുള്ള ഏതും കെട്ടിയിട്ട ആ രാക്ഷസനെ കൂടുതല് ശക്തനാക്കിത്തീര്ക്കും. കെട്ടുകള് പൊട്ടുകയായി. രാമന്മാസ്റ്ററുടെ കാര്യത്തിലും അതുതന്നെയാണ് സംഭവിച്ചത്. തന്നോടുതന്നെ യുദ്ധംവെട്ടി അയാള് തളര്ന്നു, അവശനായി.

കുഞ്ഞുക്കുട്ടി അമ്പലത്തില് തൊഴാന് പോകുന്നതു പലപ്പോഴും മാസ്റ്റര് കണ്ടിട്ടുണ്ട്. അഭിമുഖമായിട്ടല്ല; പിമ്പില്നിന്ന്. നിതംബപ്രദേശം കവിഞ്ഞൊഴുകുന്ന ആ നീലകുന്തളം, പ്രഭാതസൂര്യന്റെ കിരണങ്ങളോടൊപ്പം, അയാളുടെ കണ്ണുകളും പതുക്കെ തടവുന്നുണ്ടായിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോള് രാമന്മാസ്റ്റര്ക്കും വന്നുവശായി ഒരു ഭക്തി. ക്ഷേത്രദര്ശനമങ്ങു തുടങ്ങി.

കുഞ്ഞുക്കുട്ടി മടങ്ങുമ്പോഴായിരിക്കും പലപ്പോഴും രാമന്മാസ്റ്റര് ചെല്ലുന്നത്. ചിലപ്പോള് അവള് ചെല്ലുമ്പോഴായിരിക്കും അയാള് മടങ്ങുന്നത്. പെട്ടെന്നുണ്ടാവുന്ന ആ സംഘട്ടനത്തില് നാലു കണ്ണുകളും കുറെ ബഹളം കൂട്ടിയില്ലെന്നില്ല. അവള് നടന്നുമറഞ്ഞാല് മാസ്റ്റര്ക്ക് ഒരു തളര്ച്ച. അവളോ ചെമ്പനിനീരില് വീണ മഞ്ഞുതുള്ളിപോലെ, അയാളെ കാണുമ്പോള് ആകെ തുടുത്തുപോവും!

പിശുക്കിപ്പിടിച്ചിട്ടാണെങ്കിലും മന്ദസ്മിതങ്ങള് ഊര്ന്നുവീഴാന് തുടങ്ങി. വാക്കുകള് തുളുമ്പിത്തുളുമ്പിനിന്നു. ഒടുവില് രണ്ടും കല്പിച്ചു മാസ്റ്റര് അങ്ങോട്ടു ചോദിച്ചു:“ഇന്നു വൈകിയോ?”

“ഇല്ല.” ഒരു മണിനാദം.

“എനിക്കു തോന്നിയതാവും.”

“ഉം.”

പിന്നെ നിമിഷനേരത്തെ സംഭ്രമം.

“വരട്ടെ.”

രണ്ടുപേരും രണ്ടു വഴിക്കു തിരക്കിട്ടുപോയി. അന്നു രാത്രി മാസ്റ്റര് ഉറങ്ങിയില്ല. രണ്ടക്ഷരവും ഒരു മൂളലുമേ കുഞ്ഞുക്കുട്ടിയില്നിന്നു പുറപ്പെട്ടിട്ടുള്ളു. എങ്കിലും അതില് ശബ്ദബ്രഹ്മം മുഴുവന് ഒതുങ്ങിനില്ക്കുന്നു. എന്നല്ല, അത് ആയിരം മനോജ്ഞതങ്ങളായ പടര്പ്പുകളോടുകൂടി അയാളുടെ ഹൃദയത്തില് ചുറ്റിക്കയറുകയാണ്. ഒരു ശ്രുതിയിണക്കം; ഒരു ലയം.

ഈ ക്ഷീണംകൊണ്ടാവാം, രണ്ടു ദിവസത്തിനു പിന്നെ ശബ്ദമുണ്ടായില്ല. മൂന്നാം ദിവസം മാസ്റ്റര് ചോദിച്ചു: “ഇന്നു പ്രസാദം കിട്ടിയില്ലേ?”

“ഉവ്വ്.”

“മുടിയില് കാണാനില്ല.”

“വീണുപോയതാവും.”

“എന്നാല് ഞാനതു തിരഞ്ഞെടുക്കും.”

അതിനു മറുപടിയുണ്ടായില്ല. അവള് നടന്നുമറഞ്ഞു. ആ സംഭാഷണം വര്ദ്ധിച്ചു. അതു നീണ്ടു. ഓരോന്നു വിചാരിച്ചിട്ട് വേറെ ഓരോന്നു സംസാരിച്ചു.

കുറച്ചുദിവസംകൂടി കഴിഞ്ഞപ്പോള് സംസാരിക്കണമെന്നില്ലാതായി. കണ്ണുകള് വാചാലങ്ങളായി കഴിഞ്ഞിരുന്നു!

ഇതിനിടയില് ശൃംഗാരകവിതകളും ചില നോവലുകളും കുഞ്ഞുക്കുട്ടിക്കു വായിക്കാന് കിട്ടി; അതില് അടക്കം ചെയ്ത ചില കത്തുകളും. പുസ്തകങ്ങള് തിരിച്ചുകൊടുത്തു. മറുപടിയില്ല.

“മറുപടിയില്ലേ?”

“എന്തിനാ?”

എന്തിനെന്നാണ് മാസ്റ്റര് പറയുക? എങ്കിലും നിര്ബ്ബന്ധിച്ചുനോക്കി. ഫലമുണ്ടായില്ല. ഒടുവില് അപേക്ഷയായി പരിഭവംപറച്ചിലായി.

“എനിക്കറിഞ്ഞുകൂടാഞ്ഞിട്ടാ.”

“അറിയുന്നമാതിരി മതി.”

“എന്താച്ചാല് പറയാലോ.”

ഏതായാലും ഈ നില അധികം നീട്ടിക്കൊണ്ടുപോകാന് വയ്യാ. മൂന്നു ദിവസം കഠിനമായി ആലോചിച്ച്, നാലാംദിവസം മാസ്റ്റര് ഒരാളെ വിട്ടു; കല്യാണമാലോചിക്കാന്.

“ആലോചിച്ചു പറയാം” എന്നാണ് മറുപടി.

“അസുഖമായിട്ട് ഒന്നും പറഞ്ഞില്ലല്ലോ?”

“ഹെയ്.”

പിന്നീടു മാസ്റ്റര് ആ വീട്ടിലേക്കു പോകാറില്ല. കാത്തു; കാക്കുകയല്ലാതെ എന്തു ചെയ്യാന്? ഒന്ന്, രണ്ട്, മൂന്ന് – ഇരുപത്തിനാലു മണിക്കൂറുള്ള

ദിവസങ്ങളങ്ങനെ കടന്നുപോവുകയാണ്. ആ ആഴ്ചയുടെ അവസാനത്തില്, "മാസ്റ്ററോട് അത്രത്തോളമൊന്നു ചെല്ലാന് പറഞ്ഞു" എന്ന് ഒരു ഭൃത്യന് വന്നറിയിച്ചു.

"ആരു പറഞ്ഞു?"

"വല്യമ്മ."

ഹൃദയത്തിന്നൊരു കിടിലം. എന്തായിരിക്കും മറുപടി? എന്തായാലും അതു നേരിടുകതന്നെ വേണം. അയാള് ചെന്നു. കുശലങ്ങള്ക്കുശേഷം കുഞ്ഞുക്കുട്ടിയുടെ അമ്മ സാവധാനത്തില് തുടങ്ങി:"മാസ്റ്റര് എന്റെ മകനെപ്പോലെയാണ്."

"ഞാനും ഒരമ്മയെപ്പോലെയാണ് കരുതുന്നത്."

"അതെനിക്കറിയാം. അതാണ് ഞാന് വിളിപ്പിച്ചതും. മാസ്റ്റരു പറഞ്ഞയച്ച കാര്യമൊക്കെ അറിഞ്ഞു..."

"എന്നിട്ട്?" വാക്കു തിരക്കുകൂട്ടി പുറത്തേക്ക് കടന്നു.

"ഒന്നുകൊണ്ടും മാസ്റ്റര്ക്ക് ഒരു പോരായ്മയില്ല." ആ തറവാട്ടമ്മ ഒന്നു നിര്ത്തി.

മാസ്റ്റര് ചെവി കൂര്പ്പിച്ചിരിക്കയാണ്.

"പക്ഷേ... എന്താണ് ഞാന് പറയേണ്ടത്?"

"എന്തു പറഞ്ഞാലും എനിക്ക് അലോഹ്യം ഉണ്ടാവില്ല."

"അതോണ്ടാണ് എനിക്കേറെ സങ്കടം. ഇതൊരു പഴേ തറവാട്. മുഖം നോക്കിയാല്പ്പോരാ, കുലവും നോക്കണം എന്നാണ് പഴേ ആളുകളും പറയാറ്. തെറ്റോ ശരിയോ, ഇപ്പോവെച്ചിട്ട് അതൊക്കെയങ്ങു മാറ്റാനും പ്രയാസം. പറയാന് നന്നേ സങ്കടമുണ്ട്."

"എനിക്കു മനസ്സിലാവുന്നുണ്ട്."

"പുരുഷന്മാരാവുമ്പോള് ഇങ്ങനെയുള്ള ആഗ്രഹം തോന്നലും ചോദിക്കലുമൊക്കെ സാധാരണയാണ്. അതിലൊന്നും തെറ്റില്ല. പക്ഷേ, ഒരു കൂടും ബത്തില് എന്തെല്ലാം മര്മ്മം നോക്കണം? ബന്ധുക്കളും സില്ബന്തികളും. ഏ?"

"ശരിയാണ്."

"ഇതിലും നല്ലൊരാളെ അവള്ക്കു കിട്ടില്ല. എനിക്കറിയാം."

"അങ്ങനെയൊന്നും പറഞ്ഞൂടാ."

"പറയാം. സ്വത്തുണ്ടാവേരിക്കും! സ്വഭാവം-- അതു വില കൊടുത്താല് കിട്ടില്ലല്ലോ?" ഒരു നെടുവീര്പ്പോടെ ആ അമ്മ തുടര്ന്നു:"എന്തു ചെയ്യാം? ഏതായാലും അലോഹ്യം തോന്നരുത്. ആ ഏടങ്ങോട്ടു മറിക്കു."

ആ ഏടുമാത്രമല്ല, അതിനോടനുബന്ധിച്ച പല ഏടുകളും മറിക്കണമെന്നായി മാസ്റ്റര്ക്ക്. അന്നു രാത്രി മുഴുവന് ആലോചിച്ചു. ഇനി അവിടെ നില്ക്കുക സാദ്ധ്യമല്ല. പ്രഥമാനുരാഗത്തിന്റെ ശ്മശാനത്തില് വീടുകെട്ടി പാര്ക്കാന് വയ്യാ.

ഒരു മാസത്തിനുള്ളില് അയാള് അവിടെനിന്നു കെട്ടുകെട്ടി.

“മാസ്റ്റര് എന്തിനാ പോണേ?” കുഞ്ഞുക്കുട്ടിയമ്മ ചോദിച്ചു.

“വേറെ ഒരു സ്കൂളില് ജോലികിട്ടും. ശമ്പളവും കുറച്ചു ജാസ്തി. പിന്നെ പട്ടണം അടുത്തായതുകൊണ്ടു ട്യൂഷന് കിട്ടിയെന്നുംവരും.”

“സമ്പാദ്യം അധികരിക്കുമെന്നുവെച്ചാല് പോണം. പക്ഷേ, ഞങ്ങളെ മറക്കരുത്; ഞങ്ങളും മറക്കില്ല. ഇതു മാസ്റ്ററുടെ വീടാണ്.”

“അതെനിക്കറിഞ്ഞൂടേ!”

മാസ്റ്റര് പടിക്കലേക്കു നീങ്ങി. തുടുത്ത മുഖവുമായി സൂര്യന് പടിഞ്ഞാട്ടിറങ്ങുകയാണ്. ഇരുട്ടിന്ന് ഒഴുകിക്കൂടുവാനുള്ള വഴിച്ചാലുകള്പോലെ നിഴലുകള് കിഴക്കോട്ടു നീളുന്നു. ഭ്രമി മുറിഞ്ഞുമുറിഞ്ഞു കിടക്കുന്നു എന്നു മാസ്റ്റര്ക്കു തോന്നി. ആകെ മൂകം. അയാള് പടിക്കല് നിന്ന് ഒന്നു തിരിഞ്ഞു നോക്കി. പോക്കുവെയിലില് മുങ്ങിക്കൊണ്ട് ഒരാള് വീട്ടിന്റെ പിന്പുറത്തു നില്ക്കുന്നുണ്ട്. നനഞ്ഞ രണ്ടു കണ്കോണുകള്. അവ, എഴുത്താണിത്തലപ്പുകള്പോലെ, അയാളുടെ ഹൃദയത്തിലേക്ക് ആണ്ടിറങ്ങി. അവിടെ എന്തൊക്കെയോ എഴുതിവയ്ക്കുകയും ചെയ്തു.

മാസ്റ്റര് തല താഴ്ത്തി ഒരൊറ്റ നടത്തം; ഒരു പന്നിപ്പാച്ചില്.

“ഹാവൂ....ഗുരുവായൂരപ്പാ!” അടുത്തുനിന്നു പുറപ്പെട്ട ഈ ഞരക്കം മാസ്റ്ററെ വര്ത്തമാനകാലത്തിലേക്കു പിടിച്ചെടുത്തു . അയാള് ആ ീയെ ആകെയൊന്നുനോക്കി. ആ കുഞ്ഞുക്കുട്ടിയാണോ ഇത്?

“എത്താറായി. ആ വെളിച്ചം കാണുന്നതാണ് വീട്.”

അവര് വേച്ചുവേച്ചു നടന്നു. ചുറ്റും ഇരുട്ട്, പ്രപഞ്ചം ഒരു കരിക്കട്ട പോലെയായിരിക്കുന്നു. അതിന്മേലൂടെ രണ്ടാത്മാക്കള് അരിച്ചുപോയി. അവര് പടികടന്നു. ആ ീ നിന്നു കിതച്ചു. മാസ്റ്റര് ഉറക്കെ വിളിച്ചു:

“മാധവീ, വാതിലൊന്നു തുറക്കു.”

ശ്രീത്വമുള്ള ഒരു തറവാട്ടമ്മ വന്നു വാതില് തുറന്നു.

“ഇതാ, ഇവരെയങ്ങോട്ടു പിടിച്ചോളൂ.”

“ഉം?”

“പറയാം. അങ്ങോട്ട് അകത്തേക്കു കിടത്തൂ.”

ആ ീ ആകെയൊന്നു നോക്കി. എന്നിട്ടു കുഞ്ഞുക്കുട്ടിയമ്മയെ താങ്ങി അകത്തേക്കു കൊണ്ടുപോയി. ഒരു നിമിഷത്തിനുള്ളില് അകത്തുനിന്നൊരു കല്പനയും കേട്ടു:“എടീ പെണ്ണേ, വടക്കേലെ ഭാര്ഗ്ഗവിയമ്മയെ ഒന്നിങ്ങോട്ടു വിളിക്ക്.”

മണ്ണെണ്ണവിളക്കുമായി ഒരു പെണ്കുട്ടി വടക്കുവശത്തേക്കു നീങ്ങി. ഭാര്ഗ്ഗവിയമ്മ വന്നു; വഴിയേ ഒരു നാലഞ്ചു പെണ്ണുങ്ങളും. നീങ്ങലും പരുങ്ങലും ഞരക്കങ്ങളും. ഇതിന്നിടയില് മാധവിയമ്മ ഉമ്മറത്തേക്ക് ഓടിയെത്തി പതിഞ്ഞ സ്വരത്തില് ഭര്ത്താവിനോടു ചോദിച്ചു:“ആരാ?”

“വലിയേടത്തെയായിരുന്നു. നിരത്തില് കിടക്കുന്നു.”

“എന്റെ ഈശ്വരന്മാരേ!”

“കണ്ടുകൊണ്ടു പോരാനാവോ? ഏതായാലും ഒക്കെ കഴിയട്ടെ.”

വീണ്ടും ഞരക്കം; വിതുമ്മിക്കരച്ചില്. മാധവിയമ്മ അകത്തേക്ക് ഓടി. മാസ്റ്റര് ഉമ്മറത്ത് ഉലാത്തിക്കൊണ്ടു പ്രാര്ത്ഥിച്ചു:“ഈശ്വരാ...”

രണ്ട്

പങ്കുമ്മാനും പാച്ചുനായരും വലിയ ചങ്ങാതിമാരായിരുന്നു. ആ രണ്ടു കാരണവന്മാരുടെയും കൂടിച്ചേരലില് ഒരുതരം വൈരുദ്ധ്യവുമുണ്ടായിരുന്നില്ല; ഒരാള് മറ്റേ ആളുടെ അഭിപ്രായങ്ങള്ക്കു സമ്മതംമൂളി. അവര്ക്കു പറയാനും കേള്ക്കാനും വളരെ ഉണ്ടായിരുന്നു. എല്ലാം പഴയ കഥകളാണെന്നു മാത്രം. പെന്ഷന് പറ്റിയ രണ്ടുദ്യോഗസ്ഥന്മാര് കൂടിയാല് രണ്ടുപേര്ക്കും ഭ്രുതകാല പരാക്രമങ്ങളെപ്പറ്റി വളരെ പറയാനുണ്ടാവും; രണ്ടു കാരണവന്മാര് കൂടിയാല് തറവാട്ടുമഹിമകളെപ്പറ്റിയും. എപ്പോഴും പങ്കുമ്മാനാണ് ആരംഭിക്കുന്നത്. നിറഞ്ഞ വെറ്റിലത്തമ്പാച്ചിയിലേക്ക് കൈയിട്ടുകൊണ്ട് അദ്ദേഹം പറയും:“അള്പ്പോക്കരെ തോല്പ്പിച്ചവനാ ഈ കുടുംബം ഉണ്ടാക്കിയത്?" പരന്ത്രീസുകാരും സാമൂതിരിയും തമ്മിലുണ്ടായ ഇണക്കത്തിന്റെയും പിണക്കത്തിന്റെയും കഥ തുടങ്ങുകയായി; സാമൂതിരി അല്പം തളര്ന്നിരിക്കുമ്പോള് ആല്ബുക്വര്ക്കു പെരുമ്പടപ്പു രാജാവിന്റെ സഹായത്തോടുകൂടി സാമൂതിരിയെ ആക്രമിച്ചതും ഇരുന്നൂറു നായന്മാര് മാത്രമുണ്ടായിരുന്ന സാമൂതിരിയുടെ പട ചെറുത്തുനിന്നതും പങ്കുമ്മാന് വിവരിക്കും."ആല്ബുക്വര്ക്കിന്നു മുറിപറ്റി, അയാളുടെ മൂന്നു പടനായകന്മാര് മരിക്കുകയും ചെയ്തു.” എന്നിട്ടു പതിഞ്ഞ സ്വരത്തില്, ഒരു നിഗ്രഢ കാര്യം വെളിപ്പെടുത്തുന്നതുപോലെ, തുടരും:“ആ പടനായകന്മാരില് രണ്ടാളെ കൊന്നത് എന്റെ കാരണവരാണ്. അന്നത്തെ പട കണ്ടു സന്തോഷിച്ചു സാമൂതിരിപ്പാടു ചാര്ത്തിത്തന്നതാണ് ആ കിഴക്കേപ്പാടം. മുന്നൂറുപാട്ടത്തിന്റെ നിലം. ഞങ്ങള് കൊപ്പരക്കച്ചവടക്കാരന് പോക്കറിന്നു വിറ്റ സ്ഥലം!”

“പോക്കറ് അതുകൊണ്ടു ധാരാളം സമ്പാദിക്കയും ചെയ്തു.” പാച്ചു നായര് ഇടപ്പൂള് തിരുകിക്കൊടുത്തു.

“സമ്പാദിക്കും.” പങ്കുമ്മാന് ഉത്സാഹം കയറി:“ശ്രീത്വമുള്ള നിലമാണ്. തിരുവളയനാട്ടമ്മയുടെ തേരുവാഴ്ചയുണ്ട് അതിലേ, അറിയോ?”

“ങാഹാ?”

“അങ്ങനെയുള്ള ഒരു കുടുംബമായിരുന്നു ഇത്, ഇന്നിങ്ങനെയായാലും“

പിന്നെ പാച്ചുനായരുടെ ഊഴമായി. അയാള്ക്കുമുണ്ട് മുന്തിയ കഥകള് പറയാന്. ആ കുടുംബത്തിന്റെ മഹിമ ലന്തക്കാരുടെ കാലം മുതല്ക്കേ തുടങ്ങുന്നു. വീരഭടന്മാരുടെ പാരമ്പര്യവുമുണ്ട്. അതൊക്കെ ഊതിവീര്പ്പിച്ചു

പറയാന് തുടങ്ങും.

ഭൂതകാലമഹിമകളില് ജീവിച്ചുപോന്ന ആ രണ്ടുപേരും ആയുഷ്കാലത്ത് ഒരു തൊഴിലിന്നും പോയിട്ടില്ല, പോകയുമില്ല.

"ആരാന്റെ മുറ്റമടിക്കുവാനായിട്ട്, നാരായണാ, എന്നെ ആക്കീടൊല്ലേ" എന്നാണ് പങ്കുമ്മാന് നിത്യവും പ്രാര്ത്ഥിക്കുന്നത്. പാച്ചുനായരും ഈ പ്രാര്ത്ഥനയില്ത്തന്നെ ഉറച്ചുനില്ക്കുന്നു. പക്ഷേ, ആ രണ്ടു കുടുംബത്തിലെയും സ്ത്രീകള്മാത്രം ഉറച്ചുനിന്നില്ല. അവ തൊഴില് ചെയ്യുകയും സമ്പാദിക്കുകയും ചെയ്യുന്നവരുടെ കൈകളിലേക്ക് ഒഴുകിപ്പോയി.

പങ്കുമ്മാന്റെ കുടുംബത്തില് ജനസംഖ്യ കുറവാണ്. കുഞ്ഞുക്കുട്ടിയും അമ്മയും പങ്കുമ്മാനും മാത്രമേ ഉള്ളൂ. വിറ്റും തിന്നും കുറക്കൊലം കഴിയാം. പാച്ചുനായരുടെ കാര്യമാണ് കുഴപ്പം . ഏഴു പെണ്ണ്, മൂന്നാണ്, രണ്ടു കിഴവികള്, ഒമ്പതു കുട്ടികള്--ഇത്രയും പേരുടെ ചെലവുകള് നടക്കണം. ആരും തൊഴില് ചെയ്തു ശീലിച്ചവരല്ല, തൊഴില് ചെയ്തു കുടുംബത്തിന് അപമാനമൊന്നും വരുത്തിയിട്ടില്ല. പാച്ചുനായര്ക്കു പുറമേ രണ്ടാണുങ്ങളാണുള്ളത്--രണ്ടനുജന്മാര്. ഒരാള്ക്കു പകിടകളിയും സംബന്ധവുമാണു തൊഴില്. ഏച്ചപ്പന്നായരെ മൂന്നു ഭാര്യമാര് ഉപേക്ഷിച്ചു; നാലു ഭാര്യമാരെ ഏച്ചപ്പന്നായര് ഉപേക്ഷിച്ച് ആ വെല്ലുവിളിക്കു മറുപടി നല്കി. ഇപ്പോള് എട്ടാമത്തെ ഭാര്യയാണ്. അഞ്ചുകൊല്ലമായിട്ടും ഉപേക്ഷിച്ചിട്ടില്ല. ആ ീയാണ് അയാള്ക്കു ഭക്ഷണവും വ വും കൊടുക്കുന്നത്. ഏച്ചപ്പന്നായ രുടെ അനുജന് ഗോവിന്ദന്നായരാകട്ടെ, തീരെ വിപരീതം. നാല്പത്തിമൂന്നു കഴിഞ്ഞിട്ടും ഒരൊറ്റ സംബന്ധവുമുണ്ടായിട്ടില്ല. ഏച്ചപ്പന്നായര് അനുജനെപ്പറ്റി പറയുന്നതിങ്ങനെയാണ്:"ഒന്നുകില് അവന് നപുംസകമാണ്; അല്ലെങ്കില് സന്ന്യാസി--രണ്ടായാലും ചീത്തയാണല്ലോ."

ജ്യേഷ്ഠന്റെ ഈ വിമര്ശനത്തെപ്പറ്റി അനുജന് നിശ്ശബ്ദനായിരുന്നു. മേച്ചില്പ്പുറത്തെ മണിക്കാളയെപ്പോലെ, കട്ടിക്കൂടിയ തന്റെ ശരീരവുമായി അയാള് നടന്നു. 'ഇരുമ്പന് ഗോവിന്ദന്നായര്' എന്നാണ് ആളുകള് അയാളെ വിളിക്കുക പതിവ്. അയാള്ക്കും ആ നാട്ടുമുറ്റത്തു ചില സാമൂഹ്യ കാര്യങ്ങള് നിര്വ്വഹിക്കാനുണ്ട്. ഏതു വീട്ടിലും ഒരു സദ്യ വേണമെന്നു വന്നാല് ഗോവിന്ദന്നായരെ മുന്കൂട്ടി വിളിക്കും. സാമാനത്തിന്നു ചാര്ത്തു തയ്യാറാക്കുന്നതു മുതല് വിളമ്പുകാരെ നിയന്ത്രിക്കുന്നതുവരെയുള്ള എല്ലാക്കാര്യവും പിന്നെ ആ മനുഷ്യനായിക്കൊള്ളും. പതിനഞ്ചു ദിവസത്തിന്ന് ആ വീട്ടിലെ ഏകാധിപതി ഗോവിന്ദന്നായരാണ്. വീട്ടുടമസ്ഥന് ഒരു മണി കുരുമുളകോ ഒരു പുകയിലഞെട്ടിയോ വേണമെങ്കില് ഗോവിന്ദന്നായരോടു ചോദിച്ചാല് ചിലപ്പോള് കിട്ടിയേക്കും. ഒന്നാംകിട നെടുമ്പുരക്കാര്യസ്ഥന് എന്ന സല്പ്പേര് ഇരുപതു വര്ഷമായി അയാള് നിലനിര്ത്തിക്കൊണ്ടുപോരുന്നു. ഇതിന്നു പുറമേ, അയാള് ഒരു മന്ത്രവാദിക്കൂടിയായിരുന്നു, കുട്ടികള്ക്കു ജപിച്ചൂതല് മുതല് ആഭിചാരങ്ങളൊഴിപ്പിക്കല് വരെയുള്ള വിവിധ കര്മ്മങ്ങള്ക്കും

ഗോവിന്ദന്നായര് ആവശ്യമാണ്. പ്രതിഫലത്തിന്നു പിശകുകയില്ല. ഒന്നും കൊടുത്തില്ലെങ്കിലും ഒന്നു മുറുക്കി നീട്ടിവലിച്ചു തുപ്പി, യാത്രയും പറഞ്ഞങ്ങു നടക്കും. നാട്ടുകാര്ക്ക് അയാളെ ഇഷ്ടമായിരുന്നു. കല്ലടിക്കോട്ടു നീലി ഗോവിന്ദന്നായരുടെ കൈയിലാണെന്ന് അവര്ക്കറിയാം. എന്നിട്ടും ആ ശക്തികൊണ്ടു ഇതേവരെ അയാള് ആരെയും ഉപദ്രവിച്ചിട്ടില്ല, ഉപകാരമുണ്ടുതാനും. ആരു വിളിച്ചാലും ചെല്ലുകയും ചെയ്യും. വേല്യമ്മാനോടുമാത്രം ഒരിക്കല് 'സാധ്യമല്ല' എന്നു പറഞ്ഞിട്ടുണ്ടത്രേ. ആര്ക്കോ ആഭിചാരം ചെയ്യാന് വിളിച്ചതുകൊണ്ടാണ് നിഷേധിച്ചതെന്നു ബഹുജനം പറയുന്നു. ഗോവിന്ദന്നായരോട് അതിനെപ്പറ്റി ചോദിച്ചപ്പോള്,"ആ തന്തയ്ക്ക് ഭ്രാന്താണ്" എന്നു മാത്രമേ പറഞ്ഞുള്ളൂ. ഗോവിന്ദന്നായര്ക്കും സ്വന്തം വിനോദങ്ങളുണ്ട്. ഭദ്രകാളിപ്പാട്ട്, പാന, സര്പ്പബലി ഇവയ്ക്കെല്ലാം തിരിയുഴിച്ചില് നടത്തുന്നത് എപ്പോഴും ഗോവിന്ദന്നായരാണ്. ഒന്നു വാങ്ങിത്തൊഴുതു ചവിട്ടി, തിരിച്ചൂട്ടു കൈയിലെടുത്താല്പ്പിന്നെ, ഗോവിന്ദന്നായര് ആളൊന്നു മാറും. വാദ്യങ്ങളുടെ താളത്തിന്നൊപ്പിച്ചു പതുക്കെ തുടങ്ങുന്ന നൃത്തം കയറിക്കയറി വരും. പിന്നെ ആ ചൂട്ട് ആകാശത്തില് അനേകം കനകരേഖാചിത്രങ്ങള് നിര്മ്മിക്കുകയായി. അതൊരു കാഴ്ച തന്നെയായിരുന്നു. ഗോവിന്ദന്നായരുടെ തിരിയുഴിച്ചിലില്ലെങ്കില്, ആ പാട്ടിനും പാനയക്കും നിറപ്പകിട്ടില്ലെന്നു നാട്ടുകാര് തീര്ച്ചപ്പെടുത്തി. ഇതിനു പുറമെ , മൂപ്പര്ക്കുണ്ടായിരുന്ന ഒരു വിനോദം പകിടകളിയാണ്. ഓണക്കാലത്ത് ഒരു പത്തു 'തൊപ്പി'ക്കു കളിക്കും. പിന്നെ അടുത്ത ഓണത്തിനേ ഒന്നു തൊടുകയുള്ളു. അങ്ങനെ കുറച്ചു വാക്കും ധാരാളം ചലനവുമായി ഗോവിന്ദന്നായര് കഴിഞ്ഞുകൂടി.

പാച്ചുനായര്ക്ക് അനുജന്മാരോടോ അനുജന്മാര്ക്കു പാച്ചുനായരോടോ വലിയ ബന്ധമൊന്നുമുള്ളതായി തോന്നിയില്ല. അമ്മയുടെ ചാത്തം അവര് ഒന്നിച്ചിരുന്ന് ഊട്ടാറുണ്ടെന്നു മാത്രം. ആ വീട്ടിലുള്ള ീകളെച്ചൊല്ലിയും അവര് വളരെയൊന്നും വേവലാതിപ്പെട്ടില്ല. 'കിടക്കുന്നല്ലോ അവര്ക്കു തിന്നാന് ധാരാളം' എന്നൊരു മട്ടാണ് എല്ലാവര്ക്കും. പക്ഷേ, കൂറയും ചെളികളും വാസമുറപ്പിച്ച ഒരു കൂറ്റന് നെല്പത്തായമായിരുന്നു വീട്ടിലുണ്ടായിരുന്നത്.

ഏഴു ീകളില് അഞ്ചാളുടെയും കല്യാണം കഴിഞ്ഞിരിക്കുന്നു. അനുഢകളായ രണ്ടു പെണ്കിടാങ്ങളും പ്രായം തികഞ്ഞു നില്ക്കുകയാണ്. പക്ഷേ, അതിനെക്കുറിച്ചു കാരണവന്മാര്ക്കു പരിഭ്രമമൊന്നുമില്ല. അവര് ചെയ്യേണ്ടതൊക്കെ ചെയ്തിരിക്കുന്നു. ചാക്കുണ്ണിമാസ്റ്ററുടെ സ്കൂളിലയച്ച് എട്ടാംതരം വരെ പഠിപ്പിച്ചു. കഥകളിക്കാരന് ഗോപിക്കുറുപ്പിനെ വെച്ച് കൈകൊട്ടിക്കളിയും പഠിപ്പിച്ചു. ഇനി ഭര്ത്താക്കന്മാരിങ്ങു വരണം. തലയിലെഴുത്തിന്നനുസരിച്ച് ഓരോരുത്തന് വരുമെന്നും അവര്ക്കുറപ്പുണ്ട്. ശാന്തിക്കാരന് നമ്പൂതിരി മുതല് കോല്ക്കാരന്നായര്വരെയായി സംബന്ധക്കാരുടെ ഒരു ജാഥ അവിടെ കയറിയിറങ്ങലുണ്ട്.

അങ്ങനെയിരിക്കുമ്പോള് ഒടുക്കത്തെ പെണ്ണിന് ഒരു സംബന്ധാലോചന വന്നു, ഒരു സിങ്കപ്പൂര്ക്കാരന്. പാച്ചുനായര്ക്ക് അതുപിടിച്ചില്ല.

“മൂത്തവള്ക്കെന്താ മുടന്തുകാലോ കോങ്കണ്ണോ ഉണ്ടോ?” പാച്ചുനായര് ചോദിച്ചു.

പക്ഷേ, സിങ്കപ്പൂര്ക്കാരന്നു പിടിച്ചതു ലക്ഷ്മിക്കുട്ടിയെയാണ്. അവള്, ഒരു പൂവന്വാഴക്കുമ്പുപോലെ, നില്ക്കുകയാണ്. ഒടുവില് പതിവുപോലെ പങ്കുമ്മാന് മാധ്യസ്ഥ്യം സ്വീകരിച്ചു:

“കാലസ്ഥിതിയും നോക്കേണ്ടേ, പാച്ചുനായരേ?”

അങ്ങനെ ആ കല്യാണം നടന്നു. ലക്ഷ്മിക്കുട്ടി കുറേശ്ശ പണമയയ്ക്കാന് തുടങ്ങിയപ്പോള് പാച്ചുനായരുടെ അസുഖത്തിനു മൂര്ച്ച കുറഞ്ഞു. അയാള് അനുഗ്രഹബുദ്ധിയോടെ പറയുകയും ചെയ്തു:“കുരുത്തമുള്ള പെണ്ണാ. തലയിലെഴുത്തു നന്ന്. ജാതകം വിശേഷമാണ്.”

“അന്നതു ചെയ്തതു നന്നായി.” പങ്കുമ്മാന് ഓര്മ്മപ്പെടുത്തി.

“ഇവിടെയും ഉണ്ടല്ലോ ഒന്ന്.” പാച്ചുനായര് പങ്കുമ്മാനെ ഓര്മ്മപ്പെടുത്തി. കുഞ്ഞുക്കുട്ടിയെക്കുറിച്ചായിരുന്നു ആ സംസാരം.

രാമന്മാസ്റ്റര് പോയതിനുശേഷവും കുഞ്ഞുക്കുട്ടിക്കു കല്യാണാലോചന വന്നു. ഒരു റവന്യു ഇന്സ്പെക്ടര്തന്നെ ആലോചിക്കുകയുണ്ടായി. ഒരു മേല്മീശക്കാരന് വടക്കന്. കാരണവര്ക്കു പിടിച്ചില്ല:“കുലം എന്തോ ഏതോ? പോരാത്തതിനു മൂക്കിന്നു ചുവട്ടില് ഒരു തേരട്ടയും---വേണ്ടാ ഇവിടെ.”

അങ്ങനെ കുലദോഷവും മേല്മീശയും കാരണം വരന്മാര് തള്ളപ്പെട്ടു. ഒരു ചേരിക്കല് കാര്യസ്ഥനോ ദേവസ്വം വിചാരിപ്പുകാരനോ വന്നുചേരണമെന്നു കാരണവര് പരദേവതയോടു പ്രാര്ത്ഥിച്ചു. അത്തരക്കാര് എണ്ണത്തില് കുറവും ആവശ്യക്കാര് ജാസ്തിയുമായിരുന്നതുകൊണ്ട് പരദേവത നിസ്സഹായയായി.

“കുഞ്ഞുക്കുട്ടിക്കു പാകത്തില് എനിക്കൊരു അനുജനില്ലാതായി.” പാച്ചുനായര് പറഞ്ഞു.

“നമുക്കു സ്നേഹത്തിനേ യോഗമുള്ളു. ബന്ധുത്വത്തിന്നില്ല.” പങ്കുമ്മാനും വിഷാദിച്ചു.

വിവാഹാലോചനയുടെ തിരക്ക് അവസാനിക്കുകയായിരുന്നു. തിമര്ത്ത മഴയ്ക്കുശേഷം ഇറ്റാരലിറ്റുന്നതുപോലെ ഇടയക്ക് ആരെങ്കിലും പെണ്ണു കാണാന് വരും. അതോടെ ആലോചനയും അവസാനിക്കും. ഒടുവില് അതും നിന്നു. ഉത്സവം കഴിഞ്ഞ പൂരപ്പറമ്പ്; കഴിഞ്ഞുപോയ ബഹളങ്ങളുടെ ഓര്മ്മകള് മാത്രം തങ്ങിനില്ക്കുന്ന മൂകമായ അന്തരീക്ഷം.

പൂക്കാലം കാട്ടുചെടിയിലും ആകര്ഷകത വിടര്ത്തുന്നു. ഉണ്ണികള് വിരിയുമ്പോള് ആ മനോജ്ഞത ഘനീഭവിച്ച ഓര്മ്മകളായി ഉന്മേഷം നേടും. എന്നാല് മുരടിച്ച വസന്തത്തിന്റെ പഴുതുകളിലേക്ക് തണുപ്പും വഴുവഴുപ്പുമെഴുന്ന വിഷാദവും ഇഴഞ്ഞെത്തുന്നു. കുഞ്ഞുക്കുട്ടിയുടെ മുഖത്തും അതായിരുന്നു. എന്തോ പൊയ്പോകുന്നുണ്ട്, കാര്യമായ എന്തോ ഒന്ന്. സൃഷ്ടി തിരിഞ്ഞു

നോക്കാത്തിടത്തു മനുഷ്യകർമ്മങ്ങൾ താത്കാലികങ്ങളായ ഉന്മേഷങ്ങളെങ്കിലും വിടർത്തും--തേവി നനച്ച ചെടിയിലെന്നപോലെ. കുഞ്ഞുക്കുട്ടിക്ക് അതുമില്ല. അവൾ തറവാട്ടിനുള്ളിൽ കിടന്നു മുട്ടിത്തിരിയുകയാണ്. ഓട്ടപ്പാത്രത്തിലൂടെ വെള്ളം ചോർന്നു പോകുന്നതു കാണാന് പാകത്തിൽ ദാഹിച്ചുപൊരിയുന്ന ഒരാളെ പിടിച്ചുകെട്ടിയിരിക്കുകയാണ്. ചോർന്നു പോകുന്ന ഓരോ തുള്ളിയും ചലനവും ചൈതന്യവുമാണ്, ജീവനാണ്.

രാമന്മാസ്റ്റർ ഇറങ്ങിപ്പോയ ദിവസം കുഞ്ഞുക്കുട്ടിക്ക് ഈ പ്രപഞ്ചത്തിലെ ഓരോ പരമാണുവിനോടും വിളിച്ചു ചോദിക്കണമെന്നു തോന്നി: ഇതു ശരിയാണോ? പക്ഷേ, ഒരു പരമാണുവോടുപോലും ചോദിച്ചില്ല. നിശ്ശബ്ദയാവാനാണ് ആ തറവാട് അവളെ പഠിപ്പിച്ചിട്ടുള്ളത്. സഹിക്കാനുള്ളതാണ് പെണ്ണിന്റെ ജന്മം. പ്രസവിക്കാന് വയ്യാത്ത ഒരു ഗർഭംപോലെ, ആ ചോദ്യം അവളുടെ ഹൃദയത്തിൽ കിടന്നു വിങ്ങി ശ്വാസംമുട്ടി ചത്തളിഞ്ഞു; രക്തത്തിൽ വിഷാണുക്കൾ സംക്രമിപ്പിച്ചു, വെറുപ്പും വിഷാദവും വളർന്നുവരികയായിരുന്നു.

എങ്കിലും കുളിയും ക്ഷേത്രദർശനവും ഭക്ഷണവുമെല്ലാം ക്രമത്തിൽ നടന്നു. പക്ഷേ, ഉറക്കമില്ലാത്ത രാത്രിയുടെ മധ്യയാമത്തിൽ ഹൃദയത്തിനടിയിൽനിന്ന് ഒരു പൊട്ടിക്കരച്ചിൽ. അതാരും കേട്ടില്ല. ലോകം മുഴുവന് കേൾക്കുന്നുണ്ടെന്ന് കുഞ്ഞുക്കുട്ടിക്കു തോന്നി. പ്രതിശബ്ദമുണ്ടോ? ഇല്ല.

പ്രഥമാനുരാഗം പൊട്ടിത്തകർന്ന അവൾക്ക് സന്ന്യാസിമഠത്തിലേക്കോ വിപ്ലവപ്രസ്ഥാനത്തിലേക്കോ വെപ്പാട്ടിസ്ഥാനത്തേക്കോ പോകാന് തക്കമുണ്ടായിരുന്നില്ല. അവൾക്കൊരു വെറും ഭാര്യയാകാം. റവന്യൂ ഇന്സ്പെക്ടർ വന്നപ്പോൾ കുഞ്ഞുക്കുട്ടി ആശിച്ചു. പിന്നെ ഓരോരുത്തന് വരുമ്പോഴും ആശിച്ചു. ഒന്നും ഫലിച്ചില്ല.

അമ്മയുടെ നെടുവീർപ്പും തലയിലെഴുത്തിനെക്കുറിച്ചുള്ള അമ്മാമന്റെ പ്രഭാഷണങ്ങളും ആദ്യമാദ്യം അവളെ വിമ്മിട്ടപ്പെടുത്തിയിരുന്നു. പതുക്കെ അതും പരിചിതമായി. ഇനി കൂട്ടലും കിഴിക്കലുമില്ല. വന്നപോലെ ഈ ലോകത്തിൽനിന്ന് ഇറങ്ങിപ്പോകാം. അവൾ വെളിച്ചത്തിനു നേർക്കുള്ള വാതിൽ ചാരി, ആ ഇരുട്ടിലും അവളുടെ മനസ്സു മന്ത്രിച്ചു: എന്തോ ഒന്നു കൂടി അറിയാനുണ്ടല്ലോ. എന്ത്?--

അകത്തെന്നപോലെ, പുറത്തും കഷ്ടപ്പാടുകൾ വർദ്ധിച്ചുവരികയായിരുന്നു. ഇടയ്ക്കിടയ്ക്കു കാരണവർ വന്നു പറയും:"കുഞ്ഞുക്കുട്ടീ, ഈ ആധാരത്തിൽ ഒന്നൊപ്പിട്ടൂ."

കാരണവർ വിരൽ വെച്ചേടത്ത് അവൾ ഒപ്പുവെച്ചുകൊടുത്തു. എന്താണ് ആ ആധാരം? അഥവാ എന്തിനു ചോദിക്കുന്നു? ആർക്കുവേണ്ടി? അടുത്ത തലമുറയിൽ വാവലും മലങ്കടന്നലും കൂടുണ്ടാക്കാന്പോകയാണ് ആ തറവാട്ടിൽ! ഭാവി ഒരു പ്രേതംപോലെയാണ് പടിക്കൽ നിൽക്കുന്നത്.

"പോയി തുലയട്ടെ." കുഞ്ഞുക്കുട്ടി തന്നത്താന് പറഞ്ഞു. എന്നിട്ടു ചുണ്ടു

ചുവക്കെ, ഒന്നു മുറുക്കുകയും ചെയ്തു--താനൊരു ധിക്കാരം കാണിക്കുകയാണെന്നമട്ടില്.

ഒരുനാള് ഉച്ചയ്ക്ക് അവള് തെക്കിനിത്തറയില് ചിന്താശൂന്യയായിരിക്കുകയാണ്. പെട്ടെന്ന് കാരണവര് കിതച്ചുകൊണ്ടു ചവിട്ടിക്കയറി വന്നു വിളിച്ചു:

"കുഞ്ഞുക്കുട്ടീ!"

"ഉം?"

"അവരതാ വര്ണു!"

"ആര്?"

"ഖിലാഫത്തുകാര്!"

"ആര്?"

"ലഹളക്കാരേയ്. ഇല്ലത്തെ പത്തായപ്പുരയിലേക്കു വന്നുതുടങ്ങിയെന്നോ വന്നുവെന്നോ ഒക്കെ കേട്ടു."

ഈ സംഭാഷണം കേട്ടുകൊണ്ടു കുഞ്ഞുക്കുട്ടിയുടെ അമ്മയും അങ്ങോട്ടു വന്നു. അവര് ചോദിച്ചു:"നേരാണോ?"

"അതേ."

ലഹള സംബന്ധിച്ച എമ്പാടും കഥകള് മുമ്പുതന്നെ നാട്ടുമ്പുറങ്ങളില് പ്രചരിച്ചിരുന്നു. കുളക്കടവുകളിലും അമ്പലമുറ്റത്തും മുക്കുട്ടപ്പെരുവഴികളിലും അതു ചര്ച്ചാവിഷയമായിട്ടുണ്ട്. അസംഘടിതമെങ്കിലും ആവേശകരമായ ഒരു ജനപ്രതിഷേധം തരംതാഴ്ന്ന് അക്രമപ്രവര്ത്തനങ്ങളായി മാറിയിരിക്കയാണെന്നൊന്നും ആര്ക്കും അറിഞ്ഞുകൂടാ. കൊലയുടെയും കൊള്ളയുടെയും തോല്പുരിയലിന്റെയും കഥകളായിരുന്നു പ്രചരിച്ചിരുന്നത്. കുറെ സത്യങ്ങളുണ്ടായിരുന്നു. സത്യങ്ങളേക്കാള് ഊതി വീര്പ്പിച്ച കഥകള് പ്രചരിച്ചു . മുന്നൂറ്റിച്ചില്വാനം ഹിന്ദു ീകളില്നിന്നായി അറുന്നൂറില്പരം മുലകള് ചെത്തിയെടുത്തതായി ഒരു കഥ പ്രചരിച്ചു. അവ വഴിപാടുചിരട്ട കൂട്ടിയപോലെ കൂട്ടിയിട്ടിരിക്കയാണ്. പിന്നെ എണ്ണൂറ്റിച്ചില്വാനം മൂക്കരിഞ്ഞ കഥയാണ് പ്രചരിച്ചത്. മൂക്കു നഷ്ടപ്പെട്ടതു പുരുഷന്മാര്ക്കാണ്.

"കുണ്ടോട്ടി അങ്ങാടീല് മനുഷ്യത്തോലുകൊണ്ടാണത്രേ ചെരുപ്പുയുണ്ടാക്കുന്നത്!" കുളക്കടവില്വെച്ച് ഒരാള് പറയുന്നതു കേട്ടു.

"നേരോ?" വേറൊരാള് അത്ഭുതപ്പെട്ടു.

"പിന്നെ പൂക്കോട്ടൂരൊക്കെ അവരു പിടിച്ചടക്കിയത്രേ. അമ്പലമൊക്കെ നിസ്കാരപ്പള്ളിയാക്കി മാറ്റി!"

"എന്റെ ഈശ്വരന്മാരേ!"

"ശര്ശരാന്ന് ആളുകളെ പിടിച്ച് മാര്ഗ്ഗം കൂട്ടുന്നുണ്ടത്രെ!"

"സര്ക്കാര് ഇതു നോക്കിനില്ക്കാണോ?"

"യുദ്ധം നടക്കുന്നുണ്ടത്രേ. ഇന്നലെ അയ്യപ്പന്നായരു ചന്തയില്നിന്നു വന്നപ്പോ എന്തൊക്കെ കഥയാ പറഞ്ഞത്!"

“കലി വന്നു!”

“കലി മുഴുത്തു!”

“ചേലക്കലാപംപോലെത്തന്നെ.” ഒരമ്മ തന്റെ ചരിത്രബോധം വെളിപ്പെടുത്തി.

“എന്തിനാ ഇവരു പുറപ്പെടുന്നത്?”

“രാജ്യം പിടിക്കാനും കൊള്ളയടിക്കാനും.”

“മാര്ഗ്ഗം കൂടുന്നതോ?”

“അവരൊക്കെ മാപ്പിളമാരല്ലേ?”

“ഗാന്ധിം മാപ്പിളയാ?”

“പിന്നല്ലേ! അപ്പുക്കുട്ടന് ഇന്നാള് അയാളുടെ ചിത്രം കാട്ടിത്തന്നു. തലമൊട്ടയടിച്ചു തൊപ്പിയും വെച്ചിട്ടുണ്ട്.”

“എന്റെ തേവരേ! അവിടുന്നതന്നെ കാത്തോളണെ!”

ഈ വര്ത്തമാനങ്ങളൊക്കെ ആ ീയും ചെവിക്കൊണ്ടിട്ടുണ്ട്. ഖിലാഫത്ത് പ്രസ്ഥാനം സാധാരണക്കാരന് അറിഞ്ഞത് ഒരു ലഹളയായിട്ടാണല്ലോ. കാരണവരുടെ വാക്കു കേട്ടപ്പോള് അരിഞ്ഞ മൂക്കുകളുടെയും മുലകളുടെയും കണക്ക് അവരുടെ ഉള്ളില് പൊന്തിവന്നു. അവര് ഞെട്ടിപ്പോയി. നെഞ്ചില് നിന്ന് ഒരു ചൂട് അരിച്ചുപൊന്തി. അവര് കിതപ്പോടെ ചോദിച്ചു:“എന്താ വഴി ഏട്ടാ?”

“ഉടനെ പുറപ്പെടണം.”

“എവിടേക്ക്?” കുഞ്ഞുക്കുട്ടിയാണ് ചോദിച്ചത്.

“നിശ്ചയമില്ല. എന്നാലും നില്ക്കാന് പറ്റില്ല. കെട്ടുകെട്ടിക്കോളൂ.”

“എങ്ങോട്ടാ പങ്കുമ്മാന്!” ഇക്കുറി ശബ്ദിച്ചതു പിന്നില്നിന്നൊരു ശബ്ദമാണ്. എല്ലാവരും ഞെട്ടിപ്പോയി. ഹാവൂ!

ഇരുമ്പന് ഗോവിന്ദന്നായരാണ്.

“ഏട്ടനെവിടെ, ഗോവിന്ദന്നായരേ?” പങ്കുമ്മാന് കിതച്ചുകൊണ്ടു ചോദിച്ചു.

“ഇതാ, ഇപ്പോ പോയേ ഉള്ളൂ.”

“എങ്ങട്ട്?”

“പെണ്ണുങ്ങളേംകൂട്ടി ഗുരുവായൂര്ക്കങ്ങട്ടുപോയി. അവിടെനിന്ന് ഇനി എങ്ങോട്ടാ പോവ്വാ എന്നൊട്ടു നിശ്ചയവുമില്ല.”

തന്റെ സഹചാരിയായ പാച്ചുനായര് തന്നെ ഗൗനിക്കാതെ ഓടിയത് പങ്കുമ്മാനെ വ്യസനിപ്പിച്ചു. പക്ഷേ, അതാലോചിക്കാന് അപ്പോള് സമയമില്ല.

“ഞാനേ ഇപ്പോള് കഷ്ടത്തിലായത് ഗോവിന്ദന്നായരേ!” ഒരപേക്ഷാസ്വരത്തിലാണ് കാരണവര് അതു പറഞ്ഞത്.

“വേവലാതിപ്പെടേണ്ടാ, പുറപ്പെട്ടോളൂ.”

“എങ്ങട്ട്?”

“സ്ഥലമൊക്കെ ഉണ്ടാവും.”

കുഞ്ഞുക്കുട്ടിയുടെ അമ്മ അമ്പരന്നുനില്ക്കുകയാണ്. മകളാവട്ടെ, ഒന്നും

കാണാത്തതുപോലെയും കേള്ക്കാത്തതുപോലെയും ഒതുങ്ങിക്കൂമ്പിനില്ക്കുന്നു. ഗോവിന്ദന്നായര് ആകെയൊന്നു നോക്കിയിട്ടു നിര്ബ്ബന്ധിച്ചു:"ഇനി താമസിക്കണ്ടാ."

താമസിക്കണമെന്ന് ആര്ക്കുമുണ്ടായിരുന്നില്ല. വാതിലൊക്കെ അടച്ചു പൂട്ടി ഓരോ കൊച്ചുഭാണ്ഡവുമായി അവര് പുറപ്പെട്ടു.

"പിന്പുറത്തുടെ ഇറങ്ങാം," ഗോവിന്ദന്നായര് നിര്ദ്ദേശിച്ചു. ആ കുടുംബം അയാളെ പിന്തുടര്ന്നു. കുഞ്ഞുക്കുട്ടിയുടെ അമ്മയ്ക്ക് ആ തറവാട്ടിലേക്ക് ഒന്നു തിരിഞ്ഞുനോക്കാതിരിക്കാന് കഴിഞ്ഞില്ല. അവിടത്തെ ഓരോ മണല്ത്തരിയോടും ഇഴുകിപ്പിടിച്ചതാണ് ആ ജീവിതം.

ഇടവഴി കടന്ന്, പാടത്തേക്കെത്തി. ചുറ്റും ഒന്നു നോക്കി. കൊയ്ത്തു കഴിഞ്ഞ് പാടങ്ങളില് കോണ്വലിച്ചുപോകുന്ന കാലടിച്ചാലുകളിലൂടെ അവര് നടന്നു. കുന്നും കടന്ന് അപ്പുറത്തെത്തിയപ്പോള് അപകടമേഖല കഴിഞ്ഞതുപോലെ ഗോവിന്ദന്നായര് നെടുതായി ഒന്നു നിശ്വസിച്ചു.

"അധികാരിയുടെ അളിയന്റെ വീടാണ് അക്കാണുന്നത്." ഗോവിന്ദന്നായര് വലിയ ഒരു പടിപ്പുര ചൂണ്ടിക്കാട്ടി. ആരും മറുപടി പറഞ്ഞില്ല. നിറയെ വിയര്പ്പുപൊടിഞ്ഞ് കുഞ്ഞുക്കുട്ടിയുടെ മുഖം പറങ്കിമാങ്ങ പോലെ തുടുത്തിരുന്നു.

"വരൂ." ഗോവിന്ദന്നായര് മുമ്പില് നടന്നു. അമ്പതു കല്ലൊതുക്കുകളും ഒരു കൂറ്റന്പടിപ്പുരയും പിന്നിട്ടുചെന്നത് ഒരു വിശാലമായ മുറ്റേത്തക്കാണ്. അവിടെ ആളുകള് കൂടിനില്ക്കുന്നുണ്ട്.

"എന്താ ഇപ്പോഴത്തെ സ്ഥിതി?" ആരോ ചോദിച്ചു.

"ഇല്ലുത്തു കവര്ച്ച." ഗോവിന്ദന്നായര് അറിയിച്ചു.

"അതുയ്ക്കായി! എങ്കില് കരുതിനില്ക്കണം." ഒരു കുറുവടിക്കാരന് അഭിപ്രായപ്പെട്ടു.

ആ വീടു നിറച്ചും അഭയാര്ത്ഥികളാണ് -- ീകളും കുട്ടികളും കിഴവികളും കിഴവന്മാരും. ആരും ഒന്നും മിണ്ടുന്നില്ല. ഓരോ മൂലയ്ക്കല് കുനിക്കൂടിയിരിക്കുന്നു. കുട്ടികള്മാത്രം വട്ടംകൂടിയിരുന്നു കൊത്തിക്കല്ലാടുകയും 'അക്കുത്തിക്കുത്തി' കളിക്കുകയുമാണ്. അവരും ഉറക്കെ വര്ത്തമാനം പറയുന്നില്ല. കുഞ്ഞുക്കുട്ടിയും അമ്മയും ആ ജനക്കൂട്ടത്തിലേക്ക് ചേര്ന്നു.

കെട്ടുറപ്പും കാവലുമുള്ള വീടന്വേഷിച്ചു വന്നതാണ് ആളുകള്. പടിപ്പുര, പത്തായപ്പുര, കയ്യാല, നാലുകെട്ടുമാളിക എന്നിവയ്ക്കു പുറമേ ചുറ്റും കന്മതിലുമുണ്ട്. വീട്ടുടമസ്ഥനായ പണിക്കരാകട്ടെ, എല്ലാവര്ക്കും അഭയം നല്കി. നാട്ടില് പ്രമാണിയായ അദ്ദേഹത്തിനു സര്ക്കാരിനോടു കൂറുണ്ട്. അഭയാര്ത്ഥികളെ നോക്കേണ്ടതു തന്റെ ചുമതലയാണ്. കഞ്ഞിവെച്ചുകൊടുക്കാന് ഏര്പ്പാടു ചെയ്തിരിക്കുന്നു. പോലീസിലേക്ക് ആള് പോയിട്ടുമുണ്ട്.

പുരുഷന്മാര് ഉഷാറായി നില്ക്കുന്നു. കുറുവടി, കവണ, കല്ല് എന്നീ

ആയുധങ്ങള് ശേഖരിച്ചിട്ടുണ്ട്. ഒരു കൈ നോക്കാന് തന്നെ ഉറച്ചിരിക്കയാണ്. അക്കൂട്ടത്തില് അഭ്യാസികളുണ്ട്. അഭ്യാസികളാണെന്നു നടിക്കുന്നവരുമുണ്ട്. ഗോവിന്ദന്നായര് കൂട്ടത്തില് ചേര്ന്നപ്പോള് എല്ലാവരും അയാളെ നോക്കി; ഒരു ഭീമന്!

ഇല്ലത്തു നടന്ന അക്രമങ്ങള് കൂടക്കൂടെ ഓടിപ്പോകുന്ന ആളുകളില് നിന്നു പണിക്കരുടെ വീട്ടില് അറിയുന്നുണ്ടായിരുന്നു. അവിടെ കൊള്ള നടന്നു, കൊലപാതകങ്ങളും നടന്നു. ലഹളക്കാര് വന്നു പണവും നെല്ലും ചോദിച്ചു. നമ്പൂതിരിയെ കൊല്ലണമെന്ന് അവര്ക്കുണ്ടായിരുന്നില്ല. കൊല്ലുന്നത് ആദായകരമല്ല. കൊടുക്കാമെന്നു പറഞ്ഞു നമ്പൂതിരി അവരെ പത്തായപ്പുരക്കോലായിലിരുത്തി. എന്നിട്ട്, പിന്നിലൂടെ പോലീസിലേക്ക് ആളെയും അയച്ചു. അക്രമത്തിനു വരുമ്പോള് പോലീസസഹായം തേടണമെന്ന നിയമം അദ്ദേഹത്തിന്നറിയാമായിരുന്നു. പോയത് ഒരു ഇലമുറിക്കാര്യസ്ഥനായിരുന്നു--ഒരു വങ്കശ്ശിരോമണി. അവനെ ലഹളക്കാരുടെ ഒറ്റുകാര് കടന്നുപിടിച്ചു. കാര്യം പുറത്തായി. പിന്നെ ഉണ്ടായത് ഒരു കൂട്ട വാങ്കുകൊടുക്കലാണ്."അല്ലാഹു അക്ബര്!...." പത്തായപ്പുരക്കോലായിലിരുന്നവര് ഇല്ലത്തിനകത്തേക്ക് ഒരു കയറ്റം. ഇടിയും ചവിട്ടും വധവും നടന്നു. ഹാലിളകിയ ജനക്കൂട്ടമായിരുന്നു. ആദ്യത്തെ രക്തത്തുള്ളിയുടെ കാഴ്ച അതിന് മുഴ ഭ്രാന്താക്കി. നിര്ജ്ജീവമായ കണ്ണുകളോടെ അന്തര്ജ്ജനങ്ങള് ചുമരിനോടൊട്ടിച്ചേര്ന്നുനിന്നു--ചുമരിലേക്കങ്ങോട്ട് അലിഞ്ഞുചേരാന് ആഗ്രഹിക്കുന്നതുപോലെ. അവിടേക്ക് ഒരു തള്ളിക്കയറ്റം. ഓട്ടുവളകള് അണിഞ്ഞ കൈകള് മാത്രം 'അരുതേ' എന്നു കെഞ്ചി. അന്നു വൈകുന്നേരമായപ്പോഴേക്കും വിജനമായ ആ ഇല്ലത്തെ വടക്കിനിക്കെട്ടില് ഔപാസനകുണ്ഡത്തിനടുത്തു ചോര തളംകെട്ടി നിന്നു. തണുത്ത കാറ്റില് അതു കട്ടപിടിക്കുകയായിരുന്നു.

പണിക്കരുടെ വീട്ടിലെ പടിപ്പുരവാതില് തഴുതിട്ടു. കവണകളും കുറുവടികളുമേന്തിയ പുരുഷന്മാര് ഉഷാറായി. പോലീസിന്റെ വരവുകാണാതെ പണിക്കര് അമ്പരന്നിരിക്കയാണ്. കൂട്ടില് കുടുങ്ങിയ പൂമെരുപോലെ, അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നതിനിടയില് അദ്ദേഹം വിളിച്ചു ചോദിച്ചു:"അവര് വന്നോ?"

"ഇല്ല."

"ഇത്ര താമസമെന്താ?"

"ആറുനാഴിക നടന്നൊത്തേണ്ടേ?"

"പോയവനേയും കാണാനില്ലല്ലോ."

"വരും."

പണിക്കര്ക്ക് ഉള്ക്കിടിലം: പോലീസ് വന്നില്ലെങ്കിലോ?

ആശങ്കാകുലമായ ആ അന്തരീക്ഷത്തിലേക്കു കടന്നുവന്നത് ഒരാര്പ്പുവിളിയാണ്. ദൂരെനിന്ന് ഒരു മുഴക്കംപോലെയേ കേള്ക്കാനുള്ളു. ചിലര്

മരക്കൊമ്പുകളുടെ കവിളിയിൽ കയറി ഇരിപ്പുറപ്പിച്ചു ദൂരേക്കു നോക്കി.

ചോദ്യവും ഉത്തരവുമില്ല. നിശ്ശബ്ദം.

അഴിഞ്ഞ പിന്‍കുടുമ ചിതറിക്കൊണ്ട് ശാന്തിക്കാരന് എമ്പ്രാശ്ശന് ഓടിക്കിതച്ചു വന്നു പറഞ്ഞു: "അവറ് ബറുന്നു!"

"ഹേ?"

അതിനുത്തരം പറയാതെ അയാള് പിന്‍തിരിഞ്ഞു. കട്ടപൊളിച്ചിട്ട കണ്ടങ്ങളിലൂടെ ഓടി ഇരുട്ടിൽ മറഞ്ഞു.

പടിവാതിലടച്ചു. ഇരുമ്പുദണ്ഡുകൾ ചേർത്തുറപ്പിച്ചു. കവണയും കല്ലുമായി എല്ലാവരും കാത്തുനിന്നു. സൂചി വീണാൽ കേൾക്കാം. ഒരു പരീക്ഷണഘട്ടം അടുത്തുവരുന്നു.

ഇരമ്പം കൂടുതൽ വ്യക്തമായി. മരക്കൊമ്പത്തിരുന്നവർ ഉരസിയിറങ്ങിക്കൊണ്ടു പറഞ്ഞു: "പന്തങ്ങൾ! പന്തങ്ങൾ!"

"ഹേ!"

"എമ്പാടും പന്തങ്ങളുണ്ട്!"

കാലിന്റെ പെരുവിരലുകളിൽ ഒരു തരിപ്പ്. അതു മേല്പോട്ടു കയറുകയാണ്. ീകൾ കൂട്ടികളെ മാറോടു ചേർത്തുപിടിച്ചു. കുഞ്ഞുക്കുട്ടി കണ്ണും നട്ടിരിക്കയാണ്. അവളുടെ അമ്മ, വാടിയ താളുപോലെ, ചുമരിലേക്കു ചാരി.

"ഇവിടെ വരേണ്ടായിരുന്നു. വല്ല കൂടിലിലും പോവാമായിരുന്നു.' ഗോവിന്ദന്നായർ വിചാരിച്ചു. വാസ്തവം. പക്ഷേ, വൈകിപ്പോയി. അയാൾ കവണക്കയർ വിരലിൽ ചുറ്റിപ്പിടിച്ചു.

"പടി തുറക്ക്!" ഒരിരുന്നൂറു കണ്ണുങ്ങളിൽനിന്നുള്ള ആർപ്പുവിളിയാണ് പിന്നെ കേട്ടത്. ആ തറവാടിന്റെ അടിത്തറവരെ വിറച്ചുപോയി.

ഒരു നിമിഷനേരത്തേക്ക് നിശ്ശബ്ദമായിരുന്നു.

"പടി തുറക്കുന്നോ? തുറക്കുന്നോ?" ചരൽ വാരിയെറിയുംപോലെ, ഒരു മുന്നൂറു ചോദ്യങ്ങൾ തുരുതുരെ. അതിന്നു മറുപടി പറഞ്ഞതു ഗോവിന്ദന്നായരുടെ മൂളുന്ന കവണയായിരുന്നു . അതിനെത്തുടർന്ന് 'ഉ–ം, ഉ–ം' എന്നു മൂളിക്കൊണ്ടു കല്ലുകൾ പടിക്കപ്പുറത്തേക്ക് പറന്നു. അങ്ങോട്ടുമിങ്ങോട്ടും ഏറുകൾ––ശരിക്കും യുദ്ധംതന്നെ. ചിലർ മതിലിന് അരു പറ്റിനിന്ന് ഏന്തി നോക്കി കുറുവടി ഓങ്ങിയെറിയുന്നു. ചില താടിക്കാരുടെ പിരടിക്കു കണക്കിൽ ചെന്നു കൊള്ളുന്നുമുണ്ട്. ലഹളക്കാരുടെ പന്തങ്ങൾ അവർക്കുതന്നെ ഉപദ്രവമായിരുന്നു. ശത്രുക്കൾക്കു കുറിനോക്കാന് സൗകര്യമുണ്ട്. മതിൽക്കെട്ടിന്നുള്ളിൽ നിൽക്കുന്നവർക്ക് ഇരുട്ടിന്റെ കവചമുണ്ട്.

പെട്ടെന്നൊരു കൂട്ടനിലവിളി. പടിപ്പുരയുടെ മുകളിൽനിന്ന് ആരോ ഒരു കുമിഴക്കല്ലു വലിച്ചുതാഴേക്കിട്ടു. ലഹളക്കാരിൽ ഒരുത്തന് ചമ്മന്തി, അടുത്തുനിന്ന രണ്ടുപേർക്കു കഠിനമായ പരിക്കും.

അതു നരിയുടെ വാലുപിടിച്ചു കടിക്കയായിരുന്നു. പന്തങ്ങൾ പുരപ്പുറത്തേക്കു വന്നുവീഴാന് തുടങ്ങി. തീകൊണ്ടായി പിന്നത്തെ കളി. ഏറ് അപ്പോഴും

തകൃതിയായി നടക്കുന്നു. പക്ഷേ, രക്ഷയില്ല. തീയാണ് വരുന്നത്.

ഗോവിന്ദന്നായര് തല പൊക്കി ചുറ്റും നോക്കി. പടിപ്പുരയുടെ വടക്കേ മൂലയ്ക്കല് തീപിടിച്ചുകഴിഞ്ഞു. വൈക്കോല്ക്കൂയു ആളിക്കത്താനും തുടങ്ങി. പടിഞ്ഞാറ്റപ്പുരയിലേക്കും പന്തങ്ങള് വന്നുവീഴുന്നു. അടുക്കള ഭാഗം ഓലകെട്ടി മേഞ്ഞതാണ്. തീ ആളിപ്പിടിക്കും. എല്ലാം വെന്തു നശിക്കും. അയാള് മാറത്തു കൈ വെച്ചു ഭദ്രകാളിയെ നിനച്ചു. തിരിച്ചൂട്ടും പിടിച്ച് എത്രതവണ കാളിക്കളത്തില് നൃത്തം ചവിട്ടിയവനാണ് അയാള്!"എന്റെ ഭഗവതീ!"

അതാ തീപിടിച്ചുകഴിഞ്ഞു, ഗോവിന്ദന്നായര് കവണ താഴത്തിട്ടു നാലുപുരയിലേക്ക് ഒരോട്ടം. അവിടെ നിലവിളിയും പരക്കംപാച്ചിലുമാണ്. വടക്കിനിക്കെട്ടിലെ അഴിക്കുടിന്നുള്ളിലൂടെ പുക തള്ളിത്തള്ളിവരുന്നു. കുട്ടികളുടെ കരച്ചില്. അമ്മമാരുടെ മാറത്തടി. ഓടുന്ന തിരക്കില് കുട്ടികള് ചവിട്ടിമെതിക്കപ്പെടുന്നു."എന്റെ അമ്മ്..." ആ ഇളംകണ്ണും മുഴുവനാക്കിയില്ല."ഹായോ..." ഒരു കിഴവന്റെ നെഞ്ചില് ആരുടേയോ കാലടി പതിഞ്ഞു.

"എന്റെ കുട്ടീ!"

"അമ്മേ..."

"മോനേ..."

"എന്റെ മോളേ..."

"ഹയ്യോ!"

“കൊന്നോ?”

“ചവിട്ടൊല്ലേ!”

“തലമുടി വിടിന്!”

“ഹെന്റെ പിരടി!”

ശബ്ദബഹളം. പുക കൂടുതല് വണ്ണത്തില് തള്ളിവരുന്നു. കഴുക്കോലുകള് കത്തി ‘ചടേ–പടേ’ എന്നു പൊട്ടിത്തെറിക്കുന്നു. ഒരോടും കൂറെ കണലുംകൂടി നടുമുറ്റത്ത്.

പുക പുറപ്പെട്ടു. കാറ്റും കൂട്ടിനെത്തി. ഘുമുഘുമെ വരുന്ന പുക എല്ലായിടേത്തക്കും തള്ളിക്കയറി. എവിടെനിന്നെല്ലാമാണ് പുക വരുന്നത്? മുമ്പില് നിന്നും പിമ്പില്നിന്നും ഇടത്തുനിന്നും വലത്തുനിന്നും. പുകയില് തങ്ങളെത്തന്നെ ഇട്ടു കുഴയ്ക്കുകയാണ്. ആ നാലകത്തേക്ക് ഇരുട്ടു തള്ളിത്തള്ളിക്കയറുന്നു. കണ്ണുകളില് നീര്പൊടിഞ്ഞു, കാണാന് വയ്യാ. നോക്കാനും വയ്യാ . നില്ക്കാനും നിവ്വത്തിയില്ല . അന്ധകാരത്തിലാണ് എല്ലാവരും നീങ്ങുന്നത്. ഓരോ ആളും മറ്റേ ആള്ക്കു തടസ്സം സൃഷ്ടിക്കുന്നു. ഓരോ കാലും എടുത്തു വയ്ക്കുന്നതു മറ്റൊരാളുടെ കൈയിലോ കാലിലോ നെഞ്ചിലോ ആണ്. കരച്ചില് കേട്ടപ്പോള് ആദ്യം കാലെടുത്തു. പിന്നെയും കാല്വയ്ക്കുന്നതു മറ്റൊരാളുടെ ദേഹത്തുതന്നെ. കാത്തുനില്ക്കാന് സമയമില്ല. തള്ളിക്കയറണം. എല്ലാവരും തള്ളിക്കയറി. ആരും മുന്നോട്ടു നീങ്ങുന്നില്ല.

വാതില്ക്കലാണ് ബഹളം. അവിടെ മനുഷ്യശരീരങ്ങള് കിടന്നു ഞെരിയുന്നു. പുറത്തേക്ക് എത്തുന്നവര് പുറത്തേക്കു കടക്കുകയല്ല, തെറിപ്പിക്കുകയാണ്. തെറിച്ച വീണവരുടെ ശരീരങ്ങള് പിന്നീടു വന്നവര് ചവിട്ടിച്ചതയ്ക്കുന്നു. അപ്പോഴേക്കും മറ്റൊരട്ടി ശരീരങ്ങള് വന്നുവീണ് അവര്ക്ക് ഇളകാന് വയ്യാതാകുന്നു. മനുഷ്യഗതിയുടെ ഒരു ചുഴിയായിരുന്നു അത്. ഞെരക്കങ്ങളും ശാപവാക്കുകളും ചവിട്ടും ഇടിയും പിടിച്ചുമാറ്റലും ചാടിക്കയറലുംകൊണ്ടു സൃഷ്ടിക്കപ്പെട്ട ഒരു ചുഴി.

ഗോവിന്ദന്നായര് ഒന്നു നോക്കി. ഒഴുക്കിന്നെതിരായി ഊളിയിട്ടു കുനിഞ്ഞുനിന്ന് ഒരു തലതിരുകല്. മുന്നാറു കൈകള് പുറത്തിടിക്കുന്നുണ്ട്. ചിലര് ചവിട്ടുന്നുമുണ്ട്. എന്നിട്ടും തല മുന്നോട്ടു തിരുകുകതന്നെയാണ്. രണ്ടു കൈയും പൊക്കിയെടുത്ത് ഒരൊറ്റ വിടര്ത്തല്. ഒരു ചെറിയ ഇട നാഴികയുണ്ടാക്കി അയാള് ഉള്ളിലേക്ക് കടന്നു. ഇടനാഴിക വീണ്ടും കൂടിയടഞ്ഞു.

പുക പരന്ന ആ അന്തരീക്ഷത്തിലൂടെ കുഞ്ഞുക്കുട്ടിയിരുന്ന സ്ഥലേത്തക്കു ചെന്നുവിളിച്ചു:“കുഞ്ഞുക്കുട്ടീ!”

“ഏ്....” ഒരു നേര്ത്ത ശബ്ദം.

“വരൂ.”

അവള് വന്നു.

“കാണാനില്ല.”

ഗോവിന്ദന്നായര് വാരിയെടുത്തു വാതില്ക്കലേക്കൊരോട്ടം. അവിടെ ബഹളം സ്വല്പമവസാനിച്ചിരിക്കുന്നു. അതിന്നിടയിലൂടെ തള്ളിക്കയറി

പുറത്തേക്ക് ചാടി.

കിഴക്കു പടിപ്പുര ഒരു തീമതിലായിരിക്കുന്നു. തീയില്ലാത്തേടത്തേക്ക് ഓടുകയേ ഗതിയുള്ളൂ. അയാള് പടിഞ്ഞാട്ടോടി. ആ വലിയ പറമ്പിന്റെ അറ്റത്തെ കന്മതിലിന്നടുത്തുവരെ ഓടി. പിന്നെ ചുറ്റും നോക്കി, തുരത്തിയ ഒരു കാട്ടുജന്തു മാളമന്വേഷിക്കുന്നതുപോലെ. ഇടത്തുവശം ഒരു പാമ്പിന് കാവുണ്ട്. അയാള് കുഞ്ഞുക്കുട്ടിയേയും ചുമന്നുകൊണ്ട് അങ്ങോട്ടു നീങ്ങി. ഒരു ശങ്കയുംകൂടാതെ ചിത്രപടക്കല്ലിന്മേല് ഇരുന്നു. കുഞ്ഞുക്കുട്ടിയെ മടിയിലും കിടത്തി. വിയര്പ്പൊഴുകുകയാണ്.

ആ ഇരുത്തം കിഴക്കു കാക്കക്കാലു കാണുന്നതുവരെ വേണ്ടിവന്നു. അത്രയുംനേരം ഗോവിന്ദന്നായര് എന്തെങ്കിലും ആലോചിച്ചോ? കുഞ്ഞുക്കുട്ടി എന്തെങ്കിലും ആലോചിച്ചോ? മരവിച്ച ഒരിരുത്തം, മരവിച്ച കിടപ്പ്!

പ്രഭാതകിരണങ്ങള് മുഖത്ത് ഒരടിയടിച്ചതുപോലെ തോന്നി. ഗോവിന്ദന്നായര് ഞെട്ടി. കുഞ്ഞുക്കുട്ടി ശാന്തമായി ഉറങ്ങുകയാണ്. ഇളംവെയില് അവളുടെ കവിളുകളില് മുട്ടി ഉരസിയിട്ടും ഗോവിന്ദന്നായര് അത്ഭുതപ്പെട്ടുപോയി. അവളെ നോക്കിക്കൊണ്ട്,"പാവം!" എന്നു പറയാതിരിക്കാന് അയാള്ക്കു കഴിഞ്ഞില്ല.

അവളെ ഉണര്ത്തി. അവര് മതില് കയറി പിന്ഭാഗത്തേക്കു കടന്നപ്പോള് നേരം നല്ലവണ്ണം വെളുത്തിരുന്നു. ഒരു ജീവി കണ്ണെത്താവുന്ന സ്ഥലത്തെങ്ങുമില്ല.

“ദാഹിക്കുന്നു.” കുഞ്ഞുക്കുട്ടി പറഞ്ഞു.

അയാള് നിശ്ശബ്ദനായി ഒരു വഴിക്കുളത്തിലേക്ക് ഇറങ്ങിനിന്നു. അവള് ആര്ത്തിയോടെ ആ കുളത്തിലെ വെള്ളം മുക്കിക്കുടിച്ചു നെടുവീര്പ്പിട്ടു:

“ഹാവൂ!”

“വരൂ.”

രണ്ടുപേരും നടന്നു. ആ നടത്തം ഒരൊഴിഞ്ഞുകിടക്കുന്ന വീട്ടില് ചെന്നവസാനിച്ചു. അന്ന് അവരവിടെ താമസിച്ചു. ആളൊഴിഞ്ഞ ആ വീട്ടില് ഭക്ഷണസാധനങ്ങളുണ്ടായിരുന്നു. തുണികള്പോലും എടുക്കാതെയാണ് ആ കുടുംബം ഓടി രക്ഷപ്പെട്ടിട്ടുള്ളത്. ആറാനിട്ട മുണ്ടുകളും കുഞ്ഞുങ്ങളുടെ ഉടുപ്പുകളും അയക്കോലില് കിടക്കുന്നു. ഗോവിന്ദന്നായര് എല്ലാം ശരിപ്പെടുത്തി. അയാള് ഭക്ഷണം പാകംചെയ്യുമ്പോള് കുഞ്ഞുക്കുട്ടി അനങ്ങാതിരുന്നതേയുള്ളു. വാക്കുകളില്ല; ചലനങ്ങളില്ല. ഉണ്ണാനിരുന്നപ്പോള് കുഞ്ഞുക്കുട്ടി ആദ്യമായി കരഞ്ഞു.

“കരയരുത്. ഇപ്പോ കരയാന് പറ്റില്ല.” ഗോവിന്ദന്നായര് പരുക്കന് ശബ്ദത്തില് ശാസിച്ചു.

അവള് ചുണ്ടു കടിച്ചമര്ത്തി മിണ്ടാതിരുന്നു.

“നാളെ വീട്ടിലേക്കു പോവാം.”

“വേണ്ടാ.”

അവള് പൊട്ടിപ്പൊട്ടിക്കരഞ്ഞു.

“എന്ത്? വീട്ടില് പോണ്ടേ?”

“വേണ്ടാ, ഞാന് ചാവും.”

ഗോവിന്ദന്നായര് ഒന്നും മിണ്ടിയില്ല. അന്നുരാത്രി അയാള് ഉറങ്ങിയില്ല. അവളും ഉറങ്ങിയില്ല. കുഞ്ഞുക്കുട്ടിയുടെ തേങ്ങിക്കരച്ചില് ഇരുട്ടില് അയാള് ചെവിക്കൊണ്ടു. അയാള് അവളുടെ അടുത്തു ചെന്നു പുറം തടവിക്കൊണ്ടു മിണ്ടാതിരുന്നു.

“ആളുകള് വരുന്നതുവരെ ഇവിടെ താമസിക്കാം.”

പിറ്റേന്നു ഗോവിന്ദന്നായര് സമ്മതിച്ചു. അങ്ങനെ പതിനൊന്നു ദിവസം കഴിഞ്ഞു.

പുറമേ എന്തു നടക്കുന്നുവെന്ന് അവര്ക്കറിഞ്ഞുകൂടാ. അറിയണമെന്നും തോന്നിയില്ല. അകമേ അത്രയും ബഹളമായിരുന്നു. വിചാരങ്ങള്ക്കൊരു തുടര്ച്ചയില്ല. എന്നാല് തുടര്ച്ചയില്ലെന്നു തോന്നിയതുമില്ല.

അവര് ജാലകത്തിന്നുള്ളിലൂടെ വെളിയിലേക്കു നോക്കിയിരുന്നു. ഒരു മനുഷ്യജീവിയും കടന്നുപോകുന്നില്ല. കഴുത്തില്നിന്നു തുങ്ങുന്ന കൂറ്റിക്കയറില് ചവിട്ടിനൊണ്ടിക്കൊണ്ടുപോകുന്ന ഒരു തന്തപ്പോത്തോ എല്ലുന്തിയ പശുവോ ഒരു ചെത്തിലപ്പട്ടിയോ അലഞ്ഞുതിരിയുന്നതു കാണാം. ജീവന് അപ്പോഴും സ്പന്ദിക്കുന്നുണ്ടെന്ന് അവര്ക്കോര്മ്മവരും. അതോടെ ഒരു നെടുവീര്പ്പു പുറപ്പെടും.

കുഞ്ഞുക്കുട്ടി കരയുകയോ ചിരിക്കുകയോ ചെയ്തില്ല. ഒരു നിലയ്ക്കാത്ത വേദനമാത്രം ഉള്ളില് തങ്ങിനില്ക്കുന്നു. എവിടെയെങ്കിലും ചാരിക്കിടക്കണം എന്നൊരു തോന്നല്. അതിന്നു ഗോവിന്ദന്നായരുടെ ഹൃദയമുണ്ടായിരുന്നു.

നിരാധാരവും ഏതാണ്ട് ഭയാനകവുമായ ആ അന്തരീക്ഷത്തില് രണ്ടു മനുഷ്യാത്മാക്കള് പരസ്പരം കണ്ടുമുട്ടുകയാണ്. ഒരാളും മറ്റൊരാളുടെ മേല്വിലാസത്തെപ്പറ്റി ആലോചിച്ചില്ല ‘എന്നെ താങ്ങുകയാണ്’ എന്നു രണ്ടുപേരും വിചാരിച്ചു; എന്നിട്ടു രണ്ടുപേരും പരസ്പരം ചാരി.

“കുഞ്ഞുക്കുട്ടീ!”

“ഉം?”

പിന്നെ നിശ്ശബ്ദം, രണ്ടു ഹൃദയങ്ങളും എവിടെയൊക്കെയോ പാറിപ്പാറിപ്പോയി തിരിച്ചുവന്നു. വീണ്ടും ഗോവിന്ദന്നായര് വിളിച്ചു:

“കുഞ്ഞുക്കുട്ടീ...!”

“ഉം?”

വീണ്ടും നിശ്ശബ്ദം.

തീയും പുകയും മനുഷ്യമാംസം കരിഞ്ഞ മണവും ചുടുചോരയുടെ നാറ്റവും അറപ്പും വെറുപ്പും ചൂഴുന്നതിനു നടുവില് സ്നേഹത്തിന്റെ ഒരു കിരണം ഉയര്ന്നുവരികയാണ്. അതൊരു ദ്വീപായിരുന്നു. ഒരു ചെറിയ സ്വര്ഗ്ഗംതന്നെ. അവിടെ നിശ്ശബ്ദമായ ചുണ്ടുകളും വാചാലമായ ഹൃദയങ്ങളുമായി പതിനൊന്നു

ദിവസം അവര് പാര്ത്തു. കുഞ്ഞുക്കുട്ടി നിറഞ്ഞ കണ്ണുകളോടെ പുഞ്ചിരി തൂകി.

"ഹാവൂ!"

പതിനൊന്നാം ദിവസം ഗോവിന്ദന്നായര് പറഞ്ഞു:

"ഞാന് പുറത്തൊന്നു പോയി നോക്കിവരട്ടെ. രാത്രിക്കുമുമ്പേ തിരിച്ചെത്തും."

"വരണേ!"

"വരും."

അയാള് മരക്കൂടിലുകള്ക്കിടയിലൂടെ മറഞ്ഞുപോകുന്നതു കുഞ്ഞുക്കുട്ടി നോക്കിനിന്നു. ഭൂമി ശൂന്യമായപോലെ തോന്നി. അവള് തേങ്ങിത്തേങ്ങി കരഞ്ഞു.

ഉച്ചയായതും സന്ധ്യയായതും അവള് അറിഞ്ഞില്ല. അവള് കാത്തിരുന്നു. കുറുക്കന്റെ ഓരികളും വാവലുകളുടെ ചിറകടിയും അവളെ ഞെട്ടിച്ചില്ല. അവള്ക്ക് ഒരു പുരുഷനെ കാത്തിരിക്കാനുണ്ട്. പുലര്ച്ചെ പുതുമഞ്ഞിന്റെ തുള്ളികള് ഇലപ്പടര്പ്പുകളില് ഇറ്റുവീഴുന്ന ശബ്ദവും അവള് കേട്ടു. അവള്ക്ക് ഒരാളെ കാത്തിരിക്കാനുണ്ട്. പുലര്ന്നു. ആ ദിവസം മുഴുവന് കാത്തു. അയാള് വന്നില്ല. പിറ്റേന്നും വന്നില്ല. ആ ദ്വീപ് അലിഞ്ഞുപോവുകയായിരുന്നോ?

മൂന്ന്

"പെറ്റു. ആണ്കുട്ടിയാണ്."

മാസ്റ്ററുടെ ഭാര്യ ഉമ്മറത്തേക്കു തലനീട്ടിക്കൊണ്ട് അറിയിച്ചു. പിന്വാതിലും കൈയും കെട്ടി ഉലാത്തിയിരുന്ന രാമന്മാസ്റ്റര് പെട്ടെന്നു നിന്നു:

"എന്ത്?"

അതിനു മറുപടി ഉണ്ടായില്ല. ഭാര്യ അകത്തേക്കു പോയ്ക്കഴിഞ്ഞിരുന്നു. പറഞ്ഞേടത്തോളം കാര്യം മാസ്റ്റര്ക്ക് മനസ്സിലാവായ്കയല്ല. കൂടുതലറിയാനുള്ള തിരക്കായിരുന്നു . കുഞ്ഞുക്കുട്ടിക്ക് എങ്ങനെണ്ട്? കുഴപ്പമൊന്നുമില്ലല്ലോ ? ഇങ്ങനെ പലതും ചോദിക്കണമെന്നുണ്ട്. അപ്പോഴേക്കും അകത്തേക്ക് പോയിക്കഴിഞ്ഞു.

"ഒരു വകതിരിവില്ല." മാസ്റ്റര് പിറുപിറുത്തു.

അകത്താണെങ്കില് വലിയ ബഹളം. പെണ്ണുങ്ങള് പരക്കംപാച്ചിലാണ്:

"ആ ചൂടുവെള്ളമിങ്ങോട്ടെടുത്തോ!"

"എവിടെ പഴന്തുണി?"

"കട്ടോടം മറ്റേ അകത്താണോ?"

"കുടിക്കാനെന്തെങ്കിലും കൊടുക്കുന്നു."

"രണ്ടും രണ്ടേടത്തായല്ലോ!"

"ഭഗവാനേ!"

ഇതിനിടയില് കുട്ടിയുടെ കരച്ചില് തുടരെത്തുടരെ കേള്ക്കുന്നു. പുത്തന് ജീവന്റെ കരച്ചില് മുമ്പ് ആ വീട്ടില് ഉയര്ന്നിട്ടുമുണ്ട്. അന്നൊക്കെ അത്

അയാളെ ആഹ്ലാദിപ്പിച്ചിട്ടുമുണ്ട്. എന്നാല് ഇപ്പോള് എന്തെന്നില്ലാത്ത ഒരു സംഭ്രമം. വളരെ രഹസ്യമായി നടത്തിയ ഒരു കാര്യം നാട്ടുകാരുടെ നാവില്ക്കിടന്നു കളിക്കുന്നതു കേള്ക്കുമ്പോഴുണ്ടാകുന്ന ഒരസഹ്യത. സന്തോഷത്തക്കൊളധികം ആ കരച്ചില് സന്താപത്തെ ഉണ്ടാക്കുന്നു. അങ്ങനെ വരാന് ഒരു കാരണവുമില്ല. എന്നിട്ടും ഒരു വിമ്മിട്ടം.

'എന്തിനാണ് ഇങ്ങനെ കരയുന്നത്? ' മാസ്റ്റര് ആലോചിച്ചു. ഇതിനു മുമ്പ് ആ ചോദ്യം അയാളില്നിന്നു പുറപ്പെട്ടിട്ടില്ല. കരഞ്ഞുകരഞ്ഞ് ശ്വാസംമുട്ടല് മാറ്റുന്ന ആ കൊച്ചുജീവന് അതിന്റെ ജീവിതസമരം തുടര്ന്നുകൊണ്ടേയിരുന്നു.

"അച്ഛാ...." മാസ്റ്ററുടെ മകള് പിമ്പില്നിന്നു വിളിച്ചു.

"ഉം?" അയാള് തിരിഞ്ഞുനോക്കി.

"ഒരു കുട്ടി." അവളുടെ നിഷ്കളങ്കമായ കണ്ണുകള് അത്ഭുതംകൊണ്ടു വിടര്ന്നിരുന്നു.

"ശരി." അയാള് നടക്കുകതന്നെയാണ്. ഒരു മുന്നൂറു ചോദ്യങ്ങള് ആ കൊച്ചു പെണ്ണിന്റെ ഹൃദയത്തില് വന്നു മുട്ടിത്തിരിയുന്നുണ്ടെന്നു കണ്ണുകള് വെളിപ്പെടുത്തി. അച്ഛന്റെ ഘനഗംഭീരമായ മൗനം അവളെ മടുപ്പിച്ചു കളഞ്ഞു. എന്നിട്ടും ആ പതിവുചോദ്യം ഉണ്ടായി:"ഇത് അനിയനാ, അച്ഛാ?"

"ഉം--' ' രാമന്നായര് ഒന്നു മൂളുകമാത്രമേ ചെയ്തുള്ളു. ഒരു പുതിയ കുട്ടി വരുമ്പോള് മൂത്ത കുട്ടി ചോദിക്കാറുള്ള ആ ചോദ്യത്തെ ഇതിലുമെത്രയോ മധുരമായിട്ടാണ് അയാള് നേരിടുക പതിവ്. "അതേ, മോളുടെ കൊച്ചനിയന്!" എന്നു പറഞ്ഞുറപ്പിക്കുക പതിവുണ്ട്. പിന്നെ അമ്മയുടെ അടുത്തുചെന്ന് ഉപദ്രവിക്കാതിരിക്കാന്വേണ്ടി അവളെ മടിയിലെടുത്തുവെച്ച് ആ കൊച്ചിനെപ്പറ്റി പല പുതിയ വര്ണ്ണനകള് നടത്തുകയും ചെയ്യും. ഇക്കുറി അത്തരമൊന്നിനും അച്ഛന് ഭാവമില്ലെന്ന് അവള് കണ്ടു. തല ഉള്ളിലേക്കു വലിച്ചു.

രാമന്മാസ്റ്ററുടെ ഹൃദയത്തില് പുതിയ പ്രശ്നങ്ങള് ഉയര്ന്നു വരികയാണ്. ഇനി? ഈ കുട്ടിയെയും തള്ളയെയും എന്തുചെയ്യണം? എന്തെങ്കിലും ചെയ്യാതെ കഴിയില്ല. ഇപ്പോള്ത്തന്നെ അഞ്ചു വായ്ക്കുള്ള ഭക്ഷണം അയാള് തേടണം-- താനും ഭാര്യയും മൂന്നു കുട്ടികളും. അതിനെ സംബന്ധിച്ചതന്നെ കുടുംബത്തില് എന്നും വഴക്കാണ്. ഇനി പുതിയ ഭാരങ്ങള് ഏറ്റെടുക്കുവാന് വയ്യാ. വന്ന വഴി പോകട്ടെ. പക്ഷേ, എങ്ങോട്ട്? എങ്ങോട്ടായാലും കൊള്ളാം. കുഞ്ഞുക്കുട്ടി ഈ പരിചില് എങ്ങനെ ഇവിടെ വന്നുപെട്ടു? എന്തിനു താനതു കണ്ടെത്തി? പെട്ടെന്നു ഭ്രുതകാലം മുഴുവന് ഹൃദയത്തിലേക്കു തള്ളിക്കയറി വരികയാണ്. താന് അന്ന് ആ തറവാട്ടു പടിയിറങ്ങുമ്പോള് പിന്വശത്ത്, അന്തിവെയിലില് കുമ്പുന്ന ചമ്പകപ്പൂപോലെ, നിന്നിരുന്ന കുഞ്ഞുക്കുട്ടി അയാളുടെ ഹൃദയത്തില് നിഴലിച്ചു.

"അതൊക്കെ കഴിഞ്ഞില്ലേ? കഴിഞ്ഞതു കഴിഞ്ഞു!" മാസ്റ്റര് നെടുവീര്പ്പിട്ടു.

“എന്താണിനി ചെയ്യുക?” ഈ ചോദ്യവുമായി മാസ്റ്ററുടെ ഭാര്യ ഉമ്മറേത്തക്കു വന്നു. മാസ്റ്റര് ചൂളിപ്പോയി. അയാള്ക്ക് അവരെ സ്നേഹവും ഭയവുമാണ്. നല്ല ഭരണപാടവമുള്ള ഒരു ീയായിരുന്നു മാധവിയമ്മ. തനിക്കു ഭരിക്കാന് സാമ്രാജ്യവിസ്തൃതി പോരാ എന്ന ആക്ഷേപം ഈ കാലമത്രയും അവര് പുറപ്പെടുവിച്ചിട്ടുണ്ട്. കല്യാണം കഴിഞ്ഞതിന്റെ പിറ്റേന്നു രാവിലെത്തന്നെ ആ ീ പറയുകയുണ്ടായി:“ഇങ്ങനെയൊന്നും ആയാല് പറ്റില്ല.” രണ്ടു കുട്ടികളായിട്ടും ആ ആക്ഷേപം നിലനില്ക്കുന്നു:“ഇങ്ങനെയൊന്നും ആയാല് പറ്റില്ല.” മാസ്റ്റര് ആ അഭിപ്രായം ചെവിക്കൊള്ളായ്കയുമില്ല. പക്ഷേ, ഒരു സ്കൂള്മാസ്റ്ററുടെ സാമ്രാജ്യം വലുതായാല് എത്രത്തോളം വലുതാവും? എന്തൊക്കെ ചെയ്താലും ഒടുവില് ഭാര്യയില്നിന്നു വരുന്നതു നെടുവീര്പ്പാണ്:“ഇതൊക്കെ എന്റെ തലയിലെഴുത്താണ്. എത്രപേര് വന്ന് ആലോചിച്ചതാണ്! അവരൊക്കെ ഇന്ന് വലിയ വലിയ സ്ഥിതിയിലായിരിക്കുന്നു. എന്റെ സ്ഥിതിയോ...” ഈ ചര്ച്ച മൂത്തു വരുമ്പോള് മാസ്റ്റര്ക്കു സ്വല്പം കലി കയറും . തന്റെ ധനസ്ഥിതിയക്കൊള് തന്റെ പൗരുഷത്തെയാണ് ആ ീ ചോദ്യം ചെയ്യുന്നതെന്ന ഒരു തോന്നലാണ് മാസ്റ്റര്ക്ക്. പല്ലിറുമ്മി സഹിക്കാന് ശ്രമിക്കും. ഭാര്യയുടെ ചര്ച്ചായോഗം മുന്നോട്ടുതന്നെ പോവും. എന്നിട്ടും സഹിക്കും. ഒടുവിലാണ് ആ പതിവു വാചകം വരുന്നത്:“കഴിവുള്ള ആണുങ്ങള്ക്കു വാഴാനും വിധി വേണം!”

“എന്നാല് വന്ന വൈശ്രവണന്മാരുടെ കൂടെ അങ്ങ് എഴുന്നെള്ളാമായിരുന്നില്ലേ?” മാസ്റ്റര് ഒരൊറ്റ ചീറ്റല്. അതൊരു യുദ്ധത്തിനുള്ള കാഹളംവിളിയാണ്.

“എന്റെ മുഖത്തുനോക്കി ഇതു പറയാന് തോന്നുന്നല്ലോ!” മാധവിയമ്മ, ഈറ്റപാമ്പിനെപ്പോലെ അടുക്കും.

“എന്താ പറഞ്ഞാല്?”

“എന്നെ മാനിക്കുന്നില്ലെങ്കില് പോട്ടെ. എന്നെ ഒരു തറവാട്ടില്നിന്ന് ഇറക്കിക്കൊണ്ടുവന്നതല്ലേ? അതോര്ക്കണ്ടേ? ആ തറവാടിന്റെ...”

“നിര്ത്ത്! നിന്റെ തറവാട്ടിലെ പുല്ലുവട്ടിച്ചുമരുകൂടി പൊന്നുകൊണ്ടാവും. അതിനു ഞാനെന്തു വേണം?”

“എന്തു വേണം എന്ന് ഇപ്പോള് ഓര്ത്താല്പ്പോരാ...”

“ഓ, നിന്റെ സൗന്ദര്യം കണ്ടങ്ങു മയങ്ങിപ്പോയി ഞാന്. എന്നിട്ടേ...”

ആ വാചകം മുഴുമിപ്പിക്കുന്നതിനുമുമ്പ് ഒരു പൊട്ടിക്കരച്ചില് കേള്ക്കും. മാധവിയമ്മയുടെ ആ പൊട്ടിക്കരച്ചില് അനേകം പരാതിപറച്ചിലിനും സ്വയം ശപിക്കലുകള്ക്കും വഴുതിയിറങ്ങാനുള്ള ഒരു ഏണി മാത്രമാണ്. കരച്ചിലും പറച്ചിലും ഇടകലര്ന്നങ്ങനെ വരും.

“ഹെന്റെ മനസ്സ് ഒന്നു കാണാന് ആളുണ്ടോ?... ഞാന്... ഹെത്ര...അനുഭവിക്കുന്നു!”

അതുകൊണ്ടും ചിലപ്പോള് രാമന്മാസ്റ്റര് കീഴടങ്ങിയില്ലെന്നുവരും.

അയാളുടെ പൗരുഷമാണ് ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. അയാളും വാക്കിന്ന് വാക്ക് ഉത്തരം പറയും:"എന്റെ മനസ്സ് ആരെങ്കിലും കാണുന്നുണ്ടോ? ഞാന് എന്തെല്ലാം അനുഭവിക്കുന്നു!"

ഇത്രയുമായാല്പിന്നെ ഒരു അപസ്മാരബാധ വരും. മാധവിയമ്മ മറിഞ്ഞങ്ങോട്ടു വീഴും. കൈയും കാലുമിട്ടു തല്ലും. കൂടക്കൂടെ നെഞ്ചിലിടിക്കും. വായില്നിന്നു നുരയും പതയും ചാടും. വല്ലാത്തൊരു കൂര്ക്കംവലിയും. കൂട്ടത്തിലൊരലര്ച്ച:"ഇപ്പൊപ്പൊട്ടിക്കും ഞാന് കെട്ടുതാലി!"

"അരുതേ...." രാമന്മാസ്റ്റര് അവരുടെ കൈ കടന്നുപിടിച്ച് താങ്ങിയെടുത്തുകൊണ്ടുപോയി കിടത്തി ശുശ്രൂഷിക്കയായി. സാന്ത്വനങ്ങള് പറയുകയായി, പിന്നെ രണ്ടു ദിവസത്തിന് അടുക്കളപ്പണി കൂടി രാമന്മാസ്റ്ററുടെ ഡ്യൂട്ടിയാണ്. ഈ കലഹങ്ങള്ക്കിടയില് മാധവിയമ്മ മൂന്നു പ്രസവിച്ചു -- രണ്ടു പെണ്കുട്ടികളും ഒരാണും!

ഭാര്യയുടെ ആ വരവു കണ്ടപ്പോള് ചെറിയൊരു കൊടുങ്കാറ്റിനുള്ള ആരംഭമാണെന്ന് രാമന്മാസ്റ്റര്ക്ക് തോന്നി. ഇന്നത് അപസ്മാരത്തോളമെത്താനും സാധ്യതയുണ്ട്. ചിന്താവിഷ്ടനായി നില്ക്കുന്ന അയാളോടു ഭാര്യ വീണ്ടും ചോദിച്ചു:"എന്താണിനി വഴി?"

"ഞാനും അതാണ് ആലോചിക്കുന്നത്."

"നിങ്ങളിങ്ങനെ വിഡ്ഢ്യാസുരനായല്ലോ!"

"ഉം--' ' മാസ്റ്ററൊന്നു മൂളി.

"വഴിയില് പോകുന്ന വയ്യാവേലി വലിച്ചു കുടുംബത്തേക്കു കൊണ്ടു വന്നല്ലോ! നിങ്ങള് തലകൊണ്ടോ കാലുകൊണ്ടോ ആലോചിക്കുന്നത്?"

അതിനുള്ള മറുപടി മാസ്റ്ററുടെ തൊണ്ടയിലോളം വന്നു. പക്ഷേ, സന്ദര്ഭം നന്നല്ല. കാര്യങ്ങള് കൂഴമാന്ത്രമായിരിക്കയാണ്. അതിനുമീതെ ഇനിയൊരു അപസ്മാരവുംകൂടി വേണ്ടാ.

"ഗുണദോഷിച്ചിട്ടു കാര്യമുണ്ടോ?"

"ഇല്ല. എന്നാല് പണ്ടേ നിങ്ങള് നന്നാവുമായിരുന്നു."

"ഞാന് നിന്നോട് ആലോചിക്കണം എന്നാണ് വിചാരിക്കുന്നത്."

"എല്ലാ പെടാമാരണവും വലിച്ചുവെച്ച്, പിന്നെയല്ലേ ആലോചിക്കലുള്ളു? ഏതാ ഈ പെണ്ണ്?"

"വലിയ കുടുംബത്തിലേതായിരുന്നു."

"എന്നിട്ട് എങ്ങനെ ഈ പരിചിലായത്?"

മാസ്റ്റര് ആ കഥ ചുരുക്കിപ്പറഞ്ഞു. കുടുംബം തകര്ന്നതില്നിന്നു തെറിച്ചുപോന്നതാണ് ആ ീ എന്നുമാത്രമാണ് ആ കഥയുടെ രത്നച്ചുരുക്കം.

"പെറ്റൊരു പെണ്ണിനേയും വെച്ചു ഞാന് എന്തു ചെയ്യും?"

"ഈറ്റുനോവു പിടിച്ചു നില്ക്കുമ്പോള് പെറാന് ഒരിടം കൊടുത്തു. ഇനി കുട്ടിയേയും എടുത്തു പൊയ്ക്കോള്ളട്ടെ--' ' മാസ്റ്റര് തന്റെ കൈ ശുദ്ധമായി എന്നൊരു നാട്യത്തിലങ്ങു പറഞ്ഞു.

“നിങ്ങള്ക്കെന്തുമാവാം.” ഭാര്യ പടംപൊക്കി: “ആ ചോരക്കുട്ടിയെയും എടുത്തു പുറത്തു പോവാന് പറയാന് ഞാന് പിശാചാണോ? നിങ്ങള് ഇങ്ങനെ ബുദ്ദായല്ലോ.”

“പിന്നെ ഇവിടെ പാര്പ്പിക്കാനോ?”

“ആവോ!” എന്താണു ചെയ്യേണ്ടതെന്നു മാധവിയമ്മയ്ക്ക് അറിഞ്ഞുകൂടായിരുന്നു: “അവളോട് ആ ചോരക്കുട്ടിയേയും എടുത്തു പുറത്തുപോവാന് പറയാന് എന്നെക്കൊണ്ടു സാധിക്കില്ല.”

“ഇവിടെ പാര്പ്പിക്കാന് ഞാനും സമ്മതിക്കില്ല.” ഭര്ത്താവു മുറുക്കം കൂട്ടി.

“വേണമെന്നുവയ്ക്കാനും വേണ്ടെന്നുവയ്ക്കാനും ഒക്കെ നിങ്ങള്ക്കാണോ അധികാരം?”

“അതെ.”

“അപ്പോ ഞാനൊരു പാവയാണോ?” അവര് മുഖംവെട്ടിച്ചുകൊണ്ടു പറഞ്ഞു:“മൂന്നു മക്കളുടെ അമ്മയായിട്ടും എനിക്ക് ഈ വീട്ടില് അധികാരമില്ലെങ്കില് അതൊന്നു തീര്ച്ചപ്പെടണം. നാട്ടുകാര് എന്നെയാണ് പരിഹസിക്കുക. ഞാന് അവളെ പറഞ്ഞയയ്ക്കുന്നില്ല.” അവസാനവാക്കും പറഞ്ഞു മാധവിയമ്മ അകേത്തക്കൊരു പോക്ക്, ‘ഞാന് ഭരിച്ചേ നില്ക്കൂ‘ എന്ന മട്ടില്.

രാമന്മാസ്റ്ററുടെ മനസ്സില് ഒരു കുളിര്മ്മ, തന്റെ പ്രയോഗം കുറിക്കുകൊണ്ടിരുന്നു. ഇടത്തോട്ടു പോകേണ്ടപ്പോഴെല്ലാം ഭാര്യയെ തെളിക്കേണ്ടതു വലത്തോട്ടാണെന്ന് അയാള്ക്കറിയാം. ആ പ്രസവം സംബന്ധിച്ച എല്ലാ ഉത്തരവാദിത്വവും ഭാര്യ ഏറ്റെടുത്തു കഴിഞ്ഞല്ലോ. എന്നാലും കുഞ്ഞുക്കുട്ടിയെപ്പറ്റി ആലോചിക്കുമ്പോഴെല്ലാം ഒരു വിഷാദം!

“അവളിങ്ങനെയായല്ലോ!”

മാധവിയമ്മ കുട്ടിക്കും തള്ളയ്ക്കും വേണ്ട ശുശ്രൂഷകളൊക്കെ ചെയ്യുന്നുണ്ട്. പ്രതികാരം ചെയ്യുന്ന സുഖവും ഒരു പോംവഴി കണ്ടെത്തിയ ആശ്വാസവും അവര് ഒപ്പം ഉള്ക്കൊണ്ടു.

കുഞ്ഞുക്കുട്ടി കൂടക്കുടെ ഞെരങ്ങി. അപ്പോഴൊക്കെ മാധവിയമ്മ അടുത്തു ചെന്നു ചോദിച്ചു:

“വെള്ളം കുടിക്കണോ?”

“വേണം.”

“എന്നാല് അതു പറയരുതേ? വെറുതെ ഞെരങ്ങണോ?”

അവര് കാപ്പി വായില് ഒഴിച്ചുകൊടുക്കുകയും ചെയ്തു. പേറിനു വന്ന അയല്പക്കക്കാരികള് തിരിച്ചുപോയി. മാസ്റ്റര് ഭക്ഷണം കഴിച്ചു കിടന്നു. കുട്ടികളും ഉറങ്ങി. മാധവിയമ്മ ആ പുതിയ കുട്ടിയുടെ ചുണ്ടു കൂടക്കുടെ നനച്ചുകൊടുത്തു. രണ്ടുമണിയായി അവരൊന്നു തലചായ്ച്ചപ്പോള്. ദുഃസ്വപ്നസങ്കുലമായ ഒരു രാത്രിയായിരുന്നു രാമന് മാസ്റ്റര്ക്ക്. ഉറക്കം വരുന്നില്ല. ഭൂതകാലത്തിന്റെ നിഴലുകള് ഉള്ളില് കെട്ടിപ്പിണഞ്ഞു കളിക്കുന്നു.

വിചാരങ്ങള് ഒരു പതനത്തിലെത്തുമ്പോള് അയാള് നെടുവീര്പ്പോടെ ചോദിക്കും: "ആ കുഞ്ഞുക്കുട്ടിയാണോ ഇത്?"

പുറത്ത് ഇലപ്പുറത്തുവീഴുന്ന മഞ്ഞുതുള്ളികള്, അപസ്മാരരോഗിയുടെ പല്ലുകടിപോലെ, ഇടതടവില്ലാതെ ശബ്ദമുണ്ടാക്കി ക്കൊണ്ടിരുന്നു. ആവിവണ്ടിയുടെ വേഗത്തില് സംഭവങ്ങള് വന്നു മേലേക്കു കയറുകയാണ് ചെയ്തത്. അയാള് തളര്ന്നിരുന്നു. പുലരാറായപ്പോള് അയാള് ഉറങ്ങിപ്പോയി. മാധവിയമ്മ വന്നു വിളിച്ചിട്ടാണ് മാസ്റ്റര് ഉണര്ന്നത്. സംഭ്രമത്തോടെ ചോദിച്ചു:

"എന്തേ?"

"എന്തൊരു വിറയാണ്! ഒന്നു വന്നു നോക്കൂ."

മാസ്റ്റര് അമ്പരന്ന് അവിടെത്തന്നെ ഇരുന്നു.

"എന്താ പൊട്ടന്കളിക്കുന്നത്? ഇങ്ങോട്ടു വരൂ."

മാസ്റ്റര് മാധവിയമ്മയെ പിന്തുടര്ന്നു കുഞ്ഞുക്കുട്ടി കിടക്കുന്ന മുറിയുടെ വാതില്ക്കലേക്കു ചെന്നു. അവിടെ വിറയലും ഞെരക്കവുമാണ്.

"എന്താണിത്!" മാസ്റ്റര് മന്ത്രിക്കുംപോലെ ചോദിച്ചു.

"കണ്ണില്ലേ മുഖത്ത്?" മാധവിയമ്മ വലിച്ചൊരു നോട്ടംവിട്ടു. മാസ്റ്റര് കണ്ണുകള് ഒന്നു കൂട്ടിത്തിരുമ്മി നിശ്ശബ്ദനായിനിന്നു നോക്കി.

"പനി. തൊട്ടാല് പൊള്ളും!"

വലഞ്ഞല്ലോ തേവരേ! എന്നു മാസ്റ്റര് പറഞ്ഞില്ല. മുഖം തിരിച്ചു നടന്നു. ഉമ്മറത്തെ ബെഞ്ചില് വന്നിരുന്നു ദൂരത്തേക്കു നോക്കി. സൂര്യന് ഉദിച്ചുവരികയാണ്. ഒരു ചോരക്കുഞ്ഞിനെപ്പോലെയുണ്ട്. ശാലീനമായ പുലര്കാല പ്രഭ പതുക്കെപ്പതുക്കെ ഇല്ലാ താകുന്നു . തലേന്നാളത്തെ ഉറക്കമിളയ്ക്കലും ദുഃസ്വപ്നങ്ങളും മാനസിക സമ്മര്ദ്ദവുംകൂടി അയാളുടെ ബുദ്ധിയില് ഒരുതരം പാട കെട്ടിച്ചിരിക്കുന്നു. അവ്യക്തങ്ങളും ഉദ്വേഗകരങ്ങളുമായ ചില ചിത്രങ്ങള് മുമ്പിലൂടെ കടന്നുപോകുന്നുവെന്നുമാത്രമാണ് രാമന്മാസ്റ്റര്ക്കു മനസ്സിലായത്.

"എന്താ മണ്ണപ്പനെപ്പോലെ ഇങ്ങനെ ഇരിക്കുന്നത്?" ഭാര്യയുടെ ആ ചോദ്യം അയാളെ ഞെട്ടിച്ചു. ഒരു ചെവിപൊട്ടനെപ്പോലെ, മുഖമുയര്ത്തി ചോദിച്ചു:"ഏ?"

"ഭഗവാനേ, നിങ്ങടെ ബുദ്ധി വല്ലാത്തൊരു ബുദ്ധിയാണ്!"

"അതേ."

"അതവിടെ കിടന്നു ചാവും!"

"ഏ?"

"ഈ മഹാപാപം കണ്ടുകൊണ്ടിരിക്കാന് വയ്യെന്ന്."

"എന്താണ് വേണ്ടത്?" ശാന്തസ്വരത്തില്ത്തന്നെ മാസ്റ്റര് അന്വേഷിച്ചു.

"ഒരു വൈദ്യനെ വിളിക്കൂ."

അതിനയാള് മറുപടി പറഞ്ഞില്ല. ഒരു വേഷ്ടിയെടുത്തു ചുമലിലിട്ടു പുറത്തേക്ക് നടന്നു. അരമണിക്കൂറിനുള്ളില് വൈദ്യനുമായി തിരിച്ചെത്തി, വൈദ്യന്

ആകെയൊന്നു നോക്കി.

"ഈറ്റസന്നിയുടെ ലക്ഷണമാണ്."

"ഉ–ം" മാസ്റ്ററൊന്നു മൂളി. മാസ്റ്ററും വൈദ്യനും പുറത്തേക്കു കടന്നു. ഉമ്മറത്തെത്തിയപ്പോള് മാധവിയമ്മ ചോദിച്ചു:"എന്താ സ്ഥിതി വൈദ്യരേ?"

"സൂക്ഷിക്കണം."

"സൂക്ഷിക്കുകയല്ലാതെ ഇനി ഇപ്പോ എന്തു ചെയ്യാനാ? സ്വതേതന്നെ ഈ വീട് ഒരു കൂനാണ്, അതിന്മേലൊരു കുരുവും?"

"ഇവരെ മനസ്സിലായില്ല." വൈദ്യന് ചോദിച്ചു.

"ദാ," മാധവിയമ്മ ഭര്ത്താവിനെ ചൂണ്ടിക്കൊണ്ടു തുടര്ന്നു:"ഉണ്ടാക്കിത്തന്ന സമ്പത്താണ്."

"പേറു കഴിഞ്ഞപ്പോള് ഇറക്കിവിടണമെന്നു ഞാന് പറഞ്ഞു. നീയാണ് ആപത്തൊക്കെ വരുത്തിയത്." മാസ്റ്ററും വിട്ടില്ല.

"നിങ്ങളാണ്."

"നീയ്യാണ്."

ഭാര്യയും ഭര്ത്താവും തമ്മില് വഴക്ക്. വൈദ്യര് ഇടപെട്ട് സമാധാനം സ്ഥാപിച്ചു. അയാള് മാധവിയമ്മയുടെ ഭാഗത്തു കൂടി:"അവരെ കുറ്റം പറയണ്ട. ീകളുടെ മനസ്സു വേഗം അലിയും."

"ഈ മനസ്സു കരിങ്കല്ലാ!" എന്നു ഭര്ത്താവിനെക്കുറിച്ച് ഒരഭിപ്രായവും പുറപ്പെടുവിച്ച് അവര് അകത്തേക്കു പോയി. വൈദ്യന് മരുന്നുകള് വിധിച്ചു. ദക്ഷിണ വാങ്ങി പുറത്തേക്കും കടന്നു.

ഒരുകാലത്തു കുഞ്ഞുക്കുട്ടിയുടെ അമ്മയ്ക്കുവേണ്ടി പുന്നമരങ്ങളില് കയറി ഉറുമ്പിന്മുട്ടകള് മാസ്റ്റര് തേടിയിട്ടുണ്ട്. ഇന്നു മകള്ക്കുവേണ്ടി അതേ തൊഴില് ചെയ്യേണ്ടിയിരിക്കുന്നു. മുലപ്പാലിന് ഓടണം. മരുന്നു മേടിക്കാന് കാശു കടം വാങ്ങണം. അവിടെപ്പോകണം, ഇവിടെപ്പോകണം, ഇരിക്കപ്പൊറുതിയില്ല. ഇതിന്നിടയില് ഇളയ കുട്ടിയുടെ ശാഠ്യം. മാധവിയമ്മയുടെ ശകാരം. അയാള് എല്ലാം നിശ്ശബ്ദമായി സഹിച്ചു. കൂടെക്കൂടെ ശ്രുണ്ടിപിടിച്ചുകൊണ്ട് ആകാശത്തേക്കു നോക്കി ചോദിക്കുകയും ചെയ്തു:"ഞാനെന്തിനിങ്ങനെ നരകിക്കണം? ഇതു നല്ല പുതുമ!"

എന്നിട്ടും ആ നരകമെല്ലാം അനുഭവിച്ചു. ചികിത്സമുറയ്ക്കു നടന്നുവെങ്കിലും കുഞ്ഞുക്കുട്ടിയുടെ ദീനം വെച്ചടിവെച്ചടി കയറ്റമാണ്. പിച്ചും പേയും പറഞ്ഞുകൊണ്ടു കിടക്കുകയാണ്:"ഞാന് കാത്തിരുന്നു നശിച്ചു... തീകെട്ടോ? എന്തൊരു പുകയാണ്! ... ഗോവിന്ദന്നായരെ, ഇതു നേരാണോ?... വരില്ലേ ...?" ഇങ്ങനെ പരസ്പരബന്ധമില്ലാതെ സംസാരിക്കുന്ന അവളെ നോക്കിക്കൊണ്ടു മാസ്റ്ററും പത്നിയും താടിക്കു കൈയുംകൊടുത്തു നിശ്ശബ്ദരായി നിന്നു. എന്തൊക്കെയാണ് അവള് പറയുന്നതെന്നു രണ്ടുപേര്ക്കും മനസ്സിലായില്ല.

മാസ്റ്ററുടെ വിഷമം കണ്ടു സഹായിക്കാന് അയല്പക്കക്കാര് വന്നു

ചേര്ന്നിരുന്നു--പെണ്ണുങ്ങളും ആണുങ്ങളും. മാസ്റ്ററുടെ മനോഗ്രണത്തെപ്പറ്റി അവര് സ്വകാര്യത്തില് വാഴ്ത്തി. ഇതിന്നിടയില് ആരോ വന്ന് അയാളുടെ ചെവിയില് മന്ത്രിച്ചു:"ലഹളയില്പ്പെട്ടു ഗര്ഭമായതാണത്രേ!"

"മാപ്പിളമാര് പിടിച്ചുകൊണ്ടുപോയതാത്രേ. അതിന്റെ കുറ്റമല്ല. മരണപ്പാച്ചിലല്ലേര്ന്നു!"

"ഉം-ഉം." മാസ്റ്റര് ഒന്നു മൂളുകമാത്രം ചെയ്തു. ഇതേവരെ ഇല്ലാത്ത ഒരു വേദന അയാളുടെ ഹൃദയത്തില് ഉറവെടുത്തു.

കുഞ്ഞുക്കുട്ടിയെ സംബന്ധിച്ചു നാട്ടില് അതായിരുന്നു സംസാരം. ഗോവിന്ദന്നായര് അവളെ വിട്ടുപിരിഞ്ഞതിനുശേഷം ആറു ദിവസം അവള് കാത്തു. പുലര്കാലംമുതല് ഉറക്കംപിടിക്കുന്നതുവരെ കാത്തിരിപ്പുതന്നെ. ഏഴാംദിവസം ആ വീടുവിട്ടു പുറപ്പെട്ടു. വഴിപോലും നല്ലവണ്ണമറിയില്ല. എങ്ങോട്ടെന്നില്ലാതെ നടന്നു. അഥവാ, പൊങ്ങുതടിപോലെ, ഒഴുകുകയായിരുന്നു.

"എങ്ങോട്ടാ?" വഴിയില്വെച്ച് ആരോ അവളോടന്വേഷിച്ചു.

"ഗോവിന്ദന്നായരെ കണ്ടോ?" കുഞ്ഞുക്കുട്ടി ചോദിച്ചു.

"ഏതു ഗോവിന്ദന്നായര്?"

അതവളെ അത്ഭുതപ്പെടുത്തി, അവളുടെ നോട്ടത്തില് ഒരു ഗോവിന്ദന്നായരേ ലോകത്തിലുള്ളൂ. അഥവാ ലോകമാകെ ഒരു ഗോവിന്ദന്നായരാണ്.

കുഞ്ഞുക്കുട്ടി നിന്നു. ആലോചിച്ചു. ഒരുവിധം വിവരിച്ചുകൊടുത്തു. ആ മനുഷ്യന് കൈമലര്ത്തി. അവള് നടത്തം തുടരുകയും ചെയ്തു. അങ്ങനെ പലരോടും അന്വേഷിച്ചു. ഒടുവില് ചക്കാലന് കുഞ്ഞനാണ് അവളെ കാര്യം ധരിപ്പിച്ചത്:"തിരുരങ്ങാടിയില്നിന്നു വന്ന ഒരുകൂട്ടം ലഹളക്കാരുടെ കൈയില്പ്പെട്ടു."

"എന്നിട്ട്?"

"പിന്നെത്തെ കഥയൊന്നും അറിയില്ല."

അവള് കരഞ്ഞില്ല, ബോധംകെട്ടതുമില്ല. നടത്തം തുടര്ന്നു. അന്നുമുതല്ക്കു പിന്നെ തെണ്ടിത്തിരിച്ചില്തന്നെ. അവള് കുടുംബത്തേക്കു പോയില്ല. വല്ല വീടുകളുടെയും കോലായില് കയറിക്കിടന്നു. വല്ലവരും കൊടുത്ത ഭക്ഷണം കഴിച്ചു ചിലപ്പോള് പട്ടിണിയും കിടന്നു. ഇതിനിടയില് നാട്ടുകാര് മൂക്കത്തു വിരല്വെച്ചു.

"സാധുക്കുട്ടി! അതിനെ ഇങ്ങനെയാക്കിത്തീര്ത്തല്ലോ!"

അങ്ങനെ അവളുടെ ഗര്ഭത്തിന്റെ ഉടമ ലഹളക്കാര് എന്നൊരു ജനസമൂഹമായിത്തീര്ന്നു. കുഞ്ഞുക്കുട്ടി പ്രതിഷേധിച്ചില്ല. എന്താണ് ആളുകള് പറയുന്നതെന്നു ശ്രദ്ധിച്ചതേയില്ല. ഒരു രൂപംമാത്രമാണ് അവളുടെ മുമ്പിലുണ്ടായിരുന്നത്. ഒരു ശബ്ദംമാത്രമാണ് അവളുടെ ചെവികേട്ടത് -- ഗോവിന്ദന്നായരുടെ. ഇടയ്ക്കു വല്ല പാമ്പിന്കാവിന്റെ പിമ്പുറത്തോ

ആല്ച്ചുവട്ടിലോ നിന്ന് അവള് ദീര്ഘനേരം ആരോടെന്നില്ലാതെ ചുറുപിറുന്നനെ സംസാരിക്കും!

“വന്നതു നന്നായി...ഊണുകഴിച്ചോ?...ഇല്ലേ?...വിശപ്പില്ലേ?...അരുതേ... ഇഷ്ടമാണ്...” പെട്ടെന്നുണ്ടാവുന്ന ഒരു ഇലയനക്കമോ കാല്പ്പെരുമാറ്റമോ അവളെ ഉണര്ത്തും. അവള് നടത്തം തുടരുകയും ചെയ്യും. അങ്ങനെ ആ യാത്ര ദേശാതിര്ത്തികള് കടന്നു മുന്നോട്ടു പോവുകയാണുണ്ടായത്.

കുഞ്ഞുക്കുട്ടിയുടെ ഗര്ഭം സംബന്ധിച്ച ഈ പുതുവാര്ത്ത മാസ്റ്ററെ ഞെട്ടിച്ചു. അയാള് അതു ഭാര്യയോടു പറഞ്ഞില്ല. വാക്കുകള് നിലച്ചിരുന്നു. നോട്ടങ്ങളും പ്രവൃത്തികളും മാത്രമേയുള്ളൂ.

പകലുകളും രാത്രികളും കടന്നുപോകുകയാണ്. ഭര്ത്താവു ഭാര്യയോട് ഒന്നും പറഞ്ഞില്ല. ഭാര്യ ഭര്ത്താവിനോടു വഴക്കടിച്ചില്ല. കൂട്ടിമുട്ടിപ്പോകുന്ന പാത്രങ്ങളുടെ ഒച്ച, വന്നുംപോയും നില്ക്കുന്ന അയല്പക്കക്കാരുടെ കാല്പ്പെരുമാറ്റം, കൊച്ചുകുട്ടികളുടെ ശാഠ്യം, ചോരക്കുഞ്ഞിന്റെ കരച്ചില് ഇവ മാത്രമായിരുന്നു ആ വീട്ടില് ശബ്ദം. എല്ലാവരും എന്തോ പ്രതീക്ഷിക്കയാണ്. അതെന്താണെന്ന് ആരും പറഞ്ഞില്ല.

“ഉ–ം?” ഒരു ചോദ്യം.

“ഉ–ം, ഉ–ം.” ഒരു നിഷേധം.

അവിടെവെച്ചു വര്ത്തമാനങ്ങള് അവസാനിക്കുന്നു. ഞായംവെച്ചു കൊണ്ടുവരുന്ന അയല്പക്കക്കാരികള് ആ വീട്ടിന്റെ അന്തരീക്ഷത്തിലായാല് മൂകരായിപ്പോയി.

മൂങ്ങയുടേതുപോലുള്ള ഒരു മൂളല് ആ വീട്ടില് അനുസ്യൂതമായി തങ്ങിനില്ക്കുന്നുവെന്നു മാസ്റ്റര്ക്കു തോന്നി. എല്ലാ മൂലയ്ക്കലും നിഴലുകള് കൂന്നു കൂന്നു നടക്കുന്നുണ്ടോ?

അങ്ങനെ മൂന്നു ദിവസം കഴിഞ്ഞു. മാധവിയമ്മ കൂടക്കൂടെ കുഞ്ഞുക്കുട്ടിയുടെ ചുണ്ടുകള് നനച്ചുകൊടുത്തു.

നാലാംദിവസം രാത്രി പത്തു മണിയായപ്പോള് സമ്പ്രദായമൊന്നു മാറി. കടകോലില് ചുറ്റിയ കയര് വലിയുന്നതുപോലെ, ശ്വാസഗതി ക്രമത്തിലായി. കുഞ്ഞുക്കുട്ടി കണ്മിഴിച്ചു. തറച്ചുനില്ക്കുന്ന ദൃഷ്ടികള്, കുറെ നേരം അങ്ങനെ നിന്നു. പിന്നെ ആ കണ്ണുകള് താനേ അടഞ്ഞു.

എല്ലാവരും ചുറ്റുംനിന്നു. നിശ്ശബ്ദം. ഓരോരുത്തര്ക്കും മറ്റാളുടെ ശ്വാസഗതി കേള്ക്കാം. ഒരു സൂചിത്തലപ്പിലേക്കെന്നപോലെ, എല്ലാവരും ആ കട്ടിലിലേക്കു നോക്കിനില്ക്കയാണ്. അവിടെ എന്തോ ആവിയായിപ്പോകുന്നു. വറ്റിവറ്റി ഒരു തുള്ളിയായി ചുരുങ്ങുന്നു. ഒടുവില് ആ തുള്ളിയും വറ്റി. അവള് മരിച്ചു.

ആളുകള് മുഖംതിരിച്ചു പുറത്തേക്കു കടന്നു. മാധവിയമ്മ, പച്ചമുള ചീന്തുംപോലെ, പൊട്ടിക്കരഞ്ഞുപോയി. അയല്ക്കാര് അവരെ കൂട്ടിക്കൊണ്ടു മറ്റൊരു മുറിയിലേക്കു നീങ്ങി.

മാസ്റ്റര് ഏകനായി ആ കട്ടിലിലേക്കുതന്നെ ഉറ്റുനോക്കിക്കൊണ്ട്

അവിടെനിന്നു. തന്നില്നിന്ന് എന്തോ ഒന്ന് അടര്ന്നുവീണുകിടക്കുന്നു. അയാള് ഒരു മുണ്ടെടുത്ത് ആ ശരീരം മൂടി പുറത്തേക്കു കടന്നു.

മൊത്തിയടര്ന്ന ഉറുമാമ്പഴംപോലെ, ആ തളത്തില് കിടക്കുന്ന ചോരപ്പൈതലിനെ കുറെ നേരം അയാള് നോക്കിനിന്നു. എന്നിട്ടു തന്നോടുതന്നെ പറഞ്ഞു:"ഇതു ബാക്കിയാണ്."

നാല്

"എന്താണിനി കണ്ടിരിക്കുന്നത്?" മാധവിയമ്മ രാമന്നായരോടു ചോദിച്ചു. അയാളാകട്ടെ മേല്പോട്ടും കീഴ്പോട്ടുമൊന്നു നോക്കി. എന്നിട്ടു താടിക്കു കൈയും കൊടുത്ത് ഒരിരിപ്പിരുന്നു. സമസ്തവിനയും വരുത്തിവെച്ചതു താന്തന്നെ. പക്ഷേ, കല്പിച്ചുകൂട്ടിയല്ല. നിരത്തുവക്കത്തും തണ്ണീര്പ്പന്തലിലുമെല്ലാം എത്ര പെണ്ണുങ്ങള് പെറുന്നു! ലഹള കഴിഞ്ഞതിനു ശേഷം അത്തരം പേറുകള് കുറെ ജാസ്തിയായിട്ടുമുണ്ട. അതൊക്കെ അന്വേഷിക്കേണ്ട ഒരു ചുമതലയും തനിക്കില്ല. കുഞ്ഞുക്കുട്ടിയെ കണ്ടപ്പോള് നിന്നതാണ് കുഴപ്പമായത്. അതേയോ?...മറ്റൊരു ീയായിരുന്നെങ്കില് നില്ക്കുമോ? അതു തെറ്റാണെങ്കില് ആ തെറ്റിന്റെ വേരുകള് ഭൂതകാലത്തിന്റെ ആഴത്തിലാണ് കിടക്കുന്നത്.

"എനിക്കവളെ ഇഷ്ടമായിരുന്നു. വാസ്തവം. അതിനെന്താണിപ്പോള് വേണ്ടത്?" മാസ്റ്റര് ആരോടെന്നില്ലാതെ നിശ്ശബ്ദമായി ഒരു വെല്ലുവിളി നടത്തി. പക്ഷേ , വെല്ലുവിളികൊണ്ട് കാര്യമവസാനിക്കുന്നില്ല . കുട്ടി കൈയും കാലും കുടഞ്ഞു മുമ്പില് കിടന്നു കളിക്കുന്നു . മുലപ്പാലു പോലുമില്ല . ആ വായില് എന്തെങ്കിലും വെച്ചുകൊടുക്കണം. ഇപ്പോള്ത്തന്നെ മൂന്നു കുട്ടികളെ പുലര്ത്താനുണ്ട്. ഇനിയും കുട്ടികള് ഉണ്ടായിക്കൂടായ്കയില്ല. "ഈശ്വരന് തരുമ്പോള് കൈകാട്ടി വാങ്ങാതെ പറ്റ്വോ?" എന്നാണ് മാധവിയമ്മ ചോദിക്കുന്നത്. നേരാണ്. ഈശ്വരന്റെ വഴി മുടക്കാന് കഴിയില്ല. പക്ഷേ, അവര്ക്കുള്ള ഭക്ഷണം മാസ്റ്റരുയാക്കണം. നാലാമതൊരു കുട്ടികൂടി ഇതാ. ഇതിനെ പോറ്റിവളര്ത്തേണ്ട ഭാരം താനെന്തിന് ഏറ്റെടുക്കുന്നു? പിന്നെ ആരാണ് ഉടമസ്ഥന്? ആ ഭാഗം മുഴുവന് ഇരുട്ടാണ്. ഒരു മനുഷ്യക്കുട്ടിക്ക് ഉടമസ്ഥനില്ലാതെവരുന്നത് ഏതാണ്ട് അത്ഭുതകരമായിത്തന്നെ മാസ്റ്റര്ക്കു തോന്നി. അന്തിക്കു കന്നുകുട്ടിയെ കാണാതായാല് ആളുകള് തേടിപ്പിടിക്കും. ഇത്തരം ഒരേടാകൂടത്തെപ്പറ്റി ഇതിനുമുമ്പ് രാമന്മാസ്റ്റര്ക്ക് ആലോചിക്കേണ്ടിവന്നിട്ടില്ല. ആരോടും ചോദിക്കാനില്ലാത്തതുകൊണ്ട് അയാള് തന്നോടുതന്നെ ചോദിച്ചു: 'എവിടെ ഉടമസ്ഥന്?'

നിശ്ശബ്ദം. ഉത്തരമില്ല. അവകാശപ്പെട്ടതും അവകാശമില്ലാത്തതുമായ ഒരു കഷ്ണം ഭൂമി കൈക്കലാക്കാന് എത്ര വ്യവഹാരങ്ങള് നടക്കുന്നു! ഒരു കൊച്ചുമനുഷ്യനെ അവകാശപ്പെടാന് ആളില്ലേ? ഒരു തിരശ്ശീല മുന്പില് നിന്നു

നീങ്ങിയതുപോലെ തോന്നി. പേരിടാന് വയ്യാത്ത പുതിയ സത്യങ്ങള് പ്രത്യക്ഷപ്പെടുന്നു. ഒന്നും വ്യക്തമായി മനസ്സിലാകുന്നില്ല. ഒരത്ഭുതരസംമാത്രം ഉള്ളില് തങ്ങി നിന്നു . മാസ്റ്റര് അന്നു കഠിനമായി ചിന്തിച്ചു . പോം വഴിയില്ല. ഒടുവില്, സന്ധ്യയ്ക്കു പതിവു തൊഴുത്തിലണയുന്ന പശുക്കുട്ടിയെപ്പോലെ, അയാളുടെ ചിന്ത ഒരിടത്തു ചെന്നുചേര്ന്നു: 'എല്ലാം വിധിയാണ് കേട്ടോ, വിധി!'

"നിങ്ങളുടെ ഇരിപ്പു കാണുമ്പോള് എന്റെ കാലിന്റെ പെരുവിരലില് നിന്ന് ഒരു പേന്കടി ഇളകുന്നുണ്ട!" ഭാര്യ ഓര്മ്മപ്പെടുത്തി. മാധവിയമ്മയുടെ സാന്നിധ്യം ഏതാണ്ട് വിസ്മരിച്ചിരുന്ന അയാള് പെട്ടെന്ന് ഉഷാറായി.

"ഏ?...ഏ?...എന്തേ ചോദിച്ചത്?"

"ഈ കുട്ടിയെ എന്താണ് ചെയ്യുക?"

"ഉപേക്ഷിക്കാം." മാസ്റ്റര് ഒരു സ്വാമിതിരുവടികളുടെ ഭാവവിശേഷത്തോടെ പറഞ്ഞിട്ടു ഭാര്യയുടെ മുഖത്തേക്കൊന്നു നോക്കി. അവരുടെ കവിളുകളില് കുമ്പളപ്പൂ വിടര്ന്നുവരുന്നു. ആ ജ്വാലകള് കോപത്തിന്റേതോ സ്നേഹത്തിന്റേതോ? മാസ്റ്റര് കാത്തു. മാധവിയമ്മ ഭര്ത്താവിനെ കണ്ണുകൊണ്ടൊരു സര്വ്വേ നടത്തിയിട്ടു പറഞ്ഞു.

"പൂച്ചക്കുട്ടിയെപ്പോലെ കരകടത്താന് വയ്യാ. ഇതു മനുഷ്യക്കുട്ടിയാണ്."

"എന്നാല് വളര്ത്താം." അതേ നിര്ല്ലോപതയോടെ മാസ്റ്റര് പോംവഴിയും ഉപദേശിച്ചു.

"നിങ്ങളിവിടെ പൊന്നുകെട്ടിവച്ചിട്ടുണ്ടോ!"

"പിന്നെ ഞാനെന്തുവേണം?"

"ഓ, എന്നെക്കൊണ്ടു പറയിക്കല്ലേ! ചെയ്യേണ്ടതൊക്കെ ചെയ്തിട്ട്."

"നിര്ത്ത്! " മാസ്റ്റര്ക്കും കലിവന്നു. അയാളുടെ ഹൃദയം നിന്നു മുട്ടിത്തിരിയുകയാണ്. എന്തൊരു സ്വൈരക്കേട്! ഭാര്യ തുടരാന് പുറപ്പെട്ടപ്പോള് അയാള് ഒച്ചയിട്ടു:"നിര്ത്ത്!"

"നിര്ത്തില്ല."

"നിര്ത്തിയില്ലെങ്കില് ഞാനിക്കുട്ടിയെ എടുത്തു പുറത്തേക്കെറിയും! അല്ലെങ്കില് ഞാന് പോയി തൂങ്ങിച്ചാവും! രണ്ടിലൊന്ന് ഇന്നിവിടെ സംഭവിക്കും . ഉദയം മുതല് അസ്തമയം വരെ തടി വെള്ളമാക്കിയുണ്ടാക്കുന്ന കാശു ചെലവിടുക. എന്നിട്ട് ഞാന് ശകാരവും കേള്ക്കുക! ഇതു നല്ല പുതുമ! എല്ലാ ഭാഗത്തുനിന്നും കടന്നല്ക്കുത്തോ? ഞാനൊരു മനുഷ്യനല്ലേ? എനിക്കൊരു ദിവസം സുഖമായിട്ടുണ്ടോ? ഒരു നാഴിക? എന്തെങ്കിലും ഒരു മോഹം സാധിച്ചിട്ടുണ്ടോ? ഉണ്ടോ, പറയ്. ..എനിക്കല്പം ക്ഷമയുണ്ട്, വിവേകമുണ്ട്, വാസ്തവമാണ്. ഒരു സ്കൂള്മാസ്റ്റര്ക്ക് അതൊക്കെ വേണം. അതിനുമില്ലേ ഒരതിര്?... ഇന്നേവരെ എന്നെ തടുത്തുവയ്ക്കാനും ശകാരിക്കാനുമല്ലാതെ ഒരാളുണ്ടായിട്ടുണ്ടോ? ക്ഷീണമുണ്ടോ എന്ന് ഒരു ജീവി എന്നോടു ചോദിച്ചിട്ടുണ്ടോ? ഒടുങ്ങാത്ത ഒരു വയറ്റില്വേദനയും! ഇതെന്നെ കൊല്ലും. വണ്ടിക്കാളയക്കാള് കഷ്ടമായ ജന്മം! പിന്നെ ശകാരവും. ഇതു നല്ല പുതുമ!

ഞാന് ഒരു കഷ്ടം കയറു ചെലവാക്കിക്കളയും. പോട്ടെ പോ..." കിതപ്പുകൊണ്ടു മാസ്റ്റര്ക്കു ശ്വാസം മുട്ടി . ഒടുക്കമൊടുക്കമെത്തുമ്പോഴേക്കും ആ സംഭാഷണം ഒരു നിലവിളിപോലെയായിരുന്നു .

മാധവിയമ്മ തളര്ന്നുപോയി. ഇങ്ങനെ ഒരു പൊട്ടിച്ചീറല് അവര് പ്രതീക്ഷിച്ചതല്ല. ഭര്ത്താവിനെ ആകെയൊന്നു നോക്കി. കിതച്ചുകൊണ്ടു നില്ക്കുന്ന ആ 'കുട്ടികളുടെ അച്ഛനെ' കണ്ടപ്പോള് അവരുടെ മനസ്സുരുകി. അവര് പതുക്കെ അടുത്തേക്കു ചെന്നു. എന്നിട്ടു മൃദുസ്വരത്തില് പറഞ്ഞു:"അപ്പോഴേക്കും ഇങ്ങനെയൊക്കെ ദേഷ്യപ്പെട്ടാലോ....."

"ദേഷ്യപ്പെടുകയല്ല, തുങ്ങിമരിക്കുകയാണ് വേണ്ടത്! ഒന്നാന്തരം ഒരു തുങ്ങിമരണം ഇന്ന് ഈ വീട്ടില് നടക്കും. ആ ശവം ഇളിച്ചുകാട്ടിക്കൊണ്ടു നിങ്ങളുടെ മുന്നില് കിടന്നാടണം. അപ്പോഴേ നിങ്ങളോര്ക്കൂ, ഞാനാരായിരുന്നുവെന്ന്, എന്തിനുവേണ്ടി എന്റെ ജീവിതം പണയം കെട്ടി എന്ന്..."

കതിര്വന്ന മുളക്കൂട്ടം കാറ്റിലാടുന്നതുപോലെ, അയാള് നിന്ന നില്പ്പില് ഒന്നാടി. വാക്കുകള് അപ്പോഴും ഉതിരുന്നുണ്ടായിരുന്നു. മാധവിയമ്മയാകട്ടെ പനിപിടിച്ചു തുങ്ങിയ പിടക്കോഴിയെപ്പോലെ, ആ മുളക്കൂട്ടത്തിന്നു ചുവട്ടില് ഉതിര്മണികള് നോക്കി വിമ്മിട്ടപ്പെട്ടുകൊണ്ടു നിന്നു. അവസാനം നിറഞ്ഞ കണ്പീലികളോടെ മാസ്റ്റര്പോയി ചുമരുംചാരി ഇരിപ്പായി. അന്തിക്കതിരുകള് തട്ടി ചമ്പകക്കാടുകള്പോലായ മേഘമാലകള് അയാളുടെ മുമ്പിലൂടെ നീങ്ങിനീങ്ങിപ്പോവുകയാണ്. അവ അനന്തനീലിമയിലേക്ക് അലിഞ്ഞു ചേരുന്നു.

ആരും ഒന്നും സംസാരിച്ചില്ല. ഭര്ത്താവിന്റെ ഈ ക്ഷോഭം മാധവിയമ്മയെ തെല്ലൊന്ന് അമ്പരപ്പിക്കാതിരുന്നില്ല. അതൊന്നും മാസ്റ്ററുടെ സമ്പ്രദായമല്ല. ഇതിലും വലിയ വിപ്ലവമൊക്കെ അവര് ഉണ്ടാക്കിയിട്ടുണ്ട്. എന്നിട്ടും മറുഭാഗത്തുനിന്ന് ഇത്ര കടുത്തൊരു പ്രത്യാഘാതം ഉണ്ടായിട്ടില്ല. ഇപ്പോഴെന്തേ?

'പ്രായമാവുകയല്ലേ, ക്ഷീണമുണ്ടാവും.' അവര് വിചാരിച്ചു. എന്നിട്ടു ഭര്ത്താവിനോടു പറഞ്ഞു:"വരൂ, കുളിച്ചു വല്ലതും കഴിച്ചോളൂ."

മാസ്റ്റര് അനങ്ങിയില്ല. മാധവിയമ്മ വിടാതെ നിര്ബന്ധിച്ച് അയാളെ എഴുന്നേല്പിച്ചു. പുറത്തു പറ്റിയിരുന്ന കുമ്മായം തുടച്ചുകൊടുക്കുകയും ചെയ്തു.

അങ്ങനെ ആ ബഹളം അവസാനിച്ചു. പിറ്റേന്നു കാലത്തു മാധവിയമ്മ ചോദിച്ചു:"ചെറിയ മോന് എന്താ കൊടുക്കാ?"

"എന്തു വേണമെന്നുവെച്ചാല് കൊടുത്തോളൂ."

"ആട്ടിന്പാലോ പശുവിന്പാലോ നല്ലത്?"

"ആട്ടിന്പാല്. കാച്ചുമ്പോള് ഈരണ്ടു മൊരികളഞ്ഞ മുത്തങ്ങകൂടി ചതച്ചിട്ടേക്കൂ. മുലപ്പാലില്ലാത്തതല്ലേ, ഗ്രഹണി പിടിക്കേണ്ടാ."

"അതാണ് നല്ലത്. ആട്ടിന്പാലായാല് വാങ്ങുകയും വേണ്ടാ."

മാധവിയമ്മയ്ക്ക് ആടുണ്ട്. ഏകാദശിക്കുറി വെച്ചുണ്ടാക്കിയ കാശു കൊണ്ടു വാങ്ങിയതാണ്. അതവരുടെ സ്വന്തം സ്വത്താണെന്നാണ് പറയുന്നത്. 'അച്ഛനും മക്കളും ഇതില് കൈവയ്ക്കേണ്ടാ' എന്ന് അവര് കൂടെക്കൂടെ പ്രഖ്യാപിക്കുകയും ചെയ്യും. അച്ഛനും മക്കളുംകൂടി തനിക്കെതിരായി സംഘം കൂടി നില്ക്കുകയാണെന്നാണ് മാധവിയമ്മയുടെ മൊഴി . 'എന്തായാലും തള്ളയും മക്കളും ഒന്നല്ലേ?' എന്നു രാമന്നായരും ചോദിക്കും . അങ്ങനെ സ്ഥിരമായി രണ്ടു ചേരികള് ആ വീട്ടിലുണ്ടായിരുന്നു. കൂട്ടികള് രണ്ടിടത്തും മെമ്പറന്മാരാണെന്നു മാത്രം.

ഇത്തരം രണ്ടു ചേരികളുടെ ആവശ്യമുണ്ട്. എല്ലാ മാസവും ഇരുപതാം തീയതി കഴിഞ്ഞാല് ഈ ചേരികള് തമ്മില് സംഘട്ടനമാരംഭിക്കും. പ്രശ്നം സാമ്പത്തികംതന്നെ. മാസ്റ്ററുടെ ശമ്പളം ഒമ്പതുറുപ്പികയാണ്. കൂടാതെ മൂന്നാട്യൂഷനുമുണ്ട്. ആ വകയില് ഒരാറുറുപ്പിക. എന്നാലും ഇരുപതാം തീയതിയാകുമ്പോഴേക്കും അഞ്ചു ജീവികള്കൂടി ആ പതിനഞ്ചു ഉറുപ്പിക തിന്നുമുടിക്കും! പിന്നെ ദിവസം പത്തുപതിനൊന്നു കഴിയണം . മാസ്റ്റര് കടമെടുപ്പു പ്രസ്ഥാനമാരംഭിക്കുകയായി . ചായക്കടക്കാരന് രക്കുണ്ണിനായര് മാസ്റ്ററുടെ ഒരു സ്ഥിരം സഹായിയാണ്. ഏഴുപ്രാവശ്യം പഴനിക്കും രണ്ടുതവണ ശബരിമലയ്ക്കും പോയിവന്നിട്ടുള്ള അയാള് കൈയില്വെച്ചിട്ട് ഇല്ലെന്നു പറയില്ല. ഈശ്വരന്മാര് കേള്ക്കും! പിന്നെയൊന്നുള്ളതു ബമ്പന് വീരാനാണ്. ആള് വലിയ 'ആസാമി'യാണെങ്കിലും മാസ്റ്ററെ താത്പര്യമാണ്. പിന്നെ പാല്ക്കാരവുകാരി പാറുനങ്ങ്യാര്, അവസാനക്കൈയായിട്ടേ മാസ്റ്റര് അറുപിശുക്കത്തിയായ ആ തള്ളയെ സമീപിക്കാറുള്ളു."ഇപ്പോഴത്തെ ഉറുപ്പികയിന്മേലൊക്കെ എങ്ങനെയാണ് രൂപംകൊത്തിയിട്ടുള്ളത്?" എന്നാണ് ആരെ കണ്ടാലും അവര് ആദ്യം ചോദിക്കുക. അവരും മാസ്റ്ററെ സഹായിക്കാറുണ്ട്. ഇതൊക്കെക്കഴിഞ്ഞാലും തീയതി ഇരുപത്തിരണ്ട്–ഇരുപത്തിമൂന്നായിട്ടേ ഉണ്ടാവൂ. അപ്പോഴാണ് മാസ്റ്റര് മധുരമായ ഒരു മന്ദസമ്മിതത്തോടെ ഭാര്യയെ സമീപിക്കുന്നത്. മധുവിധുകാലത്തുകൂടി അത്രയും ശൃംഗാരമൂറുന്ന ഒരു ചിരി മാധവിയമ്മ കണ്ടിട്ടുണ്ടാവില്ല. എന്നിട്ടു തേനൊലിക്കുന്ന ഒരു വിളി:"മാധവി!"

"എന്താ?" മാധവിയമ്മ കഴുത്തു വെട്ടിച്ച് ഉഗ്രമായ ഒരു നോട്ടം.

"നിനക്കു നല്ല സുഖമില്ലേ, മാധവീ?"

"എന്റെ സുഖക്കേടന്വേഷിക്കാന് ഇവിടെ ആരുമില്ലല്ലോ!"

"ഞാനില്ലേ--നിന്റെ ഈ ഞാന്?"

"ദാ, പൊന്നാരം പറയല്ലേ, എനിക്കു കലികയറും!"

അങ്ങനെ കുറച്ചുനേരത്തെ പ്രണയസംഭാഷണം കഴിഞ്ഞാല് മാസ്റ്റര് കാര്യം അവതരിപ്പിക്കുകയായി:

"മാധവി, നിന്റെ കൈവശം വല്ലതുമുണ്ടോ?"

"ഉലയ്ക്കടപുഴുങ്ങിയതുണ്ട്!"

“അതുകൊണ്ടു കുട്ടികളുടെ വിശപ്പു മാറില്ലല്ലോ. ആട്ടിന്പാല് വിറ്റവ കയില് വല്ലതും? ഒന്നാം തീയതി അങ്ങോട്ടുതന്നെ എടുക്കാം.”

പിന്നെ മാധവിയമ്മയുടെ വക ചെറിയ തോതില് ഒരു കലാപരിപാടിയാണ്. തിറയാട്ടത്തിന്റെയോ തിരിയുഴിച്ചിലിന്റെയോ വകുപ്പില് പെടുത്താം. മാസ്റ്റര് ശാന്തനായി അതു നോക്കിക്കൊണ്ടിരിക്കും. തന്റെ കൈവശം കാശുണ്ടെന്നു മക്കളാണ് ഭര്ത്താവിനെ അറിയിച്ചതെന്നാണ് മാധവിയമ്മയുടെ വിശ്വാസം . മിണ്ടേട് അസത്തുക്കള്! എന്നു രാമന്മാസ്റ്ററും . ആ സംഘട്ടനത്തിന്റെ അവസാനത്തില്, നാഗക്കളത്തില്നിന്നുറഞ്ഞു പൂക്കുല കുത്താന് പോകുന്ന പെണ്ണിനെപ്പോലെ, മാധവിയമ്മ ഒരു പാച്ചിലങ്ങു പാഞ്ഞ്, ചുമര്പ്പൊത്തില്നിന്നോ വെണ്ണീറ്റിന്കൂഴിയില്നിന്നോ ഉള്ള കാശൊക്കെ പെറുക്കിയെടുത്തു കൊണ്ടുവന്നു രാമന്നായരുടെ മുമ്പിലേക്കൊരേറ്!"ദാ, ഒക്കെ കൊണ്ടുപോയി തുലച്ചോളിന്!”

മുറിയില് ചിന്നിച്ചിതറന്ന ആ നാണ്യത്തുട്ടുകള് ഒന്നും വിടാതെ മാസ്റ്ററും മക്കളുംകൂടി പെറുക്കിയെടുക്കും. അന്ന് ആ വീട്ടില് അരിയും കറിയുമൊക്കെയുണ്ടാവും. പക്ഷേ, പിന്നത്തെ ശമ്പളം കിട്ടുന്നതുവരെ ആ ദമ്പതിമാര് തമ്മില് സംസാരിക്കുകയില്ലെന്നുമാത്രം. അങ്ങനെ എല്ലാ മാസാവസാനത്തിലും കലഹവും ഭക്ഷണവും സൃഷ്ടിക്കുന്ന ആ ആടു പുതിയ ജീവന് അമ്മിഞ്ഞപ്പാലും നല്കി.

അവന് വളര്ന്നുവരികയാണ്. ഇരുപത്തെട്ടാംനാള് മാധവിയമ്മ ചോദിച്ചു:

“എന്താണ് പേരിടേണ്ടത്?”

“മറ്റുള്ളവര്ക്കൊക്കെ പേരിട്ടത് എന്നോടു ചോദിച്ചിട്ടാണോ?”

അതിനു മാധവിയമ്മയ്ക്കു മറുപടിയുണ്ടായിരുന്നില്ല. ആദ്യത്തെ മകള്ക്കു പേരിടാറായപ്പോള് മാധവിയമ്മ പറഞ്ഞു:“ഞാനിവള്ക്ക് ഒരു പേരു കണ്ടുവെച്ചിട്ടുണ്ട്.”

“എന്താ?” മാസ്റ്റര്.

“ബാലാമണി!”

“ഓ!”

രണ്ടാമത്തെ മകളെ പെറ്റപ്പോഴും അവര് പറഞ്ഞു:“ഇവളു രാധയാണ്.”

“ഓ!”

മൂന്നാമത്തെ ചെക്കനെ പെറ്റപ്പോള്പ്പോലും ആ അവകാശം അവര് ഭര്ത്താവിനു വിട്ടുകൊടുത്തില്ല. അവനു ഗോപാലകൃഷ്ണനെന്നു പേരിട്ടു. അപ്പോഴും മാസ്റ്റര് സമ്മതിച്ചു:“ഓ!”

ഈ ചോദ്യത്തില് തന്റെ പക്ഷത്തു ന്യായമില്ലെന്ന് അവര്ക്കറിയാം. അതുകൊണ്ടു താന്തന്നെ പേരിട്ടുകളയാമെന്നു തീര്ച്ചപ്പെടുത്തി:

“വിശ്വനാഥന്; എന്താ?”

“ഓ!”

പാലൂട്ടി, താരാട്ടി വളര്ത്തുന്നതിന്നിടയില് ആ കുട്ടിയെ താന് പെറ്റതല്ലെന്ന

കഥ മാധവിയമ്മ മിക്കവാറും വിസ്മരിച്ചു. അയല്പക്കക്കാരികളുടെ അഭിപ്രായപ്രകടനങ്ങള് കേള്ക്കുമ്പോള് മാത്രമാണ് അവര് ആ സംഗതി ഓര്മ്മിച്ചത്. വടക്കേതിലെ ഭാര്ഗ്ഗവിയമ്മ പറഞ്ഞു:"മാധവിയമ്മയുടെ പ്രാരബ്ധം!" പെറ്റിട്ടും പെറാതെയും വളര്ത്തണം.

"ഈശ്വരന് ഇക്കുറി ഇങ്ങന്യേ തന്നത്. അതും കൈകാട്ടി വാങ്ങേണ്ടേ?"

"ശരിയാണ്." ഭാര്ഗ്ഗവിയമ്മയും സമ്മതിച്ചു. പലരും അവരുടെ വിശാല മനഃസ്ഥിതിയെപ്പറ്റി വാഴ്ത്തി. അത്രയൊക്കെ പറയാനെന്താണുള്ളതെന്നു മാധവിയമ്മയ്ക്കു മനസ്സിലായില്ല. എങ്കിലും ആ പ്രശംസയൊക്കെ താനര്ഹിക്കുന്നുണ്ടെന്നു പുറമേ നടിക്കുകയും ചെയ്തു."വളര്ത്തിക്കൊള്ളൂ, അവന് മിടുക്കനാവും." ഭാര്ഗ്ഗവിയമ്മ ഒടുക്കം അനുഗ്രഹിച്ചു.

"മേലെ ഒരുവനുണ്ടല്ലോ!" അതാണ് മാധവിയമ്മയുടെ സമാധാനം.

ഇതിന്നിടയില് വിശ്വനാഥന് നീന്താനും മുടുകുത്താനും ആരംഭിച്ചു. എന്നാല്ല, കണ്ണില്ക്കണ്ടതൊക്കെ വാരിവലിച്ചിടും. ആ കുട്ടിയുടെ കളി നോക്കിക്കൊണ്ടു മാസ്റ്റര് വളരെ നേരം നിശ്ശബ്ദനായിരുന്നു. തന്റെ മക്കളെപ്പറ്റി അയാള് ഒരിക്കലും അത്ര ശ്രദ്ധിച്ചിട്ടില്ല . അവര്ക്കമ്മയുണ്ട്. മക്കളെ വളര്ത്തേണ്ടത് അമ്മയുടെ ചുമതലയാണ്. എന്നാല് ഈ കുട്ടിയുടെ കാര്യത്തില് തന്റെ കണ്ണു ചെല്ലണം. താനങ്ങനെ ശ്രദ്ധിക്കുന്നുണ്ടെന്നു മാധവിയമ്മയെ അറിയിക്കാനും പാടില്ല. കുറേനേരം നോക്കിയിരുന്നിട്ട് അയാളൊന്നു നെടുവീര്പ്പിട്ടു.

'അവളുണ്ടായിരുന്നെങ്കില്...'

ഒരു ദിവസം വിശ്വത്തിന്റെ കളിയും നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് ഭാര്യയുടെ അമ്മാമന് വന്നു കയറിയത്. മൂപ്പരൊരു പഴയ മനുഷ്യനാണ്, പ്രതാപിയുമാണ്. കുടുംബത്തുള്ളതൊക്കെ അയാളുടെ സ്വന്തം സമ്പാദ്യമാണ്. കൃഷിക്കു പുറമേ വ്യാപാരവുമുണ്ട്. വിത്തുകച്ചവടം, പണമിടപാട്, കൊപ്പരയുണക്കല്--അങ്ങനെ പലതും. 'ഈ കാണുന്നതൊക്കെ ഞാനുണ്ടാക്കിയതാ, ഞാനൊരുത്തന്!'--ഇതാണ് അങ്ങോരുടെ മുദ്രാവാക്യം. പുതിയ ഒരാളെക്കണ്ടാല് അതു പറയുകയും ചെയ്യും. കറുത്തു തടിച്ച ശരീരം, മലോകെ രോമം, നെറുകയില് ഒരു വെളുത്ത കുറ്റിക്കാട്. ഭസ്മംകൊണ്ടു പട്ടയടിച്ച നെറ്റി , നീണ്ട മൂക്ക്, പര ലോകസുഖത്തിനു വേണ്ടി ധരിക്കുന്ന സ്വര്ണ്ണം കെട്ടിച്ച രുദ്രാക്ഷം, ഇഹലോകസൗഭാഗ്യത്തിനു വേണ്ടിയുള്ള നാല് ഉരുള്മോതിരങ്ങള്, ഇല്ലിക്കുന്നുമുണ്ട്, ഈര്ക്കില്ക്കരയന്വേഷ്ടി, വെള്ളി കെട്ടിച്ച ചൂരല്വടി, ഗംഭീരനായിരുന്ന വേലുമ്മാന്. അയാള് വന്നു കയറിയപ്പോള് മാസ്റ്റര് തട്ടിപ്പിടഞ്ഞെഴുന്നേറ്റ് ആദരിച്ചു:

"ഇരിക്കു."

ഉടനെ ഭാര്യയെ വിവരമറിയിക്കുകയും ചെയ്തു. അവര് വന്നു വാതില്ക്കല് പകുതി മറഞ്ഞുനിന്നുകൊണ്ടു ചോദിച്ചു:"അമ്മാമന് എപ്പോഴേ പുറപ്പെട്ടത്?"

"അമ്മായിക്കും കുട്ടികള്ക്കും..."

"വിശേഷിച്ചൊന്നുമില്ല." അയാള് വാചകം പൂര്ത്തിയാക്കി. എന്നിട്ട്

വിശ്വനാഥനെയും മരുമകളെയും ഒന്നു നോക്കി:"പ്രസവിച്ചാല് ഒന്നറിയിക്കാന് കൂടി സമയമില്ല, അല്ലേ മാധവീ?" അതൊരു ചോദ്യത്തക്കൊളധികം ഒരാജ്ഞാപനമായിരുന്നു.

"പ്രസവിച്ചില്ല." മാധവിയമ്മ പരുങ്ങിക്കൊണ്ടു പറഞ്ഞു. എന്നിട്ടും ഭര്ത്താവിന്റെ മുഖത്തേക്ക് ഒന്നിടംകണ്ണിട്ടുനോക്കുകയും ചെയ്തു-- ശേഷം വിവരമെല്ലാം പറഞ്ഞേക്കു എന്നര്ത്ഥത്തില്.

"ഈ കുട്ടി ഇവിടത്തെയല്ലേ?" കാരണവര് ഒരു വിശദീകരണം ആവശ്യപ്പെട്ടു.

അതിനു മറുപടിയുണ്ടായില്ല. മാസ്റ്റര് ഭാര്യയുടെ മുഖത്തേക്കു നോക്കി; ഭാര്യ മാസ്റ്ററുടെ മുഖേത്തക്കും . പിന്നെ രണ്ടുപേരും തലയും താഴ്ത്തി നിന്നു .

"എന്താ മിണ്ടാത്തത്? ഈ കുട്ടി ഇവിടത്തെയല്ലേ എന്ന്."

"അല്ല."

"എന്നാല് അതിങ്ങോട്ടു പറഞ്ഞുക കൂടേ?" അല്പം ഒരാശ്വാസത്തോടെ കാരണവര് തുടര്ന്നു:"ഏതാ കുട്ടി?"

"ഒരു വളര്ത്തുകുട്ടിയാണ്." മാധവിയമ്മ കാര്യങ്ങള് വിശദമായി പറഞ്ഞു. കാരണവര് രാമന്നായരെയും മാധവിയമ്മയെയും മാറിമാറി നോക്കി. അത്ഭുതമോ ദേഷ്യമോ എന്തൊക്കെയോ ആ മുഖത്തു സ്ഫുരിച്ചിരുന്നു.

"ആരു പറഞ്ഞു ഈ കുട്ടിയെ ഏറ്റെടുക്കാന്? ആരോടു ചോദിച്ചിട്ട്?" തന്റെ കുടുംബക്കാരും ബന്ധുക്കളുമെല്ലാം എന്തു ചെയ്യുന്നതും തന്നോടു ചോദിച്ചിട്ടുവേണ്ടേ? ദേശക്കാര്കൂടി അങ്ങനെ ചെയ്യുന്നു!

"കുട്ടിയെ വലിച്ചെറിയാന് സാധിക്കുമോ?" രാമന്മാസ്റ്റര് പതിഞ്ഞ സ്വരത്തില് ചോദിച്ചു.

"സാധിക്കില്ല, അല്ലേ?" ഉച്ചിക്കുടുമ അങ്ങോട്ടുമിങ്ങോട്ടും രണ്ടു തട്ടു തട്ടിക്കൊണ്ട് കാരണവര് എഴുന്നേറ്റു:"ഇവിടത്തെ കുട്ടികള്ക്കു ഭക്ഷണം കൊടുക്കാന് മാര്ഗ്ഗമുണ്ടോ?"

"ഇല്ല. അപ്പോപ്പിന്നെ ഒന്നധികമായാലും തരക്കേടില്ലല്ലോ!" നീരസേത്താടുകൂടിയാണ് രാമന്നായര് പറഞ്ഞത്. തന്റെ കുടുംബകാര്യങ്ങളില് കടന്നു ശാസനകള് പുറപ്പെടുവിക്കുന്നതു സ്വന്തം പൗരുഷത്തെത്തന്നെ ചോദ്യം ചെയ്യുന്നതുപോലെ അയാള്ക്കു തോന്നി.

"തര്ക്കുത്തരം പറയാന് പഠിച്ചാല്പ്പോരാ." വേലുനായര് ഒന്നിളകിയാടിക്കൊണ്ടു ചോദിച്ചു:"ഇതിന്റെ വൈഷമ്യം മനസ്സിലാക്കിയിട്ടുണ്ടോ?"

"ഉണ്ട്."

"അപ്പോ അറിഞ്ഞു ചെയ്തതാണല്ലേ?"

"അതേ."

"എന്നാല് നിങ്ങളായി. നിങ്ങളുടെ പാടായി. ഞാനുണ്ടെന്നു നിങ്ങള് വിചാരിക്കണ്ടാ."

“അയ്യോ, അമ്മാമാ...” മാധവിയമ്മ ഇടയില്ക്കടന്നു തടഞ്ഞു.

“താന്തോന്നിത്തംപോലെ നടന്നുകൊള്ളിന്.”

“കാര്യങ്ങളുടെ സ്ഥിതി ശരിക്കു മനസ്സിലാക്കിയാല് വേലുമ്മാനുതന്നെ ബോദ്ധ്യപ്പെടും.” രാമന്നായര് ഒരനുരഞ്ജനമനോഭാവം കാട്ടി.

പക്ഷേ, വേലുമ്മാന് ലേശവും താഴാന് തയ്യാറുണ്ടായിരുന്നില്ല. ഒരു തറവാട്ടുകാരണവരുടെ അധികാരം നിഷേധിച്ചിരിക്കുന്നു. തന്നെ നിസ്സാരനാക്കിയിരിക്കുന്നു. അതു വേലുമ്മാനു സഹിക്കാവുന്നതല്ല.

“ഈ കുട്ടിക്കു നിങ്ങളുമായിട്ട് എന്താണ് ബന്ധം?”

“മനുഷ്യക്കുട്ടിയാണെന്ന ബന്ധംമാത്രം.”

“എന്നാല് നാഥനില്ലാത്ത അനേകം കുട്ടികളുണ്ട്. എന്താണ് ഒന്നിനെയും എടുത്തുവളര്ത്താത്തത്?”

“ഇങ്ങനെ ഒരു സന്ദര്ഭം വരാത്തതുകൊണ്ട്.”

“സന്ദര്ഭം വന്നാല് വളര്ത്തും ഇല്ലേ? വൈശ്രുവണനല്ലേ--വൈശ്രുവണന്!”

മാസ്റ്റര്ക്കു കലികയറി. അയാള് മുഖമുയര്ത്തി കാരണവരെ ആകെയൊന്നു നോക്കി:“പിച്ചക്കാരനായിരിക്കാം. പക്ഷേ, നിങ്ങളുടെ മുമ്പില് കൈമലര്ത്താന് വന്നിട്ടില്ലല്ലോ?”

“എടോ, കുനിയന് കുത്തിയതുകൊണ്ടൊന്നും ഗോപുരം പൊളിയില്ല. എന്റെ കുടുംബത്തുള്ളതൊക്കെ ഞാനുണ്ടാക്കിയതാ – –ഞാനൊരുത്തന്!"

“നിങ്ങള് ഒരുത്തന്തന്നെ അനുഭവിച്ചുകൊള്ളണം.”

“ഇതിനുള്ള വഴി എനിക്കറിയാം.”

“നല്ലത്.”

കാരണവര് എഴുന്നേറ്റു. മാധവിയമ്മയുടെ നേരെ നോക്കി പറഞ്ഞു:

“കേള്ക്കേണ്ടതു കേട്ടു, മാധവീ.”

“അമ്മാമന് ക്ഷമിക്കു.”

“എന്റെ പട്ടി ക്ഷമിക്കും! ഇനി അമ്മാമനെ കാണണമെങ്കില് അമ്മാമന്റെ വീട്ടില് വരണം.”

“അമ്മാമാ!....”

അയാള് വിളി കേട്ടില്ല. നേരേ നടന്നു പാടത്തിന്റെ മറുകരയ്ക്കുള്ള നമ്പിടിയുടെ പടിപ്പുരയിലേക്കു കയറുന്നതു മാധവിയമ്മ കണ്ടു.

“ഉള്ള കഞ്ഞിയിലും മണ്ണു വാരിയിട്ടു.” മാധവിയമ്മ ദീര്ഘമായി നിശ്വസിച്ചു.

“ഉള്ള കഞ്ഞിയേ ഉണ്ടാവൂ.” മാസ്റ്ററും പറഞ്ഞു. വാസ്തവത്തില് ആ കാരണവരെക്കൊണ്ട് അത്രയ്ക്കാരു ഉപകാരമൊന്നും അവര്ക്കില്ല. കൊയ്ത്തു കാലത്തു നാലോ അഞ്ചോ പറ അരി, ചക്കയും മാങ്ങയും, വിത്തു വായ്പ വാങ്ങാന് വരുന്നവര് കാഴ്ച കൊണ്ടു വരുന്ന കോഴികളില് ഒന്നോ രണ്ടോ--ഇതൊക്കെ അയാള് കൊടുത്തയയ്ക്കും. ഈ സാധനങ്ങള്ക്കുവേണ്ടി ജീവിതം അടിമത്തത്തിലാഴ്ത്താന് മാസ്റ്റര് ഒരുക്കമുണ്ടായിരുന്നില്ല:“പോട്ടെ

അങ്ങട്ട്."

പക്ഷേ, വേലുമ്മാന് തെറ്റിപ്പിരിഞ്ഞുവെന്ന വാര്ത്ത നാട്ടില് വലിയ ഒച്ചപ്പാടുണ്ടാക്കി. സ്വത്തുകാരനായ അയാളെ മുഷിപ്പിക്കത്തക്കവണ്ണം അത്ര വലുതാണോ ഒരനാഥക്കുട്ടി എന്നതായിരുന്നു നാട്ടുകാരുടെ സംശയം. ഒന്നുകില് മാസ്റ്റര് ഒരു വിഡ്ഢിയാണ്, അല്ലെങ്കില് ഈ കുട്ടിയുമായി അയാള്ക്കെന്തോ നിഗൂഢബന്ധമുണ്ട് -- ഇങ്ങനെയായി സംഭാഷണത്തിന്റെപോക്ക്.

നമ്പിടിയുടെ അഞ്ചാംപുരയില്നിന്നാണ് ഈ സംസാരമുത്ഭവിച്ചത്. അയല്പക്കക്കാരുടെ കര്മ്മമാര്ഗ്ഗങ്ങളെക്കുറിച്ചും ധര്മ്മബോധങ്ങളെക്കുറിച്ചും അവിടെ എപ്പോഴും ചര്ച്ച നടക്കാറുണ്ട്. സ്വന്തം കാര്യങ്ങളെക്കുറിച്ച് അവര്ക്കു ചിന്തിക്കേണ്ടതില്ല. ആ നാട്ടിലെ ഏറ്റവും വലിയ ജന്മികുടുംബമാണത്. നെല്ലുണ്ട്, പണവുമുണ്ട്. അയല്പക്കക്കാരുടെ നടപടിദൃഷ്യങ്ങള്, അടുത്ത മാസത്തിലുണ്ടാകുന്ന പിറന്നാള്സദ്യകള്, ചാത്തങ്ങള്, അവയ്ക്കുണ്ടാകേണ്ട വിഭവങ്ങള്, ഉത്സവങ്ങള്--ഇവയൊക്കെയാണ് അവിടെ അന്വേഷണവിഷയമാകുക പതിവ്."ഒന്നുമില്ലാതെ ഒരാളിത്ര ചെയ്യോ? വേലുനായര് സൂചിപ്പിച്ചതിലും കാര്യമുണ്ട്" എന്നായി അവിടത്തെ തറവാട്ടമ്മ.

"പക്ഷേ, മാസ്റ്ററൊരു സാധുവാണ്." വേലക്കാരികള് ഒരു പരിചയുമായി ചെന്നുനോക്കി.

"എടീ, ഇക്കാര്യത്തില് സാധുവും സമര്ത്ഥനുമില്ല. എല്ലാവര്ക്കും പിറക്കും കുട്ടി." താന് പറഞ്ഞതു സ്വല്പം ബുദ്ധിപൂര്വ്വമായ കാര്യമാണെന്ന ഒരു മുഖഭാവമുണ്ടായി ആ തറവാട്ടമ്മയ്ക്ക്. അതിനു വേലക്കാരികള്ക്കു മറുപടിയില്ലായിരുന്നു. ബുദ്ധിമതികളല്ലാത്ത അവരും പെറ്റിട്ടുണ്ട്! ആ സംഭാഷണം മേലടുക്കളയില്നിന്നു കുളക്കടവിലേക്കും അവിടെനിന്നു വീടുകളിലേക്കും പകര്ന്നു.

"എന്റെ എടോ, എന്നാലും മാധവിയമ്മ ഇതറിഞ്ഞിട്ടു പൊറുക്ക്വോ?" ചില പെണ്ണുങ്ങള്ക്കൊരു സംശയം.

"പൊറുക്കുകയല്ലാതെ? ഭര്ത്താവിനെ കളയാനോ?" ആ ചോദ്യം എല്ലാ ീകളുടെയും മനസ്സില് കുറിക്കുകൊണ്ടു.

"അതും നേരാ. ഇക്കാലത്ത് ആര്ക്കും സംബന്ധക്കാരനെ കളയാന് കഴിയില്ല. പണ്ടാണെങ്കില് ഒരുത്തന് പോയാല് അപ്പോ വരും വേറെ ഒരുത്തന്. അന്നൊക്കെ പെണ്കുട്ടികളും ആമാടപോലെയായിരുന്നു. ഞങ്ങളുടെയൊക്കെ ചെറുപ്പത്തില് കൊന്ന പൂത്തപോലെ അല്ലായിരുന്നോ? ഇപ്പോവെച്ച് ആണുങ്ങള്ക്കു നാലു സംബന്ധം തുടങ്ങാന് ഉശിരില്ല. പെണ്ണുങ്ങള്ക്കു തലയിലെഴുത്തും ഇല്ല." മൂന്നു സംബന്ധം വകയില് പതിനേഴു കുട്ടികളെ പ്രസവിച്ച ഒരു കിഴവി അഭിപ്രായപ്പെട്ടു:"എവിടെയായാലും അയാളുടെ കുട്ടിയല്ലേ?"

കാരണം കണ്ടെത്താന് കഴിയാത്തേടത്ത് ആളുകള് സങ്കല്പത്തെ പ്രതിഷ്ഠിച്ചു.

രൂപം കിട്ടാത്തേടത്തു നിഴലിനെ മുറുകെപ്പിടിച്ചു. ആവര്ത്തിച്ചാവര്ത്തിച്ച് അതിന് ഒരു സത്യത്തിന്റെ ഛായയുണ്ടാക്കുകയും ചെയ്തു . പിന്നെ കൊമ്പുകളും ചിനച്ചങ്ങളും:"ചെട്ടിയുടെ കൂട്ടിയാത്രേ!"

"ശിവനേ! അമ്പലത്തില് കടത്താന് സൂക്ഷിക്കണം."

അങ്ങനെ കുറെ ദിവസത്തിന്നു വിശ്വനാഥന് ഒരു ചെട്ടിക്കുട്ടിയായി. പിന്നെ ലഹളയില് ഭ്രഷ്ടയായ ഒരാത്തേമ്മാരുടെ കൂട്ടിയായി. ജാതി മാറിമാറി വരികയാണ്. അതിന്നിടയില് ആരോ ഒരു വര്ത്തമാനവും കൊണ്ടെത്തി:"ലഹളയിലുണ്ടായ കൂട്ടിയാത്രേ!"

"അയ്യോ!"

ഈ സംഭാഷണങ്ങളുടെ അലകളെല്ലാം രാമന്മാസ്റ്ററുടെ ചെവിയിലും എത്തുന്നുണ്ടായിരുന്നു. അയാള് ഒന്നിനും മറുപടി പറഞ്ഞില്ല. എന്തു പറയാന്? തനിക്കുണ്ടായ കൂട്ടിയെന്നോ? പക്ഷേ, ഒരു മറുപടി കൊടുക്കാഞ്ഞിട്ടു മാധവിയമ്മയ്ക്കു നാവു കടയുകയാണ്. മാസ്റ്റര് അവരെ അനുവദിക്കുന്നില്ല."പറയുന്നവരുടെ വായിലെ ചൊറിയങ്ങു മാറട്ടെ. നമ്മുടെ കാര്യം നമ്മുടെ കൈയിലാ."

"എന്റെ വായില് നാവില്ലെന്നാണ് അവര് വിചാരിക്കുന്നത്. അവരുടെ നടപടികളൊക്കെ ബാക്കിയുള്ളവര്ക്കും അറിയാം."

"ശ്! നമ്മള് വഴക്കിന്നില്ല."

മാധവിയമ്മയുടെ അഭിലാഷം തലമടക്കേണ്ടിവന്നു. രാമന്മാസ്റ്റര് അതിനെക്കുറിച്ചെന്നല്ല , ഒന്നിനെക്കുറിച്ചും അധികം സംസാരിച്ചില്ല. വീട്, സ്കൂള്, പലചരക്കുകട--ഇങ്ങനെ തന്റെ ലോകത്തിന്റെ വ്യാസം ചുരുക്കി. കൂടെക്കൂടെ ആ ശനിപിടിച്ച വയറ്റില്വേദനയും അയാളെ അലട്ടുന്നുണ്ട്. വയര് മുറുകെ പിടിച്ചുകൊണ്ടു മാസ്റ്റര് വിചാരിച്ചു: "തലയിലെഴുത്തു തടവിയാല് പോവില്ല."

വിശ്വനാഥന്റെ കളികളാണ് ഇന്ന് അയാളെ ആഹ്ലാദിപ്പിക്കുന്നത്; എല്ലാം വിസ്മരിക്കാന് അവസരമുണ്ടാക്കിക്കൊടുക്കുന്നത്. അവനൊരു പടുവികൃതിയായിട്ടാണ് വളരുന്നത്. രസത്തുള്ളിപോലെയാണ്. അനങ്ങാതിരുന്ന കൂടാ, അവിടെച്ചാടിയും ഇവിടെച്ചാടിയും അതു വാരിയും ഇതു വലിച്ചും മാധവിയമ്മയെ നന്നേ അലട്ടിക്കൊണ്ടു നിന്നു. മാധവിയമ്മ അവനെ ശാസിക്കയും ചെയ്തു:"കള്ളപ്പോക്കിരി! നിന്റെ മൂക്കു ഞാന് ചെത്തിക്കളയും."

"അമ്മേടെ മൂക്കു നാനും തെത്തും!" അവന് കൊഞ്ഞിക്കൊണ്ടു മറുപടി കൊടുത്തു."കേട്ടോ മോന് പറയുന്നത്?"--മാധവിയമ്മ ഭര്ത്താവിന്റെ നേരെ തിരിഞ്ഞു ചോദിച്ചു.

മാസ്റ്റര് ഇളംചിരിയോടെ വിവരിച്ചു:"അവന് ലക്ഷ്മണനായിരിക്കും. ശൂര്പ്പണഖമാരെ കണ്ടാല് അപ്പോ മൂക്കു മുറിക്കണം എന്നു തോന്നുന്നുണ്ടാവും."

"നല്ല പുരാണമാണ് മോനു പറഞ്ഞുകൊടുക്കുന്നത്!" അവര് മുഖവും

ക്കുര്പ്പിച്ചു കുട്ടിയെയും കൂട്ടി അടുക്കളയിലേക്ക് ഒരു പോക്ക്. ഭാര്യയുടെ പാച്ചില് നോക്കി ഭര്ത്താവും പൊട്ടിച്ചിരിച്ചു. ബാലയും രാധയും ഗോപാലകൃഷ്ണനും ചിരിച്ചു. ആ കോലാഹലംകേട്ട് അടുപ്പിന്നടുക്കല്വെച്ചു മാധവിയമ്മയും സ്വകാര്യത്തില് ചിരിച്ചു.

ഒരു താളവട്ടം കഴിഞ്ഞു

ഒന്ന്

ആദ്യമായി സാരിയുടുത്തുനില്ക്കുന്ന ഒരു ഉള്നാട്ടുകാരിയേപ്പോലെയാണ് ആ പട്ടണം. ഒന്നും ഏലുക്കൂടിയിട്ടില്ല. എല്ലാം ഉണ്ടുതാനും. വീതിയുള്ള ഒരു റോഡുണ്ട്. ഒരു ചെമ്മണ്നിരത്ത്. അതിന്ന് ഇരുഭാഗത്തും പീടികകളുണ്ട്. പക്ഷേ, കുനിഞ്ഞുവേണം അവയിലേക്കു കടക്കാന്. ഇല്ലെങ്കില് തലമുട്ടും. അരിച്ചാക്കുമുതല് കണ്ണെഴുത്തുമഷിവരെ എല്ലാം അവിടെ കിട്ടും. എല്ലാം എട്ടാന്തരമാണെന്നുമാത്രം. ഒരു ഹയര് എലിമെണ്ടറിസ്കൂളും അതിനുതൊട്ട് ഒരു കള്ളുഷാപ്പുമുണ്ട്. സ്കൂളില് കുട്ടികളുടെ തിരക്കവസാനിക്കുന്നതിനുമുമ്പുതന്നെ ഷാപ്പില് കുടിയന്മാരുടെ തിരക്കു തുടങ്ങിയിരിക്കും. പൊരിച്ച മീനിന്റെയും അളിഞ്ഞ കള്ളിന്റെയും കൂടിക്കലര്ന്ന ഗന്ധം ആ അന്തരീക്ഷത്തില് എപ്പോഴും തങ്ങിനില്ക്കുന്നു. പത്തുവാര അകലത്തായി ഒരു ഹനുമാന്കോവിലും അതിനു തൊട്ട് ഒരു ഇത്തള്ച്ചൂളയുമാണ്. ഹനുമാന്കോവില് അധികസമയവും കാണില്ല. ചൂളയില്നിന്നു പുറപ്പെടുന്ന എരിവുള്ള പുകകൊണ്ട് ആ പ്രദേശം മൂടിയിരിക്കും. കോവിലിന്റെ പൊന്പൂശിയ താഴികക്കുടം മാത്രം, പച്ചിലക്കാട്ടില് ചമ്പകപ്പൂങ്കുലപോലെ, ആ പുകച്ചാര്ത്തില് മങ്ങിമിന്നിക്കാണാം. പിന്നെ കുറച്ചുദൂരം വയലാണ്. പിന്നെയും പീടികകള്, തുണിഷാപ്പുകള്, പലചരക്കുകടകള്, സ്റ്റേഷനറിക്കച്ചവടം, റോഡിന്റെ രണ്ടു മരുങ്ങിലും അങ്ങിങ്ങായി പീടികകള്, മാങ്ങാക്കുലപോലെ, നില്ക്കുകയാണ്. പല്ലുകള് മുഴുവനുമില്ലാത്ത ഒരു വായപോലെയാണ് ആ പട്ടണവീഥി. ധാരാളം കാളവണ്ടികളും അഞ്ചു കുതിരവണ്ടികളും റിക്ഷ എന്നു വിളിക്കുന്ന ഏഴു വാഹനങ്ങളും കൂടി അവിടെ ഗതാഗതസൌകര്യങ്ങള് ഏര്പ്പെടുത്തിയിരിക്കുന്നു. വേനല്ക്കാലത്തു പൊടികൊണ്ടൊരു കളി, വര്ഷകാലത്ത് ആകെ ചളിപിളി, പഞ്ചായത്തുബോര്ഡ് എന്നൊന്നുള്ളതിനു രണ്ടു തെളിവുകളുണ്ട്. ഒമ്പതുകൊല്ലമായി സ്ഥാനം തുടര്ന്നുപോകുന്ന അതിന്റെ പ്രസിഡണ്ട്, ഇരുട്ടിനോടു മാപ്പു ചോദിച്ചു കൊണ്ടു നില്ക്കുന്ന നിരത്തുവക്കിലെ മണ്ണെണ്ണവിളക്കുകളും. ആ വിളക്കുകാലുകളില് ഇതേവരെ ആരുടെയും

തലവെച്ചടിച്ചിട്ടില്ല. വയല്പ്പുറങ്ങളിലെ വീടുകളിലേക്കു പോകുന്ന എല്ലാവരുടെയും കൈയില് ആളിക്കത്തുന്ന ചൂട്ടുകളുണ്ടാവും.

നീതിന്യായം പുലര്ത്താന് ബ്രിട്ടീഷ് ഗവണ്മെന്റ് ഉറച്ചിരുന്നു. അതുകൊണ്ട്, കുറക്കൊലമായി ഒരു മജിസ്ട്രേട്ടുകോടതിയും സബ്ബ് രജിസ്ട്രാപ്പീസും മുന്സിഫ് കോടതിയും അവിടെ സ്ഥാപിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷന് അതിനുമുമ്പേയുണ്ട്. ഇത്രയും സ്ഥാപനങ്ങള് വന്നപ്പോള് അതിനു ചുറ്റും ചായപ്പീടികയും ഹോട്ടലും സ്ഥലംപിടിച്ചു; താഴ്ന്നതരം വേശ്യാലയങ്ങളും.

പക്ഷേ, രാത്രി എട്ടുമണി കഴിഞ്ഞാല് പട്ടണം കണ്ണടച്ചുകഴിയും. കള്ളു കടയില്നിന്നു മാത്രമേ പിന്നെ വെളിച്ചമുണ്ടാവൂ. പന്ത്രണ്ടുമണി കഴിഞ്ഞാലും അവിടെനിന്നു ബഹളം പൊന്തിക്കേള്ക്കാം. നിരത്തില്നിന്നു ചെത്തിലപ്പട്ടികളും പാടങ്ങളില്നിന്നു കുറുക്കന്മാരും ഓരിയിടുന്നതുമുണ്ടാകും. ചുരുക്കത്തില് നിത്യവും നടക്കുന്ന ഒരു ചന്തയായിട്ടേ ഗ്രാമക്കാര് പട്ടണത്തെ കണക്കാക്കിയിട്ടുള്ളൂ.

അന്ന് രാത്രി ഒമ്പതുമണി കഴിഞ്ഞപ്പോള് ഒരു ചാവാളിക്കുതിരയെ പൂട്ടിയ വണ്ടി ആ പട്ടണവീഥിയിലേക്ക് ഇഴഞ്ഞുനീങ്ങി. അവിടെയുള്ള അഞ്ചുകുതിരവണ്ടികളില് ഒന്നാണത്. വീരാന്കുട്ടിയുടെ ആ വണ്ടി പ്രസിദ്ധമാണ്. എട്ടുനാഴിക ദൂരെയുള്ള റെയില്വേസ്റ്റേഷനില്നിന്ന് ആളുകളെ കേറ്റിക്കൊണ്ടുവരാന് തക്ക കെല്പ്പുള്ളത് ആ വണ്ടിക്കാണ്. ആവശ്യക്കാര് നേരത്തേ 'ബുക്ക്' ചെയ്യണമെന്നുമാത്രം. വീരാന്കുട്ടിയുടെ 'എക്സ്പ്രസ്സ്' ചെമ്മണ്ണിലൂടെ അരഞ്ഞുനീങ്ങി.

"എത്താറായോ?"--വണ്ടിക്കുള്ളില്നിന്നു നേര്ത്ത മൃദുലമായ ഒരു ശബ്ദം വിളിച്ചുചോദിച്ചു.

"ദാ, എത്തിക്കഴിഞ്ഞില്ലേ?" വീരാന്കുട്ടി കുറച്ചു ഹുങ്കോടുകൂടിത്തന്നെ പറഞ്ഞു. കുതിരയല്ല, താനാണ് വണ്ടിവലിച്ചെത്തിച്ചത് എന്നൊരു ഭാവത്തില്. വാസ്തവമാണ്. അയാളുടെ ചാട്ടവാറിന്മേലാണ് ആ കുതിര ഓടുന്നത്.

വണ്ടി ഒരു കിലുക്കത്തോടെ, സ്കൂള്ക്കെട്ടിടത്തിന്നു അരികിലൂടെ നീണ്ടുപോകുന്ന ഇടവഴിത്തിരിവില് നിന്നു. അതിന്റെ പിന്നുറത്തെ മറ നീക്കി മൂന്നുപേര് താഴേക്കിറങ്ങി. ഒരു ീയും ഒരു പെണ്കുട്ടിയും ഒരു തടിമാടനും. പിന്നെ കുറെ കെട്ടുകളും ഭാണ്ഡങ്ങളും പെട്ടികളും മറ്റും പുറത്തേക്കു വന്നു. തടിമാടന് റാന്തല് പൊക്കിക്കാട്ടി. വീരാന്കുട്ടി സാധനങ്ങളെടുത്തു പുറത്തേക്കു വച്ചു.

റാന്തലിന്റെ വെളിച്ചത്തില് ആ ീയുടെ മുഖം സ്വല്പം മങ്ങിയിട്ടാണെങ്കിലും കാണാമായിരുന്നു. വെളുത്തു കൊലുന്നനെയുള്ള ശരീരം, ഇരുപത്താറ്-ഇരുപത്തേഴു പ്രായം. തിളങ്ങുന്ന കണ്ണുകള്, പറക്കാന് നില്ക്കുന്ന തുമ്പിയുടെ പ്രതീതിയുണ്ടാക്കുന്ന മുഖം. കമ്പടയാളം വീഴാന് തുടങ്ങിയ ഒരു മുളങ്കമ്പുപോലെയുണ്ട്. മുളയുടെ ആകൃതി വന്നുവെങ്കിലും മിനുസം പോയിട്ടില്ല. വിടര്ന്ന നാസാദ്വാരങ്ങളും തുടുപ്പു മാഞ്ഞിട്ടില്ലാത്ത കവിളും കൂടി ഒന്നും

സംഭവിച്ചില്ല എന്നു പറയാന് ശ്രമിക്കുകയാണ്. അവരുടെ പട്ടുസാരിത്തലപ്പും ചുരുള്മുടിയും വയല്പ്പരപ്പില്നിന്ന് അടിച്ചുവരുന്ന ഇളം കാറ്റില് പാറിക്കളിച്ചു.

“വീടെവിടെ, അമ്മേ?” കുട്ടി ചോദിച്ചു. അവള്ക്കു നാലോ അഞ്ചോ വയസ്സു പ്രായം തോന്നും. പൊരുപൊരുപ്പുള്ള ഒരു കൊച്ചുസുന്ദരി, അവള് തുടര്ന്നു: “അമ്മേ വീടു കാണിച്ചുതരൂ, അമ്മേ.”

“നില്ക്കു, ശാന്തേ.” അമ്മ മകളെ ശാസിച്ചു. അവള് ചുറ്റുമുള്ള ഇരുട്ടിലേക്കൊന്നു നോക്കി. അമ്മയോടു ചേര്ന്നുനില്ക്കുകയും ചെയ്തു.

വീരാന്കുട്ടി സാമാനങ്ങളെല്ലാമെടുത്തു പുറത്തുവെച്ചിട്ട് ഒന്നു നെടുവീര്പ്പിട്ടു. ‘എന്തെല്ലാം തട്ടുമുട്ടുസാമാനങ്ങളാ!’ എന്ന് അവന് ഉള്ളില് പറയുകയും ചെയ്തു.

“ഇതൊക്കെ ആരാ കൊണ്ടുപോവുക?” ീ ചോദിച്ചു.

“അതാ ഇപ്പോ ഇച്ചിരി എടങ്ങറ്. പിള്ളരൊക്കെ കൂടീലെത്തീട്ടുണ്ടാവും.”

“നിരത്തുവക്കത്ത് ഇടാന് സാധിക്ക്വോ?”

“ഇജ്ജാളെടുക്കുലേ!” വീരാന്കുട്ടി തടിമാടനെ ചൂണ്ടിക്കാട്ടി.

“അയ്യോ!” തടിമാടന് കൈമലര്ത്തി.

ഭിത്തിപോലെയുള്ള ആ ശരീരം ആകെയൊന്നു നോക്കിയിട്ടു വീരാന്കുട്ടി പറഞ്ഞു:

“ഇങ്ങളോളം തടിമിടുക്കുള്ള ഒരാള് ഇന്നാട്ടിലില്ല. എന്നിട്ടും.....”

“തര്ക്കിക്കാന് നേരമില്ല.” ീ ഇടയില്ക്കടന്നു ശാസിച്ചു.

“ആട്ടെ, ഞമ്മടെ കുഞ്ഞന്നായരെ ബിളിക്കാം.”

“ശരി.”

വീരാന്കുട്ടി റാന്തലുമായി നടന്നപ്പോള് ആ ീ ഇറക്കിവച്ച ഒരു പെട്ടിയിന്മേല് കയറിയിരുന്നു. കുട്ടിയെയും പിടിച്ചിരുത്തി.

“എട ശങ്കൂ...”

“ഓ.”

“സാധനങ്ങള് ശ്രദ്ധിച്ചോ. ഉറക്കം തൂങ്ങണ്ട.”

“ഓ.”

ശങ്കു സാമാനങ്ങളുടെ അടുത്തേക്കു നീങ്ങി, ഒരു കോട്ടമതില്പോലെ, അങ്ങനെ നിന്നു. കള്ളുകടയിലെ ബഹളം കലശലായിരുന്നു. രണ്ടു പുരുഷന്മാര് അവിടെനിന്ന് ഇറങ്ങിവന്നു. ഓരോരുത്തനും മറ്റവനോട്, ഒരു പ്രേമഭാജനത്തോടെന്നപോലെ, ഓമനവാക്കുകള് പറയുന്നുണ്ട്. ഒരു ചൂട്ടു കത്തിച്ച് ഉയര്ത്തിപ്പിടിച്ചിരിക്കുന്നു . ഇടേത്താട്ടും വലേത്താട്ടുമായിട്ടാണ് നടത്തം . കൂട്ടത്തില് സ്വല്പം മുമ്പോട്ടും നീങ്ങുന്നുണ്ട്. ആ ീ അവെരയൊന്നു നോക്കി മുഖം തിരിച്ചു. ീയെ കണ്ടപ്പോള് അവരും നിന്നു.

“ആഴാദ്?!”

“ഇതു....” ശങ്കു മറുപടി പറയാന് തുടങ്ങിയപ്പോഴേക്കും ീ തടഞ്ഞു:

“മിണ്ടാതിരിക്കെട.”

കുടിയന്മാര് പരസ്പരം തോളില് കൈയിട്ടുപിടിച്ച് ആടിക്കൊണ്ടു ചൂട്ടുപൊക്കി

അവരെ ആകെയൊന്നു നോക്കി. പെട്ടെന്നൊരു പൊട്ടിച്ചിരി:"ഒരു സുന്ദരി--ഒരു നാടകം!"

മറ്റേവനും പൊട്ടിച്ചിരിച്ചു. പിന്നെ കുറെ നേരത്തിന്നു തര്ക്കിച്ച ചിരിതെന്ന . തളര്ന്നിട്ടോ എന്തോ, ചിരി പെട്ടെന്നു നിന്നു. കൊറ്റിയുടെ മാതിരി ഒരുനോട്ടം. കുട്ടി ചൂളി അമ്മയോടു ചേര്ന്നിരുന്നു. ീയാകട്ടെ, ഒരു കുലുക്കവുമില്ലാതെ അതേ ഇരിപ്പില്ത്തന്നെ.

"സുന്ദഴി ഞങ്ങള് കാണുന്നു...അല്ലേ?"

"കാണുന്നു." മറ്റേവനും സമ്മതിച്ചു.

"എന്ത്?"

"സുന്ദഴീനെ."

"നേരാ."

പിന്നെ കുറേ നേരത്തിനു നിശ്ശബ്ദത. പെട്ടെന്നൊരു പൊട്ടിച്ചിരി. അതോടെ ഒരു കവിതയും: "ഒന്നായ നിന്നെ ഇഹ, ഴണ്ടായി...മൂന്നായി...ഹ, ഹ, ഹ!' ീ പല്ലിറുമ്മി. അപ്പോഴേക്കും കുഞ്ഞന്നായരെയും കൂട്ടി വീരാന്കുട്ടിയുമെത്തി.

"ഇവിടെ പോലീസില്ലേ?" ീ ചോദിച്ചു.

"എന്തേ?"

"ഈ ശനിയന്മാരെ ഇങ്ങനെ അഴിച്ചുവിട്ടിരിക്കുന്നത്?"

വീരാന് അവരെ സമീപിച്ചു പറഞ്ഞു:"ദാ ബെറുക്കനെ തടിബെടക്കാക്കേണ്ടാ. പൊക്കോളിന്."

ഇതു കേട്ടു കൂടിയന്മാര് പരസ്പരം നോക്കി . പിന്നെ പൊട്ടിപ്പൊട്ടി കരയാന് തുടങ്ങി.

ഇതിന്നിടയില് കുഞ്ഞന്നായര് സാധനങ്ങള് കെട്ടി ശരിപ്പെടുത്തി. നീണ്ടുവളഞ്ഞ ഒരഷ്ടാവക്രനാണ് കുഞ്ഞന്നായര്. അയാള് റാന്തലെടുത്ത് ഉടമസ്ഥയെ ഒന്നു നോക്കി: "ആര്! ലക്ഷ്മിക്കുട്ടിയമ്മ്യോ!"

"നിങ്ങളാരാ?" ീ.

"കുഞ്ഞന്നായര്. മൂപ്പരെ എടുത്തുവളര്ത്തിയവനാ ഞാന്. എന്നെ അറിയില്ലെങ്കിലും ഞാന് അറിയും." പരിഭവവും അവകാശബോധവും സ്ഫുരിച്ചിരുന്ന ആ വാക്കില്.

"ആട്ടെ, പെട്ടിയെടുത്തു നടന്നോളൂ."

ഭാരം ചുമക്കുന്ന ഒട്ടകംപോലെ, കുഞ്ഞന്നായര് മുമ്പിലും ചെമ്മണ് പുരണ്ട ആനക്കുട്ടിയെപ്പോലെ ശങ്കു പിന്നാലെയും നടുവില് ലക്ഷ്മിക്കുട്ടിയമ്മയും ശാന്തയും. അവര് യാത്ര പുറപ്പെട്ടപ്പോഴും കൂടിയന്മാര് നിന്നു കരയുകയായിരുന്നു--പാളുത്തിപ്പാളുത്തി കരയുക.

അവരെ ഒന്നു തിരിഞ്ഞു നോക്കി, ലക്ഷ്മിക്കുട്ടിയമ്മ നടന്നു.

"സിങ്കപ്പൂരില്നിന്നു വരും എന്നു പറഞ്ഞുകേട്ടിരുന്നു."--കുഞ്ഞന്നായര് സംഭാഷണമാരംഭിച്ചു.

"ഇപ്പോ കാണുകയും ചെയ്തില്ലേ?" ലക്ഷ്മിക്കുട്ടി മറുപടി

പറഞ്ഞതങ്ങനെയാണ്. അവരുടെ ഓരോ വാക്കിലും അവജ്ഞ സ്ഫുരിച്ചിരുന്നു. പക്ഷേ, കുഞ്ഞന്നായര്ക്കതു മനസ്സിലായി എന്നു തോന്നിയില്ല. അയാള് കുശലാന്വേഷണങ്ങളും പൂര്വ്വകഥാകഥനവും തുടര്ന്നു . ലക്ഷ്മിക്കുട്ടിയുടെ ശ്വശ്രൂരന്റെ ഭൃത്യനായി ഏഴു കൊല്ലം അയാള് ജോലി നോക്കിയിട്ടുണ്ട്. അദ്ദേഹത്തിനു കുഞ്ഞന്നായരെന്നുവെച്ചാല് ജീവനായിരുന്നു. അവരുടെ ഭര്ത്താവിനെ അയാള് എടുത്തു നടന്നിട്ടുണ്ട്-- അങ്ങനെ തനിക്കു ചില അവകാശങ്ങളും അധികാരങ്ങളുമുണ്ടെന്നു വരുത്തിവെച്ചിട്ട് അയാള് തന്റെ കഥയിലേക്കു പ്രവേശിച്ചു."മൂന്നു കുട്ടികളെയും തന്ന് അവളും പോയി."

"ഭാര്യ മരിച്ചോ?" ശങ്കുവാണ് ആ ചോദ്യം ഉന്നയിച്ചത്.

"മരിച്ചാല് ഖേദമില്ലല്ലോ. ഈശ്വരന് വിളിക്കുകയല്ലേ? അവളും കൃപായമിട്ടു."

"എന്നുവെച്ചാല്?" ലക്ഷ്മിക്കുട്ടി ഇടയില്ക്കടന്നു ചോദിച്ചു.

"മാപ്പിളക്കുട്ടത്തില് കൂടി ലഹളയില് പറ്റിയതാ. ഇപ്പോ തിരുരങ്ങാടിയിലോ മറ്റോ ഉണ്ടെന്നു കേക്കുന്നുണ്ട്. ഒരു മാപ്പിളയെയും കെട്ടി. കുട്ടി രണ്ടായീത്രേ. ചത്തതിനു സമം."

"ഉം-ം."

പിന്നെ കുഞ്ഞന്നായര്ക്കു പറയാനുള്ളതു തന്റെ സാമ്പത്തികസ്ഥിതിയെപ്പറ്റിയാണ്. തള്ളയില്ലാത്ത മൂന്നു മക്കളെ പുലര്ത്തേണ്ട അയാള്ക്കു പറയാനുള്ളതു പ്രാരബ്ധങ്ങളുടെ കഥയാണ്. ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് അതസഹ്യമായി തോന്നി. ചോര്ച്ചയുള്ള പുരയില് കിടന്നു കഴിച്ചുകൂട്ടേണ്ടി വരുന്ന ഒരു നിലയാണ്."ബോറ്!" അവര് വിചാരിച്ചു:"ഇയാളുടെ തറവാടു വിശേഷങ്ങളൊക്കെ ഇപ്പോഴാരേ ചോദിച്ചത്?" പക്ഷേ, ഉള്നാട്ടുകാരന്റെ ശ്രദ്ധാഗതിയോടെ കുഞ്ഞന്നായര് കഥ തുടരുകയും ചെയ്തു.

ലക്ഷ്മിക്കുട്ടിയമ്മയുടെ മനസ്സിലൂടെ വേറെ ഓരോ രംഗങ്ങളാണ് കടന്നുപോകുന്നത്. ഏഴുകൊല്ലംമുമ്പ് ഒരു നവവധുവായിട്ടാണ് അവര് ആ പ്രദേശത്തു വന്നത്. അന്ന് ആഹ്ലാദംകൊണ്ടു തന്റെ ഹൃദയം തുടിച്ചിരുന്നുവോ? ഉത്കണ്ഠാകുലമായ ഒരു നിഷേധമായിരുന്നില്ലേ ഹൃദയത്തില്? ആ കാര്യങ്ങള് വീണ്ടും ആലോചിക്കുവാന് അവര് ഇഷ്ടപ്പെടുന്നില്ല. എന്നാലും ആലോചിച്ചു പോകുന്നു.

എത്ര പെട്ടെന്നാണ് അതൊക്കെ സംഭവിച്ചത്! മിസ്റ്റര് പണിക്കര് സിങ്കപ്പൂരില്നിന്നു കടന്നുവരലും തന്നോടു കല്യാണമാവശ്യപ്പെടലുമൊക്കെ എത്ര അപ്രതീക്ഷിതമായിട്ടാണുണ്ടായത്! ചെറുപ്പത്തില് അവള് പണിക്കരെ കണ്ടിട്ടുണ്ട്. ഒരു ബന്ധുഗൃഹത്തിലെ സദ്യയില്വെച്ചാണത്. അന്ന് അയാളൊരു ഇരുപത്തിരണ്ടുകാരനാണ്. അവള്ക്കാകട്ടെ, താരുണ്യം കുമ്പി വരുന്നേയുള്ളു. അന്നുതന്നെ പെണ്കുട്ടികളൊന്നും അയാളോട് അടുത്തു പെരുമാറിയിരുന്നില്ല. അരപ്പോക്കിരിയാണെന്ന പേര് അയാള് നേടിയിരുന്നു.

പ്രായമായ ീകള് പണിക്കരുടെ അമ്മ കേള്ക്കാതെ പരസ്പരം കുശുകുശുത്തു:

“തെമ്മാടിച്ചെക്കന്!”

“തറവാട്ടിന്റെ പേരു കത്തിക്കാന് തീര്ന്നതാണ്.”

“മക്കളെ വളര്ത്തുന്നതിന്റെ ദോഷം!”

തുടര്ന്ന് അയാളുടെ ചില വിക്രമങ്ങള് വിവരിക്കപ്പെടുകയും ചെയ്തു. രണ്ടുതവണ അടികലശല് ഉണ്ടാക്കിയിട്ടുണ്ട്; രണ്ടുതവണ ബലംപ്രയോഗിച്ച് അന്തരാഗനിര്മ്മാണത്തില് ഏര്പ്പെട്ടിട്ടുണ്ട്. ഈ കഥകള് കാരണം തറവാട്ടുകാരി പെണ്കിടാങ്ങളെല്ലാം അയാളില്നിന്ന് അകന്നു പെരുമാറിയിരുന്നു. എങ്കിലും ദുഃസുഭഗമായ ആ ശരീരത്തെ അവര് ഒളിഞ്ഞു നോക്കാതെയുമിരുന്നില്ല. അന്നത്തെ മുന്തിയ സുന്ദരിയും ക്ഷേത്രംകാര്യസ്ഥന്റെ മകളുമായ കല്യാണിക്കുട്ടിപോലും പറയുകയുണ്ടായി: “കഷ്ടം, സ്വഭാവം അസാരം നന്നായിരുന്നെങ്കില്!...’

എങ്കിലും പണിക്കര് നന്നായില്ല. ദരിദ്രമാണ് അയാളുടെ കുടുംബം. അച്ഛനാണ് വല്ലതും കൊടുത്തിരുന്നത്. പഠിപ്പിച്ചതും അദ്ദേഹമാണ്. അച്ഛന് മരിച്ചതോടെ ആ കുടുംബത്തിന്റെ ഇര മുട്ടി. ഒരു ജ്യേഷ്ഠനും ഒരു പെങ്ങളുമേയുള്ളൂ. അമ്മ നേരത്തേ മരിച്ചുപോയിരുന്നു. ജ്യേഷ്ഠന് കൊളമ്പിലേക്കു പോയി. പിന്നെ വന്നില്ല. അവിടെ ഒരു തമിഴത്തിയെ കെട്ടി കൂടി. സഹോദരിയാകട്ടെ പട്ടിണിയും പാടുമായി കുടുംബത്തില്ത്തന്നെ കിടന്നു പൊറുത്തു. പണിക്കര് പറമ്പിലെ വൃക്ഷങ്ങള് ഒന്നൊന്നായി മുറിച്ചു വിറ്റു. ഒടുവില് പറമ്പും വിറ്റു. ആ പണവുംകൊണ്ട് അയാള്"ചാടി"പ്പോയി, പെങ്ങള് ഒരു ബീറ്റുപോലീസുകാരന്റെ കൂടെ തമിഴ്നാട്ടിലേക്കും പോയി.

പണിക്കര് നേരെ ചെന്നുപെട്ടതു സിങ്കപ്പൂരിലാണ്. എണ്ണക്കച്ചവടക്കാരന് അവറാന്റെ മകനും അയാളുംകൂടിയാണ് പോയത്. ഒരു കണിയാന്റെ മകള്ക്കു ഗര്ഭമുണ്ടായതിന്റെ പ്രത്യാഘാതത്തില്നിന്ന് ഒഴിഞ്ഞുമാറിയതാണ് ആ സുഹൃത്തുക്കള് എന്ന് അന്നൊരു സംഭാഷണം കേട്ടിരുന്നു. പണിക്കരുടെ വീടും ലക്ഷ്മിക്കുട്ടിയുടെ വീടും രണ്ടു ദേശത്താണ്. ആറില്ച്ചില്വാനം നാഴിക അകലമുണ്ട്. എന്നാലും ഇത്തരം കഥകള് ബന്ധുഗൃഹങ്ങളിലെ അന്തഃപുരങ്ങളിലൂടെ അവിടെ എത്തിയിരുന്നു. കുറച്ചുദിവസത്തിന് അതിനെപ്പറ്റി പിറുപിറുക്കലും കുശുകുശുക്കലുമെല്ലാം നടന്നു. അതിലും നല്ല കഥകള് പണിക്കരുടെ കഥ മൂടിക്കളയുകയും ചെയ്തു.

ലക്ഷ്മിക്കുട്ടിയും ആ കഥ വിസ്മരിച്ചു. അങ്ങനെ എത്ര ചെറുപ്പക്കാരുണ്ട്! ഇതിലും ഗൗരവപ്പെട്ട കാര്യങ്ങളെപ്പറ്റി അവള്ക്ക് ആലോചിക്കാനുണ്ടായിരുന്നു. പതിനാറുവയസ്സു കഴിഞ്ഞപ്പോള് തന്നെ ഒരു നിഗ്രഹാനുരാഗം ഹൃദയത്തില് തേന്കൂടുണ്ടാക്കി. അപ്രതീക്ഷിതമായിട്ടാണ് അതു സംഭവിച്ചത്.

ഇഴുകിപ്പിടിച്ച ഇരുട്ടില് റാന്തല് വെളിച്ചമുണ്ടാക്കുന്ന ഗുഹാദ്വാരത്തിലൂടെ അങ്ങനെ കടന്നുപോകുമ്പോള്, ലക്ഷ്മിക്കുട്ടിയുടെ ഹൃദയം ഭ്രൂതകാലത്തിന്റെ അന്ധകാരവലയങ്ങളെ തിരനീക്കിക്കൊണ്ട് എന്തോ തേടിപ്പോയി. സ്വന്തം

പുഷ്പത്തിലെ വെളിച്ചവുമായി ഒരു ഗ്രഹാന്തരഭാഗത്തേക്കു പോകുന്ന മിന്നാമിന്നുങ്ങുപോലെയായിരുന്നു ആ ഹൃദയം. അവിടെ ദൂരത്തതാ ഒരു ചൊല്ലിയാട്ടം നടക്കുന്നു . മുന്തിയ കഥകളിയാണ്, നളചരിതമാണ് ആടുന്നത്. ഗോപിക്കുറുപ്പാണ് നളന്. 'ദയിതേ നീ കേള്' എന്ന പ്രസിദ്ധപദം ആ ചെറുപ്പക്കാരനായ ആദ്യവസാനവേഷക്കാരനഭിനയിക്കുന്നു. അരങ്ങു നിറഞ്ഞുനില്ക്കുന്ന വേഷം; ശൃംഗാരം തുളുമ്പിനില്ക്കുന്ന കണ്ണുകള്! വാചാലങ്ങളായ വിരലുകള്--ലക്ഷ്മിക്കുട്ടി അതു നോക്കിക്കൊണ്ടേ ഇരുന്നു. ഓരോ താളവട്ടം കഴിയുമ്പോഴും അവളുടെ ഹൃദയത്തില്നിന്ന് എന്തോ ഒന്നു പതഞ്ഞുപൊന്തി. താനിരിക്കുന്ന ഇല്ലപ്പറമ്പ് അവള് വിസ്മരിച്ചു; ചുറ്റുമുള്ള ആളുകളെയും വിസ്മരിച്ചു. അവളുടെ കരള്ക്കുമ്പ് ആ നടന് ഒപ്പം നിന്നാടുകയായിരുന്നു. തിമര്ത്താടി. നളന് അരങ്ങത്തുനിന്നു പോയപ്പോള് അവളുടെ ഹൃദയം എരിഞ്ഞമര്ന്ന മണല്ക്കട്ടപോലെയായി.

"ഹാവൂ!" ലക്ഷ്മിക്കുട്ടി നെടുവീര്പ്പിട്ടു. എന്തൊക്കെയോ സംഭവിച്ചതു പോലെ, എന്തൊക്കെയോ അനുഭവിച്ചതുപോലെ തോന്നി.

ഗോപിക്കുറുപ്പിനെ അതിനുമുമ്പും അവള് കണ്ടിരുന്നു. പാച്ചുനായരും ഏച്ചപ്പന്നായരും ഗോവിന്ദന്നായരുമെല്ലാം ആ പുതുവേഷക്കാരനെ അഭിനന്ദിച്ചു സംസാരിക്കുന്നത് അവള് കേട്ടിട്ടുണ്ട്. സഹോദരന്മാരുടെ കഥകളിക്കമ്പം അങ്ങനെയൊക്കെ സംസാരിപ്പിക്കുന്നുവെന്നേ അന്നവള് നിനച്ചുള്ളൂ. അവളുടെ കണ്ണില്, സാധാരണക്കാരനും സുമുഖനുമായ ഒരു ചെറുപ്പക്കാരന് മാത്രമായിരുന്നു ഗോപിക്കുറുപ്പ്.

ഈ ചൊല്ലിയാട്ടം കഴിഞ്ഞു വേഷമഴിച്ചിട്ടും ലക്ഷ്മിക്കുട്ടിയുടെ കണ്ണില് കുറുപ്പ് ആ വേഷത്തില്ത്തന്നെയായിരുന്നു. പണ്ട് ഉദാസീനമായി വിട്ടിരുന്ന ആ മുഖം മനസ്സില്നിന്നു മായാതെയായി. അവള്ക്കു ചുറ്റുമായി താളങ്ങളുടെ അലകള് പ്രസരിച്ചുകൊണ്ടിരുന്നു.

അടുത്ത ദിവസം അവള് പശുവിനെ അഴിച്ചുകെട്ടുമ്പോള് കുറുപ്പ് ഇടവഴിയിലൂടെ കടന്നുപോകുന്നുണ്ടായിരുന്നു. കുറുപ്പു പരിചയം നടിച്ചു. ലക്ഷ്മിക്കുട്ടി കടന്നുചോദിക്കുകതന്നെ ചെയ്തു:"ഇനി എന്നാ കളി?"

"ഉറച്ചിട്ടില്ല." കുറുപ്പു നിന്നു.

"ഇല്ലപ്പറമ്പിലെ കളി അസ്സലായി."

കുറുപ്പു കുറച്ചു വിനയം അഭിനയിച്ച് അവിടെത്തന്നെ നിന്നു. ഇനി എന്താണു പറയേണ്ടതെന്നു ലക്ഷ്മിക്കുട്ടിക്കറിഞ്ഞുകൂടാ. ഒരു മന്ദസ്മിതം തൂകി. കുറുപ്പും പുഞ്ചിരിക്കൊണ്ടു.

"ഏട്ടനെ കാണാന് വരികയാണോ?"

"അല്ല... അതേ."

"എന്നാല് പടിക്കലൂടെ വരൂ."

അയാള് വന്നു. ഏച്ചപ്പന്നായരോട് കുറെ സംസാരിച്ചുപോവുകയും ചെയ്തു. പിന്നീട്, ആ ഇടവഴിക്കരികെയായി ലക്ഷ്മിക്കുട്ടിയുടെ പയ്യിനെ തളയ്ക്കല്! ആ

ഇടവഴിയിലൂടെയായി കുറുപ്പിന്റെ നടത്തവും.

കുറച്ചുദിവസം കഴിഞ്ഞപ്പോള്, വീട്ടിനുള്ളില് ഒരഭിപ്രായം പ്രചരിച്ചു. കൈകൊട്ടിക്കളിക്കാര്ക്കു കുറച്ച് കഥകളിച്ചുവടുംകൂടി അറിഞ്ഞിരിക്കുന്നതു നല്ലതാണ്. അതില് കാരണവന്മാര്ക്കും എതിരുണ്ടായിരുന്നില്ല. കുറുപ്പ് അവിടെ അധ്യാപകനായി നിയമിക്കപ്പെട്ടു. ലക്ഷ്മിക്കുട്ടിയും രണ്ടു ജ്യേഷ്ഠത്തിമാരും ചുവടുവയ്ക്കാനും തുടങ്ങി. അന്നു തറവാട്ടിലെ നെല്പ്പത്തായത്തില് കൂറ റോന്തു ചുറ്റുവാന് തുടങ്ങിയിരുന്നില്ല.

കാലാന്തരത്തില് നെല്വയലുകള് അന്യാധീനപ്പെട്ടപ്പോഴും കുറുപ്പിന്റെ ചുവട് തുടര്ന്നുപോയി.

“ഇനി മതി.” പാച്ചുനായര് പറഞ്ഞു.

“കുറച്ചു ദിവസംകൂടി കഴിഞ്ഞാല് ഒരു നിലയ്ക്കെത്തും.” എന്നു കുറുപ്പ് അഭിപ്രായപ്പെട്ടു.

“മതി. അവരെ ചൊല്ലിയാടിക്കാനും മറ്റും പറഞ്ഞയയ്ക്കുന്നില്ലല്ലോ.” പിന്നെ കുറുപ്പിന് ഒന്നും പറയാനില്ല; പടിയിറങ്ങി, തളത്തിലെ ജാലകത്തിനുള്ളിലൂടെ താന് ആ പോക്കു നോക്കിനിന്നത് ഇന്നും ലക്ഷ്മിക്കുട്ടി ഓര്ക്കുന്നു.

“ഒരസത്തായിരുന്നു പാച്ചുഏട്ടന്"എന്നു സ്വയം പറയുകയും ചെയ്തു.

“എവിടെ വീട്, അമ്മേ?” എന്ന ശാന്തയുടെ ചോദ്യം അവരുടെ ചിന്തകളെ പരിതഃസ്ഥിതിയിലേക്കു വലിച്ചിട്ടു. അഷ്ടാവക്രന് കുഞ്ഞന്നായര് പെട്ടിയും ചുമന്നു മുമ്പില് ഇഴഞ്ഞുനീങ്ങുന്നു. ശങ്കു പിന്നില്ത്തന്നെയുണ്ട്.

“ഇപ്പോഴെത്തും, മോളേ.” അമ്മ മകളെ സമാധാനിപ്പിച്ചു.

“എനിക്കുറക്കംവരുന്നു.”

“ഞാനെടുക്കണോ?"--ശങ്കു അന്വേഷിച്ചു.

“വേണം.”

ശങ്കു ശാന്തയെ എടുത്തു വീണ്ടും നടന്നു. നാലടിവെച്ചപ്പോഴേക്കും ലക്ഷ്മിക്കുട്ടിയുടെ ഹൃദയം വര്ത്തമാനകാലത്തിന്റെ പിടി വിടര്ത്തോടിക്കഴിഞ്ഞു.

എത്ര വേദനാമയമായിരുന്നു ആ ദിവസങ്ങള്! ഇനി ആരെയും കാത്തിരിക്കേണ്ടതില്ല. കുറുപ്പ് അവിടെ ഇടയക്കു വരും . കുറെ നേരമിരുന്നു തിരിച്ചുപോവുകയും ചെയ്യും. വായകള് ശബ്ദിച്ചില്ലെങ്കിലും കണ്ണുകള് പ്രസംഗിച്ചിരുന്നു. നെടുവീര്പ്പുകള് ആ പ്രസംഗങ്ങള്ക്ക് അര്ദ്ധവിരാമമിട്ടു പോരുകയും ചെയ്തു.

ആ സമയത്താണ് മിസ്റ്റര് പണിക്കര് സിങ്കപ്പൂരില്നിന്നു വന്നുചാടിയത്. വന്നുകയറിയതുതന്നെ ഒരു കല്യാണാലോചനയുമായിട്ടാണ്. ആളാകെ മാറിയിരുന്നു. തടിച്ചു കൊഴുത്തുരുണ്ട ശരീരം, മേല്മീശ, കളസം, കരയുന്ന ഷൂസുകള്, സ്വര്ണത്തുടലുള്ള വാച്ച്, സിങ്കപ്പൂരിലെ ഏതോ റബ്ബര് എസ്റ്റേറ്റില് ഉദ്യോഗം, അറുനൂറില്പ്പുറം ഉറുപ്പിക ശമ്പളം--ആകെ ‘ധടപടല്’ തന്നെ . അയാള് നടക്കുന്നതു ബഹളത്തോടെയാണ്, ഇരിക്കുന്നതു നടക്കുന്ന

ഭാവത്തോടെയാണ്, കിടക്കുന്നതു തിരക്കുപിടിച്ച മട്ടിലാണ്. എപ്പോഴും വണ്ടിയും പ്രതീക്ഷിച്ചു നില്ക്കുന്നതുപോലെ ഒരു മട്ട്.

“ഏടത്തിയുടെ ആളു തകര്പ്പനാണ്!” ലക്ഷ്മിക്കുട്ടി ജ്യേഷ്ഠത്തിയോട് പറഞ്ഞു.

“എനിക്കല്ല.” ജ്യേഷ്ഠത്തി വിഷാദംതുളുമ്പുന്ന സ്വരത്തില് പറഞ്ഞു.

“പിന്നെ?”

“നിനക്കുതന്നെ.”

“ഹോ!”

അവളുടെ ഹൃദയം നൊന്തു. ‘അരുതേ, അരുതേ’ എന്നു മനസ്സു നിലവിളിക്കുകയാണ്. പക്ഷേ ആരു കേള്ക്കാന്?

പൊടിഞ്ഞുതകരുന്ന കുടുംബമാണത്. ഒന്നാം ലോകമഹായുദ്ധം പല ഇടത്തരം കുടുംബങ്ങളുടെയും അടിവേരുവരെ കുലുക്കി. എല്ലാറ്റിനും തീപിടിച്ച വില; വരവു പണ്ടത്തേപ്പോലെതന്നെ. പതുക്കെ വസ്തുക്കള് പണയവും തീറുമായി കൈമാറേണ്ടി വന്നു. അത്തരത്തിലുള്ള കുടുംബം ഒരുന്നൂറുറുപ്പിക ശമ്പളക്കാരനെ തള്ളിക്കളയുകയില്ല. ജ്യേഷ്ഠത്തിയല്ലെങ്കില് താന് ബലിമൃഗമാകേണ്ടിവരും എന്ന് അവള്ക്കറിയാം. എന്നിട്ടും, ആ നവതരുണി പ്രതിഷേധിച്ചുനോക്കി. ഫലമുണ്ടായില്ല. ഏച്ചപ്പന്നായര് പെങ്ങളെ ഒന്നു നോക്കി.

“നീ ഒടുക്കത്തെയാണ്. ഓര്ത്തോ.”

“അതേ, ഏട്ടാ. ഏടത്തി ഇരിക്കുന്നു.”

“അതൊക്കെ ഞങ്ങള്ക്കറിയാം. ഇവിടെ ആണും തുണയുമില്ലാത്ത സ്ഥിതി വന്നിട്ടില്ല. മനസ്സിലായോ?”

അവള്ക്കു മനസ്സിലായി, തനിക്കു രക്ഷയില്ലെന്ന്. നിറഞ്ഞുതുളുമ്പുന്ന കണ്ണുകളുമായി അവള് ജാലകത്തിനടുക്കെ ചെന്നു വെളിയിലേക്കു നോക്കിക്കൊണ്ടു നിന്നു. ആ കണ്കള്ക്കു മുമ്പില് ഒരു നളന് നിന്നു ചൊല്ലിയാടുകയാണ്:

“ദയിതേ, കേള് നീ.....”

പിറ്റേന്നു ഗോപിക്കുറുപ്പു വന്നു. രണ്ടുപേരും പരസ്പരം നോക്കി. രണ്ടുപേര്ക്കും ഒന്നും പറയാന് കഴിഞ്ഞില്ല. ഒടുവില് കുറുപ്പു ചോദിച്ചു: “പോകുകയാണ്, അല്ലേ?”

“എന്നെ കൊണ്ടുപോവാ.”

“നന്നായി വരട്ടെ.”

“ഇനി...” അവള് നിര്ത്തിക്കളഞ്ഞു.

“ഇല്ല. ഇനി ഞാന് ചൊല്ലിയാടില്ല.”

ലക്ഷ്മിക്കുട്ടിക്കു തന്നെത്താന് ഒതുക്കാന് വയ്യാതായി. അവള് തിരിച്ചു നടന്നു: തലയുംതാഴ്ത്തി ഗോപിക്കുറുപ്പു വെളിയിലേക്കും.

കല്യാണഘോഷം ആ നാട്ടില് ഓളംതല്ലുകയാണ്; അപ്പോഴൊക്കെ ലക്ഷ്മിക്കുട്ടിയുടെ മനസ്സ് മന്ത്രിച്ചതിങ്ങനെയാണ്:“അനുഭവിക്കും.

അവരിതിനൊക്കെ അനുഭവിക്കും!"

"കുടുംബസ്ഥിതി മറക്കരുത്!" എന്നു പറഞ്ഞു പാച്ചുനായര് അവളെ യാത്രയാക്കിയത് ഇന്നും ഓര്ക്കുന്നു. അന്ന് ഒരു നവവധുവായി ഇതേ വഴിയിലൂടെ സ്വയം ശപിച്ചുകൊണ്ടു കടന്നുപോയി. ഇന്നോ?

അതിനുശേഷം എന്തെല്ലാം കഴിഞ്ഞു! സിങ്കപ്പൂരില് പോയി. ഉദ്യോഗസ്ഥന്റെ ഭാര്യയായി വിലസി. ഭര്ത്താവിനെ വരച്ച വരയില് നിര്ത്തി. അവള് ഒരു മുറയ്ക്കുള്ള ഭാര്യയായിരുന്നു. മുറകളൊക്കെ നിറവേറ്റി. മമത തോന്നിയില്ലെങ്കില് അതു തന്റെ കുറ്റമാണോ?

"നീ എന്താണിങ്ങനെ?" ഭര്ത്താവു പലപ്പോഴും അവളോടു ചോദിച്ചിട്ടുണ്ട്.

"എങ്ങനെ?"

"ഞാനൊരു കുറ്റക്കാരനാണോ?"

"അവനവനോടുതന്നെ ചോദിക്കു."

"ചോദിച്ചു. ഞാന് ഒരു തെറ്റും ചെയ്തിട്ടില്ല."

"എന്നാല്പിന്നെ എന്തിനിങ്ങനെ ശ്വാസം മുട്ടുന്നു?" അവള് തിരിഞ്ഞു നടന്നു. ഒരു പ്രതികാരം ചെയ്യുന്ന സുഖം അവള് അനുഭവിക്കുകയായിരുന്നു. തന്റെ ഇച്ഛയ്ക്കല്ല, പണിക്കരുടെ ഇച്ഛയ്ക്കാണ് താന് അവിടെ ചെന്നത്. അതിനു പിടിപ്പതു വില കിട്ടണമെന്ന് അവള് ആശിച്ചു.

"നാട്ടിലൊരു പറമ്പ് വാങ്ങണം." ലക്ഷ്മിക്കുട്ടി ആജ്ഞാപിച്ചു.

"തിരക്കെന്താണ്?"

"സാധിക്കുമോ?" എന്നായി ലക്ഷ്മിക്കുട്ടിയുടെ പിന്നത്തെ ചോദ്യം.

"വാങ്ങാം."

അവളുടെ പേരില്ത്തന്നെ ഒരു വീടും പറമ്പും വാങ്ങി.

"വീട്ടിലിരുന്നാല് മതിയോ? ഊണുകഴിക്കേണ്ടേ?"

"വേണം, ലക്ഷ്മിക്കുട്ടീ."

"എന്നാല് സ്വല്പം നിലംകൂടി വാങ്ങണം."

"വാങ്ങാം."

അങ്ങനെ അവളുടെ പേരില് നാട്ടില് വസ്തുവകകകള് ഉണ്ടായിവന്നു. അപ്പോഴും അവള്ക്കു 'പോരാ, പോരാ' എന്നുതന്നെയായിരുന്നു. അന്ന് അങ്ങനെ വാശിപിടിച്ചത് എത്ര നന്നായി! അതുകൊണ്ട് ഇപ്പോള് തിരിച്ചുവരാന് ഒരിടമുണ്ടായി. ഇന്നു ഞാന് സ്വല്പം സ്വത്തുകാരിയാണ്. ഈ പ്രദേശത്ത് ഒരു സ്ഥാനമുണ്ടാവും. ഒരു പുഴുവായി അരിച്ചുപോയ അവള് ഒരു പൂമ്പാറ്റയായി തിരിച്ചുവന്നിരിക്കുന്നു.

പത്തു കൊല്ലംകൂടി കഴിഞ്ഞാല് സിങ്കപ്പൂര്വിട്ടു നാട്ടില് താമസിക്കണമെന്നായിരുന്നു പണിക്കരുടെ അന്തര്ഗ്ഗതം.

"അതല്ലേ നല്ലത്, ലക്ഷ്മിക്കുട്ടീ?"

"വിരോധമില്ല."

പക്ഷേ, രണ്ടു ദിവസത്തെ പനി അയാളെ ശാശ്വതമായ നാട്ടിലേക്കു

കൂട്ടിക്കൊണ്ടുപോയി.

ലക്ഷ്മിക്കുട്ടി ഒരു വിധവയായിട്ട് ഇതാ തിരിച്ചുവരുന്നു. അതോര്ത്തപ്പോള് ഒരു നേരിയ വ്യസനം അവള്ക്കുണ്ടാകാതിരുന്നില്ല.

“എന്തായാലും ഇത്ര പെട്ടെന്ന് ഇങ്ങനെ ആവേണ്ടിയിരുന്നില്ല.”

“ഒതുക്കു നോക്കിക്കയറണേ,” മുമ്പില് നടന്ന അഷ്ടാവക്രന് നായര് ഓര്മ്മപ്പെടുത്തി.

“എത്തിക്കഴിഞ്ഞു!”

“ഉവ്വ്.”

കാവല്ക്കാരന് വന്നു വാതില് തുറന്നു. ലക്ഷ്മിക്കുട്ടി ചവിട്ടിക്കുതിച്ച് ഉമ്മറത്തേക്കു കയറി. ജനാലകളും വാതിലുകളും തുറക്കപ്പെട്ടു. വിളക്കുകള് കൊളുത്തി. കുട്ടിയെ കോസടി വിരിച്ചു കിടത്തി. ശങ്കു അടുക്കളയിലേക്കു കടന്നു. ലക്ഷ്മിക്കുട്ടി മുഖം കഴുകി, ഉടുപ്പുമാറ്റി ഉമ്മറത്തെ കസേരയില് വന്നിരുന്നു ചോദിച്ചു:“കുഞ്ഞന്നായരേ!”

“ഓ!”

“ഈ കാണുന്ന വയല് നമ്മുടെയല്ലേ?”

“അതേ! ആ ഒടി മുഴുവന്.”

“തെക്കുഭാഗത്തുള്ള ആ പറമ്പോ?”

“അതും.”

എന്നിട്ട് അവള് നെടുതായി ഒന്നു നിശ്വസിച്ചു. ‘എന്റെ വീടാണ്: എന്റെ സ്വത്താണ്--എന്റെ മാത്രം.’ ഇതു വിചാരിച്ചിട്ട്, കുഞ്ഞന്നായരുടെ നേരെ ഒരു ചോദ്യവും;"ഇതിനെന്തു വില കൊടുത്തുവെന്നറിയോ?”

“കുറെ ഉറുപ്പികയായിട്ടുണ്ടാവൂല്ലോ!”

“വലിയ വില കൊടുത്തു. വളരെ വലിയ വില!”

എന്നിട്ട് എന്തോ ചിന്തിച്ചുകൊണ്ടങ്ങനെ ഇരുന്നു. ഒരിളംകാറ്റ് അവരുടെ മുഖത്തെ വിയര്പ്പുതുള്ളികള് ഒപ്പുന്നുണ്ടായിരുന്നു.

രണ്ട്

ദീര്ഘകാലത്തിന്നുശേഷം വീട്ടില് തിരിച്ചെത്തുന്ന യുവാവിന്റെ മുഖപ്രസന്നതയോടെ പ്രഭാതകിരണങ്ങള് കടന്നുവരികയാണ്. പുതിയ ഉന്മേഷങ്ങള് രാഗാലാപം നടത്തുന്നു. കാറ്റിന്റെ കൈ പിടിച്ചുകൊണ്ടു വിലോലതകള് നൃത്തംവയ്ക്കുന്നു. മൃദുലസ്നിഗ്ധാങ്ങളായ പുത്തന്കടാക്ഷങ്ങള്. മദഭരിതങ്ങളായ തത്തിപ്പാറലുകള്. എല്ലാ കവിളുകളിലും ഒരു തുടിപ്പ്. എല്ലാ ചുണ്ടുകളിലും ഒരു മന്ദസ്മിതം, ഗോപിക്കുറുപ്പ് അവ നോക്കിക്കൊണ്ടിരുന്നു.

പകുതി മടക്കിവെച്ച വിരിപ്പില്, കുത്തിവെച്ച കാല്മുട്ടുകളെ കെട്ടിപ്പിടിച്ച് ഒരു നേരിയ ആട്ടത്തോടുകൂടി ഇരിക്കുകയാണ് അയാള്. എന്തിനെപ്പറ്റിയാണ് ചിന്തിക്കുന്നത്? അഥവാ, എന്തിനെപ്പറ്റിയെങ്കിലും ചിന്തിക്കുന്നുണ്ടോ?

വളരക്കൊലമായി പ്രപഞ്ചം ചിരിച്ചും കരഞ്ഞും ഗോപിക്കുറുപ്പിന്റെ മുമ്പിലൂടെ കടന്നുപോകാറില്ല. ഒരേ നിറത്തില്, ഒരേ താളത്തില്, ദിവസങ്ങള് നീങ്ങിപ്പോകുന്നു. ഉദിച്ചാലും അസ്തമിച്ചാലും വിരോധമില്ല. സ്ഥലകാലങ്ങള് ഒരു ബിന്ദുവില് ചെന്നൊതുങ്ങിയിരുന്നു--താന് എന്ന ആ ഒരു ബിന്ദുവില്. സ്വന്തം ആത്മാവിലേക്കു തല തിരുകിയിരുന്ന ആ മനുഷ്യന്റെ മുമ്പില് പ്രപഞ്ചം ചത്തു കിടക്കുകയായിരുന്നു .

ഹൃദയത്തിലെ വീണക്കമ്പികളെ മുറുക്കിമുറുക്കി പൊട്ടിക്കുന്നവരുണ്ട്. ഗോപിക്കുറുപ്പ് ആദ്യത്തെ പങ്കിലായിരുന്നു. ലക്ഷ്മിക്കുട്ടിയുമായി പരിചയപ്പെട്ട മുതല്ക്കേ ആ വീണക്കമ്പികള് മുറുകാന് തുടങ്ങി. ആലോചിക്കാതെ പറ്റിപ്പോയതാണ്. കൈയും മെയ്യും കണ്ണും തെളിഞ്ഞ ഒരു കഥകളിനടനായി അയാള് പേരെടുക്കുകയായിരുന്നു. പ്രസിദ്ധി ഹൃദയെത്ത മുഴുവന് ഉണര്ത്തിക്കൊണ്ടുവരികയാണ്. മൂന്നു തലമുറകളായി കഥകളിനടന്മാരുടെ പാരമ്പര്യമുള്ളതാണ് അയാളുടെ കുടുംബം. അയാളുടെ ജ്യേഷ്ഠന് ആ പാരമ്പര്യം തെറ്റിച്ച് ഒരു കളംകാര്യസ്ഥനായി പോയപ്പോള്, അമ്മാമനു വ്യസനമായി. കാരണവര് കുറുപ്പിനെ വിളിച്ചു ചോദിച്ചു: "ഗോപി എന്താണ് വിചാരിക്കുന്നത്?"

"അമ്മാമന് പറയുന്നതുപോലെ ചെയ്യാം."

"വല്യമ്മാമനും അമ്മാമനും ഞാനുംകൂടി ഒരു പാരമ്പര്യമുണ്ടാക്കിയിട്ടുണ്ട്--നീ അതു കൊണ്ടുനടക്ക്വോ?"

"നടക്കാം."

"നിനക്കു വാസനയുണ്ട്, അഭ്യാസവുമുണ്ട്, ഇനി ചൊല്ലിയാടിത്തെളിയുകയേ വേണ്ടൂ. നോക്കു, നീ അരങ്ങത്തു വന്നാല് അരങ്ങു നിറയണം. ശങ്കരക്കുറുപ്പിന്റെ മരുമകന് അരങ്ങത്തെത്തി എന്ന് ആളുകള് പറയണം. ഞാന് വല്യമ്മാമന്റെ പേരിട്ടു നിന്നെ വളര്ത്തിയത് അതിനാണ്. അറിയ്യോ?"

"അറിയാം. എനിക്കും അതാണ് മോഹം."

അമ്മാമന്റെ മുഖത്ത് ഒരു മന്ദസ്മിതം തെളിഞ്ഞുവന്നു.

"ഗോപി നിന്റെ ജ്യേഷ്ഠന് ധാരാളം പണം ഉണ്ടാക്കി എന്നുവരാം. അവന് മരിച്ചാല് ഒരു പൂച്ചക്കുട്ടിയും ഓര്ക്കില്ല. നമ്മള് മരിച്ചാലും, കേളികൊട്ടു കേള്ക്കുമ്പോള് ആളുകള് നമ്മളെ ഓര്ക്കും. ഈ തറവാടിനെ ഓര്ക്കും."

"കാരണവര് പരദേവതയെ ധ്യാനിച്ചുകൊണ്ടു മരുമകന്റെ ശിരസ്സില് കൈവെച്ചനുഗ്രഹിച്ചു: നീ നന്നാവും!"

ആ അനുഗ്രഹം ഫലിക്കുകയും ചെയ്തു. ഗോപിക്കുറുപ്പിനു വെച്ചടി വെച്ചടി കയറ്റമായിരുന്നു. വളരെ വേഗത്തിലാണ് അയാള് ഒരാദ്യവസാനക്കാരനായത്. കീചകന്, അഴകിയരാവണന്, ശിശുപാലന്, അര്ജ്ജുനന്, എന്നിങ്ങനെ അയാളുടെ വേഷങ്ങള് പ്രസിദ്ധിയാര്ജ്ജിച്ചു. നളന്റെ വേഷം ആ പ്രസിദ്ധിക്കു കിരീടം ചൂടിക്കുന്നതായിരുന്നു. ആളുകള്

അയാളെ നളന് കുറുപ്പ് എന്നുതന്നെ വിളിക്കാന് തുടങ്ങി. കഥകളിയുണ്ടെന്നു കേട്ടാല് സഹൃദയന്മാര് ചോദിക്കാറുണ്ട്: "ഗോപിയുടെ നളനില്ലേ?"

മറ്റാരെപ്പോലെയുമായിരുന്നില്ല ആ നടന്. അറിഞ്ഞോ അറിയാതെയോ സ്വന്തമായി ഒരു ചിട്ട വളര്ത്തിക്കൊണ്ടുവരാന് അയാള്ക്കു കഴിഞ്ഞു.

"എന്റെയും വല്യമ്മാവന്റെയും മാതിരിയല്ല ഗോപി." കാരണവര് പറയാറുണ്ട്.

"അവന്റെ മനോധര്മ്മത്തിന്നതിരില്ല." കാണികളും അഭിനന്ദിച്ചു.

"തറവാടിന്റെ പുണ്യം നശിച്ചില്ലായിരിക്കും. എനിക്കു മനസ്സമാധാനത്തോടെ കണ്ണടയ്ക്കാം." കാരണവര് നെടുവീര്പ്പിട്ടു.

ഗോപിക്കുറുപ്പിനെസ്സംബന്ധിച്ചിടത്തോളം അതൊരുതരം ഉപാസന തന്നെയായിരുന്നു. മറ്റൊന്നിനെപ്പറ്റിയും അയാള് ചിന്തിച്ചില്ല; മറ്റൊന്നും അയാള്ക്കറിഞ്ഞുകൂടായിരുന്നതാനും. ആറുമാസത്തേക്ക് ഊണു കഴിക്കാനുള്ള നെല്ലു കിട്ടാവുന്ന നിലം ആ തറവാട്ടേക്കുണ്ട്. കോവിലകത്തു നിന്നു ചാര്ത്തിക്കൊടുത്തതാണ്. അതിന്റെ മിച്ചവാരം എത്രയാണെന്നുപോലും ഗോപിക്കുറുപ്പിന് അറിഞ്ഞുകൂടാ. അത്തരം കാര്യങ്ങളെപ്പറ്റി അയാള് മനസ്സു മുഷിയാറില്ല. വല്ലവരും ചോദിച്ചാല് ഉടനെ വരുന്ന മറുപടി ഇതാണ്: "അമ്മാമനോടോ ഏട്ടനോടോ മറ്റോ ചോദിക്കു."

വരുമാനമുള്ള തൊഴിലല്ല. എല്ലാവര്ക്കുംകൂടി കിട്ടുന്ന അരങ്ങുപണം പത്തോ പന്ത്രണ്ടോ ഉറുപ്പികയാണ്. അതും കളിയുള്ള ദിവസങ്ങളില്, ഊണും ക്ഷൗരവും തേച്ചുകുളിയും സൗജന്യം. ചിലപ്പോള് പ്രമാണപ്പെട്ടവര് പ്രസാദിച്ച് ഒരു ഓണപ്പുടവകൂടി കൊടുത്തുവെന്നുവരും. ഒരായുഷ്കാലം മുഴുവനും ഇതിനുവേണ്ടി പണയപ്പെടുത്തുകയാണ്. പക്ഷേ, ഗോപിക്കുറുപ്പിനെ അത്തരം ആലോചനകള് അലട്ടിയതേയില്ല. അയാളുടെ ഞരമ്പുകളില് നിറയെ താളമാണ്; ഹൃദയത്തില് നിറയെ ഭാവങ്ങളും. ആവിഷ്കരിക്കുക, കൂടുതല് മധുരമായി, കൂടുതല് പൂര്ണ്ണമായി ആവിഷ്കരിക്കുക--അതായിരുന്നു വീറ്. ഓരോ അരങ്ങു കഴിയുമ്പോഴും 'ഗോപിയുടെ നളന്', 'ഗോപിയുടെ കീചകന്' എന്ന പ്രശംസാവചനങ്ങളില് ഹൃദയം നിറയുന്നതായിത്തോന്നി. ജീവിതം പതയുകയും ലഹരിയുള്ക്കൊള്ളുകയുമായിരുന്നു. പുറമേ നിശ്ശബ്ദമാണെങ്കിലും അയാളുടെ ഹൃദയം കുവിയാര്ത്തു: 'അസ്സല്! ഭേഷ്!'

അങ്ങനെ വിജയത്തിന്റെ ഉന്നതതലങ്ങളില് ചുറ്റിയടിക്കുമ്പോഴാണ്, യക്ഷികാക്കുന്ന ഒരു പൊയ്കയിലെ പൂമണമെന്നപോലെ, ആ മധുരദര്ശനത്താല് ആകൃഷ്ടനായത്. ഇടവഴിയിലൂടെ തിരക്കിട്ടുപോവുകയായിരുന്ന അയാളുടെ കരളിലേക്ക് ഒരു പ്രണയം പാഞ്ഞുകയറി. ലക്ഷ്മിക്കുട്ടിയുടെ മധുരമായ കണ്ണുത്തിലൂടെ 'കളി അസ്സലായി' എന്നു പറഞ്ഞു കേട്ടപ്പോള് ഞരമ്പിലാകെ ഒരു ഇക്കിളി പാറിപ്പറന്നു. പതുക്കെപ്പതുക്കെ അതു ഹൃദയത്തില്ച്ചെന്നു കൂടുകൂട്ടുകയും ചെയ്തു. എന്തോ ഒരു സുഖം, ഒരു ലഹരി. അതു കൂടുതല് ചന്തത്തില് ചൊല്ലിയാടിച്ചു, കൂടുതല്

ഭംഗിയില് ഭാവാവിഷ്കരണം ചെയ്യിച്ചു. ആയിരമാളുകളുള്ള സദസ്സില്വെച്ചു ചൊല്ലിയാടുമ്പോഴും ഒരാളുടെ മുമ്പില് മാത്രമാണ് ചൊല്ലി യാടുന്നതെന്നു തോന്നി. ഓരോ കലാശത്തിലും സദസ്സില്നിന്നു രണ്ടു നീലശംഖുപുഷ്പങ്ങള് തന്റെ പാദങ്ങളിലേക്കു വന്നുവീഴുന്നതുമാത്രം അയാള് കണ്ടു. അതാണ് അയാള് പ്രതീക്ഷിക്കുന്നത്. അതയാള്ക്കു കിട്ടുകയും ചെയ്തു.

കിനാവുകള്ക്കു ചിലപ്പോള്, ചില പ്രായത്തില്, യാഥാര്ത്ഥ്യത്തക്കൊള് മനസ്സിനെ പിടിച്ചടക്കാനുള്ള കെല്പുണ്ടല്ലോ. അവിടെ സാധ്യതാസാധ്യതകളുടെ വേര്തിരിവില്ല. ചക്രവാളപരിധികളില്ലാത്ത പ്രപഞ്ചമാണ്. പ്രതിരോധങ്ങളോ പ്രയാസങ്ങളോ ഇല്ല. സൂര്യകിരണങ്ങളില് തുങ്ങിയാടി, ചന്ദ്രകിരണം കടന്നുപിടിച്ച്, അനന്തതയിലൂടെ പ്രയാണം ചെയ്യുക. ഇഷ്ടമുള്ളപ്പോള് ഇഷ്ടമുള്ള ഋതുക്കള് ചമഞ്ഞൊരുങ്ങുന്നു. ഇഷ്ടമുള്ളപ്പോള് ഇഷ്ടമുള്ള സൂര്യന്മാര് അസ്തമിക്കുന്നു. വിടരാന് വെമ്പിക്കൊണ്ടും കൊഴിയാന് വൈകിക്കൊണ്ടും നില്ക്കുന്ന പൂക്കള്ക്കു നടുവിലൂടെ എന്തിനെന്നില്ലാത്തതും സുഖിതവുമായ ഒരു വിഷാദഗാനം മൂളിക്കൊണ്ടു കാറ്റ് ഊളിയിട്ടുനടക്കുന്നു. കമ്പികളെല്ലാം മുറുകിക്കൊണ്ടാണ്. ഗാനങ്ങളെല്ലാം ഉച്ചസ്ഥായിയില് നിന്നാണ് തുടങ്ങുന്നത്. ആ കിനാവിന്റെ പ്രപഞ്ചത്തിനുവേണ്ടി യുദ്ധംവെട്ടുന്നു. ജീവിതംതന്നെ പൊടിച്ചുതകര്ത്തുകളയുന്നു. ചോദിക്കുന്നതും ഉത്തരം പറയുന്നതും വിധിക്കുന്നതുപോലും വികാരമാണ്. അപ്സരസ്സുകളുടെ ലോകത്തില് ചെന്നുപെട്ട വസിഷ്ഠനെപ്പോലെ, ചിന്ത അവിടെ പുറംതള്ളപ്പെടുകയോ വിസ്മൃതിയാക്കപ്പെടുകയോ ചെയ്യുന്നു. ജീവിതം തിമര്ത്തു പൂക്കുകയാണ്. ചിലപ്പോള് മഹത്ത്വത്തിലേക്കു കായ കൂടാന്, ചിലപ്പോള് അമ്പേ കൊഴിയാന്. മഹാനും വിസ്മൃതിയും പിരിഞ്ഞുപോകുന്ന മുക്കുട്ടപ്പെരുവഴിയാണ് ആ സ്വപ്നപ്രപഞ്ചം. ഗോപിക്കുറുപ്പ് അവിടെനിന്നു ചൊല്ലിയാടി.

പെട്ടെന്നാണ് അതു തകര്ന്നുപോയത്. ലക്ഷ്മിക്കുട്ടി എന്നെങ്കിലും പോകുമെന്ന് അയാള് ഓര്ത്തിട്ടില്ല. എല്ലാ സമയത്തേക്കും കാലത്തേക്കും ഉദിച്ചുനില്ക്കുന്ന ഒരു ധ്രുവനക്ഷത്രമാണ് അതെന്ന് അയാള് വിശ്വസിച്ചു. ആ നക്ഷത്രത്തെ ലക്ഷ്യംപിടിച്ചുകൊണ്ടാണ് അയാള് തന്റെ കപ്പലോടിച്ചത്. 'എന്നെ കൊണ്ടുപോവാ' എന്ന അവളുടെ വാക്കോടുകൂടി ആ മാര്ഗ്ഗദീപം കെട്ടു. നടുക്കടലില് വെച്ചു വടക്കുനോക്കി* നഷ്ടപ്പെട്ട കപ്പിത്താനെപ്പോലെ, അയാള് വട്ടംകറങ്ങി. 'ഇല്ല ഇനി ഞാന് ചൊല്ലിയാടില്ല' എന്ന് അയാളുടെ യാത്രാമൊഴിയില് ഒരു ജീവിതസൗഭാഗ്യം മുഴുവന് വറ്റിയമരുകയായിരുന്നു .

ലക്ഷ്മിക്കുട്ടി പോയതിനുശേഷം മൂന്നു മാസത്തെ അയാളുടെ ജീവിതം ഒരു ജീവിതമായിരുന്നുവോ? ഒരു ശൂന്യത, ആത്മാവു കൈമോശം വന്നിരിക്കുന്നു.

'ഞാന് മരിക്കും--' അയാള് സ്വയം പിറുപിറുത്തു. എപ്പോഴെങ്കിലും വല്ലതും കഴിച്ച് എവിടേക്കെന്നില്ലാതെ നടന്നു. എവിടെയെങ്കിലും തളര്ന്നുവീണു മയങ്ങി. ജീവിതം ഒരു തൊണ്ടുപോലെയായിരിക്കുന്നു. ആ തൊണ്ടുംതച്ചുടച്ചാലോ? അയാള് മനുഷ്യരെ വെറുത്തു. മൃഗങ്ങളെയും

പക്ഷികളെയും വൃക്ഷങ്ങളെപ്പോലും വെറുത്തു. പ്രപഞ്ചത്തോട് ആകെ വെറുപ്പ്. ഏതു മൂലയ്ക്കല് പോയിരുന്നാലും ജീവിതം അതിന്റെ നീണ്ട നാവുകള് നീട്ടി അയാളെ നോക്കുകയാണ്.

"നാശം!" അയാള് എഴുന്നേറ്റു നടന്നു. എല്ലാം നശിക്കുന്നതു കാണാന് ഒരാഗ്രഹം. കത്തിക്കരിഞ്ഞുപോണം. പ്രപഞ്ചം ഒരുപിടി ചാമ്പലായി ഊതിപ്പറപ്പിക്കാവുന്ന സ്ഥിതിയിലെത്തിയാല്!

'ഒന്ന് അന്തിയായിക്കിട്ടിയെങ്കില്! എന്നാല് ഈ ബഹളവും ചൂടും നില്ക്കും. എല്ലാ ദിക്കിലും മനുഷ്യര്, വൃത്തികെട്ട മനുഷ്യര്!' ഗോപിക്കുറുപ്പു വിചാരിച്ചു: 'എല്ലാവര്ക്കും എന്റെ നേരെ പരിഹാസമാണ്, കള്ളവര്ഗ്ഗം!' അങ്ങനെ ശപിച്ചുശപിച്ചു പകലവസാനിക്കുന്നു. രാത്രി ആകെ ഒരു കരച്ചിലാണ്-- ഒരു കറുത്ത കണ്ണുനീര്ത്തുള്ളി! 'എനിക്കു വയ്യാ, ഞാന് എല്ലാം അവസാനിപ്പിക്കും.'

പെട്ടെന്ന് ആശയുടെ ഒരു നേര്ത്ത കിരണം ഹൃദയത്തിലേക്കു കടന്നുവരും. എല്ലാം മറക്കാന് ശ്രമിക്കും. 'പോട്ടെ, അതിന്റെ പാട്ടിന്. എനിക്കു നാളെ ഒരു സ്ഥിതിയുണ്ടാവും. എന്റെ വിദ്യ ഞാന് കൈവെടിയില്ല.' ചാരക്കുഴിയില്നിന്നു നായയെന്നപോലെ, അയാള് ആകെ കുടഞ്ഞെഴുന്നേല്ക്കും. 'നമ്മള് മരിച്ചാലും കേളികൊട്ടു കേള്ക്കുമ്പോള് ആളുകള് നമ്മെ ഓര്ക്കും. ഈ തറവാടിനെപ്പറ്റി ഓര്ക്കും' എന്ന അമ്മാവന്റെ ആശംസ ചെവിയില്ക്കിടന്നു മുഴങ്ങും, ഒരു ഉന്മേഷം, ഒരു പുതുജീവന്. പക്ഷേ, വീശിക്കാണിച്ച ഒരു ഈറന്ചൂട്ടുപോലെ, അതു വേഗത്തില് കെട്ടു പോകുകയും ചെയ്യും. എന്നാലും, 'അവളെ ഇനി കാണില്ലേ? വെറുതെ ഒന്നു കാണാന്!'

താനെന്തിന് ഒഴിഞ്ഞുമാറി എന്നു കൂടക്കൂടെ അയാള് സംശയിക്കും. 'ഞാന് പുടവമുറി കഴിക്കാം' എന്ന് എന്തുകൊണ്ടു മുമ്പോട്ടു ചെന്നു പറഞ്ഞില്ല? പക്ഷേ, ഒരു കഥകളിക്കാരനു പെണ്ണുകെട്ടാവുന്ന കുടുംബമല്ല അത്. ഒരു ചുട്ടിക്കാരനു കൊടുക്കാന് പെണ്ണില്ല എന്ന മുഖത്തടിച്ച ഉത്തരം കേള്ക്കേണ്ടിവരുമായിരുന്നു. ഇതോര്ത്തപ്പോള് കഥകളിയോടുതന്നെ ഒരു വൈരം. 'ഞാന് ഒരു ചുട്ടിക്കാരനായി എല്ലാം നശിച്ചു...'

കാറ്റുപോലെയുള്ള ഗോപിക്കുറുപ്പിന്റെ ഈ ഗതി ആ കുടുംബത്തെ അമ്പരപ്പിച്ചു. അമ്മ ദുഃഖിച്ചു. അമ്മാമന് വേവലാതിപ്പെട്ടു:

"അവനെന്തുപറ്റി?"

പലതും ആ കാരണവര് ഊഹിച്ചു. ശത്രുക്കളുണ്ടാവാം. കലാലോകത്തു കിടമത്സരവും വൈരവും ധാരാളം വിളയും. തനിക്കുതന്നെ അത്തരം അനുഭവങ്ങള് ഉണ്ടായിട്ടുണ്ട്.

"അസത്തുക്കള്! കണ്ണുകടിയാണ്. ഇവരെത്ര തുള്ളിയിട്ടെന്താ. അവന്റെ പാരമ്പര്യം ഇവറ്റയ്ക്കുണ്ടാവ്വോ?"--കാരണവര് സങ്കല്പ ശത്രുക്കളെ ഒന്നടങ്കം പ്രാകി. എന്നിട്ടു ദൃഷ്ടിദോഷം, ബാധ, മാരണം, മാട്ട് ഇവയ്ക്കെല്ലാം വെവ്വേറെ മന്ത്രവാദം ചെയ്യിച്ചു. നടരാജന്റെ മുമ്പില് നിറമാല തൂക്കുകയും നെയ്യിളക്കു വയ്ക്കുകയും ചെയ്തു. ആ നെയ്യിളക്കുകളുടെ പ്രകാശത്തില് നടരാജന്റെ മുഖം

തിളങ്ങി. പക്ഷേ, ഗോപിക്കുറുപ്പിന്റെ മുഖത്ത് അപ്പോഴും മങ്ങല്തന്നെയാണ്.

കളിക്കു വിളിച്ചാല് പോവില്ല. വിളിക്കുന്നവരോടുതന്നെ ദേഷ്യം. എന്നാല് കളി തുടങ്ങിക്കഴിഞ്ഞാല് അണിയറയുടെ അരുപറ്റിക്കൊണ്ട് എവിടെയെങ്കിലും നിറഞ്ഞ കണ്ണുകളോടെ കുത്തിച്ചാരിയിരിക്കും. നല്ല സമയമാണെങ്കില് ചെറുകിടക്കാരുടെ മുഖത്തേപ്പു ശരിയാക്കുന്നേടത്തോ ഉടുത്തുകെട്ട് ഒരുക്കുന്നേടത്തോ സഹായിച്ചുവെന്നുവരും. ചിലപ്പോള് എന്തെങ്കിലും ചോദിച്ചാല് ശുണ്ഠിയെടുത്ത് എല്ലാവരെയും ചീത്തപറഞ്ഞ് ഇറങ്ങിപ്പോയി എന്നുവരും. ആരും അയാളോട് എതിരു പറഞ്ഞില്ല . എല്ലാവര്ക്കും വ്യസനമായിരുന്നു.

“കഷ്ടം! ഇനി ഇങ്ങനെ ഒരു കുട്ടിയെ ചൊല്ലിയാടിക്കാന് എനിക്കു കിട്ടില്ല.” ഭാഗവതരാശാന് ആ ഇറങ്ങിപ്പോക്കു നോക്കിക്കൊണ്ട് പറഞ്ഞു: “ആ തറവാടിന്റെ സുകൃതക്ഷയം!”

“എന്തുപറ്റി?”

“ആര്ക്കറിയാം!”

“ചികിത്സിച്ചാലോ?”

“എന്തൊക്കെ നോക്കി!”

“എന്തൊരു സ്വഭാവമായിരുന്നു!”

“വിധി!”

ഒരിക്കല് കോവിലകത്തു കളി നിശ്ചയിച്ചു. ആറു മാസമെങ്കിലും സുഖമായി ഭക്ഷിക്കുന്നത് അവിടത്തെ നിലം, നടന്നിട്ടാണ്. ആ തറവാട്ടില്നിന്ന് ഒരാളും പോകാതിരുന്നാലോ? കുറെ നേരം ആലോചിച്ചിരുന്നു. ഒരു നെടുവീര്പ്പോടെ കാരണവര് പോയി. രണ്ടാംതമ്പുരാനാണ് ഇത്തരം കാര്യത്തിലൊക്കെ ഉത്സാഹി. മൂത്ത തമ്പുരാന്റെ ജീവിതം നേത്യാരമ്മയെ തൃപ്തിപ്പെടുത്താന് പാടുപെടുന്നതില്ത്തന്നെ കഴിയും. രണ്ടാംതമ്പുരാന് അണിയറയിലേക്കു കടന്നു. ശങ്കരക്കുറുപ്പു ചുട്ടിക്കു കിടക്കാന് ഭാവിക്കുകയായിരുന്നു. ഗോപിക്കുറുപ്പ് അണിയറയുടെ മുളങ്കാലും ചാരി നിശ്ശബ്ദനായിരിക്കുകയാണ്. തമ്പുരാന് ആകെയൊന്നു നോക്കി, തൊഴുതുനില്ക്കുന്ന ശങ്കരക്കുറുപ്പിനോടു ചോദിച്ചു."ശങ്കരന്തന്നെ വേണോ?"എന്നിട്ടു ഗോപിയെ ഒന്നു കടാക്ഷിക്കുകയും ചെയ്തു. ആ വൃദ്ധാനടന്റെ നെഞ്ചില് ഒരു ദീര്ഘനിശ്വാസം മുട്ടിത്തിരിഞ്ഞു. അയാള് താഴ്ന്നശബ്ദത്തില് പറഞ്ഞു: “അടിയന് മരിക്കുന്നതു വരെ എത്തിക്കാം.” ആ കണ്ണുകളില് നിന്നു രണ്ടു തുള്ളി കണ്ണുനീരും അടര്ന്നു വീണു. ഗോപിക്കുറുപ്പു തലയുയര്ത്തി അമ്മാമനെയും തമ്പുരാനെയും ഒന്നു നോക്കി, എന്നിട്ടു മുന്നോട്ടു വന്നു പറഞ്ഞു: “ഞാനാണ് വേഷം. അമ്മാമനങ്ങു പോയ്ക്കോളൂ!”

ക്ഷൗരം കഴിക്കുകയോ കുളിക്കുകയോ ചെയ്യാത്ത ആ മുഖത്തേക്കു കാരണവര് ഒന്നു നോക്കി. അന്ന് അണിയറയുടെ പിന്നുറത്തു നിലവിളക്കിന്റെ വെളിച്ചത്തില്വെച്ചു ക്ഷൗരം കഴിച്ചു കുളിച്ചുവന്ന് അയാള്

ചുട്ടിക്കു കിടന്നു. അന്നത്തെമാതിരി ഒരു ബാഹ്യകന് ഉണ്ടായിട്ടില്ല. ശോകരസം അലതല്ലുകയായിരുന്നു. കാണികളുടെ കണ്ണുകള് നിറഞ്ഞു. ഗോപിക്കുറുപ്പ് അരങ്ങത്തു നിന്നു പോയി. തമ്പുരാന് അണിയറയിലേക്ക് ഓടിച്ചെന്ന് അയാളെ കടന്നുപിടിച്ചുകൊണ്ടു പറഞ്ഞു:"ഗോപി, ഞാനിങ്ങനെ ഒരു വേഷം കണ്ടിട്ടില്ല. അതൊരു അനുഭവമായിരുന്നു. ഗോപി ഒരു നളന്തന്നെ!"

"പക്ഷേ, കലി ബാധിച്ചിരിക്കുന്നു." കുറഞ്ഞൊരു നിശ്ശബ്ദതയ്ക്കു ശേഷം അയാള് പറഞ്ഞു: "അവിടത്തെയും അമ്മാമന്റെയും ഇഷ്ടം ഇന്നു ഞാന് നിറവേറ്റി. ഇനി എന്നോടു കല്പിക്കരുത്. എന്നാല് എനിക്കു ഭ്രാന്തായാവും."

ഒരു ഇടിവെട്ടിന്റെ കാഠിന്യമുണ്ടായിരുന്ന ആ വാക്കിന്ന്. ആരും ഒന്നും മിണ്ടിയില്ല. അയാള് കോപ്പഴിച്ചുവെച്ചു. പിന്നീട് ഒരിക്കലും ആ കോപ്പ് അണിയുകയുണ്ടായില്ല. അന്തംമറഞ്ഞവനെപ്പോലെ, അങ്ങുമിങ്ങും നടക്കും. ആരോടെന്നില്ലാതെ എന്തൊക്കെയോ പിറുപിറുക്കും. വല്ല്പപോഴും വീട്ടില്വരും. അപ്പോള്ത്തന്നെ തിരിച്ചുപോയി എന്നു വരും. അല്ലെങ്കില് ഒരു ദിവസം മുഴുവന് കിടന്നുറങ്ങും.

കാരണവര് നിശ്ശബ്ദനായി എല്ലാം നോക്കിയിരുന്നു. ഒന്നും പറഞ്ഞില്ല. ആയിരമായിരം ഹൃദയങ്ങളെയിട്ട് അമ്മാനമാടിച്ച ആ നേത്രങ്ങള് വാര്ദ്ധക്യ ബാധകൊണ്ട് മങ്ങിമങ്ങി വരികയായിരുന്നു. പ്രകാശം കെട്ടു. ഒടുവില് അത് എന്നെന്നേക്കുമായി അടഞ്ഞു. അപ്പോള് ഒരുതുള്ളി കണ്ണുനീര് ആ കണ്കോണില് ബാക്കിനിന്നിരുന്നു. അത് ആ മരുമകനെച്ചൊല്ലിയായിരുന്നുവോ?

അമ്മാമന്റെ മരണംകൂടി കഴിഞ്ഞപ്പോള്, എല്ലാ ബന്ധത്തില്നിന്നും താന് വിമുക്തനായപോലെ ഗോപിക്കുറുപ്പിനു തോന്നി. ജ്യേഷ്ഠനെപ്പറ്റി അയാള് ഒരിക്കലും വേവലാതിപ്പെട്ടില്ല. ആ മനുഷ്യനെ ഏതാണ്ടു വിസ്മരിച്ച മട്ടിലാണ്. അയാളാകട്ടെ, കളംകാര്യസ്ഥതയും ഭാര്യവീടുമായി അങ്ങനെ കഴിഞ്ഞു. അമ്മമാത്രം ആ ഇളയ മകനെ നോക്കി കണ്ണീര് വീഴ്ത്തി.

"ഞാന് ചാവുന്നതുവരെയെങ്കിലും ഇവിടെ കിടക്കണേ, ഗോപീ!"

"ആവാം." അയാള് സമ്മതിച്ചു. അതിനുശേഷം ദിവസവും വീട്ടിലെത്താതിരിക്കാറില്ല. ആ ഉമ്മറത്ത് അയാളും ഒരു വിരിപ്പുമായി അങ്ങനെ കഴിയും.

തീവ്രദുഃഖം അനുഭവിക്കുമ്പോള്ക്കൂടി ജീവിതം സമ്പന്നമാണ്. അതും പോയിട്ടുള്ള അവസ്ഥ ഒരു മരവിപ്പാണ്. കൊല്ലങ്ങള് കടന്നുപോയപ്പോള് ഗോപിക്കുറുപ്പ് ആ നിലയിലായി. ഇന്നു വിദ്വേഷമില്ല, മമതയുമില്ല. ഒരു കരിക്കട്ട തന്റെ ഭ്രുതകാലജ്വാലകളെപ്പറ്റി ഓര്ക്കാറുണ്ടോ? ഗോപിക്കുറുപ്പും തന്റെ ഭ്രുതകാലം മറന്നു. ഭാവിയിലേക്ക് എത്തിനോക്കിയതുമില്ല.

അന്ന് അയാള് തന്റെ വിരിപ്പില് നിശ്ചേഷ്ടനായി ഇരിക്കുകയാണ്. പ്രഭാതം അതിന്റെ എല്ലാ ആകര്ഷകതയോടുംകൂടി മുമ്പില് വന്നപ്പോള് ആ പതിവുവരികള് അയാള് മൂളി:

“വിജനേ ബത മഹതി വിപിനേ നീയുണര്ന്നിന്നു–
വദനേ, വീണൊന്നു ചെയ്യൂ കദനേ...”

ആ മൂളല് കേട്ടപ്പോള് അമ്മ ഉമിക്കരിയും വെള്ളവും ഉമ്മറക്കോലായില് കൊണ്ടുവന്നുവെച്ചു. കുറുപ്പ് അവയെടുത്തുകൊണ്ടു മുറ്റത്തിന്റെ അരികിലേക്കു നീങ്ങി.

“പല്ലുതേപ്പായിട്ടേ ഉള്ളൂ?” പെട്ടെന്നു പടിക്കല്നിന്ന് ഒരു ചോദ്യം, തലപൊക്കി നോക്കി, ഏച്ചപ്പന്നായരായിരുന്നു.

“അതേ. എവിടെ പോയിരുന്നു?”

“ലക്ഷ്മിക്കുട്ടിയുടെ വീട്ടില്.”

“ഹ!” കുറുപ്പ് ഉമിക്കരി ഒപ്പിയ വിരലും പൊക്കിക്കൊണ്ടു മിഴിച്ചുനോക്കി.

“എന്റെ പെങ്ങള് ലക്ഷ്മിക്കുട്ടി, അവള് സിങ്കപ്പൂരില്നിന്നു വന്നല്ലോ.”

“ഏ?” കുറുപ്പ് എന്തിനെന്നില്ലാതെ ഒരു ശബ്ദം പുറപ്പെടുവിച്ചു.

“അതു വലിയ അടിയായിപ്പോയില്ലേ? അവളുടെ ഭര്ത്താവു മരിച്ചു. കുട്ടിയും അവളുംകൂടി മടങ്ങിപ്പോന്നു. ഇപ്പോളയാളുടെ വീട്ടിലല്ലേ താമസം! ഒരു സമാധാനം: കഴിഞ്ഞുകൂടാനുള്ള വക ഉണ്ടാക്കിയിട്ടാ വന്നത്.”

“ഉം.” കുറുപ്പ് ഒന്നു മൂളി. പിന്നൊ ഒന്നും പറഞ്ഞില്ല. ഏച്ചപ്പന്നായര് എന്തൊക്കെയോ സംസാരിക്കുകയാണ്. കുറുപ്പ് ഒന്നും കേട്ടില്ല. ഒടുവില് ‘ഞാന് വരട്ടെ’ എന്നും പറഞ്ഞു നായര് നടന്നു. കുറുപ്പ് ആ ഇരിപ്പുതന്നെ.

നടുവേനലില് കടുംവെയിലത്ത് ഒരു ഇടിവെട്ടു കേട്ടപോലെയായി കുറുപ്പിന്റെ നില. എന്ത്? എങ്ങനെ? എവിടെനിന്ന്?

വളരക്കൊലം പുകഞ്ഞുപുകഞ്ഞ് ഒടുവില് നിശ്ശബ്ദമായിത്തീര്ന്ന ഒരഗ്നിപര്വ്വതം പെട്ടെന്നു പൊട്ടിത്തെറിക്കുകയായിരുന്നു. അടിവരെ ഇളകി. കുലുക്കത്തോടു കുലുക്കം. പുക ഉയര്ന്നു ചീറ്റുന്ന തിരമാലകള്. ആ വികാരാനുഭവം ഉള്ക്കൊള്ളാനുള്ള വലിപ്പം തനിക്കില്ലെന്ന് അയാള്ക്കു തോന്നി. ഒരു വീര്പ്പുമുട്ടല്, തലചുറ്റല്. അയാള് ഇരിപ്പില്നിന്നു മറിഞ്ഞുവീണു.

ബോധം തെളിഞ്ഞപ്പോള് അമ്മ അടുത്തു നില്ക്കുന്നതാണ് അയാള് കണ്ടത്. അവര് ചോദിച്ചു:

“നിനക്കെന്താണ്, ഗോപീ?”

“ഒന്നുമില്ല.”

“എന്നാലും...”

“ഉം–ം. ഉം.” നിഷേധസ്വരത്തില് ഒരു മൂളല്.

“നീ വല്ലതും കണ്ടു പേടിച്ചോ, കുട്ടീ?”

“ഒന്നുമില്ലെന്നു പറഞ്ഞില്ലേ?” ഗോപിക്കുറുപ്പ് സ്വല്പം കയര്ത്താണ് സംസാരിച്ചത്. ആ അമ്മ പിന്വലിഞ്ഞു. തന്റെ മകന് എന്തോ അപകടം സംഭവിച്ചിട്ടുണ്ടെന്ന് അവരുടെ ഹൃദയം മന്ത്രിച്ചു. ഒരു മന്ത്രവാദിയെ വിളിച്ച് ഒന്ന് ഉഴിഞ്ഞുവാങ്ങിക്കഴിഞ്ഞാല് നന്ന്. അവന് അനുസരിക്കുമോ? അനുസരിച്ചാല്ത്തന്നെ കാശെവിടെ? ഒടുവില് അവര് ഒരു നെടുവീര്പ്പോടെ പറഞ്ഞു:

“ഭഗവാനേ, ഒന്നുകില് നീയെന്നെ കൊണ്ടുപോ. അല്ലെങ്കില്, എന്റെ കുട്ടിയെ മര്യാദയ്ക്കാക്കിത്താ.” ഈശ്വരന് കേട്ടുവോ? ആ അമ്മയുടെ കണ്ണുനീര്ത്തുള്ളികള്, പൂജാപുഷ്പങ്ങള്പോലെ , തറയില് വന്നുവീഴുന്നുണ്ടായിരുന്നു.

ഗോപിക്കുറുപ്പു വല്ലതുമറിയുന്നുണ്ടോ? അയാള് കുത്തിച്ചാരിയിരുന്നു. പുറമേ നിശ്ശബ്ദത; അകം ശബ്ദായമാനം, ഹൃദയത്തില് പൊട്ടിച്ചിരികളും വളക്കിലുക്കങ്ങളും താളം ചവിട്ടലുകളും നടക്കുന്നു.

ഉച്ചതിരിഞ്ഞു; വൈകുന്നേരമായി. അയാള് ഭക്ഷണം കഴിച്ചിട്ടില്ല. വെള്ളം കൂടി കുടിച്ചിട്ടില്ല . അമ്മ നിര്ബന്ധിച്ചു ; അയാള് ചെവിക്കൊണ്ടില്ല .

ഇരുട്ട് എല്ലായിടത്തും വ്യാപിച്ചു. ഗോപിക്കുറുപ്പ് അനങ്ങിയില്ല. വിളക്കു കൊളുത്തിവെച്ചത് അയാള് കണ്ടില്ല. കത്തിക്കത്തി എണ്ണ വറ്റുന്നതു ശ്രദ്ധിച്ചില്ല. എല്ലാ ശബ്ദങ്ങളും നേര്ത്തുനേര്ത്തു നിന്നു. അപ്പോഴും ഇരിക്കുകതന്നെയാണ്, അയാള് അപ്പോള് ഉണര്ന്നിരുന്നുവെങ്കില്, ‘ഓ! എന്റെ ശരീരമിവിടെയുണ്ടല്ലോ’ എന്നു തന്നോടുതന്നെ പറയുമായിരുന്നു.

“ഗോപീ!” അപ്പോഴും അമ്മ കാത്തുനില്ക്കുന്നു. ആ വിളിക്കും ഉത്തരമുണ്ടായില്ല. അമ്മ നിന്നു വിതുമ്മിക്കൊണ്ടു മകനെ നോക്കി. ആ ഇരുപ്പു കണ്ട് അവര്ക്കു പൊറുക്കാന് കഴിയുന്നില്ല. അവര് ഓടിച്ചെന്നു മകനെ കെട്ടിപ്പിടിച്ചു; പൊട്ടിക്കരഞ്ഞു--പച്ചമുള വെട്ടിച്ചീന്തുമ്പോലെ:

“മോനേ, നീയെന്നെ കൊന്നുകള!”

ഗോപിക്കുറുപ്പ് ഞെട്ടിയുണര്ന്നു: “എന്താണമ്മേ!”

“നീയൊന്നും കഴിച്ചില്ലല്ലോ. ഇങ്ങനെയായാല് നീയെന്നെ അധികം ദിവസം ജീവിച്ചിരുത്തില്ല.” അവരുടെ കണ്ണില്നിന്നു ചുട്ട കണ്ണുനീര് അയാളുടെ ചുമലില് ഇറ്റിറ്റുവീണു.

കുറുപ്പു ശരീരമൊന്നു കുടഞ്ഞു; എഴുന്നേറ്റു. എന്നിട്ടു പറഞ്ഞു:

“ചോറു കൊണ്ടുവരൂ. അമ്മ എന്തിനു കരയുന്നു?”

എന്തിനു കരയുന്നുവെന്ന് ആ അമ്മ വിവരിച്ചില്ല. അമ്മയും മകനും അന്ന് ഒന്നിച്ചിരുന്നു ഭക്ഷണം കഴിച്ചു. വിളക്കുതി, വാതിലടയ്ക്കുമ്പോള് അമ്മ പറഞ്ഞു:

“ഗോപീ, സുഖമില്ലെന്നു തോന്നിയാല് എന്നെ വിളിക്കണേ!”

“ഓ.”

അയാള് ഉറങ്ങിയോ? തികച്ചും ഉണര്ന്നാണ് കിടന്നതെന്നു പറക വയ്യാ. ഒരു മയക്കം. ശബ്ദങ്ങളും രൂപങ്ങളും അന്തരീക്ഷത്തിലൂടെ കടന്നുപോകുന്നു. രൂപങ്ങളില്നിന്നു ശബ്ദം പുറപ്പെടുകയാണെന്നു തോന്നിയില്ല. ശബ്ദങ്ങള് രൂപങ്ങളായി മാറുകയാണ്.

“എങ്ങനെ പിടിക്കുന്നു നീ
ഗഗനചാരിയാമെന്നെ.”

എന്നൊരു ഗാനശകലം എവിടെനിന്നെന്നില്ലാതെ പുറപ്പെടുന്നു. അതാവര്ത്തിച്ചാവര്ത്തിച്ച് അന്തരീക്ഷം നിറയുന്നു. ഉടനെ ചിലങ്കയുടെ ശബ്ദം;

ചിലങ്കകെട്ടിയ കാല്; അവയുടെ ചലനം; ചലനത്തിന്നൊപ്പം നീങ്ങുന്ന ദേഹം; ദേഹത്തിന്നൊരു മുഖം--ആ മുഖം പരിചയമുള്ളതാണ്. കുഞ്ഞിലക്ഷ്മിയുടെ മുഖം, ഗാനം പൊഴിച്ചുകൊണ്ട് അകന്നുനീങ്ങിപ്പോവുകയാണ്! 'എങ്ങനെ പിടിക്കുന്നു നീ...'

ശബ്ദങ്ങളും മുഖങ്ങളും മുമ്പില് വന്നുംപോയും നിന്നു. എല്ലാ മുഖങ്ങള്ക്കും ഒരേ ഛായ; ഒരേ ഭാവം. അങ്ങനെ വളരെ നേരം കിടന്നു. എപ്പോഴാണ് ഉറങ്ങിയതെന്നറിഞ്ഞില്ല. ഉണര്ന്നപ്പോള് നേരം പുലര്ന്നിട്ടില്ല. വല്ലാത്ത ചൂട്. കുറുപ്പു മുറ്റത്തിറങ്ങി നോക്കി. ശുക്രന് ഉദിച്ചിരിക്കുന്നു. അയാള് ആ ശുക്രനക്ഷത്രവും നോക്കി കുറേ നേരം നിന്നു. പെട്ടെന്ന്, തിരിഞ്ഞു പടിക്കലേക്കു നടന്നു. പടിയിറങ്ങുകയാണെന്നും താന് നടക്കുകയാണെന്നും അപ്പോള് അയാള് ഓര്ത്തുവോ? ചലിക്കുന്നു; നീങ്ങുന്നു.

ലക്ഷ്യമില്ലാത്ത ആ നടത്തം ധൃതിയിലായി. പായേണമെന്നും നടക്കേണമെന്നുമുള്ള രണ്ടു വിചാരങ്ങള് ഒപ്പം ഹൃദയത്തില് കിടന്നു കളിച്ചു.

"നില്ക്കു; നില്ക്കു; നില്ക്കു." അങ്ങനെയൊരു ശബ്ദം ഗോപിക്കുറുപ്പിന്റെ ചെവിയില് വന്നലച്ചു. പക്ഷേ, അയാള് നിന്നില്ല. അതൊരു ഒഴുക്കായിരുന്നു.

"നില്ക്കാനല്ലേ പറഞ്ഞത്-- "ഒരു കൈ അയാളുടെ ചുമലില് വന്നു വീണു.

"എവിടേക്കാണ് ഓടുന്നത്?"

"ഞാനുണ്ടോ ഓടുന്നു?"

"ഉറക്കപ്പിച്ചു മാറ്റാതെ എന്തിനെഴുന്നേറ്റു നടന്നു? പോകൂ, വീട്ടിലേക്ക്. ഞാനും വരാം."

ഗോപിക്കുറുപ്പ് അയാളെ അടിമുടി ഒന്നു നോക്കി. കഴകക്കാരന് ഉഴുത്രുവാരിയരാണ്.

"നടക്കു--" ഒന്നും പറയാന് ഇടകിട്ടുന്നതിനുമുമ്പ്, ഉഴുത്രുവാരിയര് കൈയും പിടിച്ചുവലിച്ചു നടത്തം തുടങ്ങി.

പിന്നെ, പടികയറി; വിരിപ്പില് വന്നിരുന്നു. ആകെ തളര്ന്നിരിക്കുന്നു. അയാള് വീണുറങ്ങി. പിന്നെ, രണ്ടു ദിവസത്തിന് അയാള് സുഖമായി ഉറങ്ങി. ഒന്നും സംഭവിച്ചില്ലെന്ന് ഒരു തോന്നല്. പക്ഷേ, എന്തോ എവിടെയോ വെച്ചു മറന്നുപോയി എന്നൊരു വിചാരം ഉള്ളിലുണ്ട്. എന്താണ് മറന്നത്?

പിന്നെയും മൂന്നു രാത്രി അയാള് ഉമ്മറത്തു കിടന്നു മയങ്ങിയും ഉണര്ന്നും കഴിച്ചുകൂട്ടി. ലോകം മുഴുവന് നിശ്ശബ്ദതയിലും നിദ്രയിലും ആണ്ടുകിടന്നപ്പോള് അയാള് ശബ്ദായമാനമായ ഒരു ദ്വീപില് ജീവിച്ചു.

അയാള് കടിഞ്ഞാണ് വലിച്ചു മുറുക്കിപ്പിടിച്ചു. എന്നിട്ടും കുതിര കുതിക്കുകതന്നെയാണ്. "അടങ്ങു മനസ്സേ, അടങ്ങൂ" എന്നു നിമിഷം പ്രതി പറയുകയാണ്. അത് അധികം അടക്കമില്ലാതാക്കിത്തീര്ക്കുകയാണ്. കുമ്പിയമുള വിത്തിനുള്ളിലേക്കു മടങ്ങിപ്പോവുകയില്ല. ഒന്നുകില് അതു കിളര്ന്നു വളര്ന്നു തണല്മരമാകും, അല്ലെങ്കില് വാടിക്കുരുടിച്ചുപോകും. അഭിലാഷം ഒരിലകൂടി വിടര്ത്തി: കൈതപ്പൂവിന്റേതുപോലെ മാദകമായ ഒരു പരിമളം

ഹൃദയത്തില് വ്യാപിക്കുകയാണ്. അയാള് എഴുന്നേറ്റിരുന്നു. ആ മണം മത്തുപിടിപ്പിക്കുകയാണ്. അതു പുറപ്പെടുന്ന സ്ഥലത്തെത്തണം. ഗോപിക്കുറുപ്പു നടന്നു; അല്ല, പാഞ്ഞു.

ഇരുട്ടിലേക്കു പൂണ്ടുപൂണ്ടുപോയി. കുതിര കടിഞ്ഞാണ് പൊട്ടിച്ചു കഴിഞ്ഞിരുന്നു. അതു വയലുകളിലൂടെ കോണ്വലിച്ചും വരമ്പുകളിലൂടെ നെടുനീളെയും കുണ്ടുകള് കയറിക്കടന്നും കടായകള് കവച്ചുവെച്ചും പാഞ്ഞു. ആ യാത്ര ചെന്നവസാനിച്ചത് ആറു നാഴിക അകലത്തുള്ള ഒരു വീട്ടിന്റെ പടിക്കലാണ്.

പടിക്കലെത്തിയപ്പോള്, ഗോപിക്കുറുപ്പ് ഒന്നു നിന്നു കിതച്ചു. എന്നിട്ടു ചുറ്റും നോക്കി. അര്ദ്ധരാത്രിയിലെ നിശ്ശബ്ദത. പടിയൊതുക്കുകള് മുമ്പില് ഉയര്ന്നുപോകുന്നു. അതിന്മേലേക്കു കാലെടുത്തുവയ്ക്കുകയേ വേണ്ടൂ. അയാള് മുകളില്, വീട്ടില്, എത്തുകയായി. അത്രയും വേഗം അവിടെ എത്തിക്കഴിഞ്ഞതു നന്നായില്ലെന്നും അപ്പോള് തോന്നി. എത്താന് വേണ്ടിയുള്ള ഓട്ടത്തോളം ലഹരിപിടിപ്പിക്കുന്നതല്ല, എത്തിക്കഴിഞ്ഞാലെത്ത സ്ഥിതി. വേണോ, വേണ്ടേ? ഇപ്പോള് അയാള്ക്കു മടങ്ങാം. താന് പരിശ്രമിച്ചു ക്ഷീണിച്ചുവെന്നൊരു സുഖിതമായ വിചാരത്തോടെ സ്വന്തം വീട്ടില്പ്പോയി കിടന്നുറങ്ങാം. നാളെ കാലത്ത് ആരും അയാളെപ്പറ്റി ഒന്നും പറയില്ല. മതി; മടങ്ങാം. ഒരു നിമിഷം അയാളോര്ത്തു. അപ്പോഴേക്കും മാദകമായ പരിമളം ഹൃദയത്തില്നിന്ന് ഉയര്ന്നുവരികയാണ്. ഒരു നേര്ത്ത ഗാനശകലവും എങ്ങുനിന്നോ പൊന്തിവരുന്നു: 'എങ്ങനെ പിടിക്കുന്നു നീ ഗഗനചാരിയാമെന്നെ....'

അയാള് ഒരുക്കുപടിയിലേക്കു കാലെടുത്തുവെച്ച് ഉമ്മറത്തു നിന്നു.

രണ്ടുപേരുടെ കൂര്ക്കംവലി ഇടമുറിച്ചിലോടെ കേള്ക്കുന്നുണ്ട്. കുറുപ്പ് ഒരു പൂച്ചയുടെ കാല്വെപ്പുകളോടെ, ചുമരിന്നരികുപറ്റിക്കൊണ്ടു പിന്നുറത്തേക്കു നീങ്ങി.

ജാലകങ്ങള് തുറന്നുകിടക്കുന്നു. അതിന്നുള്ളിലൂടെ അകത്തുനിന്നു നേര്ത്തൊരു വെളിച്ചം വരുന്നുമുണ്ട്. അയാള് മേല്പോട്ടും കീഴ്പോട്ടും ഒന്നു നോക്കി. മുകളില് നക്ഷത്രങ്ങള് എന്തോ കണ്ണിട്ടുകാട്ടുകയാണ്. താഴെ ഇരുട്ടു തളം കെട്ടിയിരിക്കുന്നു. താന് ഒരു സൂചിത്തലപ്പിലാണ് നില്ക്കുന്നതെന്നു ഗോപിക്കുറുപ്പിന്നു തോന്നി. പിന്മാറിയാലോ? ഇത്രയൊക്കെക്കഴിഞ്ഞിട്ടു പിന്മാറാനോ? ഒരുനോക്കു കാണണം; ഒരുനോക്കു മാത്രം. എന്നിട്ട് എന്നെന്നേക്കുമായി വിട്ടുപിരിയുകയും വേണം.

ഹാവൂ!--കുറുപ്പിന്നു കിതയ്ക്കുന്നതുപോലെ തോന്നി. എന്നിട്ടും നീങ്ങി. ജാലകത്തിന്നു ചുവട്ടില് സ്വല്പ നേരം വന്നു നിന്നു . അനക്കമൊന്നുമില്ല . ഒരു നിമിഷംകൂടി കഴിഞ്ഞു. ഉണക്കിലകളില് ഇറ്റുവീഴുന്ന മഞ്ഞുതുള്ളികള് അടര്ന്നുവീഴുന്ന നിമിഷങ്ങളെ ഓര്മ്മപ്പെടുത്തി. കുറുപ്പ് നിശ്ചലനായി. പഞ്ചേന്ദ്രിയങ്ങളും ഒരു ബിന്ദുവിലേക്ക് ഊര്ന്നുകൂടിയിരിക്കയാണ്. പെട്ടെന്ന് അയാള് ജാലകക്കഴി കടന്നുപിടിച്ചു ചുമര്ക്കൊതയില് ചവിട്ടിക്കയറി ഉള്ളിലേക്ക്

എത്തിനോക്കി.

"ഹാരത്?" അകത്തുനിന്നു ചിലമ്പുന്ന ഒരു നേര്ത്ത ശബ്ദം. അതൊരു ചാട്ടുളിപോലെ വന്നു തറച്ചു. തുടര്ന്ന് എമ്പാടും ചാട്ടുളികള്: "ഹാര്! ആരാണത്?....."

കുറുപ്പു താഴത്തേക്കു ചാടി. രക്തം മുഴുവന് തലയിലേക്കു തള്ളിക്കയറിയിരിക്കയാണ്. എന്തുചെയ്യണം?

അപ്പോഴേക്കും ആ ീശബ്ദം കോലാഹലമുണ്ടാക്കിക്കളഞ്ഞു: "കുഞ്ഞന്നായരേ! ശങ്കു! കുഞ്ഞന്നായരേ! ശങ്കു..."

പിന്നെ കുറുപ്പിന് ഒന്നും ഓര്മ്മയില്ല. താന് ഓടുകയാണെന്നും രണ്ടു പേര് തന്നെ പിന്തുടരുന്നുണ്ടെന്നു മാത്രം അയാള് മനസ്സിലാക്കി. ആ പറമ്പില് എവിടെയൊക്കെയോ ഓടുകയാണ് അയാള്. പുറത്തേക്കുള്ള മാര്ഗ്ഗം കണ്ടുകിട്ടുന്നില്ല. ഓടുന്നു; നില്ക്കാതെ ഓടുന്നു; എന്തിനാണ് ഓടുന്നതെന്നുപോലും വിസ്മരിച്ചു.

"നില്ക്കവിടെ!"

അഷ്ടാവക്രന് കുഞ്ഞന്നായര് അയാളെ കടന്നു പിടിക്കുടി.

"കിട്ട്യോ?" തടിമാടന് ശങ്കു ദൂരെ നിന്നു ചോദിച്ചു: "മുറുക്കിപ്പിടിക്കണേ!"

ആ രണ്ടു ഭൃത്യന്മാരും കൂടി കുറുപ്പിനെ പിടിച്ചു കോലായില് കൊണ്ടുവന്നു കയറ്റി. എന്നിട്ടു വിജയാഹ്ലാദത്തോടെ വിളിച്ചുപറഞ്ഞു: "അമ്മേ, വാതില് തുറക്കു. പിടികിട്ടി."

വാതില് തുറന്നു. ഒരു വിളക്കു ഗോപിക്കുറുപ്പിന്റെ മുമ്പിലേക്കു വരുന്നു; വഴിയേ ഒരു ീരൂപവും. കുറുപ്പ് ഒന്നു ഞെട്ടി. ഞരമ്പുകളില് ചൂടുള്ള ഒരു ദ്രാവകം ഒഴുകുകയാണ്. ഇരുളടഞ്ഞ ഗൃഹാന്തര്ഭാഗത്തു നിന്നു ജ്വലിക്കുന്ന ഒരു ചക്രം തീപ്പൊരി ചിതറിക്കൊണ്ടു കറങ്ങിയടുക്കുന്നു. എന്തൊക്കെയോ പൊട്ടുകയോ തകരുകയോ ചെയ്യുന്നുണ്ട്. ഒരു നിലയ്ക്കാത്ത ചൂളംവിളി. അയാള് ഇരുന്നു.

ലക്ഷ്മിക്കുട്ടി വിളക്കു പൊക്കി ആ മുഖത്തേക്കു നോക്കി. ചപ്രത്തലമുടി, കുറ്റിത്താടി, വിയര്പ്പണിഞ്ഞ മുഖം. ആ കണ്ണുകള് അടഞ്ഞുപോയിരിക്കുന്നു. ആരാണത്? ഒരു നിമിഷം; രണ്ടു നിമിഷം; മൂന്നാമത്തെ നിമിഷത്തില് ആ ീ ഒരൊറ്റ നിലവിളി:

"ഹാര്!"

അവരുടെ കൈയില്നിന്നു വിളക്കു താഴെ വീണില്ല.

* തൗക്ക

ഭൂമിയുടെ അറ്റത്തേക്ക്

ഒന്ന്

“അങ്ങനെ വരട്ടെ, കള്ളനെ പിടികിട്ടി.” ഒരു ചെറിയ അലര്‍ച്ചയോടെ ഭാര്‍ഗ്ഗവിയമ്മ കടായ കവച്ചുകടന്നിങ്ങോട്ടു വന്നു. വിശ്വനാഥന് ഞെട്ടിപ്പോയി. അവന് ആ വിറകുപുരയ്ക്കടുത്തു പതുങ്ങിനില്ക്കുകയായിരുന്നു. ഒരു കിലുക്കാംപെട്ടി ഉരുട്ടിയമാതിരിയാണ് ആ വരവ്. നടത്തത്തിനൊപ്പം ചറുപിറുന്നനെയുള്ള ശകാരവും! “ഇത്ര ചെറുപ്പത്തില്ത്തന്നെ ഇങ്ങനെയാ പഠിക്കുന്നതല്ലേ? നന്ന്, മകന്റെ വളര്‍ച്ച. ഈ പ്രദേശത്തു വളരെ കുട്ടികളൊക്കെ ഉണ്ടായിട്ടും കളവും കവര്‍ച്ചയും ഇതുവരെ ഉണ്ടായിട്ടില്ല. അങ്ങനെ വിട്ടാല് പറ്റില്ലല്ലോ! നില്ക്കവിടെ!” അവര് വിശ്വനാഥന്റെ കൈ കടന്നുപിടിച്ചു. ആ കൈയില് ഒരു കോഴിമുട്ടയുണ്ട്. ആ ആറുവയസ്സുകാരന് അന്തം വിട്ടു നിന്നുപോയി. ചിലങ്കകളും കുടമണികളുമായി ഒരു ഒറ്റക്കാളവണ്ടി ഓടിവന്നു മേലേക്കു കയറിയപോലുള്ള ഒരനുഭവമായിരുന്നു അത്. ഭാര്‍ഗ്ഗവിയമ്മ അവനെ പിടിച്ചു വലിച്ച് അടുക്കളയുടെ അടുത്തേക്കു ചെന്ന് ഒരലര്‍ച്ച!

“മാധവിയമ്മേ?”

“എന്തേ?”

മാധവിയമ്മ പുളി തിരുമ്മിപ്പിഴിയുന്ന ഒരു മരവിയുമായി വെളിയിലേക്കു വന്നു.

“നോക്കിന്,” കണ്ണുമിഴിച്ചു നോക്കിന്!” ഭാര്‍ഗ്ഗവിയമ്മ അലറി.

മാധവിയമ്മ സൂക്ഷിച്ചുനോക്കി. ഒരു കോഴിമുട്ടയുമായി വിശ്വനാഥന് അടുത്തുനില്ക്കുന്നു.

“എന്താ കഥ?”

“ഈ നാട്ടില് മനുഷ്യര്‍ക്കു പുലരണ്ടേ? ഇങ്ങനെ തുടങ്ങിയാല് അയല്പക്കക്കാര് ഓടേണ്ടിവരില്ലേ?”

“നിങ്ങള് കലിതുള്ളാതെ കാര്യം പറയിന്.” മാധവിയമ്മ മരവി താഴത്തുവച്ച് കൈയില്നിന്നു പുളിങ്ങച്ചണ്ടി തട്ടിക്കളഞ്ഞുകൊണ്ടു ചോദിച്ചു.

“ഞാനായതുകൊണ്ടു കലിതുള്ളുന്നോ ഉള്ളു. നിങ്ങളാണെങ്കില് കൊന്നു

കഴിച്ചുമൂടി മീതെ വാഴക്കന്നും നട്ടു! ങാ!”

“എന്തുണ്ടായി!” മാധവിയമ്മയ്ക്കും കലിവരുന്നുണ്ടായിരുന്നു.

“അഞ്ചു കോഴിമുട്ടയായി കാണാതെവരുന്നു. ഇതാറാമത്തേതാണ്. എത്ര സഹിക്കാം?”

“അവന് അകത്തു കടന്ന് എടുത്തുകൊണ്ടുവന്നതാ?”

“എന്തിന്? കോഴി വന്നു മുട്ടയിടുന്നതു നിങ്ങളുടെ വിറകുപുരയിലാണ്. അതാണെങ്കില് ഒരസത്തു കോഴിയും. നില്ക്കട്ടെ. അതിനെ ഇറച്ചിയാക്കിയിട്ട് ഇനിയൊരു കാര്യം.”

മാധവിയമ്മയ്ക്ക കാര്യം ഏതാണ്ടു മനസ്സിലായി. അവര് കൈ മുണ്ടില് തുടച്ച് വിശ്വനാഥനെ ഇങ്ങോട്ടു പിടിച്ചു തിരിച്ചും മറിച്ചും ഒരെട്ടു ‘പൂശ.’ അവന് കോഴിമുട്ട താഴത്തിട്ട് അകറാനും തുടങ്ങി!

“അയ്യോന്റമ്മേ. എന്നെ തല്ലല്ലേ!”

“ഇനി കക്കോ?”

“ഞാന് കട്ടതല്ല! അയ്യോ--അയ്യോ!”

അടിയും കരച്ചിലും ഇടകലര്ന്നങ്ങനെ പൊങ്ങി. ബാലാമണി വന്ന് ഒന്നേന്തിനോക്കി. രൗദ്രഭീമനെപ്പോലെ നില്ക്കുന്ന അമ്മയെക്കണ്ട് അടുക്കളയിലേക്കു തലവലിച്ചു. രാധ ഓടിവന്ന് ഇടയില് കടന്നുനിന്നു. അവള്ക്കും കിട്ടി രണ്ട്.

“അയ്യോന്റെ അമ്മേ!”

അവള് നിലിവിളിയോടെ പിന്മാറി. ഇത്രയുമായപ്പോള് ഭാര്ഗ്ഗവിയമ്മ തന്നെ ചെന്നു പിടിച്ചു.

“എന്തു കഥയില്ലായ്മയാണ് ഈ കാട്ടുന്നത്?”

“ഞങ്ങള്ക്കത്രയേ കഥയുള്ളു. നിങ്ങള് അറിവുള്ളവരാണല്ലോ. എന്റെ കുട്ടിയെ തല്ലാന് നിങ്ങളുടെ ശീട്ടു വേണോ?”

ഇതിനെ തുടര്ന്നു നല്ലൊരു കലഹംതന്നെ നടന്നു. രണ്ടുകൂട്ടരും വായ കൂട്ടാതെ സംസാരിച്ചു. ഭാര്ഗ്ഗവിയമ്മയുടെ ചെറുപ്പത്തിലെ മൂന്നു പ്രേമ കഥകള് മാധവിയമ്മ വെളിപ്പെടുത്തി. മാധവിയമ്മയ്ക്ക് ആദ്യം കല്യാണം ആലോചിച്ച ആള് തെറ്റിപ്പോകാനുണ്ടായ കാരണം ഭാര്ഗ്ഗവിയമ്മയും വെളിപ്പെടുത്തി. പിന്നെ രണ്ടുപേരുടെയും കുടുംബത്തിലെ മുതുമുത്തശ്ശിമാര് മുതലിങ്ങോട്ടു ചെയ്ത എല്ലാ തെറ്റുകുറ്റങ്ങളും വിളിച്ചുപറഞ്ഞു. സമരം ഈ നിലയിലെത്തിയപ്പോഴേക്കും അയല്പക്കക്കാരികള് വേലിക്കരികില് വന്നുനിന്നു. അവരുടെ കോന്തല പിടിച്ചുകൊണ്ടു ചെറിയ കുട്ടികളും. കാഴ്ചക്കാര് വര്ദ്ധിച്ചപ്പോള് സമരത്തിനും വീറു കൂടി. ഭാര്ഗ്ഗവിയമ്മയ്ക്കും ജയിക്കാതെ കളിയില്ലെന്നായി. അവര് അവസാനയുദ്ധംതന്നെ പ്രയോഗിച്ചു. “നിന്റെ നായര്ക്കു തെണ്ടിപ്പെണ്ണുങ്ങളിലുണ്ടായ മക്കളെ നീ വളര്ത്തിക്കോ! ഞങ്ങളെന്തിനു സഹിക്കുന്നു?”

“എടീ, നിന്നെ എനിക്കറീല്ലേ? മാപ്പിളയെ അകത്തൊളിപ്പിച്ചില്ലേ?”

ഭാര്ഗ്ഗവിയമ്മ തളര്ന്നുപോയി, അവര് 'ശരേ' എന്നു കടായ കടന്നു മറഞ്ഞു വീട്ടിലേക്കു പോയി. അത് അപവാദംപറച്ചിലിനക്കൊള് കവിഞ്ഞതായിരുന്നു. ആപത്തുകൂടി വരുത്തിവെക്കും. മലബാര് ലഹളയെത്തുടര്ന്നു പോലീസ് നായാട്ടുനടന്നപ്പോള് അവര് ഒരു ചെറുപ്പക്കാരനെ ഒളിപ്പിച്ചതു വാസ്തവമാണ്. മാധവിയമ്മയും ഭാര്ഗ്ഗവിയമ്മയും കൂടിയാലോചിച്ചു ചെയ്തതുമാണ്. ആ ചെറുപ്പക്കാരന്റെ ഉമ്മ വളരക്കൊലമായി അവരുടെ അയല്പക്കക്കാരിയാണ്. അവളുടെ ഭര്ത്താവിന്ന് എണ്ണയാട്ടലായിരുന്നു തൊഴില്. ഒരു ചക്കിന്നു ചുറ്റും നിന്നുതിരിഞ്ഞു കുഞ്ഞാലി ജീവിതം കഴിച്ചുകൂട്ടി. മക്കളുണ്ടാകുന്നതുവരെ ആ ഉമ്മതന്നെയായിരുന്നു ചക്കിന് കണയിലിരുന്നു കന്നിനെ തെളിച്ചിരുന്നത്. അന്നു മാധവിയമ്മയ്ക്കും ഭാര്ഗ്ഗവിയമ്മയ്ക്കും ചെറുപ്പമാണ്. അവര്ക്കു കൊപ്പറക്കഷണവും പിണ്ണാക്കും ആ ചെറുപ്പക്കാരിയായ ഉമ്മ സമ്മാനിച്ചിട്ടുണ്ട്. ചെറുപ്പന്നോ വളര്ന്നുവന്ന ആ മൈത്രി വിടാതെ നിന്നു. ഉമ്മ മൂന്നു പെറ്റു. അവരൊക്കെ വളര്ന്നു കാര്യപ്രാപ്തിയാവുകയും ചെയ്തു. ഭര്ത്താവു മരിച്ചിട്ടും മക്കള് എണ്ണയാട്ടല് തുടര്ന്നുപോയി. ലഹളയെപ്പറ്റി എല്ലാവരും ഭയപ്പെട്ടതുപോലെ അവരും ഭയപ്പെട്ടു. ആ വൃദ്ധ കൂടക്കുടെ മാധവിയമ്മയോടു പറഞ്ഞു: "തോല്വര്യാണുപോലും!"

"കലികാലം."

പക്ഷേ, ലഹളയെപ്പറ്റി അന്വേഷണം തുടങ്ങിയപ്പോള് മൂത്ത രണ്ടു മക്കളും പിടിക്കപ്പെട്ടു. അവര്ക്ക് ഒന്നും പറയാന് കഴിയുന്നതിനുമുമ്പേ ഇടിയും തൊഴിയും കഴിഞ്ഞു. വലിച്ചിഴച്ചു കൊണ്ടുപോയി. എല്ലാറ്റിലും ഇളയവന് അന്ന് എങ്ങനെയോ രക്ഷപ്പെട്ടു. അവന്നു പുറത്തു തല കാട്ടിക്കൂടാ. കൊളുത്തിവിട്ട വാണംപോലെയാണ് പോലീസ് നടപടി. എവടേക്കൊക്കെ പാളിക്കൂടാ? "ഉമ്മാരുടെ കൃപായം പൊളിച്ചൂത്രേ."--ചിലര് കേട്ടുകേള്വിയെ അടിസ്ഥാനപ്പെടുത്തി സംസാരിച്ചു.

"എല്ലാറ്റിനീം പിടിച്ച് അന്തമാനിലേക്ക് അയയ്ക്ക്യാത്രേ!" വേറെ ചിലര്.

"എവിടെയാണത്?"

"കടലിന്നു നടുക്ക് ഒരു ദീപാത്രേ!"

"നന്നായി!"

കുഞ്ഞാലിയുടെ വീടര് ഒരാഴ്ചകൊണ്ടു പകുതിപ്പെട്ടു. ആ വൃദ്ധയുടെ മുഖത്തെ തൊലി കുറേക്കൂടി താഴ്ന്നു തുടങ്ങി. ആ കണ്ണുകള് കുറേക്കൂടി നിര്ജ്ജീവമായി. ആ രണ്ടു മക്കളും അലകടലിന്നപ്പുറത്തു കരടിയും പുലിയും റോന്തുചുറ്റുന്ന ഒരു ദ്വീപില് ചെന്നു പെട്ടുകഴിഞ്ഞു എന്ന് അവര് വിശ്വസിച്ചു. അവര് ഒരേ ഇടത്തേക്കു ദൃഷ്ടി പതിച്ചുകൊണ്ട് വളരെ നേരമിരിക്കും.

ആരോടും ഒന്നും പറഞ്ഞില്ല. അതിനിടയ്ക്കു പരിചയക്കാരാരെങ്കിലും പടിക്കലൂടെ പോകുന്നതുകണ്ടാല് ഓടിച്ചെന്ന്, ചുളിവീണ വിറയ്ക്കുന്ന കൈപ്പടം പുരികത്തിന്മേലേക്കു ചേര്ത്തുവെച്ചു പതിഞ്ഞ സ്വരത്തില് ചോദിക്കും:

“ബല്ലിച്ച ബിവരം ഉണ്ടോ?”

“എന്തിനെപ്പറ്റി?”

“ന്റെ കുട്ടൂസനീം അയ്മതിനീം പറ്റി?”

“ഇല്ലല്ലോ.”

അവര് വിറച്ചുകൊണ്ട് ഉമ്മറക്കോലായിലേക്കുതന്നെ തിരിച്ചു പോരും. കുട്ടൂസന്റെയും അയ്മതിന്റെയും ഭാര്യമാര് വാതില്പ്പൊളി മറഞ്ഞു നിന്നു കണ്ണുനീര് വാര്ത്തു.

അങ്ങനെയിരിക്കുമ്പോഴാണ് വീണ്ടും പോലീസ് വരുന്നുവെന്ന വാര്ത്ത നാട്ടില് പ്രചരിച്ചത്. വേലിത്തറയില്നിന്നു വേലിത്തറയിലേക്ക് ആ വാര്ത്ത പ്രചരിച്ചു. ആ വൃദ്ധ വിറച്ചുപോയി. അവര് തട്ടവും വലിച്ചു തലയിലിട്ട് ഒരു നടത്തം.

“ഉമ്മാ എവടക്കാ?” അകത്തുനിന്നു മൂത്തമകന്റെ ഭാര്യ ചോദിച്ചു.

“ഇപ്പോ ബരാം.”

അവര് നേരെ ചെന്നത് ഭാര്ഗ്ഗവിയമ്മയുടെ വീട്ടിലേക്കാണ്. അവര് ഉമ്മറത്തേക്കു കയറി ഭാര്ഗ്ഗവിയമ്മയുടെ കാലുകെട്ടിപ്പിടിച്ച് ഒരൊറ്റക്കരച്ചില്: “ന്റെ മോനെ കാത്ത് തരണേ! ഇക്ക് ഇനി ഇതൊന്നേ ഉള്ളൂ.”

“എഴുന്നേല്ക്കു.”

“ഇങ്ങടെ ഉമ്മാനെപ്പോലെ ബിചാരിക്കണേ!” ആ കരച്ചില് നീണ്ടുപോയി. ഒടുവില് കാര്യം വിവരിച്ചുപറഞ്ഞു. എന്തു ചെയ്യണമെന്ന് ഭാര്ഗ്ഗവിയമ്മയ്ക്കും നിശ്ചയമില്ല. ആ ഉമ്മയുടെ മുഖത്തേക്കു നോക്കി നിഷേധിക്കാന് വയ്യാ. പക്ഷേ, ഒരു പോത്തന്മാപ്പിളയെ എന്തു ചെയ്യും? അവര് മാധവിയമ്മയുടെ അടുത്തേക്കോടി. രണ്ടുപേരും വളരെ നേരം കൂടിയാലോചിച്ച് അവസാനം ആ വൃദ്ധ ീയുടെ ചെവിയില് എന്തോ മന്ത്രിക്കുകയും ചെയ്തു. അന്നു രാത്രി പന്ത്രണ്ടുമണിമുതല് ഒരു മനുഷ്യന് ഭാര്ഗ്ഗവിയമ്മയുടെ വീട്ടിലെ ചാവടിയില് ഒളിച്ചു താമസിക്കാനും തുടങ്ങി. പതിനഞ്ചു ദിവസം അങ്ങനെ കഴിഞ്ഞു. പക്ഷേ, പോലീസ് വന്നില്ല. ആ വഴിക്ക് ഒരു ചലനവുമുണ്ടായില്ല. ഒടുവില് അയാള് അവിടെനിന്നു പോയപ്പോള് ആ വൃദ്ധ ീ മാധവിയമ്മയെയും ഭാര്ഗ്ഗവിയമ്മയെയും ഒപ്പം അനുഗ്രഹിച്ചു."ന്റെ മക്കളേ പടച്ചോന് കൊയക്കുലാ. ഇങ്ങടെ മക്കക്ക് ഇതിന്റെ കൊണം കിട്ടും. നോക്കിക്കോളി. ഓലക്ക് ബെച്ചടി ബെച്ചടി കേറ്റാ!”

ഈ കഥ ഇതേവരെ മറ്റൊരാള് അറിഞ്ഞിട്ടില്ല. സര്ക്കാരിനെതിരായ ഈ പ്രവൃത്തിയെപ്പറ്റി അവര്തന്നെ പിന്നീടു പരസ്പരം സംസാരിക്കയുണ്ടായിട്ടില്ല.

‘തീക്കൊള്ളികൊണ്ടാണ് തല ചൊറിഞ്ഞത്.’ ഭാര്ഗ്ഗവിയമ്മ കൂടെക്കൂടെ ആലോചിക്കും.

‘ഭാര്ഗവി പോന്നവളാ!’ എന്ന് മാധവിയമ്മയും ഓര്ക്കും.

അത്ര നിഗൂഢമായ ഒരു കഥയാണ് മാധവിയമ്മ വലിച്ചു പുറത്തേക്കിട്ടത്. ഭാര്ഗ്ഗവിയമ്മ ഞെട്ടിപ്പോയി. അതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റി ആലോചിച്ചപ്പോള് അവരുടെ നെഞ്ചില് ഒരാളല്. അത്രത്തോളം

പറയണമെന്ന് മാധവിയമ്മയും വിചാരിച്ചതല്ല. കലഹം കാണാന് വേലിത്തറയ്ക്കല് വന്ന നില്ക്കുന്ന ബഹുജനങ്ങളുടെ മുമ്പില്വച്ചു താന് അപമാനിതയായി എന്നു വന്നപ്പോള്, ആ അ മണ്ണു പ്രയോഗിച്ചുവെന്നേയുള്ളു. ഭാര്ഗ്ഗവിയമ്മ കടായ കവച്ചു നടന്നപ്പോള് അവരും വേവലാതിപ്പെട്ടു. സ്വന്തം നെഞ്ചില് ഒരിടി കൊണ്ടതുപോലെ. ഭാര്ഗ്ഗവിയമ്മയുമായി എങ്ങനെയെല്ലാം കഴിഞ്ഞതാണ്.

മാധവിയമ്മയെസ്സംബന്ധിച്ചിടത്തോളം വ്യസനം വരുന്നതു ശ്രുണ്ഠിയുടെ രൂപത്തിലാണ്. ആരോടു ശ്രുണ്ഠിയെടുക്കാന്? വേലിക്കല് നില്ക്കുന്ന അയല്പക്കക്കാരുടെ അടുത്തേക്കണ്ണു നീങ്ങി ചോദിച്ചു: "എന്താ, താടിക്കു കൈയും കൊടുത്തു വന്നു നില്ക്കുന്നത്? ഇവിടെ വല്ല വേലയോ പൂരമോ ഉണ്ടോ? ഒരു പ്രമാണികളു വന്നു നോക്കി നില്ക്കുന്നു!"

ഓരോരുത്തരായി വേലിക്കടുത്തുനിന്നു തലവലിച്ചു. മാധവിയമ്മ രണ്ടു തവണ കാറിത്തുപ്പി തലതിരിച്ചപ്പോള് മുനിഞ്ഞുകൊണ്ടു നില്ക്കുന്ന വിശ്വനാഥനെയാണ് കണ്ടത്. അവനാണ് ആപത്തെല്ലാം വരുത്തിവെച്ചത്. ഒരു പിടക്കൂടി. അവന് കലശലായി നിലവിളിച്ചു. നിന്നു പിറുപിറുത്തിരുന്ന രാധയ്ക്കും കിട്ടി. വാതിലിന്റെ മൂലയ്ക്കല് പാളിപ്പതുങ്ങി നില്ക്കുന്ന ബാലാമണി അമ്മയെ കണ്ടപ്പോള് ചൂളി.

'എന്താടീ പതുങ്ങിനില്ക്കുന്നത്?' എന്നു ചോദിച്ചു ചിറിക്കൊരു കുത്ത്. ആ സാധു ചിറിയും തുടച്ച് അടുത്ത മുറിയിലേക്കു നടന്നു. കൊച്ചനുജന് അവളുടെ അരുപറ്റി നിശ്ശബ്ദനായി നിന്നു.

വിശ്വവും രാധയും നിന്നു തേങ്ങുന്നതു കേട്ടുകൊണ്ടാണ് മാസ്റ്റര് അങ്ങോട്ടു കയറിവന്നത്.

"എന്താ കലാപം?" അയാള് ഒരു ഗൃഹനാഥന്റെ ഗൗരവത്തോടെതന്നെ ചോദിച്ചു. മാധവിയമ്മ നിശ്ശബ്ദയായി നിന്നു പുളിപിഴിഞ്ഞു കറിയിലൊഴിച്ചു. ആ മൂകത മാസ്റ്റര്ക്ക് ഇഷ്ടമായില്ല. അയാള് ഒന്നുകൂടി ചൊടിച്ചു. ചോദിച്ചു: "നാവിറങ്ങിപ്പോയോ?"

അവര് മരവി താഴെവെച്ച്, ഒന്നു തലപൊക്കി നോക്കി -- വെള്ളം കുടിക്കുമ്പോള് ഇലയനക്കം കേട്ട കാട്ടിപ്പോത്തിന്റെ മാതിരി. എന്നിട്ട് അടുത്തേക്കണ്ണു ചെന്ന്, "മനസ്സിലായില്ലേ?"

"നിന്റെ മധുരശബ്ദം കേള്ക്കാനുള്ള കൊതികൊണ്ടു ചോദിച്ചതല്ല."

"മക്കളോടു ചോദിക്കിന്."

"നീ തന്നെ പറയ്."

"കളവ്."

"എന്ത്?"

"മക്കള് കക്കാന് നടന്നാല് മാനംകെടുന്നതു ബാക്കിയുള്ളവരാണല്ലോ. നിങ്ങള്ക്കു സൃഷ്ടിയില്ത്തന്നെ ഇല്ല ഉളുപ്പ്." ഈ മുഖവുരയോടെ ആറു കോഴിമുട്ട കട്ടെടുത്ത കഥ അവര് വിവരിച്ചു. മാസ്റ്റര് അന്തംവിട്ടു നിന്നു. കളവോ?

അതെന്തായാലും പൊറുപ്പിച്ചുകൂടാ. തന്നെപ്പറ്റിയോ മാധവിയെപ്പറ്റിയോ ഇതേവരെ അങ്ങനെയൊരാക്ഷേപം ആ നാട്ടുമ്പുറത്തുണ്ടായിട്ടില്ല. ഗാന്ധി മഹാനാണെന്നു പറഞ്ഞതിന്നുതന്നെ 'കിലാപത്തു'കാരനെന്ന് എപ്പോഴും ശകാരിക്കാറുള്ള നമ്പിടിപോലും ഇത്തരം ഒരാക്ഷേപം പുറപ്പെടുവിക്കാന് ധൈര്യപ്പെടുകയില്ല. എന്നിട്ട് തന്റെ മക്കള് കള്ളന്മാരാവുകയോ? ഉദയം മുതല് അസ്തമയംവരെ നരകിച്ച് അവരെ പോറ്റുന്നത് ഇതിന്നാണോ? അയാള്ക്ക് കോപത്തക്കൊളധികം ദുഃഖമാണുണ്ടായത്.

"വിശ്വം കട്ടുവെന്നോ?" അയാള് ശബ്ദം ഇടറിക്കൊണ്ടാണ് ചോദിച്ചത്.

"അവനോടുതന്നെ ചോദിക്കു." അടുപ്പൂതുന്നതിനിടയില് മാധവിയമ്മ മറുപടി പറഞ്ഞു.

മാസ്റ്റര് വിശ്വത്തെ വിളിച്ചു. അവന് ഒരു കുറ്റവാളിയെപ്പോലെ, പതുങ്ങിപ്പതുങ്ങി അടുത്തേക്കു ചെന്നു. ആ കൊച്ചുകണ്ണുകള് മാസ്റ്ററുടെ മുഖത്തുതന്നെ ഉറപ്പിച്ചിട്ടുണ്ടായിരുന്നു. ഇനിയും എന്നെ തല്ലരുതേ എന്ന് ആ കണ്ണുകള് കെഞ്ചുന്നതുപോലെ തോന്നി. രാധയും അരിച്ചരിച്ചു ചെന്നു. മാസ്റ്റര് ആ രണ്ടു കൊച്ചുമുഖങ്ങളിലേക്കും മാറിമാറി നോക്കി. അടര്ന്നുവീഴാറായ രണ്ടു കണ്ണുനീര്ത്തുള്ളികള്പോലെ നില്ക്കുകയാണ് ആ പൈതങ്ങള്.

വിശ്വത്തിന്റെ ആ നില്പു കണ്ടപ്പോള് മാസ്റ്ററുടെ സ്മരണയിലേക്കു പലതും കടന്നുവന്നു. അവനെ പ്രസവിക്കുന്നതില്നിന്നും എത്രയോ മുമ്പു മുതല്ക്കുള്ള സംഗതികള്!

വിശ്വം കക്കുമെന്നു വിചാരിക്കാന് കഴിയുന്നില്ല. രാമന്മാസ്റ്ററുടെ കൈത്തണ്ടയിലും മടിയിലും കിടന്നാണ് അവന് വളര്ന്നിട്ടുള്ളത്. ആ വളര്ച്ചയിലുണ്ടായ ഓരോ ഭാവവ്യത്യാസവും അയാള്ക്കറിയാം. കുട്ടിക്കാലത്തു സാമാന്യം വികൃതിയായിരുന്ന ആ കുട്ടി പെട്ടെന്നു മാറിയതിനെപ്പറ്റി രാമന്മാസ്റ്റര്തന്നെ പലപ്പോഴും ആലോചിച്ചിട്ടുള്ളതാണ്. മുതിര്ന്നവരുന്നോടത്തോളം അവന് ആവശ്യത്തില്ക്കവിഞ്ഞ് അടങ്ങിപ്പോകുന്നു. പുറത്തെ വികൃതികള് അകത്തേക്കു വലിഞ്ഞു. ഇന്ന് സാഹസയാത്രകള് മനോരാജ്യവീഥിയിലൂടെയാണ്. ഇക്കാരണം കൊണ്ട്, തന്നിലേക്കുതന്നെ ഒതുങ്ങിക്കൂടുന്ന പ്രകൃതം. സ്കൂളിലെ കൊച്ചുപോക്കിരികള് അവനെ പെണ്കുട്ടി എന്നു കളിയാക്കുന്നതു രാമന്മാസ്റ്റര് കേട്ടിട്ടുണ്ട്. ഈ മനോരാജ്യത്തില്നിന്നുണര്ന്ന് പഴയപടി വികൃതി കാട്ടിയാലും നന്നായിരുന്നുവെന്നു മാസ്റ്റര് ആശിച്ചതാണ്. മാധവിയമ്മയും പലപ്പോഴും പറയാറുണ്ട് ഇവന്റെ പ്രസരിപ്പൊക്കെ എവിടെപ്പോയി? എപ്പോഴും ബ്രഹ്മം കാണല് തന്നെ! അവസാനം, ആ വികൃതി ബഹിര്ഗമിച്ചത് ഇങ്ങനെയാണോ? ദുഃഖകരം. എന്തിനെപ്പറ്റിയാണ് അവന് ആലോചിക്കുന്നതെന്ന് മാധവിയമ്മയ്ക്കറിഞ്ഞുകൂടാ. രാമന് മാസ്റ്റര്ക്ക് അറിയണമെന്നു മോഹമുണ്ടായിരുന്നു. പലപ്പോഴും മാസ്റ്റര് അവനെ വിളിച്ചു ചോദിച്ചിട്ടുണ്ട്. വിശ്വം എന്താണ് ആലോചിക്കുന്നത്?

“ഉം–ം ഉ–ം.” നിഷേധസ്വരത്തില് ഒരു മൂളല്.

“എന്നാലും...?”

“ഒന്നൂല്ല.”

“എന്തായാലും ചോദിച്ചോളൂ.”

അവന് നിശ്ശബ്ദനായി നഖം നുള്ളിപ്പൊളിച്ചുകൊണ്ടിരുന്നു.

“നീ അച്ഛനോടു പറയില്ലേ?”

അവന് മുഖമുയര്ത്തി മാസ്റ്ററുടെ മുഖത്തേക്കു നോക്കി. എന്നിട്ട്, പതുക്കെ മധുരമായി ചോദിച്ചു.

“എവിടെയാണ് ചരട്?”

“ചരടോ?”

“ഉം.”

മാസ്റ്റര്ക്ക് ഒരന്തം കിട്ടുന്നില്ല. അയാള് വീണ്ടും തിരക്കി: “എന്തു ചരട്?”

“നക്ഷത്രങ്ങളില്ലേ...”

“ഉം...ം.”

“അതൊക്കെ കെട്ടിത്തൂക്കിയ ചരട്?”

മാസ്റ്ററൊന്നു ചിരിച്ചു. എന്നിട്ടു വ്യോമമണ്ഡലത്തെപ്പറ്റി തന്റെ ശാസ്ത്രീയജ്ഞാനം അനുവദിക്കുന്നിടത്തോളം വിവരിച്ചുകൊടുത്തു. രണ്ടു കുട്ടികള് കൈയൊടു കൈ ചേര്ത്തു പിമ്പോട്ടു വലിഞ്ഞു തൂങ്ങി നില്ക്കുന്നതു പോലെയാണ് ഗോളങ്ങള് പരസ്പരാകര്ഷണംകൊണ്ടു നില്ക്കുന്നതെന്ന മാസ്റ്ററുടെ വിവരണം കേട്ടപ്പോള് വിശ്വത്തിനൊരു സംശയം. “നക്ഷത്രത്തിന്റെ കൈയെത്ര നീളമുണ്ടാവും?”

“കൈയില്ല. ആകര്ഷണം.”

മാസ്റ്റര് അതും വിവരിച്ചു. അപ്പോഴത്തെ ചോദ്യം മറ്റൊന്ന്: “എന്തിനാ ആകര്ഷണം?”

“ഗോളങ്ങള് നില്ക്കാന്.”

“എന്തിനാ ഗോളങ്ങള് നില്ക്കണത്?”

ചോദ്യമങ്ങനെ കയറിക്കയറിപ്പോയി. ശാസ്ത്രത്തിന്റെ പരിധിയും കടന്ന് തത്ത്വജ്ഞാനത്തിലേക്കെത്തിയപ്പോള് മാസ്റ്ററൊന്നു പരുങ്ങി. അവന്റെ ശ്രദ്ധ മറ്റൊന്നിലേക്ക് തിരിച്ചു. ഇത്തരം സംഭാഷണങ്ങള് ഒരു തവണയല്ലേ ഉണ്ടായിട്ടുള്ളു. പലപ്പോഴും അവന് ചോദിക്കാറുള്ള ഒരു ചോദ്യമുണ്ട്.

“അച്ഛാ, ഭൂമിയുടെ അറ്റം എവിടെയാണ്?”

“ഭൂമി ഒരു ഗോളമല്ല––കോഴിമുട്ടയുടെ ആകൃതിയില്? അതിനെവിടെയാണ് അറ്റം?”

“അതിന്റെ തലപ്പത്തു ചെന്നാല്...”

“ആകാശം.”

“ഭൂമിയുടെ അറ്റത്തുചെന്നാല്....”

അവന് എന്തോ ആലോചിച്ചുകൊണ്ടു നിന്നു.

“എന്താണ്?”

“ചെന്നാല്....”

“പറയൂ.”

“ഒന്നുമില്ല.” വിശ്വം അവിടെനിന്നു പോയി. രൂപം കൊടുക്കാന് വയ്യാത്ത പല ചോദ്യങ്ങളും അവന്റെ അകത്തു നിറഞ്ഞുനില്ക്കുകയാണ്. ആ കൊച്ചു തലച്ചോറില് ബ്രഹ്മാണ്ഡം ആകെ ഇറങ്ങിയിരിക്കയാണ്. അവന്നു താങ്ങു പൊറുക്കുന്നില്ല. താഴത്തിടാന് ഇഷ്ടവുമില്ല.

ഒരിക്കലും ഒരപേക്ഷയോ ആക്ഷേപമോ അവന് പുറപ്പെടുവിച്ചിട്ടില്ല. ഭക്ഷണകാര്യത്തില്ത്തന്നെ പലപ്പോഴും ആ വീട്ടില് കുഴപ്പമുണ്ടാകാറുണ്ട്. ആട്ടിന്റെ കറവകൂടി വറ്റിയ മാസാവസാനങ്ങളില് അവിടെ ഏകാദശിയുടെ എണ്ണം വര്ദ്ധിക്കാറുണ്ട്. ബാലാമണി താളുപോലെ കുഴഞ്ഞു നിശ്ശബ്ദയായിരിക്കും. രാധ മുഖം വീര്പ്പിച്ചുകൊണ്ടു പിറുപിറുക്കും. ചെക്കന് നിന്നകറും. വിശ്വനാഥന് ഇരുന്നു മനോരാജ്യം വിചാരിച്ചുകൊള്ളും. വല്ലപ്പോഴും കിട്ടുന്ന പറങ്കിമാങ്ങ അവന് എല്ലാവര്ക്കും ഓഹരിവച്ചു കൊടുക്കുകയും ചെയ്തു. വ ങ്ങളെ സംബന്ധിച്ചും അവന് നിര്ല്ലോപനായിരുന്നു. പുള്ളിക്കുപ്പായമിട്ടു നില്ക്കുന്ന ആകാശത്തേക്കു നോക്കിക്കൊണ്ട് അവന് എത്രനേരം വേണമെങ്കിലും ഇരുന്നുകൊള്ളും. ആ കുപ്പായം തന്റെ ദേഹത്തിലാണ് കിടക്കുന്നതെന്നു സങ്കല്പിക്കുകയും ചെയ്തുകൊള്ളും. ഭക്ഷണം, വ ം തുടങ്ങിയ സാധാരണങ്ങളായ ആവശ്യങ്ങളില്നിന്ന് അതീതമായ എന്തോ ഒന്നു പിടിച്ചെടുക്കുവാന് അവന് വെമ്പല്കൊള്ളുന്നതുപോലെ തോന്നി. എപ്പോഴും അവന് ആരെയോ പ്രതീക്ഷിച്ചിരിക്കുന്നതുപോലെയാണ്.

“എന്താ നോക്കുന്നത്, വിശ്വം?”

“ഒന്നുല്ല.” അവന് അവിടെനിന്നു കടന്നുപോയി.

ഇങ്ങനെ പ്രശാന്തനും നിരുപദ്രവിയുമായി കഴിഞ്ഞുകൂടിയ കുട്ടിയാണ് വിശ്വം. അവന് ഒരു കളവു നടത്തിയെന്നു മാസ്റ്റര്ക്കു വിശ്വസിക്കാന് കഴിയുന്നില്ല. പക്ഷേ, ചോദിക്കാതിരുന്നുകൂടാ. മാസ്റ്റര് അവന്റെ പുറം തടവിക്കൊണ്ടു ചോദിച്ചു: “ഇവിടെ വരൂ.”

അവന് മാസ്റ്ററോടു ചേര്ന്നുനിന്നു. അപ്പോഴും വിതുമ്പുന്നുണ്ടായിരുന്നു.

“നേരു പറയണം. നീ ഭാര്ഗ്ഗവിയമ്മയുടെ കോഴിമുട്ട കട്ടുവോ?”

അവന് നിശ്ശബ്ദനായി നിന്നു വിതുമ്പി.

“പറയൂ. ഞാന് ഒന്നും ചെയ്യില്ല. കട്ടുവോ?”

“ഞാന്... ഞാന് കട്ടതല്ല.” അവന് പൊട്ടിപ്പൊട്ടി കരഞ്ഞുപോയി. കൂടെ രാധയും തുടങ്ങി കരച്ചില്. രണ്ടുപേരുംകൂടി തര്ക്കിച്ചൊരു കരച്ചില്. മാസ്റ്റര് വിഷമിച്ചുപോയി. ദീര്ഘനേരത്തെ സാന്ത്വനങ്ങള് വേണ്ടിവന്നു അവരെ സമാധാനിപ്പിക്കാന്. ഒടുവില് ചോദ്യത്തിന്റെ മട്ടൊന്നു മാറ്റി. “വിശ്വം ആ കോഴിമുട്ടയെല്ലാം എന്തേ ചെയ്തത്?”

“കഴിച്ചിട്ടു.”
“എവിടെ?”
“അതിരിന്മേല്.”
“എന്തിന്?”
“മുളയ്ക്കാന്.”
“എന്തിന്?” മാസ്റ്റര് ഒരിക്കല്ക്കൂടി ഊന്നി ചോദിച്ചു.
“മുളച്ചിട്ട് കോഴിയുണ്ടാവാന്.”
“ഇതാരു പറഞ്ഞുതന്ന വിദ്യയാണ്?”
“രാധ. ആ മന്താരത്തിന്റെ അത്ര വലുതാവും, പൂവുപോലെ കോഴിക്കുട്ടികളു വിരിഞ്ഞുവരും.”

മാസ്റ്റര്ക്കു ചിരിയടക്കാന് കഴിഞ്ഞില്ല. അയാളുടെ പൊട്ടിച്ചിരി കേട്ട് മാധവിയമ്മയും അങ്ങോട്ടുവന്നു. എല്ലാവരുംകൂടി ആ കോഴിമുട്ടകള് ഓരോന്നായി മാന്തിയെടുത്തു. ചിലത് അളിഞ്ഞിരിക്കുന്നു. ചിലതിനു നീലനിറം കയറിയിട്ടേയുള്ളു. ചിലതുടഞ്ഞുപോയി. ഒന്നരണ്ടെണ്ണത്തിനു പരിക്കൊന്നും പറ്റിയിട്ടില്ല. എല്ലാറ്റിനും തടംകൂട്ടി വെള്ളമൊഴിക്കുന്നുണ്ടായിരുന്നു.

മാസ്റ്റര് മാധവിയമ്മയുടെ മുഖത്തേക്കും കോഴിമുട്ടകളിലേക്കും മാറിമാറി നോക്കി. ആ ീക്കുപോലും ചിരിക്കാതെ വയ്യെന്നായി. അവര് ചിരിയടക്കി വിശ്വത്തോടു പറഞ്ഞു:

“ഇങ്ങനെ വിസ്ല്യാസുരനായല്ലോ, മോനേ!” അവര് അടുക്കളയിലേക്ക് പോവുകയും ചെയ്തു.

“പാവത്താനേ!” എന്നു പറഞ്ഞുകൊണ്ട് മാസ്റ്റര് പുറത്തു തട്ടിയപ്പോഴാണ് വിശ്വത്തിന്നു പരിഭ്രമം കലശലായത്.

“മുളയ്ക്കില്ലേ അച്ഛാ?”
“കോഴിമുട്ട മുളയ്ക്കോ, വങ്കാ?”

ഒരാഴ്ചയായി പടുത്തുയര്ത്തിക്കൊണ്ടുവന്ന മനോരാജ്യക്കോട്ടകള് അമ്പേ തകരുകയാണ്. ഞരമ്പുകളൊക്കെ തളര്ന്നു. വിശ്വം കുഴഞ്ഞ് ആ അതിരിന്മേല്, ആ മണ്ണില്ത്തന്നെ ഇരുന്നു.

ഭാര്ഗ്ഗവിയമ്മയുടെ കോഴി അപ്പോഴും ‘ക്ല-ക്ല’ എന്ന ശബ്ദത്തോടെ വിറകുപുരയ്ക്കടുക്കല് നിന്നു ചിക്കിപ്പറിക്കുകയും കൊത്തിക്കൊറിക്കയുമാണ്. വിശ്വം ആ കോഴിയെ കണ്ടില്ല. അതിന്റെ ശബ്ദവും കേട്ടില്ല. അവന്റെ ദൃഷ്ടികള് ചക്രവാളപരിധിവരെ സഞ്ചരിക്കുകയായിരുന്നു.

രണ്ട്

കോഴിക്കേസ് ശബ്ദായമാനമായി നടന്നുകൊണ്ടിരുന്നപ്പോഴാണ് വേലുമ്മാന് മാസ്റ്ററുടെ പടിക്കലേക്ക് എത്തിയത്. അയാള് വെള്ളി കെട്ടിച്ച വടി നിലത്ത് ഊന്നിക്കുത്തി, പടിക്കലുള്ള ചെമ്പരത്തിക്കാട്ടിന്നു മറവില് സ്വല്പനേരം നിന്നു.

മരുമകളുടെയും മരുമകന്റെയും സംഭാഷണം ഉയര്ന്നുവന്നപ്പോള് വേലുനായര് പല്ലിറുമ്മി വെള്ളികെട്ടിച്ച വടി ഒരിക്കല്ക്കൂടി ഊന്നിക്കുത്തി. കുറച്ചു മുമ്പാണെങ്കില് വടിയുമായി അയാള് അങ്ങോട്ടു കയറും; വൈക്കോല് തല്ലുംപോലെ നിരത്തി തല്ലുകയും ചെയ്യും. പക്ഷേ, ഇന്ന് ആ അധികപ്രസംഗി സ്കൂള് മാസ്റ്റര് അപമാനിച്ചുകൂടായ്കയില്ല. അയാള് അടങ്ങി. ബഹളം തീര്ന്നപ്പോള്, ആ വീടിന്നു നേരെ നോക്കി അയാള് പിറുപിറുത്തു: "നില്ക്ക്... നില്ക്ക്...നില്ക്ക്!"

എന്നിട്ട്, അയാള് വടി ഊന്നിക്കൊണ്ട് കുതിച്ചുനടന്ന് നമ്പിടിയുടെ വീടിന്റെ പടികയറി: "കാറില്ലാത്ത മഴയാണല്ലോ!" വിശാലമായ പൂമുഖത്ത് ഉലാത്തുകയായിരുന്ന കൃഷ്ണന് നമ്പിടി വേലുമ്മാനെ കണ്ടപ്പോള് ഒന്നു നിന്നു. വേലുമ്മാനാകട്ടെ, വെള്ളികെട്ടിച്ച ചൂരല് വടി കോലായിലൂന്നി മേലോട്ടു കയറിക്കൊണ്ടു പറഞ്ഞു:

"അതേ. ഓര്ക്കാപ്പുറത്താണിപ്പോള് മഴപെയ്യുന്നത്. വിശേഷമൊക്കെ കേട്ടില്ലേ?"

"ഇല്ല." നമ്പിടി ഉത്സാഹത്തോടെ തുടര്ന്നു: "ഇങ്ങോട്ട് ഈ പടിയിന്മേ ലേക്കു കയറിയിരിക്കു. കുടിക്കാന് സംഭാരം?"

"വിശേഷായി."

നമ്പിടി ഉടനെ ഭൃത്യനെ വിളിച്ചുപറഞ്ഞു. വേലുമ്മാന് മേല്മുണ്ടെടുത്ത് ഒന്നു വീശി. "ശ്! എന്തുചൂടാ, ചൂട്!"

"ഇക്കൊല്ലത്തെപ്പോലെ ഒരു ചൂട്!" നമ്പിടി അസഹ്യത പ്രകടിപ്പിച്ചു. വേലുമ്മാന് ആ വാചകം പൂര്ത്തിയാക്കി: "ഞാന് ജനിച്ചതില്പ്പിന്നെ ഉണ്ടായിട്ടില്ല. കലി മൂക്കുകയാണ്. മനുഷ്യന്റെ പ്രവൃത്തിക്കനുസരിച്ചല്ലേ ഈശ്വരനും അനുഗ്രഹിക്കുക?"

"സംശയം ഉണ്ടോ?"

സംഭാരം വന്നു. വേലുമ്മാന് അതെടുത്തു കുടിച്ചു പാത്രം താഴെ വെച്ചപ്പോള് വെറ്റിലച്ചെല്ലം മുമ്പിലേക്കു നീക്കിവെച്ചുകൊണ്ടു നമ്പിടി ചോദിച്ചു: "അപ്പോ എന്തേ വിശേഷം?"

"അവനവന്റെ ഭൂമി അവനവന്റേതല്ലാതാവാനാ പോണത്."

"എന്ത്! വേലുനായരു നേരംപോക്കു പറയല്ലല്ലോ?" നമ്പിടി കണ്ണ് ഒന്നു കൂടി മിഴിച്ചു.

"ഇവിടത്തോടു ഞാന് ഒരസത്യം പറയോ? ഇവിടത്തെ ഭൂമി ഇവടെയ്ക്കിഷ്ടമുള്ള ആള്ക്കു കൊടുക്കാന് മേലാല് പാടില്ല. എന്നുവെച്ചാല്, മേല്ച്ചാര്ത്തു നിര്ത്താന് പോവ്വാത്രേ."

"ആരാ നിര്ത്താന്?" നമ്പിടി അല്പം ഗൗരവത്തോടെയാണ് ചോദിച്ചത്. ഇന്നോവരെ അദ്ദേഹം കല്പിക്കുകയല്ലാതെ അദ്ദേഹത്തോടു കല്പിക്കുവാന് ആ ദേശത്തെന്നല്ല അയല്ദേശങ്ങളിലും ആളുണ്ടായിട്ടില്ല.

"സര്ക്കാരില്നിന്നു കല്പന വന്നാലോ?"

“ഭള്ള്!”

“കേരളപത്രികയില് എഴുതിക്കഴിഞ്ഞു.”

“അത്രയേ ഉള്ളൂ?” നമ്പിടി ഒന്നു ചിരിച്ചു: “കുഞ്ഞിരാമമേനോന് മഹാരസികനാ. ഓരോ കഥകളിങ്ങനെയൊക്കെ എഴുതിയുണ്ടാക്കും. വായിച്ചാല് ഉള്ള മാതിരി തോന്നുംചെയ്യും!”

“കുഞ്ഞിരാമമേനോന്റെ കേരളപത്രികയല്ല കോഴിക്കോട്ടുനിന്ന് ഈയിടെ തുടങ്ങിയ വേറെ ഒരു കേരളപത്രികയില്ലേ, വികടപ്പേരുമായിട്ട് ഒരു പത്രം? അതിലെഴുതിയിരുന്നു. മദിരാശീന്ന് ഉള്ള വര്ത്തമാനമായിട്ടാണ് അതിലെഴുതിയിരിക്കുന്നത്.”

“അവസാനം അതു നേരാന്നു വര്വോ?” നമ്പിടിക്കു പരിഭ്രമമായി.

“വരും. കോയക്കുട്ടി ഹാജീല്ലേ, ഖാന്സാഹിബ്ബ്?...”

“നിരത്തുകരാറുകാരന്?”

“അതേ. അയാളു മദിരാശിപ്പോയി വന്നപ്പോ പറഞ്ഞു. നിയമം വരുന്നുണ്ട് എന്ന്.”

നമ്പിടി കുറച്ചുനേരം ആലോചിച്ചു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വമ്പിച്ചൊരു പരിവര്ത്തനമാണ് വരുന്നത്. എന്തിനാണിതൊക്കെ വരുന്നത്? ജന്മികളെ ഉശിരുകെടുത്താനോ? ജന്മികളില്ലാഞ്ഞാല്പ്പിന്നെ ഭൂമിയുണ്ടോ, ക്ഷേത്രമുണ്ടോ, കര്മ്മങ്ങളുണ്ടോ, ആണ്ടറുതികളുണ്ടോ, രാജ്യംതന്നെ ഉണ്ടോ? സര്ക്കാരിന്റെ ഈ ഒരുമ്പാട് എന്തിനാണ്?

“എന്താണ് ആലോചിക്കുന്നത്?” വേലുമ്മാന് പുകയില ചുരുട്ടി വായിലിട്ടുകൊണ്ടു ചോദിച്ചു. നമ്പിടി കനപ്പെട്ട എന്തോ ഒന്നാണ് പറയാന് പോകുന്നതെന്ന് വേലുമ്മാനറിയാം. അത്തരം സന്ദര്ഭത്തില് ഒരു കുത്തിയിളക്കല് ആവശ്യമാണെന്നും അങ്ങോര് മനസ്സിലാക്കിയിട്ടുണ്ട്.

“ട്ട്വോ, വേല്യാരേ!” നമ്പിടി അമര്ത്തിപ്പറഞ്ഞു: “ബ്രിട്ടീഷ് ഗവണ്മെന്റ് പോണം എന്നതന്നെയാണ് പ്രാര്ത്ഥിക്കേണ്ടത്, ഖിലാപത്തുകാരു പറേമ്പോലെ അല്ലെങ്കിലും. ഉറക്കെ പറയാന് വയ്യാച്ചാലും പ്രാര്ത്ഥിക്കാലോ. ഇപ്പോ സാമൂതിരിപ്പാടാണ് ഭരിക്കുന്നതെന്നുവരികില് ഈ വക തോന്നിവാസമൊന്നും ഉണ്ടാവില്ല. അദ്ദേഹത്തിനു കീഴ്ക്കട നടന്ന സമ്പ്രദായങ്ങളറിയാം. വെള്ളക്കാര്ക്കെന്തെങ്കിലും അറിയോ? മശണകള്! മേല്ച്ചാര്ത്തില്ലാതായാല്പ്പിന്നെ ജന്മിക്കെന്തു സ്ഥിതിയാണുള്ളത്?”

“അതാണ് ഞാനും പറയുന്നത്.” വേലുമ്മാന് ആ അഭിപ്രായത്തോടുയോജിച്ചു: കുടിയാന്മാര്ക്കൊരു ഭയമുണ്ടാവോ?

“ഭയമില്ലെങ്കില്പ്പിന്നെ ഈ ദേശത്ത് എന്തെങ്കിലും നടക്ക്വോ?”

നമ്പിടിക്ക് അല്പാല്പം ശ്രുണ്ടിവരുന്നുണ്ടായിരുന്നു. “ഒരധികാരിയില്ലേ ഇവിടെ, ഒരു കുശവന്?”

“അയാളെന്തു ചെയ്യാനാ?” എന്നായല്ലോ വേലുമ്മാന്.

“എഴുതുക. സര്ക്കാരിലേക്കു വിസ്തരിച്ചെഴുതണം. ഈ ഏര്പ്പാടൊന്നും

ഇവിടെ നടക്കില്ല. ഇവിടത്തെ സ്ഥിതിയൊക്കെ വേറെയാണ് എന്ന് കടലാസു തയ്യാറാക്കുന്നോടത്തല്ലേ കാര്യം കിടക്കുന്നത്, വേല്യാരേ?"

"അതു സംശല്യ, ഹൈക്കോടതിയില് ചെന്നാലും കടലാസാണ് കാര്യം!"

"ആ മണങ്ങുണ്ടോ വല്ല വിവരവും? നികുതിപിരിക്കാന് മാത്രം ഇങ്ങോട്ടു വരും. എന്റെ കയ്യില്ത്തെന്നയാണ് പിഴച്ചത്. കഴിഞ്ഞ കുറി തുക്കിടി പൈമാശിക്കു വന്നപ്പോ ഇവിടത്തെ പത്തായപ്പുരയിലാണ് താമസിച്ചത്. അധികാരിയെപ്പറ്റി ചോദിക്കയും ചെയ്തു. നല്ലവനാണ് എന്നു പറയുകയും ചെയ്തു. അന്നുതന്നെ അങ്ങട് അടിയറവെക്കേണ്ടിയിരുന്നു." നമ്പിടിയുടെ തുടുത്ത മുഖം കുറേക്കൂടി തുടുത്തു.

"പക്ഷേ, അധികാരിമാരോടൊന്നും ഈ വക കാര്യങ്ങള് ചോദിക്കില്ല." വേലുമ്മാന് സാന്ത്വനപ്പെടുത്തി.

"അതറിയാം. എന്നാലും സര്ക്കാരിന്റെ ആളാവുമ്പോള് നല്ലതു പറഞ്ഞു കൊടുത്തൂടേ? അല്ലെങ്കില്പ്പിന്നെ ഈ ശമ്പന് എന്തു കാര്യസ്ഥതയാ? അവസാനം നിയമം വന്നുപടും എന്നുണ്ടോ?"

"കരുതിയിരിക്കണം."

"മേല്ച്ചാര്ത്തു പാടില്ല എന്നാല്ലേ ഉള്ളൂ?"

"അതേ."

"ചാര്ത്തിക്കൊടുക്കാനേ ഭാവം ഇല്ലാച്ചാലോ?"

"നിലമൊക്കെ നടക്കേണ്ടിവരും."

"ഭേദാ, അവനവന്റെ ആയിട്ട് ഇരിക്കുലോ."

"അതൊക്കെ നടക്ക്വോ?"

"അതാണെനിക്കും പേടി..." നമ്പിടി മുഖമാകെ ഒന്നു കൂട്ടിത്തിരുമ്മി. ഹെയ്, ആകെ അട്ടിമറിയുന്നു.

തന്റെ പ്രതാപത്തെ അമ്പേ കരിക്കുന്ന ഇത്തരം ഒരു ഇടിത്തീവീഴുമെന്ന് നമ്പിടി ഓര്ത്തതല്ല. മേല്ച്ചാര്ത്തെന്നുവെച്ചാല് തുരുപ്പിലെ മേലെ ശീട്ടാണ്. അതു കയ്യിലങ്ങനെയിരിക്കുമ്പോള് കുടിയാന്മാരുടെ കൂലിത്തുരുപ്പുകളെക്കുറിച്ചു ഭയപ്പെടാനില്ല. അവരൊക്കെ വിളിച്ചു വിളിപ്പുറത്ത് എറാന് മൂളി നില്ക്കും. നിന്നില്ലെങ്കില്, അവന്റെ കൈവശമുള്ള വസ്തു അടുത്ത പൊളിച്ചെഴുത്തിനുമുമ്പെ മറ്റൊരാളുടെ കയ്യിലെത്തിയിട്ടുണ്ടാവും. നമ്പിടിയുടെ കാലത്തുതന്നെ അങ്ങനെ എന്തെല്ലാം നടന്നിരിക്കുന്നു!

നമ്പിടിയുടെ കുടുംബം പഴക്കം കൊണ്ടും പാരമ്പര്യം കൊണ്ടും ധനസ്ഥിതികൊണ്ടും ആ നാട്ടുമ്പുറത്തിന്റെ താഴികക്കുടമാണ്. എവിടെനിന്നുനോക്കിയാലും ആ താഴികക്കുടം കാണാം; അഥവാ, എവിടെയും ആ താഴികക്കുടത്തിന്റെ പ്രകാശമേ ഉള്ളൂ. ഒരു നായര്കുടുംബമാണെങ്കിലും കോവിലകം മട്ടാണ്. സംബന്ധക്കാരന് മുതല്ക്കു പരദേവതവരെയുള്ള എല്ലാറ്റിനെസ്സംബന്ധിച്ചും ആ പാരമ്പര്യം നിലനിര്ത്തിപ്പോന്നു. ആ കുടുംബത്തിലെ ഒരൊറ്റ അംഗത്തിനും അച്ഛനില്ല; അച്ഛന്നമ്പൂതിരിയേ ഉള്ളൂ.

മാറുമറച്ചു പണിക്കാരികള് ആ വീട്ടില് പാടില്ല. തിങ്കളാഴ്ച നോല്ക്കാത്ത പെണ്കിടാവില്ല. നിറപറപൊലി, ആണ്ടറുതികള് -- എല്ലാം ആ വീട്ടില് നിന്നാണ് തുടങ്ങുന്നത്. കാരണം ആ ദേശത്തെ ഭൂമിയുടെ തല കിടക്കുന്നത് ആ കുടുംബത്തിലാണ്. അവിടത്തെ ഇഷ്ടം എല്ലാവരുടെയും ഇഷ്ടം, കഷ്ടം എല്ലാവരുടെയും കഷ്ടം. മൂത്ത നമ്പിടിയുടെ പിറന്നാള് ദിവസം പാടത്തു കന്നിറക്കാന് പാടില്ല. ഒരുത്തന് കന്നിറക്കിയാല് പിന്നെ കന്നേ ബാക്കിയുണ്ടാവൂ. പാടമുണ്ടാവില്ല.

ഏഴു മലവാരവും ഏഴരക്കൊലയും ആ കുടുംബത്തിനു വിധിച്ചിട്ടുണ്ടെന്നാണ് എല്ലാവരും പറയുന്നത്. ആരാണ് വിധിച്ചതെന്നറിഞ്ഞു കൂടാ. മൂന്നു മലവാരം അവര്ക്കുണ്ടായിരുന്നു. കൊത്തി തുരുമ്പുപിടിച്ച മൂന്നുനാലു തോക്കുകളും. അവയ്ക്ക് ലൈസന്സ് പുതുക്കിവാങ്ങുന്ന കാര്യത്തില് കൃഷ്ണന് നമ്പിടിയും ശ്രദ്ധാലുവായിരുന്നു. ആ തോക്കുകള് കൊലയൊന്നും നടത്താറില്ല. ഒരന്തസ്സുള്ള സൂക്ഷിപ്പ്. തോക്കിനക്കൊള് അനുസരിപ്പിക്കാന് ശക്തിയുള്ളതായിരുന്നു ഭൂമി. അതു കയ്യിലുണ്ടായിരുന്നതുകൊണ്ട്, തോക്കിനെപ്പറ്റി നമ്പിടി പൊരുളിച്ചില്ല.

കൃഷ്ണന് നമ്പിടിയുടെ കാരണവരെ എല്ലാവര്ക്കും സ്നേഹവും ബഹുമാനവുമായിരുന്നു. നാരായണന് എന്നായിരുന്നു പേരെങ്കിലും ആളുകള് അദ്ദേഹത്തെ ശാന്തന് നമ്പിടി എന്നായിരുന്നു വിളിച്ചുവന്നത്. തെളുതെളുന്നനെയുള്ള ആ പല്ലു വെളിയില് കാണുമാറ് ആരുടെ നേര്ക്കും ചിരിക്കും. ആരോടും മൃദുവായേ സംസാരിക്കൂ. കണ്ണുനീരു കണ്ടാല് മനസ്സലിയും. കുടിയാന്മാരെ ഒരിക്കലും ദ്രോഹിച്ചിട്ടില്ല. ജീവിതത്തില് ഏറിയപങ്കും കുളിയും ജപവും ക്ഷേത്രദര്ശനവുമായി കഴിച്ചുകൂട്ടിയ മനുഷ്യന്. എന്തു വിഷമവും അദ്ദേഹത്തോടു ചെന്നുപറയാം. ഒരു പോംവഴിയുണ്ടാക്കും.

ആളുകള് അദ്ദേഹത്തെ സ്വന്തം കാരണവരായി കരുതി; അദ്ദേഹം അവരെ അനന്തരവന്മാരായും. അന്നേ കൃഷ്ണന് നമ്പിടിക്കു കാരണവരുടെ പ്രകൃതത്തോടു വലിയ പ്രതിപത്തിയുണ്ടായിരുന്നില്ല. ജ്യേഷ്ഠന് കുടിയാന്മാര്ക്ക് ഇളവു ചെയ്തു കൊടുക്കുന്നതു കാണുമ്പോഴൊക്കെ അദ്ദേഹം പിറുപിറുത്തുകൊണ്ടു പൊറുത്തു. സഹിക്കാതാവുമ്പോള്, അയാള് ജ്യേഷ്ഠനോടു പതുങ്ങിക്കൊണ്ടാണെങ്കിലും പറഞ്ഞു: "ഇതൊക്കെ അവരുടെ തഞ്ചമാണ്. കുടിയാന്മാര് എന്നും അങ്ങനെയൊക്കെ പറയും." "കൃഷ്ണാ വെള്ളപ്പൊക്കത്തിന്നും ഉണക്കം തട്ടുന്നതിന്നും അവരു വിചാരിച്ചാല് നിവൃത്തിയുണ്ടോ? അവര്ക്കു വരുന്ന വിധിയില് നമ്മളും പങ്കുകൊള്ളുക. ഉള്ളപ്പോ അവരു തന്നു. നമ്മള് അനുഭവിക്കുകയും ചെയ്തു. സുഖത്തില് മാത്രമേ പങ്കു കൂടൂ എന്നത് ഒരു കുറല്ല. ഇന്നിതു ഭഗവാന് നമ്മളെ ഏല്പിച്ചു. അവിടയ്ക്കു വേണം എന്നുവെച്ചാല് തിരിച്ചെടുക്കാന് പ്രയാസമില്ല." ശാന്തന് നമ്പിടി അനുജന്റെ നേര്ക്കു മന്ദസ്മിതംകൊള്ളുകയുംചെയ്തു.

"പക്ഷേ..."

“മടിക്കണ്ടാ, പറഞ്ഞോളൂ.”

“കാരണവന്മാരായി ഉണ്ടാക്കിയ തറവാട്ടുസ്വത്തല്ലേ?”

“അതെ. പക്ഷേ, നീയും ഞാനും ഈ തറവാട്ടിലല്ലാ ജനിച്ചതെങ്കിലോ? അപ്പോ അതു ഭഗവന്നിശ്ചയമാണ്. കൃഷ്ണന് ഭാഗവതം വായിച്ചിട്ടുണ്ടോ?”

“ഇല്ല.”

“വായിക്കണം. ഉദരപൂര്ത്തിക്കുള്ള സ്വത്തിലധികം സമ്പാദിക്കണം എന്നു വിചാരിക്കുന്നവനെ പിടിച്ചു ശിക്ഷിക്കണം എന്നാണ് നാരദമഹര്ഷി ധര്മ്മപുത്രരോടു പറഞ്ഞത്. അത്രത്തോളം പോകാന് ശക്തി നമുക്കില്ലെങ്കില് പോട്ടെ. വല്യേ പാപം ചെയ്യാതിരിക്ക്യാ. കൃഷ്ണന്നു ബോധ്യമാവുന്നുണ്ടോ?”

“ഉം."കൃഷ്ണന് നമ്പിടി മൂളി, തലയും ചൊറിഞ്ഞ് അവിടെനിന്നുപോയി. ഭൂമിയുടെ കാര്യത്തില് സബ്രൂജിസ്ട്രാപീസിലെ ആധാരമാണ്, നാരദമഹര്ഷിയുടെ വാക്കല്ല പ്രമാണം എന്ന പക്ഷക്കാരനായിരുന്ന കൃഷ്ണന് നമ്പിടി. കടുകു കീറി കണക്കു പറയണം. അവകാശങ്ങള് വിട്ടുകൊടുക്കുന്നത് ആണത്തമില്ലായ്മയാണ്. അദ്ദേഹം വേലുനായരോടു പതുക്കെ പറയാറുണ്ട്.

“ഏട്ടനൊരു ശുദ്ധാത്മാവാണ്. തീര്ത്ഥക്കിണ്ടിയില് പെറ്റുവീണു. ഇനി ഭസ്മക്കൊട്ടയില് കിടന്നു മരിക്കുകയും ചെയ്യും.”

“അദ്ദേഹം മഹാനാണ്!”

“എന്നു പറഞ്ഞാല് വയറ്റില്ച്ചെല്ലോ?”

“ഇവിടെയുള്ള കാര്യസ്ഥത അദ്ദേഹത്തിനില്ലാ എന്ന്.”

“അതു പറയൂ.”

വേലുനായര് കുറെ മുമ്പുതന്നെ കൃഷ്ണന്നമ്പിടിയുടെ ഇഷ്ടമന്ത്രിയാണ്. അവര് തമ്മിലുള്ള വേഴ്ച കൊല്ലം കഴിയുന്തോറും മുറുക്കിക്കൊണ്ടുവരികയാണുണ്ടായത്. അതിനെപ്പറ്റി ചില കഥകളും നാട്ടില് പ്രചരിച്ചിരുന്നു. ഇളമുറക്കാരനായ നമ്പിടിയുടെ കൂട്ടുകാരനായിക്കൂടിയ കാലത്ത് നക്കുപ്പും നാരായക്കല്ലുമില്ലാത്ത ഒരു മനുഷ്യനായിരുന്നു വേലുനായര്. നെല്ലുകുത്തിയും അടിച്ചുതളിച്ചും പെങ്ങന്മാര് കൊണ്ടുവരുന്ന ഭക്ഷണത്തിന്മേലാണ് അയാള് പുലര്ന്നത്. ഏതോ നാട്ടെഴുത്തച്ഛന്റെ അടുത്തുനിന്നു കൂട്ടിവായിക്കാറാകുന്നതുവരെയുള്ള വിദ്യാഭ്യാസവും നേടി. ഭൗതികവും അന്തഃകരണപരവുമായ അയാളുടെ കഴിവിന്റെ ആകത്തുകയാണത്. ചെറുപ്പത്തിലേ മഹാതിരുമാലിയും തഞ്ചക്കാരനുമാണ്. അവന്റെ കര്മ്മത്തില് ഗ്രഹിക്കനാ എന്നാണ് നാട്ടുകാര് അയാളെപ്പറ്റി പറയുക പതിവ്. ആരെങ്കിലും നന്നാവുന്ന കാര്യത്തില് സഹായിപ്പാന് വേലുനായരെക്കൊണ്ടാവില്ല. പക്ഷേ, എത്ര വലിയവനെയും മാനംകെടുത്താനും നശിപ്പിക്കാനും ഒരു യുക്തി കണ്ടെത്തുന്നതില് അയാള് വിരുതനായിരുന്നു താനും. ഇക്കാരണത്താല് ചെറിയവര്ക്കും വലിയവര്ക്കും അയാളെ ഭയമായിരുന്നു. ചൂടുംകത്തിച്ചുപോകുന്ന ഒരാളോടു വേലുനായര് ഇപ്പോ പകലല്ലേ? എന്നു ചോദിച്ചാല്, അതേ, എനിക്കു മാലക്കണ്ണിന്റെ

ഉപദ്രവമുണ്ടായതുകൊണ്ടു ചൂട്ടുകത്തിച്ചതാ എന്നോ അയാള് മറുപടി പറയൂ. മറിച്ചു പറഞ്ഞാല്, ആ ഗ്രളികന് എന്തെങ്കിലും ഗ്രലുമാലുണ്ടാക്കിവയ്ക്കും എന്ന് ആളുകള്ക്കറിയാം. തന്റെ നേര്ക്കുള്ള ഈ ഭയം വേലുനായര് മനസ്സിലാക്കിയിരുന്നു. എന്നാല്ല, അതൊരു കച്ചവടച്ചരക്കായി ഉപയോഗിക്കാനും മടിച്ചിരുന്നില്ല. മൂന്നുകോടതി കയറിയിറങ്ങാനൊരുമ്പെടുനില്ക്കുന്ന കക്ഷികളും വേലുനായരുടെ വായ്ത്തലയില്ലാത്ത മധ്യസ്ഥതയ്ക്കു വഴങ്ങി; വെറും ഭയംകൊണ്ട്. ഏതു മധ്യസ്ഥതയും വേലുനായര്ക്ക് സ്വല്പം സമ്പാദ്യമുണ്ടാക്കിയേ അവസാനിക്കുകയുമുള്ളൂ.

“പോന്നവനാ!”

“ഒരു ഭാഗം പിടിച്ചാല് പിടിച്ചപോലിരിക്കും.”

“ഭ്രമിയുടെ പൊക്കിളു കണ്ടവനല്ലേ!”

ഇങ്ങനെ പല പ്രശംസകളും നാലു ഭാഗത്തുനിന്നും പൊന്തുന്നുണ്ടായിരുന്നു. എല്ലാം ഭയത്തില്നിന്ന് ഉറവെടുത്തതാണ്. സ്വകാര്യമായി ആളുകള് ഇങ്ങനെയും പറഞ്ഞു: “അയാള് ഒരു കാലനാ! വല്ലവനെയും തച്ചുകൊന്ന് ഉമ്മറത്തുകൊണ്ടുവന്നു തൂക്കിയിട്ടാല് കുടുങ്ങിയില്ലേ? എന്തിനും മടിക്കാത്തവനാ! കുഞ്ഞിപ്പെണ്ണമ്മയുടെ കഥ ഓര്മ്മയില്ലേ?”

അതിന്ന് ആരും സമാധാനം പറഞ്ഞില്ല. വേലുനായരുടെ ആദ്യത്തെ ഭാര്യയുടെ മരണമായിരുന്നു ആ വാക്കില് സൂചിപ്പിക്കപ്പെട്ടിരുന്നത്. അപസ്മാരമിളകി വെള്ളത്തില് വീണു മരിച്ചതാണെന്നാണ് അതിനെപ്പറ്റി സര്ക്കാര് റിക്കാര്ട്ട്. പക്ഷേ, ദേഷ്യംമൂലം ചവിട്ടിക്കൊന്നു വെള്ളത്തിലിട്ടുവെന്നാണ് നാട്ടുകാര് സ്വകാര്യമായി റിക്കാര്ട്ടാക്കിയിരുന്നത്. രണ്ടു കൊലയുടെയും മൂന്നുനാലു കൊലക്കുറ്റമൊതുക്കലിന്റെയും ചരിത്രങ്ങള് അയാളുടെ ജീവിതത്തിന്റെ മടക്കുകളില് ഒളിഞ്ഞുകിടക്കുന്നുവെന്നാണ് നാട്ടുകാര് വിശ്വസിക്കുന്നത്. എന്നിട്ട് രണ്ടാമതും വേലുനായര് കല്യാണം കഴിച്ചു--ഒരമ്മാളുക്കുട്ടിയമ്മയെ. കുറച്ചു കൈകൊട്ടിക്കളിപ്പാട്ടും ധാരാളം കണ്വെട്ടിക്കലും ഒറ്റവരിക്കൊത്തു തോടകളും അവിലുമാലയും തൊലിവെളുപ്പും യൗവനവുംകൂടി ആ ീയെ ഒരുള്നാടന് അപ്സരസ്സാക്കി മാറ്റിയിരുന്ന കാലം. ഒരു ചിറ്റമായി തുടങ്ങി സംബന്ധമായങ്ങു വികസിപ്പിച്ചപ്പോഴാണ് തനിക്കു പറ്റിയ അമളി വേലുനായര്ക്കു മനസ്സിലായത്. സര്പ്പം കാക്കുന്ന നിധിയാണ്. മധുരമെന്നു വെച്ചു കുടിച്ചത് ഇരട്ടിമധുരമായിപ്പോയി. എങ്കില് ശോധനയുണ്ടാകട്ടെ എന്നും വെച്ചു. കമഴ്ന്നുവീണാല് കാല്പണം നക്കിയെടുക്കുന്ന അഭിപ്രായക്കാരനായ വേലുനായര് കൃഷ്ണന് നമ്പിടിയുടെ ഇഷ്ടതോഴനുമായി.

പിന്നീടുള്ള കഥ ഉദ്ഗതിയുടെ കഥയാണ്. വേലുനായര് കൈവെച്ചേടത്തു നമ്പിടി ഒപ്പിടും എന്നാണ് ആളുകള് പറയുക. കുറച്ചു കാലത്തിനുള്ളില്ത്തന്നെ അമ്മാളുക്കുട്ടിയമ്മയുടെ കഴുത്തും വേലുനായരുടെ ചെറിയ മടിശ്ശീലയും

കുലുങ്ങിനിറഞ്ഞു.

"ഇതുകൊണ്ടായില്ലല്ലോ, നാളെയ്ക്കൊരു വഴി കാണണ്ടേ, അമ്മാളുക്കുട്ടീ?" അയാള് ഭാര്യയോടു കൂടെക്കൂടെ പറയും.

"അദ്ദേഹത്തിനു മൂപ്പു കിട്ടിയാല് നിങ്ങള്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാതിരിക്കില്ല." അമ്മാളുക്കുട്ടിയമ്മ തുടര്ന്നു: "അദ്ദേഹത്തിന് അത്ര കാര്യമാണല്ലോ നിങ്ങളെ."

"ഒക്കെ നിന്റെ ഭാഗ്യംപോലെ ഇരിക്കും." വേലുനായരും അമര്ത്തിപ്പറഞ്ഞു:"വലിയവരുടെ സ്നേഹവും നടുമിറ്റത്തു പെയ്ത വെള്ളവും അധികനേരം നിന്നില്ലെന്നവരും. അദ്ദേഹത്തിനും ഒരു മകനുണ്ട്. കുട്ടി സമര്ത്ഥനാണെതാനും, അവന് മുതിര്ന്നവരുമ്പോഴേക്കും സാധിച്ചതൊക്കെ സാധിച്ചു. ഓര്മ്മവെച്ചോളൂ."

"അതു ശര്യാ. പക്ഷേ, മറ്റേ മശണ ചാവുന്നില്ല -- ആ ശാന്തന് നമ്പിടി!"

"ഉം."

അമ്മാളുക്കുട്ടിയമ്മയുടെ ശാപംകൊണ്ടോ വേലുനായരുടെ ഭാഗ്യം കൊണ്ടോ നാട്ടുകാരുടെ കഷ്ടകാലംകൊണ്ടോ എന്തോ, ശാന്തന് നമ്പിടി മരിച്ചു. നാട്ടുകാര് കരഞ്ഞുപോയി.

"വല്യേ ഒരാളേര്ന്നു!"

"എല്ലാവര്ക്കും ഒരച്ഛനെപ്പോലേര്ന്നു!"

"നാട്ടുകാര്ക്കാ പോയത്. "

"നല്ല വഴിക്കേ അദ്ദേഹം പോവൂ!"

ഈ വിലാപങ്ങളുടെയും ആശംസകളുടെയും ഇടയില് കാര്യസ്ഥത കൃഷ്ണന് നമ്പിടിയുടെ കൈയിലായി. വാലുപോലെ വേലുനായരുമുണ്ട്. അതുമുതല്ക്കേ വേലുനായരുടെ ശുക്രദശയും ആരംഭിച്ചു.

മിച്ചവാരത്തിന്റെയും പാട്ടത്തിന്റെയും കാര്യമെല്ലാം ബഹുകണിശം. പൊളിച്ചെഴുത്തിന്റെ ഒരു തിരക്ക്. പൊളിച്ചെഴുത്തുപണവും അവകാശങ്ങളും കൊടുത്താല്പ്പോരാ, വേലുനായര്ക്കുള്ള ദക്ഷിണ ആദ്യം വീട്ടിലെത്തണം, ഒരു നിരപ്പു പൊളിച്ചെഴുത്തു കഴിഞ്ഞപ്പോള് മേല്ച്ചാര്ത്തിന്മേല് പിടിച്ചു. പുത്തന് പണക്കാര് വേലുമ്മാനെ സമീപിക്കുന്നുണ്ടായിരുന്നു. പൊളിച്ചെഴുത്തിനക്കൊള് ലാഭം മേല്ച്ചാര്ത്താണെന്നു വേലുമ്മാനും നമ്പിടിക്കും ബോധ്യമായിക്കൊണ്ടുവരികയാണ്. പല കുടുംബങ്ങളും ചട്ടിയും കലവും വാരി കെട്ടുകെട്ടി. വേലുമ്മാന് തടിച്ചുകൊഴുക്കാനും തുടങ്ങി.

ഇതിന്നിടയില് നമ്പിടിയോട് ഒരു പറമ്പു ചാര്ത്തിവാങ്ങി. ഒന്നാന്തരം ഒരു പുരയും തീര്പ്പിച്ചു. ആ നാലുകെട്ടുപുരയ്ക്ക് ഒരു കഷണം മരമോ ഒരു കല്ലോ മൂപ്പര് കാശുകൊടുത്തു വാങ്ങിയിട്ടില്ല. എല്ലാം സംഭാവന. വേലുനായരങ്ങു നന്നാവട്ടെ എന്നു നാട്ടുകാര് കരുതിയാല് അദ്ദേഹമെന്തുചെയ്യും? ഒരു മൂത്തപെങ്ങളും മൂന്നു മരുമക്കളുമേ ഉണ്ടായിരുന്നുള്ളൂ. പെങ്ങള് ഒരു രോഗിണിയായിക്കഴിഞ്ഞിരുന്നു. രണ്ടു മരുമക്കളെയും കല്യാണംകഴിച്ചുകൊടുത്തു. രണ്ടാമത്തെ ീയായ

മാധവിയമ്മയെ രാമന്മാസ്റ്റര്ക്കു കല്യാണംകഴിച്ചുകൊടുത്തപ്പോള്, വേലുനായര് കൈ തട്ടിക്കുടഞ്ഞുകൊണ്ടു പറഞ്ഞു: "ഹാവൂ, ഭാരമൊക്കെ കഴിഞ്ഞു!"

അക്കൊല്ലം അദ്ദേഹം ഒരു നാല് ഉരുള്മോതിരമുണ്ടാക്കി കൈവിരലുകളില് അണിയുകയും ചെയ്തു. ബാക്കിയുണ്ടായിരുന്നത് ഒരു മകനാണ്. പഴക്കംചെന്ന ഒരു ഇലയടപോലെ, വിറങ്ങലിച്ച ഒരു ചെറുക്കന്. അവനെ വേലുനായര് അടിച്ചുപുറത്താക്കി: "പോടാ വല്ല ദിക്കിലും പോയി നാലു കാശുണ്ടാക്കാന് നോക്ക്. തിന്നാന് വായും കാട്ടി നിന്നാല് പറ്റില്ല."

അവന് എവിടെയൊക്കെയോ തെണ്ടിത്തിരിഞ്ഞ് ഒടുവില് കൊളമ്പിലേക്ക് കടന്നുപോവുകയും ചെയ്തു. അങ്ങനെ വീട്ടുകാര്യങ്ങളൊക്കെ ശുദ്ധമാക്കിയതിനുശേഷമാണ് അങ്ങോര് വസ്തുവഹകള് സമ്പാദിക്കാനാരംഭിച്ചത്. കുറെ സമ്പാദിച്ചിട്ടുമുണ്ട്.

ഒന്നാം ലോകമഹായുദ്ധം കണ്ട് ലോകം അമ്പരന്നു നില്ക്കുകയായിരുന്നു. ആകെ തട്ടിമറിയുമെന്നായിരുന്നു പൊതുവെ അഭിപ്രായം. ജര്മ്മന്കാരനോട് എന്തെന്നില്ലാത്ത മമതയുള്ള കുറെ വീരരസപ്രധാനികളുണ്ടായിരുന്നു. ഇംഗ്ലീഷുകാരോടു കൂറുപുലര്ത്തുന്നവരുമുണ്ടായിരുന്നു. അതിനെ സംബന്ധിച്ച വാഗ്വാദങ്ങളും നടക്കുക പതിവാണ്. പക്ഷേ, വേലുനായര് അതിലൊന്നും ശ്രദ്ധിച്ചില്ല. ശ്രദ്ധിച്ചുവെന്നു നടിച്ചില്ല. ഒരഭിപ്രായവും പറഞ്ഞില്ല. അദ്ദേഹം സമ്പാദിക്കുകയായിരുന്നു. ഒരു ദിവസം നമ്പിടി സ്വകാര്യമായി ചോദിച്ചു: വെള്ളക്കാരന് പൊളിയോ വേല്യാരേ?

'തോണി മുങ്ങിയാല് പുറം' എന്നായിരുന്നു വേലുനായര് അതിന്നു പറഞ്ഞ മറുപടി.

ആ യുക്തി നമ്പിടിക്കും പിടിച്ചു. അദ്ദേഹവും അതേ നിലവാരം സ്വീകരിച്ചു. പക്ഷേ, ബ്രിട്ടന് ജയിച്ചപ്പോള് വിജയം കൊണ്ടാടാന് നമ്പിടിയും വേലുനായരും മുമ്പിട്ടിറങ്ങി.

"ഇദ്ദേഹവും ഞാനും." നമ്പിടിയെ ചൂണ്ടിക്കാട്ടിക്കൊണ്ട് വേലുനായര് താസില്ദാരോടു പറഞ്ഞു: "അന്നും പറയാറുണ്ട്. സത്യംപോലേ ഒടുക്കം വര്ത്രു എന്ന്. ആദ്യം പെരുപ്പം തോല്മയ്ക്ക് എളുപ്പം എന്നൊണ്ടല്ലോ!"

യുദ്ധം കഴിഞ്ഞപ്പോള് നാടന്നല്പന്നങ്ങളുടെ വില നിലംപരിശായി. നെല്ലിനു വിലയില്ല. നാളികേരത്തിന്നു വിലയില്ല. കുരുമുളകുകച്ചവടം ഇന്തോനേഷ്യക്കാരുടെ കൈയിലുമായി. ഇന്തോനേഷ്യക്കാര്ക്ക് ആദ്യം മുളകിന്തലകൊടുത്ത സാമൂതിരിപ്പാടടക്കം എല്ലാവരെയും കച്ചവടക്കാര് ചീത്ത പറഞ്ഞു. യുദ്ധത്തിനു മുമ്പും പിമ്പും ഒരേ നിലവാരം ദീക്ഷിച്ച നിസ്സംഗന് ഏലം മാത്രമായിരുന്നു. അതുമാത്രമായിട്ട് ഒരു കമ്പോളച്ചരക്കാവില്ല. ഇറാന്, ഇറാക്ക്, മെസ്സാപൊട്ടേമിയ തുടങ്ങിയ സ്ഥലങ്ങളില് നിന്നു പട്ടാളക്കാര് അയച്ചിരുന്ന പണവും നിന്നു. അവരും മടങ്ങിയെത്തി. പോലീസുകാരായും

ഡഫേദാര്മാരായും മറ്റും കൂറച്ച് ഇടത്തരക്കാരായ പട്ടാളക്കാര് രക്ഷപ്പെട്ടു. ഭ്രരിപക്ഷത്തിന്നും തൊഴിലില്ല. തൊപ്പിയും കുപ്പായവും ബൂട്ട്സും ടങ്കും വിറ്റു തിന്നിട്ട് അവര് നാട്ടില് തെക്കുവടക്കു നിഴല് നടത്താന് തുടങ്ങി. തീപ്പൂട്ടാത്ത അടുപ്പുകള് വര്ദ്ധിച്ചു. മോഷണം, കൊല തുടങ്ങിയ സാംസ്കാരിക പരിപാടികളും!

ഇതു വേലുമ്മാനു വീണ്ടും ഒരു കൊയ്ത്തുകാലമുണ്ടാക്കി. മോഷണക്കേസുകളുടെ മാധ്യസ്ഥ്യം മൂലവും കൊലക്കേസുകളുടെ അരുപറ്റിനിന്നും നിത്യച്ചെലവിന്റെ കാര്യം കഴിയും. സ്ഥിരം സമ്പാദ്യം വര്ദ്ധിപ്പിക്കാന് പൊളിച്ചെഴുത്തിന്മേല്ത്തന്നെ പിടിച്ചു. അന്നു പൊളിച്ചെഴുത്തുസംഖ്യ ഒരു താഴ്ന്ന ഇടത്തരക്കാരനു മനോരാജ്യം വിചാരിക്കാന്പോലും വയ്യായിരുന്നു. ആ തക്കം ഉപയോഗപ്പെടുത്തി മേല്ച്ചാര്ത്തങ്ങനെ നടന്നു. വേലുമ്മാനങ്ങനെ കൊഴുത്തു.

ഈ സൂത്രപ്പണി നമ്പിടിക്കും നന്നേ പിടിച്ചു. താനായിട്ട് ഒരു ദ്രോഹവും ചെയ്യേണ്ട. കുടിയൊഴിപ്പിക്കലെല്ലാം മേല്ച്ചാര്ത്തുകാരന് കഴിച്ചുകൊള്ളും. വരുമാനം തനിക്കു വര്ദ്ധിക്കുകയും.

“വേലുനായര് ബുദ്ധിമാനാ!––” അദ്ദേഹം സ്വന്തം ഭാര്യയോടു പറഞ്ഞു.

ഒരു കുട്ടിയുടെ അമ്മയായിക്കഴിഞ്ഞിരുന്ന ആ സാധ്വി മൂളി: “ശര്യാ.”

മലബാര്ലഹളകൂടി കഴിഞ്ഞപ്പോള് സംഗതികള് ചില ചില ഭാഗങ്ങളില് കുറേക്കൂടി ‘അലുക്കുലുക്കാ’യി. ആ തക്കവും വേലുമ്മാന് കൈയൊഴിച്ചില്ല. കലങ്ങുന്ന കുളങ്ങളുടെ മേലേ ചുറ്റുന്ന ഒരു ചക്കിപ്പരുന്തായിരുന്നു അയാള്. തരംകിട്ടിയാല് മീന് പിടിക്കാം. ഇല്ലെങ്കില് ആകാശത്ത് ഉലാത്തുന്നതിന്ന് ലൈസന്സ് വേണോ എന്നൊരു മട്ടും ദീക്ഷിക്കും. അയാള്ക്ക് ഒരാദര്ശമേ ഉള്ളു. പണമുണ്ടാക്കുക. പണമുണ്ടെങ്കില് മറ്റെന്തും നടക്കും എന്നു ചെറുപ്പത്തിലെ അനുഭവങ്ങള് അയാളെ പഠിപ്പിച്ചിരുന്നു. ബകന്റെ ആര്ത്തിയും ഭീഷ്മരുടെ ഇച്ഛാശക്തിയുമുണ്ടായിരുന്ന അയാള് ഒരു ചിരിക്കുന്ന ചെകുത്താനായി മാറി. ഒരു തറവാടു പടുത്തുകെട്ടിയവനാണെന്ന് ആളുകളെക്കൊണ്ടു പറയിക്കണം. അതും ഒരു വാശിയായിരുന്നു.

ലഹള കഴിഞ്ഞു മൂന്നുകൊല്ലം കഴിഞ്ഞപ്പോഴാണ് പിച്ചാമണി അയ്യര് വേലുമ്മാനെ സമീപിച്ചത്. പാണ്ടിയില്നിന്നു ചരക്കുമായിവന്നു കോവിലകങ്ങളിലും പ്രഭുകുടുംബങ്ങളിലും നടന്നുവിറ്റു ജൗളിക്കടക്കാരനായി വികസിച്ച ആളാണ് പിച്ചാമണി അയ്യര്. മഹാപരിശ്രമശാലി, കുറുക്കന്റെ ശൃംഗാരവും കുറിഞ്ഞിപ്പൂച്ചയുടെ വിനയവും കൂടിക്കലര്ന്ന ഒരു ഭാവമാണ് പിച്ചാമണി അയ്യരുടെ മുഖത്തിന്നെപ്പോഴും. ലഹള കഴിഞ്ഞു രണ്ടു വര്ഷം കഴിഞ്ഞപ്പോള് പെട്ടെന്ന് അദ്ദേഹം പണക്കാരനായി. ലഹളയെത്തുടര്ന്നുണ്ടായ പോലീസ് നായാട്ടുകാലത്തു പ്രമാണപ്പെട്ട മുസ്ലിം കുടുംബങ്ങളില്നിന്നു തട്ടിയെടുത്ത സ്വര്ണ്ണാഭരണങ്ങളും സംഭാവന വാങ്ങിയ പണക്കിഴികളും പൂഴ്ത്തിവയ്ക്കുന്നതില് സഹായിച്ചത് പിച്ചാമണി അയ്യരാണെന്നും പിന്നീട് അതെല്ലാം എന്നെന്നേക്കുമായി അദ്ദേഹത്തില്

പൂണ്ടു പോയിയെന്നും നാട്ടുകാര്ക്കിടയില് ഒരു സംഭാഷണമുണ്ട്. ശരിയാവാന് ഇടയില്ല. അദ്ദേഹം പരിശ്രമശാലിയാണ്. ഇന്ന് അദ്ദേഹം വസ്തു മേല്ച്ചാര്ത്തു വാങ്ങാനായിട്ടാണ് വേലുമ്മാനെ സമീപിച്ചത്. കുറച്ചു നേരത്തെ സംഭാഷണം. പിന്നെ ചില കൈമുദ്രകള്--അതു വേലുമ്മാനുള്ള ദക്ഷിണയെപ്പറ്റിയാണ്. എല്ലാം ഉറച്ചു. അതിന്റെ ഫലമോ? മൂന്നോക്കര്വരുന്ന ഒരു കുടിയിരുപ്പുപറമ്പില്നിന്ന് അടുത്ത ദിവസം ഏഴു പെണ്മക്കളും രണ്ട് ആണ്മക്കളും അവരുടെ അമ്മയുമടക്കം പത്തുപേര് കുടിയിറങ്ങി. പതിന്നാലു വയസ്സായ മൂത്തമകന് ഉച്ചത്തിലലറി: "ഈ മഴുത്തായകൊണ്ടു ഞാന് അവന്റെ തലമണ്ട അടിച്ചുപൊളിക്കും!"

"സാഹസം ചെയ്യല്ലേ, കുഞ്ഞിരാമാ. കൂടിയതിന്മേല് കൂട്ടണ്ടാ."ആ അമ്മ മക്കളുടെ കയ്യും പിടിച്ചിറങ്ങി. അക്കൊല്ലം വേലുമ്മാന് പഴനിക്കൊന്നു പോവുകയും ഒരു രുദ്രാക്ഷം വാങ്ങി സ്വര്ണ്ണത്തില് കെട്ടിച്ചു കണ്ഠത്തിലണിയുകയും ചെയ്തു.

ഇത്രയൊക്കെ പരാക്രമങ്ങള് നടത്തിയ വേലുമ്മാനും നമ്പിടിക്കും മേല്ച്ചാര്ത്തു നില്ക്കുന്നുവെന്നു കേട്ടാല് നിശ്ശബ്ദമായി നോക്കിയിരിക്കാന് കഴിയില്ല.

"നിയമം വന്ന്വോ?" നമ്പിടി ഇടയില് ചോദിച്ചു.

"ഇല്ല. അതിനുമുമ്പേ ആവുന്നതൊക്കെ ചെയ്തു വയ്ക്കണം."

"എന്ത്?"

"ആ കിഴക്കേപ്രത്തെ ഭ്രമിക്ക് ആളുണ്ട്."

"ആരാ?"

"സിങ്കപ്പൂരില്നിന്നു വന്ന ആ ീയില്ലേ, ലക്ഷ്മിക്കുട്ടിയമ്മ -- അവര്."

"നോക്കാം."

"പക്ഷേ...." വേലുമ്മാന് പതുക്കെ ഒരു ചിരി ചിരിച്ചു.

"ഏ?"

"അതിലൊരു കഷണം ഭ്രമി...."

"ഭ്രമി?"

"എനിക്കു തരണം. എന്റെ മരുമകളു താമസിക്കുന്ന ആ ഭാഗം."

"ഖിലാഫത്തുകാരന് രാമന്മാസ്റ്ററുടെ? പക്ഷേ, നിങ്ങളവരെ ഉപേക്ഷിച്ചു, വെറുത്തു എന്നൊക്കെയല്ലേ വേല്യാരേ പറഞ്ഞത്?"

"എന്നാലും എന്റെ കുടുംബത്തില് പിറന്നില്ലേ?" വേലുമ്മാന് അല്പം ആക്കത്തില് നിന്നു. വാസ്തവത്തില് ആ കഷണം ഭ്രമിക്കുവേണ്ടിയാണ് വേലുമ്മാന് ഈ വേലത്തരമൊക്കെ ചെയ്തത്. ഇത്ര കാലമായിട്ടും തനിക്കു കീഴടങ്ങാത്ത ആ മരുമകളെയും അവളുടെ ഭര്ത്താവിനെയും ഒരു പാഠം പഠിപ്പിക്കാതെ മരിച്ചാല് കണ്ണടയുമോ എന്ന് അദ്ദേഹത്തിനു സംശയമുണ്ടായിരുന്നു.

'അതെങ്ങനെ വേണമെന്നുവെച്ചാലും ചെയ്യാം' എന്ന് നമ്പിടി

പറഞ്ഞപ്പോള് വേലുമ്മാന്റെ വീര്പ്പുവീണു. നമ്പിടി ഒരു തീയാണെങ്കില് വേലുമ്മാന് ചുഴലിക്കാറ്റാണ്. അവരുടെ സമ്മേളനത്തില് പലതും കത്തും കരിയും.

അന്നു തിരിച്ചുപോരുമ്പോള്, മാസ്റ്ററുടെ പുരയ്ക്കുനേരെ വേലുമ്മാനൊന്നു നോക്കി. എന്നിട്ടു തന്നോടുതന്നെ പറഞ്ഞു: 'നില്ക്ക്, നില്ക്ക്!'

മൂന്ന്

തോണി കരയ്ക്കണച്ചല്ലാതെ വേലുമ്മാന്ന് ഇരിക്കപ്പൊറുതി കിട്ടില്ല. എന്നല്ല, തുഴതാണുപോകുന്ന ചളിപ്രദേശങ്ങളിലൂടെ പോയാലേ തൃപ്തിയാവുകയുള്ളു. അതിന്നിടയില് കയങ്ങളും ചുഴികളുമുണ്ടെങ്കില് ഏറെ സന്തോഷം. ഒന്നു പ്രവര്ത്തിച്ചപോലിരിക്കണം. മേല്ച്ചാര്ത്തിന്റെ കാര്യത്തിലും അതു തന്നെയായിരുന്നു ക്രമം. വസ്തുവിന്റെ ഉടമ മാറിയാല്പ്പോരാ, കൂടിയിരുപ്പുകാരനെ ഒഴിപ്പിക്കുകയും വേണം. എന്നാലേ അതൊരു സംഭവമാകുകയുള്ളു. നാലാള് അറിയൂ. തന്നെച്ചൊല്ലി ആളുകള് ഭയപ്പെടണമെങ്കില് അതൊക്കെ വേണമെന്ന് വേലുമ്മാനറിയാം. ഭയപ്പെടുത്താതെ ഭരിക്കാനൊക്കില്ല. രാമന് മാസ്റ്ററുടെ കൂടിയിരുപ്പിന്റെ മേല്ച്ചാര്ത്തു കാര്യത്തിലും ഈ തത്ത്വംതന്നെയായിരുന്നു അങ്ങോരെ നയിച്ചത്. അല്പം വാശിയുമുണ്ട്. അവന്റെ അധികപ്രസംഗം നിലയ്ക്കണം.

"ഒഴിപ്പിക്കണോ?" വേലുമ്മാനോട് ആരോ ചോദിച്ചു.

പിന്നേ! വസ്തു ഭംഗി കാണാനാണോ?

"എന്നാലും..."

"ഉം–."

"മരുമകളുടെ ഭര്ത്താവല്ലേ?"

"മരുമകളെയല്ലേ കൊടുത്തിട്ടുള്ളു. എന്റെ ഭ്രമിയൊക്കെ കൊടുക്കാമെന്നേറ്റിട്ടില്ലല്ലോ. പിന്നെ അയാള്ക്ക് അത്തരം ദയയൊന്നും വേണ്ട താനും. മഹാ വൈസ്രവണനല്ലേ!"

"മാസ്റ്ററൊരു സാധുവാണ്, അല്പം മുന്ശുണ്ഠിയുണ്ടെങ്കിലും."

"അയാളുടെ മുന്ശുണ്ഠി മാധവിയല്ലേ സഹിക്കേണ്ടൂ?"

"അതെ. ആ ീയെ വിചാരിച്ചിട്ടെങ്കിലും..."

"ഭാര്യയ്ക്ക് അവനവന് അദ്ധ്വാനിച്ച് ഉണ്ടാക്കിക്കൊടുക്കണം. എനിക്കുള്ളതൊക്കെ ഞാന് ഉണ്ടാക്കിയതാ –– ഞാനൊരുത്തന്!"

ചോദ്യക്കാരന് മടങ്ങി. അത് അവസാന വാക്കാണെന്ന് എല്ലാവര്ക്കുമറിയാം. വസ്തു കൈവശപ്പെടുത്തുക, എന്നിട്ടു ചട്ടിയും കലവും വാരി പുറത്തിട്ട് മാസ്റ്ററെ പറഞ്ഞയയ്ക്കുക. അയാള് കരഞ്ഞു കാലുപിടിക്കുക. താന് അയാളുടെ നേരെ കാറിത്തുപ്പുക –– ഈ രംഗങ്ങളെപ്പറ്റി ഒരു കലാകാരന്റെ ഭാവനാവിരുതോടെ വേലുമ്മാന് സങ്കല്പിക്കുകയായിരുന്നു.

അതു വിചാരിക്കുമ്പോഴൊക്കെ ഒരു സുഖം.

"അതു നടക്കണം." അങ്ങോര് ഉത്സാഹപൂര്വ്വം ചിന്തിച്ചു: "എനിക്കു കീഴടങ്ങാത്ത ഒരുത്തന് ഈ പ്രദേശത്തുണ്ടായിട്ടില്ല. ഇപ്പോള് കപ്പലില്ത്തന്നെ കള്ളനോ? അവിടെ എത്തിയോ?"

ഒന്നു മുറുക്കി കാലിന്മേല് കാലേറ്റി വിറപ്പിച്ചുകൊണ്ട് വേലുമ്മാന് ആ സുദിനം പ്രതീക്ഷിച്ചു. പക്ഷേ, എല്ലാ പ്രതീക്ഷകളും ആണ്പൂവിടലുണ്ടോ? വേലുമ്മാന് ആ പറമ്പുചാര്ത്തി വാങ്ങാനൊരുങ്ങിക്കഴിഞ്ഞപ്പോള്ത്തന്നെ, മാസ്റ്റര് അപകടം മണത്തറിഞ്ഞു. ഒന്നു ചികഞ്ഞുനോക്കി. ആ വസ്തുവില് മറ്റെല്ലാഖണ്ഡങ്ങളും വാങ്ങുന്നത് ലക്ഷ്മിക്കുട്ടിയമ്മയാണ്. ഈ ഒരു ചെറിയ കഷണം മാത്രം വേലുമ്മാന് കൈയില് വയ്ക്കാന് കാരണം? ആ മനുഷ്യന്റെ മുതലപ്പകയെപ്പറ്റി മാസ്റ്റര്ക്കും അറിവുണ്ട്. എന്നല്ല തന്നോടു കൂറെ ഉരത്തിട്ടാണെന്നും മനസ്സിലാക്കിയിരുന്നു. കീഴടക്കാന് ആലോചിക്കുകയാണ്. മാസ്റ്റര് വിചാരിച്ചു: റോട്ടുവക്കില് കിടന്നാലും ആ പിശാചിനു കീഴടങ്ങലില്ല!

മാധവിയമ്മയുടെ അഭിപ്രായം മറിച്ചായിരുന്നു. അമ്മാമന് കോപിച്ചാല്പ്പിന്നെ സ്വന്തം തറവാടെന്നുവെച്ച് ഒരിടത്തു ചെന്നുകയറാനില്ല. താങ്ങേണ്ടവരാണ് തള്ളുന്നത്. ഓര്ത്തുനില്ക്കാതിരുന്നാല് എല്ലാം തുലയും. ഈ മൂന്നുനാലു കുട്ടികളുടെ കൈയും പിടിച്ച് എവിടേക്കു പോകും? അവര് ഭര്ത്താവിനെ സമീപിച്ചു: "മലയോടു കലമെറിഞ്ഞിട്ടു കാര്യമില്ല."

"ഏ?" മാസ്റ്റര് തലപൊക്കി ഭാര്യയെയൊന്നു നോക്കി: "ഏതാ മല? ഏതാ കലം?"

"അമ്മാവനോട് എതിര്ത്തുനില്ക്കാന് നമുക്കു സാധിക്കുമോ?"

"ഞാന് എതിര്ക്കാന് പോയില്ലല്ലോ."

"ഇങ്ങോട്ടെതിര്ത്താലും നമുക്കല്ലേ പരുക്ക്? മുള്ളും വാഴയും ചേര്ന്നാല് പരുക്കു വാഴയ്ക്കല്ലേ?"

"മുള്ളുണ്ടെന്നുവച്ച് വാഴയ്ക്ക വളരാതെ കഴിയോ? ഞാന് നിന്റെ അമ്മാമന്റെ കാലു പിടിക്കണോ?"

"കാര്യം നമ്മുടെയല്ലേ?"

"ആരുടെയായാലും അയാളോടു കെഞ്ചാന് എന്നെക്കൊണ്ടു കഴിയില്ല."

"എവിടേക്കിറങ്ങും?"

"തെണ്ടാം."

"എത്ര എളുപ്പം പറഞ്ഞു! ഈ നാലു കുട്ടികളെ എന്തു ചെയ്യും?"

"എന്നുവെച്ചു ഞാന് തൂങ്ങിമരിക്കാനോ!" മാസ്റ്റര് ഇരുപ്പില്നിന്ന് എഴുന്നേറ്റു: "ഒടുക്കം അതുണ്ടാവും. നാട്ടുകാരുടെ മുമ്പില് കൈ മലര്ത്താം. എന്നാലും ആ നീചനെ സമീപിക്കാന് എനിക്കു കഴിയില്ല."

"ഈ വാശി നന്നല്ല."

"ആര്ക്ക്?"

"നമുക്ക്. നാളേക്കു ഭവിഷ്യത്താണ്."

“വാശിവിട്ട് അയാളുടെ കാലു പിടിച്ചുവെന്നുവയ്ക്കു. എന്നാല് നാളെയ്ക്ക വേണ്ടതൊക്കെ വേലുമ്മാന് തര്വോ? തരും--ഒരു ഇടിച്ചക്ക, പത്തുമാങ്ങാ, ഒരു പറ നെല്ല്! ഇവകൊണ്ടു ജന്മം കഴിയോ?”

“നമുക്കു വേറെ എന്താ വഴി? ആ മനുഷ്യന് കടിച്ചാല് വിഷമിറങ്ങുകയുമില്ല.”

“അയാളുടെ വിഷം തട്ടിത്തന്നെ ഞാന് മരിക്കണം. നോക്ക്! ഞാനൊരു സ്കൂള് മാസ്റ്ററാണ്, സാധുവാണ്. നാലുകാശിന്റെ വകയില്ല. പക്ഷേ, ഞാന് ഒരാളെയും ദ്രോഹിച്ചിട്ടില്ല. എനിക്കു കഴിയുംപോലെ നാലക്ഷരം കുട്ടികളെ പഠിപ്പിച്ചിട്ടേയുള്ളു. മാനംകെട്ട ഒരു പ്രവൃത്തിയും ഞാന് ചെയ്തിട്ടില്ല. എന്നിട്ട് ഉളുപ്പുകെട്ട കാശുനേടിയ ഈ ചെകുത്താന്റെ മുമ്പില് ഞാന് കുമ്പിടണോ? ഇതു നല്ല പുതുമ!”

മാധവിയമ്മ പിന്നെയും പലതും പറഞ്ഞുനോക്കി. മൃദുവായും പരുഷമായും മാസ്റ്റര് തരിമ്പും ഇളകിയില്ല.

“ഈ പരന്ന ഭൂമിയില് എല്ലാവരും ദുഷ്ടന്മാരല്ല, ഈശ്വരന് നമുക്കും ഒരു വഴി കാട്ടും. ഇല്ലെങ്കിലും സുഖിക്കാനല്ല ഞാന് പിറന്നത്--"ആ വാദത്തില് ഉറച്ചുനിന്നു മാസ്റ്റര്. ഭാര്യ പിന്മടങ്ങി. പക്ഷേ, അവരുടെ മനസ്സില് അളക്കലും ചൊരിയലുംതന്നെ. മുതിര്ന്ന പെണ്കുട്ടിക്കു പ്രായം തികഞ്ഞുവരികയാണ്. അവള്ക്കാണെങ്കില് ആരോഗ്യം നന്നേ കഷ്ടി. ഒന്നിനും പോരാതാനും. രാധയ്ക്ക നല്ല വിരുതുണ്ട്. പക്ഷേ, അവള് ഉരുത്തിരിഞ്ഞിട്ടില്ല! ഗോപാലകൃഷ്ണനും വിശ്വത്തിനും ഒന്നും മനസ്സിലാവില്ല. ഈ പാകത്തില് ഇരിക്കപ്പുരകൂടിയില്ലാതായാലത്തെ സ്ഥിതി എന്തായിരിക്കും? വീണ്ടും ഭര്ത്താവിനെ സമീപിച്ചു പറഞ്ഞു: “നിങ്ങള് പോണ്ടാ. ഞാന് അമ്മാമനോടു പോയിപ്പറയാം.”

“മരുമകള്ക്കു പോവാം. പക്ഷേ, എന്റെ ഭാര്യ എനിക്കിഷ്ടമില്ലാത്തേടത്തു പോവില്ല!” ഇതും പറഞ്ഞു തന്റെ വെള്ളിശ്ശീലയിട്ട കുടയെടുത്തു കൈത്തണ്ടയില് തൂക്കി മാസ്റ്റര് വെളിയിലേക്കിറങ്ങി. ആ പോക്കു നോക്കിനിന്നു മാധവിയമ്മ നെടുവീര്പ്പിട്ടു: “തേവരേ, ഞാന് ആര്ക്കും ഒരപരാധവും ചെയ്തില്ലല്ലോ!”

ഒരു ലക്ഷ്യവും വെച്ചല്ല രാമന്മാസ്റ്റര് എഴുന്നേറ്റു നടന്നത്. അയാള്ക്ക് സ്വൈരത്തോടെയിരുന്നു കുറച്ചാലോചിക്കണം. ഒരു പോംവഴി കണ്ടെത്തണം. നിലനില്പിന്റെ പ്രശ്നമാണ്. അയാള് നേരേ സ്കൂളിലേക്കാണ് നടന്നത്. ആരുമില്ല. കുറെ ഒഴിഞ്ഞ ബെഞ്ചുകളും പൊളിഞ്ഞ കസേരകളും മാത്രമേയുള്ളു. അതൊരു ഷെഡ്ഡാണ്. മറയാന് പോകുന്ന സൂര്യന് വാരിപ്പഴുതുകളിലൂടെ എത്തിനോക്കുന്നുണ്ട്. മാസ്റ്റര് ചുമരുംചാരി ഒരു ബെഞ്ചിലിരുന്നു. ജീവിതമാകെയൊന്നു കണ്ണോടിച്ചു. സുഖങ്ങളും ദുഃഖങ്ങളും തട്ടിക്കിഴിച്ച് ആകെയിട്ടു നോക്കി. ഒരിക്കലും ശരിപ്പെടാത്ത കണക്കാണെന്നു മനസ്സിലായി. ജീവിതത്തെ ആകെയിടുമ്പോള് കണക്കുശാ ം മന്ദനായി നില്ക്കുന്നു. അയാളുടെ മനസ്സ് ബാല്യകാലസ്മരണകളില് തത്തിപ്പാറി, അതു

കുഞ്ഞുക്കുട്ടിയുടെ ചുറ്റുമായി പറന്നു; പിന്നെ അവളുടെ മരണത്തിനു ചുറ്റും. വിശ്വനാഥനെ വലയം വെച്ചു. ഒടുവില് മാധവിയമ്മയുടെ അടുത്ത്, അങ്ങനെ വീട്ടുകാര്യത്തിലും ചെന്നുചേര്ന്നു.

നമ്പിടിയും വേലുമ്മാനും യോജിച്ചെതിര്ത്താല് പ്രദേശത്ത് ഒരു ഇരിക്കപ്പുര കിട്ടുക എളുപ്പമല്ല. ആപത്തു വലിച്ചു തലയില് വയ്ക്കാന് ആരും ധൈര്യപ്പെടുകയില്ല. എന്നാലും എന്തെങ്കിലും ചെയ്യാതെ പറ്റുമോ? അല്ലെങ്കില് മാധവി പറഞ്ഞതുപോലെ വേലുമ്മാനെ പോയിക്കണ്ടാലോ? കൂട്ടവും കൂറിയും വേണ്ടാ. ആ കാരണവരോട് ഒന്നു മാപ്പുചോദിച്ചാല് എന്താണ് ഒരു മാനക്കേട്?

"ഇല്ലേ, മാനക്കേടില്ലേ?" അകത്തുനിന്നൊരു ശബ്ദം മുരണ്ടു. വേലുമ്മാന്റെ ജീവചരിത്രമാകെ മനസ്സിലൂടെ കടന്നുപോവുകയാണ്. ഛെ! അതിലും ഭേദം ഊരുതെണ്ടുകയാണ്! മാസ്റ്റര് പിറുപിറുത്തു. പിന്നെ വഴിയെന്ത്? തലകുടഞ്ഞാലോചിച്ചു. ഒടുവില് ഒരു യുക്തി തോന്നി. അയാള് ട്യൂഷനെടുത്തിരുന്ന ഒരു കുട്ടിയുടെ പിതാവിന്ന് ഒരു കൊച്ചുവീടുണ്ട്. ആ പുരയിടം ജന്മമാണ്. നമ്പിടിയെ പേടിക്കേണ്ടതില്ല. പക്ഷേ, കിട്ടിയേക്കും.

"അതു ശരിപ്പെടും." ഉത്സാഹത്തോടെ മാസ്റ്റര് എഴുന്നേറ്റു നടന്നു.

"അര്ദ്ധചന്ദ്രാകൃതിയിലുള്ള കഷണ്ടിയും തടവിക്കൊണ്ടിരുന്ന ആ മാന്യന് ചോദിച്ചു:

"ആര്ക്കാ വീട്?"

"എനിക്കുതന്നെ."

"ഇപ്പോ താമസിക്കുന്നതോ?"

"ഒഴിഞ്ഞുകൊടുക്കണം."

"ശരി, മാസ്റ്റര്ക്കവിടെ താമസിക്കാം. വാടകയൊന്നും തരികയും വേണ്ട. പുകയും ആള്പ്പെരുമാറ്റവുമുണ്ടായാല്ത്തന്നെ ആ തെങ്ങുകളൊന്നു തെളിയും. ഒരു കാര്യം; വെണ്ണീറൊക്കെ തെങ്ങിന്കടയ്ക്കലിടണം."

"ആവാം."

"ശരി."

മാസ്റ്റര് ആഹ്ലാദഭരിതനായി തിരിച്ചുപോന്നു. മാധവിയമ്മയോടു പറഞ്ഞു. ഇപ്പോഴോ?

"എന്തേ?"

"എല്ലാവരും നിന്റെ അമ്മാമനെപ്പോലെ ദുഷ്ടന്മാരല്ല. എനിക്കൊരു വീടു കിട്ടി. ഒരാഴ്ചയ്ക്കുള്ളില് അങ്ങോട്ടു മാറാം. പിന്നെ ഒന്നു ധരിച്ചോ; നിന്റെ അമ്മാമന് മാത്രമല്ല ആണ്."

ആ സാധു ീ അതു സമ്മതിച്ചു. സ്നേഹമസ്യണമായി ഭര്ത്താവിനെ നോക്കി. അന്നയാള് സുഖമായി കിടന്നുറങ്ങി.

പക്ഷേ, ആ സുഖം നീണ്ടുനിന്നില്ല. മൂന്നാം ദിവസം വീട്ടുടമസ്ഥന്മാസ്റ്ററെ വിളിച്ചു പറഞ്ഞു: "മാസ്റ്റര്ക്ക് അലോഗ്യം തോന്നരുത്. വീടു തരാന് നിവൃത്തിയില്ല."

“ഏ?”

“അതു പൊളിച്ചു പണി ചെയ്യിക്കാനുള്ള ഏര്പ്പാടൊക്കെ കുട്ടികളുടെ അമ്മ ചെയ്തുകഴിഞ്ഞിരിക്കുന്നു. നേരത്തെ പറയാതിരുന്നാല് മാസ്റ്റര് ബുദ്ധിമുട്ടൂലോ.”

മാസ്റ്റര് ആകെ തളര്ന്നുപോയി. അയാള് വീടുമാറ്റത്തിനു വേണ്ട ഒരുക്കങ്ങള് ചെയ്യുകയായിരുന്നു. ആ മനുഷ്യന് കരഞ്ഞില്ല. ഒന്നും പറയാതെ തിരിച്ചുപോന്നു.

ഇടിഞ്ഞ മനസ്സും താഴ്ന്ന തലയുമായി പോകുന്ന മാസ്റ്ററുടെ മുമ്പില് നിന്ന് ഒരു ചോദ്യം: “മാസ്റ്ററെങ്ങോട്ടാ?”

തലയുയര്ത്തി നോക്കി: കുഞ്ഞിരാമന്! ആ കുട്ടി തന്റെ ശിഷ്യനായിരുന്നു. മിടുക്കനായ വിദ്യാര്ത്ഥി. വികൃതി ജാസ്തിയാണെങ്കിലും ബുദ്ധിമികച്ചതാണ്. മാസ്റ്റര്ക്ക് അവനെ വളരെ പ്രിയവുമായിരുന്നു. അവനെ കണ്ടപ്പോള് മാസ്റ്ററൊന്നു ചിരിക്കാന് ശ്രമിച്ചു: “സുഖംതന്നെയല്ലേ.”

“കഴിഞ്ഞുകൂടുന്നു. മാഷേ, പിന്നെ മാഷടെ പറമ്പൊക്കെ മേച്ചാര്ത്തു വാങ്ങീന്നു കേട്ടു.”

“ഉവ്വ്. ഒരു വീടന്വേഷിച്ചു തിരിയുകയാണ്.”

“ഞാനറിഞ്ഞു.”

“ഉവ്വോ?”

“കിട്ടാമെന്നുവെച്ച വീടും കിട്ടിയില്ല, അല്ലേ?”

“ഇതൊക്കെ ആരു പറഞ്ഞു?”

“ആ കാട്ടുകള്ളനില്ലേ--വേലുമ്മാന്--അയാളിന്നലെ തലയണമന്ത്രത്തിന്നുവേണ്ടി ആ വീട്ടില് ചെന്നിരുന്നു. അട്ടയുടെ സ്വഭാവമല്ലേ ആ അസത്തിന്? ഞങ്ങളെ കുടിയൊഴിപ്പിച്ച് ഈ നിലയിലാക്കിയത് ആ ദുഷ്ടനല്ലേ? മൊയ്തീന് ഹാജി കളപ്പുര തന്നില്ലെങ്കില് ഞാനും അമ്മയും ആറു പെങ്ങന്മാരും വഴിയാധാരമാകേണ്ടിവരില്ലായിരുന്നോ? അച്ഛനെക്കൊണ്ട് ഹാജിക്കു വളരെ ഉപകാരങ്ങളുണ്ടായിട്ടുണ്ട്. അന്നു ഞങ്ങള്ക്കു നിവൃത്തിയായിരുന്നു; അയാള്ക്കു മോശവും. ഇന്നു സ്ഥിതി മാറിയപ്പോഴും ആ മനുഷ്യന് പഴയ കഥ മറന്നില്ല.”

“അയാളെയും വേലുമ്മാന് പറഞ്ഞു തിരിക്കാത്തതു ഭാഗ്യം.” മാസ്റ്റര് നെടുവീര്പ്പിട്ടു.

“അതൊന്നും ഹാജിയുടെ അടുത്തു ചെലവാകില്ല. പടി കടക്കുന്നതുവരെ ആട്ടും അയാള്! മാസ്റ്റര്ക്ക് ഞാനൊരു വഴി പറഞ്ഞുതരാം.”

“എന്താ കുഞ്ഞിരാമാ?”

“മൊയ്തീന് ഹാജിയെ ഒന്നു കാണൂ. കിഴക്കേപ്പുറത്ത് അയാളുടെ ഒരു പുരയുണ്ട്. മേലെയൊക്കെ തേങ്ങാക്കുടാണ്. ചുവട്ടില് രണ്ടുമൂന്നു മുറിയുണ്ട്. ഒഴിഞ്ഞുകിടക്കുകയാണ്.”

“തര്വോ, കുഞ്ഞിരാമാ?”

“തരും. ആദ്യം ഇത്തിരി പരിഹാസവും ശുണ്ഠിയുമൊക്കെ സഹിക്കണം. പക്ഷേ, ആ മനുഷ്യന്റെ മനസ്സു നന്ന്.”

മാസ്റ്ററും കുഞ്ഞിരാമനുംകൂടി കയറിച്ചെന്നപ്പോള്‍ത്തന്നെ ഹാജി ചോദിച്ചു:

“എന്തിരുത്താ, മേട് ഞമ്മളെ കാലല്ലാക്കാലത്ത് ഇഷ്കോളി പഠിപ്പിച്ചാല് ബന്നതേക്കോ? കഞ്ജ് കീറിബെക്കുന്നോലീം ഷ്കോള് മേടന്മാരീം കണ്ടാല് ബയറ്റിലൊരു കാളലാ! ഇരിക്കീം.”

അവരിരുന്നു, കാര്യമെല്ലാം മാസ്റ്റര് വിസ്തരിച്ചു പറഞ്ഞു. കുഞ്ഞിരാമന് സഹായിച്ചുനിന്നു. ഹാജി എല്ലാം കേട്ടു.

“അപ്പോ അമ്മാമനാ മരോള്ക്ക് എതിര്? ബേണ്ടീല. പക്കെങ്കില് മേടക്കു ഞമ്മടെ സ്ഥലത്തു പാര്ക്കാം. ഏത്? ഞമ്മളിപ്പോ ഇങ്ങടെ അമ്മാമനൊന്നും അല്ലല്ലോ? അതോണ്ട്, ബിരോതത്തിന് കാരണമില്ല.” മൊയ്തീന് ഹാജി താടി തിരുമ്മിക്കൊണ്ട് ഒന്നു ചിരിച്ചു.

“പക്ഷേ....”

“എന്തിരുത്തേ?”

“വേലുമ്മാന് നിങ്ങളുടെ അടുത്തു വരും.”

“ബരട്ടെ. കയിച്ചാല് കയ്യീന്നമാതിരി തക്കരിക്കാലോ. പക്കെങ്കില് ഇങ്ങക്ക് ബാക്ക് ഞമ്മള് തന്ന്. പിന്നെ ഉമ്മ ഞമ്മളോടു പറഞ്ഞടക്ക്ണത് മോനേ, അനക്ക് ബാപ്പ ഒന്നേയുള്ളു. എന്നാ തിരിഞ്ഞോ? പിന്നെ ഞമ്മടെ തേങ്ങാക്കുടിമ്മല് ഒരു കണ്ണുണ്ടായിച്ചാല് ബല്യ ഒപകാരം ആയി. ഏത്? കാലിപ്പിള്ളരെക്കൊണ്ടു പറമ്പിലും ബല്യേ എടങ്ങറ്. അതിനും പൊറുതി കിട്ടൂലോ.”

അപ്പോ കൂലി?

“കൂലിക്കു കൊടുക്കാന് പൊര ഞമ്മള് എടുപ്പിച്ചിട്ടില്ല.”

പിന്നെ മാസ്റ്ററൊന്നും പറഞ്ഞില്ല. പടിയിറങ്ങുമ്പോള് കുഞ്ഞിരാമന്റെ ചുമലില് തട്ടി: “കുഞ്ഞിരാമാ!”

“എന്തേ, മാഷേ?”

“ഇത്ര കാലവും ഞാന് കുട്ടികളെ പഠിപ്പിച്ചതു വെറുതെയായില്ല. ഈ സമയത്തു നീ ഉണ്ടായല്ലോ. വേലുമ്മാന് ദുഷ്കര്മ്മം ചെയ്തു സ്വത്തു ധാരാളം ഉണ്ടാക്കി. എനിക്കു നഷ്ടംപറ്റി എന്നു തോന്നുന്നില്ല.”

അതു പറഞ്ഞപ്പോള് മാസ്റ്ററുടെ തൊണ്ടയിടറി, കുഞ്ഞിരാമനും കണ്ണു നിറഞ്ഞു. അന്നത്തെപ്പോലെ മഹാനായിട്ട് ഒരിക്കലും അയാള് ഗുരുനാഥനെ കണ്ടിട്ടില്ല.

ഒച്ചപ്പാടൊന്നും കൂടാതെ മാസ്റ്റര് തേങ്ങാക്കുടിന്റെ കീഴ്നിലയിലേക്കു താമസം മാറ്റി. ഇറങ്ങിപ്പോരുമ്പോള് രാധ ചോദിച്ചു:

“എവിടേക്കാ, അച്ഛാ?”

“വര്ത്തമാനം പറയാതെ നടന്നോളൂ.” മാസ്റ്റര് ശാസിച്ചു.

താനനുഭവിക്കുന്ന ദുരിതത്തെപ്പറ്റി വിവരിക്കാന് പിച്ചക്കാരനൊഴികെ

ആരും ഇഷ്ടപ്പെടുകയില്ലല്ലോ. രണ്ടടി വെച്ചപ്പോള് ഒന്നും മനസ്സിലാവാതെ വിടര്ന്ന കണ്ണുകളുമായി നടക്കുന്ന വിശ്വം ചോദിച്ചു.

“ഭൂമിയുടെ അറ്റത്തേക്കാണോ, അച്ഛാ!”

“ഉം...”

മാസ്റ്റര്ക്കു പതുക്കെ ഒന്നു ചിരിക്കാതെ കഴിഞ്ഞില്ല. അയാള് വിശ്വത്തിന്റെ കൈയും പിടിച്ചു നടന്നു. മാധവിയമ്മയും കുട്ടികളും പിന്നാലെയും. പടികടന്നപ്പോള് ആ ീ അടഞ്ഞുകിടക്കുന്ന വാതില്ക്കലേക്ക് ഒന്നു നോക്കി. മധുവിധുകാലം മുതല്ക്ക് അന്നോവരെ അവിടെവെച്ചുണ്ടായ അനുഭവങ്ങള് ആകെ കുത്തിക്കിളച്ചെടുക്കുന്നതുപോലെ.

വീടുമാറല് ഒരു തറവാട്ടമ്മയെസ്സംബന്ധിച്ചിടത്തോളം പറിച്ചുനടലാണ്. വേര്പിടിച്ചു വളരാന് ദിവസങ്ങള് പിടിക്കും. മാധവിയമ്മയ്ക്കും ആ വിഷമമുണ്ടായി. പെരുമാറിപ്പെരുമാറി വീടും ദേഹത്തിന്റെ ഒരംശമായിത്തീര്ന്നാലേ അവര്ക്കു സുഖം വരൂ. ശ്രുതിയിണക്കമില്ലാത്ത സംഗീതംപോലെയായി ആ വീട്ടില് അവരുടെ ജീവിതം.

ഈ സംഭവവികാസങ്ങള് വേലുമ്മാന്ന് ഓര്ക്കാപ്പുറത്തുള്ള അടിയായിത്തോന്നി. ചതുരംഗത്തില് ഈടപൊക്കി* തോറ്റതുപോലെയുള്ള ഒരു ഇളിഭ്യത്തം. പകപോക്കാനും അധികാരം സ്ഥാപിക്കാനും പദ്ധതികള് തയ്യാറാക്കിയിരുന്ന അയാളുടെ മനസ്സ് ഇരിക്കക്കുത്തനെ വീണുപോയി. അതു വൈരം മൂപ്പിച്ചതേയുള്ളൂ. അയാളുടെ ദീര്ഘമായ പദ്ധതിയാകെ തകര്ത്തു കളഞ്ഞു. അത്രയ്ക്കായോ?വേലുമ്മാന് വീണ്ടും ശ്രമം തുടങ്ങി. മൊയ്തീന് ഹാജിയെ സമീപിച്ചു. തേങ്ങാക്കുടിന്റെ കീഴ്ഭാഗം വാടകയ്ക്കു ചോദിച്ചു.

“എന്തിരുത്തിനാ?” മൊയ്തീന്ഹാജി താടിയൊന്നു തിരുമ്മി.

“കൊപ്പരച്ചാക്ക് ഇടാനാണ്.”

“ബേണ്ടീലാ.”

“എന്നാല് ഉറയ്ക്കുകയല്ലേ?”

“പക്കെങ്കില് അതില് ഇങ്ങടെ മരോളല്ലേ സാമസം? ഓലോട് ഒരു ബാക്ക് ചോയ്ച്ചോളീന്. ഓലക്ക് സമ്മതാച്ചാല് ഞമ്മക്കും സമ്മതംതന്നെ.”

“അവള് കഥയില്ലാതെ ഇറങ്ങിപ്പോന്നതല്ലേ? എന്റെ വീട്ടില്ത്തന്നെ താമസിക്കരുതേ?”

“പഷ്ട്! ഇപ്പോത്തന്നെ ചെന്നു പറയിന്.”

വേലുമ്മാന് ഒന്നു പരുങ്ങി. പിന്നെ കുറുമുളകിന്റെയും കൊപ്പരയുടെയും നിലവാരത്തെപ്പറ്റി കുറെ നേരം സംസാരിച്ചു. എന്നിട്ടു വീണ്ടും വിഷയത്തിലേക്കു പ്രവേശിച്ചു: “രാമന്മാസ്റ്റര് എന്റെ മരുമകളുടെ ഭര്ത്താവു തന്നെ. എനിക്കവനെ കാര്യമാണുതാനും. പക്ഷേ, അവന് മഹാ ഖിലാഫത്താ! അതറിഞ്ഞാല് സര്ക്കാര് വെച്ചേക്കോ? ഹാജിയും സൂക്ഷിക്കണം.”

“സൂച്ചിച്ചടക്ക്ണ്.”

“ഇത്തിരി തീ മതി, ഒരു രാജ്യം മുഴുവന് കത്തിക്കാന്.”

“അത് ഇങ്ങളെ കാണുമ്പോഴൊക്കെ ഞമ്മക്കു തോന്നാറുണ്ട്!”

വേലുമ്മാന് ഒന്നും പറഞ്ഞില്ല. എഴുന്നേറ്റു നടന്നു. അയാള് പോകുന്നതു നോക്കിക്കൊണ്ട് ഹാജി പിറുപിറുക്കുകയും ചെയ്തു.

“ഹമ്ക്ക്!”

പക, ഉമിത്തീപോലെ നീറിനീറിക്കിടന്നു. ആ കുടുംബത്തെ തന്റെ വരുതിയില് കൊണ്ടുവരുവാന്വേണ്ടി പലപാടും വേലുമ്മാന് യത്നിച്ചു. ഓരോ പരാജയവും കൂടുതല് വാശിയുണ്ടാക്കി. എന്തു ചെയ്യും? എതിരാളിയുടെ താത്പര്യങ്ങള് വേരറുത്തിട്ടാണ് വേലുമ്മാന് ഇന്നോവരെ പകപോക്കിയിട്ടുള്ളത്. പക്ഷേ, ഒരു സ്കൂള് മാസ്റ്ററുടെ താത്പര്യം തികച്ചും അവ്യക്തവും അസാരവുമാണ്. കോടാലികൊണ്ടു കുറുന്തോട്ടി കീറാന് യത്നിക്കുകയായിരുന്നു. ഓരോ വെട്ടും മഴു മണ്ണില് പൂഴ്ത്തുകയാണ്. അയാള് സ്വയം പിറുപിറുത്തു: “അങ്ങനെയുണ്ടായിട്ടില്ല, ഇതേവരെ!”

വേലുമ്മാന്റെ വാശി മൂക്കുകയാണെങ്കിലും അമ്മാളുക്കുട്ടിയമ്മയുടെ വീറ് അസ്തമിച്ചു. വസ്തു തന്റെ പേരില് ചാര്ത്തിക്കിട്ടിയെന്നതുമാത്രമല്ല മരുമകളുമായി ഭര്ത്താവ് അകലുകയും ചെയ്തുവല്ലോ. മേലാലുള്ള സമ്പാദ്യങ്ങള്ക്കുകൂടി അതൊരുറപ്പാണ്. ആ ീ സംതൃപ്തയായി: “ഇനി എവിടെയെങ്കിലും കിടന്നു തുലഞ്ഞുപോകട്ടെ.”

“പക്ഷേ, അത്ര അധികപ്രസംഗം പാടുണ്ടോ?” എന്നായി വേലുമ്മാന്. “അവന്ന് എന്നോട് ഒരു വാക്കു പറഞ്ഞുകൂടേ? ആ മാപ്പിളയുടെ അടുത്തു പോണോ?”

“ചേരേണ്ടതു തമ്മിലല്ലേ ചേരൂ!” ഭാര്യ ഇടയ്ക്കാന്നു തിരുകിക്കൊടുത്തു.

“ഉം!” വേലുമ്മാന് കനത്തിലൊന്നു മൂളി. പൈശാചികമായിരുന്നു ആ മൂളല്.

തനിക്കെതിരായി നടക്കുന്ന യുദ്ധമുറകളൊക്കെ മാസ്റ്റര് മനസ്സിലാക്കുന്നുണ്ടായിരുന്നു. പക്ഷേ, അനങ്ങിയില്ല. സ്വന്തം പ്രാരബ്ധങ്ങള്തന്നെ പിടിപ്പതുണ്ട്. ആ ഗതികെടുത്തുന്ന വയറുവേദന വര്ദ്ധിക്കുകയാണ്. ട്യൂഷന് ചുരുക്കേണ്ടിവന്നു. കഷ്ടപ്പാടു വര്ദ്ധിച്ചു. അയാള് അധികമൊന്നും സംസാരിക്കാതെയായി. മാധവിയമ്മയും നിശ്ശബ്ദയായിക്കൊണ്ടു വരികയാണ്. അവര് കൂടെക്കൂടെ ഭര്ത്താവിനോടു ചോദിച്ചു: “ഇന്നു വയറു വേദനയെങ്ങനെയുണ്ട്?”

“ഇന്നലത്തെ മാതിരിതന്നെ.”

“വല്ല വൈദ്യന്മാരെയും കാട്ടാതെ ഇതും വെച്ചു കളിച്ചാലോ?”

“ഈശ്വരന് ഈ രോഗം അറിഞ്ഞു തന്നതാണ്. തിന്നാനില്ലാത്തവനു വയറ്റില് വേദനയാണ് നല്ല രോഗം!”

മാധവിയമ്മയ്ക്ക് ആ ഫലിതം രസിച്ചില്ല. പഴയ കാലത്താണെങ്കില് അവര് ശുണ്ഠിയെടുക്കുകയും ചെയ്യും. പക്ഷേ, ഇന്നവര് അതു കേട്ടില്ലെന്നു നടിച്ചു.

ഇന്നു മാസ്റ്ററും മാറിക്കൊണ്ടുവരികയാണ്. കുട്ടികള് ക്രമമായി സ്കൂളില് പോയില്ലെങ്കില് മുമ്പൊക്കെ മാധവിയമ്മയുടെ നേരെ തട്ടിക്കയറും:

“വയ്യെങ്കില് അവര് സ്കൂളില് പോകണ്ടാ. അവിടെ തലചുറ്റി വീഴേണ്ടല്ലോ.”

പതയ്ക്കുന്ന വെള്ളമെടുത്തു കുടിച്ചു വയറ്റില്വേദനയ്ക്കു ശമനം വരുത്തി ഒറ്റയ്ക്കു സ്കൂളില് പോവുകയുംചെയ്യും.

പത്താം തീയതി കഴിഞ്ഞാല്പ്പിന്നെ വല്ലപ്പോഴുമാണ് അടുപ്പില് തീ പുകയുന്നത്. തികച്ചു കീറാത്ത വ ങ്ങള് ആ വീട്ടിലില്ല. ആരും ആരോടും പരാതിപറഞ്ഞില്ല. നിര്ദ്ദേശങ്ങളും ശാസനകളുമില്ല. സന്ധ്യാകാലത്തെ പാമ്പിന്കാവുപോലെ ആ വീട് ഇരുണ്ടുവരികയാണ്. കൂടണയാന് വരുന്ന കിളികളുടെ ശബ്ദംപോലെ, കുട്ടികളുടെ കളിയും ചിരിയും മാത്രം കൂടെക്കൂടെ കേട്ടു. എല്ലാ വേദനകളിലും പ്രസാദാത്മകമായ ഒരു ശബ്ദംമാത്രം പൊങ്ങിവന്നു. അത് രാധയുടേതായിരുന്നു. അവളൊരു കുടമണിപോലെ ആ വീടിന്റെ എല്ലാ മൂലയ്ക്കലുമെത്തി.

“എന്തിനാ രാധേ, ഇങ്ങനെ ചിരിക്കുന്നത്?" ഇടയ്ക്ക് മാധവിയമ്മചോദിച്ചു.

“പിന്നെ, വെറുതെ കരയാന് വയ്യോ, അമ്മേ?” ഉടനെ വരും അവളുടെ മറുപടി. അതിന്റെ കൂടെ കുലുങ്ങിച്ചിരിയും.

“എന്നാല് കിലുക്കാംപെട്ടിയായി അങ്ങനെ നടന്നോ.”

അപ്പോഴും അവള് ചിരിച്ചു.

അമ്മയും മകളും തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ച മാസ്റ്റര് പറഞ്ഞു: “എന്തിനാ മാധവീ, ചിരിക്കുന്നവരെക്കൂടി കരയിപ്പിക്കുന്നത്?”

ആ ചോദ്യത്തോടെ അവിടെ ഒരു നിശ്ശബ്ദത വ്യാപിച്ചു. മാധവിയമ്മയും തലതാഴ്ത്തി അടുക്കളയിലേക്കു പോയി.

മാധവിയമ്മയ്ക്ക് ഇപ്പോള് അപസ്മാരമിളകാറില്ല. ഇടയ്ക്കു തലചുറ്റലുണ്ടാകും. കുറെ നേരം കണ്ണുംചിമ്മിക്കിടക്കും. ആകെ വിയര്പ്പില് കുളിച്ചുകിടക്കുന്ന അമ്മയ്ക്ക് ബാലാമണി വീശിക്കൊടുത്തു. രാധ കുറച്ചു പച്ചവെള്ളവുമായെത്തി. അതു കുടിച്ച് ഒന്നു നിവര്ന്നിരുന്നു. നെടുവീര്പ്പിട്ടു. എന്നിട്ട്, തലമുടി കൂട്ടിപ്പിടിച്ചു കെട്ടിക്കൊണ്ട് അടുക്കളയിലേക്കു കടക്കുകയും ചെയ്തു.

“എന്തേ അമ്മയ്ക്ക്?” മാസ്റ്റര് ചോദിച്ചു.

“തലചുറ്റല്.”

“ഉ–ം.” ഒരു മൂളല് മാത്രം.

പിന്നെ കുന്നിരിക്കും. എന്തൊക്കെയോ വിചാരിക്കും. വിശപ്പു പൊറുക്കാത്തുള്ള ഗോപാലകൃഷ്ണന്റെ നിലവിളിയാണ് പലപ്പോഴും ആ ഇരിപ്പില് നിന്ന് എഴുന്നേല്പിക്കുക പതിവ്. അയാള് അവനെ വിളിച്ചടുത്തിരുത്തി, ഏഴു വെള്ളക്കുതിരകളെ പൂട്ടിയ തേരില് നായാട്ടിനു പോയ രാജകുമാരന്റെ കഥ പറഞ്ഞു കൊടുക്കും. വിശ്വവും താടിക്കു കൈയുംകൊടുത്ത് ആ കഥ കേട്ടുകൊണ്ടിരിക്കും. പലപ്പോഴും ‘എന്നിട്ട്’ എന്നു ചോദിക്കുന്നത് വിശ്വമാണ്. ഏഴു വെള്ളക്കുതിരകളെ പൂട്ടിയ രഥത്തിലിരിക്കുന്ന ആ രാജകുമാരന് നായാട്ടിനു വനാന്തര്ഭാഗത്തേക്കു പോകുന്നതും അവിടെവെച്ച് ഒരു പാറയായി നിന്നിരുന്ന അസുരന് പെട്ടെന്നു ഗ്രഹപോലെ വായ പിളര്ന്നു

രാജകുമാരനെ തേരോടുകൂടി വിഴുങ്ങുന്നതുമായ കഥ കേള്ക്കുമ്പോള് വിശ്വം തന്നത്താന് വിസ്മരിക്കും. എന്നിട്ടു ഞെട്ടിത്തെറിച്ചുകൊണ്ടു ചോദിക്കും: "അയ്യോ, അസുരന് വായ പൂട്ടിയോ?"

"ഉവ്വ്."

"വായില് പല്ലില്ലേ?"

"ഓരോ പല്ല് ഈ കോലായോളം വലുപ്പമുണ്ട്."

"രാജകുമാരന്റെ മേലൊക്കെ തട്ടില്ലേ?"

"രാജകുമാരന് തേരിലല്ലേ?" അതു പറഞ്ഞത് ഗോപാലകൃഷ്ണനാണ്.

"എന്നിട്ട്?" വിശ്വം ചോദിച്ചു.

"ആ ഗുഹയുടെ അറ്റത്തു നീണ്ടുപോകുന്ന കുഴല്വഴികളുണ്ട്. അതൊക്കെ അസുരന്റെ വയറ്റിലെ കുടലുകളാണ്. രാജകുമാരന് ആ കുഴല്വഴികളിലൂടെ തേരോടിച്ചു പോയിപ്പോയി. ഒടുവില് ഒരു മൈതാനത്തു വന്നു ചേര്ന്നു. ആ മൈതാനത്ത് അതിസുന്ദരിയായ ഒരു രാജകുമാരി കിടന്നുറങ്ങുന്നു."

"രാജകുമാരി കമ്മലിട്ടിട്ടുണ്ടോ?" രാധയ്ക്ക് ഒരു സംശയം.

"ഉണ്ട്."

"കഴുത്തിലോ?"

"അനേകം ആഭരണങ്ങള്! ഒക്കെ രത്നം പതിച്ചതാണ്."

"മുല്ലപ്പൂത്തൈലം പുരട്ടിയിട്ടുണ്ടോ?"

"പിന്നെ! രാജകുമാരന്റെ തേരൊലി കേട്ടപ്പോള് രാജകുമാരി ഞെട്ടിയുണര്ന്നു."

"പേടിച്ചോ?" ഗോപാലകൃഷ്ണന് ചോദിച്ചു.

"ഇല്ല. രാജകുമാരിക്കു രാജകുമാരനെ വലിയ ഇഷ്ടമായി. ഒരു മന്ത്രം പറഞ്ഞുകൊടുത്തു. അതു ജപിച്ചു തേരില്ക്കയറിയിരുന്നാല് എവിടെ വേണമെങ്കില് പോകാം."

"ഭൂമിയുടെ അറ്റത്തൊക്കെ പോയി നോക്കാവോ?" വിശ്വം ധൃതിയില് ചോദിച്ചു.

"ഉവ്വ്. എന്നിട്ട്, രാജകുമാരനും രാജകുമാരിയും മന്ത്രം ജപിച്ചു തേരില്ക്കയറിയിരുന്നു. കാടും മേടും മൈതാനങ്ങളും പുഴകളുമൊക്കെ കടന്ന് ആ തേരങ്ങനെ പോയി..."

ഏഴു വെള്ളക്കുതിരകളെ പൂട്ടിയ ആ തേരു പായുന്നതിനിടയില് ആഴ്ചകളും മാസങ്ങളും കടന്നുപോയി. മാസ്റ്ററുടെ വീട്ടിലെ കഷ്ടപ്പാടു വര്ദ്ധിക്കുകയുംചെയ്തു. നിഭൃതനിശ്ശബ്ദയായ ബാലാമണിയെ രോഗം കാര്ന്നുതിന്നുന്നത് ആരും അറിഞ്ഞിരുന്നില്ല. ഒരു ദിവസം അവള് കിടപ്പിലായി.

"എന്താ, മോളേ?" മാധവിയമ്മ ചോദിച്ചു.

"വയ്യാ അമ്മേ!" അമ്പേ തളര്ന്ന സ്വരത്തിലായിരുന്നു ബാലാമണിയുടെ ഉത്തരം.

മാധവിയമ്മ നിശ്ശബ്ദമായി മാസ്റ്ററുടെ മുഖത്തേക്കു നോക്കി. അയാള് മുഖം താഴ്ത്തി കൂടയുമെടുത്തു പുറത്തേക്കു കടന്നു.

“ജ്യേഷ്ഠത്തിക്കെന്താ?" വിശ്വം രാധയോടു പതിഞ്ഞ സ്വരത്തില് ചോദിച്ചു.

“ദീനമാണ്.”

“എന്തിനാ ദീനം വന്നത്?”

“ആളുകള്ക്കു ദീനം പിടിക്കില്ലേ?”

“എനിക്കും പിടിക്ക്വോ?”

“ഉ–ം.”

“രാധയ്ക്കോ?”

“പിടിക്കും.”

“ഹേ!”

അതവനു വിശ്വസിക്കാന് വയ്യായിരുന്നു. ആ വീട്ടില് അവന്റെ ആരാധനാകേന്ദ്രം രാധയാണ്. തനിക്കറിയാത്ത അനേകം കാര്യങ്ങള് രാധയ്ക്കറിയാം. എങ്ങനെയാണിതൊക്കെ മനസ്സിലാകുന്നത്? അവള്ക്കു ചുറ്റും ഒരു പരിവേഷമുള്ളതുപോലെ, വിശ്വത്തിനു തോന്നി; അതിനെക്കുറിച്ചൊരു പേടിയും. അവന് വീണ്ടും ചോദിച്ചു.

“രാധയ്ക്കും ദീനം പിടിക്ക്വോ?”

“പിടിക്കും.”

“വേണ്ടാ, ദീനം പിടിക്കേണ്ടാ.”

അവള് ചിരിച്ചു. എന്തിനാണ് ചിരിച്ചതെന്ന് വിശ്വത്തിനു മനസ്സിലായില്ല. കൂടുതല് ചോദിക്കാന് ധൈര്യപ്പെട്ടതുമില്ല.

കുറെ കഴിഞ്ഞപ്പോള് മരുന്നുകളുമായി മാസ്റ്റര് തിരിച്ചെത്തി. മരുന്നുകള് കുട്ടിക്കു കൊടുത്തിട്ട് അയാള് ഭാര്യയെ ഉമ്മറത്തേക്കു വിളിച്ചു സ്വകാര്യം പറഞ്ഞു:

“എല്ലാം തീര്ന്നു.”

“എന്തേ?”

“ഇനി സ്കൂളിലേക്കും പോകേണ്ടിവരില്ല.”

“എന്തുപറ്റി?”

“ഭീമഹരജി!”

മാധവിയമ്മ കാര്യം മനസ്സിലാകാതെ അയാളുടെ മുഖത്തേക്കു തുറിച്ചു നോക്കി.

“നിന്റെ അമ്മാമന് ചെയ്യുന്ന ഉപകാരങ്ങള്. എന്റെ പേരില് ഭീമഹരജി തയ്യാറാക്കി നാട്ടുകാരെക്കൊണ്ടൊക്കെ ഒപ്പിടുവിക്കുന്നു.”

“എന്തിന്?”

“ഞാന് തെമ്മാടിയാണ്, സര്ക്കാരിന്നെതിരാണ്, മാസ്റ്ററാക്കിവക്കൊന് കൊള്ളില്ല. വെച്ചാല് നാട്ടുകാര് കുട്ടികളെ സ്കൂളിലേക്കയയ്ക്കില്ല. അങ്ങനെ പലതും എഴുതീട്ടുണ്ടത്രേ.”

“ഉള്ള കഞ്ഞിയിലും മണ്ണു വാരിയിടുകയാണോ?”

“അതേ.”

“ആ ചെകുത്താന് ചത്താല് പുല കുളിക്കാതെ കഴിഞ്ഞു.” മാധവിയമ്മ അമര്ത്തിപ്പറഞ്ഞു: “ഉയരത്തു നില്ക്കുന്നത് ഊക്കില് വീഴും!” നിറഞ്ഞ കണ്ണുകള് തുടച്ച് അവര് അകത്തേക്കു പോയി. മാസ്റ്റര് ഭാര്യയുടെ ആ പോക്കു നോക്കി. ഇന്നോവരെ അമ്മാമനെപ്പറ്റി ഇത്രയും കടുത്ത സ്വരത്തില് അവര് സംസാരിച്ചിട്ടില്ല. സ്വന്തം കുഞ്ഞുങ്ങള്ക്കുവേണ്ടി കേഴമാനും യുദ്ധം വെട്ടും.

മാസ്റ്റര് നിശ്ശബ്ദനായിരുന്നു ചിന്തിക്കുകയാണ്. ചിന്തയാണോ? മനസ്സ് ഒഴുകിയൊഴുകിപ്പോകുന്നു. വിശ്വം പതുക്കെ അടുത്തു ചെന്നു ചോദിച്ചു:

“പുഴ കടന്നു വലിയ രാജ്യത്തിലെത്തിയിട്ട്?”

“എന്ത്?” മാസ്റ്റര് തലയുയര്ത്തി നോക്കി.

“ഏഴു വെള്ളക്കുതിരയെ പൂട്ടിയ തേര് പുഴയുടെ മീതെ ഒഴുകിപ്പോയില്ലേ? എന്നിട്ടൊരു രാജ്യത്തെത്തിയില്ലേ? എന്നിട്ടു പിന്നെ...”

“ഇപ്പോഴങ്ങോട്ടു പോവൂ, എന്നെ ഉപദ്രവിക്കാതെ.” മാസ്റ്റര് മുഖം തിരിച്ചു.

നിരാശനായ വിശ്വനാഥന് ആ രാജകുമാരന്റെ ഭാവിയെപ്പറ്റി ഉത്കണ്ഠാകുലനായി അകത്തേക്കു കടന്നു. രാധയുടെ അടുത്തുചെന്നു നിശ്ശബ്ദനായി ഇരുന്നു.

“എന്തേ, വിശ്വം?” രാധ ചോദിച്ചു.

“ഒന്നുല്ല.” അവന്റെ കണ്പീലികള് നനഞ്ഞിരുന്നു. രാധ ആ കണ്ണുകളിലേക്ക് ആര്ദ്രമായി നോക്കി.

നാല്

“ഇങ്ങനെ വന്നതെന്തിനേ!”

ഗോപിക്കുറുപ്പു നിശ്ശബ്ദനായി നിന്നതേയുള്ളു. ഒരു കുറ്റവാളിയുടെ ഭീരുത്വമായിരുന്നില്ല. ഒരു സര്വ്വപുച്ഛക്കാരന്റെ മുഖഭാവം. ‘നീയാണോ ഇതു ചോദിക്കുന്നത്?’ എന്ന മട്ടില് അയാള് ആ മുഖത്തേക്കു നോക്കി.

“ഇങ്ങനെ വേണ്ടിയിരുന്നോ?” വീണ്ടും ലക്ഷ്മിക്കുട്ടി ചോദിച്ചു.

“പിന്നെ?”

“നേരെ മര്യാദയ്ക്ക വരാമായിരുന്നില്ലേ?”

“എനിക്കതിന് അധികാരമുണ്ടോ?”

“അവനവനോടുതന്നെ ചോദിക്കു.”

“ചോദിച്ചു.”

എന്നിട്ടെന്തുത്തരം കിട്ടി എന്ന് അവളന്വേഷിച്ചില്ല. അസുഖപ്രദങ്ങളായ സമാധാനങ്ങള് ആരാണ് കൊക്കയിട്ടു പിടിക്കാന് ഇഷ്ടപ്പെടുക? അവള് സംഭാഷണം മാറ്റി: “ഇങ്ങോട്ടു കടന്നിരിക്കു.”

“വേണ്ടാ.”

“ഉ–ം?”

“ഞാന് പോണു.”

“ഇപ്പൊഴോ?”

“മുഹൂര്ത്തം നന്നാല്ലേ?” പരുഷമായിരുന്നു ആ ചോദ്യം.

“നന്നാല്ല.” അവള് അമര്ത്തിപ്പറഞ്ഞു.

ആ ഉത്തരം കുറുപ്പു പ്രതീക്ഷിച്ചതല്ല. അതല്പമൊരു തളര്ച്ചയുണ്ടാക്കുകയും ചെയ്തു. എങ്കിലും അയാള് വിട്ടില്ല: “ഒന്നു കാണണമെന്നോ വിചാരിച്ചുള്ളൂ.”

“പക്ഷേ, അതെന്നെ ശിക്ഷിക്കാനാണോ?”

“ആരെയും ശിക്ഷിക്കണമെന്നില്ല; എനിക്കതിനു യോഗ്യതയുമില്ല.”

“തീര്ച്ചപ്പെടുത്തിക്കഴിഞ്ഞോ?”

“കൊല്ലങ്ങള്ക്കു മുമ്പേ.”

നിശ്ശബ്ദം. ലക്ഷ്മിക്കുട്ടിയുടെ നെഞ്ചില് വന്നു കൊണ്ടു ആ വാക്ക്, ഇനി എന്തു പറയണമെന്ന് അറിഞ്ഞുകൂടാ. അനേക ദിവസമായി അവള് പ്രതീക്ഷിച്ച ആ രംഗം മുമ്പില് വന്നിരിക്കയാണ്. സന്ദര്ഭങ്ങള് രണ്ടു പ്രാവശ്യം വരലില്ലെന്നു ജീവിതാനുഭവം അവളെ പഠിപ്പിച്ചിട്ടുണ്ട്. എങ്കിലും കുഴഞ്ഞുപോകുന്നു.

“ഞാന് പോണു.” കുറുപ്പ് ഒന്നു തിരിഞ്ഞു. ലക്ഷ്മിക്കുട്ടി ഞെട്ടിപ്പോയി. ഇറങ്ങിപ്പോക്ക് ഒരു ഇറങ്ങിപ്പോക്കാണ്. പലപ്പോഴും ജീവിതത്തില് പോയവഴിക്കു തിരിച്ചെത്താന് കഴിഞ്ഞില്ലെന്നവരും. വേണോ? വേണ്ടേ? ഈ നിമിഷത്തില്വെച്ചാണ് അതു തീര്ച്ചപ്പെടുത്തുന്നത്. കുറുപ്പ് ഒരടിവെച്ചു കഴിഞ്ഞു.

ലക്ഷ്മിക്കുട്ടി മുമ്പോട്ടു വന്നു പറഞ്ഞു: “നില്ക്കു!”

അതൊരിടിവെട്ടായിരുന്നു. ഗോപിക്കുറുപ്പു തിരിഞ്ഞുനോക്കി. അയാളുടെ മനോജ്ഞമായ കണ്ണുകള് പതുക്കെ ആ മുഖത്തേക്ക് പാറി വീണു. വര്ഷങ്ങള്ക്കു മുമ്പ് അവള് കണ്ട നളന്റെ നോട്ടമായിരുന്നു അത്.

“എന്തേ?”

“പോവ്വാണോ?” അതൊരു കനത്ത ചോദ്യമായിരുന്നു.

“അല്ലാതെ?”

“പാടില്ല.”

“ഏ?”

“പാടില്ലെന്ന്!” ലക്ഷ്മിക്കുട്ടി ഒരടികൂടി മുന്നോട്ടുവെച്ചു.

സ്വതേ പറക്കാന് നില്ക്കുന്ന തുമ്പിയുടെ പ്രതീതിയുണ്ടാക്കുന്ന ആ മുഖത്ത് എന്തോ കിടന്നു ചിറകടിക്കുന്നതുപോലെ തോന്നി-- ഒരു പൂമ്പാറ്റയുടെ മൃദുലതയും ഒരു കഴുകന്റെ ശക്തിയുമുള്ള എന്തോ ഒന്ന്. ലക്ഷ്മിക്കുട്ടി പിടഞ്ഞു സംസാരിച്ചു: “ഞാനാണ് പറയുന്നത്, പോകാന് പാടില്ലെന്ന്. എന്തിനിങ്ങോട്ടു വന്നു? എന്നെ ശിക്ഷിക്കാനോ? എന്നോടു പകരംവീട്ടാനോ? എങ്കിലതു പറയൂ.” അവള് കുറേക്കൂടി അടുത്തുനിന്നു. കാറ്റത്തുലയുന്ന സാരി ഗോപിക്കുറുപ്പിന്റെ മേല് തടവുന്നുണ്ടായിരുന്നു. ലക്ഷ്മിക്കുട്ടി തുടര്ന്നു: “ഞാന് അത്രയ്ക്കൊരു തെറ്റൊന്നും ചെയ്തിട്ടില്ല. എല്ലാം അറിയാം. എന്റെ ഇഷ്ടത്തിനല്ല കാര്യങ്ങള് നടന്നിരുന്നത്. ഇതൊക്കെ അറിഞ്ഞിട്ടും എന്നോടു പകയാണല്ലോ! ഈ കൊല്ലമത്രയും ഞാനെന്തൊക്കെ വിചാരിച്ചു. എന്തൊക്കെ ചെയ്തു, എത്രയൊക്കെ വേദനിച്ചു എന്നൊന്നു ചോദിക്കാന്പോലും ദയവുണ്ടായില്ല. ഇതാണോ ഇഷ്ടം? എനിക്ക് അങ്ങനത്തെ സ്നേഹം അറിഞ്ഞുകൂടാ.”

“എന്നെ പരിഭ്രമിപ്പിക്കുകയാണോ?” കുറുപ്പു ശാന്തമായിത്തന്നെ ചോദിച്ചു.

“ഇല്ല. അതെനിക്കു സാധിക്കില്ല. ഇഷ്ടമുള്ളവരുടെ അടുത്താണെങ്കില് അതൊക്കെ സാദ്ധ്യമാണ്. പക്ഷേ...”

“എനിക്കിഷ്ടമില്ല!” കുറുപ്പു വീറോടെ പറഞ്ഞു: “എങ്കില് എന്തിനേ വന്നത്?”

“വെറുതെ.”

“അല്ല, പകപോക്കാന്.”

“അല്ല, ഭ്രാന്തുപിടിക്കാന്.”

“എന്നെ ഭ്രാന്തുപിടിപ്പിക്കാനും!” അവളുടെ തൊണ്ടയിടറുന്നുണ്ടായിരുന്നു. “ഞാന് വളരെ സഹിച്ചു. ജീവിതമാകെ തുലച്ചു. ഒക്കെക്കഴിഞ്ഞ് ഒരു ശവംപോലെ ഇരിക്കുമ്പോള്, പിന്നെയും എന്നെ കുത്തി പകപോക്കുകയാണ്. ഇത് ഈശ്വരന് കാണും!” വളരക്കൊലത്തിന്നുശേഷം ലക്ഷ്മിക്കുട്ടി പൊട്ടിക്കരഞ്ഞു.

“ഞാനൊന്നും സഹിച്ചില്ല.”

“എന്നു ഞാന് പറഞ്ഞില്ല. എനിക്കറിയാം. എനിക്കു മനുഷ്യരുടെ ഹൃദയം മനസ്സിലാവും. എന്നെയും മനസ്സിലാക്കണം.”

“എന്തു വേണം?”

“പോവരുത്, ഇനി പോയാല്പ്പിന്നെ ഞാനില്ല.” ആ കണ്ണുകള് നിറഞ്ഞൊഴുകി. ഗോപിക്കുറുപ്പ് അതു നോക്കി നിന്നു. അയാളുടെ ഹൃദയത്തില് പഴയ നളന് സ്ഥാനം പിടിച്ചുവരികയാണ്. ഹൃദയത്തിന്നാടിയിലെവിടെയോ ഒളിച്ചുകിടന്നിരുന്ന ആ പല്ലവി പെട്ടെന്നു പൊങ്ങി വന്നു: ‘ദയിതേ കേള് നീ...’ ഒരു നിമിഷം. അയാള് ചോദിച്ചു: “എന്തിനു നില്ക്കുന്നു?”

“ഒന്നു കാണാന്. അതെങ്കിലും പാടില്ലേ?”

“പക്ഷേ...”

“ഉ-ം?”

“നാട്ടുകാരുണ്ട്.”

“നല്ലതു ചെയ്തപ്പോഴൊക്കെ നാട്ടുകാര് സഹായിച്ചോ? ചീത്തത്തം വന്നപ്പോള് തടുത്തോ?”

“ഇല്ലായിരിക്കാം. എന്നാലും ലക്ഷ്മിക്കുട്ടിയെ മാനംകെടുത്താന് മാത്രം ഞാന് വേണ്ടല്ലോ.”

“അതു ഞാനാണ് തീര്ച്ചപ്പെടുത്തേണ്ടത്. അവിടെ ഇരിക്കു!” അതൊരു ശാസനയായിരുന്നു.

കുറുപ്പ് ഇരുന്നുപോയി. ലക്ഷ്മിക്കുട്ടി മുഖം തുടച്ചു വാതില്ക്കലേക്കു ചെന്നു വിളിച്ചു: “കുഞ്ഞന്നായരേ!”

“ഓ!”

“ആ ആപ്പീസുമുറിയില് ഇദ്ദേഹത്തിന് ഒരു കിടക്ക വിരിച്ചു കൊടുക്കു.”

അഷ്ടാവക്രന് അമ്പരന്നുനിന്നു: “ഇയാള്ക്കു കിടക്കയോ?”

“എന്താ മിഴിച്ചുനില്ക്കുന്നത്? ചെവി കേള്ക്കില്ലേ?”

“ഓ!” അയാള് കിടക്ക വിരിക്കാന് പോയി. ഇതൊക്കെ സിങ്കപ്പൂരിലെ സമ്പ്രദായമായിരിക്കാമെന്നു സമാധാനിക്കയും ചെയ്തു. എന്നിട്ടും ഗോപിക്കുറുപ്പു കിടന്നപ്പോള് അയാള് പുറമേനിന്നു മുറിയുടെ വാതില് ഓടാമ്പലിട്ടു. അതു കണ്ടപ്പോള് തടിമാടന് ശങ്കുവിന്നും കുഞ്ഞന്നായരുടെ ബുദ്ധിയെക്കുറിച്ച് അഭിനന്ദനം തോന്നി.

“നന്നായി!” അവന് പതുക്കെ പറഞ്ഞു.

“വിശ്വസിക്കാവോ?”

“വയ്യാ!”

അവര് മനസ്സമാധാനത്തോടെ കൂര്ക്കംവലിച്ചുറങ്ങാനും തുടങ്ങി. പക്ഷേ, രണ്ടു മനുഷ്യര് അന്ന് ആ വീട്ടില് ഉറങ്ങിയില്ല, അവര് ഭൂതകാലത്തെ അയവിറക്കുകയും വര്ത്തമാനകാലത്തോടു സമരം ചെയ്യുകയുമായിരുന്നു.

കരഞ്ഞുവീര്ത്ത കണ്ണുകളുമായി രാവിലെ ലക്ഷ്മിക്കുട്ടി കുറുപ്പിനെ സമീപിച്ചു: “പോവരുത്.”

“ഇനിയും?”

“എന്നും.”

“ഹേ!”

“ശാന്തയെ കുറച്ചു നൃത്തം പഠിപ്പിക്കണമെന്നുണ്ട്.”

“ആ ശങ്കുണ്ണിയെ ഏര്പ്പാടു ചെയ്തുതരാം.”

“അവനവനുതന്നെ ചെയ്താലെന്താ?”

“ഞാന് ആ ലോകമൊക്കെ വിട്ടിരിക്കുന്നു.”

“വിട്ട ലോകത്തിലേക്ക് തിരിച്ചുവരികയില്ലേ?” ഇതും പറഞ്ഞ് അവള് തലതാഴ്ത്തിനിന്നു. പെട്ടെന്ന് അവളില് ഒരു പരിവേഷം പരന്നപോലെ കുറുപ്പിനു തോന്നി. പണ്ടു വേലിക്കടുത്തു തന്റെ ചൊല്ലിയാട്ടത്തെ അഭിനന്ദിച്ചുകൊണ്ടുനിന്ന അതേ നില്പ്. അയാള് ആകെയൊന്നു നോക്കി.

സാന്ധ്യപ്രകാശത്തില് കുമ്പാന് മടിച്ചുനില്ക്കുന്ന ഒരു താമര.

“അതൊക്കെ--”

“വിഷമമാവില്ല.” ലക്ഷ്മിക്കുട്ടി വാചകം പൂര്ത്തിയാക്കി.

“ഞാന് കൂടെക്കൂടെ വരാം.”

“ഇവിടെ താമസിച്ചു പഠിപ്പിക്കണം.”

“അമ്മയുണ്ട്.”

“ഇടയ്ക്കിടയ്ക്കു പോവരുതേ? അല്ലെങ്കില് അവരെ ഇങ്ങോട്ടു കൊണ്ടുവരരുതേ?”

അയാള് നിശ്ശബ്ദനായിരുന്നു ചിന്തിച്ചു. അഥവാ ചിന്തിക്കുന്നുവെന്നു നടിച്ചു. കെട്ടി നിര്ത്തിയിരുന്ന അണ പൊട്ടിയിരിക്കയാണ്. അവിടെയൊരു തള്ളിയൊഴുക്കാണ്. കാര്യകാരണബന്ധങ്ങള്ക്കു സ്ഥാനമില്ല. ഇഷ്ടാനിഷ്ടങ്ങള് ചിന്തയാണെന്നു നടിക്കുന്നുവെന്നുമാത്രം.

“എന്താ?” ലക്ഷ്മിക്കുട്ടി വീണ്ടും ചോദിച്ചു.

“ഉം--ം.”

അന്നുതുടങ്ങി ഉമ്മറത്തെ മുറി ഗോപിക്കുറുപ്പിന്റെ താമസസ്ഥലമായി. കുഞ്ഞന്നായരും ശങ്കുവും അത്ഭുതപ്പെട്ടു. ഒരു കള്ളനെ പിടിച്ചതിന്റെ പരിണാമം ഇങ്ങനെയാവുമെന്ന് അവരോര്ത്തില്ല.

“എവിടുന്നു വന്നുചാടി?"--ശങ്കു അത്ഭുതപ്പെട്ടു.

“കഥകളിക്കാരനാ!”

“കളി നിശ്ചയിച്ചിട്ടുണ്ടാവും.”

“ഏതൊക്കെ കഥയാണ് ആടുക എന്നു കണ്ടറിയണം!” അഷ്ടാവക്രന് നായര് സാകൂതമായി ശങ്കുവിനെ ഒന്നു കടാക്ഷിച്ചു.

“അപകടക്കാരനാണോ?”

“ഇക്കാലത്ത് ആര്ക്കും എന്തും എങ്ങനെയും ആവാം.”

“എന്തൊരു മയക്കുവിദ്യയേ ഉണ്ടായത്?”

“വേഗം വേഗം മയങ്ങുന്ന ഒരു കാലം! എന്റെ സ്ഥിതിതന്നെ നോക്കൂ. മൂന്നു കുട്ടികളുടെ അമ്മയല്ലേ...”

“നമുക്ക് ആ വിദ്വാനെ പിടിച്ചുവയ്ക്കേണ്ടായിരുന്നു.”

“കള്ളന് കാര്യസ്ഥനാവും എന്നറിഞ്ഞില്ലല്ലോ. ഏതായാലും ഞാനൊന്നും പറഞ്ഞില്ല.”

കുഞ്ഞന്നായര് പലതും പ്രതീക്ഷിച്ചിരുന്നു. എല്ലാ അതിരുവരമ്പുകളും മുറിയാന് പോവുകയാണെന്ന് അയാള് വിചാരിച്ചു. മേച്ചില്പ്പുറത്തലഞ്ഞു ശീലിച്ച പശു ആലയില് എന്ന് ഉള്ളില് കണക്കാക്കുകയും ചെയ്തു. കുറുപ്പിന്റെ ചലനങ്ങളെ അയാള് എപ്പോഴും ഇടംകണ്ണിട്ടു നോക്കി. അയാളുടെ വാക്കുകള്ക്കുനേരെ ചെവി കൂര്പ്പിച്ചുപിടിച്ചു. അങ്ങനെ ദിവസങ്ങളും മാസങ്ങളും കടന്നുപോയി. ‘കാണും, ഒരു ദിവസം കാണും.’ കുഞ്ഞന്നായര് പ്രതീക്ഷിച്ചു. കുഞ്ഞന്നായരുടെ സൂചനകള്ക്കനുസരിച്ച് ശങ്കുവും പ്രതീക്ഷിച്ചു. അത്ഭുതം ഒന്നുമില്ല!

കുറുപ്പ് അധികമായി സംസാരിച്ചതുതന്നെയില്ല. നന്നേ രാവിലെ എഴുന്നേല്ക്കും, കുളിക്കും, അലക്കിയ മുണ്ടും തോര്ത്തും ധരിക്കും. ഒന്നും ആവശ്യപ്പെടുകയില്ല. ഒരു നിര്ദ്ദേശവുമില്ല. ശങ്കു വാതില്ക്കല്ച്ചെന്നു കാപ്പി കാലമായെന്നു പറഞ്ഞാല്, എഴുന്നേറ്റു തളത്തില് വരും. ലക്ഷ്മിക്കുട്ടിയമ്മയും അയാളും അഭിമുഖമായിരുന്നു കാപ്പി കുടിക്കും. രണ്ടാളും വിശേഷിച്ചൊന്നും പറയുന്നില്ല.

"ഇഡ്ഡലി ഇനി വേണ്ടേ?"

"വേണ്ടാ."

"ചട്ണി?"

"അല്പം."

"ഇനി കാപ്പി?"

"വേണ്ടാ."

പിന്നെ നീണ്ട നിശ്ശബ്ദത. അതിനിടയില് ശാന്ത കലമ്പല് കൂട്ടിയെന്നുവരും. അവളൊരു വായാടിപ്പെണ്ണാണ്, ദുശ്ശാഠ്യക്കാരിയുമാണ്.

"കുറുപ്പമ്മാന് എപ്പോഴും ആലോചനയാണ്, അമ്മേ."

"നിനക്ക് ആലോചന അശേഷം ഇല്ലതാനും!" അമ്മ പറയും.

"അത്യോ, കുറുപ്പമ്മാന്, എനിക്കാലോചനയില്ലേ?"

കുറുപ്പു ചിരിച്ചുകൊണ്ട് അവള്ക്ക് അസ്സലാലോചനയുണ്ടെന്നു മുദ്ര കാണിക്കും; എന്നിട്ടൊന്നു ചിരിക്കുകയും ചെയ്യും.

പിന്നീടു പുറത്തളത്തില്വെച്ചു നൃത്താഭ്യാസമാണ്. അത് ഒന്നര മണിക്കൂറിലധികം നീണ്ടുനില്ക്കും. ശാന്തയ്ക്ക് അതു വലിയ രസമായിരുന്നു. എന്തെങ്കിലുമൊന്നു ചെയ്യാമല്ലോ. കുറുപ്പു വരുന്നതുവരെ ആ കുട്ടിയുടെ ജീവിതം വൈചിത്ര്യശൂന്യമായിരുന്നു. ഭക്ഷണം കഴിക്കുക, നല്ല നല്ല ഉടുപ്പു കളണിഞ്ഞു സ്കൂളില് പോവുക, തിരിച്ചുവന്ന് അമ്മയുടെയോ ശങ്കുവിന്റെയോ പിന്നാലെ കുറെ നടക്കുക, ഒരു പരിഷ്കൃതവനിതയായി വളരാനുള്ള അമ്മയുടെ വിദ്യാഭ്യാസം കൈക്കൊള്ളുക--ഇവയില് ഒതുങ്ങിയിരുന്ന ജീവിതം. അയല്പക്കത്തെ കുട്ടികളുമായി കളിക്കാന് അവളെ ലക്ഷ്മിക്കുട്ടിയമ്മ സമ്മതിച്ചില്ല. 'ചെറ്റപിള്ളരുമായി കൂടുകൂടി വേണ്ടാത്തതൊക്കെ പഠിക്കും' എന്നായിരുന്നു അവരുടെ അഭിപ്രായം. തന്റെ മകള് ഒരു പരിഷ്കൃതവനിതയായി വളരണമെന്ന് ആ അമ്മയ്ക്കും കണിശമായി വാശിയുണ്ടായിരുന്നു. മുന്തിയ സാരികളും ലിപ്സ്റ്റിക്കും കൃത്രിമ്സും റിസ്റ്റ് വാച്ചും ഹാന്ഡ് ബാഗുമായി വിലസുന്ന ഒരു മകളെയാണ് അവര് ഭാവിയിലേക്ക് പ്രതീക്ഷിക്കുന്നത്. ഇവയുടെകൂടെ അല്പം സംഗീതവും നൃത്തവും, ഒരു പുഷ്പത്തിനു സൗരഭ്യമെന്നപോലെ ചേര്ന്നിരിക്കുന്നതു നല്ലതാണല്ലോ. ഉയര്ന്ന മണ്ഡലങ്ങളില് കിടന്ന് അവള് വിലസണം. നാലാള് അവളെ അറിയണം. നാലുപേരോടു വര്ത്തമാനം പറയാന് സാധിക്കണം. തനിക്കു സാധിക്കാതെ പോയതൊക്കെ തന്റെ മകളിലൂടെ നേടണമെന്ന് അവര് ആശിക്കുന്നു.

‘അവളെ ഞാനൊരു നിലയ്ക്കെത്തിക്കും.’ കൂടെക്കൂടെ അവര് തന്നോടുതന്നെ പറഞ്ഞു. ആ പ്രതിജ്ഞ നിറവേറ്റാനുള്ള ഒരു തീവ്രയത്നം ആ കുടുംബത്തില് ആരംഭിച്ചുകഴിഞ്ഞിരുന്നു.

ഇതിനിടയില് അയല്പക്കത്തെ കുട്ടികള് പറങ്കിമാവില് പൊത്തിപ്പിടിച്ചു കയറുന്നതും മാഞ്ചുവട്ടില്വച്ച് അടികലശലുണ്ടാക്കുന്നതും പറങ്കി യണ്ടി എറിഞ്ഞു കളിക്കുന്നതും കൊത്തങ്കല്ലാടുന്നതും വട്ടുകളിക്കുന്നതുമെല്ലാം അസൂയ നിറഞ്ഞ കണ്ണുകളോടെ ശാന്ത നോക്കിനിന്നു. അപ്പോഴൊക്കെ അവള് വിചാരിച്ചു: ‘ഹൗ! അവര്ക്കെന്തൊക്കെ കളിക്കാം!’

എന്നിട്ട് ജാലകപ്പഴുതിലൂടെ വെള്ളിമേഘങ്ങള് നീങ്ങുന്നതു വീക്ഷിച്ചിരിക്കുക. കുട്ടിക്കു പട്ടുകുപ്പായം തടവുമുറിയാണല്ലോ. ശാന്ത അതേസമയത്തുതന്നെ താന് അവരക്കൊട്ടിലും മേലെയാണെന്നൊരു വിചാരവും വളര്ത്തിക്കൊണ്ടുവന്നു. അമ്മയുടെ നിരന്തരോപദേശങ്ങള് ആ ഇളം മനസ്സില് ഊറിക്കൂടി കട്ടിപിടിക്കുകയായിരുന്നു.

“ഞാന് വല്യേ കുടുംബത്തില്യാ, അല്ലേ ശങ്കു?” അവള് വിറകടുക്കിവയ്ക്കുന്ന ഭൃത്യനോടു ചോദിച്ചു.

“പിന്നേ്യാ! കൊച്ചമ്മ ഒരു മഹാറാണിയല്ലേ!”

“മഹാറാണിക്കു പറങ്കിമാങ്ങ തിന്നാവോ, ശങ്കു?”

“അയ്യേ!”

“ഞാന് തിന്നില്ല. ചോദിച്ചതാ. ശങ്കു തിന്നേ്വാ?”

“ശങ്കുന് അതൊക്കെ തിന്നാം. തവളയെക്കൂടി തിന്നാം.”

“തവളയെ തിന്നേ്വാ?”

“തിന്നില്ല, വേണമെങ്കില് തിന്നാം എന്ന്.”

“മഹാറാണി എന്തൊക്കെ തിന്നും, ശങ്കു?”

“കൊച്ചമ്മ തിന്നുന്നതൊക്കെ.”

“എന്തൊക്കെ ഉടുക്കും?”

“കള്ളിയും പുള്ളിയുമുള്ള പട്ടുകുപ്പായം.”

“ഇതുമാതിരിയോ?”

“പിന്നെ!”

പിന്നെയും അവള്ക്ക് എന്തൊക്കെയോ ചോദിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ചോദ്യങ്ങള് അവള്ക്കുതന്നെ വ്യക്തമല്ല.

സ്കൂളിലും അവള്ക്കു പറയത്തക്ക കൂട്ടുകാരുണ്ടായിരുന്നില്ല. അധികം പാവപ്പെട്ടവരാണ്. അവര്ക്കാര്ക്കും മിന്നുന്ന ഉടുപ്പുകളില്ല, ആഭരണങ്ങളില്ല. ആരും വലിയ കുടുംബത്തിലെയല്ല. അതുകൊണ്ട് ഒരതിര്ത്തി വിട്ടു പെരുമാറാന് ശാന്ത ഭയപ്പെട്ടു. എന്നാലും ചിലപ്പോള് അവള് സ്വകാര്യമായി കൊത്തങ്കല്ലാടിയിട്ടുണ്ട്, മയില്പ്പീലി കൈമാറിയിട്ടുണ്ട്. അപ്പോഴൊക്കെ കൂട്ടുകാര്ക്കു നിര്ദ്ദേശവും കൊടുത്തിട്ടുണ്ട്: “അമ്മയോടു പറയരുതേ!”

“ഇല്ല.”

അവര് വാക്കു പാലിച്ചു. കാരണം അവര്ക്ക് ഓര്മ്മവയ്ക്കാന് കഴിഞ്ഞില്ല; ആകപ്പാടെ ഒറ്റപ്പെട്ട ഒരു ജീവിതമായിരുന്നു ശാന്തയുടേത്. വിശ്വാസ്യനായ ഒരു കൂട്ടുകാരനുണ്ടായിരുന്നത് സ്ഥലത്തെ പോസ്റ്റ്മാനാണ്. ആ കിഴവന് അവളുടെ അമ്മയ്ക്കുള്ള കത്തുകളുമായി വരുമ്പോഴൊക്കെ ശാന്ത സൂക്ഷിച്ചുനോക്കി നിന്നിട്ടുണ്ട്.

'എന്താ മോളേ?' എന്നു മധുരമായി ചോദിച്ചുകൊണ്ട് അയാള് കടന്നുപോകും. പിന്നീട് അവര് തമ്മിലടുത്തു. "ഈ കത്തൊക്കെ സിങ്കപ്പൂരില് നിന്നാണോ?" അവള് പോസ്റ്റ്മാനോടു ചോദിച്ചു.

"പലേ രാജ്യത്തുനിന്നുമാണ്, മോളേ."

"ആര്ക്കാ?"

"പലര്ക്കും."

"എനിക്കെന്താ പലേ രാജ്യത്തുനിന്നും കത്തു വരാത്തത്?"

"വരും."

"എപ്പോള്?"

"ഒരു ദിവസം." അയാള് തന്റെ ഇടവിട്ട പല്ലുകള് വെളിക്കു കാണുമാറു ചിരിച്ചു കടന്നുപോകും. ശാന്ത ആ പലേ രാജ്യങ്ങളെപ്പറ്റി മനോരാജ്യം വിചാരിച്ചുകൊണ്ടിരിക്കും. അവിടെ വലിയ കുടുംബങ്ങളിലെ കുട്ടികള് ധാരാളമുണ്ടാകും. ഒക്കെ മഹാറാണിമാരായിരിക്കുകയും ചെയ്യും. അവരെ ഒന്നു കാണാന് കഴിഞ്ഞാല്! പിറ്റേന്ന് പോസ്റ്റ്മാന് വന്നപ്പോള് അവള് പതുക്കെ ചോദിച്ചു: "പലേ രാജ്യത്തുനിന്നാണോ കത്തുകള്?"

"അതേ, മോളേ."

"പലേ രാജ്യത്തു മഹാറാണിമാരുണ്ടോ?"

"ഉണ്ടല്ലോ, ധാരാളം!"

"അവരെങ്ങനെയാണ് ഉടുപ്പിടുക?"

"മുന്തിയ ഉടുപ്പുകള്!"

കിഴവന് ചിരിച്ചു കടന്നുപോയി. നീങ്ങിപ്പോകുന്ന മേഘമാലകളും 'പലേ രാജ്യ'ത്തെ സുന്ദരികളും സുശീലകളുമായ മഹാറാണിമാരുമായിരുന്ന ശാന്തയുടെ കൂട്ടുകാര്. അവരൊക്കെ നല്ലവരായിരുന്നു. പക്ഷേ, പിന്നെപ്പിന്നെ അവരെല്ലാം ഒരു നുണയാണെന്നു തോന്നാന് തുടങ്ങി. വ്യസനവും തോന്നി. ആ കാലത്താണ് ഗോപിക്കുറുപ്പു പെട്ടെന്നു വന്നു കയറിയത്. എവിടെനിന്നാണ് അയാള് വന്നതെന്ന് ശാന്തയ്ക്ക് അറിഞ്ഞു കൂടായിരുന്നു.

"പലേ രാജ്യത്തുനിന്നാണോ വരുന്നത്?" അവള് പെട്ടെന്നു ചോദിച്ചു പോയി.

"ഉം." ഗോപിക്കുറുപ്പ് ഒരിളംചിരിയോടെ മൂളി. ആ കാരണംകൊണ്ടു തന്നെ കുറുപ്പമ്മാനെ അവള്ക്കിഷ്ടമായി. അവിടങ്ങളിലെ എന്തെല്ലാം കഥകള് ചോദിക്കാം! അവള് മഹാറാണിമാരെപ്പറ്റിയും രാജകുമാരന്മാരെപ്പറ്റിയുമെല്ലാം ചോദിച്ചു. എല്ലാറ്റിനും ഗോപിക്കുറുപ്പു വ്യക്തമായി ഉത്തരം നല്കി. ആ രാജകുമാരിമാരെല്ലാം സുന്ദരിമാരാണ്. അവര്ക്കെല്ലാം എമ്പാടും ആടകളും

ആഭരണങ്ങളുമുണ്ട്. അവരൊക്കെ ഇളങ്കാറ്റുപോലെയാണ് സഞ്ചരിക്കുന്നത്. അവരെസ്സംബന്ധിച്ചതെല്ലാം മധുരമാണ്. എന്നല്ല, എല്ലാവരും ഒന്നാംതരം നര്ത്തകികളുമാണ്.

"ഞാനും അങ്ങനെയാവോ?"

"തീര്ച്ച."

ശാന്ത വളര്ന്നുവരുന്നതനുസരിച്ചു ചോദ്യങ്ങള് കുറഞ്ഞുവന്നു. വിത്തു നനയുന്ന കാലംപോയി. ഇന്നു ചോദ്യങ്ങള് മുളച്ചുകഴിഞ്ഞു അവ പയറുമുളകള്പോലെ, അകത്തോട്ടു വളഞ്ഞു മുട്ടുകുത്തിനില്ക്കുകയാണ്. എല്ലാ ചോദ്യങ്ങളും തന്നോടുതന്നെ. അതിനുള്ള ഉത്തരങ്ങള് പ്രവൃത്തികളില് പ്രതിഫലിച്ചു. അവള് കൂടുതല് നന്നായി ഉടുപ്പിട്ടു. കൂടുതല് ചന്തത്തില് അണിഞ്ഞൊരുങ്ങി, കൂടുതല് നന്നായി പഠിച്ചു, കൂടുതല് നന്നായി നൃത്തം വെച്ചു.

"ശാന്ത തെളിയുന്നുണ്ട്, ഇല്ലേ?" ലക്ഷ്മിക്കുട്ടി ചോദിച്ചു.

"ഉവ്വ്." കുറുപ്പു പറഞ്ഞു. പുതിയ സങ്കല്പങ്ങള്, പുതിയ അഭിലാഷങ്ങള്, പുതിയ പ്രവര്ത്തനങ്ങള്--ഇവയെല്ലാം ആ വീട്ടില് താളം ചവിട്ടുകയായിരുന്നു. ലക്ഷ്മിക്കുട്ടിയമ്മയും കുറുപ്പും അവ നിശ്ശബ്ദരായി നോക്കിക്കൊണ്ടിരുന്നു.

ദിവസങ്ങള് ആവിധം കടന്നുപോകുമ്പോള്, കുഞ്ഞന്നായര്ക്ക് ഒരസുഖം. അയാള് പ്രതീക്ഷിച്ചതുപോലെ ഒന്നും നടക്കുന്നില്ല. നടന്നില്ലെങ്കില് തനിക്ക് അപകടമുണ്ടായിട്ടല്ല. കാര്യങ്ങള് ഏതെങ്കിലും ഒരു വകുപ്പില് പെടുത്തണമല്ലൊ! അയാള് ശങ്കുവിനോടു സ്വകാര്യമായി ചോദിച്ചു: "സന്ന്യാസിയാണോ?"

"ആവോ! എന്തോ മയക്കുവിദ്യയുള്ളവനാ!" തടിമാടന് സമ്മതിച്ചു. പക്ഷേ, അതൊരു കൊള്ളാവുന്ന വ്യാഖ്യാനമായി അഷ്ടാവക്രന്നായര്ക്കു തോന്നിയില്ല; എന്നല്ല, ജനങ്ങള് അയാളോടു പല ചോദ്യങ്ങളും ചോദിക്കുന്നുണ്ട്. ചന്തയില്വെച്ചാണ് ആദ്യത്തെ ചോദ്യം വന്നത്. "ഗോപിക്കുറുപ്പ് അവിടെ?"

"പഠിപ്പിക്കുന്നു."

"താമസമവിടെത്തന്നെയാണോ?"

"അതെ."

"ഏ?"

"സ്വത്തുള്ളവര്ക്കു താമസിപ്പിച്ചുകൂടേ?"

"ഉം, ഉം." ചോദ്യക്കാരന് ഒന്നു നീട്ടി മൂളി, എന്നിട്ട് ഒരു മന്ദസ്മിതം:

"അയാള് ഒരു ഭ്രാന്തനാണെന്നാ എല്ലാവരും വിചാരിച്ചിരുന്നത്. പക്ഷേ, ഭാഗ്യവാനാ!"

കുഞ്ഞന്നായര് ഉത്തരം പറഞ്ഞില്ല. അയാള്തന്നെ ചോദ്യം ചോദിക്കുകയാണ്. പിന്നീട് ഇത്തരം അന്വേഷണങ്ങള് പലതും വന്നു.

"പഴയ പരിചയക്കാരല്ലേ!"

"എന്തായാലും അയാള്ക്ക് ഒരു മനുഷ്യപ്രകൃതമായി. ക്ഷൗരം, കുളി, ഊണ്.... ഇതൊക്കെയുണ്ടല്ലോ."

"പണക്കാരായാല് ദയ വേണം."

“എല്ലാവരോടും ദയ തോന്നാത്തതെന്താണ്? എന്റെ ഭാര്യയ്ക്ക് എട്ടാമത്തെ കുട്ടി വയറ്റിലാ! എന്റെ സ്ഥിതി അറിയാലോ? ദയ വിചാരിക്ക്വോ?”

“കണ്ടറിയണം.”

“വെറുതെയിരിക്കിന്. ഇതിലെന്തോ ഉണ്ട്.”

“എന്ത്?”

“അതൊന്നും എന്നോടു ചോദിക്കരുത്.”

ബഹുജനങ്ങളും ആ ബന്ധത്തെ ഒരു കള്ളിയില്പ്പെടുത്താന് യത്നിക്കുകയായിരുന്നു. മനുഷ്യര്ക്കെന്ന പോലെ, സംഭവങ്ങള്ക്കും വ്യക്തമായ മേല്വിലാസം വേണമെന്നാണ്. ഒന്നുമില്ലാത്തേടത്ത് ആളുകള് കൈയില് കിട്ടിയ ഒരു മേല്വിലാസമെടുത്തൊട്ടിക്കും. അതു പിന്നെ എല്ലാവരും കൂടി വായിച്ചു തൃപ്തിപ്പെടുത്തുകയും ചെയ്യും. മിസ്റ്റര് നരി ചിലപ്പോള് മിസ്സിസ് പൂച്ചയായെന്നവരും; മറിച്ചും. ഗോപിക്കുറുപ്പിന്റെ പുതിയ ജീവിതത്തിനും അവര് ഒരു മേല്വിലാസമുണ്ടാക്കുകയായിരുന്നു--എല്ലാവരും കൂടി ഉറപ്പിച്ചു: “അതാണ്.”

“അല്ലാതെ വരില്ല.”

“മനുഷ്യനല്ലേ?”

“അങ്ങാടിപ്പുറത്ത ആലയില് നില്ക്കില്ല.”

“എങ്കിലും തെറ്റില്ല.”

“ഇല്ല!”

ആളുകളുടെ മനഃക്ഷോഭം തീര്ന്നുകിട്ടി. അവര് പുതുബന്ധത്തെക്കുറിച്ചുള്ള കഥകള് നാടാകെ പറഞ്ഞുനടന്ന്, മറ്റുള്ളവരുടെ അസ്വാസ്ഥ്യം തീര്ക്കുകയും ചെയ്തു. ഏച്ചപ്പന്നായര് അതു കേട്ടില്ലെന്നു നടിച്ചു. എന്തു പറയാനാണ്? ലക്ഷ്മിക്കുട്ടിയുടെ കൈയില്നിന്നു നാലു കാശെങ്കിലും ഇങ്ങോട്ടാണ് കിട്ടുന്നത്. കുറുപ്പിന്റെ അമ്മയ്ക്ക് ഈ വര്ത്തമാനം കേട്ടപ്പോള് സന്തോഷമായി.

“അങ്ങനെയെങ്കില് അങ്ങനെ. അവന് ഒരു പാട്ടിലായല്ലോ.” ആ വൃദ്ധ സമാധാനിച്ചു. പക്ഷേ, ആരും കുറുപ്പിനോടോ ലക്ഷ്മിക്കുട്ടിയമ്മയോടോ ഇതിനെപ്പറ്റി ഒന്നും ചോദിച്ചില്ല.

കുറുപ്പു തികച്ചും സംതൃപ്തനായിരുന്നു. ആ വീട്ടിനുള്ളില് ലക്ഷ്മിക്കുട്ടിയുണ്ടല്ലോ, അതു മതി. ലക്ഷ്മിക്കുട്ടിയാകട്ടെ, കുതിര്ക്കുന്ന ഹൃദയവുമായി അടങ്ങിപ്പാര്ത്തു.

“ഇവിടെ ഒക്കെ സുഖമാകുന്നില്ലേ?” ഇടയ്ക്കെല്ലാം അവള് കുറുപ്പിനോടു ചോദിച്ചു.

“ഇതിലും സുഖമാവലുണ്ടോ?”

ഒരു നിമിഷത്തിനു രണ്ടു പേരും പരസ്പരം നോക്കിനില്ക്കും; രണ്ടു വഴിക്കു പോവുകയും ചെയ്യും. അസംതൃപ്തമായ ആ രണ്ടാത്മാക്കളും പരസ്പര സാന്നിധ്യംകൊണ്ട് ഒരുതരം സംതൃപ്തി നേടി--അത്യന്തശോകമായ ഒരു

ഗാനം കേള്ക്കുമ്പോഴുള്ള സംതൃപ്തി. കാലം കടന്നുപോയപ്പോള്, അവരുടെ ചേര്ച്ച ഒരാവശ്യമായിത്തീര്ന്നു. കുറുപ്പിന്നു കാര്യസ്ഥത ലേശമില്ല. എന്നാലും ലക്ഷ്മിക്കുട്ടിയമ്മ ഓരോ കാര്യം ചെയ്യുമ്പോഴും കുറുപ്പുമായി ആലോചിച്ചു. മേല്ച്ചാര്ത്തിന്റെ കാര്യം വേലുമ്മാന് വന്നു ചോദിച്ചപ്പോഴും അവര് പറഞ്ഞു: "കുറുപ്പിനോടൊന്നു ചോദിക്കട്ടെ."

"തീര്ച്ചയായിട്ടും ചോദിക്കണം." വേലുമ്മാനും സമ്മതിച്ചു.

ലക്ഷ്മിക്കുട്ടിയമ്മ പറഞ്ഞ അര്ത്ഥത്തിലല്ല വേലുമ്മാന് അതിനെ ശരിവച്ചത്. അത് ആ ീക്കു മനസ്സിലായോ? ആലോചിച്ചുനോക്കുന്നതിനെകാള്, ആലോചിക്കണം എന്നുറക്കെ പ്രഖ്യാപിക്കുന്നതിലായിരുന്നു അവര്ക്കു സുഖം. ഒരു ധിക്കാരം കാട്ടുന്നതിലുള്ള സുഖം. അവര് കുറുപ്പിനോടു ചോദിച്ചു.

"ലാഭമാണെങ്കില് വാങ്ങാം." കുറുപ്പ് അവിടംകൊണ്ട് അവസാനിപ്പിച്ചു. ആ വസ്തു മേല്ച്ചാര്ത്തെടുക്കുകയും ചെയ്തു.

ആവശ്യമുണ്ടായാലും ഇല്ലെങ്കിലും എല്ലാ കാര്യങ്ങളും അവര് കുറുപ്പിനോടന്വേഷിക്കും. ഖണ്ഡിതമായി ഒരുത്തരം കിട്ടിയില്ലെങ്കിലും പറയുന്നതെല്ലാം വിധിയായി ആ ീ സ്വീകരിച്ചു. ആ കണ്ണുകള് 'എന്നെ കീഴടക്കു, എന്നെ തടവിലിടൂ' എന്നു നിശ്ശബ്ദമായി അപേക്ഷിച്ചു. കുറുപ്പ് അതു കണ്ടുവോ?

അന്നൊരു ദിവസം കുറുപ്പ് കുടുംബത്തിലേക്കു പോയിരിക്കുകയായിരുന്നു. തലേന്നാള് പോയതാണ്. ഉച്ചയായിട്ടും തിരിച്ചെത്തിയില്ല. ലക്ഷ്മിക്കുട്ടി ഉത്കണ്ഠാകുലയായി പടിക്കലേക്കുതന്നെ നോക്കിക്കൊണ്ടിരിക്കുന്നു. കുറുപ്പില്ലാത്ത ദിവസങ്ങള് തികച്ചും ഏകാന്തമായി അവര്ക്കു തോന്നി.

"കുടുംബത്തൊരാളില്ല." അവര് കൂടെക്കൂടെ പിറുപിറുത്തു.

"ഉണ്ണാറായി." ശങ്കു വന്നറിയിച്ചു.

"ഉം–ം."

"കുട്ടിക്കു ചോറു കൊണ്ടുപോകണ്ടേ?"

"കൊണ്ടുപൊയ്ക്കോ."

"അമ്മേടെ ഊണ് കഴിഞ്ഞിട്ട്..."

"എനിക്കായിട്ടില്ലെന്നു പറഞ്ഞില്ലേ!" അവര് ശുണ്ഠിയെടുത്തു. ശങ്കു തലവലിക്കുകയും ചെയ്തു. മുറിയില്നിന്നു തളത്തിലേക്കും അവിടെ നിന്നുമ്മറത്തേക്കും വീണ്ടും മുറിയിലേക്കും––അങ്ങനെ, പ്രസവത്തിന്നു സ്ഥലം തിരയുന്ന പൂച്ചയെപ്പോലെ, ലക്ഷ്മിക്കുട്ടി പരുങ്ങുകയാണ്. പെട്ടെന്നാണ് ഉമ്മറത്തുനിന്ന് ഒരു ശബ്ദം കേട്ടത്:

"ഇവിടെ വര്രു."

ആ ശബ്ദം, ഘനപ്രസന്നമായ ആ ശബ്ദം. ലക്ഷ്മിക്കുട്ടി ഓടിച്ചെന്നു. കുറുപ്പ് ഒരു കുട്ടിയെ താങ്ങിയെടുത്തുകൊണ്ടു നില്ക്കുകയാണ്.

"എന്താണിത്?" അല്പം പരിഭ്രമത്തോടെ ലക്ഷ്മിക്കുട്ടി ചോദിച്ചു.

“ബോധമില്ല. പടിക്കല് കിടക്കുന്നു. കുറച്ചു വെള്ളം.” അയാള് അവനെ ബെഞ്ചില് കിടത്തി, തന്റെ നെറ്റിയില്നിന്നു വിയര്പ്പു വടിച്ചുകളഞ്ഞു. വെള്ളം കൊണ്ടുവന്നു കുട്ടിയുടെ മുഖത്തു തളിച്ചു വീശി.

“ഏതാ ഈ കുട്ടി?” ലക്ഷ്മിക്കുട്ടി കുറുപ്പിന്റെ നേരെ നോക്കി.

“അറിയില്ല.”

“നല്ലൊരു കുട്ടി!”

“ഈ പൊരിവെയിലില് ബോധംകെട്ടു കിടക്കുന്നു.”

അവര് മാറിമാറി വീശി. അഷ്ടാവക്രനും ശങ്കുവും അല്പം ദൂരെനിന്ന് ഈ കാഴ്ച കാണുകയാണ്. കുറുപ്പ് ആ കൊച്ചു മുഖത്തേക്കുതന്നെ ദൃഷ്ടിയുറപ്പിച്ചു നില്ക്കുന്നു. ആ മുഖം എവിടെയോ വെച്ചു കണ്ടിട്ടുണ്ടല്ലോ. എവിടെവെച്ച്?

കുട്ടിയൊന്നു ഞെരങ്ങി.

ലക്ഷ്മിക്കുട്ടി അവന്റെ വായിലേക്ക് കുറേശ്ശെ വെള്ളം ഒഴിച്ചു കൊടുത്തു. പത്തു നിമിഷം! അവന് കണ്മിഴിച്ചു ചുറ്റും നോക്കി. തളര്ച്ച കൊണ്ടു കൂടുതല് മനോജ്ഞമായ കണ്ണുകള്.

“എത്തിയോ? ഞാനെത്തിയോ?” അവന് തട്ടിപ്പിടഞ്ഞെഴുന്നേല്ക്കാന് ഊന്നിക്കൊണ്ടു ചോദിച്ചു.

“കിടക്കു.” കുറുപ്പ് അവനെ പിടിച്ചുകൊണ്ടു പറഞ്ഞു. വാസ്തവത്തില് അവന്നു് എഴുന്നേല്ക്കാന് വയ്യായിരുന്നു.

“പറയൂ....പറയൂ...”

“എന്താണ് കുട്ടീ, വേണ്ടത്?” ലക്ഷ്മിക്കുട്ടി മൃദുലമായി ചോദിച്ചു.

“നിങ്ങളൊക്കെ ഇവിടെയാണോ?”

“അതേ.”

“അതിവിടെയാണോ?”

“എന്ത്?”

“ഭൂമിയുടെ അറ്റം?”

കുറുപ്പും ലക്ഷ്മിക്കുട്ടിയും പരസ്പരം നോക്കി.

“പറയൂ, പറയൂ; ഇതാണോ?”

“അതേ.”

“അതേ! എന്നാല് ഞാനൊന്നു കാണട്ടെ.”

“കുറച്ചു കഴിഞ്ഞിട്ടു കാണാം.” കുറുപ്പ് കുട്ടിയെ പിടിച്ചു കിടത്തി.

“ഹാവൂ...എന്തു ദാഹം! എത്ര നടന്നു!”

“കുടിക്കാന് വേണോ?”

“എന്നാലും ഞാന് എത്തിയല്ലോ!”

“കുറച്ചു കൂടി വെള്ളം കുടിക്കണോ?”

“ഇവിടന്നങ്ങോട്ട് ആകാശമാണ്, അല്ലേ? ഓട്ടിന്പുറത്തു വന്നു തട്ടുന്ന പേരക്കായപോലെ....നക്ഷത്രങ്ങള്....തൊടാം. എനിക്കും തൊടാം. ഹാവൂ!”

“ഇതാ, കുടിക്കു.” ലക്ഷ്മിക്കുട്ടി ധാരാളമായി പാല് അവന്റെ വായില്

ഒഴിച്ചുകൊടുത്തു. പാല് കുടിച്ചുകഴിഞ്ഞപ്പോള് അവനൊന്നു മയങ്ങി. ആ മുഖത്താകെ വിയര്പ്പു പൊടിഞ്ഞിരുന്നു. ലക്ഷ്മിക്കുട്ടി അതു പതുക്കെ തുടച്ചുകൊടുത്തു. എത്ര സുന്ദരമായ മുഖം!

നോക്കാന് അഷ്ടാവക്രന്നായരെ ഏല്പിച്ച് ലക്ഷ്മിക്കുട്ടിയും കുറുപ്പും പോയി ഊണുകഴിച്ചു തിരിച്ചുവന്നു. അപ്പോഴും കുട്ടി മയങ്ങുകയായിരുന്നു. ആ ചുണ്ടുകളില് ഒരു പുഞ്ചിരി തങ്ങിനിന്നു. എന്തൊക്കെയോ മനോജ്ഞസ്വപ്നങ്ങള് ആ കൊച്ചുഹൃദയത്തില് സാമ്രാജ്യങ്ങള് സൃഷ്ടിക്കുകയാവാം.

ഒടുവില് അവന് കണ്മിഴിച്ച് ലക്ഷ്മിക്കുട്ടിയുടെ മുഖത്തേക്കുതന്നെ തുറിച്ചുനോക്കി.

“കുട്ടി എവിടെനിന്നു വരുന്നു?”

“അവിടെനിന്നു വരുന്നു.” അവന് ദൂരേക്കു കൈ ചൂണ്ടി.

ഒരു നിശ്ശബ്ദത.

“എവിടേക്കു പോകുന്നു?”

“ഇവിടേക്ക്––ഭൂമിയുടെ അറ്റത്തേക്ക്.”

വീണ്ടും നിശ്ശബ്ദത. കുറുപ്പിന്റെയും ലക്ഷ്മിക്കുട്ടിയുടെയും നോട്ടങ്ങള് കൂട്ടിത്തൊട്ടു.

“കുട്ടിയുടെ പേര്?”

“എന്നെ അറിയില്ലേ? വിശ്വനാഥന്!”

അഞ്ച്

വിശ്വനാഥന് ചുറ്റും നോക്കി. അത്ഭുതകരമായ ലോകം. അത്രയും വിശാലമായ ഒരു വീട്ടില് അവന് ഇന്നേവരെ പ്രവേശിച്ചിട്ടില്ല. വലിയ വലിയ മുറികള്, കൂറ്റന് ജാലകങ്ങള്, സന്ധ്യാപ്രകാശം വന്നു തടവുന്ന ഇളം നീല വര്ണ്ണത്തിലുള്ള നീരാളങ്ങള്, വട്ടമേശകള്, അവയിന്മേല് വെച്ച വാടാപുഷ്പങ്ങള്, പച്ചച്ചായമിട്ട ചൂരല്ക്കസേരകള്, കൊതുകുവലകളാല് മറച്ച കട്ടിലുകള്, ചുമരില് പലപല പുഷ്പങ്ങള്. ആകപ്പാടെ ‘ഭൂമിയുടെ അറ്റം’ മോശമില്ല. മധുമാസകാലത്തെ ഇണവണ്ടുകളെപ്പോലെ, അവന്റെ കണ്ണുകള് എല്ലായിടത്തും പാറിനടന്നു.

അവിടെയുള്ള ആളുകളും നല്ലവരാണ്. ലക്ഷ്മിക്കുട്ടിയമ്മയെയാണ് ബോധം തെളിഞ്ഞപ്പോള് അവന് കണ്ടത്. അവരാണ് ഭൂമിയുടെ അറ്റത്തെത്തിയിരിക്കുന്നുവെന്ന് അവന്നു മനസ്സിലാക്കിക്കൊടുത്തത്. എന്തൊരു ഭംഗിയാണ് അവര്ക്ക്! ഇത്ര ഭംഗിയുള്ള പെണ്ണുങ്ങളുണ്ടോ? അവരുടെ കണ്ണുകളിലേക്കു നോക്കുമ്പോള് പേടി തോന്നുന്നു. അത്ര തിളക്കം. അവര് അവന്നു ഭക്ഷണം കൊടുത്തു. മധുരമായി ചോദിച്ചു:

“പേരെന്താ, കുട്ടിയുടെ?”

“വിശ്വനാഥന്.”

“വീടോ?”

“ദാ... അവിടെ.”

“എവിടെ?”

“അങ്ങനെയങ്ങനെ പോയിട്ട്, പിന്നെ കുന്നിന്റെ അതിലേ പോയിട്ട്, പിന്നെ കുറെ പോയിട്ട് അവിടെ.”

ആ ഭ്രമിശാ ം ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് മനസ്സിലായില്ല. അവര് അടുത്തു നിന്നിരുന്ന ഗോപിക്കുറുപ്പിന്റെ മുഖത്തേക്കൊന്നു നോക്കി. വീണ്ടും വിശ്വത്തിനോടു ചോദിച്ചു:

“അച്ഛനില്ലേ?”

“ഇല്ല.”

“അമ്മ?”

“ഉണ്ട്.”

“തിരിച്ചുപോണ്ടേ?”

“ഭ്രമിയുടെ അറ്റമൊക്കെ കണ്ടിട്ടു മതി.”

“ഇന്നു പോണ്ടേ?”

“വേണ്ടാ.”

“അമ്മ തിരയില്ലേ?”

“ഇല്ല.”

പിന്നെ എന്താണ് ചോദിക്കേണ്ടതെന്ന് ലക്ഷ്മിക്കുട്ടിയമ്മയ്ക്ക് നിശ്ചയമില്ല. പക്ഷേ, കുട്ടിയെ അവിടെ നിര്ത്താന് സാധിക്കുമോ? തെണ്ടിപ്പിള്ളരൊക്കെ വീട്ടില്ക്കയറി താമസിക്കാന് തുടങ്ങിയാലോ? ഒടുവില് ഒട്ടകം തമ്പിലാവും; അറബി പുറത്തും. ഇതു സത്രമാണോ? എങ്കിലും ആ കുട്ടിയുടെ മുഖത്തേക്കു നോക്കുമ്പോള് ‘കടന്നുപോ’ എന്നു പറയാന് തോന്നുന്നില്ല. ആകര്ഷകമായ മുഖം, നീണ്ടു ദ്വാരം വിടര്ന്ന മൂക്ക്, അത്ഭുതംകൊണ്ടു വിടര്ന്ന കണ്ണുകള്, നെറ്റിയിലേക്ക് ഊര്ന്നുവീണ തലമുടിച്ചുരുളുകള്, തുടുത്ത നിറം--മഴ നനഞ്ഞു തുങ്ങിയ ഒരു റോസാപ്പൂപോലെയുണ്ട്, ആ കുട്ടി. ലക്ഷ്മിക്കുട്ടിയമ്മ ഗോപിക്കുറുപ്പിന്റെ അടുത്തു ചെന്നു ചോദിച്ചു:

“എന്താണ് വേണ്ടത്?”

“നാളെയാവട്ടെ. അതിന്നുള്ളില് ആരെങ്കിലും തിരഞ്ഞുവരുമോ എന്നും അറിയാമല്ലോ.”

“ശരി.”

വിശ്വത്തിന്റെ ഹൃദയം പുതിയ അനുഭവങ്ങളില് ആണ്ടുമുങ്ങുകയായിരുന്നു. ഭ്രമിയുടെ അറ്റത്തെത്തിയാല് ഇതിലും വിചിത്രമായ കാഴ്ചകള് അവന് പ്രതീക്ഷിച്ചിരുന്നു. പക്ഷേ, അതൊക്കെ കാണാനിരിക്കുന്നേയുള്ളൂ. ചിരകാലമായി മനോരാജ്യം വിചാരിച്ചുപോന്ന രംഗങ്ങളും ചിത്രങ്ങളും അവന്നു യാഥാര്ത്ഥ്യങ്ങളായിത്തീര്ന്നിരിക്കുന്നു. അവന് അവയെ പ്രതീക്ഷിച്ചുകൊണ്ടു നടക്കുകയാണ്. അതിതാ, അടുത്തു വരാന് പോകുന്നു! നൂതനാനുഭവങ്ങളും നൂതനപ്രതീക്ഷകളും ഓളംവെട്ടുന്ന ആ ഹൃദയത്തില് അമ്മയുടെയും

അച്ഛന്റെയും രാധയുടെയും മുഖം കൂടക്കൂടെ അവ്യക്തമായി പ്രതിഫലിച്ചില്ലെന്നു പറഞ്ഞുകൂടാ. പക്ഷേ, പുതിയ ഓളങ്ങള് അവയെ അപ്പോള്ത്തന്നെ കലക്കിക്കളയുകയുംചെയ്തു.

എന്നല്ല, വിട്ടുപോന്ന വീട്ടിലെ ബന്ധങ്ങള് അത്രയും അയഞ്ഞു കഴിഞ്ഞിരുന്നു. ഒരു തേങ്ങാക്കുടിന്നു ചുവട്ടില് അഞ്ചാറു ജീവിതങ്ങള് പരസ്പരം കാണാതെ നുളഞ്ഞുകളിക്കുക--ആ ഒരു പതനത്തിലേക്ക് എത്തിക്കഴിഞ്ഞിരുന്നു മാസ്റ്ററുടെ വീട്. പന്നിയിറങ്ങിയ നെല്വയലുപോലെ, അലുക്കലുക്കായിക്കഴിഞ്ഞിട്ടുണ്ട്. പന്നി വേലുമ്മാനായിരുന്നു.

ഭയപ്പെടുത്തി ഭരിക്കുന്നവര്ക്ക് ഭയപ്പെടാന് കൂട്ടാക്കാത്തവരെ നശിപ്പിക്കണം. ഏകാധിപതിയുടെ എതിരാളി മരണംവരിക്കാന് തയ്യാറായിരിക്കണം. മാസ്റ്ററുടെ വഴക്കമില്ലായ്മ വേലുമ്മാനെ അധികം അരിശംപിടിപ്പിച്ചു: "കണ്ടോ കുറുമ്പ്? മൊയ്തീന്ഹാജിയെ ആശ്രയിക്കാം. എന്നാലും എന്റെ അടുത്തു വരില്ലെന്ന്! അവന് ഇക്കണക്കിനു നാളെ എന്റെ തലയില് കയറിയിരിക്കില്ലേ?" തന്നെപ്പോലെ അധികാരമുറപ്പിക്കാന് യത്നിക്കുന്നവരാണ് മനുഷ്യരെല്ലാമെന്നാണ് വേലുമ്മാന്റെ വിശ്വാസം. ആനയെ കല്ലെറിഞ്ഞ് അതിന്റെ കാലില് ചാരിനില്ക്കാന് കഴിയുമോ? രണ്ടിലൊന്നു തീര്ച്ചപ്പെടുത്തണം. വേലുമ്മാന് കൊണ്ടുപിടിച്ചു ശ്രമിച്ചു.

ഒരു കൂറ്റന് ഹരജി തയ്യാറാക്കി. അതുപ്രകാരം "രാമന്മാസ്റ്റര് അപകടക്കാരനും സ്വഭാവദൂഷ്യമുള്ളവനും കുട്ടികളെ ദുഷിപ്പിക്കുന്നവനും എന്തും ചെയ്യാന് മടിയില്ലാത്തവനും എന്നാല് കോങ്കുറസ്സുകാരനുമാണ്. അതു കൊണ്ടു സമക്ഷത്തിലെ ദയവുണ്ടായി ഈയാളെ പിരിച്ചയച്ചോ സ്ഥലംമാറ്റം ചെയ്തോ കുട്ടികളെ രക്ഷിപ്പാന്" വണക്കമായി അപേക്ഷിച്ചുകൊണ്ടുള്ള താണ് ഹരജി. ഈ കടലാസും വെള്ളികെട്ടിയ തന്റെ ചൂരല്വടിയുമായി വേലുമ്മാന് വീടായ വീടൊക്കെ കയറിയിറങ്ങി.

"മാസ്റ്ററൊരു സാധുവാണല്ലോ, വേലുമ്മാന്." ചിലര് പറഞ്ഞുനോക്കി. "മിണ്ടാപ്പൂച്ചയാണ് കലമുടയ്ക്കുന്നത്. താനും കോങ്കുറസ്സാണെങ്കില് ഒപ്പിടേണ്ട."

"ഞാനോ?"

"സര്ക്കാരിന്നെതിരാണെന്നുവെച്ചാല് ഒപ്പിടരുത്. ഈ ഒപ്പു കഴിയുമ്പോഴേക്കും രണ്ടും രണ്ടു പങ്കിലായിക്കാണും."

"മരുമകളുടെ ഭര്ത്താവല്ലേ, വേലുമ്മാന്?"

"പൊന്നുംസൂചിയാണെന്നുവെച്ചു കണ്ണില് കുത്തിയാല് വേദനിക്കില്ലേ?"

"മൂന്നുനാലു കുട്ടികളില്ലേ?"

"ഉണ്ട്. മൂന്നു കുട്ടികളെ മാധവി പെറ്റു. ഒരു കുട്ടിയെ അവനും!" താന് പറഞ്ഞ ഫലിതം ഓര്ത്ത് ഒന്നുറിച്ചിരിച്ചിട്ട് വേലുമ്മാന് തുടര്ന്നു: "തന്നെ വിട്ടൊരു തല്ലില്ല. എനിക്കു കുടുംബത്തെ സ്നേഹമില്ലേ? ഇതു ചെയ്യാഞ്ഞാല് പിന്നെ കൈയുംകെട്ടിനിന്ന് ഉത്തരം പറയേണ്ടിവരും. കാലസ്ഥിതി ഓര്ക്കണ്ടേ..."

ആ ഓര്മ്മപ്പെടുത്തല് വളരെ കാര്യങ്ങള് ഉള്ക്കൊണ്ടിരുന്നു. 1931-ലെ

ദേശീയപ്രസ്ഥാനം അരങ്ങൊരുങ്ങി വരികയാണ്. അന്തരീക്ഷം തികച്ചും കനത്തിരുന്നു. ഇടിനാദങ്ങള് മുരണ്ടു മുഴങ്ങിക്കളിക്കുന്നു. ഇടയ്ക്കും തലയ്ക്കും ഓരോ വാള്വീശലും നടന്നു. രാജ്യത്തൊരു ചേരിപിരിവ്. ഇളക്കംകൊണ്ടു നഷ്ടപ്പെടുവാനുള്ളവരെല്ലാം പുതുപ്രസ്ഥാനത്തെ ഭയപ്പെട്ടു. ഗാന്ധിയെ ചീത്ത പറഞ്ഞു. ഖിലാഫത്ത് പ്രസ്ഥാനം വരുത്തിവെച്ച വിനകള് ഓര്മ്മപ്പെടുത്തി. ബ്രിട്ടന് പിന്മാറിയാല് മാപ്പിളമാര് ഹിന്ദുപ്പെണ്ണുങ്ങളുടെ മൂക്കും മുലയും നടന്നാരിയും. ഹിന്ദു ഭൂരിപക്ഷം മാപ്പിളമാരെ മക്കത്തേക്കോടിക്കും--നാട്ടില് 'വിവരമുള്ളവരാ'ണിതൊക്കെ ഉറക്കെയുറക്കെ പ്രഖ്യാപിക്കുന്നത്. രക്ഷയ്ക്കുവേണ്ടി ഇടത്തരക്കാരില് തലമുതിര്ന്നവര് മൂളിക്കൊടുക്കുകയും ചെയ്തു. എതിരഭിപ്രായക്കാര് നിശ്ശബ്ദരായിരുന്നു. എങ്കിലും ബ്രിട്ടനോടു കലശലായ വെറുപ്പ്. എല്ലാവരെയും സ്വരാജ്യസ്നേഹമായിരുന്നില്ല പ്രേരിപ്പിച്ചിരുന്നത് ഒന്നാംയുദ്ധത്തിനുശേഷമുണ്ടായ സാമ്പത്തികത്തകര്ച്ചയും തൊഴിലില്ലായ്മയും അവരെ വെറി പിടിപ്പിച്ചിരുന്നു. ആയിരം നാളികേരം കൊടുത്താല് പത്തൊമ്പത്- ഇരുപതുറുപ്പിക. കുരുമുളകു വാങ്ങാനേ ആളില്ല. ഒരു വണ്ടി നെല്ലു വിറ്റാല് ഒരു കുടുംബത്തിന് ഉടുപ്പു വാങ്ങാന് തികയില്ല. പട്ടിണി, രോഗം, നിരാശ ഇതിനൊക്കെ കാരണം ബ്രിട്ടീഷ് ഗവണ്മെന്റാണെന്ന ന്യായമായ പ്രചാരവേല അവരുടെ വിദ്വേഷത്തിനു വഴിച്ചാലു കീറിക്കൊടുക്കുകയുംചെയ്തു. ഒരു മാറ്റം, പക്ഷേ, തങ്ങള്ക്കു രക്ഷ നല്കിയേക്കാമെന്ന് അവര് വിശ്വസിച്ചു. ഈ മനോഭാവം മണത്തറിയുവാന് കഴിഞ്ഞ ഗവണ്മെന്റ് കൂടുതല് സി. ഐ. ഡി. കളെ നിശ്ചയിച്ചു. കൂടുതല് സര്ക്കുലറുകള് അയച്ചു. കൂടുതല് രക്ഷാനടപടികള് സ്വീകരിച്ചു. ചെറിയ കാരണങ്ങളുണ്ടാക്കി റിസേര്വ് പോലീസിനെ തെക്കും വടക്കും മാര്ച്ച് ചെയ്യിച്ചു. വേലുമ്മാന്റെ അതേ തന്ത്രം--ഭയപ്പെടുത്തി ഭരിക്കുക. ഒരാളുടെ പേരില് സംശയമുണ്ടാവുക എന്നതിനര്ത്ഥം, ആമത്തിനു കൈ നീട്ടുകയെന്നാണ്. വേലുമ്മാന്റെ ആ സൂചന അത്രത്തോളം കനത്തതായിരുന്നു. ആ കനത്ത താക്കീതിനു പിമ്പെ ഹരജി നീക്കിക്കൊടുത്താല് ഒപ്പുകള് താനേ വരുമെന്നു വേലുമ്മാനറിയാം. തികച്ചും ഫലിച്ചു ആ വിദ്യ. പ്രമാണപ്പെട്ട പലരില്നിന്നും ഒപ്പു നേടി. മൊയ്തീന്ഹാജി മാത്രം താടി കൂട്ടിത്തിരുമ്മിക്കൊണ്ടു പറഞ്ഞു: "ഞമ്മടെ കുട്ട്യോള് ഷ്കോളില് പോവുന്നില്ല. പിന്നെ, ഞമ്മളെ ഓല് ചേര്ക്കുല്ല. എന്ത്യേ, വേല്യാരേ?"

"എന്നാലും നാട്ടുകാരുടെ ആവശ്യം."

വേലുനായര് ഒന്നു കുറുനീക്കി.

"എല്ലാവരും പാടേ നാട്ടുകാരെ നന്നാക്കിയാല് ഓല് ബല്ലാതെ നന്നായിപ്പൊഗ്ഗും. ഇങ്ങള് ഇപ്പോ നടക്കീ...." ഹാജി തീര്ത്തുപറഞ്ഞു. 'ഒസു' ഉറപ്പിക്കാനുള്ള വെള്ളവുമെടുത്തു നടന്നു.

വേലുമ്മാന് ഒന്നമര്ത്തിമൂളി പടികടന്നു. അതിലും കഠിനമായി പ്രതിഷേധിച്ചത് കുഞ്ഞിരാമനാണ്. അയാള് ചോദിച്ചു: "എന്തിനാണീ മഹാഭാരതം?"

“വായിച്ചുനോക്ക്. ഒപ്പിടുന്നതു നമുക്കൊക്കെ നന്ന്.”

“ഞങ്ങളെ നന്നാക്കിയതൊന്നും പോരേ? ഒപ്പല്ല നിങ്ങള്ക്കു തരേണ്ടത്.... പോട്ടെ. പടിപ്പുറത്തു കടക്ക്!”

വേലുമ്മാന് ഉരുള്മോതിരം തിളങ്ങുന്ന തന്റെ മുങ്ങന്വിരലുകള് ചൂണ്ടിക്കൊണ്ടു ചോദിച്ചു: “എനിക്കു വയസ്സെത്രയായി എന്നറിയോ?”

“നിങ്ങളുടെ ജാതകമെഴുതിയതു ഞാനല്ലല്ലോ.”

“എന്നാല് ഒന്നോര്ത്തോ! നീ ഇതിന്നനുഭവിക്കും. വേലുവാണ് പറയുന്നത്!”

“ഫൂ!” കുഞ്ഞിരാമന് ഒരൊറ്റ ഊത്ത്. വേലുമ്മാന് വലിഞ്ഞുനടന്നു. ഇതൊന്നും അയാളുടെ ഗതിയെ തടഞ്ഞില്ല, വളരെ ഒപ്പുകളോടുകൂടി ഹരജി മേലധികാരത്തില് എത്തുകതന്നെ ചെയ്തു. ഹരജിപ്പുറത്തു കനം വയ്ക്കാതിരുന്നാല് അതു പറന്നുപോകുമെന്ന് വേലുമ്മാന്നറിയാം. അയാളും ഹരജിയുടെ കൂടെ പോയി. അധികം താമസിച്ചില്ല. സമാധാനമാവശ്യപ്പെട്ടുകൊണ്ടുള്ള കല്പന മാസ്റ്റര്ക്കു കിട്ടി. എന്തു സമാധാനം? വഴിയില്ക്കൂടി പോകുന്ന മനുഷ്യനെ തടഞ്ഞുനിര്ത്തി, അമ്മയെയോ പെങ്ങളെയോ കൊന്നത് എന്നു ചോദിച്ചാല് എന്തുത്തരം പറയും? രണ്ടുപേരെയും കൊന്നില്ലെന്നു പറയുന്നത് ചോദ്യത്തിനുള്ള സമാധാനമല്ല . മേലധികാരി ചോദിക്കുമ്പോള്, ചോദിച്ചതിനേ ഉത്തരം പറഞ്ഞുകൂടൂ.

കലശലായ വയറ്റില്വേദന അലട്ടിക്കൊണ്ടിരിക്കുമ്പാഴാണ് മാസ്റ്റര് ഈ കല്പന കൈപ്പറ്റിയത്. വായിച്ചുനോക്കി ചുരുട്ടിക്കൂട്ടി ഒരു മുക്കിലേക്ക് എറിഞ്ഞു: “മനസ്സില്ല, സമാധാനം പറയാന്!”

“എന്താ കടലാസ്?” മാധവിയമ്മ പതുക്കെ അടുത്തുകൂടി.

“അമ്മാമന് മരുമകള്ക്കു നേടിത്തന്ന സമ്പാദ്യം.”

“കാര്യം പറയൂ.”

“പണിയില്നിന്നു പിരിച്ചു വിടാതിരിക്കാന് കാരണം കാണിക്കാന്!”

“പിരിച്ചുവിടാനോ? എന്തിന്?”

“ആ കൊരണ്ടിന്തയോടു പോയി ചോദിക്ക്.”

“അങ്ങനെ പറഞ്ഞാല്...”

“പോയ്ക്കോ അവിടുന്ന്!” മാസ്റ്റര് ഒരലര്ച്ച.

മാധവിയമ്മ മറുപുറത്തേക്കു നീങ്ങി. അവര് പോയി അടുക്കളവാതിലുകളും ചാരിയിരുന്നു കരഞ്ഞു.

“എന്താ, അമ്മേ?” രാധ ചോദിച്ചു.

“ഒന്നുല്യാ.”

“പിന്നെ എന്തിനാ കരേന്നത്?”

“നീ അങ്ങോട്ടു പോയ്ക്കോ.” അതൊരു ശാസനയായിരുന്നു. രാധ, ബാലാമണി സുഖക്കേടായി കിടക്കുന്ന മുറിയിലേക്കു പോയി.

“എന്തിന്, രാധേ, അമ്മയെ അലട്ടുന്നത്?” ഒരു ക്ഷീണിച്ച സ്വരം പായില്

നിന്നു പുറപ്പെട്ടു.

അതിന് രാധ സമാധാനം പറഞ്ഞില്ല. അവള് തലയും താഴ്ത്തിയിരുന്നു. കരയാന് ഇഷ്ടമില്ലാത്തതുകൊണ്ട് അവള് ചുണ്ടു കടിച്ചമര്ത്തി.

അന്നു വൈകുന്നേരം കുഞ്ഞിരാമന് അവിടെ വന്നപ്പോള് രാധ അയാളോട് ചോദിച്ചു: "അച്ഛന് പറഞ്ഞോ?"

"എന്ത്?"

രാധ കാര്യങ്ങള് വിവരിച്ചു. കുഞ്ഞിരാമന് മൂകനായി നിന്നതേയുള്ളൂ.

"എന്താ ആലോചിക്കുന്നത്?"

"അവനെ കൊല്ലാന്, ആ ഗ്രളികനെ."

"അതുകൊണ്ടെന്താ രക്ഷ?"

"ഞാനൊരുത്തനല്ലേ നശിക്കൂ? നാട്ടുകാര്ക്കു രക്ഷയായല്ലോ."

"സാഹസമൊന്നും കാട്ടാതെ, വല്ല വഴിയുമുണ്ടോ എന്ന് ആലോചിക്കൂ."

"കുഞ്ഞിരാമന് കുറച്ചുനേരം ചിന്തിച്ചിരുന്നിട്ട് ഇറങ്ങിനടന്നു. നേരേ മൊയ്തീന്ഹാജിയുടെ അടുത്തുചെന്ന് ഉണ്ടായതെല്ലാം പറഞ്ഞു. ഹാജി താടി തിരുമ്മി ആലോചിച്ചു: "ഇച്ചിരി ഇഷ്കാലുണ്ട്. ഒന്നൂണ്ട്--കടലാസിമ്മില് കനം ബെച്ചുകൊടുത്താല് ഈ എയ്തീതൊക്കെ മായ്ക്കാം. പക്കെങ്കില് ഇനീം എയ്തും. ഏത്? മേഷ്ട് സമാതാനം കൊടുക്കട്ടെ. ഒരു കഞ്ജ് നോക്കാം."

കുഞ്ഞിരാമനു സമാധാനമായി. ഹാജിക്കും ചില പിടിവള്ളികളൊക്കെയുണ്ട്. അതിന്മേല് പിടിച്ചുതൂങ്ങി കാര്യം നേടാം. അവന് തിരക്കിട്ടു മാസ്റ്ററുടെ അടുത്തേക്ക് ഓടി.

"എന്തു ചെയ്യാന് വിചാരിക്കുന്നു?"

"ഒന്നും ചെയ്യാന് ഭാവമില്ല."

"അങ്ങനെയായാല് പറ്റില്ലല്ലോ."

"പറ്റും. ഞാന് കൊല്ലങ്ങള് കുറെയായി ഈ തൊഴിലു തുടങ്ങിയിട്ട്. സ്കൂള് മാസ്റ്ററായിരുന്നിട്ടുള്ള സമ്പാദ്യമൊക്കെ കണ്ടല്ലോ. മതി, എനിക്കു മടുത്തു. വയ്യതാനും. ഞാന് ആരെയും ദ്രോഹിച്ചിട്ടില്ല. ആരുടെ കാലു പിടിക്കാനും തയ്യാറില്ല..."

"എന്നാലും..."

"എന്നോടു പറയേണ്ടാ. ഞാനറിഞ്ഞു." അതു പറഞ്ഞപ്പോള് രാമന് മാസ്റ്റര് കിതയ്ക്കുന്നുണ്ടായിരുന്നു. അവശത മൂര്ത്തീകരിച്ചപോലെ ഇരിക്കുന്ന മാസ്റ്ററുടെ മുഖത്തേക്ക് ഒന്നു നോക്കിയപ്പോള് കൂടുതല് നിര്ബ്ബന്ധിക്കാന് കുഞ്ഞിരാമനു ധൈര്യം വന്നില്ല. ഒരായുഷ്കാലം മുഴുവന് യത്നിച്ചിട്ട് ഇന്നുള്ള സമ്പാദ്യം ഒരു മാറാവ്യാധി മാത്രമാണ്. ഒരു നെടുവീര്പ്പോടെ ആ ചെറുപ്പക്കാരന് സ്ഥലംവിട്ടു.

മാധവിയമ്മയ്ക്ക് അങ്ങനെ വിട്ടൊഴിയാന് നിവൃത്തിയുണ്ടായിരുന്നില്ല. അവര് വീണ്ടും വീണ്ടും ഭര്ത്താവിനെ പ്രേരിപ്പിച്ചുനോക്കി. അയാള് ഒരൊറ്റ പിടിത്തം: "സാധിക്കില്ല!"

“കുട്ടികളെ പുലർത്തണ്ടേ?”

“ഞാന് മരിച്ചാല് അവരെങ്ങനെ കഴിയും? അതിന്നിനി അധികതാമസമില്ലതാനും. നേര്ത്തെത്തന്നെ പരിചയപ്പെടുന്നതു നന്ന്!”

ആ കുടുംബിനി കണ്ണീര് തുടച്ചു കടന്നുപോയി.

മേലധികാരത്തില്നിന്നു വീണ്ടും വീണ്ടും കല്പനകള് വന്നു. ഓരോന്നും വാങ്ങി, വായിക്കുകകൂടി ചെയ്യാതെ, മുക്കിലേക്ക് ചുരുട്ടിക്കൂട്ടി എറിഞ്ഞു. എന്നിട്ടു വയറുംപിടിച്ചിരുന്നു ഞെരങ്ങി: “ഹാവൂ!”

ഒടുവിലത്തെ കല്പന വന്നപ്പോള് എന്തോ അയാളതു വായിച്ചു. എന്നിട്ടു പൊട്ടിച്ചിരിച്ചു.

“അതു വന്നോ? നന്നായി, ഉപദ്രവം തീര്ന്നല്ലോ!”

രാധ അതെടുത്തു വായിച്ചു. ഒരു കനത്ത മുഖഭാവത്തോടെ അമ്മയെ ഒന്നു നോക്കി. പ്രതീക്ഷിച്ച ആപത്ത് അവസാനം വന്നുചേര്ന്നിരിക്കുന്നു. അമ്മ മകളോടോ മകള് അമ്മയോടോ ഒന്നും പറഞ്ഞില്ല. ആരും ആരോടും സംസാരിച്ചില്ല. നിശ്ചലം, നിശ്ശബ്ദം.

ആ വീട്ടില് അന്നു മാസ്റ്ററൊഴികെ ആരും ഉറങ്ങിയില്ല. പിറ്റേന്ന് മാധവിയമ്മ കറവുവറ്റിയ ആടിന്റെ രണ്ടു കുട്ടികളുണ്ടായിരുന്നവയെ പിടിച്ചുവിറ്റു. പണം വാങ്ങി പെട്ടിയില് വയ്ക്കുമ്പോള് അവര് സ്വയം പറഞ്ഞു: “തീരുന്നതുവരെ തിന്നോട്ടെ.”

മാസ്റ്ററതു കേട്ടുവോ? കുറെ ദിവസമായി അയാള് ഒന്നും കേള്ക്കാറില്ല. രോഗിണിയായ മകളുടെയും വിശ്വത്തിന്റെയും കാര്യത്തില് മുമ്പൊക്കെ അയാള് വളരെ ശ്രദ്ധിക്കാറുണ്ടായിരുന്നു. ഇന്ന് അവരെപ്പറ്റിപ്പോലും ചോദിക്കാറില്ല. അയാള് കട്ടിലില് ചുരുണ്ടുകൂടി.

“വിശ്വം രാവിലെ പോയതാ. ഇതേവരെ വന്നില്ല.”

“ങാഹാ?” മാസ്റ്ററുടെ അന്വേഷണം അവിടംകൊണ്ടവസാനിക്കും.

“ഈ കുട്ടി ഇങ്ങനെയായാല് പറ്റില്ലല്ലോ.”

“തോട്ടുവരമ്പത്തു ചെന്നു വെള്ളച്ചാലിലേക്കു നോക്കി അന്തംവിട്ടു നില്ക്കുന്നുണ്ടാവും.” രാധ ഇടയില്ക്കടന്നു പറഞ്ഞു.

“ഈ കുട്ടിക്ക് എന്തു പറ്റി?” മാധവിയമ്മ അത്ഭുതപ്പെട്ടു.

“എല്ലാവര്ക്കും പറ്റിയതുതന്നെ!” മാസ്റ്റര് ക്രൂരമായി ഒന്നു ചിരിച്ചു.

മൂത്ത മകള് കിടക്കുന്ന മുറിയിലേക്ക് ദുര്ല്ലഭമായേ അയാള് കാലെടുത്തു വയ്ക്കാറുള്ളൂ. അയാള് അങ്ങോട്ടു ചെല്ലുമ്പോഴേക്കുതന്നെ അവള് പറയും: “എനിക്കിപ്പോള് സുഖമുണ്ടച്ഛാ.”

ഒട്ടിയ കവിളും ഇടിഞ്ഞ ചുമലും തിളക്കംകൂടിയ കണ്ണുകളുമായി ഉദയാസ്തമനം ആ തഴപ്പായില് കഴിച്ചുകൂട്ടുകയായിരുന്നു ബാലാമണി. അവള് ഒരു വാഴച്ചപ്പുപോലായിരിക്കുന്നു. ആ ജീവന് വറ്റുകയായിരുന്നു. മാസ്റ്റര് മകളെ ഒന്നു നോക്കി പുറത്തേക്കു കടന്നു. ക്രൂരമായ ഒരുതരം നിര്ല്ലേപത മാസ്റ്ററെ ബാധിച്ചു കഴിഞ്ഞിരുന്നു. ‘എനിക്കൊന്നും പേടിക്കാനില്ല’ എന്നൊരു മട്ടാണ്.

കൂത്തിത്തറയ്ക്കുന്ന ഫലിതങ്ങള് അയാള് കൂടെക്കൂടെ പറഞ്ഞു. കുട്ടികള് കഞ്ഞികുടിക്കുന്നതു നോക്കിക്കൊണ്ടു ചോദിച്ചു: "നിങ്ങള് ഈ തൊഴില് മറന്നിട്ടില്ലേ?"

ആരും അതിനു സമാധാനം പറഞ്ഞില്ല. പതുക്കെപ്പതുക്കെ 'ആ തൊഴില്' വിസ്മരിക്കണമെന്നായപ്പോഴേക്കും മാസ്റ്റര് അനങ്ങിയില്ല.

"എന്താ, കുഞ്ഞിരാമാ ഇനി വഴി?" മാധവിയമ്മ ആ ചെറുപ്പക്കാരനോടു ചോദിച്ചു.

"എന്താണ് പറയേണ്ടത്?" ചുമരിലേക്കെറിഞ്ഞ റബ്ബര്പന്തുപോലെ, ആ ചോദ്യം തിരിച്ചുവന്നു. എന്നിട്ട് കുഞ്ഞിരാമന് മൊയ്തീന്ഹാജിയുടെ അടുത്തുചെന്നു കാര്യങ്ങള് വിസ്തരിച്ചു പറഞ്ഞു.

"ആ മേഷ്ടരോട് ഒന്നിങ്ങട്ടു ബരാന് പറയ്." ഹാജി തുടര്ന്നു: "പഹേന് കോയീനെ പൊരുത്തിനുവെച്ചചേലിക്കു കുടുംബത്തിരുന്നാ പറ്റ്വോ?"

"വരാന് പറയാം."

മാസ്റ്റര് വന്നു. അവശനും നിര്ല്ലേപനുമായിത്തീര്ന്ന അയാളെ കണ്ടപ്പോള് മൊയ്തീന് ഹാജി പറഞ്ഞു: "ഞമ്മക്കിത്തിരി കണക്കെയ്താനുണ്ട്. ഇങ്ങളതൊന്നു സരിപ്പെടുത്തണം." ഒരു കെട്ടു പുസ്തകവും അഞ്ചുറുപ്പികയും മാസ്റ്ററെ ഏല്പിക്കുകയുംചെയ്തു. അതും താങ്ങി മാസ്റ്റര് വീട്ടിലേക്ക് പോന്നു. കണക്കുകള് കുഞ്ഞിരാമന് ശരിപ്പെടുത്തി. ഉറുപ്പിക മാധവിയമ്മ ചെലവാക്കുകയുംചെയ്തു.

അങ്ങനെ കുടിച്ചും കുടിക്കാതെയും ആ കുടുംബം പുലര്ന്നു.

ഇതിനിടയിലാണ് വിശ്വത്തിന്റെ യാത്രകള്. അവന്റെ സാന്നിദ്ധ്യംതന്നെ ആരും അറിയാറില്ല. കുട്ടിക്കാലത്തു പുറമേക്കുണ്ടായിരുന്ന ബഹളമെല്ലാം ഇപ്പോള് അകത്തോട്ടു വലിഞ്ഞിരിക്കുന്നു. പുതിയ ലോകങ്ങളെപ്പറ്റി, ലോകങ്ങളുടെ അറ്റങ്ങളെപ്പറ്റി, നക്ഷത്രമണ്ഡലങ്ങളിലൂടെ പറന്നാലുണ്ടാകുന്ന അനുഭവങ്ങളെപ്പറ്റി, അവന് കൊണ്ടുപിടിച്ച് ആലോചിക്കയാണ്. പുറമേ പ്രശാന്തം; അകത്തോ ആകെ ബഹളം. പാടത്തിന്നക്കരെയുള്ള വെള്ളച്ചാലിലേക്ക് ഇല പറിച്ചിട്ട്, അതു നൃത്തംവെച്ച് അനന്തതയിലേക്കു പോയി മറയുന്നതു നോക്കിനില്ക്കുന്നത് അവനു പ്രിയതരമായ വിനോദമാണ്. അവയെല്ലാം ഒഴുകിയൊഴുകി ഭൂമിയുടെ അറ്റംവരെ പോവും. 'ഞങ്ങള് വിശ്വനാഥന്റെ അടുത്തുനിന്നു വരികയാണെന്ന് അവ പറയുമോ?' അങ്ങനെ തുടരെ സന്ദേശവാഹകന്മാരെ അയയ്ക്കുന്നതായിരുന്നു പ്രധാന ഉദ്യോഗം.

"ബല്യേ മേട് എബടക്കാ?" അതിലേ കടന്നുപോവുകയായിരുന്ന മൊയ്തീന്ഹാജി ഒരിക്കല് അവനോടു ചോദിച്ചു.

"ഏ?" വിശ്വനാഥന് തലപൊക്കി നോക്കി.

"എബടക്കാന്ന്?"

"ഭൂമിയുടെ അറ്റത്തേക്ക്!"

മൊയ്തീന്ഹാജി അവനെ നോക്കി ചിരിച്ചു: "പോണ ഥലം നന്ന്! ബയീന്ന്

ചക്കര മേങ്ങാം. ഇത് കഞ്ഞിലിരുന്നോട്ടെ." ഒരണ ആ കൊച്ചു കൈയില് വെച്ചു കടന്നുപോയി.

മൂന്നു ദിവസം കഴിഞ്ഞ് അവന്റെ ട്രൗസര് അലക്കുമ്പോള് പോക്കറ്റില്നിന്ന് മാധവിയമ്മയ്ക്ക് ആ അണ കിട്ടി.

ഈ യാത്ര തോടുവക്കിനെയും അതിക്രമിച്ചു. നിറഞ്ഞ മനസ്സും തളര്ന്ന ശരീരവുമായി അവന് തിരിച്ചെത്തുന്നത് സായാഹ്നങ്ങളിലാണ്.

"എവിടെ പോയിരുന്നു, വിശ്വം?" രാധ ചോദിച്ചു.

"ദാ, അവിടെ--ദൂരേ! ഇവിടെ ഇരുന്നാല് വല്ലാതെ വിശക്കും. നടന്നു നടന്നങ്ങനെ പോകുമ്പോള് ഒന്നും അറിയില്ല. രാധ ആ അറ്റത്തുള്ള കുന്നിന്റെ അപ്പുറത്തു പോയിട്ടുണ്ടോ?"

"ഇല്ല."

"അതു കയറിമറിഞ്ഞാല് പിന്നെ വല്യേ സ്ഥലാണത്രേ!"

"വിശ്വം പോയോ?"

"ഇല്ല. ഒരു ദിവസം പോണം."

"അങ്ങനെ തെണ്ടിനടക്കരുതേ."

"ഒക്കെ കാണാല്ലോ. ഞാനങ്ങനെ പോയിപ്പോയി ഭൂമിയുടെ അറ്റംവരെ പോവും."

രാധ കുലുങ്ങിച്ചിരിച്ചു. ആ ചിരി അവസാനിക്കുന്നതിനുമുമ്പേ അകത്തു നിന്ന് ഒരു കരച്ചില് കേട്ടു. അത് മാധവിയമ്മയുടേതായിരുന്നു. രാധ ഓടിച്ചെന്നു നോക്കി. ജ്യേഷ്ഠത്തി കണ്ണടച്ചു കിടക്കുന്നു. അടുത്തു തന്നെ അമ്മ കിടന്നു പൊട്ടിക്കരയുന്നു.

ആ അമ്മ മകളുടെ നിര്ജ്ജീവമായ ശരീരം കെട്ടിപ്പിടിച്ചുകൊണ്ടു വീണ്ടും വീണ്ടും കരയുകമാത്രം ചെയ്തു.

രാധയ്ക്ക് അപ്പോഴേ കാര്യം മനസ്സിലായുള്ളൂ. തേങ്ങല് അവളുടെ മാറില്ക്കിടന്നു മുട്ടിത്തിരിഞ്ഞു. മാസ്റ്റര് വന്നു നോക്കി. ഒരേ നില്പ്പില് കുറെ നേരം നിന്നിട്ടു തിരിച്ചുപോയി. ആ അച്ഛന്റെ കണ്ണുകള് നനഞ്ഞില്ല.

സന്ധ്യയായപ്പോഴേക്കും ശവദാഹം കഴിഞ്ഞ് ആളുകള് തിരിച്ചുപോയി. വിശ്വനാഥന് രാധയോടു പറഞ്ഞു:

"എനിക്കു തീരെ സുഖമില്ല."

"എന്തേ?"

അവന് പൊട്ടിപ്പൊട്ടി കരഞ്ഞു. രാധയും കരഞ്ഞു. ഗോപാലകൃഷ്ണന് വിടാതെ കരഞ്ഞു. വിശ്വനാഥന് രാധയുടെ മടിയില് തലവെച്ചു കിടന്നു തേങ്ങിത്തേങ്ങി കരഞ്ഞു. എന്നിട്ട് ഉറങ്ങി. അവളും ചുമര്ചാരിയിരുന്നു മയങ്ങുകയാണ്. ജ്യേഷ്ഠത്തിയുടെ ദയനീയമായ മുഖം ആ ഇളം മനസ്സിലേക്ക് കടന്നുവരികയായിരുന്നു...

ഈ സംഭവത്തിനുശേഷം ആരും ആ വീട്ടില് ചിരിച്ചില്ല--രാധപോലും. അര്ദ്ധരാത്രിക്ക്, സ്ഥലംമാറ്റം ചെയ്യുന്ന തടവുപുള്ളികളെപ്പോലെ,

നിശ്ശബ്ദരായി അവര് നീങ്ങി. ജീവിതം കനത്ത ചങ്ങലപോലെ തുങ്ങുന്നു. അതു കിലുങ്ങാതെ കഴിക്കാന് എല്ലാവരും യത്നിക്കുകയാണെന്നു തോന്നും.

മാസ്റ്റര് ചിന്താധീനനായിരിക്കയാണോ? അതോ എല്ലാം വിസ്മരിച്ചിരിക്കയാണോ? ദിവസങ്ങള് ഉദിക്കുന്നതും അസ്തമിക്കുന്നതും അയാള് അറിഞ്ഞില്ല. ഒരു ദിവസം അയാള് രാധയെ വിളിച്ചു.

"എന്താ അച്ഛാ?"

"കുറച്ചു ചൂടുവെള്ളം താ."

അവള് അതു കൊണ്ടുവന്നു കൊടുത്തു. അത് ഊതിയൂതി കുടിക്കുന്നതിനിടയില് അയാള് മകളെ ഉറ്റുനോക്കുകയും ചെയ്തു.

"രാധേ!"

"എന്താ അച്ഛാ?"

"അച്ഛന് ചത്താല് നീ എന്തു ചെയ്യും?"

അവള് ഉത്തരം പറഞ്ഞില്ല.

"പറയ്. എന്തു ചെയ്യും?"

"ഞാനും ചാവും." രാധ ഗദ്ഗദത്തോടെ പറഞ്ഞു.

"അത് നന്ന്. പക്ഷേ, അതു സാധിച്ചില്ലെങ്കില്...ഒരു കാര്യം ശ്രദ്ധിച്ചോ: മാനവും മര്യാദയുമായി ജീവിക്കണമെന്നു വിചാരിക്കേണ്ട. പാപത്തെപ്പറ്റിയും പുണ്യത്തെപ്പറ്റിയും ഞാന് നിങ്ങള്ക്ക് എമ്പാടും വിസ്തരിച്ചം പറഞ്ഞു തന്നിട്ടുണ്ട്. അതൊക്കെ മറക്കണം. അതൊക്കെ നുണയാണ്. കക്കാം. ആരും കണ്ടുപിടിക്കാതിരിക്കാന് സൂക്ഷിക്കണം. നുണ പറയാം, ആ നുണ പൊളിയരുത്. നിനക്കു തോന്നിയതൊക്കെ ചെയ്യാം. പക്ഷേ, നിന്നെ പിടികിട്ടരുത്. മനസ്സിലാവുന്നുണ്ടോ?"

രാധ തേങ്ങിത്തേങ്ങിക്കരഞ്ഞു--നടാടെ.

മാസ്റ്റര് പാത്രം ഒരിടത്തു വെച്ചു ചുരുണ്ടുകിടന്നു. അങ്ങനെ ആഴ്ചകള് കടന്നുപോയപ്പോള്, ഒരു ദിവസം അയാള് കിടപ്പില്നിന്ന് എഴുന്നേറ്റില്ല. ഉച്ചയായപ്പോള് രാധ ചെന്നു കുലുക്കി വിളിച്ചു നോക്കി. ആ ദേഹം വെറുങ്ങലിച്ചിരുന്നു...

രാധ വാവിട്ടു കരഞ്ഞു--രാധ മാത്രം. മാധവിയമ്മ മരവിച്ചിരുന്നു. ഭര്ത്താവിന്റെ ശവമെടുത്തുകൊണ്ടുപോകുമ്പോള്, അവര് തറച്ചുനോക്കിനിന്നു. കുറച്ചു കഴിഞ്ഞപ്പോള് ബോധംകെട്ടു വീണു. അപസ്മാരരോഗം ആ ീക്ക് അന്ന് അനുഗ്രഹമായി.

കൂട്ടിക്കെട്ടറ്റ് ആ കതിര്ക്കുലയിലെ കതിരുകള് എപ്പോഴും ഊര്ന്നുവീഴാം. വീഴുന്നുണ്ടോ ഇല്ലയോ എന്ന് ആരും ശ്രദ്ധിച്ചില്ല. എന്തിനു ശ്രദ്ധിക്കുന്നു? ആ കുടുംബത്തേക്ക് ആരും കയറിയില്ല. ആ കുടുംബത്തുള്ളവര് എങ്ങോട്ടും പോയതുമില്ല. പുറമേനിന്നു വരുന്ന ഒരേ ഒരു ജീവി കുഞ്ഞിരാമനാണ്. മൂകമായ ആ അന്തരീക്ഷത്തിലേക്ക്, ഒരു ചെറു മൂളല്പോലെ അവന് കടന്നുവരും; വന്നപോലെ തിരിച്ചുപോവുകയും ചെയ്യും. മൂങ്ങകളുടെ ഭാഷയായിരുന്നു

അവിടെയുള്ളവര് ഉപയോഗിച്ചത്.

“ഉ–ം?” ഒരു ചോദ്യം.

“ഉ–ം ഉ–ം.” ഒരു നിഷേധം. വാക്കുകളുച്ചരിക്കാന് ആരും ഇഷ്ടപ്പെട്ടില്ല.

ആ കുടുംബബന്ധം കൂടുതല് അയഞ്ഞുവരികയാണ്. വിശ്വത്തിന്റെ യാത്രകള് അധികമധികം നീണ്ടു!

ഒരു ദിവസം രാവിലെ രാധ കൊടുത്ത തട്ടുംതരിയുമില്ലാത്ത കഞ്ഞിവെള്ളം കുടിച്ചു മുഖത്തൊക്കെ വിയര്പ്പു പൊടിഞ്ഞുകഴിഞ്ഞപ്പോള് അവന് ഒരു പ്ലാന് തോന്നി. ഇറങ്ങിനടന്നു. പാലത്തിനക്കരെയുള്ള വെള്ളച്ചാലിനടുക്കെ നിന്നില്ല. ആ ചിരകാലസുഹൃത്തിന്റെ നേരെ ഒന്നു കണ്ണയയ്ക്കുക മാത്രം ചെയ്തിട്ട്, കാലുകള് നീട്ടിനീട്ടിവെച്ചു. അവന് കുന്നിലേക്കു കയറി. മുകളിലെത്തിയപ്പോള് കിതപ്പുകൊണ്ടു നില്ക്കേണ്ടിവന്നു. ഒരു നിമിഷം. അവന് അപ്പുറത്തിറങ്ങുകയായി. ചുറ്റുപാടുമുള്ള പ്രപഞ്ചം അവനോട് ‘വരൂ, ഓടിവരൂ’ എന്നു പറയുന്നതുപോലെ തോന്നി. വയല്വരമ്പുകളിലൂടെ നടന്നു നടന്ന്, ഒരു ചെമ്മണ്നിരത്തില് ചെന്നുകയറി. ഒരു കൊപ്പരപ്പാണ്ടികശാല––അവിടെ പലതരം പുതിയ മനുഷ്യര്, ഒരു കുതിരവണ്ടി. വഴിമാറിക്കൊടുത്ത്, അതു കണ്ണില്നിന്നു മറയുന്നതുവരെ നോക്കി. എന്നിട്ടു വീണ്ടും നടന്നു. ചുമട്ടുകാര്, കാളവണ്ടികള്, ചായപ്പീടികകള്, പലതരം സാമാനങ്ങള് വില്ക്കുന്ന പലതരം കടകള്. ഓ എത്ര വിചിത്രമായ ലോകം! അടുത്തുതന്നെ അതാ ഒരു ബോര്ഡ്––’കള്ളുഷാപ്പ്––നമ്പര്.’ തൊട്ടടുത്ത് ഒരു സ്കൂളാണ്. കുട്ടികളുടെ ബഹളം കേള്ക്കാം. അതിന്റെ മുമ്പിലും മിഠായിയും വറുക്കടലയും വില്ക്കുന്നവരുണ്ട്. “ഈ പഞ്ചാര മുഠായിക്കെന്താ വില?” അവന് വെറുതെ ഒന്നു ചോദിച്ചു.

“ഒരു മുക്കാല്.”

അവന് ശൂന്യമായ ട്രൗസര് പോക്കറ്റൊന്നു തപ്പിനോക്കി. അവിടെ നിന്നു നടന്നുപോകുമ്പോള് കൈവിരലുകള് വെറുതെ ഒന്നു നക്കി; ‘മധുരമുണ്ട്!’

അവിടെനിന്ന് ഒരു വഴി നീണ്ടുപോകുന്നു. എവിടേക്കാണതു പോകുന്നത് –– എവിടേക്ക്? വിശ്വനാഥന് ആ ഇടവഴിയിലേക്കു തിരിഞ്ഞു. പലരും കടന്നുപോകുന്നുണ്ട്. ചിലര് അവനെ ഒന്നു നോക്കി തങ്ങളുടെ വഴിക്കുപോയി. ചിലര് നോക്കിയതേയില്ല. പോത്തിന്പുറത്തു സവാരി നടത്തിയിരുന്ന ഒരു കാലിച്ചെറുക്കന് അവനെ കണ്ടപ്പോള് തന്റെ കൈയിലുള്ള ഓലക്കുഴലെടുത്തു ‘പിപ്പിപ്പീ’ എന്നൊന്ന് ഊതി.

സൂര്യന് പടിഞ്ഞാറോട്ടു ചരിഞ്ഞുകഴിഞ്ഞു. മഞ്ഞക്കതിരുകള് വിശ്വത്തിന്റെ തലമുടിച്ചുരുളുകളില് തിരുപ്പിടിച്ചു. ദാഹം, കാലടികള്ക്കൊരു ആട്ടം. ഭൂമി പതുക്കെ തിരിയുകയാണ്. എങ്കിലും നടന്നു. കാലിന്നടിയില് നിന്ന് എന്തോ വഴുതിപ്പോകുന്നു. ആരേ തന്നെ ഉന്തിയിട്ടത്? അതാ, ഇരുട്ടിലൂടെ വഴുതിവഴുതിപ്പോകുന്നു. എവിടേക്ക്? ഭൂമിയുടെ അറ്റത്തേക്കാണോ?

വിശ്വനാഥന് പിന്നെ കണ്മിഴിച്ചത് ഈ വീട്ടില്വെച്ചാണ്. തന്റെ മുമ്പില് നില്ക്കുന്ന ീയെ കണ്ടപ്പോള് അവന് വിചാരിച്ചത് ഒരു

ദേവതയാണെന്നാണ്. മേഘമാല കളിലൂടെ പടവിറങ്ങി ഭൂമിയുടെ അറ്റേത്തക്കു വരുന്ന ദേവതമാരെപ്പറ്റി അവന് കേട്ടിരുന്നു; അഥവാ മനോരാജ്യം വിചാരിച്ചു വിചാരിച്ച് ഒരു യാഥാർത്ഥ്യമാക്കിത്തീർത്തിരുന്നു. ആ ദേവത അവനു രണ്ടു ദിവസം ഭക്ഷണം കൊടുത്തു. എന്നിട്ടും അവരൊരു മാന്യ ീയാണെന്നു വിശ്വസിക്കുവാന് അവന്നിഷ്ടമുണ്ടായിരുന്നില്ല.

മൂന്നാം ദിവസം കാലത്ത് ആലോചനകളില് മുഴുകി നില്ക്കുന്ന അവന്റെ അടുത്തേക്ക് ഒരു പതുത്ത കാല്വെപ്പ് അടുത്തടുത്തുവന്നു. അവന് തിരിഞ്ഞുനോക്കി. ഒരു കൊച്ചുദേവത! അവള് അവനോടു ചോദിച്ചു: "പേരെന്താ?"

"വിശ്വനാഥന്. കുട്ടിയുടെ പേരോ!"

"ശാന്ത."

"ഇതു ഭൂമിയുടെ അറ്റമാണോ?"

"എന്റെ വീടാണ്."

"ഇവിടെയാണോ?"

വിശ്വം ആ ഭാഗ്യശാലിയായ പെണ്കിടാവിനെ നോക്കിക്കാണുകയായിരുന്നു. എത്ര ഭംഗിയുള്ള മുഖം, എന്തു മിന്നലുള്ള ഉടുപ്പുകള്! ഇവളാണ് ശരിക്കുള്ള ദേവത!

"ഏതു സ്കൂളിലാ പഠിക്കുന്നത്?" ശാന്ത ചോദിച്ചു.

അവള് തന്നോടു സംസാരിക്കുന്നു! വിശ്വം അത്ഭുതപ്പെട്ടു. തനിക്കു വേണമെങ്കില് അവളെ തൊടാം! ശാന്ത ചോദ്യം ആവർത്തിച്ചു.

"അങ്ങ്.....അവിടെ.....പിന്നെ, ഒന്നു ചോദിക്കട്ടെ!" വിശ്വം.

"എന്താ!"

"ദേവതയാണോ?"

ശാന്തയ്ക്ക് ആ ചോദ്യത്തിന്റെ അർത്ഥം തികച്ചും മനസ്സിലായില്ല. താന് നല്ലതെന്തോ ആണെന്നു സംശയിക്കുകയാണെന്നു മാത്രം മനസ്സിലാക്കി. അതുകൊണ്ട് അവള് സമ്മതിച്ചു: "അതേ."

വിശ്വം അവളെ മിഴിച്ചുനോക്കി. അവള് പുഞ്ചിരിതൂകി.

*

നീണ്ടുപോകുന്ന റെയില്പ്പാളങ്ങള്

ഒന്ന്

കൃഷ്ണന്നമ്പിടിയുടെ മകന് ധൂര്ത്തനായില്ല, നാട്ടുകാരുടെ പ്രതീക്ഷ തെറ്റി.

ഓമനിച്ചുവളര്ത്തിയ ആ ഒറ്റപ്പുത്രന്, അച്ഛന് ദുരിതപ്പെടുത്തിയുണ്ടാക്കിയ ധനമൊക്കെ നശിപ്പിച്ചുകൊള്ളുമെന്നായിരുന്നു ജനങ്ങളുടെ ആശ്വാസം. പക്ഷേ, കാര്ത്തികേയന് ഒരു കാര്യക്കുട്ടിയായിട്ടാണ് വളര്ന്നത്. നിലത്തും നെറുകയിലും വയ്ക്കാതെ അമ്മ അയാളെ വളര്ത്തി. ആ ീ ജീവിച്ചിരുന്നതുതന്നെ മകനെ വളര്ത്താനാണ്. അവരുടെ ലക്ഷ്യവും ആശ്വാസവുമെല്ലാം അവനായിരുന്നു.

നമ്പിടിയെസ്സംബന്ധിച്ചിടത്തോളം അവര് സന്തത്യര്ത്ഥം വന്നുചേര്ന്നതാണ്. 'അതാ, വല്യനമ്പിടിയുടെ കെട്ടിലമ്മ!' എന്ന് ആളുകള്ക്കു ചൂണ്ടിക്കാട്ടാന് ഒരു മാന്യ ീയെ കൊണ്ടുവരേണ്ട ചുമതല അദ്ദേഹത്തിനുണ്ട്. അതു നിറവേറ്റി. അവര് കാര്യേഷു മന്ത്രിയോ കരണേഷു ദാസിയോ ശയനേഷു വേശ്യയോ ആയിരുന്നില്ല. രൂപംകൊണ്ട് ലക്ഷ്മിതന്നെ. ക്ഷമകൊണ്ടു ഭൂമിയും! ഒന്നു പ്രസവിച്ചു. കവിള്ത്തുടുപ്പിന്നു വാട്ടം തട്ടുന്നതുവരെ നമ്പിടിയുടെ ഞരമ്പുകളില് ഒരു ഇളംചൂടു കയറ്റാന് അവര്ക്കു കഴിഞ്ഞു. പിന്നെ അസ്വസ്ഥമനാനന്തരപ്രഭയായിത്തീര്ന്നു --പകലുമല്ല, രാത്രിയുമല്ല.

"പൂത്ത കൊന്നപോലെയുള്ള ഒരു ീ." അവര് കടന്നുപോകുമ്പോള് ആളുകള് പരസ്പരം കുശുകുശുത്തു.

"എന്നിട്ടും ആ മോഹിനിയാട്ടക്കാരിയുടെ പടിക്കല് പാടുകിടക്കുന്നല്ലോ നമ്പിടി!" മറ്റൊരാള് മൂക്കത്തു വിരല്വെച്ചു.

"മയക്കുവിദ്യയാണോ!"

"മരുന്നോ മന്ത്രമോ?"

"രണ്ടും."

"അമ്മാളുക്കുട്ടിയമ്മയുണ്ടല്ലോ, ഭൂമി ഒരു പൊടിക്കുപ്പിപോലെ അരയില് തിരുകി നടക്കും!"

അവ്യക്തമായ ബന്ധവിശേഷങ്ങള് ആളുകള്ക്കിഷ്ടമല്ല. ശാന്തന്നമ്പിടിയുടെ കാരണവര്ക്ക് ഒമ്പതു ഭാര്യമാരുണ്ടായിരുന്നു. അതില്

ആര്ക്കും എതിര്പ്പുണ്ടായിരുന്നില്ല. വലിയവരാവുമ്പോള് വളരെ ഭാര്യമാരുണ്ടാകാം. പക്ഷേ, വെപ്പാട്ടിയും അനുരാഗഭാജനവും കണക്കില് കൊള്ളിക്കാന് വയ്യാത്ത ജീവികളാണ്. ഇന്നാളുടെ ഇന്നാള് എന്നു പറയാന് നിവൃത്തിയുണ്ടോ? വിത്തും പതിരും കൂട്ടിക്കലര്ത്തുന്ന ഈ ഏര്പ്പാട് അവരെ അസുഖപ്പെടുത്തുന്നു. അവര് വ്യസനിച്ചു: "ഈ മനുഷ്യന് രണ്ടുംകെട്ട മട്ടായല്ലോ!"

"ആ വേല്യാരാണ് ഇദ്ദേഹത്തെ കുരങ്ങുകളിപ്പിക്കുന്നത്."

"കെട്ടിലമ്മയുടെ കൊള്ളരുതായ്ക! പെണ്ണു നന്നെങ്കില് ആണ് വരച്ച വരയില് നില്ക്കില്ലേ?"

"പോരുമയുള്ള പെണ്ണു നിര്ത്തുന്നു!"

നമ്പിടി ഈ വിമര്ശനങ്ങളൊന്നും കേട്ടില്ല. അദ്ദേഹത്തിന്റെ ഭാര്യ ശ്രദ്ധിച്ചതുമില്ല. അവര് അമ്മാളുക്കുട്ടിയമ്മയെപ്പറ്റിയോ ഭര്ത്താവിന്റെ അനാസ്ഥയെപ്പറ്റിയോ അരവാക്കു പറഞ്ഞില്ല. ആദ്യകാലത്ത് അസുഖം തോന്നാഞ്ഞിട്ടല്ല. പറയാന് ധൈര്യമുണ്ടായില്ല. ഒരു കുട്ടിയായപ്പോള് പിന്നെ അതൊക്കെ കല്പിച്ചുകൂട്ടി മറന്നു. ഭക്തിയും വാത്സല്യവും കൂടിക്കുടി വന്നു. സുബ്രഹ്മണ്യസ്വാമിയും കാര്ത്തികേയനുംകൂടി അവരുടെ ശ്രദ്ധാ മുഴുവന് പിടിച്ചുപറ്റിയിരുന്നു. കുളിക്കുക, ക്ഷേത്രദര്ശനം നടത്തുക, ഉടുത്തൊരുങ്ങുക, മകന്റെ പാകം നോക്കുക, കൂടെക്കൂടെ പഴനിക്കു പോവുക --ഇവകൊണ്ടു കഴിഞ്ഞു ജീവിതം. ഇതിനിടയില് ഭര്ത്താവിനെ വിമര്ശിക്കാനോ നേര്വഴിക്കു നയിക്കാനോ ഉത്സാഹമുണ്ടായില്ല. പിന്നെ വലിയവരാകുമ്പോള് അങ്ങനെയൊക്കെയുണ്ടാകും. കുടുംബിനികള് അതൊക്കെ ശ്രദ്ധിക്കാമോ? തനിക്കു വേണ്ടതിനൊന്നും ഒരു കുറവില്ല, പെട്ടി നിറയെ കസവുതരങ്ങള്, ചുമലിടിയെ ആഭരണങ്ങള്, പദവിക്കു പദവി! പിന്നെയെന്തിന് അസുഖം സൃഷ്ടിക്കുന്നു? ജീവിതം തന്നിലേക്കു തന്നെ ചുരുണ്ടു. മകനായി ഐഹികജീവിതത്തിന്റെ മുഴുവന് കേന്ദ്രാകര്ഷണം.

"കാര്ത്തികേയാ, കുളിച്ചോ?"

"ഉവ്വമ്മേ."

"കാര്ത്തികേയാ, ഉണ്ടോ?"

"ഉവ്വമ്മേ."

"കൃപായമൊന്നു മാറ്റിക്കളയൂ, കാര്ത്തികേയാ."

"മാറ്റാം."

"കുടയെടുക്കാന് മറക്കല്ലേ, കാര്ത്തികേയാ!"

"ആ!"

"ജാലകം അല്പം ചാരിവെച്ചോളൂ; മഞ്ഞുണ്ടെന്നു തോന്നുന്നു."

"ചാരാം."

നിര്ദ്ദേശങ്ങളും അനുസരണമൂളലുകളും ആ അന്തഃപുരത്തില്നിന്ന് എപ്പോഴും കേള്ക്കാം. രക്തബന്ധമുള്ളവരെല്ലാം മുറുലമായേ അയാളോടു

പെരുമാറിയുള്ളൂ, പരിചാരകന്മാരെല്ലാം വാക്കൈയും പൊത്തിയേ മുന്പില് നിന്നുള്ളൂ. നാട്ടുകാരും അയാളെ ബഹുമാനിക്കുന്നുവെന്നു നടിച്ചു--നമ്പിടിയെ പ്രീതിപ്പെടുത്താന്വേണ്ടി.

ഈ ബഹുമതികളെല്ലാം താന് അര്ഹിക്കുന്നുവെന്നമട്ടാണ് കാര്ത്തികേയന്. താന് കൃഷ്ണന്നമ്പിടിയുടെ മകനാണ്. കൃഷ്ണന് നമ്പിടിയോ? ധനികനും യോഗ്യനും! അമ്മ ഇടയ്ക്കിടയ്ക്ക് അയാളെ ഇതോര്മ്മപ്പെടുത്തുകയുംചെയ്തു. അതുകൊണ്ടു ചെറുപ്പന്നേ കനത്തില്ത്തന്നെയായി പെരുമാറ്റം. ഭൃത്യന്മാരോട് അയാള് അയഞ്ഞു സംസാരിച്ചിട്ടില്ല. ആംഗ്യങ്ങള്കൊണ്ടു കഴിയും. ആജ്ഞകളധികവും. സേവകപ്പരിഷകള് അഭിവാദ്യം ചെയ്താലും കണ്ടില്ലെന്നു നടിച്ചു. 'വെറും പുഴുക്കള്' എന്ന മട്ടില് മനുഷ്യരെ നോക്കിക്കാണാന് അയാള് ശീലിച്ചു.

"ഉ--ം?" ഒരു ചോദ്യം.

"കുളി..."

"ഉ--ം ഉ--ം." നിഷേധം.

"വൈകിയിട്ടേ..."

"ഉം." സമ്മതം. ഇത്തരം മൂളലുകളുടെ സ്വരഭേദംകൊണ്ട് ആജ്ഞകളും നിര്ദ്ദേശങ്ങളും നല്കുകയായിരുന്നു പതിവ്. എന്തു വിലപിടിപ്പുള്ള വാക്കുകള്!

അതിബുദ്ധിമാനോ അറുമന്തനോ ആയിരുന്നില്ല കാര്ത്തികേയന്. അദ്ധ്വാനശീലനായിരുന്നു. കൃഷ്ണന്നമ്പിടിയുടെ മകന് പിന്നിലായിക്കുടെന്ന വാശിയാണ് അയാളെ അത്തരത്തിലാക്കിയത്. കിണഞ്ഞു പഠിച്ചു നല്ല മാര്ക്കു വാങ്ങി. അദ്ധ്യാപകനും അയാളെ ശാസിക്കേണ്ടിവന്നിട്ടില്ല. ഒരു വികൃതിക്കും പോയിട്ടില്ല. കണ്ണടവെച്ച കൃതിരയാണ്. ഉയര്ത്തിപ്പിടിച്ച ശിരസ്സുമായി ക്ലാസ്മുറിയിലേക്കു കടന്നുചെന്നു. അതേവിധം മടങ്ങിപ്പോരുന്നു. കൂട്ടില്ല, കൊടുക്കലോ വാങ്ങലോ ഇല്ല. ഒരാവശ്യം പ്രമാണിച്ച് ഈ നിസ്സാരന്മാരുടെ ലോകത്തിലേക്ക് കടന്നു വരേണ്ടിവന്നു എന്ന മട്ടാണ്. ഈ ഭാവത്തിനും ക്ലാസ്സുകയറ്റം കിട്ടുന്നുണ്ടായിരുന്നു.

അയാള് മോരില് വീണ മുതിരമണിയായിരുന്നു--തുടമുള്ള മുതിരമണി. വിദ്യാര്ത്ഥികളും അയാളെ പുറന്തള്ളി. തുടുത്ത കവിളും മിന്നുന്ന മുടിയും ഉടച്ചില് തട്ടാത്ത ഉടുപ്പുമായി കയറിവരുന്ന അയാളെ നോക്കി വിദ്യാര്ത്ഥികള് പുച്ഛിച്ചു: "ഫൂ!"

എട്ടാം തരത്തില്വെച്ച് കാര്ത്തികേയന് ഒരു ഓമനപ്പേരും നേടി. കുഞ്ഞിരാമനാണ് അതു സമ്മാനിച്ചത്. അയാള് വികൃതിക്കുണ്ടപ്പന്മാരുടെ നേതാവാണ്. കുടുക്കിടാത്ത ഷര്ട്ടും പറിച്ചിട്ട തലമുടിയും ചുണ്ടത്തൊരു ചൂളംവിളിയുമായി സ്കൂളിന്റെ എല്ലാ ഭാഗത്തും കുഞ്ഞിരാമനെ കാണാം. കൂട്ടംകൂടിനിന്നു തിമര്ത്തിരുന്ന വിദ്യാര്ത്ഥികളുടെ നടുവിലൂടെ കാര്ത്തികേയന്, ശരംപോലെ കടന്നുപോയപ്പോള് കുഞ്ഞിരാമന് തിരിഞ്ഞുനോക്കി: "ആരപ്പാ, ദിവാനോ?"

ഒരു കൂട്ടച്ചിരി. പക്ഷേ, കാര്‍ത്തികേയന് തിരിഞ്ഞുനോക്കിയില്ല. പിള്ളേരുടെ കൂവലിന്നിടയ്ക്ക കടന്നുപോകുന്ന ആനയെപ്പോലെ, അയാള് വെച്ചടിച്ചു. അന്നുമുതല്ക്ക് കാര്‍ത്തികേയന്നു ദിവാന്പദവി ഉറച്ചു. തങ്ങളുടെയെല്ലാം ആശയത്തിന്നു രൂപംകിട്ടിയപോലെ, വിദ്യാര്‍ത്ഥികള് സന്തോഷിച്ചു. അവരതു സ്വല്പംകൂടി പരിഷ്കരിച്ച് 'ദിവാന്ജി' എന്നാക്കി സ്കൂളിലൊക്കെ പ്രചരിപ്പിച്ചു. പതുക്കെ കാര്‍ത്തികേയന് എന്ന പേരു ഹാജര് പുസ്തകത്തില് മാത്രമായി.

ദിവാന്ജിയാകട്ടെ, ഇതൊന്നും ശ്രദ്ധിച്ചതേയില്ല. എന്തിന്നു ശ്രദ്ധിക്കുന്നു? നിസ്സാരന്മാരുടെ ലോകത്തില് എന്തെല്ലാം നടക്കും! ആ ശിരസ്സ് ഉയര്‍ന്നുതന്നെ നിന്നു. ഹൈസ്കൂള് ക്ലാസ്സുകളില്വെച്ചു വേഷം കുറേക്കൂടി പരിഷ്കരിച്ചു. സ്കൂള്വാര്‍ഷികയോഗങ്ങളില് കോട്ടും നെക്ടൈയുമായി ഇംഗ്ലീഷ് പദ്യോച്ചാരണം നടത്തി ഘനത്തില് ഇറങ്ങിപ്പോകുന്ന ആ വിദ്യാര്‍ത്ഥിയെ ദീര്‍ഘനേരം ജനങ്ങള് കൈയടിച്ചഭിനന്ദിച്ചു. പിന്ബെഞ്ചുകളില്നിന്നു പുറപ്പെടുന്ന കൂവലും കുറുകലും ആ കൈയടികളില് മുങ്ങിപ്പോയി. ദിവാന്ജിയുടെ വിജയങ്ങളോടൊപ്പം സഹപാഠികളുടെ അവജ്ഞയും കൂടിക്കൂടിവന്നു. ഇവനെയൊന്നു പതംവരുത്തണമല്ലോ-- എല്ലാവരും അങ്ങനെ ആലോചിച്ചുകൊണ്ടിരുന്നപ്പോഴാണ് ഒരു സംഭവമുണ്ടായത്. വില്ലുവെച്ച ഒറ്റക്കാളവണ്ടിയിലാണ് ദിവാന്ജി സ്കൂളിലേക്കു വരിക. അന്നു സ്കൂള് വിട്ടു പുസ്തകക്കെട്ടു വണ്ടിയിലേക്കെറിഞ്ഞു കയറിയിരുന്നപ്പോഴേക്കും മൂന്നാംതരത്തില് പഠിക്കുന്ന ഒരു കുഞ്ഞന് വണ്ടിയുടെ ചവിട്ടുപടിയില് പറ്റിക്കൂടി. ഇറങ്ങാന് ദിവാന്ജി ആംഗ്യം കാട്ടി. അവന് ഒന്നിളിച്ച് അവിടെത്തന്നെ ഇരുന്നു. താമസമുണ്ടായില്ല. ദിവാന്ജി കാല്കൊണ്ട് ആ കുട്ടിയെ ഉന്തി താഴെയിട്ടു.

പെട്ടെന്നൊരു കൂട്ടനിലവിളി. തെളിക്കാന് പുറപ്പെട്ട വണ്ടിക്കാരന് ചമ്മട്ടിയും പിടിച്ച് അങ്ങനെ നിന്നുപോയി. വിദ്യാര്‍ത്ഥികള് വണ്ടിക്കു ചുറ്റും കൂടി. വലിയ പരിക്കൊന്നും പറ്റിയില്ലെങ്കിലും, അപമാനബോധംകൊണ്ടോ എന്തോ, കുട്ടി കഠിനമായി നിലവിളിച്ചു. അവനെ പിടിച്ചെഴുന്നേല്പിച്ചതോടെ ആര്‍പ്പും വിളിയും ബഹളവും ജാസ്തിയായി.

"പിടിക്ക് ആ ദിവാന്ജിയെ ഇങ്ങോട്ട്!"

"അവനും അവന്റെയൊരു വില്ലുവെച്ച വണ്ടിയും!"

"തകര്‍ക്കും!"

"കൊത്തിനുറുക്കും!"

"ഇറങ്ങടാ, വണ്ടിയില്നിന്നിങ്ങോട്ട്!"

"ദിവാന്ജി വണ്ടിയില്നിന്നിറങ്ങണം!" ഒരു കൂട്ടനിലവിളി, ആ മുദ്രാവാക്യം കേട്ടവര് കേട്ടവര് ഏറ്റുപറഞ്ഞു. അന്തരീക്ഷം ശബ്ദായമാനമായി. മനുഷ്യസ്നേഹികളുടെ സംഖ്യ വര്‍ദ്ധിക്കുകയായിരുന്നു. ചിലര് കുട്ടിയെ ശുശ്രൂഷിക്കുന്ന തിരക്കിലാണ്. സര്‍ബത്ത്, പഴം, ബിസ്കറ്റ്, മിഠായി തുടങ്ങിയ തീറ്റസാധനങ്ങള് അവന്റെ അടുത്തേക്കു വരുന്നു. ആ രക്തസാക്ഷിയെ

കാണാന് ആളുകള് തിങ്ങിക്കൂടി. എന്തു പറ്റി? ബോധമില്ലേ?

വൈദ്യനെ വിളിക്കണോ? എന്നിങ്ങനെയുള്ള അന്വേഷണങ്ങള്, ബോയ് സ്കൗട്ടുകള് പ്രഥമശുശ്രൂഷയ്ക്ക തയ്യാറെടുത്തു. കൂട്ടിയാകട്ടെ, ഇത്രയും തീറ്റസ്സാമാനങ്ങള് അണഞ്ഞു കിട്ടിയപ്പോള് കരച്ചില് നിര്ത്തി, അവയുടെ നേരെ തിരിഞ്ഞു. നല്ല വിശപ്പും! പെട്ടെന്നു ബഹളം നിന്നു. വെള്ളത്തലയില്ക്കെട്ടും ചന്ദനപ്പൊട്ടുമായി രഘുനാഥയ്യര് ഹെഡ്മാസ്റ്റര് ഗേറ്റില് എത്തിക്കഴിഞ്ഞിരുന്നു. അദ്ദേഹം കാര്യമന്വേഷിച്ചു. ഏകസ്വരത്തില് വിദ്യാര്ത്ഥികള് ദിവാന്ജിയുടെ അക്രമപ്രവര്ത്തനത്തെപ്പറ്റി റിപ്പോര്ട്ട് സമര്പ്പിച്ചു. ഹെഡ്മാസ്റ്റര് കുട്ടിയെ നോക്കി; കാര്ത്തികേയനെയും ഒന്നു നോക്കി. ഇത്രയും ബഹളം ചുറ്റും നടന്നിട്ടും അയാള് വണ്ടിയില്ത്തന്നെ ചന്ദനമുട്ടി, കുത്തിച്ചാരിയപോലെ ഇരിക്കയാണ് -- ഒരു കൈ നോക്കാനെന്നമട്ടില്ത്തന്നെ.

അന്വേഷണവും വിചാരണയും കഴിഞ്ഞു, കുട്ടിയെ വണ്ടിയില് കയറ്റി അവന്റെ വീട്ടുപടിക്കല് ഇറക്കിക്കൊടുക്കണമെന്നു വിധിയായി. ആഹ്ലാദധ്വനി മുഴങ്ങി. അപ്പോഴേക്കും കുട്ടിയും തീറ്റസ്സാമാനങ്ങളും വണ്ടിയിലെത്തിക്കഴിഞ്ഞിരുന്നു. ദിവാന്ജി മുഖം തിരിച്ചിരുന്നുകളഞ്ഞു! വൃത്തികെട്ട ചെറുക്കന്!

ഈ സംഭവത്തിന്നുശേഷം ദിവാന്ജിയെ ഒറ്റപ്പെടുത്തുവാന് കൂടുതല് യത്നം സ്കൂളില് നടന്നു. ദിവാന്ജി ആഗ്രഹിച്ചിരുന്നതും ഒറ്റപ്പെട്ടു കിട്ടാനാണ്.

ഇക്കാലത്താണ് ദേശീയപ്രസ്ഥാനത്തിന്റെ അല സ്കൂളുകളിലേക്ക് അടിക്കാന് തുടങ്ങിയത്. ഉപ്പുസത്യാഗ്രഹവും വിദേശവ ബഹിഷ്കരണവും ഹരിജനപ്രസ്ഥാനവുമെല്ലാമുള്ക്കൊള്ളുന്ന ആ ദീര്ഘപരിപാടിയുടെ ആന്തരാര്ത്ഥം വിദ്യാര്ത്ഥികള് തികച്ചും മനസ്സിലാക്കിയിരുന്നുവെന്നൊന്നും പറയാന് വയ്യാ. ചില പുതിയ ബഹളങ്ങളാണ്. ബഹളങ്ങള് എപ്പോഴും നല്ലതാണല്ലോ. നാട്ടില് പ്രചരിച്ചിരുന്ന ബ്രിട്ടീഷ് വിരോധം വിദ്യാര്ത്ഥികളിലേക്കും സംക്രമിക്കുകയായിരുന്നു. ചരിത്രം പഠിപ്പിക്കുന്നേടത്ത് അതിന്റെ അലകള് പ്രത്യക്ഷപ്പെട്ടു.

"ക്ലൈവ് കള്ളനും തെമ്മാടിയുമായിരുന്നു, സേര്!" കുഞ്ഞിരാമന് കയറിപ്പറഞ്ഞു.

"അവിടെ ഇരിക്ക്." മാസ്റ്റര് ശാസിച്ചു: "ക്ലൈവിന്നു പകരം വേറെ ഒരാളായിരുന്നുവെങ്കിലും അങ്ങനെയൊക്കെത്തന്നെയായിരിക്കും ചെയ്യുക."

"ബ്രിട്ടീഷുകാരൊക്കെ കള്ളന്മാരാണെന്നോ?"

"സാമ്രാജ്യം സ്ഥാപിക്കാനും കച്ചവടമുറപ്പിക്കുവാനുമാണ് അവര് വന്നത്. പടിഞ്ഞാറന്ശക്തികള് ഇതിന്നുവേണ്ടി ലോകത്തിന്റെ നാനാഭാഗത്തേക്കു പോയിട്ടുണ്ട്. അക്കൂട്ടത്തില് ഇന്ത്യയിലേക്കും വന്നു. ആ ക്ലൈവല്ലെങ്കില് ഇനി ഒരു ക്ലൈവ്."

മാസ്റ്ററുടെ ആ പ്രസ്താവനയെക്കുറിച്ച് പിന്ബെഞ്ചില് ഒരു

വാദപ്രതിവാദംതന്നെ നടന്നു. ചോദ്യങ്ങള് ഉറവെടുക്കുന്നത് കുഞ്ഞിരാമനില്നിന്നാണ്. അവ ചുണ്ടുകളിലേക്കു പ്രചരിച്ചു. ഒരു തേനീച്ചക്കൂട്ടു പോലെയായി ക്ലാസ് മുറി.

“ശ്...വാദപ്രതിവാദം നിര്ത്തണം.” മാസ്റ്റര് മേശപ്പുറത്തടിച്ചു: “കുഞ്ഞിരാമന്!”

“സേര്!”

“നമുക്ക് ഇത് ഒരു വാദപ്രതിവാദവിഷയമാക്കേണ്ടാ.”

“സേര്! ഈ കള്ളത്തരങ്ങളും കെട്ടുകഥകളും എത്ര കാലം പഠിക്കാം?”

മാസ്റ്റര് കണ്ണടയ്ക്കിടയിലൂടെ ഒന്നു നോക്കി: “കുഞ്ഞിരാമന് ഇവിടെ വരൂ.”

അയാള് അടുത്തേക്കു ചെന്നു. ഗുരുനാഥന് ശിഷ്യന്റെ ചുമലില്ത്തട്ടി, ശാന്തമായ സ്വരത്തില് ഉപദേശിച്ചു: “കുഞ്ഞിരാമന് പറയുന്നതൊക്കെ എനിക്കും മനസ്സിലാവും. പക്ഷേ, സ്കൂള് രാ ീയമായ വാദപ്രതിവാദത്തിനുള്ള സ്ഥലമല്ല. അതു മറക്കരുത്. പോയിരിക്ക്.”

കുഞ്ഞിരാമന് തിരിച്ചുവന്നിരുന്നു. അപ്പോഴും തേനീച്ചക്കൂട്ടു മൂളുകയാണ്. അതില് ശ്രദ്ധിക്കാതെ മാസ്റ്റര് പാഠം തുടര്ന്നു.

ഈ സമയത്തെല്ലാം ഒരനക്കവുമില്ലാതെ മുന്ബെഞ്ചില് ഒരു വിദ്യാര്ത്ഥി മാത്രമിരുന്നു. അതു ദിവാന്ജിയായിരുന്നു. ക്ലൈവ് കള്ളനായാലും നല്ലവനായാലും കൊള്ളാം. പാഠപുസ്തകത്തില് കണ്ടതു പകര്ത്തി മാര്ക്കു വാങ്ങുകയാണ് ആവശ്യമെന്ന് അയാള്ക്കറിയാം.

പുറത്തു കാറ്റടിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ അലകള് ജാലകപ്പുഴുതുകളിലൂടെ സ്കൂള്മുറിയിലേക്കും വരുന്നു. അധികൃതന്മാര് കാറ്റിന്റെ ഗതി നിയന്ത്രിക്കാന് ആവുന്നതൊക്കെ ചെയ്യുന്നുണ്ട്. അവ വിദ്യാലയപരിസരങ്ങളെ സ്പര്ശിക്കാതിരിക്കാന് കൂടുതല് കരുതലുകള് ഏര്പ്പെടുത്തി. വിലക്കുകളും പ്രതിരോധങ്ങളും വിദ്യാര്ത്ഥികളെ കൂടുതല് സമരോത്സുകരാക്കി. അറ കളുടെയും മര്ദ്ദനങ്ങളുടെയും റിപ്പോര്ട്ടുകള് കോളക്കണക്കിലാണ് പത്രങ്ങളില് വരുന്നത്. പത്രം വായിക്കരുതെന്ന് ഒരദ്ധ്യാപകനു വിദ്യാര്ത്ഥികളോടു പറയാമോ? അദ്ധ്യാപകന്മാര് മൗനം ദീക്ഷിച്ചു. അവരെസ്സംബന്ധിച്ചിടത്തോളം ചോറങ്ങും കൂറിങ്ങും എന്ന നിലയായിരുന്നു.

അപ്പോഴാണ് ഒരു കുഴപ്പമുണ്ടായത്. സ്കൂളിന്നടുത്തുള്ള തുണിക്കടയില് ഒരു പിക്കറ്റിങ് നടക്കാന് പോകുന്നു. വര്ത്തമാനം വിദ്യാലയത്തിലുമെത്തി. വിദ്യാര്ത്ഥികള് ഉഷാറായി. അധ്യാപകന്മാര് ഉത്കണ്ഠിതരുമായി. ആരാണ് പിക്കറ്റ് ചെയ്യുന്ന സത്യാഗ്രഹി? ആര്ക്കും അറിഞ്ഞുകൂടാ. പോലീസും ജാഗ്രതയായിരുന്നു.

നേരം ഒമ്പതുമണിയായി. രണ്ടു സത്യാഗ്രഹികള് തുണിഷാപ്പിന്നു മുന്നിലെത്തി. കറുത്തുനീണ്ട ആ മീശക്കാരനെ എല്ലാവര്ക്കും അറിയാം. അയാള് സ്ഥലത്തെ പ്രധാന പ്രവര്ത്തകനാണ്. മറ്റേ ആള്?

അന്വേഷണത്തില് ഒരു വടക്കന്നമ്പ്യാരാണെന്നുമാത്രം വ്യക്തമായി. സുഭഗന്, ദ്ധകായന്.

പിക്കറ്റിങ് ആരംഭിച്ച് അരമണിക്കൂര് കഴിയേണ്ടിവന്നില്ല, പോലീസ് സ്ഥലെത്തത്തി. രണ്ടുപേരെയും അറ ചെയ്തു. സ്ഥലത്തെ പ്രവര്ത്തകനെ ലോക്കപ്പ് കാട്ടാന് കൊണ്ടുപോയി; വടക്കന്നമ്പ്യാരെ സ്ക്കൂളിന്നു കിഴക്കുപുറത്തുള്ള ഒരൊഴിഞ്ഞ പാടത്തേക്കും. വിദ്യാര്ത്ഥികള് ദൂരെനിന്നു നോക്കി.

"നിന്റെ രാജ്യമൊക്കെ പിടിച്ചുകഴിഞ്ഞോടാ, ഇവിടേക്കു വരാന്?" ഇന്സ്പെക്ടര് ചോദിച്ചു. അതിന്നു നമ്പ്യാര് സമാധാനം പറഞ്ഞില്ല. "പറയെടാ!" ഒരിടി, തുടര്ന്നു നാലു ചവിട്ടും. നമ്പ്യാര് മറിഞ്ഞുവീണു. രണ്ടു പോലീസുകാര് അയാളുടെ കാല്മുട്ടുകളില് കയറിനിന്നു. ഇന്സ്പെക്ടറാകട്ടെ, വളഞ്ഞുലയുന്ന ചൂരല്കൊണ്ട് നമ്പ്യാരുടെ കാല്വെള്ളയില്നിന്നു തോല് നക്കിയെടുക്കാന് തുടങ്ങി. ഒടുവില് രണ്ടു കാലടികളും അരിഞ്ഞെടുത്ത ഇറച്ചിത്തുണ്ടങ്ങള്പോലെയായപ്പോള് അടി നിര്ത്തി. ബോധരഹിതനായിക്കിടക്കുന്ന നമ്പ്യാരെ നോക്കി ഇന്സ്പെക്ടര് കിതച്ചു: "പിടിക്ക്, രാജ്യം പിടിക്ക്!"

പോലീസുകാര് താഴെയിറങ്ങി. ബൂട്ട്സിട്ട കാലുകൊണ്ട് ഇന്സ്പെക്ടര് നമ്പ്യാരെ വരമ്പത്തുനിന്നു തോണ്ടിയിട്ടു. ആ യുവാവു കട്ടപൊട്ടിച്ച കണ്ടത്തിലേക്കു മുഖംകുത്തി മറിഞ്ഞു. ഭ്രമിയില് രക്തം ഇറ്റുവീഴുകയായിരുന്നു. ആ രക്തത്തിലൂടെ ഇന്സ്പെക്ടര് നടന്നു; പരിവാരങ്ങളും.

അവരുടെ ബൂട്ട്സിന്റെ അടിയിലെ ആണികള് തട്ടി ഭ്രമിയില് തുളകളുണ്ടായി. പക്ഷേ, ആ രക്തം മാഞ്ഞുപോയില്ല; അത് ആവിയായിപ്പോയതുമില്ല. മനുഷ്യാത്മാവു കടഞ്ഞെടുത്ത തുള്ളികളാണവ. ആയിരമായിരം വര്ഷങ്ങളിലെ മനുഷ്യതപസ്സിന്റെ തേജസ്സ് അതില് ഊറിക്കിടപ്പുണ്ട്. മേല്പ്പോട്ടുയരുന്ന മനുഷ്യാത്മാവു ഭ്രമിയില് ശക്തിയായി നിക്ഷേപിക്കുന്ന വിത്തുകളാണ് ആ രക്തബിന്ദുക്കള്. ഭ്രമി അവ ഹൃദയത്തിലെടുത്തു മുളപ്പിക്കുന്നു. തുടുത്ത പൂക്കളും കനത്ത ഫലങ്ങളും അവിടെയും വിളയുന്നു. ഇത്രയും ദൂരം കാണുന്ന കണ്ണുകള് ആവലാതിപ്പെടുന്നില്ല; നോവേല്ക്കുന്നില്ല. പിന്മാറുന്നില്ല. നാളത്തെ വിജയം ഇന്ന് അയാള് ഹൃദയത്തില്വെച്ചാഘോഷിക്കുന്നു. മനുഷ്യപുരോഗതിയുടെ ഈ പാതയില് വീണുകിടക്കുന്ന ആ ചെറുപ്പക്കാരന്റെ ഹൃദയത്തില് എന്തായിരുന്നുവെന്നു പറയാന് വയ്യാ. അയാള് മോഹാലസ്യപ്പെട്ടിരുന്നു.

പോലീസ് പോയപ്പോള് വയല്ക്കരയില് പതുങ്ങിനിന്ന ആള്ക്കൂട്ടം കുറേക്കൂടി അടുത്തു. എന്തൊരു ശരീരമാണ് ആ ചെറുപ്പക്കാരന്റേത്! ഒരുക്കോല് വീതിയുള്ള മാറിടം; ദീര്ഘബലിഷ്ഠങ്ങളായ കൈകള്; കുടുങ്ങിയ അരക്കെട്ട്; ചന്ദനത്തിന്റെ വര്ണ്ണം. ഒരൊറ്റയടിക്ക് അഞ്ചുപേരെ തെറിപ്പിക്കാവുന്ന ശക്തി ആ കൈകളില് ഒതുങ്ങിക്കിടപ്പുണ്ടെന്നു സ്പഷ്ടം. എന്നിട്ടും അയാള് അടി

കൊടുക്കാനല്ല, കൊള്ളാനാണ് വന്നത്. അതിന്റെ അര്ത്ഥം മനസ്സിലാകാതെ ജനം നിന്നു. കയറ്റുകമ്പനിയിലേക്ക് തിരക്കിട്ടു പോവുകയായിരുന്ന ഇട്ടൂപ്പുഹ്രമസ്സന് ഒന്നോന്തിനോക്കി. എന്നിട്ടു മേല്പോട്ടു നോക്കി പിറുപിറുത്തു:

"കര്ത്താവേ, ഇതെന്തു കൂരിശ്!"

ആ വൃദ്ധന് പതുക്കെ നീങ്ങി.

നമ്പ്യാര്ക്ക് അല്പം വെള്ളം കൊടുക്കാന് ആര്ക്കും ധൈര്യമുണ്ടായിരുന്നില്ല. കച്ചവടക്കാര് തലവലിച്ചു. കൃഷിക്കാര് ദൂരെ നിന്നു കണ്ണീര് വാര്ത്തു. വിദ്യാര്ത്ഥികള് അക്ഷമരായി. പാടത്തിന്റെ നാലുപുറവും ആളുകള്. തല്ലിച്ചതച്ച സര്പ്പത്തെപ്പോലെ, നമ്പ്യാര് കട്ടയില് കിടക്കുന്നു. ചൂടു പിടിച്ച സൂര്യകിരണങ്ങള് ആ മുഖത്തു വന്നു തറയ്ക്കുകയാണ്.

പെട്ടെന്ന്, വെള്ളവുമായി ഒരു ചെറുക്കന് പാടത്തേക്കിറങ്ങി. ആളുകള് അത്ഭുതപ്പെട്ടു. അത് കുഞ്ഞിരാമനായിരുന്നു. അയാള് നമ്പ്യാരുടെ മുഖത്തു വെള്ളം തളിച്ചു. ബോധം വന്നപ്പോള് കുടിക്കാന് വായില് കുറച്ച് ഒഴിച്ചുകൊടുക്കുകയും ചെയ്തു. അത്രയുമായപ്പോള് മറ്റു വിദ്യാര്ത്ഥികളും വന്നുകൂടി. എല്ലാവരുംകൂടി താങ്ങിയെടുത്തു തണലത്തു കൊണ്ടുവന്നു കിടത്തി ശുശ്രൂഷിച്ചു.

ഈ വര്ത്തമാനം നാട്ടില് അത്ഭുതത്തോടെ സംസാരിക്കപ്പെട്ടു.

പിറ്റേന്ന് ഇന്സ്പെക്ടര് സ്കൂളില് വന്നു. ഹെഡ്മാസ്റ്ററുടെ മുറിയിലേക്ക് കുഞ്ഞിരാമന് വിളിക്കപ്പെട്ടു.

"നീയും രാജ്യം പിടിക്കാന് നടക്കുകയാണോ?" ഇന്സ്പെക്ടര് കുഞ്ഞിരാമന്റെ നേരെ കയര്ത്തു ചോദിച്ചു.

"മനസ്സിലായില്ല." കുഞ്ഞിരാമന്.

"മനസ്സിലാക്കാന് എനിക്കറിയാം." ഇന്സ്പെക്ടര്.

അപ്പോഴേക്കും ഹെഡ്മാസ്റ്റര് ഇടപെട്ടു കാര്യം വിവരിച്ചു.

"ഞാന് അയാള്ക്കു വെള്ളം കുടിക്കാന് കൊടുത്തു. അതൊരു സ്കൗട്ടിന്റെ ചുമതലയാണ്."

ഹെഡ്മാസ്റ്റര് തല താഴ്ത്തി. ഇന്സ്പെക്ടര് കുഞ്ഞിരാമനെ താക്കീതു ചെയ്തു:

"ചളുമ്പുചെക്കനാണല്ലോ. എന്തിനു വെറുതെ തടി കേടുവരുത്തുന്നു? സൂക്ഷിച്ചോ!"

ഇന്സ്പെക്ടര് എഴുന്നേറ്റു നടന്നു. അതിനെത്തുടര്ന്നു സ്കൂള്വരാന്തകളില് കൊച്ചു ചര്ച്ചായോഗങ്ങളുണ്ടായി. അന്നുച്ചയ്ക്കുശേഷം ഹൈസ്കൂള് ക്ലാസ്സുകളെല്ലാം ഒഴിഞ്ഞുകിടന്നുവെന്നു പറഞ്ഞുകൂടാ. ഒരാള് അപ്പോഴും അവിടെ ഉണ്ടായിരുന്നു! ദിവാന്ജി!

രഘുനാഥയ്യരുടെ നയതന്ത്രജ്ഞതകൊണ്ടു കൂടുതല് കുഴപ്പമുണ്ടായില്ല. അന്നു വൈകുന്നേരം അമ്മ മകനോടു ചോദിച്ചു:

“കാര്ത്തികേയാ, എന്താണ് സ്കൂളില് ബഹളം?”

“അടിച്ചു പുറംപൊളിക്കാന് ആളില്ലാഞ്ഞിട്ട്!”

അയാള് പാഠപുസ്തകം നിവര്ത്തി. മകന്റെ ആ അഭിപ്രായത്തില് അമ്മ സന്തോഷിച്ചു. അച്ഛനും സന്തോഷിച്ചു. വേലുമ്മാന് ഏറ്റവുമധികം സന്തോഷമായി.

“അവനങ്ങനെ വഴിതെറ്റില്ല. വിത്തുഗുണം പത്ത്!” വേലുമ്മാന് നമ്പിടിയെ അഭിനന്ദിച്ചു.

“ഞാനിരിക്കുമ്പോള് മോഹിച്ചാലും തരപ്പെടില്ല.” നമ്പിടി ആ അഭിനന്ദനം സ്വീകരിക്കുകയും ചെയ്തു.

“അതേ.”

കാര്ത്തികേയനെക്കുറിച്ച് എല്ലാവര്ക്കും സംതൃപ്തിയായിരുന്നു. രണ്ടും രണ്ടും നാല് എന്നതുപോലെ, അത്ര വ്യക്തമായിരുന്നു അയാളുടെ ജീവിതം. മിടുക്കന് എന്നല്ലാതെ ആര്ക്കും ഒന്നും പറയാനുണ്ടായിരുന്നില്ല.

കോളേജില് ചേര്ന്നപ്പോള് കാര്ത്തികേയന്റെ പ്രകൃതത്തിനു മാറ്റം വന്നില്ല. എല്ലാം ചിട്ടയിലും ക്രമത്തിലുംതന്നെ. പക്ഷേ, പുതുതായി ഒരു കാര്യം അയാള്ക്കു മനസ്സിലായി. ആ വലിയ പട്ടണത്തില് അയാള്ക്കൊരു പ്രത്യേകതയില്ല. അയാളെക്കൊള് മതിപ്പുള്ളവര് വേറെയുണ്ട്. പവന്റെ അടുത്തുകിടക്കുന്ന മുഴുവനുറുപ്പികപോലെ, ഒരു നിറംമങ്ങല് തന്നെ ബാധിക്കുന്നു.

വിദ്യാര്ത്ഥികള്ക്കിടയില് രാജശേഖരനും വിജയനുമാണ് ബഹുമാന്യര്. അവര് കാറിലാണ് വരുന്നത്. അവര്ക്കു രണ്ടുപേര്ക്കും ആ പട്ടണത്തില് കൂറ്റന് വീടുകളുണ്ട്. അവരുടെ ഉടുപ്പുകള് അന്നത്തെ ഫാഷനനുസരിച്ചു മാറുന്നു. അവരെ കണ്ടാല് വണങ്ങാന് ആളുകളുണ്ട്. അവരുടെ മുമ്പില് താന് ഒരു വെറും കണ്ടി! എന്താണതിനു കാരണം?

“വിജയനേതാണ്?"ഒരു ദിവസം അയാള് ഒരു സഹപാഠിയോടുചോദിച്ചു.

“അറിയില്ലേ! അയാളുടെ അച്ഛന് ഓട്ടുകമ്പനിയുടെ ഉടമസ്ഥനാണ്.”

“രാജശേഖരനോ?”

“കൂറ്റന്മില്ലുടമസ്ഥന്റെ മകന്!”

“ഉം.”

കാര്ത്തികേയന് ഒന്നു മൂളി. പിന്നീടൊന്നും ചോദിച്ചില്ല. അയാള് ആലോചിക്കുകയായിരുന്നു. പുതുതായി ചില സാമ്രാജ്യങ്ങള് അയാളുടെ സങ്കല്പത്തില് പൊന്തിവരികയാണ്.

കാര്ത്തികേയന് വ്യവസായശാലകളെപ്പറ്റിയും അവയുടെ നടത്തിപ്പിനെപ്പറ്റിയും അവകൊണ്ടുണ്ടാകാവുന്ന ലാഭത്തെപ്പറ്റിയുമെല്ലാം കൂടുതല് പഠിക്കാനും മനസ്സിലാക്കാനും തുടങ്ങി. കമ്പനികളുടെ പ്രോസ്പെക്ടസ് വായിക്കാന്തന്നെ ഒരു രസം! സഹപാഠികള് ഷേക്സ്പിയറെയും മില്ട്ടനെയും ഷെല്ലിയെയും കുറിച്ചു വാദപ്രതിവാദങ്ങള് നടത്തുമ്പോള് അയാള് ഷെയര്

മാര്ക്കറ്റിനെക്കുറിച്ചും ഡിവിഡന്റിനെക്കുറിച്ചും ചിന്തിക്കുകയായിരുന്നു. അവര് വേഡ്സ്വര്ത്തിന്റെ ലൂസിഗ്രേയെ സങ്കല്പ കാമുകിയായി കാണുമ്പോള് കാര്ത്തികേയന്റെ സങ്കല്പത്തില് ഫാക്ടറിയും പുകക്കുഴലും ഗ്രഡ്സ് ടെയിനും കപ്പലും ഉയരുകയും ചരിയുകയുമാണ്. ആ ആവേശം വര്ദ്ധിച്ചുതന്നെ വന്നു.

“സോമനാഥന് ചെട്ടിയാര് ഏതുവരെ പഠിച്ചു?” ഒരു ദിവസം അയാള് സഹപാഠിയോടു ചോദിച്ചു.

“ഏതു ചെട്ടിയാര്?”

“മില്ലുടമസ്ഥന് സോമനാഥന്ചെട്ടിയാര്?”

“അയാളോ?” സഹപാഠി അല്പം പുച്ഛത്തോടെ തുടര്ന്നു: “തമിഴ് കഷ്ടിച്ച് എഴുതാം. മൂപ്പര് ഒരു ഫിഫ്ത്തുക്ലാസ്സ് ഗ്രാജ്വേറ്റാണ്!”

“ലക്ഷക്കണക്കില് ഉറുപ്പിക സമ്പാദിച്ചു, ഇല്ലേ?”

“കോടിക്കണക്കില്.”

“ഭാഗ്യവാന്!” ഒരു നെടുവീര്പ്പോടെ പറഞ്ഞിട്ട് കാര്ത്തികേയന് ചാരുകസേരയില് പോയി കിടന്നു. ഒരു നവകാമുകനുണ്ടാകുന്ന ഉഷാറോടെ അയാള് പലതും മനോരാജ്യം വിചാരിച്ചു.

അക്കുറി കോളേജ് പൂട്ടി നാട്ടില് വന്നപ്പോള് കാര്ത്തികേയന് അച്ഛനെ അറിയിച്ചു: “ഞാന് പഠിപ്പു നിര്ത്തുകയാണ്.”

“ഹേ!” കൃഷ്ണന്നമ്പിടി അത്ഭുതത്തോടെ മകനെ നോക്കി.

“ഞാന് തൊഴിലില് ഏര്പ്പെടാന് വിചാരിക്കുന്നു.”

“എന്തു തൊഴില്?”

“നമുക്കൊരു കമ്പനി വേണം.” അയാള് അതിന്റെ വിവിധ വശങ്ങളെപ്പറ്റി വ്യക്തമായി നമ്പിടിയെ പറഞ്ഞു മനസ്സിലാക്കി. ലാഭമുണ്ടാകുന്ന വഴികളെപ്പറ്റിയാണ് മകന് സംസാരിക്കുന്നത് എന്നു കണ്ടപ്പോള് അച്ഛനും ഉത്സാഹം പിടിച്ചു. പക്ഷേ, മകനെ ഒരു ഡെപ്യൂട്ടി കലക്ടരെങ്കിലുമായിക്കാണണമെന്നാശിച്ചിരുന്ന നമ്പിടിക്ക് ഈ പുതിയ മാര്ഗ്ഗം പെട്ടെന്ന് ഉള്ക്കൊള്ളാന് കഴിഞ്ഞില്ല. അദ്ദേഹം പറഞ്ഞു: “ഒരു വലിയ ഉദ്യോഗസ്ഥനായാല്, അതില് ഒരു ബഹുമതിയുണ്ട്.”

“ഉണ്ട്; പക്ഷേ, ആ ഉദ്യോഗസ്ഥന്മാരെക്കൂടി വിലയ്ക്കു വാങ്ങാവുന്ന വ്യവസായിയായാല് അതിലും ബഹുമതിയുണ്ട്. ഉദ്യോഗത്തില്നിന്നു നേടുന്നത് ഉദ്യോഗത്തിന്റെ പ്രതാപം നിലനിര്ത്തുവാനേ ഉണ്ടാവൂ. ഇനിയങ്ങോട്ടു വ്യവസായികളുടെ കാലമാണ്.”

കാര്ത്തികേയന് കാലത്തിന്റെ ഗതി, പല പല ഉദാഹരണങ്ങളോടെ വിവരിച്ചു. എന്നിട്ട്, അച്ഛന്റെ അഭിപ്രായമറിയാന് മുഖത്തേക്കൊന്നു നോക്കി.

“ആവാം. പക്ഷേ, വേല്യാരോട് ഒന്നാലോചിക്കണം.”

“വേല്യാര്ക്കു വ്യവസായത്തെപ്പറ്റി ഒരു ചുക്കും അറിയില്ല. അച്ഛന്റെ അഭിപ്രായമെന്താണ്?”

“സര്ക്കാരുതന്നെ ആര്ക്കാണെന്നു തീര്ച്ചയായിട്ടില്ലാത്ത ഒരു കാലമാണ്. അതും ഓര്ക്കണം.”

“ഏതു സര്ക്കാരു വന്നാലും വ്യവസായികളെ പുറന്തള്ളാന് കഴിയില്ല. എന്നല്ല, സര്ക്കാരില് പിടിയുണ്ടാവാനും ഈ വഴിയാണ് നല്ലത്.”

“അത്യോ?”

“എന്താ സംശയം?”

“ഏതായാലും വിവരമുള്ളവരോടു ചോദിച്ചേ ചെയ്തുകൂടൂ.”

“അതു മതി.”

മകന്റെ ആലോചനകളെപ്പറ്റി അച്ഛന് അഭിമാനംകൊണ്ടു. നല്ല വഴിക്കാണ് പോക്ക്! അന്നു വൈകുന്നേരം വേലുമ്മാനെ കണ്ടപ്പോള് നമ്പിടി ഈ കാര്യമെല്ലാം വിവരിച്ചു.

“ആലോചന നന്ന്.” വേലുമ്മാന് സ്വല്പം ചിന്തിച്ചിട്ടാണ് മറുപടി പറഞ്ഞത്: “പക്ഷേ, ഇവിടത്തെ കാര്യങ്ങളൊന്നും വിടുകയും വേണ്ടാ. നമുക്കിവിടെയാണ് പാകം; മകന്ന് അവിടെയും. രണ്ടു ദിക്കിലും ഒരു പിടിയുണ്ടാവൂലോ!”

തിരിച്ചുപോകുമ്പോള് വേലുമ്മാന് പലതും ചിന്തിച്ചു. താന് ആകപ്പാടെ ഒരു ഭാഗ്യവാനാണ്. ഒരൊറ്റ വെടിക്ക് എത്ര പ്രാവുകളാണ് കൊഴിയുന്നത്! കാര്ത്തികേയന് പഠിച്ചു തിരിച്ചുവന്നാല് തന്റെ നില എന്താവുമെന്ന് വേലുമ്മാന് ഭയപ്പെടുന്നുണ്ടായിരുന്നു. കൃഷ്ണന്നമ്പിടിക്കുള്ള മമതാവിശേഷങ്ങളൊന്നും കാര്ത്തികേയന്നുണ്ടാവില്ല. സ്വല്പം അസുഖം തോന്നിക്കൂടായ്കയുമില്ല. മകന് മുതിര്ന്നുവരുമ്പോള്, അമ്മ എന്തു വിലയെടുക്കുമെന്ന് ആര്ക്കറിയാം! പ്രായം കൂടുന്തോറും പഴയമാതിരി പിടിച്ചു നില്ക്കാന് കഴിയുന്നില്ല. ഒരു കമ്പനിയുമായി ആ ചെറുപ്പക്കാരനെ വിട്ടാല്, അയാള്ക്കു തന്നോടു പ്രിയമാകും. നമ്പിടിക്കു താന് ആലോചനാശീലനാണെന്നു ബോധപ്പെടും. ഇവിടത്തെ കാര്യങ്ങളെല്ലാം തന്റെ വരുതിയില്ത്തന്നെ നില്ക്കുകയും ചെയ്യും. വേലുമ്മാന് തന്നത്താന് പറഞ്ഞു: അസ്സല്, അസ്സല്!

എതിര്ക്കുവാന് വന്ന പട്ടാളക്കാരുടെ ആയുധങ്ങള് കൈപ്പറ്റി അതുകൊണ്ടുതന്നെ അവരെ തുരത്താന് കഴിഞ്ഞ ഒരു പടനായകന്റെ ആഹ്ലാദവിശേഷത്തോടെ വേലുമ്മാന് കോലായിലേക്കു കയറി. ഭാര്യ തല ചീകുകയാണ്.

“അമ്മാളുക്കുട്ടി, നിന്റെ ഭാഗ്യത്തിന്നൊതിരില്ല.”

“ന്തോ?”

“എതിരില്ലെന്ന്.”

ഒരു പുതിയ ലാഭം പ്രതീക്ഷിക്കുന്ന ആ മദ്ധ്യവയസ്ക, ഒരു മധുരപ്രതിനേഴുകാരിയെപ്പോലെ മന്ദസ്മിതം തൂകി: “നമ്മുടെ ഭാഗ്യമെന്ന് പറയൂ.”

അന്നു രാത്രി രണ്ടുപേര് ശരിക്കുറങ്ങിയില്ല. വേലുമ്മാനും കാര്ത്തികേയനും!

രണ്ടു മനസ്സിലും ആഹ്ലാദകരങ്ങളായ പരിപാടികള് ആസൂത്രണം ചെയ്യപ്പെടുകയായിരുന്നു. നാഴികകള് കടന്നുപോയി. രാത്രിയുടെ മദ്ധ്യയാമത്തില് ചന്ദ്രന് ഉറങ്ങാന് പോയി. കാര്ത്തികേയന് അപ്പോഴും ജാലകത്തിലൂടെ നോക്കിക്കൊണ്ടിരിക്കയാണ്. മനസ്സു പലതും ഉള്ക്കൊള്ളുകയും മിനഞ്ഞൊതുക്കുകയും ചെയ്യുന്നു.

അയാള് തന്നോടുതന്നെ പറഞ്ഞു: 'ഉണ്ടാവും, ഉണ്ടാവും; അതുണ്ടാവും.'

പുലരാറാവുമ്പോഴാണ് അയാള് കിടന്നുറങ്ങിയത്. പിറ്റേന്നു പ്രഭാതം കൂടുതല് ശോഭനമായിരിക്കുന്നു. പ്രപഞ്ചം കൂടുതല് വിലപിടിപ്പുള്ള പദാര്ത്ഥമായി കാര്ത്തികേയനു തോന്നി. ഒരു കാപ്പിയും കുടിച്ചു പുറപ്പെട്ടു. ചൂളം വിളിച്ചുകൊണ്ടു വയലുകളിലൂടെ നടക്കാന് ഒരു രസം. ഭാവനയും ബുദ്ധിയും കൂടിയാലോചന നടത്തുകയായിരുന്നു. എന്തോ ഒന്നു രൂപംകൊണ്ടു വരികയാണ്. അയാള് വരമ്പില്നിന്ന് ഇടവഴിയിലേക്ക് തിരിഞ്ഞു. പെട്ടെന്നു മുന്നില്നിന്നൊരു ചോദ്യം: "ദിവാന്ജി എപ്പോള് വന്നു?"

കാര്ത്തികേയന് തലയുയര്ത്തി നോക്കി. കുഞ്ഞിരാമന്!

"ഉം?" ഗൗരവത്തോടെയുള്ള അന്വേഷണം.

"ദിവാന്ജി എപ്പഴേ വന്നതെന്ന്?"

കാര്ത്തികേയന് അവജ്ഞയോടെ മുഖം വെട്ടിച്ചു നടന്നു; ദിവാന്ജി നിന്റെ അച്ഛനാണ് എന്ന് ഉള്ളില് കരുതുകയും ചെയ്തു. അയാള് കണ്ണില് നിന്നു മറഞ്ഞപ്പോള് കുഞ്ഞിരാമന് ഊറിയൂറിച്ചിരിച്ചു: "പാവം! പഴയ ദിവാന്ജിതന്നെ!"

രണ്ട്

"രാധ വലുതായല്ലോ!"

ഏന്തിവലിഞ്ഞുനിന്നു മുണ്ടാറാനിടുകയായിരുന്ന രാധ തിരിഞ്ഞുനോക്കി. കുഞ്ഞിരാമനാണ് പറയുന്നത്. കുടുക്കിടാത്ത ഷര്ട്ടിന്നുള്ളിലൂടെ കൈകടത്തി മാറിടം തടവിക്കൊണ്ടു നില്ക്കുകയാണ് അവന്. വേനലുതിയിലെ അരിമുല്ലപ്പൂപോലെ, ഒരു ചെറു മന്ദസ്മിതം അവളുടെ ചുണ്ടില് വിടര്ന്നുവന്നു: "എന്തോ, എനിക്കു വലുതാകാന് പാടില്ലേ?"

"പാടുള്ളതൊക്കെയാണോ നടക്കുന്നത്?" അല്പം തീക്ഷ്ണമായിരുന്ന കുഞ്ഞിരാമന്റെ ശബ്ദം.

"പാടില്ലാത്തതൊന്നും നടക്കുന്നില്ല." ചടുന്നനെ വന്ന രാധയുടെ ഉത്തരം. ചുണ്ടത്തെ മുല്ലപ്പൂ അപ്പോഴും വാടിയതുമില്ല.

"ഞാന് വിശ്വസിക്കുന്നു."

"എനിക്കുവേണ്ടി വിശ്വസിക്കണ്ടാ. ഞാന് കല്പിച്ചുകൂട്ടി വലുതാകുന്നതല്ല. വലുതായിപ്പോകുന്നു. അതു പാടില്ലാത്തതാണോ?" രാധ പുഞ്ചിരിതൂകിക്കൊണ്ടുതന്നെ സംഭാഷണം തുടര്ന്നു.

“പാടില്ലാത്തതല്ല. പക്ഷേ...”

“ഉം?”

“ആളുകള് വലുതാകുമ്പോള് എനിക്കു പേടി തോന്നുകയാണ്.”

എന്തിനെന്നു പേടിക്കുന്നുവെന്ന് രാധ ചോദിച്ചില്ല. ചുണ്ടിലെ മുല്ലപ്പൂവാടുകയും ചെയ്തു. അതറിയാതിരിക്കാന് അവള് പൊട്ടിച്ചിരിച്ചു. ആ ചിരി കഴിഞ്ഞപ്പോള് നിശ്ശബ്ദയാവാതിരിക്കാന് കഴിഞ്ഞില്ല. കുഞ്ഞിരാമനും മിണ്ടാതെ നിന്നു. വീണ്ടും വെള്ളത്തിലേക്ക് വീണ മീന്കുട്ടികളെപ്പോലെയായി അവര്. ആ കുടുംബത്തിലെ സ്ഥായിയായ ഭാവം വിഷാദമായിരുന്നു. അതു കുടഞ്ഞുകളയാന് രാധ കൂടെക്കൂടെ ഒന്നു പിടയും. ഒടുവില് വെള്ളത്തില്ത്തന്നെ ആണ്ടുമുങ്ങും. ഇന്നു വിഷാദപരമായ ഒരന്തരീക്ഷത്തിലേ ശരിക്കു ചലിക്കാന് കഴിയൂ എന്നൊരു നില വന്നുചേര്ന്നിരിക്കയാണ്.

മാസ്റ്റര് മരിച്ചപ്പോള് ആ കുടുംബത്തിന്റെ നടുത്തൂണ് അറ്റു. അതു നിലത്തോടൊപ്പം അമരേണ്ടതായിരുന്നു. ഹാജിയാരുടെ ചില്ലറ സഹായങ്ങളും കുഞ്ഞിരാമന്റെ സഹാനുഭൂതിയുംകൂടി അതിനെ മുട്ടു കൊടുത്തു നിര്ത്തിയിരിക്കയാണ്. വീടാകെ ശൂന്യമായി. ഒരാളേ മരിച്ചിട്ടുള്ളൂ. പക്ഷേ, ഒരാളും ബാക്കിയില്ല എന്ന മട്ടാണ്. മാസ്റ്ററെ സംസ്കരിച്ചന്നത്തെ രാത്രി വല്ലാത്ത അനുഭവങ്ങള് രാധയ്ക്കു നല്കി. കരച്ചില് കഴിഞ്ഞാല് ബോധക്ഷയം; അതു കഴിഞ്ഞാല് വീണ്ടും കരച്ചില്--അങ്ങനെ കഴിയുകയാണ് മാധവിയമ്മ. രാധ വാവിട്ടു കരഞ്ഞില്ല. എങ്കിലും തിരികല്ലുരയുന്നതുപോലെ, ഒരു ഞരക്കം ആ തൊണ്ടയില് ഇടവിടാതെ നിന്നു. കരഞ്ഞുകരഞ്ഞു ക്ഷീണിച്ച അനുജന് കിടന്നുറങ്ങി. രാധ ആ പായത്തലപ്പത്തിരുന്നു. അവള്ക്കു കരച്ചില് വന്നില്ല. ഭയവും തോന്നിയില്ല. എന്താണ് അനുഭവിക്കുന്നതെന്നുതന്നെ തിട്ടമായില്ല. ഒരുതരം വെറുങ്ങലിപ്പ്.

അയല്വീടുകളില്നിന്ന് അമ്മമാര് സമാധാനിപ്പിക്കുവാന് എത്തിയിരുന്നു--ബന്ധുക്കളും ശത്രുക്കളുമെല്ലാം.

“കരഞ്ഞിട്ടെന്താ?” ഒരു കിഴവി പറഞ്ഞു: “ഭഗവാന് വരുത്തുന്നതു സഹിക്കുക.”

“ഈ രോഗത്തിനു മരുന്നുണ്ടോ?”

വേറൊരുത്തി.

“സമാധാനം വരില്ല. എന്നാലും അവനവന്തന്നെ ഒരുറപ്പുണ്ടാക്കുക. അതല്ലേ വഴിയുള്ളൂ?” ഭാര്ഗ്ഗവിയമ്മ ഗദ്ഗദത്തോടെ പറഞ്ഞു.

“അതേയതേ.” നാണുക്കുട്ടിപ്പണിക്കരും പറഞ്ഞു: “ഗതാസൂനഗതാസൂംശ്ച” എന്നല്ലേ?

“നമ്മളു കരഞ്ഞ്, പോയവനു ഗതിയില്ലാതാക്കരുത്.” കിഴവി വീണ്ടും ഓര്മ്മപ്പെടുത്തി. ബന്ധുക്കളുടെ ഒരു തുള്ളി കണ്ണുനീര് പരലോക യാത്രക്കാരന്റെ മുമ്പില് ഒരു വലിയ പുഴയായിക്കിടക്കും എന്ന് അവര് വിവരിച്ചു. പക്ഷേ, ഇതെല്ലാം രാധയെസ്സംബന്ധിച്ചിടത്തോളം

അനാവശ്യമായിരുന്നു. അവള് കരയുന്നില്ല. മുറിയുടെ നടുക്കിരിക്കുന്ന മണ്ണെണ്ണവിളക്കിന്റെ നാളത്തിലേക്കു ദൃഷ്ടിയുറപ്പിച്ചുകൊണ്ടു നിശ്ചലയായിരിക്കയാണ്. ആ വിറയ്ക്കുന്ന നാളം അവളുടെ മുഖത്തും ചുമരിലും ഇളംചുവപ്പുള്ള അലകള് നിര്മ്മിച്ചിരുന്നു. തുടുത്ത കവിളുകളില് കൂടുതല് തുടുപ്പ്, കലങ്ങിയ കണ്ണുകളില് കൂടുതല് കലക്കം. നിശ്ചലവും നിശ്ശബ്ദവുമായ ആ ഇരിപ്പിലും സാന്ത്വനങ്ങള് തുടര്ന്നു, അയല്ക്കാര് ചെയ്യേണ്ട കടമയാണത്.

വീടെല്ലാം അടിച്ചുതളിച്ച്, സ്വല്പം കഞ്ഞിയുണ്ടാക്കിവെച്ച്, അയല്പക്കക്കാര് ഓരോരുത്തരായി പിരിഞ്ഞുപോയി. ഒന്നുരണ്ടു കിഴവികള് മാത്രം ഒരു മൂലയ്ക്കല് ചുരുണ്ടുകൂടിക്കിടന്നു.

രാധ അപ്പോഴും നിശ്ചലയായി ആ മണ്ണെണ്ണവിളക്കിലേക്കു ദൃഷ്ടിയുറപ്പിച്ചുകൊണ്ടിരിക്കയാണ്. ആ ഒരു ബിന്ദുവിലാണ് ജീവിതമാകെ ഉടക്കിവെച്ചിരിക്കുന്നതെന്നു തോന്നും. നാഴികകള് കടന്നുപോയി. ശൂന്യവും ഏകാന്തവുമായ രാത്രി. കിഴവികളുടെയും അന്തരീക്ഷത്തിന്റെയും ശ്വാസഗതി മാത്രം അവിടത്തെ ഏകാന്തതയെ ഭഞ്ജിച്ചു. മദ്ധ്യയാമം കഴിഞ്ഞപ്പോള്, ഒരു കാല്പെരുമാറ്റം അടുത്തേക്കു വന്നു. അത് കുഞ്ഞിരാമന്റേതായിരുന്നു. അയാള് അവളുടെ അടുത്തുവന്നിരുന്നു. ഒരക്ഷരം മിണ്ടിയില്ല. രാധ മുഖത്തേക്കൊന്നു നോക്കി. അയാള് രാധയുടെ മുഖത്തേക്കും ഒന്നു നോക്കി. അത്രമാത്രം. നിശ്ശബ്ദമായ ആ ഇരുപ്പു പുലര്ച്ചവരെ തുടര്ന്നു പോയി.

“ഞാന് പിന്നീടു വരാം.” കുഞ്ഞിരാമന് യാത്രപറഞ്ഞു.

“ഉം.” രാധ ഒന്നു മൂളി. ഇതിന്നുശേഷം, ദിവസവും കുഞ്ഞിരാമന് ആ വീട്ടില് വരാറുണ്ട്; ചിലപ്പോഴൊക്കെ എന്തെങ്കിലും കൊണ്ടുവന്നു കൊടുക്കാറുമുണ്ട്. ഇടയ്ക്കു നാലണ, ഇടയ്ക്കു സ്വല്പം അരി. ഇതെല്ലാം എവിടെ നിന്നു കിട്ടുന്നുവെന്ന് രാധ ചോദിച്ചില്ല; കുഞ്ഞിരാമന് പറഞ്ഞതുമില്ല.

മാധവിയമ്മ ആരോടും ഒന്നും പറഞ്ഞില്ല. അനുവാദവും നിഷേധവുമെല്ലാം ചില മൂളലുകളാണ്. ചിലപ്പോള് ചോദ്യത്തിനു മറുപടിയേ ഉണ്ടായില്ലെന്നു വരും. ആ ജീവിതം വറ്റുകയായിരുന്നു. കൂടുതല് വേഗത്തില് വറ്റിത്തീര്ന്നെങ്കിലെന്ന് അവര് ആഗ്രഹിച്ചു. പക്ഷേ, മക്കളെപ്പറ്റി ആലോചിക്കുമ്പോള് ഹൃദയത്തിന്റെ അടിയില്നിന്നൊരു നീറല്. അവരുടെ സ്ഥിതി എന്താവും?

മുറ്റിയ വേനലില് വറ്റിപ്പോകുന്ന കുളത്തിലെ പരലുകളെപ്പോലെയായിരുന്നു അവിടെയുള്ളവരുടെ ജീവിതം. കുഞ്ഞിരാമന്റെ വരവുകള്, അന്തിത്തെന്നല്പോലെ അതില് ചില അലകളുണ്ടാക്കി.

വിശപ്പ് എല്ലാറ്റിന്റെയും മേലെ നിന്നു. ആ കുടുംബത്തിനു ജീവിക്കണം. രാധയുടെ ഹൃദയം അക്കാര്യം ചൊല്ലി അല്ലല്പ്പെടുകയായിരുന്നു. എന്തെങ്കിലുമൊരു ജോലി കിട്ടിയാല്ക്കൊള്ളാമെന്ന് അവള് ആഗ്രഹിച്ചു. എന്തു ജോലി? കൊയ്ത്തും എണ്ണയാട്ടലും നെയ്ത്തും അതുപോലുള്ളയാതൊന്നും അവള്ക്കു വശമില്ല. വശമുള്ളവര്ക്കുതന്നെ തൊഴിലില്ല. പഠിപ്പും പാസുമുള്ളവര് തന്നെ മറുനാടുകളിലേക്ക് തൊഴിലുമന്വേഷിച്ചു പോവുകയാണ്.

“എന്താണ് ഞാന് ചെയ്യേണ്ടത്?” രാധ കുഞ്ഞിരാമനോടു ചോദിച്ചു.

ആ ചോദ്യം അനേകദിവസമായി അവന് തന്നോടുതന്നെ ചോദിക്കുന്നു. എന്തു ചെയ്യണം, ഈ കൈകള്കൊണ്ട് എന്തു ചെയ്യണം? ഈ ചോദ്യം ഭ്രരിപക്ഷം ആളുകളുടെയും ഉള്ളില് കുത്തിക്കയറുന്ന കാലമായിരുന്നു.

“ഞാന് ജോലി അന്വേഷിക്കുന്നുണ്ട്.” അവന് പറഞ്ഞു.

“എവിടെ?”

വ്യക്തമായ ഒരു മറുപടി പറയാന് വയ്യാ. അവന് പരുങ്ങുന്നതു കണ്ടപ്പോള് അവള് പിന്നീടൊന്നും ചോദിച്ചതുമില്ല.

അതിലേ വന്ന ഗോപാലകൃഷ്ണന് തമലയില്നിന്നു സ്വല്പം വെള്ളമെടുത്തു കുടിച്ചു. “വെള്ളം പോകുന്ന വഴി അറിയാനുണ്ട്” എന്നും പറഞ്ഞു വയറും പിടിച്ചു കടന്നുപോയി. രാധ മുഖം താഴ്ത്തി നിന്നു.

അന്നു വൈകുന്നേരം ഭാര്ഗ്ഗവിയമ്മ വന്നപ്പോള് രാധ ചോദിച്ചു:

“ഭാര്ഗ്ഗവിയമ്മ ഒരുപകാരം ചെയ്യോ?”

“എന്താ, രാധേ?”

“എനിക്ക് എവിടെയെങ്കിലും ഒരു തൊഴിലുണ്ടാക്കിത്തരുവോ? അടിച്ചു തളിയോ നെല്ലുകുത്തോ എന്തായാലും ഞാന് ചെയ്തോളാം.”

ഭാര്ഗ്ഗവിയമ്മ നെടുവീര്പ്പോടെ രാധയെ നോക്കി. ആ ീയുടെ കണ്പീലികള് നനഞ്ഞു. അവര് ആ പെണ്കിടാവിന്റെ ശിരസ്സു തടവിക്കൊണ്ടു ചോദിച്ചു:

“അതൊക്കെ രാധയ്ക്കു ചെയ്യാന് കഴിയോ?”

“കഴിയാഞ്ഞാല് പറ്റ്വോ?”

“ജോലിയുണ്ടെങ്കില്ത്തന്നെ അത് രാധയ്ക്കു പറ്റ്വോ എന്നാണ് എനിക്കു സംശയം.”

“പറ്റും.”

“എന്നാലും...”

“ഞാന് എന്തു ജോലിയും ചെയ്തോളാം.”

“അതല്ല...”

“പിന്നെ?”

“നമ്പിടിവീട്ടിലേ തൊഴിലുള്ളൂ. അവിടെ നില്ക്കാന് രാധയുടെ മനസ്സു സമ്മതിക്ക്വോ?”

രാധ കുറച്ചുനേരം ആലോചിച്ചു. ഭ്രുതകാലസംഭവങ്ങള് അവളുടെ ഹൃദയത്തിലേക്ക്, വേലിയേറ്റസമയത്തു തിരമാലകള്പോലെ അടിച്ചു കയറി. അച്ഛനും ആ കുടുംബവും തമ്മിലുണ്ടായിരുന്ന ബന്ധത്തെപ്പറ്റി ആലോചിച്ചപ്പോള് അവള്ക്കു മനസ്സു ചത്തു. അവര് തന്നെ കൈക്കൊള്ളുമോ? കൈക്കൊണ്ടാല്ത്തന്നെ എത്ര അവജ്ഞയോടെയായിരിക്കും പെരുമാറുക! നിമിഷംപ്രതി അവര് അച്ഛനെ കുത്തിപ്പറയുമോ? തന്നെ അപമാനിക്കുമോ? അതൊക്കെ സഹിച്ചുകൊണ്ടു നില്ക്കാന് സാധിക്കുമോ? വയ്യാ,

അതേതായാലും വയ്യാ. അവള് ഭാര്ഗ്ഗവിയമ്മയോടു ചോദിച്ചു:

“വേറെ എവിടെയും ജോലി കിട്ടില്ലേ, ഭാര്ഗ്ഗവിയമ്മേ?”

“എവിടെ കിട്ടാന് കൂട്ടീ?”

രാധ ഒന്നുകൂടി ആലോചിച്ചു. എന്നിട്ട് ഭാര്ഗ്ഗവിയമ്മയോടു പറഞ്ഞു:

“നാളെ പറയാം.”

“ആലോചിച്ചിട്ടു മതി. പക്ഷേ, ഒരു കാര്യമുണ്ട്! നമ്പിടി എങ്ങനെയായാലും നേത്യാരമ്മ നല്ല കൂട്ടത്തിലാ. ഒരുപദ്രവവുമില്ല.”

രാധ അന്നു പകലും രാത്രിയും മുഴുവന് അതിനെപ്പറ്റി ചിന്തിച്ചു. കുഞ്ഞിരാമനോട് അന്വേഷിക്കണമെന്നു തോന്നായ്കയില്ല. പക്ഷേ, സമ്മതിക്കയുണ്ടാവില്ല. ഇപ്പോള്ത്തന്നെ താങ്ങാനാവാത്ത ഭാരം ചുമക്കുന്ന ആ മനുഷ്യന് ഇനിയും ചുമക്കണമെന്നു വിചാരിക്കുന്നതു ശരിയല്ല. ഒരു കടപ്പാടുമില്ല. എന്നിട്ടും ആ കുടുംബത്തിനുവേണ്ടി എത്ര കഷ്ടപ്പെടുന്നു! രണ്ടാലൊന്ന് ഉറയ്ക്കാതെ ഇനി ജീവിച്ചിരിക്കുവാന് സാധ്യമല്ലെന്ന് രാധയ്ക്കു തോന്നി. പിറ്റേന്ന് ഭാര്ഗ്ഗവിയമ്മ വന്നപ്പോള് രാധ പറഞ്ഞു: “ചോദിച്ചോ?”

“ഉവ്വ്. നേത്യാരമ്മയ്ക്കു വളരെ സന്തോഷം. നിങ്ങളുടെ കഷ്ടപ്പാടൊക്കെ ഞാന് അവരോടു പറഞ്ഞു.”

“എന്നിട്ട്?”

“കൂട്ടിക്കൊണ്ടു ചെല്ലാന് എന്നോടു പറഞ്ഞിട്ടുണ്ട്.”

“ഭാര്ഗ്ഗവിയമ്മയ്ക്ക് എന്താണ് തോന്നുന്നത്?”

“കഴിഞ്ഞതൊക്കെ മറക്കണം. കഴിഞ്ഞതു മറക്കാഞ്ഞാല് നമ്മളൊക്കെ എന്നോ മരിച്ചുപോയിട്ടുണ്ടാവും. പിന്നെ രാധയുമായിട്ട് ഒരു വിരോധവുമില്ലല്ലോ.”

“ശരിയാണ്. എന്നാലും...”

“ശങ്കിക്കണ്ടാ, നേത്യാരമ്മയെക്കൊണ്ട് ഒരുപദ്രവവും വരില്ല! വളരെ ഭക്തിയും വിശ്വാസവുമുള്ള ഒരു ീയാണ്. ഞാന് രാധയെപ്പറ്റി വിസ്തരിച്ചു പറഞ്ഞിട്ടുമുണ്ട്.”

രാധ പിന്നെയും ശങ്കിച്ചുനില്ക്കുകയാണ്. തന്റെ അച്ഛനമായിട്ട് ആ കുടുംബം രഞ്ജിപ്പിലായിരുന്നില്ല എന്നതല്ല ഇപ്പോളവളെ അലട്ടുന്നത്. മറ്റെന്തോ ഒരസുഖം. അത് മറ്റാരെയോ അപമാനിക്കുകയല്ലേ? ആരെ? അമ്മയെയാണോ? മാധവിയമ്മ ഇതിലൊക്കെ നിര്ല്ലോപയാണ്. വേലയ്ക്കു പോയാലും കൊള്ളാം, പോകാതിരുന്നാലും കൊള്ളാം. താങ്ങാവുന്നതിലധികം ആഘാതങ്ങള് താങ്ങിക്കഴിഞ്ഞ ആ ഹൃദയം മുരടിച്ചുകഴിഞ്ഞിരുന്നു. ഉണങ്ങിക്കഴിഞ്ഞില്ലെങ്കിലും ഒരു തളിര് വിടര്ത്താന് അതിനെക്കൊണ്ടാവില്ല. ഇത് രാധയ്ക്കറിയാം. എന്നാലും ആരോ ‘അരുത്, അരുത്’ എന്ന് അകത്തുനിന്നു പറയുകയാണ്. അപ്പോഴെല്ലാം കുഞ്ഞിരാമന്റെ മുഖം അവളുടെ സ്മരണയില് തെളിഞ്ഞുനിന്നു. അവള് ചോദിച്ചിട്ടില്ല. കുഞ്ഞിരാമന് എതിര്ത്തിട്ടുമില്ല. എന്നാലും എതിര്ക്കുമെന്നൊരു തോന്നല്. ആ എതിര്പ്പിനെ വകവയ്ക്കാതെ

കഴിയുമോ? പക്ഷേ, എത്ര നാള് മറ്റൊരാളെ ബുദ്ധിമുട്ടിക്കാം? അവള് രണ്ടും കല്പിച്ച് ഭാര്ഗ്ഗവിയമ്മയോടു പറഞ്ഞു: "ഞാന് വരാം."

പിറ്റേന്നു കാലത്ത് അവള് ജോലിക്കു പോയി. ഉത്കണ്ഠാകുലമായ ഹൃദയത്തോടെയാണ് നമ്പിടിവീട്ടിലെ ആ വിശാലമായ തളത്തിലേക്ക് കയറിച്ചെന്നത്. ഭാര്ഗ്ഗവിയമ്മ മുമ്പില് നടക്കുന്നുണ്ട്. അവര് ചെന്നപ്പോള്, നേത്യാരമ്മ നടുമുറ്റത്തിനു ചുറ്റുമായി പടുത്തുപൊക്കിയ തിണ്ണയില് വീശിക്കൊണ്ടിരിക്കുകയാണ്.

"ഇതാരാ, ഭാര്ഗ്ഗവീ?" മൃദുലമായിരുന്നു ആ അന്വേഷണം.

"ഞാന് പറഞ്ഞ കുട്ടി -- രാധ."

"ഓഹോ!" അവര് രാധയെ ആകെയൊന്നു നോക്കി: "ഇവിടെ നിന്നോളൂട്ടോ. വല്യേ ശമ്പളമൊന്നും തരാന് സാധിക്കില്യാട്ടോ. എന്നാലും കഴിയുന്നതൊക്കെ ചെയ്യംട്ടോ. ശ്ശി പണിയൊന്നും ഇല്ല. വിളിച്ചാലും പറഞ്ഞാലും കേള്ക്കാന് ഒരാളു വേണം. അത്രേ ഉള്ളൂട്ടോ."

"ഉ-ം." രാധ ഒന്നു മൂളി.

നേത്യാരമ്മ പറഞ്ഞതു നേരായിരുന്നു. വലിയ പണിയൊന്നുമില്ല ആ വീട്ടില്. നേത്യാരമ്മയുടെ അറ അടിച്ചുതുടച്ചു വൃത്തിയാക്കണം, കിടക്ക കുടഞ്ഞുവിരിക്കണം, പൂജാമുറിയിലെ വിളക്കുകള് തുടച്ചു വെളുപ്പിക്കണം, എണ്ണ തേപ്പിച്ചു കൊടുക്കണം, വിളിച്ചാലും പറഞ്ഞാലും കേള്ക്കണം--കഴിഞ്ഞു. ചിലപ്പോള് പശുവിനെ കറക്കുകയോ തൈര് കലക്കുകയോകൂടി വേണ്ടിവരും. ഭക്ഷണം ആവശ്യംപോലെ കിട്ടും. എന്നല്ല -- കുടുംബത്തേക്കു കൊണ്ടുപോരാനുമുണ്ടാകും. രാവിലെ പോയാല് ഉച്ചയ്ക്കു മടങ്ങിപ്പോരാം. പിന്നെ നാലുമണിക്കേ ചെല്ലേണ്ടൂ. സന്ധ്യ മയങ്ങുന്നതിനു മുമ്പേ കുടുംബത്തെത്തുകയും ചെയ്യാം. ആകപ്പാടെ രാധയ്ക്ക് ആ ഉദ്യോഗം പിടിച്ചു. താന് പ്രതീക്ഷിച്ച ആപത്തുകളൊന്നുമില്ല. നേത്യാരമ്മ അച്ഛനെപ്പറ്റിയോ കുടുംബകാര്യങ്ങളെപ്പറ്റിയോ ഒന്നും ചോദിക്കില്ല. ഉച്ചയ്ക്ക് ഉറക്കം വരുന്നതുവരെ അവര് പറയാറുള്ള 'വേദാന്ത കഥ'കള്ക്കു മൂളിക്കൊടുക്കുകയും കാല്തിരുമ്മി കൊടുക്കുകയും വേണം. ഉഷ്ണകാലത്തു സ്വല്പം വീശിക്കൊടുക്കണം. തലമുടിയിലെ പേനെടുത്തു കൊടുക്കണം. ഇതൊക്കെ കുഴപ്പമുള്ള കാര്യമായി രാധയ്ക്കു തോന്നിയില്ല. നേത്യാരമ്മയുടെ സാമ്രാജ്യമായ വടക്കേക്കെട്ടുവിട്ട് എങ്ങോട്ടും പോകേണ്ടതില്ലതാനും.

"രാധേ!" നേത്യാരമ്മ നീട്ടിവിളിച്ചു.

"എന്തേ?"

"ആ പഞ്ചാംഗം ഇങ്ങോട്ടെടുക്കു. ഇതാ, ആ മേശപ്പുറത്തുണ്ട്."

രാധ പഞ്ചാംഗം എടുത്തുകൊണ്ടുവന്നു.

"പ്രദോഷം എന്നാണെന്നു നോക്ക്."

അവള് നോക്കി പറഞ്ഞുകൊടുത്തു.

"പൂയം എത്രാം തീയതിയാണെന്നുകൂടി നോക്കിക്കളയൂ. ഒരിക്കലും

തെറ്റൊതല്ലോ.”

അതും നോക്കി പറഞ്ഞു. അതോടനുബന്ധിച്ച് സുബ്രഹ്മണ്യസ്വാമിയുടെ അത്ഭുതകൃത്യത്തെപ്പറ്റിയുള്ള ഒരു കഥയും വരും. അതിനൊന്നു മൂളിക്കൊടുക്കുകയുംകൂടി ചെയ്താല് നേത്യാരമ്മയ്ക്കു സംതൃപ്തിയായി. ജോലിക്കു ചേര്ന്നതിന്റെ മൂന്നാംദിവസം രാവിലെ നേത്യാരമ്മ ചോദിച്ചു: “രാധേ, നിനക്കു നല്ലതൊന്നും ഉടുക്കാനില്ലേ?”

രാധ കീഴ്പ്പോട്ടു നോക്കി നിന്നതേയുള്ളൂ. നേത്യാരമ്മ അവള്ക്കു മുണ്ടുകളും ബ്ലൗസ്ശീലയും വരുത്തിക്കൊടുത്തു. എന്നിട്ട് ഒരുപദേശവും:

“വൃത്തിയായി നടക്കണം. ഇതൊക്കെ വലിയ സ്ഥാനമല്ലേ?”

“ഉ–ം.”

ഒരാഴ്ച അങ്ങനെ കഴിഞ്ഞു. അവള് കുഞ്ഞിരാമനെ പ്രതീക്ഷിച്ചു. പക്ഷേ, എന്തോ അയാള് വന്നില്ല. അതവളെ അസ്വസ്ഥയാക്കിയിരിക്കയാണ്. അങ്ങനെ വേവലാതിപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണ് മുമ്പില് നിന്നു കേട്ടത്, രാധ വലുതായല്ലോ എന്ന്. വന്നല്ലോ, ഇനി എത്ര ശകാരിച്ചാലും വിരോധമില്ല.

കുഞ്ഞിരാമന്റെ സംഭാഷണത്തിലെ ഒരുക്കിപ്പിടിച്ച പാരുഷ്യം രാധ മനസ്സിലാക്കായ്കയല്ല. അതു കേട്ടപ്പോള് ഹൃദയം നൊന്തു. പക്ഷേ, ആ മനുഷ്യനെക്കൊണ്ട് ഇനിയും ജീവിതഭാരം ചുമപ്പിച്ചുകൂടെന്ന് അവള് ഉറച്ചിരിക്കുകയാണ്. ‘ആളുകള് വലുതാകുമ്പോള് പേടിയാണ് എന്ന കുഞ്ഞിരാമന്റെ വാക്കില് ഒതുങ്ങിക്കിടക്കുന്ന സര്പ്പത്തെ രാധ കണ്ടു. പക്ഷേ, മൗനമാണ് ഭൂഷണമെന്ന് അവള്ക്കറിയാമായിരുന്നു. മൗനത്തിന്റെ ആ നീര്പ്പോള കുത്തിപ്പൊട്ടിച്ചത് കുഞ്ഞിരാമനാണ്. അയാള് ചോദിച്ചു: “പണിക്കു പോയി, ഇല്ലേ?”

“ഉവ്വ്.”

നിശ്ശബ്ദം. പിന്നെയും കുഞ്ഞിരാമന്തന്നെ: “നേത്യാരമ്മ എന്തു പറഞ്ഞു?”

“വിശേഷിച്ചൊന്നും പറഞ്ഞില്ല.”

“വേലുമ്മാനെ കണ്ടില്ലേ?”

“ഇല്ല.”

“അവിടെ സുഖമാണല്ലോ!” പരിഹാസം സ്ഫുരിച്ചിരുന്ന ആ വാക്കു കുറിക്കു കൊണ്ടു.

രാധ മുഖമുയര്ത്തി: “സുഖം അനുഭവിക്കാനല്ലല്ലോ ഞാന് പിറന്നത്.”

“ഇപ്പോള് സുഖം കിട്ടിയല്ലോ!”

“അങ്ങനെയാണ് മനസ്സിലാക്കിയതെങ്കില് മറിച്ചു പറഞ്ഞിട്ടെന്താ കാര്യം?”

“പിന്നെ എങ്ങനെ മനസ്സിലാക്കണം? എല്ലാവര്ക്കും ഒരുപോലെ ബുദ്ധിയുണ്ടാവില്ല.”

തൊണ്ടയില് വന്നു തറയ്ക്കുന്ന വാക്കുകള് പുറത്തേക്കു വിടാന് രാധ ഇഷ്ടപ്പെട്ടില്ല. അത് അഗ്നി ജ്വലിപ്പിക്കും.

“എന്താ മിണ്ടാത്തത്?” –– കുഞ്ഞിരാമന് തിരക്കി.

“ഒന്നും പറയാനില്ലാത്തതുകൊണ്ട്. അല്ലെങ്കില് പറഞ്ഞിട്ടു പ്രയോജനമില്ലെന്ന കരുതിയിട്ട്.”

“എന്നെക്കൊണ്ടു വലിയ പ്രയോജനമില്ലെന്ന് എനിക്കുതന്നെ അറിയാം. ജനിച്ചുപോയി. ആത്മഹത്യ ചെയ്യാന് ധൈര്യം വരുന്നുമില്ല.”

രാധയ്ക്ക നെഞ്ചില് ഒരു കട്ടപ്പാര കുത്തിക്കയറ്റിയപോലെ തോന്നി. കവിളുകള് തുടുത്തു. കണ്ണുകള് നിറഞ്ഞു. ഒരു വീര്പ്പുമുട്ടല്. ഇനി നില്ക്കാന് വയ്യാ, ആകെയുള്ള രക്ഷാസങ്കേതമാണ് പൊളിയുന്നത്. കഷ്ടിച്ചു പറക്കാറായ ഒരു കിളിയാണ് രാധ. കുഞ്ഞിരാമന്റെ ഹൃദയത്തില് പതുക്കെ അതൊരു കൂടുകൂട്ടിവരുന്നതേയുള്ളൂ. കാറ്റും മിന്നലും ചാറലും നിറഞ്ഞ അന്തരീക്ഷത്തില്നിന്നു പലപ്പോഴും രക്ഷപ്പെട്ടത് ആ കൂട്ടില് ചെന്നുപറ്റിയിട്ടാണ്. പണിതീര്ന്നിട്ടില്ലാത്ത ആ കൂടിതാ പൊളിയാന് പോകുന്നു. ആ തകര്ച്ച തന്റെ തകര്ച്ചയാണ്. അവളിലുള്ള മനുഷ്യന് ചാവുകയാണ്. അതു നോക്കിക്കൊണ്ട് അനങ്ങാതെ നില്ക്കുവാന് കഴിയുമോ? മൂര്ദ്ധാവില് വീഴുന്ന വെട്ടിനുനേരെ തടുക്കാന് കൈ ചെല്ലുന്നതുപോലെ, വാക്കുകള് ചുറുപിറന്നാനെ വീണു: “അതേ, ഞാന് സുഖിക്കാന് വേണ്ടി പോയതാണ്. ഈ കുടുംബത്തെ ആകെ തകര്ത്തുവിട്ടവരുടെ കൂപ്പുകോരാന് പോകുന്നതു സുഖമല്ലേ?”

“അതുയെങ്കിലും ഓര്മ്മയുണ്ടല്ലോ; നന്നായി.”

“നന്നായാലും ചീത്തയായാലും ഞാനല്ലേ സഹിക്കുന്നത്? എന്റെ വേദന അറിയാന് ഒരാളില്ല...” അവളുടെ തൊണ്ടയിടറി: “ഞാന് ചിരിക്കുന്നതു കാണുമ്പോള്, എനിക്കു സുഖമാണെന്ന് എല്ലാവരും വിചാരിക്കുന്നു. എനിക്കു കരയാനറിഞ്ഞുകൂടാ. അത്തരത്തില്പ്പോലും എനിക്കു മനസ്സിന്ന് ഒരാശ്വാസമില്ല. എന്നെ ആര്ക്കും മനസ്സിലാവില്ലായിരിക്കും.”

“മനസ്സിലാവുന്നതുകൊണ്ടാണ് പറഞ്ഞത്.”

“സുഖിക്കാന് പോയതാണെന്നല്ലേ മനസ്സിലാക്കിയത്?”

“അല്ല.”

“അതേ.”

“ഇപ്പോള് എന്നെയാണ് മനസ്സിലാകാത്തത്. ജോലിക്കു പോകണമെങ്കില് ആ വീട്ടില്ത്തന്നെ വേണ്ടിയിരുന്നോ?”

“മറ്റൊരു സ്ഥലം ഞാന് കണ്ടില്ല. അഭിമാനവും അപമാനവും എനിക്കും തിരിച്ചറിയും. പക്ഷേ, ഇവിടത്തെ സ്ഥിതി ഓര്ക്കുമ്പോള് എല്ലാം മറക്കുന്നു. ഏടത്തി ഭാഗ്യവതിയാണ്. അവര് നേരത്തെ പോയല്ലോ...”

സ്നിഗ്ധപക്ഷ്മളങ്ങളായ ആ നേത്രങ്ങളില് കണ്ണുനീര് തടംകെട്ടി നില്ക്കുന്നത് കുഞ്ഞിരാമന് കണ്ടു. നിറഞ്ഞൊഴുകാന് മടിച്ചുനില്ക്കുന്ന ആ കണ്ണുനീര് അയാളെ അലിയിച്ചുകളഞ്ഞു. വിജയാഹ്ലാദവും സഹാനുഭൂതിയും കൂടിക്കലര്ന്ന് അയാളുടെ ഹൃദയത്തില് അലതല്ലി.

“രാധേ!”

“ഉം?”

“സഹിക്കാഞ്ഞിട്ടു പറയുന്നതാണ്.”

“എനിക്കറിയാം.”

“തുടങ്ങിയ സ്ഥിതിക്ക് ഇനി മുടക്കേണ്ടാ.”

“ഇല്ല. ഞാനിനി പോവുന്നില്ല. പട്ടിണികിടക്കാന് എനിക്കറിയാം. പക്ഷേ, എന്നെ ഇഷ്ടമുള്ളവര്ക്കൂടി എന്നെ വെറുത്താല് പിന്നെ എന്തിനാണ് ജീവിച്ചിരിക്കുന്നത്?”

“നിന്നോടുള്ള വെറുപ്പല്ല. അവര് ചെയ്തതൊക്കെ ആലോചിക്കുമ്പോള് വെറുത്തുപോകയാണ്. പക്ഷേ, അങ്ങനെ വെറുത്തിട്ടു കാര്യമില്ല. ജീവിച്ചിരിക്കണമല്ലോ.”

“ഇതൊക്കെത്തന്നെയാണ് ഞാനും ഓര്ത്തത്. പക്ഷേ, ഇനി എനിക്കങ്ങോട്ടു പോവാന് വയ്യാ.”

“എന്നിട്ട്?”

“ഇതിനുമുമ്പു ജീവിച്ചപോലെ ജീവിക്കും.”

കുഞ്ഞിരാമന് സ്വല്പനേരം ആലോചിച്ചു. മുന്കോപംകൊണ്ടു താന് കാര്യങ്ങളെല്ലാം തകരാറിലാക്കി എന്ന് അയാള്ക്കു തോന്നി. ഓടിച്ച വഴിയെല്ലാം, നടത്തണമെന്നാണ് വന്നിരിക്കുന്നത്. തനിക്കവളെ രക്ഷിക്കാന് കഴിവില്ല. സ്വയം രക്ഷപ്പെടാന് അനുവദിക്കുകയുമില്ലെന്നുവന്നാലോ?

“അല്ലെങ്കില് വേലചെയ്തു കൂലി വാങ്ങുന്നതില് എന്താണ് മാനക്ഷയം? രാധ പൊയ്ക്കോളൂ.”

“സാധിക്കില്ല.”

“ഞാന് മുന്ശ്രുണ്ഠികൊണ്ട് എന്തോ പറഞ്ഞുപോയി.”

“കാര്യമാണ് പറഞ്ഞത്.”

“അവരുടെ അടുത്തു ജോലിക്കു പോകുന്നതു സുഖമല്ലെന്ന് എനിക്കും രാധയ്ക്കും അറിയാം. പക്ഷേ, കുറച്ചുനാളേക്കുകൂടി ആ സുഖക്കേട് അനുഭവിക്കു. അപ്പോഴേക്കും ഞാനൊരു ജോലി കണ്ടുപിടിക്കും. രാധയ്ക്കു തിരിച്ചുപോരികയുംചെയ്യാം.”

“എന്നെക്കൊണ്ട് ഇനി ഒന്നും സാധിക്കില്ല.”

“എന്നോടുള്ള വിരോധംകൊണ്ടാണോ?”

“അങ്ങനെയാണെങ്കില് അങ്ങനെ.”

“രാധേ, ഞാനിതൊക്കെ പറയുന്നതെന്തുകൊണ്ടാണെന്നറിഞ്ഞുകൂടേ?”

“പക്ഷേ, ഞാനും ഒരു മനുഷ്യനാണ്. എനിക്കും ഒരു മനസ്സുണ്ട്. അറിഞ്ഞുകൂടേ?ഞാന് ഒരുവിധത്തില് എന്നെ ഉറപ്പിച്ചുനിര്ത്തിയിരുന്നു അതൊക്കെ തകര്ന്നു. ഇനി എനിക്കു നില്ക്കാന് വയ്യ."--രാധ തീര്ത്തു പറഞ്ഞുകളഞ്ഞു.

കുഞ്ഞിരാമന് അമ്പരന്നുപോയി. തന്നെ അവളുടെ ഹൃദയത്തില് ഒന്നിളക്കിവെച്ച് ഉറപ്പിക്കണമെന്നായിരുന്നു മനസ്സിന്നടിയില് ഒളിച്ചിരുന്ന

ആശ. പക്ഷേ, ഇളകി, ഉറയ്ക്കുന്നുമില്ല. ഈ വിഷമാവസ്ഥയില്നിന്നു രക്ഷപ്പെടാതെ നിവൃത്തിയില്ല. അയാള് ഊന്നിയൂന്നി പറഞ്ഞു. ആ നീണ്ട ഉപദേശങ്ങളുടെയെല്ലാം അവസാനത്തില് രാധ ഒരേ മറുപടി ആവര്ത്തിച്ചു: "എനിക്കിനി വയ്യാ."

കുഞ്ഞിരാമന് തോറ്റു. അയാള് തളര്ന്നു. കോലായില് ചെന്നിരുന്നു; മറുപുറത്ത് രാധയും. രണ്ടുപേര്ക്കും ഹൃദയം നിറഞ്ഞിരിക്കുന്നു. അതുകൊണ്ടു വാക്കുകള് പിന്വലിഞ്ഞു. മാധവിയമ്മയുടെ ഞെരക്കം കൂടെക്കൂടെ അകത്തുനിന്നു കേട്ടു. ഗോപാലകൃഷ്ണന് വേലിക്കടുത്തിരുന്ന് ഒരു വടി ചെത്തിയുഴിയുകയാണ്. നിശ്ശബ്ദം. നിശ്ചലം.

കനത്ത നിമിഷങ്ങള് കടന്നുപോയി. കുഞ്ഞിരാമന്തന്നെ മൗനം ഭഞ്ജിച്ചു:

"രാധേ..."

"ഉ–ം."

"രാധയ്ക്ക് എന്നെ ഇഷ്ടമുണ്ടോ?"

അതിനവള് മറുപടി പറഞ്ഞില്ല.

"ഉണ്ടെങ്കില് ഞാന് പറഞ്ഞതു വിശ്വസിക്കൂ. നമ്മുടെ രണ്ടുപേരുടെയും ഗുണത്തിനാണ് ഞാനിങ്ങനെ നിര്ബന്ധിക്കുന്നത്."

"അതെനിക്കറിയാം."

"എന്നാല്..." ആ വാചകം മുഴുവനാക്കാന് കുഞ്ഞിരാമനു കഴിഞ്ഞില്ല. അയാളുടെ തൊണ്ട കണ്ണീര്കൊണ്ടടഞ്ഞു.

"ശരി. ഞാന് പോവാം." കുറച്ചുനേരത്തെ ചിന്തയക്കുശേഷം രാധ സമ്മതിച്ചു. ആ സമ്മതം കുഞ്ഞിരാമനെ വേദനിപ്പിക്കുകയാണുണ്ടായത്. എന്നാലും അതു സഹിക്കാതെ പറ്റില്ല.

"ഞാന് നാടുവിടണമെന്നാലോചിക്കുന്നു." കുഞ്ഞിരാമന് തന്റെ പരിപാടി മുമ്പിലേക്കു നീക്കി.

"ഹോ?"

"എന്നെന്നേക്കുമായുള്ള പോക്കല്ല. വല്ല തൊഴിലും തേടാതെ ഇനി നമുക്കു ജീവിക്കാന് സാധിക്കില്ല."

"പക്ഷേ....."

"വിഷമമുണ്ട്. എന്നാലും പോണം."

"എവിടേക്ക്?"

"പട്ടണത്തിലേക്ക്."

"ഞാനും."

"സമയമായില്ല."

"സമയം വരുമ്പോ?"

"വരും, തീര്ച്ചയായും വരും."

"ഞാന് കാത്തിരിക്കും."

"കാത്തിരിക്കണം."

ഒരു നിശ്ശബ്ദത.

“കത്തയയ്ക്കാം.”

“ഉം–.”

“വരട്ടെ.”

“വഴിച്ചെലവിന്നു കാശുണ്ടോ?” അപ്രതീക്ഷിതമായിരുന്നു രാധയുടെ ആ ചോദ്യം.

“ഉണ്ടാക്കാം.”

“എങ്ങനെ?”

“അതിപ്പോള് പറയാന് വയ്യാ.”

“ഞാന് തരാം.”

“എവിടെനിന്നു കിട്ടി?”

“എന്റെ കൈയില് തിരിപ്പുപൊട്ടിയ രണ്ടു കമ്മലുണ്ട്. അതു വിറ്റോളൂ.”

“വേണ്ടാ.”

ആ നിഷേധം രാധ ശ്രദ്ധിച്ചില്ല. അവള് വീട്ടിന്നുള്ളിലേക്ക് ഓടി. ഒരു പൊതിയെടുത്തു കൊണ്ടുവന്ന് കുഞ്ഞിരാമന്നു കൊടുത്തു. അയാള് മടിക്കാതെ അതു വാങ്ങുകയും ചെയ്തു. എന്നിട്ട്, തന്റെ മുഖത്തു നട്ടു നില്ക്കുന്ന ആ കണ്ണുകളിലേക്ക് ഊന്നിക്കൊണ്ടു പറഞ്ഞു: “ഞാന് വരും, തീര്ച്ചയായും ഞാന് വരും.”

“ഇല്ലെങ്കില്പിന്നെ ഞാനില്ല!”

തിരിഞ്ഞുതിരിഞ്ഞു നോക്കിക്കൊണ്ട് കുഞ്ഞിരാമന് പടിക്കടായ കടക്കുന്നത് രാധ കണ്ടു. അയാള് അകന്നുപോവുകയാണ്. ആ കിളിക്കു വിശ്രമിക്കുവാന്നുള്ള കൂടു പറന്നുപോവുകയാണ്. വിസ്തൃതമായ ഈ ലോകത്തില് വിശ്രമിക്കാന് ആ മനുഷ്യഹൃദയത്തിന്ന് ഇടമില്ല.

മൂന്ന്

കുന്നത്തു കുറുത്ത മീശ തടവിക്കൊണ്ടിരിക്കയാണ് വിശ്വനാഥന്. അയാളുടെ കണ്ണുകള് സന്ധ്യാപ്രകാശത്തില് അലഞ്ഞുനടന്നു. നിഴല്പ്പാടുകള് കനത്തുകനത്തു വരുന്നു. അയാളുടെ ഹൃദയത്തിലാകെ നിഴല് പരന്നിരിക്കയാണ്. സംഘര്ഷങ്ങള്കൊണ്ടു തളര്ന്ന അയാള് തന്നെത്താന് ഒന്നാകെയിട്ടു നോക്കുകയാണ്, സ്വയം മാറ്റിക്കശക്കാന് യത്നിക്കുകയാണ്. പക്ഷേ, പുകയുന്ന തലച്ചോറും നീറുന്ന ഹൃദയവുമായിട്ട് എന്തു ചെയ്യാന്? പ്രപഞ്ചം ആ യുവാവിന്നു മുമ്പില് ഇരുണ്ടുപോകുന്നു.

എന്തൊക്കെയോ പൊട്ടിപ്പൊട്ടിപ്പോകുന്നു. ആരൊക്കെയോ വിങ്ങി വിങ്ങിക്കരയുന്നു. ശകാരങ്ങള്, ശാപവാക്കുകള്, പല്ലിറുമ്മലുകള്! എല്ലാം ഹൃദയത്തിന്റെ അടിയില്നിന്നാണ് പുറപ്പെടുന്നത്. ഒറ്റയ്ക്കൊറ്റയ്ക്കും കൂട്ടായും ആ ശബ്ദങ്ങള് പൊങ്ങുന്നു. തലയും താങ്ങിക്കൊണ്ട് അയാള് പറഞ്ഞു: “എനിക്കു

വയ്യാ!”

ന്നൂറു തവണ അതേ വാക്കുകള്തന്നെ ഉരുവിട്ടു: “എനിക്കു വയ്യാ, വയ്യാ, വയ്യാ.” ഹൃദയത്തില്നിന്നു പുറപ്പെടുന്ന എല്ലാ ശബ്ദങ്ങള്ക്കുംമേലെ ആ വാക്കുകള് മുഴങ്ങിക്കേള്ക്കാനും അങ്ങനെ ആ അപശബ്ദങ്ങളെ മുക്കിക്കൊല്ലാനും അയാള് ആഗ്രഹിച്ചു. സാധ്യമാണോ? പുറപ്പെട്ടുകഴിഞ്ഞ കാറ്റിനെ മടക്കിവിളിക്കാന് സാധ്യമാണോ? കാറ്റടിച്ചുകൊണ്ടേയിരിക്കട്ടെ എന്ന് ഒരു നിമിഷം വിചാരിക്കും. അടുത്ത നിമിഷത്തില് താന് കടപുഴങ്ങിപ്പോകയാണെന്നു ഭയപ്പെടും. ക്രമമായി ഒന്നും വിചാരിച്ചുനോക്കാന് കഴിയുന്നില്ല. ശല്യം!

“എന്തിന്നു ഞാനിങ്ങോട്ടു വന്നു? എന്തിന്നിവിടെ നിന്നു?” തന്നോടു തന്നെ ചോദിക്കുകയാണ്. ഉത്തരമില്ല. ഒഴുക്കില് പറിച്ചിട്ട ഒരിലയായിരുന്നു. ഒഴുകിയൊഴുകി ഒരു വള്ളിക്കുടിലില് ചെന്നുപെട്ടു. അന്നു പ്രപഞ്ചം മുഴുക്കെ ഒരു തള്ളിയൊഴുക്കായിരുന്നു ഏതോ അദൃശ്യശക്തികള് നാലു ഭാഗത്തു നിന്നു മാടിവിളിക്കുകയായിരുന്നു: വരൂ, വരൂ, വരൂ! അയാള് ആ വിളി കേട്ടുപോന്നു. ചലനാത്മകമായിരുന്നു അക്കാലത്തെത്തും. മരങ്ങള് ആകാശത്തേക്ക് ഓടിക്കയറുകയാണ്. അര്ദ്ധനിമീലിതാക്ഷനായി കോലായില് കിടന്നുറങ്ങുന്ന തന്തനായയുടെ സ്വപ്നങ്ങള് അയാള്ക്കു കാണാമായിരുന്നു. ഓണക്കിളിയും കുരുത്തോലവാലനും എവിടെനിന്നു വരുന്നുവെന്നും എന്തൊക്കെയാണ് സംസാരിക്കുന്നതെന്നും അയാള്ക്കു മനസ്സിലായിരുന്നു. ഓരോ പരമാണുവിനും ഒരു കഥ പറയാനുണ്ടായിരുന്നു. മഞ്ചാടിക്കുരുവിന്നും നക്ഷത്രത്തിന്നുമെല്ലാം അന്നു ജീവചരിത്രമുണ്ടായിരുന്നു. പതുക്കെപ്പതുക്കെ അവ നിശ്ശബ്ദമായി വരുന്നുണ്ടെന്ന് അയാള് അറിഞ്ഞില്ല. ഭൂമിയിലെ ശബ്ദബഹളത്തില് ശ്രദ്ധിക്കാമായിരുന്നു. ഇന്നോ? ഇന്ന് എല്ലാ ശബ്ദങ്ങളും ഒരടിക്കു നിലച്ചിരിക്കയാണ്. ഏകാന്തമായ മലയിടുക്കിലൂടെ ചൂളംവിളിച്ചു പായുന്ന കാറ്റുപോലെ, ഒരു തേങ്ങല്. അനുസ്യൂതമായി പ്രപഞ്ചത്തെ വലയം ചെയ്യുന്നുവെന്നു തോന്നി.

സമസ്തവും ഒരു നിമിഷംകൊണ്ടു കഴിഞ്ഞതുപോലെ തോന്നുന്നു. ശാന്തയെ ആദ്യം കണ്ടതെപ്പോഴാണെന്ന് അയാള് ഓര്ത്തുനോക്കി. പക്ഷേ, അന്നു പ്രത്യേകതയൊന്നും തോന്നിയിട്ടില്ല. ആ മുന്തിയ ജീവിയെപ്പറ്റി ഒരത്ഭുതം മാത്രമാണുണ്ടായിരുന്നത്. ഒരുമിച്ചു നൃത്തം പഠിക്കാന് തുടങ്ങിയതുമുതല്ക്കാണ് താനും അവളും ഒരേ താളത്തില്ച്ചെന്നു വീണതെന്ന് വിശ്വം ഓര്ത്തു. ആ രംഗങ്ങള് ഹൃദയത്തിലൂടെ പാഞ്ഞുപോകുന്നു.

വിശാലമായ തളത്തില്വെച്ചാണ് അന്നു നൃത്താഭ്യസനം നടന്നിരുന്നത്. ശാന്ത നൃത്തം ചവിട്ടുന്നതു കൊതിയോടെ നോക്കിക്കൊണ്ട് എത്ര ദിവസം താന് നിന്നിട്ടുണ്ട്! ആ തളമതാ ഇന്നു ശൂന്യമായി കിടക്കുന്നു. തന്റെ ഹൃദയത്തില്വെച്ച് എന്തെങ്കിലും നടന്നുവെന്നൊരു മട്ടേയില്ല അതിന്ന്. ഭൂമി എന്നും ഇങ്ങനെ നിര്ല്ലേപയാണോ? ശാന്തയക്കൊള് കണിശമായി വിശ്വം

അന്ന് ആ തളത്തില് എത്തിയിരുന്നു. ഗോപിക്കുറുപ്പു വായ്ത്താരി പറഞ്ഞുകൊണ്ടിരിക്കും: 'ത്ത–ത്തൈ;ത്ത–ത്തൈ.' ശാന്ത അതിനനുസരിച്ചു കാല് വെച്ചു. ആ കൊച്ചുകാലുകള് എത്ര മനോഹരമായാണ് ചലിച്ചത്! കാറ്റത്താടിക്കളിക്കുന്ന ശീമക്കുവയെപ്പറ്റി ഓര്ത്തുപോവും. തനിക്കും അങ്ങനെയൊക്കെ ചെയ്യാന് കഴിഞ്ഞെങ്കില്! ഹൃദയം 'ത്ത–ത്തൈ;ത്ത–ത്തൈ' എന്ന് മന്ത്രിക്കുകയായിരുന്നു. പക്ഷേ, അവന്ന് അതൊന്നും പാടില്ല. അപ്രാപ്യമായ ഒരു ദിവ്യമേഖലയിലാണ് അതൊക്കെ നടക്കുന്നത്. അഷ്ടാവക്രന് കുഞ്ഞന്നായര് അവനോടു പറഞ്ഞിരുന്നു, ശാന്തയുടെ സ്ഥിതിയൊന്നും അവന്നില്ലെന്ന്. ശങ്കുവും അത് ശരിവെച്ചിട്ടുണ്ട്. ആ നിലയ്ക്ക് തനിക്ക് ഒന്നും ആവശ്യപ്പെടാന് അധികാരമില്ല. അവന് അത്ഭുതത്തോടും അസൂയയോടുംകൂടി നോക്കിനിന്നു. കാണുകയെങ്കിലും ചെയ്യാമല്ലോ!

ഒരു ദിവസം നൃത്തംവെച്ചുകൊണ്ടിരിക്കുന്നതിനിടയില് ശാന്തയ്ക്ക് താളം തെറ്റി. വിശ്വം പൊടുന്നനെ പറഞ്ഞുപോയി: "തെറ്റി, തെറ്റി!"

ഗോപിക്കുറുപ്പ് ഒന്നു തിരിഞ്ഞുനോക്കി. അദ്ദേഹം കോപിക്കുമോ എന്നു വിശ്വത്തിനു ഭയമുണ്ടായി. പക്ഷേ, പുഞ്ചിരി തൂകിക്കൊണ്ട് ആശാന് അവനെ അടുത്തേക്ക് വിളിച്ചുചോദിച്ചു: "പഠിക്കാന് മോഹമുണ്ടോ?"

"എനിക്കു നല്ല മോഹമുണ്ട്." ട്രൗസറിന്മേല് തിരുപ്പിടിച്ചുകൊണ്ട് വിശ്വം പറഞ്ഞു.

"എന്നാല് പഠിച്ചോളൂ."

"നേരോ?"

"ഉ–ം."

"ഇന്നുതന്നെ?"

"ആവാം."

"ആവാം." ആശാന്റെ ആ ദയാമയമായ വാക്ക് ഇന്നും ചെവിയില് മുഴങ്ങുകയാണ്. ആ രണ്ടക്ഷരത്തില് ഒരു മനുഷ്യാത്മാവിന്റെ ഭാവി മുഴുവന് മുഴങ്ങിയിരുന്നു. പിന്നെ താമസിച്ചില്ല. അദ്ദേഹം വായ്ത്താരി പറഞ്ഞു; വിശ്വം കാല്വെച്ചു. അത്ഭുതമെന്നു പറയട്ടെ. താളം ഇടഞ്ഞിടഞ്ഞു വന്നപ്പോള്പ്പോലും അവനു ചവിട്ടു പിഴയ്ക്കുകയുണ്ടായില്ല. ആശാന് അവന്റെ പുറത്തുതട്ടി: "മിടുക്കന്." എന്നല്ല, അന്ന് ഉണ്ണാനിരിക്കുമ്പോള്, ലക്ഷ്മിക്കുട്ടിയമ്മയോട് പറയുകയും ചെയ്തു: "വിശ്വത്തിനു നല്ല താളമുണ്ട്."

"നേരോ? എന്നാല് അവനും പഠിച്ചുകൊള്ളട്ടെ."

"അതാണ് ഞാനും വിചാരിക്കുന്നത്."

"സ്കൂളില് പഠിക്കാന് മനസ്സു കഷ്ടിയാണ്. ഇതെങ്കിലുമാവട്ടെ."

അങ്ങനെ ശാന്തയ്ക്ക് താളംപിഴച്ചതുകൊണ്ടാണ് അയാള്ക്കൊരു സന്ദര്ഭം കിട്ടിയത്. ഇന്നവള് മുതിര്ന്നു. ഒരിക്കലും താളം പിഴയ്ക്കാതിരിക്കാന് ശ്രദ്ധിക്കുന്നു. അതുകൊണ്ടു തന്റെ ജീവിതമാകെ അവതാളമാവുകയും ചെയ്തു.

നൃത്താഭ്യാസം തുടങ്ങുന്നതുവരെ ഈ വീട്ടില് താന് ഒരധികപ്പറ്റായിരുന്നുവെന്ന് വിശ്വം ഓര്മ്മിച്ചു. ആരും അവനെ ശ്രദ്ധിച്ചിരുന്നില്ല, ഭ്രതദയയുടെ പേരില് അവന് അടിച്ചു പുറത്താക്കപ്പെട്ടില്ലെന്നു മാത്രം. അഥവാ ഉടമസ്ഥനില്ലാത്ത അവനെ എന്തു ചെയ്യണമെന്ന് ലക്ഷ്മിക്കുട്ടിയമ്മയ്ക്കു നിശ്ചയമുണ്ടായിരുന്നില്ല. മേശപ്പുറത്തു കിടക്കുന്ന പിടിശ്ശീട്ടു പോലെയുള്ള ജീവിതം. എന്നാല് നൃത്തം എല്ലാം മാറ്റിക്കശക്കി. ഒരു പുതിയ ഉണര്വ്വും ഉഷാറും വന്നു. താന് എത്തേണ്ട ദിക്കില് എത്തി എന്ന് വിശ്വത്തിനു തോന്നി. താളം, താളം വീണ്ടും താളം -- അതില് അവനു കമ്പംപിടിച്ചു. എത്ര നിഷ്പ്രയാസമായിട്ടാണ് എല്ലാം ശരിപ്പെട്ടത്! പഠിച്ചു മറന്ന വിദ്യ ഒന്നു പുതുക്കുന്നതുപോലെയേ തോന്നിയുള്ളൂ. ഓരോ അടിവെപ്പിലും ആനന്ദം തുളുമ്പി. ഉറക്കംതൂങ്ങിയിരുന്ന പ്രപഞ്ചം ഉണര്ന്നെഴുന്നേറ്റു. ഓരോ പരമാണുവും ചലിക്കാന് തുടങ്ങി. എല്ലാറ്റിനും ഒരു ക്രമം, ഒരു താളം, ഒരു ലയം!

"വിശ്വത്തെ പഠിപ്പിച്ചില്ലായിരുന്നെങ്കില് കഷ്ടമാകുമായിരുന്നു--നല്ല താളം, നല്ല രസവാസന!" ആശാന് അടുത്ത മുറിയില്നിന്ന് ലക്ഷ്മിക്കുട്ടിയമ്മയോടു പറയുന്നത് വിശ്വത്തിന്റെ കാതില് വീണു. അവന് കോരിത്തരിച്ചുപോയി. അതിനുശേഷമാണ് അമ്മ അവനെ ശ്രദ്ധിക്കാന് തുടങ്ങിയത്.

പിറ്റേന്നു കുട്ടികളുടെ നൃത്താഭ്യസനം കാണാന് അവര് വന്നു. നൃത്തം വെച്ചു തുടുത്ത അവന്റെ മുഖത്തു വിയര്പ്പുതുള്ളികള് പൊടിയുമ്പോള് ആ അമ്മയുടെ മുഖം ആഹ്ലാദംകൊണ്ടു വികസിച്ചു. ഏകാഗ്രമായ അവരുടെ ദൃഷ്ടികളില്, കൂടുതല് യൗവനവും കൂടുതല് ചടുലതയും ഉദിച്ചുവരികയായിരുന്നു. ഓരോ താളവട്ടം കഴിയുമ്പോഴും അവര് ആ കുട്ടികളുടെ പുറം തടവിക്കൊണ്ടു പറഞ്ഞു: "അസ്സലായി, അസ്സലായി!"

വിശ്വത്തിന്റെ ഹൃദയം പുളകമണിഞ്ഞു. ശാന്തയും അന്ന് ആഹ്ലാദപൂര്വ്വം അവന്റെ മുഖത്തേക്കു നോക്കിയിരുന്നു. ആ നല്ല നാളുകള് ഇനി തിരിച്ചുവരലില്ല.

വിശ്വം ശൂന്യമായിക്കിടക്കുന്ന നൃത്തക്കളരിയിലേക്ക് ഒന്നുകൂടി നോക്കി. ആശാന് അതിലേ കടന്നുപോയി. എത്ര വലിയ ഒരാളാണ്! 'എത്ര വിശാലമാണ് ആ മനസ്സ്!' അദ്ദേഹമാണ് അവന് സുഖവും ദുഃഖവും വരുത്തിവെച്ചത്. എവിടെയെങ്കിലും തെണ്ടിയലഞ്ഞ്, കാറ്റില്പ്പെട്ട കരിയിലപോലെ, താന് അവസാനിക്കുമായിരുന്നു. 'പക്ഷേ ഈ മനുഷ്യനാണ് എന്നെ നില നിര്ത്തിയത്!'--വിശ്വം ആലോചിച്ചു. അതോര്ത്തപ്പോള് ശിരസ്സ് അറിയതെ കുനിയുകയും ചെയ്തു. എന്നിട്ട്, തനിക്ക് എന്തു നേട്ടമുണ്ടായി? കൂട്ടിലിട്ട മുയലിനെപ്പോലെയാണ് ഇന്നത്തെ സ്ഥിതി. ഈ സ്വര്ണ്ണപഞ്ജരത്തിനുള്ളില്നിന്നു നൃത്തം വയ്ക്കാം! നൃത്തംവെച്ചുവെച്ചു മരിക്കാം. ഇരുമ്പു ചങ്ങലകള് പൊട്ടിക്കാനുള്ള ശക്തി തന്നിലുണ്ടെന്ന് അയാള്ക്കറിയാം. പക്ഷേ, താമരനൂലുകള്കൊണ്ടാണ് ബന്ധിക്കപ്പെട്ടിരുന്നത്!

ഹൃദയം ഭൂതകാലത്തിലേക്ക് ഓടി രക്ഷപ്പെടുകയാണ്. ശാന്ത കോണ്‍വെന്റിലു ചേരാന്‍വേണ്ടി പട്ടണത്തിലേക്ക് പുറപ്പെട്ട ആ ദിവസം വിശ്വം ഓര്‍ത്തു. ആകെ പൂത്ത ഒരശോകമരംപോലെയാണ് അവള് തന്റെ മുറിയിലേക്ക് കടന്നുവന്നത്. അന്നു നടാടെയാണ് അവളെ സാരി ചുറ്റിക്കണ്ടത്! വക്കത്തു വിചിത്രക്കസവുകള് തുന്നിപ്പിടിപ്പിച്ചതും മധുരനാരങ്ങയുടെ നിറമുള്ളതുമായ ആ സാരി അവള്ക്ക് അസ്സലായി ചേര്‍ന്നിരുന്നു. അതിന്റെ മുന്താണി ഒഴുകിവീഴുന്ന ആ വെളുത്ത കൈത്തണ്ട തികച്ചും ആകര്‍ഷകമായിരുന്നു. ആ സാരിയുടെ വര്‍ണ്ണം പ്രതിഫലിച്ച കവിളുകള് ഇളം പഴുപ്പോടിയ ഓളോര്‍മാമ്പഴംപോലെയായിരിക്കുന്നു.

ഉരുണ്ട ചുമലുകള്, നീണ്ട നീലിമയോലുന്ന കണ്ണുകള്. ആ കണ്ണുകളില് ഒരുതരം സംഗീതം കിടന്ന് ഓളംവെട്ടുന്നുണ്ടെന്നു തോന്നി.

“വിശ്വം, വിശ്വം!” എന്നു ദ്രുതഗതിയില് വിളിച്ചുകൊണ്ട് അവള് തന്റെ അടുത്തേക്കു വന്നു. ജാലകത്തിന്നുള്ളിലൂടെ, തിക്കിത്തിരക്കി വരുന്ന പ്രഭാത സൂര്യന്റെ കിരണങ്ങള്ക്കെതിരെ ഒരു കണ്ണാടി എടുത്തുപിടിച്ച പോലെ തോന്നി. മുറിയില് കൂടുതല് ചൈതന്യം, കൂടുതല് ഉന്മേഷം.

“ഞാന് പോവുന്നു, വിശ്വം.”

വിശ്വം അവളുടെ കണ്ണുകളിലേക്കു നോക്കി നിശ്ശബ്ദനായി നിന്നതേയുള്ളു. അന്നോവരെ വേര്‍പാടിന്റെ വേദനയെന്തെന്നറിയാത്ത അയാളുടെ ഹൃദയത്തിലേക്കു ശരിക്കും ഒരു മുള്ളു വന്നു തറച്ചു. ആ വേദന കണ്ണുകള് എടുത്തുകാട്ടുകയും ചെയ്തു. മറ്റേ കണ്ണുകളിലേക്കും അതു പകര്‍ന്നു. പിന്നെ കുറേനേരത്തിന്ന് ആരും ഒന്നും പറഞ്ഞില്ല. ഒടുവില് ശാന്തതന്നെ തുടര്‍ന്നു: “ഞാന് ചെന്നൊത്തിയാല്, അപ്പോള് കത്തെഴുതും.”

“എഴുത്വോ?”

“തീര്‍ച്ച... ഉടനെ മറുപടി എഴുതണം. എഴുതില്ലേ?”

“എഴുതാം.”

“ഞാന് കാത്തിരിക്കും.”

ആ വാക്കിന്നു കവിഞ്ഞ് അര്‍ത്ഥമുള്ളതായി വിശ്വത്തിനു തോന്നി. മനസ്സ് അറിയാതെ തെള്ളിപ്പോയി: “ഉവ്വോ?”

“തീര്‍ച്ച.”

“കാത്തിരിക്കണം.” വിശ്വം ഊന്നിപ്പറഞ്ഞു.

“ഞാന് പറഞ്ഞില്ലേ?” ശാന്ത പുഞ്ചിരിതൂകി.

“ഞാന് എപ്പോഴും ഈ വാക്ക് ഓര്‍ക്കും.”

“ഓര്‍ക്കണം.”

അപ്പോഴേക്കും ഉമ്മറത്തുനിന്ന് അമ്മയുടെ വിളി കേട്ടു: “വരൂ ശാന്തേ, വണ്ടിക്കാരന് കാത്തുനില്ക്കുന്നു.”

അവള് പോയി. ഭൂമി ഒഴിഞ്ഞുകിടക്കുന്നു. ഒരു പുല്ക്കുമ്പോലും അവിടെയില്ലെന്നു വിശ്വത്തിനു തോന്നി.

‘ഓര്ക്കണം എന്ന അവളുടെ ആജ്ഞയെ എന്നെങ്കിലും താന് തെറ്റി നടന്നുവോ എന്ന വിശ്വം ആലോചിച്ചുനോക്കി. ഈ കാലമത്രയും അവളെക്കുറിച്ചല്ലാതെ ഒന്നിനെപ്പറ്റിയും അയാള് ഓര്ത്തിട്ടില്ല. പ്രപഞ്ചം മുഴുവന് ഒരൊറ്റ ജീവിയില് സാക്ഷാത്കരിച്ചിരിക്കുകയായിരുന്നു. പ്രഭാതവും സന്ധ്യയും ഇളംകാറ്റും കൊടുംവേനലും എല്ലാം അവളെക്കുറിച്ചാണ് ഓര്ക്കാന് പ്രേരിപ്പിച്ചത്. അയാള് ഓര്ത്തുകൊണ്ടേയിരുന്നു, സ്മരണ, ഒരു പുഴപോലെ, ഇടമുറിച്ചിലില്ലാതെ ഒഴുകി. എന്നിട്ട്? പുഴകളെയെല്ലാം നടുക്കുവെച്ച് മരുഭൂമി കോരിക്കുടിച്ചുകളയുമോ? അവള്! വേണ്ട, സ്മരിക്കാനിഷ്ടമില്ലാത്തതെല്ലാം സ്മരിച്ചുപോകുന്നു.

ശാന്ത പോയതിന്നു ശേഷം വിശ്വം ഉന്മേഷമറ്റിരിക്കുന്നതായി കണ്ടിട്ട്, അമ്മ ചോദിക്കുകയുണ്ടായി: “എന്താ വിശ്വം?”

“ഒന്നുമില്ല.”

“ഉം.” ആ മൂളല് അര്ത്ഥഗര്ഭമായിരുന്നുവെന്ന് അന്നു തോന്നിയില്ല. അവര് അവിടെനിന്നു പോകാന്വേണ്ടി രണ്ടടിവെച്ചു. എന്നിട്ടു തിരിഞ്ഞുനിന്നു വിളിച്ചു: “വരൂ, വിശ്വം. ഒന്നു നൃത്തം വയ്ക്കൂ.”

‘മനസ്സില്ല’ എന്നു പറയാനാണ് തോന്നിയത്. പക്ഷേ, അവന് ആ ീയുടെ പിന്നാലെ പോയി. ആ ഒഴിഞ്ഞ തളത്തിലേക്കു കാലെടുത്ത് വെച്ചപ്പോള് ഹൃദയം നൊന്തു. ഇവിടെ, അവിടെ, അങ്ങേപ്പുറത്ത്--എല്ലായിടത്തും അവളുടെ കാലടികള് അനേക തവണ പതിഞ്ഞതാണ്. ശാന്ത യുടെ ഒരു പഴയ റിബണ് തളത്തിലെ ജനാലയില് ചുറ്റിയിട്ടുള്ളതു വിശ്വത്തിന്റെ ദൃഷ്ടിയില് പെട്ടു. അവന് അതു നോക്കിക്കൊണ്ടേ നിന്നു.

“തുടങ്ങൂ വിശ്വം.” അമ്മ അയാളെ ഉണര്ത്തി. അവന് ആരംഭിച്ചു. ലക്ഷ്മിക്കുട്ടിയമ്മ, വളയുകയും ഉലയുകയും ചെയ്യുന്ന ആ യുവവിഗ്രഹത്തില് കണ്ണുനട്ടുകൊണ്ടിരിക്കയാണ്. ചിറ്റോളങ്ങള്പോലെ താളക്കുത്തുകള് വട്ടംവീശി വരികയായിരുന്നു. അവരും ആ വട്ടത്തില് അമര്ന്നുകഴിഞ്ഞിരുന്നു.

പെട്ടെന്നാണ് ഗോപിക്കുറുപ്പു പ്രത്യക്ഷപ്പെട്ടത്. ലക്ഷ്മിക്കുട്ടിയമ്മ തന്നില്നിന്നു കണ്പറിച്ചെടുക്കുന്നത് അവന് കണ്ടു.

“വിശ്വം തകര്ക്കുന്നല്ലൊ.” കുറുപ്പു ശാന്തനായി പറഞ്ഞു.

“ഉവ്വ്.” എന്തിനാണെന്നറിയില്ല, ഒരു നവോഢയുടെ ലജ്ജയോടെയാണ് ലക്ഷ്മിക്കുട്ടിയമ്മ അങ്ങനെ പറഞ്ഞത്. എന്നിട്ട്, അവര് രണ്ടുപേരും കൂടിയിരുന്നു വിശ്വത്തിന്റെ നൃത്തം കണ്ടു. കടന്നുപോകുമ്പോള് അമ്മ കുറുപ്പിനോട് പറഞ്ഞ വാക്കുകള് വിശ്വത്തിന്റെ ചെവിയിലുമെത്തി: ‘ഞാന് വീണ്ടും കണ്ടു!’ അമ്മയാണ് പറഞ്ഞത്.

“എന്ത്?” ആശാന് ചോദിച്ചു.

“ആ പഴയ നളന്റെ മിടുക്ക്!”

അതിന്ന് ആശാന് ഉത്തരം പറഞ്ഞില്ല. നടന്നകലുന്ന ഒരു കാല്പെരുമാറ്റം കേള്ക്കുകയും ചെയ്തു. ഏതു പഴയ നളന്? വിശ്വത്തിന് ഒന്നും

മനസ്സിലായില്ല. പിന്നീടു വളരെ ദിവസത്തിന് ആശാന് തന്നെ വിളിക്കുകയോ പറയുകയോ ഉണ്ടായില്ല. എന്താണ് കാരണമെന്നറിഞ്ഞുകൂടാ. വിശ്വം അത്ഭുതപ്പെട്ടു. പക്ഷേ, ആശാന്റെ മനഃസ്വാസ്ഥ്യം കെട്ടിരിക്കുന്നുവെന്ന് പതുക്കെപ്പതുക്കെ അവന്റെ മനസ്സിലായി. എന്തോ കുടുംബകാര്യങ്ങളായിരിക്കാം. എല്ലാവരും തന്നെപ്പോലെയാണോ? അവര്ക്കൊക്കെ കുടുംബങ്ങളുണ്ട്; പ്രാരബ്ധങ്ങളുണ്ട്!

നാലുദിവസം കഴിഞ്ഞപ്പോള് ഒരു സംഭവമുണ്ടായി. നട്ടുച്ച. വല്ലാത്ത ചൂട്. വിശ്വം തന്റെ കട്ടിലില് കിടന്നു മയങ്ങിപ്പോയി. ഒരര്ദ്ധബോധാവസ്ഥയിലാണ്. പെട്ടെന്ന്, അടുത്ത മുറിയില്നിന്ന് അമ്മ ആരോടോ പറയുന്നതുകേട്ടു: "അരുത്, പോവരുത്!"

"എനിക്കു പോണം." ആശാനാണ് മറുപടി പറയുന്നത്.

വിശ്വം ചെവി വട്ടംപിടിച്ചു. എന്തോ ഒരുരസല് നടക്കുന്നതുപോലെ തോന്നി. വീണ്ടും അമ്മയാണ് സംസാരിച്ചത്. അതൊരു തേങ്ങല്പോലെയുണ്ടായിരുന്നു: "ഞാന് എന്തു പിഴച്ചു?"

"പിഴച്ചെന്നു ഞാന് പറഞ്ഞില്ലല്ലോ."

"ഇവിടെ എന്തെങ്കിലുമൊരു അസുഖമുണ്ടോ?"

"അസുഖമുണ്ടാക്കരുതെന്നുവെച്ചിട്ടാണ് പോകുന്നത്."

"ആര്ക്കാണ് അസുഖം?"

"ആര്ക്കായാലും കൊള്ളാം. ഒരു കഥയില് രണ്ട് നളന് ആടിക്കൂടാ."

"എന്ത്?"

"അതേ."

"നില്ക്കൂ..." അവര് പൊട്ടിപ്പൊട്ടിക്കരയുന്നു.

എന്താണിതെല്ലാം? വിശ്വം അമ്പരന്നുപോയി. ഈ സംഭാഷണങ്ങള്ക്കിടയിലെല്ലാം ഒരു നളന് കിടന്നു തിരിയുന്നു. ആരാണ് നളന്? എന്തൊക്കെയോ ചില നിഗ്രഹങ്ങളായ കെട്ടിക്കുടുക്കുകളുണ്ട്. ആരോടാണ് ചോദിക്കുക? അമ്മയോടു ചോദിക്കാന് വിശ്വം ധൈര്യപ്പെട്ടില്ല.

പിറ്റേന്ന് ആശാന് അവനെ വിളിച്ചു. ശാന്തമായി സംസാരിച്ചു. അതു മറ്റൊരത്ഭുതമായിരുന്നു; "വിശ്വം, നീ ഉത്സാഹിച്ചു പഠിച്ചോ. നീ നന്നാവും." അദ്ദേഹം വളരെ ഉന്മേഷവാനായിട്ടാണ് സംസാരിച്ചത്. അവന് ഉത്സാഹിച്ച് അഭ്യസിക്കയും ചെയ്തു.

രണ്ടു ദിവസം കഴിഞ്ഞപ്പോള് കളപ്പുരയില്വച്ച് കുഞ്ഞന്നായരും ശങ്കുവും തമ്മില് സംസാരിക്കുന്നതു കരയ്ക്കു നിന്നിരുന്ന വിശ്വം കേട്ടു. കുഞ്ഞന്നായര് ചോദിക്കുകയാണ്: "പോകാന് പുറപ്പെട്ടിട്ടു പോയില്ലേ?"

"എവിടെപ്പോവാന്?" ശങ്കു പറഞ്ഞു: "കരച്ചിലും മൂക്കുപിഴിച്ചിലും ഒക്കെ കഴിഞ്ഞപ്പോള് പോണ്ടെന്നുംവെച്ചു. തനിക്കു ഭ്രാന്തല്ലേ? പോവ്വോ? പോയാല്ത്തന്നെ വിട്വോ?"

"അത്ഭുതമുണ്ട്." അഷ്ടാവക്രന് ചെവിത്തുളയില് എണ്ണ ഒഴുക്കുന്നതിന്നിടയില്

പറഞ്ഞു: “എലിയങ്ങും പൂച്ചയിങ്ങും ആയിട്ടുള്ള ഈ ഇരിപ്പിന്ന് എന്താണൊരു അടിസ്ഥാനം?”

“കാണുന്നതുതന്നെ ഒരു സുഖം.” ശങ്കു തന്റെ പോത്തന്‌ശബ്ദത്തില് പൊട്ടിച്ചിരിച്ചു. വിശ്വം ആ സംഭാഷണം കേട്ടില്ലെന്നു നടിച്ചു നടന്നു കളഞ്ഞു. അനേകം ചോദ്യങ്ങള് മനസ്സില് മുളച്ചുപൊന്തുന്നു. ഒക്കെ തച്ചമര്ത്തിക്കളയാനേ നിവൃത്തിയുള്ളു. എന്തോ ഒരു താളപ്പിഴയുണ്ടെന്നു മാത്രം അവനു മനസ്സിലായി. ഇതേവരെ ഇതൊന്നും താന് ശ്രദ്ധിക്കാത്തതെന്തേ? എന്തേ ശാന്ത ഒന്നും പറയാത്തത്?

കാലം മാത്രകളായി, കരണങ്ങളായി, താളവട്ടങ്ങളായി കടന്നു പോയി. വിശ്വത്തിനു ജീവിതത്തില് രണ്ടു പരിപാടിയേയുള്ളൂ; നൃത്താഭ്യസനം, ചുറ്റിയടിക്കല്. തെണ്ടിയലയാനുള്ള ആ പഴയ രസം വീണ്ടും മുളയെടുത്തിരിക്കുന്നു. വയലും വരമ്പും തോടും മേടും കടന്നു തിരക്കിട്ടു നടക്കുക. അങ്ങനെ പോകുമ്പോള് ലോകം മുഴുവന് തന്നോടു സംസാരിക്കുന്നുവെന്നൊരു തോന്നലാണ്! അത് ഏകാന്തതയെ നശിപ്പിക്കുന്നു. ഭ്രമിയുടെ അറ്റം കണ്ടുപിടിക്കാനുള്ള പ്രയാണം അവസാനിച്ചിട്ടില്ലെന്നു തോന്നി.

പെട്ടെന്നൊരു ദിവസം ശാന്ത വന്നിറങ്ങിയപ്പോള് വിശ്വം അമ്പരന്നു. ‘വിശ്വം.....വിശ്വം’ എന്ന അവളുടെ വിളി, ഒരു മണിനാദംപോലെ, പടിക്കല് നിന്നേ കേട്ടു. മധ്യവേനല്ക്കല്പനയ്ക്ക വന്നതാണ്. ശാന്ത പിന്നെയും വളര്ന്നിരിക്കുന്നു. ആ കവിളുകള് കുറേക്കൂടി ഉരുണ്ടിരിക്കുന്നു. കണ്ണുകളില് കുറേക്കൂടി അഗാധനീലിമ! ഹാന്ഡ്ബാഗ് ഒരു ഭാഗത്തേക്കു വലിച്ചെറിഞ്ഞുകൊണ്ട് അവള് പറഞ്ഞു: “വിശ്വം, ഇന്നു നമുക്കു ഡാന്സ് ചെയ്യണം.”

“വേണം--” അവനും സന്തോഷത്തോടെ പറഞ്ഞു.

“ഞാന് പുതിയ ഒരു ഐഡിയ കൊണ്ടുവന്നിട്ടുണ്ട്.”

“ങ്ഹാ!”

അപ്പോഴേക്കും അമ്മ എവിടെ എത്തി.

വെയില് താണപ്പോള് അവര് ഒന്നിച്ചു ചുറ്റിയടിച്ചു. ശാന്തയ്ക്ക പലതും പറയാനുണ്ട്, വിശ്വത്തിന് എല്ലാം കേള്ക്കണമെന്നുമുണ്ട്. അവള് കൊണ്ടുവന്ന പുതിയ ആശയം അവനോടു പറഞ്ഞു: ‘ഓടക്കുഴല്’ എന്നൊരു നൃത്തസംവിധാനത്തിനുള്ള ഏര്പ്പാടാണ്. ഒരോടക്കുഴല്ക്കാരന്, അവന് വേണുനാദം മുഴക്കുമ്പോള് സംഗീത ദേവത അടിവെച്ചടിവെച്ചടുക്കുന്നു. ആ മനോജ്ഞരൂപത്തില് അവന് മുഗ്ധനാകുന്നു. ആ മായാരൂപത്തെ പിടിക്കാന് വേണ്ടി അവന് ഗാനം നിര്ത്തി, കൈകള് നീട്ടി. അവള് മറഞ്ഞു കഴിഞ്ഞു. ആകുലചിത്തനായ അവന് വീണ്ടും വേണുഗാനം തുടര്ന്നു. അവള് അടുത്തുചെന്നു. അവന് ഓടക്കുഴലിലൂടെ തന്റെ പ്രാണവായു സഞ്ചരിപ്പിക്കുമ്പോഴെല്ലാം അവളടുത്തുവരും. ഗാനം നിന്നാല് അവള്

മറയുകയും ചെയ്യും. ആ രൂപം മുമ്പില് നിര്ത്താന്വേണ്ടി അയാള് ഉദയാസ്തമനം വേണുഗാനം തുടര്ന്നു. ആളുകള് അവനെ ഭ്രാന്തനെന്നു പറഞ്ഞ് അപഹസിച്ചു. വീട്ടുകാരും നാട്ടുകാരും പുച്ഛിച്ചു. അവന് തന്റെ ഓടക്കുഴലുമായി വനപ്രദേശങ്ങളിലേക്കു പോയി. അവന് ഗാനം പൊഴിച്ചു. അവള് നൃത്തം വെച്ചു. ഒടുവില് വിവശനായ ആ ഗായകന് ബോധരഹിതനായി നിലംപറ്റി. അവന്റെ ഓടക്കുഴല്മാത്രം മാറില് കിടന്നു. ഗാനദേവത ആ കുഴലെടുത്ത് ഊതുകയാണ്. ഗായകന് വീണ്ടും ഉണര്ന്നു. വേച്ചുവേച്ച് അടിവെപ്പുകളുമായി അവന് വനാന്തര്ഭാഗത്തേക്ക് അവളെ പിന്തുടര്ന്നു. ഇരുട്ടിലേക്കു മറഞ്ഞു. അപ്പോഴും ആ വേണുനാദം മാത്രം ദൂരെ നിന്നു.

ശാന്ത ആ ആശയം വിസ്തരിച്ചു പറഞ്ഞപ്പോള് വിശ്വത്തിന്റെ ഹൃദയം കോരിത്തരിച്ചു. സ്വന്തം ആത്മകഥ വായിക്കുമ്പോഴത്തെ ഒരനുഭവം. “വേണം, നമുക്കതു വേണം.” വിശ്വം ആവേശപൂര്വ്വം പറഞ്ഞു.

“ഗോപുമ്മാനുമായി ആലോചിക്കാം.” ശാന്ത അഭിപ്രായപ്പെട്ടു.

നാലു ദിവസംകൊണ്ട് ആ നൃത്തം സംവിധാനം ചെയ്യപ്പെട്ടു. അവന് നൃത്തം വെച്ചു. ലക്ഷ്മിക്കുട്ടിയമ്മയും ഗോപിക്കുറുപ്പും നോക്കിയിരുന്നു. നൃത്തം അവസാനിച്ചപ്പോള് അമ്മയുടെ കണ്ണുകള് നനഞ്ഞിരുന്നു. അവര് അവിടെനിന്ന് എഴുന്നേറ്റുപോയി.

നൃത്തങ്ങളുടെ ഓളങ്ങളിലൂടെ മാസങ്ങള് കടന്നുപോയി. രണ്ടാത്മാക്കള് ഒന്നായപോലെ തോന്നി. ശാന്തയ്ക്ക് തിരികെ പോകാറായി. പോകുന്നതിന്റെ തലേന്നാള് ശാന്ത പറഞ്ഞു: “വിശ്വം, എനിക്കിവിടം വിടാന് തോന്നുന്നില്ല.”

“ഉ–ം.”

“പോയാല് ഞാന് എപ്പോഴും വിശ്വത്തിന്റെ നൃത്തത്തെപ്പറ്റിത്തന്നെ ആലോചിച്ചിരിക്കും.”

“ഞാന് ശാന്തയെപ്പറ്റിയും.”

അപ്പോഴേക്കും അമ്മ പിന്നില്നിന്നു വിളിച്ചു:

“ഉണ്ണാന് വന്നോളിന്!”

അടുത്തു ചെന്നപ്പോള് അമ്മ രണ്ടാളുടെയും മുഖത്തേക്കു മാറിമാറി നോക്കി. എന്തിന്?

ആ നല്ല ദിവസങ്ങള് എന്നെന്നേക്കുമായി മറഞ്ഞു. ശാന്ത പോയപ്പോള് അയാളുടെ കണ്ണുകള് നിറഞ്ഞു. അതൊരാരംഭം മാത്രമായിരുന്നു. നീണ്ടുനില്ക്കാന് പോകുന്ന കണ്ണീര്വര്ഷത്തിന്റെ ഇടവപ്പാതി. വീണ്ടും അയാള് നൃത്തങ്ങളില് മുഴുകി.

ഒടുവില് അവള് പഠിപ്പുനിര്ത്തി വന്ന ദിവസം വിശ്വത്തിനോര്മ്മയുണ്ട്.

‘കഴിഞ്ഞു വിശ്വം’ എന്ന് എത്ര ആശ്വാസത്തോടെയാണ് അവള് പറഞ്ഞത്! ശാന്ത ആശങ്ക തോന്നിക്കുന്നവിധം വളര്ന്നിരുന്നു. തിമിര്ത്തു പൂത്ത പുഷ്പകാലം. അതിനു ചുറ്റുമായി മൂളിപ്പറക്കുന്നതില് എന്തൊരു രസം! നൃത്തംവെച്ചു വിയര്പ്പു പൊടിഞ്ഞ് ആ കവിളിലേക്കു നോക്കി, ഓ! ഒരു ജീവിതം

മുഴുവന് അവിടെ തുടിച്ചുനില്ക്കുന്നു!

അമര്ത്തിപ്പിടിച്ച പൊട്ടിച്ചിരികളുമായി ശാന്ത അടുത്തേക്കു വന്നപ്പോഴെല്ലാം, തന്നെ ഭൂമിയില്നിന്ന് ഉയരത്തേക്കെടുത്തു പൊക്കുന്നതുപോലെ വിശ്വത്തിന്നു തോന്നി. എന്താനന്ദമായ പൊങ്ങല്! അങ്ങനെ പൊങ്ങിയില്ലെങ്കില് എത്ര നന്നായിരുന്നു! ഇന്ന് ഇത്രയും ആഴത്തിലേക്കും വീഴുകയില്ലായിരുന്നു.

സ്കൂള് വാര്ഷികോത്സവത്തിന് ശാന്തയുടെ നൃത്തം വേണമെന്ന് അധികൃതര് ആവശ്യപ്പെട്ടു. ലക്ഷ്മിക്കുട്ടിയമ്മ സമ്മതിക്കുകയും ചെയ്തു. സ്ഥലത്തും അയല്പ്രദേശത്തുമുള്ള എല്ലാ മഹാരഥന്മാരും സന്നിഹിതരാകുന്ന ആ സദസ്സില് തന്റെ മകളെ പ്രദര്ശിപ്പിക്കാന് അവര് ഉത്സാഹം കാട്ടി. ആ ദിവസം വന്നു. കര്ട്ടന് നീങ്ങി. വിശ്വവും ശാന്തയും അരങ്ങത്തെത്തി. ചലനങ്ങള്, താളങ്ങള്, രണ്ടു വെള്ളപ്പനിനീര്മൊട്ടുകള് ഒന്നിച്ചു കാറ്റിലാടിക്കളിക്കുകയായിരുന്നു!

എന്തൊരാവേശം! തുടരെത്തുടരെ കൈയടികള്. തുടരെത്തുടരെ ഹര്ഷാരവങ്ങള്. അവര് നൃത്തംവെച്ചു നൃത്തംവെച്ച് ആനന്ദമൂര്ച്ഛയിലേക്കുനീങ്ങി മറഞ്ഞു. യവനികകൂടി.

അണിയറയുടെ ഏകാന്തമായ മൂലയില് ചിന്താധീനനായി നില്ക്കുന്ന തന്നോടു ശാന്ത ചോദിച്ച ചോദ്യങ്ങളും താന് പറഞ്ഞ മറുപടിയും ഇപ്പോഴും ഓര്മ്മയുണ്ട്:

“എന്തേ വിശ്വം?” കിതപ്പോടുകൂടിയ ചോദ്യം.

“നാം ഒഴുകുന്നതുപോലെ തോന്നുന്നു.”

“എന്ത്?”

“ഭൂമിയുടെ അറ്റത്തേക്ക് ഒഴുകുകയാണ്.”

അവള് നെടുവീര്പ്പിട്ടു; അയാളും. നിര്ഭരമായ അത്തരം നിമിഷങ്ങള് ഇനി ഒരിക്കലുമുണ്ടാവില്ല.

ഉത്സവം കഴിഞ്ഞു തിരിച്ചുപോരുമ്പോള് അമ്മയുടെ കൂടെ ഒരു ചെറുപ്പക്കാരനെക്കൂടി കണ്ടു. അമ്മ മകളെയും ആ ചെറുപ്പക്കാരനെയും പരിചയപ്പെടുത്തുകയായിരുന്നു.

“ഇതു കാര്ത്തികേയന്. ഇതെന്റെ മകള് ശാന്ത.”

“നമസ്തേ!”

“നമസ്തേ!”

ശാന്ത വിശ്വത്തെ അദ്ദേഹത്തിന്നു പരിചയപ്പെടുത്തി.

“ഡാന്സ് നന്നായി. വേണ്ടതുപോലെ സംഘടിപ്പിച്ചാല് പട്ടണത്തില് നല്ല വരുമാനമുണ്ടാക്കാം.” കാര്ത്തികേയന് ശാന്തയോടു പറഞ്ഞു.

അതിന്നു മറുപടി പറഞ്ഞത് അമ്മയാണ്:

“അവളിത് ഒരു നേരമ്പോക്കിനു പഠിച്ചുവെന്നേയുള്ളൂ.”

“എന്നാലും....”

കാര്ത്തികേയന് ആ വാക്കു മുഴുമിച്ചില്ല. തിരിച്ചുപോരുമ്പോള് അമ്മ

മകളോട് ആ യുവാവിന്റെ കേമത്തങ്ങള് വിവരിക്കുകയായിരുന്നു. അതിബുദ്ധിമാന്, വ്യവസായപ്രമാണി, കൃഷ്ണന്നമ്പിടിയുടെ മകന്–– അങ്ങനെ ഓരോ യോഗ്യതയെപ്പറ്റിയും വിസ്തരിച്ചു പറഞ്ഞു. അയാളുടെ ഒരു പല്ല് സ്വര്ണ്ണംകൊണ്ടു കെട്ടിച്ചതായിരുന്നുവെന്നുമാത്രമാണ് വിശ്വം ഓര്മ്മിച്ചത്. പുഞ്ചിരി കൊള്ളുമ്പോള്, 'തൊട്ടാരട്ടി'യെ കടിച്ചപോലെ, കിടന്നു തിളങ്ങും.

പിറ്റേന്നു മുതല്ക്കു വീട്ടില് എന്തൊക്കെയോ ചില ഗ്രഢാലോചനകള് നടന്നിരുന്നു. അമ്മയും ആശാനുമാണ് അതിലെ കക്ഷികള്.

"അടുപ്പിച്ചു കിട്ടിയാല് രക്ഷപ്പെട്ടു." അമ്മ പതിഞ്ഞ സ്വരത്തില് പറയുന്നതു കേട്ടു.

"വേലുനായരാണ് അതിന്റെയൊക്കെ ആള്."

"അയാള്ക്കു പണമെറിഞ്ഞു കൊടുത്താല് മതി."

"വലിയ ദുരയാണ്."

"ഇര ചെലവാക്കാതെ മീന് പിടിക്കാന് കഴിയോ?"

"ശ്രമിക്കാം."

രണ്ടു ദിവസം കഴിഞ്ഞപ്പോള് വേലുമ്മാന് വന്നു. എന്തൊക്കെയോ കുശുകുശുക്കലുകള് നടന്നു. നാലാം ദിവസം ആ സ്വര്ണ്ണപ്പല്ലുകാരന്തന്നെ അവിടെയെത്തി. എന്തു മധുരമായ സ്വീകരണം! പിന്നീടു മിക്ക സായാഹ്നങ്ങളിലും ആ ചെറുപ്പക്കാരന് അവിടെ വന്നു. പട്ടണത്തിലെ ജീവിതത്തെപ്പറ്റിയും ബിസിനസ്സിലെ കുഴപ്പങ്ങളെപ്പറ്റിയുംതന്നെയായിരുന്നു അയാളുടെ സംഭാഷണം!

"ഇയാളെന്തിനാണ് എപ്പോഴും ഇവിടെ വരുന്നത്?"

"ഇവിടെയുള്ളവരെ കാണാന്."

"വലിയ കാണലൊന്നും കാണില്ല."

"ഉ–ം"

"മൂളണ്ടാ."

"ഉ–ം."

"മൂളണ്ടാന്ന്!"

വിശ്വം വീണ്ടും മൂളിയപ്പോള്, അവള് ചൊടിച്ചു കടന്നുപോയി. കൈവളകള് പൊട്ടിച്ചിരിച്ചു.

കാര്ത്തികേയന്റെ സന്ദര്ശനം നീണ്ടുനിന്നു. ഇതിന്നിടയില് വേലുമ്മാന് വടിയും കുത്തി വരികയും പോകയുംതന്നെ. അവസാനം അതു സംഭവിച്ചു. ആ വിവാഹാലോചനയെ ശാന്ത എതിര്ത്തു. പക്ഷേ അമ്മ വാശാനം ചെയ്തു കഴിഞ്ഞിരുന്നു. നിര്ബന്ധം, നിഷേധം, വടംവലി തന്നെ. അമ്മയും മകളും ഒട്ടും വിട്ടുകൊടുക്കാന് തയ്യാറുണ്ടായിരുന്നില്ല.

"എന്താണ് തരക്കേട്?" അമ്മ.

"എനിക്കു വേണ്ട."

“എന്തുകൊണ്ട്?”

“എനിക്കു വിശ്വംമതി." ആ പാവപ്പെട്ട പെണ്ണ് അവസാനവാക്കു പറഞ്ഞു. അമ്മ ഒരു പുലിയായി മാറി. അവര് ഇരുപ്പില്നിന്ന് എഴുന്നേറ്റു. ആ കണ്ണുകളില് ഒരു തീനാളം പ്രത്യക്ഷപ്പെട്ടു. അത്രയും വികാരക്ഷോഭത്തോടെ ഒരിക്കലും അവരെ കണ്ടിട്ടില്ല. അവന് അടുത്ത മുറിയിലേക്കു തലവലിച്ചു.

“എടീ, ഒന്നോര്ത്തോ, അതു നടപ്പില്ല!”

“നടക്കണം.” മകളും ചെറുത്തുനിന്നു.

“ആ കട്ടിലു കണ്ടു പനിക്കണ്ടാ!”

“ആ കട്ടിലാണ് എന്റെ ശരണം.”

“ആ ശരണം ഞാന് തകര്ത്തു കളയും.”

“എന്നാല് ഞാനും തകരും.”

“ഒറ്റയ്ക്കോറ്റ പറയുകയല്ല വേണ്ടത്. നിനക്കു ബുദ്ധിയുണ്ടോ, വിവേകമുണ്ടോ?”

“ഉണ്ടായതുകൊണ്ടാണ്...”

“നിര്ത്ത്! നിന്റെ പഠിപ്പു കൂറേ ഏറിപ്പോയി, ഞാന് പറയുന്നതു കേള്ക്കാന് ഇഷ്ടമുണ്ടെങ്കില് കേട്ടോ. ഇല്ലെങ്കില് നിന്റെ ഇഷ്ടം. പിന്നെ ഞാന് ഉണ്ടെന്നു വിചാരിക്കരുത്.”

വിശ്വം ആ സംഭാഷണം കേട്ടു മരവിച്ചു നില്ക്കുകയായിരുന്നു. ഒരു കൊടുങ്കാറ്റുപോലെ, അവര് മുറിയിലേക്കു കടന്നുവന്നു.

“വിശ്വം!” -- ഒരലര്ച്ചയായിരുന്നു: “നന്ദികെട്ടവനേ?”

“അമ്മേ!”

“നീ ഈ കുടുംബത്തെയാകെ തകര്ക്കാന് ശ്രമിക്കയാണല്ലേ? എന്റെ സുഖമാകെ നശിപ്പിക്കുകയാണല്ലേ?....ഞാന് നിന്നെ വഴിയില്നിന്ന്.....”

ആ വാചകം മുഴുമിച്ചില്ല. അതിനുമുമ്പേ വിശ്വം അവരുടെ കാല് കടന്നു കെട്ടിപ്പിടിച്ചു തേങ്ങിത്തേങ്ങിക്കരഞ്ഞു.

“നീ എന്തു വിചാരിച്ചു? ഈ കുടുംബത്ത് അനാഥത്വമായെന്നോ?...” പെട്ടെന്നവര് നിര്ത്തിക്കളഞ്ഞു. കാല് കെട്ടിപ്പിടിച്ചുനില്ക്കുന്ന വിശ്വത്തിന്റെ മുഖത്തേക്കു നോക്കി. അമ്മയും വിശ്വവും തേങ്ങിക്കരഞ്ഞു.

“ഇല്ല, പാടില്ല, നിനക്കതു സാധിക്കയില്ല, വിശ്വം. എനിക്കതനുവദിക്കാന് വയ്യാ, വിശ്വം. അതനുവദിച്ചാല്പ്പിന്നെ ഞാനില്ല.”

വിശ്വത്തിനു മറുപടി പറയാന് വയ്യായിരുന്നു.

“നീ മനസ്സു മാറ്റില്ലേ?”

“അമ്മേ?”

“നിനക്കെന്നെ ഇഷ്ടമില്ലേ?”

“ഞാന് നിങ്ങളെ പൂജിക്കുന്നു!”

“നീ മനസ്സു മാറ്റില്ലേ?”

“എനിക്കവള് വേണ്ടാ.”

അവര് വിശ്വത്തെ മാറോടു ചേര്ത്തുപിടിച്ചുകൊണ്ടു പറഞ്ഞു: “അവളെ

പറഞ്ഞു മനസ്സിലാക്ക്.”

തന്നെത്താന് കുത്തി മരിക്കണമെന്നാണ്. അതാജ്ഞയായിരുന്നു. നിവൃത്തിക്കണം. കൃതഘ്നനായിക്കൂടാ. കണ്ണുനീരുകൊണ്ടും നെടുവീര്പ്പുകൊണ്ടും ഫലമില്ല. ആജ്ഞയാണ്.

അയാള് ശാന്തയുടെ മുറിയിലേക്കു ചെന്നു. അവള് കിടക്കുകയാണ്. ജാലകത്തിലൂടെ വരുന്ന അന്തിക്കതിരുകള് കണ്ണീര്വറ്റിയ ആ കവിള്ത്തടങ്ങളെ തടവുകയാണ്.

“ശാന്തേ.....”

“എന്നെ കൊണ്ടുപോവൂ!” അവള് തേങ്ങി.

“സാദ്ധ്യമല്ല!”

“എന്ത്?”

“ഞാന് നിന്നെ വിവാഹം കഴിക്കില്ല.”

“ഹേ!”

“വേറെ വിവാഹം കഴിച്ചോളൂ.”

“ഇത്ര നാളും പറഞ്ഞതോ?”

“ഒക്കെ വിഡ്ഢിത്തമായിരുന്നു.”

അവള് തന്റെ മുഖത്തേക്ക് ഒരാട്ട് വെച്ചുതന്നില്ലെന്നു വിശ്വം ഓര്ത്തു.

“വിശ്വം, തമാശ പറകയാണോ? നിങ്ങള്ക്കെന്നെ മനസ്സിലാവില്ലേ? നിങ്ങള് എന്നോടാണോ സംസാരിക്കുന്നത്?”

“അതേ. വിവാഹം കഴിക്കാന് എനിക്കു സാധ്യമല്ല.” ഗ്രണനപ്പട്ടിക ഉരുവിടുമ്പോലെ, അയാള് പറഞ്ഞുതീര്ത്തു.

“അമ്മയെ ഭയപ്പെടുകയാണോ?”

“അല്ല.”

“അതേ.”

“എനിക്കിഷ്ടമല്ല, അതുകൊണ്ടാണ്.”

ശാന്ത നിവര്ന്നിരുന്നു. അവളുടെ കണ്ണുനീര് നിന്നു. നാസാദ്വാരങ്ങള് വിടര്ന്നു. കുറച്ചുമുമ്പേ കണ്ട അമ്മയെപ്പോലെതന്നെയായിരുന്നു മകളും. അവള് അയാളെ അടിമുതല് മുടിവരെ ഒന്നുനോക്കി. എന്നിട്ടു ചോദിച്ചു: “നിങ്ങളൊരാണാണോ?”

വിശ്വം മറുപടി പറഞ്ഞില്ല.

“ഭീരു! പറഞ്ഞതു നന്നായി. ഒരാണ്പിറന്നവന്റെ കൂടെ ജീവിക്കാറായല്ലോ!” അവള് തലവെട്ടിച്ചു നടന്നുകളഞ്ഞു.

ആ വിവാഹം നടന്നു. പുഞ്ചിരിതൂകിക്കൊണ്ടു നില്ക്കുന്ന ശാന്തയുടെ കഴുത്തില് ആ സ്വര്ണ്ണപ്പല്ലുകാരന് മാല ചാര്ത്തുന്നത് അയാള് നോക്കി നിന്നു. ആ മുഖം അടിച്ചു ചമ്മന്തിയാക്കാന് തോന്നി. പക്ഷേ, ചതുപ്പുനിലത്തു കാല് പൂഴ്ന്ന ഒരാനയാണയാള്.

ഇന്നവള് ഭര്ത്തൃഗൃഹത്തിലേക്കു പോയി, ഓ! ആ യാത്രാമൊഴി ഇപ്പോഴും

ചെവിയില് മുഴങ്ങുന്നു: “വിശ്വം, ഞാന് പോകുന്നു. ഭൂമിയുടെ അറ്റത്തേക്കൊന്നുമല്ല, കേട്ടോ!”

അവള് പല്ലിറുമ്മുന്നതുപോലെ തോന്നി. അവള്ക്കതിന്നു ന്യായമുണ്ട്, അവകാശമുണ്ട്.

എല്ലാം കഴിഞ്ഞു. മധുരമായ ആ ഭൂതകാലം മുഴുവന് ഇന്നിതാ ഒരു കനത്ത കണ്ണുനീര്ത്തുള്ളിയായി അടര്ന്നുവീഴാന് പാകത്തില് നില്ക്കുന്നു. അതും അടര്ന്നുവീഴും. പൊട്ടിച്ചിതറി വറ്റിപ്പോകും. ഭൂമി വരളും.

ഇരുട്ടു കൂടിക്കൂടിവന്നു. മരണം അടുത്തടുത്തു വരികയാണോ?

“വിശ്വം...” ഹൃദയമലിയിക്കുന്ന വിളി. ആ വിധവയുടെ കൈകള് അയാളുടെ പുറത്തു പതുക്കെപ്പതുക്കെ സഞ്ചരിച്ചു.

“വിശ്വം!”

“ഓ.”

“നീ പോകുമോ?”

“ഉവ്വ്.”

“എന്നെ വിട്ടു പോകുമോ?”

“ഉവ്വ്.”

“എവിടേക്ക്?”

അനിയന്ത്രിതമായി ആ ശബ്ദം വെളിയിലേക്കുചാടി: “നിന്നെ ഞാന് വിടില്ല, ഒരിക്കലും വിടില്ല.”

വിയര്പ്പുപൊടിഞ്ഞ ആ കവിള് അവന്റെ കവിളോടുരുമ്മുന്നുണ്ടായിരുന്നു. വിശ്വം മുഖംതിരിച്ചു കളഞ്ഞു. ഓടിക്കിതച്ച ഒരു മൃഗത്തിന്റെ ഗന്ധം! എപ്പോഴും അവന്റെ മനസ്സ് ഉരുവിട്ടു: ‘പോണം, പോണം, എനിക്ക് എങ്ങോട്ടോ പോണം.’

നാല്

നീണ്ടുനീണ്ടുപോകുന്ന റെയില്പ്പാളങ്ങളില് ദൃഷ്ടി പതിപ്പിച്ചുകൊണ്ടു നില്ക്കുകയാണ് രാധ. ഈ പാളങ്ങള് ഭൂമിയുടെ അറ്റങ്ങളെ തമ്മില് കൂട്ടി ബന്ധിക്കുന്നുവെന്നു തോന്നി. ഭൂമി ഉരുണ്ടിട്ടാണെന്നു ചെറുപ്പത്തില് പഠിച്ചിട്ടുണ്ട്. എങ്കില്, ഈ റെയില്പ്പാളങ്ങള് ഭൂമിക്കു ചുറ്റുമായി ഇട്ട ഇരട്ടവലയങ്ങള്പോലെയുണ്ടാകും. പാളങ്ങള്ക്കു ജീവനുണ്ടായിരുന്നുവെങ്കില്, യോജനകള്ക്കപ്പുറം എന്തു നടക്കുന്നുവെന്ന് അവയ്ക്കു പറയാന് കഴിയുമായിരുന്നു. അവള്ക്കും അന്നുജനും യാത്രചെയ്യേണ്ട വണ്ടി ഇപ്പോള് എത്ര നാഴിക ദൂരത്താണെന്നും അവ പറഞ്ഞുതരുമായിരുന്നു.

‘എന്തെല്ലാം വിഡ്ഢിത്തങ്ങള് ആലോചിക്കുന്നു!’ അവള് തന്നെത്തന്നെ ശാസിച്ചു. അപ്പോള്ത്തന്നെ മറിച്ചും വിചാരിച്ചു. ഇങ്ങനെ ഓരോന്ന് ആലോചിച്ചുകൊണ്ടിരുന്നാല് തന്നെപ്പറ്റി ആലോചിക്കാതെ കഴിയുമല്ലോ.

“അനിയാ വണ്ടി വരാറായില്ലേ?” രാധ പതുക്കെ അനുജന്റെ അടുത്തേക്കു നീങ്ങിക്കൊണ്ടു ചോദിച്ചു. അയാള് വിളക്കുകാലും ചാരി, ഒരു ബീഡിയും വലിച്ചുകൊണ്ട്, എന്തോ ആലോചിക്കുകയാണ്.

“ഇപ്പോ ബ്ലോക്കാവും.” പറയേണ്ടതു പറഞ്ഞു കഴിഞ്ഞുവെന്ന നാട്യത്തില് ഗോപാലകൃഷ്ണന് ഊന്നിവലിച്ചു.

രാധ സ്റ്റേഷന് ചുമരിന്നഭിമുഖമായി നിന്നു. അവളുടെ കണ്ണുകള് ചുറ്റും പാറിക്കളിക്കുകയാണ്. ആ ചുമരുകളില് തെണ്ടിച്ചെക്കന്മാരുടെ കലാവാസനകള് പലതും എഴുതിച്ചേര്ത്തിട്ടുണ്ട്. കാതില് വളയിട്ട ഒരു താടിക്കാരന് വായുംപൊളിച്ചു നില്ക്കുന്നു. അവന്റെ വായില്നിന്ന് ഒരു തെങ്ങ് മുളച്ചുപൊന്തിയിരിക്കുന്നു. മുഖം വരച്ചതൊരാളും തെങ്ങു കൂട്ടിച്ചേര്ത്തതു മറ്റൊരാളുമാണെന്നു സ്പഷ്ടം. അതുകണ്ടപ്പോള് രാധയ്ക്കു ചിരി വന്നു. അങ്ങേപ്പുറത്ത്, മൂന്നുനാലുതരം ചെവികള് വരച്ചിരിക്കുന്നു. ഒരു ചെവിയില് ലോലക്കുണ്ട്. അതു ചെവിയക്കൊള് വലുതാണ്. തൊട്ടടുത്ത് കുറെ സാഹിത്യസൃഷ്ടികളുണ്ട്. ‘കുട്ടൂസാന്റെ ഉമ്മാനെ കൊളമ്പുകാരന് കെട്ടിക്കൊണ്ടു പോയി’ എന്നൊരു വാര്ത്താശകലമാണ് ആദ്യം. ‘പുള്ളി അയത്രമാന്റെ പിരടിക്ക് ബീക്കുകൊണ്ടു. കരയേണ്ടാ, മോളേ, കരയേണ്ടാ’ എന്നു ചരിത്രവും സാന്ത്വനവും കൂടിക്കലര്ന്ന വാക്യങ്ങള് അടുത്തത്, ‘കൊച്ചാമിനാനെ കെട്ടാന്നും പറഞ്ഞിറ്റ് നായരിച്ചീനീംകൊണ്ട് ചാടിപ്പോയ കൊസ്രുക്കണ്ണാ!’ എന്നു സംഭവബാഹുല്യമുള്ക്കൊള്ളുന്ന ഒരു സംബോധനമാത്രം. അതിന്നു ചുവട്ടിലായി ഒരു കവിതാശകലവുമുണ്ട്. രാധ അതും വായിച്ചു:

“ഒന്ന്ക്ക് രണ്ടെന്ന് വീരം പറഞ്ഞിറ്റ്.”

“ഒക്കത്തു വെച്ചപ്പോ ചൂളംവിളിച്ചില്ലേ മാതുക്കുട്ടി.”

ആ അജ്ഞാതസാഹിത്യകാരന് എന്തര്ത്ഥമാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നു മനസ്സിലായില്ലെങ്കിലും ആ കവിത രാധയെ രസിപ്പിച്ചു. ഒന്ന്ക്ക് രണ്ടെന്ന് വീരം പറഞ്ഞിറ്റ്.....അവള് മൂളി. എന്നിട്ട് അപ്പുറത്തേക്കു നോക്കി. ഛെ! അവള് മുഖം തിരിച്ചുകളഞ്ഞു. മുട്ടന് തെറികള് എഴുതിവെച്ചിരിക്കുന്നു. അവള് റെയ്ലിലേക്കുതന്നെ നോക്കി.

ഒരു ചെറിയ ആള്ക്കൂട്ടം ആ സ്റ്റേഷന്പ്ലാറ്റ്ഫോമില് വന്നുചേര്ന്നിരിക്കുന്നു. പല തരക്കാര്; പല വേഷക്കാര്, അപ്പോള് രാധ ആലോചിച്ചു: ‘ഈ കൂട്ടത്തില് ആരെങ്കിലുമായിരിക്കുമോ ആ പാട്ടെഴുതിയത്?’ ഒന്ന്ക്ക് രണ്ടെന്ന് വീരം പറഞ്ഞിറ്റ്.....ആ പാട്ടിലെ കഥാനായികയായ മാതുക്കുട്ടി ഒരു പാവമായിരിക്കണമെന്നുതോന്നി. അവളെ ഉപദ്രവിക്കാന് പലരും ശ്രമിച്ചിട്ടുണ്ടാകാം. പാവം, ഒടുവില് അവള് നാടുവിട്ടുപോയതാകും. എല്ലാ പെണ്കുട്ടികളുടെയും ഗതി ഇതുതന്നെയാണോ? ചിന്തകള് ആ വഴിക്കു തിരിഞ്ഞപ്പോള്, അവള് പെട്ടെന്നു കടിഞ്ഞാണിട്ടു. ആലോചിക്കരുതെന്നു വിചാരിച്ചിടത്തേക്കാണ് മനസ്സു പോകുന്നത്.

അവള് സ്റ്റേഷനും പരിസരവും ശ്രദ്ധിച്ചു. നാട്ടിന്പുറത്തെ വയല്വരമ്പത്തു വന്നുപെട്ട ഒരു പണിക്കാരന്റെ മട്ടുണ്ട് ആ റെയില്സ്റ്റേഷന്. അവിടെ ആകെയുള്ള ഒരു ഉദ്യോഗസ്ഥന് സ്റ്റേഷന്മാസ്റ്ററാണ്. അയാള് ടിക്കറ്റു വില്ക്കും, മണിയടിക്കും, വണ്ടിക്കു കൊടികാട്ടും, വണ്ടിപോയാല് ഗയിറ്റില് ചെന്നുനിന്നു ടിക്കറ്റു പരിശോധിക്കും. ടിക്കറ്റില്ലാത്തവരെ തടഞ്ഞുനിര്ത്തി 'തമിഴ്–മലയാണ്മ'യില് ചില പ്രഭാഷണം നടത്തും, പല കഥാപാത്രങ്ങളായി അഭിനയിച്ചു കഥപറയുന്ന ഒരു ചാക്യാരുടെ മട്ടുണ്ട്. മുഖത്തൊക്കെ വസൂരിക്കല, ഒരു റെയില്വേ വെള്ളട്ടാങ്കോളംതന്നെ തടിയും കറുപ്പും, ശരീരപ്രകൃതിക്കു തീരെ ചേരാത്തൊരു കിളിനാദവും. അയാള് സംസാരിക്കുമ്പോള് പിമ്പില്നിന്ന് ഏതോ ഒരു പെണ്കുട്ടി വര്ത്തമാനം പറയുകയാണെന്നേ തോന്നൂ. രാധ ഇടയ്ക്കിടയ്ക്ക് അദ്ദേഹത്തെ ഇടംകണ്ണിട്ടു നോക്കി. ശകാരിച്ചാലോ എന്നൊരു ശങ്ക. ടിക്കറ്റൊക്കെ വാങ്ങിയിട്ടുണ്ട്! കോന്തലയ്ക്കല് മുറുക്കിക്കെട്ടിയിട്ടുമുണ്ട്. എന്നാലും സ്റ്റേഷന്മാസ്റ്ററല്ലേ?

ഇതിനുമുമ്പേ രാധ രണ്ടുതവണ വണ്ടിയില് കയറിയിട്ടുണ്ട്. ഒരിക്കല് അച്ഛനൊന്നിച്ചു ഗുരുവായൂര്ക്കു പോയപ്പോള്. കുറച്ചു ദൂരമേ പോകേണ്ടൂ. തീവണ്ടിയിലിരുന്നു മോഹം തീര്ന്നില്ല. പിന്നെ കഴിഞ്ഞാണ്ടില് കെട്ടിലമ്മയുടെ കൂടെ പഴനിക്കു പോകാനും കഴിഞ്ഞു. ആ രണ്ടു യാത്രയും മനസ്സില് മാറി മാറി നിഴലിക്കുന്നു. അവയില്നിന്ന് എത്ര വ്യത്യാസപ്പെട്ടതാണ് ഈ യാത്ര! അവള്ക്ക് ഒന്നും നെടുവീര്പ്പിടാതെ കഴിഞ്ഞില്ല.

"വണ്ടി വരുന്നില്ലല്ലോ." അവള് ഗോപാലകൃഷ്ണനോടെന്നതിലധികം തന്നോടുതന്നെയായിട്ടു പറഞ്ഞു.

"വരാറായി." എന്നിട്ടും അനുജന് സമാധാനിപ്പിച്ചു.

"മുറുക്കുവേണ്ടേ?" കൂടയും താങ്ങിപ്പിടിച്ചുകൊണ്ട് ഒരു കച്ചവടക്കാരന് അടുത്തു.

അവള് മറുപടി പറഞ്ഞില്ല. അവന് ചോദ്യമാവര്ത്തിച്ചപ്പോള്, ഗോപാലകൃഷ്ണന് മറുപടി പറഞ്ഞു:

"വേണ്ടാ."

"ഇതു സാധാരണ മുറുക്കല്ല." കച്ചവടക്കാരന് ചരക്കിന്റെ ഗുണം വര്ണ്ണിക്കാന് ആരംഭിക്കുകയാണ്.

അപ്പോഴേക്കും ഗോപാലകൃഷ്ണന് അയാളുടെ വായ അടച്ചുകളഞ്ഞു: "ബിലാത്തിയില്നിന്നു കൊണ്ടുവന്നതാവാം; ഞങ്ങള്ക്കു വേണ്ടാ."

കച്ചവടക്കാരന് അയാളെ അടിമുടിയൊന്നു നോക്കിയിട്ട് അപ്പുറേത്തക്കു നീങ്ങി.

"എന്തിനാണനിയാ, അയാളോടു ശുണ്ഠിയെടുക്കുന്നത്?" രാധ ഉപദേശിച്ചു.

"വേണ്ടെന്നു മലയാളത്തിലല്ലേ പറഞ്ഞത്? ഇല്ലെങ്കില്ത്തന്നെ സ്വൈരമില്ല. അതിന്റെ കൂടെ ഇവന്റെ മുറുക്കും!"

രാധ മറുപടി പറഞ്ഞില്ല. ആ സംഭാഷണം നീട്ടിക്കൊണ്ടുപോകാന് അവള്

ആഗ്രഹിക്കുന്നില്ല. പറഞ്ഞേടത്തോളം ആരെങ്കിലും കേട്ടുവോ? അവള് ചുറ്റും നോക്കി; അറിയുന്നവരാരുമില്ല. എല്ലാം പുതിയ മുഖങ്ങളാണ്. വെറ്റിലക്കെട്ടും ചുമന്നു നില്ക്കുന്ന ആ താടിക്കാരന് മുസല്മാന് തന്നോടുതന്നെയാണ് സംസാരിക്കുന്നത്--ചില കണക്കുകള്, കുറച്ചുനേരം കണക്കുകൂട്ടും; പിന്നെ താടി ചൊറിയും. എന്നിട്ടങ്ങോട്ടുമിങ്ങോട്ടും നടക്കും. ഇതൊക്കെ ആവര്ത്തിക്കും. ചൂടിവലകൊണ്ട് കുപ്പായമിടുവിച്ച ഒരെണ്ണബ്ഭരണിയും മുമ്പിലെഴുന്നള്ളിച്ചുകൊണ്ടു നില്ക്കുന്ന ഒരു കിഴവന്. വായില് പല്ലില്ലെന്നു തോന്നില്ല. പറക്കാന് തുടങ്ങുന്ന കുരിയാറ്റക്കിളിയെപ്പോലെ, നെറുകയില് ഒരു കുടുമയുണ്ട്. മേലേക്കുമേലെ രണ്ടു കുറ്റന്ചക്കയും അവയ്ക്കടിയില് ഒരുണക്കപ്പാളയും വെച്ചു ഭദ്രമായി കെട്ടിയുറപ്പിച്ച ചുമടും താങ്ങി നില്ക്കുന്ന ഒരു പച്ച ബല്ട്ടുകാരന്. അങ്ങനെയൊന്നു തലയിലുണ്ടെന്നു നാട്യമേ ഇല്ല. പൂച്ചൂടിയപോലെ. തിരിയുന്നു, മറിയുന്നു, മുറുക്കുന്നു, നടക്കുന്നു; എണ്ണക്കാരന് തന്തയുമായി കൂടെക്കൂടെ വാഗ്വാദത്തില് ഏര്പ്പെടുകയും ചെയ്യുന്നു. "ഒരു ബാക്ക് പറഞ്ഞാല് നാക്ക് മുറിച്ചാലും മാറ്റാവോ?" എന്നാണ് പച്ച ബല്ട്ടുകാരന് ചോദിക്കുന്നത്. മാറ്റാം എന്നുപറയാന് കിഴവന്നുമില്ല ധൈര്യം. ആ വാദപ്രതിവാദം നീണ്ടുപോവുകയാണ്: പുരുഷന്മാര് വാക്കു പറഞ്ഞാല് മാറ്റമില്ലേ? വരാമെന്നു പറഞ്ഞവര് വരാതിരിക്കുന്നതെന്തുകൊണ്ടാണ്?

മനസ്സു വീണ്ടും പതറുന്നു. അവള് അടുത്തു നില്ക്കുന്ന രുദ്രാക്ഷമാലക്കാരനെ നോക്കി. അയാളുടെ തലയിലും താടിയിലും ഒരൊറ്റ രോമമില്ല. കോഴിമുട്ടപ്രായം. എന്തൊക്കെ അനുഭവിച്ചിട്ടായിരിക്കും ആ മനുഷ്യന് ഇത്തരത്തിലായിട്ടുണ്ടാവുക? ഇപ്പോള് അയാള് ഒന്നിനെക്കുറിച്ചും വേവലാതിപ്പെടുന്നില്ല. അയാളുടെ നില്പിനെക്കുറിച്ച് ഒരു നിമിഷത്തേക്ക് അസൂയ തോന്നി. അവിടെക്കൂടിയ ആളുകളെപ്പറ്റി രാധ ആലോചിച്ചു. ഒരാലശീലയില്ല. അവര്ക്ക് ഒന്നും സംഭവിക്കുന്നില്ല. അവര് തിരിച്ചുവരാന് പോകുന്നവരാണ്. താനോ?

ചിന്ത തന്നിലേക്കു മടങ്ങിയപ്പോള് മനസ്സില് ഒരു ബഹളം. വളരെ നേരമായി രാധ തന്നെപ്പറ്റി ചിന്തിക്കാതിരിക്കാന് യത്നിക്കുകയാണ്. ആ അണ മുറിച്ചാല് കെട്ടാന് വിഷമമുണ്ട്. പക്ഷേ, മുറിഞ്ഞുപോകുന്നു; അഥവാ കവിഞ്ഞുമറിയുന്നു. ഒരു നിമിഷം മുഖംകാട്ടി മറയുന്ന വ്യക്തികളും സംഭവങ്ങളും. ഭൂതകാലാനുഭവങ്ങളെല്ലാം കൂടിക്കുഴഞ്ഞു പൊങ്ങിവരുന്നു. ഒരു പൊട്ടിച്ചിരി, ഒരു നിലവിളി, ക്രൂരമായ ഒരു മന്ദഹാസം, ഒരു മൃദുലവീക്ഷണം, തിരിഞ്ഞുനടത്തം, വേര്പാട്, മരണം--എല്ലാം. മനസ്സ്, മലവെള്ളംപോലെ ഒഴുകുകയാണ്. അനേകം വസ്തുക്കളിലൂടെ നീങ്ങിമറയുന്നു; ചത്ത ചെന്നായ, മുഴുവന് ചാകാത്ത പട്ടി, മരത്തടി, മനുഷ്യശരീ രം, പൂങ്കുല, വെള്ളികെട്ടിയ ചൂരല്, മെതിയടികള്, പുരയുടെ മേല്ക്കുര, അത്, ഇത്. എല്ലാം ഒരു നിമിഷം മുമ്പില് വന്നിട്ടു മറയുന്നു; വീണ്ടും വരുന്നു. ഇതൊക്കെ ഒന്നു മറക്കണം. മറ്റെന്തിനെപ്പറ്റിയെങ്കിലും ആലോചിക്കണം. "ഈ റെയില്പ്പാളങ്ങള് നീണ്ടു

നീണ്ടു പോകുന്നു.” അവള് തന്നോടുതന്നെ മന്ത്രിച്ചു: “എവിടേക്ക്?”

“എന്ത്?” അടുത്തുനിന്ന ഗോപാലകൃഷ്ണന് ചോദിച്ചു.

പഞ്ചേന്ദ്രിയങ്ങളും മനസ്സിലു് പൂഴ്ത്തിവെച്ച അവളെ ആ ചോദ്യം ഒരു ചൊട്ടുകൊടുത്ത് ഉണർത്തി.

“ഒന്നുമില്ല, അനിയാ.” രാധയുടെ ഹൃദയം ബഹിർലോകത്തിലേക്കു തന്നെ സഞ്ചരിക്കുവാന് തുടങ്ങി. സൂര്യന് പടിഞ്ഞാറേ ചക്രവാളത്തിനോടടുക്കുന്നു. ആ സ്റ്റേഷനെടുപ്പിന്റെ നിഴല് നീങ്ങി നീങ്ങി പ്ലാറ്റ്ഫോമിനേയും കവിഞ്ഞു റെയിലിലേക്കു തലവയ്ക്കുന്നു. ആളുകള് റെയിലില് തലവെച്ചു മരിക്കാറുണ്ടെന്നു കേട്ടിട്ടുണ്ട്. ഇതേ റെയിലില് ആരെങ്കിലും തല വെച്ചിട്ടുണ്ടാകുമോ? വിദേശങ്ങളിലേക്കു നീണ്ടുകിടക്കുകയാണല്ലോ റെയിലുകള്. അവിടങ്ങളിലുള്ള ആരെങ്കിലും ഇതിന്മേല് തല വെച്ചു മരിക്കുമോ? രാധ ഒന്നു ഞെട്ടി!

ണ്ടിംണ്ടിംണ്ടിം. മണിയടി കേട്ടതോടെ പ്ലാറ്റ്ഫോമില് ഒരു തിരക്ക്. പെട്ടികള് തൂക്കിയെടുക്കപ്പെട്ടു; കുട്ടികള് ഒക്കത്തായി, മുണ്ടുകള് മുറുക്കിയുടുക്കപ്പെട്ടു. ആളുകള് തയ്യാറെടുക്കുകയാണ്. മരിക്കുമ്പോള് ആളുകള് തയ്യാറെടുക്കാറുണ്ടോ? മരണം ഇങ്ങോട്ടു വരികയാണോ? അതോ നാം അങ്ങോട്ടു നീങ്ങുന്നോ? എന്തിന് ഇതൊക്കെ ആലോചിച്ചു പോകുന്നു? നിമിഷങ്ങള്ക്കുള്ളില് വണ്ടിവരും, താനും അനുജനും അതില് കയറും, വണ്ടി നീങ്ങും, ഈ മണ്ണില്നിന്ന് അകന്നകന്നു പോകും. ഈ മണ്ണിന്ന് എന്താണ് വിശേഷം? മണ്ണുകള് വേറെവേറെ ഉണ്ടോ?

‘അതേയതെ. റെയില്പ്പാളങ്ങളെപ്പറ്റിയാണ് ആലോചിക്കേണ്ടത്. ഞാനിന്ന് അവയെപ്പറ്റിമാത്രമേ വിചാരിക്കൂ.’ രാധ തീർച്ചപ്പെടുത്തി.

തലയഴിച്ചിട്ട് അലറിവരുന്ന ഒരു വെളിച്ചപ്പാടിനെപ്പോലെ പുകവണ്ടി തിരിവുംകഴിഞ്ഞ് ഇങ്ങോട്ടു കയറിനിന്നു. ഒരു ഞെട്ടല്, ജന്മദേശം വിട്ടുപോകാനുള്ള സമയമായി. വേണമോ? വേണ്ടേ?

“വരൂ, വരൂ.” അനുജന് തിരക്കി. ടിക്കറ്റുകെട്ടിയ കോന്തല തപ്പിനോക്കിയിട്ട് അവള് അനുജന് കാട്ടിയ വഴിയിലൂടെ പോയി.

ഇറങ്ങുന്നവരുടെ തിരക്കുകൊണ്ടു കയറാന് വിഷമം. പിന്നില്നിന്നാരു കിളിനാദം കേട്ടു: “അവസരപ്പെടാതിങ്കൊ. സമയമുണ്ട്.”

സ്റ്റേഷന്മാസ്റ്റര് പ്ലാറ്റ്ഫോമില് വിലസുന്നതിനിടയില് ആരോടെന്നില്ലാതെ വിളിച്ചുപറഞ്ഞു. കാത്തുനിന്നു. ആളൊഴിഞ്ഞപ്പോള് അവര് കയറി.

വണ്ടി ചൂളംവിളിച്ചു, ആ ചൂളംവിളി കേട്ടപ്പോള് അവള്ക്ക് ആ പാട്ട് ഓർമ്മവന്നു: ‘ഒന്നുക്ക് രണ്ടെന്ന് വീരം പറഞ്ഞിറ്റ് ഒക്കത്തു വെച്ചപ്പോ ചൂളംവിളിച്ചില്ലേ മാതുക്കുട്ടി!’

ചക്രങ്ങള് പാളത്തില് കിടന്നരഞ്ഞ്, പല്ലുപുളിപ്പിക്കുന്ന ഒരു ശബ്ദമുണ്ടാക്കി. വണ്ടി നീങ്ങി. അപ്പോഴും രാധ ആ മാതുക്കുട്ടിയെപ്പറ്റി ആലോചിച്ചു. ആരായിരിക്കും അവള്? നീണ്ടുനിവർന്നുകിടക്കുന്ന ഈ കുന്നിന് നിരകളുടെ അങ്ങേപ്പുറത്തായിരിക്കും അവളുടെ വീട്. വെളുത്തിട്ടായിരിക്കും. അവള് വലിയ

വീടുകളില് പണിക്കു പോയിട്ടൊന്നുമില്ല. സിന്ദൂരപ്പൊട്ടാണ് എപ്പോഴും തൊടുന്നത്. പൊട്ടിപ്പൊട്ടിച്ചിരിക്കുമ്പോള് മുത്തുമണികള് ചിതറുന്നതുപോലെയിരിക്കും. അഞ്ഞംപിഞ്ഞം പറയാന് വരുന്ന ആണുങ്ങളോട് 'ഒന്നുക്ക് രണ്ടു വീരം പറയും.' എന്നിട്ട് ഒക്കത്തു വെച്ചപ്പോ ചൂളംവിളിച്ചു. അതെന്താണ്? അവള് ഒക്കത്തു വെച്ചോ. അവളെ ഒക്കത്തു വെച്ചോ? എന്തോ? എന്തായാലും മാതുക്കുട്ടി നല്ലവളായിരുന്നുവെന്നു രാധ തീര്ച്ചപ്പെടുത്തി.

"ഇപ്പോ പൊട്ടും, പൊട്ടും!" അടുത്തുനിന്ന് ഒരു കുട്ടിയുടെ ശബ്ദം. അടുത്തുതന്നെ ഒരു ീയും രണ്ടു കുട്ടികളും ഇരിക്കുന്നുണ്ട്, ചന്തമുള്ള കുട്ടികള്. ഇതേവരെ എന്തേ അതു നോക്കാഞ്ഞത്? ഒരു കുട്ടി ബലൂണ് ഊതി വീര്പ്പിക്കുകയാണ്. മറ്റേയാള് താക്കീതു നല്കുകയാണ്: "ഇപ്പോ പൊട്ടും, പൊട്ടും!" കുട്ടികളെ നോക്കിയിരിക്കുന്ന ആ അമ്മയുടെ മുഖത്ത് എന്തൊരു സംതൃപ്തിയാണ്! 'ഞാനിതാ ജീവിക്കുന്നു' എന്നു മുഖത്ത് എഴുതിവെച്ചതുപോലെ തോന്നും. പ്രശാന്തമായ സമുദ്രംപോലെയുള്ള കണ്ണുകള്. തൊട്ടടുത്തു കുത്തിച്ചാരിയിരുന്നു മയങ്ങുന്ന കൊമ്പന് മീശക്കാരന് വണ്ടി ഇളകിയപ്പോള് തട്ടിപ്പിടഞ്ഞെഴുന്നേറ്റു ചോദിച്ചു:

"തലശ്ശേരി എത്തിയോ?"

"ഇല്ല." അങ്ങേ മൂലയില്നിന്ന് ആരോ വിളിച്ചുപറഞ്ഞു.

അയാള് വീണ്ടും ഇരുന്നു മയങ്ങി. ജാലകത്തിന്നടുത്തു ചേര്ത്തുവെച്ച ഒരു മനുഷ്യശരീരത്തിന്റെ തല വെളിയിലാണ്. റിസ്റ്റ്വാച്ച് കെട്ടിയ കയ്യും മിന്നുന്ന ഷര്ട്ടിട്ട പുറവും മാത്രമേ കാണാനുള്ളു. കുത്തി വളര്ത്തിയ കാതും നരകയറിയ മുടിയുമായി ഒരു ീ ആ മൂലയ്ക്കല് ഇരിക്കുന്നു. ഒരു കൂറ്റന് വട്ടിക്കെട്ടും കെട്ടിപ്പിടിച്ചുകൊണ്ടാണ് ഇരിപ്പ്. മയങ്ങുകയോ ചിന്തിക്കുകയോ ആണ്. വണ്ടിയുടെ ഇളക്കത്തിനനുസരിച്ച് ആ കാതുകള് ഊഞ്ഞാലാടുന്നു. രാധ അവയിലേക്കു നോക്കിക്കൊണ്ടിരുന്നു.

ഭൂതകാലത്ത് എവിടെയൊക്കെയോവെച്ച് ആ കാതുകള് കണ്ടിട്ടുണ്ട്. ആടുന്ന കാതുകള് കുടുംബസ്മരണകള് വിളിച്ചുണര്ത്തുന്നു. നാട്, വീട്, അമ്മ, അച്ഛന്--പിന്നെ പലതും. അവയെപ്പറ്റി ഒന്നും ആലോചിക്കരുതെന്നു തീര്ച്ചപ്പെടുത്തിയതാണ്.

'റെയില്പ്പാളങ്ങള് നീണ്ടുപോകുന്നു.' വ്യക്തമായി വിചാരിച്ചു. 'അനേകനാടുകളെ തൊട്ടുരുമ്മിക്കൊണ്ടാണ് അവ സഞ്ചരിക്കുന്നത്: എത്ര പേര് ഇതിലേ കടന്നുപോയി! പോകുന്നു! കുഞ്ഞിരാമനും ഇതിലേയല്ലേ കടന്നുപോയത്? കാര്ത്തികേയനും...' വിചാരങ്ങള് റെയില് തെറ്റുകയാണ്. കാര്ത്തികേയനെപ്പറ്റി ഓര്ത്തപ്പോഴേക്കും ചില രംഗങ്ങള് ഹൃദയത്തിലേക്കു തള്ളിക്കയറി വരുന്നു.

ഭാര്ഗ്ഗവിയമ്മയുടെ അരുപറ്റിക്കൊണ്ടു നമ്പിടിവീട്ടില് ജോലിക്കുചെന്ന ദിവസം അവള് സ്മരിച്ചു. എന്തൊരു ബേജാറായിരുന്നു! 'ഇവിടെ നിന്നോളൂട്ടോ'

എന്ന കെട്ടിലമ്മയുടെ മൊഴിയാണ് അന്തരീക്ഷം ഒന്നു നേര്പ്പിച്ചത്. വിങ്ങല് പതുക്കെ നീങ്ങി. ആ വടക്കേ കെട്ടിലേക്കും കാറ്റും വെളിച്ചവും കടക്കും. കെട്ടിലമ്മയുടെ പ്രത്യേക ദാസിയായ അവളെ മറ്റു വേലക്കാരികള് എത്ര ആദരവോടെയാണ് സമീപിച്ചത്! ആദരവില്ലെങ്കില് പോട്ടെ. അപമാനിച്ചില്ലല്ലോ. ഉണ്ണാനും ഉടുക്കാനും തേക്കാനും കിട്ടിയിരുന്ന ആ ജീവിതം സുഖകരമായിരുന്നു. ഒരു സ്മരണ എപ്പോഴും മനസ്സിന്റെ അടിയില്നിന്നു കരണ്ടു. 'വരും, തീര്ച്ചയായിട്ടും വരും' എന്ന വാക്കുകള് അവളുടെ ചെവിയില് കിടന്നു മുഴങ്ങി. വരും, വരും എന്നായിരുന്നു ഹൃദയം സ്പന്ദിച്ചിരുന്നത്. ജീവിതത്തിന്റെ താളംതന്നെ അതായി. വരും, വരും! വണ്ടിയും ആ ശബ്ദം ഏറ്റുപാടുകയാണോ? വരും, വരും!

"അതെന്താ?" കൊച്ചുകുട്ടി അടുത്തുനിന്നു ചോദിച്ചു. ആ കുട്ടി ചോദിച്ചതു ഗോപാലകൃഷ്ണനോടാണ്. ഇതിനിടയ്ക്കു കുട്ടികളും ഗോപാലകൃഷ്ണനും സംഘടിച്ചുകഴിഞ്ഞിരിക്കുന്നു. ആദ്യം അവര് അടുത്തില്ല. സൂക്ഷിച്ചുനോക്കി ഒഴിഞ്ഞുനിന്നതേയുള്ളു. പക്ഷേ, ഗോപാലകൃഷ്ണന് മൂക്കുകൊണ്ടു രണ്ടുതവണ ഹാര്മ്മോണിയം വായിക്കുകയും വായകൊണ്ടു ചെറിയൊരു തുടികൊട്ടു നടത്തുകയും ചെയ്തപ്പോള്, തങ്ങളുടെ ചേരിയിലാണെന്ന് അവര്ക്കു മനസ്സിലായി. കുട്ടി വീണ്ടും പുറേത്തക്കു ചൂണ്ടിക്കാട്ടി ചോദിച്ചു:

"അതെന്താ?"

"ഒരു കെട്ടിടം." ഗോപാലകൃഷ്ണന് പറഞ്ഞുകൊടുത്തു.

"എന്തു കെട്ടിടം? എന്നായി കുട്ടിയുടെ അടുത്ത ചോദ്യം.

ഗോപാലകൃഷ്ണന് കൈമലര്ത്തി.

"ഓ, ഈ ചേട്ടന്ന് ഒന്നും അറിയില്ല!" മൂത്ത കുട്ടി തീരുമാനിച്ചു.

എല്ലാവരും പൊട്ടിച്ചിരിച്ചു! രാധയും.

കുട്ടികളുടെ അമ്മ വിശദീകരിച്ചു:

"അതു ക്രിസ്ത്യാനികളുടെ പള്ളിയാണ്."

രാധ അങ്ങോട്ടു നോക്കി. അന്തിച്ചോപ്പു തഴുകുന്ന ആ കുന്നിന് പുറത്ത്, കൈയും മലര്ത്തി നില്ക്കുന്ന ആ കുരിശ് എന്തോ നിലവിളിച്ചു പറയുകയാണെന്നു തോന്നും. അകന്നകന്നു പോകുന്ന ആ കുരിശിലേക്ക് ദൃഷ്ടിയുറപ്പിച്ചുകൊണ്ട് എന്തൊക്കെയോ ചിന്തിച്ചുപോയി. അടുത്തിരിക്കുന്ന അമ്മ പറഞ്ഞു: "വലിയ ഊറ്റമുള്ള പള്ളിയാണ്." എന്നിട്ട് അവര് അതിന്റെ ചരിത്രം വിവരിക്കുകയും ചെയ്തു: "പ്രമാണപ്പെട്ട ഒരു കുടുംബത്തില് ജനിച്ചു പ്രണയനൈരാശ്യം മൂലം ജീവിതം വെറുത്തു സന്ന്യസിച്ച ഒരു വിശുദ്ധകന്യകയുടെ സ്മാരകമാണ് ആ പള്ളി. അവിടെയാണ് ആ വിശുദ്ധകന്യകയെ അടക്കം ചെയ്തിരിക്കുന്നത്. ആ ആത്മാവ് ഇന്ന് അത്ഭുതകൃത്യങ്ങള് നിര്വ്വഹിക്കുന്നു. കുട്ടികള്ക്കുവേണ്ടി എന്തു പ്രാര്ത്ഥിച്ചാലും വളരെ വേഗമാണു ഫലം." ആ അമ്മ പറയേണ്ടതെല്ലാം പറഞ്ഞുവെന്നു മട്ടില് തന്റെ മക്കളുടെ ശിരസ്സുകള് തടവി, പതുക്കെ ഒന്നു കണ്ണടയ്ക്കുകയും ചെയ്തു.

മരണാനന്തരം നിര്‍വ്വഹിക്കുന്ന അത്ഭുതകൃത്യങ്ങളല്ല, ജീവിച്ചിരുന്ന ആ വിശുദ്ധകന്യകയാണ് രാധയുടെ ഹൃദയത്തെ ആകര്‍ഷിച്ചത്. നിലാവു പോലുള്ള ഒരു നവതരുണി അവളുടെ ഹൃദയത്തില് ഉയര്‍ന്നുവന്നു. അവള് കാമുകനുമായി യാത്രപറഞ്ഞുകൊണ്ടു നില്ക്കുകയാണ്. കടലുകള്ക്കപ്പുറത്തേക്കു ജീവിതസുഖങ്ങളുമന്വേഷിച്ചു പോകുകയാണ് ആ യുവാവ്. കൂടുപോയ ആ കിളി കാത്തുകാത്തിരുന്നു. ഒടുവില്, ഈശ്വരനിലേക്കു പറന്നുപറന്നു പോയി. അയാളും പോകുമ്പോള് പറഞ്ഞിട്ടുണ്ടാവില്ലേ, 'വരു'മെന്ന്.

വരും, വരും, വരും. വണ്ടിയുടെ ശബ്ദം അവളെ സ്വപ്നത്തില്നിന്നുണര്‍ത്തി. എന്തിന്നതൊക്കെ വിചാരിക്കുന്നു? മാതുക്കുട്ടിയെപ്പറ്റി വിചാരിക്കാം. മാതുക്കുട്ടിക്ക് കുട്ടികളുണ്ടായിരുന്നോ? ഒക്കത്തു വെച്ചപ്പോള് ചൂളം വിളിച്ചുവെന്നല്ലേ പറഞ്ഞത്? കുട്ടിയെ ഒക്കത്തുവെച്ചിരിക്കും, അപ്പോഴേക്കും ഭര്‍ത്താവു തീവണ്ടി കയറിപ്പോയിരിക്കും. മാതുക്കുട്ടിയുടെ ഭര്‍ത്താവും കുടുംബത്തിന്റെ ക്ഷേമത്തെ ഓര്‍ത്തു നാടുവിട്ടതായിരിക്കും. എല്ലാ ചെറുപ്പക്കാരുടേയും ഗതി ഇതുതന്നെയാണോ? ഈ കാലത്ത് ആര്‍ക്കും നാട്ടുമ്പുറത്തു പൊറുക്കാന് കഴിയുകയില്ലേ? ഭര്‍ത്താവു പോയപ്പോള് മാതുക്കുട്ടി കഷ്ടപ്പെട്ടിരിക്കുമോ? അവളെ ആരെ ങ്കിലും കടന്ന് ആക്രമിച്ചിരിക്കുമോ? എല്ലാ പെണ്കുട്ടിയും അക്രമം സഹിക്കേണമോ?

രാധയുടെ മനസ്സു ഭൂതകാലത്തേക്കു വഴുതിപ്പോകുകയാണ്. അവളറിയുന്നില്ല. നമ്പിടിവീട്ടിലെ മുകളിലെ നിലയിലെ രണ്ടാമത്തെ മുറിയാണത്. അതടിച്ചു തുടച്ചു വൃത്തിയാക്കുകയാണ് അവള്.

അന്തിമഞ്ഞക്കതിരുകളും അരിമുല്ലപ്പൂമണവും കൂടിക്കലര്‍ന്നു ജാലകത്തിന്നുള്ളിലൂടെ വരുന്നു. ആഹ്ലാദകരമായിരുന്ന ആ അന്തരീക്ഷം. വേദനകള് ഉറങ്ങിപ്പോകുന്നു. പ്രപഞ്ചത്തിന്റെ ഏതോ കോണില്നിന്നു ശോകമധുരമായി ഒരു ഗാനം പുറപ്പെടുന്നുവെന്നു തോന്നും. രാധയ്ക്കു താന് ചെറുപ്പത്തില് പഠിച്ച 'ഇത്തിരിപ്പൂവേ ചുകന്ന പൂവേ' എന്ന പാട്ട് ഒന്നു പാടാന് തോന്നി. പക്ഷേ, പാടിയില്ല.

രണ്ടു ദിവസമായി അവളുടെ മനസ്സില് ആശയും ആഹ്ലാദവും മൊട്ടിടാന് തുടങ്ങിയിട്ട്. പ്രതീക്ഷിച്ചു പ്രതീക്ഷിച്ച് അവസാനം കുഞ്ഞിരാമന്റെ കത്തു കിട്ടിയിരിക്കയാണ്. അധികമൊന്നും എഴുതിയിട്ടില്ല. ഒരു കമ്പനിയില് ജോലി കിട്ടി. സുഖമാണ്. രാധയെ കാണാത്തതില് വ്യസനമുണ്ട്--കഴിഞ്ഞു. അതു മതിയായിരുന്നു. വ്യസനമുണ്ട് എന്നൊരൊറ്റ വാക്കു മതി. എത്ര വാചാലമാണ് ആ വാക്ക്! അത്, ഒരു ഗാനംപോലെ, മനസ്സില് മുഴങ്ങിക്കളിക്കുന്നു. അവളെ കാത്തിരിക്കുന്ന ഒരാളുണ്ട്; ഒരുടമസ്ഥനുണ്ട്. കട്ടിലിന്റെ ചുവടു തുടച്ചു വെടിപ്പാക്കുമ്പോള് അവള് ആലോചിച്ചു. കുഞ്ഞിരാമന് കട്ടിലിലോ നിലത്തോ കിടക്കുക? ആര്‍ക്കറിയാം! അല്ലെങ്കില്, എവിടെ കിടന്നാലെന്താണ്? അയാള് സ്വപ്നം കാണാറുണ്ടോ? ഉണ്ടാകണം. ആ സ്വപ്നത്തില് താന്..... കൂടുതല്

ആലോചിക്കുവാന് ഒരു ലജ്ജ. ജാലകപ്പടികള് തുടയ്ക്കുമ്പോള്, പോക്കുവെയില് വന്നു തടവുന്ന തന്റെ മുഖം കണ്ണാടിയിലൊന്ന് കാണാന് അവളാഗ്രഹിച്ചു. ചുവരില് തൂക്കിയ വലിയ കണ്ണാടിയിലേക്ക് ഒന്നൊളിഞ്ഞു നോക്കി മന്ദസ്മിതം തൂകുകയും ചെയ്തു.

അമ്മയുടെ വര്ദ്ധിച്ചുവരുന്ന രോഗവും കുടുംബത്തിലെ കഷ്ടപ്പാടുകളും അവള് വിസ്മരിച്ചിരിക്കുന്നു. ആകപ്പാടെ ഒരു രസം. ഈ ലോകം നല്ലതാണ് എന്ന് ആരോടെങ്കിലും പറയാനൊരു വെമ്പല്. പെട്ടെന്നാണ് പിമ്പില്നിന്ന് ഒരു കാല്പ്പെരുമാറ്റം കേട്ടത്. അവള് തിരിഞ്ഞുനോക്കി. കാര്ത്തികേയന്! രണ്ടു ദിവസമായി അദ്ദേഹം പട്ടണത്തില്നിന്നു വന്നിട്ട്. ഈ സമയത്ത് അങ്ങോട്ടു കടന്നുചെല്ലുമെന്ന് അവള് നിനച്ചതല്ല. കൊച്ചെജമാനനെ കണ്ടപ്പോള് രാധ വാതിലിന്റെ മുക്കിലേക്കു ചൂളി. അതോടെ തല പതുക്കെ വാതിലിന്മേല് ഒന്നാടിക്കുകയും ചെയ്തു.

“തല മുട്ടിയോ?” വിടര്ന്ന ചിരിയോടെ കാര്ത്തികേയന് ചോദിച്ചു.

രാധ അതിനു മറുപടി പറഞ്ഞില്ല. വാതില്ക്കല്നിന്ന് ഇങ്ങോട്ടു നീങ്ങിയാല് കടന്നുപോകാമായിരുന്നു. പക്ഷേ, അദ്ദേഹം വാതില്ക്കല്ത്തന്നെ നില്ക്കുകയാണ്.

“വേദനിച്ചോ?” അയാള് വീണ്ടും അന്വേഷിച്ചു.

“ഇല്ല.”

“പിന്നെ?”

“ഒന്നു പുറത്തേക്കു പോണം.”

“ഞാനോ?”

“അല്ല; എനിക്ക്.” അവള് വിക്കി.

“എന്നെ ഭയമാണോ?” ദിവാന്ജി പുഞ്ചിരിതൂകി.

രാധ നിശ്ശബ്ദയായി നിന്നതേയുള്ളൂ.

“ഇവിടെ സുഖമല്ലേ?”

“അതേ.”

“ശമ്പളമൊക്കെ ശരിക്കു കിട്ടുന്നില്ലേ?”

“ഉവ്വ്.”

“പിന്നെ....അമ്മയുടെ സുഖക്കേട്?”

“അധികമാണ്.”

“ചികിത്സ ചെയ്യുന്നില്ലേ?”

“ഇല്ല.”

“പണമില്ലാഞ്ഞിട്ടാണോ?”

“അമ്മ കൂട്ടാക്കാഞ്ഞിട്ടാണ്.”

“ങാഹാ!” അയാള് കൃപായക്കീശയിലേക്കു കൈതിരുകി ഒന്നു നിന്ന് ആടി. എന്നിട്ട്, അവളുടെ അടുത്തേക്കു നീങ്ങിക്കൊണ്ടു ചോദിച്ചു:

“എന്നെ ഇഷ്ടമാണോ?”

രാധ മുഖം താഴ്ത്തി നിന്നു. ആ മാറിടം കിതച്ചുകൊണ്ട് ഉയരുകയും താഴുകയും ചെയ്തു. അയാള് വീണ്ടും അന്വേഷിച്ചു:

“പറയൂ, ഇഷ്ടമില്ലേ?”

“എന്നെ വിടൂ.”

അവളുടെ തൊണ്ട ഇടറിയിരുന്നു.

“ഞാന് പണം തരാം; കൈ നിറയെ തരാം. ഞാന് ഒരു പിശുക്കനൊന്നുമല്ല. സമ്പാദിക്കാനും ചെലവിടാനും എനിക്കറിയാം. നീ ആവശ്യപ്പെടുന്ന പണം--”

“എന്നെ വിടൂ.” അവളുടെ കണ്ണുകള് നിറഞ്ഞു. ഉള്ളുരുകി വരുന്നതായിരുന്നു ആ ശബ്ദം.

“എന്തിനു കരയുന്നു?” ദിവാന്ജി പുഞ്ചിരിതൂകി: “ഞാന് കൈയേറാനൊന്നും വരുന്നില്ല. ഇഷ്ടമില്ലാത്ത ഒരാളെ കടന്നാക്രമിക്കുന്ന തെമ്മാടിയല്ല ഞാന്. ഇന്നലെ വടക്കേക്കെട്ടില്വെച്ചു കണ്ടപ്പോള്, എനിക്ക് ഒരിഷ്ടം തോന്നി. ഞാന് നിന്നോടത് അറിയിച്ചു, അത്രയേ ഉള്ളൂ. നോക്കൂ, എന്റെ കൈയില് പണമുണ്ട്. നിനക്ക് അത് ആവശ്യമുണ്ട്. പണംകൂടാതെ ഇക്കാലത്ത് ആര്ക്കും ജീവിക്കാന് കഴിയില്ല. നീ ആവശ്യപ്പെടുന്നതു തരാന് ഞാന് തയ്യാറാണ്. ഒരു നെക്ലസ്സോ നൂറുറുപ്പികനോട്ടോ അതിലധികമോ നിന്റെ മടിയിലാണെന്നു വിചാരിച്ചോളൂ.” ഒരു ലേലപ്പട്ടിക വായിക്കുമ്പോലെ അയാള് പറഞ്ഞുതീര്ത്തു.

“എന്നെ വിടൂ."--അവള് അതേ വാക്കുതന്നെ ആവര്ത്തിച്ചു.

“ഭയപ്പെടേണ്ടാ. ഞാന് ഒരു മാന്യനാണ്. ഞാന് ആരെയും ആക്രമിക്കയില്ല. നിനക്കു പോകാം. ഒന്നോര്ത്തോളൂ: ഒരവസരം നഷ്ടപ്പെട്ടുവെന്നു നീ നാളെ ദുഃഖിക്കും. സാധുപെണ്ണേ, ഭാഗ്യം ആരുടെ പടിക്കലും രണ്ടു പ്രാവശ്യം വരില്ല.” വാതില്ക്കല്നിന്നു നീങ്ങിനിന്നു പറഞ്ഞു: “ഇവിടെ നിന്നാല് ഞാന് നിനക്കൊരു ഭാവി ഉണ്ടാക്കാം. അല്ലെങ്കില് ഇതാ വഴി; നിന്റെ കഷ്ടപ്പാടിലേക്കുതന്നെ പൊയ്ക്കോ.”

അവള് കണ്ണുനീര് വീഴ്ത്തിക്കൊണ്ടു പുറത്തേക്കു കടന്നുപോയി. കോണിപ്പടിയിന്മേല്, നേത്യാരമ്മ തൂണുപോലെ നില്ക്കുന്നതു കണ്ട് അവള് ഞെട്ടി. അവര് ഒന്നും പറഞ്ഞില്ല. കോണിയിറങ്ങുമ്പോള് ദിവാന്ജി നല്കിയ ഉപദേശം അവളുടെ ചെവിയില് വന്നലച്ചു:

“വിഡ്ഢി!”

അമ്മയും മകനുംകൂടി മുകളില്വെച്ച് ഒരു ചെറുസമരം നടന്നുവെന്ന് അവള്ക്ക് പിന്നീട് മനസ്സിലായി. തുടുത്ത മുഖവുമായി വടക്കേക്കെട്ടിലേക്കു കടന്നുവന്ന ആ തറവാട്ടമ്മ രാധയെ അടുത്തു വിളിച്ചു രഹസ്യമായി പറഞ്ഞു: “ആരോടും പറയരുത്, ട്ട്വോ! കഥയില്ലാത്ത ചെക്കന്. നീ ഇത്രയും ഗുരുത്വമുള്ള പെണ്ണാണെന്നു കണ്ട് എനിക്കു നന്നെ സന്തോഷമുണ്ട്,ട്ട്വോ! ആണ്കുട്ടികള് പതറും. പെണ്ണിനാണ് അടക്കം വേണ്ടത്. വല്ലതും പുറത്തറിഞ്ഞാല് ദുഷ്പേരു നിനക്കാണ്.ട്ട്വോ; അതോര്ത്തോളൂട്ട്വോ.” അവര് ഒരു പത്തുറുപ്പികയുടെ നോട്ട്

അവളുടെ കൈയില് വെച്ചുകൊടുത്തു കവിളില് തട്ടി: “പാവം!”

രാധ തേങ്ങിത്തേങ്ങിക്കരഞ്ഞു; ആ പത്തുറുപ്പികനോട്ടു പീച്ചിക്കീറി അവരുടെ മുഖത്തേക്ക് എറിയാന് തോന്നി. പക്ഷേ, കൈകള് അനങ്ങിയില്ല. അന്നു രാത്രി മുഴുവനും ഉറങ്ങാനും കഴിഞ്ഞില്ല. വ്യസനവും ഈറയും. ആരെയാണ് ശകാരിക്കേണ്ടതെന്ന് അറിയുന്നില്ല. ഏറ്റവുമധികം ദേഷ്യം തോന്നിയതു കുഞ്ഞിരാമനോടാണ്. തന്നെ അവിടെ കൊത്തിപ്പറിക്കാനിട്ടുകൊടുത്തു കടന്നുകളഞ്ഞു. അതാലോചിച്ചപ്പോള് ഒരരിശം: “ഇതിന്നു വേണ്ടതുണ്ട്.” അവള് തന്നത്താന് പറഞ്ഞു: “നീട്ടിക്കാട്ടിയ കൈ കടന്നുപിടിക്കണം.” പെട്ടെന്നു ഹൃദയത്തില്നിന്നൊരു മുഴക്കം: ഉം! ആ ശബ്ദം കുഞ്ഞിരാമന്റേതായിരുന്നു. എന്തെല്ലാം അബദ്ധങ്ങളാണ് ആലോചിക്കുന്നത്! ജോലിക്കു പോകുമ്പോള് കുഞ്ഞിരാമനോടു ചോദിച്ചുവോ, എന്നിട്ടും എല്ലാം ക്ഷമിച്ചു. ഇതൊക്കെ എങ്ങനെയാണ് സംഭവിക്കുന്നത്! ആരുടെ കുറ്റമാണ്?

അടുത്തു കിടന്ന മാധവിയമ്മയുടെ ഞെരക്കമാണ് അവളെ ആലോചനയില്നിന്നുണര്ത്തിയത്.

“എന്താ, അമ്മേ?”

“ഇത്തിരി വെള്ളം.”

അവള് വായില് വെള്ളം ഒഴിച്ചുകൊടുത്തു. അവര് തിരിഞ്ഞു കിടന്നു. ഭഗവാനേ!... അവള് ഇരുട്ടിലേക്കു നോക്കിക്കൊണ്ട് അന്നു പിറുപിറുത്തു:

“വരൂ, വരൂ,” ഇരുളടഞ്ഞ ഒരു കാടിന്റെ നടുക്കാണ് താനിരിക്കുന്നതെന്ന് അന്നു രാധയ്ക്കു തോന്നി. ദൂരെ അതാ, ഒരു നരിയുടെ തിളങ്ങുന്ന കണ്ണ്!

“തലശ്ശേരിയെത്തിയോ?"--കൊമ്പന് മീശക്കാരന് വീണ്ടും ഞെട്ടിത്തെറിച്ചു ചോദിച്ചു. ആ ചോദ്യം കേട്ടു രാധയും മനോരാജ്യത്തില്നിന്നുണരുന്നു.

“ഇല്ല."--ആരോ പറഞ്ഞു. മീശക്കാരന് വീണ്ടും കണ്ണടച്ചു മയക്കം തുടങ്ങി. ജാലകത്തിനടുത്തുനിന്നു റിസ്റ്റ്വാച്ചുകാരന് പോയിരുന്നു. രാധ അവിടെ പോയിനിന്നു വെളിയിലേക്കു നോക്കി. റെയില്പ്പാളങ്ങള് നീണ്ടുപോകുന്നു. കണ്ണുകള് റെയിലിലാണെങ്കിലും മനസ്സു വഴുതിപ്പോകുകയാണ്.

പിറ്റേന്നു കെട്ടിലമ്മയുടെ വീട്ടിലേക്കു പോകേണ്ടെന്ന് അവള് തീര്ച്ചപ്പെടുത്തിയതാണ്. മതി, കല്ലു കണ്ടേടം കൈക്കോട്ടു വയ്ക്കാം. പക്ഷേ, പതിവുപോലെ ഉണര്ന്നു. ഉണര്ന്നപ്പോള് അമ്മയെപ്പറ്റി ആലോചന വന്നു. പോകാതിരുന്നാല് അവര്ക്കെന്തു കൊടുക്കും? മൂന്നാത്മാക്കള്ക്കു പുലരണം. അന്നം പണിക്കുപോയി. കൂടുതല് സൂക്ഷ്മതയോടെ പെരുമാറി. കുഴപ്പമൊന്നുമുണ്ടായില്ല.

അടുത്ത ദിവസം വേലുമ്മാന് വെള്ളികെട്ടിച്ച ചൂരല്വടിയുമായി വടക്കേക്കെട്ടിലേക്കു വരുന്നതു കണ്ടു. അവള് അടുത്ത മുറിയിലേക്ക് തലവലിച്ചു. തളത്തില്വെച്ചുള്ള സംഭാഷണം കേള്ക്കാമായിരുന്നു.

“ഇനി നീട്ടാന് വയ്യാട്ടോ.” കെട്ടിലമ്മയാണ് പറയുന്നത്.

“അതെന്താ?”

“എവിടെയാ ചെന്നു ചാടുകയെന്ന് ആരു കണ്ടു? എന്റെ സുബ്രഹ്മണ്യസ്വാമീ, എന്നാല്പിന്നെ ഞാനിരിക്കില്ലട്ടോ.”

“അങ്ങനെയൊന്നും വരില്ല.”

“വേഗം ആലോചിക്കാതെ പറ്റില്ല. നാളെയെങ്കില് നാളെ, ട്ടോ, വേല്വാരേ!”

“ശരി.”

കാര്യങ്ങള് മറ്റൊരു വഴിക്കു മുമ്പോട്ടു നീങ്ങുന്നുണ്ടെന്നു രാധ മനസ്സിലാക്കി. അതിന്നുശേഷം ആ വഴിക്കു വരുന്ന ഓരോ സംഭാഷണവും അവള് ശ്രദ്ധിച്ചു. താന് എന്തിന് അതൊക്കെ ശ്രദ്ധിക്കുന്നുവെന്ന് ഇടയ്ക്കിടയ്ക്ക് ആലോചിക്കായ്കയില്ല. എങ്കിലും ശ്രദ്ധിച്ചുപോകുന്നു. അധികം ദിവസം കഴിഞ്ഞില്ല, വേലുമ്മാന് പറയുന്നതു കേട്ടു:

“ഇപ്പോ തരത്തിലൊന്ന് ഒത്തു.”

“കൂട്ടിയെങ്ങനെ?” കെട്ടിലമ്മ.

“പത്തരമാറ്റം വര്ക്കത്തും. പണം, പഠിപ്പ്, സൗന്ദര്യം--ഒക്കെ ശരി.”

“പണക്കാരാ?”

“സിങ്കപ്പൂരില്നിന്നു കെട്ടുകെട്ടായിട്ടാണ് നോട്ടു കൊണ്ടുവന്നത്.”

“സ്വഭാവം?”

“പട്ട്!”

“പഠിപ്പുകാരാവുമ്പോള്...”

“പട്ടണത്തില് പെരുമാറേണ്ടതാണ്. ഇവിടത്തെ ആളുകളുടെ സ്ഥിതിക്കനുസരിച്ചു വേണ്ടേ?”

“അതു വേണം,ട്ടോ. നാട്ടുകാരു ഹസിക്കാന് ഇടവരരുത്,ട്ടോ.”

“എന്നാല് ഇതുറപ്പിക്കാം.”

“ശരി. അവന്റെ അച്ഛനോട് ഒന്നുകൂടി ആലോചിച്ചുകളയൂ.”

രാധയ്ക്ക് എന്തോ ഒരു ഭാരം ഒഴിഞ്ഞതുപോലെയാണ് അന്നു തോന്നിയത്. പക്ഷേ, വിവാഹം കഴിഞ്ഞു പെണ്ണിനെ കൊണ്ടുവരുന്ന ദിവസം അവള്ക്കവിടെ ഉണ്ടാകാന് കഴിഞ്ഞില്ല. മാധവിയമ്മയുടെ സുഖക്കേടു കലശലായിരുന്നു. അവര് നീണ്ടുനിവര്ന്നു കിടന്നു വലിച്ചു. ഭയം തോന്നിക്കുന്ന എന്തോ ഒന്ന് ആ വീട്ടില് തങ്ങിനിന്നു.

അനുജന് അമ്മയുടെ അടുത്തുവന്നു താഴ്ന്നുനോക്കി. ഒന്നും മിണ്ടാതെ മാധവിയമ്മ കിടക്കുന്നോടത്തു ചെന്നു. എന്നിട്ട് ഭസ്മമെടുത്ത് ആ നെറ്റിയില് തൊടുവിച്ചു. അനുജന് ഇരുന്നു തേങ്ങിക്കരയുകയാണ്! അതു കേട്ടിട്ടും അമ്മ കണ്മിഴിക്കുന്നില്ല. ഭാര്ഗ്ഗവിയമ്മ അനുജനെ പറഞ്ഞു സമാധാനിപ്പിച്ചു. അവര് പുറത്തുപോയി മൂന്ന് അയല്പക്കക്കൊരക്കുടി കൂട്ടിക്കൊണ്ടുവന്നു, എല്ലാവരും ഓരോ മുക്കില് കുനിക്കുടിയിരുന്നു. മാധവിയമ്മയുടെ ശ്വാസഗതി ക്രമമായിരുന്നു. നിശ്ശബ്ദതകൊണ്ടു കനംതൂങ്ങിയ നിമിഷങ്ങള് അടര്ന്നടര്ന്നു വീണു.

അന്ന് അര്ദ്ധരാത്രിയില് എല്ലാവരും നോക്കിക്കൊണ്ടുനില്ക്കെ, ആ

ശ്വാസഗതി നിന്നു. അവളും അനുജനും ഒടുക്കത്തെ വെള്ളം കൊടുത്തു. രാധ കരഞ്ഞില്ല! അനുജന് എന്തു ചെയ്തുവെന്ന് അവള് നോക്കിയില്ല, ആ രാത്രി മുഴുവന് അവള് ഉറക്കമിളച്ചിരുന്നു. അച്ഛന് മരിച്ച രാത്രി അവളുടെ അടുത്തു വന്നിരിക്കുവാന് ഒരാളുണ്ടായിരുന്നു. ഇന്ന് ആ ആള് എവിടെ? എത്ര ദൂരത്താണ്. അവളനുഭവിക്കുന്നതെങ്കിലും അറിയുന്നുണ്ടോ?

ആ തേങ്ങാക്കുടിനു മുകളില്നിന്ന് മരമെരുവും എലികളുംകൂടി കലാപമുണ്ടാക്കുന്നതുകേട്ട്, ഭാര്ഗ്ഗവിയമ്മയും കുട്ടുകാരും പരസ്പരം നോക്കി: "കേട്ടോ! കേട്ടോ!"

നേരം പുലര്ന്നപ്പോള് മൊയ്തീന്ഹാജിയുടെ സഹായത്തോടെ ആ ശവം മറവുചെയ്തു. എല്ലാം ശൂന്യം, രണ്ടാത്മാക്കള്മാത്രം ആ കൊപ്പരക്കുട്ടിനു ചുവട്ടില്. മൂന്നു രാത്രികള് അവിടെ കഴിച്ചുകൂട്ടി, രാധ കരഞ്ഞില്ല, പതറിയില്ല. എല്ലാം ഉറച്ചുകഴിഞ്ഞു നാലാംദിവസം രാവിലെ അവള് നമ്പിടിവീട്ടില്ചെന്നു ബാക്കി ശമ്പളം ആവശ്യപ്പെട്ടു.

"ഞാന് കേട്ടു, രാധേ. ഈശ്വരന് വരുത്തുന്നതിനു നിവൃത്തിയില്ല. ഭഗവാനെ വിചാരിച്ചു സമാധാനിച്ചോളൂ,ട്ടോ, ഈ അഞ്ചുറുപ്പിക കയ്യില് വെച്ചോളൂ. പുല തീര്ന്നാല് ഇങ്ങോട്ടു വന്നോളൂട്ടോ."

"ഉം--" അവളൊന്നു മൂളി, എന്നിട്ട്, ഉറുപ്പികയും വാങ്ങി നടന്നു.

"പുറപ്പെട്ടോളൂ, അനിയാ."

"എവിടേക്കാ ഏടത്തീ?"

"പുറപ്പെട്ടോളൂ."

ഗോപാലകൃഷ്ണന് പിന്നെ ഒന്നും ചോദിച്ചില്ല. പൊട്ടിപ്പൊട്ടിക്കരഞ്ഞു.

"നീ ഇത്ര കഥയില്ലാത്തവനാണോ അനിയാ? അനുജനു പോകുന്നതില് വിഷമം തോന്നുന്നുണ്ടോ?"

"ഏടത്തി പോകുന്നോടത്തെല്ലാം ഞാനും വരാം. ഇനിയൊരാളെ പ്രതീക്ഷിക്കാന് ചേച്ചിക്കില്ല! എനിക്കുമില്ല."

അതു പറഞ്ഞപ്പോള് രാധയ്ക്കാണ് കരച്ചില് വന്നത്. എങ്കിലും അവള് അതടക്കി.

രണ്ടാളും കൂടി നടന്നു. ആറു നാഴിക അപ്പുറത്തുള്ള റെയില്വേ സ്റ്റേഷനിലെത്തി. പോകേണ്ട സ്ഥലം രാധയ്ക്ക വ്യക്തമായിരുന്നു. അവള്ക്ക് ഒരു ലക്ഷ്യമേ ഉള്ളൂ. തന്റെ സുഖവും ലക്ഷ്യവുമെല്ലാം അവിടെയാണെന്ന് അവള്ക്കറിയാം. ടിക്കറ്റു വാങ്ങുകയും ചെയ്തു. അടിച്ചുനിറച്ച വാണംപോലെ, താനങ്ങു പൊങ്ങിപ്പോവുകയാണ്. ഒരു ചൂളംവിളി ചെവിയില് എപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു. അതു തന്നില്നിന്നു തന്നെ പുറപ്പെടുന്നതാണോ? എവിടെപ്പോയി വീഴും, എന്താവും എന്നൊന്നുമറിഞ്ഞു കൂടാ. എന്തെങ്കിലും ഒന്നാകണം. ഉറയ്ക്കാത്ത അരിച്ചക്കരപോലെ കടിക്കാനും കൂടിക്കാനുമാകാത്ത ഈ മട്ടു വയ്യാ.

വണ്ടി നിന്നു. ആരൊക്കെയോ ഇറങ്ങി; ആരൊക്കെയോ കയറി. ലോകം

മുഴുവന് ഒരു യാത്രയിലേര്പ്പെട്ടിരിക്കയാണെന്നു രാധയ്ക്കു തോന്നി. വണ്ടി നീങ്ങിക്കഴിഞ്ഞപ്പോള് കൊമ്പന് മീശക്കാരന് തട്ടിപ്പിടെഞ്ഞെഴുന്നേറ്റു ചോദിച്ചു:

"തലശ്ശേരി എത്തിയോ?"

"ഇല്ലെന്നേയ്."

അയാള് മയക്കവും തുടങ്ങി.

ചക്രങ്ങളും പൂട്ടകളും കൂട്ടിയുരയുന്നു; നീങ്ങുന്നു. രാധയ്ക്കു രസം തോന്നി. താന് അനുഭവിക്കുന്ന എന്തോ ഒന്ന് ആ ചക്രങ്ങള്ക്കിടയിലും നടക്കുന്നുവെന്നൊരു തോന്നല്. അപ്പോള് ആ ചുമര് സാഹിത്യം ഒരിക്കല്ക്കൂടി മനസ്സില് വന്നു: 'ഒന്നുക്കു രണ്ടെന്നു വീരം പറഞ്ഞിറ്റ് ഒക്കത്തു വെച്ചപ്പോ ചൂളംവിളിച്ചില്ലേ, മാതുക്കുട്ടി.' ഒന്നുറക്കെ പാടിയാലെന്താണ്? ആരാണ് പറയാന്? പക്ഷേ, ചുറ്റും നോക്കിയപ്പോള് വേണ്ടെന്നുവെച്ചു. കൊച്ചുകുട്ടികള് ഗോപാലകൃഷ്ണന്റെ മുട്ടിന്മേല് കയറി കുതിരസവാരി നടത്തുന്നു. മനുഷ്യര് വല്ലാത്ത ജന്തുക്കളാണ്. എത്ര വേഗത്തില് ഇണങ്ങുന്നു; എത്ര വേഗത്തില് പിണങ്ങുന്നു! കുട്ടികളുടെ കളി നോക്കി രസിക്കുകയാണ് അമ്മ. ഗോപാലകൃഷ്ണന്റെ ചെവികളാണ് അവരുടെ കടിഞ്ഞാണ്. സവാരി പൊടിപാറുന്നു. ആ അമ്മ പൊട്ടിപ്പൊട്ടി ചിരിക്കുന്നു. പാവപ്പെട്ട അമ്മ!

വണ്ടി വെളിച്ചംനിറഞ്ഞ പുരയിലേക്കു കയറിനിന്നു. അനുജന് അമ്പരന്നു ചുറ്റും നോക്കി:

"നിങ്ങള്ക്കിവിടെയാണ് ഇറങ്ങേണ്ടത്, അല്ലേ? കുട്ടികളുടെ അമ്മ ഓര്മ്മപ്പെടുത്തി."

രാധയും ഗോപാലകൃഷ്ണനും എഴുന്നേറ്റു. ചാരിക്കിടന്നു മയങ്ങുന്ന കൊമ്പന്മീശക്കാരന്റെ കാല് കവച്ചുവെച്ചു താഴേക്കിറങ്ങി. കുട്ടികള് ജാലകത്തിനടുത്തേക്കു വന്നു ഗോപാലകൃഷ്ണനോടു ചോദിച്ചു:

"നാളെ വര്വോ?"

"ഉം--"

"നാളെ വരണോ. നമുക്കു കുതിര കളിക്കാം."

"വരാം."

രാധയ്ക്ക് ആ യാത്രാമൊഴി കേട്ടപ്പോള് ചിരി വന്നു. ഇനി എന്നെങ്കിലും ആ കുട്ടികളെ കാണുമോ?

വല്ലാത്ത വെളിച്ചം; വല്ലാത്ത തിരക്ക്. നെല്ലിക്കാച്ചാക്ക് മിനുസമുള്ള നിലത്തേക്കു അഴിച്ചിട്ടതുപോലെ, ആളുകള് ഇറങ്ങി നീങ്ങി ഓരോ വഴിക്കു പിരിഞ്ഞുപോകുന്നു. അവര്ക്കൊക്കെ പോകാന് സ്ഥലമുണ്ട്. അവള്ക്കോ?

രാധ ഒരോരം ചാരി നിന്നു. തിരക്കൊഴിയട്ടെ. സംഭ്രമം അവളുടെ മുഖം അല്പം തുടുപ്പിക്കാതിരുന്നില്ല. എന്നാലും ഉറച്ചുനില്ക്കാന് കഴിയുന്നുണ്ട്. ആ ജനപ്രവാഹം ഒഴിഞ്ഞൊഴിഞ്ഞുപോയി. ഏതാനും പോര്ട്ടര്മാരും വണ്ടി കാത്ത് പ്ലാറ്റ്ഫോമില് കിടന്നുറങ്ങുന്നവരും മാത്രമേ ഉള്ളൂ. ഉറങ്ങുന്നവര് ഇടയ്ക്കിടയ്ക്കു സ്വന്തം ദേഹത്തില് പ്രഹരിക്കുകയും ചെയ്യുന്നു. എന്നിട്ടു കൊതുക്കളെ

ചീത്തപറയുന്നുമുണ്ട്.

രാത്രി അറിയാത്ത വലിയ പട്ടണം. എങ്ങോട്ടു പോകും?

“നമുക്കു പുറത്തേക്കു കടക്കാം.” ഗോപാലകൃഷ്ണന് പറഞ്ഞു.

“പോകാം.”

രണ്ടും കല്പിച്ചു വാതില്ക്കലേക്കു നീങ്ങി. പെട്ടെന്നു പിമ്പില്നിന്നൊരു വിളി കേട്ടു:

“രാധേ, ഗോപാലകൃഷ്ണാ!”

രണ്ടുപേരും നിന്നു. രാധയുടെ നെഞ്ച് ആളിപ്പോയി. ആര്? തിരിഞ്ഞു നോക്കിയപ്പോള് നിഴല്പ്പാടില്നിന്ന് ഒരു മനുഷ്യന് അടുത്തേക്കു വരുന്നതായി കണ്ടു. അയാള് അടുത്തുവന്നു വിരല് ചൂണ്ടിക്കൊണ്ടു ചോദിച്ചു:

“നിങ്ങള്?.....”

ചൂണ്ടിയ വിരല് അങ്ങനെതന്നെ നില്ക്കുകയാണ്. രാധ ആ ആളെ ആകെയൊന്നു നോക്കി. പരിചിതമാണ് ആ മുഖം എങ്കിലും വ്യക്തമാകുന്നില്ല. മനസ്സില് ആകെയൊരു കലക്കം. അതില്നിന്ന് ഒരു മുഖം പൊന്തിവന്നു. അവളുടെ ആത്മാവിന്റെ അടിയില്നിന്നാണെന്നു തോന്നി, ഒരു വാക്ക് ഉയര്ന്നുവന്നു:

“വിശ്വം!”

“അതെ.”

മരത്തടിയും മനുഷ്യനും

ഒന്ന്

1927-ല് ഡിസംബര് മാസത്തിലെ മഞ്ഞുമൂടിയ ഒരു പ്രഭാതത്തില്, ഇരപ്പം കെട്ടിയ മരത്തടികളിന്മേല് മൂന്നുപേര് കല്ലായിപ്പുഴയിലേക്കു നീങ്ങുകയാണ്. രണ്ടറ്റത്തും നില്ക്കുന്നവര് കഴുക്കോലൂന്നി തുഴയുന്നു. മൂന്നാമന് ആ കെട്ടുമരത്തിന്നു നടുക്കു കുന്തിച്ചിരിക്കയാണ്. കരയ്ക്കുനിന്നു നോക്കിയാല് ഒരാളാണെന്നു വ്യക്തമാവുകയില്ല. ഒരു കരിവീട്ടിയുടെ മുട്ടി കുത്തിച്ചാരിവെച്ചിരിക്കയാണെന്നേ തോന്നൂ. ഒരു ചലനവുമില്ല. തുഴ പിടിച്ചവര്ക്കും അങ്ങനെയൊരാള് അവിടെ ഇരിക്കുന്നുണ്ടെന്നു നാട്യമില്ല.

മൂടല്മഞ്ഞിന്റെ അരിപ്പയിലൂടെ സൂര്യകിരണങ്ങള് പതുക്കെ ഊര്ന്നു വീഴുകയാണ്. 'അങ്ങു വന്നോ'എന്നു ലോകം സൂര്യന്റെ നേര്ക്കു മന്ദസ്മിതം തൂകുന്നപോലെ തോന്നും. പുതുരശ്മികള് വന്നു തട്ടിയ നദിയുടെ മാര്ത്തടം ഒരു നവചൈതന്യമുള്ക്കൊണ്ടു. കല്ലായിപ്പാലത്തിലൂടെ നീങ്ങുന്ന കാളവണ്ടികള് ആ കെട്ടുമരത്തില്നിന്നു നോക്കിയാല് അവ്യക്തമായിക്കാണാം.

കെട്ടുമരം പതുക്കെ ആ മരത്തടിത്തുറയിലേക്കു കടക്കുകയാണ്. കബന്ധങ്ങള് ചിന്നിയ ഒരു പടക്കളം. തലങ്ങും വിലങ്ങും മരത്തടികള് ചിതറിക്കിടക്കുന്നു. മറ്റെങ്ങും ഇരിക്കാന് സ്ഥലമില്ലാത്തതുപോലെ, എവിടെ നിന്നോ പാറിവന്ന ഒരു വാലിളക്കിപ്പക്ഷി, വെള്ളത്തില്നിന്നു പൊന്തി നില്ക്കുന്ന മരത്തടിത്തുഞ്ചില് വന്നിരുന്ന് ഒന്നുരണ്ടു തവണ കുണുങ്ങി പാലമരത്തിന്മേലേക്കു പറന്നുപോയി. ലോകവ്യവസായത്തിന്റെ മുഴുവന് കൈകളും നീണ്ടെത്തുന്ന ആ കൂറ്റന് കമ്പോളത്തിലേക്ക് ആ കെട്ടുമരം ചേര്ന്നു കൂടുകയാണ്.

"എട ഹസ്സനേ!"കീഴേപ്പുറം തുഴയുന്നവന് തുണക്കാരനെ വിളിച്ചു.

"എന്തേയ്, മരയ്ക്കാരേ?"

"ഈ എന്തിരുത്താ ചെയ്യ്ന്ന്? ഇങ്ങട്ട് ബലത്തപ്പോട് കുത്ത്ന്ന്! ഹല്ല, മനിസന് നിന്നു ഗതികെടാ!"

"എന്നാല് ഈ അതു പറേണ്ടേ!"

"നേരം ബെളുക്കുമ്പത്തന്നെ ഈ ജഹളയ്ക്ക് നിക്കണ്ട?"

നടുക്കിരിക്കുന്ന വീട്ടിക്കുറ്റി രണ്ടുപേരെയും ഒന്നുനോക്കി, വീണ്ടും അനങ്ങാതിരുന്നു. കെട്ടുമരം ഒരു ഓരം ചാരിനിന്നു. കഴുക്കോല്ക്കാര് ഇറങ്ങി. വഴിയെ നടുക്കിരിക്കുന്ന ഇരുമ്പനും. മരം കുറ്റിയോടു ചേര്ത്തു കെട്ടി അവര് കരയ്ക്കു കയറി.

ആരും ഉണര്ന്നിട്ടില്ല. നദീതീരത്തുള്ള മരച്ചാപ്പകള് പൂട്ടിക്കിടക്കുന്നു. അവയുടെ കോലായില് ചില ചെത്തിലപ്പട്ടികള് സുഖനിദ്രകൊള്ളുകയാണ്. തലേന്നാളത്തെ ചപ്പുചിപ്പുകളില് നിന്നു പൊന്തുന്ന ദുര്ഗന്ധം അവിടെ തങ്ങിനിന്നു. അരയോളം നനഞ്ഞ ആ മൂന്നുപേരും പിഴിഞ്ഞുടുത്തു കുനിക്കുടി നിരത്തിലൂടെ നീങ്ങി.

“കൊടുമ്യായ തണുപ്പ്.” ഹസ്സനാണ് പറഞ്ഞത്.

“വാസ്തവം.” വീട്ടിക്കുറ്റി തന്റെ പരുക്കനൊച്ചയില് സമ്മതിച്ചു.

“ഒരാപ്പു കൂടിച്ചാതെ പറ്റൂലാ.”

“ഞമ്മടെ ഖദീജേന്റെ അബടെ കേറാം.” മരയ്ക്കാര്.

കുന്നുകടക്കേണ്ട ഒരു ചായപ്പീടികയിലേക്കാണ് അവര് ചെന്നു കയറിയത്. മുറിയുടെ നടുക്ക് ഒരു മണ്ണെണ്ണവിളക്കു കത്തുന്നു. അതൊരുബെഞ്ചിന് തലപ്പിലാണ് വെച്ചിട്ടുള്ളത്. അതിന്നു പുറമേ, ഒരു ബെഞ്ചും പത്തായമെന്നും കട്ടിലെന്നും വിളിക്കാവുന്ന മറ്റൊന്നും ആ മുറിയിലുണ്ട്. ഉള്ളൊക്കെ പത്തായം; പകലൊക്കെ മേശ. രാത്രി ഖദീജയും മക്കളും അതിന്മേല് പായവിരിച്ചു കിടക്കുകയും ചെയ്യും. അഴുക്കു പിടിച്ചു കട്ടിക്കുടിയ ആ പായ മടക്കിയിട്ടില്ല. ചെറിയ കുട്ടി അതില് കിടന്നുറങ്ങുന്നുണ്ട്. ഉരുണ്ടു വീഴാതിരിക്കാന് പായത്തലയണകൊണ്ടു തടവും വെച്ചിരിക്കുന്നു. ഖദീജ ഒരു ഉയര്ന്ന ചിരവയിന്മേല് കാല് കവച്ചുവെച്ചിരുന്നു നാളികേരം ചിരകുകയാണ്. കൂട്ടത്തില് മകളെ ശാസിക്കുന്നുമുണ്ട്. “ആ തിഞ്ജാന്നു നീക്ക് വലാലേ! ഇച്ചിരി ഉപ്പിങ്ങട്ട് എടുത്തോ..... ജ്ജ് ആ കഞ്ഞിക്കയില് എബ്ടാ ബെച്ചടക്ക്ണ്?”

ആഗതരെ കണ്ടപ്പോള് അവള് ചിരവയില്നിന്നൊഴുന്നേറ്റുകൊണ്ടു പറഞ്ഞു: “കടന്ന് കുത്രിക്ക്.”

“കടുപ്പത്തിലോരോ ആപ്പ് കാട്ടിക്കാ, ഖദീജേ!”

ഖദീജയ്ക്കു ധൃതിയായി. തീ ഇളക്കിക്കത്തിച്ചു. ഗ്ലാസ്സ് കഴുകി മകളെ വിളിച്ചു. പ്ലേറ്റുകള് ശബ്ദിച്ചു. അടുപ്പത്തെ വെള്ളത്തിലിട്ട മുക്കാല് ‘റെഡി റെഡി’ എന്നു പറയാനും തുടങ്ങി. അഞ്ചു നിമിഷത്തിനുള്ളില് പുക പറക്കുന്ന കാപ്പിയും പത്തിരിയും മുമ്പില് കൊണ്ടുവന്നു വെച്ച് ഖദീജ മന്ദസ്മിതം തൂകിനിന്നു. ഇനി ആ കാശിങ്ങോട്ടു തന്നാല് മതി എന്ന ഭാവത്തില്.

“എന്തിരുത്താ ഖദീജേ, ബര്ത്താനോക്കെ?"പത്തിരി പൊട്ടിച്ചു വായിലിട്ട് പുക ഊതിപ്പറപ്പിച്ചുകൊണ്ട് മരയ്ക്കാര് ചോദിച്ചു.

“എന്തിരുത്താ, മരയ്ക്കാര്ക്കാ? ഒക്കെ മോസം.”

“അനക്കെന്തേ ഇപ്പോ ഇത്തിര ഒരു മോസം ബന്ന്?"--ചെറിയൊരു കണ്വെട്ടിക്കലോടെയാണ് ഹസ്സനതു ചോദിച്ചത്.

“ഞമ്മടെ കതയൊക്കെ ഇങ്ങക്കറിയൂലേ? ഈയഞ്ചു പിഞ്ചുപൈതങ്ങളേം ബെച്ചു ഞമ്മള് പെടുന്ന പാടു ഹള്ളാഴ്ക്കറിയാം."--വിഷാദ പൂര്ണ്ണമായ സ്വരത്തില് അതു പറഞ്ഞിട്ടു ഖദീജ ഉടുതുണിയുടെ നീണ്ടു കിടക്കുന്ന കോന്ത പിടിച്ച് ഒന്നു കണ്ണോപ്പി. അവളുടെ അരയില് തൂങ്ങിയാടുന്ന കൊച്ചു പണസഞ്ചി അപ്പോള് ഹസ്സന് കാണുകയും ചെയ്തു. അവന് ചോദിച്ചു. “പെരുന്നാച്ചോറ് ബെച്ചെ പള്ളപോലല്ലേ അന്റെ തഞ്ചി ബീര്ത്തടക്ക്ണ്? എന്നിറ്റാ അനക്കിപ്പം കസ്റ്റം എന്നു പറേന്നത്?”

“ഇങ്ങളെന്തോ പറയ്ന്ന്! ഹോജരാജാവായ തമ്പിരാന് കൈച്ചൂട്ടണ്ട്. ഓലടെ ബാപ്പണ്ടായിരുന്നപ്പം....” ആ ീയുടെ തൊണ്ടയിടറിപ്പോയി.

“ജ്ജ് അക്കതയൊക്കെ ബിട്, ഒരു പത്തിരീം പാടെ കൊണ്ടുവാ.”

അവള് അടുക്കളയിലേക്ക് ഓടി; ഓരോ പത്തിരികൂടി കൊണ്ടുവന്നു വെച്ചു. എന്നിട്ടു വീണ്ടും തന്റെ ജീവിതദുഃഖങ്ങളെപ്പറ്റി പറയാനും തുടങ്ങി.

ഖദീജയ്ക്ക് അവിടെ പത്തുകൊല്ലത്തെ പരിചയമുണ്ട്. അവളുടെ സ്വദേശം ചാലിയമാണ്. ഒരു ചെറുകിട സുന്ദരിയായി അവിടെ കഴിഞ്ഞു കൂടുന്ന കാലം മുതല്ക്കേ മരയ്ക്കാര് അവളെ അറിയും. പരല്മീന് ചാടുന്നതുപോലെയുള്ള അവളുടെ കണ്ണേറ് അന്നു മരയ്ക്കാരെ സ്വല്പം കമ്പം പിടിപ്പിക്കുകയുമുണ്ടായി. പക്ഷേ, ആ കമ്പം വളരാന് ഇടകിട്ടിയില്ല. അതിന്നുമുമ്പേതന്നെ ആലിക്കുട്ടി അവളെ കല്ലായിലേക്കു കെട്ടിക്കൊണ്ടുപോന്നു. ആലിക്കുട്ടിക്കും പണി മരച്ചാപ്പയില്തന്നെ. അങ്ങനെ സഹപ്രവര്ത്തകന്റെ വീടരായിത്തീര്ന്ന അവളെക്കുറിച്ചുണ്ടായ കമ്പം മരയ്ക്കാര് മനഃപൂര്വ്വം വിസ്മരിച്ചു. ‘പൊയേല് തുള്ളുന്ന മീനൊക്കെ ഞമ്മടെ ബായേല് കൂടുങ്ങും എന്നു നെനച്ചൂടല്ലോ!’ എന്നൊരു തത്ത്വജ്ഞാനവും തുണയ്ക്കെത്തി. അതിന്നുശേഷവും പല തവണ മരയ്ക്കാര് അവളെ കണ്ടിട്ടുണ്ട്. കാച്ചിയും അരഞ്ഞാണും കസവുതട്ടവും ചിറ്റും ഏലസ്സും മുത്തുമണിമാലയുമൊക്കെ അണിഞ്ഞ്, ആലിക്കുട്ടിയുടെ വീടരായി. അവള് കല്ലായില് കിടന്നൊന്നു വിലസി, അവള് നടന്നുപോകുന്ന വഴിക്കെല്ലാം ഇലഞ്ഞിപ്പൂത്തൈലത്തിന്റെ മണം തങ്ങിനിന്നു. അക്കാലം മരയ്ക്കാര്ക്ക് ഓര്മ്മയുണ്ട്. “അന്ന് ഒരു ശെമ്പകപ്പൂഗ്ഗ് തന്നേര്ന്നു!"പിന്നെ അവള് ഒന്നു പെറ്റു, പിന്നെയും പെറ്റു ഒന്ന്. ഒരു പെണ്ണും ഒരാണും. ആ കുടുംബം രൂപപ്പെട്ടുവരികയായിരുന്നു. പെട്ടെന്നാണ് ആപത്തു വന്നുപെട്ടത്. മരത്തടി വീണ് ആലിക്കുട്ടിയുടെ മുതു ഒടിഞ്ഞുപോയി. ആസ്പത്രിയിലേക്ക് എത്തിയപ്പോഴേക്കും മരണവും കഴിഞ്ഞു. ആ കുടുംബത്തിന്റെ നടുവും അതോടെ ഒടിഞ്ഞു. മൂപ്പന് കുറച്ചു ദിവസത്തെ ചെലവിന്നുള്ള വക കൊടുത്തു. അതു തീര്ന്നപ്പോള്പ്പിന്നെ എന്തു ചെയ്യണമെന്നു നിശ്ചയമില്ലാതായി. രണ്ടു കുട്ടികളെ പുലര്ത്തണമല്ലോ. ചാലിയത്തേക്കു മടങ്ങിപ്പോയിട്ടു വിശേഷമൊന്നുമില്ല. ഖദീജ ഉള്ള പണ്ടങ്ങള് വിറ്റു കാശാക്കി. കടവിന്നടുക്കത്തന്നെ ഒരു കാപ്പിക്കച്ചവടമാരംഭിക്കുകയും ചെയ്തു. മരച്ചാപ്പകളിലെ പണിക്കാരില് പലരും അവിടെ പറ്റുവരവാക്കി. രാവിലെ

രസികന് പത്തിരി കിട്ടും. പിന്നെ ഒരു സഹപ്രവര്ത്തകന്റെ വിധവയെ സഹായിക്കുകയുമാണല്ലോ.

ഈ കച്ചവടമാരംഭിച്ചിട്ടു രണ്ടു വര്ഷത്തിലപ്പുറമായി. അഭിവൃദ്ധിയാണ്. ഖദീജ മിടുക്കത്തിയാണ്. പ്രസരിപ്പുള്ള ീ. നന്നായി പെരുമാറാനറിയാം. ഏറ്റമില്ല. എന്നാല് അതിരുകവിഞ്ഞ് ആര്ക്കും പെരുമാറാന് ഇടംകൊടുക്കുകയുമില്ല.

'ബമ്പത്ത്യാ!' മരയ്ക്കാര് പലപ്പോഴും അവളെപ്പറ്റി വിചാരിച്ചിട്ടുണ്ട്. 'ഇഞ്ഞി ബല്ലിച്ച പെണ്ണുങ്ങളുമാണെന്നു ബെച്ചാല് ഇക്കാലം കൊണ്ടു ബെടക്കായിപ്പോയിട്ടുണ്ടാവും!'

ഇങ്ങനെയുള്ള പല കാരണവുംകൊണ്ടാണ് മരയ്ക്കാര് അവിടെ ഒരു പതിവുകാരനായത്. അയാളുടെ തുണക്കാരനായ ഹസ്സനും വഴിയേ വന്നുകൂടി. ഇത്രയും കണിശക്കാരിയായതില് ഹസ്സന് അല്പം വിരോധമില്ലായ്കയില്ല.

"ബല്യേ ബീര്യാ!"--ഹസ്സന് ഒരിക്കല് മരയ്ക്കാരോടു പറഞ്ഞു. മരയ്ക്കാര് രൂക്ഷമായി ഒന്നു തിരിഞ്ഞുനോക്കി: "ഓളൊരു തറബാട്ട്കാരത്ത്യാ! ഓളുടെ ചൂല് അന്റെ മോത്തു കെടന്നു കളിക്കും. ഓര്ത്തോ, ഹമ്ക്കേ!"

ഹസ്സന് പതുക്കെ തല വലിച്ചുകളഞ്ഞു. അക്കാരണത്തെച്ചൊല്ലി പിന്നീടു മരയ്ക്കാര് കുത്തുവാക്കു പറഞ്ഞിട്ടുമുണ്ട്. ഹസ്സന്റെ മനസ്സിലെ ദുര്വ്വികാരം ചവിട്ടിക്കഴുകിക്കളയണമെന്നൊരു വാശിയുണ്ടായിരുന്നു മരയ്ക്കാര്ക്ക്. അതു പോയോ എന്തോ, പിന്നീട് ഒരിക്കലും ആ മനോഭാവം പുറത്തേക്കു തലകാട്ടിയില്ല.

"ഇമ്മൂപ്പരേതാ?" ഖദീജ ഇടയില്ക്കടന്നു മൃദുവായൊരു ചോദ്യം.

"ഞമ്മടെ ഒരു കൂട്ടക്കാരനാന്നു കൂട്ടിക്കോ." മരയ്ക്കാര് പറഞ്ഞു. എന്നിട്ട്, അതേവരെ നിശ്ശബ്ദനായിരുന്ന വീട്ടിക്കുറ്റിയുടെ നേരെ തിരിഞ്ഞുചോദിച്ചു:

"എന്തേ സുലൈമാനിക്കാ?"

"അതേ." സുലൈമാന് മൂളി.

"ഇങ്ങടെ കൂട്ടത്തിലാ പണി?"

"ആയില്ല. അതിന്റെ ഒരാലോസന്യാ."

"മൂപ്പരുടെ കൂടീം പെരീം ഒക്കെ?..."ഖദീജ പതുക്കെ ഒരന്വേഷണം.

"തെക്കാണ്."--സുലൈമാന്.

അവള് ആ മനുഷ്യനെ ആകെ ഒന്നു നോക്കി. കുറുത്തു ബലിഷ്ഠമായ ശരീരം. കൈത്തണ്ടകളില് മാംസപേശികള് മുഴുത്തു മുറ്റിനില്ക്കുന്നു. വിടര്ന്ന മാറിടം. ഒരിടം താങ്ങാന്പോന്ന മനുഷ്യന്. അച്ചടക്കമുള്ള ആ കണ്ണുകളില് വിഷാദവും അന്തസ്സും തങ്ങിനില്ക്കുന്നു. ആകപ്പാടെ ബഹുമാനം തോന്നിക്കുന്ന ഒരു പ്രകൃതം.

"മൂപ്പന് ഇന്നലെ ഇബടെയില്ലേ?" മരയ്ക്കാരു ചോദിച്ചു.

"അവറാന് കുട്ടിമൂപ്പനല്ലേ?"--ഖദീജ.

"തന്നെ."

“മൂപ്പരും ഒരു ബെള്ളച്ചീലക്കൊടക്കാരനും പാടെ ഇന്നലെ ഉച്ചയ്ക്ക് ഇതിലെ പോയിര്ന്ന്.”

“മൂപ്പനെ ഒന്നു കാണണം.”

കാശു കണക്കുകൂട്ടി കൊടുത്ത് അവര് പുറത്തേക്കിറങ്ങി. ഖദീജ ആ പുതിയ മനുഷ്യനെത്തന്നെ നോക്കിനിന്നു. കണ്ണില്നിന്നു മറയുന്നതുവരെ. എന്നിട്ടു തന്നോടുതന്നെ പറഞ്ഞു: “എബട്യോ കണ്ടിട്ടുണ്ടല്ലോ ഞമ്മള്.”

“ഉമ്മാ--ഇക്ക് പത്തിരി!” പത്തായപ്പുറത്തു കിടന്നിരുന്ന കുട്ടി പിടഞ്ഞെഴുന്നേറ്റ് ഒരൊറ്റ അലറല്. ഖദീജ അകത്തേക്കു പോയി മണ്ണെണ്ണവിളക്കു കെടുത്തി. വെളിച്ചം നല്ലവണ്ണം പ്രസരിക്കുവാന് തുടങ്ങിയിരുന്നു. കുട്ടിയെ വാരിയെടുത്തു. അപ്പോഴും അവളുടെ ആലോചന അതുതന്നെയായിരുന്നു.

“എബട്യോ കണ്ടിട്ടുണ്ട്.”

മരയ്ക്കാരും ഹസ്സനും സുലൈമാനുംകൂടി നേരേ ചെന്നുകയറിയത് അവറാന്കുട്ടിമൂപ്പന്റെ വീട്ടിലാണ്. മൂപ്പന് ഒരു ഫ്ളാനല്ത്തലക്കെട്ടുമായി കോലായില് അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുന്നു. ഉയരം കൂടിയ ഒരു മെതിയടി കാലിലും നീണ്ടൊരു മുസ്സാക്ക് കൈയിലും. അയാള് പല്ലു തേയ്ക്കുകയാണ്. ആഗതരെ കണ്ടപ്പോള് മൂപ്പന് ഒന്നു നോക്കി: “എന്തിരുത്താ, മരയ്ക്കാരേ?”

“മരം അണച്ചിട്ടുണ്ട്.”

“ങാഹാ?”

പിന്നെ മരത്തിന്റെ ഗുണം, തരം, വില എന്നിവയെപ്പറ്റിയെല്ലാം സ്വല്പ നേരം സംഭാഷണം നടന്നു. ഒടുവിലാണ് ചോദിച്ചത്: “ഇബനേതാ?”

സുലൈമാനെപ്പറ്റിയാണ്. മരയ്ക്കാര് സുലൈമാനെ ഒന്നു നോക്കി. ഹസ്സനെയും നോക്കി. എന്നിട്ടു പരുങ്ങിക്കൊണ്ടു പറഞ്ഞു:

“തെക്ക്ന്നാ, സുലൈമാന് എന്നാ പേര്.”

“എന്തിനേ ബന്ന്?”

“ബല്ലിച്ച പണീം കൊടുത്താല് നന്ന്.”

“ഞമ്മക്ക് എന്തിനാ, മരയ്ക്കാരേ,ഞ്ഞിപ്പോ ആള്?”

“പണി നല്ലോണം എടുത്തോളും. പിന്നെ--”

“എന്ത്യേ?”

മരയ്ക്കാര് കോലായത്തലപ്പത്തേക്ക്, മൂപ്പന്റെ അടുത്തേക്കു ചെന്നു പറഞ്ഞു: “ഒരു പുതുബിസ്വാസ്യാ.”

ഹസ്സന് സുലൈമാനെക്കൂട്ടി പടിക്കലേക്കു നടന്നു. മൂപ്പന് എന്തോ സ്വകാര്യം പറയാന് ആഗ്രഹിക്കുന്നു. അവിടെ നില്ക്കുന്നതു ഭംഗിയല്ല. അവരകന്നുപോയപ്പോള് മൂപ്പന് മരയ്ക്കാരോടു ചോദിച്ചു: “ആളെങ്ങനെ?”

“നമ്പാം. തറബാട്ടുകാരനാ. ജഹളേല് ബന്നുകൂടി ബിസ്വാസിയായതാ. ഒരു രച്ച ചെയ്യേണ്ട്യതാ.”

“ഉ-ം. പണി എടുക്ക്വോ?”

“എടുക്കും. പിന്നെ കള്ളത്തരം ഇല്ല. നല്ല തടി.”

“സരി, നോക്കട്ടെ.”

അങ്ങനെയാണ് സുലൈമാന് അവറാന്കുട്ടി മൂപ്പന്റെ കീഴില് ജോലിക്കാരനായി ചേര്ന്നത്.

സുലൈമാനെക്കുറിച്ചു കൂടെ പണിയെടുക്കുന്നവര്ക്കെല്ലാം ഒരത്ഭുതമായിരുന്നു. അയാള് അധികമൊന്നും സംസാരിക്കുകയില്ല. സംസാരിക്കാനുള്ള സമയംകൂടി ജോലിചെയ്യും. മരക്കമ്പോളത്തിലെ ജോലിക്കാര് അര്ദ്ധജലജീവികളായിരിക്കണം. അരവരെ എപ്പോഴും വെള്ളത്തിലാണ്. ചിലപ്പോള് മുട്ടോളം ചളിയിലും. അവിടെ നിന്നു മരത്തടി ഉന്തണം. ജീവി തത്തില് പകുതിയും അവര് വെള്ളത്തില് കഴിച്ചുകൂട്ടുന്നു. കുഴിനഖം കുത്തിയ കാലടിയും മരവിച്ച മുഖവുമായി ജീവിതം കട്ടിക്കുടിവരുന്നു. കാലുകള് പതുക്കെ തുഴകളായി മാറും. പലരെയും നപുംസകത്വം ബാധിക്കും. അവിടെ പരിണാമം പിന്നോക്കം നടക്കുകയാണ്.

എന്നാല് ആ മരത്തടികളോടും ശീതത്തോടും യുദ്ധംവെട്ടി ജയിക്കുവാന് കഴിയുന്നവന് ജയിക്കുകതന്നെ ചെയ്യുന്നു. സുലൈമാന് തോല്ക്കാതെ മുന്നോട്ടു നീങ്ങി. കിണഞ്ഞു ജോലിചെയ്യും. എന്നാല് വേതനത്തെക്കുറിച്ചു പിറുപിറുപ്പില്ല. അവറാന്കുട്ടിമൂപ്പനു സുലൈമാനെ നന്നേ പിടിച്ചു: “ഓന് മോസല്ല.”

മൂപ്പനു തന്നെപ്പറ്റി അങ്ങനെയൊരഭിപ്രായമുള്ളതു സുലൈമാന് അറിഞ്ഞുവോ? കര്മ്മം ചെയ്യുക, കാത്തിരിക്കുക എന്നൊരു മട്ടുകാരനാണ് മൂപ്പര്. കൂലി കിട്ടിയാല് അതെണ്ണിനോക്കുന്നതുപോലും കണ്ടിട്ടില്ല. എങ്കിലും പണം ചെലവിന്നെടുത്തു നന്നെ കണിശമുണ്ടായിരുന്നു.

കുളിയുടെയും ഊണിന്റെയും കാര്യത്തില് അയാള് കണിശക്കാരനാണ്. പണി കഴിഞ്ഞാല് ചൂടുവെള്ളത്തില് ഒരു കുളി കൂടാതെ കഴിയില്ല. പിന്നെ പച്ചക്കറി കൂട്ടി നല്ലൊരു ഊണും. ഖദീജയുടെ ഹോട്ടലിലാണ് ഇതിന്നൊക്കെ ഏര്പ്പാടുചെയ്തിട്ടുള്ളത്. ആദ്യമാദ്യം ഒരു ചില്ലറക്കുഴപ്പമുണ്ടായിരുന്നു. ഖദീജയ്ക്ക പച്ചക്കറി നന്നായി വയ്ക്കാന് അറിഞ്ഞു കൂടാ. സുലൈമാനാകട്ടെ, മീന്കറി വളരെ പ്രിയമല്ലതാനും. ഒടുവില് അയാള്തന്നെ അതിനൊരു പോംവഴി കണ്ടുപിടിച്ചു.

“ഞാന് കാട്ടിത്തരാം. അതുപോലെ പാകം ചെയ്താല് മതി!” സുലൈമാന് പറഞ്ഞു.

“ആ..."ഖദീജ ഒതുങ്ങിനിന്നു മൂളി. അന്ന് എല്ലാവരും നല്ല സാമ്പാറു കൂട്ടി ഊണുകഴിച്ചു. പിറ്റേന്ന് അവിയല്. ഇനിയൊരു ദിവസം എരിശ്ശേരി. ഒരു മാസംകൊണ്ട് അയാള് ഖദീജയെ ഒരു നല്ല പച്ചക്കറിവെപ്പുകാരിയാക്കിത്തീര്ത്തു.

“മൂപ്പര്ക്കു പച്ചക്കറീന്നാ പുടുത്തം!” ഖദീജ മറ്റുള്ളവരോടു പറയാറുണ്ട്.

“പുതു ബിസ്വാസ്യാ?” അയല്പക്കക്കാരികള് ചോദിച്ചു.

“എന്തോ ഏതോ? തൊള്ളതൊറന്ന ബര്ത്താനം പറേലേ ഇല്ല.”

“എബ്ടാ മൂപ്പരടെ നാട്?”

“തെക്ക്.”

“തെക്കോട്ടുള്ളോലെടെ തീറ്റീം കുടീം പറച്ചിലും ഒക്കെ ഒരു ചേല് ബേറിട്ടല്ലേ?”

“തന്നോര്ക്കും.”

സുലൈമാനെ കാണുമ്പോഴും ഓര്ക്കുമ്പോഴുമെല്ലാം ഖദീജ വിചാരിക്കും. “എബടവെച്ചാ കണ്ടത്?” ചാലിയത്തുവെച്ചല്ല. എളാപ്പാന്റെ നാടായ പട്ടാമ്പിയില് വെച്ചാണോ? അതോ മൂത്താപ്പാന്റെ നാടായ മഞ്ചേരിയില് വെച്ചോ? എവിടെയോവെച്ചു കണ്ടിട്ടുണ്ടെന്ന തീര്ച്ച. ഒരു ദിവസം സുലൈമാന ചോറു വിളമ്പിക്കൊടുത്തുകൊണ്ടു ഖദീജ ചോദിച്ചു: “പച്ചക്കറി പുടിക്കുന്നുണ്ടോ?”

“ഉണ്ട്.”

“എന്തിരുത്താ പച്ചക്കറീമ്പില് ഇത്തിര പുടുത്തം?”

സുലൈമാന് ഒന്ന മുഖമുയര്ത്തി നോക്കി. എന്നിട്ടു കനത്ത സ്വരത്തില് പറഞ്ഞു: “എനിക്കിഷ്ടമാണ്.”

പിന്നെ എന്തു ചോദിക്കണമെന്ന ഖദീജയ്ക്കറിഞ്ഞുകൂടാ. അവള് സംഭാഷണത്തിന്റെ വഴിയൊന്നുമാറ്റി.

“നാട്ടിലേക്കു പോണ്ടേ?”

“വേണ്ടാ.”

“നാട് പട്ടാമ്പീലാ?”

“അല്ല.”

“മഞ്ചേരീലാ?”

“എന്താ വേണ്ടത്?” തന്നെ സ്വൈരം കെടുത്താതിരിക്ക് എന്നായിരുന്ന ആ ചോദ്യത്തിന്ന് അര്ത്ഥം. അതു ഖദീജയ്ക്കും മനസ്സിലായി. അവള് ഉടനെ തലവലിച്ചുകളഞ്ഞു. എന്നിട്ട് ഒരു മിന്നുസവാക്കും തട്ടിവിട്ടു. “നല്ലോല് എല്ലാ നാട്ടിലൂണ്ട്.”

അതിന്ന മറുപടിയുണ്ടായില്ല. സുലൈമാന് കൂട്ടിയുരുട്ടി അടിച്ചുവിട്ടു. കൈകഴുകി ചടുന്നനെ പുറത്തേക്കു പോവുകയും ചെയ്തു.

‘ചോയിച്ചതു മൂപ്പരക്കു പുടിച്ചില്ലായിര്ക്ക്വോ?’--ഖദീജ ആലോചിച്ചു. അത്തരം അന്വേഷണങ്ങള്ക്കു പോകേണ്ടായിരുന്നുവെന്നും തോന്നി. സുലൈമാന് കണിശമായി കാശുകൊടുക്കുന്നവനാണ്. അതും അവള് ആവശ്യപ്പെട്ട സംഖ്യ. ഒട്ടും ജാസ്തിയല്ല. ഒട്ടും കുറവുമില്ല. ആ മനുഷ്യന്റെ മട്ടുകളോട് അവള്ക്കൊരു ഇഷ്ടവും തോന്നിയിരുന്നു. ചെറുപ്പക്കാരുടെമാതിരി കണ്ണുകൊണ്ടും കൈകൊണ്ടും അഭ്യാസമൊന്നും അയാള് കാട്ടില്ല. വാക്കുകള്കൊണ്ടു കല്ലേറു നടത്തില്ല. മുടിക്കു കടന്നു പിടിക്കാനോ കാലടി നക്കാനോ ഒരുങ്ങില്ല. നിലയ്ക്കു നില്ക്കും. വിലയ്ക്കു പോകും. ആ കനത്ത പെരുമാറ്റം ഖദീജയ്ക്ക് ഒരു മതിപ്പുണ്ടാക്കി: “ഒരാണാ!”

അങ്ങനെ കൊല്ലമൊന്നു കഴിഞ്ഞു. കൂടെക്കൂടെ മരയ്ക്കാരു ചോദിക്കും:

“ഖദീജേ, സുലൈമാന്ക്കാന്റെ കായി ഒക്കെ റെഡിക്കു കിട്ടുന്നില്ലേ?”

“മൂപ്പരടെ കായിക്ക് കളിയില്ല.”

“ആളെങ്ങനെ?”

“പഷ്ട് മനിസനാ! മൂപ്പരായി, മൂപ്പര്ടെ പാടായി.”

“തറബാടി, തറബാട്യാ! ഓര്ത്തോ, ഖദീജേ.”

“മുന്ത്യേ കൂടീലാ?”

“ഉം.”

“നമ്പൂര്യാക്കന്മാരായിരുന്നോ?"ഖദീജ താഴ്ന്ന സ്വരത്തില് ചോദിച്ചു.

“ബേണ്ടാത്തതൊന്നും ചോയിച്ചണ്ടാ.” മരയ്ക്കാര് എഴുന്നേറ്റു നടന്നു. അങ്ങനെ വെള്ളത്തില് നില്ക്കലും മരത്തടി ഉന്തലും ഖദീജയുടെ ഊണും മരച്ചാപ്പയുടെ മുന്പുറത്തെ കിടപ്പുമായി കാലം നീങ്ങി. സുലൈമാന് ഒരു വ്യത്യാസവുമില്ല. എല്ലാവരും അയാളോട് ഒരു മാന്യനോടെന്ന പോലെ, പെരുമാറി. മരച്ചാപ്പയുടെ മുമ്പിലൂടെ കടന്നുപോകുന്ന നാട്ടുകാരും അയാളെ കണ്ടാല് പറയും:

“സലാമുണ്ട്. സുലൈമാന്ക്കാ.”

“സലാം.”

“ബിസേയിച്ചൊന്നും ഇല്ലല്ലോ?”

“ഇല്ല.”

ഇതിനിടയ്ക്ക് ഖദീജയുടെ രണ്ടാമത്തെ കുട്ടിക്ക് ഒരു ഞെട്ടിത്തെറിക്കലും പേടിച്ച നിലവിളിയും. കൈകാലുകള് ബലം പിടിക്കുക, പല്ലിറുമ്മുക, നിര്ത്താതെ നിലവിളിക്കുക. സുലൈമാന് ഉണ്ണാന് ചെന്നപ്പോള് ഈ ബഹളമാണവിടെ.

“എന്താ?” അയാള് അടുത്തേക്കു ചെന്നു.

“സുലൈമാനിക്കാ, എന്റെ മോനെ നോക്കി!” ഖദീജ കരഞ്ഞു പറഞ്ഞു.

സുലൈമാന് കുട്ടിയെ ഒന്നു പരിശോധിച്ചു. എന്നിട്ടു തിരിഞ്ഞുനിന്നു ചോദിച്ചു:

“ഇവിടെ അരുതത്തലപ്പു കിട്ട്വോ?”

“കിട്ടും.”

അപ്പറഞ്ഞത് അയല്പക്കക്കാരി പാത്തയാണ്. ആ പതിനാറുകാരി ലോകം ചവുട്ടിക്കുലുക്കിക്കൊണ്ട് പിന്പുറത്തെ വാതില്ക്കലൂടെ ഒരു പാച്ചില്.

“ഇത്തിരി നൂലിങ്ങോട്ടെടുക്ക്.” സുലൈമാന് ഖദീജയോടാവശ്യപ്പെട്ടു.

നൂലു കൊണ്ടുവന്നു. അയാള് ഒരു മുക്കില് പോയിരുന്നു ചിലതു ജപിക്കുകയും നൂലില് കെട്ടി കുടുക്കുണ്ടാക്കുകയുംചെയ്തു. എന്നിട്ട് അതുകൊണ്ടു വന്നു കുട്ടിയുടെ ഇടത്തെ കൈയില് കെട്ടി. പുറത്തുപോയി എന്തോ ഒരു പച്ചമരുന്നും പറിച്ചു തിരുമ്മിക്കൊണ്ടുവന്നു. അപ്പോഴേക്കും ഭ്രമികുലുക്കുന്ന ആ പതിനാറുകാരി അരുതയുടെ ഇലയുമെത്തിച്ചു. രണ്ടും കൂടിപ്പിഴിഞ്ഞ ചാറ് ഒരു പ്ലാവിലക്കുമ്പിളിലാക്കി കുട്ടിയുടെ മൂക്കിലേക്ക് ഒരു ഊതിക്കയറ്റല്. കട്ടകട്ടയായി കഫവും നുരയും പുറത്തേക്കു ചാടി. കുട്ടി തളര്ന്നുറങ്ങുകയും ചെയ്തു. പിറ്റേന്നു കാലേത്തക്കു കുട്ടിക്ക് അല്പം ആശ്വാസം കിട്ടി. മൂന്നാം ദിവസത്തിന്ന് അവന്

ഓടി നടക്കാനും തുടങ്ങി.

ഈ സംഭവം സുലൈമാന്റെ പേര് നാട്ടിലൊക്കെ പ്രസിദ്ധമാക്കി, പെണ്ണുങ്ങളുടെ സദസ്സില് ചര്ച്ചയായി; വാദപ്രതിവാദമായി.

"ചുട്ട കോയീനെ പറപ്പിക്ക്വോലും."

"കണ്ടാല് തോന്നൂലട്ടോ."

"ദീപ്ക്കാരന് തങ്ങടെ ഒരു ഉപദേശാണോലും."

"ബെറുക്കനെ ഇരിക്ക്. തെക്കുള്ള ഒരു നമ്പൂര്യച്ചന്റെ പടിപ്പാ."

"പക്കെങ്കില് നല്ല പടിപ്പുകാരനാ!"

പിറ്റേന്നുമുതല്ക്കു കുട്ടികളെയെടുത്ത അമ്മമാരുടെ ഒരു ക്യൂ ഖദീജയുടെ പീടികയില് കാത്തുനില്പായി. ചിലര്ക്ക് ഊത്താണു വേണ്ടത്. ചിലര്ക്കു തകിട്. സുലൈമാന് എല്ലാറ്റിനും മൂളി. എല്ലാം ചെയ്തുകൊടുത്തു. കിട്ടുന്ന പ്രതിഫലം വാങ്ങി. കാശില്ലാത്ത പാവങ്ങള് ഖദീജയുടെ ശുപാര്ശയോടെ അവതരിപ്പിക്കപ്പെട്ടു. അവര്ക്കും ഊത്തും ചരടുമെല്ലാം തരമായി.

ഒരു കൊല്ലത്തിനുള്ളില് സുലൈമാന് നാടുകാരുടെ ആളായി. ഏതു വീട്ടിലും അയാള്ക്കൊരു സ്ഥാനമുണ്ട്. ചെറിയവരും വലിയവരും അയാളെ ബഹുമാനിച്ചു. സമ്പാദ്യവും വര്ദ്ധിച്ചിരുന്നു. അപ്പോഴും മരം ഉന്താന് പോകലും ഏകാന്തജീവിതവും അയാള് മാറ്റിയില്ല.

മൂന്നാമത്തെ കൊല്ലത്തിന്റെ അവസാനത്തില് അയാള് മരയ്ക്കാരോടു പറഞ്ഞു:

"മരയ്ക്കാരേ!"

"എന്ത്യേ, സുലൈമാനിക്കാ?"

"എനിക്കൊരു പുര കിട്ടേണ്ടിയിരുന്നു."

"കിളീനെ കിട്ടീട്ടുണ്ടോ, കൂടുണ്ടാക്കാന്?"

"തമാശ വിട്. എനിക്കു താമസിക്കാന് ഒരു സ്ഥലം വേണം."

"ബേണ്ടീരുതന്നെ. പക്കെങ്കില്, കൂടീല് ഒറ്റയ്ക്ക് മനിസന് കയിഞ്ഞൂട്വോ?"

"ഇപ്പോ ഇരട്ടയ്ക്കാണോ?"

"ചോറു ബെച്ചുതരാന് ഒരാളു ബേണ്ടെന്നും?"

"എനിക്കസ്സലായി അറിയാം."

"ചോറും ബെച്ച് കുത്രീന്നാ മത്യോ? പണിക്കു പോവണ്ടേ?"

"അതൊക്കെ ഞാനായിക്കൊള്ളും."

"അപ്പോ, സുലൈമാനിക്കാ, ഇങ്ങക്കൊരു പെണ്ണുകെട്ട്യാലെന്താന്നും..."

സുലൈമാന് മരയ്ക്കാരെ ശ്രദ്ധിച്ചു നോക്കി, നിശ്ശബ്ദനായിരുന്നു. ആ നോട്ടം തട്ടിയപ്പോള് മരയ്ക്കാര്ക്കും അല്പമൊരു നടുക്കമുണ്ടായി. അവര് ഇരിക്കുന്നതു പുഴക്കരയിലെ ഒരു മരഅട്ടിയിന്മേലാണ്. രണ്ടുപേരും പുഴയിലേക്കു നോക്കി നിശ്ശബ്ദരായിരുന്നു. തുടുത്ത അന്തിമേഘങ്ങള് പുഴയെ വര്ണ്ണശബളമാക്കിയിരുന്നു. അതൊഴുകുന്ന തിന്നുസരിച്ചു കെട്ടുമരങ്ങള് പതുക്കെ കിതയ്ക്കുകയുംചെയ്തു.

“സുലൈമാനിക്കാ--” മരയ്ക്കാര് ശാന്തമായി തുടര്ന്നു: “കയിഞ്ഞെനെപ്പറ്റി ഒന്നും ആലോസിക്കരുത്. അതാലോസിച്ചാല് നിലയില്ല. ഇപ്പൊയ ഇങ്ങള് കണ്ടോ?”

“എന്താ?”

“ഇന്നലെ ഇതിലൂടെ പോയ ബെള്ളം ഇഞ്ഞി മടങ്ങിബര്രുലാ. പക്കെങ്കില്, ഇന്നും ബെള്ളം ഒയ്ക്ക്ന്ന്. ഞമ്മളിതില് തടീം എറക്ക്ന്ന്. തിരിഞ്ഞില്ലേ?”

മനസ്സിലായി.

“സരി. എന്നാല്പ്പിന്നെ കാലത്തിന്റെ ചേല്ക്ക് കോലം.”

“ആലോചിക്കാം.” സുലൈമാന് ആ മരത്തടിയില്നിന്ന് എഴുന്നേറ്റു പുഴയരികിലൂടെ പടിഞ്ഞാട്ടു നടന്നുപോയി. മരയ്ക്കാര് ആ പോക്കു നോക്കിയിരുന്ന് എന്തൊക്കെയോ മനോരാജ്യവും വിചാരിച്ചു.

ഒരു മാസം കഴിഞ്ഞപ്പോള് മരയ്ക്കാര് വീണ്ടും ചോദിച്ചു: “സുലൈമാനിക്ക ആലോസിച്ചോ?”

“ഇല്ല.”

എന്തുകൊണ്ട് എന്ന് ആ ചെറുപ്പക്കാരന് അന്വേഷിച്ചില്ല. അവന് കാത്തു. പുഴ ഒഴുകിക്കൊണ്ടിരുന്നു. അതിലൂടെ മരത്തടികള് ലോകത്തിലെ പല കമ്പോളങ്ങളിലേക്കും ഒഴുകുകയുംചെയ്തു. പിന്നെ രണ്ടു മാസത്തിന്നു ശബ്ദമില്ല. മൂന്നാമത്തെ മാസം ആദ്യത്തില് സുലൈമാന് ഇങ്ങോട്ടു പറഞ്ഞു: “ഞാന് ആലോചിച്ചു മരയ്ക്കാരേ.”

“എന്നിട്ട്?”

“ഉറച്ചു.”

“അപ്പൊ ഞമ്മക്കൊരു പെണ്ണിനെ കണ്ടെത്തണ്ടേ?”

“കണ്ടെത്തി.”

“ഏത്?”

“ഖദീജ.”

“ഹേ!”

“എന്തേ?”

മരയ്ക്കാര് ഒരു നിമിഷത്തിന്ന് ഒന്നും മിണ്ടിയില്ല. അസൂയയുടേതോ വേദനയുടേതോ ആയ ഒരു നാളം അവന്റെ ഹൃദയത്തിലൂടെ പാളി.

“എന്തേ, മരയ്ക്കാരേ?”

“പക്കെങ്കില്...”

“ഉ-ം?”

“ഇങ്ങക്കതു പറ്റ്വോന്നാ...”

“എന്തുകൊണ്ട്?”

എന്തുകൊണ്ടാണെന്നാണ് പറയുക? ഒരു വീടും അഞ്ചു കുട്ടികളുമുള്ള തനിക്ക് അവളോട് അനുരാഗമുണ്ടെന്നു പറയാനോ? അല്ലെങ്കില് അവളു രക്ഷപ്പെടട്ടെ എന്നല്ലേ വിചാരിക്കേണ്ടത്? അവന് തന്റെ വാദം ഇങ്ങനെ

സമാപിപ്പിച്ചു: "തരക്കേടൊന്നും ഇല്ല. അസ്സലുക്കള്ളാളാ, നല്ല തന്റേടം, പക്കെങ്കില് ഇങ്ങക്ക് ഇച്ചിരി മുന്ത്യോടത്ത്..."

"മുന്തല് പോകട്ടെ. എനിക്കിന്ന് ഏതു പെണ്ണിനെയും കല്യാണം കഴിക്കാം. എങ്കില്പ്പിന്നെ ഇതേവരെ ചോറുതന്ന ആ ീതന്നെ ആയാലെന്താ?"

"നേരാ. ഓളോടു ചോദിക്കാം."

"ചോദിച്ചു."

"എന്നിട്ട്?"

"സമ്മതം."

"അപ്പോ സുലൈമാനിക്കാ എല്ലാം ഉറച്ചിട്ടാ ബന്നത്?"

"അതേ."

"ഞമ്മക്കതു കോസാക്കണം."

"ഞാന് ഘോഷിക്കാന് ഒരുക്കമില്ല."

"അപ്പോ ഞമ്മക്ക് ഒരു പുടി ചോറ് തരുലാന്നാ?"

"അതൊക്കെ തരാം."

മരയ്ക്കാര് ഒന്നു കുലുങ്ങിച്ചിരിച്ചു. എന്നിട്ടു കൈയടിച്ചുകൊണ്ട് 'ആരമ്പപ്പുതുമാരനിതാ ബരുന്നോ...' എന്നൊരു പാട്ടും പാടി. സുലൈമാന് ചിരിച്ചില്ല. മരത്തടിപോലെ ഇരുന്നു.

ആ കല്യാണം നടന്നു. ഖദീജയുടെ ആഹ്ലാദത്തിന് അതിരുണ്ടായിരുന്നില്ല. ആദ്യത്തെ കല്യാണദിവസംപോലും അവള് ഇത്ര ആഹ്ലാദിച്ചിട്ടില്ല. അതു പ്രതീക്ഷിച്ചതായിരുന്നു. ഇത് അപ്രതീക്ഷിതമായി കിട്ടിയ ഭാഗ്യമാണ്. ആകെ മുരടിച്ചുപോകുമെന്നു വിചാരിച്ച ജീവിതം വീണ്ടും പൊട്ടിത്തഴച്ചു വളരുകയാണ്. അടക്കിയാലടങ്ങാത്ത ചിരി.

"ഉമ്മ എന്തിരുത്താ ബെറുക്കനെ ചിരിക്ക്ന്ന്?" മകള് ചോദിച്ചു.

"ന്റെ പുന്നാരമോളേ." ആ ീ മകളെ പിടിച്ചു ചുംബിച്ചു. ആ പെണ്കുട്ടി അമ്പരന്നു. അവള് ശകാരമായിരുന്നു പ്രതീക്ഷിച്ചത്.

ഒരു പുതിയ വീട്. അതില് ഒരു പുതിയ കുടുംബം. അവരുടെ ജീവിതയാത്ര ആരംഭിച്ചിരിക്കയാണ്. തനിക്കുള്ള ഈ ആഹ്ലാദവായ്പൊന്നും തന്റെ പുത്യാപ്ലയ്ക്കുണ്ടാകയില്ലെന്ന് ഖദീജ പ്രതീക്ഷിച്ചതാണ്. അയാള് മരത്തടിപോലെയാണ്. കല്യാണം കഴിഞ്ഞ് ഒരു വീട്ടില് താമസിക്കാന് തുടങ്ങിയിട്ടും സുലൈമാന്റെ പെരുമാറ്റത്തിന്നു വ്യത്യാസം വന്നില്ല. കാലത്തഴുന്നേറ്റു മരത്തടിയുന്താന് പോവുക, ഉച്ചയ്ക്കു ഭക്ഷണം കഴിക്കാന് വരിക, അയല്പക്കക്കാര്ക്കു മന്ത്രവാദം നടത്തുക, രാത്രി വന്നു ചൂടുവെള്ളത്തില് കുളിക്കുക, ഊണും കഴിച്ചു കുര്ക്കംവലിച്ചുറങ്ങുക. ഒരാഴ്ച കഴിഞ്ഞപ്പോള് ഖദീജ ചോദിച്ചു:

"പിന്നെ....."

"ഉം?"

"എന്നെ പുടിച്ചില്ലേ?"

“പിടിക്കാതെയാണോ കല്യാണംകഴിച്ചത്?”

“ഇക്ക് തോന്നുന്നതു പുടിച്ചില്ലാന്നാ.”

സുലൈമാന് തലയുയര്ത്തി അവളെയൊന്നു നോക്കി. വാതില്ക്കലൂടെ കടന്നുവരുന്ന സൂര്യകിരണങ്ങളില് കുളിച്ചുനില്ക്കുന്ന ഖദീജയ്ക്ക്, ഒരു പ്ലാന്തടിക്കാതല്പോലെ തുടുപ്പുണ്ടായിരുന്നു. സുലൈമാന് മന്ദസ്മിതം തൂകി. ആ മന്ദസ്മിതത്തിലൂടെ രണ്ടാത്മാക്കള് അടുക്കുകയും ചെയ്തു.

സുലൈമാന്നു ജോലിചെയ്യാന് പണ്ടെന്നത്തക്കൊട്ടിലുമധികം ഉഷാര്. എന്തെങ്കിലും നേടണം, സമ്പാദിക്കണം എന്ന വിചാരം കൂടിക്കൂടിവന്നു. കിട്ടുന്നതൊക്കെ അയാള് ഖദീജയുടെ കൈയില് കൊണ്ടുവന്നു കൊടുത്തു. അവളാകട്ടെ ഫിക്സ്ഡ് ഡിപ്പോസിറ്റുകള് മാത്രം സ്വീകരിക്കുന്ന ഒരു ബാങ്കും. കാതരിഞ്ഞുകൊടുത്താലും കാലണ വെറുതെ ചെലവാക്കില്ല.

പതുക്കെ ചായക്കട ഒന്നുയര്ന്നു. വ്യാപാരം ജാസ്തിയായി, രണ്ടുപേരും മുറയ്ക്ക് അദ്ധ്വാനിക്കും. രണ്ടു കാച്ചിയും രണ്ടു കുപ്പായവും രണ്ടു തട്ടമുണ്ടെങ്കില് ഖദീജ ഒരു കൊല്ലം കഴിച്ചുകൂട്ടും. എന്നിട്ടും നിത്യവെള്ളയായിരിക്കുകയും ചെയ്യും. പെണ്കുട്ടിക്കും അതുതന്നെ ക്രമം. ആണ്കുട്ടിക്കു സാധാരണ നിലവാരത്തില് ഉടുപ്പേ ആവശ്യമില്ലെന്ന് അവള് തീര്ച്ചപ്പെടുത്തി. പെരുന്നാള്ക്കൊരു കൊച്ചുകിണ്ടന്, ഒരു തൊപ്പിയും. ധാരാളിത്തവും കാട്ടണമല്ലോ എന്ന നിലയ്ക്ക് കഴുത്തില് കെട്ടാന് ഒരു പച്ചത്തുവാലകൂടി ചിലപ്പോള് അവന്നു വാങ്ങിക്കൊടുത്തു.

ആ കുടുംബത്തിന്റെ നില പതുക്കെ ഉയര്ന്നു. സുലൈമാന് ബാങ്കില് പണമിട്ടിട്ടുണ്ടെന്നു നാട്ടിലൊരു സംസാരം.

“ആയിരം ഉറുപ്യാണോലും ബേങ്കില്.”

പോഷ്ടാപ്പീസ് ബക ഒരു ബേങ്കില്ലേ? അയിലും കായി ഉണ്ടോലും.

“ആള് ബല്യേ കുറുക്കനാ.”

“ഖദീജ കുട്യേപ്പോ പൊട്ടാസും മനോലീം പാടേ ചേര്ന്ന ചേലിക്കായി.”

“പക്കെങ്കില് നല്ലോലാ.”

ഈ സംഭാഷണങ്ങളൊന്നും സുലൈമാന് ശ്രദ്ധിച്ചില്ല. അയാളുടെ ഉള്ളില് പുതിയ പല പദ്ധതികളും ആസൂത്രണം ചെയ്യപ്പെടുകയാണ്. ഇതിനിടയില് ഒരാണ്കുട്ടിയും പിറന്നു. ഒരു ചെറിയ സുലൈമാന്തന്നെ!

“ഒരു ദിവസം അയാള് ഭാര്യയോടു പറഞ്ഞു:

“കോഴിക്കോട്ടു പുതുതായി ഒരു കമ്പനി തുറക്കുന്നുണ്ടത്രേ.”

“ആര്?”

“തെക്കുന്നു വന്നവരാണ്. വലിയ പണക്കാരാണ്.”

“അറിയോ?”

“ഉം. പണ്ട്...”

“അതിന്?”

“അവര്ക്കു വിറകു ധാരാളം വേണം. അത് കൊടുക്കാന് ഏര്പ്പാടു

ചെയ്താലോ?"

"തരേക്കടില്ല. പക്കെങ്കില്, ഞമ്മടെ കായി തേയര്ത്."

"അങ്ങനെ സുലൈമാന് കമ്പനിക്കു വിറകു നല്കുന്ന കരാറുകളിലേര്പ്പെട്ടു. അതോടെ കമ്പോളപ്പണി നിര്ത്തുകയും ചെയ്തു. കാലം വളരെ മെച്ചമുള്ളതായിരുന്നില്ല. സൂക്ഷിച്ചു വ്യാപാരം ചെയ്തില്ലെങ്കില് നഷ്ടം പറ്റും. എന്നിട്ടും സുലൈമാന് ലാഭമുണ്ടാക്കി. ശ്രദ്ധയും ഇടപാടിലുള്ള മര്യാദയുമാണ് അയാളെ രക്ഷപ്പെടുത്തിയത്. പതുക്കെപ്പതുക്കെ രണ്ടുമൂന്നു നല്ല കമ്പനികളെക്കൂടി പിടികിട്ടി. അതോടെ ബാങ്കിലെ സംഖ്യ കനം കൂടുകയുംചെയ്തു.

1936–'37 കാലത്തേക്ക് അയാള്ക്കൊരു സ്ഥിതിയായിക്കഴിഞ്ഞിരുന്നു. സ്വന്തം പറമ്പും വീടുമായി. മരത്തടിക്കച്ചവടത്തില് ചെറിയൊരു പങ്കാളിത്തവും. വീട്ടില് സമൃദ്ധിയുടെ പുളപ്പുണ്ടായിരുന്നില്ല. മകള്ക്കു മൂന്നു കൂട്ട് ഉടുപ്പുവരെ ഖദീജ അനുവദിച്ചിരുന്നു. പൊന്നിന്പണ്ടങ്ങള് കുറച്ചു തീര്പ്പിച്ചു. മൂത്ത മകന് സ്കൂളില് പോകും. അത് സുലൈമാന്റെ ആജ്ഞയായിരുന്നു. രണ്ടാമത്തെ മകന് ആദ്യത്തേവനെ അനുഗമിച്ചു.

അപ്പോഴും ചായപ്പീടിക നിലനിന്നു. ആ കച്ചവടം മതിയാക്കണമെന്നുണ്ടായിരുന്നു സുലൈമാന്ന്. വേലക്കാരെ വെച്ചാണ് ഇന്നതു നടത്തുന്നത്. പക്ഷേ, കച്ചവടം തുടരണമെന്നുണ്ടായിരുന്നു ഖദീജയ്ക്ക്. ആ പീടികയുടെ കടിഞ്ഞാണ് മുഴുവന് കൈയിലമര്ത്തിപ്പിടിച്ചുകൊണ്ട് ഖദീജ പറഞ്ഞു:

"ഇക്കുതിരേമ്മില് കേറീട്ടാ ഞമ്മള് ഇബ്ബയീ ഒക്കെ ശ്രുറ്റീത്. ഇപ്പോബച്ച് അക്കുതിരേനെ ബിട്ടൂടാ." അവള് തുടര്ന്നു: "കടബേര് മറന്നൂടാ. മറന്നാല് മരം മുറിഞ്ഞു."

ഇതു കേട്ടപ്പോള് സുലൈമാന് ഒന്നു പുഞ്ചിരിക്കൊണ്ടു. അയാള് ഒന്നും പറഞ്ഞില്ല. നടക്കട്ടെ. അവള്ക്കുവേണ്ടി എന്തെല്ലാം ചെയ്തിരിക്കുന്നു. കൂട്ടത്തിലിതും നടക്കട്ടെ.

അന്നു വൈകുന്നേരം കമ്പനിക്കണക്കൊക്കെ ശരിപ്പെടുത്തിയതിന്നു ശേഷം സുലൈമാന് പുറത്തേക്കിറങ്ങി. കടുപ്പമുള്ള ഒരു ചായ കുടിച്ചു തടിയാന്നു വിയര്ത്തപ്പോള് കടപ്പുറത്തൊന്നു നടന്നുവരൊമന്നു കരുതി. അയാള് നടക്കുമ്പോള് തലയില്ക്കെട്ടിയ കസവുമുണ്ടിന്റെ തലപ്പു കാറ്റില് പാറിക്കളിച്ചു. താളത്തില് നടന്നുപോകുന്ന ഒരു പൂവന്കോഴിയുടെ മട്ടുണ്ട് അയാള്ക്ക്.

ചുകന്നുവീര്ത്ത സൂര്യന് കടലിന്നടിയിലേക്കു താഴുകയാണ്. പ്രപഞ്ചത്തിന്റെ മുഖം കരുവാളിക്കുന്നു. ഇരുട്ടു ചുറ്റും പതുക്കെ തഴച്ചു കൂടുന്നു. എന്തെന്നില്ലാത്ത ഒരു വിഷാദം സുലൈമാന്റെ ഹൃദയത്തിലേക്കു കടന്നുവന്നു. കാരണമൊന്നുമില്ല. ഒരു ദുഃഖം. സുഖത്തിന്റെ ഏതു പിച്ചകക്കാട്ടിലും അടിയിലൊരു വിഷഫണം ഉറങ്ങിക്കിടക്കുന്നുണ്ടോ? അയാള്

അതിനെപ്പറ്റി ഏറെനേരം ആലോചിക്കാതെ കടലോരത്തിലൂടെ വടക്കോട്ടു വെച്ചടിച്ചു. കാലിന്നടിയിലെ പൂഴി കിടന്നു കുഴയുകയാണ്.

കുറെ ദൂരം നടന്നപ്പോള് കടലിന്നഭിമുഖമായി ഒരിടത്തിരുന്നു. അവിടെ വിജനമാണ്. ദൂരെ വല ശരിപ്പെടുത്തുന്നവരുടെ രൂപങ്ങള്, മങ്ങിയ നിഴല്പോലെ കാണാം. എന്തിനേ അയാള് അവിടെയിരുന്നതെന്നു നിശ്ചയമില്ല. കൂടക്കൂടെ ഏകാന്തതയുടെ ഗ്രഹയ്ക്കുള്ളിലെ പോയി തന്നെത്തന്നെ നോക്കിക്കാണാനുള്ള സഹജാവബോധമെന്നതിലധികം ഒന്നും പറയാനില്ല. ചുറ്റും നോക്കി. അടുത്തുതന്നെ ഒരു തോണി ചെരിച്ചിട്ടുണ്ട്. അത് കടലില് ഒരു സമരം നടത്തി തിരിച്ചുവന്നു ക്ഷീണിച്ചുകിടക്കുന്ന തുപോലെയുണ്ട്. അതിന്മേല് ഒരു ചെറുക്കന് വിശ്രമിക്കുന്നു. നിഴല്പോലെയേ കാണാനുള്ളു. അവന് ബാപ്പ കടലില്നിന്നും വരുന്നതും പ്രതീക്ഷിച്ചിരിക്കുകയാവും. പ്രതീക്ഷിച്ചിരിക്കുവാന് മുതിര്ന്ന മക്കളുള്ള അച്ഛന്മാരെപ്പറ്റി ഒരുനിമിഷം ആലോചിച്ചു. അതോടൊപ്പം അസുഖകരങ്ങളായ അനേകം ചിന്തകള് മനസ്സിലേക്ക് അടിച്ചുകയറി. അയാള് തന്നോടുതന്നെ പറഞ്ഞു: 'ഈ കടലിലെ തിരകളും ആലോചനകളും അവസാനിക്കലില്ല.' എന്നിട്ടു കടല്ത്തിരകളെപ്പറ്റി നിര്ബന്ധപൂര്വ്വം ചിന്തിച്ചു. ഇരുട്ടു കൂടുന്നതിന്നൊപ്പം തിരത്തലപ്പുകളിലെ വെള്ളിലെയ്സുകള് തെളിഞ്ഞുവരികയാണ്. ഈ കളിയും ചിരിയും കിടന്നുരുളലും തുടങ്ങിയിട്ടു കാലമെത്രയായി! മനുഷ്യരക്കൊള് മുമ്പുണ്ട് ഈ കടല് എന്നോര്ക്കുന്നുണ്ടോ? മനുഷ്യരൊക്കെ ചത്തുകെട്ടുപോയാലും ഈ തിരകള് അലറും. ഉരുളും. ആകാശവും ഭ്രമിയും അടുത്തുകൂടുന്നതുപോലെ അയാള്ക്കു തോന്നി.

അയാള് ഒരിക്കല്ക്കൂടി ചുറ്റും നോക്കി. ഇരുട്ടു വര്ദ്ധിച്ചിരിക്കുന്നു. തോണിയിലിരിക്കുന്ന നിഴല് ഒന്നനങ്ങി. സുലൈമാന് ശ്രദ്ധിച്ചു. അതു പതുക്കെ കടലിന്നടുത്തേക്കു നീങ്ങുന്നു. ആശങ്കാജനകമായ വിധത്തിലായിരുന്നു നടത്തം. നിഴല് കടലിലേക്കിറങ്ങുകയാണ്. തിരകള് കാലില് വന്നടിക്കുന്നുണ്ടാകും. പെട്ടെന്നു നിന്നു. ഒരു നിമിഷം എടുത്തൊരു ചാട്ടം. അതോടെ സുലൈമാന്റെ പെരുവിരലില്നിന്ന് ഒന്നു പതച്ചുകയറി. അയാള് കുതിച്ചെഴുന്നേറ്റ് ഓടിച്ചെന്നു കൂടെച്ചാടി.

തിരമാലകള് അലറിപ്പാഞ്ഞുവന്നു പൊട്ടിച്ചിരിച്ചു. മീതെ തെളിഞ്ഞുവരുന്ന നക്ഷത്രങ്ങള് കണ്തിരുമ്മിനോക്കുകയാണ്. ഒന്നും കാണുന്നില്ല. തിരമാലകള് കിതയ്ക്കുന്ന മാറുമായി ഓടിയോടിവരുന്നു. വീണുരുളുന്നു. ചിതറിപ്പോകുന്നു. നക്ഷത്രങ്ങള് കൂടെക്കൂടെ കണ്മിഴിച്ചു നോക്കി.

ഒന്നുമില്ല. ജലപ്പരപ്പിന്നു മുകളില് മനുഷ്യശിരസ്സൊന്നുമില്ല. എന്തിനാണ് സുലൈമാന് കടലിലേക്ക് എടുത്തുചാടിയത്? വെള്ളത്തിലാണ്ടുപോകുന്ന ഒരു നിഴലിന്നു കൂട്ടുനില്ക്കാന് അയാളോടാരു പറഞ്ഞു? രക്ഷപ്പെട്ടോളൂ! എന്നോ പ്രകൃതി പറയുന്നുള്ളു. രക്ഷിക്കു എന്ന് ആരാണ് പറയുന്നത്? ഇതൊന്നും അയാള് ചിന്തിച്ചില്ല. സമയമുണ്ടായിരുന്നില്ല. ആരും കല്പിച്ചുകൂട്ടി തുമ്മാറില്ലല്ലോ. അയാളുടെ ആത്മാവൊന്നു തുമ്മിപ്പോയി.

സര്‍ര്...ര്...ദ്ദീം..... തിരകള് വീണ്ടും അലറി. കാറ്റാടിമരങ്ങള്ക്കിടയിലൂടെ കാറ്റ് തേങ്ങിക്കൊണ്ടുപോയി. വലക്കാര് അപ്പോഴും ഒരു വര്ത്തമാനം പറയുകയും ചിരിക്കുകയുമാണ്. കൂട്ടത്തില് കല്ലുവെച്ച വലിയ മൂക്കുത്തിയുമായി കടലയ്ക്ക വില്ക്കാന് വന്ന പെണ്ണിനോടു നേരമ്പോക്കുകള് തട്ടിവിടുന്നുമുണ്ട്. ഒരുത്തന് ചോദിച്ചു:

"രാജമ്മ, ജ്ജ് എത്തിര പെറ്റ്?"

"പെറ്റില്ല."

"പിന്നെ അനക്ക് എന്തിരുത്ത് പത്രാസാ? പത്രാസുള്ള പെണ്ണുങ്ങള് മാസം മാസം പെറൂലേ?"

ഒരു പൊട്ടിച്ചിരി ഉയര്ന്നു. കൂട്ടത്തില് രാജമ്മയും ചിരിച്ചു. രണ്ടു മാനം കടലയ്ക്കയളന്ന് ഒരുത്തന്റെ മടിയിലേക്ക് ഇട്ടുകൊടുക്കുകയും ചെയ്തു. എന്നിട്ടു പരിഭവസ്വരത്തില് പറഞ്ഞു:

"ഞാന് പോണ്."

വീണ്ടും കൂട്ടച്ചിരി. കടല്ത്തിരകളും ഒപ്പം ചിരിക്കുന്നുണ്ടായിരുന്നു. ബഹളമയമായ ആ കൂട്ടച്ചിരിക്കു മുകളില് ഒരു മനുഷ്യശിരസ്സു പൊന്തി വന്നു. ഒരു വലിയ മനുഷ്യന് ചെറിയ മനുഷ്യനെ വലിച്ച് കരയ്ക്കു കയറ്റുകയാണ്. വലിച്ചുകയറ്റിയ ആള് ചെറുപ്പക്കാരനെ കൈത്തണ്ടയിലെടുത്തു നടന്നു. കുഴയുന്ന മണലിലൂടെ അയാള് ആടിയാടിക്കൊണ്ടു നടക്കുകയാണ്. വ ത്തുമ്പില്നിന്നു കാല്പ്പടത്തിന്മേല് വെള്ളത്തുള്ളി ഇറ്റുവീഴുന്നത് അയാള് അറിഞ്ഞു. നിരത്തില് കയറി ചുറ്റും നോക്കി. കവലയില് മങ്ങിയ, ചുവപ്പു വെളിച്ചവുമായി, പാതി ഉറങ്ങിയപോലെ ഒരു കുതിരവണ്ടി നില്ക്കുന്നു. അയാള് വണ്ടിക്കാരനെ വിളിച്ചു. വണ്ടി നീങ്ങി എത്തി. കൈയിലെടുത്ത മനുഷ്യനെ വണ്ടിയിലേക്ക് കയറ്റി. താനും കയറിയിരുന്നിട്ട് പറഞ്ഞു:

"കല്ലായിലേക്ക്."

വണ്ടിനീങ്ങി. ചെറുപ്പക്കാരന്റെ മുഖത്തു തങ്ങിയിരുന്ന വെള്ളം വടിച്ചു കളഞ്ഞു. സ്വന്തം ഉടുതുണികൊണ്ട് ആ ശിരസ്സു തുടച്ചു. എന്നിട്ട് നിശ്ശബ്ദനായിരുന്നു. ഇഴഞ്ഞിഴഞ്ഞാണ് വണ്ടി പോകുന്നതെന്ന് അയാള്ക്കു തോന്നി. അയാള് മന്ത്രിക്കുന്ന സ്വരത്തില് വണ്ടിക്കാരനെ ഉപദേശിച്ചു:

"ഒന്നു തെളിച്ചുവിട്, പ്രസന്റ് തരണ്ട്."

ചമ്മട്ടി ഒന്നുരണ്ടു തവണ ശബ്ദിച്ചു. വണ്ടി ഉണര്ന്നുപാഞ്ഞു.

കല്ലായിലെത്തിയപ്പോഴേക്കും ചെറുപ്പക്കാരന് കണ്മിഴിച്ചുകഴിഞ്ഞിരുന്നു. പക്ഷേ, എഴുന്നേറ്റു നടക്കാന് വയ്യാ. വലിയ മനുഷ്യനും വണ്ടിക്കാരനും കൂടി ചെറുപ്പക്കാരനെ താങ്ങി അകത്തു കൊണ്ടുപോയി കിടത്തി. വ ം മാറ്റി. കുറെ ചൂടുകാപ്പി കൊടുത്തപ്പോള്, അയാളുടെ മുഖത്തു ജീവന് വീണു.

"കുട്ടി ആരാണ്?"

അതിനു ചെറുപ്പക്കാരന് മറുപടി പറഞ്ഞില്ല.

"എന്തിരുത്താച്ചാലും പറഞ്ഞോ മോനേ!" അടുത്തു നിന്നിരുന്ന ീയാണ്

പറഞ്ഞത്. ചെറുപ്പക്കാരന് ആ ീയെ തുറിച്ചുനോക്കി. അവരുടെ ശിരസ്സില്നിന്നു കാവിനിറത്തിലൊരു പുഴയൊഴുകിവരുന്നുണ്ടോ? ഒന്നുകൂടി ഊന്നിനോക്കി. ആ ീ തലയില് തട്ടനിട്ടിരിക്കുന്നു.

അയാള് രണ്ടുപേരെയും മാറിമാറി നോക്കി. എന്നിട്ട്, കൈകുത്തി എഴുന്നേറ്റിരുന്നു.

“ഞാന് പോകട്ടെ?”

“പോകാം. പക്ഷേ, കുറച്ചു കഴിഞ്ഞിട്ട്."പുരുഷനാണുപദേശിച്ചത്.

“ഇപ്പോ പോണം.”

“ചാകാനാണെങ്കില് ഞാന് ഇതിലും നല്ല വഴി കാട്ടിത്തരാം.” സുലൈമാന്റെ ശബ്ദം പരുഷമായിരുന്നു. ആ ചെറുപ്പക്കാരന് ഒന്നു ഞെട്ടി. സുലൈമാന് ആജ്ഞാപിച്ചു:

“കിടക്കവിടെ.”

ചെറുപ്പക്കാരന് കിടന്നുപോയി.

“ഇനി ചോദിച്ചതിന് ഉത്തരം പറയൂ.”

“എന്താണ്?”

“പട്ടിണികൊണ്ടാണോ?”

“അല്ല.”

“രോഗംകൊണ്ടാണോ?”

“അതു പിന്നെ--” ഒന്നു പരുങ്ങിയിട്ട് അയാള് തുടര്ന്നു: “അല്ല.” സുലൈമാന് ഒരു നിമിഷം ആലോചിച്ചിട്ടു ചോദിച്ചു:

“ചെറുപ്പംകൊണ്ടാണല്ലേ?”

ഉത്തരമുണ്ടായില്ല.

“രാജ്യം എവിടെയാണ്!”

ചെറുപ്പക്കാരന് അതു പറഞ്ഞപ്പോള് സുലൈമാന് ഒരു ഞെട്ടലുണ്ടായി. അതു പുറത്തു കാട്ടാതെ കഴിക്കാന് യത്നിച്ചുകൊണ്ട് അയാള് ശാന്തമായി ചോദിച്ചു:

“കുട്ടിയുടെ പേരെന്താണ്?”

“വിശ്വനാഥന്.”

പിന്നീട് ഒന്നും ചോദിച്ചില്ല. ഒന്നും പറഞ്ഞതുമില്ല. ആ ഭാര്യയും ഭര്ത്താവും എന്തോ ആലോചിച്ചുകൊണ്ടിരുന്നു.

രണ്ട്

ചരിത്രം ആവര്ത്തിക്കുന്നു. ആവര്ത്തിച്ചു പെരുകുന്നു. സീസര് പ്രപഞ്ചത്തെ ഒരുവട്ടംവലം വെച്ചു നെപ്പോളിയനായും നെപ്പോളിയന് ഹിറ്റ്ലറായും വരുന്നു. സംഖ്യയുടെ സ്ഥാനങ്ങള് വര്ദ്ധിക്കുന്നു--ഇടത്തുവശത്തു പൂജ്യങ്ങള് ചേര്ത്തിട്ട്. അങ്ങനെ അനേകം പൂജ്യങ്ങള് ഇടത്തുവശത്തു ചേര്ക്കുമ്പോള് പ്രപഞ്ചം ഒരു

നേരമ്പോക്കു കാണിക്കുന്നു. വലത്തുവശത്ത് ഒരു പൂജ്യം. ബനിയന് ദിവാന്‍ജിയാകുമ്പോഴും പൂജ്യം ഇടത്തുവശത്തുതന്നെ. വലത്തുവശത്തു ചേര്‍ക്കുമ്പോള് ഒരു ഗാന്ധി ഉണ്ടാകുന്നു. ഇതു സാധാരണമല്ല. ദിവസവും വിപ്ലവമുണ്ടാകുന്നില്ല.

രാധയെ സ്റ്റേഷന്‍പ്ലാറ്റ്ഫോമില്‍വെച്ചു കണ്ടപ്പോള് വിശ്വത്തിന്റെ ജീവിതത്തില് ഒരു പൂജ്യവുംകൂടി ചേര്‍ന്നു. ഇടത്തുവശത്തുതന്നെ. പക്ഷേ, അയാള് ഒരു മഹാവിപ്ലവം നടക്കുന്നുവെന്ന മട്ടിലാണ് അതിനെ നേരിട്ടത്. ആകെ അമ്പരന്നുപോയി. റെയില്‍വേമൈതാനത്തിലെ നിഴല് പരന്ന ഒരു സ്ഥലത്ത് ഇരിക്കുകയായിരുന്നു. കുറെ ദിവസമായി നിലത്തിരിക്കുവാനാണ് ഇഷ്ടം. ആത്മാവിലേക്ക് തലതിരുകിക്കൊണ്ടുള്ള ആ ഇരുപ്പില്നിന്ന് അവനെ ഉണര്‍ത്തിയതു വണ്ടിയുടെ ശബ്ദമാണ്. ശബ്ദവും വെളിച്ചവുംകൊണ്ടാണ് എല്ലാ വണ്ടികളും. ശല്യം! അത് ഏകാന്തതയെയും നിഴല്പ്പരപ്പിനെയും കീറിമുറിക്കുന്നു. വിശ്വം ഞെട്ടി. തലയുയര്‍ത്തി നോക്കി. വെളിച്ചത്തിന്റെ ഘോഷയാത്ര കടന്നുവരുന്നു. പക്ഷേ, അതു കടന്നുപോവുകയും ചെയ്യും. വിശ്വം വിചാരിച്ചു. വണ്ടി എവിടെയും ഉറച്ചുനില്ക്കില്ല. ഭാഗ്യം!

വണ്ടി പ്ലാറ്റ്ഫോമിലേക്കു കടന്നുനിന്നു. ആളുകള് ഇറങ്ങി പലവഴിക്കുപോയി. എത്ര മനുഷ്യരാണ്, എന്തു തിരക്കാണ്! ഇവര്‍ക്കൊക്കെ എന്തു ധൃതിയാണ്! ഈ കാണുന്ന മനുഷ്യര്‍ക്കൊക്കെ സുഖമാണോ? സുഖിക്കുന്നില്ല, സുഖമന്വേഷിക്കുകയാണെന്നു തോന്നുന്നു. എന്തോ ഒന്ന് എത്തിപ്പി ടിക്കാന് പോകുന്നതുപോലെയാണ് ആളുകളുടെ പാച്ചില്. എന്തെത്തിപ്പിടിക്കാന്? ശൂന്യതയെ പിടിച്ചടക്കാനുള്ള ത്വരിതപ്രയാണം. ആരുംഇതൊന്നും അറിയുന്നില്ലെന്നോ? മനുഷ്യഹൃദയത്തിന്നു കാണ്ടാമൃഗത്തിന്റെ തൊലിയാണോ? അനുഭവങ്ങളുടെ ചുട്ട അടിപോലും അറിയില്ലെന്നുവരുമോ? ഇങ്ങനെയൊക്കെ ആലോചിക്കാന് വിശ്വനാഥന് ഇഷ്ടപ്പെടുന്നില്ല. പക്ഷേ, വെളിച്ചം എപ്പോഴും പ്രപഞ്ചത്തെ ഓര്‍മ്മിപ്പിക്കുന്നു. ഇരുട്ടില് അവനവന് മാത്രമേയുള്ളു.

ആളുകള് ഓരോ വഴിക്കു പിരിഞ്ഞുപോവുകയാണ്. ഈ പിരിഞ്ഞുപോകുന്നവര് ഇനി എന്നെങ്കിലും കണ്ടുമുട്ടുമോ? താനും ഇതേവിധം ഒരു വണ്ടിക്കാണ് വന്നിറങ്ങിയതെന്ന് വിശ്വം ഓര്‍ത്തു. എന്തു വരവാണ് വന്നത്! അലറുന്ന ശബ്ദങ്ങള്. തറയ്ക്കുന്ന നിറങ്ങള്. ഉരസലുകള്, ഞെരക്കങ്ങള്, ചാട്ടവാറടികള് ഇവയുടെ ഒരു കോലാഹലമായിരുന്നു ഹൃദയത്തില്. അപശ്രുതിയോടുകൂടിയ ഒരു വാദ്യമേളം ഉച്ചസ്ഥായിയായി നില്ക്കുകയായിരുന്നു. വണ്ടി തന്നെയും വലിച്ചു പായുകയാണ്. പക്ഷേ, താന് പായുന്നുവെന്നാണ് തോന്നിയത്. ദൂരെനിന്ന് ഒരു ശബ്ദം അയാളോടു കൂടെക്കൂടെ വിളിച്ചു പറഞ്ഞു:

“നീ ഒരു ശൂന്യതയാണ്. നീ ഒരു തൊണ്ടാണ്.”

ഞെട്ടിക്കുന്ന ആ ശബ്ദം ചെവിയില് കിടന്നലറുന്നു. ആ ശബ്ദംപോലെ ഒരു

പ്രപഞ്ചസത്യമില്ലെന്നും അപ്പോള് തോന്നിയിരുന്നു. അതു വര്ദ്ധിച്ചു വര്ദ്ധിച്ചു വന്നു. വണ്ടിയിറങ്ങിയിട്ടും അതു നിന്നു. എങ്ങോട്ടു പോകണമെന്ന ഒരു സംശയവും അവനു തോന്നിയില്ല. അവന് വടക്കോട്ടും പടിഞ്ഞാട്ടുമായി നടന്നു. അവനെ കണ്ട ആളുകള് എന്തു വിചാരിച്ചിട്ടുണ്ടാവും? കുടിയനാണെന്ന് ഓര്ത്തിരിക്കാം. അല്ലെങ്കില് ഭ്രാന്തന്. അങ്ങനെയൊക്കെ വിചാരിച്ചെങ്കില് തെറ്റില്ല. താന് നടക്കുകയാണെന്നുപോലും അറിഞ്ഞില്ല. ഒരു കാറ്റു മൂളിമൂളിയങ്ങനെ പോകുന്നു. അത്ര മാത്രം. അപ്പോഴും ആ ശബ്ദം മുഴങ്ങിക്കൊണ്ടിരുന്നു: "നീ ശൂന്യതയാണ്, നീ ഒരു തൊണ്ടാണ്."

"എന്നെ തൊണ്ടാക്കിയതാണ്." അവന് തിരിഞ്ഞു ശൂന്യതയിലേക്കു നോക്കി പറഞ്ഞു.

"പക്ഷേ, നീ മരിച്ചുകഴിഞ്ഞു. ഒരു പ്രേതമായി നടക്കരുത്."

"ഞാന് പിന്നെ എന്തു ചെയ്യണം?"

"നിന്നെ മായ്ച്ചുകളയുക!" തികച്ചും വ്യക്തമായിരുന്ന ആ ശബ്ദം. അതൊരു യുക്തിയായിത്തോന്നി. പിന്നെ താനില്ല. ദുഃഖവുമില്ല. മായ്ച്ചു കളയുക, മായ്ച്ചുകളയുക -- ആ ശബ്ദം അലറി. തോണിപ്പുറത്തുനിന്ന് എഴുന്നേല്പിച്ചു. മരണത്തിന്റെ തിരമാലകളിലേക്കു സ്വയം തിരുകിക്കൊടുക്കാന് പ്രേരിപ്പിച്ചു. അതൊരു ദുഃഖകരമായ അനുഭവമായി തോന്നിയില്ല . സ്വല്പം ശ്വാസംമുട്ടലുണ്ട്. പക്ഷേ, ജയില്ചാടുന്ന തടവുപുള്ളിയുടെ കിതപ്പിനക്കൊള് അധികമായി ഒന്നുമില്ല. വിങ്ങുകയാണ്. വീണ്ടും വീണ്ടും വിങ്ങുകയാണ്. ആ നിമിഷം ഇങ്ങോട്ടു വന്നെങ്കില്! അപ്പോഴേക്കാണ് ഒരു കൈ തന്നെ കടന്നു പിടിച്ചത്. പിന്നെ ഒന്നും ഓര്മ്മയുണ്ടായിരുന്നില്ല. ബോധം വന്നപ്പോള് അടുത്തുനില്ക്കുന്ന മനുഷ്യരെയൊക്കെ അടിച്ചു ചമ്മന്തിയാക്കാന് തോന്നി. പക്ഷേ, സുലൈമാനെ എതിര്ക്കാന് കഴിഞ്ഞില്ല. എന്തുകൊണ്ടു കഴിഞ്ഞില്ല? ആ സമയത്ത് അത്രയധികം ഉപദേശങ്ങള് തന്നതു മറ്റാരെങ്കിലുമായിരുന്നെങ്കില്, അവനെ കൊന്നേനെ. ഉപദേശംകൊണ്ട് എന്നെ കൊല്ലല്ലേ ഞാന് വെള്ളത്തില് ചാടി ചത്തോട്ടെ എന്ന് അവന് ആര്ത്തുവിളിക്കുകയെങ്കിലും ചെയ്തേനെ. പക്ഷേ, സുലൈമാന്റെ ആര്ദ്രമായ ആ കണ്ണുകളിലേക്കും നരകയറുവാന് തുടങ്ങിയ ആ ശിരസ്സിലേക്കും നോക്കിയപ്പോള് എന്തോ എതിര്പ്പുകള് അസ്തമിച്ചു. നീ തോറ്റു. ഇനി അയാള് നിന്നെ വിടുകയില്ല എന്ന് അകത്തുനിന്ന് എന്തോ മുരണ്ടു. വാസ്തവം, അയാള് എന്തൊരു ഇന്ദ്രജാലംകൊണ്ടാണ് തന്നെ ബന്ധിച്ചുകളഞ്ഞതെന്ന് വിശ്വനാഥന് അത്ഭുതപ്പെട്ടു. സുലൈമാന് തന്റെ ചുമലില് പിടിച്ചുകൊണ്ടു പറഞ്ഞ വാക്കുകള് ഇപ്പോഴും ഓര്മ്മയുണ്ട്. അതിങ്ങനെയായിരുന്നു:

"നീ ചെയ്തതൊരു തെറ്റല്ല കുട്ടീ! ഒരിക്കലെങ്കിലും മരിക്കാന് തോന്നിയിട്ടില്ലാത്ത മനുഷ്യരുണ്ടാവില്ല. എനിക്കും തോന്നിയിട്ടുണ്ട്. ഞാന് അന്ന് ഇത്രയും ദൈവവിശ്വാസിയായിരുന്നില്ല. എന്തെങ്കിലുമൊന്നു വിശ്വസിക്കാനില്ലെങ്കില് മനുഷ്യരൊക്കെ മരിച്ചുപോവും. ഒന്നു തലനിവര്ത്തി

നോക്കു! വിശ്വസിക്കാവുന്ന പലതും ഈ ലോകത്തിലുണ്ട്. അതിരിക്കട്ടെ, ചൂടുവെള്ളമുണ്ടാക്കിയിട്ടുണ്ട്. ഒന്നു കുളിക്കു. ഭക്ഷണം കഴിക്കു. ദൈവം നിനക്കു നല്ലതു തോന്നിക്കട്ടെ!" പതുക്കന് സ്വരത്തിലുള്ള ആ സംഭാഷണം ഉള്ളില്ത്തട്ടുന്നതായിരുന്നു. ആ സന്ദര്ഭത്തില് വിശ്വത്തിന്റെ ഹൃദയത്തില് അതു കുത്തിത്തറയ്ക്കുകതന്നെ ചെയ്തു. എന്തിനാണ് അയാള് അതൊക്കെ ചെയ്തത്? അയാള് തനിക്കു ഭക്ഷണവും പാര്പ്പിടവുമുണ്ടാക്കിത്തരുന്നു. തനിക്കു സുഖമെന്നു തോന്നുന്നതെല്ലാം ചെയ്യാന് ഒരുങ്ങുന്നു. ഇക്കഴിഞ്ഞ പതിനഞ്ചു ദിവസമായി താന് അറിയാതെതന്നെ ആ മനുഷ്യന് തന്റെ ഒരു രക്ഷിതാവായിരിക്കയാണ്. വൈചിത്ര്യശൂന്യങ്ങളായ ആ ദിവസങ്ങള് ഒരു ദിവസംപോലെയേ തോന്നുന്നുള്ളു. അദ്ദേഹം ഇപ്പോഴും തന്റെ പ്രവൃത്തികളില് ഒരു കണ്വയ്ക്കുന്നു. തലേന്നു വൈകേന്നേരം പുറത്തേക്കിറങ്ങി നടക്കുമ്പോള് അയാള് പറഞ്ഞു: "പോയ്ക്കോ. ഒന്നു ചുറ്റിയടിച്ചുവാ... ഇനി നിന്നെ പേടിക്കാനില്ല."

എന്തുകൊണ്ടങ്ങനെ പറഞ്ഞു? മരണം എപ്പോഴും ഒരാള്ക്കു കൈയെത്തിപ്പിടിക്കാവുന്നോടത്തല്ലേ? പെട്ടെന്നാണ് അയാളുടെ ദൃഷ്ടികള് നിറവെളിച്ചം പൊഴിയുന്ന പ്ലാറ്റ്ഫോമില് ഒരു ീ പരുങ്ങിക്കൊണ്ടു നിലക്കേന്നാടത്തേക്ക് എത്തിയത്. അയാള് ഒന്ന് ഊന്നിനോക്കിപ്പോയി. ആര്? ആര്? ഒരായിരം ശബ്ദത്തില് ആരൊക്കെയോ ചെവിയില് കൂക്കിളിച്ചു. ശാന്തനായപ്പോള് ഒന്നമര്ന്നുനോക്കി. രാധയാണ്!

മറ്റെന്തും വിശ്വനാഥന് പ്രതീക്ഷിച്ചിരുന്നു. മരണംപോലും. പക്ഷേ, രാധയെ ആ സന്ദര്ഭത്തില് ആ സ്ഥലത്തുവെച്ചു കാണുമെന്ന് അയാള്ക്കു വിശ്വസിക്കാന് പ്രയാസമായിരുന്നു. അയാള് ഇരുപ്പില്നിന്ന് എഴുന്നേറ്റു പോയി. എന്നിട്ട് അങ്ങനെത്തന്നെ നിന്നു. ആദ്യത്തെ അമ്പരപ്പ് തീര്ന്നപ്പോള് ഇങ്ങനെയാണ് തോന്നിയത്: 'പോയ്ക്കോട്ടെ, ഞാനിപ്പോള് നേരിടേണ്ടാ.' എങ്കിലും അവര് എന്തു ചെയ്യാന് പോകുന്നുവെന്നു നോക്കിനിന്നു. രാധ മേല്പോട്ടും കീഴ്പോട്ടും ഒന്നു നോക്കി. എന്നിട്ട്, പതുക്കെ നീങ്ങാന് തുടങ്ങുകയാണ്. ഈ സന്ദര്ഭത്തില് വിശ്വത്തിന്റെ ഹൃദയത്തില് എന്തോ ഒന്നു പൊട്ടിവിരിഞ്ഞപോലെ തോന്നി. മനുഷ്യന്റെ മൂന്നാം തൃക്കണ്ണു തുറക്കുന്ന സമയമായിരുന്നു. അതു സ്വന്തം ഹൃദയത്തിലേക്കു തീപ്പൊരി ചിതറി. അകത്തുനിന്നു 'നന്ദികെട്ടവനേ' എന്ന് ആരോ വിളിക്കുകയാണ്.

അവനെ ഭൂമിയിലേക്കു കൊണ്ടുവന്ന് ഒരു ഇരുക്കാലിയായി സഞ്ചരിക്കാന് അനുവദിച്ച മനുഷ്യന്റെ മകളാണത്. എന്നല്ല, രാധയും താനുമായി കഴിച്ചുകൂട്ടിയ കുട്ടിക്കാലം മുഴുവന് ഉള്ളിലേക്ക് ഓടിവന്നു. അവന് ആ ഗൃഹം വിട്ടതിനുശേഷം മൂന്നാമത്തെ തവണയാണ് രാധയെ കാണുന്നത്. ഒരിക്കല് ഒരുത്സവസ്ഥലത്തുവെച്ച്, അന്നും കണ്ടില്ലെന്നു നടിക്കാനാണ് ആദ്യത്തെ പ്രേരണയുണ്ടായത്. പക്ഷേ, അവന് ചെന്നു കണ്ടു. എത്ര ആഹ്ലാദത്തോടെയാണ് രാധ അവനെ സ്വീകരിച്ചത്! എന്തും ക്ഷമിക്കുന്ന

അവള് ഭ്രമിതന്നെയാണ്. 'ഞാന് വീട്ടിലേക്ക് വരാം.' അന്ന് വിശ്വം പറഞ്ഞു. 'വേണ്ടാ. വിശ്വമെങ്കിലും മര്യാദയ്ക്ക പിഴച്ചുകൊള്ളൂ. നിന്നെ ഈശ്വരന് രക്ഷിച്ചതാണ്.'

അതു കേട്ടപ്പോള് കണ്ണീര് വന്നുപോയി. പക്ഷേ, അവന് തിരിച്ചുപോന്നു. രണ്ടാമതും അവളെ കാണുകയുണ്ടായി. അതു നമ്പിടിവീട്ടില് നിന്നു മടങ്ങിപ്പോകുമ്പോഴാണ്. അന്നും വഴിമാറി നടക്കാനാണ് ആദ്യം തോന്നിയത്. എന്നിട്ടും നേരിട്ടു.

"സുഖംതന്നെയല്ലേ വിശ്വം?" എന്നു പുഞ്ചിരി പൊഴിച്ചുകൊണ്ടുള്ള ആ ചോദ്യം സ്വല്പം അമ്പരപ്പിക്കുന്നതായിരുന്നു. ഒരു കുറ്റവാളിയെപ്പോലെയും ഭീരുവെപ്പോലെയും താന് അന്നും തിരിച്ചുപോവുകയാണുണ്ടായതെന്ന് വിശ്വം ഓര്ത്തു. ഏകാന്തമായ ആ നിമിഷങ്ങളില് ആറു നാഴിക അകലെ കിടക്കുന്ന ആ വീടിനെപ്പറ്റി അവന് ചിന്തിച്ചുപോയിട്ടുണ്ട്. 'അന്നു ഞാനൊരു കുട്ടിലായിരുന്നു.' വിശ്വം സ്വയം പിറുപിറുത്തു: 'ഇന്ന് എനിക്കൊന്നിനെയും പേടിക്കാനില്ല. ഞാനൊരു മനുഷ്യനാണ്.' അയാള് നേരേ രാധയുടെ അടുത്തേക്കു നടന്നുചെന്നു.

'വിശ്വം!' എന്നു വിളിച്ചപ്പോള് രാധയുടെയും തൊണ്ട അടഞ്ഞു പോയി. പിന്നെ ഒരക്ഷരം ഉരിയാടുവാന് അവളെക്കൊണ്ടു കഴിഞ്ഞില്ല. എളുപ്പത്തില് നനയാത്ത ആ കണ്ണുകള് നിറഞ്ഞുതുളുമ്പിപ്പോയി.

"രാധേ, നീ എങ്ങോട്ടു പോകുന്നു?"

എങ്ങോട്ടുമില്ലെന്ന അര്ത്ഥത്തില് അവള് തല വിലങ്ങനെയാട്ടി. പിന്നെ എന്താണ് ചോദിക്കേണ്ടതെന്ന് വിശ്വനാഥനും അറിഞ്ഞുകൂടാ. ആ നിമിഷത്തില് ഏതു വാക്കും അര്ത്ഥശൂന്യമായിരുന്നു. രണ്ടുപേരും പരസ്പരം നോക്കി നിന്നു.

"വരൂ!" വിശ്വം പറഞ്ഞു.

രാധയും ഗോപാലകൃഷ്ണനും വിശ്വത്തെ പിന്തുടരുകയുംചെയ്തു.

റെയില്വഴി പിടിച്ചുകൊണ്ട് അവര് തെക്കോട്ടു നടന്നു. എങ്ങോട്ടാണ് പോകുന്നത് എന്ന് രാധ ചോദിച്ചില്ല; വിശ്വം പറഞ്ഞതുമില്ല. അവള് ഒന്നും നോക്കിയില്ല, ഒന്നും കണ്ടതുമില്ല. അസഹ്യമായവിധത്തില് എല്ലാ വക്കിലും വെളിച്ചമുണ്ടെന്നുമാത്രം അവള് മനസ്സിലാക്കി. "വിശ്വത്തെ കണ്ടതു ഗുരുത്വമായി." ഗോപാലകൃഷ്ണന് പറഞ്ഞു. വിശ്വം ഒന്നു മൂളുകമാത്രം ചെയ്തു. വീണ്ടും നിശ്ശബ്ദം.

അടുത്തുനിന്നു കേട്ട കുട്ടികളുടെ കലമ്പല് അവളുടെ ശ്രദ്ധയാകര്ഷിച്ചു. പുറം റെയിലിന്മേല് കുഴിച്ചിട്ട ഒരു വണ്ടിപ്പെട്ടിക്കു ചുവട്ടില് ഒരു കുടുംബം. ആറു വയസ്സായ ഒരു പെണ്കുട്ടി. മൂന്നു വയസ്സായ ഒരാണ്കുട്ടി. ആറുമാസം ചെന്ന ഒരു കൊച്ചുകുട്ടി. കുട്ടികളെല്ലാം അമ്മയുടെ മാറിലേക്ക് തല ചായ്ച്ചുകൊണ്ടാണ് കിടക്കുന്നത്. അമ്മ ഉറങ്ങുകയാണ്. കൊച്ചുകുട്ടി അപ്പോഴും ആ ഉണക്കമുല ചപ്പിക്കൊണ്ടു കിടക്കുന്നു. കുട്ടികളെയെല്ലാം

മുലകൂടിക്കാന് അനുവദിച്ചുകൊണ്ട് വെണ്ണീറ്റിന്കൂഴിയില് കിടക്കുന്ന ഒരു ചെത്തിലപ്പട്ടിയുടെ മട്ടുണ്ടായിരുന്ന ആ ീക്ക്, ആ അമ്മയ്ക്ക്. രാധ ഒന്നങ്ങോട്ടു നോക്കി. കണ്തിരിച്ചുകളഞ്ഞു. പത്തടിക്കൂടി നടന്നില്ല. മറ്റൊരു കുടുംബം. ഭക്ഷണം പാകംചെയ്യുകയാണ്, അടുപ്പത്ത് ഒരു കലത്തില് എന്തോ കിടന്നു തിളയ്ക്കുന്നു. തീയ്ക്ക് ചുറ്റുമായി അച്ഛനും അമ്മയും മക്കളും വട്ടമിട്ടിരിക്കുന്നു. ഒരു ഭീകരനിശ്ശബ്ദത അവിടെ തങ്ങിനിന്നു. കുത്തിത്തറയ്ക്കുന്ന ദുര്ഗ്ഗന്ധവും ആ പ്രദേശത്തുനിന്നു പൊന്തുന്നുണ്ടായിരുന്നു.

പട്ടണത്തിലുള്ളവരെല്ലാം മാനംമര്യാദയോടുകൂടി ജീവിക്കുന്നവരാണ് എന്നായിരുന്നു രാധയുടെ ധാരണ. തുടര്ച്ചയായ ഈ കാഴ്ചകള് അവളെ അത്ഭുതപ്പെടുത്തി. നിഴലും വെളിച്ചവും മാറിമാറി മുറിച്ചുകടന്നുകൊണ്ട്, അവര് മുമ്പോട്ടു പോയി. ഒരു റെയില്വേ ഗേറ്റിന്നടുത്തെത്തിയപ്പോള് വിശ്വം പടിഞ്ഞാട്ടു തിരിഞ്ഞു; അവളും. ഒരിടവഴിയും ഏതാനും ചെറ്റക്കുടിലുകളും പിന്നിട്ടു ചെന്നുകയറിയത് നല്ല ഒരു പൂമുഖത്തോടു കൂടിയ വീടിന്റെ ചവിട്ടുപടിയിലേക്കാണ്.

വിശ്വം വാതില് തുറന്നു.

“ആരാണത്!” ഉള്ളില്നിന്നൊരു ചോദ്യം.

ഒരു നിമിഷത്തിന് വിശ്വം മറുപടി പറഞ്ഞില്ല.

“ആരാണത്!” വീണ്ടും ആ കനത്ത ശബ്ദം അകത്തുനിന്നു വിളിച്ചു ചോദിച്ചു.

“ഞാനാണ്--” വിശ്വം.

ഉടനെ മുറിയുടെ വാതില് തുറന്നു വിളക്കുമായി ദീര്ഘകായനായ ഒരു മനുഷ്യന് അവരുടെ മുമ്പിലേക്ക് വന്നു. അയാള് ചോദിച്ചു:

“എവിടേക്കു പോയിരുന്നു, കുട്ടീ? ഞാന് കുറെ നേരമായി കാത്തിരിക്കുന്നു.”

“വെറുതെ നടക്കാന്.”

വിശ്വനാഥനു പരുങ്ങലുണ്ടായിരുന്നു. രാധ വിളക്കു പിടിച്ചുനില്ക്കുന്ന ആ മനുഷ്യനെ ആകെയൊന്നു നോക്കി. ദീര്ഘകായനായ ഒരു പരുക്കന് മുസല്മാനാണ്!

‘ഇങ്ങോട്ടു കയറി നില്ക്കു.’ വിശ്വനാഥന് പിമ്പോട്ടു നോക്കിക്കൊണ്ടു പറഞ്ഞു.

“പിന്നെയാരാണ്?” പരുക്കന് ശബ്ദം.

“നാട്ടുകാരാണ്.”

ആ വിളക്കു മുമ്പോട്ടു നീങ്ങി. ആ മദ്ധ്യവയസ്കനു് ആഗതരെ ഒന്നു നോക്കി: ഒരു പെണ്കിടാവും ഒരു ചെറുപ്പക്കാരനും! ഒരു നിമിഷം. ആലോചിച്ചിട്ട് അയാള് പറഞ്ഞു:

“അകത്തേക്കു കടന്നുനില്ക്ക്.” ആ പരുക്കന് ശബ്ദത്തിന് ആകാവുന്നത്ര മൃദുലതയോടെയാണ് അതു പറഞ്ഞത്.

അവരെല്ലാം മുറിയുടെ ഓരോ ഭാഗത്ത് ഇരിപ്പുറപ്പിച്ചു.

“ഇവരെ എനിക്ക് മനസ്സിലായില്ല.”

“ഒരാളെ കാണാന്വേണ്ടി നാട്ടില്നിന്നു വന്നതാണ്. സ്റ്റേഷനില് വഴിയറിയാതെ നില്ക്കുമ്പോള് ഞാനിങ്ങോട്ടു കൂട്ടിയതാണ്.” വിശ്വം ഒരു നുണ ഭംഗിയായി വിവരിച്ചു.

“ങാ–ഹാ!”

പരുക്കന് മനുഷ്യന്റെ ദൃഷ്ടിയില് സന്ദേഹം കളിയാടിയതു നിഴലില് ആരും കണ്ടിട്ടുണ്ടായിരുന്നില്ല. അയാള് തന്റെ താടി തടവിക്കൊണ്ടു സ്വല്പനേരം മിണ്ടാതിരുന്നു. ആരും സംസാരിക്കുന്നില്ല.

“ശരി, ഇവര്ക്കു വല്ലതും കഴിക്കണമല്ലോ. ചോറും കറിയും കൊടുത്തയയ്ക്കാം. വേറെ വല്ലതും വേണോ?” അയാള് പെണ്കുട്ടിയുടെ നേരെ തിരിഞ്ഞുകൊണ്ടു ചോദിച്ചു.

“വേണ്ടാ.” അവള് മറുപടി പറഞ്ഞു.

“പിന്നെ, വിശ്വം,” അയാള് വിശ്വത്തിനുനേരെ തിരിഞ്ഞു: “വേണ്ട ഏര്പ്പാടൊക്കെ ചെയ്തുകൊടുക്ക്, ഞാന് ഇറങ്ങുന്നു...” അയാള് മുട്ടിച്ചെരിപ്പിലേക്കു കാലു തിരുകിക്കൊണ്ടു പറഞ്ഞു. ഒരു ചിന്താധീനനെപ്പോലെ അയാള് പതുക്കെപ്പതുക്കെ നടന്നു.

ക്ടോം–ക്ടോം എന്ന ആ മുട്ടിച്ചെരിപ്പിന്റെ ശബ്ദം അകന്നകന്നു പോകുന്നതു ചെവിയോര്ത്തുകൊണ്ട് രാധ ചോദിച്ചു:

“ആരാ?”

“സുലൈമാന്ക്കാ.” വിശ്വം മറുപടി പറഞ്ഞു: “നല്ലൊരു മനുഷ്യന്! അയാളാണ് എന്നെ...” പെട്ടെന്നു വാക്കുകള് വിഴുങ്ങിക്കളഞ്ഞു.

“വിശ്വത്തിനെ?”

“രക്ഷിച്ചത്.”

“വിശ്വം ഇവിടെ എന്തു ചെയ്യുന്നു?”

“താമസിക്കുന്നു.”

“ജോലി?”

“ഒന്നുമില്ല.”

“എന്തേ ഇവിടെ വരാന്?”

“രാധ എന്തേ വന്നത്?”

“അവിടെ എനിക്കാരുമില്ല.”

“എനിക്കും.”

“ലക്ഷ്മിക്കുട്ടിയമ്മ?”

“ഉണ്ട്. കൂടുതല് ചോദിക്കരുത്.”

“ഇല്ല.” ഒരനുസരണയുള്ള കുട്ടിയെപ്പോലെ രാധ പറഞ്ഞു.

“രാധേ, ഇനി എന്തു ചെയ്യാന് വിചാരിക്കുന്നു?”

“എനിക്ക്...എനിക്ക്...” അവള് വിക്കിവിക്കി അവസാനിപ്പിച്ചു.

“മുഴുവന് പറയൂ. എന്നെക്കൊണ്ട് എന്തെങ്കിലും സഹായംചെയ്യാന് സാധിക്കുമെങ്കില് ഞാനതു ചെയ്യും.”

“എനിക്ക് കുഞ്ഞിരാമനെ കാണണമെന്നുണ്ട്.”

“കുഞ്ഞിരാമനെവിടെ?”

“ഈ പട്ടണത്തിലാണ്.”

“എന്നുവെച്ചാല്?”

“മേല്വിലാസം എന്റെ കയ്യിലുണ്ട്.”

അവള് മടിയില്നിന്ന് ഒരു കുറിപ്പെടുത്തു കൊടുത്തു. വിശ്വം അതിലേക്കു കണ്ണോടിച്ചുകൊണ്ടു പറഞ്ഞു:

“എനിക്ക് ഈ കമ്പനി അറിയില്ല. പക്ഷേ, സുലൈമാന്ക്ക അറിയും. അയാള്ക്ക് ഇവിടെയുള്ള എല്ലാ കമ്പനിയും അറിയും. ഒരുപക്ഷേ, എല്ലാ മനുഷ്യരെയും അറിയും. നാളെ ശരിപ്പെടുത്താം, പോരേ?”

“മതി.”

ഗോപാലകൃഷ്ണന് ആ സംഭാഷണം ശ്രദ്ധിച്ചുവെങ്കിലും അയാള്ക്കൊന്നും മനസ്സിലായില്ല. കുറെ വെറും വാക്കുകള് തലയ്ക്കു മുകളിലൂടെ പാറിക്കളിച്ചുവെന്നേയുള്ളൂ. അവന് അവിടെ കിടന്ന ഒരു പത്രമെടുത്തു നോക്കി.

വീണ്ടും ഒരു നിശ്ശബ്ദത. വിശ്വം ജാലകത്തിന്നടുത്തിട്ടിട്ടുള്ള ഒരു കട്ടിലിന്മേല് തലയണയും ചാരി ഇരിക്കയാണ്. അയാള് അതിന്റെ ഒരു പൊളി തുറന്നു വെളിയിലേക്കു നോക്കി. ആകാശത്തു നിറച്ചു നക്ഷത്രങ്ങളാണ്. ഭ്രമിയില് അങ്ങിങ്ങായി വിളക്കുകളും. അങ്ങനെ നോക്കിക്കൊണ്ടിരിക്കുന്നതിനിടയില്, താന് ഒരു ദ്വീപിലാണെന്നും അതു പതുക്കെ ചലിക്കുന്നുവെന്നും ഒരു തോന്നല്. അയാള് പെട്ടെന്നു തല തിരിച്ചുനോക്കി. രാധ അവിടെ അതേ ഇരിപ്പില്ത്തന്നെ. ചൈതന്യമെഴുന്ന അവളുടെ കണ്ണുകളില് ശോകച്ഛായ പതുക്കെ പരക്കുകയായിരുന്നു. വിശ്വം വിളിച്ചു: “രാധേ!”

“ഊം?”

“നിനക്കെന്നോടു പുച്ഛം തോന്നുന്നുണ്ടോ?”

“എന്തിന്?” അമ്പരന്ന ചോദ്യം.

“നിങ്ങളുടെ കഷ്ടപ്പാടില് ഞാന് നിങ്ങളെ വിട്ടുപോന്നു. എന്നെ ഈ ഭ്രമി കാണാന് സമ്മതിച്ചവരെയൊക്കെ ഞാന് വിസ്മരിച്ചു. ഞാന് വല്ലാത്ത നീചത കാണിച്ചു.” ഒരു വേദന ആ വാക്കുകളില് തുളുമ്പി നില്ക്കുന്നുണ്ടായിരുന്നു.

“അതുകൊണ്ടെന്താ? വിശ്വത്തിനുംകൂടി കഷ്ടപ്പാട് അനുഭവിക്കാതെ കഴിഞ്ഞു.”

“പക്ഷേ...”

“ഉ–ം?”

“ഞാന് കഷ്ടപ്പെടുകയായിരുന്ന ഭേദം.”

“വിശ്വം, നമ്മളൊക്കെ ആലോചിച്ചുറപ്പിച്ചിട്ടല്ല ഒരു കാര്യം ചെയ്യുന്നത്. ഓരോന്നങ്ങടു വന്നുചേരുന്നു. ആര്ക്കും ആരോടും ദുഷ്ടത കാണിക്കണമെന്നൊന്നുമില്ല. കഷ്ടപ്പാടാണ് നമ്മളെക്കൊണ്ട് ഒക്കെ ചെയ്യിക്കുന്നത്.”

“അമ്മ എന്നെപ്പറ്റി വല്ലതും പറയാറുണ്ടായിരുന്നോ?”

“ഉണ്ട്. പക്ഷേ, മരിക്കാറായപ്പോള് പിന്നെ ഒന്നിനെപ്പറ്റിയും ആരെപ്പറ്റിയും ചോദിക്കയുണ്ടായിരുന്നില്ല.” വിശ്വം ദീർഘമായൊന്നു നിശ്വസിച്ചു.

“ഞാന് എന്തിനാ ഓടിപ്പോയതെന്ന് എനിക്കറിഞ്ഞുകൂടാ. ഒരുപക്ഷേ, എനിക്കു ഭ്രാന്തായിരുന്നിരിക്കാം. അതേ, ഭ്രാന്തുതന്നെ...”

“കഴിഞ്ഞതു മറക്കു. ഭാര്ഗ്ഗവിയമ്മ പറയുന്നതാണ് കാര്യം.”

“ആര്?”

“നമ്മുടെ അയല്പക്കത്തുണ്ടായിരുന്നില്ലേ, ഭാര്ഗ്ഗവിയമ്മ? അവരുടെ കോഴിമുട്ടയെടുത്തു മുളപ്പിക്കാന് വെച്ചതൊക്കെ മറന്നോ?”

“ഓഹോ! അവരിപ്പോഴുണ്ടോ?” ഒരാഹ്ലാദം വിശ്വത്തിന്റെ മുഖത്തു കളിയാടി.

“ഉണ്ട്. അവരെപ്പോഴും പറയും, മറക്കാന് കഴിയാഞ്ഞാല് നമുക്കൊന്നും ജീവിക്കാന് സാധിക്കില്ല എന്ന്.”

“ശരിയാണ്.” അതും പറഞ്ഞ് വിശ്വം വീണ്ടും ജാലകത്തിനുള്ളിലൂടെ നോക്കിക്കൊണ്ടിരുന്നു; രാധ മിണ്ടാതെ ഉത്തരീയത്തിന്റെ തലപ്പു തിരുപ്പിടിച്ചുകൊണ്ടും. ഗോപാലകൃഷ്ണന് പരസ്യങ്ങള് നോക്കുകയാണ്.

മേലെ അമര്ന്ന ഭാരമൊന്നൊഴിഞ്ഞപ്പോള് വിശ്വത്തിന്റെ ഹൃദയത്തില് പുതിയ ചോദ്യചിഹ്നങ്ങള് മുളയെടുത്തു. രാധ കുഞ്ഞിരാമനെ അന്വേഷിച്ചതു നന്നായി. തന്റെ ഭണ സത്യമായല്ലോ. പക്ഷേ, എന്തിന് കുഞ്ഞിരാമനെ കാണണം? അവര് തമ്മിലുള്ള ബന്ധം? കൊമ്പുകളോടും ചില്ലകളോടും കൂടിയാണ് ആ ചോദ്യം മനസ്സില് കിളിര്ത്തുയര്ന്നത്. ഒരു ബന്ധുവുമില്ലാത്ത ഒരാളുടെ അടുത്തേക്ക്, ഈ രാത്രിസമയത്ത്, ഒരു ീ വരുമോ? വല്ല ബന്ധുവുമില്ലെങ്കില് ഗോപാലകൃഷ്ണന് കൊണ്ടുവരുമോ? എന്തോ ഒരു കെട്ടുപിണച്ചില് ഇതിന്നടിയിലുണ്ടല്ലോ! അവളെ കൂട്ടിക്കൊണ്ടുവന്നത് വിഡ്ഢിത്തമായോ? അവള് അത്രയ്ക്കൊന്നും ആദരവ് അര്ഹിക്കുന്നില്ലെന്നുവരുമോ? എല്ലാം രാധയോടു തുറന്നു ചോദിച്ചാലോ എന്ന് ഒരു നിമിഷത്തേക്കു തോന്നി. എന്തു ചോദിക്കാന്? സ്നേഹിക്കുന്നുണ്ടോ എന്ന് ചോദിക്കാം. സ്നേഹിക്കുന്നത് അപരാധമാണോ? വിഡ്ഢിത്തമാണെന്നുവരാം. ശൂന്യതയിലേക്കു മുതലക്കുപ്പുകുത്തുകയാണെന്നുവരാം. എന്നാലും.....

ക്ടോം-ക്ടോം. അടുത്തടുത്തുവരുന്ന ആ മുട്ടിച്ചെരിപ്പിന്റെ ശബ്ദം അവനെ ആലോചനയില്നിന്നുണര്ത്തി.

“വരുന്നു.”

“ആര്?” രാധ ചോദിച്ചു.

“സുലൈമാനിക്കാ.” വിശ്വം അതും പറഞ്ഞ് രാധയുടെ മുഖത്തേക്കൊന്നു നോക്കി. എത്ര പാവപ്പെട്ട പെണ്കിടാവ്!

സുലൈമാന് ചോറും കറിയും ഒരു ചെറുക്കനെക്കൊണ്ട് എടുപ്പിച്ചിരിക്കുന്നു. രണ്ടു വിരിപ്പു താന്തന്നെ ഏറ്റിയിരിക്കുന്നു. വിശ്വം ഓടിച്ചെന്ന് ആ വിരിപ്പു വാങ്ങി താഴെ വെച്ചു: “ഇതു വേണ്ടായിരുന്നു.”

“മനുഷ്യര്ക്ക് ഒരിടത്തു തടി സൂക്ഷിക്കണ്ടേ, കുട്ടീ?” സുലൈമാന് ഒന്നു ചിരിച്ചു.

ഇലയിട്ട് രാധ വിളമ്പി. അവര് ഊണുകഴിച്ചു. സുലൈമാന് ദൂരെ താടിയും തിരുമ്മിക്കൊണ്ടു നോക്കിയിരിക്കയാണ്. അവരുടെ ഊണു കഴിഞ്ഞപ്പോള്, യാത്രപറയുകപോലും ചെയ്യാതെ അയാള് എഴുന്നേറ്റു നടന്നു.

“പോയോ?” വിശ്വം തലയുയര്ത്തി അന്വേഷിച്ചു.

അകന്നുപോകുന്ന മുട്ടിച്ചെരിപ്പിന്റെ ശബ്ദമാണ് ആ അന്വേഷണത്തിന് ഉത്തരം നല്കിയത്.

നടുക്കൊരു തളം. അപ്പുറത്തും ഇപ്പുറത്തും ഓരോ മുറി--അങ്ങനെയാണ് ആ വീട്.

“അവിടെ കിടന്നോളൂ.” വിശ്വം അടുത്ത മുറി ചൂണ്ടിക്കാട്ടിക്കൊണ്ട് രാധയോടു പറഞ്ഞു. എന്നിട്ട് ഗോപാലകൃഷ്ണനോടുകൂടി സ്വന്തം മുറിയില് പോയി വാതിലടച്ചു കിടന്നു, ഉറങ്ങിയില്ല. ചിന്തകള് ഉറക്കത്തിനു നേരെ കല്ലെറിയുകയായിരുന്നു. ഗോപാലകൃഷ്ണന് കിടക്കേണ്ട താമസം, ഉറങ്ങി. അയാളുടെ ദേഹം നന്നേ തളര്ന്നിരുന്നു; മനസ്സ് അത്ര തളര്ന്നിട്ടുമില്ല.

സുലൈമാന് വീട്ടില് ചെന്നുകയറി, ബെഞ്ചില് താടിക്കു കൈയും കൊടുത്തിരുന്നു. കുറച്ചു കഴിഞ്ഞപ്പോള് ഖദീജ അങ്ങോട്ടു വന്നു. അവള് ചോദിച്ചു:

“തിരിഞ്ഞോ?”

“എന്ത്?”

“ഏതാ ആ പെണ്ണ്?”

“ആര്?” വേറെങ്ങോ മനസ്സായിരുന്ന അയാള് തലയുയര്ത്തി നോക്കി.

“ഇപ്പോ ബന്ന അപ്പെണ്ണ് ഏതാന്ന്?”

“അറിയില്ല.”

“പിന്നെ എന്തിരുത്തിനേ അങ്ങോട്ടു പോയത്? അതൊന്നറിയണം എന്നല്ലേ പറഞ്ഞത്?”

“ചോദിച്ചില്ല.”

കൂറ കപ്പലില് പൊഗ്ലാ എന്നു പറേന്നത് ഇതിനാ?

“ഉ--ം.”

“എന്നാലേ ഞമ്മളൊന്നങ്ങട്ടു പറേട്ടെ. പെണ്ണിന്റെ പുത്ത്യാന്നു കൂട്ടിക്കോളി.” അവള് സ്വരമൊന്നു താഴ്ത്തിക്കൊണ്ടു തുടര്ന്നു: “ഇപ്പെണ്ണിനും വേണ്ടിട്ടാ ഉയിര് കളയാന് പോയത്. തിരിഞ്ഞോ?”

“ഉ--ം.”

“ഒക്കെപ്പാടെ ഒരു ബലയായിത്തീരാഞ്ഞാല് മതിയായീര്ന്ന്.”

“എന്തു വല?”

“ഞാന് പറയട്ടെ, ആങ്കുട്ട്യോളും പെങ്കുട്ട്യോളും പാടെ ഉള്ള ഈ മയിനക്കളി ഇമ്മിണി നല്ലേനല്ല. അതിന് ആസാനായിട്ട് ഇങ്ങളും. ചേപ്ര!”

“നീ നാവടക്കിവയ്ക്ക്. എന്നിട്ട്, ചോറു കൊണ്ടുവാ.” സുലൈമാന് ആജ്ഞാപിച്ചു.

“ഇക്കണ്ണം പിടീം കാട്ടലൊക്കെ ഞമ്മക്കു ബയ്യേ അറിയാം.”

“പറയുന്നതു കേട്ടോ!” കുറച്ചുച്ചത്തിലായി സുലൈമാന്റെ ശബ്ദം. അവള് അടുക്കളയിലേക്കു നീങ്ങി.

വളരക്കൊലത്തിന്നുശേഷം സുലൈമാന് ഇത്രയും അസ്വസ്ഥനായിരുന്നിട്ടില്ല. ശാന്തിയും സമാധാനവുമായി അയാള് കഴിഞ്ഞുകൂടുകയാണ്. ശാന്തമായിരിക്കാന് പ്രപഞ്ചം വിടുമോ? നിശ്ചലമായ തടാകത്തിലേക്കു പ്രകൃതി ഒന്നൂതുന്നു! ഓളങ്ങളായി, സുലൈമാന്റെ ഹൃദയത്തിലേക്ക് വിശ്വത്തെ പിടിച്ചെറിഞ്ഞു. ആ ചെറുപ്പക്കാരന്റെ മുഖത്തേക്ക് നോക്കുമ്പോള്, എന്തോ മനസ്സലിഞ്ഞുപോകുന്നു.

‘വരുമ്പോലെ കാണാം’ എന്നു വിചാരിച്ചു പുതപ്പെടുത്തു തലയോടു കൂടി മൂടി അയാള് കിടന്നു.

പിറ്റേന്നു കാലത്തേ സുലൈമാന് എഴുന്നേറ്റ് വിശ്വനാഥന് താമസിക്കുന്നടത്തേക്കു ചെന്നു. വാതില് തുറന്നിട്ടില്ല. അയാള് പതുക്കെ കതകിന്നു തട്ടി.

രാധ വന്നു വാതില് തുറന്നു.

“എവിടെ?”

“ഉറങ്ങുന്നു.”

മുറിയടച്ചു തഴുതിട്ടിരിക്കുന്നു. സുലൈമാന് വാതില്ക്കല് തട്ടി ഉണര്ത്തി. കണ്ണും തിരുമ്മിക്കൊണ്ടുവരുന്ന വിശ്വം സുലൈമാനെ കണ്ടപ്പോള് ആദ്യം ചോദിച്ചതിതാണ്: “കുഞ്ഞിരാമന് ഇവിടെയുണ്ടോ?”

“ആര്?”

“കുഞ്ഞിരാമന്.”

“എത്ര കുഞ്ഞിരാമന്മരുണ്ട്?”

“ങാഹാ!...ഞാന് പറയാം.” ഒരു കടലാസുചുരുള് തപ്പിയെടുത്ത് അയാള് കമ്പനിയുടെ പേരു വായിച്ചുകൊടുത്തു.

“അക്കമ്പനിയിലെന്തൊക്കെയോ കുഴപ്പമാവാന് പോകുന്നു എന്നാണ് കേട്ടത്. ആട്ടെ, എന്തിനാ!”

“ഇവര്ക്കു കാണണം.”

“ഇവരുടെ ആളാണോ?”

“അതേ.”

“കണ്ടുപിടിക്കാം.”

പ്രാതല് കഴിച്ച് സുലൈമാനും വിശ്വനാഥനുംകൂടി പുറത്തേക്കു പോയി. ഇടവഴികള് തിരിഞ്ഞു നിരത്തിലേക്കു കടക്കുന്നേടത്തെത്തിയപ്പോള് സുലൈമാന് തിരിഞ്ഞുനിന്നു ചോദിച്ചു:

“ഈ കുട്ടി തന്നെയല്ലേ?”

“എന്ത്?”

“പിന്നെ ഞാന് ചോദിക്കുന്നതില് അലോഗ്യം തോന്ന്വോ?”

“ഇല്ല. ഒരിക്കലുമില്ല.”

“ഈ കുട്ടിക്കുവേണ്ടിയിട്ടല്ലേ വിശ്വം വളരെയൊക്കെ കഴപ്പം അനുഭവിച്ചതും ഒടുവില്...?”

“അല്ല.”

“അല്ല?” അത്ഭുതംകൊണ്ടു വിടര്ന്ന കണ്ണുകളോടെ സുലൈമാന് വിശ്വത്തെ നോക്കി.

“ഈ പാവപ്പെട്ട കുട്ടി എന്റെ നാട്ടുകാരിയാണ്. ഒരിക്കല് എന്നെ വളരെ സഹായിച്ച കുടുംബത്തിലെയാണ്, അത്രമാത്രം.”

“ഉ–ം.” ഒന്നമര്ത്തിമൂളി സുലൈമാന് ധ്യതിയില് നടന്നു.

കമ്പനിപ്പടിക്കല്വെച്ച് സുലൈമാന് ചില അന്വേഷണങ്ങള് നടത്തി. കുഞ്ഞിരാമന് താമസിക്കുന്നത് ഇന്നോടത്താണെന്നു മനസ്സിലാക്കി. അവര് അങ്ങോട്ടു നടന്നു.

ഇടുങ്ങിയ ഒരു തെരുവ്. രണ്ടു വശത്തും കൊച്ചുകൊച്ചു വീടുകള്. ആദ്യത്തെ വീട്ടില് ഒരു കൊല്ലനാണ്. അവിടെ ഒരു ഉല നിന്നു തീ തുപ്പുന്നുണ്ട്. ഉള്ളില്നിന്നു കുട്ടികളുടെ കരച്ചിലും അമ്മയുടെ ശകാരവും കേള്ക്കുന്നു. മുമ്പില് ഒരു ദീര്ഘകായനായ മനുഷ്യനിരുന്ന് ക്ലടം ഊക്കില്ത്തല്ലുകയാണ്. സുലൈമാന് അയാളോടു ചോദിച്ചു: “കുഞ്ഞിരാമന്റെ വീടേതാ?”

“അവിടെ.” മൂന്നാമത്തെ വീട് ചൂണ്ടിക്കാട്ടി. അവര് അങ്ങോട്ടു നീങ്ങി. വൃത്തികെട്ട ഒരന്തരീക്ഷമായിരുന്നു. അങ്ങേയറ്റത്തെ വീടിന്റെ മുറ്റത്തു മൂന്നു കുട്ടികള് വട്ടമിട്ടിരുന്നു മലവിസര്ജ്ജനം നടത്തുകയാണ്. ആ കുട്ടികളോടൊരു മത്സരം നടത്തുന്നതുപോലെ വീട്ടിന്റെ ഉമ്മറത്തു നില്ക്കുന്ന ആടും. മൂത്രത്തിന്റെ ഗന്ധം ആ മുറ്റത്തുനിന്നു പൊന്തുന്നു. വ്രണങ്ങള് തുടച്ച ശീലത്തുണ്ടുകള് ഒരു വീട്ടിന്നു മുമ്പില് ചിതറിക്കിടക്കുന്നു. ശകാരങ്ങള്, കുട്ടികളുടെ കരച്ചില്, മാന്തുന്ന വട്ടച്ചൊറികള്, അഴുക്ക്, ദുര്ഗ്ഗന്ധം –– വിശ്വത്തിന്ന് അസഹ്യമായിത്തോന്നി ആ അന്തരീക്ഷം. ഇവിടെ മനുഷ്യരാണോ എന്നുതന്നെ സംശയിച്ചു.

മൂന്നാമത്തെ വാതില് അടച്ചിട്ടിരിക്കയാണ്. സുലൈമാന് അതിന്മേല് മുട്ടി. വാതില് പകുതി തുറന്ന് ഒരു കൊമ്പന്മീശക്കാരന് തല കാട്ടി. തടിച്ച ഞരമ്പുകളും ഇളംചുവപ്പുകയറിയ വട്ടക്കണ്ണുകളും പുകയുടെ നിറവും കൂടി അയാളെ തികച്ചും ഭീകരനാക്കിയിരുന്നു. എല്ലാറ്റിലും ഭയങ്കരമായിരുന്നത് അയാള്ക്ക് ഒരു പെണ്കിടാവിന്റെ സ്വരമാണെന്നുള്ളതാണ്. അയാള് ചോദിച്ചു.

“എന്താണ്?”

“കുഞ്ഞിരാമനില്ലേ?”

“ഇല്ല.”

“എവിടെപ്പോയി?”

“അറിയില്ല.”

“സ്ഥലത്തില്ലേ?”

ഒരു നിമിഷം ആലോചിച്ച് അയാള് മറുപടി പറഞ്ഞു: “ഇല്ല.”

“എവിടേക്കു പോയിരിക്കുന്നു?”

“അറിയില്ല.”

“ഇന്നു വരുമോ?”

“ഇല്ല.”

“നാളെ?”

“ഇല്ല.”

“എന്നു വരുമെന്നു ദയവായി പറയാമോ? അദ്ദേഹത്തിന്റെ സ്വന്തം ചില ആളുകള് കാണാന് വന്നിരിക്കുന്നു.”

മീശക്കാരന് ഒരു സംശയദൃഷ്ടിയോടെ ആഗതരെ ഒന്നു നിരീക്ഷിച്ചിട്ട് അന്വേഷിച്ചു: “എവിടെനിന്നാ?”

“അയാളുടെ നാട്ടില്നിന്ന്.” ഈ പറഞ്ഞത് വിശ്വമാണ്.

“ശരി. മറ്റന്നാള് ഉച്ചതിരിഞ്ഞിട്ടേ വരൂ.” ഇതും അറിയിച്ച് അയാള് വാതിലടച്ചു. അടഞ്ഞ വാതിലിന്നുമുമ്പില് വിശ്വനാഥനും സുലൈമാനും നിന്നു പരസ്പരം നോക്കി ഇറങ്ങി നടന്നു.

വിശ്വനാഥന് ഈ വര്ത്തമാനം രാധയെ അറിയിച്ചപ്പോള് അവള് സ്വല്പനേരം ആലോചിച്ചു. എന്നിട്ടു പറഞ്ഞു: “ശരി, കാക്കാം. കാക്കാതെ എനിക്കു ഗതിയില്ല.”

വിശ്വം ഒന്നും പറഞ്ഞില്ല.

ദിവസം ഒന്നു കഴിഞ്ഞു. പിറ്റേന്നു സന്ധ്യയ്ക്ക് വിശ്വനാഥന് പറഞ്ഞു:

“ഞാനൊന്നു പുറത്തിറങ്ങിവരട്ടെ.”

“ഓ” -- രാധ.

“വേഗം തിരിച്ചുവരാം.”

“ഞാനും വരട്ടെ? ഇരുന്നു മടുത്തു” -- ഗോപാലകൃഷ്ണന് ചോദിച്ചു.

ഏകാന്തത തേടിയാണ് വിശ്വം പുറപ്പെട്ടത്. പക്ഷേ, വരരുതെന്നു പറയാമോ?

‘വരൂ.’ അവര് പുറത്തേക്കു കടന്നു വാതില് ചാരി.

രാധ ചിന്താധീനയായി പുറത്തേക്കു നോക്കി. അവള് ജനാലയുടെ ഒരരികുപറ്റിയിരുന്നു. വെളിയില്നിന്നു നോക്കുന്നവര്ക്ക് അവളെ കാണാന് വയ്യാ; അവള്ക്ക് എല്ലാം കാണുകയും ചെയ്യാം. സന്ധ്യ പ്രപഞ്ചത്തെ ഒരു മധുരനാരങ്ങപ്രായമാക്കിത്തീര്ക്കുന്ന സമയം. മുല്ലപ്പൂമണം പതുക്കെപ്പതുക്കെ സവാരിക്കിറങ്ങുന്ന സന്ദര്ഭം. അവള്ക്കു തന്റെ വളര്ന്ന നാട്ടിന് പുറത്തെക്കുറിച്ചു സ്മരിക്കാതിരിക്കാന് കഴിഞ്ഞില്ല. അമ്മ, അച്ഛന്, ജ്യേഷ്ഠത്തി-- അങ്ങനെ മണ്മറഞ്ഞുപോയവരുടെ മുഖങ്ങള്. പിന്നെ അയല്പക്കക്കാര്: ഭാര്ഗ്ഗവിയമ്മ , ദേവകിയമ്മ , കുഞ്ഞപ്പന് നമ്പ്യാര്...ആ! നമ്പിടി, കെട്ടിലമ്മ, വേലുമ്മാന്.....പിന്നെ ആ മുഖം; കാര്ത്തികേയന്! അവളൊന്നു

നെടുവീര്പ്പിട്ടു. 'ഈശ്വരന് കാത്തു?'

രണ്ടു ദിവസം മുമ്പ് അവള് കണ്ട ആ ദരിദ്രകുടുംബങ്ങളുടെ സ്മരണ എന്തോ ആലോചനയ്ക്ക് ഇടമുറിച്ചിലുണ്ടാക്കി. അതു മനസ്സില്നിന്നു പോകുന്നില്ല. ഇങ്ങനെയും മനുഷ്യരുണ്ടോ?

എല്ലാറ്റിനും മുകളില് കുഞ്ഞിരാമന്റെ മുഖമായിരുന്നു. അതൊരാശ്വാസമായിരുന്നു; ഒരു വേദനയും. വാതില്ക്കല് ഒരു മുട്ട്.

രാധ ചെവിയോര്ത്തു. ഒരു നിമിഷംകഴിഞ്ഞു വീണ്ടും ആ മുട്ടുകേട്ടു: "തുറക്കു."

ആ ശബ്ദം പരിചിതമായിരുന്നു. അവള് ചെന്നു വാതില് തുറന്നപ്പോള് സുലൈമാന് മുമ്പില് നില്ക്കുന്നു.

"വിശ്വമെവിടെ?"

"പുറത്തേക്കു പോയി."

"ഇവിടെ എല്ലാം സൗകര്യമല്ലേ?"

"അതെ."

"ഉ–ം, ഞാന് വരട്ടെ." അയാള് തിരിഞ്ഞ് ഒരടിവെച്ചു. എന്നിട്ടു വീണ്ടും മടങ്ങിവന്ന്, വെടിപൊട്ടിക്കുമ്പോലെ ഒരു ചോദ്യം: "കുട്ടി ആരുടെ മകളാ?"

"രാമന്മാസ്റ്ററുടെ."

"ഹേ!"

"അച്ഛനെ അറിയോ?"

"ഉ–ം."

"നാട്ടില് വന്നിട്ടുണ്ടോ?"

"ഉണ്ട്. പിന്നെ, അച്ഛന് എവിടെ?"

"മരിച്ചു. അമ്മയും മരിച്ചു."

"കുറച്ചു നേരത്തേക്ക് ഒരു മൂകത."

"പിന്നെ ഞാനൊന്നു ചോദിക്കട്ടെ." സുലൈമാന് അവളുടെ മുഖത്തേക്കു നോക്കി.

"എന്താ?"

"വിശ്വനാഥനെ എങ്ങനെ അറിഞ്ഞത്?"

"ഞങ്ങളുടെ വീട്ടിലാ വിശ്വത്തെ പെറ്റത്. എന്റെ അച്ഛനുമമ്മയുമാണ് വളര്ത്തിയത്."

"എന്ത്?"

"വിശ്വം അതൊന്നും പറഞ്ഞിട്ടില്ലേ?"

ആ ചോദ്യം സുലൈമാന് കേട്ടില്ലെന്നു തോന്നി. അയാള് വീണ്ടും ചോദിക്കുകതന്നെയാണുണ്ടായത്:

"വിശ്വത്തിന്റെ അച്ഛനും അമ്മയും എവിടെ?"

രാധ മുഖം കുനിച്ചുനിന്നു.

ജനലഴിയും പിടിച്ച് ചുമരോടു ചാരിനില്ക്കുന്ന ആ പെണ്കുട്ടിയെ വികൃതി കാട്ടിയതിനു വിചാരണ നടത്തുന്ന ഒരച്ഛന്റെ മുഖഭാവത്തോടെ

സുലൈമാന് നോക്കി:

“എന്താണ് മിണ്ടാത്തത്?”

“എനിക്ക് അവന്റെ അമ്മയെ അറിയാം.”

“ആരാണ്?”

“കുഞ്ഞുക്കുട്ടിയമ്മ.”

“ഹെന്ത്!” അതിഭയങ്കരമായ ഒരു ശബ്ദം സുലൈമാന്റെ തൊണ്ടയില് നിന്നു പുറപ്പെട്ടു. രാധ ഒന്നു ഞെട്ടുകയും ചെയ്തു. അയാള് ധൃതഗതിയോടെ ചോദിച്ചു: “ആര്? ആര്? ആരാണ്?”

രാധ ആ കഥ കുറച്ചൊന്നു വിവരിച്ചു. ഭൂതകാലത്തിന്റെ നിലവറക്കുണ്ടു പതുക്കെപ്പതുക്കെ തുറക്കുകയാണ്. സര്പ്പക്കെട്ടുകളും മാണിക്കപ്രഭയും ചൂഴുന്ന ഒരു ദ്വീപു പൊന്തിപ്പൊന്തിവരുന്നു. അടച്ചിടപ്പെട്ട വായു, അതിന്റെ എല്ലാ വിഷാംശങ്ങളോടും കൂടി തള്ളിത്തള്ളിക്കയറുകയാണ്. ആ ഇരുമ്പനായ മനുഷ്യന്റെ മുഖം വിളറി, തൊണ്ട വരണ്ടു, തൊണ്ടയില്നിന്ന് അവ്യക്തമായ ഒരു ശബ്ദം പുറപ്പെട്ടു. അയാള് ചുമരിലേക്കു ചാരി. ആ ചെവിയില് ഒരു ചൂളംവിളി വന്നലച്ചു. അതു പുറപ്പെടുന്നതു വിദൂരഭൂതകാലത്തിലെ ഒരു നാട്ടിന്പുറത്തുനിന്നാണ്: വരണേ... വരണേ... വരണേ... എന്ന്.

അയാള് ചുമരില് പുറമുരസി ഇരുന്നു, ഊര്ന്നുവീണു. രാധ അമ്പരന്നു നോക്കി.

മൂന്ന്

“കേട്ടോടാ, ജോണി, കേട്ടോ?” പള്ളിയുടെ പടി കടന്നപ്പോള് ഹില്ഡാക്ക മകന്റെ നേരെ തിരിഞ്ഞു ചോദിച്ചു. തലയിലിട്ടിരിക്കുന്ന സാരിയുടെ മുന്താണി ചുമലിലേക്കുതന്നെ മാറ്റിയിടുകയും ചെയ്തു. ആ യുവാവ് ഒന്നും മിണ്ടാതെ തലയും താഴ്ത്തി അമ്മയുടെ കൂടെ നടന്നു.

“നീ കേക്കുന്നുണ്ടോടാ, ജോണീ?”

“എന്ത്?” സ്വല്പം വെറുപ്പോടുകൂടി അവന് അമ്മയുടെ മുഖത്തേക്കു നോക്കി.

“അച്ചന് പറഞ്ഞതു കേട്ടോ?”

“കേട്ടു.”

“യജമാനനെ ദാസന് എതിര്ക്കുന്ന കാലം! മറുതലിപ്പിന്റെ കാലം എന്ന് അങ്ങോരു രണ്ടുമൂന്നു തവണ ഊന്നിയൂന്നി പറഞ്ഞില്ലേടാ! കര്ത്താവിന്റെ മൊഴിയാ അപ്പറഞ്ഞത്. നീ ആ കുഞ്ഞിരാമന്റെ കൂടുകെട്ടങ്ങു വിട്ടേക്ക്.”

“കര്ത്താവ് എല്ലാം ഈയാളെ ഏല്പിച്ചാ പോയത്? അമ്മ കുറച്ചു മിണ്ടാതെ നടക്ക്. അയാളു പറഞ്ഞതു മൊതലാളിയുടെ മൊഴിയാ.”

“ജോണീ!”

“അമ്മ നടന്നോ. ഞാന് വരാം.”

“നീ എങ്ങോട്ടാടാ?”

“ഇപ്പോ വരാം.” അവന് ഇടത്തോട്ടുള്ള നിരത്തിലേക്കു നീങ്ങി. അതു കടപ്പുറത്തേക്കു പോകുന്ന നിരത്താണ്.

“ചോറു തിന്നു പോടാ, ജോണീ.”

“ഞാന് വരാം.” അവന് വിളിച്ചുപറഞ്ഞുകൊണ്ടു വെച്ചടിച്ചു. ഹില്ഡാക്ക

മകന് പോകുന്നത് ഒരു നിമിഷം നോക്കിനിന്നു. എന്നിട്ടു തന്റെ പ്രാർത്ഥനാപുസ്തകവും താങ്ങി ധൃതിയില് നേരെ നടന്നു.

ആ അമ്മയുടെ ഹൃദയം അസ്വസ്ഥമായിരുന്നു. കാലം ചെല്ലുന്നോടേത്താളം കാര്യങ്ങളൊക്കെ അവതാളമായാണ് വരുന്നത്. ഈശ്വരഭയം കുറഞ്ഞുകുറഞ്ഞുവരുന്നു. അതിന്റെ ഫലമായി യജമാനഭക്തിയും കുറയുന്നു. അവരുടെ പിതാവു കൊടക്കല് ഓട്ടുകമ്പനിയിലെ ഒരു വേലക്കാരനായിരുന്നു. ആ ഓട്ടുകമ്പനിയിലെ അന്തരീക്ഷമാണ് അയാളെ പരിശുദ്ധവിശ്വാസത്തിലേക്കു കൊണ്ടുവന്നതുതന്നെ. അദ്ദേഹത്തിന്ന് എന്തെജമാനഭക്തിയായിരുന്നു! മീശ നരയ്ക്കുന്നതുവരെ ജീവിച്ച ആ മനുഷ്യന്റെ പാരമ്പര്യം മഹത്തായതാണ്. ഒരു എലിമെന്ററി സ്കൂള് അദ്ധ്യാപികയായ ഹില്ഡാക്ക അതു നിലനിര്ത്തിയിട്ടുണ്ട്. നല്ലവനായ ദൈവം എന്നും അവരെ സ്വന്തം ചിറകിന്കീഴില് സംരക്ഷിച്ചുപോന്നിട്ടുണ്ട്. "നിന്റെ നാമം വാഴ്ത്തപ്പെടട്ടെ, ആമേന്!" അവര് സ്വയം പിറുപിറുത്തു. പക്ഷേ, തന്റെ കുട്ടികള് തന്റെ വഴിക്കല്ല നടക്കുന്നത്. അവര് എതിര്ത്തു നില്ക്കുന്നു. ചോദ്യം ചോദിക്കുന്നു. നാടുവാഴുന്നവരെക്കുറിച്ച് അവര്ക്കു നിന്ദയാണ്. ജോണി സര്ക്കാരിനെപ്പറ്റി സംസാരിക്കുന്നതു പുല്ലുവിലയായിട്ടാണ്. നോക്കണം, കാലം പോയ പോക്ക്! അവര് കലാപത്തിനു വട്ടംകൂട്ടുകയാണ്. അവര്ക്കു രാജ്യം ഭരിക്കണംപോലും! നടക്കുന്ന കാര്യമാണോ? ഭരിക്കുന്നവന് എന്നും രാജാവാണ്. ഇന്നു ഭരിക്കുന്നതോ, ഒരു സത്യവിശ്വാസിയും. അതു മനസ്സിലാക്കാനുള്ള ബുദ്ധിയില്ല. അതെന്തെങ്കിലുമാകട്ടെ. ജോണി മുതലാളിക്കെതിരായ സംഘത്തില് പെടുന്നുവല്ലോ. "ജനം ജനത്തിനെതിരായും രാജ്യം രാജ്യത്തിനെതിരായും എഴുന്നേല്ക്കും" എന്ന തിരുവചനം നിവൃത്തിക്കപ്പെടുകയാണോ?

"എന്താ, ഹില്ഡാക്ക, ആലോചിച്ചുകൊണ്ടങ്ങനെ പോണത്?" പിന്നില് നിന്നു കേട്ട ഈ ചോദ്യം അവരെ ആലോചനയില്നിന്നുണര്ത്തി.

"ആര്? ലാസറേട്ടനോ?" അവര് മുഖമുയര്ത്തി വണക്കത്തോടുകൂടി പുഞ്ചിരിക്കൊള്ളുകയുംചെയ്തു. സ്വതേ വണക്കമുള്ളവരാണ് ഹില്ഡാക്ക; ലാസറേട്ടനോടു വിശേഷിച്ചും. ലാസറേട്ടനു മുതലാളിയുടെ കുടുംബത്തില് പിടിയുണ്ട്. അതാണ് കാര്യമായിട്ടുള്ളത്. കമ്പനിയിലും കമ്പനിയുടെ പരിസരത്തും കമ്പനിത്തൊഴിലാളികളുടെ വീട്ടിലും നടക്കുന്ന കാര്യങ്ങളെല്ലാം മുതലാളിയുടെ കുടുംബത്തില് കുശുകുശുക്കുന്നത് അയാളാണ്. ചെവി കടിക്കുന്ന ഈ ഏര്പ്പാടുകൊണ്ടു സമ്പാദ്യവുമുണ്ട്. കൂടാതെ, അച്ചന്മാര്ക്കെല്ലാം ലാസറേട്ടനെ വലിയ മതിപ്പാണെന്നതാനും. ഇത്രയും ശക്തിയുള്ള ആ മനുഷ്യനെ ഹില്ഡാക്ക എപ്പോഴും താഴ്ന്നു വന്ദിച്ചു.

"ഹില്ഡാക്ക മീറ്റിങ്ങിനൊന്നും പോവുന്നില്ലേ?" എന്നായല്ലോ ലാസറേട്ടന്.

"പള്ളിയിലൊന്നും പറഞ്ഞില്ലല്ലോ."

"പള്ളിയിലല്ല. അല്ലെങ്കില്, പള്ളിയില് പറയുന്നതല്ലല്ലോ ഇപ്പോ കാര്യം.

തിരുസഭയക്കൊട്ടിലും അച്ചമ്മാരെക്കാട്ടിലുമെല്ലാം അറിവും മിടുക്കുമുള്ള ആളുകള് നാട്ടിലുണ്ടല്ലോ...”

ആ ചൊട്ടിന്റെ അര്ത്ഥം ഹില്ഡാക്ക മനസ്സിലാക്കി.

“വികൃതിമക്കളായാല് എന്തു ചെയ്യും ലാസറേട്ടാ?”

“അമ്മയും മക്കളും കഷ്ടപ്പെടുക.”

“ആട്ടെ, എവിടെ മീറ്റിങ്ങ്?”

“മൈതാനത്താണെന്നൊക്കെ കേട്ടു. ഇവരു മീറ്റിങ്ങ് കൂടിയതുകൊണ്ടും കൊടിപിടിച്ചതുകൊണ്ടുമൊന്നും മുതലാളി കുഴങ്ങൂലാ.”

“തമ്പുരാന് കൊടുത്തതല്ലേ!”

“ആ ഓര്മ്മ നിങ്ങളുടെ മകനുണ്ടോ? മറുജാതിക്കാര് മറുത്തുനില്ക്കുന്നതിലല്ല മുതലാളിക്ക്, സത്യവിശ്വാസികളായിട്ടുള്ളവര്...ഏ? അതും ഹില്ഡാക്കയുടെ മകന്. ഇന്നലെ മൂപ്പരു പറഞ്ഞു.”

“എന്ത്?”

“ഹില്ഡാക്ക എന്തൊരു വിശ്വാസമുള്ള ീ!”

“ലാസറേട്ടാ, എനിക്കതാണ് പഴക്കം.”

“മക്കളിങ്ങനെയാകാവോ?”

“പറയാനല്ലാതെ എന്തു ചെയ്യാന്? കര്ത്താവേ ഞാന് കുഴങ്ങി.”

“ഇന്നു മീറ്റിങ്ങിനു പോകേണ്ടെന്നു പറഞ്ഞേക്കിന്.”

“ഞാന് പറയാത്ത തരക്കേടാണോ, ലാസറേട്ടാ?”

ആ അമ്മ ഒരു നെടുവീര്പ്പോടെ നടന്നു. ലാസറേട്ടന് മുമ്പില് പോകുന്ന ഒരു സൂട്ടുകാരന്റെ ചെവി കടിക്കാനും പോയി.

പോകുന്ന വഴിക്കു വേറെയും ഒന്നുരണ്ടുപേര് ഹില്ഡാക്കയോടു മീറ്റിങ്ങിന്റെ കാര്യം പറഞ്ഞു. അന്നു നഗരത്തിലെ പല മൂലകളിലും അതുതന്നെ യായിരുന്നു സംഭാഷണവിഷയം.

തൊഴില്മുടക്കം അന്നു പരിചയപ്പെടുകഴിഞ്ഞിട്ടില്ലാത്ത ഒരായുധമാണ്. തൊട്ടാല്പ്പൊള്ളുന്ന ഒരു രാ ീയകാര്യമായിട്ടേ ആളുകള്ക്കതു കണക്കാക്കാന് കഴിഞ്ഞുള്ളൂ. വാസ്തവത്തില് പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായിട്ട് അതില് സ്വല്പം രാ ീയമുണ്ടായിരുന്നതാനും. ദേശീയ പ്രസ്ഥാനം കൊടുമ്പിരിക്കൊണ്ടിരിക്കയാണ്. പ്രസ്ഥാനത്തിനുള്ളില്ത്തന്നെ രണ്ടു ചേരികള്. മുതിര്ന്നവരും ചെറുപ്പക്കാരും. അന്താരാ ീയമായ ആശയങ്ങള് ഉള്ക്കൊള്ളാന് കഴിഞ്ഞ കുറച്ചുപേര്. അവര് സോഷ്യലിസത്തില് വിശ്വസിച്ചു. അകത്തു കമ്മ്യൂണിസവും പുറത്തു സോഷ്യലിസവുമായി വേറെ കുറച്ചുപേര്. തുടര്ച്ചയായ ജയില്ജീവിതം ഫലപ്രദമായ സ്റ്റഡിക്ലാസ്സുകള്ക്കു സൗകര്യം നല്കി. ബ്രിട്ടീഷ് ഗവണ്മെന്റിന്റെ ചെലവില് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുമാത്രമല്ല, എല്ലാ സാമ്രാജ്യത്വത്തിനുമെതിരായുള്ള പ്രത്യയശാ ം അണച്ചു മൂര്ച്ച കൂട്ടുകയായിരുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ അഗ്നികുണ്ഡം എരിഞ്ഞുനിന്നതുകൊണ്ട് ഏതും അടിക്കാനും പരത്താനും

മൂര്ച്ചകൂട്ടാനും സൗകര്യം കൂടുകയും ചെയ്തു. ഈ യുവാക്കള് പുറത്തുവന്നപ്പോള് ഒരു പുതിയ കാറ്റുവീശി. എല്ലാവരെയും ദേശീയപ്രസ്ഥാനത്തില് പങ്കെടുപ്പിക്കണമെങ്കില്, എല്ലാവരുടെ താത്പര്യങ്ങള്ക്കും പരിഗണന നല്കണം എന്നായി മുദ്രാവാക്യം. യുവചൈതന്യം വീറോടെ ജോലിചെയ്തു. മുതിര്ന്നവര് ആ അഗ്നിക്കു വീശിക്കൊടുത്തു. ഒരു പൊതുശത്രുവുണ്ടല്ലോ.

തൊഴിലാളിക്കു ശബ്ദമുണ്ടായി. തൊഴിലാണ് പണമെന്ന് അവന് മനസ്സിലാക്കി. മുടക്കുമുതലും കൂലിച്ചെലവും മര്യാദപലിശയും കൂട്ടിയതല്ല ഒരു സാധനത്തിന്റെ വില എന്ന് അവനറിഞ്ഞു. പിന്നെയും സംഖ്യ മിച്ചമുണ്ട്. ഇതെവിടെനിന്നു വന്നു? ആര്ക്കുള്ളതാണ്? ഇത്തരം അപകടംപിടിച്ച ചോദ്യങ്ങള്, അതോടൊപ്പം ഒരെമ്പാടും ചോദ്യങ്ങള് പൊട്ടി വിരിഞ്ഞു പരക്കുകയാണ്. എന്തുകൊണ്ടാണ് എല്ലാ ദിവസവും പണികിട്ടാത്തത്? എന്തുകൊണ്ട് തോന്നുമ്പോള് പിരിച്ചുവിടുന്നു? എന്തുകൊണ്ടു കഷ്ടപ്പാട്? എന്തുകൊണ്ടു വേദന, വിമ്മിട്ടം, നരകം? ചോദ്യങ്ങളോടു ചോദ്യങ്ങള്. എല്ലാറ്റിനും അന്നൊരു വ്യക്തമായ ഉത്തരമുണ്ടായി: "നമ്മുടെ സര്ക്കാരല്ല." മുതലാളിമാര് ഈ സര്ക്കാരിനെ താങ്ങിനില്ക്കുന്നവരാണ്.

അങ്ങനെ വണക്കത്തിനും പകരം വെറുപ്പിന്റേതായ ഒരന്തരീക്ഷം വളര്ന്നുവന്നിരിക്കയാണ്. കൈക്കൂപ്പലിനും പകരം അവകാശം ചോദിക്കാനുള്ള ഒരു വീറ്. അന്നു മൂന്നു കമ്പനിയില് കലാപമായിക്കഴിഞ്ഞിരുന്നു. ഒരു ഓട്ടുകമ്പനി, ഒരു ബനിയന്കമ്പനി, ഒരു നൂല്ക്കമ്പനി. തുടക്കത്തില് കമ്പനിയുടമകള്തന്നെ അതത്ര കാര്യമായി കണക്കാക്കിയില്ല. ഓട്ടുകമ്പനി മുതലാളി ഒന്നു മന്ദഹസിച്ചു: "നടക്കട്ടെ!" ബനിയന് കമ്പനി മുതലാളി കുറേക്കൂടി ഗൗരവത്തോടെ വീക്ഷിച്ചു. അദ്ദേഹം യൂറോപ്പ് കണ്ടു വന്ന ആളാണ്. ഒന്നമര്ത്തിമൂളി. എന്നിട്ടു പറഞ്ഞു:

"ആ ലാസറേട്ടനോടു വീട്ടിലൊന്നു വരാന് പറയ്. പിന്നെ ജോണിയെ ഒന്നിങ്ങോട്ടു വിളിക്ക്."

ജോണി വന്നു. മുതലാളി കണ്ണടയ്ക്കിടയിലൂടെ അവനെ അടിമുടി ഒന്നു നോക്കിയിട്ടു ചോദിച്ചു:

"ഉ–ം?"

"വിളിച്ചെന്നു പറഞ്ഞു."

"വിളിച്ചു." അദ്ദേഹം ജോണിയുടെ നേരെ തിരിഞ്ഞു: "കലാപത്തിനുള്ള വട്ടമാണോ?"

"കലാപത്തിനൊന്നും ഞങ്ങളില്ല."

"അപ്പോ കുറച്ചുപേരുണ്ട്. ആട്ടെ, എന്താ കാര്യം?"

"പിരിച്ചയച്ച പതിനൊന്നു പേരെ തിരിച്ചെടുക്കണമെന്നേ ഞങ്ങളാവശ്യപ്പെടുന്നുള്ളു."

"പണിക്ക് ആളെ വയ്ക്കുന്നതും പിരിച്ചയയ്ക്കുന്നതും നിങ്ങളോടു ചോദിച്ചിട്ടുവേണോ?"

അതിന്ന് ജോണി സമാധാനം പറഞ്ഞില്ല.

“എടാ ജോണീ.”

“ഓ.”

“ഈ കമ്പനിയങ്ങു പൂട്ടിയാലും എനിക്കു തിന്നാന്നുള്ള വക ഞാന് സമ്പാദിച്ചിട്ടുണ്ട്; അറിയോ? അതുകൊണ്ടൊന്നും ഞാന് കൂലുങ്ങാന് പോകുന്നില്ല.” അദ്ദേഹം കാര്യം തീര്ത്തു പറഞ്ഞു. എന്നിട്ട്, മേശപ്പുറത്തുള്ള കടലാസ്സിലേക്കു മുഖം തിരിച്ചു. ജോണി അവിടെനിന്നു പോയി. മുതലാളി പെട്ടെന്നു തിരിഞ്ഞു: “എടാ ജോണീ!”

അയാള് മടങ്ങിവന്നു.

“നിനക്കു വല്ല ആവശ്യവുമുണ്ടോ?”

“ഇല്ല.”

“ഉണ്ടെങ്കില് പറഞ്ഞോ. നീ ഹില്ഡാക്കയുടെ മകനാ. എന്റെ കുട്ടിയെപ്പോലെയാണ്. അതുകൊണ്ടാണ് നിനക്കിവിടെ ജോലി തന്നതുതന്നെ. അതു മനസ്സിലാക്കിക്കോ. നിന്റെ കാര്യമെന്താണെന്നുവെച്ചാല് പറഞ്ഞോ... പക്ഷേ, സംഘക്കാര്യമൊന്നും ഇവിടെ കേള്ക്കണ്ട.”

ഒരു നിമിഷത്തെ നിശ്ശബ്ദത. ജോണി ഫാക്ടറിക്കുള്ളിലേക്കു പോയി. അദ്ദേഹം അന്നുമുതല്ക്കു കാര്യങ്ങളുടെ ഗതി സൂക്ഷ്മമായി വീക്ഷിച്ചു. ലാസറേട്ടന് ഒരു നല്ല ഗസ്റ്റപ്പോവായിരുന്നതുകൊണ്ട്, നടക്കുന്നതെന്തും ഉടനെ മുതലാളിയുടെ ചെവിയിലെത്തുകയും ചെയ്തു.

നൂല്ക്കമ്പനി കൂട്ടുടമയിലാണ്. മൂന്നു പേര്. ഒന്നൊരു നമ്പൂതിരിയാണ്. കച്ചവടക്കാരനും ഭക്തനും ശാന്തനുമാണ് അദ്ദേഹം. സ്വന്തം കാര്യങ്ങള്തന്നെ നടത്താന് സമയം കഷ്ടി. ‘ഖെഡ്ഡ്യൂള്ക്ക’ ശേഷമുള്ള ആനലേലത്തിന്നു മൈസൂര്ക്കൊന്നു പോവുക, കൂടക്കുടെ ഓരോ കഥകളി കാണുക--കഴിഞ്ഞു അദ്ദേഹത്തിന്റെ വിശ്രമം. കമ്പനിയുടമകളില് മറ്റൊരാള് നെടുങ്ങാടിയാണ്. എമ്പാടും വസ്തുവകകളും മലവാരവും അദ്ദേഹത്തിന്നുണ്ട്. അവ സംബന്ധിച്ച കാര്യങ്ങള് കഴിഞ്ഞാല്പ്പിന്നെ സ്വല്പം പുണ്യകര്മ്മത്തില് ഏര്പ്പെടും. ‘ആര്ഷധര്മ്മസംഘ’ത്തിന്റെ സെക്രട്ടറിയാണ് അദ്ദേഹം. പ്രസിഡണ്ട് ഒരു സന്ന്യാസിയാണ്. മോക്ഷം പ്രാപിക്കേണ്ട വഴികളെപ്പറ്റി ആ സഭ മനുഷ്യര്ക്ക് ഉപദേശം നല്കുന്നു. പതിനൊന്നു വക്കീല്മാരും പെന്ഷന് പറ്റിയ ആറ് ഉദ്യോഗസ്ഥന്മാരും മൂന്നു സന്ന്യാസിമാരും ഒരു കോടതി ആമീനും ഹെഡ്മിസ്ട്രസ്സുമാരും കച്ചവടക്കാരും വിധവകളുമെല്ലാം ആ സഭയിലെ അംഗങ്ങളായിട്ടുണ്ട്. നീണ്ടുനീണ്ട പ്രാര്ത്ഥനകളും ജീവാത്മ പരമാത്മബന്ധത്തെക്കുറിച്ചുള്ള പ്രസംഗങ്ങളും അവിടെ നടന്നു. നെടുങ്ങാടി അവയില് ലയിച്ചിരുന്നു. ഇതൊക്കെ കഴിഞ്ഞിട്ടു കമ്പനിക്കാര്യം ശ്രദ്ധിക്കാനാവില്ല. അതുകൊണ്ട് കാര്ത്തികേയന്തന്നെയായി കമ്പനിയുടെ ജീവനാഡി. കൃഷ്ണന്നമ്പിടിയുടെ സ്വാധീനതമൂലം നമ്പൂതിരിയും നെടുങ്ങാടിയും

അല്പാല്പം പണിമിറക്കി എന്നോയുള്ളൂ.

കാര്ത്തികേയനാകട്ടെ, എല്ലാറ്റിനും മതിയായിരുന്നുതാനും. ഇക്കഴിഞ്ഞ കുറച്ചു വര്ഷങ്ങള്ക്കിടയില് വ്യാപാരലോകത്തിലും ഉദ്യോഗസ്ഥന്മാര്ക്കിടയിലും ഒരു സ്ഥാനം നേടാന് അയാള്ക്കു കഴിഞ്ഞിട്ടുണ്ട്. അവര്ക്കെല്ലാം അയാളെപ്പറ്റി നല്ലതേ പറയാനുണ്ടായിരുന്നുള്ളൂ: "ചെറുപ്പമാണെങ്കിലെന്താ, ബഹുകണിശക്കാരന്."

"നല്ല അന്തസ്സും!"

"നല്ല പെരുമാറ്റവും."

"അസ്സലു വകതിരിവ്!"

"ഭാഗ്യവാനാ!"

"ഭാര്യയും പോന്ന പെണ്ണാ!"

"പെണ്കുട്ടികളായാല് അങ്ങനെയിരിക്കണം. എന്തു ചൊറുചൊറുക്ക്!"

"ഭാഗ്യം വരുമ്പോഴും കൂട്ടത്തോടെ വരും."

ആളുകളുടെ ഈ അഭിപ്രായം അക്ഷരംപ്രതി പരമാര്ത്ഥമായിരുന്നു. കാര്ത്തികേയനെസ്സംബന്ധിച്ച് ഒരു കുറ്റം പറയാന് സാദ്ധ്യമല്ല. നാട്ടുകാര്ക്ക് അയാളെക്കൊണ്ടു ഗുണമുണ്ടായിട്ടുണ്ടുതാനും. കലക്ടര് സായ്പ് ഉദ്ഘാടനം ചെയ്ത ഒരു സ്കൂള്കെട്ടിടത്തിന് ഈയിടെയാണ് അയാള് പണം ശേഖരിച്ചു കൊടുത്തത്. ശാന്തയുടെ അഞ്ചു നൃത്ത പ്രദര്ശനങ്ങളിലൂടെ മൂവായിരത്തില്പ്പുറം ഉറുപ്പിക--ഒരു നവവധുവിനെക്കൊണ്ട് ഇത്രയും ചെയ്യിക്കാന് ആരൊരുങ്ങും?

എല്ലാം വസ്തുനിഷ്ഠമായി നോക്കിക്കാണാന് കാര്ത്തികേയന്നു കഴിവുണ്ട്--ഭാര്യയെപ്പോലും. ശാന്തയും പാകപ്പെടുകയാണ്. വിവാഹം ശാന്തയുടെ സ്വഭാവത്തില് സാരമായ പരിവര്ത്തനം വരുത്തി. സമുദായത്തില് ഒത്ത മുകളില്ത്തന്നെ നില്ക്കാന് അവള് തീര്ച്ചപ്പെടുത്തി. മുകള്പ്പരപ്പു പണമാണെന്ന് അവള്ക്കറിയാം. അതു നേടണം. കാലണവീണാല് കൈവിരല് ഒപ്പമെത്തണം. കടുകുമണിയും വെറുതെ പോക്കിക്കൂടാ. ഭൃത്യജനങ്ങളെ അടക്കിനിര്ത്തണം. ബാങ്കുകണക്കുകളില് അവളുടെ കണ്ണു ചെല്ലണം.

ലക്ഷ്മിക്കുട്ടിയമ്മ ഒരിക്കല് അവളെ സന്ദര്ശിക്കാന് വന്നു. അമ്മയെ കാണുന്നതുവരെ അവള് അവരെപ്പറ്റി നല്ലതൊക്കെ വിചാരിച്ചു. കണ്മുമ്പിലെത്തിയപ്പോള് ഒരു കലി, ഒരു സ്വൈരക്കേട്. അവര് എന്തൊക്കെയോ സ്മരണകളുംകൊണ്ടാണ് വരുന്നത്. നാശം!

"കാശു തുമ്പില്ലാതെ കളയരുതേ, ശാന്തേ." അമ്മ മകളെ ഉപദേശിച്ചു.

"എനിക്കു ഭ്രാന്തുണ്ടോ?" മകള് പരുഷസ്വരത്തിലാണ് മറുപടി പറയുന്നത്.

"നീ കുറച്ചു ദിവസം അവിടെ വന്നു താമസിക്കുന്നോ?"

"ഇവിടെ ആരു നോക്കാന്?"

"രണ്ടു ദിവസം?"

“ഇപ്പോ സൗകര്യമില്ല.”

“കുറപ്പാശാന് എപ്പോഴും നിന്നെപ്പറ്റി പറയും.”

“ഉ–ം.”

“ആ മനുഷ്യനു നീയെന്നുവെച്ചാല് പ്രാണനാണ്.”

“പണം കൊടുത്താല് പ്രാണനാക്കാന് ആളെ കിട്ടാന് വിഷമമില്ലമ്മേ.”

“ആ മനുഷ്യന്...”

“മതി. എനിക്കു കേള്ക്കേണ്ട.”

ലക്ഷ്മിക്കുട്ടിയമ്മയ്ക്ക മകളോടു വെറുപ്പു തോന്നി. എന്തു നന്ദിയില്ലാത്ത പെണ്ണ്! എങ്കിലും അതു പുറത്തു കാട്ടാതെ, രണ്ടോ മൂന്നോ ദിവസം കഴിച്ചുകൂട്ടി അവര് തിരിച്ചുപോയി. അമ്മ പോയപ്പോള് ശാന്തയ്ക്കും എന്തോ ഒരു മനോവേദന.

ഇതൊന്നും കാര്ത്തികേയന് അറിഞ്ഞില്ല. കമ്പനിക്കാര്യംതന്നെ പിടിപ്പതുണ്ട്. സാമ്പത്തികത്തകര്ച്ച വ്യവസായസ്ഥാപനങ്ങളെ കടപുഴക്കിയെറിയുന്ന കാലം. മുഴുവന് ശ്രദ്ധയും കേന്ദ്രീകരിച്ചതുകൊണ്ടാണ് പിടിച്ചു നില്ക്കാന് കഴിയുന്നത്. എന്നിട്ടും ചില വെട്ടിക്കുറയ്ക്കലുകള് വേണ്ടിവന്നു.

കുറച്ചാളുകളെ പിരിച്ചയച്ചു. ക്ലാലിയില് ചെറിയൊരു കുറവും വരുത്തി. തൊഴിലാളികള്ക്കിടയില് പിറുപിറുപ്പായി, കൂടിയാലോചനയായി.

“ഇങ്ങനെ കുറയ്ക്കാന് തുടങ്ങിയാല് അവസാനമുണ്ടോ?”

“പക്ഷേ, പണിയില്ലാഞ്ഞാല് എന്തു ചെയ്യും?”

“അധികം കിട്ടിയപ്പോള് നമുക്കു തന്നോ?”

“അതു പറഞ്ഞിട്ടിപ്പോള് കാര്യമുണ്ടോ?”

“ഉണ്ട്. നമ്മുടെ കുട്ടികള്ക്കു മണ്ണു വാരിത്തിന്നാന് വയ്യാ.”

“നമുക്ക് എന്തു ചെയ്യാന് കഴിയും?”

“അതിനാണ് സംഘടന.” ആ ശബ്ദം കുഞ്ഞിരാമന്റേതായിരുന്നു. അതേവരെ മൗനമായി ഒരു മുക്കിലിരുന്ന അയാളുടെ ഈ വാക്കു ബഹളം നിര്ത്തി. ഒരു മൂകത അവിടെ വ്യാപിച്ചു. എല്ലാവരും പരസ്പരം നോക്കി. അക്കൂട്ടത്തില്വെച്ചു പ്രായവും സര്വ്വീസും കുറഞ്ഞവന് കുഞ്ഞിരാമനാണ്; പക്ഷേ, ഏറ്റവുമധികം വിദ്യാഭ്യാസമുള്ള ആളും. അയാള്ക്ക് കാര്യങ്ങള് ചികഞ്ഞുനോക്കാനറിയാം, എല്ലാറ്റിനും ഒരടിസ്ഥാനപ്രമാണമുണ്ട്. കമ്പനിയില് ചേര്ന്ന ഉടനെ എല്ലാവരും അവനെ വെറുത്തു. അവന് നിശ്ശബ്ദനും പരുഷസ്വഭാവിയുമായിരുന്നു. പല്ലിറുമ്മി കഴിച്ചുകൂട്ടുന്ന ജീവിതം. ഇന്നും ആ പ്രകൃതത്തിനു മാറ്റം വന്നിട്ടില്ല. അയാളുടെ അത്തരം സ്വഭാവങ്ങള് കൂടുക്കൂടി അഗാധമാവുകയാണുണ്ടായത്. എന്നാല് ദിവസങ്ങളും മാസങ്ങളും കടന്നുപോയപ്പോള്, കുഞ്ഞിരാമനിലുള്ള മറ്റൊരു ഭാഗം അവര്ക്കു കാണാന് ഇടവന്നു. അത് വെണ്ണപോലെ മൃദുലവും മുല്ലപ്പൂപോലെ സുരഭിലവുമായിരുന്നു. ഏതു തൊഴിലാളികളുടെ വേദനയും അയാള് സ്വന്തം വേദനയായി കരുതി. സഹപ്രവര്ത്തകന്റെ കുടുംബത്തിനുവേണ്ടി പ്രാണന് കളഞ്ഞു പാടുപെട്ടു.

എല്ലാം ശരിപ്പെട്ടാല്, ഒരു നന്ദിവാക്കു കേള്ക്കാന്പോലും അയാള് നില്ക്കുകയുമില്ല.

“കുഞ്ഞിരാമന് എത്തിയിട്ടില്ലായിരുന്നെങ്കില്...”

“നാളെ കാണാം.” വാചകം മുഴുവനാക്കുന്നതിന്നുമുമ്പേ അയാള് നടന്നുകളയും. കമ്പനിജോലിക്കു പുറമേ, പലതും കുഞ്ഞിരാമന്ന ചെയ്യേണ്ടതുണ്ട്. പണിക്കാരാരെങ്കിലും ആസ്പത്രിയില് കിടപ്പാണെങ്കില് അവിടെ എത്തണം. അവരുടെ കുട്ടികളുടെ സുഖക്കേടിനെപ്പറ്റി അന്വേഷിക്കണം. ദിനപത്രം വായിച്ച് അതിനെപ്പറ്റി തൊഴിലാളികളുമായി സംസാരിക്കണം. കിഴവന് നാറാണപിള്ളയ്ക്ക രണ്ടു തവണ കള്ളുപോലും കൊണ്ടുവന്ന കൊടുത്തിട്ടുണ്ട്, കള്ളുകുടി അവന്ന വെറുപ്പാണെങ്കിലും. നാറാണപിള്ളയാണ് കുഞ്ഞിരാമന് ഒരു മേല്വിലാസമുണ്ടാക്കിക്കൊടുത്തത്. ഉള്ളിച്ചമ്മന്തിയും തൊട്ടുകൂട്ടി ഒന്നരക്കുപ്പി അടിച്ചുകഴിഞ്ഞാല് പിള്ളയ്ക്ക പിന്നെ കുറച്ചു സാഹിത്യം പറയണം. ചിലപ്പോള് വേദാന്തം, ചിലപ്പോള് ചേര്ത്തലപ്പാട്ട്. വേദാന്തത്തിന്റെ ദിവസമായിരുന്ന അന്ന്. കുഞ്ഞിരാമനായി വിഷയം. ‘അവന് ഒരു ജാക്കിയാണനിയാ, ജാക്കി.’

“ജാക്കിയോ?”

“ഉ–ം. താണേടം പൊക്കുകയല്യോ ജാക്കീടെ പണി––കുഞ്ഞിരാമനതാണ്. പക്ഷേല്, ഒരു വിഷയം.”

“ഉ–ം?”

“അവന്റെ രാ ീയം മോശമാ. ശ്രീമൂലം അസംബ്ലിയില് കേറിയങ്ങിരിക്കാന് യോഗ്യതയുള്ളവനാ ഈ കിട്ടുപിള്ള നാറാണപിള്ള. അതു വിട്ടേച്ചിങ്ങു പോരാന് കാരണം! അത്തൊഴിലു നമുക്കു കൊള്ളുവേല. ഈ കുഞ്ഞിരാമന്നുണ്ടല്ലോ, ജാക്കിയാ, ‘രാ ീയ’മല്ല!” ഒരു കൂട്ടച്ചിരിയുണ്ടായി. അതില് വെച്ച് കുഞ്ഞിരാമന്റെ ‘ജാക്കി’ എന്ന മേല്വിലാസം ഉറപ്പിക്കുകയുംചെയ്തു. അങ്ങനെ എല്ലാവരെയും സേവിച്ചും എല്ലാവരാലും സ്നേഹിക്കപ്പെട്ടും ജാക്കി കുഞ്ഞിരാമന് കഴിഞ്ഞുകൂടി. അക്കാലത്താണ് ദേശീയപ്രസ്ഥാനത്തിന്റെ കൈകള് തൊഴിലാളിരംഗത്തേക്കും അധികമധികം നീളാന് തുടങ്ങിയത്. അതാദ്യം ചെന്നുതൊട്ടത് കുഞ്ഞിരാമനെയാണ്. പുകക്കുഴലുപോലുള്ള ഒരു പിള്ളയും നേന്ത്രപ്പഴംപോലുള്ള ഒരു നമ്പ്യാരും അവന്റെ സ്നേഹിതന്മാരായി. കുഞ്ഞിരാമന്നും മൂന്നു ചങ്ങാതിമാരുംകൂടി കഴിഞ്ഞുകൂടിയിരുന്ന ഗ്രഹയിലേക്ക് ആ യുവസുഹൃത്തുക്കള് കൂടക്കൂടെ ചെന്നു.

“അവര് ഏതാ, കുഞ്ഞിരാമാ?” പിണ്ഡതൈലം കൊണ്ടുപോയി കൊടുത്തപ്പോള് മറിയാമ്മ ചോദിച്ചു.

“അവര് നല്ല ആളുകളാ, നമുക്കു ഗുണംവരണം എന്നു വിചാരിക്കുന്ന വരാ.”

“അത്യോ?”

പതുക്കെ മറിയാമ്മയ്ക്ക് അവര് പരിചിതരായി; പിന്നീടു പല തൊഴിലാളികള്ക്കും. മൂപ്പുള്ള വിത്ത് ഇറച്ചാലില് വീണു മുളച്ചു തെഴുക്കുമ്പോലെ

ഒരു തൊഴിലാളിയൂണിയനങ്ങു പൊന്തിവന്നു. കുഞ്ഞിരാമന് അതിന്റെ സജീവപ്രവര്ത്തകനുമായി. അതുകൊണ്ട്, സംഘടനയുടെ കാര്യം കുഞ്ഞിരാമന് പറഞ്ഞപ്പോള് എല്ലാവരും ചെവിയോര്ത്തു.

"ഇതു യൂണിയന് ആലോചിക്കേണ്ട കാര്യമാണ്" -- കുഞ്ഞിരാമന്.

"അപ്പോള് രാ ീയമായില്യോ, അനിയാ?" -- കിഴവന് നാറാണപിള്ളയ്ക്ക് ഒരു സംശയം.

"അതൊന്നുമില്ല. ഇതു തൊഴിലാളികളുടെ കാര്യം. നമ്മുടെ ഐക്യത്തിലും ശക്തിയിലുമാണ് നമ്മുടെ വിജയം."

പഠിച്ചുവെച്ച ഒരു വാചകം ഉരുവിടുമ്പോലെ, കുഞ്ഞിരാമന് പറഞ്ഞു. എങ്കിലും അതു പണിക്കാരെ ചിന്തിപ്പിച്ചു.

യോഗമായി, ചര്ച്ചയായി. നമ്പ്യാരും പിള്ളയും വന്നു. രണ്ടു ദിവസത്തിനുള്ളില് ആറാവശ്യങ്ങളോടുകൂടിയ ഒരു നോട്ടീസ് കാര്ത്തികേയന്നു കിട്ടി. അതൊരു പുതിയ അനുഭവമായിരുന്നു. എല്ലാ കമ്പനികളിലും നോട്ടീസ് കിട്ടിയത് ഒരേ ദിവസമാണ്. മുതലാളിമാര് കൂടിയാലോചിച്ചു.

"ഇതിന്നു വഴങ്ങിയാല്പ്പിന്നെ എന്നും വഴങ്ങേണ്ടിവരും." ബനിയന് കമ്പനിയുടമസ്ഥന് അഭിപ്രായപ്പെട്ടു.

"ഒരു കലാപമുണ്ടാക്കുന്നത് ഇന്നത്തെ പരിതഃസ്ഥിതിയില് കൂടുതല് ചീത്തയല്ലേ?" കാര്ത്തികേയന് ചോദിച്ചു.

"എന്നുവെച്ച് ധിക്കാരം കണ്ടുകൊണ്ടു നില്ക്കാനോ?" ഓട്ടുകമ്പനി മുതലാളി.

ദീര്ഘമായ ആലോചനയ്ക്കുശേഷം നോട്ടീസിന്നു മറുപടി തത്കാലം അയയ്ക്കേണ്ടെന്നുവെച്ചു. പിന്നെ തുടങ്ങിയതു പ്രതികാരനടപടികളാണ്. ജോണിയെ പിരിച്ചയച്ചു. കുഞ്ഞിരാമനെ പിരിച്ചുവിട്ടു. കിഴവന് നാറാണപിള്ളയെ പുറത്താക്കി. പക്ഷേ, ഇതൊക്കെ പ്രതീക്ഷിച്ചതായിരുന്നു. അവര് തൊഴിലാളികള്ക്കിടയില് വീറോടെ പ്രചരണവേല ചെയ്തു. ലാസറേട്ടനും അനുയായികളും മറുഭാഗത്തും കൊണ്ടുപിടിക്കുന്നുണ്ടായിരുന്നു. നല്ലൊരു ഉരസല്തന്നെ നടന്നു. ഒരു കൂട്ടായ തൊഴില്മുടക്കത്തിലേക്കു സംഗതികള് നീങ്ങുകയായിരുന്നു.

തൊഴില്മുടക്കമാരംഭിച്ചപ്പോള് പുതുതായി ആളുകളെ പണിക്കെടുത്തു. കരിങ്കാലികളെ തടയാന് തൊഴിലാളികളും ഉറച്ചു. കമ്പനിപ്പടിക്കല് പിക്കറ്റിങ്. ഗര്ഭിണികളായ ീകള് മുട്ടുകുത്തിനിന്നപേക്ഷിച്ചു. ചിലര് പിന്തിരിഞ്ഞു. ചിലര് ചാടിക്കടന്ന് അകത്തേക്കു പോയി. എങ്കിലും കരിങ്കാലികളുടെ എണ്ണം കുറഞ്ഞുവരികയായിരുന്നു.

തൊഴില്മുടക്കം വിജയത്തോടടുക്കുകയായിരുന്നു. നാട്ടുകാര് തൊഴിലാളികളെ സഹായിച്ചു. എല്ലാറ്റിനോടും ആളുകള്ക്കു പ്രതിഷേധമാണ്. ഗവണ്മെന്റിനോട്, വ്യവസായസ്ഥാപനങ്ങളോട്, ഉദ്യോഗസ്ഥന്മാരോട് എല്ലാം. അതുകൊണ്ടു പ്രതിഷേധക്കാരെ സഹായിക്കുന്നത് എപ്പോഴും രസമായിരുന്നു.

യോഗങ്ങള്, ഘോഷയാത്രകള്, കൊടികള്--ബഹളമയം. പ്രഭാതം മുതല് പ്രദോഷംവരെ കുഞ്ഞിരാമന് ഓടിപ്പാഞ്ഞു നടക്കുകയായിരുന്നു. ഇതിന്നിടയില് രാധയുടെ ഒന്നുരണ്ടു കത്തുകള് കിട്ടി. അവയ്ക്കൊരു മറുപടി എഴുതാന്പോലും തരപ്പെട്ടില്ല. എല്ലാംകഴിഞ്ഞു രാത്രി ചെന്നു കിടക്കുമ്പോഴാണ് അതോര്മ്മവരിക, നേര്ത്തു മിന്നുത്ത ഒരു ശബ്ദം അവന്റെ കര്ണ്ണങ്ങളില് മുഴങ്ങും:

"എന്നെ മറന്നോ?"

ഹൃദയത്തില് ഒരു നോവ്. പിറ്റേന്നു കാലത്തുതന്നെ മറുപടിയെഴുതണമെന്ന് തീരുമാനിക്കും. കാലത്തെഴുന്നേല്ക്കുന്നതു സ്നേഹിതന്മാരുടെ വിളികേട്ടുകൊണ്ടാണ്. പുതിയ പ്രശ്നങ്ങളുമായിട്ടാണ് അവര് വരുന്നത്. പിന്നെ അവയ്ക്കുത്തരങ്ങള് കണ്ടുപിടിക്കാന് ഓടണം. തൊഴില്മുടക്കം സംബന്ധിച്ച കാര്യങ്ങള്ക്ക് അവന് രണ്ടു ദിവസമായി കണ്ണൂരില് പോയിരിക്കുകയായിരുന്നു. തിരിച്ചുവന്നപ്പോഴാണ് നാട്ടില്നിന്ന് ആരോ വന്നിട്ടുണ്ടെന്ന് അറിഞ്ഞത്.

"ആരായിരുന്നു?"

"അറിയില്ല."

" ിയാണോ?"

"അല്ല."

"പേരെന്താ?"

"ചോദിച്ചില്ല. വിറകുകണ്ട്രാക്ടറില്ലേ, സുലൈമാനിക്ക, അയാളുമുണ്ടായിരുന്നു. വെളുത്ത് എല്ലിച്ച ഒരു ചെറുപ്പക്കാരനും."

കുഞ്ഞിരാമന് എന്തോ ആലോചിച്ചുകൊണ്ടു സ്വല്പ നേരം നിന്നു. അപ്പോഴേക്കും ആളുകള് വന്നുകൂടി. അന്നു ഗംഭീരമായ ജാഥയും യോഗവും നിശ്ചയിച്ചിട്ടുണ്ട്. പള്ളിയില്നിന്ന് ജോണി എത്തി, നാറാണപിള്ള വന്നു. ഓട്ടുകമ്പനിയിലെ അപ്പുക്കുട്ടനുമെത്തി. എല്ലാവരും കുഞ്ഞിരാമന്റെ കട്ടിലില്ത്തന്നെ ഇരുന്നു. വേറെ ഒരു ഇരിപ്പിടമില്ല. രണ്ടു ഭാഗത്തും നന്നാലു കല്ലു വെച്ചുയര്ത്തിയതിന്മേല് ഉറപ്പിച്ച രണ്ടു മരപ്പലകയാണ് ആ കട്ടില്. തടിയന് അപ്പുക്കുട്ടന് ഇരുന്നപ്പോള് അതു കുറച്ചൊന്നുലഞ്ഞു. 'അനിയന് സൂക്ഷിച്ചേക്കണം' എന്ന് നാറാണപിള്ള താക്കീതു നല്കി. അവര് എന്തോ പതിഞ്ഞസ്വരത്തില് സംസാരിച്ചുകൊണ്ടിരുന്നു.

"എടാ ജാക്കീ!" വാതില്ക്കല് ഒരു മുട്ട്.

"ആരാത്?"

"ഞാന് മേ ി."

വാതില് തുറന്ന് രാരിച്ചന് അകത്തേക്കു കടന്നുനിന്നു.

"എന്താ, മേ ി?" ജോണിയാണ് ചോദിച്ചത്. രാരിച്ചന് മേ ിയല്ല, തൊഴിലാളിയാണ്. എന്നാലും 'മേ ി' എന്ന പേരിലാണ് അയാള് അറിയപ്പെടുന്നത്. അവര് കൈ ചൂണ്ടിക്കൊണ്ടു പറഞ്ഞു: "അപകടം?"

“ഹേ! എന്ത്?”
“പോലീസ്!”
“എവിടെ?”
“എത്തിയില്ല. എത്തും.”
“കാരണം?” അപ്പുക്കുട്ടന് ചോദിച്ചു.
“ഇന്ന മീറ്റിങ്ങുണ്ടായോ, കുഴപ്പവുമുണ്ടാകും.”
“കാര്യം തെളിച്ചു പറ, അനിയാ” -- നാറാണപിള്ള.
“ഇന്നവര് മീറ്റിങ് കലക്കിയേക്കും.”
“എങ്ങനെ അറിഞ്ഞു?” കുഞ്ഞിരാമന് ചോദിച്ചു.
“നമ്മുടെ പ്രേമഭാജനം കൊണ്ടുവന്ന വര്ത്തമാനമാണ്.”
“ഏതാണാ സുന്ദരി, അനിയാ?”
“അമ്മാളു, മൂപ്പര് മൂപ്പത്തിയാരോടു പറഞ്ഞു, അവളതു കേട്ടു. എന്നോടു പറയുകയും ചെയ്തു.”
“ഇപ്പോഴോ, അനിയാ, രാ ീയമായില്യോ?”
“നാറാണപിള്ളയ്ക്ക രാ ീയത്തെക്കുറിച്ച് ഇത്ര പേടിയെന്താ?” ജോണിയാണ് ചോദിച്ചത്.
“പേടിയോ? ശ്രീമൂലം അസംബ്ലി കണ്ടവനാ ഇവന്. എങ്കിലും വിഷയത്തിന്റെ കിടപ്പു നോക്കേണ്ടായോ?”
“പക്ഷേ, പോലീസ് ഇതില് നേരിട്ടിടപെടില്ല.” അപ്പുക്കുട്ടന് ഉറപ്പിച്ചു പറഞ്ഞു.
“അപ്പോള് അമ്മാളു നുണ പറയുകയാണോ?” രാരിച്ചന് ചോദിച്ചു.
“എന്നല്ല, തെറ്റിദ്ധാരിച്ചതാവും.”
“ആലോചിക്കണം.” കുഞ്ഞിരാമന് സ്നേഹിതന്മാരെയും കൂട്ടി പുറേത്തക്കിറങ്ങി. അവര് നേതാക്കന്മാരുമായി ആലോചിച്ചു. എന്തു വന്നാലും യോഗം മുടക്കിക്കൂടാ എന്നു തീരുമാനവുമെടുത്തു.
“എന്നെ തല്ലിയാല് ഞാനും തല്ലും.” രാരിച്ചന് പ്രഖ്യാപിച്ചു.
“മടയത്തരം പറയാതെ വാ.” കുഞ്ഞിരാമന് അവനെക്കൂട്ടി നടന്നു.
ജാഥയ്ക്കുള്ള ഒരുക്കങ്ങള് നടന്നുകൊണ്ടിരിക്കയാണ്. പട്ടണത്തില് ഉത്കണ്ഠാകുലമായ ഒരന്തരീക്ഷം തങ്ങിനിന്നു.
“നടക്കോ?”
“തീര്ച്ച.”
“ബഹളമാവോ?”
“വെറുതെ പറയുന്നതാ.”
“മുതലാളി ഒഴിക്കില്ല.”
“അല്ലാതെന്തു ചെയ്യാന്?”
“കാണാം.”
കുഞ്ഞിരാമന് വീട്ടില് ചെന്നപ്പോള് ആ ചെറുപ്പക്കാരന് വീണ്ടും വന്നതായി അറിഞ്ഞു.

“എവിടേക്കു പോയി?”

“വൈകുന്നേരം കണ്ടോളാമെന്നു പറഞ്ഞുപോയി.”

“ഇവിടെ ഇരിക്കാന് പറയാമായിരുന്നു.”

“നിങ്ങള് എപ്പോള് വരുമെന്നുവെച്ചിട്ടാ?”

“ശരി.”

നേരം നാലുമണിയായി. മൂന്നു കമ്പനിയിലെയും തൊഴിലാളികള് കൊടികളോടും മുദ്രാവാക്യങ്ങളോടുംകൂടി മൈതാനത്തിലേക്കൊഴുകി. യുവാക്കളുണ്ട്. വൃദ്ധന്മാരുണ്ട്, ഗര്ഭിണികളുണ്ട്, കിഴവികളുണ്ട്, നെല്ലി ചുറ്റുന്ന പിള്ളരുമുണ്ട്. അതൊരു ആര്ത്തിരമ്പിക്കൊണ്ടുള്ള വരവായിരുന്നു. മറ്റു കമ്പനികളിലെ കുറെ തൊഴിലാളികളും ഇടത്തരക്കാരും അവിടെ നിന്നിരുന്നു.

പ്രസംഗമാരംഭിച്ചു. പുകക്കുഴലുപോലുള്ള പിള്ളയാണ് ആദ്യം സംസാരിച്ചത്. ആ മനുഷ്യന് വെടിയുണ്ടകള്പോലെ വാക്കുകള് വര്ഷിച്ചു. കൈയടിയോടു കൈയടി. പിന്നെ നമ്പ്യാര് എഴുന്നേറ്റു. ഫലിതമയമായിരുന്നു പ്രസംഗം. പരിഹാസത്തിന്റെ ഒരു ശരവര്ഷം. കമ്പനിക്കാര്യത്തില്നിന്നു രാ ീയ കാര്യങ്ങളിലേക്കു പ്രസംഗം പതുക്കെ നീങ്ങി. ബ്രിട്ടീഷ്സാമ്രാജ്യത്വം ഇവിടെ ചെയ്ത അക്രമങ്ങള്, ചെയ്യുന്ന അക്രമങ്ങള്, ചെയ്യാനിരിക്കുന്ന അക്രമങ്ങള്–– ഇവയെല്ലാം വിവരിക്കപ്പെട്ടു. ആളുകള് കൈയടിച്ചഭിനന്ദിക്കുന്നു.

ഈ സന്ദര്ഭത്തില് രണ്ടു ചെറുപ്പക്കാര് ജനസമൂഹത്തിന്റെ പിമ്പുറേത്തക്ക് വന്നുചേര്ന്നു. അത് വിശ്വനാഥനും ഗോപാലകൃഷ്ണനുമായിരുന്നു. അവര് പ്രസംഗത്തില് ശ്രദ്ധിച്ചുകൊണ്ടങ്ങനെ നില്ക്കുകയാണ്. പ്രസംഗം നിന്നു. പിന്നെ കയറിയത് കുഞ്ഞിരാമനാണ്. “അതാ, കുഞ്ഞിരാമന്!” ഗോപാലകൃഷ്ണന് ചൂണ്ടിക്കാട്ടി. “മീറ്റിങ്ങ് കഴിയട്ടെ.” വിശ്വം പറഞ്ഞു. വളരെ ലളിതമായ പ്രഭാഷണം: “സ്നേഹിതന്മാരേ, നമ്മള് തൊഴില് ചെയ്യുന്നു. തൊഴില് ചെയ്യുന്നതിനുള്ള പ്രതിഫലവും ആവശ്യപ്പെടുന്നു. ഇതൊരു കുറ്റമാണോ? നമ്മള് മനുഷ്യരല്ലേ? നമുക്കും കുടുംബങ്ങളും കുട്ടികളുമില്ലേ? നാം ആരെയും ചൂഷണം ചെയ്യുന്നില്ല. എന്നിട്ടും....” വിശ്വം അന്തംവിട്ടു നോക്കി നിന്നു. കുഞ്ഞിരാമനാണോ ആ സംസാരിക്കുന്നത്? അവന് അത്ഭുതപ്പെട്ടു നില്ക്കുന്നതിനിടയില് പ്രസംഗം പെട്ടെന്നു നിന്നു. ഒരു കലാപം. ഒരു വാന് നിറയെ പോലീസ് സ്ഥലത്തെത്തിക്കഴിഞ്ഞിരുന്നു. നേതാക്കന്മാരെയും കുഞ്ഞിരാമനെയും ജോണിയെയും അപ്പുക്കുട്ടനെയും അവര് അറ ചെയ്തു വാനില് കയറ്റിക്കൊണ്ടുപോയി. കൊടികള് തട്ടിയിട്ടു. പെട്ടെന്ന് ഒരു കിഴവന് പ്രസംഗമണ്ഡപത്തിലേക്കു ചാടിക്കയറി കൊടിയെടുത്തു പൊക്കിപ്പിടിച്ചു: “അനിയന്മാരേ...”

“ഇത് അനീതിയല്യോ, അനിയന്മാരേ; ധിക്കാരമല്യോ? നീതിയൊണ്ടോ നിലയൊണ്ടോ ഈ രാജ്യത്ത്? ശ്രീമൂലം അസംബ്ലിവരെ കണ്ടവനാണ് ഈ നാറാണപിള്ള. ഇത്രയും അക്രമം ഈ ഭ്രമിയില് നടന്നിട്ടില്ല. ഈ അക്രമത്തെ....”

അപ്പോഴേക്കും ചേര്‍ത്തലപ്പാട്ടിലെ ചില വാക്കുകള്‍ക്കൂടി അങ്ങേരുടെ വായിലേക്കു വന്നു. അതോടെ ഒരു പോലീസുകാരന്റെ കൈ അങ്ങോരുടെ പിരടിയിലേക്കും വീണു--നാറാണപിള്ള താഴത്ത്. ആര്‍പ്പുവിളി, ബഹളം, കല്ലേറ്. പിന്നെ നടന്നത് ഒരു കൂട്ടത്തല്ലാണ്. കണ്ണില്‍ക്കണ്ടവനെല്ലാം തല്ലു കിട്ടി. ചവിട്ട്, കുത്ത്, ഇടി, കൂട്ടനിലവിളി. നിരത്തിലൂടെ പോകുന്നവര്‍ക്കും തല്ലു കിട്ടി. പാഞ്ഞവരെ പിന്തുടര്‍ന്നു തല്ലി. പീടികയിലേക്ക് ഓടിക്ക യറിയ വരെ കേറിച്ചെന്നു തല്ലി.

"ഞാന് വക്കീലാണേ!" പീടികക്കോലായില് നിന്നിരുന്ന ഒരു ചെറുപ്പക്കാരന് കൈയുയര്‍ത്തി പറഞ്ഞു.

"വക്കീലിനെന്തെടാ തല്ലു പറ്റില്ലേ?" അയാള്‍ക്കും കിട്ടി നാല്.

മണ്ണെണ്ണത്തപ്പും കയറ്റിവരുന്ന ഒരു കാളവണ്ടി തെളിക്കുന്നവനും കിട്ടി ഒരടി. അവന് ചമ്മട്ടി താഴത്തിട്ട് ഓടി. വണ്ടി നിരത്തില്‍ത്തന്നെ. നിസ്സാരവും കഴിഞ്ഞു പള്ളിയില്‍നിന്നിറങ്ങിയ ഒരു മുസല്യാരുടെ പിന്നാലെ ഒരുത്തന് ചെന്നു. മുസല്യാര് ഓടി. കുടയും മെതിയടിയും തലയില്‍ക്കെട്ടും തെറിച്ചു. അയാള് പള്ളിയിലെ കൊട്ടത്തളത്തില് ചെന്നു വീണു.

വിശ്വവും ഗോപാലകൃഷ്ണനും അമ്പരന്നുനില്‍ക്കുകയായിരുന്നു. പുറത്തുവീണ ഓരോ പൊതുക്ക് അവരെ ഞെട്ടിച്ചു.

"ആര്!" അവന് തിരിഞ്ഞുനോക്കി.

"നിങ്ങള് മൂപ്പന്മാരാണോ?"

"ഞാന്...."

ഒരടികൂടി: "പറയ്, മൂപ്പനാണോ?"

"അതേ." വിശ്വം പറഞ്ഞു.

പിരടിയില്‍പ്പിടിച്ച് ഒരുന്ത്.

"കേറ്, വാനില്!"

വിശ്വം കയറിയിരുന്നു. അവനൊന്നും മനസ്സിലായില്ല. പുറത്തൊരു ചെറിയ നീറല് അനുഭവപ്പെടുന്നുണ്ടെന്നുമാത്രം. വാന് ഓടുകയാണ്. അവന് അനങ്ങാതിരുന്നു. ഒന്നും ചിന്തിക്കാന് കഴിയുന്നില്ല. എന്തൊക്കെയോ പൊളിഞ്ഞു തലയില് വീണിരിക്കുന്നു. ശ്വാസംമുട്ടല്, ഒരു വിമ്മിട്ടം. ചെവിയില്‍നിന്നൊരു ചൂളംവിളി.

വാന് ചെന്നു നിന്നത് ഒരു വലിയ കെട്ടിടത്തിന്നു മുമ്പിലാണ്. ഇരുമ്പഴികള് നീങ്ങി. അവരെ പിടിച്ചുള്ളിലേക്കൊരു ഉന്ത്. മുഖമടിച്ചു വീഴേണ്ടതായിരുന്നു. അപ്പോഴേക്കും ഒരു കൈ വിശ്വത്തെ താങ്ങി. അത് കുഞ്ഞിരാമന്റേതായിരുന്നു. ജോണിയും കുഞ്ഞിരാമനുംകൂടി അവനെ താങ്ങിക്കിടത്തി.

വിശ്വത്തിന്നു ബോധമുണ്ടായിരുന്നില്ല. ഗോപാലകൃഷ്ണന് അമ്പരന്നു. കേള്‍ക്കാനും പറയാനും വയ്യാ.

നാല്

ആറു മണി കഴിഞ്ഞു. ഏഴുമണി കഴിഞ്ഞു. വിശ്വനാഥനും ഗോപാലകൃഷ്ണനും വന്നില്ല. സുലൈമാന് കാത്തിരിക്കുകതന്നെയാണ്. അയാള് അസ്വസ്ഥനായി അങ്ങോട്ടുമിങ്ങോട്ടും ഉലാത്തി. ആ മുട്ടിച്ചെരുപ്പിന്റെ ശബ്ദം 'ക്ടോം-ക്ടോം' എന്ന് ഉമ്മറക്കോലായില്നിന്നു കേട്ടുകൊണ്ടിരുന്നു. കൂടക്കൂടെ പടിക്കലേക്ക് നോക്കും, വീണ്ടും നടത്തം തുടരും. ഇതിന്നിടയില് വാതില്ക്കല് വന്നു നില്ക്കുന്ന ഖദീജയെ അയാള് കണ്ടില്ല. അവളുടെ ചോദ്യവും കേട്ടില്ല.

"കുളിക്കാന് സുടുബെള്ളം ബേണോ?"

അയാള് നടക്കുകതന്നെയാണ്. വളരെ മണിക്കൂറുകളായിട്ട് അയാള് അസ്വസ്ഥനായിരിക്കയാണ്. അത് ഖദീജയും മനസ്സിലാക്കിയിരുന്നു. എന്താണിതിന്നു കാരണമെന്ന് അവള്ക്കറിഞ്ഞുകൂടാ. കച്ചവടസംബന്ധമായും കുടുംബസംബന്ധമായും ഉണ്ടാകാറുള്ള എല്ലാ കുടുക്കുമസാലകളും അയാള് അവളുടെ മുമ്പില്വയ്ക്കുക പതിവാണ്. ആ ദമ്പതികള് ഒന്നിച്ചിരുന്നു വിഷമപ്രശ്നങ്ങള്ക്കൊരു സമാധാനം കണ്ടെത്തിയിട്ടുമുണ്ട്. തലേന്നാള് മുതല്ക്ക് അസ്വസ്ഥനായിരുന്നിട്ടും അയാള് തന്നോട് ഒന്നും പറയാത്തതെന്തെന്ന് അവള് അത്ഭുതപ്പെട്ടു. എന്തായാലും അങ്ങനെ വിട്ടു കൂടെന്ന് അവളും ഉറച്ചിട്ടുണ്ട്. പക്ഷേ, പതുക്കെ വേണം സമീപനം.

ഖദീജ അടുത്തേക്കു ചെന്ന് അയാളുടെ കൈ തൊട്ടു!

"ദാ പിന്നോയ്!"

സുലൈമാന് ഒന്നു തിരിഞ്ഞുനോക്കി:

"ഉ-ം?"

"ഇങ്ങക്കെന്തായിപ്പോയിന്നും?"

"ഒന്നൂല്യ."

"അച്ചേലിക്ക് പറഞ്ഞാല് പറ്റൂലല്ലേ."

"ഒന്നൂല്യ." അയാള് അതേ വാക്കുതന്നെ ആവര്ത്തിച്ചു. എന്നിട്ടു നടത്തവും തുടര്ന്നു--ക്ടോം, ക്ടോം, ക്ടോം....

"ഇങ്ങളങ്ങനെ തിരിഞ്ഞുനടന്നു ബമ്പനാവണ്ടാ, ങാ!"

"നീ അവിടുന്നു പോവുന്നുണ്ടോ?"

"എന്തിരുത്താനും ഇങ്ങള് ഖല്ബില് ബെച്ച് പൊകക്ക്ന്ന്?"

"എനിക്കിഷ്ടമുള്ളത്!" സുലൈമാന്നു ശുണ്ഠിവന്നു.

"ഏയ്! ഇങ്ങടെ ഇ ം ഞമ്മടെ ഇ ം അപ്പോയണ്ടാ? അറ്യാഞ്ഞിട്ടു ചോയിച്ചാ! എന്നു മൊതലിച്ചേ അതു തൊടങ്ങിത്?"

"ഖദീജ!"

"എന്തേയ് മീസ ബെറപ്പിക്കിന്ന്?"

"നീ അവിടുന്നു പോവ്വാ! ഇല്ലെങ്കില്പ്പിന്നെ നീ തന്നെ ദുഃഖിക്കും. എല്ലാ

സമയവും മനുഷ്യന് ഒരുപോലെയല്ല!" അയാള്, മദിച്ച കാളയെപ്പോലെ ഒന്നു തിരിഞ്ഞുനിന്നു. ഖദീജ ആ കണ്ണുകളിലേക്കു നോക്കി. ഒരു കൊടുങ്കാറ്റ് അവിടെ ചുഴന്നുകളിക്കുന്നത് ആ കുടുംബിനി കണ്ടു. അതോടെ അവള് തലവലിക്കുകയും ചെയ്തു.

ഖദീജ സ്വല്പനേരം അതേ നില്പില് നിന്നു. എന്നിട്ട്, ചടുന്നനെ വിരി തട്ടിനീക്കി അകത്തേക്കു കടന്നു. ആ പോക്കില് ദേഹത്തിലെ ആഭരണങ്ങളെല്ലാംകൂടി കലമ്പലുണ്ടാക്കി. എന്നിട്ടും സുലൈമാന് തിരിഞ്ഞുനോക്കിയില്ല.

അയാളുടെ ഹൃദയത്തില് ഒരു ചുഴലിക്കാറ്റു നടക്കുകയാണ്, തലേന്നാള് മുതല്ക്ക്. ഒരു പൂവിതള് ആ കാറ്റില് ചുറ്റിച്ചുറഞ്ഞു മേല്പോട്ടു പൊങ്ങി ഹൃദയത്തിന്റെ എല്ലാ കോണിലും ചെന്നു മുട്ടി പൊടുന്നനെ കീഴ്പ്പോട്ടു പതിക്കുന്നു; വീണ്ടും പൊക്കിയെടുക്കപ്പെടുന്നു. മൂക്കില് കുത്തിത്തറയക്കുന്ന സൗരഭ്യത്തോടുകൂടിയ ആ പൂവിതള് വിശ്വനാഥനാണ്. എന്തിനവന് വന്നു? താനെന്തിന് അവന്നു കൈകൊടുത്തു കരകയറ്റി. എന്നെന്നേക്കുമായി അടഞ്ഞുവെന്നു വിചാരിച്ച ഒരു വാതില് പെട്ടെന്നു തള്ളിത്തുറന്നിരിക്കയാണ്. അസംതൃപ്തമായി അടച്ചിടപ്പെട്ട ഭൂതകാലം പോലെ, അപകടംപിടിച്ച ഒന്നില്ല. അതു വെളിയിലേക്കു വരുന്നത് ഒരു പോക്കിരിയായിട്ടാണ്. തടവിലാക്കിയ ഇളങ്കാറ്റു പുറത്തേക്കു വരുന്നത് കൊടുങ്കാറ്റായിട്ടാണ്. അതെന്തൊക്കെ അടിച്ചുടയ്ക്കുമെന്നും തട്ടിത്തകര്ക്കുമെന്നും ആര്ക്കും പറയാന് വയ്യാ. എല്ലാറ്റിലും വിഷമം അതിനെ എതിര്ക്കാനോ നിഷേധിക്കാനോ മായ്ച്ചുകളയാനോ കഴിയില്ലെന്നതാണ്. തന്നെത്തന്നെയാണ് എതിര്ക്കേണ്ടത്. നിഷേധിക്കേണ്ടത്. മായ്ച്ചുകളയേണ്ടത്. തന്നോടു താന് പൊരുതുന്ന ഈ നിമിഷംപോലെ മനുഷ്യജീവിതത്തില് മഹത്തായും വേദനാകരമായും മറ്റൊന്നില്ല. അതു മുക്കുട്ടപ്പെരുവഴിയാണ്. കാട്ടാളനും മഹാത്മാവും അവിടെവെച്ചു കണ്ടെത്തി പിരിഞ്ഞു പോകുന്നു, വീണ്ടും കണ്ടെത്താന്. സുലൈമാന് ആ കവലയില് നില്ക്കുകയാണ്. എല്ലാം കഴിഞ്ഞു, മറന്നു എന്ന് അയാള് വിശ്വസിച്ചതാണ്. പുതിയൊരു ജന്മംതന്നെ എടുത്തുകഴിഞ്ഞു. പുതിയ മനുഷ്യര്, പുതിയ തരം കര്മ്മങ്ങള്, പുതിയ സാഹചര്യം, പുതിയ ചിന്തകള്. ആത്മാവിന്ന് ഒന്നു വളയഴിച്ചില് കഴിഞ്ഞതാണ്. ജീവിതം ഇഴഞ്ഞു മുന്നോട്ടുകയറി, പെട്ടെന്നൊരു മഴ, മണ്ണിട്ടുമൂടിയ എല്ലാ വിത്തും മുളച്ചു. ഒന്നും സംഭവിച്ചിട്ടില്ലെന്ന മട്ടിലാണ് അവ വരുന്നത്. ഒരു കയാംനാള്, അടക്കംചെയ്യപ്പെട്ട സ്മരണകളൊക്കെ ഉയിര്ത്തെഴുന്നേറ്റു. വിചാരണ ആരംഭിച്ചു.

സുലൈമാന് സ്വയം വിചാരണ ചെയ്യുകയാണ്. വേണോ വേണ്ടേ? അയാള്ക്കു മരക്കുറ്റിപോലെ അങ്ങിരിക്കാം. ആരാണ് ചോദിക്കാന്? ചോദിക്കുന്നതിന്നര്ത്ഥമുണ്ടോ എന്നും അയാള് ആലോചിച്ചു. ആദ്യത്തെ പഴം കൊഴിഞ്ഞുവീണിട്ടും മരം വളരുന്നില്ലേ? ആദ്യത്തെ കുഞ്ഞിനെപ്പറ്റി തള്ളപ്പക്ഷി

ബേജാറാവാറുണ്ടോ? ഖദീജയുടെ ആടിന്റെ മൂത്തകുട്ടി ഇപ്പോള് എവിടെയാണ്? തള്ള പിന്നെയും പെറ്റു. ആദ്യത്തെ കുട്ടി മരിച്ച അമ്മമാരില്ലേ? അച്ഛന്മാരില്ലേ? വെറുതെ വേവലാതിപ്പെടുകയാണ്. എല്ലാം ഇരിക്കുന്ന പാട്ടിന്നിരിക്കട്ടെ. കഴിയുന്ന സഹായം ചെയ്യാം. അതല്ലേ കൂടുതല് മാന്യത? കൂടുതല് മനുഷ്യത്വം?

ഏ?... മനസ്സിന്റെ അടിയില്നിന്നു മുഴങ്ങുന്ന ഒരു ചോദ്യം. ആ ശബ്ദം വര്ഷങ്ങള്ക്കു പിമ്പില്വെച്ച് അയാള് കേട്ടതാണ്. അതു സുപരിചിതമാണ്. അനേകകാലത്തേക്കു മനസ്സില്ക്കിടന്നു മുഴങ്ങിയതാണ്. അതോടൊപ്പം ചില രംഗങ്ങളും മനസ്സിലേക്കു കടന്നുവരുന്നു. തീയും പുകയും നിറഞ്ഞ അന്തരീക്ഷം, ഭീകരമായ ശബ്ദങ്ങള്, കൂട്ടനിലവിളികള്. അതിന്നിടയിലൂടെ രണ്ടു മനുഷ്യാത്മാക്കള് ഊളിയിട്ടുപോകയാണ്. ഒരാള് മറ്റൊരാളെ മാറിലടക്കിപ്പിടിച്ചിരിക്കുന്നു. ഭയത്താലും വേദനയാലും വിമ്മിട്ടത്താലും ഹൃദയത്തിന്റെ അടിത്തട്ടുവരെ ഉരുകിപ്പോയി. ഉരുകിയ ആത്മാക്കള് ഒട്ടിപ്പിടിച്ചു. ഏകാന്തതയുടെ തണുത്ത കാറ്റില് അവ ഉറച്ചു.

“ദേഷ്യാണോ?”

“അല്ല.”

“പിന്നെ?”

“ഇഷ്ടാണ്. പക്ഷേ--”

“എന്തേ?”

“എന്നെ കഷ്ടത്തിലാക്ക്വോ?”

“ഇല്ല. ഞാനിതുവരെ ഒരാളോടും ഇതു പറഞ്ഞിട്ടില്ല.” ഒരു നെടുവീര്പ്പ്.

ഇവയൊക്കെ ഇന്ന് ആയിരംമടങ്ങ് ശക്തിയോടെ സുലൈമാന്റെ ചെവിയില് വന്നലയ്ക്കുകയാണ്. ‘വരണേ, വരണേ...’ എന്ന് ആരോ അടുത്തു നിന്നു വിളിച്ചു പറയുന്നതുപോലെ തോന്നുന്നു. ആര്?

അയാള് ഉരുകി. ഇനി എന്തുവഴി? നേരെ നിന്നു പറയാം: ‘അതു ഞാനാണ്!’ പക്ഷേ, ആ പറച്ചില്കൊണ്ട് എല്ലാം അവസാനിച്ചില്ല. ആ ഒരൊറ്റ വാക്ക് ഇന്നത്തെ ജീവിതത്തെ ആകെ അട്ടിമറിച്ചുവെന്നു വരാം. അതു പാടുണ്ടോ, സാധ്യമാണോ?

വേണോ വേണ്ടേ? വീണ്ടും അവിടെത്തന്നെ ചെന്നെത്തുന്നു.

“സുലൈമാനിക്കാ!” പെട്ടെന്നാണ് കോലായൊരുക്കില്നിന്നൊരു വിളി പൊങ്ങിയത്. അയാള് മുഖമുയര്ത്തി നോക്കി. മരയ്ക്കാരാണ്. ആ സമയത്ത് അവന് കടന്നുവന്നതില് സുലൈമാനു വെറുപ്പു തോന്നി. എന്തൊരു തൊന്തരവ്!

“എന്തേ?” വന്ന കാര്യം പറഞ്ഞു പോവൂ എന്ന മട്ടില് അയാള് ചോദിച്ചു.

“കൊടുമായ ജഹള!”

“ഏ?”

“ഇന്നു ടൗണില് ഒരു കൂട്ടത്തല്ല്.”

“ആരു തമ്മില്?”

“പോലീസ് ബന്ന്, തൊയ്യാളികളെത്തല്ലി.”

“എന്തിന്?”

“ഇന്നല്ലേ ഓലടെ പൊറസംഗം? പിന്നെ കല്ലേറായി. അപ്പൊപ്പിന്നെ കണ്ണില്ക്കണ്ടോനൊക്കെ ബീക്ക്. പൊറസംഗിച്ചോന്നും പൊറസംഗം കേട്ടോന്നും നെരത്തിമ്മിക്കുടി പോണോന്നും ഒക്കെ തല്ല്. അഞ്ചാറെണ്ണം ലോക്കപ്പിലുമായി.”

“ആരൊക്കെ?” ഉദ്വേഗത്തോടെയായിരുന്ന ആ ചോദ്യം.

“പൊറസങ്ങക്കാരന് പുള്ള, ബടക്കന് നമ്പ്യാര്, പിന്നെ തൊയിലാളീന്റെ കൂട്ടത്തീന്ന് ജാക്കി.”

“ആര്?”

“ജാക്കി കുഞ്ഞിരാമന്.”

“ഹേ?”

“താന്നോന്നും, പിന്നെ രാരിച്ചന്. പിന്നെ ആരൊക്ക്യോ ഉണ്ട്. ഇക്കിസ്സ കേട്ടപ്പോ ഞമ്മള് പിന്നെ അങ്ങട്ട് പോയില്ല. ഏ? ഇബല് എത്തര കളിച്ചിട്ടന്താ മൊതലാള്ക്ക്യോള് ബിട്വേ? പക്കെങ്കില് ബല് പറേന്നോടുത്തു കാര്യം ഇല്ലാന്നല്ല. നയിച്ചേന് കായി കിട്ടണ്ടേ? പക്കെ മൊയലാളി മൊയലാളിയല്ലേ? ഓല് പറഞ്ഞാല് പോലീസും ബരും മയിസ്രേട്ടും ബരും. തുക്കിടിസ്സായിപ്പുതന്നെ ബന്ന്യന്നും ബരും. ഞമ്മള് കൂട്ട്യാല് പറ്റ്വോ? അപ്പോ ഞമ്മ സൂക്ഷിച്ചേ്?” ആ വിമര്ശനം അങ്ങനെ നീണ്ടുപോവുകയാണ്. സുലൈമാന് അതു ശ്രദ്ധിക്കുന്നേയില്ല. അയാള് പെട്ടെന്നു ചോദിച്ചു:

“നീ വന്നതെന്തേ?”

“ബറുക്കനെ.”

“എനിക്കു പുറത്തൊന്നു പോണം.”

“സരി.” മരയ്ക്കാര് എഴുന്നേറ്റു നടന്നു.

അയാള് അകത്തു കടന്ന് ഖദീജയുടെ മൂത്ത പെണ്ണിനെ വിളിച്ച് രാധയുടെ അടുത്തേക്കു ചെല്ലാന് പറഞ്ഞു.

“എന്തിന്?” ഖദീജയാണ് ചോദിച്ചത്. അടുക്കളവാതിലും ചാരി മുഖവും കനപ്പിച്ചു നില്ക്കയാണ് അവള്.

“വിശ്വം അവിടെ വന്നോ എന്നു നോക്കി. വേഗം വാ.” ആ പെണ്കുട്ടി അനുജനെയും കൂട്ടി പിന്പുറത്തെ വാതിലിലൂടെ നടന്നു. സുലൈമാന് ഉടുപ്പു മാറ്റുകയാണ്.

“എബടക്കാ?” ഖദീജ മയത്തില് ചോദിച്ചു.

“പുറത്തു പോണം.”

“എന്താ ബേജാറ്?”

“ഒന്നുമില്ല, ഖദീജാ. നീ വെറുതെ ഭയപ്പെടുകയാണ്.”

“ഇങ്ങളും ഈ ബിസ്വവും ഒക്കെപ്പാടെ എന്തിരുത്തോ ബല

ഉണ്ടാക്ക്ന്നണ്ടന്നാ ഇക്ക് തോന്ന്ണ്.”

“ഒന്നൂല്ല, ഖദീജാ. ഞാന് വന്നിട്ടൊക്കെ പറയാം.”

“കുളിക്കണ്ടേ?”

“വേണ്ടാ.”

“അജ്ജാള് ബന്നില്ല, ഉമ്മാ.” പെണ്കുട്ടി ഓടിവന്നറിയിച്ചു.

“എന്നാല്...” സുലൈമാന് സ്വല്പമൊന്ന് ആലോചിച്ചിട്ടു പറഞ്ഞു:

“നീ അവിടെ പോയി ഇരുന്നോ, ഞാന് മടങ്ങിവരുമ്പോള് നിന്നെക്കൂട്ടാം. ഏ? പിന്നെ.... അല്ലെങ്കില്, അതു മതി. വേഗം ചെല്ല്.”

“ചെല്ലു, മോള!” ഖദീജയും പറഞ്ഞു.

സുലൈമാന് പുറത്തേക്കു കടന്നു. അയാള് ഇരുട്ടില് മറയുന്നതുവരെ ഖദീജ നോക്കിനിന്നു. അവള് വേവലാതിപ്പെട്ടു: “മൂപ്പരിക്ക് എന്തേക്കും, തമ്പിരാനേ...”

സുലൈമാന് വെച്ചടിച്ചു. അയാള് ഇരുപുറത്തേക്കും നോക്കിയില്ല -- മൂക്കിന്നു നേരെ മുന്നോട്ട്. അയാള് ഇടവഴികള് പിന്നിട്ടു നിരത്തിലെത്തി. ഹൃദയമിടിപ്പു വര്ദ്ധിച്ചുകൊണ്ടു വരികയാണ്; നടത്തത്തിന്റെ വേഗവും.

“എങ്ങ്ട്ടാ, സുലൈമാനിക്കാ, ഇപ്പൊ?” വഴിയില്നിന്ന് ആരോ വിളിച്ചു ചോദിച്ചു. അതു കേട്ടുവെന്നു തോന്നിയില്ല.

ഒന്നും മിണ്ടാതെ മുമ്പോട്ടു നീങ്ങി. മനസ്സു പറക്കുമ്പോള് കാലുകള്ക്ക് ഇഴയാന് വയ്യ.

പാലം കടന്നു. പത്തടി നടന്നപ്പോള് അയാള്ക്കഭിമുഖമായി ഒരാള് വന്നു: “നില്ക്കി.”

നിന്നു. വന്നവനെ രണ്ടു തവണ നോക്കിയിട്ടാണ് അയാള് മനസ്സിലാക്കിയത്. ഹസ്സനാണ്.

“എന്തേ?” സുലൈമാന്.

“ഇങ്ങടെ നാട്ടാരന് ആ കുട്ടിയില്ലേ?”

“ആര്?”

“ഇങ്ങടെ ആ പെരേല് താമസിക്കുന്ന ചെറുബാല്യക്കാരന്.”

“വിശ്വം?”

“തന്നെ.”

“എന്തേ?”

“ലോക്കപ്പിലായിടക്ക്ണ്.”

“എങ്ങനെ?” സുലൈമാന്റെ ഒച്ച ചിലമ്പിയിരുന്നു.

“ഒരു കൂട്ടത്തല്ലും കൂട്ടപ്പിടുത്തും അല്ലേന്നു? അക്കൂട്ടത്തില് ആ കുട്ടീനീം പിന്നെ മറ്റേ കുട്ടീനീം പുടിച്ചുകൊണ്ടു പോയിക്കടക്ക്ണ്.”

“ഞാന് വരാം.” അയാള് രണ്ടടി മുന്നോട്ടു വെച്ചു. എന്നിട്ടു തിരിഞ്ഞു നിന്നു പറഞ്ഞു: “നീ ഇതു വീട്ടില് പറയേണ്ടാ.”

“ഇല്ല.”

സുലൈമാന് പിന്നെ ഏതാണ്ട് ഓടുകതന്നെയാണുണ്ടായത്. കലികയറിയ

മട്ടായിരുന്നു. കുറെ നടന്നതിനുശേഷമാണ് എവിടേക്കാണ് പോകേണ്ടതെന്നുതന്നെ ആലോചിച്ചത്. അയാള് നിന്നു. എന്നിട്ടു ചിന്തിച്ചു. ഒരു നിമിഷം വീണ്ടും നടത്തമാരംഭിച്ചു.

സുലൈമാന് നേരേ ചെന്നു കയറിയത് കാര്ത്തികേയന്റെ വീട്ടിലേക്കാണ്. ഗേറ്റ് തള്ളിത്തുറന്ന് അകത്തു കടന്നപ്പോള് ഉമ്മറത്തുനിന്ന് ഒരു ചോദ്യം:

"ആരാത്?"

"ഞാനാണ്."

ഉമ്മറത്തു നില്ക്കുന്നത് ശാന്തയാണ്. നിറവെളിച്ചത്തു നില്ക്കുന്ന ആ പെണ്കിടാവിനെ ഒന്നു നോക്കി. കണ്ടു മറന്നുപോയപോലുള്ള ഒരു മുഖം. ഈ കുട്ടിയെ എവിടെവെച്ചു കാണാനാ? വെറും തോന്നലാണ്.

"എന്താ വേണ്ടത്?" ശാന്ത ചോദിച്ചു.

"ഇവിടെയില്ലേ?"

"വിളിക്കാം."

അവള് അകത്തേക്കു പോയി. സുലൈമാന് ഉമ്മറത്തുണ്ണും ചാരി നിന്നു. അയാള്ക്കു നില്പുറയ്ക്കുന്നില്ല. എങ്കിലും നില്ക്കുകയല്ലാതെ വഴിയില്ലല്ലോ.

"എന്തേ?" ഉമ്മറത്തേക്കു കടന്നുകൊണ്ട് കാര്ത്തികേയന് ചോദിച്ചു.

"ഒരപകടം പറ്റിയിരിക്കുന്നു."

"എന്ത്?"

"എന്റെ നാട്ടുകാര് രണ്ടു കുട്ടികള് ഇവിടെ വന്നിരുന്നു. അവര് ഇന്നത്തെ ലഹളേല് കുടുങ്ങി."

"എന്നിട്ട്?"

"ലോക്കപ്പിലാണ്."

"അവരും പ്രസംഗക്കാരാണോ?"

"അല്ല. നിരത്തിന്മേല് നിന്നപ്പോ കൂട്ടത്തില് പിടിച്ചുകൊണ്ടുപോയ താണ്; അവരു സാധുക്കളാ. എട്ടുംപൊട്ടും തിരിയാത്ത കുട്ടികള്!"

"എന്താ പേര്?"

"വിശ്വനാഥന്. പിന്നെ ഗോപാലകൃഷ്ണന്."

ശാന്തയും ഉമ്മറത്തേക്കു വന്നു. പേരു കേട്ടപ്പോള് അവള് അവിടെ നിന്നു.

"ഒന്നും ചെയ്യാതെ പോലീസ് പിടിക്ക്വോ സുലൈമാന്?" കാര്ത്തികേയന് ഒരു സോഫയിലിരുന്നുകൊണ്ടു ചോദിച്ചു.

"ഒന്നും ചെയ്തിട്ടില്ല. അവന് ഒരു പൊട്ടനാ. ഓരോ ദിക്കില് ചെന്നാല് മിഴിച്ചു നോക്കിനില്ക്കും. പട്ടണത്തില് പരിചയമില്ല. അതുകൊണ്ടു പറ്റിയതാണ്."

"ഞാനിപ്പോള് എന്താ വേണ്ടത്?"

"അവനെ ഒന്നു വിടീച്ചുതരണം."

"അതെളുപ്പമാണോ, സുലൈമാന്?"

"അയ്യോ! എന്തെങ്കിലും ചെയ്യണം. വല്യേ ഉപകാരാവും."

“നിങ്ങളുടെ ആരെങ്കിലുമാണോ കൂട്ടികള്?”

സുലൈമാന് ഒന്നു പരുങ്ങി. എന്നിട്ടു പറഞ്ഞു:

“നാട്ടുകാരാ, പിന്നെ നല്ലവരാ. അവരീ വിക്രമങ്ങളൊന്നും അറിയുകതെന്നായില്ല.”

“ആട്ടെ, രാവിലെ എന്തെങ്കിലും ചെയ്യാം.”

“രാവിലെയാകുമ്പോഴേക്കും പോലീസ് അവരെ...” ഗദ്ഗദം അയാളുടെ തൊണ്ട തടഞ്ഞു.

കാര്ത്തികേയന് സുലൈമാനെ ഒന്നു നോക്കി. ശാന്തയും അയാളെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു.

“ശരി.” കാര്ത്തികേയന് ആലോചിച്ചുകൊണ്ടു പറഞ്ഞു: “ഞാന് ഒരു കത്തു തരാം. ഇന്സ്പെക്ടരുടെ അടുത്തു കൊണ്ടുപോയി കൊടുക്കു. നിരപരാധികളായിട്ടുള്ള മനുഷ്യര് ദ്രോഹിക്കപ്പെടരുതല്ലോ. പിന്നെ സുലൈമാന് പറഞ്ഞ ഒരു കാര്യമല്ലേ?”

“വലിയ ഉപകാരമായി.”

കാര്ത്തികേയന് കുറിപ്പെഴുതുമ്പോഴെല്ലാം ശാന്ത സുലൈമാനെത്തന്നെ നോക്കി നില്ക്കുകയായിരുന്നു.

സുലൈമാന് കത്തു വാങ്ങി, പടി കടന്നു, ഗേറ്റടഞ്ഞു.

“ആരാ ഈ മനുഷ്യന്?” ശാന്ത ചോദിച്ചു.

“വിറകു കോണ്ട്രാക്ടറാണ്. നല്ലൊരു മനുഷ്യനാണ്.”

“എവിടത്തുകാരനാ?”

“തെക്കനാ.”

“ആരെയാണ് പോലീസ് പിടിച്ചത്?”

“ഇയാളുടെ നാട്ടുകാരന് ഒരു വിശ്വനാഥനെ.”

“ഉ–ം.”

ശാന്ത ഒന്നു മൂളി അകത്തേക്കു പോയി. കാര്ത്തികേയന് പിന്നാലെയും. സുലൈമാന് പുറത്തു കടന്ന് ഒരു റിക്ഷാക്കാരനെ വിളിച്ചു:

“പോലീസ് ഇന്സ്പെക്ടറുടെ വീട്ടിലേക്ക്.”

റിക്ഷയ്ക്ക് വേഗമില്ലെന്ന് അയാള്ക്കു തോന്നി. പക്ഷേ, പെട്ടെന്നു വണ്ടി നിന്നു.

“എന്തേ?”

“ഇതാ ഇന്സ്പെക്ടരുടെ വീട്.”

“ഇത്ര അടുത്തോ?”

അയാള് ഒരു ഉറുപ്പിക റിക്ഷാക്കാരന്നു കൊടുത്തു നടന്നു. ചില്ലറ മാറിക്കൊണ്ടുവരാമെന്നു റിക്ഷാക്കാരന് പറഞ്ഞത് അയാള് കേട്ടതേയില്ല. പടിക്കല് നില്ക്കുന്ന പോലീസുകാരന് ചോദിച്ചു:

“എന്തു വേണം?”

“മൂപ്പരെ ഒന്നു കാണണം.”

“എന്തിന്?”

“കാര്‍ത്തികേയന് മുതലാളി ഒരു കത്തു തന്നിട്ടുണ്ട്.”

പോലീസുകാരന് അയാളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ഇന്‍സ്പെക്ടര് കത്തു വായിച്ചിട്ടു പറഞ്ഞു:

“അവരു കോണ്‍ഗ്രസ്സാണോ?”

“ഒന്നുല്ല. ബഹളം കണ്ടപ്പോ അമ്പരന്നു നിന്നുപോയതാ. അവര്‍ക്ക് ഒന്നും അറിഞ്ഞുകൂടാ.”

“ഉ–ം.” ഇന്‍സ്പെക്ടര് കനത്തിലൊന്നു മൂളി.

“ശരി. നാളെ രാവിലെ വരൂ.”

“അയ്യോ!”

“എന്തോ?”

“നാളേക്ക്... ”

“ഒന്നും വരില്ല. ഞാന് ശ്രദ്ധിച്ചോളാം. ഭയപ്പെടേണ്ടാ. പോയ്ക്കോളൂ. കുഴപ്പമൊന്നും വരില്ല. ഏ?”

“ഇന്നു വിട്ടുതന്നാല്...”

“ഇപ്പോ നിവൃത്തിയില്ല. പറയുന്നതു കേള്‍ക്ക്.”

ഇനി എന്തു പറയണം എന്ന് സുലൈമാനു നിശ്ചയമില്ല. അയാള് സമ്മതിച്ചു.

“എന്നാല് പോയ്ക്കോളൂ.”

“ലോക്കപ്പില് ചെന്ന് ഒന്നു കാണാന്...”

“ഇപ്പോ ഒന്നും തരപ്പെടില്ല എന്നു പറഞ്ഞില്ലേ? നാളെ കാലത്തു വന്നോളൂ. വിഷമമൊന്നും ഉണ്ടാവില്ല.”

“ശരി.”

സുലൈമാന് തിരിഞ്ഞു നടന്നു. പടികടന്നപ്പോഴേക്കും അയാള് തളര്‍ന്നിരുന്നു. പതിനാറും പതിനെട്ടും മണിക്കൂറുകള് തുടര്‍ച്ചയായി മരത്തടികള് ഉന്തിയ ദിവസങ്ങളുണ്ട്. അന്നൊന്നും ഇങ്ങനെയൊരു തളര്‍ച്ച തോന്നിയിട്ടില്ല. തന്നില്നിന്നു ശക്തി ചോര്‍ന്നുപോകുന്നതുപോലെ അയാള്ക്കു തോന്നി. ‘നാളെ അവനീം കൂട്ടിക്കൊണ്ടു വീട്ടില് പോയാല് മതി എന്നുവെച്ചാലോ?’ അയാള് ഒരു നിമിഷം ആലോചിച്ചു. അപ്പോള്‍ത്തന്നെ രാധയെപ്പറ്റി ഓര്‍ത്തു. ‘അപ്പോഴേക്ക് ആ പെണ്‍കുട്ടീം ചാടിവീണു!’ അയാള് പിറുപിറുത്തു: “എല്ലാം തികയണ്ടേ.” അയാള്ക്ക് ആരെയെങ്കിലും ശകാരിക്കണമെന്നു തോന്നി. ആരെ?

“ഇങ്ങനൊക്കെ വരുത്തിയവന്ന് ഇതിനെപ്പറ്റിയൊന്നും ഒരു ഉത്തരവാദിത്വവുമില്ലേ?” അയാള് തന്നത്താന് സമാധാനിപ്പിച്ചു: “ഗൗളി വിട്ടം താങ്ങുന്നതുപോലെ, ഞാന് വെറുതെ ബേജാറാവുകയാണ്.”

അയാള് തിരിഞ്ഞുനടന്നു. വഴിനീളെ അയാള് ആലോചിച്ചത് രാധയോട് എന്താണ് പറയേണ്ടതെന്നാണ്. പറയേണ്ട വാചകങ്ങള് അയാള്

ആലോചിച്ചുറച്ചു.

"തുറക്ക്."

കതകില് മുട്ടിക്കൊണ്ട് അയാള് പറഞ്ഞു. വാതില് തുറന്നു. രാധയോട് അയാള് പറഞ്ഞു:

"വിശ്വം ഒരു കാര്യത്തിന്നു പോയിരിക്കയാണ്. ഇന്നു വരില്ല."

"വരും എന്നാണല്ലോ പറഞ്ഞത്."

"അതേ. പിന്നെ ഞാന് പറഞ്ഞയച്ചതാണ്."

"ഉ–ം."

"വേറെ ഒന്നും ഇല്ലല്ലോ?"

അവള് നിശ്ശബ്ദതകൊണ്ട് എന്തോ പറയാനുണ്ടെന്നു വരുത്തി.

"എന്താ?"

"കുഞ്ഞിരാമനെ കണ്ടോ?"

"ഉ–ം."

ആ ചോദ്യം സുലൈമാന് പ്രതീക്ഷിച്ചതല്ല.

"നാളേക്കു വരും."

"പിന്നെ ഇവളിന്ന് ഇവിടെ നിന്നോട്ടെ." ഖദീജയുടെ മകളെ ചൂണ്ടിക്കാട്ടിക്കൊണ്ട് സുലൈമാന് പറഞ്ഞു.

"ഓ."

"വാതിലടച്ചോളിന്."

അയാള് പുറത്തേക്കിറങ്ങിക്കഴിഞ്ഞു. ശരംപോലെ വീട്ടില്ച്ചെന്നു കയറി. ചാരിവെച്ച വാതില് തള്ളിത്തുറന്നു. വിളക്കിന്നടുക്കെ താടിക്കു കയ്യും കൊടുത്തു ചിന്താമഗ്നയായിരിക്കയാണ് ഖദീജ.

"ബന്നോ!" അവള് തട്ടിപ്പിടഞ്ഞെഴുന്നേറ്റു: "മോളെവിടെ?"

"അവള് ഇന്നവിടെത്തന്നെ കിടക്കാണ്ത്രെ."

"അപ്പൊ ചോറു ബൈക്കണ്ടേ?"

"അവടന്നുണ്ടോളും, പിന്നെ നീ ഊണുകഴിച്ചോ?"

"ഇല്ല. ഇങ്ങള് ബര്ണ്ടേ?"

"എനിക്കു വിശപ്പു തോന്നുന്നില്ല."

"ഒരു പുടി ബൈച്ചോളി."

അവള് ഭക്ഷണം കൊണ്ടുവന്നു നിരത്തി. നിശ്ശബ്ദരായി അപ്പുറത്തും ഇപ്പുറത്തുമിരുന്ന് അവര് ഭക്ഷണം കഴിച്ചു. നിശ്ശബ്ദരാണെന്നു രണ്ടു കൂട്ടരുമറിഞ്ഞില്ല. അകത്ത് അത്ര ബഹളം നടക്കുകയാണ്. അയാള് നാലുരുള ഉണ്ട് എഴുന്നേറ്റു. കൈകഴുകി അങ്ങോട്ടുമിങ്ങോട്ടും ഉലാത്തുകയായി. ഖദീജ ഊണുകഴിഞ്ഞു വന്നപ്പോഴും അയാള് നടത്തം തുടരുകയാണ്. അവള് കിടക്കയില് കയറിക്കിടന്നു. അപ്പോഴും നടത്തംതന്നെ.

"ഇന്നു കെടക്ക്ന്നില്ലേ?"

"ഏ?"

“കെടക്ക്ന്നില്ലേന്ന്?”

“കിടക്കാം.”

“ഇങ്ങക്കെന്തായിപ്പോയി? ഇക്ക് കേക്കാവുന്നതാച്ചാല് പറീന്. ഇങ്ങള് ഇന്നലെ തൊടങ്ങീതാണല്ലോ. തീപ്പിടിച്ച കൂട്ടിലെ മെത്രുന്റെ ചേലിക്ക് കളിക്കാന്.”

“വിശേഷിച്ചൊന്നും ഇല്ല ഖദീജാ.”

“ഇബ്ബാക്ക് ഇമ്മിണി നേരായി കേക്കാന് തൊടങ്ങീട്ട്. എന്താച്ചാല് ഇങ്ങക്ക് എന്നോടു പറഞ്ഞൂടേ? ഞമ്മള് ഇങ്ങടെ ആരാ?”

സുലൈമാന് ഖദീജയുടെ മുഖത്തേക്കൊന്നു നോക്കി. നിശ്ശബ്ദനായി നോക്കിനിന്നു.

“ഇങ്ങള്തന്നെ പറീന്.” അവള് തുടര്ന്നു: “ഇച്ചേലിക്കു ചൂടും പൊകേം എടുത്തു നടക്കുമ്പോ,ന്റെ തിതി എന്തായിരിക്കും? ഇങ്ങളത് ആലോസിക്കുന്നുണ്ടോ? ഇസ്റ്റല്ലാച്ചാല് അതിങ്ങോട്ടു പറഞ്ഞോളിന്.” അവളുടെ ശബ്ദം ഇടറിയിരുന്നു.

“ഖദീജ!” വളരെ മൃദുലമായിരുന്നു ആ ശബ്ദം.

“ഇങ്ങള് ഇഞ്ഞി ഒരാളെത്തന്നെ അറത്ത്, എന്നാലും ഇക്ക് കേട്ടൂടേ? എന്നോടല്ലാതെ ഇങ്ങള് ആരോട് പറ്യാന്? ഇങ്ങക്ക് ഞാനല്ലാതെ പിന്നെ ആര്? ഇക്ക് ഇങ്ങളല്ലാതെ ആര്?"--ആ കുടുംബിനിയുടെ കണ്ണുകള് നിറഞ്ഞിരുന്നു.

“ഖദീജ--” സുലൈമാന് അവളോടു ചേര്ന്നിരുന്നുകൊണ്ടു പറഞ്ഞു:

“നീ അതൊന്നും അറിയാതിരിക്കുകയാണ് നല്ലത്.”

“ഹെന്തായാലും ഇക്കറിയണ്ടേ? ഞാന്....”

“കരയാതെ. നിന്റെ ഗുണത്തിനുവേണ്ടിയാണ് ഞാന് പറയുന്നത്. നീ കേള്ക്കേണ്ട.”

“കേള്ക്കണം. തുക്കിക്കൊല്ലുന്ന കാര്യായാലും സരി.”

അയാള് ഇരിപ്പില്നിന്നും എഴുന്നേറ്റു. വീണ്ടും നിശ്ശബ്ദനായി അങ്ങോട്ടുമിങ്ങോട്ടും നടന്നു. എവിടെനിന്നാണ് തുടങ്ങേണ്ടത്? എങ്ങനെയാണ് തുടങ്ങേണ്ടത്? അഥവാ തുടങ്ങേണ്ടതുണ്ടോ? ഈ അഴിനീക്കലോടുകൂടി താനെന്താവും? തുഴ കൈമോശം വന്ന വഞ്ചിക്കാരന്റെ സംഭ്രമം. തോണി അഴിമുഖത്തേക്കു കുതിക്കുകയാണ്. അട്ടഹസിച്ചു ചാടിക്കുതിക്കുന്ന തിരമാല കാണാം. മരണം നേരിട്ടു വരുന്നതു കാണുകയാണ്. സുലൈമാന്റെ കുടുംബജീവിതം ഇതോടെ മരിക്കാം.

“ഞാന് ഒന്നു ചോയിച്ചോട്ടെ” ഖദീജ അയാളെ പിടിച്ചുനിര്ത്തി.

“എന്താ, ഖദീജ?”

“ഇങ്ങളും ബിസ്വും ആ പെങ്കുട്ടീം ഒക്കപ്പാടെ എന്തിരുത്താ ഒരേടാ കൂടം? ന്നോടു പറീന്. എന്നെ ബിസ്വസിക്കിന്.”

അയാള് അവളുടെ രണ്ടു ചുമലും കടന്നുപിടിച്ചു. ആ നിറഞ്ഞുതുളുമ്പുന്ന

കണ്ണുകളിലേക്കു നോക്കി. മനുഷ്യനില് അതിദുര്ല്ലഭമായിമാത്രം സ്ഫുരിക്കാറുള്ള അലൗകികവും തീക്ഷ്ണവുമായ തേജഃസ്ഫുരണം അയാളുടെ കണ്ണുകളില് മിന്നി. അതെന്താണെന്ന് ഖദീജയ്ക്ക മനസ്സിലായില്ല. എങ്കിലും അതിന്റെ മഹത്ത്വം അവള് അനുഭവിച്ചു.

"പറീന്." അവള് അപേക്ഷിച്ചു.

"വിശ്വം..." അയാള് നിര്ത്തി.

"ബിസ്വം?" അവള് തിരക്കി.

"അവന് എന്റെ മകനാണ്!"

"ഹേ!" അവള് ഇരുന്നുപോയി. "മാലിക്കുല് ജബ്ബാറായ തമ്പിരാനേ!"

സുലൈമാനും അവളുടെ അടുത്തുതന്നെ ഇരുന്നു. ഇത്രയും വലിയ ഒരാഘാതമാവുമെന്ന് ഖദീജ ഓര്ത്തതല്ല. ആകെ വിയര്ത്തുപോയി. എങ്കിലും സഹജമായ ആ യാഥാര്ത്ഥ്യബോധം അവളെക്കൊണ്ടു ചോദിപ്പിച്ചു:

"ഓന്റെ തള്ള?"

"ഇല്ല."

ഖദീജ നെടുതായി ഒന്നു നിശ്വസിച്ചു. രണ്ടുപേരും മിണ്ടാതിരിക്കുകയാണ്. ഏതാപത്തിന്നും തയ്യാറായിട്ടാണ് സുലൈമാന്റെ ഇരുപ്പ്. അയാളുടെ കണ്ണുകള് കലങ്ങിയിരുന്നു. നാസാദ്വാരം വിടര്ന്നു. സ്വതേ സ്ഥൂലമായ ആ ശരീരം കൂറേക്കൂടി സ്ഥൂലിച്ചപോലെ തോന്നി. അയാളുടെ തലയില്ക്കെട്ടിന്റെ തുമ്പിന്മേല് ജാലകത്തിലൂടെ വരുന്ന ഇളങ്കാറ്റു തിരുപ്പിടിച്ചുകൊണ്ടു നിന്നു.

"എന്നിട്ട്?" ഖദീജയാണ് മൗനം ഭഞ്ജിച്ചത്.

"അതുതന്നെ."

"ഇതേബരെ കടുപ്പം ശെയ്യായിരുന്നോ, അക്കുട്ടീനെ തിരിഞ്ഞു നോക്കാണ്ടെ?"

സുലൈമാന്റെ ആത്മാവില് ഈ ചോദ്യം ഒരു തിരിയുളി കടത്തി. അയാള് ചാടിയെഴുന്നേറ്റു പറഞ്ഞു: "ഞാന് കടുപ്പം ചെയ്തു, അല്ലേ?" ലോകത്തെ മുഴുവന് തെറിപ്പിക്കുന്ന ഒരു പുച്ഛച്ചിരി ചിരിച്ചുകൊണ്ട് അയാള് തുടര്ന്നു: "ഞാന് കടുപ്പം ചെയ്തു, അല്ലേ? ഞാനാരോടും ഒന്നും ചെയ്തില്ല ഖദീജ." ദേഹത്തിലെ രക്തം മുഴുവന് ആ മുഖത്തേക്കു തള്ളിവന്നു. "ഞാന് ഒരു ഉറുമ്പിനെപ്പോലും ദ്രോഹിച്ചിട്ടില്ല. എന്റെ ഇഷ്ടപ്രകാരം ഞാനിങ്ങനെ ആയതല്ല. എന്നെ ആക്കിയതാണ്. ഇന്നതില് എനിക്കു വ്യസനമില്ല. എല്ലാം ഒന്നുതന്നെ, എന്റെ തല പണയംകെട്ടിയിരുന്നു. ആരും ഏതും ഇല്ലാതെയിരിക്കുന്ന ആ നീയെക്കുട്ടി വരാമെന്നു പറഞ്ഞിട്ടുപോലും എന്നെ വിശ്വസിച്ചില്ല. ഞാന് ഒറ്റുകാരനാവുമത്രേ. ഞാന് കാട്ടാളന്മാരുടെ കൂട്ടത്തിലായിരുന്നു. അന്നെല്ലാവര്ക്കും ഭ്രാന്തായിരുന്നു. ഭ്രാന്ത്! ചിലരെയെല്ലാം കൊന്നു. ദ്രോഹിച്ചു. എന്നെയും ദ്രോഹിച്ചു. എന്റെ വേദനയും ആശങ്കയും അറിയിച്ചതിന്ന്. എന്നെക്കൊണ്ട് ശവം ചുമപ്പിച്ചിട്ടുണ്ട്. എന്നെ പിടിച്ചിടിച്ചിട്ടുണ്ട്. എല്ലാവരുംകൂടി എന്നെപ്പിടിച്ചു വേറെ ഒരാളാക്കി. ഭ്രാന്തന്മാരോട് എന്തു

പറയാന്? അവിടംകൊണ്ടവസാനിച്ചോ? ഇതൊക്കെ സഹിച്ചു. വിചാരണ ആരംഭിച്ചപ്പോള് ഞാനായി ദ്രോഹി. നോക്ക്, ഖദീജ! എന്റെ ഈ കൈയിന്റെ ചട്ട മറിച്ചിട്ടു കെട്ടീട്ടുണ്ട്. തോക്കിന്റെ ചട്ടകൊണ്ടു നൂറുകണക്കില് ഇടി ഞാന് കൊണ്ടിട്ടുണ്ട്. എന്തിന്? വെറുതെ, ഒന്നും ചെയ്യാത്തതിന്ന്! ഇടിച്ചിടിച്ച് ബോധംകെട്ടു വീഴുമ്പോള് വെള്ളം തന്നു ബോധംവരുത്തി വീണ്ടും ഇടിക്കുക. ഒരു ദിവസമല്ല. പല ദിവസം.... "

"ഓന്റെ റബ്ബേ!" ഖദീജ തേങ്ങി.

സുലൈമാന് അതു ശ്രദ്ധിക്കാതെ തുടര്ന്നു: "ഒരീച്ചയെപ്പോലും ദ്രോഹിക്കാത്ത എന്നെ ശിക്ഷിച്ചു. കേക്കു, ഖദീജേ, അനേകദിവസം ജയിലിലെ മണ്ണിന്കൊട്ട ഞാന് ചുമന്നിട്ടുണ്ട്."

"എന്റെ തമ്പിരാനേ!" ഖദീജയ്ക്കു ശ്വാസംമുട്ടുമ്പോലെ തോന്നി.

"എല്ലാം കഴിഞ്ഞു പുറത്തുവന്നപ്പോള് ഞാന് ഞാനല്ലാതായിരിക്കുന്നുവെന്ന് എല്ലാവരും പറഞ്ഞു. എനിക്കു വല്ല മാറ്റവും വന്നിരുന്നോ? ഒന്നും തോന്നിയില്ല. എനിക്കെല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. കേക്ക്, ഖദീജ! എന്റെ ആണിവേര് അടര്ന്നുകഴിഞ്ഞിരുന്നു. എന്നിട്ടും ഞാന് തേടിപ്പോയി. അപ്പോഴേക്കും എല്ലാം കഴിഞ്ഞിരുന്നു. ഇക്കുട്ടി ബാക്കിയാണെന്നു ഞാനറിഞ്ഞില്ല. ഞാന് ഒക്കെ അവസാനിപ്പിക്കാന് തീര്ച്ചപ്പെടുത്തിയതാണ്. മരയ്ക്കാരു ചാടിപ്പിടിച്ചില്ലായിരുന്നുവെങ്കില് എന്റെ ശവം ഈ പുഴയിലൂടെ ഒഴുകിപ്പോകുമായിരുന്നു. അറിയോ ഖദീജ..."

"ഓ! ആ മനിസനെ പടച്ചോന് കാക്കട്ടെ."

"ഞാനിതിലൊന്നും ഇന്നു വ്യസനിക്കുന്നില്ല." അയാള് അല്പം ശാന്തനായി തുടര്ന്നു: 'ദൈവം എനിക്കിതാണ് വെച്ചത്. ദൈവം തരുന്നത് എപ്പോഴും നല്ലതാവും.'

"ഇപ്പോ എങ്ങനെ അറിഞ്ഞത്?"

"രാധ പറഞ്ഞിട്ട്. ആ കുട്ടിയുടെ അച്ഛനാണ് അവനെ എടുത്തു വളര്ത്തിയത്...."

സുലൈമാന് വല്ലാതെ കിതച്ചിരുന്നു. അയാള് കിടക്കയില് ഇരുന്നു.

"ഖദീജ.... ഇനി നിന്റെ ഇഷ്ടംപോലെ ചെയ്തോ."

"എനിക്ക് എങ്ങനെയായാലും എന്തായാലും ഇങ്ങളെ ഇസ്റ്റാ. എന്റെ മയ്യത്തെടുക്കുവോളം അയിനൊട്ടു കൊറവും ബരുലാ."

സുലൈമാന് ആ കുടുംബിനിയെ ഒന്നു നോക്കി. അപ്പോഴത്തെപ്പോലെ അവള് ഒരിക്കലും അത്ര സുന്ദരിയായി തോന്നിയിട്ടില്ല.

"ഖദീജ!"

"ഓ!"

"നിനക്കിതു പൊറുക്കാന് കഴിയോ?"

"അതെന്ത്യേ?ന്റെ മക്കളെങ്ങള് നോക്കുന്നില്ലേ?" അപ്പോ ഇങ്ങടെ മോന്. "ഇതിനാ ഇങ്ങളിപ്പോ ബേജാറാവുന്നത്? ബെറുക്കനെ ഇരിക്കിന്."

ആ സംഭാഷണം വാസ്തവത്തില് അന്തരീക്ഷത്തിന്റെ കനംകുറയ്ക്കുകതന്നെ ചെയ്തു. സുലൈമാന്ന് അപ്പോഴാണ് താന് ജയിലില്നിന്നും മുക്തനായെന്നും തോന്നിയത്; അപ്പോഴാണ് ഭര്ത്താവായതെന്നും അച്ഛനായതെന്നും തോന്നിയത്. തടസ്സങ്ങളും വേദനകളും മാഞ്ഞുപോവുകയാണ്, പഴയ കാലത്തിന്റേതായ ഒരു കാറ്റ് അയാളുടെ തലയിലേക്കടിച്ചു. അയാള് അറിയാതെ വിളിച്ചുപോയി: "ദൈവമേ!"

മനുഷ്യഹൃദയം ഒരു സ്നേഹപാനം ഏറ്റിരിക്കയാണ്. അയാള് കിടന്നു. എന്നിട്ടും ഉറക്കംവന്നില്ല. വിശ്വത്തെപ്പറ്റി വിചാരിക്കാതിരിക്കാന് കഴിയുന്നില്ല. അവന്നിതു പുതിയ അനുഭവമാണ്. ആ കുട്ടി വല്ലാതെ വേവലാതിപ്പെടുകയാവും. അവന് തന്നെ ഓര്ക്കുകയായിരിക്കുമോ? നേരം ഒന്നു വെളുത്തു കിട്ടിയെങ്കില്!

അയാള് തിരിഞ്ഞുമറിഞ്ഞു കിടന്നു കഴിച്ചുകൂട്ടി. പുലരാറായപ്പോഴാണ് ഒന്നു മയങ്ങിയത്. ഹൃദയം സ്വപ്നത്തിലേക്ക് ഉരസിയിറങ്ങി. ചുറ്റും തീത്തിരമാലകള് അടിച്ചുകൊണ്ടിരിക്കുന്ന ഒരു ദ്വീപിലാണ് അയാള് നില്ക്കുന്നത്. പലനിറത്തിലുള്ള വെയിലാണവിടെ. പച്ചയും മഞ്ഞയും നീലയും ചുവപ്പുമായ വെയില്. സൂക്ഷിച്ചുനോക്കിയപ്പോള് അതു വെയിലല്ലെന്നും മനസ്സിലായി. രത്നങ്ങളില്നിന്നും പുറപ്പെടുന്ന പ്രഭാപടലങ്ങളാണ്. പച്ചത്തഴപ്പെഴുന്ന മരക്കുടിലുകള്. നടുക്കുള്ള മരത്തിന്മേല് ഒരു ീ ചാരിനില്ക്കുന്നു. ചുറ്റും ഒരു നിലാവു പരന്നിട്ടുണ്ട്. ഏതാണ് ആ ീ? അതെ, അവളാണ് --അവള് അയാളെ നോക്കി തേങ്ങിത്തേങ്ങിക്കരയുകയാണ്. അയാള്ക്ക് അങ്ങോട്ടോടിയെത്തണമെന്നുണ്ട്. പക്ഷേ, നടന്നിട്ടു നീങ്ങുന്നില്ല. അരയോളം വെള്ളത്തിലൂടെയാണ് നീങ്ങുന്നതെന്നും തോന്നി. നടന്നുനടന്ന് അയാള് കുഴഞ്ഞു ക്ഷീണിച്ചു വീഴാന് പോകുകയാണ്. സുലൈമാന് ഉറക്കെ വിളിച്ചു: "കുഞ്ഞുക്കുട്ടീ...."

ഞെട്ടിയുണര്ന്നു. ഖദീജ അടുത്തുതന്നെ നില്ക്കുന്നു.

"എന്തേയ്?"

"ഒന്നുമില്ല."

താന് ആകെ വിയര്ത്തിരിക്കുന്നുവെന്ന് സുലൈമാന് മനസ്സിലാക്കി. അയാള് അസ്സലായി ഒന്നു കുളിച്ച്, ഉടുപ്പു മാറ്റി, കുടയുമെടുത്തു പുറേത്തക്കു പോയി.

"ബേം ബര്രുലേ?" ഖദീജ വിളിച്ചു ചോദിച്ചു.

"വരും."

അയാള് നേരേ പോലീസ്സ്റ്റേഷനിലേക്കാണ് ചെന്നത്. അയാള് പടിക്കലെത്തിയപ്പോള് വിശ്വനാഥനും ഗോപാലകൃഷ്ണനും പുറത്തേക്കു വരുന്നു. അയാള് കുട താഴെയിട്ട് ഓടിച്ചെന്ന് വിശ്വത്തെ കെട്ടിപ്പിടിച്ചു: "എന്റെ മകനേ...."

"നിങ്ങളോ!" വിശ്വം അയാളുടെ മുഖത്തേക്കു നോക്കി. ആ പരുത്ത

മനുഷ്യന്റെ കണ്ണുകള് നനഞ്ഞിരിക്കുന്നതായി ഗോപാലകൃഷ്ണന് കണ്ടു.

കൂട്ടിലെ ചിറകടി

ഒന്ന്

ശാന്ത തട്ടിപ്പിടഞ്ഞെഴുന്നേറ്റു. ചുറ്റും നോക്കി. ഓ, നേരം നന്നെയായിപ്പോയി. ചൂടുപിടിച്ച സൂര്യകിരണങ്ങള് ജാലകത്തിന്നുള്ളിലൂടെ കടന്നുവരുന്നു. അവ ചിരിക്കുകയാണ്. വെളിച്ചത്തിന്നു കരയാന് അറിഞ്ഞു കൂടല്ലോ. അതേ ഇരിപ്പില്ത്തന്നെ മുഖവും കനപ്പിച്ചു സ്വല്പനേരം ഇരുന്നു; കുത്തഴിഞ്ഞ മനസ്സൊന്നു ശരിപ്പെടുത്താനെന്നപോലെ. അടക്കിയൊതുക്കി ഓരോ കള്ളറകളിലായി വെച്ചിരിക്കുകയായിരുന്നു. വികാരങ്ങളെ പാക്ക് ചെയ്തിരിക്കയാണ്. പെട്ടെന്നൊരു തട്ടിമറിയല്, എല്ലാം മേല്ക്കീഴായി. വികാരങ്ങള് അതതു സ്ഥാനങ്ങളില് അടങ്ങിയിരിക്കുന്നില്ല. തലേന്നാള് രാത്രി മുഴുവന് ബഹളമയമായിരുന്നുവെന്ന് അവള്ക്കു തോന്നി. അടി, ഇടി, നിലവിളി, കൂറ്റന് നിഴലുകള് സൃഷ്ടിച്ചുകൊണ്ടു കടന്നുപോവുന്ന പല വര്ണ്ണത്തിലുള്ള വെളിച്ചങ്ങള്, ഇരുമ്പുചങ്ങലകളുടെ കിലുക്കങ്ങള്, തേങ്ങല്, നെടുവീര്പ്പ്, ശ്വാസംമുട്ടല്. ഇവയ്ക്ക നടുവിലൂടെ വലിച്ചിഴയ്ക്കപ്പെട്ട ഒരു രാത്രിയാണ് കഴിഞ്ഞതെന്നു തോന്നി. പക്ഷേ, അങ്ങനെയെന്തെങ്കിലുമുണ്ടായോ? ഉണ്ടായില്ലേ? താന് ഈ കട്ടിലില്ക്കിടന്നു ശാന്തമായി ഉറങ്ങുകയായിരുന്നോ? അതേ വീട്ടിക്കട്ടില്, അതേ പതുത്ത കിടക്ക, അതേ ചിത്രപ്പണികളോടുകൂടിയ തലയണ, എല്ലാം പഴയപടി തന്നെ. ഒരുവശം അല്പം പൊക്കിയിട്ട കൊതുകുവല കാറ്റില് മെല്ലെമെല്ലെ ഇളകുന്നു. ഒരു മൂലയ്ക്കായി കിടക്കുന്ന മേശയും അതിന്മേലുള്ള താണ്ഡവോത്സുകനായ ശിവന്റെ പ്രതിമയും പഴയപോലെ നില്ക്കുന്നുണ്ട്. ചുമരിലെ വിചിത്രമായ ക്ലോക്ക് അവിടെത്തന്നെയുണ്ട്, അതിന്റെ നെറുകയി ലൂടെ ഏന്തിനോക്കുന്ന നീഗ്രോവിന്റെ തലയും. മണിക്കൂറു കൂടുമ്പോള് ആ നീഗ്രോ ഒന്നു വായപൊളിച്ചലറും. ബോംബെയില്നിന്നു വന്ന ഒരു കച്ചവടക്കാരന് കാര്ത്തികേയന്നു സമ്മാനിച്ച ആ നാഴികമണി അവളെ എപ്പോഴും ആഹ്ളാദിപ്പിച്ചിരുന്നു. ഭീകരനായ ആ നീഗ്രോവിന്റെ അലര്ച്ച, അവളില് ഉറങ്ങിക്കിടക്കുന്ന എന്തോ ഒന്നിനെ തൊട്ടുണര്ത്താറുണ്ട്. ആ അനുഭവം സുഖിതമായിരുന്നുതാനും. അവള് നോക്കി. ഇനിയും പതിനെട്ടു നിമിഷം

കഴിഞ്ഞേ അവന് അലറൂ. എതിര്വശത്തെ ചുമരില് തോല്കൊണ്ടു കെട്ടിച്ചു വാര്ണീഷിട്ടു നിറുത്തിയ ആ ഉണ്ടക്കണ്ണന് കാട്ടുപോത്തിനെ നോക്കിയിട്ടാണ് നീഗ്രോ അലറുന്നത്. രണ്ടു ചുമരിലായി തളച്ചുനിര്ത്തിയ ഈ സുഹൃത്തുക്കളെ മാറിമാറി നോക്കിക്കൊണ്ട് അനേകം മണിക്കൂറുകള് അവള് കഴിച്ചിട്ടുണ്ട്. ആ രണ്ടു ചങ്ങാതിമാരും താനുംകൂടിയേ പൂര്ണ്ണതവരികയുള്ളൂവെന്നു തോന്നിത്തുടങ്ങിയിരിക്കുന്നു. കിടപ്പറയില്നിന്ന് ആ നീഗ്രോവിനെ പുറത്താക്കാന് കാര്ത്തികേയന് ഉത്സാഹിക്കായ്കയല്ല.

"ഇത് തളത്തിലെ ചുമരിലേക്കു മാറ്റാം," ക്ലോക്ക് ചൂണ്ടിക്കാട്ടിക്കൊണ്ട് അയാള് ഒരിക്കല് പറഞ്ഞു: "ശബ്ദംകേട്ട് രാത്രിയില് ഞെട്ടിപ്പോകുന്നു."

"വേണ്ടാ." ശാന്ത ഉടനെ പ്രതിഷേധിച്ചു: "അത്ര ഉശിരില്ലാത്തവര് ഉറങ്ങരുത്."

"ഇന്നലെ രാത്രി അവന്റെ തലമണ്ടയുടയ്ക്കാന് തോന്നി എനിക്ക്."

"എങ്കിലും അവനെ നോക്കിയപ്പോള് ഞെട്ടിപ്പോയി, അല്ലേ?" ശാന്ത ഒരു ചെറുചിരിയോടെ ചോദിച്ചു.

"ഒരു മൃഗത്തിന്റെ മുഖം." കാര്ത്തികേയനും ചിരിച്ചു.

"എങ്കിലും അവന് ഉശിരുള്ളവനാ. അവനാണ് ആകെയുള്ള രസം."

"എന്നക്കൊട്ടിലുമധികം?"ഒരു പ്രേമാഭ്യര്ത്ഥനയുടെ സ്വരമുണ്ടായിരുന്നു കാര്ത്തികേയന്റെ ആ ചോദ്യത്തിന്. അവളാകട്ടെ, ഒരു കഷായശ്ലോകം ചൊല്ലിക്കേട്ട മുഖഭാവത്തോടെ പ്രതിവചിച്ചു:

"ചിലപ്പോള്."

ദിവാന്ജി, ഒരു വങ്കനെപ്പോലെ, കുലുങ്ങിക്കുലുങ്ങിച്ചിരിച്ചു താഴേക്കിറങ്ങിപ്പോയി. അങ്ങനെ ഇളക്കാതെ നിര്ത്തിയ നീഗ്രോ അവിടെത്തന്നെയുണ്ട്. അതിന്റെ കീഴെ കിടക്കുന്ന കാര്ത്തികേയന്റെ കട്ടില്. ചുളി വീണ വിരിപ്പോടുകൂടിയ കിടക്ക.

"ഓ, അദ്ദേഹം എഴുന്നേറ്റുപോയിക്കഴിഞ്ഞു." അവള് തന്നോടുതാന് പറഞ്ഞു. എന്നിട്ടു ചുറ്റും ഒന്നു നോക്കി. ഒരു വ്യത്യാസവുമില്ല. ഈ മുറിയിലാണ് തലേന്നാള് താന് കിടന്നുറങ്ങിയതെന്നു സമ്മതിക്കാന് ഒരു മടി. അത്രയ്ക്കധികം സമ്മര്ദ്ദം അനുഭവിച്ചുകഴിഞ്ഞു.

തലച്ചോറിനെ ആവരണം ചെയ്ത നേര്ത്ത മൂടല്മഞ്ഞു നീങ്ങുകയാണ്. കൂടുതല് വ്യക്തമായി കാര്യങ്ങള് കാണാന് കഴിയുന്നു. ഇന്നലെ ഉണ്ടായതെല്ലാം സ്വപ്നങ്ങളാണോ? സ്വപ്നങ്ങളുടെ കടന്നല്ക്കൂട്ടില്ക്കിടന്നാണ് ഉറങ്ങിയിരുന്നത്. ഇത്രയൊക്കെ ഹൃദയസമ്മര്ദ്ദമുണ്ടാകാന് എന്തു സംഭവിച്ചു? തലേന്നാള് കഴിഞ്ഞതെല്ലാം അവള് ഓര്ത്തുനോക്കി: സന്ധ്യമയങ്ങുന്നതുവരെ എല്ലാം ക്രമത്തില്ത്തന്നെ നടന്നു. അപ്പോഴാണ് ആ ഗ്രഹപിഴക്കാരന് മുസല്മാന് ഓടിവന്നറിയിച്ചത്, വിശ്വനാഥന് ജയിലിലകപ്പെട്ടിരിക്കുന്നുവെന്ന്. ഏതു വിശ്വനാഥന്? അതിപ്പോഴും അറിഞ്ഞുകൂടാ, ഈ വലിയ ലോകത്തില് എത്ര വിശ്വനാഥന്മാരുണ്ടാവും! അത് ഏതോ

ഒരു തെണ്ടിച്ചെക്കനായിരിക്കും. അങ്ങനെ പലതും ആലോചിച്ചു സമാധാനിക്കാന് നോക്കിയതാണ്. പക്ഷേ, സമാധാനം വന്നില്ല. ആകെ അട്ടിമറിഞ്ഞു. മറന്നതൊക്കെ ഓര്മ്മവരികയാണ്. 'അവസാനം അതു വിശ്വമായിരിക്കുമോ?' –ഉറക്കംപിടിക്കുന്നതുവരെ മനസ്സ് പിറുപിറുത്തു: 'ജയിലില് വെളിച്ചമുണ്ടാകുമോ? അതിരുകളടഞ്ഞ ഗ്രഹയാണോ? ജയില്പ്പുള്ളികളെ അടിക്കുമോ?....' അങ്ങനെ പുലരാറായപ്പോഴാണ് അവള് ഉറങ്ങിയത്. ഇതിന്നിടയില് കാര്ത്തികേയന് വരുന്നതും താന് ഉറങ്ങിക്കഴിഞ്ഞോ എന്നന്വേഷിച്ചതും വിളക്കു താഴ്ത്തി പോയിക്കിടന്നതും എല്ലാം അവള് അറിഞ്ഞിരുന്നു. 'ശാന്ത ഉറങ്ങിയോ?' എന്ന അയാളുടെ തണുത്ത ചോദ്യം കേട്ടപ്പോള് മരക്കട്ടകൊണ്ട് ഒരേറുകൊണ്ടപോലെ തോന്നി. 'ഇല്ലെടോ വിഡ്ഢി!' എന്ന് ഉള്ളില് കരുതുകയും ചെയ്തു. പക്ഷേ, നിശ്ശബ്ദമായി കിടന്നതേയുള്ളൂ. അരനാഴികയ്ക്കുള്ളില് ആ പോത്തന്റെ കൂര്ക്കംവലി അവള് കേട്ടു. പിന്നീട് അഞ്ചോ ആറോ തവണ അവളുടെ നീഗ്രോ അലറുന്നതും കേട്ടു. അവനു മാത്രമാണ് ഒരു സഹഭാവമുള്ളത് എന്ന് അപ്പോഴൊക്കെ വിചാരിക്കുകയും ചെയ്തു. ശാന്ത, നിശ്ശബ്ദനായി കണ്ണും തുറിച്ചുനില്ക്കുന്ന നീഗ്രോവിനെ ഒന്നു നോക്കി: "മിടുക്കന്!"

കോണിപ്പടിയില്നിന്നുകേട്ട കാലടിശബ്ദം അവളെ ആലോചനകളില് നിന്നുണര്ത്തി. അവള് സാരിയൊന്നു ശരിപ്പെടുത്തി നേരെയിരുന്നു കാര്ത്തികേയന് അകത്തേക്കു വന്നു. അയാള് ഫാക്ടറിയിലേക്കു പോകാന് ഉടുത്താരുങ്ങിക്കഴിഞ്ഞിരിക്കുന്നു. ശാന്തയുടെ നേരെ നോക്കി ഒന്നു മന്ദസ്മിതം തൂകി: "ശാന്ത ഉണര്ന്നോ?"

ആ തണുത്ത ചോദ്യം കേട്ടപ്പോള് മുഖത്തൊരടി കൊടുക്കാനാണ് തോന്നിയത്. പക്ഷേ, അവളൊന്നു മൂളിയതേയുള്ളൂ: "ഉ–ം."

"ഞാന് ഫാക്ടറിയിലേക്കു പോകുന്നു." നെക്ടൈ ശരിപ്പെടുത്തുന്നതിനിടയില് കാര്ത്തികേയന് പറഞ്ഞു.

"അയാളെ വിട്ടോ?" പെട്ടെന്നു ശാന്ത ചോദിച്ചു.

"ആരെ?"

"ഇന്നലെ വെറുതെ പിടിച്ചു ജയിലിലിട്ടു എന്നു പറഞ്ഞ ആ ആളെ?"

ആ പേര് ഉച്ചരിക്കാതെ കഴിക്കാന് അവള് യത്നിക്കുകയായിരുന്നു.

"വിട്ടിട്ടുണ്ടാവാം. ഞാന് ഇന്സ്പെക്ടര്ക്ക് കത്തു കൊടുത്തിട്ടുണ്ട്."

"ഉച്ചയ്ക്ക് വരുമ്പോള് അതറിഞ്ഞുവരണം."

"വരാം." എന്നിട്ടു തിരിഞ്ഞു നിന്നു ചോദിച്ചു: "ശാന്ത അയാളെ അറിയുമോ?"

"നാട്ടിലുള്ള മനുഷ്യരെയൊക്കെ ഞാനെങ്ങനെ അറിയാന്?" പരുഷമായിരുന്ന ആ ചോദ്യം: "നിരപരാധിയായ ഒരു മനുഷ്യനെ ദ്രോഹിച്ചിട്ട് ആ പാപം കൈക്കൊള്ളേണ്ടെന്നുവെച്ചു പറഞ്ഞു."

ഭാര്യയുടെ മനോഭാവം ദിവാന്ജിക്ക് ഇഷ്ടമായി. അവള് ആര്ദ്രചിത്തയാണല്ലോ.

‘അന്വേഷിക്കാം’ എന്നു പറഞ്ഞുകൊണ്ട് അയാള് കോണിയിറങ്ങി. അയാളുടെ പോക്കുനോക്കിക്കൊണ്ടു നിന്ന ശാന്ത പെട്ടെന്നു മുഖം തിരിച്ചു മുറിയിലേക്കുതന്നെ പോന്നു. അപ്പോള് അവളുടെ നീഗ്രോ ഒന്നലറി. അതവളെ സന്തോഷിപ്പിക്കുകയുംചെയ്തു. ശാന്ത ഏന്തിനിന്ന് ആ നീഗ്രോവിന്റെ താടിക്കു താളംപിടിച്ചുകൊണ്ടു പറഞ്ഞു:

“പോക്കിരി! നീ അയാളെ പേടിപ്പിക്കുന്നുണ്ട്, അല്ലേ?”

അവള് കണ്ണാടിയില് ചെന്നു നോക്കി. കണ്പോളകള് അല്പം വീങ്ങിയിട്ടുണ്ട്. സാരമില്ല. അപ്പോഴും കവിളുകളിലെ പനിനീര്പ്പൂക്കള്ക്കു വാട്ടം തട്ടിയില്ല. കവിളുകള് വിരല് കൊണ്ടു പതുക്കെയൊന്നമര്ത്തി, അവള് മന്ദസ്മിതം തൂകി. എന്തൊരു പ്രകാശം! അങ്ങനെ കുറച്ചുനേരം നിന്നപ്പോള് ആരോടോ എന്തൊക്കെയോ സംസാരിച്ചപോലെ തോന്നുകയും ചെയ്തു. അവള് കാലടികള് പതുക്കെപ്പതുക്കെവെച്ച് ഒന്നു നൃത്തംചെയ്തു. ഒന്നു ചുറ്റിത്തിരിഞ്ഞു കണ്ണാടിയിലേക്കു നോക്കി. മുഖം സ്വല്പംകൂടി തുടുത്തിരിക്കുന്നു. യൗവനം അതിന്റെ എല്ലാ മഴവില്ലുകളെയും അവിടെ ഉദിപ്പിച്ചിരിക്കുന്നു. അവ പിടിച്ചുപറ്റാനൊരാളില്ല. എന്തൊക്കെ ആശിച്ചാണ് ഇങ്ങോട്ടു വന്നത്! പറക്കുന്ന ഒരാവിയന്ത്രത്തില് ഇരിക്കണമെന്നാണ് അവള്ക്ക്. പക്ഷേ, നന്നായി അലങ്കരിച്ച ഒരു കാളവണ്ടിയിലാണ് കയറിയത്--തണുത്തുറഞ്ഞ അന്തരീക്ഷത്തിലൂടെ ഇഴഞ്ഞുനീങ്ങുന്ന ഒരു കാളവണ്ടി.

“ശവം!” അവള് സ്വയം പറഞ്ഞു. വിശ്വത്തിന്റെ കാലടിവെപ്പുകളെപ്പറ്റി ഓര്ക്കാതിരിക്കാന് കഴിഞ്ഞില്ല. എത്ര ദ്രുതമായിട്ടാണ് അവ ചലിക്കുന്നത്! ശബ്ദപൂര്ണ്ണമായ നിമിഷങ്ങള് ഉതിര്ന്നുതിര്ന്നു വീഴുകയാണ്. അവനോടുകൂടി നൃത്തംവെച്ച ദിവസങ്ങളിലനുഭവിച്ച ആനന്ദമൂര്ച്ഛ അവള് സ്മരിച്ചു. കാറ്റില് തെന്നിത്തെന്നിപ്പോയി അന്തരീക്ഷത്തിലേക്കലിഞ്ഞുചേരുന്ന ഒരു നീലമേഘമായിരുന്നു താനെന്നു തോന്നി. വിശ്വത്തിന്ന് എന്തൊരാത്മാര്പ്പണമായിരുന്നു! ആ ആരാധനയും പിടിച്ചുപറ്റാനുള്ള വീറില്ലായ്മയും മാത്രമാണ് അവളെ വെറുപ്പിച്ചിരുന്നത്. പക്ഷേ, ആ ഹൃദയത്തില് സ്പന്ദനങ്ങളുണ്ടായിരുന്നു. ആവേശംകൊണ്ട് ആ ശരീരം വിറച്ചിരുന്നു. വിശ്വം അത്രയും ഭീരുവായിരുന്നില്ലെങ്കില്! അല്ലെങ്കില്, അതു ഭീരുത്വമായിരുന്നോ? അമ്മയോടുള്ള കടപ്പാടു മറക്കാനാവുമോ? അതോര്ത്തപ്പോള് ശാന്തയ്ക്ക് ലക്ഷ്മിക്കുട്ടിയമ്മയോടു കലശലായ വെറുപ്പു തോന്നി. ‘ആ തീയാണെന്നെ നശിപ്പിച്ചത്.’ തന്നെ മാത്രമോ, വിശ്വം ഓടിപ്പോയി എന്ന് എത്ര സ്തോഭരഹിതമായിട്ടാണ് അവര് പറഞ്ഞത്! അവരും ആ ഗതികെട്ട കുറുപ്പാശാന്നംകൂടി ആ നല്ല മനുഷ്യനെ ഓടിച്ചുകളഞ്ഞു. ഓടിയോടി ഇവിടെ എത്തിയതായിരിക്കുമോ? ‘പാവം ഞാന് ആ മനുഷ്യനെ നശിപ്പിച്ചു!’ ഹൃദയത്തില് ഒരു കടച്ചില്.

“വെള്ളം ചൂടായിരിക്കുന്നു.” ഭൃത്യന് വന്നറിയിച്ചു.

“ശരി, കുളിമുറിയില് കൊണ്ടുപോയി വയ്ക്ക്.”

“വെച്ചു.”

“ഇതാ വരുന്നു.”

അവന് ഇറങ്ങിപ്പോയി.

‘കുളി, ഊണ്, ചമയല്, ഉറക്കം! എന്തൊരു ജീവിതം! എന്നും ഒരു പോലെ. ആര്ക്കുവേണ്ടി ഞാന് ഈ തടവുശിക്ഷയനുഭവിക്കുന്നു....?ഒരു തടിമാടനു കളിപ്പാട്ടമായി ജീവിച്ചിരിക്കാന് എനിക്കു വയ്യ.’ കുറച്ചു നേരം അവള് ചിന്തിച്ചു: ‘ഒന്നുകില് ഞാന് ഞാനാവും. അല്ലെങ്കില് എനിക്കറിയാം...’ അവള് ചടുപിടുന്നനെ കോണിയിറങ്ങി താഴേക്കു പോയി.

അവള് തളത്തിലും അടുക്കളയിലും എല്ലാം ഓടിനടന്നു നോക്കി. ഭൃത്യയെ വിളിച്ചു:

“എടീ നാണീ!”

“ഓ!” അവള് ഓടിക്കിതച്ചെത്തി.

“എന്തെടീ, ഈ വിഴുപ്പുകെട്ട് ഇവിടെത്തന്നെ വെച്ചിരിക്കുന്നത്?”

“അലക്കാനുള്ളതാണ്.”

“എന്നുവെച്ച് ഇവിടെ വിഴുപ്പുമണം പരത്തണോ? വൃത്തികെട്ട വക! എടുത്തുകൊണ്ടുപോ!”

ആ ചെറുപ്പക്കാരി വിഴുപ്പും താങ്ങിപ്പിടിച്ചു പുറത്തേക്കോടി. തലയും ചൊറിഞ്ഞു നില്ക്കുന്ന ഭൃത്യനെ വിളിച്ചു:

“എടോ താനെന്താ സദാരാമയിലെ അഴകുപോലെ, നിന്നു പരുങ്ങുന്നത്! പൈക്കള്ക്ക് വെള്ളം കാട്ടിയോ?”

“ഉവ്വ്.”

“പൈക്കളെ കറന്നുകഴിഞ്ഞോ?”

“കഴിഞ്ഞു.”

“താന് കുളിച്ചോ?”

“ഇല്ല.”

“വൃത്തികെട്ട പോത്തേ! തനിക്കൊന്നു നേരത്തെ കുളിച്ചാലെന്താ?”

വഴിക്കുവെച്ച പാത്രങ്ങള് തട്ടിമറിച്ചുകൊണ്ട് അവള് കടന്നുപോയി. ഭൃത്യന് വിചാരിച്ചു: ‘ഇന്നു ലഹളയ്ക്കാരുങ്ങിത്തന്നെ വന്നതാ!’

അവള് കുളിമുറിയുടെ വാതില്ക്കല്ചെന്ന് ഉറക്കെ വിളിച്ചു: “എടീ നാണീ... നാണീ.”

“ഓ...” ആ പെണ്ണ് ഓടിക്കിതച്ചെത്തി.

“എവിടെയാ നിന്നെക്കൊണ്ടുപോയി കുഴിച്ചിട്ടിരിക്കുന്നത്? ഇവിടെ വാ. ഇത്തിരി വെള്ളം തലയില് വീഴ്ത്തിത്തരാന് ഈ വീട്ടിലൊരാളില്ല!”

“ഞാന് വീഴ്ത്തിത്തരാം.”

“അതിനു ഞാന് നിന്നോടു കെഞ്ചണം, അല്ലേ?”

അവള് വാതില് തള്ളിത്തുറന്നു കുളിമുറിയിലേക്കു കടന്നു. ഭൃത്യ പിന്നാലെയും. പുറത്ത് എണ്ണ പുരട്ടുമ്പോള് ശാന്ത ചോദിച്ചു:

“ഞാന് അധികം തടിക്കുന്നുണ്ടോ, നാണീ?”

“ഇല്ലല്ലോ.”

പിന്നെ കുറെ നേരത്തെ നിശ്ശബ്ദത. പെട്ടെന്നു മൃദുലമായ ഒരു സ്വരത്തില് അവള് ചോദിച്ചു:

“നാണീ, നിന്റെ ആ നായരില്ലേ, ശങ്കുണ്ണ്യാര്?”

“ഓ...” നാണി മന്ദസ്മിതം തൂകിക്കൊണ്ട് ഒന്നു കുഴഞ്ഞാടി.

“അവന് നിന്നെ എപ്പൊഴേ കല്യാണം കഴിച്ചത്?”

“രണ്ടരക്കൊല്ലായില്ലേ.” സംഗീതംപോലെയുള്ള ഒരു മറുപടി.

“സുഖമാണോ?”

“ആ...!” വീണ്ടും ഒരു സംഗീതം. പിന്നെ, ശാന്ത ഒന്നും ചോദിച്ചില്ല. അവള് എന്തോ ചിന്തിക്കുകയായിരുന്നു. തല തുവര്ത്തിക്കഴിഞ്ഞപ്പോള് ശാന്ത വീണ്ടും ചോദിച്ചു:

“ശങ്കുണ്ണ്യാര്ക്ക് നിന്നെ ഇഷ്ടമാണോ?”

“ഉം.” ഒരു കുണുങ്ങിയാട്ടം.

“നിനക്ക് അയാളെ ഇഷ്ടമാണോ?”

“ഉം.”

“ശങ്കുണ്ണ്യാരെന്തേ നിന്നെ കല്യാണം കഴിക്കാന്?”

നാണി നിശ്ശബ്ദയായി നിന്നു മന്ദസ്മിതം തൂകി.

“പറയ്.”

“ഇഷ്ടായിട്ട്.”

“കല്യാണം കഴിക്കുന്നതിന്നുമുമ്പേ ഇഷ്ടായിരുന്നോ?”

“ഉവ്വെന്നേ പറഞ്ഞത്.”

“അയാള് നിന്നെ ശകാരിക്കാറുണ്ടോ?”

“ചിലപ്പോ.”

“അടിക്ക്വോ?”

“ഒരു ദിവസം അടിച്ചു.”

“എന്നിട്ടും നിനക്ക് അയാളെ ഇഷ്ടമാണോ?”

“അവനവന്റെ ആളുകളാവുമ്പോ അങ്ങനെയൊക്കെ ഉണ്ടാവില്ലേ?”

“ഇഷ്ടമുണ്ടെങ്കില് അടിക്കോ?”

“ദേഷ്യം വരുമ്പോ അങ്ങനെ ചെയ്യുന്നുവെന്നേയുള്ളൂ; ഞാനെന്നു വെച്ചാല് പ്രാണനാ.”

“ങാഹാ!”

ശാന്തയ്ക്കു നാണിയുടെ നേരെ ദേഷ്യംതോന്നി. ഓ! പെണ്ണിന്റെയൊരു നാമൂസ്! അവള് ഗൗരവം നടിച്ചുകൊണ്ട് ആജ്ഞാപിച്ചു: “ആട്ടെ, ആ സാരിയിങ്ങോട്ടെടുക്ക്.”

അതുടുത്ത് അവള് പുറത്തേക്കു കടന്നുപോയി. മുടി ചീകുമ്പോഴും സിന്ദൂരം തൊടുമ്പോഴും എല്ലാം ശാന്ത ആ പരുക്കന് ശങ്കുണ്ണിനായരെപ്പറ്റി ആലോചിച്ചു.

‘ഞാനെന്നുവെച്ചാല് പ്രാണനാ’ എന്ന നാണിയുടെ വാക്ക് അവളുടെ കാതില് കിടന്ന് മുഴങ്ങി. എത്ര അഭിമാനത്തോടെയാണ് അവളതു പറഞ്ഞത്! തനിക്ക് അങ്ങനെയൊന്നു പറയാന് കഴിവുണ്ടോ?

“ചായയും പലഹാരവും.” – ഭൃത്യന് വന്നറിയിച്ചു.

“ഇതാ വരുന്നു––” അവള് പരുഷമായി പറഞ്ഞു. എന്നിട്ടു തല ചീകി, കണ്ണെഴുതി പൗഡറിട്ടു തിരിഞ്ഞും മറിഞ്ഞും, മറിഞ്ഞും തിരിഞ്ഞും അഞ്ചുതവണ കണ്ണാടിയില് നോക്കി––ഗൗരവത്തില്. പുഞ്ചിരി തൂകിക്കൊണ്ട്, കൊഞ്ചനം കുത്തിയിട്ട്, ഒടുവില് നീഗ്രോവിനെ നോക്കി ഒന്നു ചിരിച്ചു കീഴ്പ്പോട്ടിറങ്ങിപ്പോയി.

പ്രാതല് കഴിക്കുമ്പോള് പെട്ടെന്നൊരു വിചാരം: ‘ജയിലുകളില് പ്രാതല് കഴിക്കുമോ?’ അതോടെ മനസ്സു വീണ്ടും അസ്വസ്ഥമായി. അവള് കൈ കുടഞ്ഞെഴുന്നേറ്റു. ഭൃത്യനെ വിളിച്ചു: “എടോ, ആ വിറകുകാരന് സുലൈമാനില്ലേ?”

“ആ!”

“എവിടത്തുകാരനാ?”

“തെക്കനാ.”

“തെക്കു രാജ്യമെത്രയുണ്ട്, വങ്കാ?”

“തിട്ടമായിട്ട് അറീല്യ.”

“നിനക്ക് അല്ലെങ്കില് എന്തു മണ്ണാങ്കട്ടയാണ് അറിയുക? ആട്ടെ, നീ അയാളെ ചെന്നു കണ്ടിട്ടു നാളെ പതിനൊന്നു മണിക്ക് ഇവിടെ ഒന്നു വരാന് പറയൂ. കേട്ടോ?”

“ഓ.”

“മറക്വോ?”

“ഇല്ല.”

അന്നുച്ചയാകുന്നതുവരെ അവള് അസ്വസ്ഥയായി ഇരുന്നും നടന്നും കഴിച്ചുകൂട്ടി. ഒരുമണിയായപ്പോഴേക്കും കാര്ത്തികേയന് വന്നുകയറി.

“അയാളെ വിട്ട്വോ?” അവള് ചോദിച്ചു.

അത്ര പെട്ടെന്നു ചോദിച്ചതു നന്നായില്ലെന്ന് ഉടനെ തോന്നി. വാക്കുകള് പുറത്തേക്കു വീണുകഴിഞ്ഞു.

“വിട്ടു. പാപമൊന്നും വരില്ല, പേടിക്കണ്ടാ.”

ദിവാന്ജി കുലുങ്ങിക്കുലുങ്ങി ചിരിച്ചു. ആ ചിരി നില്ക്കുന്നതുവരെ മുഖത്തടിക്കാന് തോന്നി. പക്ഷേ അവള് പറഞ്ഞതിങ്ങനെയാണ്:

“ഊണു കഴിച്ചോളൂ.”

“ശാന്ത ഉണ്ട്വോ?”

“ഇല്ല.”

ഊണുകഴിക്കുന്നതിനിടയില് ശാന്ത ചോദിച്ചു: “ഏതാണ് ആ മനുഷ്യന്?”

“സുലൈമാന്റെ നാട്ടുകാരനാണത്രേ.”

“അതെവിടെ?”

“തെക്ക്.”

“കന്യാകുമാരിയിലോ?” വിസ്മയി എന്നു വിളിക്കുന്ന സ്വരത്തിലാണ് അവളതു ചോദിച്ചത്.

“അതുയൊന്നും പോണ്ടാ. നമ്മുടെ നാട്ടിന്നാടുത്താണെന്നു തോന്നുന്നു.”

“അയാളെ കണ്ടോ?”

“ഇല്ല.”

ഊണുകഴിഞ്ഞു കാര്‍ത്തികേയന് വിശ്രമിക്കാന് പോയി; ശാന്ത എതിര്‍വശത്തുള്ള മുറിയിലേക്കും. അയാള് എഴുന്നേറ്റു പുറത്തേക്കു പോകുന്നതുവരെ അവള് അതേ കിടപ്പില്‍ത്തന്നെ. സന്ധ്യയായത് അവള് അറിഞ്ഞില്ല.

ആ ദിവസം തികച്ചും അസ്വസ്ഥമായിരുന്നു. പിറ്റേന്നു പതിനൊന്നു മണിക്കു സുലൈമാന് വന്നു. അയാള് ഉമ്മറത്തുണ്ടും ചാരി കാത്തു നിന്നു. ഭൃത്യന് ചെന്നറിയിച്ചപ്പോള് ശാന്ത ഉമ്മറത്തേക്ക് ഓടിയെത്തി.

“ഇരിക്കു, സുലൈമാന്.”

“വേണ്ടാ, ഇവിടെ നിന്നാല് മതി.”

“ഈ കസേലയിലേക്കിങ്ങോട്ടിരിക്കു.”

നിര്‍ബ്ബന്ധിച്ചപ്പോള് അയാള് കോലായത്തിണ്ണയില്‍ത്തന്നെ ഇരുന്നു.

“ഞാന് നിങ്ങളെ അറിയില്ല."--ശാന്ത പതുക്കെ സംഭാഷണം ആരംഭിച്ചു.

അതു കേട്ടപ്പോള് സുലൈമാന്റെ മുഖമൊന്നു തുടുത്തു. അയാള് കീഴ്പോട്ടു നോക്കിയിരുന്നതുകൊണ്ടു ശാന്ത അതു കണ്ടില്ല.

“എനിക്കൊരുപകാരം ചെയ്യണം.”

“എന്താണ് വേണ്ടത്?” സുലൈമാന് മുഖം പൊക്കി നോക്കി.

ഒരൊറ്റപ്പലകമേശ വേണമെന്നുണ്ട്.”

“വീതി എത്ര വേണം?”

“ഒന്നരക്കോല് വീതിയില്. അങ്ങനെ ഒരൊറ്റപ്പലക കിട്ടില്ലേ?”

“കിട്ടും. അന്വേഷിച്ച് ഒരാഴ്ചയ്ക്കുള്ളില് അറിയിക്കാം.”

“മതി... പിന്നെ.... നിങ്ങളുടെ ആരോ ജയിലില്പ്പെട്ടു എന്നു കേട്ടു.”

“ഉവ്വ്. പക്ഷേ വിട്ടുകിട്ടി.”

“ഏതാ അയാള്?”

“നാട്ടുകാരന് ഒരു കുട്ടി. വിശ്വനാഥന് എന്നാണ് പേര്?”

“എവിടെയാണ് നാട്?”

സുലൈമാന് നാടിന്റെ പേരു പറഞ്ഞു. പെട്ടെന്നു ശാന്തയ്ക്ക് ഒരു ഞെട്ടലുണ്ടായി. അവള് അതു പുറത്തു കാണിക്കാതെ പിറുപിറുന്നതെ സംസാരിച്ചു.

“നിങ്ങളുടെ അടുത്തുവരാന്?”

“തൊഴിലന്വേഷിച്ച് ഇവിടെ വന്നു.”

അതോടെ വിശ്വനാഥനെപ്പറ്റി ഒരു മുപ്പതു ചോദ്യം. കഴിവുള്ളോടത്തോളം

ഭംഗിയായി സുലൈമാന് മറുപടി പറഞ്ഞു. എല്ലാം കേട്ടുകഴിഞ്ഞപ്പോള് ശാന്ത പറഞ്ഞു:

“അയാളെ ഞാന് അറിയുമെന്നാണ് തോന്നുന്നത്. ഏതായാലും ഇവിടെ ഒന്നു വരാന് പറയൂ.”

“പറയാം.”

“എപ്പോ വരും?”

“ഇന്നുതന്നെ.”

“ഇന്നു വേണ്ടാ, നാളെ ഈ നേരത്ത്--പിന്നെ, മേശയുടെ കാര്യം മറക്കൊല്ലേ?”

“ഇല്ല.”

അയാള് എഴുന്നേറ്റ് ആ പെണ്കിടാവിനെ ഒന്നു നോക്കി. പെട്ടെന്നു മുഖം തിരിച്ചു പടിക്കലേക്കു നടക്കുകയും ചെയ്തു. പടി കടന്നപ്പോള് സുലൈമാന്റെ മുഖത്തു വേദനയും നിഗ്രഹതയും സ്പഷ്ടമായിരുന്നു: ‘അതേ. അതേ. അതു നല്ലതാണ്....’ അയാള് പിറുപിറുത്തു. വിശ്വനാഥനെ അവള് അറിയുമെന്നാണ് പറയുന്നത്! കുറച്ചു ദിവസമായി അയാളെസ്സംബന്ധിച്ചിടത്തോളം സംഭവങ്ങള് പൊളിഞ്ഞു മേലേക്കു വീഴുകയാണ്. തന്റെ പിന്നാലെ വിധി ഒരുതരം പതിയിരിപ്പു നടത്തിക്കൊണ്ടിരിക്കുകയാണോ? എന്തായാലും ഇതൊക്കെ ഒന്നവസാനിച്ചു കിട്ടിയാല് മതി. സാധാരണമായ ആ ജീവിതത്തിലേക്കു തിരിച്ചുപോകാന് സാധിച്ചാല് മതി. ഒരു വിറകുകച്ചവടക്കാരനായി സ്വന്തം കുടുംബത്തോടുകൂടി ജീവിക്കുവാനേ അയാള് ആഗ്രഹിക്കുന്നുള്ളു. ഇനി അതു സാദ്ധ്യമാണോ? വിശ്വനാഥനെ ഒരു പാട്ടിലാക്കാതെ മനഃശാന്തി കിട്ടുമോ? അപ്പോഴേക്കും ഒരു പെണ്ണും! അവളെ ഇനി എന്തു ചെയ്യും? വിശ്വനാഥനെ വിട്ടയച്ചെങ്കിലും കുഞ്ഞിരാമനെയും കൂട്ടുകാരെയും പോലീസ് ലോക്കപ്പില്ത്തന്നെ വെച്ചിരിക്കയാണ്. അതു വിശ്വം അവളെ അറിയിച്ചുകഴിഞ്ഞിട്ടുണ്ടാവും. ആ പെണ്ണ് ഏതു സ്ഥിതിയിലാവും? അവള് ഇവിടെ നില്ക്കുമോ? പോകുമോ? എവിടേക്കു പോകും? ഒക്കെപ്പാടെ നുലാമാല! ഖദീജ പറഞ്ഞേടത്തേക്കാണ് കാര്യങ്ങളെത്തുന്നത്. തന്റെ കുടുംബത്തെക്കൂടി ഈ സംഭവങ്ങള് പിടിച്ചുകുലുക്കുമോ? ‘വരാനുള്ളതൊക്കെ വരും, വരുത്തുന്നതൊക്കെ ദൈവമാണ്. അനുഭവിക്കാനേ എനിക്കു കഴിയൂ.’ അയാള് തിരക്കിട്ടു നടന്നു.

വിശ്വത്തിന്റെ വീട്ടിലേക്കു ചെന്നുകയറിയപ്പോള് ഉമ്മറത്തുതന്നെ രാധയും വിശ്വവുമുണ്ടായിരുന്നു. രണ്ടുപേരും രണ്ടരുക്കായി ചുമരും ചാരി ഇരിക്കുന്നു. നിശ്ശബ്ദം. സുലൈമാന് ചെന്നുകയറിയതുപോലും അവര് അറിഞ്ഞില്ലെന്നു തോന്നി. അയാള് അവരുടെ രണ്ടുപേരുടെയും മുഖത്തേക്കൊന്നു നോക്കി. എന്നിട്ടു ചോദിച്ചു:

“എന്തേ?”

“ഉ-ം, ഉ-ം.”

വിശ്വം നിഷേധാർത്ഥത്തിൽ തലയാട്ടി.

“എന്തു പറ്റി? എന്തായാലും നിങ്ങൾ എന്നോടു പറയിന്.”

അയാൾ രാധയോടാണ് പറഞ്ഞത്. ആ പെൺകിടാവു വിതുമ്മി വിതുമ്മി കരയാനും തുടങ്ങി. ചുറുപിറുന്നാനെ വീഴുന്ന ആ കണ്ണീർക്കണങ്ങൾ കണ്ടപ്പോൾ സുലൈമാന് എന്തു പറയണമെന്നറിയാതെയായി. ഇത്തരം ഒരനുഭവത്തെ നേരിടാന് അയാൾ തയ്യാറായിരുന്നില്ല. അതുകൊണ്ടു തന്നൊത്താന് ഒതുക്കിനിർത്താന് സ്വല്പസമയം വേണ്ടിവന്നു. സുലൈമാന് വിശ്വത്തിന്റെ നേരെ തിരിഞ്ഞു. അവന് നിശ്ശബ്ദനായി നിന്നതേയുള്ളു. രണ്ടും കല്പിച്ചു സുലൈമാന് ആ പെൺകുട്ടിയുടെ അടുത്തേക്കു നീങ്ങി.

“മകളേ!”

അവൾ മുഖമുയർത്തി. ഇമകളിൽ തങ്ങിനിന്ന കണ്ണുനീർക്കണങ്ങൾ. ചുറുപിറുന്നാനെ താഴോട്ടു വീണു. അവ മാറിൽ വീണു തകർന്നു ബ്ലൗസിൽ ചേർന്നു വറ്റി.

“മകളേ!...”

“ഏ?”

“നമുക്കു കഴിയുന്നതൊക്കെ ചെയ്യാം. അവനെ വിടിയിക്കാന് വല്ല വഴിയുമുണ്ടോ എന്നു നോക്കാം. നീ വ്യസനിക്കേണ്ടാ. തത്കാലം നാട്ടിലേക്കു പോകണമെങ്കിൽ അതിനും വേണ്ട ഏർപ്പാടു ഞാന് ചെയ്യാം...”

അവൾ കൂടുതൽ കരഞ്ഞു.

“ഇങ്ങനെ കരഞ്ഞിട്ടെന്താ കാര്യം?”

“അവൾക്ക് എവിടെയും പോകാനില്ല."--വിശ്വമാണ് പറഞ്ഞത്.

സുലൈമാന് അല്പം ചിന്തിച്ചു. എന്നിട്ടു പറഞ്ഞു:

“അതിനെച്ചൊല്ലി വേവലാതിപ്പെടേണ്ടാ. അവന് വരുന്നതുവരെ നിനക്കിവിടെ താമസിക്കാം.”

“ഹെന്നെക്കൊണ്ട്...”

“നിന്നെക്കൊണ്ട്?”

“ഹെല്ലാവർക്കും ബുദ്ധിമുട്ടായി...”

“ബുദ്ധിമുട്ടോ? എന്റെ മകളാണെങ്കിൽ ഞാന് ബുദ്ധിമുട്ടേണ്ടേ? നോക്ക്,” സ്വല്പം വികാരാവേശത്തോടെയാണ് സുലൈമാന് തുടർന്നത്: “നിന്റെ അച്ഛനെ ഞാനറിയും. അയാൾ എനിക്കു വേറെ ഒരാളായിരുന്നില്ല. നിനക്കതൊന്നും അറിയില്ല, അറിയുംവേണ്ടാ. പക്ഷേ, അയാളില്ലാത്ത സ്ഥിതിക്കു ഞാന് നിന്റെ അച്ഛനാണെന്നേ കരുതൂ. വിശ്വം, അവളെ സമാധാനിപ്പിക്ക്. ഞാന് ഇത്തിരി കഴിഞ്ഞിട്ടിങ്ങോട്ടു വരാം.”

അയാൾ പുറത്തേക്കു കാലെടുത്തുവെച്ചു. എന്നിട്ടു തിരിഞ്ഞുനിന്നു ചോദിച്ചു:

“വല്ലതും കഴിച്ചോ?”

“ഇല്ല.”

“എന്നാൽ കുളിച്ചു വല്ലതും കഴിക്കു. കഷ്ടതവന്നാൽ അതൊഴിവാക്കാന്

ശ്രമിക്കുകയാണ് വേണ്ടത്. കരഞ്ഞിരുന്നിട്ട് ഒന്നും കിട്ടാനില്ല. വിശ്വത്തിനോടാണ് പറയുന്നത്. ഉ–ം, ചെല്ല്.” അയാള് നടന്നു. ഒരച്ഛന്റെ ശാസനം ഇതേവരെ വിശ്വനാഥന് കേട്ടിട്ടില്ല. സുലൈമാന്റെ വാക്കില് നിന്നു നടാടെ അയാള് അതനുഭവിച്ചു!

ശാന്തയുടെ സന്ദേശം സുലൈമാന് അവനെ അറിയിച്ചില്ല. സന്ദർഭം നന്നായിരുന്നില്ല. അയാള് നേരേ കുടുംബത്തേക്കു പോയി.

“എന്തിരുത്തിനേ ബിളിച്ച്?” ഖദീജ ചോദിച്ചു.

“ഒരൊറ്റപ്പലകമേശ വേണംപോലും.”

“മൂപ്പര്ക്കാ?”

“അല്ല.”

“മൂപ്പത്ത്യാര്ക്കാ.”

“അതേ.”

“മൂപ്പത്ത്യാര്ക്ക് ഇങ്ങളെ ബിസ്വാസായിക്കിടക്ക്ണ്ടലോ. മുന്ത്യേകാര്യസ്ഥനാന്നാ ബിചാരിച്ചട്ക്ക്ണ്. ഇങ്ങടെ കാര്യഥത ഞമ്മക്കല്ലേ തിരിയൂ.” അവള് കിലുകിലുന്നനെ ചിരിച്ചു; അവളുടെ കൈയിലെ വളകളും.

“വിഡ്ഢിത്തം പറയാതിരിക്ക്.”

“ഓ! ഇന്നൊരു പുരുസനായിട്ടാണല്ലോ ബരത്ത്.”

“നാവടക്കാന്!” അയാള് അവളെ ഒന്ന് ഊന്നിനോക്കി.

ശരിക്കും അയാള്ക്കു ശ്രുണ്ടിവന്നിരിക്കുന്നുവെന്ന് അവള്ക്കു മനസ്സിലായി. പിന്നീടൊന്നും പറഞ്ഞതുമില്ല. അവള് ചോറു കൊണ്ടുവന്നു വെച്ചു. അയാള് മിണ്ടാതിരുന്ന് ഊണുകഴിച്ചു പുറത്തേക്കിറങ്ങി. പുഴവക്കിലൂടെ തിരക്കിട്ടു നടന്നു കുറേ ദൂരം ചെന്ന് ഒരു മരയട്ടിക്കുമേല് ഇരിപ്പുറപ്പിച്ചു. സ്വല്പം ചിന്തിക്കേണ്ടതുണ്ട്. ഒന്ന് ആകെയിട്ടു നോക്കണം. ഒന്നു തിട്ടപ്പെടുത്തണം.

പുഴ കിളുകിളെ ചിരിച്ചോടുകയാണ്. എന്തെങ്കിലും സംഭവിച്ചുവെന്നാരു മട്ടില്ല അതിന്ന്. ഖദീജയും ഈ പുഴയും ഒരുപോലെയാണെന്നു സുലൈമാനു തോന്നി. ഈ പുഴയാണ് അയാളെ കൊണ്ടുവന്നത്. ഖദീജയാണ് ജീവിപ്പിച്ചത്. ഇങ്ങനെയിരുന്നാലേ എന്തെങ്കിലും ചെയ്യാന് കഴിയൂ എന്നുണ്ടോ? അയാള് വളരെ നേരം ആലോചിച്ചു. അകത്തൊരു കഴിച്ചുകെട്ടല്തന്നെ നടന്നു. ഒടുവില് അയാള് നെടുവീര്പ്പിട്ടു: ‘എന്റെ ഇഷ്ടപ്രകാരമല്ല ഒന്നും നടന്നത്. ഈ പുഴ മാറ്റിയൊഴുക്കാന് എനിക്കൊട്ടു കഴിയുകയുമില്ല. വരുമ്പോലെ വരും.’ അയാള് പോക്കറ്റില്നിന്നു മുറുക്കാനെടുത്ത് ഒന്ന് വിസ്തരിച്ചു മുറുക്കി നീട്ടിത്തുപ്പി നടന്നു.

വിശ്വത്തിന്റെ വീട്ടില് വന്നുകയറിയപ്പോള് ഒരാള്കൂടി അവിടെ ഉണ്ടായിരുന്നു. കിഴവന് നാറാണപിള്ള. അവര് എന്തോ കാര്യാലോചനയില് ഏര്പ്പെട്ടിരിക്കയാണ്. സുലൈമാനെ കണ്ടപ്പോള് നാറാണപിള്ളയൊഴികെ എല്ലാവരും എഴുന്നേറ്റു. നാറാണപിള്ള സ്വയം പരിചയപ്പെടുത്തി. അയാളുടെ കഴുത്തില് എണ്ണ പുരട്ടി അതിന്മേല് കുന്നിയില പറ്റിച്ചിട്ടുണ്ട്.

“കഴുത്തിലെന്താ?"––സുലൈമാന് ചോദിച്ചു

“യുദ്ധത്തിന്റെ ബാക്കിയല്യോ? ഉള്ളതു പറയാമല്ലോ, ഇടി സ്വല്പം ശക്തിയില്ത്തന്നെയായിരുന്നു. ആദ്യത്തെ ഇടികൊണ്ടുതന്നെ ബോധക്ഷയംവന്നു. പിന്നത്തെ തൊഴികള് അറിയാതെയും പോയി. പലതും കണ്ടവനാ ഈ നാറാണപിള്ള. ശ്രീമൂലം പ്രജാസഭവരെ എത്തിയിട്ടൊണ്ട്. ഇത്തരത്തിലൊന്ന് ആദ്യമാ.”

“വയസ്സുകാലത്ത് എന്തിനാ ഇതിനൊക്കെ പോകുന്നത്? സുലൈമാന് ചോദിച്ചു.

“ഇവന് ഇടിമേടിക്കാന് പോയതോ മറ്റോ ആണോ? ഇടി ചുമ്മാ വന്നിങ്ങു ചുമലില് ഇരുന്നതല്യോ? ഇവന് പ്രായസ്ഥനാണെന്ന് അവിടെ പറഞ്ഞാല് എറിക്കുമോ? പക്ഷേല് ഭേദമാകുന്നൊണ്ട്. ഈ കുന്നിയില നല്ല നീര്പ്പിടുത്തമുള്ളവനാ!....”

നാറാണപിള്ളയുടെ സംഭാഷണം അന്തരീക്ഷത്തിന്നു ലാഘവമുണ്ടാക്കി. എല്ലാവരുടെ ചുണ്ടുകളിലും അല്പാല്പം ചിരി ഊറിനിന്നു. അപ്പോള് സുലൈമാന് ചോദിച്ചു:

“ആ ചെറുക്കനെ അവര് വിടില്ലേ?”

“ജാക്കിയെ അവര് വിടുകേലാ; വിട്ടാലും പോരികേമില്ല.”

“വിട്ടാലും പോരില്ലേ?”

“വിഷയം രാ ീയമായില്യോ? പിന്നെ ബലാബലത്തിന്റെ കാര്യമാ.”

ആരും ഒന്നും പറഞ്ഞില്ല.

“വിവരം ഞാന് അപ്പപ്പോള് അറിയിച്ചേക്കാം. ഈ പെണ്കൊച്ചും വന്നുപെട്ടല്ലോ. കുഞ്ഞേ, മനസ്സാപിക്കരുത്. മനുഷ്യജന്മമല്യോ? അപ്പൂപ്പന്താടിപോലെ, അവിടെ തങ്ങിയും ഇവിടെ കൊളുത്തിയും അങ്ങനെ പോകും. അവന് വരും. വരാതെവിടെപ്പോകാന്? വിശ്വം, നീ അവള്ക്കു നല്ല മൊഴി ചൊല്ലിക്കൊടുക്ക്.”

കിഴവന് എഴുന്നേറ്റു യാത്രപറഞ്ഞു. എല്ലാവരും മൂകരായി നോക്കി നിന്നതേയുള്ളൂ. അയാള് മറഞ്ഞുകഴിഞ്ഞിട്ടും ആ വാക്കുകള് സുലൈമാന്റെ ചെവിയില് തങ്ങിനിന്നു. വിട്ടാലും പോരില്ല! അതൊരു അത്ഭുതകരമായ വാര്ത്തയായിരുന്നു. വിശ്വം എന്തോ ചിന്തിച്ചുകൊണ്ടിരിക്കയാണ്; രാധയും. സുലൈമാന് വിശ്വത്തോടു പറഞ്ഞു:

“നിന്നെയൊന്നു കാണണമെന്നു പറഞ്ഞിരിക്കുന്നു.”

“ആര്?”

“കാര്ത്തികേയന്മുതലാളിയുടെ ഭാര്യ.”

“ആര്! ശാന്തയോ?”

“അതേ. മുമ്പറിയും, അല്ലേ? ഒന്നു പോകുന്നതു നന്ന്. കുഞ്ഞിരാമന്റെ കാര്യവും അവരോടൊന്നു പറയ്. നാളെ പതിനൊന്നുമണിക്കു പോയാല് മതി.”

വിശ്വം ഒരക്ഷരം മിണ്ടിയില്ല.

സുലൈമാന് എഴുന്നേറ്റു നടന്നു. വിശ്വം ചെന്നു പറഞ്ഞാല് ഗുണം കിട്ടിയേക്കാമെന്ന് ഒരാശയം അയാളുടെ ഉള്ളില് മുളയെടുത്തിരുന്നു.

വിശ്വനാഥന് ആലോചിച്ചുനോക്കി. ശാന്ത! ആ പേരു വളരെ ദൂരത്തു നിന്നു കേള്ക്കുന്ന ഒരു ശബ്ദംപോലെയേ തോന്നുന്നുള്ളൂ. അയാളുടെ ഹൃദയം മറ്റോരോ വിചാരങ്ങളില് നിറഞ്ഞിരുന്നു. രണ്ടു ദിവസമായി അനുഭവങ്ങള് കോരിപ്പകരുകയായിരുന്നു. ഒന്നും മുമ്പു കണ്ടതല്ല. താളത്തിലുള്ള ജീവിതങ്ങളുമായിട്ടേ അയാള്ക്കിടപാടുണ്ടായിട്ടുള്ളു. താളംതെറ്റിയ ഇത്തരം ജീവിതങ്ങള് അയാളുടെ ഹൃദയത്തിലേക്കു പുതുതായി കടന്നുവരികയാണ്. അതൊരു തള്ളിക്കയറ്റമായിരുന്നു. പിടിച്ചുകുലുക്കലായിരുന്നു. ഇക്കഴിഞ്ഞ മണിക്കൂറുകള് കൊടുങ്കാറ്റു സൃഷ്ടിച്ചാണ് കടന്നുപോയത്. അതയാളെ ഇട്ടുലച്ചുകളഞ്ഞു. ഇടവേളകള് പലതും പറിഞ്ഞിട്ടുണ്ട്. ജന്തുസാധാരണമായ ഒരാണിവേരിന്റെ പിടുത്തത്തിന്മേലാണ് അയാള് നില്ക്കുന്നത്. ഒരു കാറ്റ്. അയാളെ അത് ആ ജയിലിലേക്കു തള്ളിക്കയറ്റി. എന്നിട്ടെന്തേ തന്നെമാത്രം പുറത്തേക്കു വിട്ടത്? ലോക്കപ്പിന്റെ ആ ഇരുണ്ട അന്തരീക്ഷം അപ്പോഴും തലച്ചോറില്നിന്നു മാഞ്ഞു കഴിഞ്ഞില്ല.

പാറാവുപോലീസിന്റെ കാലടിശബ്ദം അപ്പോഴും കേള്ക്കുന്നതുപോലെ തോന്നുന്നു. ടപ്പ്....ടപ്പ്... ടപ്പ്...ഈ അന്തരീക്ഷത്തില്വെച്ചു വേണ്ടിവന്നു കുഞ്ഞിരാമനുമായി സംസാരിക്കാന്. അവന്റെ മുമ്പില് താന് ഒരു നിസ്സാര ജീവിയാണെന്നു തോന്നി. എന്തു വീറ്! എന്തു വാശി! കടുപ്പമുള്ള എന്തോ ഒന്നുകൊണ്ടാണ് അവനെ സൃഷ്ടിച്ചിട്ടുള്ളത്. അവിടെവെച്ചു രാധയുടെ കാര്യം പറയാന് അയാള് മടിച്ചു. പക്ഷേ, പറയാതിരുന്നാലോ?

“വിശ്വം, നാം ഇവിടെവെച്ചു കണ്ടതു നന്നായി.” കുഞ്ഞിരാമന് ചിരിച്ചുകൊണ്ടാണ് പറഞ്ഞത്.

“ഞാന് ഇന്നലെ നിങ്ങളെ അന്വേഷിച്ചു വന്നു.”

“നിങ്ങളായിരുന്നോ--കാര്യം?”

“രാധ വന്നിട്ടുണ്ട്.”

“ഹേ?”

ഒരു നീണ്ട നിശ്ശബ്ദത. തടവുമുറിയിലാണെന്ന് അപ്പോള് ശരിക്കും കുഞ്ഞിരാമന് തോന്നിയിട്ടുണ്ടാവണം.

“എവിടെയാണ്?” അയാള് വിമ്മിട്ടപ്പെട്ടുകൊണ്ടാണ് ചോദിച്ചത്.

“എന്റെ വീട്ടില്.”

“ഈ സമയത്തു വന്നല്ലോ.” ശോകാത്മകമായിരുന്നു ആ ശബ്ദം.

“നിങ്ങളെ, പക്ഷേ, വിട്ടേക്കും.”

“എന്തുകൊണ്ട്?”

“അറിയാതെ പിടിച്ചതല്ലേ? വിട്ടാല് ഒരു കാര്യം ചെയ്യണം.”

“എന്ത്.”

“ഞാന് പുറത്തു വരുന്നതുവരെ അവളെ നോക്കണം.”

“ഉ–ം.”

പുറത്തേക്കു പോരുമ്പോഴും കുഞ്ഞിരാമന് പറഞ്ഞു:

“വിശ്വം, ഞാന് അവളെയൊന്നു കാണാന് തിടുക്കമായി ഇരിക്കയായിരുന്നു. സാധിച്ചില്ല. അവള് കത്തയച്ചിട്ടും ഞാന് മറുപടി അയച്ചതുമില്ല. പക്ഷേ, ഞാന് അവളെ മറന്നിട്ടില്ലെന്നു പറയൂ. മറക്കുകയില്ലെന്നു പറയൂ...”

ഈ വാക്കുകളും ആ അനുഭവങ്ങളും ഒരു സ്വപ്നമായിരുന്നെന്നു വിശ്വസിക്കുവാന് തോന്നുകയാണ്. ഇത്രയും കടുപ്പംകൂടിയ ജീവിതമുണ്ടോ? തലേന്നാള് ലോക്കപ്പില്വെച്ചുകേട്ട പിള്ളയുടെ വാക്കുകള് അയാള് ഓര്ത്തു.

“നമ്മെ അവര്ക്കു പൊറുപ്പിക്കാനാവില്ല. നാം അവരുടെ അടിവേരുമാന്തുന്നവരാണെന്ന് അവര്ക്കറിയാം. നമ്മെ അവര് കൊല്ലും. പക്ഷേ അനേകം തലമുറകള്ക്ക് ആശ നല്കിക്കൊണ്ടാണ് നാം മരിക്കുന്നത്.”

എന്തിനാണ് അങ്ങനെയൊക്കെ സംസാരിക്കുന്നത് എന്നു വിശ്വത്തിന്നു മനസ്സിലായില്ല. അനേകം തലമുറകള്ക്ക് എങ്ങനെ രക്ഷകിട്ടുന്നു?––

“വിശ്വം പോകുന്നോ?” രാധ ചോദിച്ചു.

“ഏ.”

“പോകുന്നോ?”

“എവിടേക്ക്?”

“ശാന്തയുടെ അടുത്തേക്ക്.”

“ഇല്ല.”

എന്തുകൊണ്ട് എന്ന് അവള് ചോദിച്ചില്ല. പിന്നെ അന്നു രണ്ടാളും സംസാരിച്ചതുമില്ല.

പിറ്റേന്നു സുലൈമാന് വന്നു ചോദിച്ചു: “വിശ്വം പോയില്ലേ?”

“ഇല്ല.”

“ഏ? പോകുന്നില്ലേ?”

“ഇല്ല.”

“വിളിച്ച സ്ഥിതിക്ക് ഒന്നു പോകുന്നത് നല്ലതല്ലേ?”

“എന്നെ നിര്ബ്ബന്ധിക്കരുത്.” അതൊരു അപേക്ഷയായിരുന്നു.

സുലൈമാന് ഒന്നും മനസ്സിലായില്ല. എങ്കിലും ഒന്നും ചോദിച്ചതുമില്ല.

ഒരാഴ്ച അങ്ങനെ കഴിഞ്ഞു. അതിനിടയില് കുഞ്ഞിരാമന്റെ കേസ് രജിസ്റ്റര്ചെയ്തു വിചാരണയ്ക്കു വെച്ചിരുന്നു.

അടുത്ത ദിവസം സുലൈമാനെ വിളിക്കാന് ശാന്തയുടെ അടുത്തു നിന്ന് ആള് വന്നു. അയാള് പോയി.

“വിശ്വനാഥന് വന്നില്ലല്ലോ?” ശാന്ത ചോദിച്ചു.

“വരുവായിരിക്കും.” സുലൈമാന് ഒരു തഞ്ചത്തിലങ്ങു പറഞ്ഞു.

“പറഞ്ഞില്ലേ?”

“ഉവ്വ്.”

“എന്തേ മറുപടി പറഞ്ഞത്?”

“ഒന്നും പറഞ്ഞില്ല.”

നിശ്ശബ്ദമായ ഒരു നിമിഷം. ഒന്നും സംഭവിച്ചില്ലെന്ന മുഖഭാവത്തോടെ അവള് തുടര്ന്നു:

“എന്റെ മേശപ്പലക എന്തായി? അതു ചോദിക്കാനേ വിളിച്ചത്.”

“ഏര്പ്പാടുചെയ്തിട്ടുണ്ട്. ഒരാഴ്ചയ്ക്കുള്ളില് ശരിപ്പെടും.”

“പതുക്കെ മതി. പക്ഷേ നന്നാവണം.”

“ഓ.”

സുലൈമാന് കണ്ണില്നിന്നു മറഞ്ഞു. ശാന്തയുടെ മുഖം ക്രൂരമാംവിധം തുടുത്തിരുന്നു. അവള് മുകളിലെ നിലയിലേക്കു പോയി കട്ടിലില്ച്ചെന്നു വീണു. വിശ്വം ഒരു മറുപടിയും പറഞ്ഞില്ല! വാചാലമായ കണ്ണുകളോടെ നിശ്ശബ്ദമായി നില്ക്കുന്ന ആ മുഖം അവളുടെ മനസ്സിനു മുമ്പില് പ്രത്യക്ഷപ്പെട്ടു! താനാണ് ആ വായ അടച്ചുകളഞ്ഞത്.

തേജോമയമായ എന്തോ ഒന്നു ഹൃദയത്തിലേക്കു കടന്നുകൂടിയപോലെ തോന്നി. നിറമായി ഹൃദയം തുളച്ചു കടന്നുവരുന്ന ഒരു നക്ഷത്രം. പ്രപഞ്ചത്തിന്റെ കേന്ദ്രബിന്ദുവായ ആ നക്ഷത്രം അവളെ കൊളുത്തിട്ടു വലിക്കുന്നു. നില്ക്കാനോ പോകാനോ വയ്യാ. ഞെരിച്ചില്, പല്ലിറുമ്മല്, ഒരീറ്റനോവ്!

പെട്ടെന്നു നാഴികമണിയിലെ നീഗ്രോ ഒന്നലറി. നനഞ്ഞ കണ്പീലികളോടെ ശാന്ത അവനെ നോക്കിക്കൊണ്ടു കിടന്നു. ടപ്,ടപ് ടപ്– കോണിപ്പടിയില്നിന്നു കാലടിശബ്ദം. ആ കാല്പ്പെരുമാറ്റം സുപരിചിതമാണ്. ഒരു തടിയന് പോര്ക്ക് അടുത്തു വരുന്നതായി അവള്ക്കു തോന്നി. അവള് തലയണയിലേക്കു മുഖം പൂഴ്ത്തി കമഴ്ന്നുകിടന്നു.

കാര്ത്തികേയന് മുറിയിലേക്കു കടന്നുകൊണ്ടു വിളിച്ചു:

“ശാന്തേ...”

നിശ്ശബ്ദം.

“ഉറങ്ങുകയാണോ?”

നിശ്ശബ്ദം.

“ഇത്രനേരത്തേ?”

അനക്കമില്ല.

അയാള് കണ്ണാടിക്കു മുമ്പില് ചെന്നുനിന്ന് മധുരമനോരാജ്യത്തെ സൂചിപ്പിക്കുന്ന ചൂളം വിളിയോടെ നെക്ടൈ അഴിച്ചു.

രണ്ട്

ഇടിയുന്ന തറവാടും യൗവനം കൊഴിയുന്ന മച്ചിയും ഒരുപോലെയാണ്.

അകക്കാമ്പു കുറയുന്തോറും, പുറമോടി വര്‍ദ്ധിച്ചുകൊണ്ടുവരും.

അമ്മാളുക്കുട്ടിഅമ്മയുടെ സ്ഥിതിയും അതായിരുന്നു. തന്നെപ്പറ്റിത്തന്നെ ചില ചോദ്യങ്ങള് മനസ്സില് പൊന്തിവരികയാണ്. പഴയപോലെ ആളുകള് തന്നെ മാനിക്കുന്നില്ലേ എന്നൊരു ശങ്ക. ആകര്‍ഷണശക്തി കൊഴിഞ്ഞുപോകയാണോ? ഈ വിചാരം അവരെ കൂടക്കൂടെ ഞെട്ടിച്ചു.

കഴിഞ്ഞ കാലങ്ങളില് ഒരിക്കലും അവരെ അലട്ടാതിരുന്ന ആലോചനയാണത്. അവരെസ്സംബന്ധിച്ചിടത്തോളം ചണച്ചെടി പൂക്കുന്നതു പോലെയാണ് യൗവനം വന്നുകയറിയത്--വര്‍ണ്ണബഹുലം! ആ ചണച്ചെടിക്കാട്ടില് വമ്പന് വണ്ടുകളെ ഇട്ടു തിരിക്കാനും ബോധരഹിതരാക്കി താഴെ വീഴ്ത്താനും കഴിഞ്ഞതാണ്. ആ ഉള്നാടിന്റെ താഴികക്കുടം അവരുടെ കാല്ച്ചുവട്ടിലായിരുന്നു. കൃഷ്ണന്നമ്പിടി അവര് പറയുന്നതൊക്കെ അനുസരിച്ചിട്ടുണ്ട്. നാട്ടിലേക്ക് ഊക്കനായ വേലുമ്മാനെയും അവര് പിടിച്ചൊതുക്കി. എന്നല്ല, ആ രണ്ടു കരുത്തന്മാരെയും ഒരേ നുകത്തില് പൊരുത്ത പ്പെടുത്തിക്കൊണ്ടുപോകാനും കഴിഞ്ഞു. പലതും നേടിക്കൊടുത്ത ആ യൗവനം ഊര്‍ന്നൂര്‍ന്നുപോകുമ്പോള് താനില്ലാതാവുകയാണെന്നൊരു തോന്നല്. പരിമളം മാത്രമല്ല, കര്‍പ്പൂരം തന്നെ കാറ്റ് അപഹരിച്ചു കളയുന്നു!

ആര്‍ക്കും വഴങ്ങാതെയും ആരെയും മാനിക്കാതെയുമാണ് അമ്മാളുക്കുട്ടിഅമ്മ വളര്‍ന്നുവന്നത്. അച്ഛനില്ല. എന്നുവെച്ചാല് അച്ഛന് ഒരു കനിഷ്ഠന് നമ്പൂതിരിയായിരുന്നു. അമ്മാളുക്കുട്ടിയുടെ അമ്മ കുഞ്ഞിത്തായി അമ്മയോടല്ലാതെ, അവരിലുണ്ടാകുന്ന സന്താനങ്ങളോടൊക്കെ ബാദ്ധ്യതയുണ്ടെന്ന് അദ്ദേഹം വിശ്വസിച്ചിട്ടില്ല. കനിഷ്ഠന്മാര്‍ക്ക് വേളി പാടില്ലാതിരുന്ന അക്കാലത്ത് അദ്ദേഹം തന്റെ ബ്രഹ്മതേജസ്സ് മറ്റു സമുദായങ്ങള്ക്കു ലോഭമില്ലാതെ സംഭാവനചെയ്തു. മഞ്ഞുറഞ്ഞ ധനുമാസക്കാലത്ത് ഒരു ദിവസം ത്രിവിക്രമന് നമ്പൂതിരിക്കു തേയ്ക്കാനുള്ള എണ്ണയുമായി ആ 'ഇരിക്കണമ്മ'* കുളിപ്പുരമാളികയിലേക്കു ചെന്നു. ഗര്‍ഭാധാനം നേടി തിരിച്ചുപോന്നു. കുഞ്ഞിത്തായി അമ്മയ്ക്കു ഗര്‍ഭം മുറ്റിയപ്പോള് അതില് അസ്വാഭാവികമായി എന്തെങ്കിലും ഉള്ളതായി ആരും കരുതിയില്ല... എന്നല്ല, അവര് അമ്മാളുക്കുട്ടിയെ പ്രസവിച്ചപ്പോള് അയല്പക്കക്കാരികളെല്ലാം വന്നു!

"പഴംനുറുക്കുപോലത്തെ ഒരു പെണ്കുട്ടി!"

"തിരുമേനി ചെറുതായി കിടക്ക്വതന്നെ!"

"നന്നാവട്ടെ, ഈശ്വരാ!"

കുഞ്ഞിത്തായിഅമ്മയാകട്ടെ, അവളെ നിലത്തും നെറുകയിലും വയ്ക്കാതെ വളര്‍ത്തി. നാളെ തറവാടു നിലനിര്‍ത്താനുള്ള സന്തതിയാണല്ലോ. അവര് ഒരിക്കലും മകളെ ശാസിച്ചില്ല. ഒരു പൂവെടുത്തുപോലും എറ്റിയിട്ടില്ല. അമ്മാളുക്കുട്ടിഅമ്മയാവട്ടെ, വളക്കുണ്ടിന്നടുത്തു നില്ക്കുന്ന വാഴക്കന്നുപോലെ, കൊഴുത്തുതഴച്ചു വളര്‍ന്നു. പത്തുവയസ്സായപ്പോള്

പതിന്നാലിന്റെ തഴപ്പ്, പതിന്നാലില് മധുരപ്പതിനേഴ്. കാലം കവച്ചുകടക്കുകയായിരുന്നു. വസന്തം നേര്ത്തെ തുടങ്ങി ചിത്രപ്പണികള്! ഒതുങ്ങാത്ത കണ്മണികള്, അടങ്ങാത്ത മനോരാജ്യങ്ങള്, പ്രപഞ്ചത്തെ പുണര്ന്നു നുറുക്കിക്കളയാനുള്ള വീറ്, ഉടുമുണ്ടിന്റെ വക്കു കൂടക്കൂടെ പൊട്ടിച്ചുകളയുന്ന നടത്തം, 'എന്നെ കണ്ടോ' എന്ന ഭാവം-- ശ്രദ്ധയാകര്ഷിക്കുന്ന ഒരു പെണ്കിടാവായിരുന്നു അമ്മാളുക്കുട്ടി. പതിനഞ്ചാം വയസ്സില് സ്വല്പമൊരനുരാഗത്തിന്റെ വികൃതിയും കാണിക്കാതിരുന്നില്ല. അടുത്ത ശിവക്ഷേത്രത്തില് ശാന്തിക്കു വന്ന ഒരെമ്പ്രാനായിരുന്നു കാമുകന്. വെളുത്തുതുടുത്ത ആ 'മാണി' സ്വല്പം ലഹരിയുണ്ടാക്കി. ചുരുണ്ട മുടിയും വിടര്ന്ന കണ്ണുകളും കടഞ്ഞെടുത്തപോലുള്ള ശരീരവും ചുവന്ന കല്ലുവെച്ച കടുക്കനും സ്വല്പം മന്ത്രവാദവും ധാരാളം രസികത്തവുമുള്ള അദ്ദേഹം അമ്മാളുക്കുട്ടിക്കു പ്രസാദം കൊടുക്കുമ്പോള്, കൈകൂട്ടിത്താട്ടു ശ്രദ്ധാം മാറ്റാന് തുടങ്ങി. അവളാകട്ടെ, അദ്ദേഹത്തിന്റെ മനസ്സു തന്നെ മാന്തിയെടുത്തു വരക്കുറിയിടാന് ഒരുങ്ങിനില്ക്കുകയാണ്.

"ഇവിടുന്നെന്താ ഇങ്ങനെ തുറിച്ചുനോക്കുന്നത്?" അവള് ആടിക്കുഴഞ്ഞു.

"ഗാണാന്."

"കാണാന് കഥകളിയുണ്ടോ?"

"അതുണ്ട്. പിണ്ണെ കൃഷ്ണനാട്ടയക്ഷഗാന.... പിണ്ണെ എന്തപ്പാ... നാടക തന്നെ ഉണ്ട്, പിണ്ണെ, അമ്മാലുക്കുട്ടി, നമ്മള് നോക്കി. നമ്മള് കണ്ണ് ഊണാക്കി."

"കണ്ണ് ഉണ്ണാനോ?"

"ഉ-ം. നൈപ്പായസ-ഗദളിപ്പള- എന്നുബെച്ചാല് തുമധുരതണ്ണെ!"

താനൊരു ത്രിമധുരമാണെന്ന ആ വാക്ക് അവളെക്കൊണ്ടൊന്നാടിക്കുഴഞ്ഞു ലജ്ജ നടിപ്പിച്ചു. ഈ ലജ്ജാഭിനയം കുഞ്ഞിത്തായി അമ്മയ്ക്ക് പിടിച്ചില്ല. അവരുടെ തത്ത്വശാ ത്തില് സംബന്ധം, വ്യഭിചാരം എന്ന രണ്ടുള്പ്പിരിവേ ഉള്ളൂ. അനുരാഗം അസംബന്ധമാണ്. അവര് മകളോടു ചോദിച്ചു:

"അപ്പഴേ, അമ്മാളുക്കുട്ടി, ഇതു നല്ല പോക്കല്ല. ആ എമ്പ്രാശ്ശന് സംബന്ധം തുടങ്ങണ്ടാവില്ല. ഉണ്ടായാലും അതോണ്ടൊരു ലഭ്യവുമില്ല. നമുക്കതു പറ്റില്ല. ഇനി ഇതു കണ്ടാല് അമ്മയുടെ പ്രകൃതം മാറേ!"

ഈ താക്കീത് അമ്മാളുക്കുട്ടി വകവെച്ചില്ല. പക്ഷേ, എമ്പ്രാശ്ശനെ കുഞ്ഞിത്തായിഅമ്മ നല്ല കണക്കിലൊന്നു ശാസിച്ചു. ആ മനുഷ്യന് ഈ ത്രിമധുരം വേണ്ടെന്നുംവെച്ചു. പ്രസാദം കൊടുക്കുമ്പോള് ശ്രദ്ധാം മാറാതെയുമായി.

പ്രിയപ്പെട്ട ഒരു പതക്കംനുലു കൈമോശംവന്നപോലെ. അമ്മാളുക്കുട്ടിക്ക് ഒരു വിമ്മിട്ടം. അതു കുറച്ചു ദിവസം നിന്നു. അപ്പോഴേക്കും പുതിയ പുതിയ മുഖങ്ങള് അവളുടെ ജീവിതത്തിലേക്കു കടന്നുവരികയായി. വലിയവര്ക്കു

നടന്നുവരാനുള്ള ആനപ്പടിവാതില് കുഞ്ഞിത്തായി അമ്മ തുറന്നു വെച്ചിട്ടുണ്ടായിരുന്നു!

“മകളേ!”

“ഉ–ം.”

“അവരൊക്കെ വല്യേ ആളുകളാ.”

“ഉ–ം.”

“നമ്മുടെ സ്ഥിതി അഗാധമാണ്. അതോര്ത്തോ.”

“ഉ–ം.”

അക്കാലത്താണ് കൃഷ്ണന്നമ്പിടിക്ക് തന്റെ കൈകൊട്ടിക്കളിപ്പാട്ടുകളോട് എന്തെന്നില്ലാത്ത കമ്പം തോന്നിയതെന്ന് അവരോര്ത്തു. ആ പാട്ടില് അദ്ദേഹം ലയിച്ചു. അവള് ലയിപ്പിച്ചു. അദ്ദേഹം എന്നും അവള്ക്കു നന്മ വരണമെന്നേ കരുതിയിട്ടുള്ളൂ. വേലുനായര് വന്നു സംബന്ധമാലോചിച്ചപ്പോള് അമ്മാളുക്കുട്ടി എതിര്ത്തതാണ്.

“വേണ്ടാ, അയാള്ക്ക് പ്രായം വളരെയായി, അമ്മേ.”

“പുരുഷനു പ്രായമാവലുണ്ടോ, മകളേ? അവരു വലുതാവുകയല്ലേ?”

“എനിക്ക് ഈ മുതുക്കന് വേണ്ടാ.” അവള് തീര്ത്തു പറഞ്ഞു. കുഞ്ഞിത്തായിഅമ്മ പിന്മാറിയില്ല. അങ്ങനെ തട്ടിനീക്കാവുന്ന ഒരാളല്ല വേലുനായര് എന്ന് അവര്ക്കറിയാം. അവരുടെ ജീവിതം പന്നിയിറങ്ങിയ പാടം പോലാക്കിയേ വേലുനായര് മടങ്ങൂ. ആ മനുഷ്യനെ മുഷിപ്പിക്കുന്നതു രക്ഷയല്ല. കുത്തിയ മുള്ള് മുള്ളുകൊണ്ടുതന്നെ എടുക്കാം. അവര് നമ്പിടിയെ കാര്യം ധരിപ്പിച്ചു. അദ്ദേഹം അമ്മാളുക്കുട്ടിയെ ഉപദേശിച്ചു: “നോക്കൂ, വേല്യാര് ആരാണെന്നറിയോ? ഒരു തല പിടിക്കാന് പോന്നവനാ! അയാള് സമ്മന്തം തുടങ്ങുന്നതു നന്മയായിട്ടേ കലാശിക്കൂ. പിന്നെ വേല്യാര് എന്റെ ആളാ. അപ്പോ വേവലാതിപ്പെടാനെന്താ? മനസ്സിലാവുന്നുണ്ടോ?”

“ഉണ്ട്.”

അങ്ങനെയാണ് ആ കല്യാണം നടന്നത്. അതെത്ര നന്നായി! ഇന്നു കാണുന്ന സ്വത്തൊക്കെ ആ മനുഷ്യനാണ് വലിച്ചുകൂട്ടിയത്. എല്ലാം അമ്മാളുക്കുട്ടിയുടെ പേരില്ത്തന്നെ. തൊഴുത്തില്ക്കുത്തില്ലാതെ നില്ക്കുന്ന ആ കാള ഒരു സമ്പാദ്യംതന്നെ എന്ന് അമ്മാളുക്കുട്ടിഅമ്മ ആശ്വസിച്ചു. പക്ഷേ, വേലുനായരുടെ മടിശ്ശീലയല്ലാതെ, വേലുനായര് ഒരിക്കലും അവരെ ആഹ്ലാദിപ്പിച്ചിട്ടില്ല. തേന് കൂടിക്കാന് വരുന്ന കരടി മുന്കൂട്ടി സ്ഥലംപിടിച്ച പൂമെരുവിനെക്കണ്ടു വിളറിയെടുത്താലോ എന്ന് ആ ീ ഭയപ്പെട്ടിരുന്നു. അങ്ങനെ വിളറിപിടിച്ചിരുന്നെങ്കില്, അതവര്ക്ക് ഒരുതരം ആത്മസംതൃപ്തി ഉണ്ടാക്കുകയും ചെയ്യുമായിരുന്നു. എന്നാല് കരടി കീഴടങ്ങി വാലാട്ടിനിന്നപ്പോള് അമ്മാളുക്കുട്ടിഅമ്മയുടെ ഹൃദയം ഒരു തുപ്പുതുപ്പി: “ശവം!” എങ്കിലും ആ പണപ്പെട്ടിയുടെ താക്കോല് അവര് അരയില്ത്തന്നെ തിരുകി. മകളുടെ ആ ബുദ്ധി കുഞ്ഞിത്തായിഅമ്മയെയും സന്തുഷ്ടയാക്കി: “എന്റെ

മകള്ക്ക് ആലോചനയുണ്ട്. അയാളെക്കൊണ്ടു വേണം നമുക്കൊരു സ്ഥിതിയാവാന്.”

“ഉ–ം.”

അമ്മ മരിക്കുന്നതിന്നു മുമ്പുതന്നെ അമ്മാളുക്കുട്ടിഅമ്മ സമ്പാദ്യക്കാരിയായി. അതുകണ്ടു മനം കുളിര്ത്തിട്ടാണ് അവര് കണ്ണടച്ചത്.

കഴിഞ്ഞതോര്ത്ത് അവര്ക്ക് ദുഃഖിക്കേണ്ടതില്ല. നാട്ടുകാര്ക്കിടയില് തന്നെപ്പറ്റി രണ്ടഭിപ്രായമുണ്ടെന്ന് അമ്മാളുക്കുട്ടിഅമ്മയ്ക്കുതന്നെ അറിയാം. വലിയവരെല്ലാം ഹൃദയം നിറഞ്ഞ പരിഹാസത്തോടെയാണ് അവരെ നോക്കിക്കണ്ടത്. അമ്പലമൂലയ്ക്കലും കുളക്കടവിലുംവെച്ചു ചില സംഭാഷണശകലങ്ങള് അവരുടെ ചെവിയില് വന്നു വീഴാതെയുമിരുന്നില്ല:

“ഭാഗ്യവതിയാണ്ട്ട്വോ!”

“ഇങ്ങനെ ഭാഗ്യമുണ്ടാക്കാന് തുടങ്ങിയാല് ആര്ക്കാ ഉണ്ടാവാത്തത്?”

“എനിക്കും തനിക്കും ഉണ്ടാകുന്നുണ്ടോ?”

“വേണ്ടേ, ഭഗവാനേ! വേണ്ടാ.”

“തനിക്കു തരാവാഞ്ഞിട്ടു പറയ്ണതല്ലേ?”

“പട്ടിണിയുണ്ടെന്നുവെച്ചു പട്ടിക്കുട്ടിയെ ചുട്ടുതിന്നാറില്ലല്ലോ.”

“നായയെ വിറ്റ പണം ഓളിയിട്ട്വോ?”

ഒരു പരിഹാസച്ചിരി. ആ ആളുകളെ ഇടംകണ്ണിട്ടുനോക്കി അമ്മാളുക്കുട്ടിഅമ്മ നടന്നു. ആ വലിയ ആളുകളെപ്പറ്റി പിന്നീടു നമ്പിടിയില്നിന്നു ചിലതു മനസ്സിലാക്കാന് അവര്ക്കു കഴിഞ്ഞു. അവര് ഒന്നിനൊന്നര പലിശയോടെ അതൊക്കെ മടക്കിക്കൊടുത്തു. കീരിത്തല കണ്ട പാമ്പുകളെപ്പോലെ, അവര് പത്തി താഴ്ത്തുകയും ചെയ്തു.

പക്ഷേ, പാവപ്പെട്ടവര്ക്ക് എന്നും അമ്മാളുക്കുട്ടിഅമ്മയെ ഇഷ്ടമായിരുന്നു. അവരുടെ വേദനയും വിമ്മിട്ടവും അമ്മാളുക്കുട്ടിഅമ്മയ്ക്കു വേഗം മനസ്സിലാകും. വേലുനായരെ കണ്ടുകൂടാത്തവര്ക്കുപോലും അമ്മാളുക്കുട്ടിഅമ്മയെ ഇഷ്ടമായിരുന്നു.

“മനസ്സഴിച്ചിലുള്ളവളാ.”

“ആരുടെ കഷ്ടം കണ്ടാലും കണ്ടില്ല എന്നു നടിക്കാന് കഴീല്ലട്ട്വോ.”

“അവര് ആര്ക്കെങ്കിലും ഒരു സഹായം ചെയ്യും. പക്ഷേ, ആ ഗ്രളികന് നായരാ അപകടക്കാരന്.”

“ശര്യാ. നല്ല ധര്മ്മവുമുണ്ട്.”

“അതല്ലേ മനുഷ്യനു വേണ്ടത്? പിന്നെ അവരുടെ നടപടി–– അതിനെപ്പറ്റിയൊക്കെ നമ്മളെന്തിനാ ശ്രദ്ധിക്കുന്നത്? ആറുജനം നൂറുവിധം എന്നല്ലേ? ഈ കൂറ്റം പറയുന്ന കൊലകൊമ്പന്മാരുടെ സ്ഥിതിയൊക്കെ നമുക്കറിയാം. അവരും അമ്മാളുക്കുട്ടിഅമ്മയും തമ്മില് ഒരു വ്യത്യാസമേ ഉള്ളൂ: അവര്ക്കൊരു തിരശ്ശീലയുണ്ട്, ആയമ്മയ്ക്കതില്ല. അത്രതന്നെ!”

“മനുഷ്യന്റെ മനസ്സല്ലേ നന്നാവേണ്ടത്?”

തന്നെപ്പറ്റി ഇങ്ങനെ ഒരഭിപ്രായമുള്ളതായി അമ്മാളുക്കുട്ടിയമ്മ അറിഞ്ഞിട്ടില്ല. അറിയാന് ആഗ്രഹിച്ചതുമില്ല. അതിനൊന്നും സമയമുണ്ടായിരുന്നില്ല. പക്ഷേ, വിശന്നുവലഞ്ഞ് ആ വീട്ടില് ചെന്നുകയറിയ ആരും വെറുംകൈയോടെ പോയിട്ടില്ല.

ആശ്രിതന്മാരോട് അതിവാത്സല്യം, എതിരാളികളോട് തീര്ത്താല് തീരാത്ത പക--അതായിരുന്നു ആയമ്മയുടെ സ്വഭാവം. അമ്മാളുക്കുട്ടിഅമ്മയെസ്സംബന്ധിച്ചിടത്തോളം എല്ലാം വ്യക്തമാണ്. ഒരു മങ്ങിയ വര, ഒരു നിറംകുറഞ്ഞ ചായം, ഒരു നേര്ത്ത ശബ്ദം--ഇതൊന്നും ആ ജീവിതത്തിലില്ല. ആയമ്മ 'പോ' എന്നു പറഞ്ഞാല് 'പോ' എന്നുതന്നെയാണര്ത്ഥം; 'വാ' എന്നു പറഞ്ഞാല് വന്നോ കഴിയൂ എന്നും. ഈ സ്വഭാവം അറിഞ്ഞിട്ടോ എന്തോ, അവരുടെ അകന്ന ചാര്ച്ചക്കാരായ രണ്ടു കുട്ടികളെ അവിടെ പാര്പ്പിക്കാനുള്ള അപേക്ഷ വന്നു. ആ കുട്ടികളുടെ അമ്മ അമ്മാളുക്കുട്ടി അമ്മയോടു പറഞ്ഞു: ദാ, നോക്കു. ഇവരു പട്ടിണികിടന്നു ചാവും, ഇപ്പോ ഒരു രക്ഷചെയ്തില്ലെങ്കില്."

'അവരിവിടെ നിന്നോട്ടെ' എന്നു പറയാന് ആയമ്മ ഒട്ടും മടിച്ചില്ല.

വേലുമ്മാന് കലശലായി എതിര്ത്തു: "ആരാണിവയ്ക്കാക്കെ തിന്നാന് കൊടുക്കുക?"

"ഞാന്."

"നീ നാളെ കഷ്ടത്തിലാവും."

"ദാ, എന്നെ പഠിപ്പിക്കല്ലേ."

ഒരു തിരിച്ചടി. വേലുമ്മാന് കീഴടങ്ങി. ഇത്തിക്കണ്ണി കളയാന് വേണ്ടി, കായ്ക്കുന്ന മാവുതന്നെ വെട്ടിക്കളയരുതെന്നു വേലുമ്മാന്ന് അറിയാം. ആ കുട്ടികളെ ആ ീ സ്വന്തം മക്കളെപ്പോലെ വളര്ത്തി. വേലുമ്മാനും അദ്ദേഹത്തിന്റെ വീട്ടുകാരും ആ ബന്ധം അംഗീകരിക്കേണ്ടിവന്നു.

"നിങ്ങള്ക്കും കുട്ടികള്ക്കും സുഖമല്ലേ?" എന്ന് അമ്മാളുക്കുട്ടിഅമ്മയോടു ചോദിക്കാന് എല്ലാവരും ഓര്മ്മവെച്ചു.

"അതേ." നിസ്സംശയം മറുപടിയും വന്നു. ആ കുട്ടികള് വീടു ശബ്ദായമാനമാക്കി. അത് അവരെ കൂടുതല് ഇഷ്ടപ്പെടുത്തുകയും ചെയ്തു. എന്നിട്ടും. 'കണ്ണും തിരിയും' വെച്ചപ്പോള് അവര് അമ്മയുടെ അടുത്തേക്കു തിരിച്ചുപോയി. മറ്റൊരു ീയാണെങ്കില് അതോടെ ലോകവിദ്വേഷിണിയായിത്തീരും. എന്നാല് അവര് എന്തെങ്കിലും സംഭവിച്ചുവെന്നുതന്നെ നടിച്ചില്ല.

"അപ്പഴും ഞാന് പറഞ്ഞില്ലേ?" വേലുമ്മാന് ചോദിച്ചു.

"എന്ത്?"

"കള്ളവകയാണെന്ന്."

"അങ്ങനെ ആവട്ടെ. അതിനെന്താ?"

വേലുമ്മാന് അതിനു സമാധാനം പറഞ്ഞില്ല.

അമ്മാളുക്കുട്ടിഅമ്മ പുണ്യകർമ്മങ്ങള് ചെയ്യാന് മറന്നില്ല. അവര് ക്രമമായി വഴിപാടുകള് കഴിച്ചു. ക്ഷേത്രദർശനം നടത്തി, തണ്ണീർപ്പന്തലിലേക്കു പണം കൊടുത്തു. ആറ് അത്താണികളും പണിചെയ്യിച്ചിട്ടുണ്ട്.

എല്ലാറ്റിന്മേലും 'പാടത്തുംപറമ്പില് അമ്മാളുക്കുട്ടിഅമ്മ വക ധർമ്മ അത്താണി' എന്നു കരിങ്കല്ലില് കൊത്തിപ്പിടിപ്പിച്ചിട്ടുമുണ്ട്. അവര് മരിച്ചാലും ആ അത്താണികള് അവരുടെ സ്മാരകങ്ങളായി ആ നാട്ടിന് പുറത്തിന്റെ നാനാഭാഗത്തും വിലസും.

അവരെസ്സംബന്ധിച്ചിടത്തോളം ജീവിതം വിജയകരമായിരുന്നു. അന്ന് അവര് കണ്വെട്ടിച്ചുവെട്ടിച്ചു കടന്നുപോകുമ്പോള് ആണുങ്ങള്ക്ക് ഒരു തരം തലചുറ്റലുണ്ടായി. അത് അമ്മാളുക്കുട്ടിഅമ്മയ്ക്കും അറിയാം. അനേകം മനുഷ്യരെ മായാമോഹത്തിലിട്ടു ചുറ്റിക്കുന്നതില് ഒരു രസം. അവര് അനങ്ങുമ്പോള് അതു ലോകം അറിഞ്ഞു. അവരൊന്നു ചിരിക്കുമ്പോള് ലോകം പതഞ്ഞുപൊങ്ങി. ആ പതയും നുരയും നിലനിര്ത്താനുള്ള എല്ലാ ചപ്പടാച്ചികളും അവര്ക്കറിയാമായിരുന്നുതാനും.

അമ്മാളുക്കുട്ടിഅമ്മയുടെ ഒരമ്പും ഇതേവരെ പാഴായിപ്പോയിട്ടില്ല.

"സുഖമല്ലേ, കുട്ടിരാമാ?" എന്നൊരൊറ്റച്ചോദ്യം മതി, ഒരു ചെറുപ്പക്കാരനെ നിന്നു കുഴഞ്ഞാടിക്കാനും അവരുടെ പിന്നാലെ തെന്നിത്തെന്നി നടത്താനും. ഇത്തരം അന്വേഷണങ്ങള് അവര് ലോഭമില്ലാതെ പൊഴിച്ചു. തന്റെ പിന്നാലെ ഒരു യുവസംഘം നീങ്ങിക്കൊണ്ടിരിക്കുന്നത് അവര്ക്കിഷ്ടമായിരുന്നു. ഒരു മഹാറാണിയുടെ ഇഴയുന്ന പാവാടത്തുമ്പിലെ കസവു ചിത്രപ്പണികള്പോലെ, ചെറുപ്പക്കാരുടെ തുടുത്ത മുഖങ്ങള് എന്നും അവരോടുകൂടി നീങ്ങി, അവരുടെ അഹന്ത നിലനിര്ത്തുകയും ചെയ്തു.

ഇന്നു കാറ്റു മറിച്ചുവീശുകയാണോ? അമ്മാളുക്കുട്ടിഅമ്മയെക്കുറിച്ച് ആളുകള്ക്കു സംഭ്രമമില്ലാതായിത്തുടങ്ങിയിരിക്കുന്നു. അതു വ്യസനത്തക്കൊള് അധികം ശുണ്ഠി ജനിപ്പിക്കുകയാണ്. തലേന്നാളുണ്ടായ ഒരനുഭവം അവരെ അസ്വസ്ഥയാക്കി. അനേകദിവസം അവരുടെ പിന്നാലെ നടന്ന കുട്ടിരാമന് അമ്പലനടയ്ക്കല്വെച്ചു കണ്ടപ്പോള് ഒന്നുമുണ്ടാകില്ല എന്ന മട്ടിലൊരു നടത്തം. 'എന്താ വിശേഷം?' എന്ന ചോദ്യത്തിന്നു 'വിശേഷിച്ചൊന്നുമില്ല' എന്നു യാതൊരു മുഖത്തുടുപ്പും കൂടാതെ മറുപടി പറഞ്ഞു കടന്നുപോകാന് ആ ചെറുപ്പക്കാരനു സാധിക്കുന്നു! എന്തൊക്കെയോ പൊയ്പോകുന്നുണ്ട്, നിശ്ചയം.

'ഞാന് തൊണ്ടായിക്കഴിഞ്ഞോ?'

അവര് അറിയാതെ ചോദിച്ചുപോയി. ആ ചോദ്യം അരിശം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ആളുകളുടെ ലഹരിപിടിച്ച ശ്രദ്ധയിലാണ് തങ്ങളുടെ അസ്തിത്വമെന്നു വിശ്വസിക്കുന്ന ആർക്കും ആ ലഹരി കുറയുമ്പോള് വെള്ളം വറ്റിയ കുളത്തിലെ പരല്മീനിന്റെ ഒരനുഭവമുണ്ടാവും. ആ ലഹരി പിടിച്ചുപറ്റാന്വേണ്ടി അവര് എന്തും ചെയ്യും. വേശ്യകള് ആഭിചാരവും

കൈവിഷവും ഉപയോഗിക്കും. രാ ാധിപതികള് കൊലപാതകങ്ങള് നടത്തും.

അമ്മാളുക്കുട്ടിഅമ്മയ്ക്ക് ഈ അനുഭവം വര്ദ്ധിച്ചുകൊണ്ടേവന്നു. എല്ലാ പൂക്കളും ഒരു സായാഹ്നത്തിലങ്ങു കൊഴിഞ്ഞുപോവുക, ശൂന്യമായ കുറെ മുള്ത്തലപ്പുകള് പൊന്തിക്കൊണ്ടു നില്ക്കുക--അതസഹ്യമാണ്. കായ്ക്കാത്ത ചെടികളില് ആ ശൂന്യത സ്പഷ്ടമത്രേ. അവര്ക്കു ലോകത്തിന്റെ നെറുകയില് കയറിനിന്നു വിളിച്ചുപറയാന് തോന്നി: 'നന്ദികെട്ട ലോകമേ!'

പക്ഷേ, ലോകം കേള്ക്കുന്നുണ്ടോ? എത്ര ചൂടുള്ള കണ്ണീരും ഭ്രമിയില് വീണാല് വറ്റിപ്പോകും. അതിലടങ്ങിയ ഉവര്പ്പുളിപ്പിനെ വളമാക്കിക്കൊണ്ട് ഒരു ചെടി മുളച്ചുപൊന്തിയെന്നും വരാം--ഒരു മുല്ലവള്ളി, ഒരു കാരച്ചെടി, അല്ലെങ്കില് ഒരു കൊടിച്ചിത്തുവ!

കരഞ്ഞിട്ടു കാര്യമില്ലെന്ന് അമ്മാളുക്കുട്ടിഅമ്മയ്ക്കറിയാം. കരയാന് അറിഞ്ഞുകൂടതാനും. യുദ്ധത്തിന്റെ തലേന്നാളത്തെ തന്ത്രമണ്ഡപം പോലെയായി അവരുടെ മനസ്സ്. തിക്കും തിരക്കും തിരച്ചിലും കണ്ടുപിടിക്കലും. പുതിയ ആയുധങ്ങളെപ്പറ്റി, പുതിയ തന്ത്രങ്ങളെപ്പറ്റി ആലോചനയോടാലോചന. കീഴടങ്ങുക എന്നതു മരണത്തേക്കാള് കഷ്ടമാണ്; വേശ്യയ്ക്കും ഏകാധിപതിക്കും വിശേഷിച്ചും.

അന്നവര്ക്ക് ഉറങ്ങാന് കഴിഞ്ഞില്ല. തിരിഞ്ഞും മറിഞ്ഞും കഴിച്ചുകൂട്ടി.

"എന്താ അമ്മാളുക്കുട്ടീ?"

ഒരു മുക്കില് കുനിക്കുടിക്കിടക്കുന്ന വേലുമ്മാന് ചോദിച്ചു. അവള് മറുപടി പറഞ്ഞില്ല. വീണ്ടും ചോദ്യം ആവര്ത്തിച്ചു. അവള്ക്കരിശം വന്നു.

"കുരിപ്പ്--എനിക്കു കുരിപ്പാണ്, മനസ്സിലായില്ലേ!"

അതു വേലുമ്മാന് കേട്ടതായി നടിച്ചില്ല. ഈയിടെയായി അയാള് പലതും കേട്ടില്ലെന്നും കണ്ടില്ലെന്നും നടിക്കാന് തുടങ്ങിയിട്ടുണ്ട്. വാര്ദ്ധക്യം അയാളെ തകര്ത്തുകഴിഞ്ഞിരുന്നു. അപ്പോഴും പുതിയ പദ്ധതികള് പലതും മനസ്സിലുദിക്കായ്കയില്ല. നിരത്തുവക്കത്തുള്ള പറമ്പില് ഒരു നാലുമുറിപ്പീടിക പണിചെയ്യിക്കുന്നതു നല്ലതാണ്. അടുത്തൊരു ഹാള് പണിചെയ്താല് ഒരു സ്കൂള് കെട്ടിടമായി ഉപയോഗിക്കാം. വാടക കിട്ടും. അങ്ങനെ അനേകം പ്ലാനുകള് കിടക്കയില്വെച്ച് ആവിഷ്കരിക്കും. അമ്മാളുക്കുട്ടിഅമ്മയോടു പറയുകയും പതിവാണ്. ആരു ശ്രദ്ധിക്കാന്!

"നിങ്ങള്ക്കു ഭ്രാന്താണ്!" ആയമ്മ തിരിഞ്ഞു നടക്കും.

"പത്തു കാശുണ്ടാക്കാന് നോക്കുന്നില്ല." അയാള് തന്നോടുതന്നെ പറയും. പക്ഷേ, മനസ്സെത്തുന്നേടത്ത് ശരീരമെത്താത്ത കാലമായിപ്പോയി. രണ്ടു കാര്യംകൂടി സാധിക്കേണമെന്ന് അയാള്ക്കുണ്ടായിരുന്നു. തെക്കേപ്പുറത്തുള്ള തന്റെ രണ്ടു നിലങ്ങള്ക്കിടയില് ഹസ്സനാജിക്ക് ഒരയ്മ്പതുസെന്റു നിലമുണ്ട്. അതുംകൂടി വാങ്ങിച്ചേര്ത്ത് ഒറ്റത്തട്ടു നിലമാക്കുക: വിസ്തരിച്ചൊരു പടിപ്പുര പണിയുക. അതിലെ കടന്നുപോകുന്ന ആരും വേലുനായരുടെ പടിപ്പുരകണ്ടു വിസ്മയിക്കേണ്ടതാണ്. പക്ഷേ, അപ്പോഴേക്കും വീണുപോയി. യൗവനം പോയി

എന്നെ വേലുമ്മാന് സമ്മതിക്കുന്നില്ല.

“ഈ വാതക്കടച്ചിലൊന്നെ മാറിയാല് ഞാനിപ്പോഴും അതൊക്കെ പറ്റിക്കും.” അയാള് ഇപ്പോള് അമ്മാളുക്കുട്ടി അമ്മയോടു പറയാറുണ്ട്.

“വയസ്സുകാലത്തു വന്ന രോഗം അത്ര ക്ഷണത്തിലൊന്നും വിട്ടുപോവില്ല.”

ആ ീ മറുപടിയും പറഞ്ഞു.

ആ വാക്കു വേലുമ്മാന്റെ നെഞ്ചില് തറച്ചു. എന്തു ചെയ്യാന്? നാരായം വിഴുങ്ങുന്നതുപോലെ കേട്ടു.

എല്ലാറ്റിനും വിഷമം, വേലുമ്മാന്ന് ആ ീയെ സ്വല്പം ഇഷ്ടമായിരുന്നുവെന്നതാണ്. ഇതേവരെയും മറ്റൊരു മനുഷ്യജീവിയുടെ നേരെയും അയാള് ആ അവശത കാട്ടിയിട്ടില്ല. വാര്ദ്ധക്യം കയറുന്നോടത്തോളം സ്നേഹം വര്ദ്ധിച്ചുവരുന്നു. ഇന്നത് ഏതാണ്ടൊരു കമ്പമായിരിക്കുന്നു. തിരക്കുപിടിച്ച ചെറുപ്പത്തില് അയാള് അനുരാഗത്തെ കവച്ചു കടന്നുപോന്നു. അനുരാഗമാകട്ടെ, ഒരു അണലിപ്പാമ്പുപോലെ, പതുക്കെ തല മടക്കിവന്ന് ഇന്നയാളെ കടിക്കുകയാണ്. പണ്ടില്ലാത്തവിധം ചില അവശതകള് അയാള് കാട്ടാനും തുടങ്ങി...

“അമ്മാളുക്കുട്ടീ!” മൃദുലമായിരുന്നു ആ വിളി.

“എന്താ?” പരുഷമായ ചോദ്യം.

“കുറച്ചെന്റെ അടുത്തിരിക്കൂ.”

“എന്തിന്?”

“ഇരിക്കൂ. നീ അടുത്തിരുന്നാല് എനിക്കൊരാശ്വാസമാണ്.”

“ഓ, ഇനി ഈ വയസ്സുകാലത്താ മാഞ്ഞാളിത്തം കാണിക്കുന്നത്?”

ആ കുത്തുവാക്കു വേലുമ്മാനെ നൊമ്പരപ്പെടുത്തി. എങ്കിലും അയാള് അപേക്ഷ തുടര്ന്നു:

“ഈ കൈയൊന്ന് ഉഴിഞ്ഞുതരൂ.”

“ഞാന് കൈയും ഉഴിഞ്ഞിവിടെ ഇരുന്നാല് കുടുംബത്തെ കാര്യമൊക്കെ ആരാ നോക്ക്ാ?”

“സ്വല്പം ഇരുന്നിട്ടു പോയ്ക്കോളൂ.”

ഒരു നിമിഷം ആലോചിച്ച് ആ ീ ഇരുന്നു.

“നീ മെലിഞ്ഞിരിക്കുന്നുവല്ലോ.”

“തുടങ്ങീ പൊന്നാരംപറച്ചില്!”

“നിന്നോടല്ലാതെ ആരോടു പറയാന്?”

“കൈ തടവണമെങ്കില് തടവാം.”

പരുക്കന്മട്ടില് അമ്മാളുക്കുട്ടിഅമ്മ പറയുമ്പോള് വേലുമ്മാന് അതെങ്കില് അത് എന്ന മട്ടില് കൈ നീട്ടിക്കാട്ടി. അവര് സ്വല്പനേരം തടവിക്കൊടുത്തു ചോദിച്ചു:

“പോരേ?”

“മതി. നിന്റെ കൈ കടഞ്ഞിട്ടുണ്ടാവും.”

“ഉവ്വ്.”

അവര് എഴുന്നേറ്റു മുകളിലെ നിലയിലേക്കു പോയി. വേലുമ്മാന് ആ പോക്കു നോക്കിക്കൊണ്ട് ആവേശഭരിതനായി ഇരുന്നു.

ഭാര്യയ്ക്കും ഭര്ത്താവിനും യൗവനത്തെ തളച്ചുനിര്ത്താനുള്ള വെമ്പലായിരുന്നു ഓരോ തരത്തില്. ഭര്ത്താവു ഭാര്യയെക്കൊണ്ടു രസിക്കാന് ഇച്ഛിച്ചു. ഭാര്യ ഭര്ത്താവിനെക്കൊണ്ടു മുഷിഞ്ഞു. അങ്ങനെ ഒരേ താത്പര്യത്തില് നില്ക്കുന്ന അവര്ക്കു സംഘടിക്കാന് വയ്യാതായി.

അമ്മാളുക്കുട്ടിഅമ്മയുടെ രാത്രികള് ഏകാന്തങ്ങളായിവരികയാണ്. നമ്പിടിയും കുറേ ദിവസമായി അങ്ങോട്ട് വരാറില്ല. എന്നാല്ല, ഇനി അങ്ങനെ വരുമെന്നു വിശ്വസിക്കാനും വയ്യാ. പ്രമേഹരോഗം ആ മനുഷ്യനെ പിഴിയാന് തുടങ്ങിയിരിക്കുന്നു. നമ്പിടി അങ്ങോട്ടു വരേണമെന്ന് അമ്മാളുക്കുട്ടിഅമ്മ ആശിച്ചിട്ടല്ല. അദ്ദേഹമുണ്ടായിരിക്കുന്നത് ഒരന്തസ്സാണ്. കല്ലുവെച്ച മോതിരമണിയാന് ആരാണ് ആഗ്രഹിക്കാത്തത്? പിന്നെ ശൂന്യതയ്ക്കാരു നിവാരണവുമാണ്.

‘ഇല്ല. ഇനിയൊക്കെ അവിടെത്തന്നെ.’

ആ ീ നെടുവീര്പ്പോടെ ആലോചിച്ചു. അവര് പലതും ചിന്തിക്കുന്നു. അവര്ക്കു ജീവിതം ഒട്ടും മടുത്തിട്ടില്ല. ഇനിയും പിടിച്ചുപറ്റണം. ഇനിയും പിടിമുറുക്കണം. ആരെ, എന്ത്? അതാണ് അറിഞ്ഞുകൂടാത്തത്. എങ്കിലും തവളയ്ക്കുമീതെ വെള്ളം പൊന്താന് പാടില്ല. കാലം തന്റെ ആകര്ഷകതയെ മറച്ചുകൂടാ.

‘ഞാന് ജയിക്കും, ഞാന് ജീവിക്കും.... അതേ, അതു വേണം.’–– അമ്മാളുക്കുട്ടിഅമ്മ ഉറച്ചു.

ഒരു എട്ടുകാലിയുടെ ചാതുര്യത്തോടെ അവര് തന്റെ ആകര്ഷകതയുടെ കണ്ണികള് മുറുക്കി. വാസ്തവത്തില് അമ്മാളുക്കുട്ടിഅമ്മ കാമുകന്റെ ആത്മാവിനെക്കൂടി കടിച്ചെടുക്കുന്ന ഒരു പെണ്ണെട്ടുകാലിയായിരുന്നു. അവരങ്ങനെ തക്കം പാര്ത്തിരിക്കുമ്പോഴാണ് അത്ഭുതസിദ്ധികളോടുകൂടിയ ഒരു സന്ന്യാസി ആല്ത്തറയിന്മേല് വന്നുകൂടിയിട്ടുണ്ടെന്നു കേട്ടത്. ആ മനുഷ്യന് അവിടെ വന്നുകൂടിയിട്ടു കുറെ ദിവസമായിരുന്നു. ആദ്യദിവസങ്ങളിലൊന്നും ആരും ശ്രദ്ധിച്ചില്ല. പിന്നീട് അദ്ദേഹം ശ്രദ്ധയാകര്ഷിച്ചു. ലോകം സന്ന്യാസിയെ കാണുന്നതു കിഴക്കാംതുക്കായിട്ടാണ്. നന്നേ പ്രഭാതത്തില് തല കാലും കാലു തലയുമാക്കി അയാള് ആ ആല്ത്തറയിന്മേല് നില്ക്കുന്നതു കാണാം. അമ്പലമുറ്റമടിക്കാന് ചെന്ന കിഴവി ആദ്യദിവസം പേടിച്ചോടി. അവര് ഈ സംഭവം ബഹുജനങ്ങളെ അറിയിച്ചു. പിന്നെ ബഹുജനങ്ങളുടെ വരവായി. എല്ലാവരും സൂക്ഷിച്ചു നോക്കി. സന്ന്യാസി തലകൊണ്ടാണ് നില്ക്കുന്നത്. എന്തുകൊണ്ടയാള് കാലിന്മേല് നില്ക്കുന്നില്ല എന്ന് ആരും ചോദിച്ചില്ല. അത്ഭുതമായിരുന്നു. അയല്വീട്ടില്നിന്ന് അയല്വീട്ടിലേക്കു വാര്ത്തകള് പ്രചരിച്ചു. പിന്നെ

ീജനങ്ങളുടെ വരവായി, നമസ്കാരമായി, വഴിപാടായി.

“എന്തൊരു തേജസ്സാ!”

“ദിവ്യനാണ്, സംശയമില്ല.”

“എവിടെനിന്നു വന്നു!”

“സന്ന്യാസികളും ചെകുത്താന്മാരും ഒക്കെ എവിടെനിന്നാ വരുന്നതെന്നു നമുക്കു പറയാന് കഴിയോ?” ഒരു ശ്രുദ്ധഗതിക്കാരി തള്ള കൈമലര്ത്തി. അടുക്കളകളും അഞ്ചാംപുരകളും കുളക്കടവുകളും വാചാലങ്ങളായി, സപ്തര്ഷിമാര് മുതല് ആ ആല്ത്തറസ്വാമിവരെയുള്ളവരെപ്പറ്റിയെല്ലാം സംഭാഷണം നടന്നു.

ഇത്രയുമായപ്പോള് സന്ന്യാസി തന്റെ സിദ്ധികള് പ്രകടിപ്പിക്കുവാനും തുടങ്ങി. അപസ്മാരം, ഭ്രാന്ത്, കുഷ്ഠം ഇവയൊക്കെ ചികിത്സയാരംഭിച്ചു. സുഖം കിട്ടി. ഉഷ്ണരോഗങ്ങള് നിശ്ശേഷം ശമിപ്പിക്കുകയാണ്. പ്രമേഹം ആറു ദിവസംകൊണ്ടുതന്നെ സുഖപ്പെടുന്നു. അങ്ങനെ പലതും. എന്നാല്ല, പ്രതിഫലം ഒന്നും വാങ്ങുകയുമില്ല. വൈദ്യന്മാരൊഴികെ എല്ലാവരും അദ്ദേഹത്തെ ആദരിച്ചു. ഈ വര്ത്തമാനം അമ്മാളുക്കുട്ടിഅമ്മയെ അറിയിച്ചത് ഇച്ചുകുട്ടി മിസ്റ്റ്റസ്സാണ്: “എന്നാലോ, കാണ്യേ മനുഷ്യനാട്ടോ! ഇവിടെ നിന്നാല് അവിടെ തൊടും. ആജാനുബാഹു. എന്തു തേജസ്സാ! മുഖത്തിങ്ങനെ ഒരു സൂര്യന് ഉദിച്ചുനില്ക്കാ?”

“ഇനി പോവുമ്പോ ഞാനും വരാം.” അമ്മാളുക്കുട്ടിഅമ്മയും പറഞ്ഞു! പിറ്റേന്ന് അവര് രണ്ടുപേരുംകൂടി പോയി കണ്ടു. തേജസ്വിതന്നെ. അമ്മാളുക്കുട്ടിഅമ്മ നമസ്കരിച്ചു .... സന്ന്യാസി ഉരിയാടിയതേയില്ല. എങ്കിലും ആ കണ്ണുകള് വാചാലങ്ങളായിരുന്നുവെന്നും അതുതന്നെ അനുഗ്രഹിച്ചുവെന്നും അമ്മാളുക്കുട്ടിഅമ്മയ്ക്കു തോന്നി. മടങ്ങിപ്പോന്നു. പിന്നെ പോയതു രണ്ടു ദിവസം കഴിഞ്ഞാണ്. പിന്നെ ദിവസവും പോയി.

“എങ്ങോട്ടാ?” വേലുമ്മാന് ചോദിച്ചു.

“അമ്പലത്തിലേക്ക്.”

“ദിവസോം?”

സന്ന്യാസി വന്ന വാര്ത്ത അവര് വിസ്തരിച്ചു പറഞ്ഞു.

“അതു ശരി.” വേലുമ്മാന് സമാധാനമായി കിടന്നു.

പിന്നെപ്പിന്നെ അമ്മാളുക്കുട്ടിഅമ്മയെ ദൂരേനിന്നു കണ്ടാല് സന്ന്യാസി ആല്ത്തറയില്നിന്നെഴുന്നേറ്റു നടക്കുമെന്നായി. ഇതാരും അറിഞ്ഞില്ല. പക്ഷേ, അമ്മാളുക്കുട്ടിഅമ്മ മനസ്സിലാക്കി. ഒരാഴ്ചയ്ക്ക് അവര് സന്ന്യാസിയുടെ അടുത്തു പോവുകയേ ചെയ്തില്ല. ആ ഒരാഴ്ച മുഴുവന് അവര് ചിന്താധീനയായിരുന്നു. എട്ടാം ദിവസം അവര് സന്ന്യാസിയുടെ കാല്ക്കല് ചെന്നു വീണു. തല പൊക്കിയപ്പോള് അവരുടെ കണ്പീലികള് നനഞ്ഞിരുന്നു. മാര്ദ്ദവവും തേജസ്സുമെഴുന്ന ആ നാലു കണ്ണുകളും പരസ്പരം എന്തോ കണ്ടുപിടിക്കുകയായിരുന്നു.

“എന്റെ വീട്ടില് എഴുന്നള്ളണം.” അമ്മാളുക്കുട്ടിഅമ്മ അപേക്ഷിച്ചു.

“വരാം.”

അദ്ദേഹം വന്നു വേലുമ്മാനുമായി സംസാരിച്ചു. മരുന്നുകള് കല്പിച്ചു തിരിച്ചുപോയി. അലപ്പംമാത്രം സംസാരിച്ചു. ചികിത്സ വിധിച്ചുകഴിഞ്ഞാല് ഉടനെ പോകും. അതിന്നിടയില്ത്തന്നെ അദ്ദേഹത്തെ ആവോളം സല്ക്കരിക്കാന് അമ്മാളുക്കുട്ടിഅമ്മ വെമ്പല്കാട്ടി. സന്ന്യാസി നിത്യവും സ്വല്പ നേരം വേലുമ്മാന്റെ അരികെയിരുന്നു തിരിച്ചുപോകും. കൊടുത്തതൊന്നും നിഷേധിച്ചില്ല. കുറച്ചെങ്കിലും ഭക്ഷിക്കും. എന്തെങ്കിലും കിട്ടണമെന്ന് ആവശ്യപ്പെട്ടതുമില്ല.

“എന്തൊരു തേജസ്സാ, അല്ലേ?” ഭാര്യ അത്ഭുതപ്പെടുന്നതു വേലുമ്മാന് കേള്ക്കാറുണ്ട്.

ഈ അത്ഭുതരസം കൂടിക്കൂടി വന്നപ്പോള് വേലുമ്മാന് ഒരു ദിവസം പറഞ്ഞു:

“എനിക്ക് അയാളുടെ ചികിത്സ വേണ്ടാ.”

“എന്തുകൊണ്ട്?”

“വേണ്ടാ.”

“സുഖം കിട്ടുന്നില്ലേ?”

“ഞാനയാളെ ചവിട്ടി പുറത്താക്കും!”

ആ വാക്ക് അമ്മാളുക്കുട്ടിഅമ്മ പ്രതീക്ഷിച്ചതല്ല. എന്തിനും തട്ടിക്കയറാറുള്ള ആ ീ നിശ്ശബ്ദയായി നടന്നുപോയി, ആല്ത്തറയിലേക്ക്. ആ സന്ദര്ശനം പിന്നെയും തുടര്ന്നു. സ്വാമി വന്നാല്, വേലുമ്മാന് ഒരക്ഷ രവും മിണ്ടാതെ മുഖം കനപ്പിച്ചിരിക്കും.

“സുഖംതന്നെയോ?” സ്വാമി ചോദിക്കും.

“ഉ–ം.” വേലുമ്മാന് മൂളി. അയാള് തിരിച്ചുപോയാല് വേലുമ്മാന് പിറുപിറുക്കും: “എനിക്ക് ഈ വാതക്കടച്ചിലുണ്ടായിരുന്നില്ലെങ്കില്.... ഹും!”

“എന്താ പിറുപിറുക്കുന്നത്?"––അമ്മാളുക്കുട്ടിഅമ്മ ചോദിച്ചു.

വേലുമ്മാന്, തന്റെ കണ്ണുകള് അവരുടെ മുഖത്തര്പ്പിച്ചുകൊണ്ട് പറഞ്ഞു:

“നോക്ക്, ഈ കാണുന്നതൊക്കെ ഞാന് ഉണ്ടാക്കിയതാ––ഞാന് ഒരുത്തന്!”

“ഓഹോ!” പരിഹാസം കലര്ന്ന സമ്മതംമൂളല്. “എന്നെ പറഞ്ഞു ധരിപ്പിക്കയാണോ?”

“അമ്മാളുക്കുട്ടി!” വേലുമ്മാന്റെ ഒച്ച പൊന്തി.

“ഉ–ം?"––അപ്പോഴും പരിഹാസം കലര്ന്ന മൂളല്.

“നന്നായാല് ഞാന് നല്ലവനാ. ചീത്തയായാല് എന്നെപ്പോലെ ഒരു ചെകുത്താനില്ല.”

“ചെകുത്താന്മാരെ വീട്ടിലിരുത്തി പൊറുപ്പിക്കാന് കഴിയില്ല.”

“ഇതെന്റെ വീടാ. ഈ കാണുന്നതൊക്കെ ഞാനുണ്ടാക്കിയ സ്വത്തുക്കളാ––ഞാന് ഒരുത്തന്!”

അമ്മാളുക്കുട്ടിഅമ്മ 'കിളുകിളുന്നനെ' ഒന്നു ചിരിച്ചു. ഒരു പളുങ്കു കൂപ്പി വീണുടയുമ്പോലെയായിരുന്നു ആ ശബ്ദം. അവര് പറഞ്ഞു: "ഈ തൊണ്ണൂറാം കാലത്തു കുഴപ്പമുണ്ടാക്കാതെ ശാന്തമായിരുന്നോളൂ."

വേലുമ്മാന് ആ പറഞ്ഞതു കേട്ടില്ല. അയാളുടെ ചെവിയില് അപ്പോഴും ആ ചിരി മുഴങ്ങിക്കൊണ്ടിരിക്കയാണ്. അയാള് പല്ലിറുമ്മി. വെള്ളികെട്ടിയ ചൂരല്വടിയിലേക്കു കൈയിഴഞ്ഞുചെന്നു. പിടിമുറുകുന്നില്ല. കൈ വിറച്ചു പോകുന്നു. ദേഹമാകെ വിറയ്ക്കുന്നു. ആ തളര്ന്ന കണ്ണുകളില് ഭൂതകാലത്തിന്റേതായ ഒരു തീനാളം വന്നെത്തിനോക്കി. കരടിയുടെ ചീറല് ഹൃദയത്തില്നിന്നു പൊന്തുന്നു. എഴുന്നേറ്റു രണ്ടടി വയ്ക്കാന് കഴിഞ്ഞാല് ചവിട്ടി വീഴ്ത്താം. പക്ഷേ, വിറയല്കൊണ്ട് തീരെ എഴുന്നേല്ക്കാന് കഴിയുന്നില്ല.

"എടീ.... നിന്നെ ഞാന്!"--വേലുമ്മാന് പല്ലിറുമ്മി.

അവര് വീണ്ടും കുലുങ്ങിച്ചിരിച്ചു-കൂപ്പിക്കഷണങ്ങള് തകരുംപോലെയുള്ള ചിരി. അതസഹ്യമായിരുന്നു. അതു പ്രപഞ്ചത്തെ മുഴുവന് ശബ്ദായമാനമാക്കിയപോലെ, വേലുമ്മാനു തോന്നി. അതെല്ലാ ഭാഗത്തുനിന്നും പ്രതിധ്വനിയുണ്ടാക്കുന്നു. ചതുപ്പുനിലത്തു കാല് പൂഴ്ന്നുപോയ ആനയെപ്പോലെ, അയാള് ഒന്നു ചീറി: "അസത്തേ!"

"മിണ്ടാതെ അവിടെ കിടന്നോളൂ."

അമ്മാളുക്കുട്ടിഅമ്മ എഴുന്നേറ്റു മൂടുതട്ടി നടന്നു. വേലുമ്മാന് ആ പോക്കു നോക്കിയിരുന്നു. ആ കണ്ണുകളിലെ തീനാളം പതുക്കെപ്പതുക്കെ കെട്ടുപോയി. ചാരനിറത്തിലുള്ള ഒരു പുക അവിടെ നിറഞ്ഞു. അയാള് വിറച്ചു വിറച്ചു കോസറിയിലേക്കു ചരിഞ്ഞു. നടാടെ ആ കണ്ണുകളില് നിന്ന് ഒരിറ്റു വെള്ളം വീണു.

വെള്ളികെട്ടിച്ച ആ ചൂരല് കോസറിയില് കിടന്നു ചിരിക്കുകയായിരുന്നു.

മൂന്ന്

അഞ്ചോ എട്ടോ തവണ സുലൈമാന് കാര്ത്തികേയന്റെ വീട്ടില് വന്നു. ഓരോ തവണയും ശാന്ത ചോദിച്ചു: "വിശ്വം എവിടെ?"

"വരും."

"മടിക്കാതെ വരാന് പറയൂ."

"പറയാം."

"തീര്ച്ചയായിട്ടും വരാന് പറയണം."

"ഓ."

ഇതിന്നിടയില് ഒറ്റപ്പലകമേശ, രണ്ടു കസേല, ഒരു ഷെല്ഫ് ഇത്രയും സാധനങ്ങള് പണിതീര്പ്പിച്ചും കഴിഞ്ഞു. ഓരോന്നിനും സുലൈമാന് പറഞ്ഞ പണം കൊടുത്തു. അത്രതന്നെ വേണോ എന്ന ഒരു സന്ദേഹം പോലും പുറപ്പെടുവിച്ചില്ല, അവള് മോഹവില കൊടുക്കുകയായിരുന്നു. എന്നിട്ട്, ആ

സാമാനങ്ങളെല്ലാം ഒരു മുറിയിലിട്ട് അടച്ചുപൂട്ടുകയും ചെയ്തു.

“മൂപ്പത്യാരു വലിച്ചുകൂട്ടുകയാണ്.” അരിവെപ്പുകാരന് നാണിയോടു സ്വകാര്യം പറഞ്ഞു. നാണി അതു ശങ്കുണ്ണിനായരോടും പറഞ്ഞു. ശങ്കുണ്ണിനായര്ക്ക് അതിനു സമാധാനമുണ്ട്:

“വലിയേടത്തെ പെണ്ണുങ്ങളുടെ ഭര്ത്താക്കന്മാരും മരുഭ്രമിയില്പ്പെട്ട നദിയും ഒരുപോലെയാണ്. ഒരൊറ്റ വലിച്ചുകുടിക്കല്. പിന്നെ പുറേത്തക്കുകാണില്ല.”

“അങ്ങനെ വേണം. എന്റെ മാതിരിയായാല് പറ്റില്ല.” നാണി തന്റെ വിനയാതിരേകം ഒന്നു വെളിപ്പെടുത്തി. അതിനെത്തുടര്ന്നു ഭാര്യയും ഭര്ത്താവും തമ്മില് ഒരു കലഹവും നടന്നു. പുലര്ച്ചയാകുമ്പോഴേക്കും രണ്ടുപേരും ലോഗ്യമാവുകയും ചെയ്തു. അവള് കഞ്ഞിവെച്ചുഅയാള്ക്കു വിളമ്പിവെച്ചു. മേല്മുണ്ടുമെടുത്തു ചുമലിലിട്ടു പണിക്കുപോയി. കാര്ത്തികേയന്റെ വീട്ടില് ചെന്നുകയറിയപ്പോള് ഒരു ചാരുബെഞ്ചും താങ്ങിപ്പിടിച്ചു പടിക്കല് നില്ക്കുന്ന ഒരു മനുഷ്യന്. അടുത്തുതന്നെ സുലൈമാനുമുണ്ട്.

“ഒരു ചാരുബെഞ്ചാണിന്നു കൊണ്ടുവന്നിരിക്കുന്നത്.” നാണി അരിവെപ്പുകാരനോടു പറഞ്ഞു.

“ഞാന് പറഞ്ഞില്ലേ, വലിച്ചുകൂട്ടുകയാണ്.”

“വലിയേടത്തെ പെണ്ണുങ്ങളുടെ ഭര്ത്താക്കന്മാരും മരുഭ്രമിയില്പ്പെട്ട പുഴയും ഒരുപോലെയാണത്രേ.”

“നേരാ.”

ആ ചാരുബെഞ്ചും മറ്റെല്ലാ മരസ്സാമാനങ്ങളുടെയുംകൂടെ മുറിയില് നിക്ഷേപിച്ചു. ഇനി എന്താണ് പറയേണ്ടതെന്ന് ശാന്തയ്ക്ക് അറിഞ്ഞുകൂടായിരുന്നു. അവള് സുലൈമാനോടു പറഞ്ഞു: “രണ്ടു ദിവസം കഴിഞ്ഞ് ഒന്നിങ്ങോട്ടു വരൂ. അപ്പോ പണം തരാം, പോരേ?”

“മതി.”

“വിശ്വനാഥനെയും കൂട്ടിക്കോളൂ.”

“ഓ.”

സുലൈമാന് പോയപ്പോള് അവളുടെ മുഖം വാടി. എത്ര ദിവസം ഇങ്ങനെ കാത്തിരിക്കാം? വിശ്വം അത്ര വേഗത്തില് ഇളകുമെന്നു തോന്നിയില്ല. ‘കഷ്ടം! ഞാന് വിശ്വത്തെ അത്രയധികം ചവിട്ടിത്തേച്ചു. എന്നിട്ടെനിക്കെന്തു കിട്ടി? നായയെ പേടിച്ചോടി നരിയുടെ വായില്ച്ചെന്നു ചാടി.’ ശാന്ത നെടുതായി ഒന്നു നിശ്വസിച്ചു. ഉറപ്പിച്ചുനിര്ത്തിയ പല കൊളുത്തുകളും ഈ കുറച്ചു ദിവസത്തിനുള്ളില് അടര്ന്നുപോയിട്ടുണ്ട്. ഏതൊക്കെയോ അണക്കെട്ടുകള് പൊട്ടിക്കഴിഞ്ഞിരിക്കുന്നു. ഇനി ഒരു പ്രവാഹവും വെള്ളെപ്പാക്കംതന്നെയും ഉണ്ടാകാം. അതെന്തൊക്കെ ആഴ്ത്തിമുക്കുമെന്ന് ആരു കണ്ടു?

വാസ്തവത്തില് തോണി മുക്കിക്കളയാന് ശാന്ത തീരെ ഇഷ്ടപ്പെടുന്നില്ല. ഈ തോണിയില്ത്തന്നെ ഇരുന്നു തുഴഞ്ഞു ലക്ഷ്യത്തിലെത്തണം. ഇടയ്ക്കുവെച്ചു

മുങ്ങിയാല് പുറത്തു കയറിയിരിക്കാം. അതാണ് നല്ലത്. അല്ലെങ്കില്, ഈ തോണി കുറ്റിയഴിച്ച് ഒഴുക്കിലേക്ക് വിട്ടിട്ട്, വെള്ളത്തിലേക്ക് എടുത്തുചാടി നീന്തി കരപറ്റിയാലോ?... പക്ഷേ, അതു സാഹസമാണ്. ഒരു വീരസാഹസകൃത്യം നടത്തുകയല്ല വേണ്ടത്. കാര്യം നടക്കുകയാണ്. 'ഒന്നു പരീക്ഷിക്കാം.' അവള് തന്നത്താന് പറഞ്ഞു: 'അതേ എന്തെങ്കിലുമൊന്നാവും. ആവണം.'

"ശാന്തേ?..." തളത്തില്നിന്നു കാര്ത്തികേയന്റെ വിളി കേട്ടു. ഹൃദയത്തില് ഒരു ചവിട്ടുകൊണ്ടപോലെ തോന്നി ശാന്തയ്ക്ക്. 'പോര്ക്ക് അകറാന് തുടങ്ങി.' അവള് വിചാരിച്ചു. അപ്പോഴേക്കും അയാള് മുറിയിലേക്കു കടന്നുവന്നു ചോദിച്ചു: "ശാന്ത വരുന്നില്ലേ?"

"എങ്ങോട്ട്?"

"ഡാന്സിന്ന്."

"എവിടെ?"

"ഹൈസ്കൂള് ഹാളില്വെച്ചാണ്."

"ആരുടെ ഡാന്സാണ്?"

വിശ്വനാഥനും പാര്ട്ടിയും."

"ഹേ!"

"ഡാന്സൊന്നൊക്കെ പറയാമോ എന്നു സംശയമാണ്. തൊഴിലാളികളുടെ ഏര്പ്പാടാ. ഒന്നു തലകാട്ടിപ്പോരാതിരുന്നാല് മോശമാണ്. മുതലാളി തൊഴിലാളികളുടെ കലയെ വിലവെച്ചില്ല എന്നാവും ഇനിയത്തെ മുദ്രാവാക്യം. ഡാന്സിന്റെ കേമത്തമൊന്നും കാണാന്വേണ്ടി പോരണ്ട." കാര്ത്തികേയന് കുലുങ്ങിക്കുലുങ്ങി ചിരിച്ചുകൊണ്ട് ഉടുപ്പഴിക്കാന് തുടങ്ങി.

"ഞാന് വരാം."

എന്തോ ആലോചിച്ചുകൊണ്ടു നിന്നു ശാന്ത.

"ഓ! ശാന്തയ്ക്ക് ഡാന്സ് എന്നു കേട്ടാല്പ്പിന്നെ....."

അയാള് വാചകം മുഴുവനാക്കുന്നതിനുമുന്പേ ശാന്ത പറഞ്ഞു:

"അതേ, എനിക്കു ഭ്രാന്തുതന്നെയാണ്."

"എനിക്കു ഭ്രാന്തുപിടിക്കുക ശാന്തയുടെ ഡാന്സ് കാണുമ്പോള് മാത്രമാണ്!"

കാര്ത്തികേയന് ഒന്നു കുലുങ്ങിച്ചിരിച്ചു.

ഒരാട്ടു വെച്ചുകൊടുക്കാന് അവള്ക്കു തോന്നി. പക്ഷേ, പുഞ്ചിരി തൂകിക്കൊണ്ടു ചോദിച്ചു:

"എപ്പോഴാ?"

"നാലരമണിക്ക്."

"എന്നാല് ഞാന് പുറപ്പെടട്ടെ."

അവള് ധൃതിയില് കോവണിയിറങ്ങിപ്പോയി.

"ചൂടുവെള്ളം കൊണ്ടുവാ. സോപ്പെവിടെ? ആ തോര്ത്തിങ്ങോട്ടെടുക്ക്."

ബഹളത്തോടുബഹളം. അടുക്കളയിലെ ജീവിതങ്ങള് മുഴുവന് ഉഷാറായി. ഒരു

യുദ്ധകാലപരിതഃസ്ഥിതി വന്നുകഴിഞ്ഞു എന്നു ഭൃത്യജനങ്ങള്ക്കു മനസ്സിലായി. ഓട്ടവും പാച്ചിലും എടുക്കലും ഒഴിക്കലും തോര്ത്തലും തടവലും. ഇതിന്നിടയില് നാണി ഓടിവന്നു ഭൃത്യനോടു പറഞ്ഞു:

"വേഗം വെള്ളം തിളപ്പിച്ചോളിന്. കുളികഴിഞ്ഞാല് അപ്പോ വേണ്ടിവരും ഓവല്ടിന്. എങ്ങട്ടോ പോവ്വാണ്. അതു കിട്ടിയില്ലെങ്കില് ദാ, ഈ പുര പൊളിച്ചുവയ്ക്കും."

"പുര പൊളിച്ചാല് അവര്ക്കു നഷ്ടം. പക്ഷേ, എന്റെ പുറം പൊളിയാതെ നോക്കണോലോ."

അയാള് തീ ഇളക്കിക്കത്തിച്ചു. അപ്പോഴേക്കും 'പ്ടേ' എന്നു കുളിമുറിയുടെ വാതില് തള്ളിത്തുറന്നു ശാന്ത മുകളിലേക്കു പോയി.

കാര്ത്തികേയന് തളത്തിലെ സോഫയില് ചാരിക്കിടന്ന് അന്നത്തെ വര്ത്തമാനപത്രം വായിക്കുകയാണ്. ശാന്ത അയാളെ ഒന്നു നോക്കി, അടുത്ത മുറിയിലേക്കു കടന്നു വാതില് ചാരി.

"യുദ്ധം പൊട്ടിയേക്കാം." കാര്ത്തികേയന് കടലാസില്നിന്നു കണ്ണെടുക്കാതെ പറഞ്ഞു.

"ഉറച്ചോ?" ശാന്ത അകത്തുനിന്നു വിളിച്ചുചോദിച്ചു.

"ഉറച്ചുകഴിഞ്ഞില്ല എന്നോയുള്ളൂ. കാറു നിറഞ്ഞു കഴിഞ്ഞു. ഇനി ഒരു വെട്ടലും മിന്നലുംകൂടി മതി, പെയ്യാന് തുടങ്ങും."

"അതേ..." അകത്തുനിന്നു ശാന്ത: "അവസാനമാണ് അറിഞ്ഞുകൂടാത്തത്."

"ബ്രിട്ടന്റെ ചപ്പടാച്ചിയൊന്നും ഹിറ്റ്ലറുടെ അടുത്തു ചെലവാകുമെന്നു തോന്നിയില്ല."

"ഒന്നാം ലോകമഹായുദ്ധത്തിലും ആദ്യം വിചാരിച്ചത് അങ്ങനെതന്നെയല്ലേ?"

"പക്ഷേ ആദ്യത്തെ യുദ്ധത്തില്നിന്നു ജര്മ്മന്കാരന് പാഠം പഠിച്ചിട്ടുണ്ട്. അവന്റെ രാജ്യത്തുനിന്നു ഫലവത്തായ സ്ഥലം മുഴുവന് മുറിച്ചെടുത്ത് മരുഭൂമി അവനു കൊടുത്തു; തലയില് കുറെ യുദ്ധാക്കടവും. ഇതെത്രകാലം ഒരു രാജ്യം താങ്ങും? ജര്മ്മനിയെ കൂട്ടിലിട്ടു വളര്ത്താമെന്നാണോ ഇവര് കരുതിയത്?"

"കൂട്ടിലിട്ടു വളര്ത്താന് മനുഷ്യരാരും സമ്മതിക്കില്ല. ഏറെക്കളിച്ചാല് കൂടുപൊളിക്കും." ശക്തിമത്തായിരുന്ന ശാന്തയുടെ അഭിപ്രായം.

"ശരിയാണ്." കാര്ത്തികേയനും സമ്മതിച്ചു: "യുദ്ധാക്കടം കൊടുക്കാതായില്ലേ?"

"എല്ലാ കടത്തിനുമുണ്ട് ഒരവസാനം." ശാന്ത വീണ്ടും വീറോടെ പറഞ്ഞു. എന്നിട്ടു കണ്ണാടിയില് നോക്കി ഒന്നു കൊഞ്ഞനംകുത്തുകയും ചെയ്തു. അവളുടെ മുമ്പില് പൗഡര്, ലിപ്സ്റ്റിക്, കണ്ണെഴുത്തുമഷി, റൂഷ്, ക്യൂട്ടെക്സ്, ഹെയര്പിന്നുകള്, പരിമളതൈലക്കുപ്പി എന്നിവയെല്ലാം ചിതറിക്കിടക്കുന്നു. ഒരു പ്രേമയുദ്ധത്തിന്റെ ആയുധശാല മലര്ക്കെ തുറന്നിട്ടിരിക്കയാണ്. ഒപ്പലും തുടയ്ക്കലും തേയ്ക്കലും മിടയിലും കെട്ടലും തിരക്കാണ്. കണ്ണെഴുതിക്കഴിഞ്ഞിട്ടു

നാലുതവണ സാന്ദ്രമായും ചടുലമായും കടാക്ഷിച്ചുനോക്കി. ശരി, കുത്തിത്തറയ്ക്കുന്നുണ്ട്; ലിപ്സ്റ്റിക്കിട്ടു പതുക്കെയൊന്നു പുഞ്ചിരിതൂകി. മാദകമധുരമായിരിക്കുന്നു. എന്നിട്ടവള് അഗ്നിവര്ണ്ണത്തിലുള്ള ഒരു സാരിയെടുത്തണിഞ്ഞു. അതിന്റെ ഒളി ആ കവിളുകളും കണ്ണുവും കൂടുതുടുപ്പിക്കുകയും ചെയ്തു. ചോരത്തുള്ളികള്പോലെയുള്ള രണ്ടു കമ്മലുകള് കാതിലും കല്ലുപതിച്ച ഒരു നെക്ലസ് കഴുത്തിലും അണിഞ്ഞുകഴിഞ്ഞ് അവള് കണ്ണാടിയിലൊന്നു നോക്കി. അവളൊരു ശക്തിയാണ്. കോപ്പണിഞ്ഞു കഴിഞ്ഞ ഒരു പടക്കളം!

"ഇപ്പോള് ബ്രിട്ടീഷുകാരന് 'സമാധാനക്കുട'യുമായി പായുകയാണ്."

--കാര്ത്തികേയന് അപ്പോഴും സംഭാഷണം തുടരുകതന്നെയായിരുന്നു.

"അതു നടക്കാവുന്ന കാര്യമാണോ?"

"കൊടുക്കാനുള്ളതു കൊടുക്കാതെയും കിട്ടാനുള്ളതു കിട്ടാതെയും സമാധാനമുണ്ടാവില്ല." അവള് തീര്ത്തുപറഞ്ഞു.

"അതീ വിഡ്ഢികള് ഓര്ക്കുന്നില്ല."

"അതോര്ക്കാത്ത വിഡ്ഢികളാണധികം." ശാന്ത മുറിയുടെ വാതില് മലര്ക്കെ തുറന്നുകൊണ്ടു തുടര്ന്നു: "തങ്ങള്ക്കര്ഹതയില്ലാത്തതു കിട്ടണമെന്നാണ് എല്ലാവര്ക്കും."

"പക്ഷേ, ഇതൊന്നും ഉറക്കെ പറയാനുള്ള കാര്യങ്ങളല്ല."

"എന്താ പറഞ്ഞാല്?"

"ഭരിക്കുന്ന സര്ക്കാരിനോടു ലഹളയ്ക്ക നില്ക്കേണ്ടിവരും."

"അതാരംഭിച്ചുകഴിഞ്ഞല്ലോ."

"ഉവ്വ്. പക്ഷേ നമുക്കതില് ചേരാന് കഴിയോ?"

"എന്താ ചേര്ന്നാല്?"

"അസ്സലായി!" കാര്ത്തികേയന് വീണ്ടും കുലുങ്ങിക്കുലുങ്ങി ചിരിച്ചു: "അപ്പോ ശാന്ത സോഷ്യലിസ്റ്റാ കോണ്ഗ്രസ്സാ?"

"എന്താണെന്നു തീര്ച്ചയായിട്ടില്ല. എന്തെങ്കിലുമൊന്നാവും."

കാര്ത്തികേയന് പിന്നെയും പൊട്ടിച്ചിരിച്ചു.

"രണ്ടുമല്ലാത്ത ഈ പാകത്തക്കൊള് നല്ലത് ഒരു യുദ്ധമാണ്. ഒന്നു തീര്ച്ചപ്പെടും."ശക്തിയുക്തമായിരുന്നു ശാന്തയുടെ അഭിപ്രായം. കാര്ത്തികേയനാകട്ടെ പുഞ്ചിരിതൂകിക്കൊണ്ട് അവളെ നോക്കി. വാസ്തവത്തില് അയാളുടെ കണ്ണഞ്ചിപ്പോയി. സൗന്ദര്യത്തിന്റെ ഒരു സാമ്രാജ്യമിതാ മുമ്പില് വന്നു നില്ക്കുന്നു--അയാള് വില കൊടുത്തുവാങ്ങിയ ഒരു സാമ്രാജ്യം! കത്തിപ്പിടയുന്ന അഗ്നിജ്വാലപോലെ നില്ക്കുന്ന ആ ഭാര്യയെ നോക്കിക്കൊണ്ടുതന്നെ അയാള് സ്വല്പനേരം ഇരുന്നു. എന്നിട്ടു വിചാരിച്ചു: 'അവള് എന്റെയാണ്; എന്റെ മാത്രം!...'

രസം പിടിപ്പിക്കുന്ന ഒരു വിചാരമായിരുന്നു അത്. ഞരമ്പുകളില് താളമുണ്ടാക്കുന്ന ഒരുതരം ലഹരി അയാള്ക്ക് അനുഭവപ്പെടുകയായിരുന്നു.

മാദകമായ ഒരു സംഗീതധ്വനി ഹൃദയത്തിന്റെ അടിയില്നിന്ന് ഉയരുകയാണ്. കോളേജില്വെച്ചു കേട്ട ഒരു ഇംഗ്ലീഷ്കവിതയുടെ ആശയം ഓര്മ്മയില്ക്കിടന്ന് ഓളംവെട്ടി: "പച്ചവെള്ളം അതിനെ സൃഷ്ടിച്ച ആളുടെ അടുത്തെത്തിയപ്പോള് ആകെ തുടുത്തുപോയി!" അവളെ നടാടെ കാണുകയാണെന്ന് ആ നിമിഷത്തില് അയാള് വിചാരിച്ചു. അങ്ങനെ നോക്കിക്കൊണ്ടിരിക്കുന്നതില് അവാച്യമായ ഒരു സുഖം. അത്തരം ഒരനുഭവം അതിനുമുമ്പുണ്ടായിട്ടില്ല. അനാസക്തമായ ഒരു ഉന്മാദം. ഏകാന്തമായ രാത്രിയില് വിദൂരത്തുനിന്ന് ഒഴുകിവരുന്ന മാദകമായ ഒരു ഗാനശകലം കേള്ക്കുന്നതുപോലെ; മായാന് തുടങ്ങുന്ന ഒരു മഴവില്ലു നോക്കുന്നതുപോലെ; 'ഞാനിതാ വന്നു' എന്ന മട്ടില് പൊട്ടിവിടര്ന്നു നില്ക്കുന്ന ഒരു പനിനീര്പ്പൂ കാണുന്നതുപോലെ. ഓടിച്ചെന്ന് അവളെ കെട്ടിപ്പിടിക്കണമെന്ന് അയാള്ക്കു തോന്നിയില്ല. അവളെ കൈക്കുടന്നയിലെടുത്ത് ആ ചുണ്ടില് അമര്ത്തിച്ചുംബിക്കണമെന്നും തോന്നിയില്ല. കാണണം. അതിനായി അവള് ഇളകാതെ അവിടെ നില്ക്കണം. ഇതേവരെ സുന്ദരിയായ ഒരു ഭാര്യ തനിക്കുണ്ടെന്നോ അയാള് വിചാരിച്ചിട്ടുള്ളൂ. ഇന്നിതാ, തന്റെ കിടപ്പറയില് ഒരു നക്ഷത്രം! ഇതെവിടെനിന്നു വന്നു? ഇത്രനാളും ഇവിടെത്തന്നെയുണ്ടായിരുന്നോ? കുട്ടിക്കാലത്തു കേട്ട ഒരു യക്ഷിക്കഥയിലെ നായികയെ മുതിര്ന്നതിനുശേഷം കണ്ടെത്തിയാലുള്ള ഒരനുഭവമായിരുന്നു അത്. ഭയവും ആഹ്ലാദവും കൂടിക്കലര്ന്ന വല്ലാത്തൊരു മനോഭാവം!

"എന്താണിങ്ങനെ ഇരിക്കുന്നത്?" ശാന്ത ചോദിച്ചു.

"നിന്നെ കാണാന്!"

ചൈതന്യം തുളുമ്പുന്ന ആ വാക്കുകള് ശാന്തയെ അല്പം ഞെട്ടിച്ചു. അവള് സ്വല്പംകൂടി അടുത്തേക്കു വന്നു കാര്ത്തികേയന്റെ കണ്ണുകളിലേക്ക് നോക്കി. എപ്പോഴും കാണാനാശിച്ചതും ഒരിക്കലും കണ്ടിട്ടില്ലാത്ത തുമായ എന്തോ ഒന്ന് ആ കണ്ണുകളില് ഉണ്ടായിരുന്നു. ശാന്ത അമ്പരന്നു പോയി. ആ കണ്ണുകള് ഒരിക്കലും അവളുടെ ആത്മാവിന്റെ വാതില്ക്കല് വന്നു മുട്ടിവിളിച്ചിട്ടില്ല. അവ ദൂരെനിന്ന് ആജ്ഞാപിക്കുകയായിരുന്നു. ഇപ്പോഴിതാ, ആ നോട്ടം ഒരു കൊടുങ്കാറ്റുപോലെ, ഒരു വെള്ളപ്പൊക്കം പോലെ, കടന്നുവരുന്നു. തടുക്കണോ? തടുക്കാമോ?

"ശാന്തേ!..."

"ഉ–ം."

"നീ ഒരു സുന്ദരിയല്ല, ഒരു ചൈതന്യമാണ്!"

അവള് ഒരിക്കല്ക്കൂടി ഞെട്ടി. ആ ഭാഷയും ആ ജീവസ്സും പുതുതായിരുന്നു. ആട്ടിപ്പുറത്താക്കിയവനെ പടിവാതില്ക്കല്വെച്ചു കരഞ്ഞുകൊണ്ട് എതിരേല്ക്കാന് വരുന്ന ആതിഥേയനെപ്പോലെയാണ് കാര്ത്തികേയന് ശാന്തയുടെ മുമ്പില് നില്ക്കുന്നത്. ഒരടികൂടി മുമ്പോട്ടുവെച്ചു കഴിഞ്ഞാല് ആ പടിവാതില് എന്നെന്നേക്കുമായി അടഞ്ഞുകഴിഞ്ഞുവെന്നു

വിചാരിക്കുമ്പോഴാണ് സൗഹാർദ്ദോഷ്മളമായ കണ്ണുനീർത്തുള്ളി കാല്മടമ്പില് വന്നു വീഴുന്നത്. അതു തുടച്ചു കടന്നുപോകാം, നില്ക്കാം. പോകണോ, നില്ക്കണോ അതായിരുന്നു ആ സമയത്തു ശാന്ത ചിന്തിച്ചത്.

"നമുക്കു പോകാം."

കാർത്തികേയന് എഴുന്നേറ്റു. അതു ശാന്തയെ കൂടുതല് അത്ഭുതപ്പെടുത്തി. അത്തരത്തിലുള്ള ഒരു പെരുമാറ്റമായിരുന്നില്ല അവള് പ്രതീക്ഷിച്ചത്. കണ്ണുകളിലെ ആ തിളക്കം കണ്ടപ്പോള് ആഹ്ലാദകരമായ ഒരാക്രമണത്തെയാണ് കാത്തുനിന്നത്. ആ കൊടുങ്കാറ്റ് ഏതോ ഗുഹാദ്വാരത്തിലേക്ക് ഉള്വലിഞ്ഞുപോയി. വീണ്ടും നിശ്ചലാവസ്ഥ!

"നമുക്കു പോകാം."

കാർത്തികേയന് നടന്നു; ശാന്ത പിന്നാലെയും. ഒരു മത്താപ്പു കത്തിക്കഴിഞ്ഞ അന്തരീക്ഷത്തിലൂടെയാണ് കടന്നുപോകുന്നതെന്നു തോന്നി ശാന്തയ്ക്ക്. അവള് തലകുനിച്ച് അയാളെ അനുഗമിച്ചു.

"ഓവല്ടിന്--" ഭൃത്യന് വന്നറിയിച്ചു.

"വേണ്ടാ." ശാന്തയാണ് പറഞ്ഞത്.

"ഏ?" കാർത്തികേയന്.

"വേണ്ടാഞ്ഞിട്ട്."

അവള് മുമ്പേ നടന്നു. അയാള് കുടിച്ച് ഗ്ലാസ്സ് ഭൃത്യന്റെ കൈയില് കൊടുത്ത് അവളോടൊപ്പം ചെന്നു. വഴിനീളെ ശാന്തയുടെ തലയില്കിടന്നു ബഹളമുണ്ടാക്കിയിരുന്നത് കാർത്തികേയന്റെ ഒരു വാക്യമാണ്: 'നീ ഒരു സുന്ദരിയല്ല, ഒരു ചൈതന്യമാണ്!' അവസാനം, ആ ചൈതന്യം അയാള് കണ്ടെത്തിയെന്നുണ്ടോ? ഒരാള് മറ്റൊരാളെ കണ്ടുപിടിക്കാന് ഇത്രയും കാലമെടുക്കുമോ? മുഖത്തിന്റെ അപ്പുറത്തേക്കു നോക്കാനുള്ള ക്ഷമ മനുഷ്യന്നില്ലേ? എങ്കില്, താനിതൊക്കെ എങ്ങനെ മനസ്സിലാക്കി...? ആലോചനകളോടാലോചന. തഴയാന് പുറപ്പെട്ട കൂലിശ്ശീട്ട്, മേല്ത്തരുപ്പാണോ? അങ്ങനെയാണെങ്കില് എത്ര നന്നായിരുന്നുവെന്നും അവള് ആശിച്ചു. അപ്പോഴേക്കും കാർത്തികേയന് വഴിയില് കണ്ട ഓരോന്നിനെപ്പറ്റി സംസാരിക്കുവാന് തുടങ്ങി. സാധാരണങ്ങളും ലൗകികങ്ങളുമായ കാര്യങ്ങള്. മരത്തടിച്ചാപ്പകളെപ്പറ്റിയും മറ്റും മറ്റും. ഇത്തിരി മുമ്പേ സംസാരിച്ച മനുഷ്യനാണോ ഇതെന്ന് ശാന്ത അത്ഭുതപ്പെട്ടുപോയി. പത്തു നിമിഷത്തിനുള്ളില് അയാള് കൊളുത്തിയതിരി അയാള്തന്നെ ഊതിക്കെടുത്തി. "എന്നാലും അതവിടെ ഉണ്ട്--" ശാന്ത തന്നെത്താന് ഓർമ്മപ്പെടുത്തി. എന്നിട്ട് ഭർത്താവിന്റെ കൈ മുട്ടിയുരുമ്മത്തക്കവണ്ണം ചേർന്നു നടക്കുകയും ചെയ്തു.

അവർ ചെന്നുകയറിപ്പോഴേക്കും ഹാള് നിറഞ്ഞുകഴിഞ്ഞിരുന്നു. ഏറിയ പങ്കും തൊഴിലാളികളാണ്. തൊഴിലാളികള്ക്കുവേണ്ടി അവർ തന്നെ ഏർപ്പാടുചെയ്ത നൃത്തമാണത്. കലാസ്വാദനം മാത്രമായിരുന്നില്ല അതിന്റെ

ഉദ്ദേശ്യം; സ്വല്പം ഫണ്ടുണ്ടാക്കുകകൂടിയായിരുന്നു. കൂട്ടത്തല്ലും അറ കളും യൂണിയനു നല്ല പരുക്കുണ്ടാക്കി. കുഞ്ഞിരാമന്, ജോണി, അപ്പുക്കുട്ടന് എന്നിവരെ ശിക്ഷിച്ചു കഴിഞ്ഞപ്പോള് സജീവപ്രവര്ത്തകന്മാര് നഷ്ടപ്പെട്ടു. നമ്പ്യാരും പിള്ളയും തടവിലായപ്പോള് നേതാക്കന്മാര് നിയന്ത്രിക്കാനുമില്ലാതായി. വിജയത്തിന്റെ വക്കത്തെത്തിയപ്പോഴത്തെ ആ വീഴ്ച നല്ല തകര്ച്ചതന്നെ ഉണ്ടാക്കി. ചില തൊഴിലാളികള് തിരിഞ്ഞു നിന്നു കയര്ത്തു: "ഇപ്പഹേര് പറഞ്ഞുപിടിപ്പിച്ച് വേണ്ടാത്ത കുലുമാലൊക്കെ വരുത്തിവെച്ചു. ഇപ്പോ അവിടീം ഇല്ല. ഇവിടീം ഇല്ല." അവര് പിറു പിറുത്തു. ഇതിന്റെ കൂടെ മുതലാളിമാരും പ്രതികാരനടപടികളും. കാര്ത്തികേയന്മാത്രം പ്രതികാരനടപടി സ്വീകരിച്ചില്ല. തൊഴിലാളികളെ ഇണക്കിക്കൊണ്ടുപോകുന്നതാണ് തനിക്കു രക്ഷ എന്ന് അയാള് വിശ്വസിച്ചു. ഈ കാലത്തു യൂണിയനെ നാമമാത്രമായെങ്കിലും നിലനിര്ത്തിയതു രാരിച്ചനും നാറാണപിള്ളയും കൂടിയാണ്. വിശ്വവും രാധയും അവരെ ആവുംവിധം സഹായിക്കുകയും ചെയ്തു. സുലൈമാന്റെ സ്വാധീനം ഇതിന്നിടയില് രാധയ്ക്ക് ബനിയന്കമ്പനിയില് ഒരു ജോലിയും നേടിക്കൊടുത്തിരുന്നു. അങ്ങനെയിരിക്കെയാണ് നാറാണപിള്ള പറഞ്ഞത്: "അനിയാ, ചക്രമില്ലാതെ കാര്യമൊന്നും നടക്കുകേല."

"എന്തു വഴി?" രാരിച്ചന് ചോദിച്ചു.

"ഒരു നാടകമങ്ങു വെച്ചാലെന്താ? ഓച്ചിറക്കാരുവന്നു കളിച്ചേക്കും. വേലുക്കുട്ടിസ്സാറിനെ ഞാനറിയും. പക്ഷേല് അവന്മാരു പണം ചോദിക്കും."

"നാം പണമുണ്ടാക്കി അവര്ക്കു കൊടുത്തിട്ടെന്തു കാര്യം?"

കുറച്ചുനേരത്തിന്ന് ആരും ഒന്നും മിണ്ടിയില്ല. വിശ്വമാണ് മൗനം ഭഞ്ജിച്ചത്:

"ഡാന്സ് മതിയോ?"

"മതിയെങ്കില്?"

"എനിക്കറിയാം."

"പക്ഷേല് പെണ്ണു വേണം."

"രാധ പറ്റുമോ?"

"എനിക്കറിഞ്ഞുകൂടല്ലോ."--രാധ.

"ഒരു മാസംകൊണ്ട് ഒരു പ്രാവശ്യം ഡാന്സ് ചെയ്യാറാക്കാം."

"നോക്കാം."

അങ്ങനെയാണ് ഡാന്സിന്റെ കാര്യം ഉറച്ചത്. രാധ വിഷമിച്ചുപോയി. വാസനയും വൈഭവവുമെഴുന്ന വിശ്വത്തിന്റെ ചലനങ്ങള്ക്കൊപ്പമെത്തുക എളുപ്പമായിരുന്നില്ല. എങ്കിലും താളബോധമുള്ള ആ പെണ്കിടാവിനെ പാകപ്പെടുത്തിയെടുക്കുക വിഷമകരമല്ലെന്നു വിശ്വത്തിനു മനസ്സിലായി. വിശ്വം കിണഞ്ഞു പഠിപ്പിച്ചു. അവള് കിണഞ്ഞു പഠിച്ചു; രണ്ടുപേരെയും അതാഹ്ളാദിപ്പിക്കുകയും ചെയ്തു. വിശ്വം ഭ്രതകാലാഹ്ളാദത്തിന്റെ ചിറകടി ശബ്ദങ്ങള് ശ്രവിച്ചു. രാധയ്ക്കാകട്ടെ ജീവിതം ചലനാത്മകമായിത്തോന്നി.

അഭ്യാസം കാണാന് നാറാണപിള്ളയും രാരിച്ചന്നും ക്രമമായി വന്നു. നാറാണപിള്ളയ്ക്ക് ഒരു സംശയം:

“അനിയാ, ഒരു വന്ദനം വേണ്ടായോ?”

“ആരെ വന്ദിക്കാന്?” രാരിച്ചനാണ് ചോദിച്ചത്.

“ആരെയുമില്ലെങ്കില് ദൈവത്തെ.”

“ദൈവമുണ്ടോ?”

“അനിയാ, മനുഷ്യരു തര്ക്കിച്ചു തലതല്ലി തൊലഞ്ഞ കാര്യമാ. അതേല്ച്ചെന്നു കേറാതെ. പക്ഷേലു കാണാന് വരുന്നവനു ദൈവമൊന്നുണ്ടെങ്കില്?”

“പക്ഷേ....”

“തര്ക്കിക്കാതെ, അനിയാ, കര്ട്ടനങ്ങു നീങ്ങുമ്പോ പെണ്ണ്, താമരമൊട്ടുപോലെ അങ്ങു നില്ക്കണം. എന്നിട്ടൊരു വിടരല്. പിന്നെ ഒരു നൃത്തം. എല്ലാം കഴിച്ചേച്ചു പോകുമ്പം ‘ക്ലാപ്സ്’ അവളുടെ പിന്നാലെയങ്ങു ചെല്ലും. പണം നമ്മുടെ പെട്ടിയിലേക്കിങ്ങോട്ടു വരും. നമുക്കതാ വേണ്ടത്. അറിയാമോ, അനിയാ?”

“ഏര്പ്പാടുചെയ്യാം.” വിശ്വം സമ്മതിച്ചു.

കര്ട്ടന് നീങ്ങിയപ്പോള്, നാറാണപിള്ളയുടെ നിര്ദ്ദേശപ്രകാരം സൃഷ്ടിച്ച രംഗമാണ് വന്നത്. രാധ, ഒരു വെള്ളത്താമരപ്പൂപോലെ, കുമ്പിനില്ക്കുന്നു. വെളിച്ചം തെളിഞ്ഞു. വാദ്യമേളങ്ങളുടെ ഒരു ബഹളം. രാധ പൊട്ടിവിടര്ന്നതുപോലെ, എഴുന്നേറ്റു. കര്ട്ടന്റെ മറവില്നിന്ന് വിശ്വം കൈമുട്ടി താളം അറിയിച്ചുകൊടുക്കുന്നുണ്ടായിരുന്നു. പക്ഷേ, രാധ അതു കേട്ടുവോ? അതുയും വെളിച്ചത്തില്, അതുയും മനുഷ്യരുടെ മുമ്പില്, ഒരിക്കലും അവള് ഇതിനു മുമ്പേ പ്രത്യക്ഷപ്പെട്ടിട്ടില്ല. അവള് സഭയിലേക്ക് നോക്കിയതേയില്ല. ഞരമ്പുകളില് ഒരുതരം ലഹരി കടന്ന് ഓളംവെട്ടിയിരുന്നു. ഒരു വെള്ളത്താമരപ്പൂ അരങ്ങത്തു നിന്നാടിത്തിമര്ത്ത്, അണിയറയിലേക്കു നീങ്ങി. കര്ട്ടന് വീണു. നാറാണപിള്ള പറഞ്ഞതുപോലെ, ‘ക്ലാപ്സ്’ അവളുടെ പിന്നാലെ ചെന്നു.

“വിശ്വം....” അവള് കിതച്ചുകൊണ്ടു വിളിച്ചു.

“എന്തോ!”

“എനിക്കിത്തിരി വെള്ളം കുടിക്കണം.”

വെള്ളം കൊണ്ടുവന്നു. വിശ്വം അവള്ക്കു വീശിക്കൊടുത്തുകൊണ്ടു പറഞ്ഞു:

“അസ്സലായി! അസ്സലായി! നീ ജയിച്ചുകഴിഞ്ഞു.”

“വാസ്തവം, തികച്ചും ജയിച്ചു!” പിന്നില്നിന്ന് ഒരു ീയുടെ ശബ്ദം കേട്ട് വിശ്വം തിരിഞ്ഞുനോക്കി. അത് ശാന്തയായിരുന്നു.

വിശ്വനാഥന് നിശ്ചലനായി നിന്നുപോയി. ദേഹത്തിലാകെ വിദ്യുല്ക്കിരണങ്ങള് പായുകയാണ്. ശാന്ത അയാളെ കണ്ടില്ലെന്നു നടിച്ചുകൊണ്ട് രാധയോടു പറഞ്ഞു:

“അസ്സലായി, കേട്ടോ!”

രാധ വിനീതയായി നിന്നതേയുള്ളൂ.

“അടുത്തതായില്ലേ, വിശ്വം?” ശാന്ത ചോദിച്ചു.

“ഉവ്വ്.”

“താമസിക്കേണ്ടാ.”

അതിനും മറുപടി പറയാതെ നിശ്ചലനായി നില്ക്കുന്ന വിശ്വത്തിന്റെ മുമ്പില്നിന്ന് അവള് മാറി. കുറച്ചു കഴിഞ്ഞ് നോക്കിയപ്പോള് ശാന്ത അവിടെ ഉണ്ടായിരുന്നില്ലെന്നു മാത്രമാണ് വിശ്വം മനസ്സിലാക്കിയത്.

വീണ്ടും കര്ട്ടന് നീങ്ങി. വിശ്വമാണ് ആദ്യം അരങ്ങത്തു വന്നത്; വഴിയേ രാധയും. അരമണിക്കൂറോളം നീണ്ടുനിന്ന ആ നൃത്തം. ആളുകള് കയ്യടിച്ചഭിനന്ദിച്ചു. അണിയറയില് ചെന്നപ്പോള് ശാന്തയുണ്ട് പുഞ്ചിരിതൂകിക്കൊണ്ട് അവിടെ നില്ക്കുന്നു.

“നന്നായി.”

“ഉ–ം.”

“ഞാന് സഹായിക്കണോ?”

“വേണ്ടാ.”

“എന്നെക്കൂടി നൃത്തംവയ്ക്കാന് അനുവദിക്കുമോ?”

അവള് രാധയുടെ നേരെ തിരിഞ്ഞു ചോദിച്ചു.

രാധ എന്തു പറയാനാണ്? അവള് പുഞ്ചിരി തൂകി.

“എന്താ വിശ്വം, അനുവദിക്കുമോ?”

വിശ്വം നിശ്ശബ്ദനായി നിന്നതേയുള്ളൂ.

“ഇഷ്ടമില്ലെങ്കില് വേണ്ടാ––” നിരാശയും വേദനയും തുളുമ്പിനിന്നു ആ വാക്കില്.

“ആവാം.”

വിശ്വം സമ്മതിച്ചു. പിന്നെ താമസമുണ്ടായില്ല. ശാന്ത അണിയറയിലേക്കു പോയി. പിന്നത്തെ അരങ്ങു കഴിഞ്ഞപ്പോഴേക്കും അവള് ഉടുത്തൊരുങ്ങിവന്നു നിന്നു. വിശ്വം അടിതൊട്ടു മുടിവരെ ശാന്തയെ നോക്കി. ഒരഗ്നിനാളം! അതു പാളിപ്പാളി തന്റെ ദേഹത്തിലേക്കു വരുന്നുവെന്നും തോന്നി.

“ആരംഭിക്കാം.”

“ഉം.”

വിശ്വം രാധയോടു തിരിഞ്ഞു പറഞ്ഞു:

“ഈ രംഗം കഴിയുമ്പോഴേക്കും ഒരുങ്ങി നിന്നോളൂ.”

“ആ!”

അവള് ചിരിച്ചുകൊണ്ടു സമ്മതം മൂളി.

ആ രംഗം നാറാണപിള്ളയ്ക്കുപോലും അപ്രതീക്ഷിതമായി. ശാന്ത ഉണക്കപ്പുല്ലില് കത്തിക്കയറുന്ന ഒരഗ്നിജ്വാല പോലെ രംഗത്തക്കു വന്നു.

കാര്ത്തികേയന് ഞെട്ടിപ്പോയി. കസേരയില് ചാരിക്കിടന്നിരുന്ന അയാള്

നിവര്ന്നിരുന്നു. അരുത്, അരുത്, അരുത് എന്ന് ഉറക്കെ വിളിച്ചു കൂവാനുള്ള പ്രേരണ തൊണ്ടയില് വെച്ചമര്ന്നുപോയി. മരമുട്ടിപോലെ, ഇരിക്കുകയാണ്.

ശാന്ത രംഗം തകര്ത്താടുന്നു. അവള്ക്കു ചുറ്റുമായി കാലത്തിന്റെ കനകമയങ്ങളായ കണികകള് ഉതിര്ന്നുവീഴുകയാണ്. ശബ്ദങ്ങള്, താളങ്ങള്, ചലനങ്ങള്, നിറങ്ങള്, കൈമുദ്രകള്ക്കൊപ്പം പാറിവീഴുന്ന സ്നിഗ്ധ പക്ഷ്മളങ്ങളായ കണ്ണുകള്, താളങ്ങള്ക്കൊപ്പം ചലിക്കുന്ന ഇണപ്രാവുകളെപ്പോലെയുള്ള കാലടികള്; ഇളകിയാടുന്ന ഒരു മനുഷ്യാത്മാവില്നിന്നു വര്ണ്ണോജ്ജ്വലമായ പരാഗം ചിതറുകയാണ്. അതു പതുക്കെപ്പതുക്കെ ഒന്നായിച്ചേര്ന്നു ഘനീഭവിച്ച് ഒരു മധുരക്കനിയാകുന്നു.

സൈഡ് കര്ട്ടന്റെ മറവില് വിശ്വനാഥന് വീര്പ്പടക്കിപ്പിടിച്ചുകൊണ്ടു നില്ക്കുന്നു. സ്വന്തം ജീവിതമാണ് ആ രംഗത്തു കിടന്നു തുള്ളുന്നതെന്നു തോന്നി. കല്ലുവീണ തടാകത്തില് ചിറ്റോളം പരക്കുന്നതുപോലെ, ശാന്തയില്നിന്ന് സൗന്ദര്യത്തിന്റെ അലകള് വിശാലതരമായിക്കൊണ്ടുവരികയാണ്. അതയാളെ സ്പര്ശിക്കുന്നു. അയാള് ആ വലയത്തിലായിക്കഴിഞ്ഞു.

നിലത്തുനിന്ന് എന്തോ റാഞ്ചിയെടുക്കാന് വരുന്ന കഴുകന്റെ വേഗത്തോടെ വിശ്വനാഥന് അരങ്ങത്തേക്കു നീങ്ങി. ദൃഢവും മൃദുലവുമായ ആ രണ്ടു കൈപ്പടങ്ങളും കൂടിപ്പിണഞ്ഞു!

കാര്ത്തികേയന് ഒരിക്കല്ക്കൂടി ഞെട്ടി. ചുറ്റും നോക്കി. തന്റെ അടുത്തായിരിക്കുന്ന രണ്ടുമൂന്നു മുതലാളിമാര്, യാതൊന്നും സംഭവിച്ചിട്ടില്ലാത്തപോലെ നിശ്ചലരായിരിക്കുകയാണ്. അയാള്ക്കു വീര്പ്പുമുട്ടുന്നതുപോലെ തോന്നി. ഇരിക്കാനും എഴുന്നേറ്റുപോകാനും നിവൃത്തിയില്ല. അയാള് നൃത്തം കണ്ടില്ല. പിന്പുറത്തുനിന്നു വരുന്ന കൈകൊട്ടുകള് കേട്ടില്ല. ഭീതികരമായ ഒരു മുഴക്കംമാത്രം ചെവികളില് വന്നലയ്ക്കുന്നുണ്ട്, അയാള് കസേരയിലേക്കു ചാഞ്ഞു.

കര്ട്ടന് നീങ്ങിക്കൂടിയപ്പോള് കൈയടിയോടു കയ്യടി. ശാന്ത വിശ്വത്തിന്റെ കൈ പിടിച്ചമര്ത്തിക്കൊണ്ടു മന്ത്രിച്ചു. കിതപ്പ് ആ മാര്ത്തട്ട് ഉലയ്ക്കുന്നുണ്ടായിരുന്നു.

“വിശ്വം, ഞാന് എത്ര കാലമായെന്നോ ഇങ്ങനെ നൃത്തം വെച്ചിട്ട്!”

വിശ്വം ശബ്ദിച്ചില്ല.

“എന്തൊരാനന്ദമാണ്, വിശ്വം!”

അവള് വീണ്ടും കൈപിടിച്ചമര്ത്തി.

വിശ്വം അപ്പോഴും മിണ്ടിയില്ല.

“എന്റെ വീട്ടില് വരാത്തതെന്താ?”

“ഒന്നുമില്ല.”

“വരൂ, ദയവു ചെയ്തു വരൂ.”

“ഉ–ം.”

“നാളെ.”
“അടുത്തൊരു ദിവസം വരാം.”
“നാളെത്തന്നെ.”
“ഉ–ം.”
“മറക്ക്വോ?”
“ഇല്ല.”
“വരണം; വന്നേ കഴിയൂ. പലതും പറയാനുണ്ട്. ഞാന് നിങ്ങളെ കാത്തുകൊണ്ടേയിരിക്കും. വരില്ലേ?”
“വരാം.”
“എപ്പോള്.”
“വൈകുന്നേരം.”
“അല്ല. പകല് പന്ത്രണ്ടുമണിക്ക്.”
“ശരി.”
ശാന്ത ഒരിക്കല്ക്കൂടി ആ കൈപിടിച്ചമര്ത്തി അങ്ങനെ നിന്നു. മാദകവും പരുഷവുമായ നാലു കണ്ണുകള് പരസ്പരം കൂട്ടിമുട്ടി.
“ശാന്തേ!....” പിന്നില്നിന്ന് ഒരു വിളി. കാര്ത്തികേയന് അടുത്തു നില്ക്കുന്നു. അവള് വിശ്വത്തിന്റെ കൈവിട്ടു തിരിഞ്ഞു നോക്കി.
“വരുന്നുണ്ടോ?”
“പിന്നെ ഇവിടെ താമസിക്കാനോ? ശാന്തയുടെ ഉത്തരവും പരുഷമായിരുന്നു.
“കണ്ടിട്ടങ്ങനെ തോന്നുന്നു.”
“ചെല്ലൂ."––വിശ്വം പറഞ്ഞു.
ശാന്ത കാര്ത്തികേയന്റെ പിന്നാലെ പോയി. വളരെ നേരത്തിന്നു രണ്ടു പേരും ഒന്നും മിണ്ടിയില്ല. കാര്ത്തികേയനാണ് ഒടുവില് ചോദിച്ചത്:
“ശാന്ത എന്താണ് ചെയ്തതെന്നറിയ്യോ?”
“നൃത്തം വയ്ക്കുക.”
“അവരുടെ കൂട്ടത്തില്––”
“അതിനെന്താ? നൃത്തത്തിനു ജാതിവ്യത്യാസമുണ്ടോ?”
“എന്നെ തത്ത്വജ്ഞാനം പഠിപ്പിക്കല്ലേ...”
“എന്നെയും.”
“നീ എന്റെ മാനം കെടുത്തി.”
“ഇത്ര വേഗം കെടുന്ന മാനം ഇല്ലാതിരിക്കുകയാണ് ഭേദം.”
കാര്ത്തികേയന് ഒന്നു നിവര്ന്നു. ഒരൊറ്റയടിക്ക് അവളുടെ പിരടി കലക്കാനുള്ള പ്രേരണ. പക്ഷേ, പരിതഃസ്ഥിതിയും തന്നെക്കുറിച്ചുള്ള ബോധവും അയാളെ നിയന്ത്രിച്ചു. പിന്നെ വീട്ടിലെത്തുന്നതുവരെ രണ്ടുപേരും സംസാരിച്ചില്ല.
തളത്തിലേക്കു കടന്നപ്പോള് കണ്ടതു ഗോപിക്കുറുപ്പിനെയും

ലക്ഷ്മിക്കുട്ടിഅമ്മയെയുമാണ്.

“എപ്പോള് വന്നു?” കാര്ത്തികേയന് കുശലം ചോദിച്ചു.

“സന്ധ്യയ്ക്കുള്ള വണ്ടിക്ക്.”

“നന്നായി. ഇതാ വരുന്നു. അയാള് മുകളിലെ നിലയിലേക്കു പോയി. അയാളുടെ കാല്ച്ചവിട്ടേറ്റു കോണിപ്പടികള് വിറച്ചിരുന്നു.

ശാന്ത നിശ്ശബ്ദയായി നില്ക്കുകയാണ്.

“എന്താണ്, ശാന്തേ?” അമ്മ ചോദിച്ചു.

“ഹെന്റെ അമ്മേ!... ” അവള് അമ്മയെ കെട്ടിപ്പിടിച്ചു വിതുമ്മി. കണ്ണുനീര്ത്തുള്ളികള് ലക്ഷ്മിക്കുട്ടിയമ്മയുടെ പുറത്ത് ഇറ്റിറ്റുവീണു. അമ്മ മകളുടെ തലയില് തടവിക്കൊണ്ടു വിളിച്ചു:

“ശാന്തേ!...”

“അമ്മേ!”

“നിനക്കെന്താ?”

“ഒന്നുമില്ല... അമ്മയെ കണ്ടപ്പോള് എനിക്ക് എന്നെ അടക്കാന് കഴിഞ്ഞില്ല.”

അമ്മ മകളുടെ കണ്ണുകളില് ഒരു സൂക്ഷ്മപഠനം നടത്തിയിട്ടു പറഞ്ഞു:

“അടക്കണം! അടക്കാനും ഒതുക്കാനും സാധിക്കാഞ്ഞാല് ജീവിക്കാന് പറ്റ്വോ?... നോക്കൂ, ആശാന് നിന്നെ കാത്തിട്ടാണിരിക്കുന്നത്.”

ശാന്ത കുറുപ്പിന്റെ നേരെ കൈകൂപ്പി. അദ്ദേഹം പുഞ്ചിരിതൂകി. പ്രശാന്തിയും സമൃദ്ധിയും സൂചിപ്പിക്കുന്ന ഒരു പുഞ്ചിരി. ശാന്ത അതു നോക്കി നിന്നു.

നാല്

നീഗ്രോവിന്റെ അലര്ച്ച കേട്ടിട്ടാണ് കാര്ത്തികേയന് ഞെട്ടിയുണര്ന്നത്. അയാള് കണ്തിരുമ്മി മൂരിനിവര്ന്നു ചുറ്റും നോക്കി. ആ കാട്ടാളപ്രതിമയുടെ തല അടിച്ചുടയ്ക്കാന് തോന്നി. എന്തു ദ്രോഹം! ഉറക്കം തീരെ മതിയായിട്ടില്ല. അതിന്നിടയില് ഒരലര്ച്ച! അയാള് തിരിഞ്ഞു കിടന്നു കണ്ണിറുക്കെ ചിമ്മി. ഇരിക്കക്കൊമ്പു കുലുങ്ങിയ കിളിയെപ്പോലെ, ഉറക്കം പാറിപ്പോയ്കഴിഞ്ഞു. പത്തുപതിനഞ്ചു നിമിഷം അതേവിധത്തില് നിഷ്പ്രയോജനമായി കിടന്നു. എന്നല്ല, അധികമധികം ഉണരുകയാണ്. താഴത്തെ നിലയില്നിന്നു പാത്രങ്ങള് ഒച്ചപ്പെടുന്നതും കുളിമുറിയില് വെള്ളം വീഴുന്നതും വ്യക്തമായി കേള്ക്കുന്നുണ്ട്. വെള്ളം വലിക്കുന്ന ഉരുള് ഹൃദയവേദന സഹിക്കാതെ കരയുന്നുമുണ്ട്. സ്വല്പനേരം അയാള് ആ ഉരുളിനെപ്പറ്റി ആലോചിച്ചുപോയി. അതങ്ങനെ കരഞ്ഞുകൊണ്ട് തിരിയുകയാണ്. അച്ചുതണ്ടില്നിന്നു വിട്ടുപോരാന് വയ്യാതെ തിരിഞ്ഞു കരയുക! ‘ഛെ, ഞാനെന്തെല്ലാം വിഡ്ഢിത്തമാണ് ചിന്തിക്കുന്നത്’ എന്നു തന്നത്താന് താക്കീതുചെയ്തു തട്ടിപ്പിടഞ്ഞു കിടക്കയിലിരുന്നു. പുഷ്പങ്ങളോട് ‘സമയമായ്, സമയമായ്’ എന്നു

മന്ത്രിക്കുന്ന ആ നേര്ത്ത കാറ്റ ജാലകത്തിന്നുള്ളിലൂടെ കടന്നുവരുന്നു. തികച്ചും ഉന്മേഷകരമായ പ്രഭാതം. 'എന്തു സുഖം' എന്ന് ആരെക്കൊണ്ടും പറയിക്കും. പക്ഷേ, കാര്ത്തികേയന്റെ മനസ്സില് എന്തോ ദഹിക്കാതെ കിടക്കുന്നു. എന്താണത്? പെട്ടെന്നാണ് തലേന്നാള് കഴിഞ്ഞ സംഭവങ്ങള് ഓര്മ്മയിലേക്കു തള്ളിക്ക യറിയത്. കാര്യങ്ങള് എത്രമാത്രം വഷളായിക്കഴിഞ്ഞു! ഇന്നു തൊഴിലാളികള്ക്കിടയില് തന്നെപ്പറ്റിയും എത്ര ലാഘവത്തോടെയാണ് സംസാരിക്കുക! അച്ചടക്കം തകര്ന്നാല്പിന്നെ ഒന്നും നടക്കലില്ല. ഒരിക്കല് തകര്ന്ന അച്ച ടക്കം പണിചെയ്തുണ്ടാക്കുക എളുപ്പമല്ല. അയാള് ശാന്ത കിടക്കുന്ന കട്ടിലിലേക്ക് ഒന്നു നോക്കി. അതൊഴിഞ്ഞു കിടക്കുന്നു. ചുളിവീണ വെള്ളവിരിപ്പ് ഇളിച്ചുകാട്ടിക്കൊണ്ടു കിടക്കുന്നുണ്ട്. കാര്ത്തികേയന് ആ വിരിപ്പിലേക്കുതന്നെ നോക്കിക്കൊണ്ടു സ്വല്പനേരം ഇരുന്നു. അവള് എന്തൊക്കെ കഥയില്ലായ്മകളാണ് തലേന്നാള് പ്രവര്ത്തിച്ചത്! പറഞ്ഞത്! ശാന്തയെ അങ്ങനെ ഒരു കളിമ്പക്കാരിപ്പെണ്ണാക്കി വിടാന് നിവൃത്തിയില്ല. 'ഇതിന്നൊരടക്കം വയ്ക്കും; വയ്ക്കണം.' അയാള് തന്നോടുതന്നെ പിറു പിറുത്തുകൊണ്ട് ഒരു സിഗരറ്റ് തപ്പിയെടുത്തു കൊളുത്തി. അതും പുകച്ചുകൊണ്ട് മുറിയില് അങ്ങോട്ടുമിങ്ങോട്ടും നടന്നു. പെട്ടെന്നാണ് കാലില് എന്തോ ഒന്നു തടഞ്ഞത്. വേറെ എപ്പോഴാണെങ്കിലും കാര്യമാക്കാതെ തട്ടിക്കളയാവുന്ന ഒരു കഷണം ശീല. പക്ഷേ, ആ നിമിഷത്തില് അയാള് അതിന്മേലേക്കുതന്നെ ഉറ്റുനോക്കി. എന്നിട്ട് അത് കടന്നെടുത്തു. ഒരു ടവ്വല്, അസഹ്യമായ ഒരു മണം അയാളുടെ മൂക്കിലേക്കു തള്ളിക്കയറി. എരിവുമണം പൊഴിക്കുന്ന ആ കൈലേസ് ആരുടെയാണ്? ശാന്തയുടെ ആവാന് വഴിയില്ല. അവള് ചിത്രപ്പണികളോടുകൂടിയ കൈലേസാണ് കൊണ്ടുനടക്കുക പതിവ്. സംശയിച്ചു പിടിച്ച ഒരു പ്രതിയെ വിചാരണചെയ്യാന് നേരെ നിര്ത്തുന്ന പോലീസുകാരനെപ്പോലെ, അയാള് ആ ടവ്വലിന്റെ രണ്ടറ്റവും പിടിച്ച് ഒന്നു നിവര്ത്തിനോക്കി. ഒരു വെറും വെള്ളത്തുവാല. അങ്ങിങ്ങായി ഇളംതുടുപ്പെഴുന്ന ചില പാടുകളും. സ്പിരിട്ടിന്റേതോ മറ്റോ ആയ ഒരുതരം കൃത്രിത്തറയ്ക്കുന്ന മണം അതില്നിന്നു പൊന്തിവന്നു. അയാള് സ്വല്പംകൂടി മൂക്കോടടുപ്പിച്ചു വാസനിച്ചുനോക്കി. നാസാരന്ധ്രത്തില് മുളകുപൊടി കയറിയ ഒരനുഭവം. ലിപ്സ്റ്റിക്കിന്റെയും കണ്ണെഴുത്തുമഷിയുടെയും പാടുകളാണോ? തലേന്നാള് നൃത്തം കഴിഞ്ഞ് തിരിച്ചുപോരുമ്പോഴും ശാന്തയില്നിന്ന് ഇത്തരം ഒരു മണം പൊന്തിയിരുന്നില്ലേ? നൃത്തത്തിന്നു വര്ണ്ണങ്ങളും താളങ്ങളും ഗാനങ്ങളുമുണ്ട്. പക്ഷേ, മണമുണ്ടോ? ആ ഗന്ധം തലവേദന പിടിപ്പിക്കുന്നതുപോലെ തോന്നി. ആ ശീലക്കഷണം ചീന്തിച്ചീന്തി നുറുക്കി ജാലകത്തിന്നുള്ളിലൂടെ വെളിയിലേക്കെറിഞ്ഞ് അതിന്മേല് കാറിത്തുപ്പാന് തോന്നി. പക്ഷേ, മേല്വിലാസ മറിഞ്ഞുകഴിയാത്ത ആ സാധനം അങ്ങനെ നശിപ്പിച്ചുകൂടാ. ചുമരില് പതിഞ്ഞ ഒരു ചോരപുരണ്ട കൈപ്പടപ്പാടോ കവിള്പ്പാടോ ആര്ക്കും സന്തോഷമുണ്ടാക്കുന്ന ഒരു വസ്തുവല്ല. പക്ഷേ, ഒരു കുറ്റാന്വേഷകന് അവ

സസൂക്ഷ്മം കൃത്തിയടര്ത്തിയെടുത്തു തന്റെ മുറിയില് കൊണ്ടുപോയി വയ്ക്കുന്നു. വലുതാക്കിക്കാട്ടുന്ന എല്ലാ യന്ത്രങ്ങളും അതിന്റെ നേര്ക്ക് തിരിച്ചുപിടിക്കുന്നു. ഒരു പ്രേമഭാജനത്തോടെന്നപോലെ, അതിനോടു നര്മ്മസംഭാഷണത്തിലേര്പ്പെടുന്നു. പ്രഥമരാത്രിയിലെ ആവേശകരങ്ങളായ അന്വേഷണങ്ങള്, മൗനംകൊണ്ടുള്ള മറുപടികള്, കാര്ത്തികേയന്നും അത്തരത്തിലുള്ള ഒരു മനഃസ്ഥിതിയായിരുന്നു.

“ഇതിവിടെ ഇരിക്കട്ടെ.”

അയാള് ആ ടവ്വല് സ്റ്റാന്ഡില് തൂക്കിയ തന്റെ കോട്ടിന്റെ പോക്കറ്റിലേക്കു തിരുകിവെച്ചു രണ്ടടി നടന്നു കൈ ഒന്നു മണത്തുനോക്കി. ആ എരിവുള്ള മണം അയാളുടെ കൈവിരലുകളിലും പറ്റിപ്പിടിച്ചിരിക്കുന്നു. മുക്രയിടാന് നില്ക്കുന്ന കാളയെപ്പോലെ, അയാള് ചുറ്റും ഒന്നു മണത്തു നോക്കി, അന്തരീക്ഷം മുഴുവന് എരിവുള്ള മണം വിങ്ങിനില്ക്കുന്നുവോ?

ഓര്മ്മകള് തള്ളിത്തള്ളിവരികയാണ്. ഓര്മ്മകള് ചിലപ്പോള് ഏഷണിക്കാരനെപ്പോലെയാണല്ലോ. ഭാഗികമായ സത്യങ്ങള്കാട്ടി അത് വഴി പിഴപ്പിക്കുന്നു. തലേന്നാള് താന് കണ്ട കാഴ്ചയെന്താണ്? ശാന്ത വിശ്വനാഥന്റെ കൈ പിടിച്ചിരിക്കുന്നു. ആവേശകരമാംവിധം അവര് പരസ്പരം നോക്കിനില്ക്കുന്നു. ‘ആ ചെറുപ്പക്കാരനെ ഞാന് കണ്ടിട്ടുണ്ട്, എവിടെയോവെച്ച്? എവിടവെച്ച്?... എവിടെവെച്ച്?’ സമയത്തിന് ആയുധം കിട്ടാത്ത ഒരു ശ ക്രിയാവിദഗ്ധനെപ്പോലെ, അയാള് പരതുകയും പരിഭ്രമിക്കുകയുമാണ്. എവിടെവെച്ച്?... എവിടെവെച്ച്?...

അയാള് കട്ടിലില് വന്നിരുന്ന് ഒരു സിഗരറ്റുകൂടി കൊളുത്തി. എന്നിട്ട് വെളിയിലേക്കു നോക്കിക്കൊണ്ടിരുന്നു. ദൂരെ കാണുന്ന കുന്നിന്റെ കൊടുമുടി മഞ്ഞുകൊണ്ട് ആകെ മൂടിയിരുന്നു. അത്, അവ്യക്തമായ ഒരാശയംപോലെ നില്ക്കുകയാണ്. സത്യത്തിന്റെ മന്ദസ്മിതം അതിന്മേല് വന്നുതട്ടാന് തുടങ്ങുന്നതേയുള്ളു. അയാള് അവിടെനിന്നു കണ്പറിക്കാതെ ഇരുന്നു. നിശ്ചലമായ ആ ഇരുപ്പ് തികച്ചും ചലനാത്മകമായിരുന്നു. ഒരാത്മാവു മുങ്ങുകയും തപ്പുകയും ശ്വാസംമുട്ടി പുറത്തുവന്നു വീണ്ടും മുങ്ങു കയുമാണ്. തറഞ്ഞുകിടക്കുന്ന ചളിയില് വീണമര്ന്നുപോയ എന്തോ ഒന്നു മാന്തിയെടുക്കാന് യത്നിക്കുകയാണ്. സ്വന്തം ഹൃദയത്തിലേക്കും ഒരസ്വാസ്ഥ്യം മാന്തിയിടാനുള്ള ധൃതി! എവിടെവെച്ച്? എവിടെവെച്ച്?

“ചായ.”

ഭൃത്യന് വാതില്ക്കല് വന്നറിയിച്ചു.

“കൊണ്ടുവാ.”

ടേ അയാളുടെ മുമ്പിലേക്കുവെച്ച് അവന് ഒതുങ്ങിനിന്നു. പുക പറക്കുന്ന പൊന്നുപോലെയുള്ള ചായയിലേക്കു നോക്കിക്കൊണ്ട് ഒരു നിമിഷ മിരുന്നിട്ട് അതെടുത്തൊന്നു വലിച്ചുനുണച്ചു. കുന്നിന്റെ കൊടുമുടി അല്പാല്പം വ്യക്തമായി വരുന്നുണ്ട്. സൂര്യകിരണങ്ങള്ക്കു ശക്തികൂടിവരികയാണ്. അയാള് കോപ്പ

താഴെവെച്ചു:

“കൊണ്ടുപോ.”

ഭൃത്യന് താഴത്തേക്കു പോയി. അവന്റെ കാലടിശബ്ദം കോണിയുടെ അവസാനപ്പടിയില്നിന്ന് അകന്നു പോകുന്നതു കേട്ടുകഴിഞ്ഞപ്പോള് കാര്ത്തികേയന് ഇരുപ്പില്നിന്ന് എഴുന്നേറ്റു. ജനലഴിയും പിടിച്ചുകൊണ്ടു വിദൂരമായ ആ കുന്നിന്തലപ്പിലേക്കു നോക്കിനിന്നു. കൈലേസിലെ എരുവു മണം അപ്പോഴും അസ്വാസ്ഥ്യമുണ്ടാക്കുകയാണ്.

പെട്ടെന്നാണ് കോണിപ്പടി ചവിട്ടി കയറുന്ന ശബ്ദം അയാള് കേട്ടത്. ആ കാലടിശബ്ദം വേഗത്തില് തിരിച്ചറിയാം. കിടക്കയില് ചെന്നു വീണു മുഖം തലയണയിലേക്കു ചേര്ത്തുവെച്ചു. മണലില് തല പൂഴ്ത്തുന്ന ഒരൊട്ടകപ്പക്ഷിയുടെ മട്ടുണ്ടായിരുന്നു കാര്ത്തികേയന്.

ശാന്ത മുറിയിലേക്കു കടന്നു. കുളി കഴിഞ്ഞ് ഈറനായി പിന്പോട്ടിട്ട മുടി; നെറ്റിയില് ഒരു സിന്ദൂരപ്പൊട്ട് ; കനത്ത മുഖം--തന്റെ കൈകള്ക്കിടയിലൂടെ കാര്ത്തികേയന് ഒന്നിടംകണ്ണിട്ടു നോക്കി. അവളാകട്ടെ, അയാളെ ശ്രദ്ധിച്ചതുതന്നെയില്ല. കട്ടിലിന്നു ചുവട്ടിലും നിലത്തും സ്റ്റാന്ഡിലുമെല്ലാം എന്തോ പരിശോധിച്ചു. കിടക്ക ഒന്നുരണ്ടു തവണ നിവര്ത്തുകയും മടക്കുകയും ചെയ്തു. തലയണ വലിച്ചിട്ടു. വിരിപ്പ് പൊക്കിനോക്കി. എല്ലാം കഴിഞ്ഞ് ഒരുനിമിഷം നഖവും കടിച്ച് ആലോചിച്ചുനിന്നു. എന്നിട്ടു പെട്ടെന്നു വാതില്ക്കലേക്കു തിരിഞ്ഞു നടന്നു. അവള് ഒരു കാലെടുത്ത് വെളിയിലേക്കു വെച്ചപ്പോഴേക്കും കാര്ത്തികേയന് വിളിച്ചു:

“ശാന്തേ!”

“ഉ--ം?”

അവള് തിരിഞ്ഞുനിന്നു ഗൗരവത്തോടെ ചോദിച്ചു.

“എന്താണ് നോക്കുന്നത്?”

“ഒരു ടവ്വല്.”

ഒരു നിമിഷത്തെ നിശ്ശബ്ദത.

“എന്താ, കണ്ടോ?” ശാന്ത ചോദിച്ചു.

“ഉവ്വ്.”

“എവിടെ?”

“അതാ, എന്റെ പോക്കറ്റിലുണ്ട്--കോട്ടിന്റെ പോക്കറ്റില്.”

അവള് ഓടിച്ചെന്നു പോക്കറ്റില് കൈയിട്ടു പരതി, അതു വലിച്ചെടുത്തുകൊണ്ട് ഒന്നു നെടുതായി നിശ്വസിച്ചു:

“ഹൗ, എന്തൊരു മണം!”

“അസഹ്യമായ ഗന്ധം!” കാര്ത്തികേയന് തല ചെരിച്ചുവെച്ചുകൊണ്ടു പറഞ്ഞു:

“ഗ്രീസ് പെയിന്റിന്റെയും പേള്ക്രീമിന്റെയും മണമാണ്.”

അവള് വിവരിച്ചു.

അയാള് പതുക്കെ എഴുന്നേറ്റിരുന്നു. ഒരു ബാലന്സ്ഷീറ്റ് ആകെയിടുമ്പോലെ അവളെയൊന്നു നോക്കി. എന്നിട്ടു പതുക്കെ ചോദിച്ചു:

“ആരുടെയാണ് ആ ടവ്വല്.”

“വിശ്വനാഥന്റെ.”

“നീ അയാളെ അറിയുമോ?”

“പിന്നെ!”

“എങ്ങനെ?”

“എന്റെ അമ്മയാണ് വിശ്വത്തെ വളര്ത്തിയത്. ഞങ്ങള് ഒന്നിച്ചാണ് വളര്ന്നത്.”

കാര്ത്തികേയന്റെ തലച്ചോറില് ചില രംഗങ്ങള് വ്യക്തമായിക്കൊണ്ടു വരികയാണ്. അയാള് വീണ്ടും ചോദ്യം തുടര്ന്നു:

“ശാന്ത ഇന്നലെ ഇതു പറഞ്ഞില്ലല്ലോ?”

“ഇന്നലെ ചോദിച്ചുമില്ല.”

“ചോദിച്ചേ പറയൂ എന്നുണ്ടോ?”

“ചോദിക്കാതെ എങ്ങനെയാണ് മറുപടി പറയുക?”

“ഞാന് വക്കീലല്ല, വാദിച്ചു ജയിക്കാന്.”

“ഞാന് കൂട്ടില് നില്ക്കുന്ന പ്രതിയുമല്ല, വിചാരണചെയ്യാന്.”

“ശാന്തേ!” സ്വല്പം ഉച്ചത്തിലായി വിളി.

“എന്തോ?” കുലുക്കമില്ലാത്ത മറുപടി.

“നീ നിന്റെ അതിരു വിട്ടുപോകുന്നു.”

“നിങ്ങള് എത്രത്തോളമാണ് അതിരു കല്പിച്ചതെന്നു ഞാനറിയേണ്ടേ?”

“ഞാന് ഒരിക്കല്ക്കൂടി പറയുന്നു, ഇത് അപകടത്തിലേക്കുള്ള പോക്കാണെന്ന്; നീ നിന്നെ മറന്നു കളിക്കയാണെന്ന്.”

“ഒടുക്കം പറഞ്ഞതു നേരാണ്.”

“എന്ത്?”

“ഞാന് എന്നെ മറന്നാണ് കളിച്ചത്. അല്ലെങ്കില് ഇതൊന്നും കേള്ക്കേണ്ടിവരില്ലായിരുന്നു.”

കാര്ത്തികേയന് ഇരുപ്പില്നിന്ന് ചാടി എഴുന്നേറ്റ് അവളോടടുത്തുകൊണ്ടു ചോദിച്ചു:

“നീ ആരോടാണ് സംസാരിക്കുന്നതെന്നറിയാമോ? നിനക്കു ബോധമില്ലേ?”

“നിങ്ങളെസ്സംബന്ധിച്ചിടത്തോളം ഒരിക്കലും എനിക്കു ബോധക്ഷയമുണ്ടായിട്ടില്ല. ഉണ്ടാകാനും പ്രയാസം.”

“ഇല്ലാത്തതിന്റെ ലക്ഷണമാണ് കണ്ടത്.”

“എന്തേ കണ്ടത്?”

“എനിക്ക് മനുഷ്യരുടെയിടയില് നടക്കണം. എനിക്കൊരു നിലയുണ്ട്.

എന്റെ ഭാര്യയുടെ പേരു നാട്ടുകാരുടെ നാവില്ക്കിടന്നു കളിക്കുന്നതു

കേള്ക്കാന് ഞാനിഷ്ടപ്പെടുന്നില്ല. മനസ്സിലായോ?”

കാര്ത്തികേയന് അവളോടു സ്വല്പംകൂടി അടുത്തുനിന്നു. അവള് രണ്ടടികൂടി പിന്നോട്ടു മാറി. എന്നിട്ടു പറഞ്ഞു:

“നാട്ടുകാരോട് എന്റെ പേര് ഉരുവിടണമെന്നൊന്നും ഞാന് പറയുന്നില്ല.”

“തര്ക്കുത്തരം പറയാതെ കാര്യം മനസ്സിലാക്കു.”

“ഇതിലെന്താണ് ഇത്ര വലിയ ഒരാനക്കാര്യമെന്നാണ് എനിക്കു മനസ്സിലാകാത്തത്.”

“വേണ്ടാ, നിര്ത്താം. ഇതു നല്ലേടത്തേക്കല്ല കൊണ്ടുപോകുക.”

“ഇപ്പോഴെങ്കിലും ആ ബുദ്ധി തോന്നിയല്ലോ!”

തിരിഞ്ഞു നടക്കാന് തുടങ്ങിയ കാര്ത്തികേയന് ശാന്തയുടെ വാക്കുകേട്ടപ്പോള് നിന്നു. അവളുടെ മുഖത്തേക്കു സൂക്ഷിച്ചുനോക്കി. അടക്കിപ്പിടിച്ച ശ്രുണ്ടികൊണ്ടു കുറേക്കൂടി തുടുത്തിരിക്കുന്ന ആ മുഖം. പാളിക്കത്താതെ നിന്നെരിയുന്ന ഒരഗ്നികുണ്ഡം. സ്വല്പനേരത്തിന്നു രണ്ടുപേരും ഒന്നും പറഞ്ഞില്ല. അവളുടെ മുഖം അധികമധികം ജ്വലിക്കുകയാണ്. ആ ജ്വാലയില് അയാളുടെ ക്രോധം ഉരുകിയൊലിക്കാനും തുടങ്ങി. പണ്ടൊരിക്കലും തോന്നിയിട്ടില്ലാത്തവിധം തീവ്രമായ ഒരഭിനിവേശം അയാളുടെ ഹൃദയത്തില് പടം പൊക്കിനിന്നാടുകയായിരുന്നു. ഒരു പ്രതിരോധവുമില്ലാത്ത ഭൂതകാലത്തില് ഒരു സാധാരണ ഭാര്യയായി തോന്നിയിരുന്ന ആ പെണ്കിടാവു പ്രതിഷേധത്തിന്റെ പരിവേഷത്തില് ചെന്നു നിന്നപ്പോള് ഒരു ദേവകന്യകയായിരിക്കുന്നു. അവള് മുഴുവന് വിടര്ന്നു കഴിഞ്ഞിട്ടില്ലാത്ത ഒരഗ്നിയാണ്, സ്വയം അടക്കിനിര്ത്തിയ ഒരു തേജസ്സാണ്. ‘അവള് നിന്റേതാണ്; കൂടുതല് നിന്റേതാക്കു’ എന്നു ഹൃദയത്തില്നിന്നൊരു ശബ്ദം. അതോടെ കാര്ത്തികേയന് വിവശനായി. അയാള് അപേക്ഷാപൂര്ണ്ണമായ പതിഞ്ഞ സ്വരത്തില് വിളിച്ചു:

“ശാന്തേ!...”

അവള് അനങ്ങിയില്ല.

“എന്റെ ശാന്തേ!...” കാര്ത്തികേയന് അവളുടെ കൈ കടന്നു പിടിച്ചു. അവള് കൈ വലിച്ചെടുത്തില്ല; അത്രമാത്രം.

“ശാന്തേ, ഞാന് എന്തൊക്കെയോ പറഞ്ഞുപോയി. നീ എന്റെ ആരാണ്? ഞാന് നിന്റെ ആരാണ്? നിന്നോടല്ലാതെ എന്റെ മനോവേദനകള് ഞാന് ആരോടു പറയും?”

“എന്തിനു വേദനിക്കുന്നു?” അയാള് ചോദിച്ചു.

“എന്തിനാണെന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ, പണ്ടൊന്നും അറിഞ്ഞിട്ടില്ലാത്ത ഒരു മനോവേദന. നീ എന്റെയാണ്, ശാന്തേ.”

“അല്ലെന്നാരു പറഞ്ഞു?” അവള് പുരികം ഒന്നു പൊക്കി അങ്ങനെ നിന്നു.

“എന്റെ മാത്രമാണ്, ശാന്തേ!”

ആ വാക്ക് അവളുടെ ഞരമ്പുകളെ അല്പം തണുപ്പിച്ചു. ജീവിതത്തിലേക്ക്, ഒരു

കുളിര്കാറ്റടിച്ചപോലെ, അവള്ക്കു തോന്നി.

“ശരിയാണ്.” ശാന്ത സാവധാനത്തില് മറുപടി പറഞ്ഞു.

“ഞാന് ദേഷ്യംകൊണ്ട് എന്തോ പറഞ്ഞുപോവുന്നുവെന്നേ ഉള്ളൂ.” അയാള് ക്ഷമായാചനം തുടര്ന്നു.

“പക്ഷേ, പറയുന്നത് എനിക്കു കേള്ക്കാവുന്നതുകൂടിയായാല് തരക്കേടില്ല.”

“ക്ഷമിക്കു.” അയാള് അവളോടു സ്വല്പംകൂടി ഉരുമ്മിനിന്നു. ആ കൈലേസ് അപ്പോഴും അവളുടെ കൈയിലുണ്ട്. അതില്നിന്ന് എരുവുമണം പൊങ്ങുകയാണ്. എന്തസഹ്യമായ ഗന്ധം!

“എന്തിനാണിത്?” കാര്ത്തികേയന് ആ ടവ്വല് ചൂണ്ടിക്കാണിച്ചുകൊണ്ടു ചോദിച്ചു.

അവളാകട്ടെ, ഒന്നും സംഭവിച്ചിട്ടില്ലാത്തമട്ടില്, മുറ്റത്തു കിടക്കുന്ന ആ കല്ക്കഷണത്തെപ്പറ്റിയെന്നപോലെ, പറഞ്ഞു:

“ഇതു വിശ്വനാഥന്റെയാണ്. ഇന്നലെ എന്റെ കൈയില് വന്നു പെട്ടു. ഇന്ന് അയാള് ഇവിടെ വരും; അപ്പോള് തിരിച്ചുകൊടുക്കാമെന്നു വിചാരിച്ചിരിക്കയാണ്.”

“അയാള് എന്തിനിവിടെ വരുന്നു?”

“വെറുതെ, കുട്ടിക്കാലത്ത് ഞങ്ങള് ഒന്നിച്ചു വളര്ന്നതാണല്ലോ.”

“എന്നിട്ടെന്തുകൊണ്ട് അയാള് ഇതേവരെ ശാന്തയെ കാണാന് വന്നില്ല?”

“അതോ,” ശാന്ത ആലോചനാപൂര്വ്വം തുടര്ന്നു: “സ്ഥിതിവ്യത്യാസം മനുഷ്യരെ അകറ്റാന് വലിയൊരു കാരണമാണ്. വിഷമകരമായി ജീവിക്കുന്ന അയാള് എന്റെ മുമ്പിലേക്കു മുഖം കാട്ടാന്, പക്ഷേ, ഇഷ്ടപ്പെടുന്നില്ലെന്നു വരും.”

“അയാള് എന്തിന്നു നിങ്ങളുടെ വീടുവിട്ടു പോയി?”

“മുതിര്ന്നുകഴിഞ്ഞിട്ടും മറ്റൊരാളുടെ ദയയിന്മേല് ജീവിക്കാന് ആരാണ് ഇഷ്ടപ്പെടുക?”

“ഏതാണ് അയാള്?”

“ഒരനാഥക്കുട്ടി.”

കാര്ത്തികേയന് പിന്നീടൊന്നും ചോദിച്ചില്ല. ഉത്തരങ്ങള് തന്റെ വായ മൂടിക്കെട്ടുന്നുവെന്ന് അയാള്ക്ക് അനുഭവപ്പെട്ടു. പക്ഷേ മനസ്സില്, വെള്ളച്ചാലിന്നടുത്തെ പടുമുളകള്പോലെ, ചോദ്യങ്ങള് അങ്ങനെ തെഴുക്കുകയാണ്. എങ്കിലും ആ സന്ദര്ഭത്തില് തന്റെ മുമ്പില് ഒരാകര്ഷണ സാമ്രാജ്യമായി നില്ക്കുന്ന ഭാര്യയെ വിചാരണചെയ്യാന് അയാള് ഇഷ്ടപ്പെട്ടില്ല. ആ മാദകമായ കവിള്ക്കുമ്പുകളില് പുതിയ പുതിയ ചെമ്പകപ്പൂക്കള് വിടരുകയും കൊഴിയുകയുമാണെന്ന് അയാള്ക്കു തോന്നി. അവിടേക്കു നോക്കിക്കൊണ്ടുനിന്നപ്പോള് ആ പഴയ കവിതാശകലം ഉള്ളിലേക്കു കടന്നുവന്നു: ‘പച്ചവെള്ളം അതിനെ സൃഷ്ടിച്ച ആളുടെ അടുത്തെത്തിയപ്പോള് അമ്പേ തുടുത്തുപോയി.’

താരുണ്യം കടന്നുവരുന്ന കാലത്തുപോലും അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു കരള്ച്ചൂട്, രസകരമായ ഒരുരസല്. അയാള് അവളെ മാറോടണച്ചു. ഒരു കാമുകന്റെ വികാരവൈവശ്യത്തോടെ ആ ഭര്ത്താവു ഭാര്യയുടെ കവിളുകളില് ചുംബിച്ചു.

നീഗ്രോ ഒന്നാലറി. ശാന്ത തന്നെ വലയം ചെയ്ത കൈകള് തട്ടിമാറ്റിക്കൊണ്ട് മുറിവിട്ടു പുറത്തേക്കു പോയി. കോണിയിറങ്ങുന്ന ശബ്ദം അകന്നകന്നു പോവുകയാണ്. അയാളുടെ ഹൃദയസ്പന്ദവും പതുക്കെപ്പതുക്കെയായി. പഴയ ചോദ്യങ്ങള് പിന്നെയും തലകാട്ടി. ഇന്ന് ആ മനുഷ്യന് ഇവിടെ വരും. എന്തിനു വരുന്നു? അവള് ക്ഷണിച്ചല്ലാതെ അയാള് വരുമോ? എന്തിനു ക്ഷണിച്ചു? ഒരു പഴയ പരിചയക്കാരനാണുപോലും, ആയിരിക്കാം. എന്തുകൊണ്ട് അതു സാധാരണമായ ഒരു ക്ഷണമായിക്കൂടാ? സ്വന്തം വീട്ടില് വളര്ന്നുപോന്ന ഒരു കൂട്ടിയോട് ആര്ക്കാണ് മമത തോന്നാതിരിക്കുക? ശാന്ത അല്പം സ്വാതന്ത്ര്യമൊക്കെ എടുക്കാറുണ്ടെങ്കിലും അധികപ്രസംഗിയല്ല. ഇക്കാലത്തു പെണ്ണുങ്ങള് സ്വതന്ത്രകളല്ലാതെ ജീവിക്കുമോ? അതും പഠിപ്പുള്ള ഒരു ീ? എന്താണിതില് തെറ്റ്? എന്നല്ല, സ്വതന്ത്രമായി തന്നോടൊന്നിച്ചു ജീവിക്കുവാന് പാകമാണെന്നു കണ്ടിട്ടാണല്ലോ താന് ഈ വിവാഹത്തിന്നുതന്നെ ഒരുങ്ങിയത്? എന്നാണ് ശാന്തയെ ആദ്യമായി കണ്ടത്? സ്റ്റേജില്വെച്ചുതന്നെ. പെട്ടെന്നു കാര്ത്തികേയന്റെ ഓര്മ്മകളുടെ ചുറ്റഴിഞ്ഞു: ഈ ചെറുപ്പക്കാരനോടുകൂടിയാണല്ലോ അന്നവള് നൃത്തംവെച്ചത്?...അപ്പോള്, അതു പഴയ അടുപ്പമാണ്... ഏ?...തലേന്നാള് പരസ്പരം മിഴികളിലേക്കു നോക്കിനിന്ന ആ കാഴ്ച! വീണ്ടും ചോദ്യങ്ങള്. ഏതു പാറക്കെട്ടിന്നിടയിലും വളരുന്ന ഒരു കള്ളിച്ചെടിയാണ് സംശയം. ഇളകിയ മണ്ണില് അതു തഴച്ചുവളരും. കാര്ത്തികേയന്റെ ഹൃദയം ഇളകിക്കഴിഞ്ഞിരുന്നു.

അയാള് താഴത്തേക്കിറങ്ങിവന്നു. അയാളെ കണ്ടപ്പോള് ലക്ഷ്മിക്കുട്ടിഅമ്മ അടുത്തേക്കു ചെന്നു ചോദിച്ചു; "ഇന്നലെ നന്നെ ക്ഷീണിച്ചാണ് വന്നത്. അല്ലേ?"

"അതെ."

"കിടക്കലും ഉറങ്ങലും കഴിഞ്ഞുവെന്നു തോന്നുന്നു."

"ഉവ്വ്."

"ഊണുകഴിച്ചില്ലല്ലോ?"

"വേണ്ടായിരുന്നു... പിന്നെ... യാത്രയെങ്ങനെ? വണ്ടിയില് വല്ലാത്ത തിരക്കുണ്ടായിരുന്നോ?"

"ഇല്ല. എന്നാലും യാത്രയ്ക്കൊരു ക്ഷീണമുണ്ടല്ലോ."

"ഉണ്ട്."

"പിന്നെ ശാന്തയുടെ ആശാനും കൂടെ വന്നിട്ടുണ്ട്."

"എവിടെ?"

"ഉമ്മറത്തിരിക്കുന്നുണ്ട്."

"ഞാന് കണ്ടുകൊള്ളാം." കാര്ത്തികേയന് ഒരടിവെച്ചു പെട്ടെന്നു തിരിഞ്ഞു ചോദിച്ചു: "ശാന്ത എവിടെ?"

"അതാ, അങ്ങേ മുറിയില്."

അയാള് മുറിയുടെ വാതില്ക്കല് ചെന്നു നോക്കി. ചിന്താധീനയായിരിക്കയാണ്. ഒരു വെണ്ണക്കല്പ്രതിമ. പ്രഭാതകിരണങ്ങള് അവള്ക്കു ചുറ്റുമായി നൃത്തംവെച്ചുകൊണ്ടു നില്ക്കുന്നു. അവിടെ അങ്ങനെ നിന്നുനോക്കുന്നതില് ഒരു രസം. വേദന കൂടിക്കലര്ന്ന ഒരു രസം.

ഒന്നുരണ്ടു നിമിഷം കഴിഞ്ഞാണ് ശാന്ത അയാളെ കണ്ടത്. അവള് തട്ടിപ്പിടഞ്ഞെഴുന്നേറ്റു ചോദിച്ചു.

"പിന്നെ.... കുളിക്കുന്നില്ലേ?"

"കുളിക്കാന് പോവുന്നു."

"ഇന്നു ഫാക്ടറിയില് പോണ്ടേ?"

"വേണം." ഉടനെതന്നെ 'വേണ്ടാ' എന്നു പറയാമായിരുന്നെന്നും തോന്നി.

"എന്നാല് കുളിച്ചോളൂ."

കാര്ത്തികേയന് കുളിമുറിയിലേക്കു കടന്നു വാതിലടച്ചു. എന്നിട്ടു നിശ്ചലനായി അവിടെ നിന്നു. 'എന്റെ കുളിയെപ്പറ്റി അവള് അന്വേഷിക്കുന്നു. മുമ്പൊന്നും അങ്ങനെ ഉണ്ടായിട്ടില്ല. ഞാന് പോവുന്നില്ലേ എന്ന്. ഞാന് എന്തിന്നു പോണം?....' മനസ്സാകെ കുഴഞ്ഞുമറിയുന്നു. മുമ്പു ഭാര്യയെക്കുറിച്ചാണ് അയാള് ഏറ്റവും കൂടുതല് ചിന്തിച്ചിട്ടുള്ളത്. ഇന്നു ചിന്താമണ്ഡലം മുഴുവന് ഭാര്യ നിറഞ്ഞുനില്ക്കുന്നു. ഇളകുന്ന വായു തന്റെ സാമീപ്യമറിയിക്കുന്നു.

അയാള് കുളിയും പ്രാതലും കഴിഞ്ഞ് ആഫീസിലേക്കു പുറപ്പെട്ടപ്പോഴാണ് ഗോപിക്കുറുപ്പിനെ കണ്ടത്. കുറുപ്പ് എഴുന്നേറ്റുനിന്നു കൈകൂപ്പി.

കാര്‍ത്തികേയന്ന് ആകെ അസുഖമാണ് തോന്നിയത്. എന്തിന്ന് ഈ വിദ്വാന് ഇങ്ങോട്ടെഴുന്നള്ളി? ചില സ്തുത്തക്കാരും താളക്കാരും--ശല്യം! എങ്കിലും അയാള് കുശലം ചോദിക്കാതിരുന്നില്ല:

"സുഖംതന്നെയല്ലേ?"

"അതെ."

"ഞാന് കമ്പനിയിലൊന്നു പോയിവരാം."

അയാള് ധൃതിയില് ഉമ്മറപ്പടി കടന്നു പോകുന്നതു ശാന്ത നോക്കി നിന്നു. അയാളുടെ കാര് ഗെയ്റ്റു കടന്നു തിരിയുന്നതും കണ്ടു. എന്നിട്ടും അവിടെത്തന്നെ നില്ക്കുകയാണ്. ആലോചനകൊണ്ടു കനം തൂങ്ങിയ അവളുടെ അര്‍ദ്ധനിമീലിതങ്ങളായ കണ്ണുകള് നിശ്ചലങ്ങളായി നില്ക്കുന്നു. കിളിവാതിലിലൂടെ കടന്നുവന്ന ഇളങ്കാറ്റ് ആ കുറുനിരകളെ പതുക്കെ തൊട്ടിളക്കി.

ലക്ഷ്മിക്കുട്ടിഅമ്മ അടുത്തുള്ള ഒരു കട്ടിലില് തലയണയും ചാരിയിരുന്ന് അന്നത്തെ വര്‍ത്തമാനപ്പത്രത്തില് കണ്ണോടിക്കുകയാണ്. പകുതി തന്നോടും പകുതി മകളോടുമെന്നപോലെ, അവര് പറഞ്ഞു:

"യുദ്ധം പൊട്ടുമെന്നാണ് തോന്നുന്നത്."

"എന്ത്?" ശാന്ത തലയുയര്‍ത്തി ചോദിച്ചു.

"യുദ്ധം ഒരുങ്ങിയപോലെയാണ്. മൃനിച്ചില്വെച്ചുണ്ടായ കൂടിയാലോചനയും തെറ്റിപ്പിരിഞ്ഞു. ആ നിലയ്ക്കു യുദ്ധം പൊട്ടാനാണ് വഴി."

"അതേ. ഒരു യുദ്ധം നടന്നേക്കും." ചിന്താകുലയായിട്ടാണ് ശാന്ത അതു പറഞ്ഞത്.

"പക്ഷേ യുദ്ധമെന്തായാലും നാശത്തിലേ അവസാനിക്കൂ."

"യുദ്ധമില്ലാതെ നശിക്കുന്നതിലും ഭേദമാണ്."

"ശാന്ത എന്തോ പറയുന്നു. പഴയ കാലത്തെ യുദ്ധംപോലെയോ മറ്റോ ആണോ ഇത്? വിമാനോം ബോംബും വിഷവായുവും--നാടപ്പടി തരിപ്പണമാവില്ലേ? ശവങ്ങള്കൊണ്ടു ഭൂമി നിറയും."

"ഇപ്പോ ജീവച്ഛവമാണെന്നേ വ്യത്യാസമുള്ളൂ."

"നീ എന്തോ പറയുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രി പറഞ്ഞത് കണ്ടോ? ഇതാ, ഈ കടലാസിലുണ്ട്. യുദ്ധം വേണമെന്നുള്ളവര് കഴിഞ്ഞ യുദ്ധത്തിന്റെ അവശിഷ്ടങ്ങളൊന്നു നോക്കിക്കാണണന്നതു നന്ന് എന്ന്. കണ്ണും, മൂക്കും, കൈയും, കാലുമില്ലാത്ത എത്ര മനുഷ്യക്കോലങ്ങളെ ബാക്കിയാക്കിയിട്ടാണ് ഒരു യുദ്ധം കടന്നുപോകുന്നത്!"

ലക്ഷ്മിക്കുട്ടിഅമ്മ കടലാസു മടക്കി മടിയില്വെച്ചു മകളുടെ നേരെ നോക്കി. ശാന്തയുടെ മുഖത്ത് എന്തെന്നില്ലാത്ത ഒരു വാശി നിഴലിച്ചിരുന്നു. അവള് തള്ളവിരലും ചൂണ്ടാണിവിരലും കൂട്ടിത്തിരുമ്മി, അവയിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു:

"യുദ്ധത്തിന്നു കാരണങ്ങളൊക്കെ സൃഷ്ടിച്ചുവെച്ചു യുദ്ധമുണ്ടാകരുതെന്നു

പറഞ്ഞിട്ടു കാര്യമുണ്ടോ? കുട്ടിലിട്ടടച്ചിട്ടു പിന്നെ ചിറകടിക്കാനുംകൂടി പാടില്ലെന്നു പറയുന്നതു ദുഷ്ടതയാണ്! ഏതു കൂടിന്റെ അഴിയും കുറെ കഴിയുമ്പോള് ദ്രവിക്കും." അവള് അമര്ത്തിപ്പറഞ്ഞു.

"ശരിയാണ്." അമ്മയും മകളെപ്പോലെ, സ്വല്പനേരം ചിന്തിച്ചിരുന്നു. എന്നിട്ട്, ഞെട്ടിയുണര്ന്നിട്ടെന്നപോലെ, പറഞ്ഞു: "അതേയതേ. ബ്രിട്ടന് ഉണ്ടാക്കിയ കൂടുകള് ഇന്ന് അവര്ക്കുതന്നെ ഉപദ്രവമായിത്തീരുകയാണ്."

"കൂട് സൃഷ്ടിച്ചവരൊക്കെ ഒടുവില് കുട്ടിലാവും!" ശക്തിയുക്തമായി ഇതു പറഞ്ഞിട്ട്, ശാന്ത തിരിഞ്ഞു നടക്കാന് പുറപ്പെട്ടപ്പോള് ലക്ഷ്മിക്കുട്ടിഅമ്മ വിളിച്ചു:

"ശാന്തേ!..."

"എന്താ?"

അമ്മയും മകളും സ്വല്പനേരം പരസ്പരം നോക്കി. ഓരോരുത്തിയും മറ്റേവളില് തന്നെത്തന്നെയാണ് കാണുന്നത്. അമ്മ മകളില് ഭൂതകാലം; മകള് അമ്മയില് ഭാവികാലം. ലക്ഷ്മിക്കുട്ടിഅമ്മ പതുക്കെ മകളുടെ അടുത്തുചെന്നു പുറം തടവി.

"മകളേ, ജീവിതത്തില് പലതും സഹിക്കേണ്ടിവരും."

"അസംബന്ധം! തന്നെത്താന് കുത്തി മുറിവേല്പിച്ചിട്ടു കരയുന്നതും വിധിയെ പഴിക്കുന്നതും വിഡ്ഢിത്തമാണ്. വിഷച്ചെടി നട്ടിട്ട്, അതു തന്നെ നശിപ്പിക്കുകയാണെന്നു നിലവിളിക്കയാണ്." ശാന്ത ഉഗ്രമായി അമ്മയുടെ മുഖത്തേക്കു നോക്കി.

"നടുന്നവര് വിഷച്ചെടിയാണെന്നു വിചാരിക്കുന്നില്ല. നാളേക്കു കായ് തരുന്ന ഒരു ചെടി ഉണ്ടാകട്ടെ എന്നാണ് കരുതുന്നത്."

"പക്ഷേ, മറ്റുള്ളവരെ വിഷക്കായ് തീറ്റാന് ആര്ക്കും അധികാരമില്ല: ഒരമ്മയ്ക്കുപോലും."

"ആ അമ്മ എന്തെല്ലാം തിന്നവളാണെന്ന് ആരും അറിയില്ല; അറിയാതിരിക്കട്ടെ." അവരുടെ ശബ്ദം അല്പമിടറി.

"അറിയാം. എനിക്കും തലച്ചോറുണ്ട്. ഞാനും ഒരു പെണ്ണാണ് അതൊക്കെ കഴിച്ചിട്ട്, ഒരമ്മ വിഷം തീറ്റുന്നതാണ് മനസ്സിലാകാത്തത്."

"നീ ഒരമ്മയാകുമ്പോഴേ അതു മനസ്സിലാകൂ."

"ഞാനോ? ശാന്ത ഒരു ഈറ്റപ്പുലിയെപ്പോലെ, തിരിഞ്ഞുനിന്നു ചീറ്റി: "ഞാനോ?" അങ്ങനെ ചെയ്യേണ്ടിവരുന്ന ദിവസം ഞാന് സ്വന്തം കഴുത്തില് കത്തി കുത്തിയിറക്കും; തീയില്ച്ചാടി ചാമ്പലാവും. കാരണമെന്താണെന്ന് അമ്മയ്ക്കറിയണോ?"

അവള് അമ്മയുടെ മുഖത്തേക്കു നോക്കി. ലക്ഷ്മിക്കുട്ടിഅമ്മ നിശ്ശബ്ദയായി നിന്നതേയുള്ളു. മകള് തുടര്ന്നു:

"മകളെ പണയം വയ്ക്കാന് തയ്യാറില്ലാത്തതുകൊണ്ട്; അവള്ക്കും ഇഷ്ടങ്ങളും അനിഷ്ടങ്ങളും ഉണ്ടെന്ന് അറിയുന്നതുകൊണ്ട്. പാടങ്ങള്ക്കും ഫാക്ടറിക്കും

ഞാന് അവളെ പിടിച്ചുകൊടുക്കില്ല. ഹൃദയവും ശക്തിയും തേജസ്സുമുള്ള ഒരാണിന്നു കൊടുക്കും.”

“ശാന്തേ!...” അമ്മ പൊട്ടിക്കരഞ്ഞു: “ഞാന്... എന്തനുഭവിക്കുന്നുവെന്നു നിനക്കറിഞ്ഞുകൂടാ. ഞാന് ജീവിതം മുഴുവന് തീ തിന്നുന്നത്, ഇന്നും അടങ്ങിയൊതുങ്ങി കഴിയുന്നത്, ആര്ക്കുവേണ്ടിയാണെന്നും നീ മനസ്സിലാക്കിയില്ല.”

“മനസ്സിലാക്കി, എനിക്കുവേണ്ടി. എനിക്കുവേണ്ടി ബലിമൃഗമായി. എന്നെയും ബലിമൃഗമാക്കി.”

“നീ അഭിവൃദ്ധിപ്പെടണമെന്നേ എന്നും ഞാന് കരുതിയിട്ടുള്ളു, ശാന്തേ...”

“പക്ഷേ, മകള് ബാങ്ക് ഡിപ്പോസിറ്റല്ല. അങ്ങനെയായി ജീവിതമവസാനിപ്പിക്കാനും ഞാന് തയ്യാറില്ല.”

“ശാന്തേ!”

“ഇല്ല. ഞാന് തയ്യാറില്ല.”

“വരാനുള്ളതു വഴിയില് തങ്ങുമോ, കുട്ടീ?”

“എനിക്ക് കൈയുണ്ട്; ഞാന് തട്ടിനീക്കും.”

“ശാന്തേ, നിനക്കു ഭ്രാന്താണോ? നീ നിന്നെത്തന്നെ മറന്നിരിക്കുന്നു.”

“ഞാന് എന്നെപ്പറ്റി ഓര്ക്കാന് തുടങ്ങുകയാണ്. എന്നെ തടുക്കാതിരുന്നാല് മതി. എന്നെ കൂടുതല് ദ്രോഹിക്കാതിരുന്നാല് മതി. അമ്മ എന്നെ ഇനിയും വിലങ്ങുവയ്ക്കുമോ?... പറയൂ...”

അമ്മ തേങ്ങിത്തേങ്ങി കരഞ്ഞു.

“പറയൂ, വിലങ്ങുവയ്ക്കുമോ?” ശാന്ത നിര്ദ്ദയമായി ചോദ്യമാവര്ത്തിച്ചു.

“ഇല്ല...”

ലക്ഷ്മിക്കുട്ടിഅമ്മ മുഖംപൊത്തി കരഞ്ഞു.

“നല്ലത്. ഞാന് അമ്മയേയും തടുക്കില്ല. എന്നെച്ചൊല്ലി അമ്മയുടെ ജീവിതം മുരടിപ്പിക്കേണ്ടതില്ല.”

“വേണ്ടാ,” അമ്മ തുടര്ന്നു: “നിനക്കതാവാം; എനിക്കതു പാടില്ല. നീ നിന്റെ അമ്മയെ വെറുക്കാതിരുന്നാല് മതി, കുട്ടീ...”

“ഒരിക്കലുമില്ല. നിങ്ങള് എന്റെ അമ്മയാണ്.”

മകള് അമ്മയെ കെട്ടിപ്പിടിച്ചു; അമ്മ മകളെയും. രണ്ടുപേരും പരസ്പരം ചുമലിലേക്കു തല ചായ്ച്ചുകൊണ്ടു കട്ടിലില് ഇരുന്നു... കുമിഴക്കല്ലിന്നു കനമില്ലാത്ത ഏത്തങ്ങളുടെ താഴ്ന്നുകിടക്കുന്ന ‘വിശ’കളെപ്പോലെ!

മടിക്കുത്തില് തിരുകിയിരുന്ന കൈലേസില്നിന്ന് എരുവുള്ള ആ മണം ശാന്തയുടെ മൂക്കിലേക്കു കയറുകയാണ്. അതൊരു സുഖിതമായ പരിമളമായി അവള്ക്കു തോന്നി.

“വിശ്വം ഇവിടെ ഉണ്ടമ്മേ.”

“ഏ! എവിടെ?”

“ഇന്നിവിടെ വരും.”

അമ്മ മകളുടെ കണ്ണുകളിലേക്ക് ഒന്നുന്നിനോക്കി, എന്നിട്ട് പതുക്കെ എഴുന്നേറ്റു കുറുപിരിക്കുന്നിടത്തേക്കു പോയി. കണ്മറയുന്നതുവരെ ശാന്ത അമ്മയെ നോക്കി. ഓ! എത്രമാത്രം സഹിച്ച ീയാണ്!

പെട്ടെന്നാണ് കാര്ത്തികേയന് ചവിട്ടിക്കടന്നു വന്നത്. ശാന്ത ഒന്നു ഞെട്ടിപ്പോയി. അവള് പ്രതീക്ഷിച്ചിരുന്നില്ല. 'ശാന്തേ, ശാന്തേ' എന്നു വിളിച്ചു കൊണ്ടാണ് അയാള് വരുന്നത്.

"എന്താണ്?"

"വേഗം ഒരുങ്ങിക്കോളൂ."

"എന്തിന്?"

"നാട്ടിലേക്കു പോകണം."

"എന്തിന്?"

"അച്ഛനു സുഖക്കേടു കലശലാണെന്നു കമ്പി വന്നിരിക്കുന്നു." ഇതും പറഞ്ഞു മുകളിലേക്ക് പോകുമ്പോള്, അയാള് ഒന്നു ചുമല് കുലുക്കുകയും ചെയ്തു. ഒരടിക്കു രണ്ടു നുണ അയാള് പറഞ്ഞു, കലശലാണ് സുഖക്കേടെന്ന്; കമ്പി വന്നിരിക്കുന്നുവെന്ന്. സുഖക്കേടങ്ങനെത്തന്നെയുണ്ട് എന്നൊരു കത്തു മാത്രമായിരുന്നു; സൗകര്യമുള്ളപക്ഷം അതില് അങ്ങോട്ടു ചെല്ലണമെന്നും ആവശ്യപ്പെട്ടിരുന്നു. ആ കത്ത് ഒരായുധമായി അയാള്ക്കു തോന്നി. വീട്ടിലേക്കു പോരുകയും ചെയ്തു.

മുകളിലെ കിടപ്പുമുറിയില്നിന്നു കാര്ത്തികേയന് ഭാര്യയെ വിളിച്ചു. അവള് അനങ്ങിയില്ല. വിളി വീണ്ടും കേട്ടപ്പോള് ശാന്ത മുകളിലേക്കു ചെന്നു.

"വേഗം പുറപ്പെടൂ."

"ഇപ്പോഴോ."

"ഉ–ം. ഈ വണ്ടിക്കുതന്നെ പോവാം. ടിക്കറ്റു വാങ്ങാന് ഞാന് ആളെ പറഞ്ഞയച്ചിട്ടുണ്ട്."

"ഞാനില്ല."

"അച്ഛനു സുഖക്കേടു കലശലാണെന്നറിഞ്ഞിട്ട്..."

"എനിക്കു വയ്യാ."

"എന്താണ്?"

"ആകെ സുഖമില്ല."

"സാരമില്ല. ഒരു യാത്ര മുഷിവു തീര്ക്കുകയേയുള്ളൂ."

"എനിക്കു വയ്യെന്നു പറഞ്ഞില്ലേ!"

കാര്ത്തികേയന് ടൈ ശരിപ്പെടുത്തിക്കൊണ്ടു ഭാര്യയുടെ നേര്ക്കു തിരിഞ്ഞു: "നീ എന്താണ് ഈ പറയുന്നത്?"

"എനിക്കു സുഖമില്ല, അതുകൊണ്ടു ഞാന് വരുന്നില്ലെന്ന്."

"നീ വരണം."

"വയ്യാ."

"വരണമെന്നാണ് പറഞ്ഞത്." അയാള്ക്ക് അരിശം കയറിയിരുന്നു.

ഫലവത്താണെന്ന തികച്ചും വിശ്വസിച്ച ഒരു പദ്ധതി പൊളിയുമ്പോഴുണ്ടാ കുന്ന അരിശം, താന് വഞ്ചിതനായി എന്ന തോന്നലില്നിന്നുണ്ടാകുന്ന ശൂണ്ഠി.

"നിനക്കു പറഞ്ഞാല് മനസ്സിലാവില്ലേ?"

"നിങ്ങള്ക്കാണിപ്പോള് മനസ്സിലാകാത്തത്."

"തര്ക്കിക്കാന് സമയമില്ല; പുറപ്പെട്ടോളൂ."

"സാദ്ധ്യമല്ല."

"സാദ്ധ്യമല്ലേ?"

"അല്ല."

"നീ എന്റെ ഭാര്യയാണ്; അറിയാമോ?"

"അവകാശം പറകയാണോ?"

"അതേ."

"പക്ഷേ ഭാര്യ പാവയല്ല."

"എന്ത്!" അയാള്, ഒരു കാട്ടുപോത്തിനെപ്പോലെ, അടുത്തേക്കു ചെന്നു:

"നിന്റെ ഈ ധിക്കാരമെല്ലാം എനിക്ക് മനസ്സിലാകുന്നില്ലെന്നു ധരിക്കേണ്ടാ."

"ധരിച്ചതു ശരിയാണ്!"

ഠേ--കാര്ത്തികേയന്റെ കൈ ശാന്തയുടെ ചെകിടത്തു വീണു. എന്നിട്ട് അയാള് അലറി: "നീ എന്തു വിചാരിച്ചു?"

അവള് അനങ്ങിയില്ല.

"ഞാന് ശവമാണെന്നു കരുതിയോ?"

"അതിലും ചീത്തയാണെന്നു മനസ്സിലായി." കവിള് തടവിക്കൊണ്ടു ശാന്ത പറഞ്ഞു: "നിങ്ങള്ക്കിഷ്ടമുള്ളതു ചെയ്യാം. പക്ഷേ, ഒരിക്കലും ഞാന് നിങ്ങള് പറയുന്നത് അനുസരിക്കാന് പോകുന്നില്ല."

"നീ ഇന്നെന്റെ കൂടെ വന്നില്ലെങ്കില്...."

"എനിക്കു പറയാനുള്ളതു പറഞ്ഞുകഴിഞ്ഞു; നിങ്ങള്ക്ക് പ്രവര്ത്തിക്കാനുള്ളത് പ്രവര്ത്തിച്ചും കഴിഞ്ഞു. നന്നായി."--അവള് താഴത്തേക്കിറങ്ങിപ്പോയി.

"കാര്ത്തികേയന് പിന്നാലെ ചെന്നു ചോദിച്ചു:

"ഉറച്ചോ?

അതിനുള്ള മറുപടിയേ ഉണ്ടായില്ല. അയാള് ധൃതിയില് പുറത്തേക്കുകടക്കുകയാണ്. വാതില്ക്കല് ഒരുനിമിഷം ശങ്കിച്ചുനിന്നു. അവള് വിളിച്ചാലോ?...ഇല്ല. കാറില് കയറുന്നതിനുമുമ്പും നിന്നു.... ഇല്ല. കാര് ഗേറ്റ് കടന്നു ഹോറനടിക്കുന്നതു ശാന്തയുടെ ചെവിയില്ക്കിടന്നു മുഴങ്ങി. അവള് ഒന്നു പുഞ്ചിരിതൂകി.

അമ്മ മകള് ഇരിക്കുന്നിടത്തേക്കു ചെന്നു. ഒന്നും മിണ്ടാതെ അവളുടെ അരികെയിരുന്നു. ആ ഇരുത്തത്തില് നാഴികകള് കടന്നുപോയി. പെട്ടെന്നാണ് ഒരു ഭൃത്യന് വന്നറിയിച്ചത്.

“പുറത്തൊരാള് കാണാന് വന്നിരിക്കുന്നു.

“ഇങ്ങോട്ടു വിളിക്ക്.”

വിശ്വനാഥന് തളത്തിലേക്കു കടന്നുവന്നു. ശാന്ത പുഞ്ചിരി പൊഴിച്ചുകൊണ്ടു പറഞ്ഞു: “വരൂ, വരൂ.”

വിശ്വനാഥനെ കണ്ടപ്പോള് അമ്മ ചുണ്ടത്തൊരു ചിരി വരുത്താന് യത്നിച്ചു. പക്ഷേ, അവരുടെ കണ്ണുകള് താണുപോയി.

‘സുഖംതന്നെയല്ലേ വിശ്വം?’ എന്ന സാധാരണമായ ഒരു ചോദ്യം മാത്രമാണ് അവരില്നിന്നു പുറപ്പെട്ടത്.

“അതേ.”

“ഇരിക്കൂ. ഞാന് സ്വല്പം കാപ്പിയുണ്ടാക്കാന് പറയാം.”

അമ്മ അടുക്കളയിലേക്കു പോയി.

“അമ്മ വന്ന കഥ ഞാന് അറിഞ്ഞില്ല.” വിശ്വം പരുങ്ങിക്കൊണ്ടു പറഞ്ഞു.

“അതുകൊണ്ട് അമ്മയെക്കൂടി കാണാന് കഴിഞ്ഞല്ലോ.” ശാന്ത അങ്ങനെ സംഭാഷണം ആരംഭിച്ചു. തലേന്നാളത്തെ നൃത്തത്തെപ്പറ്റിയും വിശ്വനാഥന്റെ മിടുക്കിനെപ്പറ്റിയും സംസാരിച്ചു സംസാരിച്ച് ആ സംഭാഷണം ഭൂതകാലജീവിതത്തിലേക്കു ചെന്നു.

“അതെത്ര നല്ല കാലമായിരുന്നു; ഇല്ലേ, വിശ്വം?”

“ഉ–ം,” അയാള് കയ്യടിയില് വിരല്കൊണ്ടു ചിത്രം വരച്ചു.

“ആ കാലം ഇനി തിരിച്ചുവരില്ല; ഉവ്വോ?”

“കഴിഞ്ഞതു കഴിഞ്ഞു. ഇനി എന്തിനതൊക്കെ കുത്തിപ്പൊക്കുന്നു?”

“വിശ്വത്തിന് അതൊക്കെ ആവര്ത്തിക്കാന് ഇഷ്ടമില്ലേ?”

“ഇല്ല. ദുഃഖം ആവര്ത്തിക്കാന് ആരാണിഷ്ടപ്പെടുക?”

“സുഖമായിട്ടാണ് ആവര്ത്തിക്കുന്നതെങ്കിലോ?”

“മരിച്ചതു മരിച്ചു. അതു പിന്നെ മണ്ണിട്ടുമൂടുക.”

“മരിച്ചുവെന്നു തോന്നുക മാത്രമാണെങ്കിലോ?”

“ഞാന് ഈ സംഭാഷണം തുടരാന് ഇഷ്ടപ്പെടുന്നില്ല. നമുക്കു മറ്റെന്തെങ്കിലും പറയാം.”

ശാന്ത സ്വല്പം ആലോചിച്ചിട്ടു പറഞ്ഞു:

“ശരി. വിശ്വത്തിന്റെ ഇവിടത്തെ താമസമെല്ലാം എങ്ങനെ?”

“മോശമില്ല.”

“പിന്നെ ശുശ്രൂഷിക്കാന് രാധയുമുണ്ടല്ലോ.”

“അതേ, ഒരു യഥാര്ത്ഥ പെങ്ങള്തന്നെയാണ് ആ ീ. എന്തും സഹിക്കാന് കഴിയുന്ന ഒരുവളാണ്.”

“വിശ്വത്തിന്ന് ഇവിടെ താമസിക്കാം.”

“പക്ഷേ, അവിടെ ഒരു ബുദ്ധിമുട്ടുമില്ല. ആ മനുഷ്യന് ഒരച്ഛനേക്കാളധികം ഞങ്ങളുടെ കാര്യത്തില് ശ്രദ്ധിക്കുന്നുണ്ട്.

“ആര്? സുലൈമാനോ?”

“അതേ.”

“വേണമെങ്കില് രാധയ്ക്കും വിശ്വത്തിന്നും ഇവിടെ താമസിക്കാം. ഞാന് പറഞ്ഞുവെന്നുമാത്രം.”

“തത്കാലം വേണ്ടാ.”

പിന്നെ എന്താണ് ചോദിക്കേണ്ടതെന്ന് അവള്ക്കറിഞ്ഞുകൂടാ. പ്രധാന കാര്യങ്ങളുടെ വാതില് അടഞ്ഞുകിടക്കുകയാണ്. വീണ്ടും അവര് നൃത്തത്തെപ്പറ്റിയും സംഗീതത്തെപ്പറ്റിയും തൊഴിലാളിപ്രസ്ഥാനത്തെപ്പറ്റിയും യുദ്ധത്തെപ്പറ്റിയുമെല്ലാം സംസാരിച്ചു. നിര്ജ്ജീവമായ സംഭാഷണം. ഓരോന്നാലോചിച്ചു വേറെ ഓരോന്നു പറയുകയാണ്. ഒടുവില് വിശ്വം എഴുന്നേറ്റു:

“ഞാന് വരട്ടെ.”

“ഊണു കഴിക്കണ്ടേ?”

“ഞാന് ഉണ്ടിട്ടാണു വന്നത്.”

“എന്നാല് കാപ്പി കുടിക്കു.”

ഒരു ഭൃത്യന് കാപ്പി കൊണ്ടുവന്നു. അതു കുടിച്ചു കഴിഞ്ഞപ്പോള് വിശ്വം എഴുന്നേറ്റു.

“പിന്നെ കാണാം.”

“നിങ്ങളുടെ ടവ്വല് എന്റെ കൈവശമുണ്ട്. ഇതാ.” അവള് അത് അരയില്നിന്നും എടുത്തുകാട്ടി. അയാള് അതു വാങ്ങാന് കൈനീട്ടി.

“ഇതു വേണോ?”

“നിര്ബ്ബന്ധമില്ല.”

“ഇതിവിടെ ഇരിക്കട്ടെ. പിന്നെ എന്നാണിനി വരിക?”

“വല്ലപ്പോഴും വരാം.”

“നാളെ?”

“നാളെ സൗകര്യപ്പെടുകയില്ല.”

“ഞാന് നിങ്ങളുടെ ഒരു സുഹൃത്താണ്, അതു മറക്കരുത്. എന്നും അങ്ങനെ ആയിരിക്കുകയും ചെയ്യും. മറ്റെന്നാള് ഇവിടെനിന്ന് ഊണു കഴിക്കു.”

“വരൂ, വിശ്വം.” അങ്ങോട്ടുവന്ന അമ്മയാണതു പറഞ്ഞത്.

“വരാം.”

വിശ്വം പുറത്തേക്കു കടന്ന് ആശാനെ വന്ദിച്ചു. അദ്ദേഹവും വളരെ ആഹ്ലാദത്തോടെ അഭിവാദ്യം ചെയ്തു.

“സുഖംതന്നെയാണല്ലോ. ആള് കുറെ വലുതായി!”

വിശ്വനാഥന് ഗേറ്റു കടന്നു പോകുന്നത് ആ അമ്മയും മകളും നോക്കി നിന്നു. അയാള് മറഞ്ഞപ്പോള് അവര് പരസ്പരം നോക്കി. നാലു കണ്ണുകളും ആര്ദ്രങ്ങളായിരുന്നു.

ആ കൈലേസ് അപ്പോഴും മടിക്കുത്തില്നിന്ന് എരുവുമണം പൊഴിച്ചു.

അഞ്ച്

ആകാശം മൂടിക്കെട്ടിനിന്നു: ഭൂമി തുടുത്തുമിരുന്നു. വിശ്വനാഥന് മേല്പോട്ടും കീഴ്പോട്ടും ഒന്നു നോക്കി. പ്രപഞ്ചവും തന്നെപ്പോലെതന്നെ. ചുറ്റുപാടും കണ്ണോടിച്ചു. നിശ്ചലം. കാറ്റിന്റെ ചിറകുകള് അനങ്ങുന്നില്ല. വല്ലാത്ത ചൂട്, വിമ്മിട്ടം. ലോകം പൊരുത്തുകോഴിയായിക്കഴിഞ്ഞിരിക്കുന്നു, എന്നിട്ടെന്താണ് വിരിയിക്കുക?

അയാള് കൈകെട്ടി നിശ്ചലനായി നിന്നു. കഴിഞ്ഞ കുറച്ചു കാലത്തിന്നുള്ളില് എന്തെല്ലാം സംഭവിച്ചു! പടക്കുതിരകളെപ്പോലെയാണ് സംഭവങ്ങള് പായുന്നത്. എല്ലാം തന്റെ തല ചവിട്ടിമെതിച്ചുകൊണ്ട്. 'നില്ക്കു, ഞാനൊന്നു നോക്കി മനസ്സിലാക്കട്ടെ' എന്നു പറയാന് ലോകം സമ്മതിക്കുന്നില്ല. അനുഭവങ്ങള് നെഞ്ചിലേക്കിങ്ങു വന്നുകയറുന്നു. ഞരമ്പുകള് എപ്പോഴും വലിഞ്ഞുപിടിച്ചുനില്ക്കണം, കുഴിയെ കുലച്ചുപിടിച്ച വില്ലു പോലെയാണ് ജീവിതം. അമ്പു പിന്വലിച്ചു ഞാണ് തളര്ത്തണമെന്നു പലപ്പോഴും അയാള്ക്കു തോന്നിയിട്ടുണ്ട്. സാധ്യമല്ല, സമയമില്ല.

അപ്രതീക്ഷിതങ്ങളായ അനുഭവങ്ങള് വന്നുചേരുകയാണ്. തന്നെസ്സും ബന്ധിച്ചിടത്തോളം എന്നും അങ്ങനെയായിരുന്നുവെന്ന് അയാള് ഓര്ത്തു. താന് ഈ ഭൂമിയിലേക്കു വന്നതുതന്നെ അപ്രതീക്ഷിതമായിട്ടാണ്. എന്തിനു വന്നു? എന്നുമൊരു ശാന്തി ഉണ്ടായിട്ടില്ല. പുറമേ പ്രശാന്തമായിരിക്കുമ്പോള് അകം പ്രക്ഷുബ്ധം. വേണ്ടതും വേണ്ടാത്തതുമായ എമ്പാടും ചോദ്യങ്ങള് ഹൃദയത്തില് കടന്നല്കൂത്ത് ഏല്പിച്ചിട്ടുണ്ട്. ഈ ചോദ്യങ്ങളെല്ലാം എന്നെങ്കിലും അവസാനിക്കുമോ? ഇതൊക്കെ ഒന്നവസാനിച്ചു കിട്ടിയാല്! എല്ലാം അവസാനിപ്പിച്ചാല് പിന്നെ താനുണ്ടാകുമോ? എല്ലാ മനുഷ്യര്ക്കും ഇത്തരം സ്വൈരക്കേടുകളുണ്ടോ? ഉണ്ടെന്നു തോന്നുന്നില്ല. ആ നിരത്തിലൂടെ കടന്നു പോകുന്നു. അവര്ക്കു ജീവിതം, ഒരു പൂപോലെ സുന്ദരമാണ്, സുരഭിലമാണ്, ലാഘവമുള്ളതാണ്. 'എനിക്കുമാത്രം എന്താണ് ഈ കുഴപ്പം?' അയാള് സ്വയം ചോദിച്ചു.

കുട്ടിക്കാലം മുതല്ക്കേ മനസ്സ് അയാള്ക്ക് ഒരു ശല്യമായിരുന്നു. അത് അവ്യക്തമായ എന്തോ ഒന്നിനെ തേടിക്കൊണ്ട് ഓടിയങ്ങു പോകും. പിന്നെ അതിന്റെ പിന്നാലെ ഓട്ടമായി. അയാള്ക്ക് സ്വപ്നങ്ങള് യാഥാര്ത്ഥ്യങ്ങളായിരുന്നു. അവയെ തൊടാം. ചുംബിക്കാം. മടിയില് തലവെച്ചു കിടക്കാം. മറ്റു കുട്ടികള് അലട്ടുകൂടാതെ തിമര്ക്കുമ്പോള്, കാണാതെപോയ ഒരു സ്വപ്നത്തെ തേടിക്കൊണ്ട് നടന്ന അയാള്. എന്തിന്? നിശ്ചയമില്ല. എന്തോ ഒന്നിനുവേണ്ടി തേടി നടക്കുകയായിരുന്നു. നൃത്തത്തിന്റെ താളക്കുത്തുകള് അയാളെ കുറേക്കാലത്തേക്ക് സമനിലയില് നിര്ത്തി. 'അതു നല്ല കാലമായിരുന്നു!'--വിശ്വനാഥന് ആലോചിച്ചു. ആ താളം അവസാനിച്ചപ്പോള് വീണ്ടും അസ്വസ്ഥനായി. എന്തിനുവേണ്ടി ഇങ്ങനെ സ്വൈരംകെടുന്നു?

അതറിഞ്ഞാല് കുഴപ്പം തീര്ന്നില്ലേ? താളങ്ങള്കൊണ്ടു മെടഞ്ഞുണ്ടാക്കിയതാണ് അയാളുടെ ആത്മാവ്. അതിന്റെ കൂടെ ഒരു മനുഷ്യഹൃദയവും ചേര്ത്തുമിടഞ്ഞിരുന്നു. ഒരു പ്രഭാതത്തില് ആ ഹൃദയം ഊരിയെടുത്തു. ആകെ കുത്തഴിഞ്ഞു. 'അതേ, അവര് പോയതിനുശേഷം ഞാന് ഉണ്ടായിട്ടില്ലെന്നു തോന്നുന്നു.' വിശ്വം നെടുവീര്പ്പിട്ടു. 'പക്ഷേ ഇനി തിരിച്ചുവരലില്ല. ഇല്ല, ഞാനതിനു സമ്മതിക്കില്ല. ഞാന്, ഉമിത്തീപോലെ, നീറിനീറിയങ്ങു ചാമ്പലാവും. ഞാന് ഉണ്ടായാലും ഇല്ലാതായാലും ആര്ക്കും വിശേഷിച്ചു നഷ്ടമൊന്നും വരാനില്ല. എന്നെച്ചൊല്ലി വ്യസനിക്കാന് ഒരമ്മയില്ല. എനിക്ക് ഒരമ്മതന്നെ ഉണ്ടായിരുന്നോ? കുട്ടിക്കാലത്തു പറഞ്ഞുകേട്ട കുറുക്കമ്മാന്റെ കഥപോലെയേ തോന്നുന്നുള്ളൂ. അച്ഛനെപ്പറ്റിയാണെങ്കില് കഥപോലുമില്ല...' പ്രപഞ്ചം മുഴുവന് ഒഴിഞ്ഞുകിടക്കുന്നതുപോലെ വിശ്വനാഥനു തോന്നി. പ്രളയജലത്തില്നിന്നു ചക്രവാളംവരെ വെള്ളം. അടിയിലെന്താണ്? ഒരു ലോകമുണ്ടോ? ആര്ക്കറിയാം?

'ഞാന് ഉണ്ടായാലും ഇല്ലാതായാലും ആര്ക്കും വിശേഷിച്ചൊന്നുമില്ല. കരിഞ്ഞുപോയ ഒരു പടുമുളയെസ്സംബന്ധിച്ച് ആരും വേവലാതിപ്പെടാറില്ല. പക്ഷേ ഒന്നുമില്ല. കുഞ്ഞിരാമന് ഇങ്ങു വന്നാല്, രാധയെ ഏല്പിച്ചു കൊടുത്താല്, എന്റെ ചുമതല തീര്ന്നു. പിന്നെ എനിക്കെന്റെ വഴിക്കു നടക്കാം. എന്നെ ബന്ധിക്കാന് യാതൊന്നുമില്ല. ഇവിടെനിന്നു പോകണം. ഇവിടെനില്ക്കുന്നത് അപകടമാണ്. വക്കിടിയുന്ന ഒരു പുഴവക്കത്താണ് ഞാന് നില്ക്കുന്നത്. വേണ്ടാ, എനിക്കാ പുഴയിലേക്കു വീഴാന് സാധിക്കില്ല. അതൊരു കലങ്ങിയ പുഴയാണ്. അല്ലെങ്കില്... ഞാന് എന്തിന് വകവയ്ക്കണം? ആരെങ്കിലും എന്നെ വകവെച്ചിട്ടുണ്ടോ? എന്റെ ഇഷ്ടംപോലെ സുഖിച്ചു മദിച്ചു ജീവിച്ചിട്ടു ഞാനങ്ങു മരിക്കട്ടെ. ലോകം ഇഷ്ടമുള്ളതു പറയട്ടെ...' ആസക്തമായ ജീവിതം ഇരട്ടനാക്കു നീട്ടിക്കൊണ്ടു ഹൃദയത്തിലേക്ക് ഇഴഞ്ഞേറുകയാണ്. അടിയില് മയങ്ങിക്കിടന്നിരുന്ന അതിന്റെ പത്തി പതുക്കെ വിടര്ന്നു. എത്ര മനോഹരമായ ചിത്രപ്പണികളോ ടുകൂടിയതാണ് ആ പത്തി! വിശ്വനാഥന് ആ പത്തിയിലേക്കുതന്നെ നോക്കിക്കൊണ്ടു നിന്നു. അതു പതുക്കെപ്പതുക്കെ നൃത്തംവയ്ക്കുകയാണ്. ആ കണ്ണുകള് മിന്നിത്തിളങ്ങുന്നു. അവ നീളം വയ്ക്കുന്നു. ചലിക്കുന്നു. ആ പത്തിയിലെ ചുണ്ടുകള് തുടുത്തവയാണ്. ഒരു ചുംബനത്തിനുവേണ്ടി കൂര്പ്പിച്ച ചുണ്ടുകള്! അവ അടുത്തേക്കടുത്തേക്കു വരുന്നു. അതൊരു നഗ്നമായ സ്ത്രീരൂപമാണ്. ആ മുഖം അവനു പരിചിതമാണ്. ഞരമ്പുകളിലാകെ ഒരു കോളിളക്കം. ദേഹം വിറച്ചു പോവുന്നു. 'വത്സ, വത്സ' എന്നു മനസ്സു മന്ത്രിക്കുന്നു. 'വത്സ, എന്നെ കൊത്തിക്കൊല്ലൂ' എന്ന് ഉറക്കെ വിളിച്ചുപറയാന് തോന്നുന്നു. പക്ഷേ....

"എന്താ മൂപ്പരേ ധ്യാനിക്കയാണോ?" പിമ്പില്നിന്നു ചോദ്യം കേട്ട വിശ്വനാഥന് ഞെട്ടിത്തെറിച്ചു.

"ഭയപ്പെടേണ്ടാ ഞാനാണ്!" രാരിച്ചന് ചിരിച്ചുകൊണ്ട് മുമ്പില് നില്ക്കുന്നു.

ആ നിമിഷത്തില് തന്നെ വന്ന് അലട്ടിയ അവന്റെ കരണക്കുറ്റിക്കൊന്ന വീക്കാനാണ് വിശ്വനാഥന് തോന്നിയത്. പക്ഷേ, നിശ്ശബ്ദനായി മുഖവും വീര്പ്പിച്ചിരുന്നതേയുള്ളു.

"അപ്പോ വിശ്വം, കാര്യം ഉറച്ചു."

"എന്തു കാര്യം?"

"ഡാന്സിന്റെ കാര്യം. അഞ്ചാം നാളേക്കു തീര്ച്ചപ്പെടുത്തിയിരിക്കുന്നു. നാലാംനാള് കുഞ്ഞിരാമന് എത്തുമല്ലോ. അഞ്ചാംനാളായാല് അയാള്ക്കു കൂടി പങ്കെടുക്കാം. എന്താ?"

"എനിക്കു സാധ്യമല്ല." മുഖം കനപ്പിച്ചുകൊണ്ടുതന്നെ വിശ്വനാഥന് പറഞ്ഞു.

"എന്തുകൊണ്ട്?"

"സാധ്യമല്ലാത്തതുകൊണ്ടുതന്നെ."

"പിന്നെ തനിക്കെന്താണ് സാധിക്കുക?"

"ഒന്നും സാധിക്കില്ല."

"ഏ!...."രാരിച്ചന് വിശ്വത്തെ ഒന്ന് ഊന്നിനോക്കി. സ്വല്പനേരത്തെ നിശ്ശബ്ദത. രാരിച്ചന് പതുക്കെ തുടര്ന്നു: "താന് ഇന്നലെ പറഞ്ഞില്ലേ സാധ്യമാണെന്ന്?"

"ഉവ്വ്."

"പിന്നെ ഇന്നിങ്ങനെ പറയാന്?"

"ഇന്നലെ സാധിക്കുമെന്നു തോന്നി. ഇന്നു സാധിക്കില്ലെന്നുംതോന്നുന്നു."

"തനിക്കെന്തു പറ്റി വിശ്വം?"

"എനിക്കു പറ്റിയതെല്ലാം തന്നോടു പറഞ്ഞിട്ടു കാര്യമില്ലല്ലോ." വിശ്വത്തിന്നു ശ്രുണ്ടിപിടിച്ചിരുന്നു: "രാരിച്ചന് ഒന്നു മനസ്സിലാക്കണം; ഞാന് ഇതിനൊന്നും ചുമതലപ്പെട്ടിട്ടില്ല."

"ഉണ്ടെന്നു തോന്നിയാല് ചുമതലയുണ്ട്, ഇല്ലെങ്കില് ഇല്ല. അത്രതന്നെ. എല്ലാവരുടെ സ്ഥിതിയും അതുതന്നെ, വിശ്വം. പിന്നെ എന്റെ സ്വന്തം കാര്യത്തിന്നുവേണ്ടി ഞാന് തന്നോടു യാതൊന്നും ആവശ്യപ്പെട്ടിട്ടില്ല. തന്നോടെന്നല്ല, ഇന്നേവരെ ആരോടും ആവശ്യപ്പെട്ടിട്ടില്ല. ഇല്ലെങ്കില് പട്ടിണി കിടക്കും. ആ കളരിയില് നല്ലവണ്ണം പയറ്റിയതിന്നു ശേഷമാണ് ഞാന് പട്ടണത്തിലേക്കു കയറിയത്. അറിയോ? എനിക്കു യാതൊന്നും ആവശ്യമില്ല."

"പിന്നെ താനെന്തിന് എന്നെ അലട്ടുന്നു?"

"അലട്ടായി വിചാരിക്കില്ലെന്നായിരുന്നു എന്റെ ധാരണ. ഞാനിതൊക്കെ ചെയ്യുന്നത് എന്നെപ്പോലുള്ള മനുഷ്യരുടെ ഗ്രണത്തിന്നുവേണ്ടിയിട്ടാണ്."

"അല്ലെന്നു ഞാന് പറഞ്ഞില്ല. തനിക്കു മനുഷ്യരോടു കടപ്പാടുണ്ടാവാം. തനിക്ക് ഊരും പേരുമുണ്ട്. എടോ, ഞാനൊരു പടുമുളയാണ്. എന്നോടാരും കടപ്പാടു കാട്ടിയില്ല. ഞാനും ആരോടും കടപ്പെട്ടിട്ടില്ല." വിശ്വം തീര്ത്തു പറഞ്ഞു.

"ആലോചിച്ചുതന്നെയാണോ നീ സംസാരിക്കുന്നത്, വിശ്വം?"

"അതേ."

“അല്ല.”

“താനാണോ നിശ്ചയിക്കാന്?”

“എന്റെ അനുഭവം എന്റെ അനുഭവമല്ലാതെയാവില്ല. ആ സുലൈമാനിക്ക ഇല്ലെങ്കില് നീ ഇപ്പോള് ബാക്കിയുണ്ടോ?”

“അതിന്ന്?”

“നിനക്ക് ആരോടും കടപ്പാടില്ലെന്നു പറഞ്ഞല്ലോ. മനുഷ്യന് നന്ദികെട്ടവനാകരുത്.”

വിശ്വം ഒന്നു പരുങ്ങി. മനസ്സില്നിന്നു സ്തംഭംവയ്ക്കുന്ന പത്തി മാഞ്ഞുപോവുകയും ചെയ്തു. ഒരു വിനാഴിക കഴിഞ്ഞ് അയാള് പറഞ്ഞു: “ആ മനുഷ്യന് എന്നോടു സ്നേഹം കാട്ടിയില്ലെന്നോ എന്നെ രക്ഷിച്ചില്ലെന്നോ ഞാന് പറയുന്നില്ല. പക്ഷേ, ഞാന് ഇല്ലായിരുന്നുവെങ്കിലും ഈ ലോകത്തിന്നു വലിയ നഷ്ടമൊന്നും വരാന് പോകുന്നില്ല.”

രാരിച്ചന് ഒന്നു പൊട്ടിച്ചിരിച്ചു.

“താനെന്നല്ല, ആരില്ലാതായാലും ലോകം നടക്കും. മഹാത്മാഗാന്ധി മരിച്ചതിന്റെ പിറ്റേദിവസവും ലോകമുണ്ടാവും. പക്ഷേ, മനുഷ്യര്ക്കു ചില ചുമതലകളുണ്ട്.”

“എന്തിന്ന്?”

“മറ്റുള്ളവരു നമ്മളോടു ചുമതല കാട്ടുന്നതുകൊണ്ട്. അല്ലെങ്കില് കാട്ടണമെന്നുള്ളതുകൊണ്ട്. മനുഷ്യരുടെ വാസന കേള്ക്കാതെ മനുഷ്യനു ജീവിക്കാന് കഴിയോ, വിശ്വം?”

“ചിലര്ക്കതു വാസനയാണ്, ചിലര്ക്ക് ദുര്ഗ്ഗന്ധവും.”

“രണ്ടുമുണ്ട്. സമുദായത്തിന്റെ ഇന്നത്തെ നിലവാരം മാറുന്നതുവരെ ആ ദുര്ഗ്ഗന്ധം നില്ക്കും. അതു മാറും; മാറ്റണം. അതാണ് നമ്മളുടെ ചുമതല...”

പഠിച്ചുവെച്ച ഒരു പാഠം ഉരുവിടുന്നതുപോലെ, രാരിച്ചന്റെ പ്രസംഗം നീണ്ടുപോയി. ആവേശകരമായിരുന്നു ആ പ്രസംഗം. ഉത്പാദനവിതരണ ക്രമംമുതല് മനുഷ്യന്റെ മനോഘടകങ്ങളില്വരെ വരുത്തേണ്ട പരിവര്ത്തനത്തെക്കുറിച്ച്, ഒരു മന്ത്രവാദി മന്ത്രം ഉരുവിടുന്ന ഏകാഗ്രതയോടെ അവന് പറഞ്ഞുതീര്ത്തു. ആ പ്രസംഗം ചൈതന്യപൂര്ണ്ണമായിരുന്നു. അതില് വിശ്വസിക്കുന്ന ഒരാത്മാവ് കിടന്ന് ഓളംവെട്ടി. അവന് വിശ്വത്തിന്റെ ചുമലില് തട്ടിക്കൊണ്ടു പറഞ്ഞു:

“ഇങ്ങോട്ടു നോക്കു വിശ്വം. ഈ ഞാനാരാണെന്നറിയോ?”

“ഉവ്വ്.”

“ഇല്ല. ഒരു ചക്കുന്തിയുടെ മകനായി പിറന്നവനാണ്. എന്റെ അച്ഛന് മരിച്ചതെങ്ങനെയാണെന്നറിയോ? ആരോ ചെയ്ത കുറ്റത്തിന്ന് ആ മനുഷ്യന് തൂക്കിലേറി. അതാണ് നിലവാരം. ഞങ്ങള്ക്കുള്ളതെല്ലാം പിടിച്ചു പറിച്ചു. ഞങ്ങള് എച്ചില് പെറുക്കി തെണ്ടിനടന്നു. എന്റെ അമ്മ വഴിയില്ക്കിടന്നാണ് ചത്തത്. പട്ടികള് ഇതിലും നന്നായി ചാവാറുണ്ട്. കമ്പനിയിലെ സായ്പിന്റെ പട്ടിക്കു

കിടക്കാന് കോസറിയുണ്ട്. ഓര്ത്തുനോക്കു, വിശ്വം. എന്റെ അമ്മയുടെ ശവം മൂന്നു ദിവസം വഴിവക്കില് കിടന്നു. വെറുങ്ങലിച്ച ആ വായിലേക്ക് ഈച്ചകള് പോയും വന്നുംകൊണ്ടിരുന്നത് ഇന്നും ഞാനോര്ക്കുന്നു. മൂന്നുനാലു പിറുങ്ങന്മാര് ചുറ്റും നിന്നു നോക്കുകയാണ്. ഞങ്ങളുടെ കണ്ണിയറ്റു. ഞങ്ങള് ചിതറി. ആ അനുജന്മാരെയും അനുജത്തിമാരെയും പറ്റി എനിക്കിന്ന് ഒന്നും അറിഞ്ഞുകൂടാ. ഏതോവുചാലില് കിടന്നു പുലരുന്നുവെന്ന് ആര്ക്കറിയാം!...” അവന് എന്തോ ഓര്ത്തു സ്വല്പനേരം നിന്നു. ഒരിളം ശിരസ്സു തടവുമ്പോലെ, അവന്റെ കൈ വായുവില് സഞ്ചരിച്ചു. “അവള്ക്കു മൂന്നു വയസ്സായിരുന്നു. ഒരുസമയം മൂന്നരയായിട്ടുണ്ടാവും. കൊഞ്ചല് വിട്ടിട്ടില്ല. ‘ഏത്തന്’ എന്നാണ് വിളിച്ചിരുന്നത്. ഈ പരന്ന ലോകത്തിലേക്കു രണ്ടു പിഞ്ചുകാല് പിച്ചവെച്ചുപോകുന്ന തോര്ത്തുനോക്ക്, വിശ്വം!... എവിടേക്കുപോയി? ഒരുപക്ഷേ വല്ല എച്ചില്കൂപ്പകളുടെ അടുത്തുവെച്ചു നായ്ക്കള് കടിച്ചുകൊന്നിട്ടുണ്ടാവും. ഇളയ എല്ലുകളാണല്ലോ. വേഗം കടിപറ്റും. ഈ എനിക്കാണോ കടപ്പാട്? പറയ്. വിശ്വം! അടിയും ചവിട്ടും ഞാന് കൊണ്ടിട്ടുണ്ട്. ഒരു പിടി ചോറിനുവേണ്ടി. എനിക്കാണോ മനുഷ്യരോട് കടപ്പാട്? പറയ്...” അവന് ഒന്നു നിര്ത്തി വിശ്വത്തിന്റെ മുഖത്തേക്കു നോക്കി. വിശ്വത്തിന്റെ കണ്ണുകള് ഭ്രമിയില് സഞ്ചരിക്കുകയാണ്. ഭ്രമി കുറേക്കൂടി തുടുത്തപോലെ അവനു തോന്നി.

“വിശ്വം!” രാരിച്ചന് സ്നേഹിതന്റെ ചുമലില് പിടിച്ചു: “നീ പലപ്പോഴും ആലോചനയില് മുങ്ങിക്കൊണ്ടിരിക്കുന്നതായി ഞാന് കാണാറുണ്ട്. കഴിഞ്ഞകാലം നിന്നെ വേവലാതിപ്പെടുത്തുകയാണ്. എനിക്കറിഞ്ഞുകൂടാ. ആരെങ്കിലും നിന്നെ ചതിച്ചിട്ടുണ്ടാവും അല്ലെങ്കില് ദ്രോഹിച്ചിട്ടുണ്ടാവാം. പക്ഷേ അതോര്ത്തിരുന്നതുകൊണ്ട് ആര്ക്കും ഒരു മെച്ചവും കിട്ടാന് പോവുന്നില്ല. കഴിഞ്ഞതു കഴിഞ്ഞു. ഒരുപിടി മണ്ണ് അതിന്റെ മീതെ ഇട്. മരിക്കാന് നാലുമുഴം കയറേ വേണ്ടൂ. ജീവിച്ചിരിക്കാന് കുറെപാടുണ്ട്. പക്ഷേ ഇനി വരുന്ന മനുഷ്യരുടെ അമ്മയെങ്കിലും നിരത്തുവക്കത്തു കിടന്നു ചാവാതിരിക്കട്ടെ...”

വിശ്വനാഥന് രാരിച്ചന്റെ മുഖത്തേക്കു കണ്ണയച്ചു. ചൈതന്യപൂര്ണ്ണമായ ആ കണ്ണുകളില് മഹത്തായ ഒരു പ്രചോദനമുണ്ടായിരുന്നു. ആ ഇരുണ്ടുണങ്ങിയ മനുഷ്യന് വളരെ സുന്ദരനായി വിശ്വത്തിനു തോന്നി.

“ഞാന് എന്തു വേണം?” വിശ്വം ശാന്തനായി ചോദിച്ചു.

“എനിക്കുവേണ്ടി ഒന്നും ചെയ്യേണ്ടാ. ശരിയാണെന്നു തോന്നുന്നുവെങ്കില് പ്രവര്ത്തിക്ക്.”

“ഡാന്സ് ചെയ്യാം.”

“അതൊരു നിസ്സാരകാര്യം. അതിലും വലുതൊക്കെ നമുക്കു ചെയ്യാനുണ്ട്. കുഞ്ഞിരാമന് തിരിച്ചുവന്നാല് ഒക്കെ തീര്ച്ചപ്പെടും.”

“ശരി.”

രണ്ടുപേരും മിണ്ടാതിരുന്നു. രണ്ടുപേരുടെയും ഹൃദയം നിറഞ്ഞിരുന്നു. നിറഞ്ഞാല്പിന്നെ തുളുമ്പാന് വയ്യല്ലോ. ജാലകത്തിന്നുള്ളിലൂടെ രണ്ടു കണ്ണുകള്

അങ്ങോട്ടെത്തുന്നതുണ്ടായിരുന്നു. അവ രാധയുടേതാണ്.

പെട്ടെന്നു ചെരിവില്നിന്ന്, ഒരു മനുഷ്യന് മുന്നോട്ടു വന്നു. രാരിച്ചന്റെ ചുമലില് കൈവെച്ചു--ശക്തിമത്തായ കൈ. രാരിച്ചന് തിരിഞ്ഞുനോക്കി. സുലൈമാന്!

"നിങ്ങളെവിടുന്നു വരുന്നു?" രാരിച്ചന് ചോദിച്ചു.

"ഇവിടെത്തന്നെ ഉണ്ടായിരുന്നു. ഞാന് എല്ലാം കേള്ക്കുകയും ചെയ്തു. നീ ഒരു വല്ലാത്ത കുട്ടിയാണു മോനേ. ഞാന് ഇത്രയൊന്നും ധരിച്ചിട്ടില്ല. പക്ഷേ, നീ വിചാരിക്കുന്നതുപോലെയെല്ലാം വിശ്വത്തിനെ ആക്കിത്തീര്ക്കാന് കഴിയ്യോ?"

"നിങ്ങള് തടുക്കുമെന്നാണോ?"

"ഇല്ല." സുലൈമാന് ചിരിച്ചുകൊണ്ടു പറഞ്ഞു: "ഞാന് ആരെയും തടുക്കില്ല. എന്നെത്തന്നെ തടുക്കാന് പോരാത്തവനാണ് ഞാന്. അതു പോട്ടെ. ദൈവത്തിന്റെ ഇച്ഛയെന്തോ, അതു നടക്കും."

"ദൈവം ഉണ്ടോ സുലൈമാനിക്കാ?"

"ഉണ്ട്; വല്ലാതെ ഉണ്ട്, രാരിച്ചാ."

"ഉണ്ടെങ്കില് അയാളൊരു ദുഷ്ടനാണ്, സുലൈമാനിക്കാ."

"എന്തോ! ദൈവത്തെ വിചാരണചെയ്യാന് എനിക്കു കഴിവില്ല. ദൈവം ഓരോ നിമിഷത്തിലും എന്റെ മുമ്പിലൂടെ നടന്നുപോകുന്നതു ഞാന് കാണുന്നുണ്ട്, രാരിച്ചാ. പല രൂപത്തിലാണെന്നേയുള്ളൂ."

"അതു മായക്കാഴ്ചയാണ്, സുലൈമാനിക്കാ."

"ഞാന് തര്ക്കിക്കാനില്ല, രാരിച്ചാ."

"നിങ്ങളെന്തേ, വിശ്വം ഞാന് പറഞ്ഞമാതിരി ആവില്ലെന്നു പറയാന്?"

"നൂറു മനുഷ്യര് നൂറുവിധമല്ലേ? അതുകൊണ്ട് അതു പോട്ടെ. നിങ്ങടെ ഡാന്സ് എന്നാ?"

"വാക്കു കൊടുത്തോ?"

"ഉവ്വ്."

"അഞ്ചാംനാള്."

"എന്നാല് വേണ്ട ഏര്പ്പാടു വേഗം ചെയ്യണം. ആ പെണ്കുട്ടിയെ നല്ല വണ്ണം പഠിപ്പിക്കുകതന്നെ വേണം. വഷളാവരുതല്ലോ എന്താ, വിശ്വം?"

"പഠിപ്പിക്കാം."

രാരിച്ചന് പിന്നെയും സ്വല്പനേരം സംസാരിച്ചുകൊണ്ടിരുന്ന് എഴുന്നേറ്റ് പോയി. പോകുമ്പോള് ചിരിച്ചുകൊണ്ടു വിളിച്ചുപറഞ്ഞു:

"വിശ്വം ഇതു കഴിഞ്ഞിട്ടാവാം, ആകാശത്തുനിന്നു തവളയെ പിടിച്ചുവിഴുങ്ങല്. വേഗം നോക്ക്."

അവന്റെ പൊട്ടിച്ചിരി അകന്നകന്നുപോയി.

"ഉരുക്കുകൊണ്ടുണ്ടാക്കിയ കുട്ടീ!" സുലൈമാന് വിശ്വത്തോടെന്നതിലധികം തന്നോടായിട്ടുതന്നെയാണ് പറഞ്ഞത്. അയാള് വിശ്വത്തിന്റെ മുമ്പില് സ്വല്പനേരം ലാത്തി. കുറെ കഴിഞ്ഞപ്പോള് പെട്ടെന്നു തിരിഞ്ഞു നിന്നു വിളിച്ചു:

“വിശ്വം!”

“ഓ.” അവന് തലയുയര്ത്തി നോക്കി.

“നീ....”

“ഞാന്?”

“നീ ഒരു പട്ടുമുളയല്ല, വളരെ വല്യൊരു തറവാട്ടിലെ നല്ലൊരമ്മയുടെ മകനാണ്.”

“ഉ–ം.”

തനിക്കതൊരു പ്രശ്നമല്ലെന്നമട്ടില് വിശ്വം ഒന്നു മൂളി. എന്നിട്ട്, അവിടെനിന്ന് എഴുന്നേറ്റുപോകാന് പുറപ്പെട്ടു. അപ്പോള് സുലൈമാന് പറഞ്ഞു:

“നീ പോവ്വാണോ?”

“എന്താണ് വേണ്ടത്?”

“ഒന്നുമില്ല, പിന്നെ.... ആ! നിന്നോടു മുതലാളിയുടെ ഭാര്യ അവിടെ ചെല്ലാന് പറഞ്ഞു.”

“ശാന്തയോ?”

“ഉ–ം.”

“ഇന്നു സൗകര്യപ്പെടില്ല.”

“ഇന്നുതന്നെ ചെല്ലണമെന്നു പ്രത്യേകം പറഞ്ഞിരിക്കുന്നു.”

വിശ്വം ഒന്നു മൂളി, അവിടെനിന്നു പോയി. എങ്കിലും ശാന്തയുടെ ക്ഷണം അയാളെ വീണ്ടും ക്ഷുഭിതനാക്കിത്തീര്ത്തു. എന്തിനാണ് അവള് ഈ സന്ദര്ഭത്തില് വിളിച്ചത്? രണ്ടു ദിവസമേ ആയുള്ളൂ താന് അവിടെ പോയിട്ട്. ഇതു വലിയൊരു സ്വൈരക്കേടുതന്നെ. “ഞാനിനി അങ്ങോട്ടു കടക്കില്ല––” അയാളുറപ്പിച്ചു. പക്ഷേ, അടുത്തനിമിഷത്തില് ഇങ്ങനെ ഒരു ചോദ്യം മനസ്സില് പൊന്തി: ‘ഞാന് എന്തിനു ഭയപ്പെട്ടോടുന്നു? എന്തായാലും ഞാനതു നേരിടുകയാണല്ലോ വേണ്ടത്. അല്ലെങ്കില് എന്തു നേരിടാന്? അവളുടെയും എന്റെയും വഴി രണ്ടാണ്. ഞാന് പോവുകതന്നെയാണ് വേണ്ടത്. ഉറപ്പുള്ള ഒരു നട്ടെല്ല് എനിക്കുണ്ടെന്നു ഞാന് കാട്ടിക്കൊടുക്കും....’

അവന് ഷര്ട്ടു മാറ്റി. മുടി ചീകി, പുറത്തേക്കു കടക്കാന് തുടങ്ങുമ്പോള് അകത്തുനിന്നു രാധ വിളിച്ചുചോദിച്ചു:

“ഇന്നു വരില്ലേ?”

“വരും.”

അയാള് പടിയിറങ്ങിപ്പോകുന്നതു നോക്കിനിന്നിട്ടു സുലൈമാന് ഒന്നു നെടുവീര്പ്പെട്ടു.

ആകാശം വീണ്ടും ഇരുളുകയാണ്. മേഘമാലകള് അടിഞ്ഞുകൂടുന്നു. മഴ പെയ്തേക്കാം. ഒരു നേര്ത്ത കാറ്റ് ഇലപ്പഴുതുകളില് ചൂളംവിളിച്ചു ചുറ്റിപ്പറ്റി നടക്കുകയാണ്. വിശ്വം തിരക്കിട്ടു നടന്നു.

ശാന്ത, അവനെ പ്രതീക്ഷിച്ചിട്ടെന്നപോലെ, ഉമ്മറത്തുണ്ടും ചാരിനില്ക്കുകയാണ്.

“ഇന്ന വരില്ലായിരിക്ക്വോ എന്ന വിചാരിച്ച. വത്ര.”

അവള് വീട്ടിന്നുള്ളിലേക്കു വഴി കാട്ടി. ഇരുന്നുകഴിഞ്ഞപ്പോള് വിശ്വ നാഥന് ചോദിച്ചു:

“മിസ്റ്റര് കാര്ത്തികേയനെവിടെ?”

“നാട്ടില് പോയിരിക്കുന്ന.”

“ഉം?”

“അച്ഛന്ന സുഖക്കേടു വീണ്ടും ജാസ്തിയായിരിക്കുന്നുവത്രേ.”

“എന്നിട്ടു നിങ്ങള് പോയില്ലേ?”

“ഇല്ല.”

“അതെന്തേ?”

അവള് മധുരമായി ഒന്ന പുഞ്ചിരിതൂകി. എന്നിട്ടു പറഞ്ഞു:

“എങ്കില് വിശ്വം ഇന്നിവിടെ വന്ന് എന്നെ കാണാതെ മടങ്ങിപ്പോകേണ്ടി വരികയില്ലായിരുന്നോ?”

“അതൊരു വലിയ കാര്യമല്ലല്ലോ?”

“വലിയ കാര്യമല്ലേ?” അവളുടെ ചിരി പതഞ്ഞുപൊന്തുന്നതായിരുന്ന. വിശ്വം നിശ്ശബ്ദനായിരുന്ന. ആര്ത്തിപിടിച്ച പുലി തന്റെ ഭക്ഷണം കണ്ടെത്തിയപോലെ, അവള് വിശ്വനാഥനെ നോക്കി! പതുക്കെ അയാളുടെ സമീപത്തേക്കു നീങ്ങി. അയാളുടെ അടുത്തു സോഫായില് ഇരുന്നിട്ടു വിളിച്ചു:

“വിശ്വം...”

“ഉം?”

“വിശ്വത്തിന് എന്നെ മനസ്സിലാവുന്നില്ലേ?”

“നമുക്ക് രണ്ടുപേര്ക്കും പരസ്പരം മനസ്സിലായില്ലെങ്കില്പ്പിന്നെ ആര്ക്ക് ആരെയാണ് മനസ്സിലാവുക?”

“എന്നിട്ടും...” അവള് നിര്ത്തിക്കളഞ്ഞു.

“മുഴുവന് പറയൂ.”

“വിശ്വത്തിന്ന് എന്നോടു വെറുപ്പാണല്ലോ.”

“എനിക്കു വെറുപ്പില്ല.”

“സ്നേഹവുമില്ല.”

“എനിക്കു നിങ്ങളെ ഇഷ്ടമാണ്.”

“നേരോ?” അവള് ചാടിയെഴുന്നേറ്റു വിശ്വത്തിന്റെ കൈ കടന്നുപിടിച്ചു. “നേരാണോ വിശ്വം? എന്നിട്ടെന്തുകൊണ്ട് ഇതേവരെ അതു പറഞ്ഞില്ല? എനിക്കറിയാം, വിശ്വത്തിന് എന്നെ മറക്കാന് കഴിയില്ലെന്ന്. എനിക്കു വിശ്വത്തെ മറക്കാന് കഴിയില്ല, തീര്ച്ച. നാം അത്ര അടുത്തവരാണ്, വിശ്വം; അത്ര പരസ്പരം കണ്ടവരാണ്; നാം ഒന്നാണ് വിശ്വം...”

വിശ്വം അല്പം നീങ്ങിയിരുന്നുകൊണ്ടു പറഞ്ഞു: “നാം പരസ്പരം അറിഞ്ഞവരാണ്. പക്ഷേ ഒന്നല്ല, ഒന്നാകാന്നം വയ്യ.”

“ഓ, കഴിഞ്ഞ കാലങ്ങള്! അതു മറക്കു, വിശ്വം. നാം ഒന്നാണ്. ഒന്ന്, ഒരേ

ഒന്ന്....” ഒരു ഭ്രാന്തുപോലെ അവള് ആവര്ത്തിച്ചാവര്ത്തിച്ചു പറഞ്ഞു.

“ശാന്തേ, നിങ്ങള് നിങ്ങളെത്തന്നെ മറന്നുപോകുന്നു.”

“ഉവ്വ്, വിശ്വം. വിശ്വത്തിന്റെ മുമ്പില് എനിക്ക് എന്നെ ഓര്ത്തുകൊണ്ടിരിക്കാന് വയ്യാ. ഞാന് വിശ്വത്തെപ്പറ്റി, വിശ്വത്തെപ്പറ്റിമാത്രമാണ് ഓര്ക്കുന്നത്.”

“മറ്റു ചിലതുകൂടി ഓര്ക്കാന് കടപ്പെട്ടവരാണ് നിങ്ങള്. അതു മറക്കാതെ.”

“ഇല്ല, വിശ്വത്തോടുള്ളതില്ക്കവിഞ്ഞൊരു കടപ്പാട് ഈ ലോകത്തില് എനിക്കൊന്നിനോടുമില്ല. ഞാന് ചെയ്ത തെറ്റുകള് ക്ഷമിക്കു, എന്നെ മനസ്സിലാക്കു!” അവള് അയാളുടെ കൈപ്പടം ഞെരിച്ചു.

വിശ്വനാഥന് കൈപ്പടം വലിച്ചെടുത്തുകൊണ്ടെഴുന്നേറ്റു നിന്നു: “ശാന്തേ, ക്ഷമിക്കണം. ഞാന്....”

“എന്നോടൊന്നും പറയേണ്ടാ. എനിക്കറിയാം.”

“ഭ്രാന്തു പറയരുത്. നിങ്ങള്ക്കൊരു ഭര്ത്താവുണ്ട്.”

“ഓ! പഴയ കഥകള് കളയൂ.”

“അതു പുതിയ കഥയാണ്. അദ്ദേഹം നിങ്ങളുടെ കൂടെയുണ്ട്. അദ്ദേഹത്തെ മാനംകെടുത്താതിരിക്കു.”

“ആ ശവത്തിന്റെ കഥ--”

“ഞാന് പോവുന്നു.”

“വിശ്വം പോവരുത്.”

“ഞാന് പോകുന്നു. ഞാന് മൃഗമല്ല. നിങ്ങള്ക്കാകെ സമനില തെറ്റിയിരിക്കുന്നു.”

“ഉവ്വ്, തെറ്റിയിരിക്കുന്നു. അതിനുത്തരവാദി വിശ്വമാണ്. നോക്കു, വിശ്വം,” അവള് ഒന്നു നിവര്ന്നുനിന്നു: “എന്നെ നോക്കു; നിങ്ങള്ക്കെന്നെ കാലുകൊണ്ടു തട്ടിയെറിഞ്ഞുപോകാന് കഴിയുന്നുണ്ടോ? ഇങ്ങോട്ടു നോക്കു, ഞാന് മനുഷ്യ ീയാണ്. എനിക്ക് എന്റെ ആശയും അഭിലാഷങ്ങളുമുണ്ട്. അതോര്ക്കു. വരൂ, ഇരിക്കു.”

“ഞാന് പോകുന്നു.”

“നിങ്ങള്ക്കു പോവാന് കഴിയില്ല. എന്റെ ഈ കണ്ണിലേക്ക്, ഈ കവിളുകളിലേക്ക്, ഈ കൈത്തണ്ടയിലേക്കു നോക്കിയിട്ടു നിങ്ങള്ക്കു പോവാന് സാധിക്കില്ല; ഇരിക്കു അവിടെ.”

ഇരിക്കാന് അയാളുടെ കാലുകള് മടങ്ങിപ്പോയി. പക്ഷേ, അയാള് എങ്ങനെയോ നിയന്ത്രിച്ചുകൊണ്ടുനിന്നു.

“നിങ്ങള്ക്ക് എന്റെ പേരില് ആശയുണ്ട്. എന്തിനതു മറച്ചുപിടിക്കുന്നു?”

ശാന്ത ചോദിച്ചു.

“ഇല്ല.”

“ഉണ്ട്. ഈ കണ്ണും, ഈ മുഖവും, നിങ്ങളാകെത്തന്നെ അതു വിളിച്ചു പറയുന്നുണ്ടല്ലോ. എന്നിട്ടും--”

“ഞാന് പോകുന്നു. എനിക്കിനി ഇവിടെ നിന്നുകൂടാ.” അയാള് രണ്ടടി വെച്ചു സ്വല്പം നിന്നു.

“നില്ക്കൂ!” ശാന്ത ശാസിച്ചു. അയാള് മറുപടി പറയാതെ പുറത്തേക്കിറങ്ങി ഓടി. ഭൂമി മാത്രമല്ല, ലോകമാകെ തുടുത്തിരിക്കുന്നു. ശാന്ത അയാള് പോകുന്നതു നോക്കിക്കൊണ്ടുനിന്നു. അവളുടെ മാര്ത്തടം ഉയരുകയും താഴുകയുമായിരുന്നു. ഇറുമ്പുന്ന പല്ലിന്നിടയിലൂടെ അവള് ഈ വാക്കു തുപ്പി:

“ശവം!”

നീഗ്രോ ചുമരില്നിന്ന് അലറുകയായിരുന്നു.

ആറ്

രാധയും കുഞ്ഞിരാമനും പരസ്പരം നോക്കിക്കൊണ്ടുനിന്നു. ഒരക്ഷരം സംസാരിക്കാന് കഴിയുന്നില്ല. വാക്കുകള് തൊണ്ടയില്നിന്നു കുത്തി മടങ്ങിപ്പോകുന്നു. രാധ പലതും പറയാന് വിചാരിച്ചുറച്ചിരുന്നു. പത്തു ദിവസമായി അതുതന്നെയായിരുന്നു അവള് ചിന്തിച്ചിരുന്നത്. വീട്ടിലായാലും കമ്പനിയിലായാലും അവളുടെ ചിന്ത കുഞ്ഞിരാമനെക്കുറിച്ചുള്ള സ്മരണകളില് പാറിക്കളിക്കുകയാണ്. യന്ത്രങ്ങള് ബര്..... എന്നു തിരിഞ്ഞുകൊണ്ടിരിക്കുമ്പോള്, തുന്നല്മിഷ്യന്റെ ടക്ടക് ശബ്ദം അനവരതം ചെവിയടപ്പിക്കുമ്പോള്, കത്രികകള് ക്ലിക് ക്ലിക് എന്ന് ഇടവിടാതെ ചിലയ്ക്കുമ്പോള്, തോരാതെ സംസാരിക്കുന്ന വായകള് ചുറ്റും നിന്നു പിറുപിറുക്കുമ്പോള്, ആ പാവപ്പെട്ട ആത്മാവു തന്റെ നൂലും സൂചിയുമായി ഒരു മൂലയ്ക്കല് മിണ്ടാതിരുന്നു. ബനിയനുകളില് പൊട്ടിപ്പോയ ഇഴകള് കൂട്ടിച്ചേര്ക്കുകയാണ് അവളുടെ പണി. അവളുടെ ഹൃദയവും പൊട്ടിപ്പോയ ഇഴകള് കൂട്ടിച്ചേര്ക്കുകയാണ്. പലതും അവള്ക്കു പറയാനുണ്ട്; പലതും കേള്ക്കാനുമുണ്ട്. എന്നിട്ടു കുഞ്ഞിരാമന് മുമ്പില് വന്നുനിന്നപ്പോള് ഒന്നും പറയാന് കഴിയുന്നില്ല.

ജയിലിന്റെ ഇരുളടഞ്ഞ അന്തരീക്ഷത്തില് കുഞ്ഞിരാമന്റെ ഹൃദയത്തിലും നിറകതിര് പൊഴിച്ചിരുന്നതു രാധയെക്കുറിച്ചുള്ള സ്മരണയായിരുന്നു. അവന് കല്പിച്ചുകൂട്ടി സ്മരിക്കുകയായിരുന്നില്ല. കൂടുതല് ഭൗതികവും വസ്തുനിഷ്ഠവുമായ കാര്യങ്ങളെപ്പറ്റി ആലോചിക്കുവാനാണ് ബുദ്ധി ഉപദേശിച്ചത്. ആ ഉപദേശം ശരിയാണെന്നും അവനു തോന്നി. ജയിലില്വെച്ച് അവന് എമ്പാടും കാര്യങ്ങള് മനസ്സിലാക്കാന് കഴിഞ്ഞിരിക്കുന്നു. സ്ഥിരമായ ഒരു പഠനക്രമംതന്നെ നടന്നിരുന്നു. പിള്ളയെയും നമ്പ്യാരെയും മറ്റൊരു ജയിലിലേക്കു കൊണ്ടുപോയിരുന്നില്ലെങ്കില് ഇതിലധികം സൗകര്യം കിട്ടുമായിരുന്നു. പക്ഷേ, പുതിയ രാ ീയ പ്രവര്ത്തകര് അവിടെ വന്നുചേര്ന്നിട്ടുണ്ട്. അവര് തങ്ങളുടെ തത്ത്വസംഹിതയുടെ കരുക്കളിലേക്ക് ആത്മാക്കളെ ഉരുക്കിവീഴ്ത്താന് യത്നിക്കുന്നുമുണ്ടായിരുന്നു. എന്തിന്നു് അവരെല്ലാം ജയിലില് വന്നു എന്നൊരു

ചോദ്യം അവര്, ചൂണ്ടല്ക്കൊളുത്തുപോലെ, ആദ്യം വലിച്ചെറിയുകയാണ്. സ്വന്തം താത്പര്യത്തിന്റെ ഇര; അവിടെയുള്ള എല്ലാ ജീവികളും അതു കൊത്തിവിഴുങ്ങും. പിന്നെ പിടച്ചിലായി. അതിന്നിടയില് പുതുതായ പല അറിവുകളും എറിഞ്ഞുകൊടുക്കുകയായി. ധാരാളം ഇരവിഴുങ്ങിയ ഒരു യുവാവാണ് കുഞ്ഞിരാമന്. ഇന്നവന്ന ചില കാര്യങ്ങള് തികച്ചും വ്യക്തമാണ്. ഈ ലോകത്തില് രണ്ടു വര്ഗ്ഗങ്ങളുണ്ട്--ഉള്ളവന്നും ഇല്ലാത്തവന്നും. ഇവര്ത മ്മില് ഒരുകാലത്തും യോജിക്കുകയില്ല. ഉള്ളവര് ഉള്ളവരാകുന്നത് ഇല്ലാത്തവരെ ചൂഷണം ചെയ്തിട്ടാണ്. സമുദായത്തിലെ എല്ലാ ശക്തിയും ഉള്ളവരുടെ കൈയിലാണ്. ആ വര്ഗ്ഗത്തെ ഇല്ലായ്മചെയ്താല് മാത്രമേ ഇല്ലാത്തവര്ക്കു സുന്ദരമായ ഒരു ഭാവി സൃഷ്ടിക്കുവാന് സാധിക്കുകയുള്ളൂ. ഒറ്റയ്ക്കൊറ്റയ്ക്ക് ആര്ക്കും ശക്തിയൊന്നുമില്ല. സംഘടിക്കുക, തങ്ങളില് അന്തര്ലീനമായ ശക്തിയെ ആളിക്കത്തിക്കുക--അതാണ് എതിര്ശക്തികളെ ചാമ്പലാക്കാന്നുള്ള മാര്ഗ്ഗം. ഈ വിദ്യാഭ്യാസം അവന്റെ ആത്മാവിനെ പരുഷവും തീക്ഷ്ണവുമാക്കിത്തീര്ക്കുകയായിരുന്നു. തനിക്കും തന്റെ വര്ഗ്ഗത്തിന്നും ചുറ്റും ശത്രുക്കളുടെ ഒരു വലയമുണ്ട്. ആയിരം കൈകളോടുകൂടിയ ആ നീരാളി സമുദായമദ്ധ്യത്തില് മുങ്ങിക്കിടക്കുകയാണ്. ഏതു നിമിഷത്തിലും അതിന്റെ കൈകള് നീളാം. മനുഷ്യാത്മാക്കളുടെ ചോര ഊറ്റിക്കുടിക്കാം. ആ കൈകള് വെട്ടിയെറിയണം. എന്നാലേ തനിക്കും തന്റെ വര്ഗ്ഗത്തിന്നും രക്ഷയുള്ളൂ. ഈ തത്ത്വശാസ് ത്രം സ്വാനുഭവങ്ങളുമായി അത്രമേല് പൊരുത്തപ്പെടുന്നതാണ്. എന്തുകൊണ്ട് അവനും കുടുംബവും പുറന്തള്ളപ്പെട്ടു? എന്തുകൊണ്ട് അവര് കഷ്ടപ്പെടുന്നു? എല്ലാം സമുദായനിയമത്തിന്റെ പ്രത്യാഘാതങ്ങ ളാണ്. ഇങ്ങനെ എത്രയെത്ര മനുഷ്യരുണ്ട്! തന്റെ അനുഭവം ഒറ്റപ്പെട്ടതല്ല. ഇത്തരം ലൈസന്സില്ലാത്ത മനുഷ്യര് നാടുനീളെ ഉണ്ട്. ഇവര്ക്കൊരു രക്ഷാമാര്ഗ്ഗം? സംഘടിക്കുക, സമരം ചെയ്യുക എന്ന മുദ്രാവാക്യം ചെവിയില്ക്കിടന്നു മുഴങ്ങി. കാലിലെ ചങ്ങലകളൊഴികെ നഷ്ടപ്പെടാന് ഒന്നുമില്ലാത്ത വര്ഗ്ഗമാണ്. കിട്ടുവാന് ഒരു ലോകം മുഴുവന്നും; അതേ, ഒരു ലോകം മുഴുവന്നും! ആ ആലോചന രസകരമായിരുന്നു. ഇല്ലാത്തവരുടേതായ ഒരു ലോകം. അപ്പോള് അവരും ഉള്ളവരാകുന്നു അവര്ക്കും അധി കാരങ്ങളുണ്ടാകുന്നു. എന്നല്ല, എല്ലാ അധികാരങ്ങളും അവര്ക്കാണ്. തൊഴിലില്ലാതെ തിരിയുന്ന പുരുഷന്മാരും

ീകളുമുണ്ടാവില്ല. വിദ്യാ ഭ്യാസമില്ലാത്ത കുട്ടികളുണ്ടാവില്ല. രക്ഷിക്കപ്പെടാത്ത ശിശുക്കളുണ്ടാവില്ല. ഫാക്ടറികള്ക്കടുത്തായുണ്ടാകുന്ന ശിശുശുശ്രൂഷാകേന്ദ്രത്തില് മുലക്കുപ്പിയും വായില്വെച്ചു കിടന്നുറങ്ങുന്ന ആയിരമായിരം കുട്ടികളുടെ ചിത്രം അവന്റെ മുമ്പിലൂടെ കടന്നുപോയി. എന്താഹ്ലാദകരമായ കാഴ്ച! സ്നേഹാത്മകമായ ഈ ആലോചന അവന്റെ വിദ്വേഷത്തിന്നു മൂര്ച്ചകൂട്ടിക്കൊണ്ടുവന്നു. കണിശമായി വെറുക്കുന്നവനേ കണിശമായി സ്നേ ഹിക്കാന് കഴിയൂ എന്നാണ് അവന് പഠിച്ചിട്ടുള്ളത്. വെറുപ്പു

സ്നേഹത്തിലേക്കുള്ള കുറുക്കുവഴിയാണ്. അമര്ന്ന സ്നേഹിക്കേണ്ടവര് അധികമധികം വിദ്വേഷം കൊള്ളണം.

കുഞ്ഞിരാമനെസ്സംബന്ധിച്ചിടത്തോളം വിദ്വേഷം മൂര്ച്ചകൂടിക്കൊണ്ടുവരികയായിരുന്ന. ഒരു കാറിന്റെ ഹോറണ്, ഒരു യന്ത്രത്തിന്റെ ശബ്ദം, ഒരു ബൂട്ട്സിട്ട കാല് എന്തും അവന്റെ വിദ്വേഷത്തെ ആളിക്കത്തിച്ചു. എല്ലാം തന്നെയും തന്റെ വര്ഗ്ഗത്തെയും ചതിക്കുവാന്വേണ്ടി നിര്മ്മിക്കപ്പെട്ടവയാണ്. ഒരു സര്പ്പസത്രത്തിന്നുള്ള യാഗാഗ്നി അവന് മനസ്സില് വളര്ത്തിക്കൊണ്ടുവരികയായിരുന്ന.

ഇതിന്നെല്ലാം ഇടയിലും സ്നേഹാര്ദ്രമായ ഒരു മനുഷ്യശബ്ദം അവന്റെ ആത്മാവില് പ്രതിധ്വനിച്ചു. പുകയുന്ന തലച്ചോറുകൊണ്ട് ഉറക്കം വരാത്ത രാത്രിയുടെ മധ്യയാമത്തില് അടുത്തും അകന്നും നീങ്ങുന്ന കാവല്ക്കാരുടെ കാലടിശബ്ദം കേട്ടുകൊണ്ടു കിടക്കുമ്പോള്, വിദൂരതയില്നിന്നെന്നോണം എത്തുന്ന മണിനാദം, ഒരു വിലാപഗാനംപോലെ, ആത്മാവിലേക്കിഴഞ്ഞുവന്നേറുമ്പോള്, ഹൃദയത്തിന്റെ അഗാധതയില്നിന്ന് ആ ശബ്ദം ഉയരും: 'എന്നെ മറന്നോ?' 'ഇല്ല, ഒരിക്കലുമില്ല' എന്ന് അവന്ന വിളിച്ചുപറയാന് തോന്നും. പക്ഷേ, ആരോട്? ചുറ്റും ഇരുട്ടാണ്, ശൂന്യതയാണ്. തടവുകാരുടെ കൂര്ക്കംവലിമാത്രം ആ ശൂന്യതയെ ഊര്ന്നുമുറിക്കുന്നുണ്ട്. ആ സന്ദര്ഭത്തില്, താന് എത്രയോ കാലമായി ഒരു ഗ്രഹയ്ക്കുള്ളില് അടച്ചുപൂട്ടപ്പെട്ടിരിക്കയാണെന്ന തോന്നും. ദിവസങ്ങള് കൊഴിഞ്ഞുവീഴുകയാണ്. അവ ഒരിക്കലും തിരിച്ചുവരില്ല. യൗവനം ചോര്ന്ന ചോര്ന്ന പോകുന്ന. ഏറ്റവും ചലനാത്മകമായ ജീവിതകാലഘട്ടം നിശ്ചലതയില് തളച്ചിടപ്പെട്ടിരിക്കുന്ന. 'ഇതൊക്കെ എന്തിന്നുവേണ്ടി' എന്ന പെട്ടെന്ന ചോദിച്ചുപോകും. പക്ഷേ, ദീര്ഘനേരത്തേക്ക് ആ വിമ്മിട്ടം നില്ക്കുകയില്ല. ഒരു കാവല്ക്കാരന്റെ ശബ്ദം. സഹയാത്രികനായ ഒരു തടവുകാരന്റെ ഉറക്കപിച്ച്. മറ്റൊരാളുടെ രോദനം, ഇനിയൊരാളുടെ ആരോടെന്നില്ലാത്ത ആത്മകഥാകഥനം--ഇങ്ങനെ എന്തെങ്കിലും അയാളുടെ ചിന്തയെ ലോകത്തിലേക്കു നയിക്കും. അവധി തരാത്ത യജമാനനാണല്ലോ പ്രപഞ്ചം. ലോകമാകട്ടെ, വിദ്വേഷമാണ് ഉളവാക്കുന്നത്. ഓരോ രാത്രിയും അയാളുടെ ആത്മാവിനെ അണച്ചെടുക്കുകയായിരുന്ന. ഏതു മരത്തില് വെട്ടിയാലും അതിന്റെ വായ്ത്തല മടങ്ങിക്കുടാ.

എന്നിട്ടും രാധയുടെ മുമ്പിലെത്തിയപ്പോള് ആ വായ്ത്തല മടങ്ങി. പലതും പറയാനുണ്ടായിട്ടും ഒരക്ഷരം പുറപ്പെടുന്നില്ല. അവളുടെ കണ്ണുകള് നിറഞ്ഞുതുളുമ്പുകയാണെന്ന്. അയാള് കണ്ടു. സ്വന്തം കണ്ണുകളും നനയുന്നുണ്ട്. നിയന്ത്രിക്കാന് കഴിയുന്നില്ല. മുറുക്കിക്കെട്ടിയ കമ്പികളെല്ലാം അഴഞ്ഞഴഞ്ഞു പോകുന്ന. പ്രകൃതി മനുഷ്യന്റെ ഇച്ഛാശക്തിയെ വെല്ലുവിളിച്ചുകൊണ്ടു നില്ക്കുകയാണ്. അയാള് തളര്ന്ന; അവളും.

"രാധേ!"

“ഉം--?”

പിന്നെ കുറേ നേരം നിശ്ശബ്ദം. വിശ്വം ആ രംഗത്തുനിന്നു മാറി; ഗോപാലകൃഷ്ണനും. അവര് മുറ്റേത്തക്കിറങ്ങി. അവിടെ ഉലാത്തിക്കൊണ്ടിരുന്ന രാരിച്ചന്റെയും നാറാണപിള്ളയുടെയും കൂട്ടത്തില് ചേര്ന്നു. അവരും നിശ്ശബ്ദരാണ്.

“നന്നേ വിഷമിച്ചു, ഇല്ലേ?” കുഞ്ഞിരാമന് ചോദിച്ചു.

“ഇപ്പോ വിഷമം തീര്ന്നു.” രാധ ഒരുവിധം പറഞ്ഞൊപ്പിച്ചു:

“വല്ലതും കഴിക്കണ്ടേ?”

ആ ചോദ്യം കുഞ്ഞിരാമന് പ്രതീക്ഷിച്ചതല്ല. ഒരമ്മയുടെ ഒച്ച കേള്ക്കുന്നതുപോലെയാണ് അവനു തോന്നിയത്, അത് അന്തരീക്ഷത്തിനു ലാഘവമുണ്ടാക്കി. കുഞ്ഞിരാമനു തന്നെ വീണ്ടെടുക്കാന് കഴിഞ്ഞു; അതോടെ ചുറ്റിലുമുള്ളതിനെ സംസാരിക്കുവാനും. കുഞ്ഞിരാമന് രാധയെപ്പറ്റി സംസാരിച്ചു; രാധ കുഞ്ഞിരാമനെപ്പറ്റിയും. ജാലകത്തിലൂടെ കടന്നുവരുന്ന നനുത്ത കാറ്റു സൗരഭ്യമുള്ക്കൊള്ളുന്നതായി രാധയ്ക്കു തോന്നി. ശ്രുതിയില് ലയിച്ച സംഗീതംപോലെ ഒരു സുഖം!

“ഞാന് വിചാരിച്ചു, മറന്നേപോയെന്ന്.” രാധ ഒരു പുഞ്ചിരിയോടെ പറഞ്ഞു.

“ഞാന് അതു വിചാരിച്ചില്ല, എന്നും വിചാരിക്കയുമില്ല.” ഉറപ്പിച്ചു പറഞ്ഞു, കുഞ്ഞിരാമന്.

“എന്നൊക്കെ ഇപ്പോള് പറയും.”

“എപ്പോഴും പറയും.”

“പക്ഷേ, മീറ്റിങ്ങും ജാഥയുമായിട്ടു നടക്കാന് തുടങ്ങിയാല് ഒക്കെ മറക്കീം ചെയ്യും.”

“എന്നാണ് രാധയുടെ ധാരണ.”

“ഞാന് വെറുതെ ധരിച്ചതാണോ?”

“പറയുന്നതു കേട്ടാല്ത്തോന്നും, എനിക്കിതിലൊന്നും ഒരു വിഷമവുമില്ലെന്ന്.”

“എന്നു ഞാന് പറഞ്ഞോ? ഏതായാലും ഇനി കുറെ വിശ്രമിക്കണം.”

“ആര്? ഞാനോ?”

“പണിയെടുത്തവരല്ലേ വിശ്രമിക്കുക?”

“പണി തുടങ്ങിയിട്ടേയുള്ളു. പ്രവര്ത്തനം തുടങ്ങാന് പോവുന്നേയുള്ളൂ.”

“അപ്പോള്, ഇനിയും ഓടിപ്പോവ്വാണോ?” വിഷാദപൂര്വ്വമായിരുന്നു ആ ചോദ്യം.

“ഞാന് എങ്ങോട്ടും പോവുന്നില്ല. എങ്ങോട്ടും ഓടിപ്പോയി ആര്ക്കും രക്ഷപ്പെടാനും സാധിക്കില്ല. ഈ രാജ്യത്തുതന്നെ നിന്നു പുലരണം. ഈ മണ്ണില്ത്തന്നെയാണ് നമ്മുടെ ജനനവും വളര്ച്ചയുമെല്ലാം. മണ്ണോന്ന് ഉഴുതുമറിക്കണം എന്നു മാത്രം.”

“എന്തു വേണമെങ്കില് ചെയ്തോളൂ. പക്ഷേ, ഇവിടെനിന്നു പോവാതിരുന്നാല്

മതി.”

“രാധയും വരണം എന്നുകൂടി എനിക്കു പക്ഷമുണ്ട്.”

“പിന്നെ ഞാന് എവിടെ പോവാന്?”

“എന്നാല് മതി. എന്നാല് എനിക്കിരട്ടി ശക്തിയുണ്ടാകും.”

“അപ്പോ, ഞാനെന്താ ഗ്രസ്തിക്കാരനാ?”

“അതിലും വലുതായ ശക്തി നിനക്കുണ്ട്.”

ഗൗരവപൂര്ണ്ണമായിരുന്ന കുഞ്ഞിരാമന്റെ വാക്ക്. അതു രാധയുടെ മനസ്സിന്റെ അടിവരെ കുളിര്പ്പിക്കയും ചെയ്തു. അവളും ഉപയോഗമുള്ള ഒരു ജീവിയാണ്.

“ചൂടുവെള്ളമുണ്ട്, കുളിച്ചോളൂ. എന്നിട്ട് ഊണുകഴിക്കാം.”

“മറ്റുള്ളവരൊക്കെ എവിടെപ്പോയി? കുഞ്ഞിരാമന് ചുറ്റും നോക്കി. അവന് നാറാണപിള്ളയെ വിളിച്ചു.

എല്ലാവരും ചേര്ന്നിരുന്ന് ഭക്ഷണം കഴിക്കുമ്പോഴാണ് സുലൈമാന് അങ്ങോട്ടു കയറിവന്നത്. “അറിയില്ലേ, അനിയാ?” നാറാണപിള്ള ചോദിച്ചു. ‘പിന്നെ’ എന്നു കുഞ്ഞിരാമനും പറഞ്ഞു, സുലൈമാന് തികച്ചും ഉന്മിഷിത വദനനായിരുന്നു. ചിങ്ങവെയിലില്മുങ്ങി, കാറ്റില് കലമ്പലുണ്ടാക്കുന്ന, കതിര്ക്കനംവീണ നെല്പ്പാടംപോലെയുണ്ടായിരുന്ന ആ മുഖം. അയാള് കുഞ്ഞിരാമനോടു കുശലംചോദിച്ചു. ജയിലിലെ വിഷമങ്ങളപ്പറ്റി അന്വേഷിച്ചു. വിശ്വത്തിന്റെ മീശയെപ്പറ്റിയും രാധയുടെ സ്നുത്തത്തെപ്പറ്റിയുംഎന്തോ നേരമ്പോക്കു പറഞ്ഞു. മിണ്ടാതിരുന്ന് ഊണുകഴിക്കുന്ന ഗോപാല കൃഷ്ണന്ന് ഒരു പെണ്കുട്ടിയാണെന്ന് അഭിപ്രായപ്പെട്ടു. നാറാണ പിള്ള കൂടി ഒരു മീശവയ്ക്കേണ്ടതാണെന്നഭിപ്രായപ്പെടുകയും ചെയ്തു. “വയ്ക്കണമെന്നൊണ്ട്, പക്ഷേല്, എന്റെ മൊഖത്തിന്ന് രോമം നന്നെ കുറഞ്ഞൊരു പ്രകൃതമാ. മീശവെച്ചാല്, അതേല് നാരങ്ങ തറച്ചുനിര്ത്താന് ഒക്കണ്ടായോ?” എല്ലാവരും ചിരിച്ചു. വിശ്വം സുലൈമാനെ അത്ഭുതത്തോടെ നോക്കുകയായിരുന്നു; രാധയും. ഇത്രയും ഉല്ലാസവാനായി ഒരിക്കലും അവര് അയാളെ കണ്ടിട്ടില്ല. ‘കിഴവന്നു രസംപിടിച്ചിരിക്കുന്നു!’ രാധ വിചാരിച്ചു. അതു സ്വാഭാവികമാണ്. ലോകം മുഴുവന് ഈ നിമിഷത്തില് ആഹ്ലാദിക്കേണ്ടതാണെന്ന അഭിപ്രായമായിരുന്നു അവള്ക്ക്.

സുലൈമാന്റെ ഹൃദയത്തില് കുഞ്ഞിരാമന് വരുന്നുവെന്നു കേട്ടപ്പോഴേ ഉത്സാഹം കയറിയിരിക്കുന്നു. തലേന്നാള് രാത്രി അയാള് ഖദീജയോടു പറഞ്ഞു:

“അവന് വരുന്നു. അതു രക്ഷയായി.”

“ആര്?” കുറച്ചുകൂടി കറി ഒഴിച്ചുകൊടുത്തുകൊണ്ട് ഖദീജ ചോദിച്ചു.

“കുഞ്ഞിരാമന്.”

“ബരുന്നുണ്ടോ? എന്നാല് ആകെയിനാല് അട്ടിമറിഞ്ഞു.”

“ഉം?”

“ഇപ്പോ തൊടങ്ങ്വേലേ പൊറസംഗ്രം കൊടിപിടുത്തും ജഹളീം!

അടങ്ങിയിരിക്കാന് അക്ക്ുന് കയ്യൂലാ. ബിസ്വത്തിന്നും അപ്പെങ്കുട്ടിക്കും പാടെ എടങ്ങ്റാ ഓന് ബന്നാല്."

"അതെന്തിരുത്താ ഉമ്മ? ഓല് ഒന്നിന്നും പൊഗ്ഗാതിരുന്നാല്പ്പോരേ?" വാതിലും ചാരിനിന്ന ഖദീജയുടെ മൂത്തമകള് ചോദിച്ചു. ആ നവതരുണി തട്ടത്തിന്റെ തലപ്പ് തിരുപ്പിടിക്കുകയും ചെയ്തു.

"പക്ഷേങ്കില് ഇബര് നിക്കുലല്ലോ, മേച്ചിപ്പൊറം കണ്ട പജ്ജിന്റെ ചേലിക്ക് ജഹളേലിക്ക് ഓട്ടൂലേ? കയ്യൂലാ. ഇഞ്ഞി ഇബടെ കൂലുമാലൊന്നുംബേണ്ടാ. ഇങ്ങള് ബിസ്വത്തിനോടൊന്നു പറയിന്."

"കുഞ്ഞിരാമന് വന്നാല് വിശ്വത്തിന്റെ ഭാരമൊഴിഞ്ഞു. ആ പെണ്കുട്ടിയെ ഏല്പിച്ചുകൊടുത്താല് അവന്നു വല്ല ജോലിക്കും നോക്കാം."

"ഇപ്പണി നന്ന്. പിന്നെ ഒരു കല്യാണം കയിച്ചണം. ഏത്? അപ്പോപ്പിന്നെ അപ്പെണ്ണിന്റെ മൊഞ്ചും മോറും നോക്കി അങ്ങനെ നടന്നോളും." അവര് ഒന്നു നിര്ത്തിയിട്ട്, "ആങ്കുട്ട്യോളുടെ തരം അതല്ലേ?" എന്നൊരു ലോകതത്ത്വവും കൂട്ടിച്ചേര്ത്തു.

സംഭാഷണം ഈ വഴിക്കു തിരിഞ്ഞപ്പോള്, മകള് വാതില്ക്കല്നിന്നു പോയി. അവള് അടുത്ത മുറിയില് ചെന്നു ചെവിയോര്ത്തുനിന്നു.

'ആട്ടെ, ആലോചിക്കണം.' എന്നു സുലൈമാനും പറഞ്ഞു. അങ്ങനെ, വിശ്വം അഭിവൃദ്ധികരമായ ഒരു പതനത്തിലേക്കു നീങ്ങുകയാണെന്ന വിശ്വാസമായിരുന്ന ആ മനുഷ്യനെ ആഹ്ലാദിപ്പിച്ചിരുന്നത്. "അവനെ നല്ലൊരു പതനത്തിലാക്കാതെ പറ്റില്ല..." അയാള് തന്നോടുതന്നെ പിറുപിറുത്തു. രണ്ടു ദിവസമായി ഈ ആലോചനയായിരുന്ന സുലൈമാന്റെ ഉള്ളില് കടന്നുതിരിഞ്ഞിരുന്നത്. ആഹ്ലാദകരമായ ഈ വിചാരങ്ങള്ക്കിടയിലും ഒരു നേര്ത്ത ശബ്ദം ഉള്ളില്നിന്നു പൊങ്ങിവന്നിരുന്നു. 'എന്നിട്ട്.... ഞാന് എന്താവും?...' അപ്പോള്ത്തന്നെ ആ വിചാരത്തെ ആട്ടിപ്പായിക്കാനും അയാള് മടിച്ചില്ല, 'ദൈവം എനിക്കൊരവസരം തന്നതാണ്.'

പക്ഷേ കുഞ്ഞിരാമന് വന്നെത്തിയതിലുള്ള സന്തോഷമായിട്ടാണ് വിശ്വവും രാധയും അതു വ്യാഖ്യാനിച്ചത്. 'എന്തൊരു കൂറുള്ള മനുഷ്യന്!' എന്നു രാധ കരുതുകയും ചെയ്തു.

ഊണു കഴിഞ്ഞിട്ടും അവര് വളരെ നേരം സംസാരിച്ചുകൊണ്ടിരുന്നു. ഒടുവില് സുലൈമാന് മുട്ടിച്ചെരുപ്പിലേക്കു കാല് തിരുകിക്കൊണ്ടു പറഞ്ഞു:

"ഞാന് വരട്ടെ, നാളെ കാണാം."

ആ മുട്ടിച്ചെരുപ്പിന്റെ ശബ്ദം അകന്നകന്നുപോയപ്പോള് രാധ പറഞ്ഞു:

"കൂറുള്ള ഒരു മനുഷ്യനാണ്."

"എന്നാലും സൂക്ഷിക്കണം." കുഞ്ഞിരാമനാണ് പറഞ്ഞത്.

"എന്തുകൊണ്ട്?" വിശ്വം തലപൊക്കി ചോദിച്ചു.

"അയാള് ഇവിടെയുള്ള മുതലാളിമാരുമായെല്ലാം ബന്ധപ്പെട്ടവനാണ്."

"തൊഴില്ചെയ്യുന്നവനെല്ലാം മുതലാളിയുമായി ബന്ധമില്യോ, അനിയാ?"

നാറാണപിള്ളയുടെ സംശയം.

“അതുപോലെയല്ല, ഇത്, നമ്മുടെ പ്രവര്‍ത്തനങ്ങള് മുമ്പോട്ടു പോകേ ണ്ടാള് നാം സൂക്ഷിച്ചിരിക്കുന്നത് നന്ന്.”

“അപ്പറഞ്ഞതു ശരിയാണ്,” രാരിച്ചന് ഉടനെ പറഞ്ഞു: “ദയയുള്ള മനുഷ്യരെല്ലാം നീതിബോധമുള്ളവരായിക്കൊള്ളണമെന്നില്ല.”

“പക്ഷേ, അയാള് ശ്രേഷ്ഠനാണ്.” വിശ്വം തീര്‍ത്തുപറഞ്ഞു.

“സ്വന്തം വര്‍ഗ്ഗത്തിന്റെ താത്പര്യംവിട്ട് ഒരു ശ്രേഷ്ഠതയില്ല, വിശ്വം. അതു മനസ്സിലാക്ക്.” കുഞ്ഞിരാമന് അതും പറഞ്ഞു കിടന്നു. വിശ്വത്തിന്നു വിശ്വാസമായില്ല. എങ്കിലും വാദപ്രതിവാദത്തിന്ന് ഒരുക്കവുമുണ്ടായിരുന്നില്ല. നാറാണപിള്ളയുടെയും നില അതായിരുന്നു. രാധ ഒന്നും മിണ്ടാതെ അകത്തുപോയി വാതിലടച്ചു കിടന്നു.

ഉറക്കംവരാത്ത ഒരു രാത്രിയായിരുന്നു അവള്ക്ക്. പിറ്റേന്നു കാലത്തെഴുന്നേറ്റ കുഞ്ഞിരാമനും രാരിച്ചനുംകൂടി പുറത്തേക്കു പോയി.

“എങ്ങോട്ടു പോകുന്നു?” വിശ്വം ചോദിച്ചു.

“ഒരാളെ കാണാനുണ്ട്. വേഗം വരാം.” എന്നുമാത്രം പറഞ്ഞ് അവര് ഇറങ്ങി നടന്നു. നാറാണപിള്ള ആ പോക്കു നോക്കിക്കൊണ്ടിരുന്നിട്ടു പറഞ്ഞു:

“പിന്നെയും അപകടത്തിലേക്കല്യോ ഗതി!”

“എന്താണ് കാര്യം?” വിശ്വം ചോദിച്ചു.

“അവന് ഈ ഗതി വിടുകേലാ. ഈ പെണ്ണു കഷ്ടത്തിലുമാകും.”

“ഉ–ം.” വിശ്വം ഒന്നു മൂളുക മാത്രമാണ് ചെയ്തത്.

“ഞാന് ഇറങ്ങട്ടെ. ഡാന്സിന്നു വരാം.” പിള്ള നടന്നു.

വിശ്വം എന്തൊക്കെയോ ആലോചിച്ചുകൊണ്ടിരുന്നു. രാധയ്ക്ക് അടുക്കളയില് ധൃതിയായ പണിയാണ്. എല്ലാം ഒരുക്കിവെച്ചിട്ടുവേണം അവള്ക്കു കമ്പനിയില് പോകാന്. ‘ഇന്നു ലീവെടുക്കാമായിരുന്നു’––അവള് കൂട്ടത്തില് ആലോചിച്ചു. ഒരു നവവധുവിന്റേതുപോലെ, അവളുടെ മുഖം പ്രസന്നത തേടി.

നാഴികകള് കടന്നുപോയി, രാധ കമ്പനിയിലേക്കു പുറപ്പെട്ടു; വിശ്വേത്താടു പറഞ്ഞു:

“മൂന്നാള്ക്കു ചോറുണ്ട്. ഞാന് നേര്‍ത്തെ വരാം.”

“നേര്‍ത്തെ വരണം, ഡാന്സുണ്ടല്ലോ.”

മൂന്നാള്ക്കു ചോറുവെച്ചിരിക്കുന്നു. അയാളും ഗോപാലകൃഷ്ണനും. പിന്നെ? കുഞ്ഞിരാമനെപ്പറ്റി അപ്പോഴാണ് ഓര്‍ത്തത്.

അവള് നടന്നു. പടിക്കല്വെച്ച് അവള് തിരിഞ്ഞുനിന്നു പറഞ്ഞു:

“അനിയാ, ഒന്ന് എന്റെ കൂടെ വരൂ. ആ സഞ്ചിയുമെടുത്തോളൂ. സാധനങ്ങള് വാങ്ങിത്തരാം.”

ഗോപാലകൃഷ്ണന് അവളെ അനുസരിച്ചു. വിശ്വനാഥന് വീണ്ടും തന്റെ മനസ്സിലേക്കു തല തിരുകിയിരുന്നു. ഇപ്പോള് എല്ലാ ഭാരവും ഒഴിഞ്ഞിരിക്കയാണ്. എവിടേക്കു വേണമെങ്കിലും നടക്കാം. അന്നത്തെ

നൂത്തവും കൂടി നടത്തിക്കൊടുത്താല് തന്റെ ചുമതലയെല്ലാം ഒടുങ്ങി. ഇനി രാധയെ കൃഞ്ഞിരാമന് നോക്കിക്കൊള്ളും. താന് പോകുന്നത് സുലൈമാന് എളുപ്പം സമ്മതിക്കയുണ്ടാവില്ല. പിന്നെ, അതു നോക്കിനിന്നിട്ടു കാര്യവുമില്ല. എത്രകാലം ഒരാളെ ബുദ്ധിമുട്ടിക്കാം? എന്നാല്ല, താന്മൂലം അയാള്ക്കു ഭാരം കൂടിവരികയുമാണ്. ഏതായാലും ഇക്കാര്യം പറഞ്ഞൊഴിയണം.

'മറ്റവരൊക്കെ എവിടെ?' എന്നു ചോദിച്ചുകൊണ്ട് സുലൈമാന് കോലായിലേക്കു കയറി. വിശ്വം എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു:

"ഓരോ വഴിക്കു പോയിരിക്കുകയാണ്."

"കൃഞ്ഞിരാമന്?"

"അവനും."

"ഇങ്ങോട്ട് വരില്ലേ?"

"കുറേക്കഴിഞ്ഞു വരും."

"ഉ–ം." സുലൈമാന് മടക്കിക്കുത്തിയ മുണ്ടഴിച്ചിട്ട് ഒരു കസേരയില് ഇരുന്നു.

"അപ്പോ, വിശ്വം!"

"ഏ?"

"നിന്റെ ഭാരം ഒഴിഞ്ഞു, ഇല്ലേ?"

"ഉവ്വ്. അതാണ് ഞാനും ആലോചിക്കുന്നത്."

"ഇനി നിന്റെ കാര്യം നോക്കണം."

"ഞാനും അതാണ് തീര്ച്ചപ്പെടുത്തിയത്."

"എന്താണ് ചെയ്യാന് വിചാരിക്കുന്നത്?"

"ഞാന് മറ്റെവിടേക്കെങ്കിലും പോകണമെന്നാലോചിക്കുകയാണ്."

"ഹേ?" സുലൈമാന് പരിഭ്രമിച്ചു.

"അതെ, വല്ല ജോലിയുമെടുത്തു ജീവിക്കാലോ."

"അതിവിടെയായാലും പോരെ?"

"എനിക്കിവിടെ എന്തു ജോലി കിട്ടാന്?"

"അതുണ്ടാക്കാം എന്നു കൂട്ടിക്കോ."

"എന്നാലും..."

"പിന്നെ എന്താ?"

"എനിക്ക് ഇവിടെനിന്ന് പോകണമെന്നാണ്."

"എന്നെക്കൊണ്ടു വല്ല അല്ലലുമുണ്ടായോ?"

"എന്റെ ഈശ്വരാ! നിങ്ങളില്ലെങ്കില് ഞാന് ഇപ്പോ ഉണ്ടോ."

"അതു വെറുതെ. ദൈവം വെച്ചവനൊക്കെ ഉണ്ടാവും, ഉണ്ടാവണം. എന്നുവെച്ചു പലതും ഇല്ലാതാവും. ഉണ്ടാക്കില്ല എന്നു വിചാരിച്ച പലതും ഒരു ദിവസം പൊന്തിവരും. അതൊക്കെ ദൈവഹിതമാണ്, അതു പോട്ടെ. വിശ്വം എവിടേയും പോവരുത്. എന്റെ കാലം കഴിയുന്നതുവരെ, തീര്ച്ച."

"പക്ഷേ..."

"മുഴുവന് കേള്ക്കു. ജോലിയാണ് വേണ്ടതെങ്കില്, തരംപോലെ ഒന്ന്

അന്വേഷിച്ചുണ്ടാക്കാം. ഡാന്സ് തുടര്ന്ന് നടത്തുകയാണ് വേണ്ടതെങ്കില് അങ്ങനെയാവാം. ഏതായാലും പോവരുത്.”

“എത്രകാലാ ഞാന് ബുദ്ധിമുട്ടിക്കാ?”

“വിശ്വം!” അയാള് കയ്പുള്ള മന്ദസ്മിതത്തോടെ പറഞ്ഞു: “നിനക്കു വേണ്ടി ഞാന് ബുദ്ധിമുട്ടണം, ഏറെ ബുദ്ധിമുട്ടണം അതെനിക്കു സുഖമാണ്.”

“മറ്റു വഴിക്കു ഞാനൊന്നു പരീക്ഷിച്ചു നോക്കട്ടെ. ഞാന് എവിടെയായാലും നിങ്ങളെ വിവരമറിയിക്കും.”

“നിന്നെ വിട്ടയയ്ക്കാന് ഇനി സാധ്യമല്ല, വിശ്വം. എന്റെ മനസ്സിലെന്താണെന്നു നീ അറിയില്ല. അറിയും വേണ്ടാ. പക്ഷേ, നീ പോയാല് പിന്നെ ഞാനില്ല...”

ഒടുക്കത്തെ വാചകം പറഞ്ഞപ്പോള് സുലൈമാന്റെ തൊണ്ടയിടറി. ആ വാക്കു വിശ്വത്തിന്റെ ഹൃദയത്തില്ച്ചെന്നുകൊള്ളുകയും ചെയ്തു.

“ഞാന് പ്രായസ്ഥനായി, വിശ്വം. ഇനി അധികകാലം ഇരിക്കില്ലല്ലോ.”

“ആട്ടെ. ആലോചിച്ചു നാലുദിവസം കഴിഞ്ഞു നമുക്കു തീര്ച്ചപ്പെടുത്താം--” വിശ്വം സമാധാനിപ്പിച്ചു.

“നാലല്ല, നാല്പതു ദിവസം വേണമെങ്കില് നീ ആലോചിച്ചോ. പക്ഷേ ഇവിടെ നില്ക്കാമെന്നോ മറുപടി പറയാവൂ. നീ എനിക്കു വേറെയല്ലെന്നു നിനക്കറിഞ്ഞുകൂടാ.”

“അതെനിക്കറിഞ്ഞുകൂടേ?”

“നീ എന്റെ മകനാണ്.”

“ഞാനും ഒരച്ഛനെപ്പോലെയാണല്ലോ കരുതിയിട്ടുള്ളത്. ഒരച്ഛനോടുള്ള സ്നേഹം എങ്ങനെയാണെന്ന് എനിക്കറിയില്ലെങ്കിലും.”

“ഒരച്ഛനെപ്പോലെ കരുതിയാല്പ്പോരാ. അച്ഛനായിട്തന്നെ കരുതണം.” -- പെറുക്കു പറയുന്ന ഒരു കുട്ടിയുടെ മുഖഭാവത്തോടെ അയാള് തുടര്ന്നു: “അച്ഛന്മാര്ക്കു വയ്യാത്ത കാലത്തു മക്കളുണ്ടാവണം.”

“ഞാന് എന്നുമുണ്ടാവും.” വിശ്വം മനസ്സിളകി പറഞ്ഞു.

‘അതുമതി...അതുമതി...’എന്നു പറഞ്ഞുകൊണ്ടു സുലൈമാന് എഴുന്നേറ്റു നടന്നു. നാലടിവെച്ച്, എന്തോ പറയാനെന്നപോലെ, തിരിഞ്ഞുനിന്നു; എന്നിട്ട് വേണ്ടെന്നുവെച്ചപോലെ തിരക്കിട്ടു നടന്നകന്നുപോവുകയും ചെയ്തു.

വിശ്വത്തിനു വീണ്ടും വിമ്മിട്ടമായി. ആ മനുഷ്യനെ തട്ടിനീക്കാന് വിഷമമുണ്ട്. വല്ലാത്തൊരു സ്നേഹം! അവന് സുലൈമാനെപ്പറ്റിത്തന്നെ ആലോചിച്ചുകൊണ്ടിരുന്നു. ഇങ്ങനെയും മനുഷ്യരുണ്ടല്ലോ. തലേന്നു കുഞ്ഞിരാമന് പറഞ്ഞ വാക്കുകള് വിശ്വത്തിന്ന് ഓര്മ്മവന്നു, ഇയാളെ സൂക്ഷിക്കണം പോലും! കഷ്ടം! മനുഷ്യന് മനുഷ്യന്റെ ഹൃദയം കാണുന്നില്ല.

പതിനൊന്നുമണി കഴിഞ്ഞു കുഞ്ഞിരാമന് മടങ്ങിവന്നപ്പോള്. രാരിച്ചന് കൂടെ ഉണ്ടായിരുന്നില്ല. അവര് ഊണുകഴിച്ചു വിശ്രമിച്ചു. രണ്ടു മണിക്കു വീണ്ടും കുഞ്ഞിരാമന് പോയി. തിരിച്ചുവന്നത്, എട്ടുമണിക്കാണ്. പിറ്റേന്നും

അതുതന്നെ നടപടി. മൂന്നുദിവസം അങ്ങനെ കഴിഞ്ഞു. നാലാം ദിവസം രാത്രി അയാള് വന്നത് ഒരു പുതിയ വാര്ത്തയുമായിട്ടാണ്. "അറിഞ്ഞോ, യുദ്ധം പൊട്ടി."

"ഉവ്വോ? ആരു തമ്മിലാണ്?" രാധയാണ് ചോദിച്ചത്.

"ബ്രിട്ടന്, അമേരിക്ക തുടങ്ങിയവര് ഒരു ഭാഗത്ത്; മറുഭാഗത്തു ജര്മ്മനിയും."

"വലിയ കുഴപ്പമായി." വിശ്വം പറഞ്ഞു.

"പക്ഷേ, വലിയ ഒരവസരവുമാണ്."

"എന്തവസരം?" രാധ ചോദിച്ചു.

"ഇത് ഇന്ത്യയ്ക്കൊരവസരമാണ്. ഇപ്പോഴാണ് സ്വാതന്ത്ര്യത്തിന്നുവേണ്ടി ശ്രമിക്കേണ്ടത്. പക്ഷേ, നമ്മുടെ നേതാക്കന്മാര് കാര്യമൊക്കെ കുഴപ്പത്തിലാക്കാനും മതി."

"അതെന്താ?"

"അവര് ബ്രിട്ടനോടു സഹഭാവം കാണിച്ചേക്കും."

"കാരണം?"

"ബ്രിട്ടനില് നടക്കുന്നത് ജനാധിപത്യമാണെന്നു പറയും. ജര്മ്മനി ഫാസിസ്റ്റാണെന്ന് ഉപദേശിക്കും."

"എന്നാല്പ്പിന്നെ ഇവരെന്തിനാ ബ്രിട്ടനോടു മല്ലിടാന് പോണത്?" രാധയാണ് ആ ചോദ്യം ചോദിച്ചത്.

"ആട്ടെ, അറിയാം."

നാലുനാള്ക്കുള്ളില് കാര്യങ്ങള് വ്യക്തമായി. കുഞ്ഞിരാമന്റെ പ്രവചനം ശരിയായിരുന്നു. ജനാധിപത്യശക്തികളോടാണ് തനിക്ക് കൂറെന്ന് ഗാന്ധിജി പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതറിഞ്ഞ ദിവസം കുഞ്ഞിരാമന് അങ്ങേയറ്റത്തെ അരിശമായിരുന്നു. അവന് ഗാന്ധിജിയെയും നേതാക്കന്മാരെയുമെല്ലാം വൃത്തികെട്ട ഭാഷയില് ശകാരിച്ചു.

"ഇപ്പോള് എന്തുചെയ്യാന്?" വിശ്വം ചോദിച്ചു.

"സമരം നടത്താന്! അതുതന്നെ, ശത്രു ക്ഷീണിക്കുമ്പോഴാണ് നമ്മുടെ അവസരം."

"ഇവര് ക്ഷീണിച്ചാല് വരുന്നതു ജര്മ്മനിയായിരിക്കയില്ലേ?"

"മറ്റൊരു രാജ്യത്തിന്ന് ഇനി ഇന്ത്യയെ ഭരിക്കാനൊക്കില്ല."

ഇതു പറഞ്ഞത് ഗോപാലകൃഷ്ണനാണ്. അത് വിശ്വത്തെ സ്വല്പം അത്ഭുതപ്പെടുത്താതെയുമിരുന്നില്ല. കുറെ ദിവസമായി രാരിച്ചന്റെ സന്തത സഹചാരിയായതിന്റെ ഫലമാണതെന്ന് വിശ്വം വിചാരിച്ചു. അയാള് സംഭാഷണം തുടര്ന്നു:

"എന്നാലും ന്യായമുള്ള ഭാഗത്തല്ലേ നമ്മള് നില്ക്കേണ്ടത്?"

"എന്തു ന്യായം എന്നാണ് വിശ്വം പറയുന്നത്. സാമ്രാജ്യത്വവും ഫാസിസവും ഏട്ടാനുജന്മാരാണ്. ഇതില് ആരു ജയിച്ചാലും കഥയൊന്നുതന്നെ. ഈ യുദ്ധം

ഒരു വെറും സാമ്രാജ്യത്വയുദ്ധമാണ്. സാമാന്യജനങ്ങള്ക്ക് ഇതുകൊണ്ട് എന്തു ഗുണം കിട്ടാന്?"

വാചാലമായി കുഞ്ഞിരാമന് പ്രസംഗിച്ചു. ഓരോ വാക്കും ആത്മാവില്നിന്നു വരുന്നതായിരുന്നു. രാധയെ നാളെ ഒരാള് തട്ടിക്കൊണ്ടു പോകുമെന്നു കേട്ടാലുള്ള അതേ വീറ്.

വിശ്വവും രാധയും കേട്ടുകൊണ്ടിരുന്നു. കുഞ്ഞിരാമന് പറഞ്ഞുകേട്ടപ്പോള് അതെല്ലാം ശരിയാണെന്നും തോന്നി. കുഞ്ഞിരാമന് ഉറപ്പിച്ചു പറഞ്ഞു:

"നേതാക്കന്മാര് എന്തെങ്കിലും പറയട്ടെ. ഈ നാട്ടില് മനുഷ്യന്മാരുണ്ട്. അവരിത് കൂട്ടാക്കാന് തയ്യാറില്ല."

"ഉ–ം." വിശ്വം മൂളി.

ദിവസങ്ങള് കഴിഞ്ഞുവന്നപ്പോള് കുഞ്ഞിരാമന് പ്രവര്ത്തനത്തില് മുങ്ങി. ഭക്ഷണത്തിനു ക്രമമില്ലാതായി, കുളിക്കു ചിട്ടയില്ലാതായി, ഉറങ്ങാന് നേരമില്ല. രാധ കൂടെക്കൂടെ ഓര്മ്മിപ്പിച്ചു:

"ആരോഗ്യം നോക്കണേ..."

"ശ്രമിക്കുന്നുണ്ട്. പക്ഷേ, സമയം കിട്ടുന്നില്ല."

രാത്രി പത്തുമണിക്കാണ് വന്നുകയറുന്നത്. ഭക്ഷണം വാരിത്തിന്നു മൂന്നു മണിവരെ എഴുത്ത്. പുലരുന്നതിന്നുമുമ്പേ എഴുന്നേറ്റു നടക്കുകയും ചെയ്യും; ചിലപ്പോള് ഗോപാലകൃഷ്ണനെയും കൂട്ടി.

"എവിടേക്കാ?" രാധ തടഞ്ഞുവെച്ചു ചോദിച്ചു.

'രാത്രി വരാം' എന്നായിരുന്നു മറുപടി.

"വല്ലതും കഴിച്ചുപോവൂ."

"ഇപ്പോള് വേണ്ടാ, വിശപ്പില്ല."

പിന്നെയൊന്നും കേള്ക്കാന് അയാള് നിന്നില്ല. ഇതിന്നിടയില് രാ ീയ സംഭവങ്ങള് ഒരു ചുഴലിക്കാറ്റില്പ്പെട്ടു കറങ്ങുകയായിരുന്നു. വേണോ, വേണ്ടേ? ഈ സന്ദേഹമായിരുന്നു അന്തരീക്ഷത്തില് തങ്ങി നിന്നത്. ഒരു തരം നിഷ്ക്രിയത. അത് ആളുകള്ക്ക് അസഹ്യമായിരുന്നു. ജനങ്ങള്ക്കു ബ്രിട്ടനോടുള്ള വെറുപ്പ് ആളിക്കത്തുകയാണ്. ഒന്നും ചെയ്യാതെ നില്ക്കുന്ന നേതാക്കന്മാരെ അവര് ശകാരിച്ചു. ഇത്തരം ആളുകളുടെ അടുത്തായിരുന്നു കുഞ്ഞിരാമന്റെയും കൂട്ടുകാരുടെയും പ്രവര്ത്തനം. ലഘുലേഖകള്ക്കു പിമ്പലേഘുലേഖകള്. എല്ലാം രഹസ്യമായിട്ടു വേണം വിതരണം ചെയ്യുക. നന്നേ വൈദഗ്ധ്യത്തോടെതന്നെ അതു നിര്വ്വഹിക്കപ്പെട്ടു. കുഞ്ഞിരാമന് അതില് മുന്കയ്യെടുത്തു.

ദിവസം കഴിയുന്തോറും അവന്നു മൂര്ച്ചകൂടിക്കൊണ്ടാണ് വരുന്നതെന്ന് വിശ്വം മനസ്സിലാക്കി. ആ മൂര്ച്ച അര്ത്ഥവത്താണെന്ന് അവന്നും തോന്നി. രാരിച്ചനും അത്രതന്നെ വീറുണ്ടായിരുന്നു. ജോണിയും അപ്പുക്കുട്ടനും പ്രവര്ത്തനത്തിന് എത്തിക്കഴിഞ്ഞിരുന്നു. ഗോപാലകൃഷ്ണന് അവരെ അനുഗമിച്ചു. പല രാത്രികളിലും അവര് ഒന്നിച്ച് വിശ്വത്തിന്റെ വീട്ടില് വന്നു.

അപ്പോഴും കുഞ്ഞിരാമന് പറയും:

“ഇതൊരവസരമാണ്. ഈ രാജ്യത്തെ മനുഷ്യന്റെ ഭാഗ്യം കുറിക്കുന്നതിവിടെയാണ്.”

എല്ലാവരും അതു ശരിവച്ചു. നാറാണപിള്ള മാത്രം കൂടെക്കൂടെ പിറുപിറുത്തു.

“ആകെ രാ ീയമായിട്ടല്യോ സംഗതികള് വരുന്നത്!”

“അതങ്ങനെയേ വര്രൂ.” വിശ്വമാണ് നാറാണപിള്ളയെ സമാധാനിപ്പിച്ചത്:

“ഈ രാജ്യത്തെ മനുഷ്യര്ക്ക് ഒന്നായിട്ടല്ലേ, ഏട്ടാ, മുക്തി കിട്ടേണ്ടത്?”

വിശ്വത്തില്നിന്ന് അങ്ങനെയൊരു പ്രസംഗം നാറാണപിള്ള പ്രതീക്ഷിച്ചിരുന്നില്ല. അയാള് സ്വല്പനേരം ആലോചിച്ചു. ഇവനുപോലും തലയക്ക് ഓളം കയറിയിരിക്കുന്നു. ‘എന്തു വന്നാലും ഞാന് കൂടെയുണ്ട്, അനിയാ’ എന്നു മാത്രം പറഞ്ഞ് അയാള് പോയി.

പിറ്റേന്നു കാലത്തു പുറത്തേക്ക് കടക്കുമ്പോള് കുഞ്ഞിരാമന് പറഞ്ഞു: “പതിനൊന്നു മണിക്കുതിരിച്ചുവരും. കുറച്ചു വല്ലതും ഉണ്ടാക്കി വച്ചേക്കണം.”

“വയ്ക്കാം.”

രാധ സമ്മതിച്ചു. കുറേക്കൂടി ക്രമമായി ഭക്ഷണം കഴിക്കാനുള്ള ശ്രദ്ധ അയാള്ക്കുണ്ടായതില് അവള് സന്തോഷിച്ചു.

അന്ന് ഒന്നരമണിയായിട്ടും കുഞ്ഞിരാമന് തിരിച്ചുവന്നില്ല. രണ്ടു മണിയായി. ഇല്ല, മൂന്നരമണിക്കാണ് ഒരു ചെറുക്കന് ഓടിവന്ന് വിശ്വത്തോട് പറഞ്ഞത്, കുഞ്ഞിരാമനെ അറസ്റ്റ് ചെയ്തിരിക്കുന്നുവെന്ന്.

“നേരോ?”

“രാരിച്ചന്മൂപ്പര് പറഞ്ഞയച്ചതാ.”

“ശരി.”

എന്തു ചെയ്യണം? രാധയെ ഉടനെ അറിയിക്കണോ? പെട്ടെന്നറിയിച്ചു പരിഭ്രമിപ്പിച്ചിട്ടെന്തിനാണ്? അയാള് വളരെ നേരം ഇരുന്നാലോചിച്ചു. ഒടുവില് സുലൈമാന്റെ ഉപദേശം തേടുകയാണ് വേണ്ടതെന്ന് അയാള്ക്കു തോന്നി. അവിടെ കയറിച്ചെന്നപ്പോള് ഖദീജയുടെ മൂത്തമകള് മാത്രമാണ് ഉമ്മറത്തുണ്ടായിരുന്നത്. വിശ്വത്തെ കണ്ടപ്പോള് അവള് പകുതി വാതില്പ്പാളിയിലേക്കു മറഞ്ഞുനിന്നു.

“ബാപ്പ?” വിശ്വം ചോദിച്ചു.

“മുതലാളീന്റെ വീട്ടില് പോയിക്കടക്ക്ണ്. കേറി ഇരിക്കി.”

“ഏതു മുതലാളി?”

“തുണിക്കമ്പനിയിലെ.”

കാര്ത്തികേയനെയാണ് അവള് സൂചിപ്പിക്കുന്നത്. അങ്ങോട്ടു പോകാന് സാധ്യമല്ല...

“എപ്പൊ വരും?”

“അത്... ഇപ്പോ ബര്വായിരിക്കും. ഇരിക്കി.”

“ഞാന് കുറെ കഴിഞ്ഞു വരാം.”

“ആ.”

വീട്ടില് വന്നിട്ടും വിശ്വത്തിന്ന് ഇരിപ്പുറയ്ക്കുന്നില്ല. അയാള് കാര്ത്തികേയന്റെ വീടിന്നു നേരെ നടന്നു. ഭാഗ്യം! വഴിയില്വെച്ചുതന്നെ സുലൈമാനെ കണ്ടു. കാര്യം പറഞ്ഞപ്പോള് ഞെട്ടിപ്പോയി.

“പിന്നീം തൊന്തരവായോ? ആ പെണ്കുട്ടിയോ?”

“അതാണ് ഞാനും ആലോചിക്കുന്നത്.”

“ഒരു കാര്യം: ഒന്നുകില് അതു നാട്ടില് പോട്ടെ. അല്ലെങ്കില്, പണിക്കാരുടെ കൂട്ടത്തില് എവിടെയെങ്കിലും താമസിച്ചോട്ടെ. നമ്മള്ക്കിതു സാധിക്കില്ല.” വിശ്വം മറുപടി പറഞ്ഞില്ല.

“ഇപ്പോ എങ്ങോട്ടാ?” സുലൈമാന് ചോദിച്ചു.

“നമ്മള്ക്കു വല്ലതും ചെയ്യാന് കഴിയോ?”

“സര്ക്കാരു പിടിക്കുന്നതിന് എന്തു ചെയ്യാന്. തൊട്ടാല് തൊട്ട വന്കുടുങ്ങി. നീ വാ.”

അയാള് വിശ്വനാഥനെയും കൂട്ടി നടന്നു. വഴിനീളെ രാധയുടെ കാര്യം തന്നെയായിരുന്നു സംസാരിച്ചിരുന്നത്. അവര് വീട്ടിലെത്തിയപ്പോഴുണ്ട് രാധ മൂകയായി താടിക്കു കൈയും കൊടുത്തിരിക്കുന്നു.

“എന്തേ, കുട്ടീ?” സുലൈമാന് ചോദിച്ചു.

ചുറുപിറുന്നാനെ വീഴുന്ന അവളുടെ കണ്ണുനീരാണ് അതിന്നുത്തരം പറഞ്ഞത്.

ഏഴ്

ഭൃത്യന്മാര് വന്നു വിളിച്ചു; അമ്മ വന്നുണര്ത്തി; ആശാനും ശ്രമിച്ചു. എന്നിട്ടും ശാന്ത ആ കിടപ്പില്നിന്ന് എഴുന്നേറ്റില്ല. രണ്ടു ദിവസം ഒരേ കിടപ്പ്. ഭൃത്യന്മാര് തമ്മില് പിറുപിറുത്തു: “എന്താത്?”

“എന്താത്?”

“ഭക്ഷണം കഴിക്കുന്നില്ലല്ലോ.”

“കുളിയുമില്ല.”

“ഉറങ്ങാറുണ്ടോ?”

“വിശക്കുമ്പോള് ഉറക്കം വര്വോ?”

“കാരണമെന്താ?”

“ഈശ്വരന്നറിയാം.”

“വലിയേടത്തെ കപ്പലൊക്കെ തൊണ്ടുതടഞ്ഞും നില്ക്കും.”

“മൂപ്പരെന്നാ വര്വാ?”

“ആര്ക്കറിയാം! അച്ഛനു സുഖക്കേടു ജാസ്തിയാണെന്നല്ലേ കേട്ടത്?”

“അച്ഛന്റെ കാര്യം രണ്ടാലൊന്നാകുമ്പോഴേക്കും ഭാര്യയ്ക്കു സുഖക്കേടു തുടങ്ങും.”

“ചോറിനോടെന്താ വൈരം?”

ഭൃത്യ അതിന്നുത്തരം പറഞ്ഞില്ല. വായ പൊത്തിച്ചിരിച്ചു. വാസ്തവത്തില് ആ വീട്ടിലാകെ പരിഭ്രമമായിക്കഴിഞ്ഞിരുന്നു. അമ്മ കൂടക്കൂടെ മകളുടെ അടുത്തുചെന്നു പറഞ്ഞു: "മോളേ, വല്ലതും കഴിക്ക്."

"ഉ–ം, ഉ–ം." നിഷേധാത്മകമായ ഒരു മൂളല്.

"നീ എന്തിനാണിങ്ങനെ പട്ടിണികിടക്കുന്നത്?"

"ഉ–ം, ഉ–ം." വീണ്ടും അതേ മൂളല്.

"നീ ഉണ്ണാതിരുന്നതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടോ?"

"ഉ–ം."

"എന്തു ഗുണം?"

"അമ്മ പൊയ്ക്കോളൂ." അവളുടെ ഒച്ച ചിലമ്പിയിരുന്നു.

"നീ ഉണ്ണാതിരുന്നാല് ഞാനും ഉണ്ണില്ല."

"ഉ–ം."

ആശാനും ഉണ്ണില്ല."

"ഉ–ം."

അവസാനായുധത്തിന്റെയും വായ്ത്തല മടങ്ങിയപ്പോള് അമ്മ പിന്മ ടങ്ങി. അവര് തളത്തില് വന്നു താടിക്കു കൈയും കൊടുത്തിരുന്നു.

"എന്താ പറയുന്നത്?" ഗോപിക്കുറുപ്പ് അടുത്തുചെന്നു ചോദിച്ചു.

"വേണ്ടാ എന്ന്."

"ഇതിനൊക്കെ കാരണം?"

"ഞാന്."

"ഏ?"

"അവളെ ഞാന് പെറ്റുപോയില്ലേ?" ലക്ഷ്മിക്കുട്ടിഅമ്മയുടെ തൊണ്ടയിടറി. വിഷണ്ണനായി കുറുപ്പാശാന് എതിര്വശത്തുമിരുന്നു. ദാമ്പത്യലോ കത്തിലെ ഒരു ചുഴലിക്കാറ്റാണിതെന്ന് ആശാനു മനസ്സിലായിരുന്നു; ലക്ഷ്മിക്കുട്ടി അമ്മയ്ക്കും അത്രത്തോളമറിയാം. അതിലപ്പുറമുള്ളതൊക്കെ ഊഹങ്ങളാണ്. അവര് ചോദിക്കുമായിരുന്നു. പക്ഷേ, മകള് മറുപടി പറയില്ലെന്ന് അറിയാം. അസുഖം വര്ദ്ധിക്കുകയേയുള്ളു. ഈ അസുഖകരമായ ബന്ധത്തിന്നു താനാണ് ഉത്തരവാദിയെന്ന് അവര്ക്കു കുറച്ചു നേരത്തേക്കു തോന്നി. ഉടനെ മറിച്ചും വിചാരിച്ചു: 'തന്റേടംവയ്ക്കാത്ത പെണ്ണല്ലല്ലോ.' എങ്കിലും മകള് സഹിക്കുന്ന വേദനയെന്താണെന്ന് ഊഹമുണ്ടായിരുന്ന ലക്ഷ്മിക്കുട്ടി അമ്മയ്ക്ക് വിഷാദമോ സഹതാപമോ എന്തൊക്കെയോ ഉണ്ട്.

"ഏതായാലും ഈ നിലയ്ക്കായാല് കാര്യം കുഴപ്പമാകും." ഗോപിക്കുറുപ്പ് ഓര്മ്മപ്പെടുത്തി.

"വരാനുള്ളതൊന്നും വഴിയില് തങ്ങുകയില്ല." ലക്ഷ്മിക്കുട്ടിഅമ്മ ആശ്വസിക്കാന് ശ്രമിക്കുകയാണ്.

"അദ്ദേഹത്തെ അറിയിക്കണ്ടേ?" കുറുപ്പു ചോദിച്ചു.

"എന്തറിയിക്കാന്? അച്ഛന് മരിക്കട്ടെ, ഇവിടെ വന്നു ഭാര്യയ്ക്കു ചോറു

കൊടുക്കണം എന്നോ?”

അതിന്റെ മറുപടി കുറുപ്പിന്റെണ്ടായില്ല. പിന്നെ രണ്ടുപേരും തലയും തൂക്കിയിട്ടിരിപ്പായി. മരണം കടന്നുവരുന്ന ഒരു വീട്ടിലേതുപോലെ; ആശങ്കാജനകമായ ഒരന്തരീക്ഷം--ആളുകള് കാലടി പതുക്കെ വെച്ചു. പാത്രങ്ങള് കൂട്ടിമുട്ടി ശബ്ദമുണ്ടാക്കാതിരിക്കാന് യത്നിച്ചു. വാക്കുകള്ക്കു പകരം ആംഗ്യങ്ങളായി. ആ ഗൃഹം ഇരുണ്ടു മൂകമായി. ശാന്തയുടെ നീഗ്രോമാത്രം മണിക്കുറുതോറും അലറിക്കൊണ്ടുനിന്നു. കാട്ടുപോത്ത് ഉണ്ടക്കണ്ണു ചിമ്മാതെ നോക്കുകയും ചെയ്തു.

രണ്ടാംദിവസം ശാന്തയ്ക്ക കലശലായ തലവേദന. ഒരു തവണ പിത്തനീരു ഛരര്ദ്ദിച്ചു. കുറച്ചു നേരത്തേക്കു ബോധക്ഷയവുമുണ്ടായി. ലക്ഷ്മിക്കുട്ടിഅമ്മയ്ക്കും ബോധംകെടുന്നതുപോലെ തോന്നി. അവര് രണ്ടും കല്പിച്ച് കാര്ത്തികേയനെ കമ്പിയടിക്കാന് ഏര്പ്പാടുചെയ്തു: ‘ശാന്തയ്ക്ക സുഖമില്ല; വേഗം വരണം.’

കാലത്തു പതിനൊന്നുമണിവരെ കാത്തു. കാര്ത്തികേയന് വന്നില്ല. ഒരു കമ്പികൂടി അടിച്ചു.

രണ്ടാമത്തെ കമ്പി കൈപ്പറ്റിയപ്പോള് കാര്ത്തികേയന് ഒന്നു നിവര്ന്നിരുന്നു.

“എന്താണത്, മകനേ?” കെട്ടിലമ്മ ചോദിച്ചു. അയാള് കാര്യം പറഞ്ഞു. മകനോട് നില്ക്കണമെന്നോ പോകണമെന്നോ പറയേണ്ടതെന്ന് ആ സാധ്വിക്ക് അറിഞ്ഞുകൂടായിരുന്നു. കത്തെഴുതുമ്പോള് മകന് വന്നോ കഴിയൂ എന്ന സ്ഥിതി ഉണ്ടായിരുന്നില്ല. വന്നതു ഗുരുത്വമായി. പെട്ടെന്നാണ് നമ്പിടിക്കു രോഗം വര്ദ്ധിച്ചത്. കൃഷ്ണന് നമ്പിടിയുടെ സ്ഥിതി നന്നേ പരുങ്ങലിലാണ്. ദിവസത്തില് അധികസമയവും ബോധമില്ല. ബോധം തെളിയുമ്പോഴെല്ലാം മകന്റെ പേരാണ് ഞെരങ്ങിവിളിക്കുന്നത്. ഈ പതനത്തില് എങ്ങനെ പോകാന് പറയും? എങ്ങനെ നില്ക്കാന് പറയും? ഒടുവില് അവര് ഉറച്ചു: “വേഗം പോയിവരൂ.”

കാര്ത്തികേയന്റെ ഹൃദയത്തില് ഒരു സമ്മര്ദ്ദം നടന്നു. അതേവരെ ശാന്തയെപ്പറ്റിയുള്ള ചിന്ത വെറുപ്പും വിദ്വേഷവുമാണ് ഉണ്ടാക്കിയിരുന്നത്. ഇപ്പോള് അയാള് അസ്വസ്ഥനായിരിക്കുകയാണ്. ആസന്നമരണനായ ഒരാളുടെയടുത്ത് അഹന്ത കുമ്പിനില്ക്കും. ജീവിതം, ഓട്ടുഗ്ലാസ്സിലെ വീഞ്ഞുപോലെ, ഊര്ന്നൂര്ന്നുപോകുന്നതു കാണുന്നു. മരണം ചെവിയില് വന്നു മന്ത്രിക്കുകയാണ്.

‘എല്ലാം അവസാനിക്കും; ഞാന് മാത്രമാണ് നിലനില്ക്കുന്നത്.’ എല്ലുരുടെ ചുമലിലും മരണം കൈവെച്ചു നില്ക്കുന്നതായി തോന്നും. ‘സുഹൃത്തേ, ഞാന് കൂടെയുണ്ട്.’ അതു പറയുകയാണ്. ഇരുട്ടിന്റെ തിരമാലകള് ചുറ്റും അടിച്ചേറുന്ന ഒരു ദ്വീപാണ് ജീവിതം. ആ ദ്വീപ് അനുനിമിഷം അലിഞ്ഞു പോയ്ക്കൊണ്ടിരിക്കുന്നു. ഒന്നിനും അതിനെ തടുത്തുനിര്ത്താനാവില്ല. ഓരോ വീചിയും ഒരു കഷണം ജീവിതം നക്കിയെടുത്ത്, അടുത്ത വീചിക്കു

സ്ഥലമൊഴിഞ്ഞുകൊടുക്കുന്നു. സാധാരണ കടലും ഭൂമിയും ഒന്നായിക്കിടക്കുകയാണ്. മരണതല്പത്തിന്നടുത്ത് അവ വേര്തിരിഞ്ഞു നില്ക്കുന്നു. അവയുടെ അതിര്ത്തിരേഖ ഭയാനകമാംവിധം വായ് പിളര്ത്തുന്നു. ഒരു ഞെട്ടല്. കണ്ണുകള് തന്നിലേക്കുതന്നെ തിരിയുന്നു. എല്ലാ ജീവിതവും തുലാസ്സിലാണ് കിടക്കുന്നത്. ചാണകപ്പുഴു അരിച്ചരിച്ചു പോകുന്നത് ആ കടലിലേക്കാണ്. ഒറ്റത്തേറ്റ പൊക്കി ഓടുന്ന കണ്ടാമൃഗവും അവിടേക്കു തന്നെ. ബലിഷ്ഠങ്ങളായ പക്ഷങ്ങള് വീശിക്കൊണ്ടു കഴുകന് പറക്കുന്നത് ആ കടലിന്നു മീതെയാണ്. ദ്വീപില്ല, കടലേ ഉള്ളു. കേഴുന്ന കാറ്റു മീതെ അലഞ്ഞുതിരിയുന്നു. എല്ലാം ശൂന്യതയിലേക്കു നീങ്ങുകയാണെന്ന ആ നൈമിഷികബോധത്തില് ചെന്നുപെട്ടിരിക്കുകയാണ് കാര്ത്തികേയന്. അതുകൊണ്ടു വാശികള് തളര്ന്നുകൊണ്ടുവരുകയായിരുന്നു. കമ്പിവാര്ത്ത അതു കൂടുതല് തളര്ത്തി.

"ഞാന് പോയ് വരാം," അയാള് അമ്മയോടു പറഞ്ഞു: "അച്ഛന്ന് അധിക മെന്തെങ്കിലുമുണ്ടെങ്കില് ഉടനെ കമ്പിയടിക്കു."

പടിയിറങ്ങുമ്പോള് കാര്ത്തികേയന് ഒരു മഹര്ഷിയെപ്പോലെ ശാന്തനായിരുന്നു.

അയാള് പട്ടണത്തിലെത്തിയപ്പോള് സന്ധ്യ കഴിഞ്ഞു. പട്ടണം ആ ദിവസത്തെ അവസാനമേളം മുറുക്കുകയാണ്. കാര്ത്തികേയന് ഒരു ജഡ്കയില് ചാടിക്കയറി. ഇരുപുറത്തുടെ നീങ്ങുന്ന ജീവിതത്തെപ്പറ്റി അയാള് അശ്രദ്ധനായിരുന്നു. വണ്ടിക്കാരുടെ കശപിശ, പത്രവില്പനക്കാരന്റെ പ്രഖ്യാപനം, പിച്ചക്കാരുടെ നിലവിളി--ഒന്നും അയാള് കേട്ടില്ല. നിമിഷങ്ങള് ചെത്തിയിടുമ്പോലെ, കുതിരയുടെ കുളമ്പടിശബ്ദംമാത്രം ചെവിയില് ഇടവിടാതെ പൊഴിഞ്ഞു.

തെരുവുമൂലയ്ക്കല്വെച്ചു വണ്ടി ഒന്നു പതുക്കെയായി. അയാള് തലപൊക്കി നോക്കി. ഒരു ശവവണ്ടിക്കു കടന്നുപോകുവാന് വേണ്ടി ജഡ്ക സ്ഥലമൊഴിഞ്ഞു കൊടുത്തതാണ്. കാര്ത്തികേയനു ഹൃദയത്തില് ഒരു കുത്തേറ്റപോലെ തോന്നി. പട്ടണം അയാള്ക്ക് ഒരു ശവമാണ് ആദ്യമായി കാഴ്ചവയ്ക്കുന്നത്! വണ്ടിയില് പുതച്ചു മൂടിയ ഒരു രൂപം നിദ്രകൊള്ളുന്നു. പിന്നില് ജനസമൂഹം. അവര് പാടുന്ന പാട്ടും ഇഴഞ്ഞു നീങ്ങുന്നുണ്ട്. ഏതോ ഒരു സത്യവിശ്വാസി മരിച്ചുപോയി. അതാരായിരിക്കും? കാര്ത്തികേയന്ന് ആലോചിക്കുവാന് ഉത്സാഹം. കുറെ സമയങ്ങള്ക്കു മുമ്പ് ആ ഹൃദയം സ്പന്ദിച്ചിരുന്നു. അതിന്നും സ്നേഹവും വീറും വാശിയും എല്ലാമുണ്ടായിരുന്നു. ഇപ്പോള്? അതും ശൂന്യതയിലേക്കൊഴുകുകയാണ്. താനും ആ ശൂന്യതയിലേക്കാണ് ഒഴുകുന്നത്. 'എന്തു ലോകം?' എന്നു പെട്ടെന്നു തോന്നിപ്പോയി. പ്രപഞ്ചം മുഴുവന് മരണം എന്ന ഒരു ബിന്ദുവിലേക്ക് ഉടക്കിച്ചേര്ത്തിരിക്കുന്നതുപോലെ.

അയാള് വീട്ടില് ചെന്നു കയറിയപ്പോള്, ലക്ഷ്മിക്കുട്ടിഅമ്മ പൂമുഖത്തുതന്നെ

നില്ക്കുന്നുണ്ടായിരുന്നു.

“ശാന്ത എവിടെ?” അയാള് ചോദിച്ചു.

“മുകളില്.”

കൂടുതല് ഒന്നും ചോദിക്കാതെ കാര്ത്തികേയന് വീട്ടിന്നുള്ളിലേക്കു കടന്നു. ലക്ഷ്മിക്കുട്ടിഅമ്മയും പിന്നാലെ ചെന്നു; അവരുടെ പിന്നാലെ കുറുപ്പും.

ശാന്ത പാതി ചിമ്മിയ കണ്ണുമായി കിടക്കുകയാണ്. കാര്ത്തികേയനെ കണ്ടപ്പോള് അവളൊന്നു മിഴിച്ചുനോക്കി. പതുക്കെ പുഞ്ചിരി തൂകിക്കൊണ്ടു ചോദിച്ചു: “ഒടുക്കം വന്നോ?”

“ശാന്തയ്ക്ക് എന്താണ്?” അയാള് കട്ടിലില് അവള്ക്കടുത്തായി ഇരുന്നു.

“എനിക്കു സുഖം, കൂടുതല് സുഖമാകാന് പോകുന്നു.”

“എന്താണ് സുഖക്കേട്?”

“എല്ലാ സുഖക്കേടും മാറാന് പോകയാണ്. ഏതായാലും വന്നതു സന്തോഷമായി.”

കാര്ത്തികേയന്ന് ഒന്നും മനസ്സിലായില്ല. അയാള് ലക്ഷ്മിക്കുട്ടിഅമ്മ യുടെ നേരെ തിരിഞ്ഞു ചോദിച്ചു: “ഡോക്ടറെ വിളിച്ചോ?”

“ഇല്ല.”

“ഇല്ല!” കാര്ത്തികേയന് ധൃതിയില് കോണിയിറങ്ങി; കൂടെ ലക്ഷ്മിക്കുട്ടിഅമ്മയും. താഴത്തെ നിലയില് വെച്ച് അവര് കാര്ത്തികേയനെ തടഞ്ഞുനിര്ത്തി സ്ഥിതിഗതികള് മുഴുവന് വിവരിച്ചു പറഞ്ഞു.

“മൂന്നു ദിവസമായി ഭക്ഷണം കഴിച്ചിട്ടെന്നോ?”

“അതേ. ചോദിച്ചതിനൊന്നും മറുപടിയും പറയുന്നില്ല.”

കാര്ത്തികേയന് ഒരു നിമിഷം ആലോചിച്ചു നിന്നിട്ട് മുകളിലേക്കുതന്നെ മടങ്ങി. കാര്ത്തികേയന് തിരിച്ചു വന്നപ്പോള് ശാന്ത സ്വല്പം പരിഹാസം കലര്ന്ന സ്വരത്തില് ചോദിച്ചു:

“ഡോക്ടറെ വിളിച്ചില്ലേ?”

“വിളിക്കണോ?”

“വേണ്ടാ. ഇതു മാറ്റാനുള്ള ഡോക്ടര് ജനിച്ചിട്ടില്ല.”

ശാന്തയുടെ ഈ വാക്കു കേട്ടപ്പോള് തലയും താഴ്ത്തി അവിടെ നിന്നിരുന്ന കുറുപ്പ് പുറത്തേക്കു പോയി.

കാര്ത്തികേയന്ന് എന്താണ് പറയേണ്ടത്, എങ്ങനെയാണ് തുടങ്ങേണ്ടത് എന്നൊന്നും നിശ്ചയമുണ്ടായിരുന്നില്ല. കുറച്ചു ദിവസമായി, അവര് തമ്മില് സംസാരിച്ചിട്ട്. വിശ്വത്തിന്റെ ആഗമനത്തോടെ അന്തരീക്ഷമാകെ കലുഷമായിരുന്നു. ആ ഭാര്യയും ഭര്ത്താവും അവരവരോടുതന്നെയായിരുന്നു അധികം സംസാരിച്ചിരുന്നത്. ഭാര്യ ഭര്ത്താവിനെ ഹൃദയത്തില് വെച്ചു വിചാരണചെയ്തു; ഭര്ത്താവ് ഭാര്യയെ തലച്ചോറില്വെച്ചും. ഈ വിചാരണ മൂക്കുന്തോറും അമര്ഷവും പെരുത്തു: ‘ഞാന് വെണ്ണയെന്നു വിചാരിച്ചു വിഴുങ്ങിയത് വെള്ളാരംകല്ലാണ്.’ കാര്ത്തികേയന് വിചാരിച്ചു: ‘അവളൊരു

തെറിച്ചിപ്പെണ്ണാണ്.' ശാന്തയുടെ ഹൃദയവും കാര്‍ത്തികേയനെ ശകാരിക്കുകതന്നെയായിരുന്നു: 'നായ കടലില് ചെന്നാലും നക്കിയേ കുടിക്കൂ.' അവള് ഭര്‍ത്താവിനെ വിമര്‍ശിച്ചു:

'സ്നേഹത്തിന്റെ ജ്വാലയെന്താണെന്നറിയാത്ത മാട്! അയാള് എനിക്കു സുഖം തരില്ല. പിടിച്ചെടുക്കാന് എന്നെ അനുവദിക്കയുമില്ല. അടിക്കടി എന്നെ അപമാനിക്കുന്നു. അയാള് എന്നെ അപമാനിച്ചു. എന്തുകൊണ്ട് അയാള്‍ക്കെന്നെ വിശ്വസിച്ചുകൂടാ! എന്നെ വിശ്വസിക്കാത്തവനെ ഞാനെന്തിനു വിശ്വസിക്കണം?'

കണ്ണട കെട്ടിയ കുതിരയെപ്പോലെയാണ് രണ്ടുപേരുടെയും ചിന്ത സഞ്ചരിച്ചിരുന്നത്. സ്വന്തം മൂക്കാണ് വഴികാട്ടി!

ഈ പരിതഃസ്ഥിതിയില്നിന്നാണ് കാര്‍ത്തികേയന് രണ്ടാമതും വീടു വിട്ടുപോയത്. അത്തവണ അച്ഛനെ കാണാന് പോകുമ്പോള് അയാള് ഭാര്യയെ വിളിച്ചില്ല; അവളോടു യാത്ര പറയുകപോലും ചെയ്തില്ല. കൊണ്ടുപോകാനുള്ള സാധനങ്ങളെല്ലാം അയാളും ഭൃത്യന്മാരും കൂടി ശരിപ്പെടുത്തി. രണ്ടു കഫ്ബട്ടനുവേണ്ടി അയാള് മൂന്നു പെട്ടിയിലും രണ്ടലമാരിയിലുമുള്ള സാധനങ്ങള് മുഴുവന് വലിച്ച് പുറത്തിട്ടു പരതി. സാധനങ്ങള് മുറി മുഴുവന് ചിതറിക്കിടക്കുന്നു. 'കണ്ടോ,കണ്ടോ, അവള് അനങ്ങുന്നില്ല' എന്നു തിരയുന്നതിനിടയില് കൂടെക്കൂടെ അയാള് ഓര്‍ത്തു. 'എന്നോടു ചോദിച്ചു കൂടേ?' എന്ന് ശാന്തയും വിചാരിച്ചു. ഹൃദയത്തില്നിന്ന് ക്രൂരമായ ചീറല് പുറപ്പെടുന്നുണ്ട്. സമസ്തവും അടിച്ചു തകര്‍ക്കാനുള്ള പ്രേരണ പൊന്തുകയാണ്. പക്ഷേ, പലതും ആലോചിക്കേണ്ടതുണ്ട്. അയാളുടെ സ്ഥിതിയിലുള്ള ഒരാള്ക്ക് എന്തെങ്കിലും പ്രവര്‍ത്തിക്കാന് പാടില്ല. ഭാര്യയെ അടിച്ചു പുറത്താക്കിയാല് അതു നാളെ തെരുവില് പാട്ടാകും. അയാള് അടങ്ങി മൂകനായി നിന്നു തിരഞ്ഞു. ഒടുവില് തളര്‍ന്നു വിയര്‍ത്ത് കഫ്ബട്ടന് വേണ്ടെന്നുവെച്ചു പുറത്തേക്കിറങ്ങിനടന്നു; 'നിനക്കു ഞാന് പാകമല്ല, പരുത്ത കൈയാണ് വേണ്ടത്' എന്ന് ഉള്ളില് കരുതുകയും ചെയ്തു.

അങ്ങനെ വിട്ടുപിരിഞ്ഞിട്ട്, ഇപ്പോള് പെട്ടെന്ന് സംഭാഷണം തുടങ്ങാന് വിഷമമുണ്ട്. ശാന്തയെ കാണുന്നതുവരെ സമസ്ത ജീവരാശികള്ക്കും മാപ്പുകൊടുക്കാന് കാര്‍ത്തികേയന് തയ്യാറായിരുന്നു. ഇന്നോ നാളെയോ ചത്തുപോകുന്ന മനുഷ്യന് തമ്മില് എന്തിനു വഴക്ക്, കലഹംകൊണ്ടു ശാന്തി കിട്ടുകയില്ല എന്നൊക്കെ അയാളോര്‍ത്തു. പക്ഷേ, ശാന്ത മുമ്പിലെത്തിയപ്പോള് അയാളിലെ 'ഞാന്' എഴുന്നേറ്റു. വഴങ്ങാനൊരു മടി. ഈ വഴങ്ങലിന്ന് എവിടെയാണ് അവസാനം? എങ്കിലും അവളെ ഉപവാസംകൊണ്ടു മരിക്കാന് വിടുകയോ? ലോകത്തില് തലനിവര്‍ത്തി നടക്കണ്ടേ?

ശാന്തയും തന്റെ അവസാന പരീക്ഷണം നടത്തുകയായിരുന്നു. തുറമുഖത്തു കപ്പലണഞ്ഞില്ല; അപ്പോള് അണഞ്ഞേടം തുറമുഖമാക്കണമെന്നു വിചാരിക്കുകയാണ്. തന്റെ പ്രവൃത്തി കുറെ സാഹസമായിപ്പോയെന്ന്

അവള്ക്കു തോന്നി. വിശ്വനാഥന് തന്നെ തട്ടിമാറ്റി കടന്നുപോയപ്പോള് പോലും അവള് പരിഭ്രമിച്ചില്ല. വരും, ഇനിയും വരും--ഇതായിരുന്നു വിചാരം. താനാകുന്ന ഒരു മഹാസാമ്രാജ്യത്തെ കാലുകൊണ്ടു തട്ടിയെറിയാന് അയാള്ക്കു കഴിയില്ല. ദിവസങ്ങള് കടന്നുപോയി. വിശ്വം തിരിച്ചു വന്നില്ല. വീണ്ടും വീണ്ടും അവള് ആളെ അയച്ചു. ഒടുവിലത്തെ തവണ പറഞ്ഞയച്ചത് 'സൗകര്യമില്ല' എന്നാണ്. അതൊരു ഇടിയായിരുന്നു. ഒരു ചവിട്ടിത്തേക്കല്തന്നെ. ശാന്ത വാടിപ്പോയി.

മൂന്നു ദിവസത്തിന്ന് അവള് ആരോടും ഒന്നും മിണ്ടിയില്ല. കുളിച്ചു ഭക്ഷണം കഴിച്ചു, ഉറങ്ങി എന്നു നടിച്ചു. ഈ സന്ദര്ഭത്തിലാണ് കാര്ത്തികേയന് അച്ഛന്റെ അടുത്തേക്കു പോയത്. പോകുമ്പോഴെങ്കിലും തന്നോടു സംസാരിക്കാതിരിക്കയില്ലെന്നും അവിടെവെച്ചു മുറിഞ്ഞുപോയ ബന്ധങ്ങള് അണച്ചുകൂട്ടാമെന്നും അവള് ആശിച്ചിരുന്നു. പക്ഷേ, കാര്ത്തികേയന് ഇറങ്ങി നടന്നപ്പോള് കടിഞ്ഞാണ് കൈയില്നിന്നു പോയി എന്ന് അവള്ക്കു തോന്നി. 'ഞാന് വീഴും; വീണു ചാവും' എന്നു ഹൃദയത്തിന്നാടിയില്നിന്നൊരു കരച്ചില്.

കരഞ്ഞതുകൊണ്ടു ജീവിതത്തില് ഒന്നും നേടാന് പോകുന്നില്ലെന്ന് ശാന്തയ്ക്കറിയാം. അടയ്ക്കാത്തുപ്പിന്നുകൂടി വിലയുണ്ടാവുമ്പോഴും കണ്ണുനീരിന്നു കാലണ കിട്ടില്ല. താന് ശ്രദ്ധിക്കപ്പെടാതിരുന്നുകൂടാ. കാര്ത്തികേയന് അവളെ ചവിട്ടി മെതിച്ചാണ് കടന്നുപോയത്. 'അത്രയ്ക്കും പതിരായിട്ടില്ല ഞാന്!' അവള് തന്നോടുതന്നെ പറഞ്ഞു: 'വരും, അയാള് ഓടിവരും.' യാചന വേണ്ടാ, വലിച്ചിഴച്ചുകൊണ്ടുവരണം.

ശാന്തയുടെ പ്രയോഗം കുറിക്കുകൊണ്ടിരിക്കുന്നു. ഇനി അയാളെ ഒന്നു മെരുക്കിയെടുക്കുന്നോടത്തു തന്റേടം കാണിച്ചാല് മതി. കാര്ത്തികേയന് കട്ടിലില് വന്നിരുന്നപ്പോള് ശാന്ത അതു കണ്ടതായേ നടിച്ചില്ല. അവള് ബ്രഹ്മാനന്ദത്തില് ലയിച്ച ഒരു യോഗിനിയെപ്പോലെ, മന്ദസ്മിതം തൂകിക്കൊണ്ടു കിടന്നു.

"എന്താണ് ശാന്ത ഭക്ഷണമൊന്നും കഴിക്കാത്തത്?" ഒടുവില് കാര്ത്തികേയന് ആരംഭിച്ചു. ഉത്തരമുണ്ടായില്ല. വീണ്ടും അതേ ചോദ്യംതന്നെ. അവള് തലതിരിച്ച് അയാളുടെ മുഖത്തൊന്നു നോക്കി.

"കഴിച്ചില്ലെങ്കിലെന്താ?"

"ഇതിന് എനിക്കുത്തരമില്ല."

"ഉത്തരം അറിയാഞ്ഞിട്ടാണോ?"

"അതേ."

"എങ്കില് ഞാന് പറഞ്ഞുതരാം; ഭക്ഷണം കഴിക്കാതിരുന്നാല് മനുഷ്യര് മരിക്കും."

"ശാന്തേ..." അയാളുടെ വിളി ഉദ്വേഗത്തോടെയായിരുന്നു: "എന്തൊക്കെയാണീ പറയുന്നത്? എന്തിന് എന്നെ ഇങ്ങനെ വിഷമിപ്പിക്കുന്നു?"

“അവിടെ വിഷമമാണെന്ന് എനിക്കറിയാം, അതു തീര്ക്കാനാണ് എന്റെ ശ്രമം.”

“ഇങ്ങനെയൊക്കെ പ്രവര്ത്തിക്കത്തക്കവണ്ണം എന്താണിവിടെ സംഭവിച്ചത്?”

“ഒന്നും സംഭവിച്ചില്ലേ?” ശാന്ത തളര്ന്ന ദൃഷ്ടികള് കാര്ത്തികേയന്റെ മുഖത്തേക്കുയര്ത്തി: “അവിടെ ഒന്നും സംഭവിച്ചില്ലായിരിക്കാം. എനിക്കു ചിലതു സംഭവിച്ചു.”

“എന്ത്?”

“അറിയില്ലേ?”

“ഇല്ല, ശാന്തേ!”

“എന്നാല് അറിയിച്ചിട്ടെന്തിന്നു വിഷമം വര്ദ്ധിപ്പിക്കുന്നു?”

“അങ്ങനെ ഞാന് എപ്പോഴെങ്കിലും പറഞ്ഞിട്ടുണ്ടോ?”

“എന്തിനു പറയുന്നു? കണ്ടു കഴിഞ്ഞ പൂരത്തിന്റെ കഥ ചോദിച്ചറിയണോ?”

കാര്ത്തികേയന്നു പിന്നെ എന്തു പറയണമെന്ന് അറിഞ്ഞുകൂടാ. അയാള് തലയും താഴ്ത്തി ഇരുന്നു.

ശാന്ത തുടര്ന്നു:

“ഞാനിതൊന്നും വിഷമിപ്പിക്കണമെന്നുവെച്ചു പറയുന്നതല്ല.”

“നരകിപ്പിക്കണമെന്നു വിചാരിച്ചാണ്.” ക്ഷുബ്ധമായിരുന്ന കാര്ത്തികേയന്റെ അന്തഃകരണം.

“നമ്മുടെ രണ്ടു പേരുടെയും നരകം അവസാനിപ്പിക്കണമെന്നാണ് ഞാന് ആഗ്രഹിക്കുന്നത്.”

“എങ്ങനെ?” കാര്ത്തികേയന് തലയുയര്ത്തി ദീനതയോടെ അവളുടെ മുഖത്തേക്കു നോക്കി.

“എന്റെ ജീവിതം നശിപ്പിച്ചിട്ട്; അങ്ങയുടെ ജീവിതം തുടങ്ങാന് അനുവദിച്ചിട്ട്.”

“ശാന്തേ!”

“അല്ലല്പ്പെട്ടിട്ടു കാര്യമില്ല.”

“കാര്യമുണ്ട്. ഞാന് എന്റെ ജീവിതവും അവസാനിപ്പിക്കും.”

“അത് അനാവശ്യമായ ത്യാഗമാണ്. അവിടെ സുഖവും സമൃദ്ധിയുമുണ്ട്. പിന്നെ എന്തിനു നശിക്കുന്നു?”

‘എനിക്കുള്ളതൊക്കെ നിനക്കുമില്ലേ, ശാന്തേ?”

“ഉണ്ടെന്നായിരുന്നു എന്റെ ധാരണ. ഇന്നെനിക്കു മനസ്സിലായി, ഞാന് നിന്നിരുന്നതു വെറും വെള്ളത്തിനു മീതെയാണെന്ന്. ഇന്ന് എന്റെ ജീവിതത്തിന്ന് അര്ത്ഥമില്ല. വിശ്വസിക്കാനും സ്നേഹിക്കാനുമായി വന്ന എനിക്ക് അവയൊന്നും നേടാന് കഴിഞ്ഞിട്ടില്ല. ഒരു തൊണ്ടുപോലെ, ഞാന് വെള്ളത്തിനുമീതെ പൊന്തിക്കിടക്കുകയായിരുന്നു...”

“ശാന്തേ!” കാര്ത്തികേയന് ഒരപേക്ഷാസ്വരത്തില് തുടര്ന്നു: “നീ എന്തിനു

ഭംഗിവാക്കു പറയുന്നു?"

"നീ എന്തിന്നീ മരണം ക്ഷണിച്ചുവരുത്തുന്നു?"

"എനിക്കും മരിക്കണമെന്നുണ്ടായിരുന്നില്ല. എനിക്കു ചെറുപ്പമാണ്. എന്റെ കവിളിലെ തുടുപ്പ് ഒട്ടും വാടിയിട്ടില്ല. എന്റെ ഹൃദയത്തിലെ തീ ഒട്ടും ആറിയിട്ടില്ല. എന്റെ ഭർത്താവിനെ അമർന്നു സ്നേഹിക്കണമെന്നുണ്ട്. പക്ഷേ, എന്നെ വിശ്വസിക്കാനും സ്നേഹിക്കാനും ആരുമില്ല... ഞാന്..." ഇടറിയ കണ്ഠം അവളുടെ വാക്കുകള് തടഞ്ഞു.

"എന്റെ ശാന്തേ!" കാർത്തികേയന് അവളെ കടന്നുപിടിച്ചു: "മതിയാക്കു."

ഞാന് കുറെ തെറ്റുകള് ചെയ്തിട്ടുണ്ടാവാം. പക്ഷേ, എന്റെ ഹൃദയത്തില് നടന്നതെന്താണെന്നു നിനക്കറിഞ്ഞുകൂടാ."

"പറയാതെ അറിയാന് കഴിയുമോ?"

അതിന്ന് അയാള് സമാധാനം പറഞ്ഞില്ല. ക്ഷമാപണങ്ങള്കൊണ്ടും മധുരവാക്കുകള്കൊണ്ടും അവളെ മൂടി. അയാള് വിതുമ്മിപ്പോയി, അവളുടെ കണ്ണുകള് നിറഞ്ഞു. അന്ന് ആദ്യമായി കണ്ടെത്തിയപോലെ അവർ പരസ്പരം നോക്കി. അയാള് വിചാരിച്ചു: 'പാവം! എന്റെ ഭാര്യ എത്ര സുന്ദരിയാണ്!'

ശാന്ത കാർത്തികേയന്റെ കൈകളില് ചാഞ്ഞുകിടന്നു കരയുകയാണ്. അയാള്ക്ക് അന്തരീക്ഷം ലാഘവമുള്ളതായി വരുന്നു. ചലനാത്മകവും ചൈതന്യവത്തുമായ ഒരു പ്രപഞ്ചം കൈപ്പിടിയില് ഒതുങ്ങിക്കിടക്കുകയാണ്. ജീവിതം സമ്പന്നമാകുകയാണ്.

"ശാന്ത!"

"ഏ?"

"എനിക്കുവേണ്ടി വല്ലതും കഴിക്ക്."

"അങ്ങയ്ക്കുവേണ്ടി ഞാന് എന്തും ചെയ്യും. ജീവിച്ചിരിക്കയും ചെയ്യാം. പക്ഷേ, എന്നെ അവിശ്വസിക്കരുത്. അതെനിക്കു പൊറുത്തുകൂടാ."

'ഞാനിനി ഒരിക്കലും നിന്നെ അവിശ്വസിക്കില്ല. നീ എന്റെയാണ്. ഞാന് നിന്റെയും."

ചുമരിലെ നീഗ്രോ ഒന്നലറി. ആ അലർച്ച കാർത്തികേയന്റെ ഉള്ളില് നിന്നാണു പുറപ്പെട്ടതെന്ന് ശാന്തയ്ക്കു തോന്നി. അവള് എഴുന്നേറ്റിരുന്ന് അയാളുടെ കഴുത്തില് കൈ കോർത്തിട്ടു.

കുറച്ചു കഴിഞ്ഞപ്പോള് ശാന്ത അല്പാല്പമായി ഭക്ഷണം കഴിക്കാന് തുടങ്ങി. അതു മനസ്സിലാക്കിയിട്ട് ലക്ഷ്മിക്കുട്ടി അമ്മയും കുറുപ്പും പരസ്പരം നോക്കി മന്ദസ്മിതം തൂകി.

"എല്ലാവർക്കുമുണ്ട് ഭ്രാന്ത്. ഓരോരുത്തർക്കോരോവിധം!" ലക്ഷ്മിക്കുട്ടിഅമ്മ പറഞ്ഞു. അതു പറഞ്ഞപ്പോള് ആ ീ ഒരു ഇരുപത്തിരണ്ടുകാരിയാണെന്ന് കുറുപ്പിന്നു തോന്നുകയും ചെയ്തു. അയാള് ചിരിച്ചുകൊണ്ടു മറുപടി കൊടുത്തു:

"എനിക്കു ഭ്രാന്തില്ല."

“എല്ലാ ഭ്രാന്തന്മാരും അങ്ങനെയാണ പറയുക.”

രണ്ടു ദിവസംകൊണ്ടു ശാന്തയുടെ ക്ഷീണം മാറി. മൂന്നാംദിവസം കാര്‍ത്തികേയന് അവളെയുംകൂട്ടി നാട്ടിലേക്കു പുറപ്പെടുകയും ചെയ്തു. ആ യുവദമ്പതികള് തോളുരുമ്മിക്കൊണ്ടു പോകുന്നതു നോക്കിക്കൊണ്ട് ലക്ഷ്മിക്കുട്ടിഅമ്മ അങ്ങനെ നിന്നു! അവരുടെ പിമ്പില് കുറുപ്പുമുണ്ടായിരുന്നു.

റെയില്‍വെ റോഡിലേക്ക് തിരിയുന്നേടത്തു കാര് ഓരം ചാരി നിന്നു. ഒരു ജനാവലി എതിരെ വരുന്നുണ്ടായിരുന്നു.

“എന്താണത്?” ശാന്ത ചോദിച്ചു.

“നോക്കാം.”

യുദ്ധത്തില് ആളെക്കൊണ്ടോ പണംകൊണ്ടോ ബ്രിട്ടനെ സഹായിക്കരുതെന്നാണ് പറയുന്നത്. ഒരു മനുഷ്യനേ വിളിച്ചുപറയുന്നുള്ളു. പക്ഷേ, പിമ്പില് ഒരുപറ്റം ആളുകള് കൂടിയിട്ടുണ്ട്. അതൊരു ഘോഷമില്ലാത്ത യാത്രയായിരുന്നു. പ്രശാന്തമായ ഒരാള്‍നീക്കം. അതു കടന്നുപോയപ്പോള്, ഒരു തെരുവുകുട്ടി ആ ശബ്ദം അനുകരിച്ചുകൊണ്ട് വിളിച്ചുപറഞ്ഞു:

“രാവിലെ ചായകൊണ്ടോ വെള്ളപ്പംകൊണ്ടോ വിശപ്പടക്കരുത്...” കൂട്ടച്ചിരി. പിന്നില്‍നിന്നിരുന്ന ഒരു ബസ്ഡ്രൈവര് ചെറുക്കന്റെ തലയില് ഒരു കിഴുക്കു വെച്ചുകൊടുത്തു. അവന് തലയും തിരുമ്മി അടുത്ത ചായക്കടയുടെ പിന്നുറത്തേക്കു നീങ്ങി. ഇതു കണ്ട കാര്‍ത്തികേയന് കുലുങ്ങിക്കുലുങ്ങിച്ചിരിച്ചു. ശാന്ത മറ്റൊന്നായിരുന്നു ശ്രദ്ധിച്ചിരുന്നത്. ആള്‍ക്കൂട്ടത്തിനു പിന്നില് നടന്നിരുന്ന ഒരു മനുഷ്യനെ. ആ മനുഷ്യന് വിശ്വനാഥനായിരുന്നു. അവര് പരസ്പരം കണ്ടു. അയാള് മുഖം തിരിച്ചു; അവളും.

കാര് നീങ്ങിയപ്പോള് ശാന്ത നിശ്ശബ്ദയായി മുഖം കനപ്പിച്ചിരിക്കുന്നതുകൊണ്ട് കാര്‍ത്തികേയന് ചോദിച്ചു: “എന്തേ?”

“ഒന്നുമില്ല.”

വണ്ടിയില് ചെന്നു കയറിയപ്പോഴും ആ മുഖത്തെ ഗൗരവം വിട്ടിരുന്നില്ല. വണ്ടി ഓടാന് തുടങ്ങിയപ്പോള് അവള് ചുറ്റും നോക്കി. ആ ഒന്നാംക്ലാസ് മുറിയില് അവര് മാത്രമേയുള്ളൂ. അവള് ചോദിച്ചു: “ഇതുകൊണ്ടെന്താണ് പ്രയോജനം?”

“എന്തുകൊണ്ട്?”

“ഇങ്ങനെ വിളിച്ചുപറഞ്ഞു നടക്കുന്നതുകൊണ്ട്?”

“ദേഷ്യം തോന്നിയാല് മനുഷ്യര് ഇന്നതേ ചെയ്യൂ എന്നില്ല.”

ശാന്ത ഉത്തരം പറഞ്ഞില്ല. കാര്‍ത്തികേയനും നിശ്ശബ്ദനായിരുന്നു ചിന്തിക്കുകയാണ്. യുദ്ധത്തെപ്പറ്റിയും അതിന്റെ പ്രത്യാഘാതങ്ങളെപ്പറ്റിയുമാണ് അയാള് ആലോചിക്കുന്നത്. ഇതെങ്ങനെ തിരിയുമെന്ന് ആര്‍ക്കും പറയാന് വയ്യാ. പടിഞ്ഞാറന്‍രംഗത്ത് സഖ്യശക്തികള് പൊരിയുകയാണ്. ഹിറ്റ്‌ലര് മുന്നോട്ടടിച്ചുകയറുന്നു. ഓരോ ദിവസവും കിട്ടുന്ന വര്‍ത്തമാനം അപകടകരമായ നിലയാണ് സൂചിപ്പിക്കുന്നത്. ഏതൊരു നിലപാടെടുക്കുന്നതാണ് രക്ഷ എന്നു പറയുവാന് വയ്യ. ചരക്കിനു വില

വര്ദ്ധിക്കുന്നുണ്ട് എന്നതാണ് ആശ്വാസകരം. പക്ഷേ, തൊഴിലാളികള് എന്തെല്ലാം അപകടങ്ങള് വരുത്തിവയ്ക്കുമെന്നു പറഞ്ഞുകൂടാ. ഇക്കാര്യത്തില് നാട്ടുകാരും അവരുടെ പിന്നിലാവും. അവരെ താങ്ങിനിന്നാല് സര്ക്കാര് വെറുക്കും. സര്ക്കാരിനെ താങ്ങിയാല് നാട്ടുകാര് വെറുക്കും. ഈ സ്ഥിതി വിഷമകരംതന്നെ. ആളുകള്ക്കു പകമൂത്തിരിക്കുകയാണ്. അവരെന്തും ചെയ്യാന് മടിക്കുകയില്ല. അപ്പോഴേക്കും ഗാന്ധിജി ഒരു സത്യാഗ്രഹവും തുടങ്ങി. കുരങ്ങന്ന് ഏണി വെച്ചുകൊടുക്കുകയാണ്. ഒരു മനുഷ്യന് ഇങ്ങനെ വിളിച്ചു പറഞ്ഞു നടന്നതുകൊണ്ടൊന്നും ബ്രിട്ടന് ഭയപ്പെടുകയില്ല. യുദ്ധ കാലമാണ്. അവരാണെങ്കില് ഒരു മരണപ്പോരില് ഏര്പ്പെട്ടിരിക്കുകയുമാണ്. എല്ലാവരെയും വെടിവെച്ചു കൊല്ലും. അങ്ങനെ ഒരു ദുഷ്കര്മവും കൂടി വരുത്തിവയ്ക്കാം, അത്രതന്നെ. കാര്ത്തികേയന്റെ ചിന്തകള് ഇങ്ങനെ രാത്തെയും ലോകത്തെയും വലയംചെയ്തപ്പോള് ശാന്തയുടെ ആലോചനകള് ഒരു വ്യക്തിയുടെ ചുറ്റും സഞ്ചരിക്കുകയായിരുന്നു. അവന് എന്തിനാണ് ഈ ആള്ക്കൂട്ടത്തിന്റെ പിമ്പില് നടക്കുന്നത്? എന്തിന്നവന് മുഖംവെട്ടിച്ചു നടന്നുകളഞ്ഞു? ഹൗ! എന്തു ധിക്കാരം?

“എന്താ, ശാന്തേ ആലോചിക്കുന്നത്?”

“അവനെ കണ്ടോ? ആ ആള്ക്കൂട്ടത്തിലുണ്ട്.”

“ആര്?”

“വിശ്വം.”

കാര്ത്തികേയന്റെ മുഖത്ത് ഒരു നിഴല് തിരയടിച്ചുപോയി. അയാള് പെട്ടെന്നിങ്ങനെ പറയുകയും ചെയ്തു: “എല്ലാ തെണ്ടികളും ഒന്നിച്ചു കൂടിയിരിക്കുകയാണ്.”

“ശരിയാണ്. അവന് ചേരുക തെണ്ടികളുടെ കൂട്ടത്തിലാണ്. മാന്യന്മാരുടെയടുത്ത് അവന് പറ്റില്ല.”

“പെട്ടെന്നെന്തേ ഇങ്ങനെ ഒരു ബോധോദയം?”

“അനുഭവംകൊണ്ട്.”

“എന്നുവെച്ചാല്?”

“നിങ്ങളെന്തൊക്കെയോ ധരിച്ചിരിക്കയാണ്. എന്റെ അമ്മയാണ് അവനെ ചോറുകൊടുത്തു വളര്ത്തിയത്. ഏതോ കാനയില് പെറ്റുവീണ ചെക്കനാണത്. നാം വളര്ത്തിയ പട്ടിക്കുട്ടിയോടുപോലും നമുക്കൊരു മമതതോന്നും....”

“അതു നമ്മളെ തിരിഞ്ഞു കടിക്കാതിരിക്കുന്ന കാലത്തോളം.”

“കടിക്കും എന്നു കണ്ടപ്പോള് വടിയെടുക്കാനും ഞാന് മടിച്ചില്ല.”

“ഹേ!” കാര്ത്തികേയന് എഴുന്നേറ്റുനിന്നു: “എന്തുണ്ടായി, ശാന്തേ?”

“അവന് നന്ദികെട്ടവനാണ്, ധിക്കാരിയാണ്. അവന് വിചാരിച്ചു, ഞാന് അവന്റെ കാലിലെ ചെരുപ്പാണെന്ന്. ദയയ്ക്കും സ്നേഹത്തിനും ധിക്കാരം പ്രതിഫലം വാങ്ങാന് ഞാന് തയ്യാറുണ്ടായിരുന്നില്ല. ഞാനവനെ

തോണ്ടിയെറിഞ്ഞു. നിര്‍ദ്ദയന്‍!"

വേനല്‍ക്കാലത്തു നടന്നു തളര്‍ന്നുവന്നതിനുശേഷം ഒരു കുള്‍ഡ്രിങ്ക് കുടിച്ചതുപോലെ, ഈ ശകാരം കാര്‍ത്തികേയന്റെ ഹൃദയത്തിന്റെ അടിവരെ തണുപ്പിച്ചു. അതു പുറത്തു കാട്ടാതെ അയാള്‍ പറഞ്ഞു:

"കണ്ടാല്‍ സാധുവാണെന്നാണല്ലോ തോന്നുക."

"അനുഭവത്തില്‍ നീചനാണെന്നുമാത്രം."

കാര്‍ത്തികേയന്‍ വിശ്വനാഥന്റെ ഗുണം അല്പാല്പം സൂചിപ്പിച്ചു. ശാന്തയെക്കൊണ്ട് അധികമധികം എതിര്‍പ്പിക്കണമെന്നായിരുന്നു അയാളുടെ ഉദ്ദേശ്യം. അതയാള്‍ക്ക് ആശ്വാസം നല്കി; താന്‍ നില്ക്കുന്ന ഭൂമി കൂടുതല്‍ ഉറപ്പുള്ളതാണെന്ന് ബോധ്യപ്പെടുത്തി.

"അവനെ കണ്ടാല്‍ ഇതൊന്നും വിശ്വസിക്കാന്‍ തോന്നുന്നില്ലല്ലോ, ശാന്തേ?"

"ഞാനല്ലായിരുന്നുവെങ്കില്‍ വേദനാകരമായവിധത്തില്‍ അതു വിശ്വസിക്കേണ്ടിവരുമായിരുന്നു... ഭാര്യയെത്തേടി നടക്കേണ്ടിവരുമായിരുന്നു..."

"ഞാന്‍ അവനെ..." കാര്‍ത്തികേയന്‍ ഷൂ നിലത്തിട്ടൊന്നുരച്ചു.

"അതൊക്കെ വിഡ്ഢിത്തമാണ്. ചെളിയില്‍ തല്ലരുത്. നീളെ തെറിക്കും." ഇതും പറഞ്ഞ് അവള്‍ ചാരിയിരുന്ന ജാലകത്തിന്നുള്ളിലൂടെ നോക്കി. പ്രശാന്തമായുറങ്ങുന്ന വയലുകളും ഉറക്കംതൂങ്ങിനില്ക്കുന്ന കുന്നുകളും അവ കടന്നുപോവുകയാണ്. പുഞ്ചപ്പാടത്തിന്നു നടുവില്‍ രണ്ടേത്തങ്ങള്‍ ഒപ്പം പൊന്തുകയും താഴുകയും ചെയ്യുന്നു. ഒരു ീയും പുരുഷനും ചേര്‍ന്നുനിന്ന് തേവുകയാണ്. അല്പാല്പം ഇളകുന്ന ഏത്തക്കാലിന്റെ തുഞ്ചത്ത് ഒരു പൊന്മ നിര്‍ഭയനായിരുന്നു സര്‍ക്കസ്സഭ്യസിക്കുന്നുണ്ട്. കുളത്തിലെ വെള്ളം തേവിക്കലങ്ങുന്നതു നല്ലതാണവന്ന്. തന്റെ വേട്ടയാരംഭിക്കാം. ശാന്തയ്ക്ക് ആ പൊന്മയുടെ പേരില്‍ ഇമ്പംതോന്നി. അവള്‍ തിരിഞ്ഞുതിരിഞ്ഞ് അതിനെ നോക്കി. അകന്നകന്ന് ഒരു പച്ചപ്പൊട്ടു പോലെയായി അതു മറഞ്ഞു.

കരളില്‍ പുതിയ പുതിയ കുമ്പുകള്‍ തിരിയിടുന്നു. ക്രൂരവും ആഹ്ലാദകരവുമായ ഒരു പ്ലാന് മനസ്സില്‍ ഒറക്കുടിവരുമ്പോഴുണ്ടാവുന്ന അസാധാരണമായ ആഹ്ലാദം അവളുടെ മുഖത്തു തെളിഞ്ഞു. ശത്രുക്കോട്ടയിലേക്ക് ഒരു വെടിപ്പഴുതു കണ്ടെത്തിയ ഒരു പടനായകന്റെ മന്ദസ്മിതം. അവള്‍ കാര്‍ത്തികേയന്റെ അടുത്തു കിടന്നിരുന്ന വര്‍ത്തമാനപത്രമെടുത്തു വായിച്ചു. ടൈംബോംബിനെപ്പറ്റിയുള്ള ഒരു ദീര്‍ഘവിവരണത്തിലൂടെ അവളുടെ കണ്ണുകള്‍ സഞ്ചരിച്ചു; കാര്‍ത്തികേയന്റെ കണ്ണുകള്‍ അവളുടെ മുഖത്തും.

ഉച്ചയായി അവര്‍ വീട്ടില്‍ച്ചെന്നുകയറിയപ്പോള്‍. നമ്പിടി ഒരു ചന്ദന മുട്ടിപോലെ, നിശ്ചലനായി കിടക്കുന്നു. തലയ്ക്കല്‍ത്തന്നെയിരിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യ. മകനെ കണ്ടപ്പോള്‍ അവര്‍ തേങ്ങിത്തേങ്ങിക്കരഞ്ഞു. ശാന്ത തികഞ്ഞ ചാതുര്യത്തോടെ അവരെ പറഞ്ഞു സമാധാനിപ്പിച്ച്, മറ്റൊരു

മുറിയിലേക്ക് കൂട്ടിക്കൊണ്ടുപോയി.

ഒരു മണിക്കൂര് കഴിഞ്ഞു. വൈദ്യന് വന്നു പരിശോധിച്ചു. അയാള് നിശ്ശബ്ദനായി വെളിയിലേക്കു കടന്നപ്പോള് കാര്ത്തികേയന് പിന്തുടര്ന്നു ചെന്നു ചോദിച്ചു:

“എന്താ?”

“വന്നതു നന്നായി. സൂക്ഷിക്കണം. ഗ്ലിക ചാലിച്ച വെള്ളംകൊണ്ടു കൂടെക്കൂടെ ചുണ്ടു തടവിക്കൊടുക്കു. എങ്കില് കഫത്തിന്റെ അസ്കൃത ഉണ്ടാവില്ല.”

വൈദ്യന് പോയി. കാര്ത്തികേയന് ആലോചിച്ചു:

‘ഞാന് ഒറ്റപ്പെടുകയാണ്. എല്ലാ ഭാരവും ചുമലില് വന്നു വീഴുന്നു.’

അന്നു മുഴുവന് നമ്പിടി അതേവിധം കിടന്നു. പിറ്റേന്നു സംഗതിയൊന്നു വ്യത്യാസപ്പെട്ടു. ആ കിടപ്പു മൂന്നു ദിവസം തുടര്ന്നു. കടകോലില് ചുറ്റിയ കയര്പോലെ, ശ്വാസം മേല്പോട്ടും കീഴ്പോട്ടും സഞ്ചരിക്കുകയാണ്. ജീവനും ദേഹവുമായി ആ നെഞ്ചില്വെച്ച് ഒരു സമരം നടക്കുന്നു. ഓടുകയും പിടിച്ചുവെക്കുകയും കുതറിയോടുകയും വീണ്ടും പിടിച്ചുവെക്കുകയും. ഭ്രമിയുടെ ദ്വധാശ്ലേഷത്തില്നിന്നും വേര്പെടാന് ശ്രമിക്കുന്ന ഒരാത്മാവ്. നേത്യാരമ്മ കൂടെക്കൂടെ നിറഞ്ഞ കണ്ണുകളോടെ ആ വാതില്ക്കല് വന്നുനിന്നു നോക്കി. തള്ളിവരുന്ന കരച്ചില് അടക്കാന് വയ്യാതാകുമ്പോള് അവര് അടുത്ത മുറിയിലേക്കുപോയി കമിഴ്ന്നുകിടന്നു തേങ്ങി. ഒരു വിധവ ജനിക്കുകയാണ്. ശാന്ത ആ വിധവയുടെ പുറം തടവിക്കൊടുത്തു.

ബന്ധുക്കള് വന്നു, അയല്പക്കക്കാര് വന്നു. ആ ഗ്രാമത്തിന്റെ താഴികക്കുടം അടര്ന്നുവീഴുകയാണ്. എല്ലാവരും നോക്കിനിന്നു. ആ കൈപ്പടമൊന്നു പൊന്തിയാല് ആ ദേശത്ത് എന്തും സംഭവിച്ചിരുന്നു. ഇന്ന് അതു ശുഷ്കിച്ച്, എടുകാലിയെപ്പോലെ, കിടക്കയില് പറ്റിക്കിടക്കുന്നു. തലയ്ക്കല് നിറകതിര് പൊഴിച്ചുനില്ക്കുന്ന കുറ്റന് നിലവിളക്കിന്നും നമ്പിടിക്കും തമ്മില് ഒരു വ്യത്യാസമേയുള്ളൂ: വിളക്കില് എണ്ണ തീരുമ്പോള് ഒഴിക്കാം. അദ്ദേഹം പടുതിരി കത്തുകയാണ്. ഉച്ചതിരിഞ്ഞപ്പോള് ആ ശ്വാസഗതി നിലച്ചു, എന്നെന്നേക്കുമായി.

ഒരൊറ്റ രോദനം--ഒരു വധു മരിച്ചുപോയി! അമര്ത്തിക്കടിച്ച ചുണ്ടുമായി കാര്ത്തികേയന് പുറത്തേക്കു കടന്നു. ശാന്ത ആ പോക്കു നോക്കിനില്ക്കുകയാണ്. അയാള് അവളുടെ മുഖത്തേക്കും ഒന്നു നോക്കി. കുരിശുട്ടുത്തുവെച്ച ഒറ്റത്തിരിപോലെ, അവള് ആ ഇടനാഴിയില് നിന്നു. എല്ലാ മുറിയുടെയും വാതില് ആ ഇടനാഴിയിലേക്കാണ്.

* പ്ണാത്തി, ഇല്ലത്തെ ദാസി.

പ്രപഞ്ചം പിന്നെയും തളിര്ക്കുന്നു

ഒന്ന്

യുദ്ധമാരംഭിച്ചപ്പോള് പലരും അതത്ര കാര്യമായി എടുത്തില്ല. യൂറോപ്പില് ഏതോ ചില രാജ്യക്കാര് ഏതോ ചില രാജ്യക്കാരുമായി യുദ്ധം വെട്ടാന് പോകുന്നു. തങ്ങള്ക്കതില് കാര്യമൊന്നുമില്ലെന്നായിരുന്നു അവരുടെ ധാരണ. 'അപ്പഹേരയ്ക്ക് പിരാന്താണ്. തമ്മില് തലബെച്ചു മുട്ടൂടട്ടെ' എന്നാണ് മരയ്ക്കാര് പറഞ്ഞത്. ഹസ്സനും തോന്നി, അപ്പറഞ്ഞതു ശരിയാണെന്ന്. വലിയ വലിയ രാജാക്കന്മാര് തമ്മില് ഇടയ്ക്കിടയ്ക്ക് യുദ്ധം ചെയ്യുമെന്നും അങ്ങനെ യുദ്ധം ചെയ്യാമെന്നതാണ് രാജാക്കന്മാര്ക്കുള്ള ഒരു യോഗ്യതയെന്നും ഹസ്സന് ധരിച്ചുവെച്ചിരുന്നു. ഒരു സുല്ത്താന് മറ്റൊരു സുല്ത്താനെ കീഴടക്കും. കീഴടങ്ങിയവന് കപ്പം കൊടുക്കുകയും വേണം --ഇതായിരുന്നു യുദ്ധത്തെപ്പറ്റി അവനുള്ള ബോധം. അതുകൊണ്ട് അവന് മരയ്ക്കാരോട് തനിക്കും യുദ്ധത്തെ സംബന്ധിച്ചു സ്വല്പം വിദ്യാഭ്യാസമുണ്ടെന്നു ധരിപ്പിക്കാന്വേണ്ടി ഇങ്ങനെ പറഞ്ഞു:

"സുല്ത്താന്മാരു രാജ്യം പുടിക്കാന് നോക്ക്വാ!"

"ഏതു സുല്ത്താനാ?" മരയ്ക്കാര് ചോദിച്ചു.

"ഏതെങ്കിലും സുല്ത്താന്മാര്. ഓലക്കല്ലോ യുത്തം?"

ഇതു കേട്ടപ്പോള് മരയ്ക്കാര് പൊട്ടിച്ചിരിച്ചു. ഹസ്സന്റെ രാ ീയമായി യാതൊരു വിജ്ഞാനവുമില്ലെന്ന് അവന്റെ മനസ്സിലായി.

"എട ഹമ്ക്കേ, ഇക്കാലത്തുണ്ടോ സുല്ത്താന്മാര്?"

"പിന്നെ ആരാ യുത്തം ചെയ്യുന്നത്?" ഹസ്സന് ചോദിച്ചു.

മരയ്ക്കാര് സ്വല്പനേരം ആലോചിച്ചു. ഹസ്സനെന്ന ഈ അജ്ഞനെ എങ്ങനെ പറഞ്ഞു മനസ്സിലാക്കും? ശിഷ്യന്റെ അറിയാവുന്നോടത്തുനിന്നു വേണമല്ലോ ഗുരുനാഥന് തുടങ്ങാന്. അന്താരാ ീയ കാര്യങ്ങളെക്കുറിച്ചു തനിക്കു സ്വല്പം വിവരമുണ്ടെന്നു മരയ്ക്കാര്ക്കറിയാം. അതു മനസ്സിലാക്കത്തക്ക ബുദ്ധിവികാസം കൂട്ടുകാരനില്ലാതെയാണിരിക്കുന്നത്. എന്നാലും ഒന്നു ശ്രമിക്കാന്തന്നെ മരയ്ക്കാര് ഉറച്ചു. തന്റെ ഈ വിജ്ഞാനമെല്ലാം ഹസ്സനോടല്ലെങ്കില് പിന്നെ ആരോടു പറയാന്? അവന് തലയൊന്നു ചെരിച്ചുപിടിച്ചുകൊണ്ട്

ഹസ്സനോടൊരു ചോദ്യം:

“ജ്ജ് പതിന്നാലാം നമ്പറ് ബെളക്ക് കണ്ടടക്ക്ണോ?”

“കണ്ടടക്ക്ണ്!”

ആ തുക്കുവിളക്കിന്റെ ചുറ്റും ആളിക്കളിക്കുന്ന വര്‍ണ്ണബഹുലമായ സ്ഫടികത്തൊങ്ങലുകള് ഹസ്സന്റെ മനസ്സില് ആടിക്കളിച്ചു. വിദ്യുദ്ദീപങ്ങള് അവയെ സ്ഥാനഭ്രഷ്ടങ്ങളാക്കിയിട്ടുള്ളതു പട്ടണത്തില്മാത്രമാണ്. ഇന്നും അയല്ഗ്രാമങ്ങളിലെ കല്യാണസദ്യയ്ക്കും സുന്നത്തുകല്യാണത്തിന്നും മറ്റും പോകുമ്പോള് അത്തരം വിളക്കുകള് അവന് കാണാറുണ്ട്. അവയുടെ വെളിച്ചത്തെക്കാള് അവയ്ക്ക ചുറ്റും തൂങ്ങുന്ന തൊങ്ങലുകളാണ് അവനെ ആകര്ഷിച്ചതെന്നുമാത്രം. അപ്പോഴൊക്കെ ‘ഇബ്ബെളക്ക് തറബാടിയാ!’ എന്ന് അവന് വിചാരിച്ചിട്ടുമുണ്ട്. അതുകൊണ്ട് മരയ്ക്കാര് ചോദിച്ചപ്പോള് അവന് നന്നെ ആദരവോടെയാണ് പറഞ്ഞത്: കണ്ടടക്ക്ണ്!

“അബ്ബെളക്ക് എബട്യാ ഉണ്ടാക്ക്ന്ന് അനക്കു തിരിയോ?”

“ബെള്ളക്കാരന്റെ യാജ്യത്ത്.”

“ജ്ജ് ഒരു ഹമക്ക് തന്ന്യാ! ‘ബെള്ള’ക്ക് യാജ്യം എത്തിര ഉണ്ട്? അതിലേത് യാജ്യത്താ ഇബ്ബെളക്ക് ഉണ്ടാക്ക്ന്ന്?”

ഹസ്സന് തോറ്റു. അവന്റെ അറിവില് ‘വെള്ള’യ്ക്കെല്ലാംകൂടി ഒരു രാജ്യമേ ഉള്ളൂ --- ശീമ!

“പറയ്!” മരയ്ക്കാര് ഒരു സ്കൂള്മാസ്റ്ററെപ്പോലെ തുടര്ന്നു.

“തിരീല്ല.”

“യര്മ്മന്കാരന്റെ യാജ്യത്താ ഈ ബെളക്ക് ഉണ്ടാക്ക്ന്ന്.”

ഹസ്സന്റെ കണ്ണുകള് വിടര്ന്നു. ഇത്തരം സ്ഫടികത്തൊങ്ങലുകളോടുകൂടിയ വിളക്കുകള് നിര്മ്മിക്കുന്ന ആ രാജ്യക്കാരെ അവന് അകമേ അഭിനന്ദിച്ചു.

“ആ യര്മ്മന്കാരനും ബ്രിട്ടീസ്കാരനും തമ്മിലാ പോര്. അബടെ ഇപ്പോ സുല്ത്താനൊന്നും ഇല്ല.” മരയ്ക്കാര് പറഞ്ഞു.

“അപ്പൊപ്പിന്നെ ആരാ പരിക്ക്ണ്?” ഹസ്സനൊരു ശങ്ക.

“യാജ്യക്കാര്തന്നെ.”

“ആരെ?”

“യാജ്യക്കാരെത്തന്നെ!”

“മരയ്ക്കാരേ, ജ്ജ് ഞമ്മളെ കളിപ്പിച്ചാ? അത്തിര പോയത്തക്കാരനാക്കല്ലേ!”

ജനാധിപത്യത്തെപ്പറ്റി തനിക്കുള്ള ജ്ഞാനം മുഴുവന് വിളമ്പാനുള്ള സന്ദര്ഭം മരയ്ക്കാര്ക്ക് കിട്ടിയിരിക്കുന്നു. സ്വല്പമൊരു തലയെടുപ്പോടുകൂടിത്തന്നെ അവനതു വിവരിച്ചു. തെരഞ്ഞെടുപ്പ്, വോട്ട്, വോട്ടര് തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ഒരു ചെറുപ്രസംഗംതന്നെ ചെയ്തു. ഹസ്സന് കണ്ണുംതുറിച്ചുനിന്നു കേട്ടു. മരയ്ക്കാരുടെ വാചാലത അവനെ അത്ഭുതപ്പെടുത്തുകയായിരുന്നു. ഇതെല്ലാം മരയ്ക്കാര് എങ്ങനെ

മനസ്സിലാക്കുന്നു? ഇതേവിധം മറ്റൊരാളുടെ മുമ്പില്നിന്ന് സ്വല്പം പ്രസംഗിക്കണമെന്ന് അവനും ആഗ്രഹം തോന്നി.

മരയ്ക്കാര് പറഞ്ഞു കയറുകയാണ്. അതിന്നിടയില് ഹസ്സന്നൊരു സംശയം:

"ചോയിച്ചോട്ടെ."

"ചോയിക്ക്!" മരയ്ക്കാര് അവന്ന് അവസരം കൊടുത്തു--തന്നോടല്ലാതെ ഈ മരത്തലയന് ആരോടു ചോദിക്കാന് എന്ന ഭാവത്തില്.

"അച്ചീമക്കാരന്തന്നെയല്ലേ ഞമ്മളീം പരിക്കുന്ന്? ഓന് എന്തിരുത്താ ഞങ്ങളെ പരിക്കാന് ബിടാത്തത്?"

"ബില്ലാക്കൊളത്തൊക്കെ അതിമ്പലല്ലേ! അതാണിപ്പോ ശോദ്യം! അബടെ ഒരു താപ്പും ഇബടെ ബേറിട്ടൊരു താപ്പും പാടുണ്ടോ?"

"ഓനെന്തിരുത്താ അയിന് ബദല്?"

"ഞമ്മക്ക് പരിക്കാന്നുള്ള ഒജ്ജത്തായിട്ടില്ലാന്ന്."

"അത്പ്പോ നേരല്ലേ, മരയ്ക്കാരേ? ഞമ്മക്ക് പതിന്നാലാം നമ്പര് ബൈളക്കുണ്ടാക്കാന് കയീന്നുണ്ടോ?"

"ബൈളക്ക് മാത്തിരല്ല, തോക്കും ബീമാന്നും പട്ടാളും ഒന്നും ഞമ്മക്കില്ല. പക്കെങ്കില്, ഈ ചീമക്കാരന് ഇതൊക്കെ ഉണ്ടാക്കി ബെച്ചിട്ടേ പരിച്ചത്? പരിച്ച് പരിച്ച് ഒക്കെ ഉണ്ടാക്കി."

"ഞമ്മക്ക് ബൈള്ളേന്റെ മാതിരി കയ്യോ, മരയ്ക്കാരേ?"

"ഞമ്മക്ക് ഒരു ചാന്നീസ് തരട്ടെ."

"അപ്പറഞ്ഞതു നായാ."

"ആ നായം ഓന് കേക്കാത്തപ്പൊ, ഓന്റെ യുദ്ധത്തിന്റേം ഹലാക്കിന്റേ നായം ഞമ്മളെന്തിനാ കേക്ക്ന്ന്? ഈ യുദ്ധത്തില് ഞമ്മക്കിപ്പോ ഒരു കാര്യം ഇല്ലാന്ന് കൂട്ടിക്കോ. ഓല് യാജ്യം പുടിച്ചാലും ബിട്ടാലും ഞമ്മക്ക് ഈ മരം ഉന്തല്തന്നെ. ഏത്?"

മരയ്ക്കാര് പറഞ്ഞതെല്ലാം ഹസ്സന്നു സമ്മതമായിത്തോന്നി. യുദ്ധകാര്യത്തില് തങ്ങള്ക്കു ശ്രദ്ധിക്കേണ്ട കാര്യമൊന്നുമില്ല. വെള്ളക്കാരനും വെള്ളക്കാരനും തമ്മിലാണ് യുദ്ധം. കറുത്ത മനുഷ്യന്ന് ഇതിന്നിടയില് ചാടിവീഴേണ്ട ഒരാവശ്യവുമില്ല.

അവന് മരത്തടികളുന്തിക്കൊണ്ടേയിരുന്നു. എന്നാല്ല, ജോലി പണ്ടത്തേക്കാള് വര്ദ്ധിക്കുകയാണ്. മരത്തിന്നു വെച്ചടിവെച്ചടി വിലകയറുന്നു. കയറ്റമതി ജാസ്തിയാവുന്നു. ആവശ്യക്കാര് കൂടിക്കൂടി വന്നു. പണ്ടൊക്കെ മരത്തിന്റെ ഗുണത്തിന്നും തരത്തിന്നും പ്രാധാന്യമുണ്ടായിരുന്നു. ഇന്ന് ഏതുതരം മരത്തിന്നും ഓര്ഡര് കിട്ടുന്നു. മരമെന്ന പേരിലുള്ള എന്തിന്നും നല്ല വില. ധാരാളം പണി; കൂലിയും ജാസ്തി കിട്ടി. ഇതിന്റെ കാരണം ഹസ്സന്നു മനസ്സിലായില്ല. അവന് മരയ്ക്കാരോടു ചോദിച്ചു:

"മരത്തിന്നു നല്ല ബലിവുണ്ടല്ലോ. ഇച്ചേലിക്കൊരു ബലിവ് ബരാന്?"

"അനക്ക് കണ്ണും മൂക്കും ഇല്ലേ, ഹസ്സനേ?" മരവണ്ടി ഉന്തുന്നതിന്നിടയില്

മരയ്ക്കാര് പറഞ്ഞു: “ഒരു വമ്പന് യുത്തല്ലേ നടക്ക്ന്ന്!”

“മരത്തടി എടുത്ത്ട്ടാ ഇപ്പോ യുത്തം?”

“ഇപ്പളത്തെ യുത്തത്തിന്ന് എല്ലാം വേണം. യുത്തം എന്നര പറേന്ന ഇബ്‌ലീസിന്റെ പള്ളേല് പൊഗ്ഗാത്തതൊന്നും ഇല്ല. കല്ലും മുള്ളും മര്രും ചവറും ബെത്തിലച്ചമ്പലും ഒക്കെ അപ്പള്ളേല് കയറും.”

ഇതു കേട്ടപ്പോള് ഹസ്സനു സന്തോഷമാണു തോന്നിയത്. മരത്തിനിങ്ങനെ വിലകയറാനും കൂലി വര്ദ്ധിക്കാനും ഇടയാക്കിയ യുദ്ധം കൊള്ളാവുന്ന ഒരേര്പ്പാടുതന്നെ! അവന് മരയ്ക്കാരോടു പറയുകയും ചെയ്തു.

“പഹേര് യുത്തം നിര്ത്തണ്ട. ഞമ്മളെപ്പോലെ ഉള്ള മിഷ്കിമ്മാര്ക്ക് ന്നാലേ കൊണം ഉള്ളു.”

“അതു ഞമ്മക്കു ബയ്യേ കാങ്ങാം.” മരയ്ക്കാരും പറഞ്ഞു.

പതുക്കെപ്പതുക്കെ ഹസ്സനും അതു കണ്ടു. അനുഭവങ്ങള് പുതിയ പാഠങ്ങള് നല്കുകയാണ്. സാധനങ്ങള്ക്കെല്ലാം വാണംപോലെ വില കയറുന്നത്. കൂലി കയറുന്നതിന്റെ പത്തിരട്ടി വേഗത്തിലാണ് വില കയറുന്നത്. ചില സാധനങ്ങളൊന്നും വില കൊടുത്താല്തന്നെ കിട്ടാനില്ല, സുല്ത്താന്മാരുടെ യുദ്ധംകൊണ്ടു വില കയറിയതായി അവന് കേട്ടിട്ടില്ല. എങ്ങാണ്ടോ ഒരു യുദ്ധം നടക്കുന്നതിന്ന് ഇവിടെയെന്തിനു സാധനങ്ങള്ക്കു വിലകയറുന്നു? കൂലി വാങ്ങുമ്പോള് അവനു സന്തോഷം തോന്നും. അത്രയുമധികം സംഖ്യ അവന്ന് എന്നും കിട്ടിയിട്ടില്ല. പക്ഷേ, ആ സംഖ്യ മുഴുവനും കൊടുത്താലും, പണ്ടത്തെപ്പോലെ സാധനങ്ങള് കിട്ടുന്നില്ല. ‘ഇപ്പഹേര് പുടിച്ച് പറിച്ചാണോ!’ അവന് പീടികക്കാരെ പിരാകി. നാലു കാശു കൈയില് വരുമ്പോഴേക്കും അതൊക്കെ പീടികക്കാര് തട്ടിയെടുക്കുന്നു. ഓട്ടപ്പാത്രത്തില് വെള്ളം വീഴുന്നതുപോലെയാണ് അനുഭവം. ഒരു ദിവസം കൂലി വാങ്ങിയിട്ട് അവന് കടയില് കയറി. ഒരു കിണ്ടനും തോര്ത്തും വാങ്ങണം. രണ്ടും വാങ്ങിക്കഴിഞ്ഞപ്പോള് ആ ആഴ്ചയിലെ കൂലിയുടെ പകുതിയും പോയി. അവന് ശ്വാസിയെടുത്തു:

“ഹമ്ക്കുകള്! ഇബറ്റെയൊക്കെ സെയ്ത്താന് പുടിച്ചും!”

“ആരെ?” പിമ്പില്നിന്നൊരു ചോദ്യം. തിരിഞ്ഞുനോക്കിയപ്പോള് നാറാണപിള്ള ചിരിച്ചുകൊണ്ടു നില്ക്കുന്നു.

“ഈ പൂട്യേക്കാര് ഇബിലീസ്കളെത്തന്നെ!”

“അവന്മാര് ചെയ്ത്താനെ അങ്ങോട്ടു പിടിക്കും. എന്തോന്നാ കാര്യം?”

“ഈ കിണ്ടനും തുണ്ടും നോക്കിന്ന്.”

“നോക്കി.”

“ഇതിന്ന് ആയിച്ചക്കുലിലില് പകുതിം കൊടുത്ത്.”

“മുഴുവനും ചോദിക്കാത്തത് അവരുടെ ദയ. യുദ്ധമല്യോ നടക്കുന്നത്!”

“യുത്തത്തിന് എന്തിനാന്നും തുണി? വെള്ളീം കരിമ്പടൂം ബിരിച്ച് അതിമ്മലു നിന്നിട്ടോ യുത്തം?”

“യുദ്ധം ഒരു തമാശക്കാരനാണ്, അനിയാ!”

“ഇതു കൊടുമായ തമാഷതന്നെ.”

“അതേ. കൂലികൂട്ടാതെ ജീവിക്കാന് വയ്യാ. കൂലി കൂട്ടിയാല് സാധനത്തിന്റെ വിലകയറും. സാധനത്തിന്റെ വില കയറിയാല് കൂലി കൂട്ടണം ഇതൊരു ചക്രം തിരിച്ചിലല്ല്യോ?”

നാറാണപിള്ളയുടെ ആ സാമ്പത്തിക തത്ത്വശാ ം ഹസ്സന്ന് ഒട്ടും പിടിച്ചില്ല. പക്ഷേ, മറുപടി പറയാനറിയാത്തതുകൊണ്ട് മനസ്സില് കുറേശ്ശ തെറിയും പറഞ്ഞുകൊണ്ട് അവന് മിണ്ടാതെ നടന്നു.

നാറാണപിള്ള തുടര്ന്നു: “നമുക്കു വേണ്ടിയിട്ടില്ല്യോ അവര് യുദ്ധം ചെയ്യുന്നത്!”

“ഒലക്ക! ഞമ്മള് പറഞ്ഞീര്ന്നൊ?” ഹസ്സന്നു ശ്രുണ്ടി ഒതുക്കാന് കഴിയുന്നില്ല.

“ഇതുവരെ പറഞ്ഞില്ലെങ്കില് ഇനിയങ്ങോട്ടു പറയണം.”

“മനസ്സില്ല.”

“ബലേ! ഇത് ഈ നാട്ടിലുള്ളവരെല്ലാം ചേര്ന്ന് ഉറക്കെയങ്ങു പറയാമോ, അപ്പോള് കളിയൊന്നു മാറും.”

“ഇങ്ങനാണെന്ന് ബെച്ചാല്, എല്ലാരും പറയും.”

“ക്ഷമിക്ക്.” നാറാണപിള്ളയും എന്തോ ആലോചിച്ചുകൊണ്ടു നടന്നു. അയാള് കൂടക്കൂടെ ഇങ്ങനെ മൂളുകയും ചെയ്തു:

“അടിച്ചുമാടിയ മണപ്പുറത്തന്നു
മുളച്ചുപൊന്തിയ കുമ്പളം! .....”

പിരിഞ്ഞുപോകേണ്ട കവലയിലെത്തിയപ്പോള് നാറാണപിള്ള മടിയില്നിന്നു മുറുക്കാന്പൊതിയെടുത്തുകൊണ്ടു പറഞ്ഞു:

“ഹസ്സനേ, നമുക്കൊന്നു മുറുക്കിപ്പിരിയാം.”

രണ്ടുപേരും മുറുക്കി. നാറാണപിള്ള പതിവിന്പടി ‘വണ് ആന്റ് ഹാഫ്’ അടിക്കുവാന് ഷാപ്പിലേക്കു നടന്നു; ഹസ്സന് ഹോട്ടലിലേക്കും.

അന്ന് ഉറങ്ങാന് കിടന്നപ്പോള് ഹസ്സന് പലതും ആലോചിച്ചു. കൂലി ജാസ്തിയായപ്പോള് അവന്നു ചില മനോരാജ്യങ്ങളുണ്ടായിരുന്നു. നാലു പണം സമ്പാദിക്കണം. പുതുതായി ഒരു പുര തീര്ക്കണം. അങ്ങനെ പലതും. പക്ഷേ ഒന്നും നടന്നില്ല. ആലോചിച്ചുനോക്കിയപ്പോള് നാറാണ പിള്ള പറഞ്ഞതു ശരിയാണെന്നു തോന്നി; യുദ്ധം ഒരു തമാശക്കാരനാണ്!

തന്നെയും ലോകത്തെയും മരയ്ക്കാരെയും ഖദീജയെയും മറ്റും മറ്റും പറ്റി വിചാരിച്ചുകൊണ്ട് അവന് ഉറങ്ങി.

പിറ്റേന്നു കാലത്തെഴുന്നേറ്റത്, അലവിക്കാക്കയെ കണികണ്ടുകൊണ്ടാണ്. അടയ്ക്കക്കച്ചവടക്കാരനായ അയാള് പതിനഞ്ചു നാഴിക നടന്നാണ് വരുന്നത്. തനി ഉള്നാടനാണ് മൂപ്പര്, ഹസ്സന്റെ ഇളാപ്പാന്റെ അയല്ക്കാരനാണ്. അക്കാരണംകൊണ്ട്, പട്ടണത്തില് വന്നാല് ഹസ്സനെ ഒന്നു കാണും. ഹസ്സന് ഒരു ‘ആപ്പും കടിയും’ സത്കരിക്കും. അതും കടിച്ചു നാട്ടിലുള്ള വര്ത്തമാനമെല്ലാം

പറഞ്ഞു തിരിച്ചുപോകും. അരോഗദൃഢഗാത്രനായ ആ മനുഷ്യന് മൂന്നു പെണ്ണുകെട്ടുകയും എല്ലാ ഭാര്യമാരിലും പക്ഷഭേദം കൂടാതെ ധാരാളം സന്താനങ്ങളെ ഉത്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തവണ അയാള് വന്നത് ഒരു പുതിയ വര്ത്തമാനവുമായിട്ടാണ്:

"ഞമ്മടെ മോന് മരക്കാരുട്ടീം ഇങ്ങടെ എളാപ്പാന്റെ മോന് മൊയ്തുണ്ണീം പാടെ പോയിക്കടക്ക്ണ്."

"എങ്ങോട്ട്?" ഹസ്സന് ചായഗ്ലാസ് താഴെ വെച്ചുകൊണ്ട് ചോദിച്ചു.

"യണ്ടാളും പോയി പട്ടാളത്തിച്ചേര്ന്ന്."

"ഹള്ളോ!"

"എന്തേയ്?"

"എളാപ്പാന്റെ മകന് മൊയ്തുണ്ണി?"

"തന്നോന്നും."

ഹസ്സന് അമ്പരന്നിരുന്നുപോയി. ദിവസേന ഒരിടങ്ങഴിയരി ചെലവാക്കാനല്ലാതെ അവനെ ഒന്നിനും പറ്റുമെന്ന് ഹസ്സന് വിചാരിച്ചിട്ടില്ല. തനിക്കൊരു തൊഴിലുണ്ടാക്കിക്കൊടുക്കണമെന്നു പലതവണ മൊയ്തുണ്ണി ഹസ്സനോടു പറഞ്ഞിട്ടുണ്ട്. വയറു നിറയെ ചായയും ചോറും നാലണ പോക്കറ്റ്മണിയും കൊടുത്ത് അവനെ തിരിച്ചയയ്ക്കുകയാണ് അപ്പോഴെല്ലാം ചെയ്തിട്ടുള്ളത്. ചോറുംതിന്ന്, പല്ലിന്നിടയും കുത്തി ഇരിക്കും; അവനെ കണ്ടാല്ത്തന്നെ ആരും ജോലി കൊടുക്കില്ല. ആ മൊയ്തുണ്ണി പട്ടാളത്തില് ചേര്ന്നുവെന്ന്.

"ഇങ്ങക്ക് ബിസ്വാസായില്ലേ?" അലവിക്ക ചോദിച്ചു.

"അതിസയം! ഓനവിടെപ്പോയിറ്റ് എന്തിരുത്താന്നും ശെയ്യാ?"

"കൂട്ടത്തിലൊക്കെ അങ്ങു സരിപ്പെടും. എന്റെ മോന് മരക്കാരുട്ടീം ഒരു മടയനാ. പക്കെങ്കില്, അവറ്റയ്ക്ക് നാളെപ്പിറ്റേന്നോക്ക് കൊണം കിട്ടും. ഞമ്മടെ ബള്ളായിക്കാരന് അയത്രമാനിക്കാന്റെ മോന് ഇല്ലേ, ഏട് കനി സേബള് പക്രൂ---ഓന് കനിസേബളായത് എങ്ങനെ? കയിഞ്ഞ യുത്തത്തില് പോയിറ്റല്ലേ? അര്ക്കത്തുള്ള തടിയായതുകൊണ്ട് എന്റെ മോനും ഏട് കനിസേബളാകാനാ ബയ്യി, പക്കേങ്കില്, റജി ാപ്പീസിലെ സിപ്പായി ആയീന്നും ബരും. എന്നാലും മോസം ഇല്ലല്ലോ...."

യുദ്ധാനന്തരകാലഘട്ടം വരെയുള്ള ആ പ്ലാന് കേട്ടുകൊണ്ടിരിക്കുകയാണ് ഹസ്സന്. അവന് ഒന്നും പറഞ്ഞില്ല. അലവിക്ക യാത്രപറഞ്ഞു പിരിഞ്ഞിട്ടും ഹസ്സന്ന് ഈ വാര്ത്തയില്നിന്നു മനസ്സു പറിച്ചെടുക്കാന് കഴിഞ്ഞില്ല. പട്ടാളക്കുപ്പായവും തൊപ്പിയും ബൂട്ട്സും ധരിച്ച മൊയ്തുണ്ണിയുടെ രൂപം മനസ്സില് നിഴലിച്ചപ്പോള് ഹസ്സനു ചിരിവന്നു. മരയ്ക്കാരുടെ വാക്ക് അവന് ഓര്ത്തു: യുദ്ധമെന്ന ഇബിലീസിന്റെ പള്ളയില് കൊള്ളാത്തതൊന്നുമില്ല!

പത്തു ദിവസം കഴിഞ്ഞപ്പോള് ഇതൊരത്ഭുതവാര്ത്തയല്ലാതായി. വണ്ടിക്കാരന് അമ്പു, മസാലിച്ചി, കോയസ്സന്, ചക്കുന്തി നാരായണന്,

കോങ്കണ്ണന് ഔസേപ്പ്, സൈക്കിള്ഷോപ്പിലെ ഫിറ്റര്--അങ്ങനെ പലരും പട്ടാളത്തില് ചേര്ന്നതായി അവനറിഞ്ഞു. ഈച്ചക്കാലന് മാസ്റ്ററുപോലും യുദ്ധത്തിന്ന പോയിരിക്കുന്ന. അടയ്ക്കാത്തുപ്പും ഈച്ചക്കാലന് രാമന്മാസ്റ്ററുമടക്കം സമസ്ത സാധനങ്ങളും മനുഷ്യരും യുദ്ധത്തിന്നാവശ്യമാണെന്ന മനസ്സിലാക്കിയപ്പോള്, യുദ്ധത്തിന്റെ പരപ്പിനെപ്പറ്റി ഹസ്സന്ന് ഏതാണ്ടൊരു ബോധംകിട്ടി. കയത്തില് കിടക്കുന്ന നീരാളിയുടെ കാലുകള് പോലെ, യുദ്ധത്തിന്റെ സ്വാധീനതാവലയം വിസ്തൃതമാകുകയാണ്.

എവിടേക്കു തിരിഞ്ഞാലും യുദ്ധത്തിന്റെ വര്ത്തമാനമേ കേള്ക്കാ നുള്ളു. വര്ത്തമാനക്കടലാസുകള്ക്ക് എന്നുമില്ലാത്തത്ര പ്രചാരം. എല്ലാചായപ്പീടികയുടെ മുമ്പിലും വര്ത്തമാനം വായിക്കാനും വായിച്ചു കേള്ക്കാനും ആളുകള് കൂടി. ഹസ്സനും കൂട്ടത്തില്നിന്ന കേട്ടു. ആഴമുള്ളതല്ലെങ്കിലും പരപ്പുള്ള വിജ്ഞാനം യുദ്ധം അവന്ന സമ്മാനിക്കുകയായിരുന്ന. പണ്ടു കേള്ക്കാത്ത രാജ്യങ്ങളുടെ പേരുകള് അങ്ങനെ കേള്ക്കുന്ന. മ്യൂനിക്, ഡന്മാര്ക്ക് എന്നിങ്ങനെയുള്ള പേരുകള് വല്ല രാജ്യങ്ങള്ക്കുമുണ്ടാകുമെന്ന് അവന് സ്വപ്നം കണ്ടിട്ടുപോലുമുണ്ടാകില്ല. "ഈച്ചേലിക്ക്ള്ള യാജ്യങ്ങളൊക്കെ ഇതേബരെ എബടായിര്ന്ന!" അവന്റെ ലോകം വിസ്തൃതമാവുകയാണ്. പോളണ്ട്, ഹോളണ്ട്, ജര്മ്മനി, ഫ്രാന്സ്--ഈ രാജ്യങ്ങളെപ്പറ്റിയെല്ലാം ആളുകള് സംസാരിക്കുന്ന; അവിടെ നടക്കുന്ന കാര്യങ്ങള്പോലെ, നോക്കിക്കാണുന്ന.

ആക്രമണപ്രത്യാക്രമണത്തെക്കുറിച്ചുള്ള വാര്ത്തകള് വായിക്കാന് ആളുകള്ക്കു വലിയ ഉത്സാഹം. പട്ടാളം, കുന്തമുനപോലെ, മുന്നേറുന്ന; സമരമുഖത്തുവെച്ച്, വിശറിപോലെ, വിടരുന്ന. എന്താണ് ഇതിന്നൊക്കെ അര്ത്ഥം? ഒരു ദിവസം സൈക്കിളില് വെച്ചടിക്കുന്ന വക്കീല്ഗുമസ്തന് രാമന്നായരെ മരയ്ക്കാര് തടഞ്ഞുവെച്ചു: "ഒന്ന ചോയിച്ചോട്ടെ?"

രാമന്നായര് സൈക്കിളില്നിന്നിറങ്ങി. ഒരു താക്കീതു ഹരജിയെങ്കിലുമുണ്ടാകാം.

"എന്താണ്?"

"കുന്തമുനേന്റെ ചേലിക്ക് കേറി, ബിസറിന്റെ ചേലിക്ക് ബീടരാ എന്നും ബെച്ചാല് എന്തിരുത്താ, നായരേ?"

രാമന്നായര്ക്കു കാര്യം മനസ്സിലായി. അയാള് ഒന്ന ചിരിച്ചു.

"മരയ്ക്കാരേ, എനിക്കു കോടതിയിലെ യുദ്ധമേ അറിയൂ." അയാള് വീണ്ടും സൈക്കിളില് കയറി.

ബോംബ് എന്നൊരു സാധനം പട്ടണങ്ങളും ഗ്രാമങ്ങളും ചുട്ടു ചാമ്പലാക്കുന്നുവെന്ന കേട്ടപ്പോള് ഹസ്സന് അല്പമൊരു അമ്പരപ്പുതന്നെയുണ്ടായി. അവന് മരയ്ക്കാരോടു ചോദിച്ചു:

"പഹേര് ഇബടീം കൊണ്ടുബന്ന് ഇട്ടൂട്വോ?"

“ആകാസത്തിന്റെ ബല്ലിച്ച അതിരും ബരമ്പും ഉണ്ടോ, ഹസ്സനേ?
ബിമാനം ഇങ്ങട്ടും പറന്നാടാന്നില്ലല്ലോ.”

മരം തള്ളിനീക്കുന്നതിനിടയില് മരയ്ക്കാര് പറഞ്ഞു. അതു ഹസ്സനെ ആലോചനയിലാഴ്ത്തി. ഈ മരച്ചാപ്പയിന്മേല് ഒരു ബോംബ് വീണാലത്തെ സ്ഥിതി എന്തായിരിക്കും? ഈ കൂടി, അതിന്നപ്പുറത്തെ കൂടി, അതിന്നപ്പുറത്തെ പീടികകള്--എല്ലാം തകരും. അവയ്ക്കകത്തൊക്കെ മനുഷ്യരുണ്ട്. അവരെല്ലാം പെട്ടെന്നങ്ങു മരിക്കുമോ? മുത്തു, കുഞ്ഞലവിയും വീടരും, പരീതും നാലു പിഞ്ചുമക്കളും, കണ്ണപൊട്ടന് സുബ്രഹ്മണ്യന്, ഡ്രൈവര് ജോണും കുടുംബവും, പേറ്റച്ചി തങ്കമ്മയും ഒമ്പതു മക്കളും--ഇവരെല്ലാം ഒരടിക്കു മരിക്കുമോ? കൈയും കാലും കണ്ണും മൂക്കും ചിതറിയ മനുഷ്യക്കോലങ്ങള് അങ്ങിങ്ങു കിടക്കുന്നതായി അവന്റെ ഭാവന കണ്ട് ഒന്നു ഞെട്ടുകയും ചെയ്തു.

ആയിരക്കണക്കില് ആളുകള് മരിക്കുന്നുവെന്ന് ദിവസവും വര്ത്തമാനപത്രത്തില്നിന്നു വായിക്കാറുണ്ട്. അപ്പോഴൊന്നും ഇങ്ങനെയൊരു ഞെട്ടലുണ്ടായിട്ടില്ല. ഒരു സംഘം ചാകുന്നു; മനുഷ്യര് ചാകുന്നുവെന്നു തോന്നിയില്ല.

ഒരു ദിവസം കൈവണ്ടിയും ഉന്തി പോകുമ്പോള് അവന്റെ ശ്രദ്ധ ആകര്ഷിച്ച ഒരു സംഭവമുണ്ടായി; നിരത്തുവക്കത്ത് അപ്പക്കുടിന്റെ ആകൃതിയില് ഒരു പുരയുണ്ടാക്കിയിരിക്കുന്നു. അതിന്നടുത്ത് ഏതാനും പേര് നില്ക്കുന്നുണ്ട്. അവര് ആ അപ്പക്കുടിനെപ്പറ്റിയാണ് സംസാരിക്കുന്നത്.

“വരിവരിയായി നില്ക്കണം. എന്നിട്ട് ഇതാ, ഈ കാണുന്ന വഴിയിലൂടെ ഗ്രഹയിലേക്കിറങ്ങണം.”

“ഇതെന്താ?” ഹസ്സന് ചോദിച്ചു.

“ഷല്ട്ടര്.”

“എന്തിരുത്തിനാ?”

“ബോംബു വീഴുമ്പോള് കിടന്നൊളിക്കാന്. ബോംബിടുവാന് വിമാനങ്ങളടുക്കുന്നതു കണ്ടാല് സൈറണ് മുഴങ്ങും. അപ്പോള് ഛടേന്ന് ഇതിനുള്ളില് കയറി ഒളിക്കണം.”

അയാള് ആ എയര്റേഡ് ഷല്ട്ടറിനെപ്പറ്റി വിശദമായി സംസാരിച്ചു. എല്ലാം കേട്ടു കഴിഞ്ഞപ്പോള് ഹസ്സന് വണ്ടിത്തണ്ടിന്മേല് കൈയൂന്നിക്കൊണ്ടു ചോദിച്ചു:

“അപ്പോ ബോംബു വീഴും എന്നു തീര്ച്ചയായോ?”

“ഇല്ലെന്ന് എങ്ങനെ പറയാം?”

“ഹലാക്കിന്റെ കൊടി!”

ഹസ്സന് വണ്ടിയും വലിച്ചു നടന്നു. വഴിനീളെ അവന് ചിന്തിച്ചു: യുദ്ധം അടുത്തടുത്തുവരികതന്നെയാണ്. ഇന്നു കണ്ടതൊക്കെ കണ്ടു; നാളെ എന്താകുമെന്നു പറയാന് വയ്യ. ചവിട്ടിനിന്നിരുന്ന സ്ഥലം താണുപോയതുപോലെ ഒരു തോന്നല്. അന്ന് അവന് മരയ്ക്കാരോട് ഇതിനെപ്പറ്റിയെല്ലാം സംസാരിച്ചു.

“ബെറുക്കനെ ഇരിക്ക്, ഹസ്സനേ. പടച്ചോന് ബെച്ചചേലിക്ക് ബരും.”

“പക്കെങ്കില്, കയാംനാള് അടുത്തേര്ക്കാ.”

“അതു നിച്ചെയിക്കാനും പടച്ചോനാ, ഞമ്മളല്ല.”

മരയ്ക്കാരുടെ കൂലുക്കമില്ലായ്മയില് ഹസ്സനു സ്വല്പം അത്ഭുതം തോന്നി. പിന്നീട് അവനൊന്നും പറഞ്ഞില്ല. എങ്കിലും അനേകം ചോദ്യങ്ങള് മനസ്സില് പൊന്തിവരുന്നു. അതിനൊന്നും അവന് ഉത്തരം കിട്ടുന്നില്ല. ഉള്ളുതുറന്നു വല്ലതും ചോദിക്കാനുള്ളതു മരയ്ക്കാരോടാണ്. ഒരു സന്ധ്യയ്ക്കു മരയ്ക്കാര് അവനോടു ചോദിച്ചു:

“ഞമ്മക്ക് ഒരു ഥലത്തു പൊഗ്ഗാനുണ്ട്.”

“എബടക്കാ?”

“ജ്ജ് ബാ.”

രണ്ടുപേരും നടന്നു. അവര് ചെന്നു കേറിയതു പട്ടണത്തിന്റെ വടക്കേ അറ്റത്തുള്ള ഒരു പീടികയുടെ മുകളിലാണ്. അവിടെ കുഞ്ഞിരാമനും രാരിച്ചനും വേറെ രണ്ടുമൂന്നു പേരും ഉണ്ടായിരുന്നു. പുകക്കുഴലുപോലത്തെ പിള്ള താടിക്കു കൈയുംകൊടുത്തു നിശ്ശബ്ദനായി ഒരു മൂലയ്ക്കല് എന്തോ വായിച്ചുകൊണ്ടിരിക്കുന്നു. പതുക്കെപ്പതുക്കെ ഓരോരുത്തരായി ആ മുറിയിലേക്കു വന്നുചേര്ന്നു. പിള്ള തലയുയര്ത്തി നോക്കി അവരുടെ ഇടയിലേക്കു വന്നു. അതിനിടയ്ക്ക് ആരോ അന്നത്തെ യുദ്ധാവര്ത്തമാനത്തെപ്പറ്റി എന്തോ പറഞ്ഞു. പിള്ള അന്നത്തെ യുദ്ധാനില വിവരിച്ചു കൊടുത്തു. പിന്നെയും മറ്റാരോ ചോദിച്ചു. അതിനു മറുപടി പറഞ്ഞത് കുഞ്ഞിരാമനാണ്. അവന് സംസാരിക്കാന് തുടങ്ങിയപ്പോള് മരയ്ക്കാര് ഹസ്സന്റെ ചെവിയില് മന്ത്രിച്ചു:

“ഉസറുള്ള ചെക്കനാ! ഓന് ഞമ്മളെപ്പോലുള്ളോര്ക്കു ബേണ്ടിട്ടാനയിക്ക്ന്ന്.”

“ഉ–ം.”

കുഞ്ഞിരാമന് സംസാരിച്ചുകൊണ്ടേയിരുന്നു. യുദ്ധാഫണ്ടിലേക്കു പണപ്പിരിവ് ആരംഭിച്ചതിനെപ്പറ്റി ആരോ പറഞ്ഞു. ഒരു കാര് ലോട്ടറിയിടാന് പോകുന്നതിനെപ്പറ്റിയും ആരോ പറഞ്ഞു.

“ഈ രാജ്യത്തെത്തന്നെ അവര് ലോട്ടറിക്കു വെച്ചിരിക്കുകയല്ലേ?”

“സര്ക്കാരു പറയുന്നതു യുദ്ധാംചെയ്യുന്നതു സ്വാതന്ത്ര്യത്തിനുവേണ്ടിയാണെന്നല്ലേ?” ആരോ ഇടയില് ഒന്നു ചോദിച്ചു.

“എന്നാല്പ്പിന്നെ നമുക്കു സ്വാതന്ത്ര്യം തരാത്തതെന്താണ്?” കുഞ്ഞിരാമന് ചോദിച്ചു: “ചാവേര്പ്പട്ടാളവും പണവും കിട്ടണം. അതിനുവേണ്ടി പറയുന്ന തട്ടിപ്പാണിതെല്ലാം. വെള്ളക്കാരനു സുഖിക്കണം. അതിനു നമ്മുടെ കുട്ടികളെ കൊലയ്ക്കു കൊടുക്കണം.”

കുഞ്ഞിരാമന്റെ സംഭാഷണം നീണ്ടുനീണ്ടുപോയി. അതിടയ്ക്കിടെ ഒരു പ്രസംഗംപോലെയായി; ഇടയ്ക്കിടെ സംഭാഷണമായി മാറി.

ഹസ്സന് നിശ്ശബ്ദനായിരുന്നു കേട്ടു. കുഞ്ഞിരാമന് പറയുന്ന ഓരോ വാക്കും സത്യമാണെന്ന് അവന്നു തോന്നി; സത്യംകൊണ്ടു തിളങ്ങുന്നതായി തോന്നി. മരയ്ക്കാര് ജ്ഞാനം നേടുന്ന മാര്ഗ്ഗവും അവന്നു മനസ്സിലായി. ഈ യുദ്ധം നമ്മുടെ യുദ്ധമല്ലെന്ന് അവന്നു ബോദ്ധ്യമാവുകയാണ്. ആളെക്കൊണ്ടോ പണംകൊണ്ടോ യുദ്ധത്തെ സഹായിച്ചുകൂടെന്നും അവന്നു മനസ്സിലായി വരികയാണ്. സംഭാഷണം പതുക്കെപ്പതുക്കെ ചുരുങ്ങിവന്നു. ഓരോരുത്തരായി വിടവാങ്ങി. മരയ്ക്കാരും ഹസ്സനും കോണിയിറങ്ങിപ്പോന്നു. ഹസ്സന്നു തല നിറഞ്ഞതുപോലെ തോന്നി. അവന് മരയ്ക്കാരോടു പറഞ്ഞു:

"ഒജ്ജാത്തുള്ള ചെക്കനാ!"

"ഓനെ കണ്ടംബെട്ടിയിട്ടാല് അക്കണ്ടം കിടന്നു തുള്ളും; അത്തിര ഉസറാ! പക്കെങ്കില്, ഞമ്മക്ക് ഇക്കാര്യമൊന്നും പുറത്തു മിണ്ടിക്കൂടാ എന്നു കൂട്ടിക്കോ."

കുഞ്ഞിരാമന്റെ വീരസാഹസകൃത്യങ്ങളെപ്പറ്റി മരയ്ക്കാര് ഹസ്സനു ചെറിയൊരു വിവരണം നല്കി. അതവനെ കൂടുതല് ആവേശഭരിതനാക്കി. അതുകൊണ്ടു കുഞ്ഞിരാമന് പറയുന്നതു ശ്രദ്ധിക്കാന്, മരയ്ക്കാരെപ്പോലെതന്നെ, അവനും ഉത്സുകനായി.

മരയ്ക്കാര് സമയം കിട്ടുമ്പോഴെല്ലാം കുഞ്ഞിരാമനെച്ചെന്നു കണ്ട് ഇത്തരം കാര്യങ്ങളെപ്പറ്റി ചോദിച്ചിരുന്നു; പറയാന് കുഞ്ഞിരാമനും വലിയ ഉത്സാഹമായിരുന്നു. ഇടയ്ക്കെല്ലാം മരയ്ക്കാരുടെ കൂടെ ഹസ്സനും പോയി. അവനോടും വളരെ ചങ്ങാതിത്തത്തോടുകൂടിയാണ് കുഞ്ഞിരാമന് പെരുമാറിയത്. അത്രയും പഠിപ്പും വിവരവുമുള്ള ഒരു ചെറുപ്പക്കാരന് ആവിധം സമഭാവനയോടെ പെരുമാറുന്നതു കണ്ടപ്പോള് ബഹുമാനം ഇരട്ടിച്ചു. ഒടുവില്, ഹസ്സന് കുഞ്ഞിരാമനെപ്പറ്റി മരയ്ക്കാരോടു പറഞ്ഞതിങ്ങനെയാണ്:

"അവന് ഞമ്മടെ ഒരു കുട്ട്യാ!"

"തന്നെ; പൊന്നുകുട്ടി!" ആ പൊന്നുകുട്ടിക്കാകട്ടെ, തിരക്കുപിടിച്ച ഒരു കാലഘട്ടമായിരുന്നു അത്. കാലത്തെഴുന്നേറ്റു വീട്ടില്നിന്നു പുറപ്പെട്ടാല്, അര്ദ്ധരാത്രിക്കും ചിലപ്പോള് വീട്ടിലെത്തിയില്ലെന്നുവരും. സര്ക്കാര് വിവിധ രംഗങ്ങളില് സംഘടിപ്പിക്കുന്ന പ്രചാരണവേലകള് തക്കവും തരവും നോക്കി തല്ലിത്തകര്ക്കേണ്ടതുണ്ട്. യുദ്ധകാലത്ത് അതെപ്പോഴത്തെക്കാട്ടിലും വിഷമമാണ്. തന്റെ ആയിരം ഫണങ്ങളും വിടര്ത്തി എഴുന്നേറ്റു നില്ക്കുന്ന സന്ദര്ഭമാണ്. അധികാരത്തിന്റെ ഊത്തുകള് ഉഗ്രവിഷം ഉള്ക്കൊള്ളുന്ന സന്ദര്ഭമാണ്. നേരിയ ഒരു സംശയം തോന്നിയാല്മതി, ആരെയും പിടിച്ചു കൂട്ടിലാക്കും. നിറഞ്ഞ വെടിമരുന്നറയില്, നിരുപദ്രവമായ ഒരു സിഗരറ്റ് കൊളുത്താനായാലും, തീപ്പെട്ടിയുരസാന് അനുവദിച്ചുകൂടാ.

യുദ്ധകാലത്തു ഗവണ്മെന്റുകള്ക്കു കണ്ണും കൈയും സ്വതേ പെരുകും. ഇന്ത്യയിലെ ബ്രിട്ടീഷ് ഭരണത്തിന്ന് അവ സാധാരണയില് എത്രയോ അധികം പെരുക്കേണ്ടിവന്നു! എല്ലാ തെരുവുമൂലയ്ക്കലും നിന്നു യുദ്ധ പ്രചാരകന്മാര് 'നാട്ടുകാരുടെ യുദ്ധം' എന്നു

വിളിച്ചുപറയുന്നുണ്ടായിരുന്നുവെങ്കിലും നാട്ടുകാര് ഇതു തങ്ങളുടെ യുദ്ധമായെടുത്തിട്ടില്ലെന്നു ഗവണ്മെന്റിനും അറിയാമായിരുന്നു. അപ്പോള്, കള്ളന് കപ്പലിന്നകത്തുതന്നെ ഉണ്ടാകാം. ചുമരുകള്ക്കുള്ളില് ചെവികളും തൂണുകള്ക്കുള്ളില് വാളുകളും ഒളിഞ്ഞിരിക്കുന്നുണ്ടാകാം. നാട്ടുകാര് സര്ക്കാരിന്റെ കൂടെ എന്ന് ഉറക്കെ പറഞ്ഞുവെങ്കിലും, നാട്ടുകാരെ സൂക്ഷിക്കുക എന്നു കരുതുകയും ചെയ്തു.

ശുദ്ധാത്മാക്കളെ സര്ക്കാരിന്റെ വഴിക്കു നയിക്കണം. പ്രചാരണംകൊണ്ടുപിടിച്ചു നടക്കുകയാണ്. പെന്ഷന്പറ്റിയ ചില ഉദ്യോഗസ്ഥന്മാര് പ്രാസംഗികന്മാരായി. റാവുബഹദൂര്മാരും റാവുസാഹേബുമാരുമെല്ലാം അവരെ അകമ്പടി സേവിച്ചു. ജര്മ്മനിയെങ്ങാനും ജയിച്ചുപോയാല് ലോകത്തിനു വന്നേക്കാവുന്ന അത്യാപത്തുകളെപ്പറ്റി അവര് വിസ്തരിച്ചു. ഫാസിസത്തിന്റെ ക്രൂരസ്വഭാവം വിശദീകരിച്ചു. അവര് പറയുന്നതില് എത്ര കാര്യമുണ്ടെന്നു വന്നാലും അതു ചെവിക്കൊള്ളാന് ആളെ കിട്ടിയില്ല. വരുന്നവര് തന്നെ ഭയപ്പെട്ടിട്ട് ഇരുന്നു കേള്ക്കുകയാണ്. സര്ക്കാര് കോപിക്കാന് ഇടവരരുതല്ലോ. അവര് പ്രാസംഗികന്റെ മുഖത്തേക്ക് നോക്കിയിരുന്ന് കുടുംബകാര്യങ്ങളെപ്പറ്റി ആലോചിച്ചു.

കുഞ്ഞിരാമന് ഈ പ്രസംഗങ്ങളെല്ലാം ദൂരെനിന്നു കേള്ക്കുന്നുണ്ടായിരുന്നു. ആ പ്രാസംഗികന്മാര് പറയുന്നതിന്നെല്ലാം മറുയുക്തികളും കണ്ടെത്തിയിരുന്നു. അതു നാട്ടുകാര്ക്കിടയില് സ്വകാര്യമായി പ്രചരിപ്പിച്ചും പോന്നു.

മരച്ചാപ്പകള്ക്കു നടുവില്വെച്ചും ഒരു സമ്മേളനം നടന്നു. അധ്യക്ഷന് ഒരു റാവുസാഹേബായിരുന്നു. പ്രചാരകന്മാരായ രണ്ടു പ്രാസംഗികന്മാര്; സിനിമ, ജര്മ്മനിയെപ്പറ്റി ഓട്ടംതുള്ളല്--ഇത്രയും ഏര്പ്പാടുചെയ്തിരുന്നു. കസേല വന്നു; മേശ വന്നു; പ്രാസംഗികന്മാരും അദ്ധ്യക്ഷനും വന്നു; എന്തും കാണാന് ഒരുക്കമുള്ള ഒരു വിഭാഗം ജനവും. ജനത്തിന്നാവശ്യം ഓട്ടംതുള്ളലും സിനിമയുമാണ്, അതിനുവേണ്ടി പ്രസംഗം സഹിക്കുകയുമാണ്. റാവു സാഹേബ് ശക്തിയായി പ്രസംഗിച്ചു. അതു കയറിക്കയറി ജയിലിലടയ്ക്കപ്പെട്ട ഭാരതീയ നേതാക്കന്മാരെ ചീത്തപറയുക എന്നിടത്തേക്കും എത്തി. "ഇന്ത്യയുടെ ഈ അപകടകാലഘട്ടത്തില് ജയിലില്ക്കയറി ഒളിക്കുന്ന അരാജകവാദികള്..."

"പൂയ്?" ഒരു കൂവല് കേട്ടു.

റാവുസാഹേബ് ഒന്നു നിര്ത്തി. ഷട്ട്കോട്ടിന്റെ കുടുക്ക് ഒന്നു ശരിപ്പെടുത്തി. കണ്ണടയ്ക്കിടയിലൂടെ ഒന്നു ചെരിഞ്ഞുനോക്കിയിട്ട് ചോദിച്ചു:

"എവിടെനിന്നാണ് ആ അപശബ്ദമുണ്ടായത്?"

ഉത്തരമില്ല.

"എനിക്കറിയാം." പ്രാസംഗികന് തുടര്ന്നു: "ഈ അരാജകവാദികളായ നേതാക്കന്മാരെ പിന്താങ്ങുന്നു..."

"പൂയ്, പൂയ്!" ഇത്തവണ ഒരു ഇരട്ടക്കൂവിയായിരുന്നു.

റാവുസാഹേബ് ഒന്നുകൂടി നിവര്ന്നുനിന്നു പ്രഖ്യാപിച്ചു:

“കൂവുന്നവര് ഒന്നു മനസ്സിലാക്കണം: തീകൊണ്ടാണ് അവര് കളിക്കുന്നത്. അരാജകത്വം വന്നുകഴിഞ്ഞില്ല, ഇവിടെ ഒരു ഗവണ്മെന്റുണ്ട്. അത്...”

“പൂയ്, പൂയ്!”

“ങ്യാവ്, ങ്യാവ്!”

“ബര്ര്...”

“അയ്യോ!”

ഒരു തുടര്ച്ചയുണ്ടായില്ല.

പല ഭാഗത്തുനിന്നും പല രൂപത്തിലുള്ള അപശബ്ദങ്ങള്. ഇത്രയുമായപ്പോള് പോലീസുകാര് അങ്ങോട്ടു വന്നു. അതോടെ, അവിടെ നില്ക്കുന്നതു രക്ഷയില്ലെന്നു കണ്ടിട്ടാവാം ജനം പതുക്കെ പിന്മാറി. ചിലര് മരച്ചാപ്പകളിലേക്കു കയറി; ചിലര് തോട്ടുവക്കത്തേക്കു നീങ്ങി. ചിലര് കുത്തനെയങ്ങു നടന്നു.

പിന്നീടു റാവുസാഹേബ് ഉഗ്രമായിത്തന്നെ പ്രസംഗിച്ചു. പക്ഷേ, കേള്ക്കുന്നതു പോലീസുകാരും ഏതാനും ചെറുകരാറുകാരും മാത്രമായിരുന്നു.

പിറ്റേന്ന് മൈതാനത്തുവെച്ചുണ്ടായ പ്രസംഗത്തില് പ്രാസംഗികന്മാര് ജാസ്തിയായിരുന്നു. പക്ഷേ, കേള്വിക്കാര് നന്നേ കുറവ്. പട്ടാളക്കാര് കാവലുണ്ടെന്നും അവിടെ ബഹളം നടക്കുമെന്നുമെല്ലാം ഒരു ‘കരക്കമ്പി’ പ്രചരിച്ചിരുന്നു. യോഗം നടന്നുകൊണ്ടിരിക്കുന്നതിനിടയില് രണ്ടു പശുക്കളും ഒരു മൂരിയും എങ്ങുനിന്നോ ഓടിവന്നു. അവ കേള്വിക്കാര്ക്കിടയിലേക്കു തള്ളിക്കയറി, ആളുകളെഴുന്നേറ്റു. കൂവിയും ചൂളയും. ബഹളംമൂലം നാല്ക്കാലികള്ക്ക് അധികം വിറളിപിടിച്ചു. അവ തലങ്ങും വിലങ്ങും ഓടി; പോലീസുകാര് അവയുടെ പിന്നാലെയും.

റാവുസാഹേബ് സ്റ്റേജില്നിന്നു വിളിച്ചുപറഞ്ഞു:

“ഇരിക്കണം; ഇരിക്കണം. പശുക്കള് പോയി.”

“നാല്ക്കാലികളും ഇരിക്കണം.” ഇടയില്നിന്ന് ആരോ വിളിച്ചുകൂവി. അതോടെ തെരുവുപിള്ളേരുടെ കൂവലും തുടങ്ങി.

“യോഗം കലക്കുന്നവരെ പോലീസ് നോക്കിക്കൊള്ളും. നിങ്ങളിരിക്കണം.”

യോഗം കലക്കിയതു രണ്ടു പശുവും ഒരു മൂരിയുമായിരുന്നതുകൊണ്ട് അവയെ പോലീസുകാര് പിടിച്ചു; അതോടൊപ്പം രണ്ടു തെരുവു പിള്ളേരെയും ഒരു കിഴക്കന് എണ്ണക്കച്ചവടക്കാരനെയും.

ഇത്രയുമായപ്പോള് പോലീസ് അന്വേഷണവും ആരംഭിച്ചു. അവര് വീടുകളിലും മരച്ചാപ്പകളിലും പീടികകളിലും ഇടവഴികളിലും തിരച്ചിലാരംഭിച്ചു. ആളുകളെ സംശയദൃഷ്ടിയോടെ നോക്കാന് തുടങ്ങി. ചിലരെ നിര്ത്തി ചോദ്യം ചെയ്തു. അവിടെ ഒരുവനെ പിടിച്ചു, ഇവിടെ ഒരുവനെ ഇടിച്ചുവിട്ടു എന്ന വാര്ത്തകളും അല്പാല്പം പ്രചരിച്ചു.

എന്നിട്ടും കുഞ്ഞിരാമന് പിന്മടങ്ങിയില്ല. ഒരുനാള് അര്ദ്ധരാത്രി അയാളും രാരിച്ചനും നാറാണപിള്ളയും വീട്ടില്ക്കയറിച്ചെന്നു. രാരിച്ചന്റെ തലയില് ഒരു

വലിയ കൂടയുണ്ടായിരുന്നു. അതു താഴത്തിറക്കിവെച്ചപ്പോള് പഴച്ചക്കയുടെ വാസന.

“ചക്കയോ?” രാധ ചോദിച്ചു.

“അതേ, വരിക്കച്ചക്കയാണ്.” രാരിച്ചനൊന്നു ചിരിച്ചു.

“ചക്ക അക്കുഞ്ഞിനങ്ങു കൊടുക്കണം.” നാറാണപിള്ള ചക്ക രാധയെ ഏല്പിച്ചു. കൂടയുമെടുത്തു കുഞ്ഞിരാമന്റെ മുറിയില് കയറി, വിശ്വവും അങ്ങോട്ടു ചെന്നു. വാതില് ചാരി. ചക്കയുടെ ചുവട്ടിലുള്ള കടലാസ് നീക്കി. അതില് നിറച്ചു ലഘുലേഖകളാണ്. ‘രണ്ടാം സാമ്രാജ്യയുദ്ധം’ എന്ന അക്ഷരങ്ങള് കണ്ടുറിച്ചു നോക്കുന്നു.

“ഇന്നു രാത്രിതന്നെ ഇതു മുഴുവന് നാനാ ദിക്കിലും എത്തണം.”

കുഞ്ഞിരാമന് രാരിച്ചന്റെ മുഖത്തു നോക്കി പറഞ്ഞു.

“ഡ്രൈവര് കുട്ടപ്പന്നായരും ക്ലീനര് അപ്പുട്ടിയും ഇപ്പോള് വരും. വയനാടന് വഴിക്കുള്ളത് അവര് കൊണ്ടുപോകും.”

“ബാക്കി?”

“കടവിന്നപ്പുറത്തേക്കുള്ളതല്യോ, ഞാനേറ്റു,” നാറാണപിള്ള: “കമ്പനി ലോറിയില് ഇവന്നും ഓടുംകൂടിയങ്ങു പോകും. ഓടുള്ളതുകൊണ്ട് ഇവന് മഴ നനയാതെ പോകും.”

രാരിച്ചന് ഒന്നു ചിരിച്ചു. കുഞ്ഞിരാമന് മന്ദസ്മിതംകൊണ്ടു.

ആ യുവാക്കളും നാറാണപിള്ളയുംകൂടി അവിടെയിരുന്നാലോചിച്ചു. ഒരു ലഘുലേഖ പുറത്തുകാണുന്നതിന്നുമുമ്പേ, എല്ലാ ലഘുലേഖയും എത്തേണ്ടിടങ്ങളില് എത്തിയിരിക്കണം.

അവര് ചിലതെല്ലാം കുശുകുശുത്തു. ചില മൂളലുകള്; നിര്ദ്ദേശങ്ങള്; കൈമുദ്രകള്.

കുറച്ചു കഴിഞ്ഞപ്പോള് ഒരു ലോറിയുടെ ഹോറണ് കേട്ടു.

“കമ്പനിലോറി വന്നു.” നാറാണപിള്ള.

രാരിച്ചന് ഇരുട്ടിലേക്ക് ഊളിയിട്ടു. കുറച്ചുകഴിഞ്ഞു തിരിച്ചുവന്ന് ഒരു കെട്ടുമെടുത്തു പോയി. തിരിച്ചുവന്നതു ഡ്രൈവര് കുട്ടപ്പന്നായരോടുകൂടിയാണ്. പിന്നാലെ ക്ലീനര് അപ്പുട്ടിയുമുണ്ട്. ആരും ഒന്നും സംസാരിക്കുന്നില്ല. കുട്ടപ്പന്നായര് ഒരു കെട്ടെടുത്തു. അവര് ഇരുട്ടിലേക്കു മറഞ്ഞു.

കുറച്ചുകഴിഞ്ഞപ്പോള് ജോണിയും കുഞ്ഞലവിയുംകൂടി വന്നു. എന്തൊക്കെയോ കുശുകുശുത്തു. അവര് രണ്ടു കെട്ടുമായി ഇരുട്ടിലേക്കു മറഞ്ഞു.

എല്ലാവരും പോയിക്കഴിഞ്ഞപ്പോള് വിശ്വം കുഞ്ഞിരാമനോടു ചോദിച്ചു:

“ഞാന് എവിടെയെങ്കിലും പോകണമോ?”

“വേണ്ടാ. ഇവിടെയിരിക്കണം. ഇവിടെ കിട്ടുന്ന വിവരങ്ങള് നാറാണപിള്ളയ്ക്ക് എത്തിക്കണം.”

“ശരി.”

കുഞ്ഞിരാമനും രാരിച്ചനും പിള്ളയും വീണ്ടും ഇരുട്ടിലേക്കിറങ്ങി നടന്നു. വിശ്വനാഥന് അവര് പോകുന്നതു നോക്കിനിന്നു. വാതിലടച്ചു.

“പോയോ?” രാധ വന്നു ചോദിച്ചു.

“ഉ–ം.”

“എപ്പോള് തിരിച്ചുവരും?”

“പറഞ്ഞില്ല.”

അവള് കിടപ്പറയിലേക്കു പോയി.

വിശ്വം അടുത്തുള്ള ചാരുകസേരയില് കുനിക്കുടി കിടന്നു. സംഭവങ്ങള് തിരക്കുപിടിച്ചു കടന്നുവരുന്നുവെന്ന് അയാള്ക്കു തോന്നി. അവയെ ഒന്നു വ്യക്തമായി മനസ്സിലാക്കാനോ നോക്കിക്കാണാന്തന്നെയോ സമയമില്ല. കുറച്ചുമുമ്പായിരുന്നുവെങ്കില് ഇത് അയാളെ അമ്പരപ്പിച്ചേനെ. ഇന്ന് അകത്തൊരു തീക്കുണ്ഡം എരിഞ്ഞുകൊണ്ടിരിക്കുകയാണ്.

“തകരണം; എല്ലാം തകരണം.” ഹൃദയം മന്ത്രിച്ചു.

ഏത്?

“സാമ്രാജ്യത്വം....” വളരെ പണിപ്പെട്ട് അയാളുടെ ബുദ്ധി ഉത്തരം കണ്ടുപിടിച്ചു. അയാളെ സംബന്ധിച്ചിടത്തോളം തകരണം, തകരണം എന്നുള്ള വയ്ക്കായിരുന്നു പ്രാധാന്യം. തകര്ക്കേണ്ട എല്ലാറ്റിനുംകൂടി സാമ്രാജ്യത്വമെന്നു പേരിട്ടുവെന്നു മാത്രം.

പിറ്റേന്നു വൈകുന്നേരം, കുഞ്ഞലവിയെ പോലീസ് പിടിച്ചുകൊണ്ടു പോയി എന്ന വാര്ത്ത കിട്ടി. രാധയും വിശ്വവും കുഞ്ഞിരാമനും പരസ്പരം നോക്കി.

“കേട്ടോ?” വിശ്വം ചോദിച്ചു.

“കേള്ക്കുന്നുണ്ട്; കാണുന്നുമുണ്ട്. ഇതു പടുതിരികത്തലാണ്.”

“സൂക്ഷിക്കണം.”

“കഴിയുന്നതും സൂക്ഷിക്കുന്നു. പക്ഷേ, ആരും സുരക്ഷിതരല്ല.”

“ഉം––” വിശ്വം ഒന്നു മൂളി.

രാധ അകത്തേക്ക് പോയി. ആ യുവാക്കള് നിശ്ശബ്ദരായിരിക്കുകയാണ്. അവള് രണ്ടു ഗ്ലാസ് കാപ്പിയുമായി തിരിച്ചുവന്നപ്പോഴും അവര് മൂകരായിരിക്കുന്നതാണ് കണ്ടത്. അവരുടെ ഹൃദയം മറ്റെങ്ങോ സഞ്ചരിക്കുകയായിരുന്നു. അവര് നിശ്ശബ്ദരായിരുന്നു കാപ്പി കുടിക്കുന്നത് അടുത്തുനില്ക്കുന്ന രാധ വാസ്തവത്തില് കാണുന്നില്ലായിരുന്നു. അവളുടെ ഹൃദയം അജ്ഞാതവും തേജോമയവുമായ ഒരു ലോകത്തില് സഞ്ചരിക്കുകയാണ്.

രണ്ട്

കുഞ്ഞിരാമനെ അറസ്റ്റ് ചെയ്തു. ആ വാര്ത്ത വളരെ വേഗത്തിലാണ് പട്ടണത്തില് പ്രചരിച്ചത്. ചിലര് അതു പ്രതീക്ഷിച്ചിരുന്നു. പലരെയും അതു

ഞെട്ടിച്ചു. ഈ വാര്‍ത്ത കേട്ടപ്പോള് മരയ്ക്കാര് കൈവണ്ടി ഒരിടത്തു വെച്ച്, അതിന്റെ തണ്ടിന്മേലിരുന്ന് ഒന്നു നീട്ടി മൂളി. പക്ഷേ, ഹസ്സന്ന് അങ്ങനെ മൂളാന് സാധ്യമായിരുന്നില്ല.

"പറഞ്ഞു പറഞ്ഞു കാര്യം കടമ്പു കടന്നൂന്നു കൂട്ടിക്കോ." അവന് പറഞ്ഞു.

"ചെലയ്ക്കാതിരിക്കെടാ!" മരയ്ക്കാര് വെറുപ്പോടെ മുറുപടി പറഞ്ഞു. ഹസ്സന് ചൂളിപ്പോയി. അവന് മരയ്ക്കാരുടെ മുഖത്തേക്കു നോക്കി. കൊലപാതകത്തിന്നൊരുങ്ങിനില്ക്കുന്നവനെപ്പോലെ ക്രൂരമായിരുന്നു ആ മുഖം.

"ജ്ജ് ദേസ്യപ്പെടല്ലേ. ഞമ്മക്ക് ഇതില് ഇത്തിരിപ്പോരം ആലോസിക്കേണ്ടതുണ്ട്." ഹസ്സന് വീണ്ടും മയത്തില് കൂടി.

"അന്നാടാ പറഞ്ഞത്, നാവടക്കാന്!"

ഹസ്സന് നാവടക്കി. മുമ്പൊരിക്കലും മരയ്ക്കാര് അവനോടിങ്ങനെ സംസാരിച്ചിട്ടില്ല. അത്രയും പരുഷമായ ഒരു നോട്ടം അവനില്നിന്ന് പുറപ്പെട്ടിട്ടുമില്ല. ആ ചങ്ങാതിമാര് കുറേനേരം നിശ്ശബ്ദരായിരുന്നു. ഹസ്സന്റെ ഉള്ളില് പല ആശങ്കകളും പൊന്തിവരുന്നുണ്ട്. പലതും മരയ്ക്കാരോടു ചോദിക്കണമെന്നുമുണ്ട്. പക്ഷേ, അവന് ധൈര്യപ്പെട്ടില്ല. മരയ്ക്കാര് തന്നോടു കോപിക്കുന്നതിന്ന് അര്ത്ഥമെന്തെന്ന് അവന് എത്ര ആലോചിച്ചിട്ടും മനസ്സിലായതുമില്ല. മരയ്ക്കാരാകട്ടെ, പിന്നോട്ടു കൈ രണ്ടും ഊന്നിക്കൊണ്ട് ആ ഉന്തുവണ്ടിയില് ഒരിരുത്തമങ്ങിരുന്നു--ഇനി 'കയാം' നാളിലും എഴുന്നേല്ക്കലില്ല എന്ന മട്ടില്. അവന്റെ ദൃഷ്ടികള്പോലും ചലിക്കുന്നില്ല.

ഹസ്സന്ന് എന്തുചെയ്യണമെന്നറിയാതെയായി. അവിടെനിന്നു പോകാമോ, അവിടെ നില്ക്കാമോ! തൂണുപോലെ നില്ക്കാതെ അവിടുന്ന് പോടാ ഹമ്ക്കേ! എന്നു മരയ്ക്കാര് പറഞ്ഞിരുന്നുവെങ്കില് അവന് സന്തോഷിക്കുമായിരുന്നു. മരയ്ക്കാര് തന്നെ പിരടിക്കുപിടിച്ച് ഒരു ഉന്തുന്തണമെന്നുപോലും അവന് ആശിച്ചു.

മരയ്ക്കാര് അനങ്ങുന്നില്ല.

ഹസ്സന് അവന്റെ ആ ഇരിപ്പ് ഇടംകണ്ണിട്ടു നോക്കി. കല്ലില് കൊത്തിവെച്ച രൂപംപോലെയുണ്ട്. എല്ലാ 'സെയ്ത്താന്മാരും' അവന്റെ മുഖത്തു കൂടിപാര്ക്കുന്നുവെന്നും തോന്നി.

'ഈ ഇരുത്തത്തിന്ന് എന്തിരുത്താ അടിഥാനം?' അവന് വിചാരിച്ചു. പക്ഷേ പുറത്തു പറയാന് ധൈര്യമില്ല.

കുഞ്ഞിരാമനെ അറസ്റ്റ് ചെയ്തുവെന്ന വാര്ത്ത ഹസ്സനെ നന്നേ പരിഭ്രമിപ്പിച്ചിരുന്നു. മരയ്ക്കാരുടെ ഈ ഇരുത്തമാകട്ടെ, അവനെ ആകെ അട്ടിമറിച്ചു.

ഹസ്സന്റെ ഹൃദയത്തില് പല ചോദ്യങ്ങളും പൊന്തിവന്നു. എന്താണ് കുഞ്ഞിരാമന്റെമേല് ചുമത്തിയ കുറ്റം? ആ കുറ്റം കുഞ്ഞിരാമനോടുകൂടി അവസാനിക്കുമോ? കുഞ്ഞിരാമനുമായി ബന്ധപ്പെട്ടവരെയെല്ലാം

പിടിച്ചുകൊണ്ടു പോകുമോ? മരയ്ക്കാര്ക്കു നിശ്ചയമായിട്ടാണെങ്കിലും അവനുമായി ബന്ധമുണ്ട്. താനും കുഞ്ഞിരാമനെ പലതവണ സന്ദര്ശിച്ചിട്ടില്ലേ?

"ആകപ്പാടെ ബലയായിന്നുണ്ടോ?"

ഏതു കാര്യത്തെസ്സംബന്ധിച്ചും മനുഷ്യര്ക്കു രണ്ടുമൂന്നു നിലകളുണ്ടല്ലോ--കമ്പം, ആവേശം, ആത്മാര്പ്പണം എന്നിങ്ങനെ. സ്വാതന്ത്ര്യസമരത്തെ സംബന്ധിച്ചും ഈ വകുപ്പില്പ്പെട്ടവയെല്ലാമുണ്ടായിരുന്നു. ഹസ്സനു കമ്പമാണ്; മരയ്ക്കാര്ക്ക് ആവേശവും. കമ്പക്കാര് ആഘാതമേല്ക്കുമ്പോള് പിന്മാറും. ആവേശക്കാര് മുന്നേറി അപകടത്തില്ച്ചെന്നു ചാടും. ആത്മാര് പ്പണം ചെയ്തവര് പ്രവര്ത്തിക്കും. ഒന്നിനും അവരെ മാറ്റാനോ ഇളക്കാനോ പറ്റില്ല. അവരും പ്രവര്ത്തനവും രണ്ടല്ലാതായിക്കഴിഞ്ഞിരിക്കുന്നു. അവരെസ്സംബന്ധിച്ചിടത്തോളം ജീവന്റെ പ്രക്രിയമാത്രമാണ് ആ പ്രവര്ത്തനങ്ങള്.

കമ്പക്കാരനായ ഹസ്സന്ന് ആകെ അമ്പരപ്പുതന്നെ. മരയ്ക്കാര് എന്തു വിചാരിക്കുന്നുവെന്ന് ഒന്നറിഞ്ഞാല് മതി. മരയ്ക്കാര് വിചാരിക്കുമ്പോലെയൊക്കെ വിചാരിക്കാന് അവനും തയ്യാറാണ്. മിക്കവാറും ചിന്തിക്കുക എന്ന കാര്യം അവന് മരയ്ക്കാരെ ഏല്പിച്ചിരിക്കുകയായിരുന്നു. ലിക്വിഡേഷനില് നില്ക്കുന്ന ബാങ്കില് പണം നിക്ഷേപിച്ചവനെപ്പോലെ, അവന് അന്തംവിട്ടു നിന്നു.

എന്തെങ്കിലുമൊന്നു ചെയ്യണമല്ലോ. പെട്ടെന്നാണ് തന്റെ മടിയില് ബീഡിണ്ടെന്നു അവന്നോര്മ്മവന്നത്. അവന് ഒരു ബീഡിയെടുത്തു കൊളുത്തി ധാരാളമായി പുകവിട്ടു. ആ ബീഡി തീര്ന്നപ്പോള് മറ്റൊന്നു കൊളുത്തി. താന് എന്തെങ്കിലും ചെയ്യുന്നുവെന്നൊരു ബോധം നിലനിര്ത്താന്വേണ്ടിമാത്രം ബീഡികള് വലിച്ചുകൊണ്ടും മരയ്ക്കാരെ ഇടംകണ്ണിട്ടു നോക്കിക്കൊണ്ടും ഇരുന്നു.

"അനിയന്മാരേ!" ആ വിളി കേട്ട് ഹസ്സന് ഞെട്ടി. മരയ്ക്കാര് ചലിച്ചു. അവര് തിരിഞ്ഞുനോക്കി. നാറാണപിള്ള ഒരു വാടിയ മന്ദസ്മിതവുമായി നില്ക്കുന്നു. മരയ്ക്കാര് ചാടിയെഴുന്നേറ്റു.

"അറിഞ്ഞോ?"

"അറിഞ്ഞു." മരയ്ക്കാരാണ് ഉത്തരം പറഞ്ഞത്: "എപ്പൊളേ പുടിച്ച്?"

നാറാണപിള്ള പതിഞ്ഞ സ്വരത്തില് കുഞ്ഞിരാമനെ അറ ചെയ്ത കഥ വിവരിച്ചു. തലേന്നാള് വൈകുന്നേരം മരച്ചാപ്പയുടെ കിഴക്കുവശത്തുടെ അവന് വരികയായിരുന്നു. ഒരു പോലീസ് വാന് അരികെ വന്നുനിന്നു. ഇന്സ്പെക്ടരും പോലീസുകാരും വാനില്നിന്നിറങ്ങി. കുഞ്ഞിരാമനോട് അതില് കയറാന് പറഞ്ഞു. അറ വാറണ്ടുണ്ടോ എന്ന് അവന് ചോദിച്ചു. അതു കാണിച്ചുകൊടുത്തു.

"എന്തു പറഞ്ഞീറ്റാപ്പോ ഓനേ പുടിച്ചത്ന്ന്?" ഹസ്സന് ധൃതിയില് ചോദിച്ചു.

“അവര്ക്കിപ്പോള് എന്തും പറയാം, അനിയാ. ഓര്ഡിനന്സ് പ്രകാരമാണ് അറസ്റ്റ്.”

“ഞമ്മക്ക് തിരിഞ്ഞില്ല.”

“പ്രത്യേകാധികാരപ്രകാരം.”

“ബയ്യേ പോകൂന്നോനെയൊക്കെ തോന്നുമ്പൊ പുടിച്ച് കൂട്ടിലാക്കാനുള്ള ഇപ്പവറ് കുറുക്കന് കോയിനെ പിടിക്കുന്ന പവറാ.”

“അനിയാ, കള്ളനാണോ അക്രമിയാണോ എന്നു നോക്കിയിട്ടല്ല, പേപ്പട്ടി കടിക്കുന്നത്. ചുമ്മാ നിരത്തി കടിക്കുകയല്യോ!”

“ഇപ്പിരാന്തന്നായേനെ കൊല്ലണം!” അപ്പറഞ്ഞത് മരയ്ക്കാരാണ്.

“ക്ഷമിക്കണം. മെല്ലെ തിന്നാല് മുള്ളും തിന്നാം.” നാറാണപിള്ള പറഞ്ഞു: “നമുക്കു ചില കടമയുണ്ട്.”

“ഞമ്മക്ക് തിരിയും.” മരയ്ക്കാരാണ് പറഞ്ഞത്.

“അതോര്മ്മയിരിക്കട്ടെ.” എന്നും പറഞ്ഞ് നാറാണപിള്ള നടന്നു. തലയും തൂക്കിയിട്ടു നടന്നുപോകുന്ന നാറാണപിള്ളയെ നോക്കിക്കൊണ്ടു മരയ്ക്കാര് സ്വല്പനേരം നിന്നു. എന്നിട്ട്, ഹസ്സനോട് ‘ഇപ്പോള് വരാ’മെന്നും പറഞ്ഞ് ഒരു വഴിക്കണ്ണു വലിഞ്ഞുനടന്നു.

മരയ്ക്കാര് മരച്ചാപ്പകളുടെ ഇടയിലൂടെ വലിഞ്ഞുനടന്നു. അവന്റെ തലച്ചോര് ശക്തിയായി പ്രവര്ത്തിക്കുകയാണ്. അവന്റെ കാലുകള്ക്കും വേഗംകൂടി. നേരേ ചെന്നുകയറിയത് വിശ്വനാഥന് താമസിക്കുന്ന സ്ഥലത്താണ്.

വിശ്വനാഥന് ജനലഴിയും പിടിച്ചു നിശ്ശബ്ദനായി പുറത്തേക്കു നോക്കിക്കൊണ്ടു നില്ക്കുകയാണ്.

മരയ്ക്കാര് ഒന്നൊച്ചയനക്കി. വിശ്വനാഥന് കേട്ടില്ല. അവന് അനങ്ങിയതുമില്ല. വീണ്ടും വീണ്ടും ശബ്ദമുണ്ടാക്കിയിട്ടും വിശ്വനാഥന് തിരിഞ്ഞുനോക്കിയില്ല.

“ഞമ്മള് ബന്നാടക്ക്ണ്.” അവസാനം മരയ്ക്കാര് അറിയിച്ചു. വിശ്വനാഥന് തിരിഞ്ഞുനോക്കി.

“എന്തേ!” ഉദ്വേഗത്തോടെയാണ് ചോദിച്ചത്.

“അറിഞ്ഞ്.” മരയ്ക്കാര്.

“ഉം.”

“ബിട്ടൂലേ?”

“പ്രയാസമുണ്ട്.”

“ഞമ്മളിനി ഇപ്പോ എന്തിരുത്താ ബേണ്ടീത്?” പതിഞ്ഞ സ്വരത്തില് മരയ്ക്കാര് അന്വേഷിച്ചു.

“ഒന്നും തീര്ച്ചപ്പെടുത്തിയില്ല. നമുക്കു കൂടിയാലോചിക്കണം. നാളെ സന്ധ്യകഴിഞ്ഞിട്ടു പുഴംപുറത്തു വരൂ.”

“ബന്നോളാം.”

മരയ്ക്കാര് ഇറങ്ങി നടന്നു.

വിശ്വനാഥന് വീണ്ടും വിചാരത്തിലാണ്ടു. അവന്റെ ഹൃദയത്തില് വിദ്വേഷം മുളയെടുത്തിരിക്കുകയായിരുന്നു... രാ ീയകാര്യങ്ങളുമായി അവനു വലിയ ഇടപാടൊന്നുമില്ല. അതില് ഉത്സാഹവുമില്ല. പക്ഷേ, കുഞ്ഞിരാമന്റെ നിരന്തരമായ പ്രസംഗങ്ങള് അവനില് ദേശീയാവേശം അടിച്ചുകയറ്റിയിരുന്നു.

വിശ്വനാഥനെ സംബന്ധിച്ചിടത്തോളം ഏതും അവധാനമായി കടന്നുവരലില്ല. അയാളുടെ ഹൃദയം ഒരു കുംഭകര്ണ്ണനായിരുന്നു. അധികസമയവും ഉറങ്ങും. ഉറക്കമുണര്ന്നാല്പിന്നെ ഭയങ്കര തീറ്റയാണ്. സ്വന്തം ആത്മാവിലേക്കു തല തിരുകിക്കൊണ്ടിരിക്കുന്ന ആ യുവാവിന്റെ ഹൃദയത്തിലേക്കു ദേശീയബോധത്തിന്റെ അലയും ശക്തിമത്തായാണ് കടന്നുചെന്നത്. വര്ണ്ണശബളമായല്ലാതെ ഒന്നും അയാള്ക്കു വിചാരിക്കാന് കഴിയില്ല. ഏതരുവിയും അയാള് തൊട്ടാല് കലങ്ങിമറിയുന്ന വന്പുഴയാകും; ഏതിളങ്കാറ്റും കൊടുങ്കാറ്റാകും. ഈ കാലഘട്ടത്തിലാകട്ടെ, അയാള് കൂടുതല് തരളചിത്തനായിരുന്നു. ഹൃദയത്തിലെ കൊടുങ്കാറ്റിന്ന് ഉറങ്ങാന് സമയം കിട്ടുന്നില്ല. സ്മരണകളും വേദനകളും അതിനെ കൂടെക്കൂടെ തട്ടിയുണര്ത്തുന്നു. അങ്ങനെ ഉഴുതുകഴിഞ്ഞ കണ്ടത്തില് വീണ വിത്തുപോലെയാണ് സാമ്രാജ്യത്വവിരോധം അയാളുടെ ഹൃദയത്തില് പതിച്ചത്. അതു പൊട്ടിത്തെഴുത്തു വളര്ന്നു. മറ്റു തരത്തിലുള്ള ഹൃദയാസ്വാസ്ഥ്യങ്ങള് അതിന്നു വളംകൊടുത്തു. അടക്കിവെച്ച വിദ്വേഷത്തിന്ന് പുറത്തേക്കു കടക്കാന് ഒരു പഴുതുകിട്ടി. അതു ശക്തിമത്തായി തള്ളിയൊഴുകി.

എല്ലാം ഗ്രുഢാലോചനയാണ്; എല്ലാം വഞ്ചനയാണ്. സമസ്തവും അടിച്ചുടയ്ക്കാന് കഴിയണം--ഇതായിരുന്നു മനസ്സിന്റെ പ്രധാന ഭക്ഷണം. എന്നിട്ട് അയാള് തന്നെത്തന്നെ അടിച്ചുടയ്ക്കുകയായിരുന്നു. ശാന്തയുടെ തടുത്തുവയ്ക്കുന്ന കൈകളെ തട്ടിത്തെറിപ്പിച്ചുകൊണ്ടു കടന്നുപോന്നതോടെ അയാളിലെ അശുഭപ്രതീക്ഷാശീലം വളരുകയായിരുന്നു. ഇരുണ്ടതും ഏകാന്തവുമായ ഒരു ഗുഹയിലേക്കു സ്വയം വലിച്ചിഴയ്ക്കുന്ന ഒരു ദീപശിഖയായിരുന്നു അയാള്. പ്രപഞ്ചത്തില് ചലിച്ചുകൊണ്ടിരിക്കുന്ന ജീവവായുവില്നിന്ന് അകന്നകന്നു പോകാനുള്ള പ്രേരണ അയാളുടെ ചൈതന്യത്തെ മങ്ങിച്ചുകൊണ്ടുവന്നു. അപ്പോഴാണ് കുഞ്ഞിരാമനെ അറസ്റ്റ് ചെയ്തത്. പെട്ടെന്ന് എമ്പാടും വായു തള്ളിക്കയറുമാറ് ഒരു വാതില് അയാളുടെ പാര്ശ്വത്തില് തള്ളിത്തുറന്നു. അയാളിലെ സാമ്രാജ്യത്വവിരോധം ഒന്നു പിരിമുറുകി. ഇതിന്നു പല ഇഴകളുമുണ്ടായിരുന്നു. കുഞ്ഞിരാമന് ജയിലില്നിന്നു വന്നപ്പോള് രാധയെ സംബന്ധിച്ച ഉത്തരവാദിത്വത്തില്നിന്നു താന് മുക്തനായി എന്ന് അയാള് ആശ്വസിച്ചു, ഇനി എന്തും ചെയ്യാം; എവിടേക്കും കൈയും വീശി നടക്കാം. അവനായി, അവളായി, അവരുടെ പാടായി. പക്ഷേ, പ്രപഞ്ചം ഏതെങ്കിലും വ്യക്തിയെ എല്ലാ ചങ്ങലക്കൊളുത്തും അഴിച്ചുവിടുമോ? പ്രപഞ്ചത്തെ കീഴടക്കാത്തവനെ പ്രപഞ്ചം കീഴടക്കിവയ്ക്കുന്നു. ഇപ്പോഴിതാ,

കൂടുതല് ഉത്തരവാദിത്വത്തോടെ അവള് തന്റെ പിരടിയില്ത്തന്നെ എറിയപ്പെട്ടിരിക്കുന്നു. അതൊരു വലിയ മനഃശല്യം സൃഷ്ടിച്ചിരിക്കുകയാണ്. അവളെ ഇനിയും വെച്ചുപൊറുപ്പിക്കുന്നതില് സുലൈമാന്നു വലിയ ആനുകൂല്യമില്ലെന്ന് അയാള്ക്കറിയാം. തന്നെയോര്ത്തു മാത്രമാണ് ആ മനുഷ്യന് നിശ്ശബ്ദനായിരിക്കുന്നത്. അദ്ദേഹത്തെ മുഷിപ്പിക്കുന്നതും സ്വൈരം കെടുത്തുന്നതും കഷ്ടമാണ്. എന്നാല് രാധയെ തള്ളിപ്പുറത്താക്കാനും തോന്നിയില്ല. അനാഥനായിക്കിടന്ന തന്നെ കൈകളില് താങ്ങി വളര്ത്തിയത് അവളുടെ അച്ഛനാണ്. തനിക്കുവേണ്ടി വളരെ ശല്യം ആ മനുഷ്യനും കുടുംബവും അനുഭവിച്ചിട്ടുണ്ട്. തന്നെച്ചൊല്ലിയാണ് വേലുമ്മാനുമായി അവര് പിണങ്ങിപ്പിരിഞ്ഞതെന്ന കഥയും വിശ്വം കേട്ടിരുന്നു. എന്നിട്ടിപ്പോള് കൃതഘ്നനായി പെരുമാറാമോ? അതു മണ്മറഞ്ഞ ഒരാളോടു ചെയ്യുന്ന അനീതിപോലുമായിരിക്കും. മരിച്ചുപോയ ആ മനുഷ്യനോട് ധാരാളം നെറികേടു മുമ്പുതന്നെ കാട്ടിയിട്ടുണ്ട്. ആ കുടുംബം കഷ്ടപ്പാടില് കിടന്നുഴയ്ക്കുമ്പോള്, അവന് സുഖാനുഭവങ്ങളില്നിന്നു സ്തംഭം വയ്ക്കുകയായിരുന്നു. എന്താണ് അങ്ങനെയൊക്കെ പ്രവര്ത്തിക്കുവാന് തന്നെ പ്രേരിപ്പിച്ചതെന്ന് ഇന്നു വിശ്വം അത്ഭുതപ്പെടുകയാണ്. ആ മനുഷ്യന്റെ അനാഥയായ മകളെ ഇപ്പോള് പിടിച്ചു പുറത്തേക്കുന്തുവാന് എങ്ങനെ സാധിക്കും? ഇങ്ങനെയുള്ള ചിന്തകളില് സ്വൈരംകെട്ടു നില്ക്കുമ്പോഴാണ് മരയ്ക്കാര് വന്നുകയറിയത്. അവന്റെ ചോദ്യങ്ങള്ക്കു ചുരുങ്ങിയ വാക്കില് മറുപടി പറഞ്ഞുവിടണം. തുറന്നു സംസാരിച്ചാല് എന്തൊക്കെ, എത്രയൊക്കെ സംസാരിക്കുമെന്നു നിശ്ചയമില്ല.

മരയ്ക്കാര് വിടവാങ്ങി പോയപ്പോള് വിശ്വം ആലോചനയില് മുങ്ങിക്കൊണ്ടു പതുക്കെ നടന്നു. എത്ര കാലമാണ് ഈ അനിശ്ചിതാവസ്ഥ തുടരുക? എങ്ങനെയാണ് ഈ കുടുക്കില്നിന്നു തലയൂരിയെടുക്കുക? അറിയില്ല.

വിശ്വം പതുക്കെ പുറത്തേക്കിറങ്ങി. തോട്ടുവക്കിലൂടെ അങ്ങനെ നടന്നു.

സൂര്യന് പശ്ചിമചക്രവാളത്തിലേക്ക് ഊര്ന്നൂര്ന്നു പോവുകയാണ്. അജ്ഞാതത്വത്തിലേക്കു മറയുന്ന ഒരു മഹാത്മാവിനെപ്പോലെ, വര്ദ്ധിത തേജസ്സായിരുന്നു സൂര്യന്. ഭ്രമിയില് നിഴലുകള് നിറഞ്ഞിരിക്കുന്നു. അകലെനിന്നു മരപ്പണിക്കാരുടെ 'ഏലേലം-ഏലൈസേം' എന്ന പരുഷവും അനുസ്യൂതവുമായ വായ്ത്താരി കേള്ക്കാനുണ്ട്. ആ ശബ്ദം കൂടെക്കൂടെ ചലനാത്മകമായി ഒരു ലോകത്തിന്റെ സഹവര്ത്തിത്വം വിശ്വനാഥനെ ഓര്മ്മപ്പെടുത്തി. അയാള് ഒരു മരയട്ടിയിന്മേല് ചെന്നിരുന്നു.

താനൊരു വഴിത്തിരിവില് നില്ക്കുകയാണെന്നു തോന്നി. എങ്ങോട്ടാണ് തിരിയേണ്ടത്? ഇതിനുമുമ്പും ജീവിതത്തിന്റെ പല കവലകളും അയാള്ക്കു പിന്നിടേണ്ടിവന്നിട്ടുണ്ട്. പക്ഷേ, അന്നൊക്കെ, ഒരു സ്വപ്നാടനക്കാരനെപ്പോലെ, അയാള് കടന്നുപോവുകയാണുണ്ടായത്. ഇന്ന് അയാള് ഉണര്ന്നിരിക്കുകയാണ്. ഉറക്കത്തിലെ നടത്തത്തെക്കുറിച്ചു നടക്കുന്നവന് ചിന്തിക്കേണ്ടതില്ല; ഉണര്ന്നവന് ആലോചിച്ചു നടക്കണം.

പെട്ടെന്നാണ് നാറാണപിള്ള മുമ്പില്വന്നു പൊന്തിയത്. ആ മരയട്ടിയുടെ ഏതോ ഒരിളിമ്പില്നിന്നാണ് അയാള് പൊന്തിവന്നതെന്നു വിശ്വനാഥനു തോന്നി.

“അനിയനെന്താണിരുന്ന് ആകാശം വിഴുങ്ങുന്നത്?”

“ങാ! നിങ്ങളോ?” എന്നായിരുന്നു വിശ്വത്തിന്റെ മറുപടി.

“ഞാന്തന്നെ!” എന്നു പരിഹാസസ്വരത്തില് പറഞ്ഞിട്ട് നാറാണപിള്ള വിശ്വത്തിനടുത്തായിത്തന്നെ മരയട്ടിയിന്മേല് ഇരുന്നു. മുറുക്കാന് പൊതിയഴിച്ചു മുമ്പില്വെച്ചു. അടയ്ക്ക ചുരണ്ടുന്നതിന്നിടയില് നാറാണപിള്ള ചോദിച്ചു:

“ഇനിയെന്തു വിചാരിക്കുന്നു, അനിയാ?”

“എന്താണ് ചെയ്യേണ്ടതെന്ന് എനിക്കു വ്യക്തമല്ല.”

“കൂടിയാലോചിക്കണം.”

“അതു രാരിച്ചനും പറഞ്ഞു.”

“എന്നോടും പറഞ്ഞു, പക്ഷേ, ഞാന് വന്നത് അനിയനോട് ഒരു കാര്യം പറയാനാണ്: അനിയന്നു ചെറുപ്പമാണ്. വികാരാവേശംകൊണ്ട് ഒന്നിലേക്കും എടുത്തുചാടരുത്.” ഒരു കഷണം അടയ്ക്ക മുറിച്ചെടുത്തുകൊണ്ട് നാറാണപിള്ള തുടര്ന്നു: “അനിയന്റെ പിരടിയില് ഒരു ഭാരവും വെച്ചാണ് ജാക്കിയങ്ങു ജയിലില് കയറിയിട്ടുള്ളത്. ജാക്കി വരുന്നതുവരെ അതനിയന്നൊരു ഭാരമാകാനാണ് വഴി.”

“പക്ഷേ,...”

“എന്താണ് അനിയന് നിര്ത്തിക്കളഞ്ഞത്?”

“ഞാന്തന്നെ മറ്റൊരാള്ക്കു ഭാരമായിരിക്കുകയാണ്. ഇപ്പോള് അയാള്ക്കു ഭാരത്തിന്മേല് ഭാരമാകും എന്നുമാത്രം.”

“ഏതായാലും എല്ലാം നമുക്കു നാളെ ആലോചിക്കാം.”

“പിള്ളച്ചേട്ടനും വരണം.”

“വേണം; വരികയും ചെയ്യും. ഇപ്പോള് ഞാനിറങ്ങട്ടെ. ഇന്ന് ‘ഓവര്ടൈം’ ഉണ്ട്. ഒരു ‘വണ് ആന്റ് ഹാഫും’ അടിച്ചങ്ങു കയറണം, അനിയാ.”

കിഴവന് എഴുന്നേറ്റു നടന്നു. വിശ്വനാഥന് അല്പമൊരാശ്വാസം തോന്നി; തന്നെപ്പറ്റി ചിന്തിക്കുന്നവരുമുണ്ട് ലോകത്തില്.

സന്ധ്യമയങ്ങിക്കഴിഞ്ഞു. അഗാധനീലിമയില് പ്രകാശബിന്ദുക്കള് കിളിര്ത്തുവന്നു. പ്രപഞ്ചത്തിന്റെ ഔന്നത്യത്തെയും വിസ്തൃതിയെയും തെളിയിച്ചുകാട്ടിക്കൊണ്ട് അവ നില്ക്കുന്നു.

വിശ്വം മേല്പോട്ടും കീഴ്പോട്ടും കണ്ണയച്ചു. പ്രകാശിക്കുന്ന ഗോളങ്ങളും ജ്വലിക്കുന്ന ആത്മാക്കളും നിറഞ്ഞതാണ് ഈ ഉലകമെന്നു തോന്നി. തീവ്രമായ വികാരങ്ങളില് മുങ്ങിക്കൊണ്ട് അവന് പാര്പ്പിടത്തിലേക്കു മടങ്ങി.

വാതില് തള്ളിത്തുറന്ന് അകത്തേക്കു കടന്നപ്പോള് അവിടം നിശ്ശബ്ദമായിരുന്നു. ഭയം തോന്നി. സ്വന്തം കാലടിയില്നിന്നു പുറപ്പെടുന്ന ശബ്ദം തന്നെ അസുഖപ്രദമായി. ഒന്നുകില് ധാരാളം ശബ്ദമുണ്ടാകണം,

അല്ലെങ്കില് ശബ്ദമേ ഉണ്ടാകരുത്---അങ്ങനെയെന്തോ ഒന്നാണ് ആരംഭിച്ചത്.

വിശ്വനാഥന് ജാലകത്തിന്നടുത്തുള്ള കസേരയില് ചെന്നിരുന്നു.

പെട്ടെന്നാണ് പിന്നില്നിന്ന് ഒരു തേങ്ങല് കേട്ടത്. തിരിഞ്ഞുനോക്കി. രാധയുണ്ട് കണ്ണുനീരില് മുങ്ങിക്കൊണ്ട് അവിടെ നില്ക്കുന്നു. വിശ്വനാഥന് സംഭ്രമിച്ചുപോയി. ഇത്തരം ഒരു സന്ദര്ഭത്തെ നേരിടേണ്ടിവരുമെന്ന് അവന്

പെട്ടെന്നാണ് പിന്നില്നിന്ന് ഒരു തേങ്ങല് കേട്ടത്. തിരിഞ്ഞുനോക്കി. രാധയുണ്ട് കണ്ണുനീരില് മുങ്ങിക്കൊണ്ട് അവിടെ നില്ക്കുന്നു. വിശ്വനാഥന് സംഭ്രമിച്ചുപോയി. ഇത്തരം ഒരു സന്ദര്ഭത്തെ നേരിടേണ്ടിവരുമെന്ന് അവന് ഓര്ത്തതല്ല. വേദനകള് സ്വയം കടിച്ചിറക്കാനല്ലാതെ, മറ്റൊരാളുടെ വേദനയില് സഹതപിക്കാനും അയാളെ ആശ്വസിപ്പിക്കാനും അയാള്ക്ക് ഒട്ടും പരിശീലനമില്ലായിരുന്നു. എങ്കിലും വിശ്വനാഥന്തന്നെ എന്തെങ്കിലും ചെയ്തേ പറ്റൂ എന്ന സന്ദര്ഭമാണത്.

"രാധേ!"---രണ്ടും കല്പിച്ച് അയാള് പറഞ്ഞു: "എനിക്ക് രാധയെ സമാധാനിപ്പിക്കേണ്ടത് എങ്ങനെയെന്ന് അറിഞ്ഞുകൂടാ. അതുകൊണ്ട് സ്വയം സമാധാനിക്കാന് ശ്രമിക്കു."

"അതേ."---ശരിക്കും അര്ത്ഥം മനസ്സിലാക്കിയാണോ രാധ അങ്ങനെ പറഞ്ഞതെന്ന് അറിഞ്ഞുകൂടാ. പ്രതികരണത്തിന്നുവേണ്ടി ഒരു ശബ്ദം പുറപ്പെടുവിച്ചതായിരുന്നു. ഒരു നിമിഷം കഴിഞ്ഞ് അവള് പറഞ്ഞു: "ഞാനിനി എന്തു ചെയ്യണം?"

"ഇന്നലെവരെ എന്തു ചെയ്തുവോ, അതൊക്കെ ചെയ്യണം. ഞാനെപ്പോഴും നിങ്ങളുടെയെല്ലാം കൂടെയുണ്ട്. അതേ എനിക്കു പറയുവാനറിഞ്ഞുകൂടൂ."

ഈ വാക്കുകള് തേങ്ങലുകളെ കരച്ചിലാക്കി മാറ്റി. അവളുടെ കവിളിലൂടെ കണ്ണുനീര് ഒഴുകുന്നുണ്ടായിരുന്നു. ഒരിക്കലും അവള് ഇങ്ങനെ കരയുന്നത് വിശ്വനാഥന് കണ്ടിട്ടില്ല. കരയട്ടെ. അവള്ക്കു കരയാന് അവകാശമുണ്ട്. അതു തടഞ്ഞുവെച്ചുകൂടെന്നും വിശ്വനാഥനു തോന്നി.

അവള് വിങ്ങിയും വിതുമ്മിയും നില്ക്കുകയാണ്. അയാള് നിശ്ശബ്ദനായി സ്വന്തം മാറിടം തടവിക്കൊണ്ടിരിക്കുകയുമാണ്.

പെട്ടെന്ന് ഒരു മെതിയടിയൊച്ച അടുത്തു വരുന്നതു കേട്ടു. ആരാണ് വരുന്നതെന്ന് അവര്ക്കറിയാമായിരുന്നു. സുലൈമാന് കോലായിലേക്കു കയറുന്നതിനുമുമ്പേ രാധ അകത്തേക്കു പോയി.

സുലൈമാനെ കണ്ടപ്പോള് വിശ്വനാഥന് എഴുന്നേറ്റു. അടുത്തു കിടന്ന ബഞ്ചിന്മേല് ചാരിയിരുന്നിട്ടു സുലൈമാന് പറഞ്ഞു:

"നീ ഇരുന്നോ."

"ഉ-ം." വിശ്വം ഒന്നു മൂളുകമാത്രം ചെയ്തു. ആരും ഒന്നും സംസാരിച്ചില്ല. ഹൃദയങ്ങള് നിറഞ്ഞ കുടങ്ങള്പോലെയായിരുന്നു. ഒട്ടും തുളുമ്പുന്നില്ല.

ലോറികളുടെ ഹോറണടികള് ദൂരെനിന്ന് അടുത്തടുത്തു വരുന്നതും

അകന്നകന്നു പോകുന്നതും കേള്ക്കാമായിരുന്നു. ഇടവഴികളിലൂടെ ആരൊക്കെയോ എന്തൊക്കെയോ സംസാരിച്ചുകൊണ്ടു പോകുന്നു. എവിടെനിന്നോ ഒരാട്, കെട്ടില് കുരുങ്ങിയതുപോലെ, കൂടക്കൂടെ കരയുന്നുണ്ട്.

സുലൈമാന് ശബ്ദിക്കുന്നില്ല.

കുറച്ചു കഴിഞ്ഞപ്പോള് വിശ്വനാഥന് ചോദിച്ചു:

"വീട്ടില്നിന്നാണോ?"

"അല്ല. പോലീസ്സ്റ്റേഷനില്നിന്ന്."

വീണ്ടും നിശ്ശബ്ദത വ്യാപിച്ചു.

"എന്താണ് സ്ഥിതി?" വിശ്വം.

"വിടില്ല."

"വിചാരണ എപ്പോഴാണുണ്ടാവുക?"

"വിചാരണയും ഉണ്ടാകില്ല. കുരുതല്ത്തടങ്കല്നിയമപ്രകാരമാണ്."

വിശ്വനാഥന് ഒന്നു നെടുവീര്പ്പിട്ടു. സുലൈമാന് പെട്ടെന്നെഴുന്നേറ്റു പതിഞ്ഞ സ്വരത്തില് പറഞ്ഞു:

"വേവലാതിപ്പെടേണ്ടാ. നിന്റെ ആലോചന എനിക്കു മനസ്സിലാകുന്നുണ്ട്. ആ കുട്ടിയെ നോക്കാതെ സാധിക്കില്ല. എന്തായാലും മനുഷ്യന്മാരെ കളയാന് നമുക്കു പറ്റില്ല."

സുലൈമാന് എഴുന്നേറ്റു നടന്നു. എന്തോ ചോദിക്കണമെന്നു വിശ്വനാഥനുണ്ടായിരുന്നു. പക്ഷേ, ഒച്ച പൊങ്ങുന്നില്ല.

ആ വലിയ മനുഷ്യന് നടന്നകലുന്നതു വിശ്വനാഥന് ശ്രദ്ധിച്ചു. കണ്ണില് നിന്നു മറഞ്ഞപ്പോള് മനസ്സില് നിറച്ചും ആ മനുഷ്യനായി.

അന്ന് ആ വീട്ടില് ആരും ഭക്ഷണം കഴിച്ചില്ല. ആരും ഒന്നും സംസാരിച്ചതുമില്ല. ആര്ക്കും ഉറങ്ങാനും കഴിഞ്ഞില്ലെന്നു പറഞ്ഞുകൂടാ; രാധയുടെ സഹായത്തിനെത്തിയ സുലൈമാന്റെ മകള് സുഖമായി ഉറങ്ങി.

പിറ്റേന്നു രാവിലെ എഴുന്നേറ്റ് രാധ തന്റെ ജോലികളാരംഭിച്ചു. വേദനകള് ഭക്ഷിച്ചു പുഞ്ചിരികൊള്ളുന്ന പഴയ രാധയെ വീണ്ടെടുക്കുവാന് അവള്ക്കു കഴിഞ്ഞിരിക്കുന്നു.

"കാപ്പി തയ്യാറായിരിക്കുന്നു; വന്നോളൂ." എന്നു വന്നു പറഞ്ഞപ്പോള്, വിശ്വനാഥന് അവളെ അടിമുടിയൊന്നു നോക്കി. തലേന്നാള് തന്റെ അടുത്തുനിന്നു തേങ്ങിക്കരഞ്ഞ ആ ീ മറ്റാരോ ആണെന്നു തോന്നി.

രാധ മുമ്പില് നടന്നു; അയാള് പിറകെയും. അവളുടെ മുടിച്ചുരുളുകളില് പ്രഭാതകിരണങ്ങള് പതുക്കെപ്പതുക്കെ തടവുന്നുണ്ടായിരുന്നു.

തലേന്നാള് അര്ദ്ധരാത്രിവരെ എവിടെയെല്ലാമോ ചുറ്റിത്തിരിഞ്ഞു മടങ്ങിവന്ന് ഉറങ്ങിയ ഗോപാലകൃഷ്ണന് അപ്പോഴും ഉണര്ന്നിട്ടില്ല.

"ഗോപാലകൃഷ്ണനെ വിളിച്ചാലോ?" വിശ്വം ചോദിച്ചു.

"വിളിച്ചാലും എഴുന്നേല്ക്കില്ല. ഇന്നലെ അത്ര വൈകിയാണ് വന്നു കിടന്നത്."

“ഞാന് അറിഞ്ഞില്ല.”

“ഞാനാണ് വാതില് തുറന്നുകൊടുത്തത്.” ഒരു നിമിഷം നിര്ത്തിയിട്ട്, അവള് തുടര്ന്നു: “അനിയന്നുള്ള കാപ്പിയും പലഹാരവും ഞാന് ഇവിടെ അടച്ചുവയ്ക്കാം. കുറച്ചുകഴിഞ്ഞാല് ഒന്നു വിളിച്ചേക്ക്.”

“രാധ കമ്പനിയില് പോകുന്നുവോ?”

“ഉവ്വ്.”

രണ്ടുപേരും കുറച്ചു നേരത്തിന്നു സംസാരിച്ചില്ല.

“ശരി. പോകുന്നതാണ് നല്ലത്.”

“അതേ.”

വിശ്വനാഥന് എഴുന്നേറ്റു.

പണിക്കു പോകുന്ന രാധയെ ജാലകത്തിന്നുള്ളിലൂടെ അയാള് നോക്കി. തലേന്നാള് പോയ അതേ മട്ടില്ത്തന്നെ. അതേ പ്രസാദം; അതേ പ്രസരിപ്പ്. അവള് കണ്ണില്നിന്നു മറഞ്ഞപ്പോള് അയാള് ആലോചിച്ചു: ‘ഇവളാരാണ്? സൂര്യപ്രകാശവും ചളിയും കൂട്ടിക്കുഴച്ചാണോ പെണ്ണിനെ ഉണ്ടാക്കിയിട്ടുള്ളത്?’

അയാള് അങ്ങനെ നിന്ന് ആലോചിച്ചു. കുട്ടിക്കാലം മുതല്ക്കുള്ള പല സംഭവങ്ങളും മനസ്സില് മിന്നിമറഞ്ഞു. പറമ്പില് നില്ക്കുന്ന മുരിങ്ങമരത്തിന്മേലേക്ക് അയാളുടെ കണ്ണുചെന്നു. കറുത്ത വാലും മഞ്ഞച്ച തൂവലുമുള്ള ഒരു പക്ഷി അതിന്മേല് വന്നിരുന്നു ചുറ്റുമൊന്നു നോക്കി. അതു ഭംഗിയില് കണ്ണെഴുതിയിട്ടുണ്ട്. ആ മഞ്ഞച്ചിറകില് ചെറിയ കരിമ്പുള്ളികളുമുണ്ടെന്നു സൂക്ഷിച്ചുനോക്കിയപ്പോഴേ കണ്ടുള്ളൂ. ആരെയോ പ്രതീക്ഷിക്കുന്നതുപോലെ, ചുറ്റുംനോക്കി. എന്നിട്ട് ഒന്നുരണ്ടു തവണ ശബ്ദിച്ചു. പുഴംപുറത്തിന്നു നേരെ പറന്നുപോവുകയും ചെയ്തു. ആ മുരിങ്ങമരം ശൂന്യമായതുപോലെ, വിശ്വനാഥന്നു തോന്നി. ആ മരത്തിന്മേലേക്കുതന്നെ നോക്കിനില്ക്കുവാന് ഒരു രസം--സുഖിതമായ ദുഃഖം.

ഈ മരംപോലെതന്നെയാണ് ജീവിതവും എന്ന് അയാള്ക്കു തോന്നി. എല്ലാ ചെടികളും ഒറ്റക്കുന്നന്തായിട്ടാണ് മുളയ്ക്കുന്നത്. പതുക്കെപ്പതുക്കെ കൊമ്പുകളും കവരങ്ങളും ചിനച്ചങ്ങളും ഇലകളുമുണ്ടാകുന്നു. എത്ര ലളിതമായിട്ടാണ് ജീവിതമാരംഭിക്കുന്നത്! നോക്കിയിരിക്കുമ്പോള് അതു സങ്കീര്ണ്ണമായിപ്പോകുന്നു. ഒറ്റത്തടിയായി വളരാന് ജീവിതത്തിനു സാധ്യമല്ല. ഓര്ക്കാപ്പുറത്തു കൊമ്പുകള് പൊട്ടിമുളയ്ക്കുന്നു; കവരങ്ങളുണ്ടാകുന്നു. തന്റെ സ്ഥിതിയും ഈമാതിരിതന്നെയല്ലേ?

മറ്റൊരു പക്ഷി മുരിങ്ങയിന്മേല് വന്നിരുന്നു. കുരുത്തോലപോലെ വെളുത്തുനീണ്ട അതിന്റെ വാലു ചില്ലയില് തങ്ങിക്കിടന്നു. ഒരു മഹാരാജ്ഞിയുടെ നിലയങ്കിയെ ഓര്മ്മിപ്പിക്കുന്ന എന്തോ ഒന്ന് ആ വാലിന്മേലുണ്ടായിരുന്നു. പെട്ടെന്നാണ് ആ കിളി പാറിപ്പോയത്. ഇത്തവണ വിശ്വനാഥന്ന് അത്രയും വലിയ ഏകാന്തത ആ വൃക്ഷത്തെ ബാധിച്ചതായി തോന്നിയില്ല. ഇനിയും കിളികള് വന്നേക്കുമെന്ന ആശകൊണ്ടാണോ?

അതോ വരവും പോക്കും മനസ്സിന്റെ പരിചയപ്പെടുകയാണോ?

ആ കിളിയുടെ കുറുത്തോലവാലു മറഞ്ഞുപോകുമ്പോള്, അയാള്ക്കു രാധയുടെ വെളുത്ത സാരിത്തുമ്പ് ഓര്മ്മവന്നു. ഈ കിളിയെപ്പോലെ അത്ര ലാഘവത്തോടെയാണ് അവളും പോയത്.

"പലതും സഹിച്ചവളാണ് അവള്; പലതും ദഹിപ്പിക്കാനുള്ള തീയ് ആ മനസ്സിലുണ്ട്."

ഇത്രയും വിചാരിച്ചുകഴിഞ്ഞപ്പോള് അയാള്ക്കും മനസ്സിന്റെ ലാഘവം തോന്നി. അയാള് ചെന്ന് ഗോപാലകൃഷ്ണനെ വിളിച്ചുണര്ത്തി. അവന് കണ്ണുതിരുമ്മി എഴുന്നേറ്റിരുന്നു ചോദിച്ചു:

"ചേച്ചി പോയോ?"

"ഉം--; എത്രയോ മുമ്പ്! കാപ്പിയും പലഹാരവും അതാ അവിടെ."

അയാള് ദിനകൃത്യങ്ങള്ക്കായി പോയി.

ഗോപാലകൃഷ്ണന്റെ കുട്ടിക്കാലത്തെപ്പറ്റി വിശ്വം ആലോചിച്ചു. രാധയുടെ പിന്നാലെ അരിച്ചരിച്ചു നടന്നിരുന്ന ചെറുക്കനാണിത് എന്നു വിചാരിക്കുമ്പോള് അത്ഭുതം തോന്നി. എന്തു മാറ്റം!

പക്ഷേ, രാധയുടെയും ഗോപാലകൃഷ്ണന്റെയും പെരുമാറ്റത്തില് വലിയ അന്തരമുള്ളതായി തോന്നി. രാധ എല്ലാം തുറന്നുപറയുന്നു. പറഞ്ഞില്ലെങ്കിലും എല്ലാം അയാള്ക്കു മനസ്സിലാകുന്നുണ്ട്. ഗോപാലകൃഷ്ണനെ സംബന്ധിച്ചാണെങ്കില് അയാളുടെ മനസ്സില് അടഞ്ഞതും പകുതിയടഞ്ഞതുമായ വാതിലുകളുണ്ടെന്നൊരു തോന്നല്. പക്ഷേ, വെറും തോന്നലാവാം. ഒന്നിച്ചു വളര്ന്ന രാധയെപ്പോലെ, അയാള്ക്കു തന്റെ അടുത്തു സ്വാതന്ത്ര്യം തോന്നായ്കകൊണ്ടാണെന്നും വരാം.

ഈ രണ്ടുപേരുടെ ജീവിതത്തിന്റെ ചുക്കാന് തന്റെ കൈയില് വന്നു ചേര്ന്ന വിചിത്രമായ സ്ഥിതിവിശേഷമോര്ത്ത് വിശ്വം അത്ഭുതപ്പെടുകയാണ്. പലപ്രാവശ്യവും ആ ചുക്കാന് അയാള് കൈയൊഴിക്കാന് യത്നിച്ചതാണ്. അജ്ഞാതമായ ഏതോ ഒഴുക്കിലൂടെ അതു വീണ്ടും തന്റെ കൈ യില് വന്നുചേരുകയാണ്. ഈ ആവര്ത്തനപ്രക്രിയയ്ക്ക വല്ല അര്ത്ഥവുമുണ്ടോ?

ഇത്തരം ആലോചനകള് സായാഹ്നംവരെ അയാളുടെ ഹൃദയത്തില് വന്നും പോയുംകൊണ്ടിരുന്നു. അത്തരം അന്തംകിട്ടാത്ത കാര്യങ്ങളെപ്പറ്റി ആലോചിക്കണമെന്നു വിശ്വത്തിനില്ല. മടിയില്നിന്ന് ഇളക്കി പുറത്താക്കപ്പെട്ട സര്പ്പം എല്ലാ മാളങ്ങളിലും ചെന്നു തലയിട്ടു നോക്കുന്നതു പോലെ, മനസ്സു വിശ്രമിക്കാനുള്ള ഒരു സങ്കേതം അന്വേഷിക്കുകയായിരുന്നു.

"ഇന്നു പോകുന്നില്ലേ?"---പെട്ടെന്നാണ് ഗോപാലകൃഷ്ണന് വന്നു ചോദിച്ചത്.

"എവിടേക്ക്?"

"പുഴംപുറത്തു ചെല്ലാമെന്നു പറഞ്ഞതു മറന്നോ?"

"ശരി."

അയാള് ഇരിപ്പില്നിന്ന് എഴുന്നേറ്റു. അന്നൊരു കൂടിയാലോചനയുണ്ട്. എന്തൊക്കെയാണ് കൂടിയാലോചിക്കാന് പോകുന്നതെന്നോ കൂടിയാലോചിക്കേണ്ടതെന്തെന്നോ വിശ്വത്തിന് അറിഞ്ഞുകൂടായിരുന്നു. ശക്തിയായി ഒരെതിര്പ്പ് അയാളുടെ മനസ്സിലുണ്ട്. അതിനു രൂപംനല്കുവാനുള്ള ഏതു സന്ദര്ഭവും ഉപയോഗപ്പെടുത്താന് അയാള് തയ്യാറായിരുന്നു.

“ഞാനും വരാം.” അയാള് ഗോപാലകൃഷ്ണനോടു പറഞ്ഞു.

“പതുക്കെ വന്നാല് മതി. എനിക്ക് മറ്റൊരിടത്തുകൂടി പോകേണ്ടതുണ്ട്.”

അയാള് സ്വരം താഴ്ത്തിയിട്ടു തുടര്ന്നു: “എല്ലാവരുംകൂടി ഒന്നിച്ചു പോവുകയും വേണ്ടാ.”

അപ്പറഞ്ഞതിന്നര്ത്ഥമെന്തെന്ന് ഗോപാലകൃഷ്ണനു ഗ്രഹിക്കാന് കഴിഞ്ഞു. ഭരണാധികാരത്തിന്റെ എല്ലാ കണ്ണുകളും സംശയത്തോടെ തുറിച്ചുനോക്കുന്ന സന്ദര്ഭമാണ്.

അയാള് പതുക്കെ പുറപ്പെട്ടു. ഇടാനുള്ള ഷര്ട്ടിന്റെ അകവും പുറവും പരിശോധിച്ചതന്നെ പതിനഞ്ചു നിമിഷം തള്ളി.

ഷര്ട്ടിന്റെ കുടുക്കിടുമ്പോള് രാധ വന്നു ചോദിച്ചു:

“വേഗം വരില്ലേ?”

“ഉവ്വ്.”

“അനിയനും?”

“വരാന് പറയാം.”

“നേരത്തെ തിരിച്ചെത്തുകയാണ് നല്ലത്.”

“അതേ.”

വിശ്വം സമ്മതിച്ചു.

അയാള് ഒതുക്കിറങ്ങുന്നതുവരെ രാധ ഒതുക്കുംചാരി നിന്നു. അവളവിടെ നില്ക്കുന്നുണ്ടെന്നു വിശ്വനാഥനറിയാം. പക്ഷേ, തിരിഞ്ഞുനോക്കുവാനോ കൂടുതല് എന്തെങ്കിലും സംസാരിക്കുവാനോ അയാള്ക്കു ധൈര്യമുണ്ടായിരുന്നില്ല. സംസാരിച്ചതുകൊണ്ടു രാധ കരയുകയില്ലെന്ന് അയാള്ക്കറിയാം. പക്ഷേ, ഈ അമര്ത്തിപ്പിടിച്ച മുഖത്തേക്കാള് എത്രയോ ആശ്വാസകരമാണ് കരയുന്ന മുഖം.

ഇറങ്ങി നടക്കുമ്പോള് പുഴയില്നിന്നു പാഞ്ഞെത്തുന്ന കുളിര്കാറ്റു തന്റെ ചെവിക്കുറ്റികളില് ഒരുതരം ഇക്കിളിയുണ്ടാക്കുന്നതായി അയാള്ക്ക് അനുഭവപ്പെട്ടു. ഒഴുക്കിലേക്കു പറിച്ചിട്ട ഇലയും നോക്കിക്കൊണ്ടു കുട്ടിക്കാലത്തു വെള്ളച്ചാലിന്നടുക്കെ നിന്നിരുന്നതോര്മ്മ വന്നു. ഭ്രമിയുടെ അറ്റത്തേക്കു പോകുന്ന ആ ഉതിരിലകളെ നോക്കിനില്ക്കുമ്പോഴുണ്ടായ അതേ ഉന്മേഷം അയാള്ക്കു വീണ്ടുകിട്ടിയതുപോലെ തോന്നി. താന് ആ ഇലയാണോ? ഭ്രമിയുടെ അറ്റത്തേക്കാണോ പോകുന്നത്? അതോ നരകത്തിന്റെ അഗാധതലത്തിലേക്കോ?

മുരിങ്ങമരത്തിന്റെ ചുവട്ടിലെത്തിയപ്പോൾ അയാൾ നിന്നു; മേൽപോട്ടു നോക്കി. ഒറ്റക്കിളിയും അതിന്മേലില്ല. കരുവാളിച്ച പ്രകാശത്തിൽ അവ്യക്തമായി കണ്ടിരുന്ന ആ മരം, സംഭീതമായ ഒരാത്മാവിന്റെ നിഴലാണെന്നു തോന്നി. ഒരു നിമിഷം അയാൾ അതിന്മേലേക്കു നോക്കിനിന്നു. എന്നിട്ടു പുഴക്കരയിലേക്കു നടന്നു.

അട്ടിക്കുട്ടിയ മരങ്ങൾക്കിടയിലൂടെ അയാൾ പടിഞ്ഞാട്ടു നടന്നു. സൂര്യൻ ചക്രവാളത്തിന്റെ മറവിലേക്ക് ഊർന്നുവീഴുകയാണ്. മേഘമാലകൾ അവയുടെ ഉജ്ജ്വലവർണ്ണ വൈവിധ്യങ്ങളോടെ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അത്രയും മനോജ്ഞമായ ആ സന്ധ്യാനേരത്തിൽനിന്ന് ഒരുതരം സംഗീതം പുറപ്പെടുന്നുണ്ടെന്നു തോന്നി.

ഒരു പാട്ടുപാടാൻ തോന്നി---ഒരു മൂളിപ്പാട്ട്. പക്ഷേ, ഒരു പാട്ടും തനിക്കറിഞ്ഞുകൂടെന്ന് അയാളോർത്തു. ചില നൃത്തസംഗീതങ്ങളുടെ പൊടിപ്പുകൾ മാത്രമാണ് മനസ്സിലുള്ളത്. അവ നന്നായി പാടിക്കേട്ടിട്ടുള്ളതുകൊണ്ട് ചീത്തയായി പാടാനും അയാൾ ഇഷ്ടപ്പെട്ടില്ല. പെട്ടെന്നാണ് ആ പദം മനസ്സിലേക്ക് കടന്നുവന്നത്.

'പ്രിയമാനസാ, നീ പോയ്‌വരേണം...'

ചുണ്ടുകളനങ്ങിയില്ലെങ്കിലും വിശ്വത്തിന്റെ ഹൃദയം അതാവർത്തിച്ചു പാടി: 'പ്രിയമാനസാ, നീ പോയ്‌വരേണം...'

കടപ്പുറവും പുഴവക്കും കൂടിച്ചേരുന്നേടത്തു ചെന്നപ്പോൾ വിശ്വനാഥൻ നിന്നു. ചുറ്റും നോക്കി. ആ വിസ്തൃതമായ മണൽപ്പരപ്പിന്റെ അങ്ങേയറ്റത്തു നില്ക്കുന്ന ഉയർന്ന കള്ളിച്ചെടികൾ ഒരിക്കലും താഴാത്ത കൈകൾ പൊക്കിക്കൊണ്ടു നില്ക്കുന്നുണ്ട്. മങ്ങിയ വെളിച്ചത്തിൽ അവ ഭീതിജനകങ്ങളായിരുന്നു. ആ കൈകൾ ഇനിയുമിനിയും നീളുകയും പതുക്കെ വളഞ്ഞുവന്നു ദേഹത്തിൽ തട്ടുകയും ചെയ്യുമെന്നു തോന്നി. എങ്കിലും വിശ്വത്തിന്റെ മനസ്സു പാടുകയായിരുന്നു: 'പ്രിയ മാനസാ, നീ പോയ്‌വരേണം.'

"ബന്നാട്ക്ക്ണോ?"

ആ ശബ്ദം കേട്ടപ്പോൾ വിശ്വനാഥൻ ഞെട്ടിയില്ല. തിരിഞ്ഞുനോക്കി; മരയ്ക്കാരാണ്.

"രാരിച്ചന് ഇപ്പോ ബരും." അവൻ പതിഞ്ഞ സ്വരത്തിൽ പറഞ്ഞു. എന്നിട്ട് ആ പൂഴിപ്പരപ്പിൽ ഇരുന്നു.

"കുത്രിക്കീ."

വിശ്വത്തോടിരിക്കാൻ പറഞ്ഞു. ആരെങ്കിലും ക്ഷണിക്കാത്തതുകൊണ്ടാണ് ഇതേവരെ നിന്നിരുന്നതെന്നപോലെ, വിശ്വം പൊടുന്നനെ ഇരുന്നു.

"ബല്ലിച്ച പിളാന്നും ഉണ്ടോ?" ചുറ്റും നോക്കിയതിന്നുശേഷം മരയ്ക്കാർ പതിഞ്ഞ സ്വരത്തിൽ ചോദിച്ചു.

"എല്ലാവരും വരട്ടെ. ആലോചിക്കാം."

“ഏതായാലും ഞമ്മക്ക് കെട്ടുകെട്ടിച്ചാതെ പറ്റൂലാ.”

“ഉം.”

പിന്നെയും മരയ്ക്കാര് പതിഞ്ഞ സ്വരത്തില് സംസാരിച്ചു. അവന്നു പല പ്ലാന്നുകളുമുണ്ട്. ഗതാഗതം നിലപ്പിക്കുകയാണ് ആദ്യം വേണ്ടത്. പിന്നീട് ഓരോയിടത്തും കലാപം കുത്തിപ്പൊക്കണം. കലാപം തുടങ്ങിയാല് അതു കെട്ടാറാതെ നോക്കണം. പലേടത്തും ഒന്നിച്ചായിരിക്കണം ബഹളം. ഒരിടത്തേക്കു തിരിയുമ്പോള് മറ്റേഭാഗം പൊന്തണം. നില്ക്കപ്പൊറുതി കൊടുക്കരുത്.

“യുത്തം നടക്കുന്നോണ്ട് ബലിങ്ങനെ പട്ടാളത്തെയൊന്നും ഇങ്ങോട്ടു ബിടാന് കയ്യൂലാ. ഇതു ഞമ്മക്ക് ഒരു ചാന്സാ; ഇച്ചാന്സിലു ഞമ്മള് ഇച്ചെന്തു കുടുംബാരെ കെട്ടുകെട്ടിച്ചണം.”

വിശ്വനാഥന് എല്ലാറ്റിന്നും മൂളി. സമരതന്ത്രങ്ങളെപ്പറ്റി തന്നെക്കാളും വളരെയെല്ലാം മരയ്ക്കാര് ആലോചിച്ചിട്ടുണ്ട് എന്ന് അവന്നു തോന്നി. അവന് സംസാരിച്ചിരുന്നതുതന്നെ നന്നേ പതിഞ്ഞ സ്വരത്തിലായിരുന്നു; വിചാരിക്കുന്നതിനേക്കാള് കുറച്ചുറക്കെയും പിറുപിറുക്കുന്നതിനേക്കാള് നന്നേ പതുക്കെയും. ആ സംഭാഷണരീതിതന്നെ പറയുന്ന കാര്യത്തിന്റെ ഗൗരവവും രഹസ്യസ്വഭാവവും വെളിപ്പെടുത്തിയിരുന്നു.

വിശ്വനാഥനും അതു പതുക്കെ ബോധപ്പെടുന്നുണ്ട്. എന്നാലും കൂടക്കൂടെ അയാളുടെ ഹൃദയത്തില് ആ പദം മുഴങ്ങിക്കൊണ്ടിരുന്നു: ‘പ്രിയമാനസാ, നീ പോയ്വരേണം...’

ദൂരേനിന്ന് ഒരു നിഴല് അവരെ സമീപിക്കുന്നുണ്ടായിരുന്നു. മരയ്ക്കാര് സംഭാഷണം നിര്ത്തി. ചെവിയും കണ്ണും കൂര്പ്പിച്ചു. ആ നിഴല് അവരുടെ നേര്ക്കുതന്നെയാണ്.

അടുത്തെത്തി; നാറാണപിള്ളയാണ്.

“അന്യേന്മാര് ഇവിടെയാണോ? ഞാന് ഈ കടപ്പുറം മുഴുവന് തേടിയില്ല്യോ.”

“കുത്രിക്കീ.” മരയ്ക്കാര് അയാളെയും ക്ഷണിച്ചു.

പതുക്കെ, ഗോപാലകൃഷ്ണനും രാരിച്ചനും വന്നു. വേറെയും മൂന്നു നാലു പേരുണ്ടായിരുന്നു. ചിലരെ വിശ്വനാഥന് അറിയില്ല. ഖദര്വേഷ്ടി ചുറ്റിപ്പുതച്ച ഒരു തുത്തക്കവിളനും കൂട്ടത്തിലുണ്ടായിരുന്നു. മറ്റെല്ലാവരെയും അറിയാം. മരയ്ക്കാര്ക്കുപോലും എല്ലാവരെയും പരിചയമാണ്.

രാരിച്ചന് തുത്തക്കവിളനെ വിശ്വനാഥനു പരിചയപ്പെടുത്തി. പതുക്കെപ്പതുക്കെ സംഭാഷണം സമരപരിപാടികളെക്കുറിച്ചായി. രാരിച്ചന്നു വ്യക്തമായ ഒരു പരിപാടി യോഗത്തിനു മുമ്പില് വയ്ക്കാനുണ്ടായിരുന്നു. ഗോപാലകൃഷ്ണന് അത് പരിപൂര്ണ്ണ സമ്മതവുമാണ്. ഇടയ്ക്കിടയ്ക്ക സന്ദേഹങ്ങളുന്നയിച്ചിരുന്നത് കിട്ടുപിള്ള നാറാണപിള്ള മാത്രമാണ്.

“അനിയന് പറയുന്നതെല്ലാം നടന്നാല് കൊള്ളാം. പക്ഷേല്, നടക്കുമോ?”

“എന്തുകൊണ്ടു നടക്കില്ല?” ഗോപാലകൃഷ്ണനാണ് ചോദിച്ചത്.

“നാട്ടുകാര് ഒരുങ്ങണം. അവര് സഹായിക്കാതെ ഒന്നും നടക്കുകേലാ.”

“ഇല്ല, അവരെ നാം ഒരുക്കണം.” ഗോപാലകൃഷ്ണന് പറഞ്ഞു.

“എങ്ങനെ?”

“അതിനാണ് നമുക്കൊരു പ്ലാന് വേണ്ടത്.”

ആ പ്ലാനിനെപ്പറ്റി സംസാരിച്ചത് രാരിച്ചനാണ്. അക്കാര്യത്തിലും അയാളുടെ വഴി വ്യക്തവും ഋജുവുമായിരുന്നു. പത്തു വാക്കുകള്കൊണ്ട് ആ പരിപാടിക്കു രൂപം കൊടുത്തു. എന്നിട്ട് തുത്തക്കവിളനോടു ചോദിച്ചു:

“എന്തു തോന്നുന്നു?”

“വേറെ വഴിയില്ല.” തുത്തക്കവിളന് സമ്മതിച്ചു.

പിന്നീട് രാരിച്ചന്, പിള്ളയുടെയും വിശ്വനാഥന്റെയും മുഖത്തേക്കു നോക്കി. പിള്ള പറഞ്ഞു:

“ചിലതൊക്കെ കണ്ടവനാ ഇവന്. പക്ഷേല് ചിലതൊക്കെ കണ്ടുപിടിക്കാന് അനിയന്മാരാ നല്ലത്. ഇവന് കൂടെയുണ്ട്.”

“ഞാനും കൂടെയുണ്ട്.” അവസാനമാണ് വിശ്വനാഥന് സംസാരിച്ചത്.

ആ കൂടിയാലോചന നീണ്ടുനീണ്ടു പോയി. രാത്രി പതിനൊന്നുമണിക്ക് എല്ലാവരും പിരിഞ്ഞു. ഗോപാലകൃഷ്ണന് മുമ്പില് നടന്നു. അയാള് വിശ്വത്തെ കാത്തുനിന്നില്ല. ആരും ആരെയും കാത്തുനിന്നില്ല. ഓരോരുത്തരും ഓരോ വഴിക്കാണ് നടന്നത്.

നിരത്തിലെത്തിയപ്പോള് നാറാണപിള്ളമാത്രം തന്റെ കൂടെയുണ്ടെന്നു വിശ്വം മനസ്സിലാക്കി.

“അനിയന് വീട്ടിലേക്കല്യോ?”

“അതേ.”

“ഞാന് ഫാക്ടറിവഴിക്കാ. ഒരു ‘വണ് ആന്റ് ഹാഫ്’ അടിച്ചങ്ങു കയറണം.”

“ശരി.”

വിശ്വനാഥന് വീട്ടിന്നു മുമ്പില് വന്നപ്പോള് അവിടം പ്രശാന്തമായിരുന്നു. ജാലകത്തിലൂടെ വരുന്ന വെളിച്ചം മുരിങ്ങമരത്തിലെ ഒരു കവരം മാത്രം തെളിയിച്ചു കാണിച്ചു. അവിടെ ഒരു വെള്ളപ്രാവു പറ്റിപ്പിടിച്ചു കിടക്കുകയാണെന്നു തോന്നി.

മുറ്റത്തെത്തിയപ്പോള്, മുക്കാലും ചാരിക്കിടന്ന വാതില്പ്പഴുതിലൂടെ അയാള് അകത്തേക്കു നോക്കി. വിളക്കിനു മുമ്പില് നിശ്ചലമായി, താടിക്കു കയ്യും കൊടുത്തിരിക്കുകയാണ് രാധ. ജീവിതം തീക്ഷ്ണവും തിക്തവുമായി ആ മുഖത്തു കൂടികൊള്ളുന്നു. ജീവചൈതന്യം മുഴുവന് വഹിക്കുന്ന ആധാരശക്തിപോലെയുണ്ട്. ആ ശ്രീകോവിലിനു നേര്ക്കു വിശ്വനാഥന് നീങ്ങി.

പതുക്കെ വാതില് തുറന്നു.

“ആരാത്?”

“ഞാന്.”

ഞാനെന്ന ആ ശബ്ദം ഒരു വലിയ ‘ഞാനി’ന്റേതായിരുന്നു.

മൂന്ന്

നാറാണപിള്ള നന്നേ കാലത്തേ എഴുന്നേറ്റു. ചെവിയടച്ചു തലയിലൊരു കെട്ടുംകെട്ടി പുറത്തേക്കിറങ്ങി. ഒരു കടുംകാപ്പിക്കു മാത്രമേ അരിച്ചുകയറുന്ന ഈ തണുപ്പിനൊരു ശമനം വരുത്താന് കഴിയൂ. അയാള് ആളൊഴിഞ്ഞ നിരത്തിലൂടെ പീടികയിലേക്കു വെച്ചടിക്കുകയാണ്. പത്തടി നടന്നപ്പോള് ഒരു സൈക്കിള്കാരന് അയാളെ മറികടന്നുപോയി. ബ്രേക്കും ബെല്ലുമില്ലാത്തതാണ് ആ വണ്ടിയെന്നു തോന്നി, അവന്റെ പോക്കു കണ്ടപ്പോള്.

‘മരിക്കാന് വേറെ എത്ര വഴിയുണ്ട്! ചുമ്മാപോയി പട്ടാളത്തില് ചേരരുതോ?’ നാറാണപിള്ള ഓര്ത്തു. യുദ്ധം ആളുകളുടെ സ്വഭാവത്തിലാകെ മാറ്റം വരുത്തുന്നു. യുദ്ധം നേരിട്ട് ഇന്ത്യയിലേക്കു കടന്നുവന്നിട്ടില്ല. എങ്കിലും അതിന്റെ വൃത്തികേടുകള് മുഴുവന് ഇവിടെ പാര്പ്പുറപ്പിച്ചു കഴിഞ്ഞു. ഒന്നിനും സാവകാശമില്ല. തീയിന്നു ചുറ്റും പാറിക്കളിക്കുന്ന ഈയാമ്പാറ്റയുടെ പെടപെടപ്പ്. ഇനി ഇത്തിരിനേരമേ ഉള്ളൂ; അതിന്നിടയില് ചെയ്യാനുള്ളതൊക്കെ ചെയ്യണം; നേടാനുള്ളതൊക്കെ നേടണം--എന്നൊരു മട്ട് എല്ലാവര്ക്കുമുണ്ട്. അരിച്ചരിച്ചു പോയിരുന്ന പാവപ്പെട്ട മനുഷ്യരെല്ലാം ചവിട്ടിക്കുതിച്ചു നടക്കാന് തുടങ്ങിയിരിക്കുന്നു. സാധുക്കള് ദുസ്സാമര്ത്ഥ്യക്കാരായിരിക്കുന്നു. കച്ചവടം എന്നാല് കരിഞ്ചന്ത എന്നായിരിക്കുന്നു അര്ത്ഥം. പണം ഒരു കളിക്കോപ്പായി മാറിയിരിക്കുന്നു. തലേന്നാള് കണ്ട മരച്ചാപ്പയിലെ പിള്ളരുടെ കളിയെപ്പറ്റി നാറാണപിള്ള ഓര്ത്തു. കറന്സിനോട്ട് ഈച്ചയ്ക്കു വയ്ക്കുന്ന ആ കളി അയാളെ സ്വല്പം അത്ഭുതപ്പെടുത്തി. നോട്ടുകള് നിരത്തിവയ്ക്കുക. ആരുടെ നോട്ടിന്മേലാണോ ഈച്ച ആദ്യം വന്നിരിക്കുന്നത്, അവന്നു മറ്റാളുടെ നോട്ടുകള്കൂടി കിട്ടും. പണം കാറ്റുതട്ടാന് സമ്മതിക്കാതിരുന്ന കാലത്തുനിന്ന് ഈച്ചയ്ക്കു വയ്ക്കുന്ന കാലത്തേക്കു സംഗതികള് നീങ്ങിക്കഴിഞ്ഞിരിക്കുന്നു. എന്തിന്റെ നേര്ക്കും ആളുകള്ക്ക് ഒരുതരം വിലയില്ലായ്മ തോന്നിക്കഴിഞ്ഞിരിക്കുന്നു. സത്യം, ദയ, നീതി, മരണം എന്നിവയെക്കുറിച്ചെല്ലാം പുച്ഛം പടര്ന്നുപിടിച്ചിരിക്കുകയാണ്. യുദ്ധം മനുഷ്യശിരസ്സുകളെക്കാളധികം മനുഷ്യഗുണങ്ങളെ അരിഞ്ഞുതള്ളുന്നുവെന്നു നാറാണപിള്ള ഓര്ത്തു.

പെട്ടെന്നാണ് എതിര്വശത്തെ ചുമരിലുള്ള ഒരു വലിയ പരസ്യം നാറാണപിള്ളയുടെ കണ്ണില്പ്പെട്ടത്. ചുവന്ന മഷികൊണ്ടാണ് എഴുതിയിട്ടുള്ളത്. അയാള് പതുക്കെ നിന്നു; എന്നിട്ടു വായിച്ചുനോക്കി. നാറാണപിള്ളയ്ക്കു ഞെട്ടലുണ്ടായില്ല. ഒന്നമര്ത്തിമൂളി വലിഞ്ഞുനടന്നു.

അവസരം ഉപയോഗപ്പെടുത്തുവാനുള്ള ഒരാഹ്വാനമായിരുന്നു അത്. നമ്മോടു ചോദിക്കാതെ നമ്മെ പ്രിയപ്പെട്ട നേതാക്കളെ കല്ലറയ്ക്കുള്ളില് അടച്ചുപൂട്ടിയിരിക്കുകയാണ്. ഇന്ത്യയെ ഒരു ജയിലാക്കിയിരിക്കുകയാണ്. ഈ ജയിലഴികള് തല്ലിത്തകര്ക്കണം. ഗതാഗതങ്ങള് മുടക്കുക, പാലങ്ങള് തകര്ക്കുക, റയിലുകള് മാറ്റുക--ചുരുക്കത്തില് മനുഷ്യഹിംസയൊഴികെ മറ്റെന്തും ചെയ്യുക.

അതൊരു യുദ്ധപ്രഖ്യാപനംതന്നെയായിരുന്നു. നാറാണപിള്ള മനസ്സുകൊണ്ട് ചിലതൊക്കെ കണക്കു കൂട്ടി. ആ ചുവന്ന അക്ഷരങ്ങള്ക്കു പിന്നില് ഒരഗ്നിജ്വാല കത്തിപ്പടര്ന്നുവരുന്നതു കാണാമായിരുന്നു. ഒരു രാജ്യത്തിന്റെ യുവരക്തം മുഴുവന് ആ അക്ഷരങ്ങളിലിരുന്നു തുടിച്ചുനില്ക്കുന്നതായി അയാള്ക്കു തോന്നി.

ചായപ്പീടികയില് കയറി ചായ കുടിക്കുമ്പോഴും തിരിച്ചുപോരുമ്പോഴുമെല്ലാം ഒരേ ചിന്തയേ നാറാണപിള്ളയുടെ ഹൃദയത്തിലുണ്ടായിരുന്നുള്ളു. അത് ആ നോട്ടീസിനെപ്പറ്റിയായിരുന്നു.

എന്തിനാണെന്നു നാറാണപിള്ളയ്ക്കുതന്നെ വ്യക്തമായിരുന്നില്ല. അയാള് വിശ്വനാഥന് താമസിക്കുന്നിടത്തേക്കാണ് നടന്നുചെന്നത്.

"അനിയാ!"

അയാള് വാതില്ക്കല് മുട്ടി. വാതില് തുറന്നത് രാധയാണ്.

"ഓ, അനിയത്തിയാണോ? എവിടെ നമ്മുടെ നൃത്തക്കാരന്? ഉണര്ന്നില്ലയോ?"--ഒന്നും സംഭവിക്കാത്ത മാതിരിയായിരുന്നു നാറാണപിള്ളയുടെ സംഭാഷണം. അയാള് ഒരിരട്ടമനുഷ്യനാണെന്നു തോന്നും. ഒരു വിപ്ലവകാരിയെയും ഒരു വിദൂഷകനെയും നാറാണപിള്ള തന്നില് ഇണക്കിച്ചേര്ത്തിരുന്നു. പുറമേക്ക് ഏറിയകൂറും അയാള് വിദൂഷകനെ പ്രദര്ശിപ്പിച്ചു പോന്നു.

"ഉറങ്ങുന്നു." ---രാധ അറിയിച്ചു.

"ഇവന്മാരെല്ലാം ആകാശംവിഴുങ്ങികളും വിഷാദാത്മകരുമാകുന്നതു ചുമ്മാതാണോ? ഉദയരശ്മി ശിരസ്സില് തട്ടിയിട്ടു വര്ഷങ്ങളായില്ലായോ?"

ഇത്രയും പറഞ്ഞു ചുമല് കുലുക്കിക്കൊണ്ട് അയാള് അകത്തേക്കു കടന്നു. വിശ്വം ഒരു പുതപ്പിനുള്ളില് ചുരുണ്ടുകൂടിയിരിക്കുകയാണ്.

"അനിയാ, സൂര്യന് പുറത്തുനിന്നു കരയുന്നു, അനിയനെ ഒന്നു കാണാന് വേണ്ടി. ഒന്നെഴുന്നേറ്റാട്ടെ."

വിശ്വം തലപൊക്കി നോക്കി, സ്വല്പം സംഭ്രമത്തോടെ ചോദിച്ചു:

"എന്തേ?"

"ചുമ്മാ."

"ഇരിക്കു."

"ഞാന് ഇരിക്കാം. അനിയനൊന്ന് എഴുന്നേല്ക്കണം."

വിശ്വം കിടക്കയില് ഇരുന്നു. അയാളുടെ തുടുത്ത കവിളുകള് കുറേക്കൂടി

തുടുത്തിരുന്നു. കണ്പോളകളില് അപ്പോഴും കനമുണ്ട്.

“ഇന്നലെ ഉറക്കം സുഖമായില്യോ?”

“ഇല്ല.”

“കാരണം?”

സ്വല്പം ആലോചിച്ചിരുന്നിട്ടു വിശ്വം പറഞ്ഞു:

“ഉറക്കം വരാത്ത രാത്രികളാണ് അധികം.”

“എന്നാല് അനിയന്റെ ഉറക്കവുംകൂടി ഇങ്ങു തന്നേക്കണം.” നാറാണപിള്ള ചിരിച്ചുകൊണ്ടു തുടര്ന്നു: “മറ്റെന്തു കുഴപ്പമുണ്ടെങ്കിലും ഉറക്കമില്ലാത്ത കുഴപ്പം ഇവനില്ല. അനിയാ, എല്ലാ കാര്യങ്ങളും നാം ശിരസ്സില് ചുമക്കേണ്ട ആവശ്യമൊന്നുമില്ല. സ്വല്പമൊക്കെ ദൈവത്തിനങ്ങു വിട്ടുകൊടുത്തേക്കണം. എല്ലാം നാം ചുമന്നാല് ദൈവത്തിനു പിന്നെ എന്നാ പണി? അങ്ങോരങ്ങു രാജിവെച്ചു പോയേക്കും. അപ്പോള്പിന്നെ ലോകത്തിന്നൊക്കെ കുഴപ്പമാ, അനിയാ.”

നാറാണപിള്ള ഒരിക്കല്ക്കൂടി പൊട്ടിച്ചിരിച്ചു.

“ഒരു കണക്കില്, പിള്ളച്ചേട്ടന്റെ ഈശ്വരവിശ്വാസം നല്ലതായിരിക്കും.”

“ഒരു കണക്കിലല്ല, എല്ലാ കണക്കിലും.”

“പക്ഷേ, വിശ്വാസമുണ്ടാകുകയല്ലാതെ, ഉണ്ടാക്കാന് പറ്റുമോ?”

“ശരിയാണ്; ഭാര്യയെ സംശയിക്കുകയും പ്രേമിക്കുകയുംകൂടി പറ്റില്ല. ഇല്ലേലും പെണ്പിറന്നോത്തിയും ദൈവവും തമ്മില് വളരെ സാമ്യമുണ്ടെന്നു തോന്നുന്നു. അവരൊന്നിലുമില്ല. അവരില്ലാതെ ഒന്നുമില്ല. അവരല്ലാതെ ഒന്നും ചെയ്യുന്നില്ല. പുരുഷന് ഒരു നിമിത്തമാ, അനിയാ.” നാറാണ പിള്ള ഒന്നുകൂടി ചിരിച്ചു: “അല്ലേല് ഞാന് ആരോടാ പറയുന്നത്? പെണ്ണും പെരുച്ചാഴിയുമുള്ളവനോടു പറഞ്ഞാലല്ലേ മനസ്സിലാക്കാന് ഒക്കൂ?”

ഇത്തവണ വിശ്വനാഥനും ചിരിച്ചു. കുംഭമഴകൊണ്ടു കുളിര്ത്തതു പോലെയായി അന്തരീക്ഷം. രാധ രണ്ടു ഗ്ലാസ് കാപ്പി കൊണ്ടുവന്നുവെച്ചു.

“ഞാന് കാപ്പി കുടിച്ചാണ് തിരിച്ചത്. എന്നാലും കുടിച്ചുകളയാം. വറ്റില്ലാത്ത വെള്ളമല്യോ.”

രാധ, പതുക്കെ ഒന്നു പുഞ്ചിരിച്ചുകൊണ്ട്, രംഗത്തുനിന്നു മാറി, പിള്ള ചുറ്റുമൊന്നു കണ്ണോടിച്ചു. എന്നിട്ടു വിശ്വത്തിന്റെ അടുത്തേക്കു നീങ്ങിയിരുന്നു പതിഞ്ഞ സ്വരത്തില് പറഞ്ഞു:

“ആന ചങ്ങല പൊട്ടിച്ചു.”

വിശ്വം, ചോദ്യം ചോദിക്കുന്നതുപോലെ, പിള്ളയെ നോക്കി. പിള്ള നോട്ടീസിന്റെ കാര്യം പറഞ്ഞു. അതിന്റെ വരുംവരായ്കകളെപ്പറ്റി അവര് ചര്ച്ച ചെയ്തു. അവസാനം പിള്ള ചോദിച്ചു:

“അനിയന് എന്തു ചെയ്യാന് വിചാരിക്കുന്നു?”

“എന്തെങ്കിലും ചെയ്യാതെ ഇനി അടങ്ങിയിരിക്കാന് പറ്റുകയില്ല.”

“അനിയന് അങ്ങനെ വിചാരിക്കുമെന്നു ഞാന് ഓര്ത്തു. പക്ഷേ, ഒന്നുകൂടി

ഓര്ക്കണം. ഈ പെണ്കൊച്ചിന്റെ സ്ഥിതി എന്താകും?"

"എന്നുവെച്ച്, എനിക്കു മരിക്കാനൊക്കുമോ?"

സ്നേഹമുള്ളവരെയെല്ലാം വലിച്ചെറിഞ്ഞ്, ലോകസേവനത്തിനു പോകാനോ? മരിക്കുന്നതിനെക്കാള് വലിയ ചില ത്യാഗങ്ങളുണ്ട്. ചത്തവനു തല തെക്കായാലെന്ത്, വടക്കായാലെന്ത്? ജീവിച്ചിരുന്നു തീ വിഴുങ്ങുന്നതാണു വിഷമം. ഏതായാലും അനിയന് ഒന്നിലേക്കും എടുത്തുചാടാതെ. ഇതു ചില്ലറക്കളിയല്ല. ഒന്നുകില് ആയം; അല്ലെങ്കില് അടിയറവ്."

"എന്റെ തോല്വി എനിക്കു മാത്രമുള്ളതാണ്."

"അങ്ങനെ നിനയ്ക്കാതെ, അനിയാ." നാറാണപിള്ള തുടര്ന്നു: "തല്ക്കാലം ഏതായാലും അനങ്ങരുത്. വിശ്വമനങ്ങിയാല്, ആ പെണ്കൊച്ച് അടങ്ങിയിരിക്കുകയില്ല. സര്വ്വനാശമായിരിക്കും ഫലം."

വിശ്വം നിശ്ശബ്ദമായിരുന്ന് ആലോചിച്ചു. നാറാണപിള്ള യാത്രപറഞ്ഞു പിരിയുമ്പോഴും വിശ്വം ചിന്തയില്ത്തന്നെയായിരുന്നു. ഏതോ കാണാക്കുടുക്കുകള് അയാളുടെ കാലുകളെ ബന്ധിച്ചിരിക്കുന്നു. കാല് വലിച്ചു നീട്ടിവെച്ചാല് കുടുക്കുകള് പൊട്ടും. പക്ഷേ, അതുകൊണ്ടു വേദനിക്കുന്നതു മറ്റു ചിലര്ക്കാണ്. കല്ലറയില് ജീവിച്ചിരിക്കുമ്പോലെ അയാള്ക്കു തോന്നി.

അതേ ഇരിപ്പില്ത്തന്നെ ഇരുന്നു. രാധ കമ്പനിയിലേക്കു പുറപ്പെട്ടു പോകുന്നതു കണ്ടപ്പോഴേ അയാള് വിചാരത്തില്നിന്ന് ഉണര്ന്നുള്ളൂ. മുഖം കഴുകി ഷര്ട്ടെടുത്തിട്ടിട്ടു പുറത്തേക്കു കടന്നു.

"എവിടേക്കാണ്?" പിന്നില്നിന്ന് ഗോപാലകൃഷ്ണന് ചോദിച്ചു.

"പുറത്തുപോയി വരാം."

ഒരു ലക്ഷ്യവുമില്ലാതെയാണ് നടന്നത്. നിരത്തിന്റെ ഓരത്തിലൂടെ അയാള് നീങ്ങി. മരം കയറ്റിപ്പോകുന്ന ലോറികളും ഉന്തുവണ്ടികളും അയാളെ പിന്നിട്ടുപോകുന്നുണ്ട്. ഈര്ച്ചക്കമ്പനികളില്നിന്നു കരകരശബ്ദം ഇടതടവില്ലാതെ കേള്ക്കുന്നു. തെരുവുപിള്ളേരുടെ കൂവിയും വിളിയും. റേഷന്കടയ്ക്കുമുമ്പില് വമ്പിച്ച ജനാവലി ക്യൂ നില്ക്കുന്നു. 'കപ്പാ, കപ്പാ' എന്നാര്ത്തുവിളിച്ചുകൊണ്ട് ഒരു ഉന്തുവണ്ടിക്കാരന് സഞ്ചരിക്കുന്നു. വിലപേശുന്ന പെണ്കുട്ടികളോട് അവന് നേരമ്പോക്കു പറയുന്നു. പത്തടി നടന്നപ്പോള് ഒരു കാക്കിക്കുപ്പായക്കാരന് അയാളുടെ അടുത്തേക്കുവന്നു പറഞ്ഞു:

"ഒരു വാക്കു ചോദിച്ചോട്ടെ."

വിശ്വം തലയുയര്ത്തിനോക്കി. പോ മാനാണ്.

"ഉം--?"

"നൈനാം വീട്ടില് ബീച്ചാത്തു എന്ന കുഞ്ഞാമിന്നുമ്മ താമസിക്കുന്നതെവിടെയാണ്?"

"ഉം--?"

വിശ്വം വീണ്ടും ചോദിച്ചു.

“അവര്ക്കു പട്ടാളത്തില്നിന്ന് ഒരു മണിയോര്ഡറുണ്ട്.”

“എനിക്കറിയില്ല.”

പോസ്റ്റ്മാന് കടന്നുപോയി.

ഗതികെട്ട ഈ രാജ്യത്തുനിന്ന് പട്ടാളത്തിലേക്കും ആളുകളെ കിട്ടാന് വിഷമമുണ്ടാകുകയില്ലെന്ന് വിശ്വനാഥന് വിചാരിച്ചു. കുടുംബത്തേക്കു വല്ലതും അയച്ചുകൊടുക്കാനുള്ള ഒരേയൊരു മാര്ഗ്ഗം അതാണ്. ആ നിലയ്ക്ക് എതിര് പ്രചാരവേല എത്രകണ്ടു ഫലിക്കും? ഈ യുദ്ധം നമ്മുടെ യുദ്ധമല്ല. നമ്മോടു ചോദിച്ചല്ല നമ്മെ യുദ്ധത്തിലേക്കും തള്ളിവിട്ടത്; ആളെക്കൊണ്ടോ പണംകൊണ്ടോ യുദ്ധത്തിന്നു സഹായം നല്കരുത്. ഇത്തരം വാക്കുകള് എത്രത്തോളം വിലപ്പോകും?

വ്യക്തിഗതസത്യാഗ്രഹംകൊണ്ട് എന്തെങ്കിലും ഫലമുണ്ടാകുമോ? ഒരുണക്കമനുഷ്യന്---ഒരു വിനോബാ---ഗ്രാമങ്ങളില്നിന്നു ഗ്രാമങ്ങളിലേക്കു വിളിച്ചുപറഞ്ഞുകൊണ്ടു നടക്കുകയാണ്. എവിടെനിന്നു വന്നു ഈ മനുഷ്യന്? ഗാന്ധിജി കാലിന്നടിയില്നിന്നു പെട്ടെന്ന് ഒരു മനുഷ്യനെ വലിച്ചെടുക്കുകയാണുണ്ടായത്. അദ്ദേഹം മൃദുസ്വരത്തില് വിളിച്ചുപറഞ്ഞു നടന്നിട്ടെന്താണ്? പത്തുപേര് കേട്ടുവെന്നു വരാം. ആയിരംപേര് ഹസിക്കുകയും ചെയ്യും. സ്നാപകയോഹന്നാന്റെ കഥ അയാള്ക്ക് ഓര്മ്മവന്നു. കുട്ടിക്കാലത്തു സ്കൂളിന്റെ പടിക്കല്നിന്നു പ്രസംഗിക്കാറുള്ള കിഴവന് പാതിരിയെപ്പറ്റിയും ഓര്ത്തു. ഒട്ടകരോമംകൊണ്ടുള്ള കുപ്പായവും അരയില് തോല്വാറും ധരിച്ച്, കാട്ടുകിഴങ്ങുകളും കാട്ടുതേനും മാത്രം ആഹരിച്ച്, മരുഭൂമികളില് ഏകനായി വിളിച്ചുപറഞ്ഞുകൊണ്ടു നടന്ന ആ ഗംഭീരപുരുഷന്റെ ചിത്രം ഹൃദയത്തില് പൊന്തിവന്നു!

“ഞങ്ങള്ക്കു പിതാവായിട്ട് അബ്രഹാമുണ്ട് എന്നു നിങ്ങളുടെ ഉള്ളില് നിങ്ങള് വിചാരിക്കുകയും പറയുകയുമരുത്. എന്തുകൊണ്ടെന്നാല്, ഈ കല്ലുകളില്നിന്ന് അബ്രഹാമിന്നു മക്കളെ പുറപ്പെടുവിക്കാന് ദൈവത്തിന്നു കഴിയും എന്നു ഞാന് നിങ്ങളോടു പറയുന്നു.”

അഗ്നികൊണ്ടും പരിശുദ്ധാത്മാവുകൊണ്ടും സ്നാനം ചെയ്യിപ്പിക്കുന്ന ഒരു മഹാവിപ്ലവത്തെ യോഹന്നാന് സ്നാനം ചെയ്യിച്ചു. വൃക്ഷങ്ങളുടെ ചുവട്ടിന്നു കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു എന്ന് അദ്ദേഹം വിളിച്ചറി യിച്ചു. നല്ല ഫലങ്ങള് കായ്ക്കാത്ത വൃക്ഷങ്ങള് വെട്ടിമുറിക്കപ്പെടുകയും തീയിലിടപ്പെടുകയും ചെയ്യുമെന്ന് അരുളിച്ചെയ്തു.

എന്നിട്ടെന്തുണ്ടായി?

കാമവും ലോഭവും ചേര്ന്ന് ആ മഹാപുരുഷന്റെ തലവെട്ടി വെള്ളിത്തളികയില് വെച്ചു.

ശരീരം പോയെങ്കിലും ആ ശബ്ദം നിലച്ചുവോ? അതു രാജ്യങ്ങളുടെയും നൂറ്റാണ്ടുകളുടെയും അതിര്ത്തികളെ ലംഘിച്ചു സഞ്ചരിച്ചില്ലേ? പക്ഷേ, അതൊക്കെ ഈ യുഗത്തില് സംഭവിക്കുമോ? അന്നത്തെ

സാമ്രാജ്യത്വമാണോ ഇന്നത്തേത്?

പെട്ടെന്ന് ഒരു മരവണ്ടി അയാളുടെ മുമ്പില് വന്നുനിന്നു. അതില് നിന്ന് ഒരു മനുഷ്യന് പുറത്തേക്കു ചാടി. ഹസ്സനായിരുന്നു.

"അറിഞ്ഞോ?" അവന് ചോദിച്ചു.

"എന്ത്?"

"ഞമ്മടെ മരയ്ക്കാര് കൂട്ടില്."

"എന്തിന്?"

"നോട്ടീസ് ഒട്ടിച്ചതിന്നാന്നാ പറഞ്ഞത്."

"എന്തു നോട്ടീസ്?"

"യുദ്ധത്തിന്ന് എതിരായിറ്റ്."

"ഉ–ം." വിശ്വം ഒന്നു മൂളി. എന്നിട്ടു ചോദിച്ചു: "എവിടെ നോട്ടീസ്?"

"പോലീസുകാര് ഒക്കെ പറിച്ചുകീറ്ന്ന്."

"ഉ–ം."

"നെരത്തി പുടുത്തം തൊടങ്ങും എന്നും പറേന്നുണ്ട്."

"നന്നായി."

ഹസ്സന് പിന്നെയും പതിഞ്ഞ സ്വരത്തില് എന്തൊക്കെയോ പറഞ്ഞു. പക്ഷേ, വിശ്വം അതു ശ്രദ്ധിച്ചുവോ എന്നു സംശയമാണ്. അയാള് മുന്നോട്ടു നീങ്ങി.

വാസ്തവത്തില് ഒരു നിരത്തിപ്പിടുത്തത്തിനുള്ള അരങ്ങൊരുങ്ങിക്കഴിഞ്ഞിരുന്നു. ആ ചുവന്ന നോട്ടീസ് കടന്നല്ക്കൂട്ടിലേക്ക് കല്ലെടുത്തെറിയുന്നതുപോലെയായിരുന്നു. പോലീസ് റോന്തു ചുറ്റാന് തുടങ്ങി. അങ്ങാടിയില് മുഴുവന് അതിനെപ്പറ്റിയായിരുന്നു സംഭാഷണം. ഉറക്കെയല്ല, പതുക്കെ. ആളുകള് വാക്യങ്ങളേക്കാള് ആംഗ്യങ്ങളുപയോഗിച്ചു.

പിറ്റേന്നും അതിന്നു പിറ്റേന്നും ആളുകളെ അറസ്റ്റ് ചെയ്തു. ലോക്കപ്പില്വെച്ചു മര്ദ്ദനങ്ങളുണ്ടാകുമെന്നായിരുന്നു പ്രതീക്ഷ. പക്ഷേ, അതൊന്നുമുണ്ടായില്ല.

അറസ്റ്റോടുകൂടി എല്ലാം അവസാനിക്കുന്നു. വിചാരണകളില്ല. പലരും ഡെറ്റിനൃകളായി, ചിലര്ക്കൊക്കെ നോട്ടീസും കിട്ടി; ഇത്ര മൈല് വിട്ടു പുറത്തുപോകുമ്പോള് പോലീസിനെ അറിയിക്കണമെന്ന്.

അന്നു വൈകുന്നേരം വിശ്വം താമസിക്കുന്നോടത്തേക്ക് സുലൈമാന് പെട്ടെന്നാണ് കയറിച്ചെന്നത്. ഒരു കുശലപ്രശ്നത്തിനും നില്ക്കാതെ സുലൈമാന് പറഞ്ഞു:

"മാറണം."

"എന്ത്?" വിശ്വം അമ്പരന്നു മട്ടില് ചോദിച്ചു.

"മാറണം; ഈ വീട്ടില്നിന്നു മാറണം."

"എവിടേക്ക്? എന്തിന്ന്?"

"അതൊക്കെ സാവധാനത്തില് പറയാം. ഇന്നു വൈകുന്നേരം ഇവിടെ കാറുവരും."

“അപ്പോള് രാധ? ....”

“അവളെയും കൂട്ടണം.”

“അവള്ക്കു കമ്പനിയില് പോകേണ്ടേ?”

“തത്കാലം പണിയില്നിന്ന് ഒഴിയട്ടെ. പിന്നീടു പറഞ്ഞു ശരിപ്പെടുത്താം.”

“അതു വിഷമമാണ്. അവള്ക്കതില് തീരെ സമ്മതമുണ്ടാകുകയില്ല.”

“കാലത്തിന്റെ ഗതി കണ്ടറിയണം.” സുലൈമാന് പറഞ്ഞു: “പോലീസ് ആട്ടിപ്പിടുത്തം തുടങ്ങിയിരിക്കുന്നു. നിങ്ങളെപ്പറ്റിയെല്ലാം നല്ല അഭിപ്രായമായിരിക്കണമെന്നില്ല അവര്ക്ക്.”

“അതിന്നു നമുക്കെന്തു ചെയ്യുവാന് പറ്റും?”

“ആകുന്നോടത്തോളം സൂക്ഷിക്കുക.”

ആ സംഭാഷണത്തിനിടയ്ക്ക് ഗോപാലകൃഷ്ണനും രാധയും അങ്ങോട്ടു വന്നു. അവരോടു സുലൈമാന് കാര്യങ്ങള് വിസ്തരിച്ചു പറഞ്ഞു. ആരുമൊന്നും മിണ്ടുന്നില്ല. എന്താണ് മറുപടി പറയേണ്ടതെന്ന് രാധയ്ക്ക് അറിഞ്ഞുകൂടായിരുന്നു. പോകേണ്ടെന്നു പറയാനാണ് മനസ്സ്. പക്ഷേ, സുലൈമാന് പറയുന്നതില് കാര്യമുണ്ട്.

“നിങ്ങളെല്ലാം എന്താണ് നിശ്ചയിക്കുന്നതെന്നുവെച്ചാല് അതുപോലെ ചെയ്യാം. എനിക്കു നിങ്ങളൊക്കേ ഉള്ളൂ.” രാധ പറഞ്ഞു.

സുലൈമാന്റെ മുഖം കനത്തു. രാധയുടെ വാക്കുകള് അയാളെ ചിന്താധീനനാക്കി.

ഇതിന്നിടയില് ഗോപാലകൃഷ്ണന് പറഞ്ഞു: “ഒരാഴ്ചകൂടി കഴിയട്ടെ.”

“പക്ഷേ,” സുലൈമാന് തലപൊക്കി നോക്കിയിട്ട് ഓര്മ്മപ്പെടുത്തി: “ഒരാഴ്ചയ്ക്കിപ്പോള് ഏഴു ദിവസത്തിന്റെ നീളമല്ലേ ഉള്ളൂ. ഏതു നിമിഷത്തിലും എന്തും സംഭവിക്കാം. പാലങ്ങള് പൊളിക്കുന്നുണ്ട്. റയിലുകള് മാറ്റുന്നുണ്ട്. ഇനിയെന്തൊക്കെയാണ് സംഭവിക്കുക എന്നറിഞ്ഞുകൂടാ.”

“നമ്മളതൊന്നും ചെയ്യുന്നില്ലല്ലോ.” വിശ്വം പറഞ്ഞു.

“ഇല്ല, പക്ഷേ, കട്ടവനെ കിട്ടിയില്ലെങ്കില് കിട്ടിയവനെ പിടിക്കുക എന്നൊരു മട്ടാണിപ്പോള് പോലീസിന്.”

“ഇവിടെനിന്നു മാറിയാലും അവര്ക്കു പിടിക്കാമെന്നുള്ളതാണ്.” ഗോപാലകൃഷ്ണന് പറഞ്ഞു.

അതിന്നു സുലൈമാന് മറുപടി ഉണ്ടായിരുന്നില്ല. കുറേ നേരത്തിന്ന് ആരും ഒന്നും സംസാരിച്ചില്ല. ഒടുവില് സുലൈമാന്തന്നെയാണ് സംസാരിച്ചത്.

“അല്ലെങ്കില് വരാനുള്ളത് വഴിയില് തങ്ങില്ല. എത്ര അനുഭവിച്ചാലും പിന്നെയും നമുക്ക് ആ പാഠം പഠിയില്ല. ഒരാഴ്ചകൂടി കാക്കാം.”

അയാള് എഴുന്നേറ്റു നടന്നു. ആരും ഒന്നും സംസാരിച്ചില്ല. അയാളുടെ മെതിയടിശബ്ദം അകന്നകന്നു പോയി. ഒടുവില് രാധ ഒരു ദീര്ഘനിശ്വാസത്തോടെ പറഞ്ഞു:

“ഈശ്വരന് നമുക്ക് ഒരച്ഛനെ കൊണ്ടുവന്നു തന്നതാണ്.”

ഗോപാലകൃഷ്ണന് അവിടെനിന്ന് എഴുന്നേറ്റുപോയി.

ടെലിഫോണ്കമ്പികളും ടെലഗ്രാഫ് കമ്പികളും മുറിച്ചതിന്നും പാലം അടര്ത്തിയതിന്നും മറ്റുമായി ആളുകള് അറസ്റ്റ് ചെയ്യപ്പെടുന്നുണ്ടായിരുന്നു. അല്പാല്പം മര്ദ്ദനങ്ങളും ആരംഭിച്ചു.

പരിഭ്രമിക്കുമ്പോള് മര്ദ്ദനങ്ങള് ഏതു ഗവണ്മെന്റും തുടങ്ങും. പരിഭ്രമിക്കാനുള്ള പരിതഃസ്ഥിതികളുണ്ടായിരുന്നുതാനും. യുദ്ധകാലത്ത് ഗതാഗതങ്ങള് രാജ്യത്തിന്റെ ഞരമ്പുകളാണ്, അവ തടസ്സപ്പെടുവാന് തുടങ്ങിയിരിക്കുന്നു.

യുദ്ധഫണ്ടിലേക്കു പിരിയുന്ന പണംകൊണ്ട് ആളുകളുടെ ആനുകൂല്യങ്ങള് അളന്നുകൂടാ. ഒരു കൈകൊണ്ടു പണം ഗവണ്മെന്റിനു കൊടുത്തിട്ട് മറ്റേ കൈകൊണ്ട് അവര് വിപ്ലവകാരികളെ സഹായിക്കുന്നുണ്ടെന്നു വരാം.

ഇന്ന് ആരും അനുകൂലമല്ല. എല്ലാത്തരം രാ ീയവും ഉള്ളുകൊണ്ടു ഗവണ്മെന്റിനെതിരായിരിക്കുകയാണ്. ചില പിളര്പ്പുകള് ഉണ്ടാക്കേണ്ടതുണ്ട്.

കൂടിയാലോചനകള്ക്കുപിന്നു കൂടിയാലോചനകള് നടന്നു. യുദ്ധത്തിന്നുശേഷം ഇന്ത്യയ്ക്ക സ്വാതന്ത്ര്യമെന്നു വ്യക്തമല്ലാത്ത ഭാഷയിലൊന്നു പ്രസ്താവിച്ചുനോക്കി. ഫലമില്ല. ലംഘിക്കപ്പെട്ട അനേകം വാഗ്ദാനങ്ങളില് ഒന്നുകൂടിച്ചേരുന്നുവെന്നേ ആളുകള് ധരിച്ചുള്ളൂ.

“അതു ചക്കരവാക്കാണ്.” ചായക്കടയിലിരുന്ന് ഒരുവന് പറഞ്ഞു.

“ഇതുപോലെ എത്ര കേട്ടു!” മറ്റേവനും മൂളി.

ആ വാഗ്ദാനം സത്യമായിരുന്നുവെങ്കില്പ്പോലും ജനങ്ങള് അതു ചെവിക്കൊള്ളാന് തയ്യാറല്ലായിരുന്നു. ദിവസം കഴിയുന്തോറും വെറുപ്പു വര്ദ്ധിക്കുകയാണ്. അവിടെ യുക്തിവിചാരത്തിനൊന്നും സ്ഥാനമില്ലായിരുന്നു.

ഇതിന്നിടയില് യുദ്ധത്തിന്റെ ഗതിയും ബ്രിട്ടന്ന് ഒട്ടും അനുകൂലമല്ലാതായിത്തീര്ന്നു. ബോംബുകള് ലണ്ടനിലെ തെരുവുകളെ ഞെട്ടിക്കാന് തുടങ്ങി.

പക്ഷേ, ഇത് ഇന്ത്യയെ അല്പംപോലും കുലുക്കിയില്ല. ക്രൂരമായ സന്തോഷം മനസ്സിന്നടിയില് ഊറുകയാണ് ചെയ്തത്. ജാലിയന്വാലാ ബാഗ് മുതല് അന്നോവരെ ഇന്ത്യയില് നടന്ന കൂട്ടക്കൊലകളുടെയും മര്ദ്ദനങ്ങളുടെയും ഓര്മ്മ അവരെ അതിന്നു പ്രേരിപ്പിച്ചു.

‘അറിയട്ടെ, അവരും അറിയട്ടെ’ എന്നായിരുന്നു ആളുകള് പറഞ്ഞിരുന്നത്.

പെട്ടെന്നാണ് അത്ഭുതപ്പെടുത്തുന്ന ആ വാര്ത്ത ആളുകളുടെ ചെവിയിലെത്തിയത്. റഷ്യ സഖ്യശക്തികളുടെ ഭാഗത്തുചേര്ന്നു!

“റഷ്യയോ?” നാറാണപിള്ള ഒന്നു ചിരിച്ചു: “റഷ്യയും ജര്മ്മനിയും സന്ധിയൊപ്പിട്ടിട്ടല്ലേ ഈ യുദ്ധം തുടങ്ങിയത്? ഞാന് പറഞ്ഞില്ലേ, ഈ യുദ്ധം പല രസികത്തങ്ങളും വരുത്തിവെച്ചേക്കും, അനിയാ.”

“ഇപ്പോ ഞമ്മടെ രാരിച്ചന് എന്തിരുത്താ പറയാ? റസ്യ

സാമ്രാജ്യമൂരാച്ചീന്റെ പാകം നിക്കുലാന്നാണല്ലോ ഓന് പറയാറ്.”

“യുദ്ധം രസികനാണനിയാ.” നാറാണപിള്ള വീണ്ടും പറഞ്ഞു.

വാസ്തവത്തില് ആളുകള്ക്ക് ഇതിന്റെ അര്ത്ഥം മനസ്സിലായില്ല. ഫാസിസവും സാമ്രാജ്യത്വവും വേറിട്ടു കാണാന് അവര്ക്കു കഴിഞ്ഞില്ല. കവിഞ്ഞതു മൊച്ചയും കുരങ്ങനും തമ്മിലുള്ള വ്യത്യാസമുണ്ടാകാം. അതുകൊണ്ടെന്താണ്?

ഒടുവില് അവര് ഒരു നിഗമനത്തിലെത്തി:

“വെള്ളക്കാരന് എന്തായാലും വെള്ളക്കാരന്തന്നെ.” മറ്റു കാരണങ്ങള് കണ്ടെത്താന് കഴിഞ്ഞപ്പോള് അവര് നിറഞ്ഞ ഉത്തരവാദിയാക്കി.

റഷ്യ ചേര്ന്നതോടുകൂടി ഐക്യകക്ഷികള്ക്ക് ഒന്നു വീര്പ്പയയ്ക്കാമെന്നായി. എന്നാലും ജര്മ്മനിയുടെ തള്ളിക്കയറ്റം നിസ്സാരമായിരുന്നില്ല. ജനാധിപത്യത്തിന്ന് അതിന്റേതായ അവശതകളുണ്ട്. അതിനു വ്യക്തിജീവിതത്തെ പരിഗണിക്കാതെ ഒന്നും പ്രവര്ത്തിക്കുവാന് പറ്റില്ല. സമാധാന കാലത്ത് ഇതു പുത്തന്കാറ്റുകള് ഊതിക്കയറ്റുന്ന ജനാലകളാണ്; യുദ്ധകാലത്ത് എല്ലാ അവശതകള്ക്കും കടന്നുവരുവാനുള്ള പഴുതുകളും. ഏകാധിപത്യം രാജ്യത്തെ ഒരിടിമുട്ടിയാക്കിക്കൊണ്ടുവരുന്നു. ഒരു പഴുതും അനുവദിക്കുകയില്ല. അടച്ചിട്ട ആവിയാണവിടെ. സമ്മര്ദ്ദം കൂടിയിരിക്കും. ഈ സമ്മര്ദ്ദത്തില്പ്പെട്ടു കുഴങ്ങുകയായിരുന്നു സഖ്യകക്ഷികള്.

ഇപ്പോള് ചെകുത്താന് ചെകുത്താനെ കണ്ടെത്തി. ഉരുക്ക് ഉരുക്കിനെ നേരിടുകയായിരുന്നു.

ഈ വാര്ത്ത ആളുകളെ ഉത്സുകരാക്കി. തുലാസിന്റെ തട്ടുകള് ഒപ്പമായിരിക്കുന്നു. ഇനിയതെങ്ങോട്ടു താഴുമെന്നതിന്നനുസരിച്ചിരിക്കും ജയാപജയങ്ങളുടെ പോക്ക്.

റഷ്യക്കാരുടെ യുദ്ധരംഗത്തേക്കുള്ള പ്രവേശം പല പുതിയ വാര്ത്തകളും കൊണ്ടുവന്നു. അവര്, കുന്തമുനപോലെ വരുന്നു, വിശറിപോലെ വിടരുന്നു. ആയിരം നാഴികയോളമുള്ള യുദ്ധരംഗത്തു മുഴുവന് വ്യാപിച്ചു നില്ക്കുന്നതാണ് ആ വിശറി.

അത് അഗ്നിയെ ഊതിക്കത്തിച്ചു. മനുഷ്യശവങ്ങള് പെരുകുകയായി. ആളുകളുടെ ശ്രദ്ധ പടിഞ്ഞാറുനിന്നു കിഴക്കോട്ടു ചാഞ്ഞു.

എങ്കിലും ഈ മാറ്റം കാര്യമായി കാണുകയോ അതിനെപ്പറ്റി ചിന്തിക്കുകയോ ചെയ്യാത്ത വ്യക്തിയായിരുന്നു വിശ്വനാഥന്. യുദ്ധത്തെസ്സംബന്ധിച്ചിടത്തോളം ഒരുറപ്പുമാത്രമാണ് അയാളുടെ ഹൃദയത്തിലുണ്ടായിരുന്നത്. എങ്കിലും അതു നടക്കുന്നു; അതു നടക്കുമ്പോള് ഭ്രമിയില് ജീവിച്ചിരിക്കുന്ന നാം അതിനെപ്പറ്റിയെല്ലാം അറിയണം എന്നൊരു വിചാരം മാത്രമാണ് അയാളുടെ മനസ്സിലുള്ളത്.

ഹൃദയത്തിലെ ഈ വ്രണങ്ങളില്, ആ വ്രണങ്ങളെ പെരുപ്പിക്കത്തക്കവണ്ണം, ബാഹ്യലോകത്തുനിന്നുള്ള വര്ത്തമാനങ്ങള് വന്നുമുട്ടി. അയാള് ആ

പിളര്പ്പിലേക്കു നോക്കിയിരുന്നു. ഈ ഓരോ നോട്ടവും അയാളുടെ സാമ്രാജ്യവിരോധം വര്ദ്ധിപ്പിച്ചിരുന്നു. വിദ്വേഷത്തിനു വ്യക്തമായ ഒരു ലക്ഷ്യമായിരുന്നു. അത്, ആ വെറുപ്പു പ്രവൃത്തിയില് കൊണ്ടുവരുവാന് അയാള് ആശിക്കുകയും ചെയ്തു. എന്നാല് കാലിലൊരു കുരുക്ക്. മാനുഷികമായ ഉത്തരവാദിത്വം അയാളെ കുടുക്കിയിട്ടിരിക്കുകയാണ്. ഇനി കുഞ്ഞിരാമന് പുറത്തുവന്നാല് രാധയെ അയാളുടെ കൈയില്ക്കൊടുത്തു താന് സ്ഥലംവിടുമെന്ന് അയാള് ആശിച്ചു.

പക്ഷേ, പുറത്തുവരേണ്ടേ? വല്ലാത്തൊരു നൂലാമാലയിലാണ് താന് ചെന്നുപെട്ടതെന്ന് അയാളോര്ത്തു. അതോര്മ്മവരുമ്പോഴൊക്കെ കുഞ്ഞിരാമനോടും അയാളുടെ പ്രവര്ത്തനങ്ങളോടും വിശ്വനാഥനു ദേഷ്യം തോന്നി. പക്ഷേ, രാധയെപ്പറ്റി വിചാരിക്കുമ്പോള് അയാള്ക്കു വിദ്വേഷംകൊള്ളാന് വയ്യായിരുന്നു. തിളച്ചുപതയുന്ന പാലില് വെള്ളം ഒഴിച്ചതു പോലെ, അയാള് അമര്ന്നുപോകുന്നു. എത്രയെത്ര ദിവസങ്ങള് അവള് തനിക്കുവേണ്ടി കഷ്ടപ്പെട്ടു! തന്നെ ഒരു മനുഷ്യക്കുട്ടിയാക്കിത്തീര്ക്കുന്നതില് അവളുടെ കൈകള് വളരെയേറെ പ്രവര്ത്തിച്ചിട്ടില്ലേ?

സ്വതന്ത്രനാകാനുള്ള മോഹം; ഉത്തരവാദിത്വത്തെപ്പറ്റിയുള്ള ബോധം---ഇവ തമ്മില് ഒരു വടംവലി നടക്കുകയായിരുന്നു.

ഇത്തരം വിചാരങ്ങള് ആ സായാഹ്നത്തില് അയാളുടെ ഹൃദയത്തെ നന്നെ അസ്വാസ്ഥ്യപ്പെടുത്തിയപ്പോള് പുറത്തേക്കൊന്നിറങ്ങാമെന്ന് അയാള് വിചാരിച്ചു.

നിരത്തിലിറങ്ങി പത്തടി നടന്നപ്പോള് ഒരു സഞ്ചിയും തൂക്കിയാട്ടിക്കൊണ്ട് നാറാണപിള്ള എതിരേ വരുന്നതാണ് അയാള് കണ്ടത്.

"പിള്ളച്ചേട്ടന് എവിടെനിന്നു വരുന്നു?"

"ഒരു വഴിയെല്ലാം ചുറ്റിയേച്ചു വരികയാ. ഇതിന്നിടയില് റേഷന്കടയ്ക്കു മുമ്പില് കുറേനേരം തപസ്സുനിന്നു. ഫലമുണ്ടായില്ല. അരി തീര്ന്നു. ഇനി ഗോതമ്പും അരിയും വേണമെന്നുള്ളവര് നാളെ ചെല്ലണമെന്ന് ഉത്തരവുമായി. സഞ്ചിയുംതൂക്കി ഞാനിങ്ങു പോന്നു. ഇവന്റെ ചരിത്രം പറഞ്ഞു. ഇനി അനിയന്?"

"ഞാന് വെറുതെ പുറത്തേക്കിറങ്ങി."

പിള്ള വിശ്വനാഥനെ ആകെയൊന്നു നോക്കി. അയാള് തികച്ചും ക്ഷീണിതനാണെന്ന് പിള്ള മനസ്സിലാക്കി. സുഖവും ദുഃഖവും തന്നില്ത്തന്നെ അലിയിച്ചു കളയേണ്ട ഒരു ചെറുപ്പക്കാരനാണ് അയാള്. ജീവിതത്തിന്റെ പച്ചപ്പുകളുമായി കെട്ടിമറിഞ്ഞു ജീവിക്കേണ്ട ആ പ്രായത്തില് ഒരാള് ഇത്തരത്തില് ഏകാകിയായി സഞ്ചരിക്കുന്നതിനെപ്പറ്റി ഓര്ത്തപ്പോള് പിള്ളയ്ക്കു വലിയ സഹതാപം തോന്നി.

"അനിയാ, നമുക്ക് ഓരോ ചായ കുടിച്ചാലോ?"

"ഇപ്പോള് വേണ്ടാ."

“നമ്മെ ശകാരിക്കാന് ഒരു പെണ്പിറന്നോത്തിയില്ലേപ്പിന്നെ, കടുപ്പം കൂടിയ ചായ കുടിക്കാനേ വഴിയുള്ളൂ. വണ് ആന്റ് ഹാഫ് അടിച്ചാലും കൊള്ളാം. പക്ഷേ, അനിയന് അതു പറ്റുകേല. ആട്ടെ, ആ മരയട്ടിയിന്മേല് ചെന്നിരുന്നാട്ടെ. ഞാനിപ്പം വരാം.” എന്നും പറഞ്ഞു പിള്ള നടന്നു. വിശ്വം പുഴക്കരയിലുള്ള മരയട്ടിയിന്മേലും ചെന്നിരുന്നു. പുഴയിലൂടെ അടിച്ചുവരുന്ന കുളിര്ത്ത കാറ്റ് കുപ്പായക്കോളറിനുള്ളിലൂടെ അരിച്ചിറങ്ങുകയാണ്. ഒരുതരം ഇക്കിളി അനുഭവപ്പെട്ടു. സുഗന്ധം തുളുമ്പുന്ന സ്മരണകള് ഉള്ളില് കിളരുകയും ചെയ്തു. പ്രപഞ്ചം അയാളെ തൊട്ടുണര്ത്തുകയായിരുന്നു---ഇതാ, ഞാനിവിടെണ്ടെണ്ടെന്ന മട്ടില്.

അയാള് നദിയിലേക്കു നോക്കി. തുടുപ്പും കറുപ്പും അലിഞ്ഞുചേര്ന്നുണ്ടാകുന്ന സവിശേഷവര്ണ്ണം അവിടെ ചലിച്ചുകൊണ്ടിരിക്കുന്നു. കൊച്ചുകൊച്ച് ഓളങ്ങള് മരത്തടിയില് വന്നലച്ചു. ‘ഗ്ല-ഗ്ല എന്നു ശബ്ദം പുറപ്പെടുവിക്കുകയാണ്. അതു തേങ്ങിത്തേങ്ങി നില്ക്കുന്ന ഒരു ജീവിതത്തിന്റെ സ്മരണ അയാളിലുണര്ത്തി. അവ്യക്തങ്ങളും രസകരങ്ങളുമായ വിചാരങ്ങള് മനസ്സിലേക്ക് അരിച്ചുവരുന്നു.

“അനിയന് ഉറങ്ങുകയാണോ?”

രണ്ടു ഗ്ലാസ് ചായയും പിടിച്ചുകൊണ്ടു നാറാണപിള്ള മുമ്പില് നില്ക്കുന്നു.

ഇരുപേരും ഇരുന്നു ചായ കുടിച്ചു. അതു ഞരമ്പില് ഒരു നേരിയ ഉന്മേഷം കയറ്റിയപ്പോള് നാറാണപിള്ള തന്റെ മുറുക്കാന്പൊതിയഴിച്ചുവെച്ചു. എന്നിട്ടു ചോദിച്ചു:

“റഷ്യ യുദ്ധത്തില് ചേര്ന്നതറിഞ്ഞില്ല്യോ?”

“അറിഞ്ഞു. കടലാസില് ദിവസവും കാണുന്നില്ലേ? പക്ഷേ, ഇതിന്റെയൊന്നും അര്ത്ഥം മനസ്സിലാകുന്നില്ല.”

“യുദ്ധം ഒരു നേരമ്പോക്കുകാരനാണനിയാ.

“ഭയങ്കരമാണ്. നേരമ്പോക്കെന്നോ ഉള്ളൂ.”

“അനിയനു ചെറുപ്പമാ.” നാറാണപിള്ള ഒന്നു നീട്ടിത്തുപ്പിയിട്ടു തുടര്ന്നു: “അതാണിങ്ങനെയെല്ലാം തോന്നുന്നത്.”

“ഭയങ്കരമല്ലെന്നാണോ പിള്ളച്ചേട്ടന്റെ അഭിപ്രായം?”

“എന്റെയും നിന്റെയും അഭിപ്രായം നോക്കിയാണോ അവരിതേലേറിപ്പിടിച്ചത്, പുലിവാലിക്കേറി പിടിച്ചേച്ചുംവെച്ച് ഇപ്പോള് പറയുന്നു, എനിക്കും നിനക്കും വേണ്ടിയാണെന്ന്. ആര്ക്ക്? ഓട്ടുകമ്പനിയില് വേലചെയ്യുന്ന കിട്ടുപിള്ള നാറാണപിള്ളയ്ക്കും വിശ്വനാഥനുംവേണ്ടിയാ യുദ്ധമെന്ന്. ഇതല്ലെങ്കില്പ്പിന്നെ ഏതാണനിയാ, നേരമ്പോക്ക്? അനിയാ, ഇതും ഒരു രാ ീയമെന്നുവെച്ചോ.”

“എന്നുവെച്ചാല്?”

“വളരെ കണ്ടവനാ ഈ നാറാണപിള്ള. രാ ീയമെല്ലാം ഇങ്ങനെതന്നെ. റഷ്യയും ജര്മ്മനിയും ചേര്ന്ന് ഒരു സന്ധിയൊപ്പിട്ടല്ല്യോ യുദ്ധമാരംഭിച്ചത്?”

“അതേ.”

“ജനങ്ങള് സന്ധിക്കാവശ്യപ്പെട്ടുവെന്നല്യോ അന്നു പറഞ്ഞത്?”

“ശരിയാണ്.”

“ഇപ്പം കാര്യം മാറി. ജര്മ്മനിയും റഷ്യയും പിണങ്ങി. റഷ്യ വെള്ളക്കാരന്റെ പങ്കില് ചേരുകയും ചെയ്തു. ഇപ്പോഴും പറയുന്നത്, ജനങ്ങള് ആവശ്യപ്പെടുന്നുവെന്നാ. എന്തോന്നിന്? പിണങ്ങാന്! ശകലം ഫലിതം ഇതിലില്യോ, അനിയാ?”

വിശ്വനാഥന്റെ മനസ്സ് നൂലാമാലപിടിച്ച ഒരു വിചാരം കെട്ടഴിക്കുകയായിരുന്നു. നാറാണപിള്ളയുടെ സംഭാഷണത്തില് എവിടെയോ ഒരു ശരി കിടപ്പുണ്ടെന്നു വിശ്വനാഥന് ഒരു തോന്നല്. പക്ഷേ, ഒന്നും വ്യക്തമല്ല. നാറാണപിള്ള വെറ്റിലച്ചണ്ടി തുപ്പി. ചുണ്ടും കോറുവായും അമര്ത്തിത്തുടച്ചുകൊണ്ടു തുടര്ന്നു:

“പക്ഷേല്, ഒരു കാര്യം.”

“എന്താണ്?” വിശ്വം ചോദിച്ചു.

“അവനിപ്പോള് വന്നേക്കും.”

“ആര്?”

“ജാക്കി.”

“കുഞ്ഞിരാമന്റെ കത്തുണ്ടോ?”

“ഇല്ല.”

“പിന്നെ എങ്ങനെയറിഞ്ഞു?”

“പിള്ള പുറത്തുവന്നു; നമ്പ്യാരും ഇന്നലെ വന്നു.”

“അതുകൊണ്ട്?”

“കടുവയെ വിട്ട്, കുറുനരിയെ അങ്ങു വയ്ക്കാനോ? പിന്നെ, എന്തെല്ലാമോ ഉള്ളില് നടക്കുന്നു. രാരിച്ചന്റെ വര്ത്തമാനത്തില് ചിലതെല്ലാം തലകാട്ടുന്നുണ്ട്. ഒന്നും സ്പഷ്ടമല്ല; സ്പഷ്ടമാക്കുന്നുമില്ല. കാക്കണം. അനിയന് വിവരക്കേടു കാട്ടി അതേലും ഇതേലും കേറിപ്പിടിക്കാതെ. ഒടുവില് പരഗതിയാകുമേ...”

നാറാണപിള്ളയുടെ ആ വാക്കുകളില് എന്തെല്ലാമോ ഒളിഞ്ഞിരിക്കുന്നതുപോലെ വിശ്വനാഥന്നു തോന്നി. പക്ഷേ, പിള്ളയ്ക്കതന്നെ അസ്പഷ്ടമായ ആ കാര്യം വിശ്വത്തിന്നു കൂടുതല് അസ്പഷ്ടമായിരുന്നു. എങ്കിലും കുഞ്ഞിരാമന് തിരിച്ചുവന്നേക്കാമെന്ന വാര്ത്ത അവനെ സന്തുഷ്ടനാക്കി.

“അവന് വരുമോ?”

“വന്നേക്കാം. പിന്നെ, നേരമായി. ഇന്ന് ‘ഓവര്ടൈം’ ഉണ്ട്. ഒരു വണ് ആന്റ് ഹാഫും അടിച്ചേച്ചു കയറണം.”

കിഴവന് എഴുന്നേറ്റു നടന്നു. ഒരു കാറ്റു വീശിയപോലെ വിശ്വനാഥന്നു തോന്നി.

നാറാണപിള്ളയില്നിന്നു കിട്ടിയ വര്ത്തമാനം വിശ്വം രാധയെ അറിയിച്ചില്ല. അവ്യക്തമായ ഒരു വാര്ത്തകൊണ്ട് അവളുടെ

ആശയുണർത്തേണ്ട. വിശ്വനാഥന് കാത്തു. രാരിച്ചനെ രണ്ടുതവണ കണ്ടു. അവന് ഒന്നും പറഞ്ഞില്ല. എന്തെങ്കിലും വിശേഷങ്ങളുണ്ടെങ്കില് രാരിച്ചന് പറയാതിരിക്കുമോ? പക്ഷേ, കിഴവന് നാറാണപിള്ളയുടെ കമ്പങ്ങളായിരിക്കും. 'വണ് ആന്റ് ഹാഫ്' അകത്തെത്തിയാല് നാറാണപിള്ളയുടെ മനസ്സില് പല കല്പനാവൈഭവങ്ങളും മുളയെടുക്കും.

ഒരാഴ്ച അങ്ങനെ കഴിഞ്ഞു. വിമ്മിട്ടമുണ്ടാക്കുന്ന ഒരു കാലഘട്ടമായിരുന്നു അത്. കുഞ്ഞിരാമന് വരുമെന്നതു തനിക്കും രാധയ്ക്കും സന്തോഷകരമാണ്. പക്ഷേ, അതിനെപ്പറ്റി രാധയോടുപോലും ഒന്നും പറയാന് വയ്യാതെയാണിരിക്കുന്നത്. ഗോപാലകൃഷ്ണന് രാരിച്ചന്റെ വലിയ ചങ്ങാതിയായതുകൊണ്ട് അവന്നും വല്ല വിവരവും കിട്ടിയിരിക്കുമോ? ചോദിച്ചാലോ? പക്ഷേ, വിവരം കിട്ടിയിട്ടുണ്ടെങ്കില് അവന്നെന്തിന്നു മറച്ചുവെക്കണം. രാധയ്ക്ക് ആ വാര്ത്ത ആശയും ചൈതന്യവുമുളവാക്കുമെന്ന് അവന്നും ആലോചിക്കാവുന്നതേയുള്ളു; ആ നിലയ്ക്ക് അവന് അതു പറയേണ്ടതാണ്. രാധ അറിഞ്ഞിട്ടുണ്ടെങ്കില് തന്നോടും പറയാതിരിക്കുമോ? രണ്ടാലൊന്നു തീര്ച്ചപ്പെട്ടാല് മതിയായിരുന്നു.

അയാള് ഗോപാലകൃഷ്ണനോടു ചോദിക്കാന്തന്നെ ഉറച്ചു. പക്ഷേ, ചോദിക്കാന് തുടങ്ങിയപ്പോഴേക്കും രാധയും അങ്ങോട്ടു വന്നു. അപ്പോള് ചോദ്യത്തിന്റെ രീതിയൊന്നു മാറി.

"നമ്പ്യാരെ ജയിലില്നിന്നു വിട്ടതറിഞ്ഞില്ലേ?"

"ഉവ്വ്," ഗോപാലകൃഷ്ണന് പറഞ്ഞു: "ഞാന് ഇന്നലെ കണ്ടിരുന്നു."

"എന്തൊക്കെയാണ് അദ്ദേഹത്തിന്റെ വിശേഷങ്ങള്?" വിശ്വം തുടര്ന്നു ചോദിച്ചു.

"വിശേഷമൊന്നുമില്ല."

"പിള്ളയും വന്നിട്ടുണ്ടത്രേ."

"ഉ–ം." ഗോപാലകൃഷ്ണന് ഒന്നു മൂളുക മാത്രം ചെയ്തു.

"ഇനി അവരുടെ പരിപാടിയെന്താണ്?"

"അറിയില്ല."

വിശ്വം കൂടുതലായി ഒന്നും ചോദിച്ചില്ല. തനിക്കറിയേണ്ട കാര്യത്തെപ്പറ്റി ഗോപാലകൃഷ്ണന് ഒരു വിവരവുമില്ലെന്നു വിശ്വത്തിന്നു ബോദ്ധ്യമായി.

അഞ്ചാറു ദിവസങ്ങള് പിന്നെയും കഴിഞ്ഞു. ഒരു ദിവസം ഉച്ചയ്ക്കു വാതില്ക്കല് ഒരു മുട്ടുകേട്ടിട്ട്, വിശ്വം ചെന്നു തുറന്നു. കുഞ്ഞിരാമന് മുമ്പില് നില്ക്കുന്നു. രാരിച്ചനുമുണ്ട് പിന്നാലെ. വിശ്വനാഥന് അമ്പരന്നില്ല. നാറാണപിള്ളയുടെ രൂപം അവന്റെ ഹൃദയത്തിലൂടെ കടന്നുപോയി.

"വിശ്വം അത്ഭുതപ്പെട്ടോ?"––കുഞ്ഞിരാമന് ചോദിച്ചു.

"ഇല്ല. വരുമെന്നു ഞാന് കരുതിയിരുന്നു." വിശ്വം ശാന്തമായി പറഞ്ഞു.

അതു രാരിച്ചന്റെ മുഖത്ത് ഒരു ഞെട്ടലുണ്ടാക്കിയത് വിശ്വനാഥന് കാണാതിരുന്നതുമില്ല. കുഞ്ഞിരാമനും രാരിച്ചനും പരസ്പരംനോക്കി. പെട്ടെന്നു

കണ് പിന്വലിച്ച് അകത്തേക്കു കടന്നുകൊണ്ട് കുഞ്ഞിരാമന് ചോദിച്ചു:

“എവിടെ രാധ?”

“കമ്പനിയില്നിന്നു വന്നില്ല.”

അവര് പലതും സംസാരിച്ചുകൊണ്ട് അവിടെയിരുന്നു. വിശ്വത്തിന്ന് ഒരു പ്രത്യേക കാര്യം പറയണമെന്നുണ്ട്. പക്ഷേ, ഒന്നിന്നുപിന്നെ ഒന്നായി വിഷയങ്ങള് വന്നിരുന്നതുകൊണ്ടു സന്ദര്ഭം കിട്ടുന്നില്ല. രണ്ടു മണിക്കൂര് കഴിഞ്ഞപ്പോള് പിന്നെ വരാമെന്നും പറഞ്ഞ് രാരിച്ചന് ഇറങ്ങി. അതോടെ അവിടെയൊരു നിശ്ശബ്ദത ബാധിച്ചു. രണ്ടുപേരും മിണ്ടാതെയിരിക്കുകയാണ്. രണ്ടു ഹൃദയങ്ങള്ക്കും വിഴുങ്ങിയതു തേട്ടിയരയ്ക്കാന് വളരെയുണ്ട്. കുഞ്ഞിരാമനാണ് നിശ്ശബ്ദത ഭഞ്ജിച്ചത്: “രാധ വരാന് വൈകുമല്ലോ, ഞാനൊന്നു പുറത്തിറങ്ങിവരാം.”

“എനിക്കു കുഞ്ഞിരാമനോടു ചിലതു പറയാനുണ്ട്.” വിശ്വം.

“എന്താണ്?”

“ഇനി രാധയുടെ കാര്യത്തില് ശ്രദ്ധിച്ചുകൊള്ളണം.”

“ഉം.” കുഞ്ഞിരാമന് ആലോചനാപൂര്വ്വം ഒന്നു മൂളി.

“എന്തായാലും ഞാനിവിടെ മറ്റൊരാളുടെ ഔദാര്യത്തില് കഴിഞ്ഞുകൂടുകയാണ്.”

“എനിക്കു മനസ്സിലായി.” കുഞ്ഞിരാമന് പറഞ്ഞു.

“ആ മനുഷ്യന് ഇതേവരെ ഒരസുഖവും പറയുകയോ ഭാവിക്കുകയോ ചെയ്തിട്ടില്ല. എന്നാലും....”

“ശരിയാണ്. വേണ്ടതു ചെയ്യാം.” ഇതുംപറഞ്ഞ് അയാള് പുറത്തേക്കു പോയി. വിശ്വം ചിന്താധീനനായി ഇരുന്നു. അയാളെ സംബന്ധിച്ചിടത്തോളം ഉത്തരവാദിത്വങ്ങള് അസ്തമിച്ചിരിക്കുന്നു. ഇത് ഒരു സന്ദര്ഭമാണ്. ജീവിക്കുവാനുള്ള മാര്ഗ്ഗം തേടാം. ‘എന്തു മാര്ഗ്ഗം ഞാന് തേടും?’ തന്നോടുതന്നെ ചോദിച്ചു. ആകെ അറിയാവുന്നതു നൃത്തമാണ്. നൃത്തം ഒരു കൊള്ളാവുന്ന വില്പനച്ചരക്കല്ല.

“വിശ്വം!” സുലൈമാന്റെ വിളി കേട്ടാണ് ആലോചനയില്നിന്നുണര്ന്നത്.

“കുഞ്ഞിരാമന് വന്നോ?”

“ഉവ്വ്.”

“എവിടെ?”

“പുറത്തേക്കിറങ്ങി.”

അടുത്തു കിടന്ന കസേലയില് ഇരുന്നുകൊണ്ടു സുലൈമാന് പറഞ്ഞു:

“ഇനി ഭാരമൊഴിക്കണം. ഇല്ലെങ്കില്, നീ നാളെ കഷ്ടത്തിലാവും.”

“ഞാന് പറഞ്ഞിട്ടുണ്ട്. വേണ്ടതു ചെയ്യാമെന്നും സമ്മതിച്ചിരിക്കുന്നു.”

സുലൈമാന്റെ മുഖത്തു സന്തോഷം കളിയാടി. അയാള് വിശ്വത്തോടു ഭാവിപരിപാടികളെക്കുറിച്ചാണ് സംസാരിച്ചത്.

“എനിക്കു വയ്യാ. എന്റെ കാര്യങ്ങളൊക്കെ ഒന്നു നോക്കി നടത്തണം. ഈ പ്രാരബ്ധങ്ങളൊഴിഞ്ഞിട്ടാവാം പറയുക എന്നു കരുതി. നിനക്കു വിരോധമില്ലല്ലോ?”

“ഇല്ല. പക്ഷേ, എനിക്കൊന്നും അറിഞ്ഞുകൂടാ.”

“സാരമില്ല. ഞാനുണ്ടല്ലോ. പിന്നെ, ആരും അമ്മയുടെ വയറ്റില്നിന്ന് ഒന്നും പഠിച്ചുവരുന്നുമില്ല. എന്റെ മക്കളും വീടരും നീ പറയുന്നതില്നിന്ന് ഒരു പദം തെറ്റിവയ്ക്കില്ല. ഉറച്ചോളൂ.”

എന്തോ പറയാന് ഭാവിച്ചുകൊണ്ട് അയാള് കുറച്ചുനേരമിരുന്നു. വിശ്വം കാത്തുകൊണ്ടുനിന്നു. പക്ഷേ, സുലൈമാന് എഴുന്നേറ്റു നടക്കുകയാണ് ചെയ്തത്. വിശ്വം അമ്പരപ്പോടെ ആ പോക്കു നോക്കി.

സുലൈമാന് വീട്ടിലേക്കു വെച്ചടിക്കുകയാണ്. വഴിക്കുവെച്ചു ഹസ്സന് ചോദിച്ചു:

“ഓന് ബന്നോ സുലൈമാനിക്കാ?”

അയാള് തലയുയര്ത്തി നോക്കി: “ആ.... ആ! വന്നു.”

“ബിട്ടത്പ്പോ എന്തടിഥാനത്തിലേ?”

“അറിയില്ല. ഇത്തിരി തിരക്കുണ്ട്.” അയാള് ധൃതിയില്ത്തന്നെ നടത്തം തുടര്ന്നു.

അയാള് ഉമ്മറത്തു ചെന്നു കയറിയപ്പോള് ഉത്കണ്ഠാകുലയായി നില്ക്കുകയായിരുന്നു ഖദീജ. അവള് പെട്ടെന്നു ചോദിച്ചു:

“എന്തേയ്?”

“ഉം, ഉം.” നിഷേധാര്ത്ഥത്തില് ഒരു മൂളല്.

“പറഞ്ഞോ?”

“ഇല്ല.”

“അതെന്ത്യേ?”

“വേണ്ടാ.”

“തൊറന്നങ്ങു പറഞ്ഞൂടേന്നും?”

“പാടില്ല. ഞാന് പിന്നെയും ആലോചിച്ചു. അതു തുറന്നു പറഞ്ഞാല് ഒരു സമയം അവന്റെ ജീവിതം മുഴുവന് നാശമായിപ്പോകും. വേണ്ടാ, എല്ലാം

കിടക്കുന്ന പാട്ടില് കിടക്കട്ടെ. എനിക്കല്ലാതെ ഇപ്പോള് ആര്ക്കും അസുഖമൊന്നുമില്ല. എന്തിന്നു കുത്തിയിളക്കണം? ദൈവം എനിക്കിങ്ങനെയൊക്കെയാണ് വെച്ചിട്ടുള്ളത്. കുറച്ചു വെള്ളം കുടിക്കാന് കൊണ്ടുവാ."

ആ ീ പതുക്കെ അടുക്കളയിലേക്കു നീങ്ങി.

പിറ്റേന്ന് സുലൈമാന് വിശ്വത്തിന്റെ വീട്ടില് ചെന്നപ്പോള് അവിടെ ചെറിയൊരു സഭതന്നെ നടക്കുകയാണ്. കുഞ്ഞിരാമന്, നാറാണപിള്ള, രാരിച്ചന്, മരയ്ക്കാര്, ജോണി, ഗോപാലകൃഷ്ണന്, അപ്പുക്കുട്ടന്---എല്ലാവരും സന്നിഹിതരായിരുന്നു. രാധ വാതിലും ചാരി നില്ക്കുകയാണ്. സുലൈമാനെ കണ്ടപ്പോള് അവര് സംഭാഷണം നിര്ത്തി.

"ഞാന് വന്നതു നിങ്ങള്ക്കു ബുദ്ധിമുട്ടായി, ഇല്ലേ?" സുലൈമാന് ചോദിച്ചു.

"ഇല്ല." കുഞ്ഞിരാമന് ഉടനെ പറഞ്ഞു: "ഇങ്ങോട്ടു കടന്നിരിക്കു."

"ഇല്ല. ഞാനൊരു കാര്യം പറയാന് വന്നതാണ്. പിന്നെ സിംഹക്കുട്ടികളുടെ നടുക്ക് ഒരു കാട്ടുപോത്തു ചേരില്ല."

എല്ലാവരും പതുക്കെയൊന്നു ചിരിച്ചു. നാറാണപിള്ള മാത്രം തുറന്നു ചിരിച്ചു.

"വിശ്വം, നീ സന്ധ്യയ്ക്കു വീട്ടിലൊന്നു വരണം."

"വരാം."

"എന്നാല് ഞാനിറങ്ങട്ടെ."

അയാള് നടന്നകലുന്നതു കുഞ്ഞിരാമന് ഇടംകണ്ണിട്ടു നോക്കി. അപ്പോള് മരയ്ക്കാരും രാരിച്ചനും കുഞ്ഞിരാമനെ ഇടംകണ്ണിട്ടു നോക്കുകയായിരുന്നു.

സ്വല്പനേരത്തേക്ക് ഒരു നിശ്ശബ്ദത.

രാരിച്ചനാണ് സംഭാഷണം ഏറ്റുകൂട്ടിയത്. രാ ീയജീവിതത്തിലെ നയമാറ്റത്തെപ്പറ്റിയായിരുന്നു കുഞ്ഞിരാമന് സംസാരിച്ചിരുന്നത്. ഫാസിസത്തിന്റെ ഭയങ്കരാകാരത്തെപ്പറ്റിയും അതെങ്ങാനും ജയിച്ചാല് ലോകത്തിന്നു വന്നേക്കാവുന്ന വിപത്തിനെപ്പറ്റിയും അയാള് ഊന്നിപ്പറഞ്ഞു. കഷ്ടപ്പെടുന്ന, അദ്ധ്വാനിക്കുന്ന, ജനവിഭാഗത്തിന്നു പിന്നെ ഒരു കാലവും മോചനമില്ലെന്നായിരുന്നു അയാളുടെ പ്രധാന വാദം.

"യുദ്ധം തുടങ്ങിയപ്പോഴും അവര് ഫാസി കാരായിരുന്നല്യോ, അനിയാ?" നാറാണപിള്ളയ്ക്കൊരു സംശയം.

"ആയിരുന്നു."

"അന്നേവരെ സാമ്രാജ്യത്വയുദ്ധമെന്നു പറഞ്ഞവരല്യോ, നമ്മള്?"

"പക്ഷേ, ഇന്നു നില മാറി. ജപ്പാന് പടിക്കല് വന്നുനില്ക്കുന്നു."

"അന്നു പടിക്കല് വന്നത് ജര്മ്മനിയായിരുന്നു. മൊച്ചയും കുരങ്ങനും തമ്മിലുള്ള വ്യത്യാസം ഇത്രയെന്നില്ലായോ, അനിയാ?"

"ജനാധിപത്യശക്തികളുടെ വിജയം ലോകത്തിലെ മര്ദ്ദിതവര്ഗ്ഗത്തിന്റെ വിജയമായിത്തീര്ന്നിരിക്കുകയാണ്."

"ആരാണീ ജനാധിപത്യശക്തി? ഇംഗ്ലണ്ടോ അമേരിക്കയോ?"

ആ രണ്ടു രാജ്യങ്ങളും ജനാധിപത്യശക്തികളാണെന്നു പറയാന് കുഞ്ഞിരാമനു വിഷമമുണ്ടായിരുന്നു. സാമ്രാജ്യത്വച്ചേരി എന്നായിരുന്നുഅതിനെ വിശേഷിപ്പിച്ചിരുന്നത്. അവരുടെ പരാജയമാണ് മര്ദ്ദിതജനവിഭാഗത്തിന്റെ വിജയമെന്ന് എത്രയോ തവണ പറഞ്ഞതാണ്! ഇപ്പോള് അവരുടെ വിജയവും മര്ദ്ദിതവര്ഗ്ഗത്തിന്റെ വിജയവും ഒന്നാണെന്നു പറയേണ്ടിയിരിക്കുന്നു. സത്യമാണെന്നു ബോധമില്ലാഞ്ഞിട്ടല്ല. പറഞ്ഞാല് വിശ്വാസം തോന്നാന് എളുപ്പമല്ല. അതുകൊണ്ട് അവര് മറ്റൊരു വഴി സ്വീകരിച്ചു.

യുദ്ധരംഗത്തേക്ക് ഇന്നു വന്നിട്ടുണ്ട്. മര്ദ്ദിതജനവിഭാഗത്തിന്റെ നേതൃത്വം ഇന്നു റഷ്യയ്ക്കാണുതാനും. തീര്ച്ചയായും യുദ്ധം ജയിച്ചാല് റഷ്യയുടെ ശബ്ദത്തെ അനാദരിക്കുവാന് കഴിയില്ല."

"അനാദരിച്ചാലോ?" നാറാണപിള്ള ഉടനെ ചോദിച്ചു.

"റഷ്യയെ അനാദരിക്കാന് ആര്ക്കും സാധിക്കില്ല." രാരിച്ചന് ഇടയില്ക്കയറി പറഞ്ഞു.

"എന്തുകൊണ്ട്?"

"സാധിക്കില്ല എന്നുള്ളതാണ്."

രാരിച്ചനു യുക്തിവിചാരത്തിന്റെ ആവശ്യമില്ലായിരുന്നു. വിശ്വാസം അവനെ കരുത്തുറ്റവനാക്കുന്നു.

"യുദ്ധത്തിന്നുശേഷമുള്ള എല്ലാ വ്യവസ്ഥകളും റഷ്യയുടെ സമ്മതപ്രകാരമേ നടക്കൂ എന്നു വല്ല കരാറുമുണ്ടോ? ഉണ്ടെങ്കില്ത്തന്നെ അതു ലംഘിച്ചുകൂടാഞ്ഞിട്ടല്ല. എന്നാലും കരാറെന്തെങ്കിലുമുണ്ടോ?"

അങ്ങനെയൊരു കരാറിനെപ്പറ്റി കുഞ്ഞിരാമനു പറയാനില്ല. എങ്കിലും റഷ്യയുടെ ശബ്ദം വിലയുള്ളതായിരിക്കുമെന്ന് അവനുറപ്പുണ്ട്. ലോകത്തിലെ അദ്ധ്വാനിക്കുന്ന വര്ഗ്ഗത്തിന്റെ മുഴുവന് ശബ്ദം നിഷേധിക്കുവാനാകില്ല. ഈ യുദ്ധത്തിലൂടെ സുശക്തവും വിശ്വവ്യാപകവുമായ ഒരു ശക്തി ഊട്ടിയെടുക്കും.

ആ വാദപ്രതിവാദം നീണ്ടുപോയി. പിള്ളയെ നീക്കുവാന് കുഞ്ഞിരാമനോ കുഞ്ഞിരാമനെ നീക്കുവാന് പിള്ളയ്ക്കോ സാധ്യമായിരുന്നില്ല. കുഞ്ഞിരാമന് ലോകസംഭവങ്ങളുടെ പശ്ചാത്തലത്തില് കാര്യങ്ങള് ബുദ്ധിപൂര്വ്വമായി വിശകലനം ചെയ്തുകാട്ടി. സമരം ചെയണ്ടെന്നത് ആ കാലഘട്ടത്തില് ശത്രുവിന്നു പടിവാതില് തുറന്നു കൊടുക്കുകയാണെന്നാണ് അയാളുടെ പക്ഷം. ബര്മ്മയിലെ ഓങ്സാനെയും ഇന്തോനേഷ്യയിലെ സുതാന് ഷാരീരിനെയും വിയറ്റ്നാമിലെ ഹോചിമിന്നിനെയും അയാള് ഉദാഹരണമായെടുത്തു. അവര് ആലോചനാപൂര്വ്വമാണ് പ്രവര്ത്തിക്കുന്നതെന്നു സമര്ത്ഥിക്കാന് ശ്രമിച്ചു. പക്ഷേ, നാറാണപിള്ളയ്ക്ക് അതുള്ക്കൊള്ളാന് പ്രയാസമായിരുന്നു. അയാള് ഇന്ത്യന് ജനതയുടെ അഭിലാഷം വെളിപ്പെടുത്തി. ബുദ്ധിയേക്കാളധികം ഹൃദയമായിരുന്നു സംസാരിച്ചിരുന്നത്. ശത്രുവാരാണ്? ബന്ധുവാരാണ്? ബ്രിട്ടീഷുകാരനെ ഏതവസ്ഥയിലും ബന്ധുവായി കണക്കാക്കാന്

നാറാണപിള്ളയ്ക്ക് സാധിച്ചില്ല. തന്നെ ചവിട്ടുന്നവരെ സഹായിക്കുന്നതു ചവിട്ടുകൊള്ളലില്നിന്നു രക്ഷപ്പെടാനുള്ള മാര്ഗ്ഗമാണെന്ന് എങ്ങനെ വിശ്വസിക്കും? സാമ്രാജ്യത്വവും സോഷ്യലിസവും കൂട്ടി വാര്ത്തുണ്ടാക്കിയ ഈ അണി ജയിച്ചുകഴിയുമ്പോള് ഏതാണ് മുന്നേറുക എന്നു വ്യക്തമായി പറയാന് വിഷമമുണ്ടായിരുന്നു. ബ്രിട്ടന് വാശാനം ലംഘിക്കുകയില്ലെന്നു ദ്രുതകാലാനുഭവങ്ങള് വെച്ചുകൊണ്ട് ഉറപ്പിച്ചുപറയുക സാധ്യമായിരുന്നില്ല. അങ്ങനെ തീക്ഷ്ണമായിത്തീര്ന്ന ആ വാദ പ്രതിവാദത്തില് അങ്ങോട്ടുമിങ്ങോട്ടും അടുക്കാന് വയ്യാത്ത എന്തോ ഒരേടാക്കൂടമുണ്ടായിരുന്നു. ലോകത്തിന്റെ നടുക്കു നിന്നുകൊണ്ട് ഒരാള് ഇന്ത്യയെ നോക്കി. അപ്പോള് ഇന്ത്യ പലതില് ഒന്നുമാത്രമാണ്. മറ്റാളാകട്ടെ, ഇന്ത്യയില് നിന്നുകൊണ്ട് ലോകത്തെ നോക്കി. പിറന്ന മണ്ണിനെ വിസ്മരിച്ചുകൊണ്ടുള്ള ഒരു വീക്ഷാഗതി അസ്വാഭാവികമായി അയാള്ക്കു തോന്നി. രാജ്യത്തു ശക്തിയായി അടിച്ചിരുന്ന രണ്ടുതരം കാറ്റുകളായിരുന്നു അവ. ഓരോരുത്തരും താന്താങ്ങളുടെ ഭാഗത്ത് ഉറച്ചു നിന്നു. സംഗതി അവിടെ അവസാനിച്ചേനെ. പക്ഷേ, നാറാണപിള്ളയ്ക്ക് കുഞ്ഞിരാമനോടു വളരെയേറെ മമതയുണ്ടായിട്ടും അവന്റെ വാദം ആത്മാര്ത്ഥമാണെന്നു വിശ്വസിക്കുവാന് കഴിഞ്ഞില്ല. മുന്പു കുഞ്ഞിരാമന്തന്നെ രഹസ്യമായി വിതരണം ചെയ്തിരുന്ന 'രണ്ടാം സാമ്രാജ്യത്വയുദ്ധ'മെന്ന ലഘുലേഖ ഇപ്പോഴത്തെ അവന്റെ ഓരോ വാദത്തിന്നും മറുപടി പറയുന്നതായിരുന്നു. നാറാണ പിള്ളയും വിശ്വവും അതു വായിച്ചുറപ്പിച്ചവരാണ്. എന്നിട്ടു പെട്ടെന്നിതു 'ജനകീയയുദ്ധ'മായപ്പോള് അവര്ക്കതുള്ക്കൊള്ളുക സാധ്യമായില്ല എന്നല്ല, ഏതോ പ്രേരണാശക്തിക്കു വിധേയനായിട്ടാണ് കുഞ്ഞിരാമന് ഇപ്പോഴിങ്ങനെയൊക്കെ പറയുന്നതെന്നു പിള്ള ധരിച്ചു. ഹൃദയമകന്നപ്പോള് മറുകക്ഷിയുടെ വാദത്തില് ചെവികൊടുക്കണമെന്നുമില്ലാതായി.

പക്ഷേ, കുഞ്ഞിരാമന്ന് അല്പംപോലും കുലുക്കമുണ്ടായിരുന്നില്ല. അയാളെ സംബന്ധിച്ചിടത്തോളം മാര്ഗ്ഗം വ്യക്തമാണ്. അയാള് ജാപ്പ് വിരോധമേളകളും യുദ്ധാസഹായമേളകളും സംഘടിപ്പിക്കാന് തീവ്രതരമായി യത്നിച്ചു. രാരിച്ചന് കുഞ്ഞിരാമനോടു ചുമലൊത്തുനിന്നു. പണ്ടു സമരം ചെയ്യാത്തതിനു നേതാക്കന്മാരെ എത്ര ശക്തിമത്തായി ശകാരിച്ചിരുന്നുവോ, അത്രയും ശക്തിയോടുകൂടി ഇന്നു സമരം ചെയ്യുന്നതിനെ ശകാരിക്കുകയാണ്. കുഞ്ഞിരാമന് ഒരു വിശ്വാസിയാണ്. ഭാവിയില് ഉറച്ചുനില്ക്കാന് ഒരു സ്വര്ഗ്ഗീയതാവളം ലക്ഷ്യംവെച്ചാണ് അവന് നടക്കുന്നത്. അതത്രമേല് വിശ്വസനീയവും അചഞ്ചലവുമാണ്. അവന്റെ ആശാകേന്ദ്രം നശിക്കുകയാണ്. തലസ്ഥാനനഗരി എരിയുകയാണ്. അതു നശിച്ചാല്പ്പിന്നെ ലോകത്തിന്നു രക്ഷയില്ലെന്ന് അവന് വിശ്വസിക്കുന്നു. അത് നോക്കിക്കൊണ്ടു നില്ക്കുന്നത് ഒരാത്മവഞ്ചനയായി അവന് കരുതുന്നു. അതുകൊണ്ട് അവന് എല്ലായിടത്തുനിന്നും ഉറക്കെ വിളിച്ചു പറഞ്ഞു: "ജപ്പാനെയും ജാപ്പ്

ഏജന്റുമാരെയും തുരത്തുക!”

അസ്വതന്ത്രരായ മനുഷ്യരുടെ ഇത്തരം പ്രവര്ത്തനങ്ങള് ഗോഷ്ടിത്തരമായേ നാറാണപിള്ളയ്ക്ക കണക്കാക്കാന് കഴിഞ്ഞുള്ളു, അയാളുടെ ഹൃദയം നിശ്ശബ്ദമായി ഏറ്റുപാടിയിരുന്നത് ഈ മന്ത്രമാണ്: “ഇന്ത്യ വിടുക!”

വീരസാഹസകൃത്യങ്ങള്കൊണ്ടു നേടിയ ഒരു സ്വാധീനതാവലയം കുഞ്ഞിരാമനുണ്ട്. അവന് അവിടെയെല്ലാം തന്റെ താവളമുറപ്പിച്ചു. സര്ക്കാര് സഹായികള് മുതല് തീവ്രവാദികള്വരെ കുറേപ്പേരെ ആ താവളങ്ങളില് സംഘടിപ്പിക്കുവാനും സാധിച്ചു. മരയ്ക്കാര് നല്ല അനുയായിയായി; പിന്നാലെ ഹസ്സനും. അങ്ങനെ കുറേപ്പേര്. എന്തിനാണെന്നു വ്യക്തമായിട്ടല്ല.അവര്ക്കൊക്കെ ജപ്പാനോടു വിരോധമായിരിക്കുകയാണ്. പകയുടെയും പ്രതിഷേധത്തിന്റെയുമായ പീരങ്കികള് ബ്രിട്ടന്റെ അടുത്തുനിന്നു ജപ്പാന്റെ നേരെ തിരിച്ചിരിക്കുന്നു. അവ അലറുന്നു---ശബ്ദായമാനമായി അലറുന്നു. എല്ലാവരും വിളിച്ചുപറഞ്ഞു: “ജപ്പാനെയും ജാപ്പ് ഏജന്റുമാരെയും അകറ്റുക.”

ആളുകള് ചുറ്റും നോക്കി. ഈ രണ്ടു കൂട്ടരെയും കാണാന് അവര്ക്കു കഴിഞ്ഞില്ല. ഗാന്ധിജിയുടെയും നേതാക്കന്മാരുടെയും തടങ്ങല്കാരണം അകമേ കലികൊണ്ടിരിക്കുന്ന ജനങ്ങള് ആ ശബ്ദങ്ങളില്നിന്ന് അവജ്ഞയോടെ മുഖംതിരിച്ചു. കെട്ടിയിട്ട നായയെ നിഴലിനു നേര്ക്കു പിടിക്കൂട്ടി, അതിന്റെ ചങ്ങല കഴുത്തില് വീണ്ടും വീണ്ടും മുറുക്കുന്നതുപോലെയുള്ള ഒരു ക്രൂരവിനോദമായി അവരതു കണക്കാക്കി.

ജനങ്ങളുടെ ഈ മനോഭാവം കുഞ്ഞിരാമന്ന് അറിയാമായിരുന്നു. തന്റെ സ്വാധീനത്തിന്റെ വേരു പറിയുകയാണെന്നുപോലും അയാള് ധരിച്ചു. കാലിന്നടിയില്നിന്നു ഭൂമി വഴുതിപ്പോകുകയാണ്. എന്നിട്ടും പിന്മാറിയില്ല. അന്ധതകൊണ്ടാണ് ജനങ്ങള് മുഖം തിരിക്കുന്നതെന്നും അവരുടെ മുഖത്തുനിന്നു വീരാരാധനയുടേതായ മാറാലമറ വലിച്ചുനീക്കാന് സാധിക്കുന്നപക്ഷം തന്റെ സത്യമാര്ഗ്ഗത്തിലൂടെ അവര് ചരിച്ചുകൊള്ളുമെന്നുമായിരുന്നു അയാളുടെ ഉറപ്പ്. അയാള് മറപിടിച്ചു ശക്തിയായി വലിച്ചു. പക്ഷേ, അതൊരു മറയാണെങ്കില്ത്തന്നെ മാറാലകൊണ്ടുണ്ടാക്കിയതല്ലെന്നു പതുക്കെ ബോധപ്പെട്ടു. എന്നിട്ടും ലക്ഷ്യത്തിലെത്താനുള്ള ആത്മാഹുതിയില്നിന്ന് അയാള് തരിമ്പും പിന്തിരിഞ്ഞില്ല.

കാലത്തിന്നു സ്വപ്നം വഴിയൊഴിഞ്ഞുകൊടുത്ത്, തന്റെ സ്വാധീനം അയാള്ക്കു നിലനിര്ത്താമായിരുന്നു. അത്തരം മനോഭാവം സഹപ്രവര്ത്തകരില് മുളയെടുക്കുമ്പോള് പോലും അയാള് ചോദിച്ചു:

“നിങ്ങള്ക്കു ഭാവിയില് വിശ്വാസമുണ്ടോ?”

ഇതിന്നിടയില് കുഞ്ഞിരാമന് ഒരു കൊച്ചുവീടു വാടകയ്ക്കെടുത്തു.

രാധയും അയാളും ഗോപാലകൃഷ്ണനും അങ്ങോട്ടു സ്ഥലം മാറുകയും ചെയ്തു.

അതിനെപ്പറ്റി അപവാദങ്ങള് പ്രചരിച്ചു. പക്ഷേ, കുഞ്ഞിരാമന് അശേഷവും കുലുങ്ങിയില്ല. അയാളുടെ ഹൃദയം ശുദ്ധമായിരുന്നു.

ഈ അപവാദം നാറാണപിള്ളയുടെ അടുത്ത് ആരോ പറഞ്ഞു. പറഞ്ഞവനെ അടിമുടിയൊന്നു നോക്കിയിട്ടു നാറാണപിള്ള തന്റെ പഴയ ചേര്ത്തലശൈലി*യില് ഒരു ലഘുനിരൂപണം നടത്തി. അതു സമാപിച്ചതിങ്ങനെയാണ്:

"ഈ പറയുന്നവനൊന്നും അവന്റെ കാലടി നക്കാന് പോരാ, അനിയാ. കുഞ്ഞിരാമന് ഒരു തെമ്മാടിയല്ല. അവന് ഒരു ജാക്കിയാണ്--തെറ്റിയ വണ്ടി പൊക്കാന് വെച്ച ഒരു ജാക്കി."

അപവാദക്കാരന് ഏതു വഴിക്കു പോയെന്നറിഞ്ഞില്ല.

ജാപ്പ് വിരോധമേളകള് വര്ണ്ണശബളമാക്കാന് നൃത്തവും ഗീതവും ധാരാളമായി ഉപയോഗിക്കണമെന്നു തീര്ച്ചപ്പെടുത്തി. അതത്ര വിഷമമുള്ള ഒരു കാര്യമായി കുഞ്ഞിരാമനു തോന്നിയില്ല. വിശ്വത്തിനു രാ ീയ കാര്യത്തില് വ്യക്തമായ അഭിപ്രായമില്ലെങ്കിലും, താന് പറഞ്ഞാല് അവന് കേള്ക്കും. പിന്നെ രാധയുമുണ്ടല്ലോ.

അന്നു വൈകുന്നേരം മരയ്ക്കാരേയും കൂട്ടി അവന് വിശ്വനാഥന്റെ അടുത്തുചെന്നു. ഏകാന്തമായ ആ ഉമ്മറത്ത്, ജനലഴികളിലേക്കു കാലും കയറ്റിവെച്ച് ഇരിക്കുകയാണ് വിശ്വം. കുശലപ്രശ്നങ്ങള്ക്കുശേഷം കുഞ്ഞിരാമന് കാര്യമെടുത്തിട്ടു. വിശ്വനാഥന് നിവര്ന്നിരുന്നുകൊണ്ടു പറഞ്ഞു: "ക്ഷമിക്കണം, എനിക്കു സാധ്യമല്ല."

"എന്തുകൊണ്ട്?"

"ഞാന് നിങ്ങളുടെ ഈ പ്രവര്ത്തനങ്ങളില് വിശ്വസിക്കുന്നില്ല."

കുഞ്ഞിരാമന്ന് ഒരു ഞെട്ടലുണ്ടായി. അയാള് അതൊളിപ്പിക്കാന് യത്നിക്കുന്നതിന്നിടയില് മരയ്ക്കാര് കടന്നു ചോദിച്ചു: "അപ്പോ, യാപ്പാനിങ്ങട്ടു ബന്നോട്ടേന്നതന്ന്യാ?"

"നൃത്തംവെച്ചു ജപ്പാനെ തടുക്കാന് വിചാരിക്കുന്നില്ല."

"അത്..." മരയ്ക്കാരെ മുഴുമിക്കാന് കുഞ്ഞിരാമന് സമ്മതിച്ചില്ല. അയാള് ഇടയില് കയറി പറഞ്ഞു: "നിര്ത്തു." എന്നിട്ടു വിശ്വത്തിന്റെ നേരെ നോക്കിക്കൊണ്ടു ചോദിച്ചു: "വിശ്വം, ആലോചിച്ചുതന്നെയാണോ തീര്ച്ചപ്പെടുത്തിയത്?"

"വളരെ ആലോചിച്ചു."

"ആലോചിച്ചതുകൊണ്ടു മാത്രം പ്രയോജനമില്ല, ശാ ീയമായി ചിന്തിക്കാന് നമുക്കു കഴിയണം."

"അതെന്തോ!"

"ചിന്തിച്ചാല് വിശ്വം ഞങ്ങളെ സഹായിക്കും. നിങ്ങള് എന്റെ കൂടെ വേണം എന്ന് എനിക്കാഗ്രഹമുണ്ട്." കുഞ്ഞിരാമന് മയത്തില് പറഞ്ഞു.

"വിശ്വസിക്കാവുന്ന കാര്യത്തില് ഞാന് എന്നും നിങ്ങളുടെ കൂടെ

നിന്നിട്ടുണ്ടല്ലോ.”

“ഉണ്ട്, ഇനിയും നില്ക്കണം.”

“സാധ്യമല്ല.”

“എന്തുകൊണ്ട്?”

“ഞാന് ഒരു വാദപ്രതിവാദത്തിന്ന് ഒരുക്കമല്ല. അതുകൊണ്ടു പ്രയോജനമില്ല, കുഞ്ഞിരാമന്.”

“ചര്ച്ചകളിലൂടെ മാത്രമേ നമുക്കു കാര്യം വ്യക്തമാകൂ.”

“ഞാന് അനുഭവങ്ങളിലൂടെയാണ് മനസ്സിലാക്കുന്നത്. തെറ്റായിരിക്കാം. പക്ഷേ, എനിക്കങ്ങനേ സാധ്യമാകൂ, എനിക്കു ഞാനല്ലാതാകുവാന് പറ്റുമോ?”

“എങ്കിലും വിശ്വം ഇതിനെപ്പറ്റി ചിന്തിക്കണം.”

“ചിന്തിക്കാം.”

കുഞ്ഞിരാമനു വാതിലടഞ്ഞതുപോലെ തോന്നി. അവന് സ്വല്പ നേരം നിശ്ശബ്ദനായിരുന്നിട്ടു ചോദിച്ചു:

“അപ്പോള് ഞാനിറങ്ങട്ടെ!”

“അങ്ങനെയാവട്ടെ.”

ആ ചിരകാലസുഹൃത്തുക്കള് പരസ്പരം കണ്ണുകളിലേക്കു നോക്കി. വാശിയും വീറും ആ കണ്ണുകളിലുണ്ടായിരുന്നില്ല; വേദനയും വിമ്മിട്ടവുമായിരുന്നു.

അന്തിവെയില് അവരുടെ മുഖങ്ങളെ കൂടുതല് തുടുപ്പിച്ചു.

നാല്

അര്ദ്ധരാത്രി കഴിഞ്ഞിട്ടും കുഞ്ഞിരാമന്റെ മുറിയില്നിന്നു കാല്പെരുമാറ്റം കേള്ക്കുന്നുണ്ട്. രാധ ചെവി വട്ടംപിടിച്ചുകൊണ്ടു കിടന്നു. എന്താണത്? തലേന്നാള് മുതല്ക്കേ അയാള് അസ്വസ്ഥനായിരുന്നുവെന്ന് അവള്ക്കറിയാം. എന്നാലും കാരണമെന്താണെന്നു ചോദിപ്പാന് അവള് ധൈര്യപ്പെട്ടില്ല. അയാള് പറഞ്ഞതുമില്ല. രാ ീയരംഗങ്ങളിലെ കടിയും വലിയും ഇടിയും ചവിട്ടും ആ മനുഷ്യനെ അസ്വസ്ഥനാക്കിയിരിക്കുകയാണെന്ന് അവള് ആശ്വസിക്കാന് ശ്രമിച്ചു. പക്ഷേ, അതിപ്പോള് തുടങ്ങിയതൊന്നുമല്ല. കുഞ്ഞിരാമനെ സംബന്ധിച്ചിടത്തോളം ഇതു സുരക്ഷിതമായ കാലഘട്ടമാണെന്ന് അവള്ക്കറിയാം. യുദ്ധസഹായം വാഗ്ദാനം ചെയ്തതോടെ ഗവണ്മെന്റ് അവരെ തികച്ചും സ്വതന്ത്രരായി വിട്ടിരിക്കയാണ്. യുദ്ധസഹായങ്ങളിലൂടെ പാര്ട്ടിയെ പ്രബലപ്പെടുത്തുവാന് അവര് ഉറ്റ ശ്രമിക്കയാണെന്നും അവള്ക്കറിയാം. ഉദയാസ്തമനം അതിനുവേണ്ടി പാടുപെടുകയാണ്. അദ്ദേഹം ഈ വിഷമമനുഭവിക്കുന്നതൊന്നും തനിക്കുവേയ്യിയല്ലെന്ന് രാധ ഓര്ത്തു. വരുന്ന തലമുറ രക്ഷപ്പെടാന്വേണ്ടി ഒരാള് തന്റെ ജീവിതം ബലിയര്പ്പിക്കുകയാണ്. അവള്ക്കു മനസ്സിലായേടത്തോളം, സുഖമെന്താണെന്ന് ഇന്നോവരെ കുഞ്ഞിരാമന്

അറിഞ്ഞിട്ടില്ല. അഥവാ അനവരതമുള്ള പ്രവര്ത്തനമാണ് ആ മനുഷ്യന്റെ സുഖം. തന്നെ ആ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോന്നപ്പോള് രാധ ഇതിലുമധികം പ്രതീക്ഷിച്ചിരുന്നു. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും തനിക്കൊരു ഉടമസ്ഥനുണ്ടാവുകയാണെന്ന് അവള് കരുതി. ഹൃദയം പുളകമണിഞ്ഞുകൊണ്ടാണ് ആ വീട്ടില് വന്നുകയറിയത്. പക്ഷേ, വിശ്വനാഥന്റെ വീട്ടിലേക്കാള് ഒട്ടും വ്യത്യസ്തമല്ല ഇവിടത്തെ ജീവിതവുമെന്നു പതുക്കെപ്പതുക്കെ മനസ്സിലാകാന് തുടങ്ങി. അടുത്ത മുറിയില്നിന്ന് കുഞ്ഞിരാമന്റെ കാല്പെരുമാറ്റവും കൂര്ക്കംവലിയും കേട്ടുകൊണ്ട് അവള് ഏകാന്തമായ നിദ്രയിലേക്കു താഴുകയാണ് പതിവ്. ഇങ്ങനെ എത്രകാലം കഴിയും? എവിടെയാണ് ഇതിനറുതി? പക്ഷേ, രാധ ഒന്നും ചോദിച്ചില്ല. അയാള് ആവക കാര്യത്തെപ്പറ്റി സംസാരിച്ചതുമില്ല. അദ്ദേഹം അടുത്തുണ്ട്, കൈ നീട്ടിയാല് തൊടാവുന്നോടത്തുണ്ട് എന്നതുതന്നെ രാധയെ സംബന്ധിച്ചിടത്തോളം ഒരു അവിചാരിതമായ ഭാഗ്യലബ്ധിയായിരുന്നു. തൊട്ടടുത്ത മുറിയിലിരുന്നു ജോലിചെയ്യുന്ന അദ്ദേഹത്തെപ്പറ്റി ആലോചിച്ചുകൊണ്ട് ഉറങ്ങാന് കഴിയുന്ന ഒരു ദിവസം വരുമെന്നുതന്നെ ആ പെണ്കിടാവിന് ആശിക്കാന് കഴിഞ്ഞിരുന്നില്ല. 'അദ്ദേഹം വളരെ അറിവുള്ള ആളാണ്. ഞാന് എട്ടും പൊട്ടും തിരിയാത്ത ഒരു പെണ്ണും.' അവള് കൂടെക്കൂടെ വിചാരിച്ചു: 'എനിക്കെങ്ങനെ അദ്ദേഹത്തെ മനസ്സിലാകാനാണ്?'

ഒരു ഉപാസികയുടെ മനോഭാവത്തോടെ രാധ കുഞ്ഞിരാമന് പറയുന്നതെല്ലാം അനുസരിച്ചു. അവളുടെ ഹൃദയം എന്തിനോവേണ്ടി ഭയങ്കരമായി നിലവിളിച്ചിരുന്നു. എങ്കിലും ചുണ്ടുകള് എപ്പോഴും പുഞ്ചിരി പൊഴിച്ചു. സഹിക്കുക, വീണ്ടും വീണ്ടും സഹിക്കുക---അതായിരുന്നു ജീവിതം ആ പാവപ്പെട്ട പെണ്കുട്ടിയെ പഠിപ്പിച്ചിരുന്നത്. അഗാധമായ വേദനകള്പോലും ഒരു പുഞ്ചിരിയാക്കി മാറ്റുന്ന ആ അനിതരസാധാരണ മായ ക്ഷമ അവള് ഒരു കലാവിദ്യയോളം ഉയര്ത്തിക്കൊണ്ടുവന്നിരുന്നു. ശൂന്യമായ ഭാവികാലത്തിലേക്ക്, ഏതാണ്ടൊരു മലര്വാടിയിലേക്കെന്ന പോലെ, നോക്കിനില്ക്കുവാനുള്ള അവളുടെ കഴിവു ഭയങ്കരമായ വിധത്തില് മഹത്തായിരുന്നു! അവള് ആ പുഞ്ചിരിയില് മറഞ്ഞിരുന്നുകൊണ്ട് കുഞ്ഞിരാമന്റെ പാര്ട്ടിക്കുവേണ്ടി സ്തുതംവെച്ചു. പ്രവര്ത്തനങ്ങളില് സഹായിച്ചു. ഈ സമയത്തെല്ലാം തന്റെ വേദനകള് കുഞ്ഞിരാമന്റെ കഷ്ടപ്പാടുകളുമായി തട്ടിച്ചുനോക്കി നിസ്സാരമെന്നു കരുതാനും അവള്ക്കു കഴിഞ്ഞു.

ഇത്രയൊക്കെ ചെയ്തിട്ടും ജനങ്ങള് ഇന്നും അദ്ദേഹത്തെ അപഹസിക്കുന്നുണ്ടെന്ന് അവള്ക്കറിയാം. അദ്ദേഹത്തെ ചിലര് ബ്രിട്ടീഷ് ഏജന്റാണെന്നു ശകാരിക്കുന്നത് അവള് കേട്ടിട്ടുണ്ട്. രാജ്യദ്രോഹിയെന്നും വിപ്ലവവഞ്ചകനെന്നും വിളിക്കാറുണ്ട്. എന്നിട്ടും അദ്ദേഹം പറയുന്നത്, ജനങ്ങളില് വിശ്വസിക്കുക, ജനങ്ങള് പറയുന്നതിനു ചെവികൊടുക്കുക

എന്നാണ്. അവര് പറയുന്നതിന്റെ ചെവികൊടുത്താല് കുഞ്ഞിരാമന് വഞ്ചകനാണെന്ന ബോധപ്പെടേണ്ടിവരും. അത് രാധയ്ക്ക സാധ്യമല്ല. അദ്ദേഹം ഒരു ലക്ഷ്യംവെച്ച പ്രയത്നിക്കുന്നവനാണ്. വിശ്വത്തിനുപോലും അതു മനസ്സിലാക്കാന് കഴിയുന്നില്ലെന്നത് അവളെ വേദനാകരമായ വിധത്തില് അത്ഭുതപ്പെടുത്തി. ഉറച്ച നില്ക്കുന്ന ആ രണ്ടു വ്യക്തികളുടെയും നടുക്കു സ്നേഹാര്ദ്രയായ രാധയുടെ നില വിഷമം പിടിച്ചതായിരുന്നു. കുഞ്ഞിരാമനോടു വിട്ടുവീഴ്ചയ്ക്ക് ആവശ്യപ്പെടുന്നതില് അര്ത്ഥമില്ല. അദ്ദേഹത്തോട് എന്തെങ്കിലും ആവശ്യപ്പെടാന് അവള്ക്കു സാധ്യമല്ല. അനുസരിക്കുക --- അതേ വയ്ക്കു. വിശ്വത്തോട് അങ്ങനെ അനുസരിക്കാന് പറയാമോ? ജീവിതത്തിലെ പല ഘട്ടങ്ങളിലുമെന്നതുപോലെ, ഇവിടെയും അവള് നിശ്ശബ്ദയായിരുന്നു. 'ഈ കാറ്റൊക്കെ മാറിവീശും.' രാധ തന്നോടുതന്നെ പറഞ്ഞു: 'അവര് പരസ്പരം കണ്ടറിയുന്ന ദിവസം വരും. അത്രയ്ക്ക് ഒട്ടിപ്പിടിച്ച അവര്ക്ക് അകന്നുപോകാന് സാദ്ധ്യമല്ല.'

കുഞ്ഞിരാമന് വിശ്വത്തെപ്പറ്റി ഒരിക്കലും ആക്ഷേപം പറഞ്ഞില്ല. പക്ഷേ, അനുയായികള്ക്ക് അത്രയും നിശ്ശബ്ദരായിരിക്കുവാന് സാധിച്ചില്ല. രാരിച്ചന് ഒരു ദിവസം പറഞ്ഞു:

"അവന് ഡാന്സിന്റെ വരില്ലെന്ന് ഉറപ്പിച്ചു പറഞ്ഞു, ഇല്ലേ?"

"ഉം." കുഞ്ഞിരാമന് കടലാസ്സിലേക്കു നോക്കിക്കൊണ്ടു മൂളി.

"അവന് ഒന്നുകില് ഭ്രാന്തനാണ്; അല്ലെങ്കില് കള്ളനാണ്."

"രണ്ടുമായിക്കൊള്ളണമെന്നില്ല."

"അയാള് എതിര്ക്കാന് തുടങ്ങിയാലും കുഞ്ഞിരാമേട്ടന് ഇതുതന്നെ പറയും."

ഗോപാലകൃഷ്ണനാണ് അഭിപ്രായപ്പെട്ടത്. ഇതു കേട്ടപ്പോള് അപ്പുറത്തിരുന്ന രാധയുടെ ഹൃദയം നൊന്തു. അവന് അത്തരത്തില് സംസാരിക്കുമെന്ന് അവളോര്ത്തില്ല. അവന് തുടര്ന്നു: "സമയത്തിനുതകാത്തവനെക്കൊണ്ട് എന്താ പ്രയോജനം?"

വായ അടയ്ക്ക് എന്നു പറയാന് രാധയ്ക്ക തോന്നി. പക്ഷേ, അവള് വായ് അടച്ചിരുന്നതേയുള്ളൂ.

"എനിക്കവന്റെ ആകാശം വിഴുങ്ങാന് നില്ക്കുന്ന ഈ പ്രകൃതം കാണുമ്പോള്..." രാരിച്ചന്റെ ശ്രുണ്ടിവന്നിരുന്നു:" അവന്ന് ആത്മാര്ത്ഥതയില്ല."

രാധയ്ക്ക നെഞ്ചില് കുത്തിയപോലെ തോന്നി. ഉടനെ കുഞ്ഞിരാമന് തടുത്തു:

"അരുത്. കാര്യം മനസ്സിലാകാത്തവരൊക്കെ ആത്മാര്ത്ഥതയില്ലാത്തവരാണെന്നു പറയുന്നതു ശരിയല്ല, രാരിച്ചന്. അര്ദ്ധാവിശ്വാസികളെ കിട്ടിയിട്ടു പ്രയോജനവുമില്ല. ക്ഷമിക്കു. കാലം അവരെ ബോധപ്പെടുത്തും."

കുഞ്ഞിരാമന്റെ ഈ വാക്ക് രാധയെ ആഹ്ലാദിപ്പിച്ചു. വിശ്വവും കുഞ്ഞിരാമനെതിരായി ഒരു വാക്കും രാധയോടു പറഞ്ഞിട്ടില്ല. വ്യക്തിഗതമായ കാര്യങ്ങളില് സഹായിക്കാനും സന്നദ്ധനായിരുന്നു. ഈ

നിലയ്ക്ക കുഴപ്പംകൂടാതെ ഈ കാലഘട്ടമങ്ങോട്ടു കഴിയട്ടെ എന്നുവയ്ക്കാം.

കുഞ്ഞിരാമനെ ഇതൊന്നും അസ്വാസ്ഥ്യപ്പെടുത്തിയതായി അവള്ക്കു തോന്നിയില്ല; അയാള് തന്റെ പ്രവര്ത്തനങ്ങളില് ആണ്ടുമുഴുകിയിരുന്നു. എന്നാലും രാരിച്ചന് കൂടക്കൂടെ ചോദിച്ചു:

"നമ്മോടു യോജിക്കാത്തവര് നമുക്കെതിരല്ലേ?"

കുഞ്ഞിരാമന് അതിനെന്തു മറുപടി പറയുമെന്ന് ഗോപാലകൃഷ്ണന് കാത്തു. പക്ഷേ, മറുപടി ഉണ്ടായില്ല.

കുന്നൊടുത്തു മറിക്കാനുള്ള പ്രയത്നം ചെയ്യുന്നുണ്ട്. പക്ഷേ, കുന്നിക്കുരുവോളമാണ് നീങ്ങുന്നത്. അവര് ജാപ്പുവിരോധമേളകള് തുരുതുരെ സംഘടിപ്പിച്ചു. നൃത്തവും സംഗീതവും തുരുതുരെ ഉണ്ടായി. പക്ഷേ, കാണികള് പിന്നെപ്പിന്നെ കുറഞ്ഞാണ് വന്നത്. എന്നിട്ടും കുഞ്ഞിരാമന് തെല്ലും പിന്മാറിയില്ല; ആരെയും പിന്മാറാന് അനുവദിച്ചതുമില്ല. "ഞാന് എന്റെ ജനങ്ങളെ സ്നേഹിക്കുന്നു. അവരുടെ തലയ്ക്കുമീതെ ഫാസിസത്തിന്റെ വാള് ഇറങ്ങി വരുന്നതുകണ്ടിട്ട് എനിക്കു മിണ്ടാതിരിക്കാന് വയ്യാ. ഒരു ദിവസം അവര്ക്ക് ആ സത്യം ബോധപ്പെടും" എന്നാണ് എപ്പോഴും പറയുന്നത്. അയാള് പറയുന്നതില് കാര്യമുണ്ടാകാതിരിക്കുകയില്ലെന്ന് രാധയ്ക്കും തോന്നി.

ഇങ്ങനെ വീറോടുകൂടി പ്രവര്ത്തിച്ചിരുന്ന മനുഷ്യനു പെട്ടെന്നാണ് ഒരു വിഭ്രമിട്ടം. അതാണ് രാധയ്ക്ക് മനസ്സിലാകാത്തത്. തലേന്നാള് മുതല്ക്കേ ആരംഭിച്ചതാണത്. ഇതിന്നിടയില് രാരിച്ചനും അപ്പുക്കുട്ടനും മൂന്നുനാലു തവണ അവിടെ വന്നു. ഓരോ പ്രാവശ്യവും അവര് എന്തൊക്കെയോ രഹസ്യമായി സംസാരിച്ചു കടന്നുപോയി. ഊണുകഴിക്കുമ്പോഴും കുഞ്ഞിരാമന് ചിന്താധീനനായി കാണപ്പെട്ടു. ഒന്നും സംസാരിക്കുന്നില്ല. തന്നെപ്പറ്റിയോ അദ്ദേഹത്തെപ്പറ്റിയോ തുടങ്ങുന്ന സംസാരം പോലും പെട്ടെന്നു പൊട്ടിവിടര്ന്ന് രാ ീയവും രാ ാന്തരീയവുമായ സംഭവവികാസങ്ങളെ സ്പര്ശിക്കുന്ന ഒരു പ്രസംഗമായി മാറുകയാണ് പതിവ്. ഇന്നാകട്ടെ, ചോദ്യങ്ങള്ക്കു കണിശമായ ഉത്തരം മാത്രം. അതും ചിലപ്പോള് ഒരു മൂളല്. ചോദിക്കണമെന്ന് അവള്ക്കു പലപ്പോഴും തോന്നി. പക്ഷേ, ചോദ്യമില്ല.

'എനിക്കു മനസ്സിലാകുന്നതാണെങ്കില് എന്നോടു പറയും.' അവള് സമാധാനിച്ചു.

രണ്ടുമണി കഴിഞ്ഞിട്ടും കുഞ്ഞിരാമന് ഉറങ്ങിയിട്ടില്ല. കാര്യമായ എന്തോ അദ്ദേഹത്തെ അലട്ടുന്നുണ്ട്. രാധയ്ക്കും ഉറങ്ങാന് കഴിഞ്ഞില്ല.

മൂന്നുമണിക്ക് ആരോ വാതില്ക്കല് മുട്ടുന്നതു കേട്ടു.

"ആരാ?"

കുഞ്ഞിരാമന് വിളിച്ചു ചോദിച്ചു.

"ഞാന്."

ആ ശബ്ദം രാരിച്ചന്റേതാണെന്ന് രാധയ്ക്ക മനസ്സിലായി. വാതില് തുറന്നു. എന്തോ ചില കുശുകുശുക്കലുകള്. വാതിലടഞ്ഞു. വീണ്ടും കാലടിശബ്ദം

അടുക്കുകയും അകലുകയും ചെയ്തു.

ആശങ്കാകുലമായ ആ നിമിഷങ്ങള് വളരെ പതുക്കെയാണ് നീങ്ങുന്നത്. നേരം വെളുത്താല് മതി എന്ന് രാധ ആഗ്രഹിച്ചു. ഉറക്കം വരാത്ത രാത്രികള് പ്രഭാതത്തെയും അസ്വസ്ഥമായ പകലുകള് ഉറങ്ങാവുന്ന രാത്രിയെയും പ്രതീക്ഷിക്കുമല്ലോ. പുലര്ച്ചെ കുഞ്ഞിരാമന് വന്നു വാതില്ക്കല് മുട്ടിവിളിച്ചു. രാധ വാതില് തുറന്നു.

"ഞാന് പോകുന്നു." കുഞ്ഞിരാമന് ധൃതിയോടെയാണ് സംസാരിക്കുന്നത്.

"എങ്ങോട്ടാ?"

"വേഗം വരാം" എന്നായിരുന്നു ഉത്തരം.

"ഞാന് കമ്പനിക്കു പോകുന്നതിനുമുമ്പേ?"

പിന്നെ എന്തോ ചോദിക്കാന് പുറപ്പെട്ടപ്പോഴേക്കും കുഞ്ഞിരാമന് ഇറങ്ങിനടന്നുകഴിഞ്ഞു. ഒരു നിമിഷം നോക്കിനിന്നിട്ട് അവള് അടുക്കളയിലേക്കു പോയി. അവള് ഭക്ഷണം പാകം ചെയ്തു, കുളിച്ചു, പ്രാതല് കഴിച്ചു പുറപ്പെട്ടു. എന്നിട്ടും കുഞ്ഞിരാമന് തിരിച്ചു വന്നില്ല. സമയമായി. രാധ ഇറങ്ങി നടന്നു.

അന്നു കമ്പനിയില് ജോലിചെയ്തുകൊണ്ടിരിക്കുമ്പോഴെല്ലാം രാധയുടെ തലയില് കിടന്നുതിരിഞ്ഞിരുന്നത് കുഞ്ഞിരാമനെപ്പറ്റിയുള്ള ചിന്തകള്തന്നെയായിരുന്നു. 'ക്ലിലിക് ക്ലിലിക്' എന്ന കത്തിരിയുടെ ശബ്ദം അടുത്ത ഡസ്കുകളില്നിന്ന് അവളോട് എന്തൊക്കെയോ ചോദിക്കുന്നതുപോലെ തോന്നി. പട്ടുകളില് ചുറ്റിക്കറങ്ങുന്ന മിഷ്യനുകള് എന്തോ തിരഞ്ഞുകൊണ്ടു നിലവിളിച്ചോടുകയാണ്. അനാഥമായ പഞ്ഞിപ്പൊടിക്കൂട്ടം ഗ്ലാസ്സോടുകള് സൃഷ്ടിക്കുന്ന വെളിച്ചക്കുഴലുകളിലേക്കു തിക്കിത്തിരക്കി കയറുന്നു. ആ ശബ്ദബഹളങ്ങള്ക്കു നടുവില് നിശ്ശബ്ദയായ ഒരു പെണ്കിടാവു കയ്യില്പ്പിടിച്ച ബനിയനുകളുടെയും സ്വന്തം വിചാരങ്ങളുടെയും ഇഴകള് കൂട്ടിക്കെട്ടിക്കൊണ്ടിരുന്നു.

അന്നുച്ചയ്ക്കു കമ്പനിവിട്ടു പുറത്തു വന്നപ്പോള് ഗേറ്റിനു പുറത്തുണ്ട് രാരിച്ചന് അവളെ കാത്തുകൊണ്ടുനില്ക്കുന്നു.

"എന്തേ?" രാധ ചോദിച്ചു.

"കുഞ്ഞിരാമന് സ്വല്പം നേരം വൈകിയേ വരൂ."

"ഏ?"

"ഇങ്ങോട്ടു വരൂ." രാരിച്ചന് രാധയെ നിരത്തിന്റെ ഓരത്തിലേക്കു വിളിച്ചു സ്വകാര്യം പറഞ്ഞു: "വിശ്വത്തെ അറസ്റ്റ് ചെയ്തിരിക്കുന്നു!"

"ഹേ!...." രാധ കണ്തുറിച്ചു രാരിച്ചന്റെ മുഖത്തേക്കു നോക്കി. എന്തോ മുഖത്തുവന്നടിച്ചതുപോലെ അവള്ക്ക് അനുഭവപ്പെട്ടു. ഒരു നേരിയ തലച്ചുറ്റല്. ഞരമ്പുകള് ഒന്നായി വലിഞ്ഞുപിടിച്ചു. ദേഹത്തില് എന്തൊക്കെയോ പൊട്ടിയും അടര്ന്നും പോകുന്നു. അവള് പതുക്കെ നിരത്തുവക്കിലെ ചോലമരത്തിന്മേലേക്കു ചാരിനിന്നുകൊണ്ടു ചോദിച്ചു:

“എന്തിന്ന്?”

രാരിച്ചന് ഒരു പുച്ഛച്ചിരിയോടെ പറഞ്ഞു: “അന്നോ ഞാന് പറഞ്ഞു. പക്ഷേ, എന്നെ ആരും വിശ്വസിച്ചില്ല.”

“എന്താണ് സംഗതി?”

“അയാള് ഒരു ജാപ്പ് ഏജന്റാണ്.”

രാധയ്ക്ക കൈ പരത്തി അയാളുടെ ചെകിട്ടത്തൊന്നടിക്കാനാണ തോന്നിയത്. പക്ഷേ, അവള് ഇങ്ങനെ പറയുക മാത്രം ചെയ്തു:“വിഡ്ഢിത്തം!”

“തെളിഞ്ഞുകഴിഞ്ഞതാണ്. പിന്നെയും വിഡ്ഢിത്തമെന്ന പറഞ്ഞിട്ടു കാര്യമില്ല.”

“എന്ത തെളിവ്?”

“റെയില് പൊളിക്കുന്നവരും കമ്പി മുറിക്കുന്നവരും അയാളുടെ വീട്ടിലാണ് ഒളിച്ചു താമസിക്കുന്നത്.”

“ണ്ണ!” രാധ അവജ്ഞയോടെ രാരിച്ചന്റെ മുഖത്തേക്കു നോക്കി.

“പോലീസ്സ്റ്റേഷനിലോളം ഒന്ന പോയാല് മതി, ഏതാണ് ണ്ണ എന്ന ബോധപ്പെടാന്.”

രാധ സ്വല്പനേരം മിണ്ടാതെ നിന്നിട്ടു പതുക്കെ വീട്ടിലേക്കു നടന്ന. പോകുന്നതു നോക്കിക്കൊണ്ട് രാരിച്ചന് വിചാരിച്ചു: ‘സാധു!’

രാരിച്ചന്റെ മുഖത്തു സന്തോഷം കളിയാടിയിരുന്ന. അയാളുടെ പ്രയത്നം ഫലിച്ചിരിക്കയാണ്. വിശ്വനാഥനെ സംബന്ധിച്ചു കുറെ മുമ്പുതന്നെ രാരിച്ചന്ന് ഇങ്ങനെയൊരഭിപ്രായമുണ്ടായിരുന്ന. അയാളെ സംബന്ധിച്ചിടത്തോളം ലോകം രണ്ടു കക്ഷിയാണ്. മര്ദ്ദിതവര്ഗത്തിന്റെ ബന്ധുവായ തന്റെ പാര്ട്ടി; അതിന്നെതിരായ മറുകക്ഷിയും. വിശ്വനാഥന് തങ്ങളുടെ പ്രവര്ത്തനങ്ങളോടു വിയോജിക്കുന്നുവെന്ന വന്നപ്പോള് രാരിച്ചന്ന് അയാള് ശത്രുവര്ഗ്ഗത്തില്പ്പെട്ടവനായിക്കഴിഞ്ഞിരിക്കുന്ന. അങ്ങനെയുള്ള ഒരാളുമായി മമതയില് വര്ത്തിക്കുന്നത് ശത്രുക്കള്ക്കു കോട്ടവാതില് തുറന്നുവച്ചകൊടുക്കുകയാണ്, വിപ്ലവത്തെ ചതിക്കുക യാണ്. ഇതു രാരിച്ചന്റെ ഹൃദയത്തില് അസ്വാസ്ഥ്യമുളവാക്കുകയും ചെയ്തിരുന്ന. ‘നമ്മോടു യോജിക്കാത്തവരെല്ലാം നമ്മുടെ ശത്രുക്കളാ’ണെന്ന് അയാള് കൂടെക്കൂടെ കുഞ്ഞിരാമനെ ഓര്മ്മപ്പെടുത്തി. കുഞ്ഞിരാമന്നും ആ തത്ത്വശാ ത്തോടു യോജിക്കുന്ന. എങ്കിലും വിശ്വനാഥനെ സംബന്ധിച്ചു സംസാരിക്കുമ്പോള് കുഞ്ഞിരാമന് നിശ്ശബ്ദനായിരുന്ന; അഥവാ കൂടുതല് സംസാരിക്കുവാന് അന്നുവദിച്ചില്ല. രാരിച്ചന് തന്റെ ആക്ഷേപങ്ങള് ആവര്ത്തിക്കുമ്പോള് കുഞ്ഞിരാമന് ചോദിച്ചു:

“തെളിവ്?”

“നമുക്ക് എതിരാണെന്നതുതന്നെ തെളിവല്ലേ?”

“എന്നാല് ഭ്രരിപക്ഷം നാട്ടുകാരും ശത്രുക്കളാണ്.”

അതിന്ന് രാരിച്ചന്ന മറുപടിയുണ്ടായിരുന്നില്ല. തങ്ങളുടെ പിടിയില് നിന്ന്

വിശ്വനാഥന് വഴുതിപ്പോയി എന്ന കാര്യം രാരിച്ചനെ ശ്രുണ്ടിപിടിപ്പിച്ചിരുന്നു. ശത്രുവെക്കാള് നീചനാണല്ലോ അഞ്ചാംപത്തി. അതുകൊണ്ടു രാരിച്ചന് ആ ചെറുപ്പക്കാരന്റെമേല് എപ്പോഴും ഒരു കണ്ണുവച്ചു. കുഞ്ഞിരാമനെ വിടാനും വിശ്വനാഥനെ വിടാതിരിക്കുവാനും കഴിയാതെ അയാളുടെ ഹൃദയം വീര്പ്പുമുട്ടുകയായിരുന്നു. വിശ്വനാഥനെ ഇണക്കിക്കൊണ്ടുവരുവാന് രാരിച്ചനും യത്നിക്കുകയുണ്ടായി.

"നിങ്ങള് എന്തുകൊണ്ടു ഡാന്സ് ചെയ്യുന്നില്ല?"---രാരിച്ചന് വിശ്വത്തോടു ചോദിച്ചു.

"ആവശ്യമാണെന്നു തോന്നാഞ്ഞിട്ട്."

"അപ്പോള് ഞങ്ങളൊക്കെ അനാവശ്യമായാണോ യത്നിക്കുന്നത്?"

"എന്നൊന്നും ഞാന് പറഞ്ഞില്ല. എനിക്കു വിശ്വാസമില്ല. അതുകൊണ്ടു ഞാന് പ്രവര്ത്തിക്കുകയുമില്ല."

"എന്താണ് അവിശ്വാസത്തിനു കാരണം?"

"ഞാന് തര്ക്കത്തിനില്ല."

"നിങ്ങള് ഭീരുവാണ്!" രാരിച്ചന്നു ശ്രുണ്ടിവന്നുകഴിഞ്ഞു.

"ബ്രിട്ടന്റെ സേവകനാകുന്നതാണോ ധൈര്യം?" വിശ്വത്തിനും അരിശം പിടിച്ചിരുന്നു. പിന്നെ രാരിച്ചന് ഒന്നും പറഞ്ഞില്ല. അയാള് ഇറങ്ങി നടന്നു. ഇത്തരം വാദപ്രതിവാദങ്ങള് മൂന്നുനാലുതവണ കഴിഞ്ഞപ്പോള് രാരിച്ചന് തന്റെ അനുഭവങ്ങളെക്കുറിച്ച് ഒരു റിപ്പോര്ട്ട് കുഞ്ഞിരാമനു സമര്പ്പിച്ചു. അപ്പോഴും കുഞ്ഞിരാമന് പറഞ്ഞു:

"ക്ഷമിക്കു രാരിച്ചന്."

"ഇക്കണക്കിനു ജപ്പാന്കാരും നന്നാവുമെന്നുവെച്ചു ക്ഷമിക്കാം." രാരിച്ചന് ദേഷ്യംവന്ന് എഴുന്നേറ്റു നടന്നു. ഗോപാലകൃഷ്ണനും അയാളുടെകൂടെ പോയി. ഗോപാലകൃഷ്ണന്റെ ഹൃദയം തരിശുനിലമായിരുന്നു. അവിടെ ഒരു പുതിയ വിള ഇറക്കിയിരിക്കയാണ്, രാരിച്ചന്. അതു തഴച്ചു വളരുകയും ചെയ്യുന്നു. കുഞ്ഞിരാമന് തലയും താഴ്ത്തിയിരുന്നു. അയാളുടെ മനസ്സിലും സമ്മര്ദ്ദം നടക്കുകയാണ്. വ്യക്തിഗതമായ മമതതന്നെ കര്ത്തവ്യത്തില്നിന്നു പിന്മാറ്റാമോ? വിശ്വത്തിന്റെ ഈ നിലപാട് പാര്ട്ടിക്കും ഉപദ്രവകരംതന്നെയാണ്. പാര്ട്ടിക്ക് ഉപദ്രവകരമായ എന്തിനെയും നശിപ്പിക്കേണ്ടത് അയാളുടെ ചുമതലയല്ലേ? വ്യക്തികള് വരും; പോകും. നില നില്ക്കുന്നതു പാര്ട്ടി മാത്രമാണ്. അതു നശിച്ചാല് എല്ലാം നശിച്ചു. മര്ദ്ദിതവര്ഗ്ഗത്തിനു രക്ഷയില്ല. അനന്തര തലമുറ അപകടത്തിലാവുകയാണ്: ഭാവി ഇരുളടഞ്ഞുപോകുന്നു. അപ്പോള്....

"മിസ്റ്റര് കുഞ്ഞിരാമന്!"

മുമ്പില്നിന്നൊരു വിളികേട്ട് അയാള് തലയുയര്ത്തി നോക്കി. ശാന്തയാണ്; അവിചാരിതമായിരുന്ന അവളുടെ ആഗമനം. ഒരു നിമിഷം കഴിഞ്ഞിട്ടേ അയാള്ക്ക് ആളെത്തന്നെ മനസ്സിലായുള്ളൂ.

“എന്താണ് ആലോചിച്ചുകൊണ്ടിരിക്കുന്നത്?” ചിരകാലസുഹൃത്തിനെപ്പോലെ, ശാന്ത സംഭാഷണമാരംഭിച്ചു. പത്തു വാക്കുകൊണ്ട് അവള് ജാപ്പ് വിരോധപ്രവര്ത്തനങ്ങളിലേക്ക് സംഭാഷണമെത്തിച്ചു: “മിസ്റ്റര് കുഞ്ഞിരാമന്, നിങ്ങളുടെ ചില ആശയങ്ങളോടെല്ലാം എനിക്കു യോജിക്കാന് കഴിയുകയില്ല. എന്നാല് ഇന്നു നിങ്ങള് ചെയ്യുന്ന പ്രവൃത്തികള് ഞാന് തികച്ചും ശരിവയ്ക്കുന്നു.”

“എന്തുകൊണ്ട്?” അപ്രതീക്ഷിതമായ ഒരു ചോദ്യം കുഞ്ഞിരാമനില് നിന്നു പുറപ്പെട്ടു.

“രാജ്യത്തിന്റെ രക്ഷ അതായതുകൊണ്ട്. ഇപ്പോള് സ്വാതന്ത്ര്യം സ്വാതന്ത്ര്യം എന്നു ജപിച്ചു ജയിലില്പോയി കിടക്കാന് നിങ്ങള്ക്കു തോന്നിയില്ലല്ലോ, അതു ബുദ്ധിയായി ഞാന് കരുതുന്നു. അങ്ങനെ ചെയ്താല് അതിന്നത്തെ നിലയ്ക്ക ഫാസിസ്റ്റ് ശക്തികളെ ക്ഷണിച്ചുവരുത്തുകയാവും. ആദ്യമൊക്കെ എനിക്കും സംശയമുണ്ടായിരുന്നു.”

“എന്ത്?” കുഞ്ഞിരാമന് ശാന്തയുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചു.

“ഈ സന്ദര്ഭത്തില് ബ്രിട്ടനെ സഹായിക്കുന്നത് ശരിയാണോ എന്ന്. പക്ഷേ, ഈ സന്ദര്ഭത്തില് മാത്രമേ ബ്രിട്ടനെ സഹായിച്ചുകൂടൂ എന്ന് എനിക്ക് ബോധപ്പെട്ടിരിക്കയാണ്.”

“ഞങ്ങള് ബ്രിട്ടനെയല്ല, ജനാധിപത്യശക്തികളെയാണ് സഹായിക്കുന്നത്. ഫാസിസ്റ്റ് വിരുദ്ധ കൂട്ടുകെട്ടിനെയാണ് സഹായിക്കുന്നത്.”

“വളരെ ശരി. അത്രതന്നെ ഞാന് പറഞ്ഞതിന്നും അര്ത്ഥമുള്ളൂ. എന്നല്ല, എന്നെക്കൊണ്ടു കഴിയുന്ന എല്ലാ സഹായവും ഞാന് ചെയ്യാനൊരുക്കമാണ്. എന്റെ ഭര്ത്താവും നിങ്ങളെ സഹായിക്കും.”

“അദ്ദേഹത്തിന്നു ഞങ്ങളെ വിശ്വസിക്കാന് സാധിക്കുന്നുണ്ടോ?”

“തികച്ചും. കാരണം, അദ്ദേഹത്തിന്നു ബുദ്ധിയുണ്ട്. അദ്ദേഹം സോഷ്യലിസ്റ്റോ കമ്മ്യൂണിസ്റ്റോ ഒന്നുമല്ല. അത്തരം ആശയങ്ങളുമായി പൊരുത്തപ്പെടാന് സാധിച്ചില്ലെന്നുവരാം.”

“അതെനിക്കു മനസ്സിലാകുന്നുണ്ട്.”

“പക്ഷേ, ഫാസിസ്റ്റ് വിരോധത്തില് അദ്ദേഹം മറ്റാരുടേയും പിന്നിലല്ല.”

കുഞ്ഞിരാമന് ആലോചിച്ചുകൊണ്ടിരുന്നു. അയാളുടെ തത്ത്വസംഹിതയുമായി പൊരുത്തപ്പെടാത്ത ചില ഘടകങ്ങള് ഈ പറഞ്ഞതിലുണ്ട്. ദേശീയ മുതലാളിത്തം സാമ്രാജ്യത്വത്തെയാണ് ഫാസിസത്തേക്കാള് വെറുക്കുക. അവരുടെ താത്പര്യം ബ്രിട്ടന് തകരുകയാണ്. എന്നിട്ടും ബ്രിട്ടനെ സഹായിക്കുമെന്നോ? പക്ഷേ, ചെറുതരം മുതലാളിമാര് മറിച്ചുണ്ടാകാം. തുണിക്കച്ചവടക്കാരും സ്വര്ണ്ണവ്യാപാരികളും അവരെ സഹായിച്ചിട്ടില്ലേ? പിന്നെ ഏതു വര്ഗ്ഗത്തിലും ആദര്ശവാദികള് ഉണ്ടായിക്കൂടായ്കയുമില്ല.

“ഞങ്ങള് എന്തു സഹായമാണ് ചെയ്യേണ്ടത്?” ശാന്ത ചോദിച്ചു.

“എല്ലാ സഹായവും.” കുഞ്ഞിരാമന് തുടര്ന്നു: “നിങ്ങള്ക്കു പെട്ടെന്നൊരു കാര്യം ചെയ്യാം.”

“പണം?”

“അല്ല. ഞങ്ങള്ക്കു കൊള്ളാവുന്ന ഒരു ഡാന്സറില്ല.”

“ഓഹോ! എന്നെക്കൊണ്ടു കഴിയുന്നതെന്തും ചെയ്യാം. എപ്പോള് വേണമെങ്കിലും പറഞ്ഞോളൂ.”

ആ കൂടിക്കാഴ്ച കുറേനേരം നീണ്ടുപോയി. ഫാസിസ്റ്റ് വിരോധ പ്രവര്ത്തനങ്ങളില് ശാന്തയ്ക്കുള്ള ആവേശം കുഞ്ഞിരാമനെ ബോധപ്പെടുത്താന് അവള്ക്കു സാധിച്ചു. അവിടെനിന്നു പോയിട്ട് ഒന്നരമണിക്കൂര് കഴിഞ്ഞപ്പോള് ഒരു കൂടിയാലോചനയും നടന്നു. അപ്പുക്കുട്ടനും രാരിച്ചനും കുഞ്ഞിരാമനും ഗോപാലകൃഷ്ണനുംകൂടി ചില തീരുമാനങ്ങളെടുത്തു. അന്നുതന്നെ അവര് പിള്ളയെയും നമ്പ്യാരെയും കാണുകയുണ്ടായി. ഇതിന്റെയെല്ലാം ഫലമായിട്ടോ എന്തോ, അടുത്ത ജാപ്പ്വിരോധമേള ശാന്തയുടെ നൃത്തംകൊണ്ടു വര്ണ്ണശബളമായിത്തീര്ന്നു. അതു കുറേക്കൂടി കാണികളെ ആകര്ഷിച്ചു. ആളുകളെ ആകര്ഷിക്കുന്ന ഏതു പരിപാടിയും തുടര്ന്നുപോകണമെന്ന പക്ഷം കുഞ്ഞിരാമനും രാരിച്ചനുമുണ്ടായിരുന്നു. പാര്ട്ടിക്ക് അക്കാലത്തുണ്ടായിരുന്ന ബുദ്ധിമുട്ട് എന്തെങ്കിലും പ്രകടിപ്പിക്കുവാനായിരുന്നില്ല, അതു കാണാന് ആളെ കിട്ടുവാനായിരുന്നു. അതുകൊണ്ട് ശാന്ത തികച്ചും ആദരിക്കപ്പെട്ടു. കാര്ത്തികേയന് ശാന്തയുടെ ഈ പുതിയ പരിപാടിയെ സംബന്ധിച്ച് ആദ്യം സന്ദേഹമുണ്ടായി. എങ്കിലും അയാളെ പറഞ്ഞു മനസ്സിലാക്കാന് ശാന്തയ്ക്കു കഴിഞ്ഞു:

“നോക്കൂ, ഇതാണ് നമുക്കു ലാഭം.”

“എങ്ങനെ?”

“തൊഴിലാളികള് നമ്മുടെ പാട്ടിലാവും.”

“പക്ഷേ, നാട്ടുകാര് വെറുക്കും.”

“വെറുതെയിരിക്കൂ. നാട്ടുകാര് ഒന്നും ശ്രദ്ധിക്കുന്നില്ല. പിന്നെ ഗവണ്മെന്റിലും നമുക്കൊരു പിടിപാടൊക്കെ വേണ്ടേ? മനസ്സിലാകുന്നുണ്ടോ?”

അതയാള്ക്കു കൂടുതല് വേഗത്തില് മനസ്സിലായി. യുദ്ധഫണ്ടിലേക്ക് ഇപ്പോള് കൊടുക്കുന്ന സംഖ്യ ഏറാതിരിക്കാനുള്ള എല്ലാ നടപടികളും ഗുണമുള്ളതാണെന്ന് കാര്ത്തികേയനറിയാം. തൊട്ടതിനൊക്കെ പെര്മിറ്റും ലൈസന്സും വേണ്ടാ. ഈ കാലഘട്ടത്തില് സര്ക്കാരുമായി എങ്ങനെയൊക്കെ ബന്ധപ്പെടുന്നതും നല്ലതാണെന്നതാണു്. എല്ലാറ്റിനും പുറമേ, വിശ്വം ആ സംഘത്തില്നിന്ന് അകന്നുനില്ക്കുകയാണെന്നത് ആശ്വാസകരവുമായിരുന്നു. ഇതുകൊണ്ടൊക്കെ പാടേ അയാള് സമ്മതിച്ചു. ജപ്പാനെക്കാള് എന്തായാലും നല്ലതു ബ്രിട്ടന്തന്നെ.

ശാന്തയുടെ മുഖം തെളിഞ്ഞു. ചിരകാലപ്രതീക്ഷിതമായ ഒരു പ്രതികാരം നടത്തിയിട്ടെന്നപോലെ, അവള് ചിരിച്ചു; “അതാണ് ഞാനും പറയുന്നത്.”

പുകഞ്ഞുകിടന്നിരുന്ന ഒരു കടക്കൊള്ളി, നീര്വറ്റി പെട്ടെന്നു കത്തിപ്പടരാന് തുടങ്ങിയതുപോലെ, അവളുടെ ദേഹത്തിലാകെ ഒരു ചൈതന്യം വ്യാപിച്ചു. അവള് ആര്ദ്രമായി കാര്ത്തികേയന്റെ കൈയെടുത്തു മടിയില്വെച്ചു തടവിക്കൊണ്ടു ചുമരിലെ നീഗ്രോവിന്റെ നേര്ക്കു നോക്കി. അവന് ഒന്നലറിയെങ്കില്!

"ഒരാള് കാണാന് വന്നിരിക്കുന്നു---" നാണി വാതില്ക്കല് വന്നറിയിച്ചു. ശാന്തയും കാര്ത്തികേയനും താഴത്തെ നിലയിലേക്ക് എഴുന്നേറ്റുപോയി. കുഞ്ഞിരാമന് അവരെ കാത്ത് ഉമ്മറത്തു നില്ക്കുകയായിരുന്നു. അയാള് മറ്റൊരു മേളയുടെ കാര്യവുമായി വന്നിരിക്കയാണ്.

മേളകള്ക്കു പിന്പേ മേളകള്, നൃത്തങ്ങള്ക്കു പിന്പേ നൃത്തങ്ങള്. പട്ടണങ്ങളിലും ഉള്നാടുകളിലും അവര് ചുറ്റിയടിച്ചു. ഒരു പ്രസംഗം, ഒരു കലാപരിപാടി, വീണ്ടും പ്രസംഗം---അങ്ങനെ പുട്ടിനു തേങ്ങയിടുമ്പോലെ, കലാവിദ്യ വിതറുകയാണ്.

നൃത്തം കഴിഞ്ഞു മടങ്ങുകയായിരുന്നു. കാര് ഒരു തിരിവുതിരിഞ്ഞ് ഇടത്തോട്ടുവെച്ചു. ഒരാള് നിരത്തിന്റെ വലത്തേ ഓരത്തിലേക്കു മാറി നില്ക്കുന്നത് ശാന്ത കണ്ടു. അതു വിശ്വനാഥനായിരുന്നു. അവള് കാര് നിര്ത്തിച്ചിട്ട് അയാളെ വിളിച്ചു:

"വിശ്വം!"

അയാള് അടുത്തേക്കു വന്നു.

"സുഖംതന്നെയല്ലേ?" ശാന്ത ചോദിച്ചു.

"അതേ."

"ഞാന് ഡാന്സിനു പോയിരുന്നതാണ്."

"മനസ്സിലായി."

"എന്താണ് വിശ്വം ഡാന്സിനു വരാത്തത്?"

മറ്റാരില്നിന്നും അങ്ങനെയൊരു ചോദ്യം അയാള് പ്രതീക്ഷിച്ചിരുന്നു. പക്ഷേ, ശാന്ത അതു ചോദിച്ചപ്പോള് അയാള്ക്ക് പെട്ടെന്ന് അരിശം കയറുകയാണു ചെയ്തത്. അയാള് ഇങ്ങനെ മറുപടി പറഞ്ഞു:

"മനസ്സില്ലാഞ്ഞിട്ട്."

ആ ഉത്തരം ശാന്തയും പ്രതീക്ഷിച്ചതല്ല. എങ്കിലും കുലുങ്ങിയതായി അവള് നടിച്ചില്ല. ശാന്തമായിത്തന്നെ അവള് ചോദിച്ചു:

"കാരണമെന്താണ്?"

"വിഡ്ഢിത്തങ്ങള്ക്കു തയ്യാറില്ലാത്തതുകൊണ്ട്."

അപ്പോള് ഞങ്ങളൊക്കെ വിഡ്ഢികളാണോ?"

"എന്നു ഞാന് പറഞ്ഞില്ല. ഞാനതു ചെയ്യുന്നതു വിഡ്ഢിത്തമായിരിക്കും." വിശ്വം ദൃഢസ്വരത്തില് പറഞ്ഞു.

"ഒരിക്കല്ക്കൂടി ആലോചിക്കയാണ് നല്ലത്."

"ആലോചിക്കാത്ത ദോഷം എനിക്കിതേവരെ വന്നിട്ടില്ലെന്ന് ശാന്തയ്ക്കറിയാമല്ലോ. ഇനിയും ദയവുചെയ്ത് ആലോചിപ്പിക്കാതിരിക്കണം."

അയാള് അതും പറഞ്ഞ് ഒരു വശത്തേക്കു നീങ്ങി; ശാന്തയുടെ കാറു മറുവശത്തേക്കും.

വിശ്വം, ഏതോ ആപത്തില്നിന്നു രക്ഷപ്പെടാനെന്നതുപോലെ, തിരക്കിട്ടു നടന്നു. പിന്നില് ഏതോ ഹിംസ്രമൃഗം ഓടിവരുന്നുണ്ടെന്ന് തോന്നും. അയാള് വീട്ടിന്നഭിമുഖമായാണ് നടക്കുന്നത്. തനിക്കെതിരായി വരുന്ന വാഹനങ്ങളെയോ മനുഷ്യരെയോ ശ്രദ്ധിക്കുന്നില്ല. ഭാഗ്യവശാല് നിരത്തിന്റെ ഓരത്തിലൂടെയാണ് നടന്നിരുന്നത്. ഇല്ലെങ്കില് വല്ല വാഹനങ്ങളിലും ചെന്നു കയറിയേനെ. എന്നിട്ടും ഒരിക്കല് ഓടിവരുന്ന ഒരു കാവണ്ടക്കാരനും അയാളും തമ്മില് വെച്ചുമുട്ടുമായിരുന്നു. പക്ഷേ, കാവണ്ടക്കാരന് പെട്ടെന്നു ബ്രേക്കിട്ടു, വിശ്വം കടന്നുപോയപ്പോള് കുറെ ശകാരിച്ചു. കാവണ്ടവും തുക്കി പോവുകയും ചെയ്തു.

ആകെ അസ്വസ്ഥനായിരിക്കുകയാണ്. കുറെ ദിവസമായി വിശ്വത്തിന്നു വെറിപിടിച്ചിരിക്കുന്നു. ഏകാന്തത അതു വര്ദ്ധിപ്പിക്കുന്നതേയുള്ളൂ. എവിടെയെങ്കിലും ഓടിപ്പോകണമെന്നുണ്ട് അയാള്ക്ക്. ഈ ജീവിതം ഉദ്ദേശ്യരഹിതമായി തോന്നുകയാണ്. പക്ഷേ, സുലൈമാനോടുള്ള സ്നേഹബന്ധം അയാളെ ചങ്ങലയിട്ടിരിക്കുന്നു. എവിടെപ്പോകുന്നതിനും വൃദ്ധന് എതിരല്ല. ഏതു യാത്രയ്ക്കുവേണ്ട പണവും കൊടുക്കാന് അയാള് തയ്യാറാണ്. എന്നല്ല, കൂടെ ചെല്ലുവാന്പോലും സന്നദ്ധന്! അതാണ് വിഷമം. വിശ്വത്തിന് എല്ലാ ബന്ധവും അറുത്ത് ഓടണമെന്നാണ്. സുലൈമാന് തന്നെ ആട്ടിപ്പുറത്താക്കുകയാണെങ്കില് അയാള് ആ മനുഷ്യനോട് കൂടുതല് കൃതജ്ഞനാവുകയേയുള്ളൂ. പക്ഷേ, അത് സംഭവിക്കുകയില്ലെന്ന് അറിയാം. പൂമാലകൊണ്ടുള്ള ബന്ധനത്തിന്ന് ഇരുമ്പുചങ്ങലക്കെട്ടിനേക്കാള് ബലമുണ്ടെന്ന് അയാള് മനസ്സിലാക്കുകയായിരുന്നു.

കഴിഞ്ഞകാലങ്ങളില് പലപ്പോഴും അയാള് ഓടിപ്പോയിട്ടുണ്ട്. അഥവാ ഓടിപ്പോവുക എന്നതായിരുന്നു സാധാരണജീവിതം. ഇന്ന് അതു സാധിക്കുന്നില്ല. ഈ ലോകത്തില് സ്നേഹംപോലും നിര്ദ്ദയമാണെന്നയാള്ക്കു തോന്നി.

വീട്ടില്ച്ചെന്നു കയറിയപ്പോഴുണ്ട്, വിശ്വത്തെയും കാത്ത് നാറാണ പിള്ള ഉമ്മറത്തുതന്നെ ഇരിക്കുന്നു.

“അനിയനെവിടെപ്പോയിരുന്നു?” അയാള് ചോദിച്ചു.

“വെറുതെ നടന്നു.”

“അനിയനിങ്ങനെ ചുമ്മാ നടന്നാല് ഒക്കുകേലാ. ഏതാനും വേല ചെയ്യണം.”

“ഒരു വേല ചെയ്യാനുണ്ട്, പിള്ളച്ചേട്ടാ, പക്ഷേ, അതിപ്പോള് സാധ്യമല്ല.”

“ന്തോന്ന്?”

“മരിക്കുക.”

“അത് എല്ലാ വേലയും അവസാനിപ്പിക്കലല്യോ, അനിയാ? ഇത്രേം

കാലത്തേ അങ്ങനെയൊക്കെ വിചാരിക്കാവോ? അനിയന് ഒരു ദോഷമുണ്ട്. പറഞ്ഞാല് കോപിക്കുമോ?"

"ഇല്ല."

"സ്വപ്നം കാണുന്ന ദോഷമാ. വരാനുള്ളതു വന്നേ ആകൂ, അനിയാ. പക്ഷേല്, മനുഷ്യരു പ്രവര്ത്തിക്കേണ്ടായോ? പ്രവര്ത്തിക്കാനൊണ്ടെങ്കി മരിക്കാനൊക്കുകേലാ."

"എന്തു പ്രവര്ത്തിക്കാന്?"

"ഒണ്ടനിയാ, ഒണ്ട്. അതു പറയാം. പിന്നെ, ശാന്തയും ചേര്ന്നല്യോ ഇപ്പം ഡാന്സ്!"

"ഉം."

"ദേശാഭിമാനികള് വര്ദ്ധിക്കുന്ന കാലമാ, അനിയാ!"

നാറാണപിള്ള ഒന്നു പൊട്ടിച്ചിരിച്ചു. പെട്ടെന്ന് അയാളുടെ മുഖഭാവം മാറി. ദുഃഖസ്വരത്തില് തുടര്ന്നു: "ഇവന്മാര് ഇതിന്നു പലിശയ്ക്കു പലിശയായി വീട്ടേണ്ടിവരുമേ? ദൈവം ഒണ്ടനിയാ, ഒണ്ട്!" ഇതും പറഞ്ഞ് പിള്ള വിശ്വനാഥനെ ചെരുവിലേക്കു കൂട്ടിക്കൊണ്ടുപോയി കുറേനേരം കുശുകുശുത്തു. പുറത്തേക്കു കടക്കുമ്പോള് വിശ്വം പറഞ്ഞു:

"ശരി ഞാന് കാത്തിരിക്കാം."

ക്കണച്ചതുകൊണ്ട് ആരെയും തിരിച്ചറിയാന് വയ്യായിരുന്നു. പക്ഷേ, പതിഞ്ഞ സംഭാഷണത്തിലും നാറാണപിള്ളയുടെ ശബ്ദം വ്യക്തമായിരുന്നു.

അതിനുശേഷം ദിവസവും പുലരുന്നതിനുമുമ്പേ രണ്ടുപേര് ആ വീട്ടില് നിന്ന് ഇറങ്ങിപ്പോകും; അര്ദ്ധരാത്രിക്കു തിരിച്ചു വരികയും ചെയ്യും.ഇക്കാലത്തുതന്നെ ചുവന്നമഷിയിലെഴുതിയ ചില ലഘുലേഖകള് വീണ്ടും പട്ടണമതിലുകളിന്മേല് പലയിടത്തുമായി പ്രത്യക്ഷപ്പെട്ടു. സര്ക്കാരിനെ വീര്പ്പുമുട്ടിക്കുവാനുള്ള നിര്ദ്ദേശങ്ങളായിരുന്നു അവയില്. അക്രമമൊഴികെ മറ്റെന്തും ചെയ്തുകൊള്ളാനുള്ള ഉപദേശമായിരുന്നു അവയുള്ക്കൊണ്ടിരുന്നത്. രാവിലെയാണ് ആളുകള് ചോരക്കണ്ണുമായി നില്ക്കുന്ന ഈ ലഘുലേഖകള് കാണുന്നത്. ആരും കണ്ടുവെന്നു നടിച്ചില്ല. ശവം തുങ്ങിനില്ക്കുന്നതുകണ്ട അയല്പക്കക്കാരന്റെ മനോഭാവം. കണ്ടു വെന്നു പറഞ്ഞവന് ഒരു കക്ഷിയാവുകയായി. അതുകൊണ്ട് അടുത്ത കടയില്നിന്ന് ഒരു ബീഡിവാങ്ങി വലിക്കുന്നതിനിടയില് അതു വായിച്ചുതീര്ത്ത് ഒന്നും സംഭവിച്ചില്ലെന്നമട്ടില് ആളുകള് അവരവരുടെ വഴിക്കു നടന്നു.

പക്ഷേ, പോലീസിന്ന് അങ്ങനെ നടിക്കാന് വയ്യ. അവര് അവ പറിച്ചെടുത്തുകൊണ്ടുപോയി. പിറ്റേന്ന് മറ്റൊരിടത്തായിരിക്കും ലഘുലേഖകള് പ്രത്യക്ഷപ്പെടുന്നത്. മജിസ്ട്രേറ്റുകോടതിയുടെ ചുമരുവരെ അവയെത്തിയപ്പോള് പോലീസിനു നില്ക്കപ്പൊറുതിയില്ലാതായി. തിരച്ചില്. ജാപ്പ് വിരോധസംഘങ്ങള് അവരെ ഉഷാറായി സഹായിച്ചു. അവരെ സംബന്ധിച്ചിടത്തോളം ഇതെല്ലാം ജാപ്പേജന്റുമാരുടെ പണിയാണ്.

'ജാപ്പേജന്റുമാരെ തുരത്തുക' എന്ന മുദ്രാവാക്യം അന്തരീക്ഷത്തില് മുഴങ്ങി.

സംശയദൃഷ്ടിയോടെയാണ് ആളുകളെ നോക്കുന്നത്. നിഴലുകള് നിഴലുകളെ പിന്തുടര്ന്നു. എല്ലാം ഇരുട്ടിന്റെ അഗാധതലങ്ങളിലാണ് നടക്കുന്നത്. മരച്ചാപ്പകളും കൊപ്പരപ്പാണ്ടികശാലകളും പരതിനോക്കി. ബസ്സിലും തോണിയിലും പതിയിരിപ്പു നടത്തി. എങ്ങും ഉഷാര്. പക്ഷേ, ഫലമുണ്ടായില്ല. പോലീസുകാര് ഓരോതരം റിപ്പോര്ട്ടുകള് അയച്ചുകൊണ്ടിരുന്നു. അതിന്നനുസരിച്ചു നിരപരാധികള് പലപ്പോഴും മര്ദ്ദിക്കപ്പെടുകയും ചെയ്തു.

അങ്ങനെ ആ തിരച്ചില് മൂത്തുമൂത്തുവന്നപ്പോഴാണ് വിശ്വം അറസ്റ്റ് ചെയ്യപ്പെട്ടത്. അര്ദ്ധരാത്രിയിലാണ് അതു നടന്നത്. വിശ്വനാഥനും ഒരു ഹിന്ദുസ്ഥാനിക്കാരനും മലയാളിയായ ഒരു ഹിന്ദിമാസ്റ്ററും. ആരും അറിഞ്ഞില്ല. എല്ലാം ഇരുട്ടിന്റെ മറവിലാണ് നടന്നത്. സുലൈമാന്പോലും പിറ്റേന്നു കാലത്തേ ഈ സംഭവമറിഞ്ഞുള്ളൂ. വൃദ്ധന് തളര്ന്നിരുന്നു പോയി. അരമണിക്കൂര് കഴിയേണ്ടിവന്നു, അയാള്ക്ക് അവിടെനിന്ന് എഴുന്നേല്ക്കാന്. ആരോടും ഒന്നും പറഞ്ഞില്ല. ഒരു തോര്ത്തെടുത്തു ചുമലിലിട്ടു പുറത്തേക്കുപോയി. പോകുമ്പോള് ഖദീജ വിളിച്ചു ചോദിച്ചു:

"ഇങ്ങളെബടക്കാ?"

അതിനു മറുപടിയുണ്ടായില്ല. അയാള് നിരത്തിലെത്തി ഒരു റിക്ഷക്കാരനെ വിളിച്ചു നേരേ പോലീസ് സ്റ്റേഷനിലേക്കു ചെന്നു. അയാള് ചെന്നുകയറിയപ്പോള് വിശ്വവും ഇന്സ്പെക്ടറും ലോക്കപ്പിന്നു പുറത്താണ് ഇരിക്കുന്നത്. അടുത്തുതന്നെ ശാന്തയുമുണ്ട്. ശാന്തയാണ് സംസാരിക്കുന്നത്:

"വിശ്വം, ഒന്നും അറിയില്ലെന്നു പറയൂ. നമ്മുടെ ഇന്സ്പെക്ടര് നിന്നെ രക്ഷിക്കും."

"എനിക്കദ്ദേഹത്തോട് ഒരു പകയുമില്ല." ഇന്സ്പെക്ടര് ശാന്തനായി പറഞ്ഞു.

"സമ്മതിക്കൂ, വിശ്വം. ഞാന് ഇപ്പോഴും നിന്റെ രക്ഷയാണ് കണക്കാക്കുന്നത്. വിശ്വത്തിന്നു ഞാന് പറഞ്ഞാല് മനസ്സിലാവില്ലേ?"

വിശ്വം തലപൊക്കാതെതന്നെ പറഞ്ഞു:

"മനസ്സിലാക്കണമെന്നില്ല."

"ദുര്വാശി പിടിക്കുന്നതു നിങ്ങള്ക്കാപത്താണ്. കെയ്സിന്റെ ഗൗരവം നിങ്ങള്ക്കു മനസ്സിലായിട്ടില്ല." ശാന്ത ഭീഷണിയുടെ സ്വരത്തില് തുടര്ന്നു: "നിങ്ങള് മര്ദ്ദിക്കപ്പെടുന്നതു കാണാന് ഞാന് ഇഷ്ടപ്പെടുന്നില്ല, വിശ്വം."

"നിങ്ങളൊഴിഞ്ഞാല് പറയിപ്പിക്കേണ്ട വഴി ഞങ്ങള്ക്കറിയാം."

ഇന്സ്പെക്ടര് ഒന്നു ചിരിച്ചു.

"പറയൂ, വിശ്വം."

ശാന്ത വീണ്ടും തിരക്കി. വിശ്വം പതുക്കെ തലയൊന്നുയര്ത്തി. മനുഷ്യാത്മാവില് അപൂര്വ്വമായി മാത്രം സ്ഫുരിക്കാറുള്ള അവര്ണ്ണനീയമായ തേജസ്സ് അയാളുടെ കണ്ണുകളില് ജ്വലിക്കുന്നുണ്ടായിരുന്നു. അയാള് ശാന്തയുടെ

മുഖത്തേക്ക് ഊന്നിനോക്കിക്കൊണ്ടു പറഞ്ഞു:

"മനസ്സില്ല."

"ഹെന്ത്!"

ആ പറഞ്ഞത് ഇന്സ്പെക്ടറായിരുന്നു.

"മനസ്സില്ലെന്ന്! ഞാന് എന്റെ അറിവോടുകൂടി ഇവരെ രണ്ടുപേരെയും എന്റെ വീട്ടില് താമസിപ്പിച്ചതാണ്. ഞാന് അവരുടെ പ്രവര്ത്തനങ്ങളെ സഹായിച്ചിട്ടുണ്ട്. അതു ശരിയാണെന്ന് ഞാന് വിശ്വസിക്കുകയും ചെയ്യുന്നു. സൗകര്യം കിട്ടിയാല് ഇനിയും തുടര്ന്നുപോവും. ശാന്ത ദയവുചെയ്തു മനുഷ്യരെ രക്ഷിക്കാന് നടക്കുന്ന ഈ തൊഴിലില്നിന്നു പിന്മാറണം. നിങ്ങള്ക്കു നിങ്ങളുടെ വഴി, എനിക്ക് എന്റെ വഴി. നീ ആരാണെന്ന് എനിക്കറിയാം."

"വായ മൂട്!...." പെട്ടെന്നാണ് ഇന്സ്പെക്ടരുടെ നിര്ദ്ദേശം വന്നത്.

"അപ്പോ നിങ്ങളുറച്ചു?" ശാന്ത എഴുന്നേറ്റുനിന്നു ചോദിച്ചു.

"ഉറച്ചിട്ടാണിങ്ങോട്ടു പോന്നത്." വിശ്വം മറുപടികൊടുത്തു.

"നീ കരയും, വിശ്വം."

"എന്നാലും അതു നിന്നെച്ചൊല്ലിയായിരിക്കും; നിന്റെ അധഃപതനത്തെച്ചൊല്ലി."

"വിസ്റ്റി!" ചവിട്ടിക്കടന്നുപോകുന്നതിനിടയില് അവള് ഇന്സ്പെക്ടരോടു പറഞ്ഞു: "ഇന്സ്പെക്ടര് എനിക്കു പറയാനുള്ളതു അവസാനിച്ചു. ഞാന് ദയ വിചാരിച്ചു. പക്ഷേ, അവന് അര്ഹിക്കുന്നില്ല."

"ഇല്ല." വിശ്വം പിറുപിറുത്തു: "ദയയും കൊണ്ടുവന്നിരിക്കയാണ്!"

രണ്ടു പോലീസുകാര് അയാളെ ലോക്കപ്പിലേക്കുതന്നെ കൊണ്ടു പോയി. വാതിലടഞ്ഞപ്പോള് അവര് ഒരു ശബ്ദം കേട്ടു തിരിഞ്ഞു നോക്കി. മുറ്റത്തു സുലൈമാന് ബോധരഹിതനായി വീണിരിക്കുന്നു. പിന്നുറത്തെ ചുമരും ചാരിനിന്ന രാരിച്ചന് അങ്ങോട്ടു വന്നു. അയാളെ താങ്ങിയെടുത്തു വന്ന റിക്ഷയില്ത്തന്നെ കയറ്റി പറഞ്ഞു:

"വേഗം വീട്ടിലേക്കു കൊണ്ടുപോ."

ഇത്രയും കഴിഞ്ഞപ്പോഴാണ് കുഞ്ഞിരാമന് അങ്ങോട്ടു ചെന്നത്. അയാള് രാരിച്ചനോട് ഒന്നും ചോദിച്ചില്ല. സ്വല്പനേരം മിണ്ടാതെ നിന്നിട്ട് ഒരു വഴിക്കങ്ങു നടന്നു.

"ഞാനും വരാം." രാരിച്ചന് പറഞ്ഞു.

"വേണ്ടാ, പൊയ്ക്കോ." കുഞ്ഞിരാമന് പറഞ്ഞു.

അന്നു മുഴുവന് അയാള് എവിടെയായിരുന്നുവെന്നോ എന്തുചെയ്കയായിരുന്നുവെന്നോ ആര്ക്കും അറിഞ്ഞുകൂടാ. സന്ധ്യമയങ്ങിയിട്ടാണ് അയാള് വീട്ടില് ചെന്നുകയറിയത്. രാധ അയാളോടൊന്നും ചോദിച്ചില്ല. ഒന്നും പറഞ്ഞതുമില്ല. കുളിച്ചു, ഊണു കഴിച്ചു. തന്റെ മേശയ്ക്കരികെ വന്നിരുന്ന് ഒരു ബീഡികൊളുത്തി വലിച്ചു. ആ പുക

പതുക്കെ ചുറ്റി ക്കറങ്ങി ഉയരുകയാണ്. നിശ്ചലവും മൂകവുമായ അന്തരീക്ഷം.

"പിന്നേയ്!" രാധ പെട്ടെന്നാണ് വിളിച്ചത്. പുകയില്നിന്നു കണ്ണെടുക്കാതെ കൃഞ്ഞിരാമന് ചോദിച്ചു:

"എന്താ?"

"ഞാന് ഒന്നു ചോദിക്കട്ടെ!"

"ഉം–ം."

നിശ്ശബ്ദം കുറെ കാത്തിട്ടും ചോദ്യം വരുന്നില്ല. കൃഞ്ഞിരാമന് തിരിഞ്ഞു നോക്കി. മഞ്ഞുതുള്ളികള് നിറഞ്ഞ രണ്ടു നെല്ലിപ്പൂക്കള് അയാളുടെ മുമ്പില് നില്ക്കുന്നു. കുറച്ചുനേരം അവയിലേക്കു നോക്കിക്കൊണ്ടു നിന്നിട്ട് അയാള് ചോദിച്ചു:

"എന്തോ?"

"നിങ്ങളാണോ...?"

"അതേ, ഞാനാണ് അറിവുകൊടുത്തത്."

അവള് മുഖം താഴ്ത്തി. ആ പൂക്കളില് തുളുമ്പിനിന്ന മഞ്ഞുകണങ്ങള് അയാളുടെ വിരല്ത്തുമ്പില് വീണു. അയാള് രാധയുടെ ശിരസ്സു തടവിക്കൊണ്ടു പറഞ്ഞു: "നോക്കൂ, ഇതൊരെളുപ്പമായ പണിയായിരുന്നില്ല. ഞാനും മനുഷ്യനാണ്." അയാളുടെ ശബ്ദം ഇടറാതിരിക്കാന് യത്നിച്ചുകൊണ്ട് അയാള് തുടര്ന്നു: "സ്വന്തം കരള് കുത്തിക്കീറിയിട്ടാണ് കര്ത്തവ്യം നിര്വ്വഹിക്കുന്നത്. വിശ്വത്തിന്റെ സ്ഥാനത്ത് എന്റെ അമ്മയായിരുന്നെങ്കിലും നീയായിരുന്നെങ്കിലും ഞാന് ഇതുതന്നെയാണ് ചെയ്യുക.'

അവള് തലയുയര്ത്തി നോക്കി. കൃഞ്ഞിരാമന് കൂടുതല് സുന്ദരനായി അവള്ക്കു തോന്നുകയും ചെയ്തു.

അവര് പിന്നീടൊന്നും സംസാരിച്ചില്ല. സംസാരിക്കേണ്ടതില്ലായിരുന്നു. തനിക്ക് ആവശ്യമുള്ള ഉത്തരം കിട്ടി എന്ന് രാധ നടിച്ചു. എങ്കിലും അവള്ക്കു വിഴുങ്ങാവുന്നതില് വലുതായിരുന്നു അത്. അത് തൊണ്ടയില് കുടുങ്ങിക്കിടന്നു. വീര്പ്പുമുട്ടലും വിമ്മിട്ടവും. അവള് കിടപ്പറയിലേക്കു പോയി.

ആ പോക്ക് ഇടംകണ്ണിട്ടു നോക്കിയിട്ട് കൃഞ്ഞിരാമന് തലതാഴ്ത്തിയിരുന്നു. കുറേക്കഴിഞ്ഞ് അയാള് ഒരു ബീഡിക്കുടി കൊളുത്തി വലിച്ചു. അതു തീര്ന്നപ്പോള് വീണ്ടും ഒന്നു കൊളുത്തി. ബീഡികള് പുകഞ്ഞുകൊണ്ടിരുന്നു; ഹൃദയവും. ഹൃദയത്തില് ഇത്രയും പുകനിറഞ്ഞ സന്ദര്ഭം അടുത്തൊന്നുമുണ്ടായിട്ടില്ല. ജീവിതത്തില് എപ്പോഴെങ്കിലുമുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

ഇഞ്ചിഞ്ചായി സമരം ചെയ്തു കയറിയവനാണ് കൃഞ്ഞിരാമന്. പക്ഷേ, ആ സമരമൊന്നും തന്നോടായിരുന്നില്ല, പുറമേയുള്ള ലോകത്തോടായിരുന്നു.

ഇതാണോ വഴി? ഇതു ശരിയായ വഴിയാണോ? --- ഈ ചോദ്യങ്ങള് വളരെക്കാലമായി അയാളെ ബുദ്ധിമുട്ടിച്ചില്ല. അയാള്ക്കു വ്യക്തമായ ഒരു തത്ത്വശാ മുണ്ടായിരുന്നു; അത്രയും വ്യക്തവും അനുപേക്ഷണീയവുമായ ഒരു

പ്രത്യയശാ വും. മനുഷ്യവര്ഗ്ഗത്തിന്റെ നന്മയൊഴികെ ഒന്നും അയാള് പ്രതീക്ഷിച്ചിരുന്നില്ല. തെറ്റാണെന്നു പില്ക്കാലത്തു തെളിഞ്ഞ നടപടികള്ക്കുപോലും തപസ്സിന്റേതായ പരിശുദ്ധിയുണ്ടായിരുന്നു. ആ തെറ്റുകളിലേക്ക് അയാള് തിരിഞ്ഞുനോക്കാറുണ്ട്. എന്നാല് അവയെച്ചൊല്ലി ദുഃഖിച്ചില്ല. തെറ്റുകള് തിരുത്തിക്കൊണ്ടാണ് മനുഷ്യവര്ഗ്ഗം പുരോഗമിച്ചതും പുരോഗമിക്കുന്നതും എന്ന തത്ത്വശാ ം അയാളെ പഠിപ്പിച്ചിരുന്നു. ആ തത്ത്വശാ ം നടപ്പില് വരുത്തുവാന് ഉഴിഞ്ഞിടപ്പെട്ട ആ ആത്മാവു തന്റെ തത്ത്വശാ ത്തെ ഈശ്വര നായിക്കണ്ടു. അതിനു പിഴ പറ്റുമെന്ന് അയാള്ക്ക് ആലോചിക്കുക സാധ്യമായിരുന്നില്ല. അങ്ങനെ വിചാരിച്ചാല്പ്പിന്നെ നില്ക്കക്കള്ളിയുമില്ല.

വ്യക്തിഗതമായ പരിഗണനകളോടെ അയാള് ഒന്നും പ്രവര്ത്തിച്ചിരുന്നില്ല. വ്യക്തികള് അയാള്ക്കു പ്രശ്നമേ ആയിരുന്നില്ല. ജലകണങ്ങളല്ല പുഴ, പുഴയാണ് പരിഗണിക്കപ്പെടുന്നത്. അയാളുടെ, സ്നേഹമോ ക്രൂരതയോ വ്യക്തിയോടല്ല. ഒരു വര്ഗ്ഗം, ഒരു സമൂഹം എന്നിവമാത്രം നില നില്ക്കുന്നു. ശക്തിയായി വെയിലില് നാലോ അഞ്ചോ ഇലകള് കരിഞ്ഞുപോകുന്നുണ്ടാകാം. പക്ഷേ, സൂര്യപ്രകാശം കൂടാതെ, വൃക്ഷത്തിനു വളരാന് കഴിയുന്നില്ല. ഇങ്ങനെ വ്യക്തിഗതമായ നേട്ടങ്ങളോ വ്യക്തിഗതമായ പകയോ ലക്ഷ്യമില്ലാതിരുന്നതുകൊണ്ട് അയാള്ക്ക് ഒരുതരം അചഞ്ചലത്വവും കാഠിന്യവുമുണ്ടായിരുന്നു. മനസ്സു കലങ്ങാതിരുന്നപ്പോള് ബുദ്ധി തെളിവോടെ പ്രവര്ത്തിച്ചു. മാര്ഗ്ഗം വ്യക്തവുമായിരുന്നു.

ഇന്നു തന്റെ മനസ്സു കലങ്ങാന് കാരണമെന്തെന്ന് കുഞ്ഞിരാമനുതന്നെ വ്യക്തമല്ല. ആ അവ്യക്തത അയാളുടെ ഹൃദയത്തെ കൂടുതല് കലക്കി. അവ്യക്തത ദുഃഖമാണല്ലോ. കൈകള്ക്കും കാലുകള്ക്കും അനങ്ങാന് വയ്യാ. എല്ലാത്തരം സ്വതന്ത്രചലനങ്ങളും തടയപ്പെടുന്നു. സ്വാതന്ത്ര്യമില്ലാത്തപ്പോള് കര്മ്മങ്ങള് നിലച്ചു; ജീവന്റെ വികാസപ്രക്രിയകളവസാനിച്ചു; മൃത്യുവിന്റെ കരിനിഴല് ജീവിതത്തിലേക്കു കടന്നുവന്നു.

ഒരസ്വതന്ത്രതയാണ് തന്നെ ദുഃഖിപ്പിക്കുന്നതെന്ന് കുഞ്ഞിരാമനു മനസ്സിലായില്ല. അയാളെ സംബന്ധിച്ചിടത്തോളം പ്രവര്ത്തനങ്ങളില് പിശുക്കുപറ്റിയിട്ടില്ല. വിശ്വനാഥനോട് അയാള്ക്ക് സ്നേഹമുണ്ട്. അയാള് ചങ്ങാതിയാണ്. ദുഃഖങ്ങളില് തന്നെ സഹായിച്ചവനാണ്. എന്നുവെച്ച്, ലക്ഷ്യം മറന്ന് അയാള് പ്രവര്ത്തിക്കണമോ?

തന്റെ ലോലവികാരങ്ങളെ താലോലിക്കാന്വേണ്ടി ലോകത്തിന്ന് ആപത്തുവരുത്തിവയ്ക്കാനോ മര്ദ്ദിതവര്ഗ്ഗത്തിനെതിരായ ഒരു ചാരവലയത്തിന്നു തണല് നല്കുകയും ഭാവിയുടെ ഗര്ഭത്തിലിരിക്കുന്ന സുവര്ണ്ണയുഗത്തെ കലക്കിക്കളയുകയും ചെയ്യുകയോ? എങ്കില് ജൂഡാസും താനും തമ്മില് എന്തു വ്യത്യാസം? തന്റെ ഹൃദയത്തില് തിളങ്ങുന്ന ചില വെള്ളിക്കാശുകള്ക്കുവേണ്ടി വിപ്ലവത്തെ ഒറ്റിക്കൊടുക്കണമോ?

അതു വയ്യാ, താന് ചെയ്തതില് തെറ്റില്ല.

ഇല്ലേ? എങ്കില്, മനസ്സ് എന്തിനു നോവേല്ക്കുന്നു

സ്വാര്ത്ഥംകൊണ്ടു നോവേല്ക്കുന്നു.

എന്തു സ്വാര്ത്ഥം?

വിശ്വത്തെ രക്ഷിച്ചാല് നേടാന് എന്തെങ്കിലുമുണ്ടായിരുന്നോ?

ഉണ്ടെന്നു പറയാന് വയ്യാ.

രാധയുടെ കണ്ണുനീരാണോ തന്നെ ദുഃഖിപ്പിക്കുന്നത്?

അതെ. അയാള് ആദ്യം ആ ഉത്തരം പറഞ്ഞു സമാധാനം നേടാന് നോക്കി. കൂടുതലാലോചിച്ചപ്പോള് അതു തന്നോടുതന്നെ പറയുന്ന ഒരു നുണയാണെന്നും ബോധപ്പെട്ടു. രാധ ഇതിനുമുമ്പും ദുഃഖങ്ങളനുഭവി ച്ചിട്ടുണ്ട്. അന്നൊന്നും അയാള് കര്മ്മമാര്ഗ്ഗത്തില് സംശയിച്ചുനിന്നിട്ടില്ല.

ഇപ്പോഴെന്തിനു വിമ്മിട്ടപ്പെടുന്നു?

എവിടെയെങ്കിലും തെറ്റിയിട്ടുണ്ടോ? ഇല്ല. കഴിഞ്ഞതെല്ലാം ഒരിക്കല്ക്കൂടി കെട്ടഴിച്ചാലോചിക്കാന് അയാളാഗ്രഹിച്ചു. ഹൃദയാന്തര്ഭാഗത്തു വമ്പിച്ച സമരങ്ങള് നടന്നിട്ടുണ്ട്. അപ്രതീക്ഷിതമായ സ്ഥലത്തു നിന്നു പുറപ്പെട്ട അവിചാരിതമായ ഒരു നിര്ദ്ദേശം അയാളെ ആകെ അട്ടിമറിച്ചുകളഞ്ഞു.

"വിശ്വത്തെ സൂക്ഷിക്കണം." ശാന്തയാണ് അതു പറഞ്ഞത്. ആദ്യം അയാള് ആ വാക്കിനു വലിയ വില കല്പിച്ചതേയില്ല. അട്ടിമറിപ്രവര്ത്തനങ്ങള്ക്കു മറപിടിക്കുന്നതു വിശ്വമാണെന്നു പറഞ്ഞപ്പോള് കുഞ്ഞിരാമനു ചിരിക്കാനാണ് തോന്നിയത്. ഒരു പൂച്ചക്കുട്ടിയുമായി സമരത്തിലേര്പ്പെടുവാന്പോലും വിശ്വത്തെ കൊള്ളുകയില്ല. അവന് അട്ടിമറിപ്രവര്ത്തനത്തിലേര്പ്പെടുന്നുപോലും! അയാള് പൊട്ടിച്ചിരി അമര്ത്തിക്കൊണ്ടു പറഞ്ഞു:

"വിശ്വം സ്വപ്നം കണ്ടതാവും."

"ഇപ്പോള് സ്വപ്നം കാണുന്നതു കുഞ്ഞിരാമനാണ്. അയാള് തന്റെ പ്രവര്ത്തനം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു."

"എനിക്കതു വിശ്വസിക്കാന് കഴിയില്ല."

"റെയിലുകള് പൊളിയുകയും വണ്ടികള് മറിയുകയും ചെയ്യുമ്പോള് നിങ്ങള് വിശ്വസിക്കും; നിങ്ങള്ക്ക് വിശ്വത്തെക്കുറിച്ച് എന്നോളം അറിഞ്ഞുകൂടാ. റെയില് തെറ്റാനുള്ള അപകടംപിടിച്ച വാസന അയാള്ക്കു ജന്മസിദ്ധമാണ്. അപകടംപിടിച്ച വഴികളിലൂടെ നടന്നാല് മാത്രമേ അയാളുടെ അഹന്ത തൃപ്തിപ്പെടുകയുള്ളൂ."

"തെറ്റായിരിക്കാം." കുഞ്ഞിരാമന് തുടര്ന്നു; പക്ഷേ, ഞാന് വിശ്വത്തെ മനസ്സിലാക്കിയത് അങ്ങനെയല്ല."

"ഞാന് പറഞ്ഞതുകൊണ്ടു വിശ്വസിക്കേണ്ട. നിങ്ങള് ഒരു പരീക്ഷണം നടത്തൂ."

"എന്തു പരീക്ഷണം?"

“അയാളുടെ വീട്ടില് അട്ടിമറിക്കാര് ഒളിച്ചിരിക്കുന്നുണ്ട്. അറിയോ?” ആജ്ഞാപിക്കുന്ന സ്വരത്തില് ശാന്ത തുടര്ന്നു: “ഇതറിഞ്ഞിട്ടും ഒന്നും ചെയ്യാതിരുന്നാല്, അതുകൊണ്ടുവരുന്ന ആപത്ത് നിങ്ങള്ക്കും എനിക്കുമാണ്. നമ്മുടെ സ്നേഹിതനായതുകൊണ്ട് മൂടിവെച്ചുവെന്നു സ്വന്തം അണിയിലിത്തന്നെ വിശ്വാസംവരും. എന്നെക്കാളധികം അതു നിങ്ങളെ ദ്രോഹിക്കും. നിങ്ങള്ക്കു ചവിട്ടിനില്ക്കാന് ഭൂമി ഉണ്ടാവില്ല. വിശ്വത്തെ ഞാന് സ്നേഹിക്കുന്നില്ലെന്നാണോ വിചാരിക്കുന്നത്? അടിച്ചുകളിച്ചു വളര്ന്ന ഒരു കൂട്ടുകാരനെ അപകടപ്പെടുത്താന് ആരെങ്കിലും ഇഷ്ടപ്പെടുമോ? പക്ഷേ, അയാളെ റെയിലിന്നു മുകളില് നിര്ത്തുന്നത് അപകടമാണ്...”

തന്റെ വാക്കുകള് എങ്ങനെ കുഞ്ഞിരാമന്റെ മുഖഭാവത്തില് മാറ്റങ്ങള് വരുത്തുന്നുവെന്നു ശ്രദ്ധിച്ചുകൊണ്ടാണ് ശാന്ത ഇതൊക്കെ പറഞ്ഞത്. കാര്യമായ മാറ്റമൊന്നും ആ മുഖത്തു പ്രത്യക്ഷപ്പെട്ടില്ല. എങ്കിലും കുഞ്ഞിരാമന് ഇങ്ങനെ സമ്മതിച്ചു.

“അന്വേഷിക്കാം.”

“രഹസ്യമായിട്ട്.”

“ഉം–ം.”

“രാരിച്ചനെ ഏല്പിക്കു.”

“ഉം–ം.”

അയാള് ഏല്പിക്കുകയും ചെയ്തു. അതോടെ കാര്യങ്ങളുടെ ഗതി ആകെ മാറിക്കഴിഞ്ഞു. കടിഞ്ഞാണ് അയാളുടെ കയ്യില്നിന്ന് ഊരിപ്പോയി. കുതിര കുതിച്ചുപായുവാനും തുടങ്ങി. കുതിരയുടെ കഴുത്തില് കെട്ടിപ്പിടിച്ചുകൊണ്ടു കിടക്കാനേ നിവൃത്തിയുള്ളൂ. ഇല്ലെങ്കില് താന് തന്നെ എടുത്തെറിയപ്പെട്ടേക്കും. അതോടെ ആയുഷ്കാലസ്വപ്നങ്ങള് മുഴുവന് തകര്ന്നേക്കും. വിശ്വത്തെ അറസ്റ്റ് ചെയ്തപ്പോള്, സ്വന്തം ഹൃദയത്തില്നിന്ന് എന്തോ ഊരിപ്പോയപോലെ, കുഞ്ഞിരാമനു തോന്നി. താന്ചെയ്തതു തെറ്റല്ലെന്ന് യുക്തിബോധം അയാളെ ഉപദേശിച്ചു. വിശ്വനാഥന്റെ നേര്ക്ക് ഇത്തരം ഒരു നടപടി കൈക്കൊള്ളാത്തപക്ഷം മറ്റുള്ളവരുടെ നേരെ പരുഷമായി പെരുമാറുന്നതു പാപമായിരിക്കും; അനീതിപൂര്വ്വമാകും. നീതിയുടെ തുലാസില് ബന്ധുവും ശത്രുവുമില്ല. സമുദായത്തെ ഭരിക്കേണ്ടതു നീതിയാണ്. ദയയല്ല. ദയ ദുര്ബലന്മാരുടെ വികാരമാണ്. അതിനയാള് വിധേയനായിക്കൂടാ. സ്വന്തം വളര്ത്തുനായയ്ക്ക് ഭ്രാന്തുപിടിച്ചാല് വെടിവെച്ചുകൊല്ലാതെ പറ്റുമോ? അങ്ങനെ പലതും ബുദ്ധി അയാളെ ഉപദേശിച്ചിരുന്നു. എങ്കിലും ഹൃദയത്തില്നിന്നൊരു തേങ്ങല്. തന്നില്നിന്ന് ഇത്തരമൊരു പ്രവൃത്തി വിശ്വനാഥന് പ്രതീക്ഷിച്ചിരുന്നോ? ഹൃദയത്തിലെ ആ കരച്ചിലിനുനേരെ അയാള് ചെവി ശക്തിയോടെ അടച്ചുപിടിച്ചു. പക്ഷേ, അപ്പോള് കരള്ത്തുടിപ്പുകൂടി കേള്ക്കാതാവുന്നു. രാധ താന് പറഞ്ഞതൊക്കെ അനുസരിക്കുകയും തന്നെ ഗാഢമായി വിശ്വസിക്കുകയും ചെയ്യുന്നുവെന്നാലും അവള് ഒരു

കടന്നല്ക്കുത്തേല്ക്കുകയാണെന്ന് ആ കണ്ണുകള് വിളിച്ചുപറയുന്നു. 'എനിക്ക് എല്ലാറ്റിലും വലുത് നിങ്ങളാണ്' എന്നു മാത്രമാണ് ആ കണ്ണുകളിലെ ഭാവം. തനിക്കുവേണ്ടി അവള് ഈ ദുഃഖംകൂടി വിഴുങ്ങുന്നു. മനുഷ്യസ്നേഹവും നീതിബോധവുംതമ്മില്, വടംവലി നടക്കുകയാണ്. ഏറ്റവും ക്രൂരമായ അന്തരീക്ഷത്തിലൂടെ നുഴഞ്ഞുനുഴഞ്ഞുകേറി യപ്പോഴും ഹൃദയം, ഒരാവിയന്ത്രംപോലെ പ്രവര്ത്തിച്ചു. അവിടെനിന്നു വരുന്ന സ്പന്ദനങ്ങള്, ഉശിരുപിടിപ്പിക്കുന്ന പടപ്പാട്ടുപോലെ, അയാള് ചെവിക്കൊണ്ടു. സ്വന്തം വികാരങ്ങള് കെട്ടുറപ്പോടെയാണ് നിന്നിരുന്നത്. അവനവനുമായി യുദ്ധം ചെയ്യേണ്ടതില്ല. എല്ലാ വികാരങ്ങളും ഒരൊറ്റ ബിന്ദുവിലേക്കു കുന്തമുനപോലെ കൂര്പ്പിച്ചുകൊണ്ടുവരാനും പ്രതിരോധങ്ങളെ തുളച്ചുകടക്കാനും അയാള്ക്കു സാധിച്ചിരുന്നു. ഇന്നു വികാരങ്ങള് കാര്ബണ് ഇല്ലാത്ത പച്ചിരുമ്പായിരിക്കുന്നു. കുത്തുമ്പോള് വളഞ്ഞു പോകുന്നു. ഇതൊക്കെ ശരിയായോ? ഈ ചോദ്യം എപ്പോഴും ഹൃദയം ഉരുവിടുകയാണ്. ശരിയാണെന്നതിന് മുന്നൂറ് യുക്തിയുണ്ട്. എന്നിട്ടും ഇതേ ചോദ്യംതന്നെ തേങ്ങിക്കൊണ്ടിരുന്നു. അതസഹ്യമായിരുന്നു.

കുഞ്ഞിരാമന് ഇരുപ്പില്നിന്ന് എഴുന്നേറ്റു. മുറിയില് അങ്ങോട്ടുമിങ്ങോട്ടും നടന്നു. ഭീമാകാരമായ തന്റെ നിഴല് നടത്തത്തിനനുസരിച്ച് ചുമരില് നീങ്ങിക്കളിക്കുന്നത് പെട്ടെന്ന് അയാളുടെ കണ്ണില്പെട്ടു. അത് അസഹ്യമായി തോന്നി.

ഒരു നിമിഷം നിന്നു. അപ്പോള് നിഴലും നില്ക്കുകയാണ്. അയാളുടെ ചലനത്തെ കടന്നു പിടിക്കുവാന് ശ്രമിക്കുകയാണെന്നു തോന്നും.

കുഞ്ഞിരാമന് വിളക്കുതി, നിഴല് പോയി. അന്ധകാരത്തില് മുങ്ങിപ്പോയപോലെ തോന്നി. ഇരുട്ടായെങ്കിലും അയാള്ക്ക് ആശ്വാസം തോന്നി. നിഴലിനേക്കാള് നല്ലത് ഇരുട്ടാണ്. ഒരു നിമിഷം നിന്ന നില്പ്പില് നിന്നു. ജാലകത്തിനുള്ളിലൂടെ വരുന്ന നേര്ത്ത നാട്ടുവെളിച്ചം മാത്രമേയുള്ളൂ

വിളക്കുതാത്തതുകൊണ്ടുമാത്രമാണ് തനിക്കിതേവരെ ആയാസം കിട്ടാത്തതെന്നുപോലും വിചാരിച്ചു. എന്തുകൊണ്ട് ഇക്കാര്യം ഇതേവരെ ആലോചിച്ചില്ലെന്ന് കുഞ്ഞിരാമന് അത്ഭുതപ്പെട്ടു.

അയാള് ജാലകത്തിന്നരികെ കിടക്കുന്ന ഇരിപ്പിടത്തില് ചെന്നിരുന്നു. നേര്ത്ത കാറ്റു കടന്നുവന്നപ്പോള് ഒരാനന്ദം. കാറ്റിനു തണുപ്പുണ്ട്. ചെവിക്കുറ്റിയില്, നനഞ്ഞ തുലിട്ടു വലിക്കുന്നതുപോലെ, ഒരു കിരുകിരുപ്പ്.

എല്ലാ വിഷമവും അകന്നതുപോലെ തോന്നി; പക്ഷേ, ആഹ്ലാദം അനുഭവപ്പെടുന്നുവെന്നു പറഞ്ഞുകൂടാ. സുഖമോ ദുഃഖമോ അനുഭവിക്കുന്നതെന്നു നിശ്ചയമില്ലാത്ത ഒരവസ്ഥയായിരുന്നു.

ആകാശത്തിന്റെ അഗാധതയില് അനേകായിരം വെളിച്ചങ്ങള് മിന്നിക്കൊണ്ടു നില്ക്കുന്നു. അവയ്ക്ക ചുവടെ ഒരു നേര്ത്ത മൂടുപടമിട്ട പോലെ തോന്നുന്നു. ഈ ഓരോ നുണുങ്ങുവെളിച്ചവും ഓരോ ഗോളമാണെന്നാണ്

പറയുന്നത്. ഭൂമിയേക്കാള് വലുതോ ചെറുതോ ആയ ഗോളങ്ങള്. എത്ര സൗരഗ്രഹമണ്ഡലങ്ങളാണ് ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്നത്.

അഗാധതയിലെ ആ ദീപങ്ങള് കുഞ്ഞിരാമന്റെ ആലോചനകളെ മേല്പോട്ടു മേല്പോട്ടു പിടിച്ചുവലിച്ചു. പ്രപഞ്ചത്തിന്റെ വിശാലതയും ജീവിതത്തിന്റെ നൈമിഷികഭാവവും ഹൃദയത്തിലൂടെ കടന്നുപോയി. മനുഷ്യന് നിര്മ്മിച്ച കണക്കുകള് ഈ അനന്തഗോളങ്ങള്ക്കും ബാധകമാണോ? നമ്മുടെ കണക്കില് ഇവ ഒതുങ്ങിനില്ക്കുമോ? സംഘട്ടനങ്ങളിലൂടെയാണോ ഈ പ്രപഞ്ചത്തിന്റെ പുരോയാനം?

ഉത്തരം വ്യക്തമല്ലാത്ത ഇത്തരം ചോദ്യങ്ങളിലേക്കു മനസ്സിനെ കടിഞ്ഞാണയച്ചുവിടുക അയാളുടെ സാധാരണ പതിവല്ല. എങ്കിലും മനസ്സു കടിഞ്ഞാണ് പൊട്ടിച്ച് ഓടുകയാണ്.

ഠ! പെട്ടെന്നൊരു ശബ്ദംകേട്ട് അയാള് ഞെട്ടി. ആരോ ആരെയോ തല്ലുന്നതുപോലെ തോന്നി. തെങ്ങില്നിന്നു മടല് വീഴുന്ന ശബ്ദമായിരിക്കും. പെരുത്ത കൈകള് പിരടിയില് വന്നുവീഴുമ്പോഴും ഇത്തരത്തിലായിരിക്കുകയില്ലേ ശബ്ദം?

കൈകൊണ്ടുള്ള അടിയുടെയും ലാത്തികൊണ്ടുള്ള അടിയുടെയും ശബ്ദങ്ങള്ക്കു തമ്മില് വ്യത്യാസങ്ങളുണ്ടെന്ന് അയാളോര്ത്തു.

ലോക്കപ്പു കാണിച്ചു സത്യം പറയിക്കുമ്പോള് പിരടിയില് വീഴുന്ന അടി ആ മുറിയില്കിടന്നു മുഴങ്ങും. ചൂളം വിളിക്കുന്ന അടികള് എന്നു വേണമെങ്കില് പറയാം.

അത്തരത്തില് ഇപ്പോള് ലോക്കപ്പില് പെരുമാറാറുണ്ടോ? എന്തി നാണ് ഇത്തരം ദണ്ഡനവിധികള്? അടിയും ഏകാന്തതടവും കോല്ച്ചങ്ങലയും ക്രൂരശ്രുനിര്ത്തലുമെല്ലാം അയാള്ക്ക് ഓര്മ്മ വന്നു. ഇതുകൊണ്ടൊക്കെ മനുഷ്യന് നന്നാവുമോ?

ഭരണയന്ത്രത്തിന് ഇങ്ങനെയൊക്കെ അല്ലാതെ എന്തെങ്കിലും പ്രവര്ത്തിക്കാന് പറ്റുമോ?

പറ്റണം. ഒരു ദിവസം ഇതൊക്കെ ഇല്ലാതാകും. വിദൂരമായാലും ആ ദിവസം പുലരാതിരിക്കുമോ? അസമത്വങ്ങള് മനുഷ്യനു നിയമത്തിന്റെ വേലിപൊളിച്ചു കടക്കേണ്ടതില്ല, ഒരിക്കലും.

ഒരു മടല്കൂടി വീണു. ആ ശബ്ദം അസഹ്യമായിത്തോന്നി. അരിശം പിടിപ്പിക്കുന്ന എന്തോ ഒന്ന് ആ ശബ്ദത്തിലുണ്ടായിരുന്നു. അയാള് എഴുന്നേറ്റ് ഇരുട്ടുമുറ്റിയ മുറിയില് അങ്ങോട്ടുമിങ്ങോട്ടും നടന്നു. കൂടിളക്കിയ മനുഷ്യന് ഓടി വെള്ളത്തില്ച്ചാടി മുങ്ങിക്കിടക്കുമ്പോള് വെള്ളത്തിനു മുകളില് പകയോടെ ചുറ്റിച്ചുറ്റിനില്ക്കുന്ന കടന്നല്പോലെ, ദുഃഖം അയാളുടെ തലയ്ക്കു മുകളില്ത്തന്നെ ഉണ്ടായിരുന്നു. ചിന്തയില്നിന്നു തല ഉയര്ത്തിയാല് അതുടനെ വന്നു കുത്തുകയായി.

നിര്ദ്ദയങ്ങളായ ചില രംഗങ്ങള് കുഞ്ഞിരാമന്റെ ഉള്ളിലൂടെ കടന്നു പോയി.

അടി, ഇടി, കുത്ത്, ചവിട്ട്! ഇരിക്കപ്പൊറുതിയില്ല. വിങ്ങല്. കൂടുതല് കാറ്റുവേണം. അയാള് വാതില് തുറന്നു കോലായിലേക്കു ചെന്നു:

പെട്ടെന്ന് അടുത്ത മുറിയിലെ വാതിലും തുറക്കുന്നതു കേട്ടു!

ഒരു ചോദ്യം:

“എങ്ങോട്ടാണ്?”

“നീ ഉറങ്ങിയില്ലേ?”

“ഇല്ല.”

“ഞാന് ഒരു ചായ കുടിച്ചുവരാം.”

“ഇപ്പോള് എവിടെ ചായ കിട്ടാനാണ്?”

“അടയ്ക്കാത്ത പീടികകളുണ്ട്. ഞാന് വേഗം തിരിച്ചുവരും. രാധ കിടന്നോളൂ.”

ഒരു മുണ്ടു വലിച്ചെടുത്തു തലയില്ക്കെട്ടി അയാള് പുറത്തേക്കു കടന്നു വാതിലടച്ചു.

സ്വന്തം കാലടിയില്നിന്നു പുറപ്പെടുന്ന ശബ്ദം അയാള്ക്കു കേള്ക്കാമായിരുന്നു.

നിശ്ശബ്ദമായ തെരുവിലൂടെ അയാള് നടന്നു. ഇരുഭാഗത്തും ചെറ്റക്കുടിലുകളും മരച്ചാപ്പകളുമാണ്. ചിലതിന്റെ കോലായില്നിന്നു നേര്ത്ത കൂര്ക്കംവലികള് കേള്ക്കുന്നുണ്ട്. നിരത്തിന്റെ നടുവില് കെട്ടിമറിഞ്ഞു കളിച്ചിരുന്ന ചെത്തിലപ്പട്ടികള് ആളെ കണ്ടപ്പോള് ഒന്നു തലപൊക്കി നോക്കി; എന്നിട്ട് ഒരോരത്തിലേക്കു നീങ്ങി. വരിവരിയായി നില്ക്കുന്ന ഇലക്ട്രിക് പോ കളില്നിന്നു പുറപ്പെടുന്ന വെളിച്ചം ആ ശൂന്യമായ പാത തെളിയിച്ചു കാണിക്കുകയാണ്. ഉപയോഗശൂന്യമായ യൗവനംപോലെ തോന്നി ആ വെളിച്ചം. എന്നാല്ല വഴിയരികില് ഇത്രയധികം ഇലക്ട്രിക് പോ കളുണ്ടെന്ന് അയാള് ഓര്ത്തിട്ടില്ല. അതുപോലെ ശ്രദ്ധയാകര്ഷിച്ച മറ്റൊന്ന് അങ്ങാടിയിലുള്ള ബോര്ഡുകളാണ്. ഇത്രയധികം ബോര്ഡുകള് അവിടെ തൂങ്ങുന്നുണ്ടെന്നു പകല് നടക്കുമ്പോള് തോന്നുകയില്ല. കുഞ്ഞിരാമന് ആ ബോര്ഡുകള് കൂടെക്കൂടെ വായിച്ചു. അകത്തേക്കു നോക്കുവാനുള്ള മടികൊണ്ട് അയാള് പുറത്തുള്ളവയെ നോക്കിക്കൊണ്ടിരിക്കുവാന് യത്നിക്കുകയാണ്.

ഇരുപത്തിനാലു മണിക്കൂറും വ്യാപാരം നടക്കുന്ന ആ ചായക്കടയിലേക്ക് അയാള് കയറിച്ചെന്നു. പാതിയടഞ്ഞ കണ്ണുമായി ഒരു വെയ്റ്റര് വന്നു നിന്നു പറഞ്ഞു:

“പഴം പൊരിച്ചത്, ഒടവായ്ക്ക, വട, ഉണ്ട, പൊറോട്ട...”

“ഒന്നും വേണ്ടാ, ഒരു ചായമാത്രം.”

വെയ്റ്റര് നീങ്ങിയപ്പോള് അയാള് ചുറ്റും നോക്കി. ഒരു താടിക്കാരന് കൂടക്കൂടെ ചൂടുചായ മോന്തുകയും തന്നോടുതന്നെ എന്തോ പിറു പിറുക്കുകയും ചെയ്തുകൊണ്ട് അപ്പുറത്തിരിക്കുന്നു. മറ്റൊരു മനുഷ്യന് മേശമേല് കമിഴ്ന്നു കിടന്നുറങ്ങുകയാണ്; മുമ്പില് പകുതി ഗ്ലാസ്സ് ചായയുമുണ്ട്. രണ്ടുമൂന്നുപേര് അങ്ങേപ്പുറത്തിരുന്ന് എന്തോ കച്ചവടക്കാര്യം സംസാരിക്കുകയാണ്.

അവര്ക്കാര്ക്കും ഒരല്ലലുമില്ലെന്ന് കുഞ്ഞിരാമനു തോന്നി. വെയ്റ്റര് ചായ കൊണ്ടുവന്നുവെച്ചു. അതു കുടിച്ചുതീര്ന്നിട്ടും അയാള് കുറേ നേരം അവിടെ ഇരുന്നു.

മൂന്നുനാലുപേര്---ഡ്രൈവര്മാരാണെന്നു തോന്നും---ബഹളംകൂട്ടി സംസാരിച്ചുകൊണ്ട് അങ്ങോട്ടുവന്നപ്പോള് കുഞ്ഞിരാമന് എഴുന്നേറ്റു കാശുകൊടുത്തു പുറത്തേക്കിറങ്ങിയപ്പോള് പിന്നില്നിന്ന് ആരോ സംസാരിക്കുന്നതു കേട്ടു.

"ജാപ്പേജണ്ടുമാരെ പിടിക്കാന് നടക്കുകയാവും!"

ഒരു കുലുങ്ങിച്ചിരി.

അവിടെ നില്ക്കണമെന്നു തോന്നി. എങ്കിലും അയാള് തിരക്കിട്ടുനടക്കുകയാണ് ചെയ്തത്. ബീഡിയും പുകച്ചുകൊണ്ട് അയാള് റെയില് വഴി വെച്ചടിച്ചു. വീട്ടിലേക്കല്ല, വീടിന്ന് എതിര്വശത്തേക്ക്.

അങ്ങനെ നടക്കുവാന് രസമുണ്ട്. പക്ഷേ, വെളിച്ചമാണ് ശല്യം. വെളിച്ചമില്ലാത്ത സ്ഥലം കണ്ടുപിടിക്കണം. കുഞ്ഞിരാമന് തിരക്കിട്ടു നടന്നു.

റെയിലിനടുത്തായി പന്തലിച്ചുനിന്നിരുന്ന മരം ഇരുട്ടിന്റെ ഒരു കൊച്ചുകൂടാരം നിര്മ്മിച്ചിരുന്നു. അയാള് ആ കൂടാരത്തിലേക്കു കയറി. അവിടെയിരുന്ന ചെവിയോര്ത്തു.

അപ്പുറത്താണ് പോലീസ്സ്റ്റേഷന്. അവിടെനിന്നു നിലവിളി കേള്ക്കുന്നുണ്ടോ? അടിപൊട്ടുന്ന ശബ്ദം കേള്ക്കുന്നുണ്ടോ? നാഭിക്കു ചവിട്ടുമ്പോഴുള്ള ഞെരക്കം പുറപ്പെടുന്നുണ്ടോ?

ഛെ! എന്തെല്ലാം അസംബന്ധങ്ങളാണ് ആലോചിക്കുന്നത്? അയാള്ക്ക് ആ ഇരുട്ടില്നിന്നു പുറത്തേക്കു വരാന് മടിതോന്നി. എന്നാലും ഇരിക്കാന് മനസ്സുമില്ല.

മരത്തടികളും ചായപ്പെട്ടികളും കയറ്റിയ ലോറികള് അലറിപ്പാഞ്ഞു വരുന്നു. കുറച്ചു വെളിച്ചം മുഖത്തേക്കുതുപ്പി കടന്നുപോകുന്നു.

കുഞ്ഞിരാമന് തലയും തുക്കിയിട്ടിരുന്നു, അങ്ങനെ എത്രനേരം ഇരുന്നുവെന്ന് അറിഞ്ഞുകൂടാ.

എന്തോ ശബ്ദം കേട്ടാണ് അയാള് ഞെട്ടിയുണര്ന്നത്. മുന്പില് ഒരു മനുഷ്യന് സഞ്ചിയും തുക്കിപ്പിടിച്ചുകൊണ്ടു നില്ക്കുന്നു.

"ആര്?"

"ഞാന്തന്നെ, അനിയാ..."

നാറാണപിള്ള! ആകാശത്തുനിന്നു പൊട്ടിവീണതാണോ?

"പിള്ളച്ചേട്ടന് എവിടെനിന്നു വരുന്നു?"

"ഓവര്ടൈം കഴിഞ്ഞിട്ട്. അനിയന് ജാപ്പേജന്റുകളെ പിടിക്കാന് കാത്തിരിക്കുകയായിരിക്കും അല്ലേ?"

ഇതും പറഞ്ഞു പിള്ള നടക്കാന് തുടങ്ങി.

"നില്ക്കു."

“തിരക്കുണ്ട്.”

അയാള് കാര്ക്കിച്ചുതുപ്പുന്നത് കുഞ്ഞിരാമന്റെ ചെവിയില്, ശൂലം പോലെ, ചെന്നുതറച്ചു. ഒറ്റയ്ക്ക് സഞ്ചിയും വീശിക്കൊണ്ട് ഉറച്ച കാല്വെപ്പുകളോടെ കടന്നുപോകുന്ന ആ മനുഷ്യനെ കണ്ണുമറയുന്നതുവരെ അവന് നോക്കിനിന്നു. എന്നിട്ട് എഴുന്നേറ്റു തിരിഞ്ഞുനടന്നു.

വാതില് തള്ളിത്തുറന്നപ്പോള് അകത്തുനിന്നൊരു ചോദ്യം:

“വന്നോ?”

“കിടന്നില്ലേ?”

“ഇല്ല. കിടക്കാം.”

രാധ വാതില് തഴുതിട്ടിട്ട്, അവളുടെ മുറിയിലേക്കു പോയി. കുഞ്ഞിരാമന് സ്വന്തം മുറിയില് കയറി വാതിലടച്ചു പുതച്ചുമൂടിക്കിടന്നു.

ഉറങ്ങിയില്ല.

പിറ്റേന്ന് രാധ വിളിച്ചിട്ടാണ് കുഞ്ഞിരാമന് ഉണര്ന്നത്. പുക പറക്കുന്ന ഒരു കോപ്പ കാപ്പി മുമ്പിലിരിക്കുന്നു.

കുഞ്ഞിരാമന് വിരിപ്പില് എഴുന്നേറ്റിരുന്നു. രാധയുടെ കണ്ണുകള് അയാളുടെ മുഖത്തു പറ്റിക്കളിച്ചു. വളരെയേറെ ചോദിക്കാനുണ്ട്; പറയാനുണ്ട്. അതുകൊണ്ട് ഒന്നും പറയാന് കഴിയുന്നില്ല. എന്തോ ഒന്നു വായ മൂടിക്കെട്ടിയിരിക്കുകയാണ്. വാചാലമായ കണ്ണുകളോടുകൂടിയ ഒരു ഊമപ്പെണ്ണിനെപ്പോലെ, അവള് കുഞ്ഞിരാമന്റെ മുമ്പില് നിന്നു.

“രാധേ!” കുഞ്ഞിരാമന് കാപ്പി കുടിക്കുന്നതിനിടയില് വിളിച്ചു.

“ഉം–ം?”

“എന്റെ ജോലി എന്തെന്നു ഞാന് കണ്ടുപിടിച്ചു.”

“എന്താണ്?”

“ഞാന് പട്ടാളത്തില് ചേരാന് വിചാരിക്കുന്നു.”

“ഹയ്യോ, അരുതേ!”

“തടുക്കരുത്. എനിക്കും നിന്നെപ്പോലെ ഹൃദയവും വേദനകളുമുണ്ട്. എന്നാലും കര്ത്തവ്യം മറക്കരുത്. ഉയര്ന്ന നിലവാരത്തില് സ്നേഹിക്കാന് നാം പഠിക്കണം.”

നിഗ്രഹമായ മന്ത്രമുരുവിടുന്ന ഒരു യോഗിയുടെ മുഖത്തെന്നപോലെ, അവളുടെ കണ്ണുകള് കുഞ്ഞിരാമന്റെ മുഖത്തു പറ്റിനിന്നു.

നിശ്ശബ്ദത. ചോദ്യമില്ല; ഉത്തരവുമില്ല. കുഞ്ഞിരാമന്റെ കൈയുയര്ന്നു. അത് അവളുടെ തലമുടിച്ചുരുളില് തിരുപ്പിടിച്ചു.

നടാടെയാണ് ആ സ്പര്ശനം. അവളുടെ പെരുവിരല്വരെ കോരിത്തരിച്ചു.

“രാധേ!”

“ഉം–ം!”

“ഞാന് നീചനും നിര്ദ്ദയനുമാണെന്നു തോന്നുന്നില്ലേ?”

“ഇല്ല.”

അഞ്ച്

വികാരപരമായ ജീവിതം മുഴുവന് കൂഴിച്ചുമൂടിയിട്ടും ഒരാള്ക്കു കഴിഞ്ഞുകൂടാം. പക്ഷേ, പ്രവര്ത്തിക്കുക സാധ്യമല്ല; പ്രവര്ത്തിച്ചാല്ത്തന്നെ ആത്മാര്പ്പണമുണ്ടാകാന് വയ്യാ; അവിടെ ചൈതന്യം സ്ഫുരിക്കുകയില്ല. ഞാന് ചെയ്യുന്നു എന്നതിനു പകരം ഞാന് ചെയ്തുപോകുന്നു എന്നു പറയേണ്ടിവരും. ബുദ്ധി വിടവാങ്ങിയേടത്ത് ഒരു മൃഗത്തിന്റെ വീറുണ്ടാകാം. ഹൃദയം പിന്വാങ്ങിയേടത്ത് ഒരു യന്ത്രവും. താന് ഒരു യന്ത്രമായിപ്പോകുന്നുവെന്ന് കുഞ്ഞിരാമനു തോന്നുകയാണ്. അതു കര്മ്മവിമുഖനാക്കുന്നു; സ്വൈരം കെടുത്തുന്നു. ഈ പരിതഃസ്ഥിതിയില് നിന്നുകൊണ്ട് ഇനി വീറോടെ ചരിക്കുവാന് വയ്യാ. പക്ഷേ, തന്റെ മാര്ഗ്ഗം ശരിയാണെന്നു തോന്നുന്നിടത്തോളം കാലം ഓടിപ്പോകാനോ നിഷ്ക്രിയനാകാനോ സാദ്ധ്യമല്ല. നില്ക്കാനും പോകാനും വയ്യാ. ഈ ഊരാക്കൊളുത്തു കൂറേ ദിവസം അയാള് തലയില് ചുമന്നുകൊണ്ടു നടന്നു. ഇതാരുമായും ചര്ച്ചചെയ്യാന് നിവൃത്തിയില്ല. സ്വന്തം ഹൃദയാന്തര്ഭാഗത്തുള്ള കെട്ടുപിണച്ചിലുകളാണ്. സൂക്ഷ്മത്തില് ഇതു പാര്ട്ടിക്കാര്യമല്ല. പൊതുക്കാര്യവുമല്ല. എങ്കിലും പൊതുക്കാര്യവുമായി വളരെയൊക്കെ ബന്ധപ്പെട്ടുകിടക്കുന്നു. പക്ഷേ, തന്നോടുതന്നെ അതൊക്കെ തുറന്നുപറയാന് കുഞ്ഞിരാമന് ഇഷ്ടപ്പെട്ടില്ല. നിശ്ചേതനങ്ങളായ പകലുകള്; നിദ്രാഹീനങ്ങളായ രാത്രികള്. ഉണ്ണുന്നു,ഉടുക്കുന്നു, നടക്കുന്നു, വിശ്രമിക്കുന്നു. ജീവന്റെ പ്രക്രിയകളൊക്കെ നടക്കുന്നു. പക്ഷേ, മനുഷ്യന്റെ പ്രക്രിയകളൊന്നും നടക്കുന്നില്ല. ബോധമണ്ഡലം ഇരുള്മൂടിക്കിടക്കുന്നു.

കൂടുതല് നല്ലൊരു വഴി കണ്ടെത്താന് സാധിക്കുന്നില്ല. അപ്പോള് കണ്ടെത്തിയ വഴിയുടെ പരമാവധിവരെ പോവുക. അയാള് പട്ടാളത്തില് ചേരുവാന് തീര്ച്ചപ്പെടുത്തുകയും ചെയ്തു. അതു സ്വന്തം മാര്ഗ്ഗത്തില് നിന്നു വ്യതിചലിക്കാതെയുള്ള ഒരുതരം നാടുകടത്തലാണ്. അന്തരീക്ഷം മാറും. ആളുകള് മാറും. അനുഭവങ്ങളും സ്വാഭാവികമായി മാറും. അത് വേറൊരു ലോകമാണ്. മരണം സ്വച്ഛന്ദം സഞ്ചരിക്കുന്ന പുകമൂടിയ അന്തരീക്ഷം. അവിടെ എന്തും സംഭവിക്കാം. പക്ഷേ, അയാളായിട്ട് ഒന്നും ചെയ്യേണ്ടതില്ല. അവിടെ മനുഷ്യനില്ല; ഒരു മനുഷ്യപ്രവാഹത്തിന്റെ തള്ളിക്കയറ്റമേ ഉള്ളൂ. അതു നല്ലതാണ്. ഈ അഭിപ്രായത്തിലെത്തിയ ദിവസം അയാള് യുദ്ധത്തിന്റെ വിവിധ വശങ്ങളെപ്പറ്റി കലശലായി ആലോചിച്ചു. ഒരു വീരകൃത്യമായി കുഞ്ഞിരാമന് യുദ്ധത്തെ പലതവണ വാഴ്ത്തിയിട്ടുണ്ട്. ഫാസിസത്തിനെതിരായ യുദ്ധമായി, യുദ്ധങ്ങള് കുറയ്ക്കാനുള്ള യുദ്ധമായി, അയാള് വ്യാഖ്യാനിച്ചിട്ടുണ്ട്. പക്ഷേ, എന്താണത്? ചീറിപ്പായുന്ന വെടിയുണ്ടകളും അലറിവീഴുന്ന ഷെല്ലുകളുംകൊണ്ട് മനുഷ്യരും ഗ്രാമങ്ങളും ചാമ്പലാകുക. കരിഞ്ഞ മനുഷ്യമാംസത്തിന്റെ മണം എപ്പോഴും ചുറ്റിച്ചുഴന്നുനില്ക്കുമോ?

വെടിമരുന്നുപുകകൊണ്ടു വീര്‍പ്പുമുട്ടുമോ? കൈയും കാലും കണ്ണും മൂക്കും നഷ്ടപ്പെട്ടു മരിക്കാന്‍ വെമ്പുന്ന മനുഷ്യപിണ്ഡങ്ങള്‍! ചൂടാറാത്ത കബന്ധങ്ങള്‍! അനാഥകളായിത്തീരുന്ന ഭാര്യമാര്‍! പിഞ്ചുകിടാങ്ങള്‍! ആകൃതിയില്‍ എല്ലാ യുദ്ധവും ഒന്നുതന്നെ എന്ന് അയാള്‍ വിചാരിച്ചു. സ്വല്പനേരത്തേക്ക് ഒരറപ്പും തോന്നി. ഒരാശ്വാസമേയുള്ളൂ; ചത്തവരുണ്ട്. കൊന്നവരാരാണ്? ഈ യുദ്ധത്തില്‍ താന്‍ കൊന്നതാണെന്നു പറഞ്ഞ് ഏതെങ്കിലുമൊരു ശവം ആര്‍ക്കെങ്കിലും ചൂണ്ടിക്കാട്ടാന്‍ സാധിക്കുമോ? ഈ ഭാഗത്ത് ഒരു യന്ത്രം തിരിക്കുന്നു; മറുഭാഗത്തു ശവങ്ങള്‍ ഉതിരുന്നു. പിറ്റേന്നു പുലരാന്‍കാലത്ത് അയാള്‍ തന്നോടുതന്നെ പറഞ്ഞു: 'വയ്യാ, എനിക്കിവിടെനിന്നു പോകണം.'

പക്ഷേ, ഇതൊക്കെ രാരിച്ചനോടു പറയാമോ? പറഞ്ഞാല്‍ അയാള്‍ വകവയ്ക്കുമോ? രാരിച്ചന് ഉറപ്പിച്ചു പറഞ്ഞു:

"ഇതൊഴിഞ്ഞുമാറലാണ്."

"വെടിയുണ്ടയുടെ നടുവിലേക്ക്, അല്ലേ?" കുഞ്ഞിരാമന് ചോദിച്ചു.

"പക്ഷേ, നിങ്ങളില്ലാത്തപക്ഷം ഇവിടെയെല്ലാം നിശ്ചലമാകും."

"വിഡ്ഢിത്തം!"

"കാരണം പറയൂ."

"ഞാന് ചത്താലും പാര്‍ട്ടി നടക്കണം; നടക്കും. അതൊരു വ്യക്തിയുടെ കാര്യമല്ല; ചരിത്രത്തിന്റെ ഒരാവശ്യമാണ്. അത് നിര്‍വഹിക്കപ്പെടുകതന്നെ ചെയ്യും. രാരിച്ചന്, ഒഴിക്കാന് വയ്യാത്ത ഒരു വ്യക്തിയുമില്ല. വ്യക്തികള് വന്നുംപോയുമിരിക്കും. പാര്‍ട്ടി തുടര്‍ന്നുപോകും. വ്യക്തിയുടെ പ്രവൃത്തി എന്നൊന്നില്ല; പാര്‍ട്ടിയുടെ പ്രവൃത്തിയേ ഉള്ളൂ." എല്ലാ പാര്‍ട്ടികളും ഭരണക്കൂടങ്ങളും ഉരുവിട്ടുപോന്ന ആ ഉപയോഗപ്രദമായ നുണ അയാള് രാരിച്ചന്റെ മുഖത്തേക്ക് എടുത്തെറിഞ്ഞു. അതു കുറിക്കുകൊണ്ടു. അവന് അമ്പരന്നു; ശ്വാസം മുട്ടി.

"ഏതാണ് കൂടുതല് ഉപയോഗമെന്നാണ് നോക്കേണ്ടത്." പിള്ള ഇടയില് കടന്ന് ഓര്‍മ്മപ്പെടുത്തി. രാരിച്ചനും അതിന്മേല് കയറിപ്പിടിച്ചു. അവന് അത്ര എളുപ്പത്തില് പിന്മാറാന് വയ്യാ. വലംകൈ നഷ്ടപ്പെടുകയാണ്. പ്രവര്‍ത്തനത്തിനാണെങ്കില് ഭൂമിയില് വേരോടിയിട്ടില്ല. അവജ്ഞയും വിദ്വേഷവും അകത്തു തിളച്ചുമറിയുന്നുണ്ട്. ഒരഗ്നിപര്‍വ്വതത്തിന്റെ പുറത്താണ് കോട്ട പണിചെയ്തിട്ടുള്ളത്. ജപ്പാനെ ക്ഷണിച്ചുവരുത്തുന്നതു രോഗത്തെക്കാള് അപകടകരമായ മരുന്നാണെന്ന നേതാക്കന്മാരുടെ വാക്കു നാട്ടുകാര് ഓര്‍ക്കുന്നുണ്ട്. എന്നിട്ടും അവരെ ജാപ്പ് കൂട്ടാളികളായി ചിത്രീകരിക്കുമ്പോള് അവര് രോഷം ഉള്ളിലൊതുക്കുകയാണ്. വിശ്വനാഥന്റെ അറസ്റ്റ് പുതിയ ചില സംഭവവികാസങ്ങളുണ്ടാക്കിയേക്കാമെന്ന് രാരിച്ചന് കരുതുന്നു. ഈ സന്ദര്‍ഭത്തില് കുഞ്ഞിരാമന്റെ സ്വാധീനശക്തി കൈയൊഴിക്കാമോ? രാരിച്ചന് തീര്‍ത്തു പറഞ്ഞു:

"ഇവിടെ നില്ക്കുന്നതാണ് ഉപയോഗം!"

“അല്ല, യുദ്ധം ജയിച്ചാല് മാത്രം പോരാ, യുദ്ധത്തിലൂടെ പാര്ട്ടി വളരണം. പട്ടാളക്കാരുടെ ഇടയില് ജീവിക്കുന്നവര് കുറച്ചുണ്ടാവണം. ഞാന് പറയുന്നതു മനസ്സിലായല്ലോ...”

പിള്ളയ്ക്ക് ബോദ്ധ്യമായി. നമ്പ്യാരും ശരിവച്ചു. രാരിച്ചനു തന്റെ എതിര്പ്പു വിഴുങ്ങേണ്ടിയും വന്നു. കുഞ്ഞിരാമന് നാവികസൈന്യത്തില് ചേരാന് ഉറച്ചു. അപ്പോള് അയാള്ക്ക് എന്തെന്നില്ലാത്ത ഒരാഹ്ലാദം തോന്നി. എല്ലാറ്റില്നിന്നും മോചനം കിട്ടിയിരിക്കയാണ്. തന്റെ കാലില് തുങ്ങിക്കിടക്കുന്ന കനമുള്ള പാറകള് അഴിഞ്ഞുപോയിരിക്കുന്നു. നീട്ടിവലിച്ചു നടക്കാം; മരണത്തിലേക്കായാലും.

പെട്ടെന്നാണ് രാധ മുന്നിലേക്കു വന്നു ചോദിച്ചത്:

“ഉറച്ചോ?”

“ഉവ്വ്.”

“അപ്പോ, ഞാനോ?”

“നമുക്ക് അതാണിനി ആലോചിച്ചു തീരുമാനിക്കേണ്ടത്. എന്തെങ്കിലും ചെയ്യാം.”

“എനിക്കാരുണ്ട്?”

അവളുടെ കണ്ണുകള് നിറഞ്ഞുതുളുമ്പി. കുഞ്ഞിരാമന് നിശ്ശബ്ദനായിരുന്നു ചിന്തിച്ചു. വാസ്തവം. ആരാണുള്ളത്! ഗോപാലകൃഷ്ണന് കൂടെ നില്ക്കുന്നുണ്ട്; എങ്കിലും മറ്റൊരാത്മാവിനെ രക്ഷിക്കത്തക്ക കൈക്കരുത്ത് അയാള്ക്കുണ്ടെന്ന് കുഞ്ഞിരാമനു വിശ്വാസമില്ല. മുമ്പൊക്കെ അയാള് ജയിലിലായിരുന്നപ്പോള് വിശ്വനാഥന് അവളെ കാത്തുപോന്നു. ഇന്ന് ആ രക്ഷാമാര്ഗ്ഗം അയാള്തന്നെ അടച്ചുകളഞ്ഞു!

“ഞാന് എന്തു ചെയ്യണം?” രാധ വീണ്ടും ചോദിച്ചു: “എന്നോടും പട്ടാളത്തില് ചേര്ക്കുമോ?”

“നീ ഇവിടെ താമസിക്കു. ഞാന് വേണ്ട ഏര്പ്പാടുകള് ചെയ്യാം. രാധേ, മക്കളെ യുദ്ധത്തിനയച്ച അമ്മമാരും ഭര്ത്താക്കന്മാരെ പറഞ്ഞയച്ച ഭാര്യമാരും ധാരാളമുണ്ട്. അവരൊക്കെ മനുഷ്യരല്ലേ?”

“അതേ.”

“അതോര്ക്ക്.”

“ഉം--”

“ഞാന് ഒരിക്കലും നിന്നെ മറക്കില്ല. ഞാന് ഒരു ദിവസം തിരിച്ചുവരും.”

കുഞ്ഞിരാമന് അവളുടെ കൈയ്ക്കു പിടിച്ചുകൊണ്ട് ആവേശഭരിതനായി തുടര്ന്നു: “വരും, ഞാന് തീര്ച്ചയായും വരും.”

“ഞാന് കാത്തിരിക്കും.”

“നീ കാത്തിരിക്കണം.”

അയാള് രാരിച്ചനോട് രാധയുടെ കാര്യത്തില് ശ്രദ്ധിക്കണമെന്ന് ആവശ്യപ്പെട്ടു.

“ഞാനിവിടെ നില്ക്കുന്ന കാലംവരെ ശ്രദ്ധിക്കും.” രാരിച്ചന് പറഞ്ഞു.

“രാരിച്ചന് എങ്ങോട്ടു പോകുന്നു?”

“എന്നെയും പട്ടാളത്തില് എടുക്കാതിരിക്കുകയില്ല. എനിക്ക് അംഗഭംഗമൊന്നുമില്ല. പട്ടാളക്കാരുടെ ഇടയില് ജോലിചെയ്യാന് ആള് വര്ദ്ധിക്കുന്നതു നല്ലതല്ലേ?”

അതിന് കുഞ്ഞിരാമന് മറുപടി പറഞ്ഞില്ല. അയാള് അന്നു രാത്രിതന്നെ ശാന്തയെ ചെന്നുകണ്ടു വിവരമെല്ലാം ധരിപ്പിച്ചതിനുശേഷം ഓര്മ്മിപ്പിച്ചു:

“രാധയ്ക്ക് ആരുമില്ല.”

“ഞാനുണ്ട്. ഞാന് ശ്രദ്ധിക്കാം. പക്ഷേ, നിങ്ങള് പോകേണ്ടിയിരുന്നില്ല. ഏതായാലും തീര്ച്ചപ്പെടുത്തിക്കഴിഞ്ഞല്ലോ?”

“ഉവ്വ്.”

“പിന്നെ, വിശ്വത്തിന്റെ പേരില് കെയ്സ് എടുക്കുകയില്ലേ?”

“ഓര്ഡിനന്സ്പ്രകാരമാണല്ലോ അറസ്റ്റ്.”

ശാന്ത സ്വല്പനേരം നിശ്ശബ്ദയായിരുന്നു. അവസരം നഷ്ടപ്പെട്ട ഒരാളുടെ മുഖഭാവമുണ്ടായി അവള്ക്ക്. കുഞ്ഞിരാമന് യാത്ര പറഞ്ഞിറങ്ങി.

“എവിടെപ്പോയിരുന്നു?” രാധ ചോദിച്ചു.

“ശാന്തയുടെ വീട്ടില്.”

“ഉം.” അവള് ഒന്നമര്ത്തിമൂളിക്കൊണ്ടു തുടര്ന്നു: “ആ സുലൈമാനിക്കയെ ഒന്നു ചെന്നു കാണൂ.”

“എന്തിന്?”

“വെറുതെ യാത്രപറയാന്.”

അയാളെ കാണാന് എന്തോ വിഷമം തോന്നുന്നു. പക്ഷേ, കാണാതെ പോയാല് അതു കൂടുതല് വിഷമമുണ്ടാക്കിയേക്കും. അയാള് രണ്ടും കല്പിച്ച്, സുലൈമാന്റെ വീട്ടിലേക്കു കയറിച്ചെന്നു.

“എന്ത്യേ?”വിരി നീക്കി തല പുറത്തേക്കു കാട്ടിക്കൊണ്ട് ഖദീജ ചോദിച്ചു.

“ഇവിടെ ഇല്ലേ?”

“മൂപ്പര് സൊഹല്യാതെ കെടക്കാ.”

“ഒന്നു കാണണം.”

ഖദീജ അയാളെ അകത്തേക്കു കൂട്ടിക്കൊണ്ടുപോയി. ചെരിഞ്ഞുവീണ ഒരു പാറപോലെ, സുലൈമാന് അവിടെ കിടന്നിരുന്നു.

“ഒരാള് ബന്നടക്ക്ണ്.” ഖദീജ അറിയിച്ചു. അയാള് തലപൊക്കിനോക്കി. ആ മുഖത്തെ ചാലുകള് കൂടുതല് കുഴിഞ്ഞിരുന്നു. ആ കണ്ണുകള് കുത്തിത്തറയ്ക്കുന്നവയുമായിരുന്നു. അയാള് കുഞ്ഞിരാമന്റെ നേരെ തിരിഞ്ഞു ചോദിച്ചു:

“ഉം?”

“വിശേഷിച്ചൊന്നുമില്ല.” അയാള് തന്റെ യാത്രയെപ്പറ്റി വിവരിച്ചിട്ടു തുടര്ന്നു: “ഒന്നു കണ്ടുപോകാം എന്നു വിചാരിച്ചു.”

“കണ്ടില്ലേ?” പരുഷമായിരുന്ന ചോദ്യം.

കുഞ്ഞിരാമന് അതു കേട്ടില്ലെന്ന നടിച്ചു. എന്നിട്ടു പറഞ്ഞു: “നിങ്ങള് എനിക്കു വളരെ ഉപകാരം ചെയ്തിട്ടുണ്ട്. അതൊക്കെ എന്റെ മനസ്സിലുണ്ട്.”

“ഉണ്ടല്ലോ? മതി. പിന്നെ നീ എനിക്കും വേണ്ടത്ര ഉപകാരം ചെയ്തിട്ടുണ്ട്. അതും നന്നായി.” ഇതും പറഞ്ഞ് അയാള് ചെരിഞ്ഞു കിടന്നു. കുഞ്ഞിരാമനു കുറെയേറെ സംസാരിക്കണമെന്നുണ്ടായിരുന്നു. ഒരു പ്രസംഗം തന്നെ ചെയ്യണമെന്നു തോന്നി. പക്ഷേ, ആ വൃദ്ധന്റെ മുഖത്തേക്കു നോക്കി ഒന്നും പറയാന് കഴിയുന്നില്ല.

“ഞാന് വരട്ടെ?” അവന് യാത്ര ചോദിച്ചു. ഒരു നിമിഷത്തിനു മറുപടി ഉണ്ടായില്ല. പെട്ടെന്നു തപ്പിത്തടഞ്ഞെഴുന്നേറ്റ് സുലൈമാന് പറഞ്ഞു:

“കുഞ്ഞിരാമാ, നിനക്കും നല്ലതുവരട്ടെ. നല്ലതു തോന്നുകയും ചെയ്യട്ടെ. നിനക്കു ചെറുപ്പമാണ്. ഇനിയും വളരെക്കാലം ജീവിക്കണം. അതുകൊണ്ട് നിനക്കു നല്ലതു വരട്ടെ. ആ പെണ്കിടാവിനെ കഷ്ടത്തിലാക്കരുത്. കുരങ്ങന്റെ കൈയില്കിട്ടിയ മാലപോലെയാക്കാതെ. അതൊരു കുടുംബത്തിന്റെ നിറവിളക്കാകും. പക്ഷേ, നിനക്കതു മനസ്സിലായിട്ടുണ്ടാവില്ല. നിനക്ക് ഒന്നും മനസ്സിലാവില്ലായിരിക്കും. ആ പെണ്കുട്ടി ഒരു ധനമാണ്. അതുകൊണ്ട് നിനക്കു നല്ലതു വരട്ടെ. നല്ലതു തോന്നുകയും ചെയ്യട്ടെ.”

“നിങ്ങളെ ഞാന് അലോസരപ്പെടുത്തിയിട്ടുണ്ട്. പക്ഷേ....” കുഞ്ഞിരാമന് ആരംഭിക്കുകയായിരുന്നു.

“ഇല്ല.” സുലൈമാന് കയറിക്കടന്നു പറഞ്ഞു: “എനിക്ക് എന്തുവന്നാലും ഇനി വിശേഷമൊന്നുമില്ല. ഉച്ചതിരിഞ്ഞുകഴിഞ്ഞു. നിനക്കിപ്പോള് കയറ്റമാണ്. കയറ്റത്തില് വീഴ്ചപറ്റാന് എളുപ്പമുണ്ട്. അനുഭവസ്ഥനാണ് പറയുന്നതെന്നുവെച്ചോളൂ. ആ പെണ്കുട്ടി വ്യസനിക്കാന് ഇടവരരുത്. അതുകൊണ്ട് നിനക്കു നല്ലതു വരട്ടെ. മക്കളുണ്ടാകാനും അവരുടെ കൈയോ കാലോ വളരുന്നതെന്നു നോക്കിയിരിക്കാനും നിനക്കിടവരട്ടെ. നിനക്കു നല്ലബുദ്ധി ഈശ്വരന് തരട്ടെ. പോയ്ക്കോളൂ.”

സുലൈമാന് ചെരിഞ്ഞുകിടന്ന പുതപ്പെടുത്തു മുഖം മൂടി. കുഞ്ഞിരാമന് ഒരു നിമിഷം നോക്കിനിന്ന് പുറത്തേക്കു കടന്നു.

അന്നു മുഴുവന് അയാള് ഒന്നും സംസാരിച്ചില്ല; പിറ്റേന്നും മിണ്ടിയില്ല. ഒരാഴ്ച കഴിഞ്ഞപ്പോള് അയാള് പോകാന് പുറപ്പെട്ടു. രാധയും ഗോപാലകൃഷ്ണനും രാരിച്ചനും റെയില്വേസ്റ്റേഷന്വരെ അയാളെ അനുഗമിച്ചു. ആരും ആരോടും സംസാരിച്ചില്ല. അയാള് വണ്ടിയിലും അവര് പ്ലാറ്റ്ഫോമിലുംനിന്നു പരസ്പരം നോക്കി. രാധയുടെ കണ്ണുകള് അത്രയും മനോഹരങ്ങളായി കുഞ്ഞിരാമന് അതേവരെ അനുഭവപ്പെട്ടിട്ടില്ല. അത്രയും ഗംഭീരമായ ഒരാകാരം കുഞ്ഞിരാമനുണ്ടെന്ന് രാധയ്ക്കും തോന്നിയിട്ടില്ല. ജീവിതത്തിന്റെ എല്ലാ അന്തസ്സും മഹത്ത്വവും ഒരു നിമിഷത്തിലേക്ക് ഊറിക്കൂടിനില്ക്കുകയായിരുന്നു. അതൊരു നീര്പ്പോളപോലെ ഇപ്പോള് തകരുമെന്ന് അവര്ക്കറിയാം.

അതുകൊണ്ടുതന്നെ ആ ഒരു നിമിഷം അവര് മാറോടുചേര്ത്തണച്ചുപിടിച്ചു. അടുത്തനിമിഷം അവര് നാഴികകള്ക്ക് അപ്പുറവുമിപ്പുറവുമാകാന് പോകുന്നു. കഴുത്തും കത്തിയും തമ്മിലുള്ള അവസാനത്തെ അകലമാണ്. ആ നിമിഷം, ഒരു സൂചിയുടെ അഗ്രമാണത്. രണ്ടാത്മാക്കള് അവിടെ തങ്ങിനില്ക്കുന്നു.

വണ്ടി, ഒരു രാക്ഷസനെപ്പോലെ, ഒന്നു കൂക്കിവിളിച്ചു. അതു നീങ്ങുകയാണ്. വാതില്ക്കല് കമ്പിയും പിടിച്ചുകൊണ്ടു നില്ക്കുന്ന കുഞ്ഞിരാമന് നീങ്ങിനീങ്ങിപ്പോകുന്നു. കൂട്ടിക്കൊളുത്തിയ നാലു കണ്ണുകള് വലിഞ്ഞകന്നു. അവന്റെ രൂപം കണ്ണുകള്ക്ക് അവ്യക്തമായി. വണ്ടി അകന്നകന്ന് ഒരു വളവിലേക്കു മാഞ്ഞു. അതു തുപ്പിയ പുകക്കൂട്ടം മാത്രം, ഒരു കരിംപെരുമ്പാമ്പിനെപ്പോലെ, ആകാശത്തു നീണ്ടിഴഞ്ഞു.

"വരൂ." രാരിച്ചന് രാധയുടെ കൈയില് തട്ടി. അവള് തലയും കുമ്പിട്ട് അവന്റെ പിന്നാലെ നടന്നു.

അവള് നാലു ദിവസത്തിനു കമ്പനിയില് പോയില്ല. അഞ്ചാം ദിവസം വിശപ്പ് അവളെ അങ്ങോട്ടു കൊണ്ടുപോയി. മിതവാക്കായിരുന്ന ആ ി മൂകയായി. ജോലിയുണ്ട്, കൂലിയുണ്ട്; അതുകൊണ്ട് ഭക്ഷണവും വ വും പാര്പ്പിടവും ഉണ്ട്. എല്ലാമുണ്ട്. പക്ഷേ ചൈതന്യം മാത്രമില്ല, തന്നില്നിന്ന് എന്തോ ചോര്ന്നുപോവുകയാണെന്ന് അവള്ക്ക് തോന്നി. മൂകയായിരിക്കുന്ന അവളുടെ ചുറ്റുപാടും കത്തിരികള് ചലിക്കുന്നു, അവ ചോദ്യങ്ങള് ഉതിര്ക്കയാണെന്നു തോന്നുകയാണ്. യന്ത്രങ്ങളുടെ ശബ്ദങ്ങള്, ഒരു പരിഹാസച്ചിരിപോലെ, അലറുന്നു!

കമ്പനി വിട്ടു പോകുമ്പോഴും കമ്പനിയിലേക്കു വരുമ്പോഴും റോഡുവക്കിലെ പീടികകളില്നിന്നു തന്നെ ചൂണ്ടി സംസാരിക്കുന്നുണ്ടെന്ന് അവള്ക്കറിയാമായിരുന്നു. ജാപ്പിരോധമേളകളിലെ നൃത്തങ്ങള് അവളെ സ്വല്പം പ്രസിദ്ധയാക്കിയിട്ടുണ്ട്. അത് അവളെ സംബന്ധിച്ചിടത്തോളം ദ്രോഹകരമായിരുന്നു.

"പോണ് കണ്ടോ?" ഒരു ചായക്കടക്കാരന് അടുത്തിരിക്കുന്നവനോടു പറഞ്ഞു.

"അമ്മോ! അതു ജാപ്പുവിരോധമാണ്!"

"വല്യ ജാപ്പുവിരോധം പട്ടാളത്തില് ചേര്ന്നില്ലേ!"

"ഇപ്പോ ചെറിയ ജാപ്പുവിരോധത്തിന്റെ കൂടെയാണ്."

"ആര്?"

"രാരിച്ചന്."

"അവന് ഒരു സബ്ബിന്സ്പെക്ടറാവേണ്ടതായിരുന്നു."

"അവരുടെ ഗവണ്മെന്റ് വന്നാല് ആവും."

"അപ്പോ ഇവളോ?"

ഒരു കൂട്ടച്ചിരി. ഇത്തരം പരിഹാസകോലാഹലങ്ങള് പലപ്പോഴും അവളുടെ ചെവിയില് വന്നു തറച്ചിരുന്നു. രാധ എല്ലാം വിഴുങ്ങി. അവരുടെ നാവടക്കാനും

നിലയ്ക്കുനിര്ത്താനും അവള്ക്കറിയാം. പക്ഷേ, ആര്ക്കോ വേണ്ടി അവളതൊക്കെ സഹിക്കുന്നു. ഓരോ രാത്രിയിലും അവള് പിറു പിറുത്തു:

“അതെ, ഞാനിതൊക്കെ സഹിക്കണം എന്നാവും വിചാരിച്ചിട്ടുണ്ടാവുക. സഹിക്കാം.”

പക്ഷേ, പണ്ടെന്നത്തെക്കാട്ടിലുമധികം യുദ്ധഗതിയെപ്പറ്റി അവള് ശ്രദ്ധിക്കാന് തുടങ്ങി. ദിനപത്രങ്ങള്ക്കുവേണ്ടി അവള് കാത്തുനിന്നു. രാരിച്ചന് അതെത്തിച്ചുകൊടുക്കുകയും ചെയ്തു. മുമ്പൊക്കെ അവള്ക്കുവേണ്ടി അത്തരം കാര്യങ്ങള് ശ്രദ്ധിക്കാന് ആളുണ്ടായിരുന്നു. ഇന്നു താന്തന്നെ ശ്രദ്ധിക്കണം. പടിഞ്ഞാറന് ശക്തികള് ജര്മ്മനിയെ പിമ്പില്നിന്നെതിര്ക്കാത്തതിനെപ്പറ്റി അവള്ക്കു ദേഷ്യം തോന്നി. അവരുടെ തണുപ്പന് മട്ടുകള് ശ്രുണ്ടിപിടിപ്പിച്ചു. എങ്ങനെയും യുദ്ധം ജയിക്കണമെന്ന് അവള് ഹൃദയത്തില്തട്ടി ആഗ്രഹിച്ചു.

വെടിയുണ്ടയുടെ വേഗത്തില് ദിവസങ്ങള് അങ്ങനെ കടന്നുപോയി. കുഞ്ഞിരാമന്റെ കത്തും അതിനെത്തുടര്ന്നു പണവും കിട്ടി. ആ പണം കൈയിലിട്ടു ഞെരിച്ച് അതിലേക്കുതന്നെ നോക്കിക്കൊണ്ട് അവള് കുറേനേരമിരുന്നു. നിര്ജ്ജീവമായ ആ കടലാസുകഷണങ്ങള് കാറ്റില് പറപ്പിച്ചുകളയാന് രാധയ്ക്കു തോന്നി. എങ്കിലും അവളതു പെട്ടിയില് വെച്ചു പൂട്ടി.

പിറ്റേന്നു കമ്പനിയില്നിന്നു വരുമ്പോള് അവള് നാരാണപിള്ളയെ വഴിക്കുവെച്ചുകണ്ടു. അയാള് നോക്കാതെ കടന്നുപോകാന് യത്നിക്കുകയായിരുന്നു. പക്ഷേ, രാധ മുന്നോട്ടു ചെന്നു ചോദിച്ചു;

“വിശ്വത്തിന്റെ വല്ല വിവരവുമുണ്ടോ?”

“അറിഞ്ഞേ കഴിയൂ എന്നാണോ അനിയത്തിക്ക്?”

“അതേ.”

“എങ്കില് രാരിച്ചനോടു ചോദിക്കണം. സര്ക്കാരിന്റെ കൂടെയുള്ളവനല്ലേ ഇതെല്ലാം അറിയാനൊക്കൂ?”

അയാള് മുഖം വെട്ടിച്ചു കടന്നുപോയി. പിള്ളയില്നിന്ന് അത്തരമൊരു പെരുമാറ്റം അവള് പ്രതീക്ഷിച്ചിരുന്നില്ല.

അതവളെ വേദനിപ്പിച്ചു. അന്നു രാത്രി അവള് തേങ്ങിത്തേങ്ങിക്കരഞ്ഞു. കണ്ണുനീരില് മുഖം വെച്ചാണ് അവള് ഉറങ്ങിയത്.

പുലര്ച്ചെ എഴുന്നേറ്റ് രാധ നടന്നു. നേരെ ചെന്നുകയറിയത് സുലൈമാന്റെ വീട്ടിലാണ്.

“ന്റെ റബ്ബേ, ഇതാര്!” ഖദീജ അത്ഭുതപ്പെട്ടു.

“അദ്ദേഹമെവിടെ?”

“കെടക്ക്ന്ന്. സൊഹക്കേടൊന്നും ഇല്ല. പക്കെങ്കില്, ഇപ്പോ എപ്പളും കെടപ്പാ.”

“ഉം.” രാധ എന്തോ ആലോചിച്ചുകൊണ്ട് ഒന്നു മൂളി.

“കാണ്ണോ?” ഖദീജ ചോദിച്ചു.

“വേണം.”

അവര് അകത്തേക്കു കടന്നു. സുലൈമാന് കലണ്ടറിലെ പഴയ ഏടുകള് മറിച്ചുനോക്കിക്കൊണ്ടു കിടക്കയില് ഇരിക്കുന്നു. രാധയുടെ ആഗമനം അയാളെയും സ്വല്പം പരിഭ്രമിപ്പിക്കാതിരുന്നില്ല. അയാള് കലണ്ടര് ഒരു വശത്തേക്കിട്ട് എഴുന്നേല്ക്കാന് ഭാവിച്ചുകൊണ്ടു ചോദിച്ചു:

“എന്തേ?...എന്തേ?”

“ഒന്നുമില്ല.”

“വല്ല ബുദ്ധിമുട്ടുമുണ്ടോ?”

“ഇല്ല.”

“സുഖംതന്നെയല്ലേ?”

അതിനു രാധ മറുപടി പറഞ്ഞില്ല. അവള് മുഖം താഴ്ത്തിനിന്നു.

“ഈ മുക്കാലീമ്പില് ഇരുന്നോളി.” ഖദീജ ഒരു കൊച്ചുബെഞ്ച് രാധയുടെ അടുത്തേക്ക് നീക്കിവെച്ച് അവിടെനിന്നു പോയി: “ഇച്ചിരി കാപ്പികൊണ്ട്രാം ട്ടോ.”

“വേഗം കൊണ്ടുവാ.” സുലൈമാന് ആ അഭിപ്രായത്തെ പിന്താങ്ങി. ഒരു നിശ്ശബ്ദത.

“എന്നോടു ദേഷ്യമാണല്ലേ?” രാധ ചോദിച്ചു.

“എനിക്കോ?”

“അങ്ങനെ തോന്നിയാല് തെറ്റില്ല. പക്ഷേ, ആരും കല്പിച്ചുകൂട്ടി ഒന്നും ചെയ്തിട്ടില്ല.”

“അതൊക്കെ എനിക്കറിയാം. രാധ അത്തരം കാര്യങ്ങളെക്കുറിച്ചു വേവലാതിപ്പെടേണ്ടാ. നീ പണ്ടും ഇന്നും എനിക്കൊരുപോലെയാണ്. നിന്റെ അനുഭവങ്ങളോര്ത്താണ് ഞാന് വ്യസനിക്കുന്നത്. പലതും സഹിക്കണം. ദൈവം ചിലപ്പോള് മുന്തിരിപ്പഴം തരും; ചിലപ്പോള് കടുക്ക വായിലേക്കു കുത്തിത്തിരുകും. രണ്ടും വേണ്ടാതാവും. മുന്തിരിങ്ങ തിന്ന ഞാന് കടുക്ക കടിച്ചിറക്കുകയും വേണം.”

ആ വൃദ്ധാനുചുറ്റും ഒരു പരിവേഷമുള്ളതായി അവള്ക്കു തോന്നി.

അസ്തമയസൂര്യന്റെ കിരണങ്ങളില് തിളങ്ങുന്ന ഒരു കുന്നിന്കൊടുമുടിപോലെ. അവള് ആ മുഖത്തേക്കു നോക്കിക്കൊണ്ടു മൂകയായിരുന്നു.

“കഷ്ടപ്പെടരുത്.” സുലൈമാന് തുടര്ന്നു: “എന്താവശ്യമുണ്ടെങ്കിലും ഇങ്ങോട്ടു വരണം. വരാന് മടിക്ക്യോ?”

“ഇല്ല.”

“എന്റെ മകള്ക്കുള്ളത്ര സ്ഥാനം കുട്ടിക്കും ഈ വീട്ടിലുണ്ട്. മനുഷ്യര്ക്കു വീഴ്ചയും ഉയര്ച്ചയും ഒക്കെ വരാം. പക്ഷേ, അതുകൊണ്ട് എനിക്കാരെയും ഉപേക്ഷിക്കാന് കഴിയില്ല. അതിനെനിക്ക് അധികാരവുമില്ല. പിന്നെ, ദൈവം ഒരു ദിവസം നിനക്കു നല്ലതു വരുത്താതിരിക്കില്ല. പിന്നെ, നീ അത്രയ്ക്കു സഹിക്കുന്നുണ്ട്.”

രാധയുടെ കണ്ണുകളില്നിന്നു ബാഷ്പകണങ്ങള് ഇറ്റിറ്റു വീണു. സുലൈമാന്

ഇരുപ്പില്നിന്ന് എഴുന്നേറ്റുനിന്നു. നാളം വിറയ്ക്കുന്ന ആ ഭദ്രദീപം തന്റെ മുമ്പിലിരിക്കുന്നു. ആ പ്രകാശം ഭൂതകാലസ്മരണകള് അയാളില് കൊളുത്തി. ഒരു വലിയ തറവാട്ടിന്റെ നാലകത്താണ് താന് നില്ക്കുന്നതെന്ന് അയാള്ക്ക് ഒരു നിമിഷത്തേക്ക് തോന്നി. എങ്കിലും അയാള് ആ വിളക്കിനു നേരെ കൈകൂപ്പിയില്ല. അതു നോക്കിക്കൊണ്ടു നിന്നു.

ഖദീജ കാപ്പിയും പലഹാരവുമെടുത്ത് അകത്തേക്കു വന്നു.

ആറ്

'ഞാന് ആകെ ഒരു നുണയായിരിക്കുന്നു.' ശാന്തയ്ക്ക് കാര്ത്തികേയന്റെ അടുത്തു നില്ക്കുമ്പോള് അങ്ങനെ തോന്നാറുണ്ട്. വിശ്വനാഥനോട് ഒരു ദയ കാണിപ്പാന്പോലും അവസരം കിട്ടാതെ വന്നപ്പോള് വാസ്തവത്തില്, ശാന്ത അകമേ തളര്ന്നുപോയി. ഇളംകമ്പുപോലെ, ഇച്ഛയ്ക്കൊത്തു വളയ്ക്കാമെന്നാണ് കരുതിയത്. പക്ഷേ, കൈവെച്ചപ്പോള് ഇരട്ടക്കാതലുള്ള മരം. സഖാക്കളെല്ലാം പറയുന്നത് അവള് മഹത്തായ സേവനം ഫാസിസ്റ്റ് വിരോധ സമരത്തിനു ചെയ്തുവെന്നാണ്. മുഖസ്തുതി കേള്ക്കുന്ന കലാകാരനെപ്പോലെ, അവള് തലയാട്ടി സമ്മതിച്ചു: "സ്വല്പം വേദനയോടെയാണെങ്കിലും എന്റെ കര്ത്തവ്യം നിറവേറ്റി എന്നൊരു കൃതാര്ത്ഥതയുണ്ട്." പക്ഷേ വിചാരം മറ്റൊന്നായിരുന്നു: 'എന്നെ ചവിട്ടി മറിച്ചിട്ടുകളഞ്ഞു.'

ചുറ്റും നിന്ന് അഭിനന്ദനം പൊന്തുമ്പോള്, അതു പുണ്ണില് ഉപ്പുവെള്ളം തളിക്കുന്നതുപോലെയുള്ള ഒരനുഭവമുണ്ടാക്കുകയാണ്. എന്നിട്ടു താന് ആ പ്രശംസകള് ഇഷ്ടപ്പെടുന്നുവെന്നു നടിക്കുകകൂടി വേണം! ഏറ്റവും അസഹ്യമായിത്തോന്നിയത് കാര്ത്തികേയന്റെ വാക്കുകളാണ്. അയാള് ഭാര്യയോടു പറഞ്ഞു: "ശാന്തയ്ക്കേ ഇതൊക്കെ കഴിയൂ."

"അതേ." ഗൗരവത്തോടെയാണ് ശാന്ത ആരംഭിച്ചത്. പെട്ടെന്ന്, എന്തോ തെറ്റ് തിരുത്തിയതുപോലെ, മന്ദാക്ഷമധുരമായി അയാളുടെ മുമ്പില് നില്ക്കുകയും ചെയ്തു. സ്വന്തം അഴകിന്റെ ഓരോ പരമാണുവിലേക്കും തേജസ്സു ചുരത്തുവാന് അവള് മറന്നില്ല. സ്ഫടികഗ്ലാസ്സില് തുളുമ്പിത്തുളുമ്പി നില്ക്കുന്ന പഴയ വീഞ്ഞുപോലെയായിരുന്നു അവള്. അത് കാര്ത്തികേയനെ ലഹരിപിടിപ്പിച്ചു. അയാള് പണ്ടത്തെ ആ കവിത സ്വല്പം ഉറക്കെത്തന്നെ ചൊല്ലി. "പച്ചവെള്ളം അതിനെ സൃഷ്ടിച്ച ആളുടെ അടുത്തെത്തിയപ്പോള് അമ്പേ തുടുത്തുപോയി..." എന്നിട്ടു പൊട്ടിച്ചിരിച്ചുകൊണ്ട് ശാന്തയുടെ കൈ കടന്നുപിടിച്ച് അവളോടു ചോദിച്ചു:

"ഞാനാണോ ഈ വീഞ്ഞിങ്ങനെ തുടുപ്പിച്ചത്?"

വെള്ളിമുള്ളുകള്കൊണ്ടുണ്ടാക്കിയ ഒരു മന്ദാരപ്പൂ ശാന്തയുടെ ചുണ്ടില് തെളിഞ്ഞുവന്നു. പരിഹാസമോ അഭിനന്ദനമോ? അവള് അവിടെ നിന്നു പതുങ്ങിക്കടന്നുപോവുകയും ചെയ്തു. ലജ്ജകൊണ്ടോ അവജ്ഞ കൊണ്ടോ?

ആര്ക്കും പറയാന് കഴിയില്ല.

നിര്വഹിക്കാന് കഴിയാത്ത പ്രതികാരത്തിന്റെ പേരില് അഭിനന്ദനങ്ങള് കേള്ക്കുമ്പോള് ഉണ്ടാകുന്ന ഒഴിഞ്ഞുമാറാന്നുള്ള ആ ആഗ്രഹം അവള്ക്കുമുണ്ടായി. തന്നില്നിന്ന് ഒഴിഞ്ഞുമാറിക്കൊണ്ട് ഒരാള്ക്ക് എത്രകാലം ജീവിക്കാം? രണ്ടാലൊന്ന് തീര്ച്ചപ്പെടുത്തണമെന്നുതന്നെ അവള്ക്കു പലപ്പോഴും തോന്നി. പക്ഷേ, ഒന്നോ തീര്ച്ചപ്പെടുത്തുവാന്നുള്ളു. രണ്ടില്ല. എന്നിട്ടു തീര്ച്ചപ്പെടുത്തണം എന്ന ആ മോഹം ശക്തിമത്തായിരുന്നു. ഇത്തരം വിചാരങ്ങളില് മുഴുകിക്കൊണ്ടു പടിക്കല് ഉലാത്തുകയായിരുന്ന ശാന്ത. അപ്പോഴാണ് നാറാണ പിള്ള അതിലേ കടന്നു പോകുന്നത്. കൈയില് രണ്ടുമൂന്നു പൊതികളും വയറ്റില് നിറച്ചു കള്ളുമായിട്ടാണ് അങ്ങേരുടെ യാത്ര.

“നാറാണപിള്ളയെ കണ്ടിട്ടു വളരെക്കാലമായല്ലോ.” ശാന്ത കുശലം പറഞ്ഞു.

നാറാണപിള്ള തിരിഞ്ഞുനിന്ന്, ശാന്തയെ അടിതൊട്ടു മുടിവരെ ഒന്നു നോക്കിയിട്ടു ചോദിച്ചു:

“അനിയത്തി എന്നെ കാണായ്കയോ ഞാന് അനിയത്തിയെ കാണായ്കയോ?”

“രണ്ടായാലും കാര്യം ഒന്നുതന്നെയല്ലേ പിള്ളേ?”

“പക്ഷേല്, ഞാന് കാണുന്നൊണ്ട്.”

“എന്തൊക്കെയാണ് വിശേഷങ്ങള്?”

“വിശേഷമല്ലാതെ എന്തൊണ്ട്, അനിയത്തീ? നാട്ടിലാകെ ജപ്പാന് കാരല്യോ!”

നാറാണപിള്ള ഒന്നു പൊട്ടിച്ചിരിച്ചു നടന്നു. ആ പൊട്ടിച്ചിരി തന്റെ മുഖത്തു വന്നാടിച്ചപോലെ, ശാന്തയ്ക്കു തോന്നി. മറ്റൊരു സന്ദര്ഭത്തിലാണെങ്കില് അങ്ങനെ സംസാരിച്ചവനെ ശാന്ത വെറുതെ വിടുകയില്ലായിരുന്നു. ഇന്ന് അവള്ക്ക് തന്നെത്തന്നെ വിശ്വാസമില്ല. എതിര്ക്കാന് കഴിയുമെന്ന് ഒരുറപ്പില്ല.

തന്റെ ചുറ്റും ഒരുത്സവം എപ്പോഴും ഉണ്ടാകണമെന്നാ വിചാരമായിരുന്നു മുമ്പു ശാന്തയ്ക്ക്. ഇന്നാകട്ടെ, അവള് ഏകാന്തവും ശാന്തവുമായ ഒരന്തരീക്ഷമാണ് ആഗ്രഹിക്കുന്നത്. തന്നെത്താന് നിര്ത്തി വിചാരണ ചെയ്യാന് കൊള്ളാവുന്ന അന്തരീക്ഷം. കാര്ത്തികേയനില്നിന്നുപോലും അവള് കഴിയുന്നത്ര അകന്നു പെരുമാറി. എങ്കിലും അകലുന്നുവെന്ന് അശേഷം നടിച്ചതുമില്ല. അയാള് കമ്പനിയില്നിന്നു വരുമ്പോഴേക്കും അവള് സായാഹ്നസഞ്ചാരത്തിനു പോയിക്കഴിഞ്ഞിട്ടുണ്ടാവും. കടപ്പുറത്തും പാര്ക്കിലും നടന്ന് എല്ലാം കണ്ട് രസിക്കുന്നു എന്ന ഭാവവിശേഷത്തോടെ, ഒന്നും കാണാതെ കഴിക്കുക; ഏതെങ്കിലും സിനിമാശാലയിലെ സോഫയില്, ആയിരം കണ്ണുകള് വെള്ളിത്തിരയ്ക്കുനേരെ ഉന്തിനില്ക്കുന്നതിനിടയില് സ്വന്തം കണ്ണുകള് ആത്മാവിലേക്കു തിരിച്ചുപിടിച്ചുകൊണ്ട് ക്രൂരവും സത്യസന്ധവുമായ വിധത്തില് സ്വയം വിചാരണ നടത്തുക -- ഇതൊക്കെയായിരുന്നു അവളുടെ പ്രധാന പരിപാടികള്.

ഒരു ദിവസം ശാന്ത കടപ്പുറത്തുനിന്നു മടങ്ങുമ്പോള് പെട്ടെന്ന് രാധയെ കണ്ടു. കാര് നിര്ത്തി. അവളെ അടുത്തേക്കു വിളിച്ചു. രാധ കമ്പനി വിട്ടു തിരക്കിട്ടു വീട്ടിലേക്കു പോവുകയായിരുന്നു.

“രാധയെ ഇപ്പോള് കാണാറേയില്ലല്ലോ?” ശാന്ത ആകാവുന്നോടത്തോളം മധുരമായി ചോദിച്ചു.

“കമ്പനിയില്നിന്ന് ഇതാ, ഇപ്പോള് മടങ്ങുന്നതേയുള്ളൂ. പിന്നെ എവിടെ സമയം കിട്ടാനാണ്?” രാധ വിനീതമായി പറഞ്ഞു. ശാന്ത അവളെ ആകെയൊന്നു നോക്കി. ആ പെണ്കിടാവിന്റെ തലമുടിച്ചുരുളുകള്

പഞ്ഞിപ്പൊടിനിറഞ്ഞ് അല്പാല്പം നര കയറിയതുപോലെയിരുന്നു. മാറില് നിറയെ യൗവനവും തലയില് നിറച്ചു വാര്ദ്ധാക്യവുമായി നില്ക്കുന്ന ആ ീ ഒരപൂര്വ്വസൃഷ്ടിയായി ശാന്തയ്ക്കു തോന്നി.

"രാധ വരുന്നോ? കുറേക്കഴിഞ്ഞു മടങ്ങിപ്പോകാം."

"ഇല്ല. ഞാന് ചെന്നിട്ടുവേണം അടുപ്പില് തീപൂട്ടാന്."

"ഊണൊക്കെ അവിടെനിന്നു കഴിക്കാം."

"അനുജന് കാത്തിരിക്കും. ഞാന് ഇനിയൊരു ദിവസം വരാം."

പക്ഷേ, ആ 'ഇനിയൊരു ദിവസം' ഉണ്ടായില്ല. രാധ ആ വഴിക്കുതിരിഞ്ഞതേയില്ല. എന്നല്ല, കഴിയുന്നതും ഒഴിഞ്ഞുനില്ക്കുകയും ചെയ്തു. അവളെ സംബന്ധിച്ചിടത്തോളം ജീവിതം ഉമിത്തീപോലെ, പ്രശാന്തവും തീക്ഷ്ണവുമായിരുന്നു. ഭൗതികജീവിതം സമ്പന്നമായിരുന്നു. തന്റെ സമ്പാദ്യത്തിനു പുറമേ, കുഞ്ഞിരാമന് അയച്ചുകൊടുത്തിരുന്ന പണവുമുണ്ടായിരുന്നു. എങ്കിലും വരള്ച്ചയാണ് അനുഭവപ്പെടുന്നത്. പക്ഷേ, നല്ലൊരു ദിവസം വരുമെന്നുതന്നെ അവള് പ്രതീക്ഷിച്ചു. ഒരു ദിവസം കുഞ്ഞിരാമന് പൊടുന്നനേ തിരിച്ചുവന്ന് അവളോടു പറയും: 'അവസാനം ഞാനിതാ വന്നു, രാധേ!' ആ ദിവസം വിദൂരമായിരിക്കുമോ എന്ന് ആലോചിക്കാന് അവള് മിനക്കെട്ടില്ല. കൈ നീട്ടിയാല് തൊടാവുന്നിടത്താണതെന്ന് അന്ധമായി വിശ്വസിക്കാതെ ജീവിക്കാന് വയ്യാ. ചെടികളില് നാരുകള് കൂട്ടിയോജിപ്പിച്ചുനിര്ത്താനുള്ള പശപോലെ ഈ, അന്ധവിശ്വാസം രാധയുടെ യുക്തിവിചാരങ്ങളെ കൂട്ടിയിണക്കി ഒതുക്കിനിര്ത്തി. ഓരോ ദിവസവും അവള് ഉറങ്ങാന് കിടക്കുന്നത് പുലര്ച്ചെ അദ്ദേഹം വാതില്ക്കല് വന്നു മുട്ടിവിളിക്കുമെന്ന പ്രതീക്ഷയോടെയാണ്. എന്നാലും, ക്രൂരമായ സത്യംപോലെ, സൂര്യകിരണങ്ങള് നിശ്ശബ്ദമന്ദസ്മിതം തൂകിക്കൊണ്ട് അവളുടെ ജാലകപ്പടിയിലേക്കു വന്നു. അതില് അസ്വാഭാവികമായി എന്തെങ്കിലുമുണ്ടെന്ന് ആ ീ കരുതിയതുമില്ല. തട്ടിപ്പിടഞ്ഞെഴുന്നേറ്റ് അവള് തന്റെ ദിനകൃത്യങ്ങളാരംഭിച്ചു.

ഉദിക്കുക, അസ്തമിക്കുക, വീണ്ടും ഉദിക്കുക--അങ്ങനെ വൈചിത്ര്യശൂന്യമായി കടന്നുപോയിരുന്ന ആ കാലത്തു സാധാരണവ്യക്തി വിഷാദത്തില് അലിഞ്ഞുപോകും. രാധയെ സംബന്ധിച്ചിടത്തോളം സ്ഥിതി വ്യത്യസ്തമായിരുന്നു. യുദ്ധരംഗത്തുനിന്ന് ഏറ്റവും ദുഃഖകരമായ വാര്ത്തകള് കിട്ടിക്കൊണ്ടിരുന്നപ്പോള്പോലും അവള് പ്രതീക്ഷിച്ചു. പേള് ഹാര്ബര് തകര്ന്ന് ജപ്പാന് കിഴക്കന്രംഗത്തേക്ക് ഇരച്ചുകയറി, ആക്രമണത്തിന്റെ ചിറ്റോളങ്ങള് മനിലയില് വന്നുമുട്ടി---ഈ വാര്ത്തകള് എല്ലാവരിലും അമ്പരപ്പുളവാക്കിയപ്പോള്പോലും രാധ സമനില വിട്ടില്ല. അക്കാലങ്ങളിലെല്ലാം അവളെ സഹായിച്ചത് ആ അന്ധവിശ്വാസമായിരുന്നു. വരും, അദ്ദേഹം അടുത്തുവരും, നിശ്ശബ്ദമായ നിശീഥിനികളില് ഉറങ്ങിക്കിടക്കുന്ന ഭ്രമിക്കു ദിവ്യങ്ങളായ ആയിരമായിരം കണ്ണുകള്

കാവല്നില്ക്കുമ്പോള്, നീലമേഘങ്ങളുടെ ചെരിവില്നിന്നു ചന്ദ്രന് പാളിപ്പാളി നോക്കുമ്പോള്, പ്രപഞ്ചമാകെ ഒരഭൗമ സംഗീതത്താല് വലയം ചെയ്യപ്പെടുമ്പോള്, രാധയുടെ സ്വപ്നത്തിലേക്ക് ഒരു മുഖം മെല്ലെ ഏന്തിവന്നറിയിച്ചു:

"വരും, ഞാന് വരും, കേട്ടോ."

അത്തരം സ്വപ്നങ്ങള് യാഥാര്ത്ഥ്യങ്ങളെക്കാള് ശക്തിമത്തായ സ്വാധീനം അവളുടെ അന്തഃകരണത്തില് ചെലുത്തി. ഹൃദയത്തിന്റെ നാരുകള് കൂട്ടിയിണക്കിനിര്ത്തിയ പശക്കൂട്ടു ദൃഢതരമാക്കി. 'അദ്ദേഹം എന്നെ ഇപ്പോഴോര്ക്കുന്നുണ്ട്.' അവള് സ്വപ്നംകണ്ട ദിവസങ്ങളില് ചിന്തിച്ചു. 'അല്ലെങ്കില് എപ്പോഴും അദ്ദേഹം എന്നെപ്പറ്റിത്തന്നെയായിരിക്കും ചിന്തിക്കുക.' ചിന്തിച്ചു. 'അല്ലെങ്കില് എപ്പോഴും അദ്ദേഹം എന്നെപ്പറ്റിത്തന്നെയായിരിക്കും ചിന്തിക്കുക.'

കുഞ്ഞിരാമന് യുദ്ധാക്കളത്തിന്റെ നടുക്കാണെന്നും മരണം എപ്പോഴും അയാളെ ചുഴന്നുകൊണ്ടുനില്ക്കയാണെന്നും ഒരിക്കലും അവള് ആലോചിച്ചില്ലെന്നത് ഏതാണ്ടത്ഭുതകരമാണ്. അത് അന്ധതയായോ ശുഭപ്രതീക്ഷാശീലമായോ വ്യാഖ്യാനിക്കാവുന്നതാണ്. പക്ഷേ, അതു വാസ്തവമായിരുന്നു.

തത്ത്വശാസ്ത്രങ്ങളെയും പ്രത്യയശാസ്ത്രങ്ങളെയുംപറ്റിയുള്ള കൊടുമ്പിരിക്കൊണ്ട വാദപ്രതിവാദത്തിന്നു നടുവില് ശാലീനയായ ആ പെണ്കിടാവ് അന്ധവിശ്വാസത്തിന്റെ മടിയില് തലചായ്ച്ചുറങ്ങി--ഉറങ്ങിക്കിടക്കുന്ന വേടന്റെ കാലില് തലചായ്ച്ചുറങ്ങുന്ന ഒരു പെണ്മാനിനെപ്പോലെ.

ഗോപാലകൃഷ്ണന്റെ വിളിയാണ് അവളെ ആലോചനകളില്നിന്ന് ഉണര്ത്തുക പതിവ്. അന്നും അതുതന്നെ സംഭവിച്ചു. അവന് കോലായിലേക്കു കയറി. പിന്നാലെ രാരിച്ചനുമുണ്ട്. ഗോപാലകൃഷ്ണന്റെ വിളിയാണ് അവളെ ആലോചനകളില്നിന്ന് ഉണര്ത്തുക പതിവ്. അന്നും അതുതന്നെ സംഭവിച്ചു. അവന് കോലായിലേക്കു കയറി. പിന്നാലെ രാരിച്ചനുമുണ്ട്.

"എന്താ വിശേഷം?"

"അങ്ങനെയൊരു വിശേഷമൊന്നുമില്ല." രാരിച്ചന് തുടര്ന്നു: "ഗോപാലകൃഷ്ണന്റെ കാര്യം..."

"എന്താണാനിയാ?" രാധ ഗോപാലകൃഷ്ണന്റെ മുഖത്തേക്കു നോക്കി. പക്ഷേ, മറുപടി പറഞ്ഞത് രാരിച്ചനാണ്:

"അവന് എത്ര കാലമാണ് ഇങ്ങനെ കഴിഞ്ഞുകൂടുക?"

"അതു ഞാനും ആലോചിക്കാറുണ്ട്." രാധയും മനസ്സു വെളിപ്പെടുത്തി.

"എനിക്കു ജോലിയുള്ളപ്പോള് അവന് കഷ്ടപ്പെടുകയില്ല. എന്നാലും എന്നും ഇങ്ങനെ കഴിഞ്ഞാപ്പോരല്ലോ."

"അതാണ് ഞാനും പറയുന്നത്." രാരിച്ചന് പിന്താങ്ങി.

"അവനും അതു തോന്നിത്തുടങ്ങി."

“ഇപ്പോള് എന്തു ചെയ്യാം? ഒരു ജോലി അന്വേഷിക്കാം.”

“ഞാന് അന്വേഷിച്ചു, ഏടത്തീ.”

“എവിടെ?”

“ഏടത്തി എതിരു പറയുമോ?”

“ജോലി ചെയ്യുന്നതിന്നു ഞാന് ഒരിക്കലും എതിരു പറയില്ല.”

“ഞാന് പട്ടാളത്തില് ചേര്ന്നാലോ?”

“ഏ!”

“ഏടത്തിയെന്താണ് ഞെട്ടിയത്?”

അവള് സ്വല്പനേരത്തിന് ഒന്നും മിണ്ടിയില്ല. അതിന്നിടയില് പട്ടാളത്തില് ചേര്ന്നാല് നാളേക്കുണ്ടാവുന്ന അഭിവൃദ്ധിമാര്ഗ്ഗങ്ങളെപ്പറ്റി രാരിച്ചന് വളരെ പ്രസംഗിച്ചു. തൊഴില്പരിശീലനം, ലോകപരിചയം, വിജ്ഞാന വര്ദ്ധന ഇങ്ങനെ എമ്പാടും ഗുണങ്ങള് രാരിച്ചന്നു നിരത്തിവയ്ക്കാനുണ്ടായിരുന്നു. പക്ഷേ, രാധ ഒന്നും ശ്രദ്ധിച്ചില്ല. അവള്ക്ക് ഉറക്കെ കരയണമെന്നാണ് തോന്നിയത്. എങ്കിലും കരഞ്ഞില്ല. ഒടുവില് അവള് ചോദിച്ചു:

“അനുജന് എനിക്കു കാവലിരുന്നു മടുത്തുവോ?”

“എന്നാണോ ഞാന് പറഞ്ഞതിന്നര്ത്ഥം?” ഗോപാലകൃഷ്ണന് ചോദിച്ചു.

“നീ അതുദ്ദേശിച്ചില്ലായിരിക്കും. പക്ഷേ നീ കൂടെ പോയാല്, അനിയാ, എന്റെ സ്ഥിതി എന്തായിരിക്കും? എന്നെ ഒരു മരുഭ്രമിയിലേക്ക് എറിഞ്ഞിട്ടു പോകണമെന്നില്ലല്ലോ നിനക്ക്?”

“ഏടത്തി ഇങ്ങനെയൊന്നും പറയരുത്.”

“എനിക്കു സമ്മതമല്ല.” രാധ ഉറപ്പിച്ചു പറഞ്ഞു: “ഇതിലപ്പുറം ഒന്നും എനിക്കു പറയാനുമില്ല.”

രാരിച്ചന് ഇടയില് ചാടിവീണു. വീണ്ടും ഭാവിയെപ്പറ്റിയുള്ള പ്രസംഗങ്ങള് ആരംഭിച്ചു. വാസ്തവത്തില് അയാള് ഗോപാലകൃഷ്ണന്റെ അഭിവൃദ്ധിയെ ലാക്കാക്കിത്തന്നെയായിരുന്നു സംസാരിച്ചിരുന്നത്. അതു രാധയ്ക്കും ബോദ്ധ്യപ്പെട്ടു. എന്നിട്ടും അവള് അതേ വാക്കുതന്നെ ആവര്ത്തിച്ചു:

“എനിക്കു സമ്മതമല്ല.”

“കാരണം പറയൂ ചേച്ചീ.”

എന്തു കാരണം പറഞ്ഞാലും അതിനൊക്കെ മറുയുക്തിയുണ്ടാകുമെന്ന് രാധയ്ക്കറിയാം. വാദിച്ചാല് തോല്ക്കുക താനാണ്. അവള് ഇത്രമാത്രം പറഞ്ഞു:

“കാരണമില്ലാത്ത ആവശ്യമാണെന്നുവെച്ചോ. എനിക്കു സമ്മതമല്ല.”

“കാരണമില്ലാത്ത ഒരു കാര്യമുണ്ടോ?” രാരിച്ചനാണ് ചോദിച്ചത്.

രാധ പുഞ്ചിരിക്കൊണ്ടു. എന്നിട്ടു തിരിഞ്ഞ് ഗോപാലകൃഷ്ണന്റെ അടുത്തേക്കു ചെന്നു. അവന്റെ ചുമലില് കൈവെച്ചു:

അനിയാ, നിന്നെ നോക്കിവളര്ത്താന് എന്തേ കാരണം? നാം ആരുമില്ലാതെ രാത്രി ഈ സ്റ്റേഷനില് വന്നിറങ്ങിയപ്പോള് നമ്മെ രക്ഷിക്കണമെന്നു തോന്നാന് വിശ്വത്തിന്ന് എന്തായിരുന്നു കാരണം?

സുലൈമാനിക്കാ എന്തു കാരണംകൊണ്ടു നമ്മെ സഹായിച്ചു? ഈ രാരിച്ചന്തന്നെ നമ്മെ എന്തിന്നു സഹായിക്കുന്നു? ഇതിന്നൊക്കെ കാരണം കണ്ടുപിടിക്കാന് എനിക്കു കഴിവില്ല. അക്കൂട്ടത്തില് ഞാനീ പറയുന്നതിന്നും കാരണമില്ലെന്നു വിശ്വസിച്ചോളൂ."

രാധ ഇങ്ങനെ സംസാരിക്കുന്നത് ഗോപാലകൃഷ്ണന് കേട്ടിട്ടില്ല. അയാള് സ്വല്പം അമ്പരക്കുകതന്നെ ചെയ്തു. എന്താണ് മറുപടി പറയേണ്ടതെന്ന് അറിയുന്നില്ല. അപ്പോഴേക്കും രാരിച്ചന് സഹായത്തിനെത്തി:

"പക്ഷേ..."

"ഞാന് വാദിക്കുന്നില്ല." രാധ കയറിപ്പറഞ്ഞു: "എനിക്കു സമ്മതമല്ല." അവള് അടുക്കളയിലേക്കു നടന്നു. രാരിച്ചനും ഗോപാലകൃഷ്ണനും പരസ്പരം നോക്കി.

"ഇനി"

"ക്ഷമിക്ക്."

കുറേക്കഴിഞ്ഞു രാരിച്ചന് എഴുന്നേറ്റുപോയി. ഗോപാലകൃഷ്ണന് അകത്തേക്കു കടന്നു. രാധ അടുക്കളവാതിലും പിടിച്ചു വെളിയിലേക്കു നോക്കിനില്ക്കുകയാണ്. ഗോപാലകൃഷ്ണന് ചെന്ന് അവളുടെ ചുമലില് കൈ വെച്ചു. അവള് തിരിഞ്ഞുനോക്കിയില്ല. അവന് അവളെ പിടിച്ച് അഭിമുഖമായി നിര്ത്തി. സഹോദരിയുടെ കണ്ണുകള് നിറഞ്ഞുതുളുമ്പുകയായിരുന്നു.

"ഏടത്തി എന്തിനാണ് കരയുന്നത്?"

"അതു നിനക്കു മനസ്സിലാവില്ല, അനിയാ."

ആ കണ്ണീര്ക്കണങ്ങള് കവിളിലൂടെ ഒഴുകി. പിന്നീട് രണ്ടുപേരും ഒന്നും പറഞ്ഞില്ല. അവള് അനിയന്റെ ശിരസ്സില് തടവി. വിപ്ലവകാരിയായ അവന്ന് താന് ഒരു കുട്ടിയാണെന്ന് തോന്നി. അവന് സഹോദരിയോടു പറഞ്ഞു:

"ഞാന് പോകുന്നില്ല, ചേച്ചീ."

"ഉം!!"

അന്നു രാത്രി അനുജന്റെ ഭാവിയെപ്പറ്റി കാര്യമായി ആലോചിച്ചു. എന്തെങ്കിലും ഒരു മാര്ഗ്ഗം കണ്ടെത്തണം. അവന്നു സ്വന്തം കാലില് നില്ക്കാനുള്ള ഒരു പരിതഃസ്ഥിതി സൃഷ്ടിക്കേണ്ടതുണ്ട്. പക്ഷേ, ആരോടു പറയും? പറയാനുള്ള ഒരാള് എങ്ങോ കിടക്കുന്നു. വിശ്വമാണ് പിന്നെ ഒരാളുള്ളത്. വിശ്വത്തെപ്പറ്റി ആലോചിച്ചപ്പോള് അവളുടെ ശിരസ്സു താണുപോയി. 'ഞാനാണ് അയാള്ക്ക് ഈ ആപത്തൊക്കെ വരുത്തിയത്. എന്നെ സഹായിച്ചതിന്റെ അറുതിയാണിത്.' ഇനിയൊരാള് സുലൈമാനിക്കയാണ്. അയാളുടെ മുഖത്ത് എങ്ങനെ നോക്കും? തന്നെപ്പറ്റി ഇന്ന് ആ മനുഷ്യന് എന്തായിരിക്കും വിചാരിക്കുക? 'പക്ഷേ ഞാന് ഒന്നും ചെയ്തിട്ടില്ല.' അവള് തന്നത്താന് സമാധാനിച്ചു. പക്ഷേ, ഞാന് എല്ലാം അറിഞ്ഞിരുന്നില്ലേ? അഥവാ അറിയാന് ശ്രമിച്ചാല് സാധിക്കുമായിരുന്നില്ലേ? അന്നതൊന്നും തോന്നിയില്ല. അങ്ങനെ പലതും ആലോചിച്ചുപോയി. പെട്ടെന്നാണ് ശാന്തയെ ഓര്മവന്നത്. ശാന്ത വിചാരിച്ചാല് ഒരു ജോലിയുണ്ടാക്കിത്തരാന് ഒരു വിഷമവുമില്ല. എന്നാലും

അങ്ങോട്ടു ചെല്ലാന് ഒരു മടി. തനിക്ക് എതിരായി ഒന്നും ചെയ്തിട്ടില്ല. എന്നല്ല, കാണുമ്പോഴെല്ലാം വളരെ മമതയോടെയാണ് പെരുമാറുക പതിവ്. വീട്ടിലേക്കു ക്ഷണിച്ചിട്ടുമുണ്ട്. താന് പോയിട്ടില്ലെന്നേയുള്ളൂ. എന്നിട്ടിപ്പോള് കാര്യം കാണാന് കടന്നുചെല്ലുമ്പോള് എന്തു വിചാരിക്കും? എന്തും വിചാരിക്കട്ടെ. പക്ഷേ, കടന്നുചെല്ലാന്മനസ്സു സമ്മതിക്കുന്നില്ല. പുറത്തു കാണുന്നതല്ല അകത്ത് എന്നൊരു തോന്നല്. തെറ്റാവാം. ഇതൊക്കെ വെറുതെ ആലോചിച്ചുണ്ടാക്കിയതാവാം. എന്നാലും... ഇപ്പോള് അസുഖമൊന്നുമില്ല. 'സാദ്ധ്യമല്ലെ'ന്നാണ് ശാന്ത പറഞ്ഞതെങ്കില്, നാളെ രണ്ടുപേര്ക്കും അസുഖത്തിനിടയാകുകയില്ലേ?

ഒരുപിടിയും കിട്ടുന്നില്ല. ആലോചിച്ചാലോചിച്ച് ഉറങ്ങിപ്പോയി. പിറ്റേന്നു കാലത്തെഴുന്നേറ്റു പുറത്തു വന്നപ്പോള് ഗോപാലകൃഷ്ണന് അവളെ പിടിച്ചു നിര്ത്തി ചോദിച്ചു:

"ഏടത്തിക്കെന്നോട് മുഷിച്ചിലാണോ?"

"എന്തിന്?"

"ഞാന് ഒരിക്കലും ഏടത്തിയെ വിട്ടുപോവില്ല." ഇതു പറഞ്ഞപ്പോള് അയാളുടെ തൊണ്ടയിടറി. തലേന്ന് അവള്ക്ക് മനസ്സിലായി. ഒന്നും മിണ്ടിയില്ല. കുളിയും ഭക്ഷണവും കഴിഞ്ഞ് അവള് നേരത്തേ പുറപ്പെട്ടു.

"പോകാറായോ, ഏടത്തീ?"

"ഉവ്വ്."

അവള് പടികടന്നു. അവള് കമ്പനിയിലേക്കല്ല പോയത്. കാര്ത്തികേയന്റെ വീട്ടിലേക്കാണ്. ഉമ്മറത്തു നിന്നിരുന്ന ഭൃത്യനോട് അവള് ചോദിച്ചു:

"ശാന്തമ്മയില്ലേ?"

"ഉണ്ട്."

അവള് അകത്തേക്കു കൂട്ടിക്കൊണ്ടുപോകപ്പെട്ടു. ശാന്തയ്ക്ക് രാധയെ കണ്ടപ്പോള് കുറച്ചൊരമ്പരപ്പുണ്ടാകാതിരുന്നില്ല. പതിവുപോലെ, അത് അടക്കാനും ശ്രമിച്ചു. കുശലങ്ങള്ക്കുശേഷം രാധ കാര്യമെടുത്തിട്ടു:

"എനിക്ക് ഒരുപകാരം ചെയ്യുമോ?"

"എന്തുവേണം?" ശാന്ത ഉത്സാഹത്തോടെ ചോദിച്ചു. അത്തരം ഒരപേക്ഷ തീരെ പ്രതീക്ഷിച്ചതല്ല.

"എന്റെ അനിയന് ഇവിടെ ഉണ്ട്."

"ഗോപാലകൃഷ്ണന്." ശാന്തയാണ് പൂരിപ്പിച്ചത്.

"അതേ. അവനു കമ്പനിയില് എന്തെങ്കിലും ഒരു ജോലി കൊടുത്താല് ഉപകാരമാണ്. ചെറുതായാലും മതി."

"ഇത്രയേ ഉള്ളൂ? ഇതുവരെ എന്തുകൊണ്ടു പറഞ്ഞില്ല?"

"ബുദ്ധിമുട്ടിക്കുക....."

"ഇതൊരു ബുദ്ധിമുട്ടോ! ശരിയാക്കാം. നാളെ വരാന് പറയൂ."

നന്ദിപറഞ്ഞ് രാധ പടിയിറങ്ങുമ്പോള് ഒന്നു തിരിഞ്ഞുനോക്കി. ശാന്ത ഹാസ്യാത്മകമായ ഒരു പുഞ്ചിരിയോടെ, മഹാറാണിപോലെ, നിന്ന് അവളെ നോക്കുകയാണ്. രാധ തലതാഴ്ത്തി നടന്നു. മുഖത്തൊരടി കൊണ്ടതു പോലെ തോന്നി. പിച്ചവാങ്ങിയിട്ടാണ് പടികടക്കുന്നതെന്നൊരു തോന്നല്. 'അയ്യേ, ഞാനെന്തേ ചെയ്തത്?' അവള് തന്നോടുതന്നെ പറഞ്ഞു; അല്ലെങ്കില് അനിയനുവേണ്ടി ഇതു ഞാനല്ലാതെ ആരു സഹിക്കും?'

അവള് കീഴ്പോട്ട് നോക്കി തിരക്കിട്ടു നടന്നു. കമ്പനിപ്പടിക്കലെത്തിയപ്പോള്, വിസിലടിവിളി കേട്ടു. അതു തന്റെ അകത്തുനിന്നാണ് പൊന്തുന്നതെന്നു തോന്നി.

പിറ്റേന്നുതന്നെ ഗോപാലകൃഷ്ണനു ജോലി കിട്ടി. പക്ഷേ, ആ ജോലി കൊടുത്തതും വാങ്ങിയതും ഓരോ സമരത്തിനുശേഷമാണ്.

'അതു വേണ്ടാ' എന്നായിരുന്നു രാരിച്ചന്റെ പക്ഷം.

"വേണം." രാധ.

"നാളേക്കു വിഷമമുണ്ടാക്കും."

"ഒരു വിഷമവുമുണ്ടാകില്ലെന്നു വിചാരിച്ചല്ലല്ലോ ഞങ്ങള് പുറപ്പെട്ടത്."

"ഗോപാലകൃഷ്ണന്റെ ഇഷ്ടംപോലെ." രാരിച്ചന് ഒഴിഞ്ഞു. ഗോപാലകൃഷ്ണനാവട്ടെ, ആരെ അനുസരിക്കണമെന്നറിയാതെ കുഴങ്ങുകയാണ്. ഒടുവില് രാധ അമര്ത്തി പറഞ്ഞു:

"അനിയന് ചെല്ലൂ."

അയാള് ജ്യേഷ്ഠത്തി പറഞ്ഞ വഴിക്കു നടന്നു.

രാരിച്ചന്ന് മുഖത്ത് ഒരടി കൊണ്ടപോലെ. അയാള് പടിയിറങ്ങി.

ഗോപാലകൃഷ്ണനെക്കണ്ടപ്പോള് ശാന്ത പറഞ്ഞു:

"ഉദ്യോഗം കിട്ടും. കമ്പനിയിലേക്കു ചെന്നോളൂ. പക്ഷേ, മര്യാദയ്ക്കു നില്ക്കണം."

"ഓ."

ഒരു വിജയമന്ദഹാസം അവളുടെ ചുണ്ടില് സ്ഫുരിച്ചു. തലേന്നാള് അതിനുവേണ്ടി നടത്തിയ സമരത്തെപ്പറ്റിയും അവള് അപ്പോള് ആലോചിച്ചു. കാര്ത്തികേയനിഷ്ടമായിരുന്നില്ല.

"ഇപ്പോള്ത്തന്നെ വേണ്ടത്ര ആപത്ത് അവിടെയുണ്ട്."

"പക്ഷേ, ഞാന് വാശാനം ചെയ്തു."

"ചെയ്യരുതായിരുന്നു."

"ഇഷ്ടമുണ്ടെങ്കില് ഒരു ജോലി കൊടുക്കു. ഇല്ലെങ്കില്...." വാചകം പൂരിപ്പിച്ചില്ല. അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. കാര്ത്തികേയന് അതിനുമുമ്പേ പറഞ്ഞു:

"നാളെ കമ്പനിയിലേക്കു വരട്ടെ."

അങ്ങനെയാണ് അത് സംഭവിച്ചത്. നന്നായി. ഒരു ദിവസം വിശ്വം ഇതെല്ലാം അറിയും; അറിയണം!

ഗോപാലകൃഷ്ണന് ആ ജോലി ഇഷ്ടമായി. വലിയ ദേഹാദ്ധ്വാനമില്ല. മേ ിപ്പണിയാണ്. ശമ്പളക്കാര്യമൊന്നും ആദ്യം പറഞ്ഞില്ല. എങ്കിലും ജീവിക്കാനുള്ളത് കിട്ടുമെന്ന് അയാള് മനസ്സിലാക്കി.

അന്നു രാത്രി രാധയ്ക്ക് എന്തെന്നില്ലാത്ത ഒരാശ്വാസം തോന്നി---കടമ നിര്വഹിച്ചതുപോലെ.

പക്ഷേ, രണ്ടു ദിവസം കഴിഞ്ഞപ്പോള് ഒരു കാര്യം മനസ്സിലായി, രാരിച്ചന് അങ്ങോട്ടു വരാറില്ലെന്ന്. അന്വേഷിച്ചതുമില്ല. നാലുനാള്കൂടി കഴിഞ്ഞു. അവന് വന്നില്ല. അതിനടുത്ത ദിവസം ഗോപാലകൃഷ്ണന് വന്നു പറഞ്ഞു:

"രാരിച്ചന് വല്ലാതെ മുഷിഞ്ഞു സംസാരിച്ചു."

"ഉം." അവള് ഒന്നു മൂളി. എന്തിനെന്നു ചോദിച്ചില്ല. എന്നിട്ടു പറഞ്ഞു: "ഇവിടെ വരാന് പറയൂ."

ആ സന്ദേശം കിട്ടിയതിന്റെ മൂന്നാം ദിവസം വൈകുന്നേരം രാരിച്ചന് വന്നു. അയാള് ഒന്നും അങ്ങോട്ടു പറയുന്നില്ല. അടങ്ങിയൊതുങ്ങി നില്ക്കുകയാണ്. രാധയാണ് സംഭാഷണം ആരംഭിച്ചത്:

"ഞാന് ധിക്കരിച്ചുവെന്നു വിചാരിക്കയാണ്, അല്ലേ?"

"എന്റെ വിചാരം എന്തായാലും---"

"അതുകൊണ്ട് എനിക്ക് വിഷമമുണ്ട്." രാധ പൂരിപ്പിച്ചു: "ഞാന് ധിക്കരിച്ചതല്ല, സഹായിച്ചതാണ്. നിങ്ങളുടെ പ്രവര്ത്തനങ്ങള്ക്ക് അവന് കൂടുതല് സഹായമാകും. രാരിച്ചന്റെ അനുജനാണവന്, എന്നും." അയാള് ഒന്നും മിണ്ടിയില്ല. അവള് തുടര്ന്നു: "സ്വന്തം കാലില് നില്ക്കുന്നവന് നല്ല താങ്ങാണ്."

"ആകാം."

"ആകും; ആകണം. രാരിച്ചന്ന് എന്നെ വിശ്വാസമില്ലേ?"

അവന് മുഖമുയര്ത്തി നോക്കിയിട്ടു പറഞ്ഞു:

"ഉണ്ട്, പെങ്ങളേ."

പിന്നീട് ആരുമൊന്നും പറഞ്ഞില്ല. പിറ്റേന്നു വൈകുന്നേരം അയാളും ഗോപാലകൃഷ്ണനുംകൂടി വര്ത്തമാനം പറഞ്ഞുകൊണ്ട് പടികയറിവരുന്നതുകണ്ടപ്പോള് രാധ ചിരിച്ചു.

"എന്താ ചിരിക്കുന്നത്, പെങ്ങളേ?" രാരിച്ചന് ചോദിച്ചു.

"യോഗ്യപുരുഷന്മാരെ കണ്ടാല് സന്തോഷിക്കേണ്ടേ?"

എല്ലാവരും പൊട്ടിച്ചിരിച്ചു. അന്തരീക്ഷത്തിനു കനം കുറഞ്ഞതു പോലെ തോന്നി. അന്നു രാത്രി മനസ്സിനു ലാഘവം തോന്നി. എല്ലാം ഓരോ പാട്ടിലായി വരുന്നുണ്ടെന്ന് അവള് വിചാരിച്ചു. ഇനി ഒരു കാര്യവുംകൂടി നടന്നാല് മതി. അദ്ദേഹം ഇങ്ങോട്ടു വരിക. വരും; അടുത്ത ദിവസം വരും. കുഞ്ഞിരാമന്റെ മുഖം അവളുടെ ഹൃദയത്തില് തെളിഞ്ഞുവന്നു. അതു നോക്കിക്കൊണ്ട്, ആസ്വാദ്യമായ നിമിഷങ്ങളിലൂടെ അവള് നിദ്രയിലേക്ക് ആണ്ടാണ്ടുപോയി.

വാതില്ക്കല് ഒരു മുട്ടു കേട്ടിട്ടാണ് അന്നു രാധയുണര്ന്നത്.

‘അവസാനം വന്നു!’ രാധ നെടുവീർപ്പിട്ടു. എന്നിട്ട്, ഓടിച്ചെന്ന് വാതിൽ തുറന്നു. മുമ്പിൽ നിൽക്കുന്നത് ഒരു കമ്പിശ്ശിപായിയാണ്.

“എന്താണ്?”

“ഒരു കമ്പി!”

“ആർക്ക്?”

“രാധമ്മയ്ക്ക്!”

“തരൂ.”

അവൾ അത് ചീന്തിത്തുറന്ന് വായിച്ചു നോക്കി. കണ്ണട നഷ്ടപ്പെട്ട ഒരു വൃദ്ധനെപ്പോലെ, അവൾ അതിൽ തലങ്ങും വിലങ്ങും നോക്കിയിട്ട് കമ്പിശ്ശിപായിയുടെ കൈയിൽത്തന്നെ കൊടുത്തുകൊണ്ടു വായിക്കാൻ ആവശ്യപ്പെട്ടു.

കമ്പിശ്ശിപായി ആ കടലാസിലാകെ ഒന്നു കണ്ണോടിച്ചിട്ട് അവളുടെ മുഖത്തേക്കു നോക്കി.

“എന്താ?” രാധ വെറുങ്ങലിച്ചു നിൽക്കുകയാണ്.

“ആരാണ് ഈ കുഞ്ഞിരാമൻ?”

“അദ്ദേഹത്തിന് എന്താണ്?”

ശിപായി ഒരിക്കൽക്കൂടി കടലാസിൽ കണ്ണോടിച്ചിട്ട് ആ കടലാസ് തിരിച്ചു കൊടുത്തു.

“പറയൂ, എന്താണ്?” അവൾ, നിലവിളിക്കുംപോലെ, അപേക്ഷിച്ചു.

“എല്ലാവർക്കും ഒരു ദിവസം വരുന്നത് അദ്ദേഹത്തിനും വന്നു. സമാധാനിക്കു കുട്ടീ.”

കമ്പിശ്ശിപായി തിരിഞ്ഞുനടന്നു. രാധ പൊട്ടിക്കരഞ്ഞില്ല. മാറത്തടിച്ചില്ല. ബോധം വിട്ടതുമില്ല. അവൾ ആ കടലാസും കൈയിൽ പിടിച്ച്, പാവ പോലെ, അങ്ങനെ നിന്നു. ആ നേത്രങ്ങൾ ആണിയടിച്ചു തറച്ചുവപോലെയായിരുന്നു. കൈയിലെ കടലാസുതുണ്ടിൽ കാറ്റു കൂടക്കൂടെ പിടിച്ചുവലിച്ചു. അവൾ വിട്ടില്ല. മുറുകെപ്പിടിച്ച് അങ്ങനെ നിന്നു. ആരും അലട്ടാത്തപക്ഷം കല്പാന്തപ്രളയംവരെ അവൾ അതേ നില്പിൽത്തന്നെ നിൽക്കുമായിരുന്നു. പക്ഷേ, രാരിച്ചന് അങ്ങോട്ട് ഓടിയെത്തി ചോദിച്ചു:

“എന്തേ?”

അവൾ മറുപടി പറഞ്ഞില്ല. അയാൾ കൈയിൽനിന്ന് കടലാസ് വലിച്ചെടുത്തു കണ്ണോടിച്ചു, തലയുയർത്തി നിശ്ശബ്ദനായി നിന്നു. തന്റെ വിരലുകൾ ആ കമ്പിഫോറം ഒരു ചുരുളാക്കി കൈയിലിട്ടുരുട്ടുന്നുണ്ടെന്നു രാരിച്ചന് അറിഞ്ഞില്ല. അവർക്കു നടുക്കു കാലത്തിന്റെ കണ്ണികൾ കനത്ത ബാഷ്പബിന്ദുക്കൾപോലെ, അടർന്നടർന്നുവീണു. വർഷങ്ങൾക്കുശേഷം രാരിച്ചന്റെ കണ്ണുകൾ നിറഞ്ഞു. അവന് തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു: പോയി: “ഞാനാണ് മരിച്ചത്!....”

രാധ ഒന്നു മുഖമുയർത്തി നോക്കി. ഒരക്ഷരം ഉരിയാടാതെ മുഖം തിരിച്ചു മുറിയിലേക്കു പോയി, കട്ടിലിൽ ചെന്നു കിടന്നു. രാരിച്ചനും അവളെ അനുഗമിച്ചു.

എങ്ങനെയാണ്, എന്താണ് പറയേണ്ടതെന്ന് അവന് അറിഞ്ഞുകൂടാ. ഇത്രയും ശക്തിമത്തായ ഒരു ഹൃദയസംഘര്ഷം അവന് അനുഭവിച്ചിട്ടില്ല. ഇരുമ്പുചങ്ങലകളുമായി ഇടപെട്ട ആ കൈകള് ഒരു താമരനൂല് തൊട്ടുനോക്കിക്കൊണ്ട് അങ്ങനെ നിന്നു.

"ജീവിച്ചിരുന്ന കാലം മുഴുവന് അവന് വിശ്വസ്തനായിരുന്നു, സത്യസന്ധനായിരുന്നു. അതാണ് സമാധാനം." രാരിച്ചന്, കാറ്റിനോട് എന്ന പോലെ, സംസാരിക്കാന് ആരംഭിച്ചു: "എന്നെ സംബന്ധിച്ച് അവന് വേറെ ഒരാളേ ആയിരുന്നില്ല, ഞാന്തന്നെയായിരുന്നു. അയാളുമായി പെരുമാറിയ ആര്ക്കാണ് അങ്ങനെയല്ലാതെ തോന്നുക? ഒരു ജീവിതം മുഴുവനും ഉരുക്കിയുരുക്കിക്കളഞ്ഞു. ഞങ്ങള്ക്കുവേണ്ടി, ഞങ്ങള്ക്കുവേണ്ടി മാത്രം..."

ആവലാതിയും പ്രതിഷേധവും സാന്ത്വനവുമായി ആ രോദനം അങ്ങനെ നീണ്ടുപോയി. എന്നിട്ടും രാധ അനങ്ങിയില്ല. ഒരുതുള്ളി കണ്ണുനീര്പോലും പൊടിഞ്ഞില്ല. ആ മുഖമാകെ വരണ്ടിരുന്നുവെന്നുമാത്രം. രാരിച്ചന് വീണ്ടും "ഇപ്പോള് പോവൂ."

"ഞാന് എത്രമാത്രം..."

"പോവൂ."

"എനിക്ക് നിങ്ങളെ വിട്ട്..."

"പോവാന്!" അതൊരാജ്ഞയായിരുന്നു: "എന്നെ ഉപദ്രവിക്കാതെ പോവാന്?"

എന്നിട്ടും രാരിച്ചന് സ്വല്പനേരം നിന്നു. അവള് എഴുന്നേറ്റുനിന്നു പറഞ്ഞു:

"ദയവുചെയ്തു പുറത്തേക്കു പോവൂ."

അയാള് മുറിയില്നിന്നു പുറത്തേക്കു കടന്നുനിന്നു. അവള് കതകടച്ചു തഴുതിട്ടു. എന്നിട്ടു കിടക്കയില്ച്ചെന്നു വീണു. ഗോപാലകൃഷ്ണന് ഉമ്മറത്തിണ്ണയില് തരിച്ചിരുന്നു. ആ മരണവും മരണമുണ്ടാക്കിയ പ്രതികരണവുംകൂടി അവനെ മരവിപ്പിച്ചിരുന്നു.

ഉച്ചതിരിഞ്ഞപ്പോഴേക്കും മരണവാര്ത്ത പട്ടണത്തിലും പരിസരത്തിലുമുള്ള സുഹൃത്തുക്കള്ക്കിടയില് പരന്നു. പലരും ഓടിക്കിതച്ചെത്തി. ഓരോരുത്തന് വരുമ്പോഴും ഗോപാലകൃഷ്ണന് കതകില് മുട്ടി:

"ഏടത്തീ!"

വാതില് തുറന്നില്ല. മുട്ടിവിളിച്ചിട്ടു മറുപടിയില്ല. ചിലരോട് അകത്തു നിന്നു ദുഃഖസ്വരത്തില് വിളിച്ചു പറഞ്ഞു:

"ഇപ്പോള് പോവൂ."

വന്നവര് പരസ്പരം മിഴിച്ചുനോക്കി. എന്നിട്ടു വാതിലിന്റെ നീളം നോട്ടംകൊണ്ടളന്നു. കുറച്ചുനേരം നിന്നു പരുങ്ങി. കൊണ്ടുവന്ന സാന്ത്വനോക്തികളുമായി തിരിച്ചുപോയി. ചിലര് പൂട്ടുതുളയിലൂടെ ഒറ്റക്കണ്ണുവെച്ച് ഒന്നു പാളിനോക്കുകയും ചെയ്തു. കുറച്ചു കഴിഞ്ഞപ്പോഴേക്കും രാധ വാതിലടച്ചു

കിടക്കുകയാണെന്നും എന്തു ചെയ്താലും തുറക്കുന്നില്ലെന്നുമുള്ള വാര്‍ത്തയ്ക്കായി പ്രാധാന്യം. കുഞ്ഞിരാമന്റെ മരണവാര്‍ത്ത പോലും അതിനടിയില്‍പ്പെട്ടു.

അഞ്ചരമണിവരെ ആ വാതില് അടഞ്ഞുതന്നെ കിടന്നു. അപ്പോഴാണ് സുലൈമാന് പ്രാഞ്ചിപ്രാഞ്ചി ആ മുറിവാതിലിനടുത്തു വന്നത്. അയാള് വാതില്ക്കലൊന്നു മുട്ടി; അകത്തുനിന്ന് ഉത്തരമില്ല. വീണ്ടും വീണ്ടും മുട്ടി. തഥൈവ.

"കുട്ടീ!..." ഘനഗംഭീരമായ ഒരു വിളി.

"ഇപ്പോ പോവൂ!"

അകത്തുനിന്ന് നേര്‍ത്ത ആ ശബ്ദം പൊങ്ങി. അത് അല്പാല്പം ചിലമ്പിയിരുന്നു.

"വാതില് തുറക്കു." വീണ്ടും സുലൈമാന് പറഞ്ഞു.

"ഇപ്പോള് പൊയ്ക്കോളൂ."

"ഞാന് പോവാന് വന്നതല്ല. വാതില് തുറക്കണം." ആ കനത്ത ശബ്ദം ഉമ്മറച്ചുമരിനോടലച്ച് ഒന്നു മുഴങ്ങി: "എന്താ തുറക്കില്ലേ?"

അതിനുത്തരമുണ്ടായില്ല. ഒരു നിമിഷം കഴിഞ്ഞപ്പോള് വാതില് തുറന്നു. അഴിഞ്ഞ തലമുടിയും ചെങ്ങിയ കവിളും കലങ്ങിയ കണ്ണുമായി അവള് സുലൈമാന്റെ മുമ്പില് നിന്നു. അവര് പരസ്പരം നോക്കി. അയാളുടെ വിറയ്ക്കുന്ന കൈ അവളുടെ ശിരസ്സു തടവി. ആ വൃദ്ധന് പതുക്കെ വിളിച്ചു:

"മോളേ!"

അതോടെ രാധയ്ക്കു നില്ക്കുവാന് വയ്യാതായി. കെട്ടിനിര്‍ത്തിയിരുന്ന അണകളെല്ലാം പൊട്ടി. കണ്ണുനീര് ഇറ്റിറ്റുവീണു.

"കരഞ്ഞോ, ആവശ്യംപോലെ കരഞ്ഞോ." സുലൈമാന് പറഞ്ഞു: "കരേണ്ടപ്പോ മനുഷ്യന് കരയണം. നീ ഇപ്പോ കരഞ്ഞില്ലെങ്കില് പിന്നെ എപ്പോ കരയാനാണ്?" അയാള് അവളുടെ ദുഃഖം കുത്തിയിളക്കുകയായിരുന്നു: "ചിരിപോലെതന്നെ കരച്ചിലും ദൈവം തരുന്നതാണ്. അതും നമ്മള് അനുഭവിക്കണം. കരഞ്ഞോ. ഓനെപ്പോലെ ഒരാങ്ങ്ട്യേ കിട്ടാന് നിനക്കു ഭാഗ്യമില്ലാതായിപ്പോയി. അതും ദൈവം വെച്ച തീര്‍പ്പാണ്. ഒരാഴ്ചയോ രണ്ടാഴ്ചയോ ഒരു മാസമോ നീ വിടാതെ കരഞ്ഞാലും അതില് തെറ്റില്ല. പക്ഷേ, കണ്ണീരു കുടിച്ചിറക്കരുത്. അത് ഉമികൊണ്ട് തീയ്യു മൂടാണ്. അതെന്താണെന്ന് എനിക്കറിയാം, മോളേ. പക്ഷേ, ഇതൊന്നും നീ ഒറ്റയ്ക്കല്ല അനുഭവിക്കുന്നത് എന്ന് കൂടക്കൂടെ ഓര്‍ത്താളാ. അതോണ്ട് വ്യസനം അടങ്ങിയിട്ടല്ല. എന്നാലും അവനവനെ നശിപ്പിക്കാനുള്ള വീറു കുറയും. ആട്ടെ, കുട്ടിയോട് എനിക്കൊന്നേ പറയാനുള്ളൂ: ഞാനിങ്ങനെ രണ്ടു കാലിമ്മലു നടക്കുന്ന കാലത്തോളം നീ അനാഥയായിപ്പോവില്ല. അതേ മനുഷ്യനു ചെയ്യാന് കഴിയൂ. പിന്നെയൊക്കെ ദൈവത്തെ തേട്, മോളേ!...."

സുലൈമാന്റെ സാന്ത്വനത്തോടൊപ്പം രാധയുടെ കരച്ചില് ഏറിയേറി വരികയാണുണ്ടായത്. അതങ്ങനെതന്നെയാണ് വേണ്ടത് എന്നൊരു

മട്ടായിരുന്ന സുലൈമാനും. അയാള് ഭക്ഷണം കൊണ്ടുവരാന് ഏര്പ്പാടുചെയ്തിരുന്ന. അത് എത്തി.

"എനിക്കു വേണ്ടാ."

"എത്ര ദിവസം വേണ്ടെന്നുവയ്ക്കും? ഇതോണ്ടൊന്നും ആര്ക്കും ഗുണം കിട്ടാന് പോകുന്നില്ല. നിനക്കിത്തിരി കഥയുണ്ടെന്നാണ് ഞാന് വിചാരിച്ചിട്ടുള്ളത്. കുളിക്ക്, എന്നിട്ട് ഊണുകഴിക്ക്! എട്ടുംപൊട്ടും തിരിയാത്ത പെണ്ണുങ്ങളെപ്പോലെ, വിഡ്ഢിത്തം കാണിക്കാതിരിക്ക്. ഇതൊക്കെ ചെയ്യേണ്ടത് എന്റെ ഖദീജയെപ്പോലുള്ളോരാ, ഉം. എഴുന്നേല്ക്ക്..."

സുലൈമാന്റെ നിര്ബന്ധം മൂത്തപ്പോള് അവള് എഴുന്നേറ്റു; കുളിച്ചു. ഭക്ഷണം കഴിച്ചു.

പിറ്റേന്നും അതിന്റെ പിറ്റേന്നും ആ വൃദ്ധന് വന്ന് അവളെ ശാസിച്ച് ഊണുകഴിപ്പിച്ചു. എന്നല്ല, ഖദീജയുടെ മകളെ അവിടേക്ക് സഹായത്തിനയയ്ക്കുകയും ചെയ്തു. നാലു ദിവസം കഴിഞ്ഞപ്പോള് അവള് കമ്പനിയിലേക്കു പുറപ്പെട്ടു. ഈ വര്ത്തമാനം മകള് മുഖാന്തിരം അറിഞ്ഞ സുലൈമാന് വന്ന തടുത്തു പറഞ്ഞു:

"വേണ്ടാ, ഇപ്പോ പോണ്ടാ."

"വെറുതെ ഇരുന്നാലാണ് കഴിച്ചൂട്ടാന് വിഷമം."

"അതു നേരാ. പക്ഷേ, ഒരാഴ്ചകൂടി കഴിഞ്ഞോട്ടെ. കമ്പനിയിലെ മേസ്തിരീനെ കണ്ടു ഞാന് പറഞ്ഞിട്ടുണ്ട്."

"എന്ത്?" രാധ പെട്ടെന്ന ചോദിച്ചു.

"നിനക്കു സുഖമില്ല, ഒരാഴ്ചകൂടി കഴിഞ്ഞേ വരൂ എന്ന്."

"ഉം." അവളൊന്ന മൂളി.

പിന്നെയും നയ്യാര്ഹോട്ടലിലെ ഭക്ഷണം വന്നുകൊണ്ടേയിരുന്ന. അത് അസുഖകരമായി രാധയ്ക്കു തോന്നി. അവള് ഖദീജയുടെ മകളോടു പറഞ്ഞു:

"ഇനി ചോറു കൊടുത്തയയ്ക്കേണ്ടെന്ന് ബാപ്പയോടു പറയൂ. ഞാനിവിടെ വെച്ചോളാം. എനിക്കതാണ് സുഖം."

സുലൈമാന് അതു സമ്മതിച്ചു.

ഒന്നരണ്ടാഴ്ച വീണ്ടും കടന്നുപോയി. എന്നിട്ടാണ് രാധ കമ്പനിയില് പോയത്. തന്നെയാണ് എല്ലാവരും തുറിച്ചുനോക്കുന്നതെന്ന് രാധയ്ക്കു തോന്നി. ആയിരം കണ്ണുകള്ക്കു ശരവ്യമായിരിക്കുന്നത് അസ്വാസ്ഥ്യജനകമായിരുന്ന. അവളുടെ വിചാരം നേരാണ്. ആളുകള്ക്കു പലതും അറിയാം; ചിലര്ക്ക് ആവശ്യത്തിലധികമറിയാം. അതുകൊണ്ട് രാധയുടെ തിരിച്ചുവരവ് അവരെ ഉത്കണ്ഠാകുലരാക്കി. എല്ലാ കണ്ണുകളും അവളുടെമേല് വന്നുവീഴുകയും ചെയ്തു. എങ്കിലും ആരുമൊന്നും ചോദിച്ചില്ല. പക്ഷേ, ഒന്നിലേക്കുതന്നെ നോട്ടമുറപ്പിച്ചുകൊണ്ടിരിക്കാന് നിത്യനൂതനമായ ജീവിതം ആരെയും സമ്മതിക്കില്ല. ആഴ്ചകള് കഴിഞ്ഞപ്പോള് ആ ദൃഷ്ടികള് രാധയുടെ അരികെനിന്നു പോയി. അവ പുതിയ ഇരകള് തേടിപ്പോകയാണ്. അവളുടെ മുമ്പിലൂടെ

കടന്നുപോകുമ്പോള് മാത്രം അവര് വിചാരിച്ചു: 'പാവം!'

പതുക്കെപ്പതുക്കെ ആ പാവംതോന്നലും ഇല്ലാതായി. രാധയും പലതിലൊന്നായി. കൊഴിഞ്ഞ ഇലകളെപ്പറ്റി ഏറെനേരം ആലോചിച്ചിരിക്കാന് സാദ്ധ്യമല്ല. പ്രപഞ്ചത്തിനു പുതിയപുതിയ തളിരുകള് കുമ്പിവരുന്നു. ആളുകള്, മറ്റെല്ലാവരോടുമെന്നപോലെ, രാധയോടും പറയാന് തുടങ്ങി: "രാധേ, ആ കത്തിരി ഇങ്ങു നീക്കു; നിന്റെ ഹുക്ക് സൂചിയൊന്നു നോക്കട്ടെ; ഈ തടിനൂലു കണ്ടോ?" അങ്ങനെ പലതും.

അത് രാധയ്ക്ക് ആശ്വാസകരമായിത്തോന്നി. സഹതാപം ഒരു ബഹുജനപ്രസ്ഥാനമായി ഒരാളുടെ നേര്ക്കു വന്നാല് അതസഹ്യമാണ്. ഉണ്ടായതിലധികം ആപത്തു വന്നുചേര്ന്നുവെന്നും താന് അതില് മുങ്ങിപ്പോയിരിക്കുന്നുവെന്നും തോന്നും. താന് ഇല്ലാതായിരിക്കുന്നുവെന്നതാണല്ലോ എല്ലാറ്റിലും വലിയ ദുഃഖം. ആ അവസ്ഥയില്നിന്ന് രാധയ്ക്ക മോചനം കിട്ടുകയായിരുന്നു. അവള് ജോലിയില് മുഴുകി. വീട്ടിലെത്തിയാല് ഖദീജയുടെ മകള് അവളെ നിശ്ശബ്ദയാകാനും സമ്മതിച്ചില്ല.

"ഇങ്ങടെ താടിക്കു ചോട്ടില്ള്ള ഈ അരിമ്പാറ ഒരു അരിമ്പാറ്യാന്നു തോന്നുലാ." അവള് രാധയോടു പറഞ്ഞു: "മോറു നന്ന്ച്ചാല് അരിമ്പാറച്ചും ചന്തണ്ട്ട്ടോ." എന്നിട്ട് അവളൊന്നു പൊട്ടിച്ചിരിച്ചു. രാധ മന്ദസ്മിതംകൊണ്ടു.

ളിമ്പക്കാരിയായ ആ പെണ്കിടാവിന്റെ നേരമ്പോക്കുകളും അവളുടെ പിതാവിന്റെ പരുക്കന് സ്നേഹപ്രകടനങ്ങളുംകൂടി രാധയ്ക്ക ശ്വസിക്കാന് കൊള്ളാവുന്ന ഒരന്തരീക്ഷം സൃഷ്ടിച്ചുകൊടുത്തു. അവള് അല്പാല്പം ശുദ്ധവായു ശ്വസിക്കുവാനും തുടങ്ങി. എങ്കിലും കഠോരമായ ഒരു നെടുവീര്പ്പു കൂടെക്കൂടെ അവളുടെ നെഞ്ചിടം കീറിക്കൊണ്ടു പുറത്തേക്കു വരാതിരുന്നില്ല. അപ്പോഴൊക്കെ രാധ വിചാരിക്കുകയും ചെയ്തു; എല്ലാം കഴിഞ്ഞു.

ഏറ്റവും വിഷമം അവളെ വലയം ചെയ്ത ശൂന്യതാബോധത്തില് നിന്നു വിട്ടുപോരുന്നതായിരുന്നു. ലോകം മുഴുവന് തലേന്നാളത്തെപ്പോലെ. മരച്ചാപ്പകളില് അപ്പോഴും തിരുതകൃതിയായി പണിലോറികള് ഓടിക്കൊണ്ടിരിക്കുന്നു. തീവണ്ടിയും കൂക്കിവിളിക്കുന്നു. അവയില് തിക്കിത്തിരക്കിയും ചവിട്ടുപടിയിന്മേല് പിടിച്ചുതൂങ്ങിയും ആളുകള്. ഇഴഞ്ഞു നീങ്ങുന്ന കാളവണ്ടികള്. അരിസ്റ്റോറുകള്ക്കു മുമ്പില് വട്ടിയുമായി ക്യൂ നില്ക്കുന്ന ആളുകള്. യന്ത്രശാലകളുടെ പുകക്കുഴലുകള് അനവരതം പുകയുകയാണ്. ഒന്നിനുമില്ല മാറ്റം. എങ്കിലും ലോകം ആകെ ശൂന്യമായ പോലെ ഒരു തോന്നല്. താന് ഒരു തൊണ്ടായതുപോലെയും. അതു വേദനാകരമായിരുന്നു.

പക്ഷേ, ശൂന്യത ദീര്ഘകാലത്തേക്ക് അനുവദിക്കപ്പെടുകയില്ല. പുതിയ പുതിയ സംഭവങ്ങളാണ് ഒഴുകിവന്നു നിറയുന്നത്. അതിനിടയ്ക്ക് ഖദീജയുടെ മകള്ക്ക് ഒരു കല്യാണാലോചന വന്നു. അവള്ക്കിഷ്ടമാണെന്നു രാധയ്ക്ക

തോന്നിയില്ല. എങ്കിലും അവള് സ്വകാര്യമായി പറഞ്ഞതിങ്ങനെയാണ്:

“ദോക്കി, ഇക്ക് പുത്യാപ്ലേനെ പുടിച്ച്.”

“നേരോ?”

“തന്നോന്നും.”

“നീ പുത്യാപ്ലേനെ കണ്ടിരിക്കുന്നോ?”

“ഇല്ല.”

“പിന്നെ?”

“നല്ലോനാത്രെ. ബാപ്പ പറഞ്ഞു; ഉമ്മീം പറഞ്ഞ്. പിന്നെ ഹസ്സന്കുട്ടിക്കീം പറഞ്ഞ്.”

രാധ അവളുടെ കണ്ണിലേക്ക് ഒന്ന് ഊന്നിനോക്കി ചോദിച്ചു:

“നേരു പറയൂ, നിനക്കിഷ്ടമാണോ?”

അതിന് ആ കളിമ്പക്കാരി മറുപടി പറഞ്ഞില്ല. രാധ ചോദ്യം ആവര്ത്തിച്ചപ്പോള് ഒരു വിഷാദഭാവം അവളുടെ മുഖത്തു കളിയാടി.

അവള് വിരല് ഞൊടിച്ചുകൊണ്ട് കീഴ്പോട്ടു നോക്കി: “കൊതിച്ചതു കിട്ടില്ലാന്നും. പടച്ചോന് ബെച്ചതേ ബര്രു.”

“അപ്പോ, നീ ഒന്നു കൊതിച്ചിരുന്നു?”

“അക്കിളിയൊക്കെ പാറിപ്പോയി.”

“എവിടെപ്പോയി.”

“കുട്ടിന്നുള്ളിലേക്ക്.”

“എന്നുവെച്ചാല്?”

“ഇങ്ങള് ബെറുക്കനെ ഇരിക്കീന്നും. ഇക്ക് ഇപ്പുത്യാപ്ലേനെത്തന്നെ മതി. ഞമ്മള് അജ്ജാളെ സിനേഹിക്കും. അപ്പോ, അജ്ജാളുക്ക് ഞമ്മളീം സിനേഹാവും. സിനേഹം ലബ്ബറ്പന്തിന്റെ ചേലിക്കാന്ന് ബാപ്പ പറേന്നതേര്ക്കും നേര്!”

ആ കളിമ്പക്കാരിപ്പെണ്ണില്നിന്ന് ഇങ്ങനെയൊരു വാക്ക് രാധ പ്രതീക്ഷിച്ചതല്ല, രാധ ആ പെണ്കിടാവിന്റെ ചുമലില് കൈവച്ചുകൊണ്ടു ചോദിച്ചു: “നീ മനസ്സില്ത്തട്ടിയാണോ ഇതു പറയുന്നത്?”

“പടച്ചോനാ നേര്!”

രാധ എന്തോ ചിന്തയിലാണ്ടു സ്വല്പനേരം നിന്നു.

‘എന്തിരുത്താന്നും ഇങ്ങള് ആലോസിക്ക്ന്ന്? ഞമ്മടെ പുത്യാപ്ലേനേപ്പറ്റിയാണോ?”

“ഉം.” രാധയൊന്നു മൂളുകമാത്രം ചെയ്തു.

‘അതെന്താപ്പോ ഇത്ര നെനയ്ക്കാനുള്ളത്? പുത്യാപ്ല എന്തായാലും പുത്യാപ്ലതന്നെ.”

“എന്നാലും...”

“എന്തിരുത്താന്നും പിന്നെ ഒരെന്നാല്? ഞമ്മളെ കെട്ടിയോന് ഞമ്മടെ പുത്യാപ്ലേല്ലേ? ഓനെ സിനേഹിക്കേണ്ടിതു ഞമ്മട മൊറയാ.”

“അതേ.”

“ഇങ്ങക്കിപ്പോഴും ബിസ്വാസായില്ല. അജ്ജാള് നല്ലോനായിരിക്കോ? മൊഞ്ചുണ്ടാവോ? മനസ്സിപ്പിടുത്തം ഉണ്ടാവോ? അങ്ങനെ ഓരോന്ന് ആലോസിക്കാ, അമ്മക്കുട്ടീ, അങ്ങനെ ഞമ്മള് ആലോസിക്കരുത്.”

“എന്തുകൊണ്ട്?”

“പടച്ചോനെതിരായി ഞമ്മളൊന്നും ശെയ്തില്ല. ഒടപ്പിറപ്പീങ്ങളെ ഒന്നും കസ്റ്റത്തിലാക്കീല. പിന്നെ എന്തിരുത്തിനാന്നും പടച്ചോന് ഞമ്മളെ ശിച്ചിക്ക്ന്ന്? ഈത്തപ്പയത്തിന്റെ കുരു നട്ടാല് ബേപ്പിന്തയ്യാ മൊള്ച്ചാ?”

ആ പെണ്കിടാവ് ഒന്നു കുലുങ്ങിച്ചിരിക്കുകയും ചെയ്തു.

രാധ അവളെ നോക്കിനിന്നു. ഒരു കെട്ടുപിണച്ചിലില്ലാത്ത ജീവിതം സൂര്യരശ്മിപോലെയുള്ള ഒരു കന്യക. രാധ അവളുടെ ചുമലില് കൈ വച്ചുകൊണ്ടു പറഞ്ഞു:

“ദൈവം നിനക്കു നല്ലതേ വരുത്തൂ, അനിയത്തീ. ആര്ക്കും നിന്നെ ദുഃഖിപ്പിക്കാന് തോന്നില്ല.”

“നേരാ.” അവളും സമ്മതിച്ചു.

ആ സൂര്യകിരണത്തെ നോക്കിക്കൊണ്ടുതന്നെ രാധ നിന്നു. ഒന്നുമറിഞ്ഞുകൂടാത്ത ആ പെണ്കുട്ടിയില്നിന്ന് ഒരു വെളിച്ചം തന്നിലേക്കു കടന്നു വരുന്നതുപോലെ തോന്നി.

ഏഴ്

ആ വാര്ത്ത ലോകത്തെ ഞെട്ടിച്ചു.

ഒരു പട്ടണവും അതിലെ ജീവജാലങ്ങളും മുഴുവന് കത്തിക്കരിഞ്ഞു ചാമ്പലായി. ഹിരോഷിമയിലെ അണുബോംബുപ്രയോഗം ജപ്പാന് സാമ്രാജ്യത്തെ മാത്രമല്ല മനുഷ്യഹൃദയത്തെ മുഴുവന് ഇട്ടു കുലുക്കി.

ബോംബിടുക, നശിപ്പിക്കുക തുടങ്ങിയ വാക്കുകള് ആളുകള്ക്കു സുപരിചിതങ്ങളായിരുന്നു. മരണം സാധാരണസംഭവമായിട്ടുണ്ട്. എല്ലാ ദിവസവും പത്രം നിവര്ത്തുന്നതു കുറെ മരണങ്ങളും തകര്ച്ചകളും വായിക്കാനാണ്. ഇത്ര മനുഷ്യര് മരിച്ചു, ഇത്ര പാലം പൊളിഞ്ഞു, ഇത്ര നാഴിക മുന്നേറി, അഥവാ പിന്വാങ്ങി--ഈ വാര്ത്തകളെല്ലാം ഒരു പുതുമയുണ്ടാക്കിയില്ല. പക്ഷേ, ആയിരക്കണക്കിലുള്ള ആ മരണങ്ങള്ക്കു ഹൃദയത്തെ സ്പര്ശിക്കുവാന് കഴിയാതായിരിക്കുന്നു. അയല്പക്കത്തെ ആട്ടിന് കുട്ടിയുടെ കാലൊടിഞ്ഞാല്ക്കൂടി മനോവേദന അനുഭവിക്കുന്ന അമ്മമാരും മക്കളോടു ചോദിച്ചു:

“ഇന്നത്തെ വാര്ത്തയെന്താ? എത്രയാള് മരിച്ചു?”

“ആകെ നാന്നൂറ്!”

“തോല്മയും ജയവും പറയാറായില്ല, ഉവ്വോ?”

“കടലാസ്സില് ജയിക്കുന്നതൊക്കെ ബ്രിട്ടനാണ്.”

“കല്ക്കിയുടെ അവതാരം അടുത്തുവെന്നാണ് തോന്നുന്നത്.”

“ആരെങ്കിലും കാര്യമായി ഒന്നവതരിക്കണം. അതിനു വൈകിയിരിക്കുന്നു.” വര്‍ത്തമാനക്കടലാസ് മറിച്ചുനോക്കിക്കൊണ്ടു മകനും പറഞ്ഞു. ബോധപൂര്‍വ്വമല്ലെങ്കിലും ഒരു ഭയങ്കരവിനാശം ആളുകള് പ്രതീക്ഷിച്ചിരുന്നു.

എന്നിട്ടും ആ വാര്‍ത്ത ഞെട്ടിച്ചു. ഒരൊറ്റ ബോംബുകൊണ്ട് ഒരു പ്രദേശം മുഴുവന് ധൂളിപടലങ്ങളായി മാറുക; പദാര്‍ത്ഥപ്രപഞ്ചമാകെ ആവിയായിപ്പോവുക! ഹിരോഷിമയില് നിന്നുള്ള റിപ്പോര്‍ട്ടുകള് ആളുകളുടെ ഭാവനയില് അസ്പഷ്ടങ്ങളും ഭീതിജനകങ്ങളുമായ ചിത്രപരമ്പരകള് സൃഷ്ടിച്ചു.

മരണങ്ങളാണ് അവിടെ നടന്നതെന്നല്ല തോന്നിയത്; ലോകത്തിന്റെ ഒരു ഭാഗം ആവിയായിപ്പോയി എന്നാണ്. വയലുകളുടെ നടുവിലൂടെ പോകുന്ന ചെമ്മണ്‍നിരത്തില് കാളവണ്ടിയും തെളിച്ചുകൊണ്ട് ഒരു ചെറുപ്പക്കാരന് പോകുന്നു. അവന്റെ ഹൃദയത്തില് പല പ്ലാനുകളുമുണ്ട്. ഈ യുദ്ധമൊന്നു കഴിയണം; എന്നിട്ടുവേണം ഒരു കല്യാണം കഴിക്കാന്. അവന്റെ കാമിനി വിയറ്റ്നാമിലാണ്. തടവുകാരിയാണ്! അവളുടെ അമ്മ ഇന്തോനേഷ്യക്കാരിയാണ്. അച്ഛന് ജപ്പാന്കാരനും. ഈ യുദ്ധമൊന്നവസാനിച്ചാല് അവന്റെ കാമിനി മുക്തയാകും; അവര് കല്യാണം കഴിക്കും; ഒരു കുടുംബം ആരംഭിക്കും. അയാള്ക്ക് അവളോട് പലതും പറയാനുണ്ട്. അവള്ക്കും കുറെ പറയാന് കാണും. അതിനെപ്പറ്റിയെല്ലാം ആലോചിച്ചപ്പോള് ഒരുന്മേഷം. ഏതോ പഴയ ജാപ്പനീസ് നാടോടിപ്പാട്ട് അവന് മൂളിത്തുടങ്ങി. ആ പാട്ടു മുഴുമിച്ചില്ല; പെട്ടെന്ന് അവന് ഇല്ലാതായി. വണ്ടിക്കാരനും വണ്ടിയും കാളയുമെല്ലാം ആവിയായിപ്പോയി.

അമ്മ സ്കൂളില്നിന്നു വരാനുള്ള മകനെ പ്രതീക്ഷിച്ചിരുന്നു. കാലത്തെ ഭക്ഷണം കഴിച്ചുപോയതാണ്. കുഞ്ഞിനു വിശക്കുന്നുണ്ടാവും. അമ്മ പുറത്തേക്കു നോക്കിക്കൊണ്ടിരുന്നു. ദൂരേനിന്നു മകന്റെ കൊച്ചുതല കണ്ടു. പെട്ടെന്ന് അമ്മയും മകനും അദൃശ്യരായി. രണ്ടുപേരും ആവിയായിപ്പോയി.

എഴുപത്തഞ്ചു വയസ്സായ കൃഷിക്കാരന് മരിച്ചു. അയാളുടെ രണ്ടാണ്മക്കളും പട്ടാളത്തിലാണ്. മകള് യുദ്ധത്താല് വിധവയാക്കപ്പെട്ടിരിക്കുന്നു. പേരക്കുട്ടിയും യുദ്ധത്തില് തന്നെ---അങ്ങനെയിരിക്കുമ്പോള് കിഴവനങ്ങു മരിച്ചു. അയല്പക്കക്കാര് ശ്മശാനത്തിലേക്ക് അയാളെ താങ്ങിക്കൊണ്ടു പോവുകയാണ്. ശവസംസ്കാരസംഘം പതിഞ്ഞ സ്വരത്തില് ഏതോ മന്ത്രമുച്ചരിക്കുന്നുണ്ട്. പെട്ടെന്നു മന്ത്രം നിന്നു. ശവവുമില്ല; ശവസംസ്കാരസംഘവുമില്ല; എല്ലാം ആവിയായിപ്പോയി.

പ്രസവം നടക്കുന്നു. പകുതി പുറത്തേക്കു വന്ന കുഞ്ഞും അമ്മയും ആവിയായിപ്പോയി. പാറിപ്പോകുന്ന കിളികളും ഓടിപ്പോകുന്ന മൃഗങ്ങളും പെട്ടെന്ന് അദൃശ്യമാകുന്നു. ഇങ്ങനെ പല ചിത്രങ്ങളുമാണ് ആളുകളുടെ ഉള്ളില് പതിഞ്ഞത്.

മരണവും കൊലപാതകവും മനസ്സിലാക്കാമായിരുന്നു. എന്നാല് ഈ അലിഞ്ഞുപോക്ക് വല്ലാത്തൊരു ഭീകരവിചാരം സൃഷ്ടിച്ചു.

‘സമസ്തജീവരാശികളും ആവിയായിപ്പോകും. ഒരു കണക്കില് അതും നല്ലതാ.’ നാറാണപിള്ള വിചാരിച്ചു.

ഇനി ഇപ്പോള്, എവിടെ ഇതാവര്ത്തിക്കും? ആളുകള് ആലോചിച്ചു. പക്ഷേ, ഭാഗ്യമെന്നു പറയട്ടെ, ആവര്ത്തിക്കേണ്ടി വന്നില്ല. ജപ്പാന് കീഴടങ്ങി.

പിന്നെ പടുതിരികത്തലായി, ജര്മ്മനി കീഴടക്കപ്പെടുവാന് താമസമുണ്ടായില്ല.

ഒരു വെടിക്കെട്ടു കഴിഞ്ഞ അന്തരീക്ഷംപോലെയായിരുന്നു.

ശബ്ദങ്ങള് നിന്നു, വീരവാദങ്ങള് നിന്നു; പത്രങ്ങളുടെ വില്പനയും സ്വല്പം കുറഞ്ഞു. പട്ടിണിയും രോഗങ്ങളും കണ്ണുനീരും മാത്രം ബാക്കി നിന്നു. രൗദ്രംചൊല്ലിയാടിക്കഴിഞ്ഞു; ഇരുട്ടുമൂടിയ അന്തരീക്ഷത്തില് ശോകത്തിന്റെ പതിഞ്ഞ ഈണംമാത്രം.

എന്നിട്ടും പാര്ട്ടികളും ആളുകളും തമ്മിലുള്ള വൈരംമാത്രം മാറിയില്ല. കാരണവുമുണ്ടായിരുന്നു. യുദ്ധം ഇവിടെ ഒരു കഥയായിരുന്നു. കൂട്ടായ വേദനകള് അനുഭവപ്പെട്ടില്ല. അതിന്റെ ദ്രോഹം കലശലായി ഉണ്ടായില്ല. ഗുണങ്ങളൊന്നും കിട്ടിയതുമില്ല. കാര്യമായ മാറ്റങ്ങള് സംഭവിച്ചില്ല. മനോഭാവത്തിലും മാറ്റങ്ങള് വന്നില്ല. നാറാണപിള്ള അപ്പോഴും ഓട്ടുകമ്പനിയിലേക്കും വീട്ടിലേക്കും പോയും വന്നുംകൊണ്ടിരുന്നു. ഹസ്സന് മരവണ്ടി ഉന്തുകതന്നെ.

“പരുത്ത ജഹള! എത്രണ്ണാ ബന്നാട്ക്ക്ണ്!” ഹസ്സനാണ് ആ വാര്ത്ത നാറാണപിള്ളയെ അറിയിച്ചത്.

“ആര്? എന്ത്?”

“പട്ടാളക്കാര്! ഇന്നു ടേഷനില് നിറച്ചും അബര്തന്നെ.”

“റേഷനരി കുറച്ചുകൂടി കുറയും. വേറെ വിശേഷമൊന്നുമില്ല.”

“കപ്പച്ചും പാടെ ബെല കേറും. ബല്യേ എടങ്ങേറായി.”

“ഹെയ്! യുദ്ധംചെയ്യുന്നതു നന്നാവാനല്യോ, അനിയാ.” നാറാണ പിള്ള പരിഹാസസ്വരത്തില് തുടര്ന്നു: “യുദ്ധങ്ങളില്ലാതാക്കാനുള്ള യുദ്ധമല്യോ, അനിയാ, കണ്ടോ! ഇനി യുദ്ധം നമ്മുടെ നാട്ടിലാകും.”

“എന്തിന്?”

“പട്ടിണികിടക്കുമ്പോള്, കോപം തന്നെത്താന് വരും. നീ ജീവിക്കുന്നതുകൊണ്ടാണ് എനിക്കു ദുരിതം എന്നു വെറുതെയങ്ങു തോന്നും. മനുഷ്യേര് അരികെ വരുമ്പം വെറുപ്പുതോന്നും. ചീത്തവിളിക്കും. അടികലശലുമുണ്ടാകും. ബോംബില്ലാത്തതുകൊണ്ടു കത്തിയൂരും.” പിള്ള ഒരു നെടുവീര്പ്പോടെ തുടര്ന്നു: “നടക്കട്ടെ, നാടകം!”

അങ്ങോര് ഒരു വഴിക്കു വെച്ചടിച്ചു. പത്തടി നടന്നില്ല, എതിരെ വരുന്ന പട്ടാളക്കാരെ കണ്ടു. പൂരം കഴിഞ്ഞു തിരിച്ചുവരുന്നവരെപ്പറ്റി നാറാണ പിള്ള ആലോചിച്ചു. ഇതും ഒരു പൂരംതന്നെ!

ദിവസവും പട്ടാളക്കാര് വണ്ടിയിറങ്ങി. അവരെ സ്വീകരിക്കാന് ഭാര്യ മാരും

അച്ഛന്മാരും മക്കളും റെയില്‌വേസ്റ്റേഷനില് തിങ്ങിക്കൂടി.

അവരുടെ തിരിച്ചുവരവ് പലപ്പോഴും രാധയുടെ കണ്ണില്പെട്ടു. കമ്പനിയിലേക്കു പോകുമ്പോഴും തിരിച്ചുപോരുമ്പോഴും കാണാം. എന്താഹ്ലാദമാണ് അവരുടെ മുഖത്ത്!

ആ കാഴ്ച അസഹ്യമായിരുന്നു. അകത്ത് ഒതുക്കിവെച്ച പലതിനെയും കുത്തിയിളക്കുന്നു. എല്ലാവര്ക്കും യുദ്ധം കഴിഞ്ഞു; അവള്ക്കു മാത്രമില്ല. അതൊരിക്കലും കഴിയില്ലെന്നും തോന്നി. ശവം കരിഞ്ഞ മണം ഈ മൂക്കില് എപ്പോഴും തങ്ങിനില്ക്കും.

തലേന്നാള് രാത്രി അയല്പക്കത്തുനിന്നു ചിരിയും കോലാഹലവും കേട്ട് അവള് ഞെട്ടിയുണര്ന്നു. കുറേക്കാലമായി മൂകമായിരുന്ന ആ വീട്. ആ മുസ്ലീംകുടുംബത്തില് ഒരമ്മയും മൂന്നു കുട്ടികളുമുണ്ട്. ഭര്ത്താവ് പട്ടാളത്തിലാണ്. അയാള് തിരിച്ചെത്തിയിരിക്കണം. കാലത്തെഴുന്നേറ്റപ്പോള് അവള് അന്വേഷിച്ചു.

“ആ കോയക്കുട്ടി പട്ടാളത്തില്നിന്നു തിരിച്ചുവന്ന ബഹളമാണ്.” ഗോപാലകൃഷ്ണന് പറഞ്ഞു.

കമ്പനിയിലും പലര്ക്കും ഉത്സാഹത്തള്ളലാണ്. മൂന്നു ദിവസമായി റോസക്കുട്ടിയുടെ മുഖത്തു സൂര്യന് ഉദിച്ചുനില്ക്കുകയാണ്. വിദേശങ്ങളെപ്പറ്റിയും പട്ടാളത്തെപ്പറ്റിയും ഈ മൂന്നു ദിവസത്തിനുള്ളില് അവള് കുറേ ജ്ഞാനം നേടിയിരിക്കുന്നു. ക്യാമ്പ്, കിറ്റ്ബാഗ്, ഗാര്ഡ്, വാറണ്ട്, അലവന്സ്, സാലറി, റൈഫിള്, ഫാമിലി--എന്നിങ്ങനെ ചില ഇംഗ്ലീഷ് വാക്കുകളും അവളുടെ സംഭാഷണത്തില് കലര്ന്നു. ഇതു കേട്ടു കൊണ്ടുനിന്ന യശോദയും വിട്ടില്ല. ഒമ്പതു ദിവസത്തെ ജ്ഞാനം നേടിയവളാണവള്. റജിമെന്റ്, ഇന്ഫന്ററി, സാപ്പേര്സ്--- മൈനേര്സ്---കോര്ട്ടുമാര്ഷല് ഇങ്ങനെ ചിലത് അവളും സംഭാഷണത്തില് മുഴക്കി.

ആ ികളുടെ വര്ത്തമാനമെല്ലാം രാധയുടെ ചെവിയില് വന്നുകൊള്ളുന്നു. മുഖത്ത് ഒരു പ്രതികരണവും പ്രത്യക്ഷപ്പെടാതിരിക്കാന് അവള് യത്നിക്കുകയാണ്.

കമ്പനിയില്നിന്നു പുറത്തുകടന്നാലും രക്ഷയില്ല. പട്ടാളത്തില്നിന്നുവന്നവരെ അങ്ങിങ്ങു കാണാം. ചായപ്പീടികയുടെ കോലായിലും ബീഡിക്കടകളുടെ മുന്വശത്തുംനിന്ന് അവരില് ചിലര് വീരകഥകള് വിവരിക്കുന്നു. കാക്കിക്കുപ്പായവും മുഴമീശയും വിലകുറഞ്ഞ സിഗരറ്റും കനത്ത ബൂട്ട്സും വൈദേശികച്ചുവ കലര്ത്തിയ സംഭാഷണവുംകൊണ്ട് അവരെ വേഗം തിരിച്ചറിയാം.

കുറച്ചു ദിവസത്തിന് അവരുടെയും അവരെപ്പറ്റിയുമുള്ള സംഭാഷണമായിരുന്ന എല്ലായിടത്തും. പതുക്കെപ്പതുക്കെ ചിലര് പാന്റുകള് അഴിച്ചുമാറ്റി മുണ്ടുടുക്കുവാന് തുടങ്ങി. ചിലരുടെ മീശയ്ക്ക് നീളം കുറഞ്ഞു. ചിലര് മീശ അമ്പേ വടിച്ചുകളഞ്ഞു. സിഗരറ്റിനുപകരം ബീഡി വലിക്കാന് തുടങ്ങി.

ഈ മാറ്റങ്ങളും രാധ ശ്രദ്ധിക്കാതിരുന്നില്ല. ഒരാഴ്ചകഴിഞ്ഞപ്പോള്

ഗോപാലകൃഷ്ണന്റെകൂടെ ഒരു മനുഷ്യന് പടികടന്നുവരുന്നതു രാധ സൂക്ഷിച്ചു. ഒരു കൊമ്പന്മീശക്കാരന്. അയാളുടെ കൈയില് ഒരു ട്രങ്കുപെട്ടിയുമുണ്ട്.

“ചേച്ചീ, ഈ പെട്ടി വിലയ്ക്കെടുക്കുന്നോ എന്ന്.”

“വേണ്ടാ.”

“ഓള്ഡായിട്ടില്ല.” കൊമ്പന്മീശക്കാരന് പറഞ്ഞു: “ലാസ്റ്റിയറില് നാഗ്പൂരില്നിന്നു വാങ്ങിയതാണ്. അന്നു സെവന്റീന് ആന്ഡ് ഹാഫ് റുപ്പീസ് കൊടുത്തു. പക്ഷേ--”

“ഇവിടെ വേണ്ടാ.”

അവള് അകത്തേക്കു പോയി. മീശക്കാരന് കുറച്ചുനേരം അവിടെ നിന്നു പതുങ്ങി. എന്നിട്ട്, ഒരു ബീഡി കത്തിച്ച് ഒരു സ്റ്റൈലന് വലി വലിച്ചു പെട്ടിയും തൂക്കി പുറത്തേക്കു പോയി. അയാള് പോയെന്നു മനസ്സിലായപ്പോള് രാധ പുറത്തുവന്നു പറഞ്ഞു:

“അനിയന്, ഇനീ ഇത്തരക്കാരെ ഇങ്ങോട്ടു കൂട്ടി വരരുത്, ഇത്തരത്തിലുള്ള ഒന്നും ഇവിടെ വേണ്ടാ.”

പട്ടാളക്കാര് സാധാരണക്കാരായി മാറുകയായിരുന്നു. അവരുടെ ചുറ്റുമുണ്ടായിരുന്ന പരിവേഷങ്ങള് കൊഴിഞ്ഞുപോയി. ശൂന്യമായ ജീവിതം മുമ്പില് നീണ്ടുകിടക്കുകയാണ്. കോടതി ശിപായിമാരുടെയും വാച്ചുമേന്മാരുടെയും ക്ലാര്ക്കുമാരുടെയും പണിക്കു ഹര്ജികള് എഴുതുന്ന തിരക്കായി. അവയുമായി ആപ്പീസുകളുടെ പടിക്കല് ഭജനവും തുടങ്ങി.

ഇക്കാലത്ത് നാറാണപിള്ള രണ്ടു സാധനങ്ങള് സമ്പാദിച്ചു. ഒരു കമ്പിളിക്കുപ്പായം, കാലില്കെട്ടാന് ഒരുജോഡി പട്ടീസും.

“ഇങ്ങക്കെന്തിനാന്നും പട്ടീസ്?” ഹസ്സന് ചോദിച്ചു.

‘മകരത്തണുപ്പിന് ഇവനൊരു മരുന്നാകും. യുദ്ധാംകൊണ്ടു നമുക്കും ചില നേട്ടങ്ങളുണ്ടാകണമല്ലോ, അനിയാ!”

മഴക്കാലത്തു കുത്തിയൊലിച്ചുവരുന്ന വെള്ളംപോലെയായിരുന്നു പട്ടാളക്കാരുടെ തിരിച്ചുവരവ്---നിറപ്പകിട്ടോടും ഓളത്തള്ളലോടുംകൂടി. പതുക്കെപ്പതുക്കെ ഒഴുക്കു നിന്നു. ഓരോയിടത്തു തളംകെട്ടിനിന്ന വെള്ളത്തിന്റെ നിറവും തള്ളലുമെല്ലാം പോയി. അതും സാധാരണ വെള്ളംതന്നെ.

ചിലര് നിറംമങ്ങുന്നതിനുമുമ്പേതന്നെ ഓരോ കല്യാണവും തരമാക്കി. അവരുടെ കൈയില് മധുവിധുകാലം കഴിയുന്നതുവരെ സിഗരറ്റുതന്നെ വലിക്കാന് കാശുണ്ടായിരുന്നു.

കൂടയും താഴ്ത്തിപ്പിടിച്ചു ചെറിയൊരു പലഹാരപ്പൊതിയുമായി നിറപ്പകിട്ടുമങ്ങാത്ത വ ങ്ങളോടുകൂടി ഭാര്യമാര് ഭര്ത്താക്കന്മാരുടെ പിമ്പേ വിരുന്നുപോകുന്ന കാഴ്ച രാധ പലപ്പോഴും നോക്കിനിന്നിട്ടുണ്ട്. അപരിചിതരായ ആ വധൂവരന്മാര്ക്ക് ആശംസകള് നേര്ന്നിട്ടുണ്ട്.

“നന്നായി വരട്ടെ!”

അങ്ങനെ, ഒരിക്കല് പടിക്കലൂടെ കടന്നുപോകുന്ന ഒരു പുത്തന് പെണ്ണിനെ നോക്കി നില്ക്കുമ്പോള്, പിന്നില്നിന്നൊരു ചോദ്യം കേട്ടു:

“അമ്മക്കുട്ടി എന്തിരുത്താന്നും നോക്ക്ന്ന്?”

തിരിഞ്ഞുനോക്കി. ഖദീജയുടെ മകളാണ്.

“പുതുപ്പെണ്ണിനെ നോക്കാണോ?”

“അതേ.”

“അത് അയ്തുമാന്കുട്ടിക്കാന്റെ മോനും കെട്ടിയോളുമാണ്. മൂപ്പര് പട്ടാളത്തിലായിരുന്നോലോ. ബന്നപ്പം പിന്നെ ഒരു പെണ്ണുംകെട്ടി, നല്ല മൊഞ്ചുള്ള പെണ്ണ്ാ?”

“അതേ.”

“ഞമ്മളും ഇച്ചേലിക്ക് പുത്യാപ്ലേന്റെകൂടെ പൊഗ്രമ്പോ ഇങ്ങള് ഞമ്മളെ നോക്കിനിക്കണേ!”

രാധ തിരിഞ്ഞ് ആ പെണ്കിടാവിന്റെ മുഖത്തേക്കു നോക്കി. ആ മുഖത്ത് ഒരു പൂത്തിരി കത്തിച്ചുവെച്ചതുപോലെയുണ്ട്. രാധയും ചിരിച്ചു. എന്നിട്ടു പറഞ്ഞു:

“നീ പോകുമ്പോള് ഞാന് നോക്കിനില്ക്കുകയല്ല, കൂടെത്തന്നെ വരുന്നുണ്ട്.”

“നേരോ?”

“തീര്ച്ചയായും വരും.”

“ഞമ്മക്ക് പെരുത്ത് സൊഹം തോന്നും. പക്കെങ്കില്...”

“എന്തേ നിര്ത്തിയത്?”

“കാഫറിറ്റിങ്ങക്ക് ഞമ്മടെകൂടെ ബരാവോ?”

“ഞാനതിനു കാഫറല്ലല്ലോ!”

“ഇസ്ലാമാ?”

“അല്ല.”

“പിന്നെ?”

“മനുഷ്യരല്ലേ നമ്മളൊക്കെ!”

“അതെന്തോ. പക്കെങ്കില്, ഞമ്മളും ഇങ്ങളും ഉള്ള കാലം ഇപ്പോല ത്തന്നെ കയ്യേണം.”

“അതിനു നിന്റെ പുതിയാപ്ല സമ്മതിക്കുമോ?”

“സമ്മതിച്ചും. നല്ലോനാ. ഞമ്മള് പറഞ്ഞതൊക്കെ കേക്കും.”

തന്റെ ഭാവിയെപ്പറ്റി എത്രമേല് വ്യക്തമായ ധാരണയോടുകൂടിയാണ് ആ പെണ്കുട്ടി സംസാരിക്കുന്നത്! എന്തില്നിന്നും നല്ലതുമാത്രം പ്രതീക്ഷിക്കുന്ന ആ മനസ്സു പണ്ടു തനിക്കുമുണ്ടായിരുന്നതാണെന്നു രാധ ഓര്ത്തു. അന്നു കെട്ടുപിണഞ്ഞ കാര്യങ്ങളൊന്നും മനസ്സിലായിരുന്നില്ല. എങ്കിലും നന്മ പ്രതീക്ഷിക്കാനറിയാമായിരുന്നു. ഇന്നു കൂടുതല് കാര്യങ്ങള് തന്നെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, എപ്പോഴും ആശങ്കയാണ്, വേദനയാണ്.

“ഞമ്മളൊന്നു ചോയിച്ചട്ടെ?”

രാധ ആലോചിച്ചു നില്ക്കുന്നതു കണ്ടപ്പോള് ഖദീജയുടെ മകള് ചോദിച്ചു.

“ഉം?”

“ഇങ്ങളെപ്പൊളാ കല്യാണം കയിച്ചാ?”

രാധയുടെ മുഖം താണു.

“ഇതിലെന്തിരുത്താന്നും ഇപ്പോ നാണിച്ചാന്? പെങ്കുട്ട്യോളായാല് കല്യാണം കയിച്ചൂലേ?”

“ഇല്ല.” രാധ പതിഞ്ഞ സ്വരത്തില് പറഞ്ഞു: “ഞാന് അങ്ങനെയൊന്നുമാകില്ല.”

“ബെറുക്കനെ കുത്രിക്കിന്നും. ഇങ്ങളും കയിച്ചും കല്യാണം. ഇങ്ങടെ പുത്യാപ്ല–
–”

“നിര്ത്തു, കുട്ടീ.”

രാധയുടെ കണ്ണുകള് നിറഞ്ഞിരുന്നു. ഇത് ആ പെണ്കിടാവിന് അപ്രതീക്ഷിതമായിരുന്നു. സന്തോഷിപ്പിക്കാന്വേണ്ടി പറഞ്ഞതു സന്താപമാണുണ്ടാക്കിയതെന്നറിഞ്ഞപ്പോള് വേദന തോന്നി. പക്ഷേ, എന്തിനാണ് വേദനിക്കുന്നത്? അറിഞ്ഞുകൂടാ. അവള് സ്വല്പനേരം നിശ്ശബ്ദയായി നിന്നു. എന്നിട്ട് രാധയുടെ ചുമലില് പിടിച്ചുകൊണ്ടു പറഞ്ഞു:

“നോക്കീ, ഇങ്ങളെന്റെ ത്താത്താനെപ്പോലെയാണ്, ഇങ്ങക്കെന്തും ഞമ്മളോടു പറ്യാം. എന്തിരുത്തിനാ ഇങ്ങള് നൊമ്പരപ്പെടുന്നത്?”

“ഒന്നുമില്ല, കുട്ടീ.”

രാധ ഒന്നു നെടുവീര്പ്പിട്ടു.

“ഇങ്ങള്....” അവള് സ്വകാര്യമായി ചോദിച്ചു: “ബല്ലിച്ച മനിസന്മാരുമായി സിനേഹം കെട്ടീരുന്നോ?”

രാധ ഉത്തരം പറഞ്ഞില്ല. അവള് നിശ്ചലയായി നിന്നതേയുള്ളൂ. രാധയുടെ മൂകമായ ആ നില്പ്പില്നിന്ന് ഖദീജയുടെ മകള് എന്തൊക്കെയോ ഊഹിച്ചു. അവള് പറഞ്ഞു:

“നോക്കീ, കൊതിച്ചതൊന്നും കിട്ടൂലാ. ഞമ്മളും സിനേഹിച്ച്, കൊതിച്ച്. പക്കെങ്കില് അതൊരു കാഫറായിപ്പോയി. അപ്പൂതി നടക്കില്ല എന്നു ഞമ്മളുകണ്ടു. ഞമ്മടെ ആദ്യത്തെ കെട്ടിയോന് ചത്ത് എന്നങ്ങട്ട് ബെച്ച്!”

“അയ്യോ!” രാധ ചെവിപൊത്തിക്കൊണ്ടു തുടര്ന്നു: “നീ എന്തൊക്കെയാണ് പറയുന്നത്?”

“ഞമ്മടെ കൂട്ടത്തില് ഒരുത്തന് ചത്താല് ഇനിയൊരുത്തനെ കെട്ടാം. അച്ചേലിക്ക് കെട്ടുന്നോര്ക്കൊക്കെ സിനേഹം ഇല്ലുന്നോ നെനച്ചടക്ക്ണ്?” ഇങ്ങള് ബെറുക്കനെ ബിചാരപ്പെടേണ്ടാ. ഇങ്ങക്കും ബരും നല്ല ഒരു നാള്!”

രാധ മറുപടിയൊന്നും പറഞ്ഞില്ല. എന്തെങ്കിലും പറഞ്ഞാല് തന്നൊത്താന് പിടിച്ചൊതുക്കാന് കഴിയില്ലെന്നു രാധയ്ക്കു തോന്നി. ആ പെണ് കിടാവ് കുറച്ചുനേരം രാധയെ നോക്കിക്കൊണ്ടുനിന്നു.

‘ഞമ്മള് പിന്നെ ബരാ’ എന്നു പറഞ്ഞ് അവള് പുറത്തേക്കു പോയി. ആ പോക്കു നോക്കിനിന്നിട്ട് രാധ നെടുവീര്പ്പിട്ടു. അവള് തന്നെപ്പറ്റിയല്ല, ആ

പെണ്കുട്ടിയെപ്പറ്റിയാണ് അപ്പോള് വിചാരിച്ചിരുന്നത്.

വാതിലടച്ചു. എന്നിട്ട് അടുത്തുള്ള ബെഞ്ചില് ഇരുന്നു. ഒന്നും വ്യക്തമായി ആലോചിക്കാന് കഴിയുന്നില്ല. അകത്ത് ആകപ്പാടെ ഒരു ബഹളം. അങ്ങനെ എത്രനേരമിരുന്നുവെന്നറിഞ്ഞുകൂടാ.

വാതില്ക്കലൊരു മുട്ടുകേട്ടാണ് അവള് ഉണര്ന്നത്. വാതില് തുറന്നപ്പോള് സുലൈമാനെയാണ് മുമ്പില് കണ്ടത്. പിമ്പില് ഒരാള്കൂടിയുണ്ട്--വിശ്വം!

"ഹാര്!" രാധ അമ്പരന്നു നിന്നു.

"ഞാന്തന്നെ." വിശ്വം ചിരിച്ചു.

"എപ്പോ വന്നു?"

"ഇന്നലെ രാത്രി."

പിന്നെ കുറേനേരത്തിന് ആരും ഒന്നും മിണ്ടിയില്ല. സുലൈമാന് ഇരുപേരുടെയും മുഖത്തേക്കു നോക്കി. കുത്തിയൊലിച്ചുവന്ന വെള്ളം ഒരു കൊക്കറണിയില്ച്ചെന്നു ചാടി വട്ടംകറങ്ങുന്നതുപോലെ തോന്നി. ഇനി ഒഴുകണമെങ്കില് തടഞ്ഞുവെച്ച ചിറ ആരെങ്കിലും ചവിട്ടിപ്പൊട്ടിക്കുകതന്നെ വേണം. അയാള് ഇരുന്നു; വിശ്വത്തോടും ഇരിക്കാന് പറഞ്ഞു.

എന്നിട്ട് ഓരോന്നു പറയാന് തുടങ്ങി. ജയിലിലേക്കു പോകുമ്പോള് തന്റെ താടിയില് പകുതിയേ നരച്ചിരുന്നുള്ളൂ; തിരിച്ചുവന്നപ്പോള് ആകെ വെളുത്തുവെന്ന് അയാള് സ്മരിച്ചു. വിശ്വത്തിന്റെ ഉയരത്തെപ്പറ്റിയും സുലൈമാനു സ്വല്പം പറയാനുണ്ടായിരുന്നു. ചുറുചുറുന്നനെ വാക്കുകള് വിതറി; അന്തരീക്ഷത്തിന്നു ലാഘവം വെപ്പിക്കുവാനുള്ള യത്നമായിരുന്നു. വിശ്വം രണ്ടോ നാലോ വാക്കേ സംസാരിച്ചുള്ളൂ: രാധ ഒന്നോ രണ്ടോ വാക്കും. ശ്വാസംകഴിക്കാന് ജലവിതാനത്തിന്നു മുകളില് വരുന്ന മത്സ്യങ്ങളെപ്പോലെ, ഇടയ്ക്കിടെ നിതാന്തമൗനത്തിന്നു മുകളിലേക്ക് ഓരോ വാക്കുവന്നു തിരിച്ചുപോയി. ഒരു മണിക്കൂര് അങ്ങനെ കഴിഞ്ഞു. സുലൈമാന് എഴുന്നേറ്റു; വിശ്വവും. വിശ്വം പോകുന്നതു നോക്കിക്കൊണ്ട് രാധ പറഞ്ഞു:

"പാവം!"

പിറ്റേന്ന് വിശ്വനാഥന് ചെന്നപ്പോള് ഗോപാലകൃഷ്ണനും അവിടെയുണ്ടായിരുന്നു. അയാള് വിശ്വത്തെ അടിമുടിയൊന്നു നോക്കി. എന്നിട്ട് മുഖം വെട്ടിച്ചു നടന്നു.

"ഗോപാലകൃഷ്ണന് പോകയാണോ?"

"അതേ." നടന്നകലുമ്പോള് അയാള് വിളിച്ചുപറഞ്ഞു.

'നില്ക്കു."

"കുറച്ചു തിരക്കുണ്ട്."

അയാള് പോയി.

വിശ്വം രാധയുടെ മുഖത്തേക്കു നോക്കി; രാധ സ്വന്തം കാല്നഖത്തിലേക്കും.

"ഗോപാലകൃഷ്ണന് എന്തുപറ്റി?" വിശ്വം ചോദിച്ചു.

"പുതുതായി ഒന്നും സംഭവിച്ചില്ല; പഴയ മന്തത്തംതന്നെ." രാധ വന്ന കോപം

പുറത്തുകാട്ടാതെ പറഞ്ഞു.

“എങ്കിലും!”

“എങ്കിലൊന്നുമില്ല; അവന്റെ പഴയ വിഡ്ഢിത്തമൊക്കെ ഇപ്പോഴുമുണ്ട്.”

“ഞാന് ജയിലിലേക്കു പോകുമ്പോള് ഇവന് ഇങ്ങനെയായിരുന്നില്ലല്ലോ!”

“അതൊരു തെറ്റിദ്ധാരണയായിരുന്നു.” എന്നിട്ട് അവളൊന്ന് കുലുങ്ങിച്ചിരിച്ചു. അതോടെ അന്തരീക്ഷത്തിന്ന് ഒരു മാറ്റം വന്നു.

വിശ്വം ഓരോന്നു സംസാരിക്കുവാനും തുടങ്ങി; പഴയതും പുതിയതുമായ കഥകള് ഇടകലര്ന്നു. കുട്ടിക്കാലത്തെ ഒരനുഭവം പറഞ്ഞുകഴിഞ്ഞയുടനെ ജയിലിലെ ഒരനുഭവം. പിന്നെ വേറെ എന്തെങ്കിലുമൊന്ന്. രാധയ്ക്ക് സംഭാഷണം ഇഷ്ടമായി. വിശ്വത്തിന്ന് എന്തെങ്കിലും ചിലത് സംസാരിക്കണമെന്നേയുള്ളൂ. സ്നേഹമുള്ള ഒരു മനുഷ്യന്റെ ശബ്ദം കേട്ടുകൊണ്ടിരിക്കാന് രാധയും ഇഷ്ടപ്പെട്ടു. പതുക്കെപ്പതുക്കെ വിശ്വം രാ ീയവും രാ ാന്തരീയവും തൊഴില്പരവുമായ പ്രശ്നങ്ങളെപ്പറ്റി ദീര്ഘമായി സംസാരിച്ചു. രാധ കേട്ടുകൊണ്ടിരുന്നു. ജയിലിലേക്കു പോയ വിശ്വമല്ല തിരിച്ചുവന്നത്. ഈ കുറച്ചു കാലത്തിനുള്ളില് അയാളുടെ മനസ്സ് വളരെ വലുതായിരിക്കുന്നു. പലതും സഹിക്കാനും മറക്കാനും ഉചിതമാംവിധം ഓര്മ്മവയ്ക്കുവാനും അയാള് പഠിച്ചിരുന്നു. ജയില്ജീവിതം അയാളുടെ ചക്രവാളം പത്തിരട്ടി വലുതാക്കിയിരുന്നു.

വിശ്വനാഥന്റെ സംഭാഷണം കേട്ടുകൊണ്ടിരിക്കുമ്പോള് അയാളുടെ കുട്ടിക്കാലത്തെപ്പറ്റി രാധ ആലോചിച്ചു. ആ വിശ്വമാണോ ഇത്?

ഒടുവില് അയാള് എഴുന്നേറ്റു പോകാന് തുടങ്ങുമ്പോള് രാധ പറഞ്ഞു:

“കുടക്കുടെ വരണേ.”

“നാളെ വരാം.”

അയാള് പിറ്റേന്നും വന്നു; സംസാരിച്ചു; അതിന്റെ പിറ്റേന്നും. നാലു ദിവസം അങ്ങനെ കഴിഞ്ഞപ്പോള് ഗോപാലകൃഷ്ണന് ചോദിച്ചു:

“ഏടത്തീ, ആ വിദ്വാനെന്തിനാണ് നിത്യവും ഇവിടെ വരുന്നത്?”

“ഏതു വിദ്വാന്?”

“വിശ്വം.”

“വരാന് കാരണം അനിയന് മറന്നുപോയോ?”

“പക്ഷേ, അയാള് വല്ലാത്ത ഒരുവനാണ്.”

“അതേ.”

“എന്തും ചെയ്യാന് മടിയില്ലാത്തവനാണ്. കഴിഞ്ഞ കാലത്ത് എന്തൊക്കെയാണ് അയാള് ചെയ്തത്?”

“മുഴുവനും എനിക്കോര്മ്മയില്ല. ഒന്നെനിക്ക് ഓര്മ്മയുണ്ട്. തെണ്ടിവന്ന എനിക്കും നിനക്കും കിടപ്പാടം തന്നു.”

“നമ്മുടെ അച്ഛന് അയാളെയും ഇതുപോലെ...”

“ഉവ്വ്. അതയാള് ഓര്ത്തു. അനിയനിപ്പോള് എല്ലാം മറക്കുന്നു. ഇതാണ്

വ്യത്യാസം.

“ഒന്നോടത്തി ഓര്ക്കണം! അയാള് ഇന്നും നമ്മുടെ എതിര്ചേരിയിലാണ്.”

“എന്റെ എതിര്ചേരിയിലല്ല.”

“അതൊക്കെ തോന്നലാണ്, ഏടത്തീ.”

“ആ തോന്നല് നിലനില്ക്കണേ എന്നാണ് എന്റെ പ്രാര്ത്ഥന.”

“പക്ഷേ, എനിക്ക് ആ തോന്നലില്ല.”

“വേണ്ടാ.”

“അയാള് ഇവിടെ വരുന്നത് എനിക്കിഷ്ടമാകുന്നില്ല.”

രാധ അനുജനെ ഒന്ന് ഊന്നിനോക്കി. അവളുടെ മുഖത്തേക്കു രക്തം തുടിച്ചുകയറുന്നുണ്ടായിരുന്നു. ആ നാസാദ്വാരങ്ങള് വിടര്ന്നു. ഒരു നിമിഷം കഴിഞ്ഞ് അവള് വിളിച്ചു:

“അനിയാ!”

“എന്താണോടത്തീ?”

“നീയാണോ ഇപ്പോള് സംസാരിച്ചത്?”

അതിനുത്തരമുണ്ടായില്ല. രാധ തുടര്ന്നു:

“അനിയന് അറിവ് വര്ദ്ധിക്കുകയാണ്. പലതും പുതുതായി മനസ്സിലാക്കിയിട്ടുണ്ടാകാം. എനിക്ക് ആ പഴയ അറിവേ ഉള്ളൂ. അതുകൊണ്ടുവേണം ജീവിക്കുക. ഇനി അനുജന്നു സ്വന്തം കാലില് നില്ക്കാം.”

“ഏടത്തീ.”

“പറയുന്നതു മുഴുവന് കേള്ക്കൂ. അനിയന് വിചാരിക്കുന്നതൊന്നും തെറ്റാണെന്നു ഞാന് പറയുന്നില്ല. എനിക്കങ്ങനെ വിചാരിക്കാന് സാധ്യമല്ല.”

“പക്ഷേ, കുഞ്ഞിരാമേട്ടന് അയാളെപ്പറ്റി എന്താണ് വിചാരിച്ചതെന്ന് ഏടത്തിക്കറിയോ?”

രാധ തുക്ഷമായി അവനെ നോക്കി.

“ഉവ്വ്. എനിക്കസ്സലായിട്ടറിയാം. ഒരുപക്ഷേ നിങ്ങള്ക്കാര്ക്കും അറിയാത്തിടത്തോളം അറിയാം. ആ അറിവ് എനിക്കൊരു പാഠമാണ്. ഇല്ലാത്ത പകകൊളുത്തിയുണ്ടാക്കേണ്ടിവന്നു. എന്നിട്ട്, ആ തീയില് താന്തന്നെ എരിഞ്ഞടങ്ങാന്...” അവള് വാചകം പൂര്ത്തിയാക്കിയില്ല. തൊണ്ടയിടറി. ഗോപാലകൃഷ്ണന്ന് എന്തൊക്കെയോ പറയണമെന്നുണ്ട്. പക്ഷേ, അയാള് നിശ്ശബ്ദനായി നിന്നതേയുള്ളൂ. രാധ വീണ്ടും തുടര്ന്നു.

“അനിയന് കഴിഞ്ഞുപോയ മനുഷ്യനെപ്പറ്റി പറഞ്ഞല്ലോ. അനിയന് ആരാണതു പറയാന്? അദ്ദേഹം തിന്ന തീയിന്റെ ഒരു കനല് മുഖത്തോടടുപ്പിക്കുവാന് നിനക്കു കരുത്തുണ്ടോ? അദ്ദേഹത്തിനു വെറുക്കാനധികാരമുണ്ടായിരുന്നു, ശക്തിയായി വെറുത്തു; ശക്തിയായി സ്നേഹിക്കുകയും ചെയ്തു. അതിനെപ്പറ്റി നിനക്കെന്തറിയാം? ആനവാലുകൊണ്ട് മോതിരം കെട്ടിച്ചണിഞ്ഞ് ആനയാണെന്നു നടിക്കാന് എനിക്കു വയ്യാ, അനിയാ.” അവളൊന്നു നിര്ത്തി, എന്നിട്ടു കിതച്ചു.

“ഏടത്തീ, ഞാന് പറഞ്ഞതു മുഴുവന് ധരിക്കാതെ...”

“ധരിച്ചു. അനിയന് വിചാരിക്കുമ്പോഴേക്കും ഈ ഏടത്തിക്കു മനസ്സിലാകും. അനിയാ, നിനക്കിവിടെ നില്ക്കാമെന്നു ഞാന് പറയേണ്ടതില്ല. നില്ക്കാതിരിക്കുവാനുള്ള സ്വാതന്ത്ര്യവുമുണ്ട്. സ്വന്തം കാലില് നില്ക്കാറാകുന്നതുവരെ ഏടത്തി അനുജനെ നോക്കണം. അതു ചെയ്തു. ഇനി നിനക്കു നിന്റെ അഭിപ്രായത്തിനൊത്തു ജീവിക്കാം. നിനക്ക് മനുഷ്യരെ വെറുക്കാം; വെറുക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം ഏടത്തിക്കും തരൂ.”

“ഏടത്തീ!”

“മതി.”

“എന്റെ ഏടത്തീ!” അവന്റെ തൊണ്ടയിടറിയിരുന്നു.

“നീ എന്നും എന്റെ അനിയനായിരിക്കും; നീ എങ്ങനെയായാലും.”

അവള് അകത്തേക്കു ചെന്ന്, അടുപ്പിലെ തീ ശരിപ്പെടുത്തി. ഗോപാലകൃഷ്ണന് നിശ്ശബ്ദനായി ആ കോലായില് കഴിച്ചു. അന്നു മുഴുവന് ആ വീടു നിശ്ശബ്ദമായിരുന്നു. സംസാരിക്കാതെ അവര് ഭക്ഷണം കഴിച്ചു. അവള് പോയി കിടന്നുറങ്ങി; അവന് ഉറങ്ങാതെ ഇരുട്ടിലേക്കു നോക്കിക്കിടന്നു.

പലതും അവന്റെ ഹൃദയത്തിലൂടെ കടന്നുപോയി. കൂടിച്ചും കൂടിക്കാതെയും കഴിഞ്ഞ കുട്ടിക്കാലത്തെ ദിവസങ്ങളുടെ ഓര്മ്മകള്; വിശാലമായ നാട്ടിന്പുറം; ചുണ്ടു ചുവന്നു നില്ക്കുന്ന നെല്വയലുകള്; അവയ്ക്കു നടുവിലൂടെ പതുക്കെ ഒഴുകിപ്പോകുന്ന തോട്; അതിനു കരയില് ആ തോട്ടിലേക്ക് ഇല പറിച്ചെറിഞ്ഞ് അതൊഴുകിപ്പോകുന്നതു നോക്കി നില്ക്കുന്ന വിശ്വനാഥന്; വയറും കൂട്ടിപ്പിടിച്ചിരുന്നു ഞെരങ്ങുന്ന അച്ഛന്; കണ്ണുനീരും കോപവും സ്നേഹവും എല്ലാം കൂടിക്കലര്ന്ന അമ്മ. അടിക്കുകയും അപ്പോള്ത്തന്നെ കെട്ടിപ്പിടിച്ചു കരയുകയും ചെയ്യുന്ന ആ സ്ത്രീരൂപം അവന്റെ ഹൃദയത്തില് കുറച്ചുനേരം തങ്ങിനിന്നു. അവര് അന്ത്യശ്വാസം വലിച്ച രംഗവും അവനോര്ത്തു. എല്ലാം ഒരു മൂടല്മഞ്ഞു പുതച്ചതുപോലെ തോന്നുന്നു. ഈ മൂടല്മഞ്ഞിനിടയില് ഒരൊറ്റയാളുടെ രൂപംമാത്രം വ്യക്തമായി കാണാം. അതവന്റെ ചേച്ചിയുടേതാണ്.

എന്തെല്ലാം സഹിച്ച ഒരു സ്ത്രീയാണ്! എന്നിട്ടും അവര് പതറാതെ നില്ക്കുന്നു. കല്പിച്ചുകൂട്ടി ജീവിക്കുന്ന സ്ത്രീയാണെന്നു തോന്നി. എന്തു ശക്തികൊണ്ടാണ് അവര്ക്കിങ്ങനെ നില്ക്കാന് കഴിയുന്നത്? പഠിപ്പില്ല. പണമോ അധികാരമോ ഇല്ല. എങ്കിലും അവര് നിന്നോടത്തു പതറാതെ നില്ക്കുന്നു.

തങ്ങളെല്ലാം വിശ്വത്തെ വെറുത്തിട്ടും അവര് അവനെ സ്നേഹിക്കുന്നു. കുഞ്ഞിരാമനോട് അവര്ക്കുള്ള ബന്ധം എന്തെന്ന് ഗോപാലകൃഷ്ണനറിയാം. ആ ഒരൊറ്റ മനുഷ്യനില് അര്പ്പിച്ചിരിക്കുകയായിരുന്നു അവര് ജീവിതം. എന്നിട്ടും വെറുക്കുന്ന കാര്യത്തില് രണ്ടുപേരും രണ്ടുതരക്കാരായി.

അഗാധമായി വെറുക്കാന് കഴിയാത്തവന് അഗാധമായി സ്നേഹിക്കാന്

കഴിയുന്നതെങ്ങനെ? അയാള് മനസ്സിലാക്കിയ തത്ത്വശാ പ്രകാരം വയ്യാ. അവര് ഒന്നിനെയും അഗാധമായി സ്നേഹിച്ചിരുന്നില്ലെന്നുണ്ടോ? അതു പറയാന് സാധ്യമല്ല. ശക്തിയായ അവരുടെ സ്നേഹത്തിന്റെ ചിറകിന്നുള്ളില് ഇരുന്നാണ് താന് തന്നെ വളര്ന്നത്. അതോ, ഈ സ്നേഹം ദൗര്ബല്യമാണോ? മറ്റെന്തു പറഞ്ഞാലും തന്റെ ചേച്ചി ദുര്ബലയാണെന്നു കഴിഞ്ഞതൊക്കെ ആലോചിക്കുമ്പോള്, പറയാന് അവനു ധൈര്യം വന്നില്ല. പിന്നെ അവരുടെ ഈ പ്രവൃത്തിക്കെല്ലാം എന്താണര്ത്ഥം?

ഇതൊക്കെ അവരുടെ നാട്യമാണെന്നുണ്ടോ? ചേച്ചി ഒരിക്കലും നടിച്ചതായി അവന് ഓര്മ്മയില്ല. ഉള്ളതുപോലെ മുഖത്തുനോക്കി പറയാന് അവര്ക്കു മടിയില്ല. അതുകൊണ്ടു വരുന്ന ദ്രോഹങ്ങള് നിശ്ശബ്ദമായി അനുഭവിക്കാന് കെല്പുണ്ട്. വേദനാകരങ്ങളായ ക്രൂര്ത്ത അനുഭവങ്ങള് സ്വയം വിഴുങ്ങുകയും മധുരഫലങ്ങള് മറ്റുള്ളവര്ക്കു നല്കുകയും ചെയ്തുപോന്നവളാണ് ചേച്ചി. ആരെയെങ്കിലും എന്തെങ്കിലും സമ്മതിപ്പിക്കേണ്ടതില്ല എന്നൊരു മട്ടാണ് അവര്ക്ക്. കുഞ്ഞിരാമേട്ടന് മരിച്ചതിനുശേഷം ആ മട്ടിനു സ്വല്പംകൂടി മൂര്ച്ചകൂടിയിട്ടുണ്ടെന്നും അവനു തോന്നിയിരുന്നു.

പക്ഷേ, കുറേക്കാലമായി വളര്ത്തിക്കൊണ്ടുവന്ന സ്വഭാവവിശേഷം തെറ്റാണെന്നു വിചാരിക്കാനും കാരണം കാണുന്നില്ല. തരിശായിക്കിടന്നിരുന്ന ആ മനസ്സില്, കുഞ്ഞിരാമനും രാരിച്ചനും ചില വിത്തുകള് പാകിയിട്ടുണ്ട്. അതെല്ലാം യഥാകാലം തെഴുത്തുവളരുകയും പുഷ്പിക്കുകയും ചെയ്തിരിക്കുന്നു. ആ പൂക്കളില്നിന്നു പുറപ്പെടുന്ന രൂക്ഷമായ മണം ആ ഹൃദയത്തില് മുറ്റിനില്ക്കുകയാണ്. ചമ്പകക്കാടുപോലെ, കണ്ണഞ്ചിക്കുന്ന വര്ണ്ണവും തുളച്ചുകയറുന്ന മണവും ആ ഹൃദയത്തിനു സിദ്ധിച്ചിട്ടുണ്ട്. എന്നാല് മൃദുലവികാരങ്ങളുടെ മൂളിപ്പാട്ടുകളും ഇളംചിറകുകളും അങ്ങോട്ടു കടന്നുചെല്ലുന്നില്ല. ഹൃദയകാഠിന്യവും മനഃശക്തിയും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയത്തക്കവണ്ണം അഗാധമോ വിശാലമോ ആയിരുന്നില്ല ഗോപാലകൃഷ്ണന്റെ മനസ്സ്. പക്വമാകാത്ത മനസ്സ് ഒരു തത്ത്വശാ ം കൊത്തി വിഴുങ്ങിയിരിക്കുകയാണ്. ദഹിക്കുന്നില്ല; തുപ്പാന് തോന്നുന്നുമില്ല.

അത്രയും വ്യക്തവും ദൃഢവുമായ ആ ചിന്താഗതി തൃപ്തിക്കളയേണ്ട ഒരാവശ്യവും ഇപ്പോഴും അവനു തോന്നിയില്ല. എന്നാലും ആ തത്ത്വസംഹിത ബാധിക്കാത്ത പല അനുഭവങ്ങളും ജീവിതത്തിലുണ്ടാകുന്നു. തന്നെ നേരിട്ടു ബാധിക്കാത്ത അനുഭവങ്ങളെ അവന് തള്ളിനീക്കിയിട്ടു. തന്റെ തത്ത്വസംഹിത മുറുകെപ്പിടിച്ചു. പക്ഷേ, നെഞ്ചില് വന്നടിക്കുന്ന അനുഭവങ്ങള് അങ്ങനെ കണ്ടില്ലെന്നു നടിക്കാന് വയ്യാ. അതിലൊന്നായിരുന്നു രാധയുടെ നിലപാട്.

അയാളുടെ കണക്കില്, കുഞ്ഞിരാമന്റെ ബന്ധു വിശ്വത്തിന്റെ ശത്രുവാകാതെ നിവൃത്തിയില്ല. ഒരാള്ക്ക് ഒരേ സമയത്ത് മര്ദ്ദിതവര്ഗ്ഗത്തിന്റെയും മര്ദ്ദകവര്ഗ്ഗത്തിന്റെയും പ്രതിനിധിയാകാന്

സാദ്ധ്യമല്ല. പിള്ള പലപ്പോഴും പറയാറുള്ള ആ കഥ അവനോര്ത്തു: എലിയും പൂച്ചയും തമ്മില് സന്ധിയായ കഥ, അവസാനം എലിയുടെ കരച്ചിലൊന്നും പൂച്ചയുടെ കടിവിടുവിക്കാന് പോരുന്നില്ല. ഈ കഥയില് എന്തെങ്കിലും മാറ്റം വരുത്തേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഒരു പിശകുമില്ലാത്ത കാര്യം തിരുത്തി നന്നാക്കേണ്ടതുണ്ടോ?

ഗോപാലകൃഷ്ണനെ സംബന്ധിച്ചിടത്തോളം വിശ്വനാഥന്റെ ചേരി കണിശമാക്കപ്പെട്ടിരിക്കുന്നു. ഫാസിസ്റ്റ് വിരോധത്തിന് തുരങ്കംവച്ചവ നാണ്. അഞ്ചാംപത്തിയാണ്. ശത്രുവേക്കാള് ഭയങ്കരനാണ് അഞ്ചാം പത്തി. വെറുക്കണം; അകറ്റണം.

വ്യക്തിയുടെ വ്യക്തിത്വം സമൂഹത്തില് അവന് നില്ക്കുന്ന സ്ഥാനത്തുനിന്നുണ്ടാകുന്നതാണ്. ഒരു വ്യക്തിയുടെ സമൂഹത്തിലുള്ള സ്ഥാനം ഉറപ്പിച്ചു കഴിഞ്ഞാല്, അവനെ എവിടെ നിര്ത്തണം, എത്രത്തോളം അടുപ്പിക്കണം, എത്രത്തോളം അകറ്റണം എന്നെല്ലാം തീര്ച്ചപ്പെട്ടു കഴിഞ്ഞു. വിശ്വനാഥനെ സംബന്ധിച്ചിടത്തോളം അതത്രമേല് വ്യക്തമായിരുന്നു. എന്നിട്ടും തന്റെ ജ്യേഷ്ഠത്തി അയാളെ സുഹൃത്തായി കണക്കാക്കുന്നതിന്റെ അര്ത്ഥം അവനു മനസ്സിലാകുന്നില്ല.

ജ്യേഷ്ഠത്തിയെ വെറുപ്പിക്കാന് വയ്യാ. അതേസമയം തന്റെ വിശ്വാസപ്രമാണം വിട്ടുകളയാനും വയ്യാ. മനസ്സില് വല്ലാത്തൊരു പടലപിണക്കം. ഈ വിരുദ്ധശക്തികളെ എങ്ങനെ സമരസപ്പെടുത്തിക്കൊണ്ടു പോകാം?

ഇന്നലെവരെ അവനു സ്വന്തമായി ചിന്തിച്ചു തീരുമാനങ്ങളെടുക്കേണ്ടിവന്നിട്ടില്ല. അവനുവേണ്ടി ആരൊക്കെയോ ചിന്തിച്ചിരുന്നു; തീരുമാനങ്ങളെടുത്തിരുന്നു. ഒരു തത്ത്വശാ ത്തിന്റെ അടിസ്ഥാനത്തില് സമൂഹം അവനുവേണ്ടി ചിന്തിച്ചിരുന്നു. തീരുമാനങ്ങളെടുത്തിരുന്നു. അംഗീകരിക്കുകയും നടപ്പില് വരുത്തുകയുമേ വേണ്ടൂ.

അതൊക്കെ സമൂഹത്തിന്റെ കാര്യമാണ്. ഇതു സ്വന്തം കാര്യമാണ്. ഇവിടെ സമൂഹം ചിന്തിക്കുവാന് വരില്ല. തന്റെ മാര്ഗ്ഗം താന്തന്നെ കണ്ടു പിടിക്കണം. സമൂഹം എന്തുകൊണ്ട് ചിന്തിക്കില്ല? അവന് ഈ പ്രശ്നംസുഹൃത്തുക്കളുടെ മുമ്പില് വയ്ക്കാം; ചര്ച്ച ചെയ്യാം; തീരുമാനവും കണ്ടെത്താം.

ആലോചന ഇവിടെയെത്തിയപ്പോള് അവന്റെ വിചാരം സ്വല്പനേരം നിന്നു. പൊരിവെയിലില് നിഴല്പ്പറ്റു കണ്ടെത്തിയപോലെ ഒരനുഭവം. ആ താവളത്തില് കയറിയിരിക്കാം, സുഹൃത്തുക്കള് നിശ്ചയിക്കട്ടെ. അന്യായമായ തീരുമാനമെടുക്കേണ്ട ഒരാവശ്യവും അവര്ക്കില്ല.

ആശ്വാസം തോന്നി.

രാരിച്ചന് എന്തു പറയാനുണ്ടെന്നറിയണം. മരയ്ക്കാരും ചിന്തിക്കട്ടെ.

അങ്ങനെ ഒരു ഡസന് ആളുകളെ അവന് മനസ്സില് കണ്ടു. അതു കൊള്ളാവുന്ന വഴിയാണ്. ചിന്തിക്കാനുള്ള ഉത്തരവാദിത്വം മറ്റുള്ളവരെ ഏല്പിക്കാന് സാധിക്കുമെന്നു വന്നപ്പോള്, അവന് എന്തെന്നില്ലാത്ത സുഖം.

പക്ഷേ, അവരുടെ മുമ്പില് കാര്യം വ്യക്തമാക്കണം. അതെങ്ങനെയാണ്? അവരെ സംബന്ധിച്ചിടത്തോളവും തന്നെ സംബന്ധിച്ചിടത്തോളവും ഒരു ഭാഗം വ്യക്തമാണ്; വിശ്വം ആരാണെന്ന കാര്യം. അവന് സമൂഹത്തിന്റെ ശത്രുതന്നെ. ശത്രുവെ സ്നേഹിക്കുവാനും അവനുമായി ബന്ധപ്പെടുവാനും ആ സുഹൃത്തുക്കള് ഉപദേശിക്കുമോ? ശത്രുതന്നെ: എന്നാലും... എന്നാല്പിന്നെ എന്ത്?

എന്തോ ഒന്നുണ്ടെന്ന് തോന്നി.

ആ എന്തോ ഒന്നിനെപ്പറ്റി കുറേനേരം ഗോപാലകൃഷ്ണന് ആലോചിച്ചു. പുറത്തൊന്നും ഇതു കാണുന്നില്ല. അതകത്താണ്. താന്തന്നെയാണോ?

എന്ത്? ചിന്തകള്ക്കുമേല് മൂടല്മഞ്ഞിന്റെ ആവരണം. അപ്പോഴും അയാളുടെ ഹൃദയം മന്ത്രിച്ചു: ചേച്ചിയെ വിഷമിപ്പിക്കാന് വയ്യാ.

പിന്നെ എന്തു വഴി?

ചേച്ചിയോട് ഇത്തരം കാര്യങ്ങളെപ്പറ്റി ഒന്നും സംസാരിക്കാന് പോകേണ്ട. വേറെ എത്രയായിരം കൂട്ടങ്ങള് തങ്ങള്ക്കു പൊതുവായിട്ടുണ്ട്. ഈ ഭാഗത്തങ്ങു മണ്ണിട്ടു മൂടാം.

പക്ഷേ, അങ്ങനെ മൂടിക്കളയാവുന്ന കാര്യമല്ലെന്ന് അവന് അപ്പോള് തന്നെ തോന്നി.

ജീവിച്ചിരിക്കുന്ന ഒരു മനുഷ്യനാണ് ഇവിടെ പ്രശ്നം. അയാള് ചലിക്കും: ചിന്തിക്കും: തങ്ങളുടെ ജീവിതത്തിന്റെ ഒരു ഭാഗമായി വളരും.

ഉവ്വോ? അയാള് ഇനി എപ്പോഴും ഇങ്ങോട്ടു വരുമോ? ഉണ്ടാവില്ല. തങ്ങള്ക്കു പൊതുവായി ഒന്നുമില്ലാത്ത സ്ഥിതിക്ക് അയാളങ്ങനെ അയാളുടെ വഴിക്കു ജീവിക്കും; തങ്ങള് തങ്ങളുടെ വഴിക്കും.

ആ വിചാരം ഒരാശ്വാസത്താവളമായിരുന്നു. അവിടെ അധികനേരം തങ്ങിനില്ക്കാന് ഒത്തില്ലെന്നേയുള്ളൂ. ജ്യേഷ്ഠത്തി അയാളോടു കൂടക്കൂടെ വരണമെന്നു പറഞ്ഞിരിക്കുകയാണ്. അവര് ഒന്നിച്ച് അടിച്ചു കളിച്ചു വളര്ന്ന സുഹൃത്തുക്കളാണ്.

ആകപ്പാടെ വലിയ ശല്യമായി. അല്ലെങ്കില് ഇതൊക്കെ എന്തിനാലോചിക്കുന്നു? ആ മനുഷ്യനുമായി അടുത്തിടപഴകുവാന് സാദ്ധ്യമല്ലെന്നു ഗോപാലകൃഷ്ണനു തോന്നി. തോളില്വീണ തേരട്ടയെയും ചുമന്നുകൊണ്ട് ഒരാള് ജീവിതകാലം മുഴുവന് നടക്കാനോ?

ചേച്ചി പറഞ്ഞതും ഒരു വഴിയാണ്. സ്വന്തം കാലില് നില്ക്കാറായ തനിക്ക് വേണമെങ്കില് ഒറ്റയ്ക്കു ജീവിക്കാം.

പെട്ടെന്ന് അകത്തുനിന്നൊരു മുരളല്.

“അനിയാ!”

അവന് ഞെട്ടിപ്പോയി. കുട്ടിക്കാലം മുതല്ക്കുള്ള അനേകം ചിത്രങ്ങള് ഹൃദയത്തില് മിന്നിമറഞ്ഞു. അവന്റെ തന്നെപ്പറ്റിത്തന്നെ അറപ്പുതോന്നി; ഞാനെന്തൊരു മൃഗം!"

അര്ദ്ധരാത്രിവരെ അവനൊരു തീര്പ്പുകിട്ടിയില്ല. എപ്പോഴാണ് ഉറങ്ങിപ്പോയതെന്നുമറിഞ്ഞില്ല.

പിറ്റേന്നു വിശ്വം വന്നേക്കാവുന്ന നേരംനോക്കി ഗോപാലകൃഷ്ണന് പുറത്തേക്കിറങ്ങി.

"അനിയന് പോകയാണോ?"

"ഉം."

അവന് ഇറങ്ങി നടന്നു. ഗൗരവത്തിലുള്ള ആ പോക്കുനോക്കി രാധ ഒന്ന് ഊറിച്ചിരിക്കുകയും ചെയ്തു. അന്നും വിശ്വം വന്നു. വളരെ നേരം അവര് സംസാരിച്ചുകൊണ്ടിരുന്നു. വിശ്വമാണ് അധികം സംസാരിച്ചത്. രാധ ഏറിയകൂറും ഒരു കേള്വിക്കാരി മാത്രമായിരുന്നു. ലോകകാര്യങ്ങളിലേക്കും സ്വന്തം കാര്യങ്ങളിലേക്കും സംഭാഷണം മാറി മാറി ചരിച്ചു.

"നിങ്ങള്ക്ക് വലിയ നിരാശ തോന്നുന്നു, ഇല്ലേ?"

പെട്ടെന്നാണ് ആ ചോദ്യം വന്നത്. മറുപടി പറയാന് ബുദ്ധിമുട്ടുണ്ടായിരുന്നു. എങ്കിലും രാധ പറഞ്ഞു:

"ആശയുള്ളവര്ക്കേ നിരാശയുടെ വേദനയുള്ളൂ."

"കാര്യം ഒന്നുതന്നെ." വിശ്വം തുടര്ന്നു: "രാധ പറയുന്നതു ശരിയാണ്. എന്നെ സംബന്ധിച്ചും സംഗതി ഇതുതന്നെയാണ്. എന്റെ ജീവിതം സൂക്ഷ്മത്തില് ഒരു മരുഭ്രമിയായിരുന്നു. ഇന്നും അങ്ങനെതന്നെ. നിങ്ങള്ക്കു നിങ്ങളുടേതെന്ന നിലയ്ക്ക് ഓര്ക്കാന് ചില ആളുകളുണ്ട്. എനിക്കതു പോലുമില്ല. എവിടെനിന്നോ വന്നു, എങ്ങനെയോ വളര്ന്നു. ആകപ്പാടെ നിരാശയ്ക്കേ വഴിയുള്ളൂ. എന്നിട്ടും എന്നെത്തന്നെ അദ്ഭുതപ്പെടുത്തുന്ന ഒരു സംഗതി. എന്റെ മനസ്സിന്റെ അടിയില് നിരാശയില്ല. തിരിഞ്ഞു നോക്കുമ്പോള്, ജീവിതം നിറഞ്ഞുനില്ക്കുന്നതായി തോന്നുന്നു. ചപ്പുംചവറുംകൊണ്ടായിരിക്കും. എന്നാലും നിറവുണ്ട്. എന്നല്ല, ഇപ്പോഴും അതു നിറഞ്ഞുകൊണ്ടിരിക്കുകയും ഇനിയും നിറയുകയും ചെയ്യും. ഇങ്ങനെ തോന്നാന് ഒരു ന്യായവുമില്ല; എങ്കിലും തോന്നുന്നു."

"അതിലത്ഭുതമില്ല: വിശ്വത്തിനു ചെറുപ്പമല്ലേ?"

"നിങ്ങള് പടുകിഴവിയായിപ്പോയോ?"

"പ്രായമല്ല കാര്യം; ജീവിച്ചിരിക്കുന്നുവെന്നൊരു തോന്നല് വേണമല്ലോ!"

"വേണം; തീര്ച്ചയായും വേണം."

"അതെനിക്കില്ല."

"പുതിയ അനുഭവങ്ങളില്ലാത്തതുകൊണ്ടാണ്."

"ആയിരിക്കാം."

"എനിക്കും ഇതേ തോന്നലുണ്ടായ സന്ദര്ഭങ്ങളുണ്ട്. അപ്പോള് ലോകത്തിനും എനിക്കും തമ്മില് ഒരിടപാടുണ്ടായിരുന്നില്ല. ലോകത്തില്നിന്ന് എന്തൊക്കെയോ മനസ്സില് കയറിക്കൂടുമ്പോള് ജീവിക്കുന്നുണ്ട് എന്നെനിക്ക് തോന്നും. ലോകം എന്നെ ദുഃഖിപ്പിച്ചാലും മതി, അപ്പോഴും ജീവിക്കുന്നുവെന്നു തോന്നും."

രാധ അതിനു മറുപടി പറഞ്ഞില്ല. ആലോചിച്ചുകൊണ്ടിരുന്നു. വിശ്വം ഇങ്ങനെയൊക്കെ സംസാരിക്കുന്നുവെന്നതുതന്നെ അത്ഭുതകരമായിത്തോന്നി. അതുകൊണ്ടുതന്നെ ആ സംഭാഷണം കേട്ടുകൊണ്ടിരിക്കുവാന് സന്തോഷവും തോന്നി.

"രാധ എന്താണ് ആലോചിക്കുന്നത്?" വിശ്വം അവളുടെ ഇരിപ്പു

നോക്കിക്കൊണ്ടു ചോദിച്ചു.

“ആലോചിക്കേണ്ട കാര്യമാണ് വിശ്വം പറഞ്ഞത്.”

“ഒരനുഭവം പറഞ്ഞതാണ്. ഇതിനർത്ഥം എനിക്കു ദുഃഖമില്ലെന്നല്ല, എന്നും എന്നെ വിടാതെ കൂടിയ ഒരു വിചാരമുണ്ട്! എന്നിലുള്ള എന്തോ ഒന്ന് എവിടെയോവെച്ച് മറന്നുപോയതുപോലെയുള്ള ഒരു തോന്നല്. ചില കാലങ്ങളില് ഈ വിചാരം ശക്തിയാകും. അപ്പോള് വല്ലാത്ത വിഷമവും തോന്നും.”

“എന്താണത്?”

“വെച്ചുമറന്നതോ?”

“അതേ.”

“അതറിഞ്ഞാല് വിഷമം തീർന്നില്ലേ?”

വിശ്വം ചിരിച്ചു; രാധയും ചിരിച്ചു.

കുറച്ചുകഴിഞ്ഞു വിശ്വം ജയിലിൽവെച്ചുണ്ടായ ചില അനുഭവങ്ങൾ പറഞ്ഞു:

“അവിടെ എന്റെ മാതിരിതന്നെ വന്നുചേർന്ന ഒരു മനുഷ്യനുണ്ടായിരുന്നു. അദ്ദേഹം ഒരു സ്കൂൾമാസ്റ്ററായിരുന്നു. എന്നെ ഇംഗ്ലീഷും ഹിന്ദിയും പഠിക്കുന്നതിൽ സഹായിച്ചു. നല്ലൊരു ഗുരുനാഥനാണ്. ദയാലു. എപ്പോഴും പ്രസന്നനാണ്. ആ മനുഷ്യന് ഭാഗ്യവാനാണ് എന്നു ഞാന് വിചാരിച്ചു. ദുഃഖത്തിന്റെ കരിനിഴൽ ഒരിക്കലും ഞാന് ആ മുഖത്തു കണ്ടിട്ടില്ല. വേദനയറിയാത്ത അദ്ദേഹം ഭാഗ്യവാനാണെന്ന് ഒരിക്കൽ ഞാന് അദ്ദേഹത്തോടുതന്നെ തുറന്നു പറഞ്ഞു. അതോടെ ആ മനുഷ്യന് നിശ്ശബ്ദനായി. ദുഃഖത്തിന്റെ ഇരുട്ട് ആ മുഖത്തു വ്യാപിക്കുകയും ചെയ്തു.”

“കാരണം?” ഒരു കഥ കേൾക്കുന്ന കുട്ടിയെപ്പോലെ, രാധ ചോദിച്ചു.

“കാരണം അപ്പോൾ ഞാന് ചോദിച്ചില്ല. അദ്ദേഹം പറഞ്ഞതുമില്ല. പിന്നീടൊരിക്കൽക്കൂടി ഞാന് എന്റെ അഭിപ്രായം ആവർത്തിച്ചു. അന്നും അദ്ദേഹം ദുഃഖിതനായി കാണപ്പെട്ടു. അദ്ദേഹം പറഞ്ഞു: ‘പുറമേയുള്ള മനുഷ്യന് മനുഷ്യനല്ല; അകമേയുള്ള മനുഷ്യന് കണ്ടുപിടിക്കപ്പെടുന്നുമില്ല.’ എന്താണ് അദ്ദേഹത്തിന്റെ ദുഃഖമെന്നു ഞാന് അന്വേഷിച്ചു. കുടുംബ സംബന്ധമായി ദുഃഖമില്ല. സ്നേഹമയിയായ ഒരു ഭാര്യയും രണ്ട് ഓമനക്കുട്ടികളും അദ്ദേഹത്തെ കാത്തുകൊണ്ട് കുടുംബത്തുണ്ട്. അവർക്കു കഴിഞ്ഞുകൂടാനുള്ള വകയുണ്ട്. നാട്ടുകാർക്ക് അദ്ദേഹം കണ്ണിലുണ്ണിയാണ്. എല്ലാം അദ്ദേഹത്തിനുണ്ട്. എന്നിട്ടും അദ്ദേഹം ദുഃഖിതനാണ്.”

“കാരണം?” വീണ്ടും കഥകേൾക്കുന്ന കുട്ടിയുടെ വിടർന്ന കണ്ണുകളോടെ രാധ ചോദിച്ചു.

“അദ്ദേഹം എന്നോടു പറയുകയാണ്, എല്ലാം തനിക്കുണ്ട്, പക്ഷേ, താന് ആരാണെന്ന് അറിഞ്ഞുകൂടെന്ന്.”

“എന്നുവെച്ചാല്?”

“താന് എന്താവാന് ആഗ്രഹിക്കുന്നുവെന്ന് അദ്ദേഹത്തിനു വ്യക്തമല്ല.

എന്തൊക്കെയോ പ്രവര്‍ത്തിച്ചുകൊണ്ടിരിക്കുന്നു, പ്രവര്‍ത്തിക്കാതെ ജീവിക്കാന്‍ വയ്യാത്തതുകൊണ്ട്. എന്തിനുവേണ്ടി ഇങ്ങനെയൊക്കെ ജീവിക്കുന്നുവെന്നു വ്യക്തമല്ല. 'എനിക്ക് എന്നെ കാണാന്‍ പറ്റുന്നില്ല. നിങ്ങള് എന്നെപ്പറ്റി പറയുമ്പോള് മാത്രമാണ് ഞാനുണ്ടെന്നു തോന്നുന്നത്.' ഇതെപ്പോഴും അദ്ദേഹത്തെ കഠിനമായി ദുഃഖിപ്പിച്ചു. ജീവിച്ചിരിക്കുന്നുവെന്ന ബോധം കഴിഞ്ഞുപോയ സംഭവത്തെക്കുറിച്ചുള്ള ഒരോര്‍മ്മപോലെയാണതെ്. പിന്നെപ്പിന്നെ അദ്ദേഹം ഉള്ളുതുറന്ന് എന്നോടു പെരുമാറി. അദ്ദേഹം ഇരുട്ടില്‍ക്കിടന്നു തപ്പുകയായിരുന്നു. ഞാന് ജയിലില്‍നിന്നു പോരുന്നതിനു മൂന്നു ദിവസം മുമ്പെയാണ് അദ്ദേഹം പുറത്തേക്കു പോയത്. പോകുമ്പോള് എന്നോടു പറഞ്ഞു: 'കൂടക്കൂടെ എനിക്കെഴുതു; ഞാന് ഉണ്ടെന്ന് വിചാരിക്കാന് അതെന്നെ സഹായിക്കും.' സ്വന്തം ഹൃദയത്തിലേക്കു തലയും തൂക്കിയിട്ട്, ആ മനുഷ്യന് കടന്നുപോയി. ഇന്നു കാലത്തും ഞാന് അദ്ദേഹത്തിനു കത്തെഴുതിയിട്ടുണ്ട്. നോക്കു, ഓരോതരം ദുഃഖങ്ങള്..."

രാധ നിശ്ശബ്ദയായിരുന്നു. അവള് അജ്ഞാതനായ ആ സ്കൂള്മാസ്റ്ററെപ്പറ്റി ആലോചിച്ചു. വിശ്വവും എന്തൊക്കെയോ ആലോചിക്കുകയായിരുന്നു.

കുറച്ചുകഴിഞ്ഞ്, വിശ്വം എഴുന്നേറ്റുകൊണ്ടു പറഞ്ഞു:

"ഞാന് വരട്ടെ."

"ഉം." ഒരു മൂളല് മാത്രം.

അയാള് പടി കടന്നപ്പോഴാണ്, ഇനി എപ്പോഴാണ് വരിക എന്നു ചോദിച്ചില്ലെന്ന് രാധയ്ക്കു തോന്നിയത്. അപ്പോഴും അവള് പറഞ്ഞു:

"പാവം!"

അന്ന് ഗോപാലകൃഷ്ണന് തിരിച്ചുവന്നപ്പോള് രാധ പറഞ്ഞു:

"വിശ്വം ഇവിടെ ഉണ്ടായിരുന്നു."

"ഉം!" ഒന്ന് കനത്തില് മൂളിയിട്ട്, അവന് അടുത്ത മുറിയിലേക്കു പോയി. ആ പോക്ക് രാധ ശ്രദ്ധിക്കാതെയുമിരുന്നില്ല. മറ്റൊരു സന്ദര്‍ഭത്തിലായിരുന്നുവെങ്കില്, ആ പോക്ക് രാധയുടെ ഹൃദയത്തില് ചെറിയൊരു ആഘാതമുണ്ടാക്കുകയും ചെയ്യും. പക്ഷേ, ആ സമയത്ത് അവളുടെ മനസ്സില് മറ്റൊരു രൂപം കൂടികൊണ്ടിരുന്നു. വിശ്വം വിവരിച്ച ആ സ്കൂള്മാസ്റ്റര്. തന്നെത്താന് കണ്ടുപിടിക്കാന് കഴിയാതെ വിമ്മിട്ടപ്പെടുന്ന ആ സ്കൂള്മാസ്റ്റര്.

എങ്ങനെയാണെന്നറിയില്ല, ആ മനുഷ്യന്റെ ദുഃഖം അവള്ക്കു മനസ്സിലായി. അതു താന് അനുഭവിക്കുന്നതുപോലെ തോന്നുകയും ചെയ്തു.

അന്നു രാത്രിയും പിറ്റേന്നു പകല് പലപ്പോഴും ആ സ്കൂള്മാസ്റ്റര് രാധയുടെ മനസ്സില് കിടന്നു കളിച്ചു. ആ പാവപ്പെട്ട മനുഷ്യനെ ഒന്നു കാണാന് കഴിഞ്ഞെങ്കില് എന്ന് ഒരിക്കല് ആഗ്രഹിക്കുകയും ചെയ്തു. തന്നെത്താന് തിരഞ്ഞുനടക്കുന്ന മനുഷ്യന്!

അവള് കമ്പനിയില്നിന്നു വന്നുകയറിയപ്പോള് ഗോപാലകൃഷ്ണന് എന്തോ

വായിച്ചുകൊണ്ടിരിക്കുകയാണ്. പെങ്ങള് ചിരിച്ചു. ആങ്ങളയും ചിരിച്ചു. ആ സ്നേഹപ്രകടനത്തിനിടയിലും ഗോപാലകൃഷ്ണന് ആവേശഭരിതനായിരിക്കുകയാണെന്നു പെങ്ങള് കണ്ടുപിടിച്ചു. സാരി മാറ്റിവന്ന്, തലമുടിക്കെട്ടഴിച്ചിടുന്നതിനിടയില് രാധ ചോദിച്ചു:

"എന്താണാനിയന് വായിക്കുന്നത്?"

"പുനഃസംവിധാനം!" വിളംബരം ചെയ്യുന്നതുപോലെയാണതു പറഞ്ഞത്. തൊഴിലാളിവര്ഗ്ഗത്തിന്റേതായ നാടുകളില് യുദ്ധാനന്തരപുനഃസംവിധാനം എങ്ങനെ സാധിക്കുവാന് പോകുന്നു എന്നതിനെക്കുറിച്ചാണ് ആ പുസ്തകം. 1950 ആകുമ്പോഴേക്കും എത്ര ബുഷല് ഗോതമ്പ് അധികം വിളയും; 1952-ല് എത്ര ശതമാനം പച്ചക്കറി വര്ദ്ധിക്കും; '56-ല് എത്ര ഗ്യാലന് പെട്രോള് അധികമുണ്ടാകും; '58-ല് എത്ര ശതമാനം സാക്ഷരത്വം വര്ദ്ധിക്കും? ഈ കാര്യങ്ങളെക്കുറിച്ച് അവന് വ്യക്തവും ദൃഢവുമായ സ്വരത്തില് സംസാരിച്ചു. രാധ കേട്ടുകൊണ്ടിരുന്നു. അവള്ക്കതില് വലിയ രസമൊന്നും തോന്നിയിട്ടല്ല, അനിയനങ്ങനെ സംസാരിക്കുന്നതില് ആഹ്ലാദമുണ്ടെന്ന് അവള്ക്കറിയാം. അതു വാസ്തവമായിരുന്നു. അവന് ഗോതമ്പുബുഷലു കളിലൂടെ കയറി അന്താരാ സ്ഥിതിവിശേഷങ്ങളിലെല്ലാം ഒരു വിഹഗവീക്ഷണം നടത്തി ഇറങ്ങിവന്നപ്പോള് രാധ ചോദിച്ചു:

"അനിയാ, നമ്മുടെ രാജ്യത്ത് ഒരു വര്ഷത്തില് എത്ര അരിയുണ്ടാകും?"

"ഒക്കെ മോശം."

"മോശമായിരിക്കും. എന്നാലും എത്രയുണ്ടാകും?"

അതിനവന് ഉത്തരം പറഞ്ഞില്ല; രാധ ചോദിച്ചതുമില്ല. ഗോപാലകൃഷ്ണന് വീണ്ടും പുസ്തകത്തിന്റെ ഏടു മറിച്ചു വായിച്ചുകൊണ്ടിരുന്നു. പെട്ടെന്ന്, പുസ്തകം മടക്കിപ്പിടിച്ച് അവന് ചോദിച്ചു:

"ഇന്ന് വിശ്വം വരുമോ?"

"വന്നേക്കാം."

പിന്നെയും അവന് സ്വല്പംകൂടി വായിച്ചു. എന്നിട്ട്, പുസ്തകം മടക്കിവെച്ച്, ഷര്ട്ടെടുത്തിട്ടു പുറത്തേക്കു കടന്നു. അവന് പടികടന്നു പോകുന്നതു നോക്കിക്കൊണ്ട് രാധ പറഞ്ഞു:

"പാവം!"

അവളുടെ ഹൃദയത്തിലൂടെ പലരുടെ രൂപവും കടന്നുപോയി. തന്നെത്താന് തിരിഞ്ഞുനടക്കുന്ന മാസ്റ്ററും ഗോപാലകൃഷ്ണനും വിശ്വവുമെല്ലാം ആ ഹൃദയത്തില് കയറുകയും ഇറങ്ങുകയും ചെയ്തു.

"ഇവിടെ നല്ലൊരു പൂന്തോട്ടമുണ്ടാക്കാന് സ്ഥലമുണ്ട്!"

ഈ വാക്കുകേട്ടാണ് അവള് ചിന്തയില്നിന്നുണര്ന്നത്. വിശ്വം മുറ്റത്തേക്കു ചൂണ്ടിക്കാട്ടിക്കൊണ്ട് ഒരുക്കില് നില്ക്കുന്നു.

"സ്ഥലമുണ്ട്."

"പിന്നെ?"

“സ്ഥലമുണ്ടെന്ന്.”

“പൂന്തോട്ടമുണ്ടാക്കാന് തയ്യാറുള്ള ആളില്ലെന്നേ ഉള്ളൂ, അല്ലേ?”

“ആ! അങ്ങനെയും പറയാം. ആട്ടെ, നമ്മുടെ മാസ്റ്ററുടെ കത്തുണ്ടോ?”

“ഏതു മാസ്റ്റര്?”

“തന്നെത്താന് കണ്ടുപിടിക്കാന് വിഷമിക്കുന്ന ആ മാസ്റ്ററെപ്പറ്റി പറഞ്ഞില്ലേ?”

“ഇല്ല. പക്ഷേ, അടുത്ത ദിവസം മറുപടി വരും. രാധയ്ക്ക് ആ മനുഷ്യനെ വളരെ പിടിച്ചെന്നു തോന്നുന്നല്ലോ?”

രാധ ചിരിച്ചു: വിശ്വവും ചിരിച്ചു. എന്നിട്ടയാള് തുടര്ന്നു:

“രാധേ, ഇവിടെ ഒരു പൂന്തോട്ടമുണ്ടാക്കണം.”

“ഉം.”

“ചെടികളൊക്കെ ഞാന് കൊണ്ടുന്നുതരാം.”

“പക്ഷേ---”

“ഉം?”

“ഇവിടെ അതൊക്കെ പിടിക്കുമോ?”

“ഭ്രമിക്കു പക്ഷഭേദമില്ല; നാം അല്പം അദ്ധ്വാനിക്കണമെന്നേ ഉള്ളൂ.”

“ഞാനാണെങ്കില് കാലത്തു പോകും. അനിയന് ഇതിലൊന്നും ശ്രദ്ധയുമില്ല.”

“മൂപ്പര്ക്ക് ഇപ്പോഴും രാ ീയംതന്നെയാണ് പ്രധാന കൃഷി, അല്ലേ?”

“കമ്പനിയില് പോകുന്നുണ്ട്; നേരമ്പോക്കിനു കുറച്ചു രാ ീയവും.” രണ്ടുപേരും വീണ്ടും ചിരിച്ചു.

അന്നും കുറേനേരം അവര് സംസാരിച്ചുകൊണ്ടിരുന്നു. വിശ്വം പോകാനെഴുന്നേറ്റപ്പോള് രാധ പറഞ്ഞു:

“ആ മാസ്റ്ററുടെ മറുപടി വന്നാല് എന്നോടു പറയണേ.”

“ഓ, അദ്ദേഹം രാധയുടെ ഫ്രണ്ടായിപ്പോയല്ലോ! ആട്ടെ, പറയാം. എന്നല്ല, രാധയെപ്പറ്റി അദ്ദേഹത്തിനെഴുതുകയും ചെയ്യാം.”

“അതു വേണ്ടാ.”

വിശ്വം ചിരിച്ചുകൊണ്ടുതന്നെ പടികടന്നു. അയാള് പോയിട്ടും ആ ചിരി മുറ്റത്തുനിന്നു മുഴങ്ങുന്നതുപോലെ തോന്നി. ആ ശബ്ദത്തില് ജീവന്റെ ചലനമുണ്ടായിരുന്നു. സ്വല്പനേരത്തേക്കാണെങ്കിലും ഒരാശ്വാസം അനുഭവപ്പെടുകയും ചെയ്തു.

വീണ്ടും അവള് അജ്ഞാതനായ ആ മാസ്റ്ററെപ്പറ്റി ആലോചിച്ചു. അയാള് ഇപ്പോഴും തന്നെത്താന് തിരഞ്ഞുനടക്കുകയായിരിക്കും. പിറ്റേന്നു വൈകുന്നേരം രാധ കുളി കഴിഞ്ഞു മുടിയും ചിന്നിക്കൊണ്ട് ഉമ്മറത്തേക്കു വന്നപ്പോള്, ഗോപാലകൃഷ്ണന് നിശ്ശബ്ദനായിരിക്കുന്നതു കണ്ടു.

“അനിയന് കുറച്ചു നേരമായോ വന്നിട്ട്?”

“ഉവ്വ്.”

“ചായ വേണോ?”

“വേണ്ടാ, ഏടത്തീ. ഞാന് വരുന്ന വഴിക്കു കുടിച്ചു.”

അവള് സ്വല്പനേരം ആലോചിച്ചുകൊണ്ടുനിന്നു. എന്നിട്ടു ചോദിച്ചു:

“അനിയന് പുറത്തേക്കു പോകുന്നില്ലേ?”

“എന്താണു വേണ്ടത്?”

“എനിക്കൊന്നും വേണ്ടാ, പക്ഷേ, വിശ്വം ഇപ്പോള് ഇവിടെ വന്നേക്കാനും മതി.”

ഈ വാര്ത്ത ഗോപാലകൃഷ്ണനെ ഒന്നു ഞെട്ടിച്ചു.

“ചേച്ചി ആ പറഞ്ഞതിന് എന്താണര്ത്ഥം?”

“അനിയനു മനസ്സിലായില്ലേ?”

“ചേച്ചി എന്നെ ഒരു മുട്ടാളനായിട്ടാണോ കരുതുന്നത്?”

“ഈ ചേച്ചിക്ക് ഈ അനിയനെപ്പറ്റി അങ്ങനെ വിചാരിക്കാന് കഴിയുമോ? അനിയന് അങ്ങനെ തോന്നുന്നുണ്ടോ?”

“ചേച്ചി എന്താണ് എന്നെ മനസ്സിലാക്കാത്തത്? എന്റെ ഹൃദയത്തിനിണങ്ങിയ കാര്യങ്ങളല്ലേ എനിക്കു ചെയ്യാന് പറ്റൂ?”

“അതേ, മറ്റുള്ളവര്ക്കും ഈ സൗകര്യം അനിയന് അനുവദിച്ചുകൊടുക്കണ്ടേ?”

“ഞാന് ഒന്നും ചെയ്യുന്നില്ലല്ലോ!”

“ഒന്നും ചെയ്യാന് പറ്റാത്തതുകൊണ്ടു ചെയ്യാതിരിക്കുകയല്ലേ? എതിര്ക്കാന് മോഹമില്ലേ അനിയന്?”

“അത്...”

“നമ്മള് തമ്മില് ഒളിച്ചുകളിച്ചിട്ടു പ്രയോജനമില്ല, അനിയാ. ഒത്തുപിടിച്ചു പോകാന്കൂടി കഴിയാത്ത അനിയന് മറ്റുള്ളവര് അമ്പേ മാറണമെന്നു ശഠിക്കുകയാണ്. അനിയന് പറയുന്നതാവാം ശരി; അല്ലെങ്കില്, മറ്റുള്ളവര് പറയുന്നതുമാവാം. ശരിയാണെന്നുവെച്ച് ഒരു ദിവസംകൊണ്ട് ആര്ക്കും ആ ശരിയിലേക്കു മാറാന് പറ്റില്ല, ദ്വേഷിച്ച് ആളുകളെ മാറ്റാനും പറ്റില്ല അനിയാ. എതിര്ക്കുമ്പോള് നമുക്കും എതിര്ക്കാന് തോന്നും. സ്നേഹിക്കുമ്പോള് നമുക്കും സ്നേഹിക്കാന് തോന്നും. ഇതൊക്കെ നമ്മുടെയെല്ലാം അനുഭവമല്ലേ? എനിക്കു തോന്നാറുള്ളതുപോലെ, ഞാന് പറയുന്നുവെന്നേയുള്ളൂ.”

“എന്നുവെച്ചു കൊള്ളരുതായ്മകളെ എതിര്ക്കാതിരിക്കാന് പറ്റുമോ, ഏടത്തി?”

“നമുക്കിഷ്ടമില്ലാത്തതു കൊള്ളരുതായ്കയാണെന്നു നാം ചിലപ്പോഴെങ്കിലും വിചാരിക്കാറില്ലേ?”

“എതിര്ക്കേണ്ടതിനെ എതിര്ക്കണം, ഏടത്തി!”

“എതിര്ക്കേണ്ടതേത്?”

“മനുഷ്യദ്രോഹത്തെ.”

“നാം എതിര്ക്കാന് വിചാരിക്കുന്നവര് മനുഷ്യദ്രോഹികളാണെന്ന് ഉറപ്പു

കിട്ടിയോ?"

"അനുഭവംകൊണ്ടാണല്ലോ പഠിക്കുന്നത്?"

"അനിയന് ചീത്തച്ചെക്കനാണെന്നു വിചാരിക്കുന്നവരുണ്ട്. പോക്കിരിയാണെന്നു പറയുന്നത് ഈ ചെവികൊണ്ട് കേട്ടിട്ടുണ്ട്. ഏടത്തിക്കു തോന്നുന്നത് അനിയന് സ്നേഹിക്കാന് കൊള്ളാവുന്നവനാണെന്നാണ്. രണ്ടുകൂട്ടരും അനുഭവംവെച്ചല്ലേ പറയുന്നത്?"

"പക്ഷേ, എന്റെ അനുഭവത്തിനനുസരിച്ചല്ലേ എനിക്കു പ്രവര്ത്തിക്കാന് പറ്റൂ?"

"ശരിയാണ്. എന്നാല് അനുഭവങ്ങള് മുഴുവന് സത്യമാണെന്നങ്ങു വിശ്വസിച്ചുകളയണ്ടാ. കുറവുകളുള്ളവരാണ് മനുഷ്യരൊക്കെ, കുറവുള്ളോടത്തുകൂടെ നോക്കുമ്പോള് കുറവേ കാണൂ; നിറവുള്ളോടത്തുകൂടെ നോക്കുമ്പോള് നിറവും. പുസ്തകത്തില്നിന്ന് ഇതൊന്നും അനുഭവിക്കാന് കഴിയില്ല, അനിയാ, ജീവിച്ചാലേ അറിയൂ. ഇളമാന് കടവറിയില്ല എന്നു നമ്മുടെ അച്ഛന് കൂടക്കൂടെ പറയാറുണ്ടായിരുന്നു. ഒരിക്കല് അച്ഛനും ഞാനും അമ്മയുംകൂടി---അനിയനുമുണ്ടായിരുന്നു. അന്നു കൊച്ചനാണ്--- ഗുരുവായൂരില് തൊഴാന് പോയി വരികയായിരുന്നു. ബസ് ഒരിടത്തു നിന്നപ്പോള് ധാരാളം പോര്ക്കിന്കുട്ടികള്, ഓടിക്കളിക്കുന്നതു കണ്ടു. അറ്റുന്ന ജീവികളാണെന്ന് അമ്മ പറഞ്ഞു. ഭംഗിയുള്ള കുഞ്ഞുങ്ങളെന്ന് അച്ഛനും പറഞ്ഞു. കൊച്ചുവാലുമാട്ടി നടക്കുന്ന അവയെ കുറച്ചുനേരം നോക്കിക്കൊണ്ടിരുന്നാല് കൗതുകം തോന്നുമെന്നായിരുന്നു അച്ഛന്റെ പക്ഷം. ആദ്യം അമ്മ പറഞ്ഞതാണ് ശരിയെന്നു തോന്നി. പതുക്കെ അച്ഛന് പറഞ്ഞതിന്റെ പൊരുള് എനിക്കു ഗ്രഹിക്കാന് കഴിഞ്ഞു.എനിക്കും കൗതുകം തോന്നി. ഞാന് പറയുന്നത് അനിയനു മനസ്സിലായല്ലോ?"

"ഉവ്വ്."

"ഇനി അനിയന് വേണമെങ്കില് പോയ്ക്കൊള്ളൂ. ഏടത്തിക്കൊരസുഖവുമില്ല."

ഗോപാലകൃഷ്ണന് ഒന്നും പറഞ്ഞില്ല; പോയതുമില്ല. അരമണിക്കൂര് കഴിഞ്ഞപ്പോള് വിശ്വം വന്നു, വലിയൊരു കെട്ടു പൂച്ചെടികളുമായിട്ടാണ് അയാള് വന്നത്. 'പൂന്തോട്ടത്തിന്റെ പണി ആരംഭിക്കുകയായി' എന്നു പ്രഖ്യാപിച്ചുകൊണ്ടാണ് വിശ്വം കയറിവന്നത്.

"വളരെ നന്നായി!"

രാധ കൈക്കോട്ടു കൊണ്ടുവന്നു. വിശ്വവും രാധയുംകൂടി കിളയ്ക്കുകയും തടംപിടിക്കുകയും ചെയ്തു. രാധ കൂടക്കൂടെ അനുജനോട് ഓരോ ചോദ്യം ചോദിച്ചുകൊണ്ട് അയാളെയും സംഭാഷണവലയത്തിലേക്കു കൊണ്ടുവന്നു. പതുക്കെ അയാളും മുറ്റത്തേക്കിറങ്ങി. ചേച്ചിയുടെ കൈയില് നിന്നു കൈക്കോട്ടു വാങ്ങി.

മുന്തിയ ചെടികളൊന്നുമല്ല; എങ്കിലും നിറപ്പകിട്ടുള്ളവയും

പൂവുണ്ടാകുന്നവയുമായ കുറച്ചു ചെടികള്. ഒരു കൊച്ചു പൂന്തോട്ടം രൂപമെടുത്തു. മൂന്നുപേരുംകൂടി വെള്ളംകോരിയൊഴിച്ചു. വെള്ളം നനയ്ക്കുമ്പോള് രാധ പെട്ടെന്നു നിന്നിട്ടു ചോദിച്ചു:

“വിശ്വത്തിന് ഓര്മ്മയുണ്ടോ?”

“എന്ത്?”

“പണ്ട് കോഴിമുട്ട മുളപ്പിച്ചത്?”

രാധ ആ കഥ ഗോപാലകൃഷ്ണനു വിവരിച്ചുകൊടുത്തു. മൂന്നുപേരും കുലുങ്ങിക്കുലുങ്ങിച്ചിരിച്ചു.

“പക്ഷേ, ഇനി ഞാന് മുളയ്ക്കാത്തതൊന്നും കുഴിച്ചിടാന് വിചാരിക്കുന്നില്ല.” വിശ്വം പറഞ്ഞു.

സംഭാഷണവും നനയും ചിരിയും നടന്നുകൊണ്ടിരുന്നപ്പോള്, അടഞ്ഞുകിടന്ന ഒരു വാതില് പതുക്കെ തുറന്നതുപോലെ, ഗോപാലകൃഷ്ണനുതോന്നി. ആ വാതില്പ്പഴുതിലൂടെ ഒരു കുളിര്ത്ത നെടുവീര്പ്പു കടന്നുവരുന്നു.

അന്നിരുട്ടിയിട്ടാണ് വിശ്വനാഥന് പടികടന്നത്. ഗോപാലകൃഷ്ണന് മുന്പില് നടന്ന് അയാള്ക്കു വിളക്കു കാട്ടിക്കൊടുത്തു.

ശത്രുവാണ് പിന്നില് നടക്കുന്നതെന്ന് അയാള് ഓര്ത്തതേയില്ല. വിശ്വം ചുമലിലിട്ട തോര്ത്തുമുണ്ടെടുത്തു തലയില് കെട്ടിയിട്ടു കൂട്ടിക്കാലത്തു കേട്ട ഒരു പഴയ പാട്ടു മൂളി:

“അടിച്ചുമാടിയ മണപ്പുറത്തന്നു
മുളച്ചുപൊന്തിയ കുമ്പളം!...”

എട്ട്

ചെടികള്ക്കു പതുക്കെപ്പതുക്കെ വേരുപിടിക്കുകയാണ്. നനയും വളവും പുത്തന് തളിരുകളുണ്ടാക്കി, ജീവന് പുതുതായി രൂപംകൊള്ളുന്നു. നന്നുത്ത കവിള്ത്തുടുപ്പുകള്; ചില്ലുകൈകള്, രാധ അവയിലേക്കു നോക്കിനിന്നു. മുറിച്ചകറ്റിയവയാണ്. എങ്കിലും ആര്ദ്രയായ ഭൂമിയോടു ബന്ധപ്പെട്ടപ്പോള് അവിടെ ജീവിതം തള്ളിക്കയറിവന്നു. ഇനി അവയ്ക്കും സ്വന്തമായ ഒരരങ്ങും അഭിനയവുമുണ്ട്. കവിള്ത്തുടുപ്പുകള് ഏറിവരും; പുഞ്ചിരികള് വിടര്ന്നുവരും; നൃത്തങ്ങളാരംഭിക്കും. അദമ്യചൈതന്യത്തിന്റെ ഒരു കേളീരംഗം അവിടെ ഉണ്ടാകുവാന് പോവുകയാണ്.

ജീവിതത്തിന്റെ വളര്ച്ചയെ നോക്കിനില്ക്കുന്ന ആരുടെയും മനസ്സില് ഉത്തരം കിട്ടാത്ത അനേകം ചോദ്യങ്ങളും ഉത്സാഹമുണ്ടാക്കുന്ന അനേകം ചിന്തകളും കുരുത്തുവരും. രാധയുടെ ഹൃദയത്തിലും ചോദ്യങ്ങളുയര്ന്നുവരികയാണ്. അവളും ഉത്തരം കിട്ടാതെ പരുങ്ങുകയാണ്.

ആ മനുഷ്യാത്മാവും ഉത്സാഹം ഊറ്റിക്കുടിക്കുകയും ഉത്തരംകിട്ടാത്ത

ചോദ്യങ്ങള് കുറേനേരം മനസ്സിലിട്ടു പുഴക്കി പുറത്തേക്കു തുപ്പിക്കളയുകയും ചെയ്തു. ജീവന് അതിന്റെ എല്ലാ ചൈതന്യത്തോടുംകൂടി ഉദിച്ചുയരുകയാണ്; നിഴല്പ്പാടുകള് ചുരുങ്ങിക്കുടുന്നു.

പൊടിച്ചുയരുന്ന ആ അചരങ്ങള് അവളുടെ ജീവിതത്തില് കാര്യമായ മാറ്റം വരുത്തി. മുമ്പെല്ലാം കമ്പനിയില്നിന്നു വന്നാല് കുളിക്കാം; ഭക്ഷണം പാകംചെയ്യാം; ഗോപാലകൃഷ്ണനെ കാത്തിരിക്കാം; വല്ലതും പകുതി മനസ്സോടെ വായിച്ചുനോക്കാം. അനുജന് വന്നാല് ഊണുകഴിക്കാം; ഉറങ്ങാം; വീണ്ടും ഇതൊക്കെ ആവര്ത്തിക്കാം. ഇന്ന് അതിനൊരു മാറ്റം വന്നിരിക്കുകയാണ്. വൈകുന്നേരം തിരിച്ചെത്തിയാല് രാധയ്ക്ക് ധാരാളം പണിയുണ്ട്. അവിടെയുള്ള ചമ്പകത്തയ്യും മുല്ലവള്ളിയും മറ്റു പൂച്ചെടികളും അവളെ കാത്തു നില്ക്കുകയാണ്; പണിസ്ഥലത്തുനിന്ന് അമ്മ വരുന്നതുംകാത്ത് പടിക്കല്വന്നു നില്ക്കുന്ന കുഞ്ഞുങ്ങളെപ്പോലെ.

അവള് സഞ്ചിയും കുടയും ഒരു വശത്തേക്കിട്ട് ആ ചെടികള്ക്കിടയിലേക്കു ചെല്ലുന്നു. പുതുതായി വന്ന തളിരുകളെ തൊട്ടുഴിയണം. പുതുതായി പടര്ന്ന ചില്ലകളെ ഒന്നു പിടിച്ചുവെച്ചു ശരിപ്പെടുത്തണം. ചമ്പകത്തയ്യ് ശരിക്കും കിളിര്ത്തുവരുന്നു. നല്ല ആരോഗ്യം. മുല്ലയാണ് പാവം. അതിനു ശേഷി പോരാ. കാര്യമായി എന്തെങ്കിലും ചെയ്താലല്ലാതെ, കിളിര്ത്തു പൊന്തുകയില്ല.

“മോളേ, നീ എന്താണിങ്ങനെ മെലിഞ്ഞുപോകുന്നത്? നിനക്കെന്തെടീ ഇനി വേണ്ടത്?” ഒരു കൊച്ചുകുഞ്ഞിന്റെ താടിപിടിച്ചു ചോദിക്കുമ്പോലെ, അവള് ആ തളിരുകളില് തൊട്ടുകൊണ്ടു ചോദിച്ചു. ആ വള്ളിയും പതുക്കെ ഒന്നു ചലിച്ചു.

“നിനക്കു സാപ്പാടു പോരാ, അല്ലേ?”

അതിന്റെ ചലനം അവള് വ്യാഖ്യാനിച്ചു.

“ആട്ടെ, അതിനൊരു വഴി കണ്ടെത്തണം.”

അടുത്തുനില്ക്കുന്ന നന്ത്യാര്വട്ടച്ചെടിയുടെ പടര്ന്നുപന്തലിച്ച കൊമ്പുകള് അവളെ നിഴലിലാക്കിക്കളയുന്നുണ്ട്. കാനല്പ്പുറത്തു വളര്ച്ചമുട്ടിപ്പോകും. അതിനു ശരിക്കു വെളിച്ചവും ചൂടും കിട്ടാന് എന്താണ് വഴിയെന്ന് രാധ ആലോചിച്ചു. ആ നന്ത്യാര്വട്ടച്ചെടി ആരും വച്ചുപിടിപ്പിച്ചതല്ല! കാട്ടുചെടിയായി അങ്ങു മുളച്ചതാണ്. ഇപ്പോള് അവന് മുല്ലക്കുഞ്ഞിന്റെ വളവും വെള്ളവുമെല്ലാം അപഹരിച്ചാഹരിച്ചു കിണ്ടപ്പനായിരിക്കുന്നു. ഇവനെ ഇവിടെ നിര്ത്തിയാല് ഈ മുല്ല മര്യാദയ്ക്കു വളരുകയില്ല. എന്നാലും അവനെ വെട്ടി മാറ്റാനും തോന്നുന്നുമില്ല. പടുമുളയാണെങ്കിലും ചന്തമുള്ളവനാണ്. അവന്നു നല്ല ജീവനുണ്ട്. മുല്ലയെ രക്ഷിക്കണം. നന്ത്യാര്വട്ടം നശിപ്പിക്കാനും വയ്യാ. അതൊരു പ്രശ്നമായിരുന്നു.

“എടാ പോക്കിരീ, നിന്നെ ഇങ്ങനെ വിട്ടാല് നീ അവളെ ബാക്കി വെച്ചേക്കില്ല. നിന്നെ ഞാനിപ്പോള് എന്തുചെയ്യണം?”

രാധ അരയ്ക്കു കൈകള് കുത്തിനിന്ന് ആലോചിച്ചു: “എന്താണിപ്പോള് വഴി?”

“ആരോടാന്നും ബയ്യി ചോദിക്ക്ന്നത്? എബടയ്ക്കള്ള ബയ്യാ ചോദിക്ക്ന്ന്?” പിമ്പില്നിന്നൊരു ചോദ്യം കേട്ടിട്ട് രാധ തിരിഞ്ഞുനോക്കി. ഖദീജയുടെ മകളാണ്. രാധ തന്റെ മുമ്പിലുള്ള പ്രശ്നം ആ പെണ്കിടാവിനു വ്യാഖ്യാനിച്ചുകൊടുത്തു.

“ഇതിനാപ്പോ ഇത്തിരി ബേവലാതി? ഇങ്ങളൊരു മടാക്കത്തി ഇങ്ങോട്ടെടുത്തോളി. ഞമ്മള് ബയ്യി ഉണ്ടാക്കിത്തരാം.”

“എങ്ങനെ?”

“ഇന്നന്ത്യാറട്ടപ്പഹേനെ ബെട്ടിയങ്ങട്ട് മാറ്റം. അപ്പോ കാനലങ്ങടു പൊഗ്രം. മുല്ലശ്ശെടി മേല്പോട്ടു പോരീം ശെയ്യം.”

“അതുവയ്യാ.”

“ഉം?”

“അതു നന്നായി വളരുന്നുണ്ട്.”

“കാട്ടുചെടി ബളരാന് ബിട്ടാല് അതു തോട്ടം മുടിക്കുലേ?”

ഖദീജയുടെ മകള്, ഒരു വിജ്ഞയെപ്പോലെ, നിന്നു സംസാരിച്ചു.

“എന്നാലും---”

“യണ്ടുംപാടെ ഇങ്ങക്ക് കിട്ടൂലാ. ഇച്ചെടി ബളര്ത്തും ബേണം. അച്ചെടി മുറിക്കാനും പാടില്ല!”

ആ യുവതി പറഞ്ഞതു ശരിയാണ്. അവളോടു വിശേഷിച്ചൊരു മറുപടി പറയാനില്ല. എന്നാലും നന്ത്യാര്വട്ടം നശിപ്പിക്കുവാന് മനസ്സു വരുന്നില്ല. ഒടുവില് രാധ പറഞ്ഞു:

“ആലോചിക്കാം.”

“നല്ലോണം ആലോസിക്കി.”

“അതിരിക്കട്ടെ, നിന്റെ കല്യാണക്കാര്യമെന്തായി?”

“ഇപ്പത്തോട്ടംപോലെതന്നെ; ബേര് പിടിക്ക്ന്ന്, തളിര്ക്ക്ന്ന്.”

“ഒരുങ്ങിനില്ക്കുകയാണല്ലേ?” രാധ അവളുടെ കവിളില് തട്ടിക്കൊണ്ടു ചോദിച്ചു.

“ഒരുങ്ങലൊക്കെ കയിഞ്ഞിട്ട് ഇമ്മിണിനാളായി. ഇപ്പോ തെരക്കായിട്ട് നിക്ക്ാ. ബാപ്പ അതിങ്ങ് നടത്തിത്തന്നാ മതി എന്നാ ഞമ്മക്ക്.”

“ഹമ്പടി കേമീ!”

“നേരാ പറഞ്ഞത്. പഴേ ആലോസനകളൊക്കെ മനസ്സില് മുളപൊട്ടാന് എടയുണ്ട്. ഇപ്പോ അങ്ങനെയൊക്കെ ബന്നുകൂടിക്കടക്കണ്. അതിന്റെ മുമ്പേ ഇതങ്ങട്ട് കയ്യേണം. ഇന്നു ഞാന് എന്റെ പുത്യാപ്ലാന്റെ സര്ട്ട് കൂപ്പായം എങ്ങന്യാ മുറിപ്പിക്കേണ്ടതെന്നാ ആലോസിച്ചത്.”

രണ്ടുപേരും പൊട്ടിച്ചിരിച്ചു. ഉത്സാഹത്തെളിമയെഴുന്ന ആ കവിള്ത്തടത്തില് ഒരു നുള്ളുകൊടുക്കാന് രാധ മറന്നില്ല. അവര് ഓരോന്നു സംസാരിച്ചുകൊണ്ടു നിന്നു.

“നീ നിന്റെ പുതിയാപ്ലേനെ എന്താണ് വിളിക്കുക?” രാധ ചോദിച്ചു.

പുത്യാപ്ലാന്ന്. പിന്നെ പഞ്ചാരക്കുന്നത്തു നട്ട കരിമ്പേ എന്നും ബിളിച്ചും!"

"പുതിയാപ്ല നിന്നെ എന്താണ് വിളിക്കേണ്ടത്?"

"പെണ്ണേ എന്ന്, പിന്നെ മുത്തേ എന്നും ബിളിച്ചും!"

വീണ്ടും ഒരു കൂലുങ്ങിച്ചിരി. അതു നീണ്ടുനീണ്ടുപോയി. രാധ ആലോചിച്ചാലോചിച്ചു ചിരിച്ചു. രാധ ചിരിക്കുമ്പോള് ഖദീജയുടെ മകള്ക്കും ചിരിയടക്കാന് കഴിഞ്ഞില്ല. ഒരേ ചരടില് കോര്ത്ത രണ്ടു മണികള്പോലെ, അവര് കൂലുങ്ങുകയും നാദമുണ്ടാക്കുകയും ചെയ്തു.

'ഇവിടെ വലിയ ബഹളമാണല്ലോ! പോലീസിനെ വിളിക്കണോ?' എന്നു പിമ്പില്നിന്നൊരു ചോദ്യം കേട്ടപ്പോഴാണ് ആ ചിരിയടങ്ങിയത്.

രണ്ടുപേരും തിരിഞ്ഞുനോക്കി. വിശ്വം മുന്പില് നില്ക്കുന്നു. വിശ്വത്തെ കണ്ടപ്പോള്, ഖദീജയുടെ മകള് തട്ടന് വലിച്ചു നേരെയാക്കി. എന്നിട്ട് ഒന്നു പരുങ്ങി. 'ഞമ്മള് ബരുന്നേ' എന്നും പറഞ്ഞ് ഒരോട്ടവും!

"മുത്തേ, പോവാണോ?" രാധ വിളിച്ചു ചോദിച്ചു.

ഖദീജയുടെ മകള് തിരിഞ്ഞുനിന്നു ശ്രുക്ഷമായി ഒന്നു നോക്കി. അതൊന്നും പറയരുതെന്നു കൈകൊണ്ടാംഗ്യംകാട്ടി കടന്നുകളഞ്ഞു.

"ഇവിടെ വലിയ ചര്ച്ചയായിരുന്നല്ലോ!" വിശ്വം പറഞ്ഞു.

"ഇല്ല. ഈ നന്ത്യാര്വട്ടം എന്തു ചെയ്യണമെന്നായിരുന്നു പ്രശ്നം."

എന്നിട്ട് അവള് തന്റെ വിഷമസ്ഥിതി ഒന്നുകൂടി വിവരിച്ചു; അവസാനം ഇങ്ങനെ പറയുകയും ചെയ്തു.

"രണ്ടു ചെടിയും കളയാന് വയ്യാ."

"കളയേണ്ടതില്ല."

"പിന്നെ?"

"ഒരു കൈക്കോട്ടു വേണം."

"എന്നിട്ട്?"

"നന്ത്യാര്വട്ടം അപ്പുറത്തേക്കു പറിച്ചുവയ്ക്കും. രണ്ടു ദിവസം നനച്ചാല് അത് അപ്പുറത്തുനിന്ന് പുഞ്ചിരിതൂകുന്നതു കാണാം."

രാധയ്ക്ക് ഒരമ്പരപ്പാണുണ്ടായത്. ഈ യുക്തി തനിക്കെന്തുകൊണ്ടു തോന്നിയില്ല എന്ന് അവള് അത്ഭുതപ്പെട്ടു.

ഉടനെ അവള് കൈക്കോട്ടു കൊണ്ടുവന്നു. വിശ്വം ആ ചെടി കടയോടെ, വേരുകള് മുറിയാത്തവിധം, കിളച്ചെടുത്ത് എതിര്വശത്തുള്ള വേലിക്കരികില് കൊണ്ടുപോയി നടുകയും ചെയ്തു. രാധ വെള്ളം കോരി നനച്ചു.

"പാവം, അവന് ഒറ്റപ്പെട്ടുപോയി!" രാധ പറഞ്ഞു. ഇതുകേട്ടു വിശ്വം ചിരിച്ചു.

വിശ്വത്തിന്റെ ചിരികേട്ടുകൊണ്ടാണ് ഗോപാലകൃഷ്ണന് കടന്നുവന്നത്.

"എന്താണുണ്ടായത്?" അവന് ചോദിച്ചു.

"ഇവിടെ ഒരു കൂടിവെപ്പു നടന്നിരിക്കുന്നു!" എന്നിട്ട്, വിശ്വം നന്ത്യാര്വട്ടം ചൂണ്ടിക്കാണിച്ചു. അന്തിമയങ്ങുന്നതുവരെ അവര് സംസാരിച്ചുകൊണ്ടിരുന്നു.

വിശ്വം പുറപ്പെട്ടപ്പോള്, ഗോപാലകൃഷ്ണന് ടോര്ച്ച് കൊടുത്ത് മുമ്പില് നടന്നു.

വിശ്വനാഥന് കയറിച്ചെന്നപ്പോള് സുലൈമാന് പൂമുഖത്തുതന്നെ ഉണ്ടായിരുന്നു.

“വെളിച്ചമില്ലാതെയാണോ വന്നത്?”

“അല്ല, ഗോപാലകൃഷ്ണന് വിളക്കുമായി പടിവരെ വന്നു.”

വിശ്വം അപ്പുറത്തിരുന്നിട്ടു പറഞ്ഞു. സുലൈമാന് സംഭാഷണവും തുടങ്ങി. മരക്കമ്പോളത്തിലെ കഥകള് പറഞ്ഞു. അങ്ങാടിയിലുണ്ടായ ഒന്നുരണ്ട് അടികലശലുകളുടെ കാര്യം ഓര്ത്തു. വഞ്ചിപ്പണിക്കാര് തമ്മിലുണ്ടായ കലമ്പല് അടികലശലിലവസാനിക്കാതെ പറഞ്ഞുതീര്ത്ത സംഗതി വിവരിച്ചു. അങ്ങനെ ആ സംഭാഷണം നീണ്ടുപോവുകയാണ്. ഇത്രയും ഉത്സാഹപൂര്വ്വം അയാള് സംസാരിക്കുന്നത് അതിനുമുമ്പു വിശ്വം കേട്ടിട്ടില്ല. വിശ്വം എല്ലാം മൂളിക്കേട്ടു. ഒടുവില് ഖദീജയുടെ മകളുടെ കല്യാണക്കാര്യവും വിവരിച്ചു.

“അതുറപ്പിച്ചു.”

“ചെറുക്കനെങ്ങനെ?”

“മോശമില്ല. വലിയ പഠിപ്പൊന്നുമില്ലെങ്കിലും കാര്യബോധമുണ്ട്. മനുഷ്യന്മാരെ ഇഷ്ടപ്പെടുന്ന കൂട്ടത്തിലാണ്.”

“അതു നന്നായി.”

“ആ ചുമതല അങ്ങനെയങ്ങ് അവസാനിപ്പിച്ചുവെന്നു കരുതാം. ഇനി വിശ്വത്തോട് ഒന്നു ചോദിക്കാനുണ്ട്; ഇനിയും രാ ീയത്തിന്റെ വഴിക്കുതന്നെ നടക്കാനാണോ ഭാവം?”

“അല്ല.”

“പിന്നെ?”

“വല്ല തൊഴിലും ചെയ്യണമെന്നുണ്ട്.”

“ഉറപ്പാണോ?”

“അതേ.”

“എന്നാല് ജോലി ഇവിടെയുണ്ട്. എന്റെ എല്ലാ ഏര്പ്പാടും നീ നോക്കി നടത്തണം. എനിക്കിനി വയ്യാ.”

വിശ്വം ഒന്നും മറുപടി പറഞ്ഞില്ല.

“എനിക്കുവേണ്ടി അതു ചെയ്യില്ലേ?”

“ചെയ്യാം.”

“എന്നാല് ഒന്നുകൂടി ചെയ്യണം.”

“എന്താണ്?”

“കല്യാണം കഴിക്കണം. നിനക്കിഷ്ടമുള്ളേടത്താകാം. ഏതായാലും എനിക്ക് സന്തോഷമാണ്. സ്വഭാവം നന്നായാല് ഏറെ നന്ന്.”

വിശ്വം സ്വല്പനേരത്തേക്ക് ഒന്നും പറഞ്ഞില്ല. സുലൈമാന് ഒരു മറു പടി പ്രതീക്ഷിച്ചുകൊണ്ട് അയാളുടെ മുഖത്തേക്കുതന്നെ നോക്കിക്കൊണ്ടിരിക്കുകയാണ്. വിശ്വത്തിന്റെ ഹൃദയത്തിലൂടെ അനേകരംഗങ്ങള് മിന്നല്വേഗത്തില് കടന്നുപോയി. മറന്നുപോയ ഒരു ഗാനം

പെട്ടെന്ന് ഓര്മ്മവന്നതുപോലെ തോന്നി. ഒടുവില് അയാള് പറഞ്ഞു:

"ആലോചിക്കാം."

ആ മറുപടി ഒരു വിജയമായി സുലൈമാനു തോന്നി. അക്കാര്യത്തില് ഒരു സമരംതന്നെ നടത്തേണ്ടിവരുമെന്നായിരുന്നു അയാളുടെ ധാരണ.

"ആലോചിച്ച് അടുത്ത ദിവസം പറയൂ." സുലൈമാന് ആവശ്യപ്പെട്ടു.

അതേവരെ വിശ്വം അങ്ങനെയൊരു വിഷയത്തെപ്പറ്റി കാര്യമായി ആലോചിച്ചിട്ടില്ല. അത്തരം ആലോചനകള് വല്ലപ്പോഴും തലച്ചോറിനുള്ളിലൂടെ പാറിപ്പോയിട്ടുണ്ടെന്നു മാത്രം.

പിറ്റേന്ന് വൈകുന്നേരം പൂന്തോട്ടത്തില് രാധയുമൊത്തു നടക്കുമ്പോള് സുലൈമാന്റെ ചോദ്യം വിശ്വത്തിന്റെ ഹൃദയത്തില് പൊന്തിവന്നു. അതിനെപ്പറ്റി അവളുമായി സംസാരിച്ചാലെന്താണെന്നു തോന്നി. എന്താണു സംസാരിക്കേണ്ടതെന്നു വ്യക്തമായിരുന്നില്ല. അതുകൊണ്ട് ആ സംഗതി പുറത്തേക്കെടുത്തുമില്ല.

ആ കാര്യം മനസ്സില്ക്കിടന്നു കളിച്ചു. അതുകൊണ്ടുതന്നെ മറ്റൊന്നും സംസാരിക്കാനില്ലാത്തതുപോലെയും തോന്നി. രാധയാകട്ടെ, ചുറുചുറുക്കനെ സംസാരിച്ചുകൊണ്ടിരുന്നു. അവളെ അങ്ങനെ സംസാരിക്കാന് വിട്ടിട്ടു വിശ്വം മൂളിക്കൊണ്ടിരുന്നതേയുള്ളൂ. ഒടുവില് അവള് ചോദിച്ചു:

"നമ്മുടെ മാസ്റ്ററുടെ കത്തുണ്ടോ? തന്നെത്താന് കണ്ടുപിടിച്ചുവോ?"

"കത്തുണ്ടായിരുന്നു. രണ്ടു കുഞ്ഞുങ്ങളുംകൂടി അവരുടെ അച്ഛനെ കണ്ടുപിടിച്ചുവെന്നാണ് എഴുതിയിട്ടുള്ളത്."

അന്നയാള് നേരത്തേ മടങ്ങിപ്പോന്നു. ഒന്നു ചുറ്റിനടന്നു വരാമെന്നു തോന്നി. അങ്ങാടിയിലേക്കു പോയിട്ട് നാലു ദിവസമായി.

രാധയുടെ വീട്ടില്നിന്ന് അയാള് തിരക്കിട്ടു നടന്നു. അയാള്ക്ക് എന്തൊക്കെയോ ആലോചിക്കാനുണ്ട്. എന്താണെന്ന് അയാള്ക്കുതന്നെ തികച്ചും വ്യക്തമല്ല, ആലോചിക്കേണ്ടതുണ്ടെന്നറിയാം.

സ്വന്തം ജീവിതത്തെ ഒന്ന് ആകെയിട്ടു നോക്കി. അതൊരു ഏകാന്തരോദനമായിരുന്നു. ആര്ക്കുവേണ്ടി, എന്തിനുവേണ്ടി, അയാള് ജീവിച്ചുവെന്നു ചോദിച്ചാല് ഉത്തരമില്ല. ഈ ചോദ്യങ്ങള് പലപ്പോഴും ജയിലഴികള്ക്കുള്ളില്വെച്ച് അയാള് തന്നോടുതന്നെ ചോദിച്ചതാണ്. പക്ഷേ, അപ്പോഴും നിരാശയൊന്നും തോന്നിയില്ല. എന്തോ ഒന്ന് കണ്ടെത്താനുണ്ടെന്ന അടിസ്ഥാനവിചാരം നിലനിന്നിരുന്നു. ഇന്നും ആ വിചാരം തീരെ മാഞ്ഞിട്ടില്ല. പക്ഷേ, ഒരു ദിവസം അതു മാഞ്ഞുപോയേക്കാം. അപ്പോള്പ്പിന്നെ ജീവിച്ചിരിക്കുവാനുള്ള പ്രേരണ വല്ലതും ബാക്കിയുണ്ടാകുമോ?"

ജയിലില്വെച്ച് തൊഴിലിനെപ്പറ്റിയും അനുരാഗത്തെപ്പറ്റിയുമെല്ലാം അയാള് ആലോചിച്ചിരുന്നു. എന്നാല് വിവാഹത്തെപ്പറ്റി സ്പഷ്ടമായി ഒന്നും ചിന്തിച്ചിട്ടില്ല; ചിന്തിക്കാന് തോന്നിയതുമില്ല.

ഇന്നത് ആലോചിക്കേണ്ടിവന്നിരിക്കുന്നു. സുലൈമാനിക്ക പറഞ്ഞതു

ശരിയാണ്. കുടുംബമില്ലാത്തിടത്തോളംകാലം മനുഷ്യന് ഭ്രമിയില് വേരു പിടിക്കുന്നില്ല. പക്ഷേ, അവിടേക്കു കാലെടുത്തുവയ്ക്കുന്നതിനു മുമ്പേ, നല്ലവണ്ണം ചിന്തിക്കേണ്ടതുണ്ട്. ഇപ്പോള് ഒറ്റാംതടിക്കാരനാണ്. ആരോടുമൊന്നും വാഗ്ദാനം ചെയ്തിട്ടില്ല. അയാള്ക്കു വേണമെങ്കില് ജീവിച്ചിരിക്കാം, മരിക്കാം! വിവാഹം കഴിയുന്നതോടെ ഈ സ്വാതന്ത്ര്യം നഷ്ടപ്പെടുകയല്ലേ?

ഒരു പടുമുളയായ തന്റെ ജീവിതത്തിലേക്ക് എന്തിന് ഒരു വ്യക്തിയെക്കൂടി വലിച്ചുകൊണ്ടുവരണം! ഏതായാലും തന്റെ ജീവിതം ആദ്യന്തം അറിയാത്ത ഒരു വ്യക്തിയെ കൊണ്ടുവന്നുകൂടാ. വലിയ പ്രതീക്ഷകളുമായി വന്നിട്ട്, ഒടുക്കം നിരാശപ്പെടാന് ഇടവരരുത്. തന്റെ ജീവിതം അങ്ങനെ അടിമുടി അറിയുന്നവര് ആരാണ്?

ഈ പട്ടണത്തില് വന്നുചേരുകയും 'രാ ീയ'ത്തിന്റെ അരുപറ്റി നടക്കുകയും ചെയ്തതിനുശേഷമുള്ള ജീവിതത്തെപ്പറ്റി പലര്ക്കുമറിയാമായിരിക്കാം. അതിനുമുമ്പേ താന് ആരായിരുന്നുവെന്ന് അറിയുന്ന എത്രപേരുണ്ട്? ശാന്തയ്ക്കറിയാം, രാധയ്ക്കറിയാം; ഗോപാലകൃഷ്ണനു കുറച്ചൊക്കെ, സ്വപ്നംപോലെ, ഓര്മ്മയുണ്ടാകാം.

ശാന്തയെപ്പറ്റി ആലോചിച്ചപ്പോള് അയാളൊന്നു നിന്നു. അവരെ കണ്ടിട്ടു കുറേക്കാലമായല്ലോ! എന്തുകൊണ്ട് ഒന്നുപോയി കണ്ടുകൂടാ? ഇടക്കാലത്തുവെച്ച് അവരെ കാണുമ്പോള് ഒഴിഞ്ഞുമാറുകയായിരുന്നു. അറപ്പുതോന്നിയിരുന്നു. മോരും മുതിരയുംപോലെ അവരും ജാപ്പുവിരോധവും ചേര്ന്നു നടന്ന കാലം. തീര്ച്ചയായും ആ ീയെ സംബന്ധിച്ചിടത്തോളം അപകടംപിടിച്ച ഒരു ഘട്ടംതന്നെയായിരുന്നു. ആ കാര്യത്തില് ഒരാത്മാര്ത്ഥതയും അവര്ക്കുണ്ടാകാന് വയ്യാ.

ഉടനെ വിശ്വം മറിച്ചും വിചാരിച്ചു: എന്തുകൊണ്ടുണ്ടായിക്കൂടാ? താനും രാ ീയകാര്യങ്ങളും തമ്മില് എന്തെങ്കിലും പൊരുത്തമുണ്ടോ? എന്നിട്ടും താന് രാ ീയത്തില്ച്ചെന്നുചാടി. എത്രയൊക്കെ ബുദ്ധിപൂര്വ്വം പ്ലാന് ചെയ്താലും ജീവിതം ആകസ്മികസംഭവങ്ങള്കൊണ്ടു പ്ലാനുകള് തട്ടിമറിച്ചിടും. ജീവിതത്തില് ഇന്നസമയത്ത് ഇന്നതു കാണും, ഇന്നതു കേള്ക്കും എന്നു പറയാന് വയ്യാത്തേടത്തോളം ആകസ്മികതയ്ക്കു സ്ഥാനമുണ്ട്. ഒരു യുക്തിവിചാരത്തിനും ഈ പ്രപഞ്ചത്തില് സ്ഥാനമില്ലേ? എങ്കില് മനുഷ്യന്റെ യുക്തി ആട്ടിന്റെ കഴുത്തിലെ മുഴയായിരിക്കും. അങ്ങനെ വരാന് വയ്യാ. സംഭവിച്ചതിനെപ്പറ്റി യുക്തിവിചാരം ചെയ്യാം. സംഭവിക്കാവുന്നതിനെപ്പറ്റി ആലോചിക്കാം. ആലോചിച്ചതുതന്നെ സംഭവിക്കണമെന്നുണ്ടോ? രണ്ടു ഘടകങ്ങള് കൂട്ടിവച്ചാലോചിച്ച് ഉത്തരം കണ്ടെത്തുന്നു. ആലോചിക്കാന് തുടങ്ങുമ്പോഴേക്കും മൂന്നാമതൊന്ന് അതിനിടയില് മുളച്ചുവന്ന ഉത്തരം തെറ്റിക്കാന് നോക്കുന്നു. രണ്ടും രണ്ടും നാല് എന്നത് ജീവിതത്തെ സംബന്ധിച്ചിടത്തോളം ശരിയാണോ? ചിലപ്പോള് മൂന്നോമുക്കാലും നാലേകാലുമാകുന്നില്ലേ? ഭ്രമി തിരിയുമ്പോള് പുറപ്പെടുന്ന താരസ്വരം അത്രയും വലിയതായതുകൊണ്ടു നമ്മുടെ

ചെവിക്കുള്ക്കൊള്ളാന് കഴിയുന്നില്ലെന്നു ജയിലില്വെച്ച് ആ നേരമ്പോക്കുകാരനായ അദ്ധ്യാപകന് പറയാറുണ്ടായിരുന്നത് അയാള് ഓര്ത്തു. പ്രപഞ്ചത്തിന്റെ യുക്തിബോധവും അതുയും വലിയതായിരിക്കണം. നമുക്ക് ഉള്ക്കൊള്ളാന് കഴിയുന്നില്ലെന്നുവരാം. ആ നിലയ്ക്ക തന്റെ നിലപാടു പോലെതന്നെ ശാന്തയുടെ നിലപാടിനും ഒരു യുക്തിയെല്ലാമുണ്ടാകാം. പക്ഷേ, അവര്ക്കുതന്നെ വ്യക്തമല്ലാത്ത യുക്തി!

വിശ്വനാഥന് ഒന്നു നിന്നു. അയാള് കുറച്ചുനേരം ആലോചിച്ചു. എന്നിട്ട് ഇടതുവശത്തേക്കു പോകുന്ന റോഡിലേക്കു നീങ്ങി.

വളരെ ധൃതിയോടെയാണ് നടന്നത്. കുതിരവണ്ടികളും കാറുകളും റിക്ഷകളും വന്നു മറഞ്ഞുപോകുന്നതു കൂടക്കൂടെ നോക്കി. അതൊക്കെ നോക്കുന്നതില് ഒരുതരം രസവും തോന്നി.

അയാള് ആ വീടിന്റെ പടിക്കലെത്തിയപ്പോള് പെട്ടെന്നു നിന്നു. അതുയും വേഗം എത്തിച്ചേരുമെന്നൊരു തോന്നലുണ്ടായിരുന്നില്ല. വെളുത്തതും മിന്നിത്തിളങ്ങുന്നതുമായ ആ വലിയ ഗേറ്റിലേക്കു നോക്കിക്കൊണ്ട് ഒരു നിമിഷം നിന്നു. സ്വപ്നംകണ്ട ഒരു സ്ഥലം പെട്ടെന്നു യാഥാര്ത്ഥ്യത്തിലേക്കിറങ്ങി വന്നതുപോലെ തോന്നി.

ഗേറ്റ് തുറന്ന് അകത്തേക്കു കടന്നു. വീടിന്റെ ഉമ്മറത്തുനിന്ന് ഒരു ശീമപ്പട്ടിയുടെ കുരയും പൊങ്ങി.

ഒരു നിമിഷം നിന്നു നോക്കിയിട്ട്, അയാള് ഉമ്മറത്തേക്കുതന്നെ ചെന്നു. കെട്ടിക്കുരുങ്ങിനില്ക്കുന്ന ആ പട്ടി തന്റെ കടമ വീണ്ടും വീണ്ടും നിറവേറ്റുകയായിരുന്നു. അപ്പോഴേക്കും ഒരു ഭൃത്യന് അങ്ങോട്ടു വന്നു. അയാള് നായയെ അടക്കി നിര്ത്തി. ആഗതനോട് വന്ന കാര്യമന്വേഷിച്ചു.

“ശാന്തമ്മയില്ലേ ഇവിടെ?”

“ഉണ്ട്. കയറിയിരിക്കു. വിളിക്കാം.”

അവന് അകത്തേക്കു പോയി.

വിശ്വനാഥന് വളരെ ഹൃദയലാഘവത്തോടെയാണ് അങ്ങോട്ടു കയറിച്ചെന്നതെങ്കിലും അപ്പോള് പതുക്കെപ്പതുക്കെ ഹൃദയം കനക്കുന്നതുപോലെ തോന്നി. ശാന്ത എങ്ങനെയായിരിക്കും അയാളെ സ്വീകരിക്കുക? പക്ഷേ, പുറത്തുപോകാന് പറഞ്ഞുവെന്നും വരാം. എന്നാലെന്താണ്?

പെട്ടെന്നാണ് ശാന്ത മുമ്പില് പ്രത്യക്ഷപ്പെട്ടത്. വെളുത്ത സാരിയും വെള്ളക്കല്കമ്മലുകളും ഇളംനീല വര്ണ്ണത്തിലുള്ള പട്ടകളോടുകൂടിയ ചെരിപ്പും അവള് ധരിച്ചിരുന്നു. അവള് എവിടെനിന്നോ ഒഴുകിവന്നതുപോലെയാണ് തോന്നിയത്. ആ മുഖത്ത് വിളര്പ്പു ബാധിച്ചിട്ടുണ്ട്. കണ്ണുകളില് അഗ്നിജ്വാലയില്ല.

“എന്താണ് നില്ക്കുന്നത്? ഇരിക്കു.”

വിശ്വനാഥന് ഇരുന്നു; എതിരെ അവളും.

“ജയിലില്നിന്നു വന്നിട്ടു കുറച്ചു ദിവസമായി ഇല്ലേ?”

“ഉവ്വ്.”

“ആരോ പറഞ്ഞു കേട്ടു. ഇപ്പോള് എന്തു ചെയ്യുന്നു?”

“കാര്യമായി ഒന്നോ ചെയ്യുന്നുള്ളു; ഉറങ്ങുക.”

രണ്ടുപേരും പൊട്ടിച്ചിരിച്ചു. അതോടെ സംഭാഷണം ആരംഭിച്ചു. അവര് ലോകകാര്യങ്ങളെപ്പറ്റി ചര്ച്ചചെയ്തു; രാജ്യകാര്യങ്ങള് വിശകലനം ചെയ്തു. പൂര്വ്വകാലങ്ങള് അപ്പടി മറന്നതുപോലെയാണ് ശാന്ത സംസാരിച്ചത്. ബുദ്ധിപൂര്വ്വവും ചടുലവുമായിരുന്ന അവളുടെ സംഭാഷണം. എങ്കിലും ആ ശബ്ദത്തിന്ന് ഒരുതരം വരള്ച്ച ബാധിച്ചിട്ടുള്ളതായി വിശ്വനാഥനു തോന്നി.

“ശാന്ത ഇപ്പോള് എന്തു ചെയ്യുന്നു?”

“ഉറങ്ങുന്നില്ല.”

ഒരു ചെറിയ ചിരി.

“ഉണര്ന്നിരിക്കുന്നുമില്ല.” അവള് തുടര്ന്നു: ”ഒരുതരം മയക്കമനുഭവിക്കുകയാണെന്നു പറയാം.”

ഇക്കുറി അവള് ഒറ്റയ്ക്കാണ് ചിരിച്ചത്. വീണ്ടും സംഭാഷണം ലോകകാര്യങ്ങളിലേക്കു മാറ്റണമെന്ന് വിശ്വനാഥനു തോന്നി. അയാള് അടുത്തുണ്ടാകാന് പോകുന്ന സ്വാതന്ത്ര്യദിനാഘോഷത്തെപ്പറ്റി സംസാരിച്ചു.

“എന്നെയും അവര് ആ കമ്മിറ്റിയില് പിടിച്ചിട്ടിട്ടുണ്ട്.”

“അതു നന്നായി.”

“പലതുംപോലെ അതും നന്നായി. അദ്ദേഹവും അതില് മെമ്പറാണ്.”

“കൊള്ളാം!”

വിശ്വനാഥന് കാര്ത്തികേയനെപ്പറ്റി ചോദിച്ചു.

“ബോംബെയ്ക്കു പോയിരിക്കുകയാണ്. രണ്ടു ദിവസം കഴിഞ്ഞു തിരിച്ചെത്തും.”

ഭൃത്യന് കൊണ്ടുവന്നുവെച്ച കാപ്പി കുടിക്കുന്നതിനിടയില് വിശ്വം ചോദിച്ചു:

“ശാന്ത നാട്ടില് പോകാറില്ലേ?”

“ഇല്ല.”

“അമ്മ?.....”

“വല്ലപ്പോഴും ഇവിടെ വരും.”

സംഭാഷണം തടഞ്ഞതുപോലെ തോന്നി. ഇനിയങ്ങോട്ടു കടന്നുകൂടാ. അയാള് യാത്രപറഞ്ഞ് എഴുന്നേറ്റു. അവള് കൈകൂപ്പി; അയാളും.

പടികടന്നപ്പോള് താനെന്തിനേ അങ്ങോട്ടു പോയതെന്ന് വിശ്വം ആലോചിച്ചു. ഉത്തരമില്ല. എങ്കിലും പോയതു നന്നായി എന്നൊരു തോന്നലുണ്ടായി. അയാള് തിരക്കിട്ടു തിരിച്ചു നടന്നു.

ആ പോക്ക് വീടിന്റെ മുകളില്നിന്ന് ഒരാള് നോക്കുന്നുണ്ടായിരുന്നു. വിശ്വം കണ്ണില് നിന്നു മറയുന്നതുവരെ ശാന്ത നോക്കിനിന്നു.

അയാളുടെ രൂപം ചെറുതായിച്ചെറുതായി ഒരു വെളുത്ത പുള്ളിയായി ചുരുങ്ങി. ഒടുവില് അതും മറഞ്ഞു.

ചേറില് താണുപോയ ഒരു മുത്തുമണിയാണെന്നു തോന്നി. ഇരുട്ടു ചുറ്റും വ്യാപിക്കുകയായിരുന്നു. എന്നിട്ടും അവള് ആ ജനലഴികളും പിടിച്ച്

അവിടെത്തന്നെ നിന്നു. കാര്യമായി ഒന്നും ആലോചിച്ചില്ല. നോക്കിക്കൊണ്ടു നില്ക്കുന്നുവെന്നു മാത്രം. സുഖവും ദുഃഖവുമില്ല. ഒരു വെള്ളക്കടലാസ്സിലേക്കു നോക്കിക്കൊണ്ടു നില്ക്കുന്നതുപോലെയുള്ള അനുഭവം.

പതുക്കെ കണ്ണുയര്ത്തി അവള് ആകാശത്തേക്കു നോക്കി. പഞ്ഞിക്കെട്ടുപോലെയുള്ള ഒന്നുരണ്ടു മേഘങ്ങള് ഒഴുകിപ്പോകുന്നുണ്ട്. ആകാശം അങ്ങനെയായതില് ഒരസുഖവും തോന്നിയില്ല. ആ മേഘങ്ങളും ചിതറി അങ്ങിങ്ങു ശയിക്കുകയാണ്.

മനസ്സില് ഒന്നുമില്ല; ദ്വേഷംപോലും! ജനലഴിയില്നിന്ന് കൈയെടുത്തു വീണ്ടും ഒരു നിമിഷം നിന്നു. അവിടംവിട്ടുപോകുമ്പോള്, എന്തിനോടെല്ലാമോ യാത്ര പറയുന്നതുപോലെ തോന്നി. എന്നിട്ടും ഒരു വേദന തോന്നിയില്ല.

കിടപ്പുമുറിയിലേക്കു കടന്നു. മുറി ഇരുട്ടില് മുങ്ങിക്കിടക്കുകയാണ്. വെളിച്ചം വേണമെന്ന് ആഗ്രഹിച്ചില്ല. കട്ടിലില് ആ ഇരുട്ടത്തങ്ങനെ ഇരുന്നു. അപ്പോള്, ഇഴഞ്ഞതും മൃദുലവുമായ വീണാനാദം കേള്ക്കണമെന്നൊരു മോഹം.

റേഡിയോവില് ഇപ്പോള് വീണാനാദമുണ്ടാകുമോ?ഒന്നുരണ്ടു സ്റ്റേഷന് വെച്ചുനോക്കി. ബഹളത്തോടെ തമിഴിലും ഹിന്ദുസ്ഥാനിയിലുമുള്ള പാട്ടുകള് തള്ളിക്കയറി വരുന്നു. അതു മതിയാക്കി കട്ടിലില് വന്നിരുന്നു. ഇത്തിരി കിടന്നാലെന്താണ് എന്നാലോചിക്കുകയായിരുന്നു. പെട്ടെന്ന് ചുമരിലെ നീഗ്രോ ഒന്നാലറി.

ശാന്ത ഒന്നു തലയുയര്ത്തി നോക്കി, ഒരു പൊള്ളച്ചിരി ചിരിച്ചു മുറിയില്നിന്ന് എഴുന്നേറ്റുപോയി.

അന്നു നേരത്തേ ഉറങ്ങാന് കിടന്നു. നേരത്തേ ഉറങ്ങുകയും ചെയ്തു. ഇളംവെയില് ജാലകപ്പടികളില് കൊഞ്ചിക്കൊണ്ടു വന്നുനിന്നതിനുശേഷമേ അവളുണര്ന്നുള്ളൂ.

“ഒരു ദിവസം അങ്ങനെയും കഴിഞ്ഞു!”--അവള് തന്നോടുതന്നെ പറഞ്ഞിട്ട് എഴുന്നേറ്റു. അവള് ആ കട്ടിലില്ത്തന്നെ മനോരാജ്യത്തില് മുഴുകിക്കൊണ്ടിരുന്നു. വിശ്വനാഥനെക്കണ്ടതു തലേന്നാള് സ്വപ്നത്തിലാണെന്നേ അപ്പോള് തോന്നിയുള്ളൂ.

വിശ്വനാഥനും ഏതാണ്ട് അങ്ങനെതന്നെയാണ് തോന്നിയത്. മുമ്പാണെങ്കില് അത്തരമൊരു ദിവസത്തിനുശേഷം എത്രമേല് വികാരശബളമായ ഒരന്തരീക്ഷമായിരുന്നു തനിക്കു ചുറ്റും ഉണ്ടാകുകയെന്ന് അയാള് ഓര്ത്തു. ഇന്ന് ഒരു ക്ഷോഭവുമില്ല. കഴിഞ്ഞകാലത്തെ തന്നെപ്പറ്റി ആലോചിച്ചപ്പോള് ചിരിവന്നു: ‘അന്നു ഭ്രാന്തായിരുന്നു!’

പിറ്റേന്നും സുലൈമാനിക്ക വിശ്വത്തോടു ചോദിച്ചു:

“ഞാന് പറഞ്ഞത് ഓര്മ്മയില്ലേ?”

“ഉണ്ട്; ആലോചിക്കാം.”

ആലോചന ആരംഭിക്കേണ്ടത് എങ്ങനെയാണെന്നറിഞ്ഞുകൂടെന്നേയുള്ളൂ. അന്നു വൈകുന്നേരവും അയാള് രാധയുടെ വീട്ടില്പ്പോയി. ഗോപാലകൃഷ്ണന്

എത്തിയിട്ടില്ല. രാധ പൂന്തോട്ടത്തില് ഏതോ ചെടിക്കു കടയ്ക്കല് കുത്തിക്കുഴിച്ചുകൊണ്ടു നില്ക്കുമ്പോഴാണ് അയാള് അങ്ങോട്ടു ചെന്നത്. വിശ്വത്തെ കണ്ടപ്പോള് അവള് പിടിച്ചു മേലോട്ടു കുത്തിയിരുന്ന സാരിയുടെ തലപ്പു താഴത്തേക്കിട്ടിട്ടു പുഞ്ചിരിതൂകി:

"ഇന്നു പകല് ഒന്നാന്തരം ഉറക്കം ഉറങ്ങി, ഇല്ലേ?"

"ഉവ്വ്. ഇപ്പോള്ത്തന്നെ ഉറക്കമുണര്ന്നുവരുന്നേയുള്ളൂ."

"ഉറക്കം തുങ്ങി ഇവിടെ വീഴരുതേ!"

"വീണുകൂടായ്കയില്ല," അയാള് ചിരിച്ചു: "ഞാന് അധികസമയവും ഉറങ്ങുകയാണ്. വല്ലപ്പോഴും നേരമ്പോക്കിനു സ്വല്പം ഉണര്ന്നിരിക്കുക എന്നേയുള്ളൂ."

"കൊച്ചു കുംഭകര്ണ്ണനാണോ?"

"വലിയ കുംഭകര്ണ്ണന്തന്നെ!"

വീണ്ടും ഒരു കൂട്ടച്ചിരിയുണ്ടായി.

"നമ്മുടെ നന്ത്യാര്വട്ടം നോക്കൂ. അവനു സ്ഥലംമാറ്റം ഗുണമാണ് ചെയ്തത്."

"ചിലപ്പോഴങ്ങനെയാണ്, മനുഷ്യര്ക്കുപോലും."

അവള് ചെടിക്കു തടംപിടിക്കുകയായിരുന്നു. പെട്ടെന്ന് വിശ്വനാഥന് പറഞ്ഞു:

"എന്റെ കൈയില് ഒരു ന്യൂസുണ്ട്."

"കേള്ക്കട്ടെ." അവള് തലയുയര്ത്താതെതന്നെ പറഞ്ഞു.

"ഞാന് കല്യാണം കഴിക്കണമെന്നു വിചാരിക്കുന്നു."

അവള് കൈകുടഞ്ഞ് എഴുന്നേറ്റുനിന്നുകൊണ്ടു ചോദിച്ചു:

"നേരോ?"

"നേര്! പക്ഷേ, വിചാരിക്കാന് തുടങ്ങിയിട്ടേ ഉള്ളൂ."

"നന്നായി!" രാധ അനുകൂലിച്ചു: "പൊതുസേവനം മടുത്തുതുടങ്ങിയോ?"

"ഇല്ല. സേവനഭ്രാന്തു തീര്ന്നുവെന്നു മാത്രം. ഇനി മനുഷ്യസേവനമേ ഉള്ളൂ. അതിന് ആദ്യം എനിക്കു വേരുണ്ടാകണമെന്നാണ് സുലൈമാനിക്കായുടെ പക്ഷം, ശരിയാണെന്ന് എനിക്കും തോന്നുന്നു."

"അപ്പോള്...."

"എന്താണ്?" വിശ്വം രാധയെ സംസാരിക്കാന് പ്രേരിപ്പിച്ചു.

"വിവാഹം വേരാണോ?"

"നമുക്ക്; സാധാരണ മനുഷ്യര്ക്ക്. യോഗികള്ക്ക് വേണ്ടായിരിക്കാം."

രാധ എന്തോ ആലോചിച്ചുകൊണ്ടു കൈവിരലുകളില് പറ്റിപ്പിടിച്ച മണ്ണു പതുക്കെ വടിച്ചുകളയുകയായിരുന്നു. പെട്ടെന്ന് തലയുയര്ത്തിയിട്ട് ചോദിച്ചു:

"ഏതാണ് കുട്ടി?"

"അതേ ഇനി തീര്ച്ചപ്പെടുത്തേണ്ടതുള്ളൂ." വിശ്വം തുടര്ന്നു: "ആരായാലും നല്ലൊരു കുട്ടിയായിരിക്കും."

"അങ്ങനെയാവട്ടെ. വേഗം ആലോചിക്കൂ."

വിശ്വം മറുപടി പറയാതെ സ്വല്പനേരം നിന്നു. എന്നിട്ടു പറഞ്ഞു:

“കൈകഴുകി വരൂ; എനിക്കു ചിലതു പറയാനുണ്ട്.”

രാധ അനുസരിച്ചു. അവര് ഉമ്മറത്തേക്കു കയറിയിരുന്നു.

“രാധ തെറ്റിദ്ധരിക്കരുത്.”

“ഇങ്ങനെ ഒരു മുഖവുര ആവശ്യമുണ്ടോ?”

“ഉണ്ട്. ഞാന് ഒരു വകതിരിവും കൂടാതെ, അകത്തു തോന്നിയതെല്ലാം തുറന്നു പറയുകയാണ്. തള്ളേണ്ടതും കൊള്ളേണ്ടതും കാണും. നെല്ലും പതിരും വേര്തിരിക്കാത്ത വിചാരങ്ങള് ഒന്നായി രാധയുടെ മുമ്പില് ചൊരിയാന് പോവുകയാണ്.” ഒന്നു നിര്ത്തി, എവിടെനിന്ന്, എങ്ങനെ തുടങ്ങണമെന്നറിയാതെ അയാള് പരുങ്ങി. അല്ലെങ്കില്, എവിടെനിന്ന്, എങ്ങനെ തുടങ്ങിയാലെന്താണ് എന്നും തോന്നി. വിശ്വം പറഞ്ഞു:

“എനിക്കിന്ന് ആരോടും അനുരാഗവും പ്രേമവുമൊന്നുമില്ല.”

“പണ്ടുണ്ടായിരുന്നതുപോലെയാണല്ലോ സംഭാഷണം?” രാധ ഇടയില്ക്കയറി ചോദിച്ചു.

“ഉണ്ടായിരുന്നു; കലശലായി ഉണ്ടായിരുന്നു.”

“ഉം.” രാധ ഒന്നു മൂളി. ചോദിക്കേണ്ടിയിരുന്നില്ലെന്നും തോന്നി.

“ഒരനുരാഗത്തിന്റെ വിസ്മൃതം നിറഞ്ഞ വേദന മുഴുവന് ഞാന് ഉള്ക്കൊണ്ടിട്ടുണ്ട്. ഇന്ന് ആ തളിരുകളൊക്കെ കൊഴിഞ്ഞുപോയി.”

“ഇത്രയും വേഗത്തില്?”

“വേഗത്തിലൊന്നുമല്ല. വര്ഷങ്ങളുടെ അനുഭവത്തിലൂടെയാണ് അതു കൊഴിഞ്ഞുപോയത്. ഇന്നു തിരിഞ്ഞുനോക്കുമ്പോള് ദുഃഖിക്കാനല്ല, ചിരിക്കാനാണു തോന്നുന്നത്. പക്ഷേ, അനുരാഗമില്ലാത്ത മനുഷ്യര്ക്കും മനുഷ്യഹൃദയത്തിന്റെ ചൂട് ആവശ്യമാണ്. എനിക്കിന്ന് അതു വേണം. ഇല്ലെങ്കില്, ഞാന് എന്താവുമെന്ന് എനിക്കുതന്നെ നിശ്ചയമില്ല.”

“എന്തെങ്കിലുമാവുന്നതിനുമുമ്പേ ഒരാളെ കണ്ടുപിടിക്കണം.”

“വേണം, എന്നെ അറിയാവുന്ന ഒരാളായാല്ക്കൊള്ളാമെന്നുണ്ട്. ആകാവുന്നോടത്തോളം സ്നേഹിക്കും. വിശ്വസ്തനായിരിക്കുവാന് ശ്രമിക്കും. അത്രയേ പറയാനൊക്കൂ.”

“അത്രയല്ലേ ആര്ക്കും പറയാനൊക്കൂ?”

“അതേ. പിന്നെയെല്ലാം കാലത്തിന്റെ കൈയിലാണ്. ഇനി രാധയാണ് ചിന്തിക്കേണ്ടത്.”

രാധ മിഴിച്ചുകൊണ്ടു പറഞ്ഞു:

“മനസ്സിലായില്ല.”

“രാധയ്ക്ക്.... രാധയ്ക്ക് എന്നോടൊന്നിച്ച് ജീവിക്കാന് ഇഷ്ടമാണോ?”

“ഹേ!” അവള് ഞെട്ടിപ്പോയി. ആ പുരയാകെ പൊളിഞ്ഞു ശിരസ്സില് വീഴുമെന്നു വന്നാലും ഇങ്ങനെ ഒരമ്പരപ്പുണ്ടാവുകയില്ല, കവിളുകള് തുടുത്തു; കണ്ണ് വിടര്ന്നുതന്നെ നിന്നു; ശ്വാസം ശരിക്കു നീങ്ങുന്നില്ല. വീര്പ്പുമുട്ട്. മറുപടി

പറയാന് വാക്കു കിട്ടുന്നില്ല.

“ഞാന് നിര്ബന്ധിക്കുകയില്ല; അതിന്റെ ആവശ്യവുമില്ല.” വിശ്വത്തിന്റെ വാക്കുകള് ഉറച്ചതായി: ”എനിക്കു നിങ്ങളോട് അനുരാഗമൊന്നുമില്ല. ഇഷ്ടമാണ്; സ്നേഹത്തോടും ചങ്ങാതിത്തത്തോടുംകൂടി ജീവിക്കുവാന് സാധിക്കുമെന്ന് എനിക്കു തോന്നുന്നു. സമ്മതമാണോ?”

“വിശ്വം ആലോചിച്ചാണോ സംസാരിക്കുന്നത്?”

“വളരെ ശാന്തമായി ആലോചിച്ചതിനുശേഷം.”

അവള് മുറ്റത്തേക്കു നോക്കി. നന്ത്യാര്വട്ടം കാറ്റത്ത് തലയാട്ടിക്കൊണ്ടു നില്ക്കുകയാണ്. അതിന്മേല് മൊട്ടുകളോ പൂവുകളോ ഇല്ലെന്ന് അവള് കണ്ടു. എങ്കിലും പുതിയ തളിരുകള് നിറയെ കുനുത്തിട്ടുണ്ട്. ആകെ രോമാഞ്ചംകൊണ്ടു നില്ക്കുകയാണെന്നു തോന്നും.

“പറയൂ; എന്തു മറുപടി പറഞ്ഞാലും അതെന്നെ അമ്പരപ്പിക്കുകയോ അസുഖപ്പെടുത്തുകയോ ഇല്ല. ഇല്ലെന്നു പറഞ്ഞാല് ഒന്നും സംഭവിച്ചതായി എനിക്കു തോന്നുകയില്ല. ഉണ്ടെന്നു പറഞ്ഞാല് എന്തോ വീണുകിട്ടിയതുപോലെ, ഞാന് വിചാരിക്കും.”

“വിശ്വത്തിനു ചെറുപ്പമാണ്.”

“അതേ.”

“ഒരു കൊച്ചുപെണ്കുട്ടിയാണ് വേണ്ടത്?”

“അല്ല.”

“എന്തുകൊണ്ട്?”

“ഒരു കൊച്ചുപെണ്കുട്ടിക്ക് എന്റെ അടുത്തു വന്നു കുറച്ചുദിവസം കഴിയുമ്പോള് ഭ്രാന്തുപിടിക്കും. എനിക്ക് എന്റെ ഭ്രാന്തുകളും കമ്പങ്ങളും അസ്സലായി അറിയാം. ആ സ്വഭാവംകൊണ്ടു കരുത്തു നേടിയ ഒരു ‘ീക്കേ അതു സാധിക്കൂ. എന്നല്ല, എന്നെ എന്റെ എല്ലാ കൊള്ളരുതായ്മകളോടുംകൂടി പരിചയമുള്ള ഒരാള്ക്കേ മനസ്സിലാക്കാനോ ഇഷ്ടപ്പെടാനോ സാധിക്കൂ. നിങ്ങള് സൂചിപ്പിച്ചത് എനിക്കു മനസ്സിലായി. നിങ്ങള്ക്ക് എന്നെക്കാള് സ്വല്പം പ്രായക്കൂടുതലുണ്ട്. ഞാനതു വിസ്മരിച്ചിട്ടില്ല. പക്ഷേ, അതെനിക്കൊരു കാര്യമല്ല. എനിക്ക് സ്നേഹാദരങ്ങള് ആവശ്യമുണ്ട്. നിങ്ങള്ക്ക് എന്നോടുകൂടിയുള്ള ജീവിതത്തില് സുഖം കണ്ടെത്താന് കഴിയുമോ?”

“ഇല്ല.” അങ്ങനെയൊരു ശബ്ദം ഹൃദയത്തിന്റെ അടിയില്നിന്നു പൊന്തിവന്നു. പക്ഷേ, തൊണ്ടയിലെത്തിയപ്പോള് അതു പിടിച്ചടക്കി. അതേസമയം എന്താണ് മറുപടി പറയേണ്ടതെന്നും അറിഞ്ഞുകൂടാ. വഴുക്കല് നിറഞ്ഞ സ്ഥലത്തുകൂടെ നടക്കുകയാണ്, ഓര്ക്കാത്ത ഒരൊറ്റയടിവെപ്പുകൊണ്ട് അഗാധക്കയത്തിലേക്ക് ഉരുണ്ടുവീഴും. താന് ഉരുണ്ടുവീഴുക മാത്രമല്ല, ഒരു നല്ല മനുഷ്യനെ ഉന്തിവീഴ്ത്തുകകൂടി ചെയ്യും. എന്തെങ്കിലും മറുപടി പറയാതിരിക്കാനും പറ്റില്ല. അവള് ചോദിച്ചു:

“വിശ്വം തന്നെത്താന് വളരെ ചെറുതാക്കിക്കാണിച്ചു. ഏതാണ്ട്

ഒരുണക്കമരത്തെപ്പറ്റി വിവരിക്കുന്നതുപോലെയാണ് സ്വന്തം കാര്യങ്ങളെക്കുറിച്ചു സംസാരിച്ചത്. അതു നന്നായി! വിശ്വം എനിക്കുവേണ്ടി ത്യാഗം ചെയ്യാന് ഒരുങ്ങുകയാണ്, അല്ലേ?"

"അല്ല. ഇതു ഭംഗിവാക്കാണെന്നു കരുതരുത്. എനിക്കു ത്യജിക്കുവാനുള്ളതെല്ലാം എത്രയോ മുമ്പുതന്നെ ത്യജിച്ചിരിക്കുന്നു! ഇന്ന് അതിനെപ്പറ്റി പകപോലും ഇല്ലാതായിട്ടുണ്ട്. സാഹചര്യങ്ങള് മനസ്സിലാക്കാതെ ആളുകളോടു പകവയ്ക്കുന്നതില് ഒരര്ത്ഥവുമില്ല. ഈ ബോധമുണ്ടാകാന് സമയം പിടിച്ചു. മനസ്സിലായപ്പോള് മനുഷ്യര്ക്കെല്ലാം സൗന്ദര്യം വര്ദ്ധിച്ചതായും തോന്നി. ഏതായാലും എന്നെ സംബന്ധിച്ചിടത്തോളം ഒരു ത്യാഗവുമില്ല; എനിക്കുവേണ്ടി ത്യാഗം ചെയ്യുകയുമരുത്."

വിശ്വം വികാരസ്പര്ശമില്ലാത്ത വിധത്തിലാണ് സംസാരിക്കുന്നത്. പണ്ടൊക്കെ അയാള് വികാരാവേശത്തോടെ സംസാരിക്കുകയും അവള് പ്രശാന്തയായിരിക്കുകയുമാണ് പതിവ്. ഇന്നു വിപരീതമായ അവസ്ഥാവിശേഷമാണ്. അവള് പ്രശാന്തമായിരിക്കാന് ആഗ്രഹിക്കുന്നു. എങ്കിലും ഹൃദയം കലങ്ങി മറിയുകയാണ്.

ഒന്നും മിണ്ടാന് കഴിയുന്നില്ല. അയാളും നിശ്ശബ്ദനായിരുന്നു. എന്നെന്നേക്കുമായി അടച്ചിട്ട വാതിലുകള് അതിവേഗത്തില് മുമ്പിലേക്കു തള്ളിത്തുറന്നിരിക്കുകയാണ്. ഊഷ്മളമായ ആവി അവിടെനിന്നു പുറപ്പെട്ട് അവളെ അസ്വസ്ഥയാക്കിയിരിക്കുന്നു.

വിശ്വത്തെ അവള് മുമ്പില് കാണുന്നു. വിശ്വസ്തനായ നല്ല മനുഷ്യന്! ഒന്നും മറച്ചുവയ്ക്കാതെ സംസാരിക്കുന്നവന്. പക്ഷേ, മനസ്സില് മറ്റൊരു കരുത്തനായ മനുഷ്യന്റെ നിഴല് വന്നുംപോയും നിന്നു.

നിര്ണ്ണായകമായ നിമിഷമാണ്. ആകര്ഷകമായ ഒരു നിഴലിനു കാവലിരുന്നുകൊണ്ട് ആയുഷ്കാലം മുഴുവന് കഴിക്കാം. അല്ലെങ്കില് എല്ലാ പച്ചപ്പോടുംകൂടി ജീവിതത്തെ കടന്നൊടുക്കാം. ജീവിതം വേണോ? ഇതായിരുന്നു ചോദ്യം.

ജീവിതം വേണ്ടെന്നു പറയാന് ധൈര്യം വരുന്നില്ല. അങ്ങനെ പറഞ്ഞാല് അതു സത്യമായിരിക്കുകയില്ല. ഇത്രയും തുറന്നു പറയുന്ന ഒരു മനുഷ്യനോടു കളവു പറഞ്ഞുകൂടാ. എന്നാല് ജീവിതത്തിലെ പച്ചപ്പിലേക്കു വീണ്ടും കടന്നുചെല്ലുന്നതില് വൈമനസ്യം തോന്നി. എന്താണ് വൈമനസ്യം? പെട്ടെന്നു താന് മധുരപലഹാരത്തിനുവേണ്ടി കരയുന്ന ഒരു കുട്ടിയായിപ്പോകുന്നുവെന്നൊരു തോന്നല്. മറുപടി പറയാന് ഇത്രയും വിഷമിച്ചിട്ടുള്ള സന്ദര്ഭമുണ്ടായിട്ടില്ല. ഇതിനുമുമ്പ് ഒരിക്കലേ ഒരു വിമ്മിട്ടം അനുഭവപ്പെട്ടിട്ടുള്ളൂ; കാര്ത്തികേയന് തടഞ്ഞുനിര്ത്തിയപ്പോള്. പക്ഷേ, അപ്പോള് മനസ്സില് വ്യക്തമായ വെറുപ്പുണ്ടായിരുന്നു. അതു വേണ്ടത്ര നന്നായി പ്രകടിപ്പിക്കുവാന് കഴിഞ്ഞില്ലെങ്കിലും കരയാനും ആട്ടിയോടിക്കാനും വയ്യാത്ത ഒരു പ്രായമായിരുന്നു.

ഇന്ന വെറുപ്പില്ല, ഇഷ്ടമുണ്ടുതാന്നം. എന്നാലും ഒന്നും പറയാന് കഴിയുന്നില്ല.

“മൗനം നിഷേധമായിട്ടാണോ ഞാന് കണക്കാക്കേണ്ടത്?” വിശ്വം ചോദിച്ചു.

“അങ്ങനെയല്ല.” അവള് നന്ത്യാര്വട്ടച്ചെടിയിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു: ”ആ നന്ത്യാര്വട്ടച്ചെടിപോലെയല്ല മനുഷ്യരുടെ ജീവിതമെന്നു തോന്നുന്നു. പറിച്ചുനട്ടപ്പോള് അതു നന്നായി, എനിക്ക് എന്നെ അങ്ങനെ പറിച്ചുനടുവാന് സാധിക്കുമെന്നു തോന്നുന്നില്ല.”

“വേരുപിടിക്കുന്നതുവരെ വിഷമം തോന്നും.” വിശ്വം അഭിപ്രായപ്പെട്ടു: ”പക്ഷേ, ഞാന് ഇക്കാര്യത്തില് തര്ക്കം പറയുകയില്ല. നിങ്ങള്ക്കു സ്വന്തം മനസ്സു മനസ്സിലാക്കാന് കുറേസമയം വേണം. ഞാന് നന്നേ പെട്ടെന്ന് ഒരു ഉത്തരം ആവശ്യപ്പെടുന്നതു ശരിയല്ല, ആലോചിക്കൂ, എന്നിട്ട്, വേണമെങ്കില് നിഷേധിക്കാം.”

“അപ്പോള് വിശ്വം കാത്തിരിക്കുകയാണോ?” പെട്ടെന്നു വന്ന ചോദ്യം.

“ഞാന് കാത്തിരിക്കുന്നില്ല; ഇരിക്കുന്നുവെന്നുമാത്രം. രാധേ, ഞാന് ആരെയും കാത്തിരിക്കുന്നില്ല; കാത്തിരിക്കുകയുമില്ല, ഈ സംഭാഷണം തത്കാലം നീട്ടീട്ടു പ്രയോജനമില്ല.”

“പിന്നീട് രാധ ഒന്നും പറഞ്ഞില്ല: വിശ്വമാകട്ടെ, അടുത്തു നില്ക്കുന്ന ഒരു പനിനീര്ച്ചെടിയെപ്പറ്റി സംസാരിച്ചു: അതിനു കൂടുതല് വളമാവശ്യമുണ്ടെന്നു തോന്നുന്നു. പുഷ്പിപ്പെട്ടതു പോരാ.”

“ശരിയാണ്.” രാധയും സമ്മതിച്ചു.

വിശ്വം അതിനിടയില് ഒന്നും സംഭവിച്ചിട്ടില്ലാത്തതുപോല പലതിനെപ്പറ്റിയും സംസാരിച്ചു.

തോട്ടത്തിന്നൊരു വേലി കെട്ടേണ്ടതിനെപ്പറ്റിയും മണിപ്പൂവള്ളി പടര്ത്തേണ്ടതിനെപ്പറ്റിയും അയാള് പറഞ്ഞു: ”മണിപ്പൂവള്ളികളില് മൂന്നുനാലു ജനുസ്സുകളുണ്ട്. ജയിലില് രണ്ടു ജനുസ്സേ ഉണ്ടായിരുന്നുള്ളൂ. നല്ല അലങ്കാരമുണ്ടാക്കുന്ന ചെടിയാണ്. എങ്കിലും അതിന്റെ പൂക്കള്ക്ക് ഗ്രാമീണകന്യകയെപ്പോലെ, വിനയമുള്ളതായി അയാള്ക്കു തോന്നുന്നു. പൂക്കള്ക്കും, മനുഷ്യരെപ്പോലെ, സ്വഭാവമുണ്ടെന്നു തോന്നുകയാണ്. മുക്കുറ്റി ഒരു തറവാട്ടുകാരിയാണ്. റോസപ്പൂ ഒരു കൊച്ചുസുന്ദരി. മുല്ല ബുദ്ധിയുള്ളവളാണെന്നു തോന്നും. ചമ്പകം അഹമ്മതിക്കാരിയാണ്. ജമന്തി വിഡ്ഢിയും വിലാസവതിയുമാണെന്നു തോന്നുന്നു.”

‘ഒക്കെ വിശ്വത്തിന്റെ സങ്കല്പങ്ങളാണ്.” രാധ എന്തെങ്കിലും സംസാരിച്ച് ഒപ്പമെത്താന് ശ്രമിക്കുകയായിരുന്നു.

“ആയിരിക്കാം. പക്ഷേ, സങ്കല്പിക്കാനുള്ള ശക്തിയില്ലെങ്കില്പിന്നെ ജീവിതമെന്തിനുകൊള്ളാം? ലോകത്തിലുള്ള ഒരു വസ്തുവും നമ്മോടു സംസാരിക്കില്ല. നാം എല്ലാറ്റിനോടും സംസാരിച്ചു സംസാരിച്ചു മുഷിയും.”

“ഉണ്ട്; ലോകത്തിന്റെ അറ്റം കാണാന് പോയിരുന്ന ആള് ഇപ്പോഴും കൂടെയുണ്ട്!”

രണ്ടുപേരും പൊട്ടിച്ചിരിച്ചു.

അന്തരീക്ഷത്തിനു ലാഘവം വര്‍ദ്ധിച്ചതോടെ അവര്‍ക്കു പലതും പറയാന്‍ കഴിഞ്ഞു. ഖദീജയുടെ മകളുടെ കല്യാണം ഉറപ്പിച്ച കാര്യവും വിശ്വം പറഞ്ഞു.

"ഭാഗ്യവതിയാണ് ആ പെണ്ണ്!" രാധ അഭിപ്രായപ്പെട്ടു: "ഒരിക്കലും മനോഭാരം അനുഭവിക്കാത്ത ജീവി!"

"ഒരു കളിമ്പക്കാരി." വിശ്വം അഭിപ്രായപ്പെട്ടു.

അവര്‍ ആ പെണ്‍കിടാവിനെപ്പറ്റി ഓരോന്നു പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് ഗോപാലകൃഷ്ണന്‍ കടന്നുവന്നത്. കല്യാണക്കാര്യത്തെപ്പറ്റിയുള്ള സംഭാഷണത്തില് അവനും ചേര്‍ന്നു.

"മുപ്പതുകൊല്ലം കണ്ടാലും ആ പെണ്ണിനെ എനിക്കു പരിചയമാകുകയില്ല എന്നു തോന്നുകയാണ്." ഗോപാലകൃഷ്ണന്റെ അഭിപ്രായമാണ്.

"എന്തുകൊണ്ട്?" വിശ്വം ചോദിച്ചു.

"ഓണത്തുമ്പിപോലെയുള്ള ഒരു പെണ്ണ്! ഒതുങ്ങിയിരിക്കാന് വയ്യാ."

"അതാണ് അവളുടെ സ്വഭാവമെന്നോയുള്ളൂ. അങ്ങനെയാകാന് ഭാഗ്യം വേണം."

"ഒന്നുകൂടി വേണം," ഗോപാലകൃഷ്ണന് കൂട്ടിച്ചേര്‍ത്തു: "ബുദ്ധിയില്ലായ്മയും."

"ഹമ്പട, കേമാ!" രാധ പൊട്ടിച്ചിരിക്കിടയില് വിശ്വത്തോടു പറഞ്ഞു: "കണ്ടോ, എന്റെ അനിയന് ബുദ്ധിയെപ്പറ്റിയെല്ലാം സംസാരിക്കാന് തുടങ്ങി!"

മൂന്നുപേരും ചിരിച്ചു.

അന്നും ഗോപാലകൃഷ്ണന് വെളിച്ചവുമായി വിശ്വത്തെ അനുഗമിച്ചു. അന്നും താളം മടിയും കെട്ടിവലിഞ്ഞു നടക്കുന്നതിനിടയില് വിശ്വം മൂളി:

"അടിച്ചുമാടിയ മണപ്പുറത്തന്നു മുളച്ചുപൊന്തിയ കുമ്പളം."

വിശ്വം പോയപ്പോള് രാധയ്ക്ക് ആശ്വാസമാണ് തോന്നിയത്. ബന്ധത്തില്നിന്നു വിടുകിട്ടിയതുപോലെ ഒരു തോന്നല്. ഇനി എന്തെങ്കിലുമൊക്കെ ആലോചിക്കാം; നൊമ്പരപ്പെടാം.

അവള് കിടക്കറയിലേക്കു കടന്ന്, വാതിലിന്റെ ഒരു പാളി ചാരി, അതിന്റെ മറവിലായി കട്ടിലില് ഇരുന്നു. വല്ലാത്ത ക്ഷീണം തോന്നുന്നു. കുറച്ചു സമയത്തിനുള്ളില് വളരെ നാഴിക നടന്നതുപോലെയുള്ള അനുഭവം. കുറേ ആലോചിക്കാനുണ്ട്--എന്താണ്, എങ്ങനെയാണ് ആലോചിക്കേണ്ടതെന്ന് അറിഞ്ഞുകൂടെങ്കിലും. എന്തൊക്കെ യാതനകളാണ് തന്റെ ജീവിതത്തിലുണ്ടായത്! ഓരോ ഘട്ടത്തെക്കുറിച്ചും അവള് ചികഞ്ഞാലോചിച്ചു. നിനച്ചതുപോലെയല്ല ഒന്നും വന്നുചേര്‍ന്നത്. എന്തിനാണ് ഇതൊക്കെ അനുഭവിച്ചുകൊണ്ട് ജീവിച്ചിരിക്കുന്നത്? ജീവിച്ചിരിക്കാതെന്തുചെയ്യും? ജീവിതം എന്നിട്ടും മടുത്തിട്ടില്ല. ഇക്കാര്യം വിശ്വത്തോടു പറയാമോ? സൗമനസ്യപൂര്‍വ്വം കൈനീട്ടുന്ന അയാള്ക്കു കൊടുപ്പാന് തന്റെ കൈവശം എന്തെങ്കിലുമുണ്ടോ? ഒരു തൊണ്ടായിത്തീര്‍ന്നിരിക്കുന്നു. ഒരു തൊണ്ടു കിട്ടിയിട്ട് അയാള്ക്കെന്തു പ്രയോജനം? എന്തൊക്കെയായാലും ആ ചെറുപ്പക്കാരന് ആശിക്കാന്

വകയുണ്ട്. തനിക്കോ?

വേണ്ടാ, ഇനിയെല്ലാം ആരംഭിക്കാനും വയ്യാ. എല്ലാം കിടക്കുന്ന പാട്ടില് കിടന്നുകൊള്ളട്ടെ. വീണ്ടും ഹൃദയഹാരിയായ ആ നിഴലും വിശ്വനാഥന്റെ രൂപവും മനസ്സില് മാറിമാറി വന്നുംപോയുംകൊണ്ടിരുന്നു.

ഏങ്ങിയേങ്ങി കരയണമെന്നു തോന്നി. അവള് തലയണയില് മുഖമമര്ത്തിക്കിടന്നു കരഞ്ഞു. അങ്ങനെ എത്രനേരം കിടന്നുവെന്നറിഞ്ഞുകൂടാ. ഗോപാലകൃഷ്ണന്റെ ശബ്ദം കേട്ടാണ് അവള് എഴുന്നേറ്റത്.

രണ്ടുപേരും ഭക്ഷണം കഴിക്കാനിരുന്നു. ഗോപാലകൃഷ്ണന് തെരുതെരെ സംസാരിച്ചു. അവള് തെരുതെരെ മൂളുകയും ചെയ്തു.

ഉറക്കം തീരെ വരാത്ത രാത്രിയായിരുന്നു അതെന്നു പറഞ്ഞുകൂടാ. അവള് കൂടക്കൂടെ ഞെട്ടിയുണരുകയും കൂടക്കൂടെ മയങ്ങുകയും ചെയ്തു. മയക്കത്തില് സങ്കീര്ണ്ണങ്ങളായ സംഗതികളെക്കുറിച്ചുള്ള സ്വപ്നങ്ങള് കണ്ടു. പൂമാലകള്, നീണ്ട നെല്വയലുകള്, അരുവിപ്പുറങ്ങള്, ലോറികളില് ആര്ത്തുവിളിച്ചു സവാരിചെയ്യുന്ന തെരുവുപിള്ളേര്, ഉരുക്കുമൂശകള്, തോക്കുകള്, കെട്ടില്ക്കുരുങ്ങി നിലവിളിക്കുന്ന പശു--- അങ്ങനെ പലതും. ഒരു സ്വപ്നവും നീണ്ടുപോകുന്നില്ല. ഒരു ചെറിയ അസ്വാസ്ഥ്യമുണ്ടാക്കിയിട്ട് അവ മറയുന്നു.

പുലരാന്കാലത്ത് അവളൊന്നുറങ്ങി. ഉണര്ന്നപ്പോള് ഇളംവെയില് വ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. തട്ടിപ്പിടഞ്ഞെഴുന്നേറ്റു.

അന്നും ദിവസം സാധാരണപോലെ പോയി. അന്നു വൈകുന്നേരം വിശ്വം വീട്ടില് വരികയില്ലെന്ന് അവള്ക്കറിയാമായിരുന്നു. എന്നാല്ല, ഇനി ആ വരവു ചുരുങ്ങാനും മതി. ഒരു കണക്കില് അതു നല്ലതുതന്നെ!

അന്നു കമ്പനിയില് ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴും അവളുടെ ഹൃദയത്തില് മരിച്ചവരും ജീവിച്ചിരിക്കുന്നവരുമായ മനുഷ്യരെ സംബന്ധിച്ചുള്ള സ്മരണകള് സമരം ചെയ്തുകൊണ്ടിരുന്നു. ഇഴവിട്ട തുണികളില് പുത്തനിഴകള് തുന്നിച്ചേര്ക്കുമ്പോള് അവളാലോചിച്ചു: 'ജീവിതത്തില് ഇങ്ങനെ സാധിക്കുമോ?'

ചെടികള്ക്കു പതിവിലധികം വെള്ളം കോരിയൊഴിച്ച് എന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്നത് ആശ്വാസകരമാണ്. ആ പ്രവൃത്തിയില്ത്തന്നെ മനസ്സുവെച്ചുകൊണ്ടിരിക്കാം.

"രാധമ്മ!"

പെട്ടെന്നാണ് പിന്നില്നിന്ന് വിളി കേട്ടത്. അവള് തിരിഞ്ഞു നോക്കി. ഖദീജയുടെ മകളാണ്. അന്തിവാനംപോലെതന്നെ വര്ണ്ണശബളമായിട്ടാണ് അവളുടെ നില്പ്പ്.

"തിരിഞ്ഞോ?" അവള് ചിരിച്ചുകൊണ്ടു ചോദിച്ചു.

"തിരിഞ്ഞു."

"എന്തിരുത്താ തിരിഞ്ഞ്?"

"നിന്റെ കല്യാണം നിശ്ചയിച്ചുവെന്ന്."

"ആരാന്നും പറഞ്ഞത്?"

“നിന്നെ കണ്ടാലറിഞ്ഞുകൂടേ?”

“അതു ബെറുക്കനെ പറ്യാ; ബാപ്പ പറഞ്ഞതേക്കും.”

“അല്ല.”

“നോക്കി, ഇങ്ങള് ബരണേ.”

“പിന്നെ!”

“നിച്ചയം കയ്ച്ചീന്നതുബരെ ഉള്ളപോലെയല്ല ഇപ്പോ. ഇപ്പോ ഞമ്മക്കൊരു കിടിലം. ഒറക്കം ബര്ലാ.”

“അതെന്താ?”

“ആലോസിക്കുമ്പോ ഒരന്തം കിട്ടൂലാ.”

“ആലോചിക്കാന് പോകേണ്ടാ.”

“ആലോസിച്ച് പോകാല്ലേ?”

“നിനക്കു സന്തോഷം വരും.”

“സന്തോസംതന്നെ. പക്കെങ്കില്, മനസ്സില് ബല്ലാത്തൊരു ഇഷ്ക്കാല്. എന്തിരുത്താ ചോയിച്ചാ, എന്തിരുത്താ പറയാ, ദേസ്യം പുടിക്കോ?അങ്ങനെ ഓരോന്ന് ആലോസിക്കാണ്.”

അവള് ചറുപിറുന്നനെ സംസാരിക്കയാണ്, രാധ ആ പെണ്കുട്ടിയെ നോക്കിക്കൊണ്ടു നിന്നു. അവള് അങ്ങനെ സംസാരിക്കുന്നത് സ്വതേ ആഹ്ളാദകരമാണ്. അന്നു വല്ലാത്തൊരു അസ്വാസ്ഥ്യം തോന്നി. ആ പെണ്കിടാവ് വേഗം പോകണമെന്ന് രാധ ആഗ്രഹിച്ചു. ആ ആഗ്രഹം ഫലിക്കുകയും ചെയ്തു.

“ഞമ്മക്ക് അതികംനേരം നിന്നൂടാ.”

“എന്താ?”

“ഉമ്മ കയ്പും ബിളീം കൂട്ടും. കല്യാണം നിച്ചേയ്ച്ച പെണ്ണല്ലേ?”

അവള് ചിരിച്ചു തുള്ളിച്ചാടി പടിക്കലേക്കു നടന്നു. പെട്ടെന്ന് ഒരു വശത്തേക്കു മാറി. അവള്ക്കെതിരെ വിശ്വം കയറിവന്നു.

“നീയെന്താണിവിടെ നില്ക്കുന്നത്?” വിശ്വത്തിന്റെ ആ ചോദ്യത്തിനു മറുപടിയുണ്ടായില്ല. അവള് ഒരോരത്തിലൂടെ പാഞ്ഞുമറഞ്ഞു.

വിശ്വത്തിന്റെ ആഗമനം രാധയെയും അമ്പരപ്പിച്ചു. എങ്കിലും അവളതു പുറത്തുകാട്ടിയില്ല. അന്നു വളരെനേരം സംസാരിച്ചിരുന്നു. എങ്കിലും വിവാഹകാര്യത്തെപ്പറ്റി ഒരക്ഷരം ഉരിയാടിയില്ല.

പിന്നീട്, ഓരോ ദിവസം അവള് ഭയപ്പെട്ടു, വിശ്വം ആ കാര്യത്തെപ്പറ്റി കൂടുതലായി എന്തെങ്കിലും സംസാരിക്കുമെന്ന്. ഇല്ല; അയാള് മിണ്ടിയതേയില്ല.

അന്നും അവള് ഒരു കാര്യം ചോദിക്കാന് മറന്നില്ല.

“നമ്മുടെ മാസ്റ്ററുടെ കത്തുണ്ടോ?”

“ഇല്ല.”

“തന്നെത്താന് തിരിഞ്ഞു നടക്കുകയാവും പാവം!”

വിശ്വം ചിരിച്ചുകൊണ്ടു പടിയിറങ്ങി.

അക്കാലത്തു രണ്ടു ദിവസത്തിനു വിശ്വം അങ്ങോട്ടു ചെന്നതേയില്ല. ആദ്യത്തെ ദിവസം ആശ്വാസമാണ് തോന്നിയത്. എന്നാല് രാത്രിയായപ്പോള് അവള് ആലോചിക്കുകയും ചെയ്തു; എന്തേ വരാത്തത്?

പിറ്റേന്നും വരാതെയിരുന്നപ്പോള് നേരിയൊരസ്വാസ്ഥ്യം അനുഭവപ്പെട്ടു. വളരെ ദിവസമായി മനുഷ്യശബ്ദം കേട്ടിട്ടില്ലെന്നു തോന്നി. മൂന്നാം ദിവസം അവള് ഗോപാലകൃഷ്ണനോടു പറഞ്ഞു:

"വിശ്വത്തെ കണ്ടിട്ടു രണ്ടുദിവസമായല്ലോ! സുഖക്കേടോ മറ്റോ ആണോ?"

"ഞാനൊന്നും കേട്ടില്ല."

"അന്വേഷിച്ചാല് തരക്കേടില്ല."

ഗോപാലകൃഷ്ണന് അപ്പോഴേ പുറപ്പെട്ടു. വഴിനീളെ അവന് വിശ്വത്തെപ്പറ്റി ആലോചിച്ചു. വാസ്തവത്തില് താന് എത്രമേല് തെറ്റിദ്ധരിച്ചിരുന്നു! ആ മനുഷ്യനോട് അല്പം അസ്വരസത്തോടെ പെരുമാറുകതന്നെ ചെയ്തു. എന്നിട്ടും അശേഷം പകയില്ല. പഴയ സ്നേഹം; പഴയ ആദരവ്.

വാസ്തവത്തില് ജ്യേഷ്ഠത്തിയാണ് മനസ്സിലേക്കു വെളിച്ചംവീശിയത്. അടുക്കാതിരിക്കുമ്പോള് മനുഷ്യരെപ്പറ്റി പലതും ധരിച്ചുവശാകും. അയാള് ഒരു വിരൂപനും ദുഷ്ടനുമാണെന്ന് ഉറപ്പിച്ചതാണ്. അടുത്തപ്പോഴോ, എത്രമാത്രം സുന്ദരന്; എത്രമാത്രം വിശാലഹൃദയന്!

ഗോപാലകൃഷ്ണന് അങ്ങനെ പലതും ചിന്തിച്ചുകൊണ്ടാണ് നടന്നത്.

പത്തുവാര നടന്നപ്പോള് ഒരു ചോദ്യം:

"എവിടേക്കാ, മൂപ്പരേ?"

തലപൊക്കി നോക്കി. രാരിച്ചനാണ്.

"വിശ്വത്തെ ഒന്നു കാണണം."

"വിശ്വത്തിന്റെ പ്രധാന ശിഷ്യനാണോ ഇപ്പോള്?"

ആ ചോദ്യം ഗോപാലകൃഷ്ണന് ഒട്ടും രസിച്ചില്ല. അതില് ഒളിച്ചുവെച്ച അവജ്ഞ അവനെ സ്വല്പം ശുണ്ഠിപിടിപ്പിക്കുകതന്നെ ചെയ്തു.

"ഞാന് തന്റെ ശിഷ്യനായിരുന്നോ?"

"നമ്മളൊക്കെ മഹാത്മാക്കളാണോ?"

"അല്ല; ഒട്ടുമല്ല, വിശ്വവും മഹാത്മാവല്ല. ആരും മഹാത്മാവാണെന്നൊന്നും ഞാന് വിചാരിക്കുന്നില്ല. മനുഷ്യരാണ്. അതുകൊണ്ട് അടുത്തു പെരുമാറുകയും ചെയ്യുന്നു."

"പെങ്ങളുടെ ഉപദേശങ്ങളായിരിക്കും?"

"ആണെങ്കിലെന്താ? അവരെന്റെ ജ്യേഷ്ഠത്തിയാണല്ലോ?"

"ആ ജ്യേഷ്ഠത്തിയുടെ ജീവിതം പാഴാക്കാന് നോക്കിയവനാണ് ഇപ്പോള് ചങ്ങാതി."

"അങ്ങനെയൊക്കെ ഞാനും ധരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. എനിക്ക് ആ കാലം കഴിഞ്ഞു. നിങ്ങള്ക്കും അതു കഴിയട്ടെ എന്നു ഞാന് ആഗ്രഹിക്കുന്നു, രാരിച്ചന്."

“ഞാന് എന്നെയും എന്റെ വര്ഗ്ഗത്തെയും വഞ്ചിക്കാനൊരുക്കമില്ല. മധുരവാക്കുകള് കേട്ടു മയങ്ങാന് തയ്യാറുമില്ല.”

“നല്ലത്. പിന്നെക്കാണാം.” ഗോപാലകൃഷ്ണന് വലിഞ്ഞുനടന്നു.

“പോകയാണോ?”

“അതേ.”

അത്രയും ഉറച്ച ഉത്തരം ഗോപാലകൃഷ്ണനില്നിന്ന് രാരിച്ചന് പ്രതീക്ഷിച്ചില്ല. അവന് ഒരു വാദപ്രതിവാദത്തിനൊരുങ്ങുമെന്നും അതില്വെച്ച് അവനെ മെരുക്കിയെടുക്കാമെന്നും രാരിച്ചന് പ്രതീക്ഷിച്ചു. പക്ഷേ, ഗോപാലകൃഷ്ണന് ഒന്നു തിരിഞ്ഞുനോക്കുകപോലും ചെയ്തില്ല.

മുഖത്തൊരടി കിട്ടിയപോലെ തോന്നി. പ്രതീക്ഷ തെറ്റിയപ്പോള് അരിശവും വന്നു. അവന് സ്വല്പം കനത്തില്ത്തന്നെ നടന്നുപോയി. ഗോപാലകൃഷ്ണനാകട്ടെ, ഒരു ചെറിയ വിജയം നേടിയതുപോലെ, ആഹ്ളാദിച്ചു. അങ്ങനെ സംസാരിക്കാന് എപ്പോഴെങ്കിലും കഴിയുമെന്ന് ഓര്ത്തതല്ല. ഇന്ന് അവന് ഉറച്ചു സംസാരിച്ചു.

വലിഞ്ഞുനടക്കുമ്പോള് പുഴയിലൂടെ അടിച്ചുവരുന്ന പുലര്കാലക്കാറ്റ് പുതിയൊരുന്മേഷം നല്കി.

വിശ്വത്തിന്റെ താമസസ്ഥലത്ത് അയാളുണ്ടായിരുന്നില്ല. സുലൈമാന്റെ വീട്ടിലാണെന്ന് അറിഞ്ഞു.

അവിടേക്കു കയറിച്ചെന്നപ്പോള് വിശ്വമുണ്ട് ഉമ്മറത്തിരിക്കുന്നു.

“ഉം? എന്തുപറ്റി അനിയാ?”

“രണ്ടു നാളായി കണ്ടില്ല.”

“ഇവിടെ കല്യാണത്തിന്റെ തിരക്കാണ്. അതുകൊണ്ട് വരാന് കഴിഞ്ഞില്ലെന്നേയുള്ളൂ. ഏതായാലും ഇന്നു വരണമെന്നുവെച്ചിരിക്കയാണ്.”

സംഭാഷണംകേട്ട് സുലൈമാനും പുറത്തേക്കു വന്നു. പിന്നെ കാപ്പിവന്നു. സ്വല്പനേരമേ ഗോപാലകൃഷ്ണന് അവിടെ ഇരുന്നുള്ളൂ. എഴുന്നേറ്റപ്പോള് സുലൈമാന് ചോദിച്ചു:

“എന്താണിത്ര തിരക്ക്?”

“കമ്പനിയില് പോകണം.”

“അതു ശരി. എന്നാല് ഇനി താമസിക്കേണ്ടാ.”

അവന് രാധയോടു വിവരം വന്നുപറഞ്ഞപ്പോള് അവള് ഒരു മന്ദഹാസത്തോടെ അഭിപ്രായപ്പെട്ടു:

“വലിയ കല്യാണശ്രമക്കാരനായിരിക്കുകയാണല്ലോ!”

പ്രതീക്ഷിച്ചതിന്വിധം അന്നു വിശ്വം വരികയും ചെയ്തു. പതിവു പോലെ നേരം വൈകിയില്ല.

“കിഴവന് അപ്പോഴേക്കും അന്വേഷിക്കാന് തുടങ്ങിയിട്ടുണ്ടാകും. ഇക്കല്യാണം നടത്തുന്നത് ഞാനാണെന്നൊരു ഭാവമാണ് മൂപ്പര്ക്ക്.”

“ശരിയല്ലേ?”

“ശരിയല്ല. കിഴവന് ഇതേവിധം ഏഴ കല്യാണം ഒന്നിച്ച നടത്താനുള്ള പ്രാപ്തിയുണ്ട്. എന്നാലും ഒന്നും അറിയില്ലെന്ന നടിക്കുകയും ചെയ്യും.”

രാധ ഒരു നിമിഷം ആലോചിച്ചിട്ടു പറഞ്ഞു:

“കാമ്പുള്ള മനുഷ്യനാണ്.”

“ആയിരിക്കാം. കാമ്പില്ലാത്ത മനുഷ്യരെക്കൊണ്ട് ഈ ഭാരം ചുമപ്പിക്കുന്നതെന്തിനാണെന്നാണ് അറിഞ്ഞുകൂടാത്തത്.”

“അവര്ക്കും കാമ്പുണ്ടാകാന്.”

വിശ്വം എന്തോ ഒന്ന് പറയാനുന്നി. പക്ഷേ, വാക്കു വിഴുങ്ങിക്കളഞ്ഞു. അയാള് പടിയിറങ്ങി നടക്കുകയും ചെയ്തു.

ഒരു നിമിഷത്തെ ആ ഭാവം രാധ ശ്രദ്ധിക്കാതിരുന്നില്ല. എങ്കിലും ഒന്നും ചോദിച്ചില്ല. അയാള് കണ്ണില്നിന്നു മറഞ്ഞപ്പോള് അവള് ആലോചിച്ചു. എന്തായിരിക്കും പറയാന് ഭാവിച്ചത്?

ആ വഴിക്കു ചിന്തിച്ചുപോകാന് അവള് ഇഷ്ടപ്പെട്ടില്ല. മറ്റോരോ കാര്യത്തെപ്പറ്റി ആലോചിക്കാന് ശ്രമിച്ചു. ഖദീജയുടെ മകള് വിവാഹിതയാകാന് പോകുന്നു. നല്ലൊരു വിഷയമാണ് ആലോചിക്കാന്. ആ കളിമ്പക്കാരിപ്പെണ്ണ് ഒരു ഭാര്യയാകും; പതുക്കെ അമ്മയാകും. അവള് രണ്ടുമൂന്നു കുട്ടികളുടെ ഭാരവുമായി ഒരു കുടുംബം കൊണ്ടുനടക്കുന്നതിനെപ്പറ്റി ആലോചിച്ചപ്പോള് ചിരിവന്നു. അവള് തന്റെ സ്ഥിതിയോര്ത്ത് അന്നു ദുഃഖിക്കുമോ? പ്രയാസമാണ്. അത് അവള്ക്ക് സാധിക്കില്ല. അപ്പോഴും തനിക്ക് നന്മയേ വരൂ എന്നു വിശ്വസിക്കാന് ആ പെണ്കിടാവിനു കഴിയും. എന്തുകൊണ്ടാണ് അങ്ങനെ വിശ്വസിക്കാന് സാധിക്കുന്നത്? ബുദ്ധിയില്ലാത്തതുകൊണ്ടാണോ? അവള് മന്ദത്തിയൊന്നുമല്ല. ഒരുനുരാഗം പൊടിഞ്ഞുയരുന്നത് അവള് എത്ര തന്റേടത്തോടെയാണ് നോക്കിക്കാണുന്നത്! വേദനയുണ്ട്, എന്നാല് ആ വേദന മുളച്ചുപൊന്തുന്ന സന്തോഷങ്ങള്ക്കു വളമാക്കി മാറ്റാനുള്ള ഒരു ശക്തി ആ പെണ്കുട്ടിയുടെ ഹൃദയത്തിനുണ്ട്.

എങ്ങനെ നേടി ഈ ശക്തി? ബുദ്ധിയും ജീവിതപരിചയവുമുള്ളവര് വാടിപ്പോകുന്നു. അവള് വീണ്ടും വീണ്ടും തളിരുകളണിഞ്ഞു വലുതാകുന്നു. എന്തുകൊണ്ട്?

വിശ്വാസംകൊണ്ട്. നന്മയില് അവള് അമര്ന്നു വിശ്വസിക്കുന്നു. അങ്ങനെ വിശ്വസിക്കാന് കഴിഞ്ഞാല് എല്ലാവര്ക്കും ഇതൊക്കെ സാധിക്കുമായിരിക്കും.

പക്ഷേ, അങ്ങനെ വിശ്വസിക്കാന് പറ്റുമോ? അപ്പോള്ത്തന്നെ മറ്റൊരു ചോദ്യവും രാധയുടെ മനസ്സില് പൊന്തിവന്നു. വിശ്വസിക്കാതെ ജീവിക്കാന് പറ്റുമോ? നാളേക്കുവേണ്ടി ആളുകള് എല്ലാം ഒരുക്കിവയ്ക്കുന്നു. തങ്ങളും ഒരുങ്ങിനില്ക്കുന്നു. എന്തടിസ്ഥാനത്തില്? ഇന്നോവരെ ഉണ്ടായ അനുഭവങ്ങള്ക്കു പാകത്തിലാണ് നാളെ പുലരുക എന്ന് ആരു കണ്ടു? മറിച്ചു പുലര്ന്ന അനേകം ദിവസങ്ങള് ഓരോരുത്തരുടെയും ജീവിതത്തിലുണ്ടാകും. എന്നിട്ട് ആളുകള് നാളേക്ക് ഒരുങ്ങുന്നതു വിശ്വാസംകൊണ്ടല്ലേ?

വിശ്വാസമില്ലാതിരുന്നുവെങ്കില് പിന്നെ ഈ ഒരുങ്ങലും ഒരുക്കലുമുണ്ടോ? നാളേക്കുവേണ്ടിയുള്ള അദ്ധ്വാനമുണ്ടോ? ജീവിതം നടക്കലുണ്ടോ?

അപ്പോള്, വിശ്വാസംകൊണ്ടാണോ ജീവിതം പുലരുന്നത്? അല്ലേ? തനിക്കെന്തുകൊണ്ട്, ഖദീജയുടെ മകളെപ്പോലെ, നന്മയെ വിശ്വസിച്ചു മുമ്പോട്ടു പോകാന് കഴിയുന്നില്ല? താനെന്തിനു വഴുതിക്കളിക്കുന്നു? എന്തിനു മനസ്സില് ചോദ്യങ്ങളും ഉത്തരങ്ങളും കോര്ത്തുണ്ടാക്കുന്നു?

വിശ്വാസത്തില്ത്തന്നെ ഉറച്ചുനില്ക്കാന് സാദ്ധ്യമാണോ? വിശ്വാസം എവിടെനിന്നു തുടങ്ങണം?

അതു നൂലാമാലയായ ഒരു പ്രശ്നമാണെന്നു തോന്നി. യുക്തിയെയും വിശ്വാസത്തെയും എങ്ങനെ, എവിടെവെച്ചു ബന്ധപ്പെടുത്തണമെന്നതില് ഒരു പിടിയുമില്ല.

'എന്തിനാണ് ഇത്തരം ഊരാക്കൊളുത്തായ കാര്യങ്ങളെപ്പറ്റി ആലോചിക്കുന്നത്?' അവള് തന്നോടുതന്നെ പറഞ്ഞു: 'ഖദീജയുടെ മകള് കല്യാണം കഴിക്കുന്നു. അവള്ക്കു നന്നായിവരട്ടെ!' അവിടെ അവസാനിപ്പിക്കാം.

എങ്കിലും ആ കല്യാണത്തെപ്പറ്റി കൂടെക്കൂടെ ആലോചിക്കാതിരി ക്കാനും കഴിയുന്നില്ല. പക്ഷേ, അധികദിവസം അതിനെപ്പറ്റി ആലോചിക്കാന് കഴിഞ്ഞില്ല. ദിവസം അത്ര പെട്ടെന്നാണ് വന്നതെന്നുതോന്നി. പാഞ്ഞുവരുന്ന തീവണ്ടി മുമ്പിലേക്കു വന്നുകയറുന്നതുപോലെയാണ് അനുഭവപ്പെട്ടത്.

കല്യാണദിവസം കാലത്തെ രാധ ഗോപാലകൃഷ്ണനെയുംകൂട്ടി സുലൈമാന്റെ വീട്ടിലേക്കു പോയി. അവിടം വര്ണ്ണശബളമായിരുന്നു. ചായപ്പണികള്കൊണ്ടു വീട്, ഒരു പുത്തന്പെണ്ണിനെപ്പോലെതന്നെ, അണിഞ്ഞൊരുങ്ങിയിരുന്നു. ചിത്രപ്പണികളോടുകൂടിയ വെളിയടകള്, വര്ണ്ണപ്പുളപ്പെഴുന്ന നീരാളങ്ങള്, മീതെയ്ക്കുമീതെയിട്ട കിടക്കകള്. നിറത്തുടുപ്പുറ്റ കിടക്കവിരികള്, അലുക്കുകള് തൂങ്ങുന്ന മേല്ക്കട്ടി ഞൊറികള്, പലതരത്തിലുള്ള പട്ടുടയാടകള്, അത്തറിന്റെയും 'ഉലുവാ' ന്റെയും കൂടിച്ചേര്ന്നുള്ള മണം, വളകിലുക്കങ്ങള്, പൊട്ടിച്ചിരികള്---എല്ലായിടത്തും ധാരാളിത്തംതന്നെ.

രാധ അകത്തേക്കു കടന്നുനിന്നു ചുറ്റും നോക്കി. പറ്റംപറ്റമായി പെണ്ണുങ്ങളിരുന്നു ഭക്ഷിക്കുന്നു. അടുത്ത ദിവസമൊന്നും അവിടെനിന്ന് എഴുന്നേല്ക്കാന് ഭാവമില്ലെന്നു തോന്നും ആ ഇരുത്തം കണ്ടാല്. ഓരോ പറ്റവും ഓരോ തേനീച്ചക്കൂടുപോലെയാണ്. ഓരോ മഹാറാണി എല്ലാറ്റിനുമുണ്ട്. അവള്ക്കുവേണ്ടി ത്യാഗം ചെയ്യുന്നതുപോലെയാണ് മറ്റു സാധാരണ പെണ്ണുങ്ങള് തിന്നുന്നത്.

ഒരു നിമിഷമേ അങ്ങനെ നില്ക്കേണ്ടിവന്നുള്ളൂ. അപ്പോഴേക്കും ഖദീജ ഓടിയെത്തി. ആ ീയും പൂത്ത ചെമ്പകംപോലെയായിരുന്നു. അവര് രാധയെ കൈയ്ക്കു പിടിച്ചുകൂട്ടി മകളുടെ അടുത്തേക്കു കൊണ്ടു പോയി. മകള് അലങ്കരിച്ച

ഒരു മുറിയില്, അലങ്കാരങ്ങളുടെ ആകെത്തുകയായിട്ട് ഇരിക്കുകയാണ്.

രാധയെ കണ്ടപ്പോള് അവള് എഴുന്നേറ്റു പുഞ്ചിരി തൂകി, തലചെരിച്ചുപിടിച്ച് ഒന്നു കുണുങ്ങിയിട്ട്, തന്റെ അടുത്ത് കട്ടിലില് ഇരിക്കാന് ആവശ്യപ്പെട്ടു. സൗരഭ്യംകൊണ്ടു വീര്പ്പുമുട്ടുന്നതുപോലെ രാധയ്ക്കു തോന്നി. കാതില് കുലകുലയായി തൂക്കിയിട്ട മുല്ലപ്പൂവിന്റെ സുഗന്ധം, തട്ടിത്തൂത്ത അത്തറിന്റെ മണം---എല്ലാം ചേര്ന്ന ഞരമ്പുകളെ പിടപ്പിക്കുകയാണ്. ഈ അളവില് ഒരിക്കലും സുഗന്ധം രാധ അനുഭവിച്ചിട്ടില്ല. ഒരു സന്ന്യാസിയുടെ ഞരമ്പുകള്ക്കുകൂടി ആനന്ദമൂര്ച്ഛയുളവാക്കുന്ന വിധത്തിലായിരുന്നു. അന്തരീക്ഷം. എവിടെനിന്നെല്ലാമോ റിക്കാര്ഡ് സംഗീതവും ഒഴുകിവരുന്നു.

അവള് പുതുപ്പെണ്ണിനെ ആകെയൊന്നു നോക്കി. എന്താണ് അവളോടു പറയേണ്ടതെന്ന് അറിഞ്ഞുകൂടാ. അത്തരം സന്ദര്ഭങ്ങളില് പെരുമാറി ശീലമില്ല. കൈപിടിച്ചമര്ത്തുകയും പുഞ്ചിരിതൂകുകയും ചെയ്തു.

സാധാരണദിവസത്തിലാണെങ്കില്, ആ പെണ്കിടാവു തള്ളിക്കയറി സംസാരിച്ചേനെ. അന്ന് അവളും തളര്ന്നിരുന്നതുപോലെയാണ്. ലജ്ജാവിവശയായിരിക്കുന്ന ആ നവവധുവിന്റെ മനസ്സ് ആയിരമായിരം സങ്കല്പവീഥികളിലൂടെ ഓടിക്കളിക്കുകയാണെന്ന് ആ കണ്ണുകളില്നിന്ന് രാധയ്ക്കു മനസ്സിലായി. ആവോളം മനോരാജ്യങ്ങള് ഉള്ക്കൊള്ളാന് വിട്ടിട്ട് അവിടെനിന്നു പോവുകയാണ് വേണ്ടതെന്ന് അവള്ക്കു തോന്നി. പക്ഷേ, അങ്ങനെ എഴുന്നേറ്റു പോയാല് അതൊരു മര്യാദകേടായിരിക്കും.

ചായയും എണ്ണിയാലൊടുങ്ങാത്ത പലഹാരങ്ങളും മുമ്പില് നിരത്തി. ഭക്ഷണസ്ഥലത്തല്ല, യുദ്ധക്കളത്തിലാണെന്ന ബോധമാണുണ്ടാവുക. രാധ എന്തൊക്കെയോ കഴിച്ചുവെന്നു വരുത്തി.

“ഇങ്ങളെന്തിരുത്താ ഒന്നും തിന്നാത്തത്?” പുതുപ്പെണ്ണു പതുക്കെ ചോദിച്ചു.

“ഞാന് ധാരാളം തിന്നല്ലോ.”

“തിന്നതു പോരാ.”

“വയറ്റില് സ്ഥലം വേണ്ടേ?”

“എന്റെ കല്യാണത്തിന് ഇങ്ങള് സന്തോസിച്ചില്ലെങ്കിപ്പിന്നെ ആരാ സന്തോസിക്കാ?”

ആ രണ്ട് പെണ്കിടാങ്ങളുടെയും കണ്ണുകള് പരസ്പരം ഇടഞ്ഞു. ജാജ്വല്യമാനമായ ഒരു ലോകം പെട്ടെന്നു മുമ്പിലേക്കു തുറന്നതുപോലെ രാധയ്ക്കനുഭവപ്പെട്ടു. അതു കണ്ടില്ലെന്നു നടിച്ചു സാധാരണപോലെയിരിക്കുവാന് യത്നിച്ചെങ്കിലും ഫലിച്ചില്ല.

“ഞമ്മള് ജോറായിരിക്കുന്നോ?” പുതുപ്പെണ്ണ് കാതില് മന്ത്രിച്ചു.

“പിന്നെ! പത്തരമാറ്റ്!”

രണ്ടുപേരും പതുക്കെയൊന്നു ചിരിച്ചു. എങ്കിലും ആ ചിരി രാധയുടെ ഹൃദയത്തില്, എന്തുകൊണ്ടാണെന്നറിയില്ല, നേരിയൊരു വേദനയും ഉളവാക്കി.

ഇതിനിടയില്, രാധ വന്നുവെന്നറിഞ്ഞ് സുലൈമാന് അങ്ങോട്ടു ചെന്നു.

“എല്ലാം കഴിഞ്ഞല്ലേ പോക്കു?”

“കുറേ കഴിഞ്ഞു പോകും. അവിടെ ആരുമില്ലല്ലോ.”

“ശരി.”

പുറമേനിന്നു കൂടക്കുടെ വിശ്വത്തിന്റെ സംഭാഷണവും ചിരിയും കേള്ക്കാമായിരുന്നു. ഈ കുറഞ്ഞ കാലത്തിനുള്ളില് എത്രമേല് ഹൃദയലാഘവം നേടാന് വിശ്വത്തിനു കഴിഞ്ഞിരിക്കുന്നുവെന്ന് രാധ അത്ഭുതപ്പെട്ടു. എങ്ങനെയാണ് സംഭവിച്ചതെന്ന് ആലോചിച്ചിട്ടു മനസ്സിലാകുന്നില്ല. എപ്പോഴും അസ്വസ്ഥമായിരുന്ന ആ ജീവിതം ഇത്രയും വലിയ പ്രശാന്തതയുടെ കളമാകുമെന്നു വിചാരിക്കാന് വയ്യായിരുന്നു.

“ഭ്രാന്തുപോലും മാറാറില്ലേ?” രാധ വിചാരിച്ചു. അപ്പോള് ചിരിയും വന്നു. അതു പുതുപ്പെണ്ണിന്റെ പേര്ക്കാണെന്നു നടിക്കുകയും ചെയ്തു.

പുതുമാപ്പിളയെ സ്വീകരിക്കുന്ന തിരക്കായി. ഒപ്പനപ്പാട്ടിന്റെ ബഹളം. പുതുമാപ്പിളയെ കാണാന് ഒളിഞ്ഞും തെളിഞ്ഞും നില്ക്കുന്നവരുടെ തിരക്ക്. കുശുകുശുക്കലുകള്; അഭിപ്രായപ്രകടനങ്ങള്; പൊട്ടിച്ചിരികള്.

അതിനിടയില് പുതുമാപ്പിളയെ കൂട്ടിക്കൊണ്ടുവന്നു. അനേകം കഴുത്തുകള് നീണ്ടുവലിഞ്ഞു.

രാധയും കണ്ടു. സാധാരണ മനുഷ്യന്, കുറുത്തുണ്ടെന്നു തോന്നിക്കുന്ന ശരീരം. ശാന്തത വെളിപ്പെടുത്തുന്ന കണ്ണുകള്.

ഒപ്പനപ്പാട്ടുകള്ക്കിടയില് പുതിയമാപ്പിളയെ അറയിലേക്കു കൂട്ടിക്കൊണ്ടുപോയി. വാതിലടഞ്ഞു. ആ അടഞ്ഞ വാതിലിലേക്ക് രാധ സ്വല്പനേരം നോക്കിനിന്നു. എന്നിട്ടു പുറത്തേക്കു കടന്നു.

വിശ്വവും ഗോപാലകൃഷ്ണനുംകൂടി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അവളെ കണ്ടപ്പോള് ഇരുപേരും അടുത്തേക്കു വന്നു.

“പോകുകയായോ?” വിശ്വം ചോദിച്ചു.

“ഉവ്വ്.”

“എന്നാല് ഗോപാലകൃഷ്ണനും പോയ്ക്കൊള്ളൂ.”

അവര് നിശ്ശബ്ദരായി പടികടന്നു. വഴിക്കുവെച്ച് അവിടെക്കണ്ട ബഹളത്തെപ്പറ്റിയും ഉത്സാഹത്തള്ളലിനെപ്പറ്റിയും ഗോപാലകൃഷ്ണന് തെരുതെരെ സംസാരിച്ചു. രാധ കൂടെക്കുടെ മൂളുകമാത്രം ചെയ്തു.

“ഏടത്തിയെന്താണ് ആലോചിക്കുന്നത്?”

“അനിയന്റെ കല്യാണത്തെപ്പറ്റി.”

ഗോപാലകൃഷ്ണന് പൊട്ടിച്ചിരിച്ചു.

“അപ്പോള് ഞാനും കുറെ പെണ്ണുങ്ങളുംകൂടി കൈമുട്ടി പാട്ടുപാടാം, ‘പുതുമാരന് ബെരുന്നോ’ എന്ന്.”

ആങ്ങളയും പെങ്ങളും ചിരിച്ചുകൊണ്ടാണ് വീട്ടില് ചെന്നുകയറിയത്.

ഉടുപ്പു മാറ്റിയപ്പോള് അതേവരെ കൈക്കൊണ്ട ഭാവവിശേഷവും

അഴിച്ചുമാറ്റിയതുപോലെ രാധയ്ക്ക് തോന്നി. മുറിയില്ക്കടന്നു വാതിലടച്ചു. കട്ടിലില് ചെന്നുവീണു. തേങ്ങിത്തേങ്ങിക്കരഞ്ഞു. അവളുടെ സിരാപടലത്തില് മുഴുവന് എന്തെന്നില്ലാത്ത വേദന ബാധിച്ചിരിക്കുകയാണ്.

എന്തൊരേകാന്തത; എന്തൊരു ശൂന്യത! പച്ചപ്പുളപ്പോടെ നില്ക്കുന്ന ഇലക്കുട്ടത്തില് വീണുപോയ പഴുത്തൊരു പ്ലാവിലയാണ് താനെന്നു തോന്നി.

ഈ തുടുപ്പും അവസാനിക്കും; ചാരവര്ണ്ണം ബാധിക്കും; ഉണങ്ങും; പൊടിഞ്ഞുപൊടിഞ്ഞുപോകും. ആരും തിരിഞ്ഞുനോക്കുകയില്ല. ഈ ഭൂമിയിലേക്കു വന്നതിലും എത്രയോ നിശ്ശബ്ദമായി തിരിച്ചുപോകും. തന്നെ സംബന്ധിക്കുന്ന ഒന്നും ഈ ഭൂമിയിലുണ്ടാകില്ല. ശവമാടത്തിനുചുറ്റും കാറ്റുമാത്രം തേങ്ങിക്കൊണ്ടു നടക്കും. അനിയന് രണ്ടുതുള്ളി കണ്ണുനീര് വീഴ്ത്തിയേക്കാം. എന്നാല് അവന്റെ ജീവിതം പുതുതായി തളിരണിയുകയും പുഷ്പങ്ങളുത്പാദിപ്പിക്കുകയും ചെയ്യുമ്പോള്, ഏടത്തിയുടെ സ്മരണയും പതുക്കെ മാഞ്ഞുപോകും. ഇതിലേ കടന്നുപോകുന്ന ഏതെങ്കിലും ഉന്തുവണ്ടിക്കാരന് വല്ലപ്പോഴും പറഞ്ഞേക്കും: "ഇവിടെ ഒരമ്മക്കുട്ടി താമസിച്ചിരുന്നു. അതു ചത്തുപോയി."

അവള്ക്ക് ഉറക്കെയുറക്കെ കരയണമെന്നു തോന്നി. പുറത്തു ശബ്ദം കേള്ക്കാതിരിക്കാന്വേണ്ടി അവള് തലയണയിലേക്കു മുഖം അമര്ത്തിവെച്ചു.

ജീവന്റെ പ്രേരണയും മനുഷ്യന്റെ നിശ്ചയവും തമ്മിലൊരു സമരം നടക്കുകതന്നെയായിരുന്നു.

അങ്ങനെ എത്രനേരം കരഞ്ഞുവെന്നറിഞ്ഞുകൂടാ, പുലരാറാകുമ്പോള് പൂന്തോട്ടങ്ങളും തന്നത്താന് ആടുന്ന ഒരു വള്ളിയൂഞ്ഞാലും അവള് സ്വപ്നം കണ്ടു. ആ ഊഞ്ഞാലിന്റെ ഓരോ വള്ളിയിലും ഓരോ മനുഷ്യര് പിടിച്ചു തൂങ്ങിയിട്ടുണ്ട്. ഒന്നു വിശ്വമാണ്. മറ്റേത്? ഹയ്യോ!

അവള് ഞെട്ടിയുണര്ന്നു കിതയ്ക്കുന്നു: നെറ്റിയില് നിറയെ വിയര്പ്പ്.

അവള് എഴുന്നേറ്റ് ദിനകൃത്യങ്ങളാരംഭിച്ചു. അന്നും കമ്പനിയില് പോയി. അന്നും പതിവുസമയത്തു തിരിച്ചുവന്നു. അന്നും പൂച്ചെടികള് നനച്ചു. മുല്ലയില് തളിരുകള് പൊടിച്ചിരിക്കുന്നു. ആ നന്ത്യാര്വട്ടം സ്ഥലം മാറിയപ്പോള് ആ തൈവള്ളിക്കു വേണ്ടത്ര ഭക്ഷണം കിട്ടുന്നുണ്ടെന്നു തോന്നുന്നു.

"മുല്ലയുമായി വാദപ്രതിവാദത്തിലാണോ?" ചോദ്യം കേട്ടപ്പോള് ഒരു ഞെട്ടലുണ്ടായി. വിശ്വം അപ്പോള് വരുമെന്നു വിചാരിച്ചില്ല; വരണമെന്ന് ആശിച്ചതുമില്ല.

അവര് പലതിനെപ്പറ്റിയും സംസാരിച്ചു. കല്യാണബഹളങ്ങളെപ്പറ്റി പറയുകയും ചിരിക്കുകയും ചെയ്തു. പുതുപ്പെണ്ണിന്റെ ലജ്ജയെപ്പറ്റി വിസ്തരിച്ചു. ചെറുക്കന്റെ പാവത്തെപ്പറ്റി ചര്ച്ച ചെയ്തു. സുലൈമാനിക്കാന്റെ ഉത്സാഹത്തെപ്പററി പ്രകീര്ത്തിച്ചു.

എന്തെങ്കിലും ഒരു ചെറിയ കാര്യം കിട്ടിയാല്, ഇരുകൂട്ടരും അതു പെരുപ്പിച്ചു പറഞ്ഞുകൊണ്ടുനിന്നു. ഇനിയും വാക്കുകള്, കൂടുതല് വാക്കുകള് എന്നു

രണ്ടുപേരും ആശിക്കുന്നതുപോലെ തോന്നി. എന്നിട്ടും വാക്കുകള് കുറഞ്ഞുകുറഞ്ഞു വന്നു, അന്തരീക്ഷത്തിന് അവിചാരിതമായി കനംവെച്ചു, നാവുകള് ചലിക്കാതായി; മനസ്സുകള് സംസാരിക്കുവാന് തുടങ്ങി.

മൂകവും നിശ്ചലവുമായ നിമിഷങ്ങള് കടന്നുപോവുകയാണെന്ന് ഇരുവരും ധരിച്ചില്ല. പ്രശാന്തമായ പുറവും ബഹളംനിറഞ്ഞ അകവും.

ആകാശം തുടുത്തുകൊണ്ടു നിന്നു. ഭൂമിയില് ആ വര്ണ്ണം പ്രതിഫലിച്ചു. നനുത്ത കാറ്റ് അവളുടെ തലമുടിച്ചുരുളുകള് പതുക്കെപ്പതുക്കെ തൊട്ടുഴിയുന്നതു വിശ്വം കണ്ടു. വീണക്കമ്പികളിലൂടെ ചലിക്കുന്ന നേര്ത്ത കൈവിരലുകളെപ്പറ്റി അപ്പോള് ഓര്ക്കുകയും ചെയ്തു. രണ്ടു തുമ്പികള് നന്ത്യാര്വട്ടത്തിനു ചുറ്റും പാറിക്കളിക്കുന്നതു വിശ്വം സ്വല്പനേരം നോക്കി നിന്നു. അവയുടെ നനുത്ത ചിറകുകളില് ജീവിതം കിടന്നു നൃത്തം വയ്ക്കുന്നു. അവ തളരാതിരിക്കട്ടെ!

"രാധേ!...." അയാള് വിളിച്ചു.

അവള് മുഖമുയര്ത്തി നോക്കി. ആ കണ്പീലികള് നനഞ്ഞിട്ടുള്ളതായി അയാള് കണ്ടു. എങ്കിലും അവള് കരയുകയായിരുന്നില്ല; ചിരിക്കുകയുമല്ല. ദേഹം ഭാരമായിത്തോന്നുന്ന അപൂര്വ്വ നിമിഷങ്ങളിലൊന്നായിരുന്നു അത്. വിശ്വനാഥന് ചോദിച്ചു:

"ഞാന് ഉപദ്രവിക്കുകയാണോ എന്നറിഞ്ഞുകൂടാ. എങ്കിലും ഒരിക്കല്ക്കൂടി ചോദിക്കട്ടെ, എന്റെ ചോദ്യത്തിനു വ്യക്തമായൊരു മറുപടി തരാമോ?"

അവള്ക്കു മിണ്ടാന് വയ്യായിരുന്നു. എന്തെങ്കിലും പറഞ്ഞാല് പൊട്ടിക്കരഞ്ഞുപോകും. തലേന്നാള് ഖദീജയുടെ മകളുടെ മുഖത്തുവെച്ചു കണ്ട ലോകം വീണ്ടും മനസ്സിലുണരുകയാണ്. ചലനങ്ങളും വര്ണ്ണങ്ങളും ശബ്ദങ്ങളും ചേര്ന്ന സൗരഭ്യത്തിന്റെ ലോകം.

അവള് ചുറ്റും നോക്കി. പച്ചപിടിച്ച ഭൂമി. അതു മാടിവിളിക്കുന്നു, അവളെ കെട്ടിപ്പിടിക്കുന്നു, രോമാഞ്ചങ്ങളുണ്ടാക്കുന്നു. ജീവന്റെ അജയ്യമായ തള്ളിക്കയറ്റം, തന്നത്താന് സാക്ഷാത്കരിക്കുവാനുള്ള മഹത്തായ പ്രേരണ, അമീബായില്നിന്ന് അവസാനമനുഷ്യനിലേക്കു വലിച്ചുമുറുക്കിക്കെട്ടിയ ആ തന്ത്രിയുടെ ശക്തിമത്തായ നാദം,വിത്തുകളിലും മരങ്ങളിലും ഫലങ്ങളിലും അനവരതം നിശ്ശബ്ദമായി മന്ത്രിക്കപ്പെടുന്ന പ്രണവം---അതു രാധയുടെ ഹൃദയത്തില്ക്കിടന്നു മുഴങ്ങി. ഒരു നേര്ത്ത ശംഖനാദമായി അത് എല്ലാ സീമകളിലൂടെയും സഞ്ചരിച്ചു. ആ നാദപ്രവാഹമല്ലാതെ ഒന്നുമില്ല. അത് അവളുടെ വായിലൂടെ, ഭൂമിയുടെ ആകര്ഷണത്തെയും കടലിന്റെ അഗാധതയെയും ആകാശത്തിന്റെ ഗാംഭീര്യത്തെയും ഒരു കൊച്ചുപൂമൊട്ടിന്റെ പാവനത്വത്തെയും ആവാഹിച്ചുകൊണ്ടു വെളിയിലേക്കു ചാടി.

"ഞാന് ആലോചിച്ചു."

"എന്നിട്ട്?" വിശ്വം അവളുടെ കണ്ണുകളിലേക്കു നോക്കിക്കൊണ്ടു ചോദിച്ചു.

രാധ തലകുനിച്ചുകൊണ്ടു മറുപടി പറഞ്ഞു:

“ഇനി വിശ്വമാണ് ആലോചിക്കേണ്ടത്.”

വിശ്വനാഥന് ആ മുഖത്തേക്കു നോക്കി. പെട്ടെന്ന് ഒരു തിരശ്ശീല നീങ്ങിപ്പോയതുപോലെ തോന്നി. പ്രപഞ്ചം തളിരണിഞ്ഞു നില്ക്കുകയാണ്. ഇരുപേരും പിന്നെ സംസാരിച്ചില്ല. അതിന്റെ ആവശ്യമില്ലായിരുന്നു. ഇടിമിന്നല്പോലെ എന്തോ ഒന്ന് രണ്ടുപേരുടെയും ഉള്ളില്ക്കിടന്നു പിടയുകയാണ്. അതൊരു സുഖമായിരുന്നില്ല; തീവ്രമായ ഒരു വേദനയായിരുന്നു. സമസ്ത ജീവരാശികളും അനുഭവിക്കാന് വെമ്പല്കൊള്ളുന്ന വേദന. അടങ്ങാത്ത മന്ദസ്മിതവും അത്യാര്ദ്രമായ കടാക്ഷവും കൂടിപ്പിണയുന്നു.

വേദന; ക്ഷീണം, മയക്കം....

ആ മയക്കത്തില്നിന്നുണര്ന്നപ്പോള് ചുറ്റും നിലാവിന്റെ അലകളാണ് അവള് കണ്ടത്. അവര്ക്കു മീതെ ആകാശത്തിന്റെ അത്യാകര്ഷകമായ പുഞ്ചിരി വിടര്ന്നു നില്ക്കുന്നു. രാധ വിശ്വത്തിനു നേരെ നോക്കി. വിശ്വം അവളെ നോക്കിക്കൊണ്ടു നില്ക്കുകയാണ്; ഒളിച്ചുകളിക്കുമ്പോള് പരസ്പരം കണ്ടുപിടിച്ച കുട്ടികളെപ്പോലെ അവര് പൊട്ടിച്ചിരിച്ചു. ചിരി അവസാനിച്ചപ്പോള് അവള് ചോദിച്ചു:

“ആ മാസ്റ്റര്ക്കു മറുപടി എഴുതിയോ?”

“ഇല്ല; ഇന്നെഴുതും.”

“എന്താണെഴുതുക?”

“ഞാന് എന്നെ കണ്ടുപിടിച്ചുവെന്ന്.” വിശ്വം പുഞ്ചിരിക്കൊണ്ടതേയുള്ളൂ.

“എന്റെ അന്വേഷണവും അറിയിക്കണേ!”

“തീര്ച്ചയായും. മറുപടി നമ്മുടേതായിരിക്കും.”

✺